# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 11, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1322/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

പേജ്

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 34
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 34
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 85

II **അടിയന്തരപ്രമേയം** - 487
റീബിൽഡ് കേരള പദ്ധതി
(അവതരണാനുമതി നിഷേധിച്ചു)

III **ശ്രദ്ധ ക്ഷണിക്കൽ**
(1) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കൽ - 511
ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ)
(2) വൃക്കരോഗികൾക്ക് ആനുകൂല്യം - 514
ശ്രീ. റോജി. എം. ജോൺ

IV **സബ്മിഷൻ**
(1) ഖാദി മേഖലയിലെ പ്രശ്നങ്ങൾ - 518
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)
(2) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരുടെ ശമ്പള വിതരണം - 519
ശ്രീ. കെ. എസ്. ശബരീനാഥൻ
(3) സാമ്പത്തിക സംവരണം - 519
ശ്രീ. റോജി. എം. ജോൺ

V. **അറിയിപ്പ്**
സോഫ്റ്റ് കോപ്പി ലഭ്യമാക്കുന്നത് സംബന്ധിച്ച് - 521

**സബ്മിഷൻ തുടർച്ച**

(4) ജലവിതരണ പദ്ധതികൾക്കുള്ള ഫണ്ട് - 5521
ശ്രീ. രാജു എബ്രഹാം
(5) ഭൂമിയുടെ ന്യായവില പുനർനിർണ്ണയം - 522
ശ്രീമതി സി. കെ. ആശ

(6) തസ്തികകളുടെ തുടർച്ചാനുമതി - 523
ശ്രീ. സി. ദിവാകരൻ
(7) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം- 524
ശ്രീ. കെ. ആൻസലൻ
(8) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ
വികസനം - 525
ശ്രീ. പി. ഉബൈദുള്ള
(9) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം - 527
ശ്രീ. വി. ജോയി
(10) ചേളാരി സ്കൂൾ കെട്ടിട നിർമ്മാണം - 528
ശ്രീ. അബ്ദുൽ ഹമീദ്.പി.

**VI. റിപ്പോർട്ടുകളുടെ സമർപ്പണം**

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തി മൂന്നാമത്
റിപ്പോർട്ട് - 530
(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച
സമതിയുടെ ആറാമത് റിപ്പോർട്ട് - 530

**VII. ധനകാര്യം**

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ
സംബന്ധിച്ച പൊതു ചർച്ച - 530

**VIII. നിയമനിർമ്മാണം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന
ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും - 607
അനന്തരഘട്ടങ്ങളും

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബിൽ - 666

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ബിൽ - 681

(iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ

(ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ - 695

**അനുബന്ധം** - 737

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 11, ചൊവ്വ*

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2020 ഫെബ്രുവരി മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *151

**കേന്ദ്രസർക്കാർ തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ**

1 (*151) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്റെ പകർപ്പ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാർ അനധികൃത കുടിയേറ്റക്കാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടാക്കണമെന്നാണ് പ്രസ്തുത മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) ഇതുപ്രകാരമുള്ള ഡിറ്റെൻഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്ര സർക്കാർ നൽകിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് അഭിപ്രായമാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. രാജ്യത്ത് അനധികൃതമായി പ്രവേശിക്കുകയോ അനുവദിച്ച കാലാവധിക്കുശേഷം തുടരുകയോ ചെയ്യുന്ന വിദേശികളെയും ശിക്ഷാ കാലാവധിക്കുശേഷം സ്വദേശത്തേയ്ക്ക് മടങ്ങാനുള്ള നടപടി കാത്തിരിക്കുന്നവരേയും അവർ രാജ്യം വിടുന്നതുവരെ പാർപ്പിക്കുന്നതിനുള്ള തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് 2012 ആഗസ്റ്റിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

16-1-2019-ലാണ് മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്.

(ബി) വൈദ്യുതി, കുടിവെള്ളം, ശുചിത്വം, കിടക്കകളോടുകൂടിയ അക്കോമഡേഷൻ, മെഡിക്കൽ സൗകര്യം, ആശയവിനിമയ സൗകര്യം, എൽ.പി.ജി. കണക്ഷനോടുകൂടിയ അടുക്കള, മതിയായ ടോയ്‌ലെറ്റുകൾ, ബാത്ത്റൂമുകൾ തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്ന് മാന്വൽ വ്യവസ്ഥ ചെയ്യുന്നു.

(സി & ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 'കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്റെ പകർപ്പ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ' എന്ന ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ, 16-1-2019-ലാണ് മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് എഴുതിയിട്ടുണ്ട്. തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2012-ൽ ലഭിച്ച നിർദ്ദേശത്തെക്കുറിച്ചാണ് അതിനുമുമ്പ് അങ്ങ് വിശദമായി പറഞ്ഞത്. അതിനകത്ത് നിങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് പൂർണ്ണമായും ബോധ്യമാണ്. 2019-ലെ ഈ ഉത്തരവിനാണ് പ്രസക്തിയുള്ളത്. ആ കാര്യത്തിൽ മാത്രമല്ല, 'ഇതുപ്രകാരമുള്ള ഡിറ്റെൻഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്നുള്ള ചോദ്യങ്ങൾക്ക് മറുപടിയായി 'ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടികളൊന്നും എടുത്തിട്ടില്ല' എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ 2019-ൽ ലഭിച്ച കേന്ദ്ര

ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വിവരാവകാശപ്രകാരമുള്ള ഒരു ചോദ്യത്തിന് ഗവൺമെന്റ് മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അനിശ്ചിതാവസ്ഥ നിലനിൽക്കുകയാണ്. ഗവൺമെന്റ് ഈ വിഷയത്തിൽ ഒരു പൂർണ്ണ നിലപാട് എടുക്കുന്നില്ല എന്നൊരു തോന്നൽ ഉണ്ടാകുന്നു. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 'എ' പിരിവിന്റെ ഉത്തരത്തിൽ 'അവർ രാജ്യം വിടുന്നതുവരെ പാർപ്പിക്കുന്നതിനുള്ള തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് 2012 ആഗസ്റ്റിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചിരുന്നു' എന്നുപറഞ്ഞതിനാണ് അദ്ദേഹം ആദ്യം വിയോജിപ്പ് രേഖപ്പെടുത്തിയത്. അക്കാലത്തെ ഒരു ഫയലാണ് എന്റെ കയ്യിലുള്ളത്. അതിനകത്ത് പറയുന്നൊരു കാര്യം, "മേൽപ്പറഞ്ഞ വസ്തുതയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള രീതിയിൽ സംസ്ഥാനത്തും ഡിറ്റെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഫയൽ സാമൂഹ്യനീതി വകുപ്പിന് കൈമാറാവുന്നതാണ്" എന്നാണ്. അതിൽ കുറെ ഉദ്യോഗസ്ഥർ ഒപ്പിട്ടിട്ടുണ്ട്. അവസാനം അതിൽ ഒപ്പിട്ടയാൾ ശ്രീ. രമേശ് ചെന്നിത്തല, മിനിസ്റ്റർ ഫോർ ഹോം ആണ്. ഇത് 18-12-2015-ലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് അക്കാര്യം പറഞ്ഞത്. ഈ വിഷയത്തിൽ സർക്കാരിന് നിലപാട് ഉണ്ടോയെന്ന് ചോദിച്ചാൽ സർക്കാരിന്റെ നിലപാട് നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഡിറ്റെൻഷൻ സെന്റർ ഒന്നുംതന്നെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് വ്യക്തമാക്കിക്കഴിഞ്ഞ കാര്യമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങ് 2012-ലെയും 2019-ലെയും കാര്യങ്ങൾ പറഞ്ഞു. Foreigners (Tribunals) Order, 1964 അനുസരിച്ച് 2019 വരെ കേന്ദ്ര ഗവൺമെന്റിന് മാത്രമാണ് ആളുകളെ തടങ്കലിൽ വയ്ക്കുന്നതിനും മറ്റ് കാര്യങ്ങൾക്കും അവകാശമുണ്ടായിരുന്നത്. പക്ഷേ, ഇപ്പോൾ അത് സങ്കീർണ്ണമാകുന്നത് രണ്ടുകാര്യങ്ങൾകൊണ്ടാണ്. ഒന്ന്, സി.എ.എ. വന്നു. രണ്ടാമത്തെ കാര്യം, 1964-ലെ ആക്ട് 2019-ൽ അമെന്റ് ചെയ്തിരിക്കുകയാണ്. അതായത്, മുൻപ് കേന്ദ്രഗവൺമെന്റിന് എന്തെല്ലാം അധികാരങ്ങളാണോ ഉണ്ടായിരുന്നത് അവയൊക്കെ സംസ്ഥാന ഗവൺമെന്റുകൾ, യൂണിയൻ ടെറിറ്ററികൾ, ജില്ലാ കളക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് നൽകിക്കൊണ്ടുള്ള പുതിയ ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ആ ഒരു സാഹചര്യത്തിലും സി.എ.എ. വന്ന സാഹചര്യത്തിലുമാണ് ഇത്രയും ആശങ്ക ജനങ്ങൾക്കിടയിലുണ്ടായത്.

സെൻസസുമായി ബന്ധപ്പെട്ട കാര്യത്തിൽ ഓർഡറുകൾ നിലനിൽക്കുന്നു. സംസ്ഥാന ഗവൺമെന്റ് അതുമായി മുന്നോട്ട് പോകില്ല എന്നുപറയുമ്പോഴും ഉത്തരവുകൾ അതുപോലെ നിലനിൽക്കുകയാണ്. ജനങ്ങൾക്ക് സെൻസസുമായി ബന്ധപ്പെട്ട് ആശങ്കകളുണ്ട്. അത് പരിഹരിക്കുന്നതിനായി 2020-ൽ ഇറക്കിയ സെൻസസിന്റെ ഉത്തരവിനും കേന്ദ്രഗവൺമെന്റ് നൽകിയ നിർദ്ദേശത്തിനും പകരമായി അത് നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട പുതിയ ഉത്തരവുകൾ ഇറക്കുന്നതിനോ അതിലെ ചോദ്യങ്ങൾ നിയന്ത്രിക്കുന്നതിനോ ഉള്ള എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടെങ്കിൽ അത് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ചോദ്യം മറ്റൊരു തലത്തിലേയ്ക്ക് പോകുകയാണ്. ഇതുസംബന്ധിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ച ആദ്യത്തെ കാര്യം ശരിയാണ്. അതായത്, കേന്ദ്രഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് വലിയ തോതിൽ അപകടകരമായ അവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതാണ് നമ്മൾ ആസ്സാമിൽ കണ്ടത്. ആസ്സാമിൽ തടങ്കൽ പാളയം നേരത്തേയുണ്ട്. ഇപ്പോൾ കൂടുതലായി ശക്തിപ്പെട്ടിരിക്കുന്നു. ഇതിന്റെ തുടക്കം എവിടെ നിന്നുള്ളത് എന്നുമാത്രമാണ് ഇവിടെ സൂചിപ്പിച്ചത്. അതിന്റെ ഗൗരവം മനസ്സിലാക്കിയാൽ ഇപ്പോഴത്തെ അപകടം എങ്ങനെ ഈ രീതിയിൽ വികസിച്ചുവന്നുവെന്ന് സ്വാഭാവികമായും നമുക്ക് ഉൾക്കൊള്ളാൻ കഴിയും. ഏതായാലും ഇന്നത്തെ നിലയിൽ തടങ്കൽ പാളയത്തിന്റെ കാര്യത്തിൽ വ്യക്തതയാർന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ഈ സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു തടങ്കൽ പാളയവും നമ്മൾ നിർമ്മിക്കാൻ പോകുന്നില്ല. ആദ്യം പറഞ്ഞ മാനദണ്ഡങ്ങളിൽത്തന്നെ 'രാജ്യത്ത് അനധികൃതമായി പ്രവേശിക്കുകയോ' എന്നുപറഞ്ഞിട്ടുണ്ട്. പൗരത്വ ഭേദഗതി നിയമത്തിന്റെ ഭാഗമായി പൗരത്വം നഷ്ടപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ആപത്തിനെക്കുറിച്ചാണ് ആളുകൾ ആശങ്കപ്പെടുന്നത്. അതാണ് ആസ്സാമിൽ കണ്ടത്. ആസ്സാമിൽ കുറേക്കാലമായി ജീവിക്കുന്നവർ, സാധാരണഗതിയിൽ വലിയ സ്ഥാനങ്ങൾ വഹിച്ചവർ എന്നിവരൊക്കെയാണ് പൗരത്വം ഇല്ലാത്തവരായി മാറിയത്. ആ അപകടം കൂടിയിരിക്കുകയാണ്. അതിന്റെ കൂടെ കൂട്ടിച്ചേർത്ത് പറഞ്ഞതിൽ എന്താണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല. സെൻസസ് നടപടികളിൽ യാതൊരു അപാകതയും അപകടവുമില്ല. സെൻസസിന്റെ ഭാഗമായി എന്താണ് നടക്കുന്നത്; ആദ്യഘട്ടത്തിൽ വീടിന്റെ വലിപ്പം, വിസ്തീർണ്ണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചുള്ള കണക്കുകൾ എടുക്കും. അതിനകത്ത് എന്ത് അപകടമാണുള്ളത്; ആളുകളുടെ പേര്, വയസ്, ലിംഗം എന്നീ വിശദാംശങ്ങൾ എടുക്കും. അല്ലാതെ സാധാരണ എടുക്കുന്നത് എന്താണ്; സെൻസസുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ ഒരുതരത്തിലുള്ള വിവരവും പുറത്തുപോകില്ല. അതെല്ലാം രഹസ്യമാണ്.

ഒരു പ്രദേശത്തിന്റെ ഇന്നയിന്ന വിഭാഗം എന്നുപറയുകയില്ല. മൊത്തമായി ലഭിച്ച വിവരം പറയും. സെൻസസുമായി ബന്ധപ്പെട്ട് ഒരപകടവും ഇല്ല. അനാവശ്യമായി ഭീതി പരത്താൻ ശ്രമിക്കരുത്. സെൻസസുമായി ബന്ധപ്പെട്ട് എന്തോ അപകടം വരാൻ പോകുന്നു എന്നൊരു ഭീതി പരത്തേണ്ടതില്ല. ജനസംഖ്യാ രജിസ്റ്ററുമായി ബന്ധപ്പെട്ടുള്ളതിലാണ് അപകടം. കേരളത്തിൽ ജനസംഖ്യാ രജിസ്റ്റർ എടുക്കില്ല എന്ന് നമ്മൾ ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. സെൻസസിന്റെ കൂടെയല്ല ജനസംഖ്യാ രജിസ്റ്റർ എടുക്കുന്നത് എന്നതാണ് മനസ്സിലാക്കേണ്ട ഒരു കാര്യം. സെൻസസ് പ്രവർത്തനങ്ങൾ കഴിഞ്ഞതിനുശേഷം ജനസംഖ്യാ രജിസ്റ്ററിന്റെ പ്രവർത്തനം പ്രത്യേകമായി നടക്കുകയാണ് ചെയ്യുന്നത്. അക്കാര്യത്തിൽ വ്യക്തത ഇല്ലാത്തതുകൊണ്ടാണെങ്കിൽ അത് മനസ്സിലാക്കുന്നത് നല്ലതാണ്. മനസ്സിലാക്കിയിട്ടും കുറച്ച് അഭ്യൂഹങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടായിക്കോട്ടെ എന്ന് വിചാരിക്കുകയാണെങ്കിൽ അത് നല്ലതല്ല എന്നുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... ഇരിക്കൂ..ഇരിക്കൂ.... അങ്ങ് രണ്ടുചോദ്യങ്ങൾ ചോദിച്ചു. അങ്ങനെ ചട്ടമില്ല. പ്ലീസ്...പ്ലീസ്... ശ്രീ. സണ്ണി ജോസഫ്...

ശ്രീ. സണ്ണി ജോസഫ്: സർ, കേന്ദ്രസർക്കാർ 2019-ലാണ് പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തിയതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതിനുശേഷമാണ് ഈ പ്രശ്നങ്ങൾ വളരെ ആശങ്കയുണ്ടാക്കുന്ന തരത്തിലേയ്ക്ക് ഉയർന്നുവരുന്നത്. അതിനുശേഷമുള്ള ഡിറ്റെൻഷൻ സെന്ററാണ് വിവാദമായും ഭയാനകമായും തോന്നുന്നത്. ആഭ്യന്തര വകുപ്പ് 4-1-2020-ന് വിവരാവകാശ നിയമപ്രകാരം നൽകിയിരിക്കുന്ന മറുപടിയിൽ, 'action regarding setting up of Detention Centre is being taken up in Social Justice Department' എന്നാണ്. അതാണ് ആശങ്കാജനകമായ മറുപടി. Action is being taken up by the Social Justice Department. This is given in 4-1-2020. അതാണ് ഇവിടത്തെ ആശങ്ക. അങ്ങനെയൊരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; വിവരാവകാശ നിയമപ്രകാരം ലഭിച്ച ഉത്തരത്തിലെ കാര്യങ്ങൾ ശരിയാണോ; ഇങ്ങനെയൊരു ആശങ്ക ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, 2015-ലെ ഉത്തരവ് ഒരു ഘട്ടത്തിലും ഇല്ല എന്ന് ഇവിടെ പറഞ്ഞിട്ടില്ല. അതാണ് വസ്തുത. എന്നാൽ ഇപ്പോൾ അതിൽ വ്യക്തത വരുത്തിയിരിക്കുന്നു. ഇവിടെ ഏതെങ്കിലും തരത്തിൽ അത്തരമൊരു ഡിറ്റെൻഷൻ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് സ്ഥാപിക്കില്ല. ആ വ്യക്തത വരുത്തിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ ശ്രീ. എ. പി. അനിൽ കുമാറിന്റെ ചോദ്യത്തിനുള്ള മറുപടിയിലെ വ്യക്തതയ്ക്കുവേണ്ടിയാണ് ഈ ചോദ്യം ചോദിക്കുന്നത്. എന്റെ കയ്യിലുള്ളത് സെൻസസ് ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിച്ച കത്തിന്റെ പകർപ്പാണ്. കത്തിന്റെ തീയതി 14.01.2020 ആണ്. അതിൽ പറയുന്നത് "In connection with the house listing and housing census and updation of NPR in the state of Kerala will be conducted from 15th April to 29th May 2020" എന്നാണ്. ഇത് വളരെ വ്യക്തമാണ്. ഈ കാര്യം അങ്ങ് അറിഞ്ഞില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്? എൻ.പി.ആർ. ഉണ്ടെന്നുതന്നെയാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ റിജക്ട് ചെയ്തുകൊണ്ട് അയച്ച കത്തിന്റെ പകർപ്പ് കാണിക്കുകയോ അല്ലെങ്കിൽ ഇത് അംഗീകരിക്കുന്നില്ലെന്നോ പറയണം. ഞങ്ങളുടെ കയ്യിൽ വ്യക്തമായ മറുപടിയുണ്ട്, ഞങ്ങൾ വെറുതെ ഇവിടെ വന്നിരിക്കുന്നതല്ല. ഞങ്ങൾ ഈ കാര്യങ്ങളെപ്പറ്റി പഠിച്ച് അത് അന്വേഷിക്കാൻവേണ്ടി വന്നിരിക്കുകയാണ്. അപ്പോൾ എല്ലാ കാര്യങ്ങളും പഴയ കാലത്തേയ്ക്ക് ചാർത്തിക്കൊടുക്കാനാണ് അങ്ങ് ആഗ്രഹിക്കുന്നത്, അതല്ല ശരി. 1964-ലെ ഫോറിനേഴ്സ് ട്രിബ്യൂണൽ ആക്ട് 2019-ൽ ഭേദഗതി ചെയ്തു. അതിനെത്തുടർന്നാണ് സ്റ്റേറ്റ് ഗവൺമെന്റ്, ജില്ലാ കളക്ടർ, ജില്ലാ മജിസ്ട്രേട്ട് തുടങ്ങിയവർ ഇതിനകത്ത് വരുന്നത്. അതിനെ സംബന്ധിച്ച് ഞങ്ങൾ വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ "Action regarding setting up of detention centres is being taken up in Social Justice Department" എന്ന് മറുപടി തന്നു. ഉടനെ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിനോട് ചോദിച്ചപ്പോൾ അവർ നൽകിയ മറുപടി, "The desired information is not available with the Government in Social Justice Department" എന്നാണ്. ഇതെങ്ങനെയാണ് ബന്ധപ്പെടുന്നത്? ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടാനുള്ളതാണോ കേരളത്തിലെ ജനങ്ങൾ? ഈ കാര്യത്തിൽ കൃത്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്ലാരിഫിക്കേഷൻ വേണം. സെൻസസ് ഡിപ്പാർട്ടുമെന്റിന്റെ മറുപടിയിലെ എൻ.പി.ആർ. പരാമർശത്തെപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ നേരത്തെ പറഞ്ഞു, സാമൂഹ്യനീതി വകുപ്പിന് 18-12-2015-ലെ ഉത്തരവനുസരിച്ചാണ് കൈമാറിയത്, ആ ഉത്തരവിൽ ഇപ്പോൾ അദ്ദേഹം ഉദ്ധരിച്ച പ്രസ്താവനകളൊക്കെയുണ്ട്. അതിനുമുമ്പ് ഏതെങ്കിലും ഒരു ഗവൺമെന്റ് ഉത്തരവിലൂടെ റദ്ദ് ചെയ്യുന്ന അവസ്ഥയുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഈ ഉത്തരവ് നിലനിൽക്കുകയാണ്. അതിന്റെ ഭാഗമായിട്ടാകാം ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളത്. ഇതാണ് അതിൽ മനസ്സിലാക്കേണ്ട കാര്യം. എന്നാൽ ഗവൺമെന്റിന്റെ സമീപനമെന്ന്

പറയുന്നത് ഇത്തരമൊരു ഡിറ്റെൻഷൻ സെന്റർ സ്ഥാപിക്കുന്നില്ലെന്നുതന്നെയാണ്. അത് ഞാൻ ആവർത്തിച്ച് പറഞ്ഞതാണ്, ഇനി കൂടുതൽ വ്യക്തമാക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട അംഗം കയ്യിലിരിക്കുന്ന കടലാസുകളെല്ലാം പഠിച്ചുകൊണ്ടുതന്നെയാണ് സംസാരിക്കുന്നതെന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല. പക്ഷേ, കടലാസ് അതിന്റെ രീതിയിൽത്തന്നെയാണോ വായിക്കുന്നതെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. അതെന്തെന്ന് വച്ചാൽ സെൻസസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി വീടുകൾ കയറുന്ന അവസരത്തിലല്ല എൻ.പി.ആർ-ന്റെ എന്യൂമറേഷൻ. എൻ.പി.ആർ-ന്റെ എന്യൂമറേഷൻ പിന്നെയൊരു ഘട്ടത്തിലാണ്. ആ ഘട്ടം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതാണ് മനസ്സിലാക്കേണ്ട കാര്യം. സെൻസസിന്റെ പ്രവർത്തനങ്ങൾ നടക്കും. എൻ.പി.ആർ. നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ളത് വസ്തുതാപരമായ ഒരു കാര്യമാണ്. നടപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടാണ് അത് നടപ്പാക്കില്ലെന്ന് സംസ്ഥാന ഗവൺമെന്റ് പറയുന്നത്. കേരളത്തിൽ എൻ.പി.ആർ. നടപ്പാക്കില്ലെന്ന് പറഞ്ഞപ്പോൾ, നിങ്ങൾക്ക് അങ്ങനെയൊരു നിലപാടുണ്ടെന്ന് ഞങ്ങൾക്കറിയാമെന്ന സമീപനംതന്നെയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതെന്ന് നേരത്തെ ഈ സഭയിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ആ കാര്യത്തിൽ ഒരാശങ്കയും വേണ്ട. എൻ.പി.ആർ. ഇവിടെ നടപ്പാക്കാനല്ല തീരുമാനിച്ചിട്ടുള്ളത്, അതുതന്നെയാണ് പ്രതിപക്ഷവും ആഗ്രഹിക്കുന്നത്. ബഹുമാന്യനായ അംഗവും അതുതന്നെയാണ് ആഗ്രഹിക്കുന്നത്. ആ നിലപാടിൽതന്നെയാണ് സംസ്ഥാന ഗവൺമെന്റ് നിൽക്കുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് ധാരാളം അന്യ സംസ്ഥാന തൊഴിലാളികളുണ്ട്. ഇതിൽ ബംഗ്ലാദേശിൽനിന്നുള്ള ആളുകളുമുണ്ടെന്ന ആശങ്ക നിലനിൽക്കുകയാണ്. അന്യദേശക്കാരായ തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യംതന്നെയാണ്. അവരുടെ ഒരു കണക്കെടുപ്പ് ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അതോടൊപ്പം, ജയിലിൽ കഴിയുന്ന വിദേശികളുടെ കണക്ക് ആഭ്യന്തര വകുപ്പ് സാമൂഹ്യനീതി വകുപ്പിന് കൈമാറിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് അനേകം തൊഴിലാളികൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്നിട്ടുണ്ട്. അതല്ലാതെ വിദേശത്തുനിന്നും ആളുകൾ വന്നിട്ടുണ്ടെന്ന ധാരണ സംസ്ഥാന ഗവൺമെന്റിനില്ല. അങ്ങനെ എന്തെങ്കിലും വിവരം ബഹുമാന്യനായ അംഗത്തിന്റെ കൈവശമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. ജയിലിൽ കഴിയുന്നവരുടെ

കാര്യത്തിൽ, ആഭ്യന്തരവകുപ്പ് (ജയിൽ)-ന്റെ കൈവശം വിദേശത്തുനിന്നും വന്നിട്ടുള്ളവരുടെ കൃത്യമായ കണക്കുണ്ട്. ആ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല, വേണമെങ്കിൽ അത് പിന്നീട് നൽകാനും കഴിയും.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ചിലർ ചില കല്ല് എവിടെയൊക്കെയോ എറിയുന്ന കാര്യം ഇവിടെ പറഞ്ഞിരുന്നു, എറിയേണ്ടത് എവിടെയാണെന്ന് കൃത്യമായി നമുക്ക് മനസ്സിലായിട്ടുണ്ട്. 2012 ആഗസ്റ്റിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വച്ച നിർദ്ദേശങ്ങളുണ്ട്, ആ നിർദ്ദേശത്തിൽ കൂടുതലായി എന്തെങ്കിലും വിശദാംശങ്ങൾ ഇപ്പോൾ അങ്ങേയ്ക്ക് വെളിപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതെല്ലാം ഇപ്പോൾ വെളിപ്പെടുത്തിയിട്ട് എന്താണ് കാര്യം? നമ്മൾ ഏതായാലും ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. അതാണ് ഇപ്പോൾ നല്ലതെന്നാണ് തോന്നുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിനകത്തുള്ള ചിന്താക്കുഴപ്പം തീർക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. അദ്ദേഹം പറഞ്ഞത് ഞാൻ ആഭ്യന്തര മന്ത്രിയായിരുന്ന കാലത്താണ് ഫോറിനേഴ്സ് ട്രിബ്യൂണൽസ് ആക്ട് 1964 അനുസരിച്ചുള്ള ചില നടപടിക്രമങ്ങൾ സ്വീകരിച്ചതെന്നാണ്. പാസ്പോർട്ട് കാലാവധി കഴിഞ്ഞതും വിസാ കാലാവധി കഴിഞ്ഞതുമായ ഫോറിനേഴ്സിനെ ജയിലിൽ പാർപ്പിക്കുമ്പോൾ അവർക്കുവേണ്ടി പ്രത്യേക സൗകര്യമൊരുക്കാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെടുകയാണ് അതിൽ ചെയ്തത്. കാരണം, അവരെ ജയിലിൽ പാർപ്പിക്കാതെതന്നെ വിസാ നടപടികൾ പൂർത്തിയാകുമ്പോൾ എംബസിയുമായി ബന്ധപ്പെട്ട വിസാ കാലാവധി എക്സ്റ്റെന്റ് ചെയ്ത് അവർക്ക് തിരികെ പോകാം. അതിനുവേണ്ടി ജയിലിൽ കിടന്ന് ബുദ്ധിമുട്ടാതെ അവർക്കൊരു റീഹാബിലിറ്റേഷൻ എന്ന നിലയിലാണ് 2015-ൽ വിദേശികൾക്ക് ഈ സൗകര്യം ഒരുക്കിക്കൊടുത്തത്. 2019-ലെ പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ ഡിറ്റെൻഷൻ സെന്ററും ഇതും രണ്ടാണ്. അതുകൊണ്ട് അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. അന്ന് സ്വീകരിച്ച നടപടി ഇതുമാത്രമാണ്. എന്നാൽ നാഷണൽ പോപ്പുലേഷൻ രജിസ്റ്ററിൽ പറയുന്നത്, 'Census of India 2021 - List of enumerators or Supervisors of house listing and house census and updation of Population Register' എന്നാണ്. സെൻസസ് നടപടികളും എൻ.പി.ആർ. നടപടികളും ഒരുമിച്ച് നടത്തുന്ന എന്നുള്ള നിലയിലാണ് കേന്ദ്ര സെൻസസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിലുള്ളത്. അതുകൊണ്ടാണ് ഇവിടെ ചോദ്യം ഉന്നയിച്ചിട്ടുള്ളത്. ഇവിടെ വ്യക്തമാക്കേണ്ടത്, പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിയും എൻ.പി.ആർ.-നെപ്പറ്റി വ്യത്യസ്തമായ

അഭിപ്രായങ്ങളാണ് പറയുന്നത്. ഞങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത്, ആരും സെൻസസിന് എതിരല്ല. ഈ നടപടികളിൽ ആശയക്കുഴപ്പം നിൽക്കുന്നതുകൊണ്ട്, ഇതിലെ ആശയക്കുഴപ്പം ദൂരീകരിക്കുന്നതുവരെ ഗവൺമെന്റിന് എന്തുകൊണ്ട് സെൻസസ് നടപടികൾ നിർത്തിവച്ചുകൂടാ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ കാര്യത്തിൽ യാതൊരു ആശയക്കുഴപ്പവുമില്ല. സെൻസസ് അതിന്റെ രൂപത്തിൽ നടക്കും. കേന്ദ്ര ഗവൺമെന്റ് ആഗ്രഹിക്കുന്നത് എൻ.പി.ആർ.-ന്റെ രീതിയിൽ എന്യൂമറേഷൻ നടത്തണമെന്നാണ്. രണ്ടാമത്തെ ഭാഗം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. ഒരു തരത്തിലുള്ള ആശയക്കുഴപ്പത്തിനും അടിസ്ഥാനമില്ല. സെൻസസിന്റെ ഭാഗമായി ഇത്രയും വിവരങ്ങളാണ് ലഭിക്കുക. സെൻസസിന്റെ ഭാഗമായി വീട് കയറി എന്യൂമറേഷൻ പ്രവർത്തനങ്ങൾ നടത്തുന്നവർ ആദ്യഘട്ടത്തിൽ വീടിന്റെ വിവരങ്ങൾ ശേഖരിക്കും, പിന്നീട് ആ വീട്ടിലുള്ള താമസക്കാരുടെ പേര്, വയസ്, ലിംഗം ഇതുപോലുള്ള സാധാരണ സെൻസസിന് ശേഖരിക്കുന്ന വിവരങ്ങൾ ശേഖരിക്കും. അല്ലാതെ നിങ്ങളുടെ അച്ഛന്റെ പേരെന്താണ്, അച്ഛന്റെ ജനനത്തീയതി ഏതാണ്, അച്ഛന്റെയച്ഛന്റെ ജനനത്തീയതി ഏതാണ് ഇതുപോലുള്ള വിവരങ്ങളൊന്നും സെൻസസിന്റെ ഭാഗമായി ശേഖരിക്കുന്നില്ല. ആ ചതിക്കുഴിയെല്ലാം എൻ.പി.ആർ-ലാണുള്ളത്. അപ്പോൾ അതിലേയ്ക്ക് നമ്മൾ പോകുന്നതേയില്ല. അത് ഞാൻ ആവർത്തിച്ച് വ്യക്തമാക്കിയ കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യമായതുകൊണ്ടാണ് ഞാൻ ഒന്നുകൂടി പറഞ്ഞത്, അല്ലെങ്കിൽ വീണ്ടും മറുപടി പറയേണ്ട കാര്യമില്ല. ഇതാണ് ആവർത്തിച്ച് വ്യക്തമാക്കാനുള്ളത്. പിന്നെ അദ്ദേഹം ഉന്നയിച്ച ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞ കാര്യംതന്നെയാണ് ഞാൻ പറഞ്ഞത്. 2015-ലെ ഫയലാണ് എന്റെ കയ്യിലുള്ളത്. ആ ഫയൽ തുടങ്ങുന്നത് 'അനധികൃതമായി രാജ്യത്ത് പ്രവേശിക്കുകയോ, വിസ, പാസ്പോർട്ട് കാലാവധി തീർന്നതിനുശേഷവും അനധികൃതമയി രാജ്യത്ത് തുടരുകയോ ചെയ്യുന്ന വിദേശികളെയും ശിക്ഷാകാലാവധി പൂർത്തിയാക്കി, അവരവരുടെ രാജ്യത്തേയ്ക്ക് തിരിച്ചുപോകുന്നതിനുള്ള നിയമനടപടികൾക്കായി കാത്തുകിടക്കുന്ന വിദേശികളേയും അവർ രാജ്യം വിടുന്നതുവരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനുള്ള തടങ്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും" എന്നാണ്. പിന്നെ അതിലുള്ളത് മറ്റ് കാര്യങ്ങളാണ്. ഇതുതന്നെയാണ് ഞാൻ ആദ്യമേ പറഞ്ഞിട്ടുള്ളത്, അതുതന്നെയാണ് ഞാൻ നേരത്തെയും പറഞ്ഞത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇന്ത്യയിലൊട്ടാകെ രാജ്യത്തെ രണ്ടായി കീറിമുറിക്കുന്ന രീതിയിൽ എൻ.ആർ.സി. നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ഒറ്റപ്പെട്ടതാണെങ്കിലും വളരെ ശക്തമായി കേരളത്തിൽ അത് നടപ്പിലാക്കില്ല എന്നുപറഞ്ഞ അങ്ങയെയും ഈ സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എൻ.പി.ആർ.-ഉം ഡിറ്റെൻഷൻ സെന്ററും ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തിയവരാണ് പ്രതിപക്ഷവും യു.പി.എ.-യും. ....(ബഹളം).... ഇന്ത്യയിൽ ആദ്യമായി എൻ.പി.ആർ. നടപ്പിലാക്കാൻ ശ്രമിച്ചത് യു.പി.എ.യുടെ നയമാണ് .....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.... അങ്ങ് ചോദ്യം ചോദിക്കൂ..

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, എൻ.ആർ.സി. ആദ്യമായി നടപ്പിലാക്കാൻ ശ്രമിച്ചതും അവരാണ്. ഇത് വളരെ രൂക്ഷമായി, പ്രത്യക്ഷത്തിലാണ് ഇപ്പോൾ ബി.ജെ.പി. നടപ്പിലാക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ ഇത് നടപ്പിലാക്കില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പിച്ച് പറഞ്ഞിട്ടും, 2012-ൽ ഡിറ്റെൻഷൻ ക്യാമ്പിനുവേണ്ടി തറക്കല്ലിടാൻവേണ്ടി ശ്രമിച്ച ആളുകളെ മാറ്റിനിർത്തിക്കൊണ്ട് അത് ഇവിടെ നടപ്പിലാക്കില്ല എന്നുപറഞ്ഞ് ആ ഉത്തരവ് റദ്ദ് ചെയ്തിട്ടുള്ള മുഖ്യമന്ത്രിയാണ് ഇവിടെ ഇരിക്കുന്നത്. പക്ഷേ, പൊതുജനങ്ങളുടെ ഇടയിൽ സെൻസസും എൻ.പി.ആർ.-ഉം ഒന്നാണെന്നും അതുപോലെതന്നെ ഇത്തരത്തിൽ ഡിറ്റെൻഷൻ കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടാക്കുന്നുണ്ടെന്നും കേരളത്തിന്റെ നിലപാട് തെറ്റാണെന്നുമുള്ള രീതിയിൽ പ്രതിപക്ഷം പറഞ്ഞ് പ്രചരിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ ന്യൂനപക്ഷങ്ങളുടെ ഇടയിൽ വലിയ ആശങ്കയുണ്ട്. കാര്യങ്ങൾ ചോദിക്കാനും സംശയങ്ങൾ തീർക്കാനും കഴിയാതെ സാധാരണക്കാർ വലിയ പ്രശ്നത്തിലാണ്. സെൻസസ് എന്താണ്; മറ്റുള്ള കാര്യങ്ങൾ എന്താണ്; വീട്ടിൽ ഒരാൾ വന്നിട്ടുണ്ട് എന്നൊക്കെപ്പറഞ്ഞ് പലപ്പോഴും എനിക്ക് കോളുകൾ വരാറുണ്ട്. പലരുംവന്ന് പലതും ചോദിക്കുന്നു. ഇത് എൻ.പി.ആർ. ആണോ, എൻ.ആർ.സി. ആണോ എന്നൊക്കെ ആളുകൾ ചോദിക്കാറുണ്ട്. അത്തരത്തിലുള്ള ആശങ്കകൾ ദൂരീകരിക്കാൻ കഴിയുന്ന രീതിയിൽ ഒരു കോൾ സെന്റർ കൊടുക്കുകയാണെങ്കിൽ ആളുകൾക്ക് അതിൽ വിളിച്ചുചോദിച്ചാൽ ആധികാരികമായുള്ള മറുപടി ലഭിക്കും. അങ്ങനെ ഏതെങ്കിലുമൊരു സാധ്യത പരിശോധിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആശങ്ക ആളുകളിലുണ്ട് എന്നത് വളരെ ശരിയാണ്. ആ ആശങ്ക നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താണെന്നുണ്ടെങ്കിലും രാജ്യത്തിന്റെ പൊതുസ്ഥിതി വച്ചാൽ അത് യഥാർത്ഥത്തിൽ ഉണ്ടാകുന്നതുമാണ്. ആളുകളെ ബോധ്യപ്പെടുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒന്നായിത്തന്നെയാണ് സർക്കാർ കാണുന്നത്. അതിൽ

ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യമടക്കമുള്ള തുടർ നടപടികളെല്ലാം നമുക്ക് സ്വീകരിക്കാം. സെൻസസ് പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ ആവശ്യമായ ബോധവൽക്കരണത്തിനുള്ള എല്ലാ നടപടികളും നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഞങ്ങൾ സംശയങ്ങൾ ചോദിക്കേണ്ടത് സ്വാഭാവികമായും ഭരിക്കുന്നവരോടാണ്. അത് കേന്ദ്രമായാലും കേരളമായാലും. അത് അനാവശ്യമായ തരത്തിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. Most CAA scenario എന്നുപറയുന്നത് വേറെയാണ്. അതിന് മുമ്പുള്ള ഇന്ത്യയിലെ സ്ഥിതിയല്ല മതത്തിന്റെ പേരിൽ പൗരൻമാരെ വേർതിരിക്കുന്നതിന് ശേഷമുണ്ടായ കാലം. അതുകൊണ്ടാണ് ഈ സംശയങ്ങൾ ഉണ്ടാകുന്നത്. ഇവിടെ ശ്രീ. പി. ടി. തോമസ് ഉന്നയിച്ചൊരു ചോദ്യമുണ്ട്. ഡിറ്റെൻഷൻ സെന്ററിന് ലെറ്റർ വന്നു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിക്കുന്നു. തുടർ നടപടികൾ സ്വീകരിക്കുമെന്നുള്ള കത്ത് ഞാൻ ചോദിച്ച വിവരാവകാശത്തിന് മറുപടിയായി ലഭിച്ചിട്ടുണ്ട്. അതൊക്കെ ശരിയാണ്. പക്ഷേ, കേന്ദ്രത്തിന് എന്ത് മറുപടിയാണ് ലെറ്റർ വഴി ഈ വിഷയത്തിൽ കൊടുത്തതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാനിവിടെ പലതവണ വ്യക്തമാക്കിയിട്ടുണ്ട്. സെൻസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കുന്നതിനായി ചേർന്ന യോഗത്തിൽ കേരളത്തിന്റെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. അപ്പോൾതന്നെ, നിങ്ങളുടെ നിലപാട് ഞങ്ങൾക്കറിയാം എന്ന് കേന്ദ്രം മറുപടിയും പറഞ്ഞിട്ടുണ്ട്. അത് പിന്നീട് എടുക്കാം എന്നുപറഞ്ഞ് നിർത്തുകയാണ് ചെയ്തത്. ചീഫ് സെക്രട്ടറി തന്നെ ഞങ്ങൾ ഈ നിലപാടാണ് സ്വീകരിക്കുന്നത്, എൻ.പി.ആർ. ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന കാര്യവും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ ഞാൻ നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

**ജീവിതശൈലീ രോഗങ്ങൾ**

2 (*152) ശ്രീ. പി. ഉണ്ണി:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളിൽ അഞ്ചിലൊന്ന് പേരും പ്രമേഹ രോഗബാധിതരാണെന്ന റിപ്പോർട്ടുകൾ ജീവിതശൈലീരോഗങ്ങളുടെ ഭയാനകമായ

വ്യാപ്തി വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ സംസ്ഥാനം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിന് പൊതു ആരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ പ്രത്യേകം പരിപാടിയുണ്ടോ;

(ബി) ഭക്ഷണക്രമത്തിലും ജീവിതശൈലിയിലും സാമ്പത്തികോന്നതി വരുത്തിയ മാറ്റങ്ങൾ കാൻസർ, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ അസുഖങ്ങൾ വ്യാപകമാക്കാൻ ഇടയുള്ളതിനാൽ അനിവാര്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പദ്ധതിയുണ്ടോ;

(സി) ജീവിതശൈലീരോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി പ്രാഥമികാരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ആധുനികവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ് (Global Burden of Diseases) റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ 60 ശതമാനത്തോളം മരണകാരണം ജീവിതശൈലീരോഗങ്ങളാണ്. ഈ റിപ്പോർട്ട് പ്രകാരം കേരളം എപ്പിഡമോളജിക്കൽ ട്രാൻസിഷന്റെ ഏറ്റവും ഉയർന്ന സോണിൽ നിൽക്കുന്നു. ജീവിതശൈലീരോഗങ്ങളുടെ മരണനിരക്കും രോഗാതുരതയും സാംക്രമിക രോഗങ്ങൾ, മാതൃശിശു രോഗങ്ങൾ എന്നിവമൂലമുണ്ടാകുന്ന മരണനിരക്കും രോഗാതുരതയെക്കാളും കൂടുതലാണ്.

അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് ആൻഡ് സ്റ്റഡീസും ആരോഗ്യ വകുപ്പും 2017-ൽ സംയുക്തമായി നടത്തിയ പഠനത്തിൽ കേരളത്തിലെ മൂന്നിലൊരാൾക്ക് രക്താതിമർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവുമുള്ളതായി കണ്ടെത്തുകയുണ്ടായി. ലോകത്ത് ഏറ്റവും കൂടുതൽ പ്രമേഹരോഗികളുള്ള രാജ്യം ഇന്ത്യയും ഇന്ത്യയിൽ പ്രമേഹത്തിന്റെ തലസ്ഥാനമാണെന്ന് അറിയപ്പെടുന്നത് കേരളവുമാണെന്ന വസ്തുത ആശങ്കയോടെയാണ് സംസ്ഥാന ആരോഗ്യ വകുപ്പ് വീക്ഷിക്കുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, ലഹരിയോടുള്ള ആസക്തി, ഉയർന്ന മാനസിക പിരിമുറുക്കം എന്നീ തെറ്റായ ശീലങ്ങളിലേയ്ക്കുള്ള മാറ്റം പ്രമേഹം, രക്താതിമർദ്ദം, പൊണ്ണത്തടി, ഹൃദ്രോഗം, വൃക്കരോഗം, പക്ഷാഘാതം, കാൻസർ തുടങ്ങിയ ജീവിതശൈലീരോഗങ്ങൾ

വർദ്ധിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥയെ പ്രതിരോധിക്കുന്നതിനും സംസ്ഥാനം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി (അമൃതം ആരോഗ്യം) ആരംഭിക്കുകയുണ്ടായി. പ്രാഥമികാരോഗ്യതലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ച ഈ പദ്ധതി 2016-17-ഓടുകൂടി ജില്ലാ-ജനറൽ-താലൂക്ക് ആശുപത്രികളെക്കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ജീവിതശൈലീരോഗ നിയന്ത്രണ സംസ്ഥാനമായി മാറി.

സംസ്ഥാന സർക്കാർ ആരംഭിച്ച 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലീരോഗ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. അതിനോടൊപ്പം COPD (Chronic Obstructive Pulmonary Disease) നിയന്ത്രണത്തിനുള്ള 'ശ്വാസ്' പദ്ധതി, നേത്രപടലാന്ധത (Diabetic Retinopathy) കണ്ടെത്തുന്നതിനുള്ള 'നയനാമൃതം' പദ്ധതി, വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസം' പദ്ധതി, ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്, tobacco cessation clinic-കൾ എന്നിവ ഉൾപ്പെടുത്തി ജീവിശൈലീരോഗങ്ങളുടെ സങ്കീർണ്ണതകൾകൂടി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. 2019-ൽ നൽകിയ സബ്സെന്റർ കിറ്റിലൂടെ ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനായി ബി.പി. അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, സ്റ്റെഡിയോമീറ്റർ (Stadiometer), ഡിജിറ്റൽ വെയിംഗ് മെഷീൻ (Digital weighing machine), യൂറിനിലെ ഗ്ലൂക്കോസ് ആൽബുമിൻ അളക്കുന്നതിനുള്ള യൂറിൻ ഡിപ്പ് സ്റ്റിക് (Urine Dip stick) തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

<u>ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ</u>

പ്രവർത്തിക്കുന്നത്- ജനറൽ ഹോസ്പിറ്റൽ/ജില്ലാ ആശുപത്രി/താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി- 100

പി.എച്ച്. സി./എഫ്.എച്ച്.സി..- 848

സി.എച്ച്.എസി.- 227

ഉപകേന്ദ്രം- 5400

<u>സ്ക്രീനിംഗ് നടത്തിയത്</u>

2016-17 : 4289272

2017-18 : 3877929

2018-19 : 4665375

പുതിയതായി പ്രമേഹം കണ്ടെത്തിയവർ- 9.1 ലക്ഷം

പുതിയതായി രക്താതിസമ്മർദ്ദം കണ്ടെത്തിയവർ - 11.2 ലക്ഷം

പ്രമേഹവും രക്താതിസമ്മർദ്ദവും കണ്ടെത്തിയവർ- 3.28 ലക്ഷം

ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതികൾ

1. Population Based Screening for NCD (ജനസംഖ്യാ ജീവിതശൈലീരോഗ നിർണ്ണയ പരിപാടി)

ഒരു പ്രദേശത്തെ എല്ലാ ജനങ്ങളുടെയും ജീവിതശൈലീരോഗ നിർണ്ണയം നടത്തി പ്രാദേശികമായി ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനായി 2018-19-ൽ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ പദ്ധതി ആരംഭിക്കുകയുണ്ടായി. ആശമാരെ ഉൾപ്പെടുത്തി പ്രമേഹം, രക്താതിമർദ്ദം, സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നിവ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തുന്നതിനുമാണ് ഈ പദ്ധതി.

2019-ൽ 599423 പേരെ സ്ക്രീനിംഗിന് വിധേയമാക്കുകയും പുതിയ 31428 രക്താതിമർദ്ദവും 18699 പ്രമേഹവും 122 അർബുദ രോഗികളെയും കണ്ടെത്തി. ഈ വർഷം ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

2. IHCI (India Hypertension Control Initiative)

സംസ്ഥാനത്ത് രക്താതിമർദ്ദം (Hypertention) വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ലോകാരോഗ്യ സംഘടനയും ICMR-മായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് IHCI. എല്ലാ ജില്ലാ ചികിത്സാ കേന്ദ്രങ്ങളിലും 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാപേരുടെയും രക്തസമ്മർദ്ദം പരിശോധിക്കുന്നതിനും രോഗം കണ്ടെത്തുന്നവരെ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിൽ ചികിത്സിക്കുകയും അവരുടെ രോഗം നിയന്ത്രിക്കപ്പെടുന്നതുവരെ Follow up ചെയ്യുന്നതിനുമാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്. 2018-19-ൽ തിരുവനന്തപുരം, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിൽ

ആരംഭിച്ച പദ്ധതിയിലൂടെ രക്താതിമർദ്ദത്തിന്റെ നിയന്ത്രണത്തിന്റെ തോത് 13 ശതമാനത്തിൽനിന്ന് 40 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്.

3. ഡയബറ്റിക് റെറ്റിനോപതി (നയനാമൃതം പദ്ധതി)

പ്രമേഹ രോഗത്തിന്റെ complication ആയ ഡയബറ്റിക് റെറ്റിനോപതി അഥവാ നേത്രപടലാന്ധത നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് നയനാമൃതം പദ്ധതി ആരംഭിച്ചിരിക്കുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും ഈ രോഗത്തിന്റെ നിർണ്ണയത്തിനായുള്ള നോൺമെഡിയാട്രിക് ക്യാമറകൾ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലണ്ടൻ മൂർഫീൽഡ് ഐ ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ട് ഡയബറ്റിക് റെറ്റിനോപതി കണ്ടെത്തുന്നതിനുള്ള ഹാൻഡ് ഹെൽഡ് നോൺ മെഡിയാട്രിക് ക്യാമറ വാങ്ങി നൽകുകയും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സഹകരണത്തോടുകൂടി രോഗനിർണ്ണയം നടത്തിവരികയും ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിൽ 6791 പ്രമേഹരോഗികളെ പരിശോധിച്ചതിൽനിന്നും 1776 പുതിയ രോഗികളെ കണ്ടെത്താൻ സാധിച്ചു. ഈ പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്.

4. ഡയബറ്റിക് ഫൂട്ട് ക്ലിനിക്ക്

ഞരമ്പുകളെ ബാധിക്കുന്ന പെരിഫെറൽ ന്യൂറോപ്പതിയും കാലിലെ വ്രണവും പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

5. COPD നിയന്ത്രണ പദ്ധതി (SWASS)

ഗുരുതര ശ്വാസകോശ രോഗമായ Chronic Obstructive Pulmonary disease നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ ജില്ലാ ആശുപത്രികളിലും SWASS ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഈ കേന്ദ്രങ്ങളിൽ സ്പൈറോമീറ്റർ വാങ്ങി നൽകുകയും പൾമണറി ടെസ്റ്റ് ഫങ്ഷൻ നടത്തി COPD രോഗനിർണ്ണയം നടത്തുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്കുള്ള പ്രത്യേക ചികിത്സയും സൗജന്യമായാണ് നടത്തിവരുന്നത്. 178 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 25 താലൂക്ക് ആശുപത്രികളിലും 14 ജില്ലാ ആശുപത്രികളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 107308 രോഗികളെ സ്ക്രീനിംഗ് ചെയ്തതിൽനിന്ന് 15289 COPD പുതിയ രോഗികളെ കണ്ടെത്തി.

6. കാൻസർ ക്ലിനിക്ക്

കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും എല്ലാ ജില്ലകളിലും ജില്ലാ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 24 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമാണ്. നിലവിലുള്ള ഡോക്ടർമാർക്ക് റീജണൽ കാൻസർ സെന്ററുകളിൽ പ്രത്യേക പരിശീലനം നൽകിയാണ് ഈ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത്. ഈ ക്ലിനിക്കുകൾവഴി 72000-ത്തിൽപ്പരം കീമോതെറാപ്പി ചികിത്സ നൽകാനും 3600 പുതിയ അർബുദരോഗികളെ കണ്ടെത്തുന്നതിനും സാധിച്ചു. സംസ്ഥാനത്തെ അർബുദരോഗ ചികിത്സയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന് അർബുദ ചികിത്സാ രംഗത്തെ വിവിധ ശാഖകളുടെയും ആശുപത്രികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് പുതിയതായി ഒരു കാൻസർ കെയർ ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാൻസർ ചികിത്സാ രംഗത്തെ ചികിത്സാവിധികൾ ഏകീകരിക്കുന്നതിനുള്ള ചികിത്സാ പ്രോട്ടോക്കോളുകളും മാർഗ്ഗരേഖകളും എല്ലാ മേഖലകളിലും പ്രാവർത്തികമാക്കുന്നതിനും സ്വകാര്യമേഖലയിലെ അർബുദ ചികിത്സാ കേന്ദ്രങ്ങളെ സർക്കാർ സംവിധാനവുമായി സഹകരിപ്പിക്കുന്നതിനും പുതിയ ചികിത്സാവിധികളെക്കുറിച്ചും മരുന്നുകളെക്കുറിച്ചും അന്തിമമായ അംഗീകാരം നൽകുന്നതിനും ഈ ബോർഡ് പ്രയോജനകരമാകുന്നു. ദേശീയ കാൻസർ ഗ്രിഡുമായി സഹകരിക്കുന്നതിനും കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിനും കാൻസർ ബോർഡ് ലക്ഷ്യമിടുന്നു.

7. അഭയം (പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകൾ)

സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോ തെറാപ്പി നൽകാൻ സൗകര്യമുള്ള ഒരു വാർഡ് ആരംഭിക്കുന്നതിനുള്ള 'അഭയം' പദ്ധതി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. 10 ബെഡ്ഡുകളുള്ള ഈ വാർഡിൽ പാലിയേറ്റീവ് കീമോതെറാപ്പിയും കിടത്തി ചികിത്സയും നൽകിവരുന്നു.

8. VIBGYOR

അനന്തസാധ്യതകളുള്ള യുവശക്തിയെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ഏഴിന പദ്ധതിയാണ് VIBGYOR. പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീരോഗ നിയന്ത്രണം, സുരക്ഷിത ഭക്ഷണം, Basic Life Support and

Disaster Management, യോഗയും വ്യായാമവും, ലഹരി, മാനസികാരോഗ്യം എന്നീ ഏഴ് മേഖലകളിലാണ് കോളേജ് വിദ്യാർത്ഥികൾക്ക് എമർജൻസി കെയറിന്റെയും പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള പരിശീലനവും സംസ്ഥാന വ്യാപകമായി നൽകിവരുന്നത്. സംസ്ഥാന വ്യാപകമായി വിദ്യാർത്ഥികളുടെ ഇടയിൽ കായിക മത്സരങ്ങൾ, പുകയില വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി പ്രോത്സാഹിപ്പിച്ചുവരുന്നു.

9. പക്ഷാഘാത ചികിത്സാ പദ്ധതി (ശിരസ്-SIRAS)

(Stroke Identification, Rehabilitation, Awareness and Stabilisation programme)

എല്ലാ ജില്ലാ ആശുപത്രികളിലും stroke unit സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സംസ്ഥാന ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയുടെ പ്ലാൻ ഫണ്ടിലൂടെയും NPCDCS ഫണ്ടിലൂടെയും പണം അനുവദിക്കുകയും 10 കേന്ദ്രങ്ങളിൽ stroke unit പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ക്ലിനിക്കിലൂടെ 126 ത്രോംബോലൈസിസ് (Thrombolysis) ചികിത്സ നൽകാൻ സാധിച്ചിട്ടുണ്ട്.

10. CAPD clinic-കൾ (Continuous Ambulatory Peritoneal Dialysis)

സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസൃതമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുകയും ജനങ്ങൾക്ക് സാമ്പത്തികവും ശാരീരികവുമായ അസൗകര്യങ്ങൾ നേരിടുന്നത് കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യ വകുപ്പ് താരതമ്യേന ചെലവ് കുറയുന്നതും വീട്ടിൽവച്ച് ചെയ്യാവുന്നതുമായ CAPD ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, പാലക്കാട് ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ ഇതിന്റെ പ്രവർത്തനം നടപ്പിലായത്. മൂന്ന് ജില്ലകളിലായി 455 രോഗികൾക്ക് CAPD ചികിത്സ നൽകി.

11. CCU

കൊല്ലം, പത്തനംതിട്ട, പാലക്കാട്, എറണാകുളം ജില്ലാ/ജനറൽ ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾകൂടി ഉൾപ്പെടുത്തി സെക്കണ്ടറിതല സേവനങ്ങൾ ഊർജ്ജിതമാക്കി. 2019-ൽ 28 ജില്ലാ/ജനറൽ ആശുപത്രികളിൽ ഹൃദയാഘാത ചികിത്സയ്ക്കായുള്ള ട്രോപ്പ് റ്റി അനലൈസറുകൾ (Trop- T Analyser) വിതരണം ചെയ്തിട്ടുണ്ട്.

12. മാനസികാരോഗ്യം

1. ആശ്വാസം

വിഷാദരോഗം കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു. 49514 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയവരിൽ 9299 പേരെ വിഷാദരോഗികളായി കണ്ടെത്തിയിട്ടുണ്ട്.

2. സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി

സമൂഹത്തിലെ മാനസികാരോഗ്യ പ്രശ്നങ്ങളുള്ള വ്യക്തികളെ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമായിട്ടുള്ള പദ്ധതി, പരിശീലനം സിദ്ധിച്ച ആശമാർവഴി 361 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതി വഴി 17307 പുതിയ രോഗികളെ കണ്ടെത്താനായി.

ജീവിതശൈലീരോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി വിനിയോഗിച്ച തുക

2017-18 : 20.38 കോടി രൂപ

2018-19 : 27.86 കോടി രൂപ

2019- 20 : 46.77 കോടി രൂപ

(ബി) ജീവിതശൈലീരോഗങ്ങളിലേയ്ക്ക് നയിക്കുന്ന പ്രധാനപ്പെട്ട ശീലങ്ങൾ അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, ലഹരിയോടുള്ള ആസക്തി, ഉയർന്ന മാനസിക പിരിമുറുക്കം എന്നിവയാണ്. ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലം വരെ വിതരണം ചെയ്യാറുണ്ടെങ്കിലും ഈ രോഗങ്ങളുടെ നിയന്ത്രണ നിരക്ക് വളരെ കുറവാണ്. ഇതിന്റെ പ്രധാന കാരണം ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ജനങ്ങളുടെ വിമുഖതയാണ്. ജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തുന്നതിന് മതിയായ ബോധവൽക്കരണവും മാറ്റങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. ബോധവൽക്കരണത്തിന്റെ ഭാഗമായി മുൻനിര സിനിമാ പ്രവർത്തകരേയും സാമൂഹിക-കലാ-സാഹിത്യ രംഗത്തെ പ്രമുഖരേയും ഉൾപ്പെടുത്തിക്കൊണ്ട് ഹ്രസ്വ ചിത്രങ്ങൾ ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുള്ളതും ഇത് സിനിമ, ടെലിവിഷൻ, Social Media എന്നീ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചിട്ടുള്ളതുമാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ആർദ്രം ജനകീയ കാമ്പയിൻവഴി ജീവിതശൈലീ ബോധവൽക്കരണത്തിന് ഏറെ പ്രാധാന്യം നൽകിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും പ്രാദേശിക തലത്തിലും വ്യായാമം, യോഗ

എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിലും മുനിസിപ്പാലിറ്റി തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ജനങ്ങൾക്ക് വ്യായാമം ചെയ്യുന്നതിന് ഒരു ജില്ലയിൽ അഞ്ച് ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എൻ.എസ്.എസ്. യൂണിറ്റുമായി സഹകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ഇടയിൽ ജങ്ക് ഫുഡിനെതിരെയും ലഹരിക്കെതിരെയും പ്രത്യേക കാമ്പയിനുകൾ നടത്തിവരുന്നു. ക്യാമ്പസുകളിലെ വിദ്യാർത്ഥികളുടെയിടയിൽ ഉത്തമ ജീവിതശൈലി അവലംബിക്കുന്നതിന് പ്രാപ്തമാക്കുന്നതിന് ഏഴിന പദ്ധതിയായ VIBGYOR എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വിഭാഗവും ന്യൂട്രീഷ്യൻ ബ്യൂറോയുമായി സഹകരിച്ചുകൊണ്ട് സുരക്ഷിത ഭക്ഷണം, ആരോഗ്യകരമായ ഭക്ഷണം എന്നിവയെക്കുറിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തുന്നു. Age Specific, Disease Specific diet നെക്കുറിച്ച് കൈപ്പുസ്തകവും ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 848 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400-ഓളം വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ആരോഗ്യ ബോധവൽക്കരണം, 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ദ്ധ പ്രോട്ടോക്കോൾ പ്രകാരമുള്ള ചികിത്സയും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളുടെ സൗജന്യ വിതരണവുമാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയപ്പോൾ ജീവിതശൈലീരോഗ നിയന്ത്രണത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആഴ്ചയിൽ ആറ് ദിവസവും NCD ക്ലിനിക്കുകൾ പ്രവർത്തിക്കുകയും ഒരു സ്റ്റാഫ് നഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഡോക്ടറെ കാണുന്നതിന് മുമ്പ് പ്രാഥമിക പരിശോധനകൾ നടത്തുന്ന Pre-Checkup സംവിധാനവും ഏർപ്പെടുത്തി ജീവിതശൈലീരോഗ നിർണ്ണയം ഊർജ്ജിതപ്പെടുത്തി. ഗുരുതര ശ്വാസകോശ രോഗമായ COPD നിയന്ത്രിക്കുന്നതിനുള്ള 'ശ്വാസ് ക്ലിനിക്ക്', വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസ് ക്ലിനിക്ക്', നേത്രപടലാന്ധത കണ്ടെത്തുന്നതിനുള്ള 'നയനാമൃതം ക്ലിനിക്ക്', 'Tobaco cessation' ക്ലിനിക്ക് തുടങ്ങിയ പ്രത്യേക ക്ലിനിക്കുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുതുടങ്ങിയതോടെ പ്രാഥമികാരോഗ്യ തലത്തിൽ ജീവിതശൈലീരോഗങ്ങളോടൊപ്പം അതിന്റെ സങ്കീർണ്ണതകളും നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സാധിക്കുന്നു. IHMI പദ്ധതി

നിലവിൽ വന്നതോടെ ഓരോ പ്രമേഹ രക്താതിമർദ്ദ രോഗികളുടെയും line list ആശുപത്രികളിൽ സൂക്ഷിക്കുകയും കൃത്യമായ Follow-up ലൂടെ നിയന്ത്രണ നിരക്ക് ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ശ്രീ. പി. ഉണ്ണി: സർ, കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരുക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമായി എടുക്കുന്നത് കാൻസർ ഏർലി ഡിറ്റെക്ഷനാണ്. എല്ലാ പി.എച്ച്.സി.-കളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിട്ടില്ല, മാറിക്കൊണ്ടിരിക്കുന്നതേയുള്ളൂ. എന്നാൽ അതിന് കാത്തുനിൽക്കാതെ, മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ മൂന്ന് സ്ഥാപനങ്ങൾക്കും ജില്ലകൾ വേർതിരിച്ചുകൊടുത്തിട്ടുണ്ട്. അവയുടെ നേതൃത്വത്തിലും ഉത്തരവാദിത്തത്തിലും വളരെ വിപുലമായ ക്യാമ്പുകൾ, പ്രചരണങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചുകൊണ്ട് കാൻസർ സ്ക്രീനിംഗ് നടക്കുകയാണ്. സെർവിക്കൽ കാൻസർ, ഓറൽ കാൻസർ, ബ്രസ്റ്റ് കാൻസർ എന്നിവ നേരത്തെ കണ്ടെത്താൻ സാധിക്കും. അതിനായുള്ള സ്ക്രീനിംഗ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ മറ്റേതെങ്കിലും തരത്തിലുള്ള കാൻസർ സംശയിക്കുന്ന ഘട്ടത്തിൽ ഉയർന്ന ആശുപത്രികളിലേയ്ക്ക് അയച്ച് അതിന്റെ പരിശോധന നടത്താനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. Fight Against Cancer എന്നുള്ള രീതിയിൽ കാൻസറിനെതിരെ വലിയൊരു നീക്കം തന്നെയാണ് ആരോഗ്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉണ്ണി: സർ, പ്രമേഹ രോഗികൾക്ക് നിർദ്ദേശിക്കപ്പെടുന്ന ഇൻസുലിൻ കുറഞ്ഞ വിലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി വിതരണം നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സബ് സെന്ററുകൾവഴി പാവപ്പെട്ട ആളുകൾക്ക് ഇൻസുലിൻ നൽകുന്ന ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. എന്നാൽ നഴ്സുമാർ ഇൻസുലിൻ വിതരണം ചെയ്യാൻ പാടില്ലെന്ന് കാണിച്ചുകൊണ്ട് ഫാർമസിസ്റ്റ് സംഘടനയിലെ ചിലർ കേസ് കൊടുത്തതിന്റെ ഫലമായി പ്രൈമറി ഹെൽത്ത് സെന്റർ വഴിയാണ് ഇപ്പോൾ ഇൻസുലിൻ കൊടുക്കുന്നത്. നേരത്തെ സബ്സെന്ററുകൾവഴി ഇൻസുലിൻ കൊടുക്കാൻ തീരുമാനിക്കുകയും അങ്ങനെതന്നെ കൊടുക്കുകയും ചെയ്തിരുന്നു. കേസ് കോടതിയിലായതിനാൽ അത് തീരുന്നതുവരെ സൗജന്യമായുള്ള ഇൻസുലിൻ പ്രൈമറി ഹെൽത്ത് സെന്റർവഴി വിതരണം ചെയ്യുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ആർദ്രം ജനകീയ ക്യാമ്പയിനിലൂടെ ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി പോപ്പുലേഷൻ സ്ക്രീനിംഗിലേയ്ക്ക് അവരെ എത്തിക്കുന്നതിനുള്ള വലിയ ഉത്തരവാദിത്വമാണ് ആരോഗ്യ വകുപ്പ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്, അക്കാര്യത്തിൽ അഭിനന്ദനം അറിയിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ സെർവിക്കൽ കാൻസറും ബ്രസ്റ്റ് കാൻസറും ഓറൽ കാൻസറുമാണ് ഏറ്റവും വ്യാപകമായി കാണുന്നത്. മൂന്ന് കേന്ദ്രങ്ങളിൽ ഇതുസംബന്ധിച്ചുള്ള പോപ്പുലേഷൻ സ്ക്രീനിംഗിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറയുകയും ചെയ്തു. പക്ഷേ പലപ്പോഴും ആർ.സി.സി.-യിൽ നിന്നുള്ള ക്യാമ്പിനായി ബുക്ക് ചെയ്ത് നാളുകളായി കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത ആസൂത്രണ സമയം ആയിക്കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ തദ്ദേശ വകുപ്പുമായി ചേർന്നുകൊണ്ട് എല്ലാ പഞ്ചായത്ത് തലത്തിലും ഇതുപോലുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് സ്ക്രീനിംഗ് നടത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആരോഗ്യ വകുപ്പ് ആലോചിക്കുമോ; അതുപോലെ ഇവിടെനിന്നുമുള്ള ഡാറ്റ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കമ്പൈൽ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സൂചിപ്പിച്ചത്, ഈ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയുടെ ക്യാമ്പ് നടത്തുക എന്നതല്ല ഉദ്ദേശിക്കുന്നത്, അവരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അതത് പഞ്ചായത്തുകളിലാണ് പ്രവർത്തനം നടത്തുന്നത്. ചില പഞ്ചായത്തുകൾ ആ ഉത്തരവാദിത്തം വളരെ നന്നായി ഏറ്റെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ അദ്ദേഹംതന്നെ പ്രത്യേക നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്ക്രീനിംഗിനുള്ള പ്രവർത്തനം എല്ലാ പഞ്ചായത്തുകളും ഏറ്റെടുക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കണ്ണപുരം പഞ്ചായത്ത് മാതൃകാപരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററുമായി ബന്ധപ്പെട്ട് ഊർജ്ജിതമായ സ്ക്രീനിംഗ് ആ പഞ്ചായത്തിലാകെ നടത്തിക്കഴിഞ്ഞു. ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. എന്ന നിലയിൽ നല്ല രീതിയിൽ നേതൃത്വം കൊടുക്കുന്നുണ്ട്. ഇതിന് മുൻകയ്യെടുക്കുന്ന പഞ്ചായത്തുകളിൽ വളരെ നല്ലരീതിയിൽ പ്രവർത്തനം നടത്താൻ സാധിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇത്തരം പ്രവർത്തനങ്ങൾക്കായി വളരെ പോസിറ്റീവായ നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. കേരളത്തിലാകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ഇത്തരത്തിലുള്ള കാൻസർ സ്ക്രീനിംഗ് നടത്തുന്നതിനുള്ള ഉപദേശ

നിർദ്ദേശങ്ങൾ റീജിയണൽ കാൻസർ സെന്ററുകൾ നൽകും. ഉപദേശ നിർദ്ദേശം നൽകൽ മാത്രമല്ല, ആരോഗ്യ വകുപ്പിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരെ ആർ.സി.സി.-യിൽ നിന്നും എം.സി.സി.-യിൽ നിന്നും പരിശീലിപ്പിച്ച് താഴെ തലത്തിലേയ്ക്ക് പറഞ്ഞയയ്ക്കുകയാണ്. അതുകൊണ്ട് പഴയതുപോലെ എം.സി.സി.-യുടെ ഒരു ക്യാമ്പ് വരുന്നതിന് കാത്തുനിൽക്കേണ്ടതില്ല. പരിശീലനം സിദ്ധിച്ച ആളുകൾ താഴെത്തലത്തിൽ പോയി ഈ സ്ക്രീനിംഗ് നടത്തി കാൻസർ കണ്ടുപിടിക്കുന്ന എന്നതാണ് ഇതിന്റെ ഗുണം.

ശ്രീ. എം. രാജഗോപാലൻ: സർ, വളരുന്ന തലമുറയെ ജീവിതശൈലീരോഗങ്ങളിൽനിന്നും വിമുക്തമാക്കാനുള്ള ശ്രദ്ധയാണ് ഇനിയാവശ്യം. അതിന് രക്ഷിതാക്കളുടെ മനോഭാവംതന്നെ മാറേണ്ടതുണ്ട്. നമ്മുടെയെല്ലാം കുട്ടിക്കാലത്ത് നാരങ്ങ മിഠായിയാണ് അച്ഛനോട് ആവശ്യപ്പെട്ടതെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ അച്ഛനോട് ആവശ്യപ്പെടുന്നത് ഒരു സി.ബി. (ചിക്കൻ ബിരിയാണി)യാണ്. അതുകേട്ടുകൊണ്ട് രണ്ടെണ്ണമായിക്കോട്ടെയെന്ന് അമ്മ അടുക്കളയിൽനിന്നും വിളിച്ചുപറയും. എങ്കിൽ ആ സമയം വാട്സ്ആപ്പും ഫേസ്ബുക്കുമായി അവർക്കും ഇരിക്കാം. ബോഡി മാസ് ഇൻഡക്സ് കൂടുതലുള്ള കുട്ടികളുടെ പ്രശ്നമാണ് എന്റെ ചോദ്യത്തിലൂടെ ഉന്നയിക്കുന്നത്. Weight/height$^2$ എന്നുള്ളതാണ് അതിന്റെയൊരു തത്വം. ഉദാഹരണമായി, 70 കിലോഗ്രാം വെയ്റ്റും 165 ഹൈറ്റുമുള്ള ഒരു കുട്ടിയാണെങ്കിൽ അവന്റെ ബോഡി മാസ് ഇൻഡക്സ് 70/165x165 എന്നായിരിക്കും. അത് 23-ൽ കൂടുതലാണെങ്കിൽ ഓവർ വെയ്റ്റായാണ് കണക്കാക്കുന്നത്. പല കുട്ടികളിലും ഇപ്പോൾ ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. ഇത് നേരത്തേതന്നെ കണ്ടെത്താനും അവരുടെ ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിനും കാലേക്കൂട്ടിയുള്ള ഒരു ഇടപെടൽ, ഒരു Early Intervention നടത്താനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ; 'വയോമധുരം' പദ്ധതിയുടെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ചുകൊണ്ട് വയോജനങ്ങൾക്കായി വ്യായാമ പരിശീലനത്തിനുള്ള സംവിധാനം ഒരുക്കി കൂടുതൽ രോഗീ സൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ഒരു സന്തോഷകരമായ കാര്യം സഭയെ അറിയിക്കാനുണ്ട്. പാലക്കാട് ഹെലൻ കെല്ലർ സെന്റിനറി മെമ്മോറിയൽ മോഡൽ സ്കൂൾ ഫോർ ദ ബ്ലൈൻഡ് -ലെ വിദ്യാർത്ഥികൾ സഭാനടപടികൾ നിരീക്ഷിക്കുന്നതിനായി ഗ്യാലറിയിലുണ്ട്. പുറംകണ്ണിന്റെ കുറവുണ്ടെങ്കിലും അകക്കണ്ണുകൊണ്ട് സഭയെ കണ്ട് മനസിലാക്കാൻ വന്നവർക്ക് സഭയ്ക്കുവേണ്ടി അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മൾ പുതിയ തലമുറയെത്തന്നെയാണ് അഡ്രസ് ചെയ്യേണ്ടതെന്ന് ഞാൻ നേരത്തേതന്നെ പറഞ്ഞു. 'വിബ്ജിയോർ' പരിപാടിയിലൂടെ കോളേജ് വിദ്യാർത്ഥികൾക്കും തുടർന്ന് സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്കും പരിശീലനം കൊടുക്കാനും അവരുടെയിടയിൽ അവബോധം സൃഷ്ടിക്കാനുമാണ് ഇപ്പോൾ ഊർജ്ജിതമായി പരിപാടികൾ നടക്കുന്നത്. ഇതിന്റെ കൂടെ 'കുട്ടി ഡോക്ടർ' എന്നുപറയുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്, അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ 6 ജില്ലകളിൽ 'കുട്ടി ഡോക്ടർ' സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. കുട്ടികളെ 'പിയർ ഗ്രൂപ്പ്' എന്ന നിലയിൽ പരിശീലിപ്പിച്ച് ജങ്ക്ഫുഡിന് എതിരായും ജീവിതശൈലി എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചും പഠിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങൾക്ക് നല്ല ഫലം കാണുന്നുണ്ട്, ജങ്ക്ഫുഡിനെതിരായ വലിയൊരു ക്യാമ്പയിനാണിത്. കൃഷി വകുപ്പുമായി കൂടിച്ചേർന്ന് നടത്തുന്ന 'പ്ലേറ്റ്' തുടങ്ങിയ പരിപാടിയൊക്കെ ഇതിലൂടെ ഇൻട്രൊഡ്യൂസ് ചെയ്യാൻ സാധിക്കും. മലയാളിയുടെ ഭക്ഷണശീലം മാറണമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വ്യായാമശീലം വളർന്നുവരികയും ചെയ്യണം. ഇതിനായാണ് 'വിബ്ജിയോർ'-ലൂടെ കുട്ടികളുടെയിടയിൽ വലിയ തോതിലുള്ള പ്രവർത്തനം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ

ഉൾപ്പെടാതെ പോയ നിരവധിയാളുകൾ പുറത്തുണ്ട്. അവരെക്കൂടി കൂട്ടിച്ചേർക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയുമോ; ഫാമിലി ഹെൽത്ത് കാർഡുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പുരോഗതി എന്താണെന്ന് അറിയിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആർ.എസ്.ബി.വൈ, ചിസ്, എസ്ചിസ്, ചിസ്പ്ലസ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ടവരെയാണ് കേരളത്തിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കാൻ തീരുമാനിച്ചിരുന്നത്. മിക്കവാറും ആളുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപൂർവ്വം ചിലർ അതിൽനിന്നും ഒഴിവായിപ്പോയ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. ഇത്തവണ പുതിയ രീതിയിൽ പുതിയ ടെണ്ടറിലൂടെ ഈ പദ്ധതി വരേണ്ടതായിട്ടുണ്ട്. ആ സമയത്ത് ഒഴിവായിപ്പോയ അർഹതപ്പെട്ടവർ സ്വാഭാവികമായും അതിൽ രജിസ്റ്റർ ചെയ്യപ്പെടും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജീവിതശൈലീരോഗങ്ങൾ ഏതാണ്ട് മുപ്പത് വയസ്സുമുതലാണ് മനുഷ്യരിൽ പിടിമുറുക്കിത്തുടങ്ങുന്നത്. ഇതോടൊപ്പമോ അനുബന്ധമായോ പ്രത്യക്ഷപ്പെടുന്ന നിരവധി രോഗങ്ങൾ മനുഷ്യനെ മരുന്നിന് അടിമയാക്കുകയാണ്. മെച്ചപ്പെട്ട ചികിത്സയും നിലവാരമുള്ള മരുന്നുകളും മനുഷ്യന്റെ

അവകാശമാണ്. എന്നാൽ മരുന്ന് കമ്പനികളുടെ അമിത ലാഭക്കൊതിമൂലം നിലവാരമുള്ള മരുന്നുകൾ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. ഈ ചൂഷണം ഒഴിവാക്കാൻ 2013-ൽ വിലനിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇതും മരുന്നു കമ്പനികൾ അട്ടിമറിക്കുന്നു. മരുന്നുകളുടെ ചേരുവയിൽ മാറ്റം വരുത്തിയാണ് ഇവർ പുതിയ പേരുകളിൽ മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. എട്ടും പത്തും ഇരട്ടി വിലയിൽ നിലവാരം കുറഞ്ഞ മരുന്നുകൾ വിറ്റ് ഇവർ കാശാക്കുകയാണ്. കാൻസറിനുള്ള മരുന്നടക്കം 350-ഓളം ജീവൻരക്ഷാമരുന്നുകൾ ഈ വിലയിൽ വിൽക്കുന്നതായാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. കേന്ദ്ര സർക്കാർ ഇത്തരം കമ്പനികൾക്കെതിരെ കടുത്ത പിഴ ചുമത്തുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ സംസ്ഥാനത്ത് പരിശോധനാ സംവിധാനം ദുർബലമാണ്. ഇത്തരം മരുന്ന് നിർമ്മാണങ്ങൾക്കും വിൽപനക്കാർക്കുമെതിരെ എന്തൊക്കെ നിയമ നടപടികളാണ് നിലവിലുള്ളത്; നിയമം കൂടുതൽ ശക്തമാക്കുമോ എന്നാണ് അറിയേണ്ടത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത്തരം കമ്പനികളെ കേരളത്തിൽ മാത്രമായി നിരോധിക്കാൻ സാധിക്കില്ല. കാരണം കേന്ദ്രഗവൺമെന്റും കൂടിയാണ് ഇത്തരം മരുന്നുകൾ പരിശോധിച്ച് സർട്ടിഫൈ ചെയ്ത് അവർക്ക് വിൽപ്പനയ്ക്കുള്ള അധികാരം നൽകുന്നത്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മിക്കവാറും മരുന്നുകൾ ജനറിക് നെയിമിൽ നമ്മൾ സ്വീകരിക്കുകയും അത് കുറഞ്ഞ വിലയ്ക്ക് കൊടുക്കാനുള്ള നടപടിക്രമങ്ങൾ നടത്തുകയും ചെയ്തുകൊണ്ടാണ് പാവപ്പെട്ട ആളുകൾക്ക് മിക്കവാറും അസുഖങ്ങൾക്ക് മരുന്നുകൾ ലഭ്യമാകുന്നത്. എന്നാൽ ഈ മരുന്നുകളെല്ലാം മാർക്കറ്റിൽ വരുമ്പോൾ ആളുകൾക്ക് വ്യാമോഹം ഉണ്ടാകുന്നുണ്ട്. വില കൂടിയ മരുന്നുകൾ കഴിച്ചാലാണ് രോഗം ഭേദമാകുക എന്ന തോന്നൽ വരുമ്പോൾ അത്തരം മരുന്നുകൾ തേടി പോകുന്ന അവസ്ഥയുണ്ടാകുന്നു. അത്തരം മരുന്ന് കമ്പനികളെ നിയന്ത്രിക്കേണ്ടത് സംസ്ഥാന ഗവൺമെന്റിന് മാത്രം കഴിയുന്ന കാര്യമല്ല, അത് കേന്ദ്ര ഗവൺമെന്റ് കൂടിയാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യം പലപ്രാവശ്യമായി ചർച്ച ചെയ്യുന്നുണ്ട്. വിലകൂടിയ മരുന്ന് ഒരു വലിയ കച്ചവട വസ്തുവായി ലാഭം കൊയ്യാനുള്ള ഒരു പ്രത്യേക മീഡിയയായി ഉപയോഗപ്പെടുത്തുന്നുവെന്നുള്ളത് വലിയൊരാപത്ത് തന്നെയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നിന്റെ ദൗർലഭ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സബ്മിഷന്റെ ഭാഗമായി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതാണ്. ഇപ്പോൾ ഹീമോഫീലിയ രോഗികൾക്ക് മരുന്നിന്റെ ദൗർലഭ്യമില്ല. ഇത് വളരെയധികം സാഹസികമായാണ് ഗവൺമെന്റ് ചെയ്യുന്നത്. നല്ല വിലകൂടിയതാണ് ഈ ഫാക്ടറുകൾ, ഇതുവരെ എല്ലാവർക്കും കൊടുത്തുവന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തുകൊണ്ടിരുന്നത് തുടർന്നും കൊടുക്കുന്നുണ്ട്. മാർച്ചിൽ 'കാരുണ്യ' പദ്ധതിയുടെ കാലാവധി കഴിയുമ്പോൾ ഇവർക്ക് മരുന്ന് ലഭ്യമാകുമോ ഇല്ലയോയെന്നുള്ള സംശയമാണ് ഇവിടെ പ്രകടിപ്പിച്ചത്. അവർക്കുള്ള ആനുകൂല്യങ്ങൾ തുടർന്നും കൊടുക്കുമെന്നുള്ളത് സംബന്ധിച്ച് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ രണ്ടുമൂന്ന് കൊല്ലംകൊണ്ട് വരുത്തിത്തീർക്കാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളത് നിഷേധിക്കാൻ കഴിയില്ല. ഞാൻ അതിനെ അഭിനന്ദിക്കുന്നു. മലയാളികളെ സംബന്ധിച്ചിടത്തോളം അരി ആഹാരം കഴിക്കുന്നവരാണെന്ന് എല്ലാവരും പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഒരുപാട് പ്രാവശ്യം അങ്ങനെ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. അരി ആഹാരമാണ് കുഴപ്പം സൃഷ്ടിക്കുന്നത്. അരി ആഹാരം കഴിക്കുന്നത് കാരണമാണ് ഇത്രമാത്രം അസുഖങ്ങൾ ഉണ്ടാകുന്നതെന്നത് നമുക്ക് നിഷേധിക്കാൻ കഴിയില്ല. നമ്മുടെ ഭക്ഷണരീതിയിൽ മാറ്റം വരുത്തണം. തുടർച്ചയായ ഇരിപ്പും യാത്രയുമാണ് എനിക്ക് വയറുകൂടാൻ കാരണം. ഞാനിത് വെറുതെ പറയുന്നതല്ല, ഞാൻ അരി ആഹാരം കഴിക്കാറില്ല. ഭക്ഷണ പദാർത്ഥങ്ങളാണ് ഈ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതെന്ന് എനിക്ക് നൂറ് ശതമാനം ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. അരി ആഹാരം ഉപേക്ഷിക്കാനുള്ള പ്രേരണ കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ; സിനിമാ നടൻ മമ്മൂട്ടി കഴിക്കുന്ന അരിയുടെ വില ഒരു കിലോഗ്രാമിന് 250 രൂപയാണ്, അതൊരു പ്രത്യേക തരം അരിയാണ്. അതിൽ ഷുഗറില്ല. ആ പ്രത്യേക തരത്തിലുള്ള അരി നമുക്ക് കൊടുക്കാൻ കഴിയുമോ; ഇല്ലെങ്കിൽ അരി ആഹാരത്തിനെതിരെയുള്ള പ്രചരണം നടത്തി മറ്റുള്ള ഭക്ഷണ രീതിയിലേയ്ക്ക് മാറാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന നടപടികളെടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, അരി ആഹാരം പൂർണ്ണമായും ഉപേക്ഷിക്കേണ്ടതില്ല. കാർബോഹൈഡ്രേറ്റിന്റെ അളവ് കൂടുതലായി ഉപയോഗിക്കുന്നുവെന്നുള്ളത് വാസ്തവമാണ്. ആവശ്യത്തിൽ കൂടുതൽ ഗോതമ്പ് കഴിച്ചാലും അതുതന്നെയാകും ഫലം. ആഹാരം സമീകൃതമാക്കുകയെന്നുള്ളതാണ്

അതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞൊരു കാര്യമുണ്ട്, നമ്മൾ പലപ്പോഴും കഴിക്കുന്നത് ഒരു കിണ്ണം നിറയെ ചോറും കുറച്ച് കറിയുമാണ്. ആ ശീലം ഉപേക്ഷിച്ച് കുറച്ച് ചോറും ധാരാളം പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. അതാണ് നമ്മൾ ഇപ്പോൾ അവതരിപ്പിക്കുന്ന 'പ്ലേറ്റ്'. ഇപ്പോൾ മലയാളിയുടെ ആഹാരശീലം പഴയകാലത്തേത് പോലെയല്ല, കായികാദ്ധ്വാനം കുറഞ്ഞ കാലഘട്ടമാണ്. അതുകൊണ്ട് ഇത്രയും അളവിൽ അരി ആഹാരം ആവശ്യമില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. അരിയാഹാരത്തോടൊപ്പം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മത്സ്യം എന്നിവയെല്ലാം ക്രമീകൃതമായി ശരീരത്തിനാവശ്യമായ അളവിൽ ലഭിക്കത്തക്കരീതിയിൽ ഉപയോഗപ്പെടുത്തുക. അതാണിപ്പോൾ പ്രചരിപ്പിക്കുന്നത്. അരി പൂർണ്ണമായും ഉപേക്ഷിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു വസ്തുതയുണ്ട്. കാർബോഹൈഡ്രേറ്റിന്റെ അളവ് കുറയ്ക്കുന്നത് ആവശ്യമായാണ് വന്നിരിക്കുന്നത്.

മി. സ്പീക്കർ: ആഹാര ശീലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ഓരോ പ്രദേശത്തുനിന്നുമുള്ള ആളുകൾ തലമുറകളായി കഴിച്ചുവരുന്ന ഒരു ഭക്ഷണ രീതിയുണ്ട്. അത് മുഴുവൻ ഒറ്റയടിക്ക് മാറ്റിക്കളയാമെന്ന് വിചാരിച്ച് പുറപ്പെടരുതെന്നാണ് ബഹുമാന്യനായ പി. സി. ജോർജിനോട് പറയാനുള്ളത്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ വേണ്ടിവരും. അതായത് ബഹുമാന്യയായ ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞതുപോലെ കഠിനമായി അദ്ധ്വാനിക്കാത്തവർ വലിയ തോതിൽ ചോറ് കഴിക്കേണ്ട ആവശ്യമില്ല. അല്ലാതെ ഇത് പൂർണ്ണമായി ഉപേക്ഷിക്കുക, ഇത് എന്തോ ആപത്താണ് എന്നൊന്നുമില്ല. എന്തെല്ലാം നല്ല കാര്യങ്ങൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നു. നേരത്തെ മുട്ട കഴിക്കാൻ പാടില്ലെന്നായിരുന്നു, ഇപ്പോൾ മുട്ട കഴിക്കാമെന്ന് പറയുന്നുണ്ട്. ഇനി ഏത് ഘട്ടത്തിലാണ് അരി ആഹാരം കഴിക്കുന്നതിന് ഒരു കുഴപ്പവുമില്ലെന്ന് പറയുന്നത് എന്നറിയില്ല. അപ്പോൾ എല്ലാം പൂർണ്ണമായി ഉപേക്ഷിക്കേണ്ട ഒരു നിലയെടുക്കേണ്ടതില്ല. എല്ലാം മിതമായ തോതിലായാൽ ഒരു കുഴപ്പവുമുണ്ടാകില്ലായെന്നുള്ളത് നമ്മൾ കാണണം. പിന്നെ ഒറ്റയടിക്ക് പരമ്പരാഗത ശീലങ്ങൾ ആകെ മാറ്റിക്കളയാമെന്ന് ചിന്തിക്കരുത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മലയാളിക്ക് ചോറ് കഴിക്കാതിരിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അതിന്റെ അളവ് കുറച്ച്, കൂടുതൽ കറികൾ കഴിക്കാം. ഞാൻ കഴിക്കുന്നത് അങ്ങനെയാണ്. ചോറിന്റെ അളവ് കുറച്ച് കറികൾ കൂടുതൽ കഴിച്ചാൽ വയറ് നിറയുകയും കാർബോഹൈഡ്രേറ്റിന്റെ അളവ് കുറയുകയും ചെയ്യും. അതാണ് ഏറ്റവും നല്ല മാർഗ്ഗം. ശ്രീ. പി. സി. ജോർജിന്റെ വയറ് കണ്ടിട്ട് അദ്ദേഹം ചോറ് കഴിക്കാതിരിക്കുന്ന ആളാണെന്ന് ആരും പറയില്ല.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

3(*153) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ 2019 ഡിസംബർ 4-ന് മുൻപ് പൂർത്തിയാക്കണമെന്ന് അദാനി ഗ്രൂപ്പ് സംസ്ഥാന സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം കരാർ പ്രകാരം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ അദാനി കമ്പനിയോട് വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് നൽകിയത്;

(സി) കരാർ തീയതി അവസാനിച്ച് മൂന്ന് മാസം കഴിഞ്ഞാൽ അദാനി ഗ്രൂപ്പ് പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതുപ്രകാരമുള്ള നോട്ടീസ് അദാനി കമ്പനിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു.

(ബി) അദാനി കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നു. പാറ ലഭിക്കുന്നതിനുള്ള കാലതാമസംമൂലമാണ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്നാണ് അദാനി കമ്പനി അറിയിച്ചത്.

(സി) ഉണ്ട്. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരിഡിന് കൺസെഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതിനകംതന്നെ അതിനായി നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണം കരാർ പ്രകാരം ആയിരം ദിവസംകൊണ്ട് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിനുവേണ്ടി ഏതെങ്കിലും കരാറിൽ ഉൾപ്പെടുകയോ നിലവിലുള്ള കരാറിൽ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോ; ഈ പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കരാർ വ്യവസ്ഥയിൽ മാറ്റങ്ങളൊന്നും വരുത്താൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെ ചെയ്തിട്ടില്ല. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വകാര്യ പങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എ.വി.പി.പി.എൽ.)-ഉമായി സംസ്ഥാന സർക്കാർ കരാറിൽ ഒപ്പുവയ്ക്കുകയും 2015 ഡിസംബർ 5-ാം തീയതി തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കരാർപ്രകാരം പദ്ധതിയിലെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് 2019 ഡിസംബർ 3-നായിരുന്നു. നിശ്ചിത തീയതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാർ കരാർ കമ്പനിക്ക് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. മൂന്ന് മാസം പിഴയില്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരിഡിന് കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതിയിൽനിന്ന് 90 ദിവസത്തിനുശേഷം പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1 ശതമാനം, 12 ലക്ഷം രൂപ എന്ന നിരക്കിൽ കരാർ കമ്പനിയിൽനിന്ന് ദിവസേന പിഴ ഈടാക്കാനുള്ള വ്യവസ്ഥയുമുണ്ട്. നിശ്ചിത തീയതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാർ കരാർ കമ്പനിക്ക് കൺസെഷൻ കരാർ പ്രകാരം ഇതിനകം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കരാർ കാലാവധിക്കകം പദ്ധതി പൂർത്തിയാക്കാത്തതിനാൽ പ്രതിദിനം 12 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് അങ്ങ് സൂചിപ്പിച്ചല്ലോ; അപ്പോൾ നഷ്ടപരിഹാരം നൽകണമെന്നുള്ള വ്യവസ്ഥയിൽനിന്ന് അദാനി കമ്പനിക്ക് ഇളവ് നൽകിയിട്ടുണ്ടോ; ഇതുമൂലം സർക്കാരിന് എത്ര രൂപയുടെ നഷ്ടമാണ്

ഉണ്ടായിട്ടുള്ളത്. അതിനുപരിയായി ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയും; ഇതിന് വളരെ വ്യക്തതയോടുകൂടിയുള്ള ഒരു മറുപടി ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പ്രത്യേകിച്ച് കരാർ കമ്പനിക്ക് ഇളവ് നൽകിയിട്ടില്ല. കഴിയുന്നതും വേഗം പദ്ധതി പൂർത്തീകരിക്കണമെന്നത് തന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. അതിനുണ്ടായിട്ടുള്ള സാങ്കേതിക, പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ടാണ് കുറച്ച് താമസമുണ്ടായത്. ആ താമസത്തിന് കമ്പനി പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും ഇതുവരെ അംഗീകരിച്ചിട്ടില്ല. 12 ലക്ഷം രൂപയുടെ നഷ്ടം കരാർ കമ്പനിക്കാരിൽനിന്നും പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥയിലൊന്നും യാതൊരു ഇളവും അദാനി കമ്പനിക്ക് ഇതുവരെ നൽകിയിട്ടില്ല. ആ വ്യവസ്ഥ പാലിക്കപ്പെടുന്നില്ലെങ്കിൽ കമ്പനിക്ക് സർക്കാർ നൽകേണ്ട തുകയിൽനിന്നും പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ കുറവ് ചെയ്ത് മാത്രമേ ബാക്കി നൽകുകയുള്ളൂ എന്നതാണ് വ്യവസ്ഥ.

ശ്രീ. എം. വിൻസെന്റ്: സർ, കഴിഞ്ഞ ഡിസംബറിൽ പൂർത്തിയാക്കേണ്ടിയിരുന്ന വിഴിഞ്ഞം പദ്ധതിയിൽ ബ്രേക്ക് വാട്ടർ മൂന്നിലൊന്ന് ശതമാനംപോലും ഇതുവരെയും പൂർത്തിയായിട്ടില്ല. ബ്രേക്ക് വാട്ടറിനുവേണ്ടി 1,450 കോടി രൂപയാണ് ഗവൺമെന്റ് കൊടുക്കേണ്ടത്. പക്ഷേ തിരുവനന്തപുരത്തോടുള്ള സമ്പൂർണ്ണമായ അവഗണനയുടെ ഭാഗമായി ഈ ബഡ്ജറ്റിൽ വെറും 350 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇത് വകയിരുത്തലല്ല, വകവരുത്തലാണ്. തിരുവനന്തപുരത്തെയും വിഴിഞ്ഞത്തെയും വകവരുത്തുകയാണ്. ബ്രേക്ക് വാട്ടർ നിർമ്മാണത്തിനും വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കുന്നതിനും 350 കോടി രൂപ മതിയാകുമോ എന്നതാണെന്റെ ചോദ്യം. ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരന്റെ നേതൃത്വത്തിലുള്ള നിയമസഭാ സമിതി അവിടെ സന്ദർശിച്ചപ്പോൾ ഡിസംബറിൽ നിർമ്മാണം പൂർത്തിയാക്കുമെന്നാണ് പറഞ്ഞത്. ഡിസംബറിൽ പൂർത്തിയാക്കാൻ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മതിയാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കാലാകാലങ്ങളിൽ ആവശ്യമായ തുക നീക്കിവയ്ക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പദ്ധതികളിൽപ്പെടുത്തി ഇതിന് തുക കണ്ടെത്തിയിട്ടുണ്ട്. പുലിമുട്ട് നിർമ്മാണ വിഷയത്തിലാണ് അൽപ്പം കാലതാമസമുണ്ടായിട്ടുള്ളത്. അത് പാറ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട അംഗത്തിനും അറിയാം. പി.യു.സി. ചെയർമാനായ ശ്രീ. സി. ദിവാകരൻ അവിടെ സന്ദർശിക്കുകയുണ്ടായി.

മറ്റംഗങ്ങളും പോയി പരിശോധിക്കുന്നത് നന്നായിരിക്കും. കമ്മിറ്റിയിൽ അംഗമല്ലെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. എം. വിൻസെന്റും അവിടെയുണ്ടായിരുന്നു. എന്താണ് നടക്കുന്നതെന്ന് അദ്ദേഹം നേരിൽ കണ്ടതാണ്. കൂടുതൽ കാര്യങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പി.യു.സി.-യുടെ ഭാഗത്തുനിന്നുമുണ്ടായിക്കഴിഞ്ഞാൽ അതുകൂടി കണക്കിലെടുത്ത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുലിമുട്ട് നിർമ്മാണത്തിൽ ഇരുപതു ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ രംഗത്ത് (71 ദശലക്ഷം ഘനമീറ്റർ) 40% പൂർത്തിയായിട്ടുണ്ട്. കണ്ടെയ്നർ ബെർത്ത് (800 മീറ്റർ X 60 മീറ്റർ), പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ നൂറുശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടെയ്നർ യാർഡ്, 30 ഹെക്ടർ യാർഡിനാവശ്യമായ പ്രവർത്തനങ്ങൾ, പേവർ ബ്ലോക്കുകളുടെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. തുറമുഖത്തിനായുള്ള യന്ത്രോപകരണങ്ങൾ, ക്രെയിനുകൾ, ടഗ്ഗ് ബോട്ടുകൾ തുടങ്ങിയവയും കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള എട്ട് ക്രെയിനുകൾക്കും നിർമ്മാണക്കരാർ നൽകിയിട്ടുണ്ടെന്ന് മാത്രമല്ല, പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. നാല് ടഗ്ഗ് ബോട്ടുകളിൽ മൂന്നെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗ് ബോട്ടിന്റെ നിർമ്മാണം നടക്കുകയാണ്. യാർഡ് ക്രെയിനുകൾ 24 എണ്ണത്തിന്റെ നിർമ്മാണ കരാർ നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആസൂത്രണത്തിൽ കരാർ കമ്പനിക്ക് പിഴവ് പറ്റിയതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമായത്. 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ചെങ്കിലും 2018 ഏപ്രിൽ മാസത്തിൽ മാത്രമാണ് സ്വന്തമായി ക്വാറി ആരംഭിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ കരാർ കമ്പനി സമർപ്പിച്ചത്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി നിലവിൽ 20 ക്വാറികൾ നേരിട്ടും സ്വകാര്യപങ്കാളികളെവച്ചും ആരംഭിക്കുന്നതിന് അദാനി കമ്പനി കണ്ടെത്തിയിട്ടുണ്ട്. കമ്പനി സമർപ്പിച്ച 20 അപേക്ഷകളിൽ 19 എണ്ണത്തിന് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഭൂഗർഭ പൈപ്പ്ലൈൻ സമീപത്തായതിനാലാണ് ഒരു ക്വാറിക്ക് അനുമതി നൽകാത്തത്. റവന്യൂ വകുപ്പിൽനിന്ന് ക്ലിയറൻസ് നൽകുന്നതിനാശ്യമായ ഇടപെടൽ ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, തുറമുഖ സെക്രട്ടറി എന്നിവർ നടത്തിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി നൽകുന്നതിന് വിവിധ തലങ്ങളിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിന് പൊതുജനങ്ങളിൽ നിന്നും തെളിവെടുപ്പ് ആവശ്യമാണ്, ഈ നടപടികൾ നടന്നുവരികയാണ്. ഇതുവരെ എല്ലാ

നടപടിക്രമങ്ങളും പൂർത്തിയായി. ഒരു ക്വാറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുമുണ്ട്. മറ്റുള്ള ക്വാറികളുടെ അനുമതി നേടുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനത്തിലുൾപ്പെടുത്തി നടപടിക്രമങ്ങൾ സുഗമമാക്കാനും സർക്കാർ നിരന്തരം ശ്രമിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ നിർമ്മാണ കാലയളവ് നീട്ടിനൽകുന്നതിനായി കരാർ കമ്പനി ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തായിരുന്നാലും കരാർ കാലാവധി നീട്ടിനൽകുന്നതിനുള്ള യാതൊരുദ്ദേശ്യവും ഇപ്പോഴില്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയുടെ വികസന സ്വപ്നങ്ങൾക്ക് വലിയൊരു കുതിച്ചുചാട്ടത്തിനുവേണ്ടിയാണ് മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വലിയ ബുദ്ധിമുട്ടുകൾക്കും പ്രതിസന്ധികൾക്കുമൊക്കെയിടയിൽ വിഴിഞ്ഞം പദ്ധതി തുടങ്ങിയത്. കഴിഞ്ഞ ഡിസംബറിൽ ഉദ്ഘാടനം ചെയ്യാമെന്ന് വിചാരിച്ചിട്ട് ഇപ്പോഴും നടന്നില്ലായെന്നതന്നെയാണ്, നടക്കാൻ കഴിയുകയില്ലെന്നുള്ളതാണ് വ്യക്തമായി മറുപടിയിൽ പറയുന്നത്. ഈ പദ്ധതി പൂർണ്ണമായും നമുക്ക് ഉപയോഗപ്രദമാകുന്നതിനായി വിഴിഞ്ഞം മുതൽ ബാലരാമപുരം വരെ ചരക്ക് ഗതാഗതത്തിനുള്ള റെയിൽ കണക്ടിവിറ്റിയുടെ ഒരു പ്ലാൻകൂടി യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് ആവിഷ്കരിച്ചിരുന്നു. അതിന്റെ ഒരുതരത്തിലുള്ള പ്രവർത്തനങ്ങളും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ലെന്നാണ് മനസ്സിലാക്കിയത്. വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള റെയിൽ കണക്ടിവിറ്റിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; അത് എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ റെയിൽ കണക്ടിവിറ്റി പ്രധാനപ്പെട്ട ഒരു ഘടകമാണ്. കൊങ്കൺ റെയിൽ കോർപ്പറേഷനുമായി ഇതിനകം സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ട്. 1,032 കോടി രൂപയാണ് ഇതിനായി നിലവിൽ ഉദ്ദേശിച്ചിട്ടുള്ളത്. അത്രയും ഭീമമായ തുക ചെലവാക്കേണ്ട പദ്ധതിയായതുകൊണ്ട് അക്കാര്യം നടത്തുന്നതിന് കൊങ്കൺ റെയിൽവേ കമ്പനിയുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബാലരാമപുരം മുതൽ വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽ ടണൽ മാർഗ്ഗം പൂർത്തീകരിക്കാൻ കഴിയണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, 2019 ഡിസംബർ 4-ന് വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ളൊരു കാഴ്ചപ്പാട്

അദ്ദേഹത്തിനുപോലും ഉണ്ടായതായി തോന്നുന്നില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ ചോദ്യം, ബ്രേക്ക് വാട്ടറിന്റെ പണി മൂന്നിലൊന്ന് പൂർത്തീകരിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിക്കാൻ അത്രയും സ്ഥലം മതിയാകും. പക്ഷേ ഇതിന്റെ പണി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഫിഷിംഗ് ഹാർബറിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയും?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഈ പദ്ധതിയുടെ ആദ്യഘട്ടം ഈ വർഷംതന്നെ പൂർത്തിയാക്കാനുള്ള തീവ്രശ്രമമാണ് സർക്കാർ നടത്തുന്നത്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ഫിഷിംഗ് ഹാർബർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയുമായും വകുപ്പ് ഉദ്യോഗസ്ഥരുമായും സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ച് മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനകംതന്നെ ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ prestigious ആയ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമാണ് വിഴിഞ്ഞം പദ്ധതി. ആ പദ്ധതി പ്രദേശം പോയി കാണുന്ന ആളുകൾക്ക് അങ്ങിവിടെ പറഞ്ഞ കാര്യവുമായി ബന്ധമില്ലെന്നുവരികയാണ്. അവിടെ അമ്പത് ശതമാനംപോലും പണി നടന്നിട്ടില്ലെന്ന് മാത്രമല്ല അതിന്റെയടുത്തായി വലിയ ഹൈവേ തമിഴ്നാട് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ അതിന്റെ പ്രയോജനം പൂർണ്ണമായും എടുക്കുന്നതിനുവേണ്ടി തമിഴ്നാട് മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനു വേണ്ടി നമ്മളൊന്നും ചെയ്യുന്നില്ല. കരാർ കമ്പനി ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്; നമ്മൾ പാറ കൊടുക്കുന്നില്ല, മണ്ണ് കൊടുക്കുന്നില്ല ഇതുപോലുള്ള ഫ്ലിംസിയായ കാര്യങ്ങൾ പറഞ്ഞ് ഈ കരാറിലെ വ്യവസ്ഥകളിൽനിന്ന് തടിയൂരാൻവേണ്ടി അദാനി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ മനസ്സിലാക്കുന്നത് അങ്ങയുടെ നേതൃത്വത്തിൽ അദാനിയുമായി ഇതുവരെ ഒരു യോഗം നടത്തിയിട്ടില്ലെന്നാണ്. അതിനുവേണ്ട പരിശ്രമം നടത്തുമോ; ഈ പറഞ്ഞ സമയത്തുതന്നെ ഏറ്റവും വേഗത്തിൽ ഏറെക്കുറെ കൃത്യതയോടുകൂടി അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള മേൽനടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച ഉത്കണ്ഠയും ആശങ്കയും നല്ലതുതന്നെയാണ്. ഈ കാര്യത്തിനൊരു കൃത്യവിലോപം ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. ഏതാണ്ട് ഏഴ് യോഗങ്ങൾ

ഇതിനകം ചേരുകയും ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കരാർ പുരോഗതി അവലോകനത്തിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എംപവേർഡ് കമ്മിറ്റി യോഗങ്ങളും കൃത്യമായി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് VISL ചെയർമാനായിട്ടുള്ളത്. മുഖ്യമന്ത്രിക്കുപുറമെ വകുപ്പുമന്ത്രി വൈസ് ചെയർമാനും റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, സഹകരണ വകുപ്പുമന്ത്രി, ശ്രീ. ശശി തരൂർ എം.പി., ചീഫ് സെക്രട്ടറി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, പോർട്ട് സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ, സി.ഇ.ഒ. എന്നിവർ അംഗങ്ങളുമായ ഡയറക്ടർ ബോർഡ് കാലാകാലങ്ങളിൽ യോഗങ്ങൾ ചേർന്ന് തീരുമാനമെടുക്കാറുണ്ട്. പാറയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടോമൂന്നോ യോഗങ്ങൾ ചേർന്നിട്ടുണ്ട്. മറ്റുകാര്യങ്ങൾ തീർച്ചയായും അടിയന്തര പ്രാധാന്യത്തോടുകൂടി നിർവ്വഹിക്കും. 4,089 കോടി രൂപയാണ് സ്വകാര്യപങ്കാളിത്തത്തോടുകൂടിയുള്ള നിർമ്മാണഘടകത്തിനുള്ളത്. അതിൽ 2,454 കോടി രൂപ കരാർ കമ്പനിയുടെ മുതൽമുടക്കും ബാക്കി കേന്ദ്ര-സംസ്ഥാന സർക്കാരും തുല്യമായി പങ്കുവയ്ക്കേണ്ടതാണ്. 1,463 കോടി രൂപയുടെ ഫണ്ടഡ് വർക്ക് ആയ പുലിമുട്ടും പുതിയ മത്സ്യബന്ധന തുറമുഖവും പൂർണ്ണമായും സർക്കാരിന്റെ മുതൽമുടക്കാണ്. ബാഹ്യ അടിസ്ഥാന സൗകര്യവികസനത്തിനായി 2,148 കോടി രൂപ, ജലം, വൈദ്യുതി, റോഡ്, റെയിൽ, സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, മത്സ്യത്തൊഴിലാളി ജീവനോപാധി, നഷ്ടപരിഹാരം തുടങ്ങിയവയ്ക്കുള്ളതാണ്. മൊത്തം പദ്ധതിയുടെ അടങ്കൽ തുക 7,700 കോടി രൂപയാണ്. സർക്കാർ ചെലവാക്കിയത് 1,180 കോടി രൂപയാണ്. അദാനി കമ്പനിക്ക് ഇതുവരെ സർക്കാർ നൽകിയത് 292 കോടി രൂപയാണ്. കരാർ പ്രകാരം അദാനി കമ്പനി നാളിതുവരെ പദ്ധതിക്കായി ചെലവഴിച്ച തുക 1,756 കോടി രൂപയാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, റെയിൽ കണക്റ്റിവിറ്റിയുടെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇവർ പറയുന്നത് കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായി ചർച്ച നടത്തിയെന്നുള്ളതാണ്. കൊങ്കൺ റെയിൽവേയ്ക്ക് ഇതിൽ യാതൊരു പങ്കുമില്ല. ഇതിൽ ബന്ധപ്പെട്ടിട്ടുള്ളത് സതേൺ റെയിൽവേയാണ്. അവരുമായാണ് ചർച്ച നടത്തേണ്ടത്. ഇത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതും നടപടിയെടുക്കേണ്ടതുമാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ടണൽ റെയിൽവേയിൽ പ്രവർത്തനം നടത്തി പ്രാഗത്ഭ്യം കാണിച്ചിട്ടുള്ള സ്ഥാപനമായതുകൊണ്ട്, വിഴിഞ്ഞം തുറമുഖത്തുനിന്നും ബാലരാമപുരം വരെയുള്ള 10.77 കി.മീ. പാതയിൽ 9 കി.മീറ്റർ ടണൽ വഴിയാകുന്നുവെന്നുള്ളതുകൊണ്ടുമാണ്

ആ കമ്പനിയെ ഏൽപ്പിച്ചത്. ഈ കമ്പനി തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് (DPR) സംസ്ഥാന സർക്കാർ പരിശോധിച്ച് ദക്ഷിണറെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കരാർ പ്രകാരം 2022-ലാണ് റെയിൽലൈൻ പൂർത്തിയാക്കേണ്ടത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തു വകകൾ

4 (*154) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകളിൽ സംസ്ഥാന സർക്കാരിനുള്ള അവകാശം സംരക്ഷിക്കാൻ മോണിട്ടറിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വസ്തുവകകളിൽ സംസ്ഥാന സർക്കാരിന്റെ നിയമപരമായ അവകാശം സംരക്ഷിക്കാൻ രൂപീകരിച്ച മോണിട്ടറിംഗ് സെല്ലിൽ ആരൊക്കെ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സെല്ലിന്റെ ഉദ്ദേശ്യവും ചുമതലകളും വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകുന്ന ഭൂമി ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനം നിർത്തുമ്പോഴോ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സംസ്ഥാന സർക്കാരിന് പ്രസ്തുത ഭൂമിയിലുള്ള അവകാശം പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാന്റ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29-7-2019-ലെ സ.ഉ.(എം.എസ്) 243/2019/റവന്യൂ നമ്പരായി

സർക്കാർ ഉത്തരട്ടവായിട്ടുണ്ട്.* പ്രസ്തുത വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താൽപര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(ബി) ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (ഇൻചാർജ്ജ്) 26-9-2019-ലെ എൽ.ആർ.ജി. 1/30584/2012 നമ്പർ നടപടിക്രമം പ്രകാരം അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ) നേതൃത്വത്തിൽ ശ്രീ. ബി.എസ്. സുരേഷ് കുമാർ (സീനിയർ സൂപ്രണ്ട്), ശ്രീ. ഷിബു എം. (സീനിയർ ക്ലാർക്ക്), ശ്രീ. അരുൺ ഗോപൻ ജി. (സീനിയർ ക്ലാർക്ക്) എന്നിവർ ഉൾപ്പെടുന്നതാണ് സെൽ.

(സി) സംസ്ഥാന സർക്കാർ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകുന്ന ഭൂമി ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനം നിർത്തുമ്പോഴോ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സംസ്ഥാന സർക്കാരിന് പ്രസ്തുത ഭൂമിയിലുള്ള അവകാശം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും.

## സിൽവർ ലൈൻ അതിവേഗ റെയിൽപ്പാത

5 (*155) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ അതിവേഗ റെയിൽപാതയുടെ, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സർവേ പൂർത്തിയായതിനെത്തുടർന്ന് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) മതിപ്പ് ചെലവ് എത്രയാണെന്ന് അറിയിക്കാമോ; പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസ്രോതസ്സ് സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. പാത കടന്നുപോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, AIIB, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു.

## ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽനിന്നുള്ള സഹായവാഗ്ദാനങ്ങൾ

6 (*156) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജപ്പാൻ, കൊറിയ സന്ദർശനവേളയിൽ എന്തെല്ലാം സഹായവാഗ്ദാനങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം കാര്യങ്ങളിൽ നടപടി ആരംഭിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) മറ്റുകാര്യങ്ങളിൽ എന്നത്തേക്ക് നടപടി സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ജപ്പാനുമായുള്ള വികസന സഹകരണത്തിന്റെ ഭാഗമായി M/s ടെറുമോ പെൻപോൾ ലിമിറ്റഡ് തിരുവനന്തപുരത്ത് 105 കോടി രൂപ മുതൽ മുടക്കിൽ ബ്ലഡ്

ബാഗ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം നീറ്റാ ജെലാറ്റിൻ കമ്പനിയും വികസന പ്രവർത്തനങ്ങൾക്കായി കേരളത്തിൽ 200 കോടി രൂപ മുതൽ മുടക്കുവാൻ തയ്യാറായിട്ടുണ്ട്. ആയുർവേദം, ഐ.ടി, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ ജപ്പാനിൽനിന്നുള്ള നിക്ഷേപ സാധ്യതകളും തെളിഞ്ഞിട്ടുണ്ട്. ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇലക്ട്രിക് വാഹനങ്ങളിൽ ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററികൾ സ്ഥാപിക്കാനും ഇത്തരം ബാറ്ററി പാക്കേജിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും M/s തോഷിബയുമായി ധാരണയായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി M/s തോഷിബയുടെ ഉന്നത ഉദ്യോഗസ്ഥർ കേരളം സന്ദർശിക്കുകയും വ്യവസായ/ഗതാഗത വകുപ്പുകളുമായി ചർച്ച നടത്തുകയും ചെയ്തു. ഇലക്ട്രിക് വാഹന ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെ (PWC) ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ വിശദമായ പദ്ധതി രേഖ സമർപ്പിക്കുന്നതാണ്. M/s ടൊയോട്ട കോർപ്പറേഷന്റെ ഹൈഡ്രജൻ ഫ്യൂവൽ സെൽ നിർമ്മാണ യൂണിറ്റ് കേരളത്തിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും നിലവിലുണ്ട്. കൂടാതെ ഫ്യൂവൽ സെൽ വാഹനങ്ങൾ ഭാഗികമായി നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് കൊറിയൻ വാഹന നിർമ്മാതാക്കളായ ഹ്യൂണ്ടായ് കമ്പനി പരിശോധിച്ചുവരികയാണ്. ഹ്യൂണ്ടായ് മോട്ടോർ കമ്പനിക്ക് വാഹന ഘടകങ്ങൾ വിതരണം ചെയ്യുന്ന M/s എൽ.കെ ഹൈ-ടെക് എന്ന സ്ഥാപനത്തിന് പാലക്കാട് ജില്ലയിൽ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ (സിൽവർലൈൻ) പദ്ധതിക്കാവശ്യമായ റോളിംഗ് സ്റ്റോക്കും സിഗ്നലിംഗ് ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള സന്നദ്ധത ഹ്യൂണ്ടായ് റോട്ടം ടീം പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ റെയിൽവെ/മെട്രോ/സിൽവർലൈൻ പദ്ധതികളുടെ EMU കോച്ചുകൾ വാങ്ങുന്നതിന് പ്രസ്തുത സ്ഥാപനങ്ങളുമായി ധാരണയാകുന്നപക്ഷം ടി കോച്ച് നിർമ്മാണ യൂണിറ്റുകൾ പാലക്കാട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും ഹ്യൂണ്ടായ് റോട്ടം ടീം മുന്നോട്ടുവച്ചിട്ടുണ്ട്. കേരള ടൂറിസം വകുപ്പും ബുസാനിലെ (ദ.കൊറിയ) ഇൻഡ്യ യോഗ സെന്ററുമായി ചേർന്ന് ആയുർവ്വേദ, വെൽനസ്സ്, യോഗ, ടൂറിസം മേഖലകളിൽ സഹകരണവും സഹവർത്തിത്തവും ഉറപ്പാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ചേർത്തലയിലെ കെ.എസ്.ഐ.ഡി.സി. മെഗാ ഫുഡ് പാർക്കിൽനിന്നും സമുദ്രോൽപ്പന്നങ്ങൾ കൊറിയയിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള ചർച്ചകളും നടത്തിയിട്ടുണ്ട്.

## ഭക്ഷ്യ ഭദ്രതാ നിയമം

7 (*157) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യന്തകമ്പ്യൂട്ടർവൽരണം നടത്തിയതു മൂലമുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ റേഷൻ കടകളിൽ നടക്കുന്ന ട്രാൻസാക്ഷൻ, സ്റ്റോക്ക് മൂവ്മെന്റ് തുടങ്ങിയ കാര്യങ്ങൾ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി റേഷൻകടകളുടെ വൈവിദ്ധ്യവല്ക്കരണത്തിനും റേഷൻ വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) റേഷൻ പോർട്ടബിലിറ്റി സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്ത് ഭക്ഷ്യ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ആദ്യന്തകമ്പ്യൂട്ടർവൽക്കരണത്തിന്റെ നാല് ഘടകങ്ങളിലൂടെ പൊതുവിതരണ രംഗത്തുണ്ടായ പ്രധാന നേട്ടങ്ങൾ താഴെപ്പറയും പ്രകാരമാണ്:

1. ഉണഭോക്താക്കളുടെ വിവരങ്ങളുടെ ഡിജിറ്റൈസേഷൻ

ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം അർഹരായ ഉണഭോക്താക്കളെ കണ്ടെത്തി പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിനുശേഷം പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളും കാർഡുകളിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. അപേക്ഷകർക്ക് നേരിട്ട് ഓൺലൈനായോ അക്ഷയ സെന്ററുകൾ മുഖേനയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

2. സപ്ലൈ ചെയിൻ മാനേജ്മെന്റ്

എഫ്.സി.ഐ-യിൽനിന്നോ സപ്ലൈകോ മില്ലുകളിൽനിന്നോ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇടക്കാല ഗോഡൗണുകളിൽ സൂക്ഷിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് റേഷൻ കടകളിൽ എത്തിക്കുകയും ചെയ്യുന്ന സംവിധാനം (സപ്ലൈ ചെയിൻ മാനേജ്മെന്റ്) കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യ വിതരണത്തിന്റെ എല്ലാ ഘട്ടങ്ങളും ഇതുമൂലം സുതാര്യമായിട്ടുണ്ട്.

3. റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻ വിതരണ സംവിധാനം നടപ്പിലാക്കി. ഇതോടൊപ്പം സംസ്ഥാനത്തെ ഏത് റേഷൻകടയിൽനിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി. 2020 ജനുവരി 1 മുതൽ എ.എ.വൈ/മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ അംഗങ്ങൾക്ക് 12 സംസ്ഥാനങ്ങളിൽ (കേരളം, ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണ്ണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര) ഏതെങ്കിലുമൊരു സംസ്ഥാനത്തുനിന്ന് റേഷൻ വാങ്ങാവുന്നവിധം നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി. റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് (ശാരീരിക, മാനസിക വെല്ലുവിളികൾമൂലം) പകരക്കാരെ നിയോഗിക്കാവുന്ന പ്രോക്സി സംവിധാനം നടപ്പാക്കി. ഇ-പോസ് മെഷീനുകളുമായി ബന്ധിപ്പിച്ച് റേഷൻ വിതരണം നടത്തുന്നതിന് വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. പരാതി പരിഹാരസംവിധാനവും സുതാര്യതാ പോർട്ടലും

പരാതികൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന് pg.civilsupplies kerala.gov.in എന്ന പോർട്ടലിലൂടെ സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ റേഷൻകാർഡുകളുടെയും റേഷൻ വിതരണത്തിന്റെയും വിവരങ്ങൾ തത്സമയംതന്നെ പൊതുജനങ്ങളെ അറിയിക്കുന്നതിന് civilsupplieskerala.gov.in, epos.kerala.gov.in എന്നീ പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. റേഷൻകാർഡ് ആപ്ലിക്കേഷൻ സ്റ്റാറ്റസ്, റേഷൻ വിഹിതം, റേഷൻ വാങ്ങിയത് സംബന്ധിച്ച വിവരം, മറ്റ് അറിയിപ്പുകൾ തുടങ്ങിയവ എസ്.എം.എസ്. ആയി അയച്ചുവരുന്നു.

(ബി) റേഷൻകടകളിൽ നടക്കുന്ന ട്രാൻസാക്ഷൻ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കും. ഈ പോർട്ടലിലെ FPS-FPS wise Stock Register എന്ന മെനു മുഖേന ഓരോ സ്കീമിലെയും സ്റ്റോക്ക് സംബന്ധിച്ച (ഓപ്പണിംഗ് ബാലൻസ്, വരവ്, ചെലവ്,

നീക്കിയിരിപ്പ് തുടങ്ങിയവ) വിവരങ്ങളും FPS-Commodity wise stock Register എന്ന മെനു മുഖേന ഓരോയിനത്തിലുംപ്പെട്ട സാധനങ്ങളുടെ സ്റ്റോക്ക് (പച്ചരി, കുത്തരി തുടങ്ങിയവ വേർതിരിച്ച്) സംബന്ധിച്ച വിവരങ്ങളും അറിയാൻ സാധിക്കും. പോർട്ടലിന്റെ ഹോം പേജിലുള്ള Beneficiary Details എന്ന മെനു മുഖേന ഒരു കാർഡിന്റെ വിഹിതം, കൈപ്പറ്റിയ വിഹിതം മുതലായവ അറിയുന്നതിന് സാധിക്കുന്നതാണ്.

(സി) റേഷൻകടകളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

30-11-2018-ലെ സ.ഉ. (കൈ)നമ്പർ 46/2018/ഭ.പൊ.വി.വ. പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. 45 ക്വിന്റലിൽ താഴെ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ 18,000 രൂപയിൽ എത്തിക്കുന്നതിന് 8,500 രൂപ വരെ സപ്പോർട്ടീവ് പേയ്മെന്റും നൽകുന്നുണ്ട്. 44 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് ക്വിന്റലിന് 220 രൂപ നിരക്കിലും 45 ക്വിന്റലിന് മുകളിൽ 180 രൂപ നിരക്കിലുമാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്.

റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുമായി ചർച്ച നടത്തിവരുന്നു. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത കടകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. പോർട്ടബിലിറ്റിവഴി റേഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ എണ്ണം ഓരോ മാസവും വർദ്ധിച്ചുവരുന്നുണ്ട്. 2020 ജനുവരി 1 മുതൽ എ.എ.വൈ/മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 12 സംസ്ഥാനങ്ങളിൽനിന്ന് റേഷൻ വാങ്ങാവുന്നവിധം നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ പോർട്ടബിലിറ്റി പ്രകാരം കർണ്ണാടകയിൽനിന്ന് 43 പേരും മഹാരാഷ്ട്രയിൽനിന്നും 4 പേരും രാജസ്ഥാനിൽനിന്ന് 2 പേരും കേരളത്തിൽനിന്ന് റേഷൻ വാങ്ങിയിട്ടുണ്ട്. പോർട്ടബിലിറ്റി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടത്തിവരുന്നത്:

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ആയി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ, വനിതാ ശിശു വികസന, പൊതുവിദ്യാഭ്യാസ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമ അവബോധം ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ 14 ജില്ലകളിലും സംഘടിപ്പിച്ചു.

2. വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തുകയും ജനങ്ങളിൽനിന്ന് നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

3. അങ്കണവാടികൾ, റേഷൻ കടകൾ, എഫ്.സി.ഐ., എൻ.എഫ്.എസ്.എ. ഗോഡൗണുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി.

4. റേഷൻ വിതരണത്തിലുള്ള പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗൺ, എൻ.എഫ്.എസ്.എ. ഗോഡൗൺ, റേഷൻ കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തു.

5. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

6. പ്രളയ ബാധിത പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തുകയും ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**പ്രവാസികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് ഡാറ്റാ ബാങ്ക്**

8 (*158) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെ സംബന്ധിച്ച ആധികാരിക വിവരങ്ങളുടെ അഭാവം അവരുടെ ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പ്രവാസികളെ സംബന്ധിച്ച ആധികാരിക ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തയ്യാറാക്കുമ്പോൾ പ്രവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസികളെ സംബന്ധിച്ച ആധികാരിക വിവരങ്ങളുടെ അഭാവം അവരുടെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിച്ചതായി കരുതുന്നില്ല. എന്നാൽ പ്രവാസികൾക്കുവേണ്ട നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പദ്ധതികൾ കാലാനുസൃതം പരിഷ്കരിക്കുന്നതിനും ഇത്തരം ഒരു ഡാറ്റാ ബാങ്ക് ഏറെ സഹായകരമായിരിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നു.

(ബി) പ്രവാസികളെ സംബന്ധിച്ചുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 1998 മുതൽ 2018 വരെ നടത്തിയ കേരള മൈഗ്രേഷൻ സർവ്വെയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ ഒരു പബ്ലിക് ഡാറ്റാബെയ്സ് ആയി ക്രോഡീകരിക്കാനുള്ള ശ്രമം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS) മുഖേന ആരംഭിച്ചു കഴിഞ്ഞു. 2021, മാർച്ച് 31-നകം ഇത് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്തതരത്തിൽ വളരെ ലളിതമായിട്ടാണ് ഡാറ്റാബേസിൽ പ്രവാസികളുടെ രജിസ്ട്രേഷനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഓൺലൈൻ മുഖേനയുള്ള ഈ രജിസ്ട്രേഷനിൽ എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ നോർക്ക-റൂട്ട്സ് കാൾ സെന്ററുമായി ബന്ധപ്പെട്ടാൽ കാൾ സെന്റർ എക്സിക്യൂട്ടീവ് ഇതുസംബന്ധിച്ചുള്ള സഹായങ്ങൾ നൽകുന്നതാണ്. ഒരു ദിവസം ഏകദേശം ആയിരത്തോളം പ്രവാസികളാണ് ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നത്.

## കൊറോണ വൈറസ് പനിയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ

9 (*159) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കാരാട്ട് റസാഖ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭീഷണിയുയർത്താൻ സാധ്യതയുള്ള കൊറോണ വൈറസ് പനിയുൾപ്പെടെയുള്ള പകർച്ച വ്യാധികൾ നേരിടുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ;

(ബി) പൊതു ആരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യപരിപാലന രീതികളും സാങ്കേതിക വിദ്യകളും വികസിപ്പിക്കാനും ആരോഗ്യ രംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കാനും മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിന് പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ദീർഘകാലമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി 2018, 2019 വർഷങ്ങളിൽ നടപ്പിലാക്കിയ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സമയബന്ധിത കർമ്മപരിപാടിയായ "ആരോഗ്യജാഗ്രത" 2020-ലും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ കൃത്യമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ആരോഗ്യ ജാഗ്രത 2020-ന്റെ ഉദ്ഘാടനം ജനുവരി 23-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ആർദ്രം ജനകീയ ക്യാമ്പയിനുമായി ചേർന്ന് "നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യത്തോടെ ഈ വർഷത്തെ അരോഗ്യജാഗ്രത ജില്ലകളിൽ നടപ്പിലാക്കിവരുന്നു. അതോടൊപ്പം സുസ്ഥിര വികസന ലക്ഷ്യങ്ങൾ അനുസരിച്ച് 2020-2025 കാലയളവിൽ മലമ്പനി, മന്തുരോഗം, കാല അസർ, ക്ഷയരോഗം, കുഷ്ഠരോഗം തുടങ്ങിയവ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

ചൈനയിൽ നോവൽ കൊറോണ രോഗം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് ലോകാരോഗ്യസംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന ആരോഗ്യ വകുപ്പ് രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയുണ്ടായി. ലോകാരോഗ്യസംഘടന, കേന്ദ്ര ആരോഗ്യ മന്ത്രാലയം, എൻ.സി.ഡി.സി., ഐ.ഡി.എസ്.പി. തുടങ്ങിയവയിൽനിന്നുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും സംസ്ഥാന/ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കി. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ദ്രുതകർമ്മ സേന അടിയന്തരയോഗം

ചേരുകയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയുമുണ്ടായി. സംസ്ഥാന-ജില്ലാതലങ്ങളിൽ ജില്ല കളക്ടറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ ആരംഭിച്ചു. ചൈനയിൽനിന്നും വരുന്ന യാത്രികരെ വീടിനുള്ളിൽ ഒരു മുറിയിൽതന്നെ പാർപ്പിച്ച് പ്രത്യേകം നിരീക്ഷിച്ചുവരുന്നു. (ഹോം ഐസൊലേഷൻ) ഇവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരെ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ പ്രവേശിപ്പിച്ച് രോഗബാധയുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ ചികിത്സയും ഐസൊലേറ്റ് ചെയ്ത് നിരീക്ഷണവും നടത്തിവരുന്നു. രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെ സാമ്പിൾ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. വിവിധ തലങ്ങളിലുള്ള യോഗങ്ങൾ കൂടാതെ ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയവവഴിയുള്ള ബോധവൽക്കരണം, പരിശീലനം, മരുന്ന്, വ്യക്തിഗത സുരക്ഷാ സാമഗ്രികൾ തുടങ്ങിയവ ഉറപ്പാക്കൽ, ആശുപത്രികളിലെ ഐസൊലേഷൻ വാർഡ് സജ്ജീകരണം, രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ രോഗിയുമായി സമ്പർക്കമുണ്ടായവരുടെ നിരീക്ഷണം, പ്രതിദിന റിപ്പോർട്ടിംഗ്, കാൾ സെന്ററുകൾ വഴി ജനങ്ങളുടെ സംശയ ദൂരീകരണം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി) കേരളത്തെ വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും കേന്ദ്രമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി മെഡിക്കൽ ടെക്നോളജി കൺസോർഷ്യം താഴെപ്പറയുന്ന പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(a) വ്യക്തിഗത സംരംഭകർക്ക് വളർച്ച ഉറപ്പാക്കുന്നതിനും നൂതന മെഡിക്കൽ ഉപകരണ/സാങ്കേതിക കമ്പനികൾക്ക് ഫണ്ട് നൽകുന്നതിനുമുള്ള ഒറ്റ ഉറവിട കേന്ദ്രമായി പ്രവർത്തിക്കുക.

(b) അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമതയുള്ള മുൻനിര മെഡിക്കൽ സാങ്കേതികതകളും ആരോഗ്യ പരിപാലന പ്രതിവിധികളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക.

(c) ഇന്ത്യൻ സമൂഹത്തിന് യോജിക്കുന്ന സവിശേഷ ക്ലിനിക്കൽ ആവശ്യങ്ങൾ തിരിച്ചറിയുകയും നൂതനവും ചെലവ് കുറഞ്ഞതുമായ പ്രതിവിധികളിലൂടെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക.

(d) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക.

(e) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികാസത്തിനും ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ദ്ധ്യവുമുള്ള തൊഴിൽ സേനയും പോഷിപ്പിക്കുക.

(f) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(സി) പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിന് പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. ദീർഘകാലമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ അടിയന്തര പ്രാബല്യം വരത്തക്ക രീതിയിൽ സർവ്വീസിൽനിന്ന് നീക്കം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

## ഡിജിറ്റൽ സർവ്വകലാശാല

10 (*160) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെൻറ് കേരള ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുന്നതിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തന സ്വാതന്ത്ര്യവും രാജ്യാന്തര സഹകരണവും വ്യക്തമാക്കാമോ;

(ബി) ഈ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; ഈ സർവ്വകലാശാല സ്ഥാപിക്കുന്നത് എവിടെയാണെന്ന് അറിയിക്കാമോ;

(സി) ഈ സർവ്വകലാശാലയുടെ അധികാരം വിദ്യാർത്ഥി സമൂഹത്തെ എത്തരത്തിൽ ബാധിക്കും എന്നറിയിക്കാമോ; ഏതെല്ലാം മേഖലകളിലാണ് ഇവിടെ കോഴ്സുകളും ഗവേഷണവും നടക്കുന്നത് എന്നറിയിക്കാമോ; മറ്റ് സർവ്വകലാശാലകളിലെ അദ്ധ്യാപകരെ ഇവിടെ നിയമിക്കുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇൻഫർമേഷൻ ടെക്നോളജിയിൽ വ്യവസായവും ഡിജിറ്റൽ സാങ്കേതികവിദ്യയും വികസിപ്പിക്കാൻ സ്വീകരിച്ചുപോരുന്ന നടപടികളുടെ തുടർച്ചയാണ് ഡിജിറ്റൽ സർവ്വകലാശാല രൂപീകരണം. ഗുണനിലവാരമുള്ള മാനവശക്തി വികസിപ്പിക്കുക, വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുക,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കുക, അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിക്കുക എന്നിവ ഡിജിറ്റൽ സർവ്വകലാശാല ലക്ഷ്യം വെയ്ക്കുന്നു.

(ബി) ഡിജിറ്റൽ സർവകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. അതിനൂതന ഡിജിറ്റൽ സാങ്കേതികവിദ്യാ മേഖലകളുടെ ബിരുദാനന്തര വിദ്യാഭ്യാസവും ഗവേഷണവും

2. വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ മികവ് പുലർത്താനും ആഗോള തലത്തിലുള്ള വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കാനും അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക.

3. ഗവേഷണത്തിലൂടെ അതിനൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ച് വിവരസാങ്കേതിക രംഗത്തെ വ്യവസായങ്ങൾക്ക് നൽകുക.

4. അതിനൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുക അഥവാ പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള അവസരങ്ങൾ ഒരുക്കുക.

5. നിലവിൽ ഗവേഷണ കേന്ദ്രങ്ങളില്ലാത്ത സർവ്വകലാശാലകൾ/ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് അവസരം നൽകുക.

6. വിവരസാങ്കേതിക രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

7. സർക്കാർ തലത്തിലും മറ്റ് മേഖലകളിലും ഡിജിറ്റലൈസേഷൻ നടപ്പിലാക്കാൻ വേണ്ട ഒത്താശ ചെയ്യുക.

8. വിവരസാങ്കേതിക രംഗത്ത് വേണ്ട പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക.

ഡിജിറ്റൽ സർവ്വകലാശാല തിരുവനന്തപുരത്ത് ടെക്നോസിറ്റിയിലാണ് സ്ഥാപിക്കുന്നത്.

(സി) ഡിജിറ്റൽ സർവ്വകലാശാലയിൽ അതിനൂതന വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും ഗവേഷണ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ഇത് വിദ്യാർത്ഥി സമൂഹത്തിന് പ്രയോജനപ്പെടുന്നതായിരിക്കും. നിലവിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്ന പ്രവണത മാറി നമ്മുടെ രാജ്യത്തുതന്നെ അന്തർദ്ദേശീയ നിലവാരത്തിലുള്ള പഠന സൗകര്യം ലഭ്യമാക്കുന്നതായിരിക്കും. കൂടാതെ വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെയും ഗവേഷകരേയും ഈ സർവ്വകലാശാലയിലേയ്ക്ക് ആകർഷിക്കാനും സാധിക്കും.

താഴെപ്പറയുന്ന മേഖലകളിലെ കോഴ്സുകളും ഗവേഷണങ്ങളുമാണ് ഉദ്ദേശിക്കുന്നത്:

1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
2. ഡാറ്റാ അനലിറ്റിക്സ്
3. ബ്ലോക് ചെയിൻ
4. കോഗ്നിറ്റീവ് സയൻസ്
5. ഇന്റർനെറ്റ് ഓഫ് തിംഗ്സ്
6. ഓഗ്മെൻഡസ് റിയാലിറ്റി
7. ക്വാണ്ടം കമ്പ്യൂട്ടിംഗ്
8. റോബോട്ടിക്സ്
9. പുതിയ ഗവേഷണ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠന ശിഖരങ്ങളും പരിശീലന പദ്ധതികളും.

മറ്റു സർവ്വകലാശാലകളിലെ അതിനൂതന വിവരസാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന അതിവിദഗ്ദരായ അദ്ധ്യാപകരെയും ഡിജിറ്റൽ സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിക്കുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണ്.

**പോലീസ് ആധുനികീകരണത്തിനുള്ള നൂതന സംവിധാനങ്ങൾ**

11 (*161) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി ആരംഭിച്ച നൂതന സംവിധാനങ്ങളായ സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം, ഇന്റഗ്രേറ്റഡ് ട്രാഫിക് സംവിധാനം എന്നിവയെക്കുറിച്ച് അറിയിക്കാമോ;

(ബി) ദുബായ് മാതൃകയിൽ അത്യാധുനിക സ്മാർട്ട് പോലീസ് ആപ്ലിക്കേഷനും സ്മാർട്ട് പോലീസ് സ്റ്റേഷനും പ്രാവർത്തികമാക്കാൻ പരിപാടിയുണ്ടോ; നിലവിൽ ഏത് പോലിസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനും ഓൺലൈനായി പരാതി രജിസ്റ്റർ ചെയ്യാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) സൈബർ ഡോം നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; പദ്ധതിക്ക് ദേശീയ അവാർഡ് ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 7-1-2019-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് [സ.ഉ.(കൈ)നമ്പർ 3/2019/ആഭ്യന്തരം] സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. ഈ ഉത്തരവ് അനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനുവേണ്ട സ്ഥല സൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്.

ഇന്റഗ്രേറ്റഡ് ട്രാഫിക് എന്ന പേരിൽ ഒരു സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. എന്നാൽ Integrated Digital Traffic Enforcement System എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡപകടങ്ങൾ തടയുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുകയെന്നതാണ് ഇതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. സംസ്ഥാനത്തെ പ്രധാന റോഡുകളിലെ അപകട സാധ്യത കൂടിയ ഇടങ്ങളിലും മറ്റ് തിരക്കേറിയ ഭാഗങ്ങളിലും റോഡ് നിയമങ്ങൾ ലംഘിക്കുന്നവരെ Surveillance Camera, സ്പീഡ് റഡാർ തുടങ്ങിയ ഡിജിറ്റൽ Surveillance ഉപകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും കുറ്റക്കാർക്ക് പിഴ ഓൺലൈനായി അടയ്ക്കുന്നതിനുമുള്ള സംവിധാനം ഇതിലുണ്ട്. ഈ പദ്ധതിയുടെ ടെൻഡർ ക്ഷണിക്കുകയും ടെൻഡറിനോടനുബന്ധിച്ചുള്ള സാങ്കേതിക പരിശോധനാ (Technical Evaluation) നടപടി പുരോഗമിച്ചുവരികയുമാണ്.

(ബി) ദുബായ് മാതൃകയിൽ അത്യാധുനിക സ്മാർട്ട് പോലീസ് ആപ്ലിക്കേഷനും സ്മാർട്ട് പോലീസ് സ്റ്റേഷനും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാദേശിക അധികാരപരിധി പരിഗണിക്കാതെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുവാനുള്ള നിർദ്ദേശം (ഇത് Zero FIR എന്ന പേരിൽ അറിയപ്പെടുന്നു.) അടുത്ത കാലത്തായി പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള പോലീസിന്റെ Online Portal ആയ 'THUNA' മുഖേന പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുംവേണ്ടി ഏഷ്യയിൽത്തന്നെ ആദ്യമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരളാ പോലീസ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ

മുൻകൂട്ടി മനസ്സിലാക്കി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട അവബോധം നൽകുക, കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സൈബർ സുരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ഓർഗനൈസേഷൻസ്, വിവിധ രാജ്യങ്ങളിലെ സൈബർ സെക്യൂരിറ്റി ഏജൻസികൾ, രാജ്യത്തെ വിവിധ ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾ, എത്തിക്കൽ ഹാക്കർമാർ, രാജ്യത്തെ പ്രമുഖ ഐ.ടി കമ്പനികൾ എന്നിവരെ ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് സൈബർ സുരക്ഷാ ഭീഷണികളെ തടയുന്നതിലൂടെ സംസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ അസറ്റുകളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള വിവര സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുകയാണ് സൈബർ ഡോം.

തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർഡോം ആസ്ഥാനത്തിനു പുറമേ സൈബർഡോം റീജിയണൽ വിംഗുകൾ കോഴിക്കോടും, കൊച്ചിയിലും ആരംഭിച്ചിട്ടുണ്ട്.

2018-ലെ ഏഷ്യാ പസഫിക് റീജിയണിലെ ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ് ഉൾപ്പെടെ 13 അവാർഡുകൾ സൈബർഡോമിന് ലഭിച്ചിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളുടെ നിലവാരമുയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

12 (*162) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കണമെന്ന നിരന്തര ആവശ്യം കേന്ദ്രസർക്കാർ അംഗീകരിക്കാതിരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിത്സയ്ക്ക് അനുവദിച്ചിരുന്ന ഇളവുകൾ പരിമിതപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് അതിവിദഗ്ദ്ധ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് മെഡിക്കൽ കോളേജുകളുടെ നിലവാരമുയർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളുടെയും ജനറൽ-ജില്ലാ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് അടിയന്തര ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ -സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

**റേഷൻ വിതരണം**

13 (*163) ശ്രീമതി സി. കെ. ആശ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ ആതന്റിക്കേഷൻ മുഖേനയാണോ എല്ലാ ഉപഭോക്താക്കളും റേഷൻ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നേരിട്ട് റേഷൻ വാങ്ങാത്ത ശയ്യാവലംബികളായ കാർഡുടമകൾക്ക് റേഷൻ വിഹിതം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) മൂന്നുമാസം തുടർച്ചയായി റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ കാർഡുകളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ റേഷൻ വാങ്ങാത്ത കാർഡുകൾ റദ്ദാക്കുമെന്ന് പറഞ്ഞ് ഉപഭോക്താക്കളെ സ്വാധീനിച്ച് റേഷൻ വിഹിതം വ്യാപാരികൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്തുമോ;

(ഇ) റേഷൻ വാങ്ങാത്ത കാർഡുടമകൾക്ക് താൽക്കാലികമായി റേഷൻ വേണ്ടെന്നുവയ്ക്കുന്നതിന് അവസരമുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ആധാർ ആതന്റിക്കേഷൻവഴി മാത്രമേ റേഷൻ വിതരണം നടത്താവൂ എന്നാണ് നിലവിലെ നിർദ്ദേശം. എന്നാൽ ആധാർ ആതന്റിക്കേഷൻ സാധിക്കാത്ത സാഹചര്യത്തിൽ ഒ.ടി.പി. മുഖേനയും ഒ.ടി.പി. പരാജയപ്പെടുകയാണെങ്കിൽ മാത്രം ആതന്റിക്കേറ്റ് ചെയ്യാതെ മാനുവൽ രീതിയിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് അതേ റേഷൻ കടയിലുള്ള മറ്റേതെങ്കിലും കാർഡംഗങ്ങളെ പ്രോക്സി (പകരം നിയോഗിക്കുന്ന ആൾ) ആക്കാവുന്നതാണ്. റേഷൻ കാർഡിലെ മറ്റംഗങ്ങളിൽ 16-നും 65-നും മദ്ധ്യേ പ്രായമുള്ള ആരോഗ്യമുള്ള അംഗങ്ങൾ ഉണ്ടാകാൻ പാടില്ല. പ്രോക്സി അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻ കടയിൽനിന്നും മാത്രമേ റേഷൻ സാധനങ്ങൾ ലഭിക്കുകയുള്ളൂ. ഇപ്രകാരമുള്ളവർക്ക് പോർട്ടബിലിറ്റി പ്രകാരം റേഷൻ ലഭ്യമാകുന്നതല്ല.

(സി) ഉണ്ട്. തുടർച്ചയായി 3 മാസം റേഷൻ വാങ്ങാത്ത എ.എ.വൈ/മുൻഗണനാ കാർഡുകളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിവരുന്നുണ്ട്. നാളിതുവരെ 39068 കാർഡുകളെ ഇപ്രകാരം പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്. ആറ് മാസത്തേയ്ക്ക് റേഷൻ വേണ്ടെന്നു വയ്ക്കുന്നതിന് 'റേഷൻ ഗിവ് അപ് പദ്ധതി' നിലവിലുണ്ട്. civilsuppleskerala.gov.in എന്ന പോർട്ടലിൽ Give Up Ration എന്ന മെനു വഴി റേഷൻ ഉപേക്ഷിക്കാവുന്നതാണ്. തിരികെയെത്തുന്ന മുറയ്ക്ക് (ആറ് മാസത്തിനുശേഷം മാത്രം) റേഷൻ ആവശ്യമുണ്ടെങ്കിൽ ഇതേ മെനു തന്നെ ഉപയോഗപ്പെടുത്തി റേഷൻ പുനഃസ്ഥാപിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. നാളിതുവരെ 917 പേർ ഗിവ് അപ് പദ്ധതി പ്രകാരം റേഷൻ ഉപേക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 2 ആയി ചേർക്കുന്നു*

## സംസ്ഥാനത്തിന് വാഗ്ദാനം ചെയ്യപ്പെട്ട കേന്ദ്ര പദ്ധതികൾ

14 (*164) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്രപദ്ധതികൾ വാഗ്ദാനം ചെയ്യുകയും പിന്നീട് പിൻവലിക്കുകയും ചെയ്യുന്ന ഒരു പ്രവണത കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത് പിൻവലിച്ച കേന്ദ്രപദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി, എയിംസ്, ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം കേന്ദ്രം പിൻവലിച്ചിട്ടുണ്ടോ; ഓരോന്നിന്റെയും അവസ്ഥ വ്യക്തമാക്കാമോ;

(ഡി) ഏഷ്യയിലെ ഏറ്റവും വലിയ തീരദേശപരിപാലന കേന്ദ്രമാകുമായിരുന്ന ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാദമിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-ഡി) ഉണ്ട്. ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന ചില പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

2008-09 ബജറ്റിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്നതായിരുന്നു പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി. ഇതിലേയ്ക്കാവശ്യമായ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ ഉത്തരവായിരുന്നു. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000 ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 32.44 കോടി രൂപ മാത്രമാണ് റെയിൽവേയുടെ ഭാഗത്തുനിന്നും ചെലവഴിച്ചത്. ഇതുകൂടാതെ 1.60 കോടി രൂപ മാത്രമാണ് നാളിതുവരെ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2008-2009 ബജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഉത്തർപ്രദേശിലെ റായ്ബറേലിയിൽ ഉള്ള കോച്ച് ഫാക്ടറി 2012-ൽ തന്നെ കമ്മീഷൻ ചെയ്ത സാഹചര്യത്തിൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

2. എയിംസ്

കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC-യുടെ പക്കലുള്ള സ്ഥലത്ത് എയിംസ് സ്ഥാപിക്കാവുന്നതാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടുവരുന്നു.

3. ശബരി റെയിൽ പദ്ധതി

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെടെ രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ " പ്രഗതി" വഴി നിരീക്ഷണം ചെയ്യപ്പെടുന്ന ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40 ഹെക്ടർ 40 ആർ 08 ചതുരശ്ര മീറ്റർ (40.40.08 ഹെക്ടർ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെല്ലൂർകുന്നം, മുവാറ്റുപുഴ, കോതമംഗലം, മാഞ്ഞള്ളൂർ എന്നീ വില്ലേജുകളിലെ 87.23 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി

സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

4. കോസ്റ്റ് ഗാർഡ് അക്കാഡമിയിലേയ്ക്കുള്ള അപ്രോച്ച് റോഡ്:-

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി വില്ലേജിൽ നിർദ്ദിഷ്ട കോസ്റ്റ് ഗാർഡ് അക്കാഡമിയിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 0.8984 ഹെക്ടർ ഭൂമി RFCTLARR (Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement) ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ആയത് ജില്ലാതലത്തിലുള്ള വിദഗ്ദ്ധ സമിതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചതുമാണ്. തുടർന്ന് ഫണ്ടൊന്നും അർത്ഥനാധികാരിയിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

CRZ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഈ കേസ് ഇന്ത്യാ ഗവൺമെന്റിനും കോസ്റ്റ് ഗാർഡിനുമിടയിൽപ്പെട്ട് കിടക്കുകയാണെന്ന് ICGS ബേപ്പൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

15 (*165) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കുള്ള ശിക്ഷ കർശനമാക്കിയിട്ടും സംസ്ഥാനത്ത് അവർക്കെതിരായുള്ള അതിക്രമങ്ങൾ കൂടിവരുന്നതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ കുറ്റക്കാരെ രാഷ്ട്രീയപരിഗണന കൂടാതെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) വനിതകളുടെ സുരക്ഷയ്ക്കായി എല്ലാ നടപടികളും സ്വീകരിക്കണമെന്നും സമയബന്ധിതമായി പരാതികൾ തീർപ്പാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയം അയച്ച കത്ത് ചീഫ് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണ്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ആക്ഷേപങ്ങൾ വസ്തുതാപരമല്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 2016-ൽ 15114, 2017-ൽ 14263, 2018-ൽ 13,643, 2019-ൽ 14,293 എന്നിങ്ങനെയാണ്.

(ബി)

| | 25-5-2016 to 31-12-2016 | 2017 | 2018 | 2019 |
|---|---|---|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത ബലാത്സംഗ കേസ്സുകളുടെ എണ്ണം | 1043 | 2003 | 2005 | 2076 |

(സി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളിൽ കുറ്റക്കാരായവർക്കെതിരെ റിപ്പോർട്ടാകുന്ന കേസുകളിൽ രാഷ്ട്രീയപരമോ, അല്ലാതെയോ ഉള്ള യാതൊരു പരിഗണനയും നൽകാതെ കർശനമായി നടപടികൾ സ്വികരിച്ചുവരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത കത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളായ പ്രാദേശിക അധികാര പരിധി പരിഗണിക്കാതെ FIR (Zero FIR) രജിസ്റ്റർ ചെയ്യുക, ലൈംഗികാതിക്രമകേസുകളുടെ തൽസ്ഥിതി ഓൺ ലൈൻആയി അറിയുന്നതിനുള്ള Investigation Tracking System Sexual Offences (ITSSO) എന്ന പോർട്ടൽ, ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട കുറ്റവാളികളുടെ വിവരങ്ങൾ ദേശീയതലത്തിൽ ശേഖരിച്ചിട്ടുള്ള National Database on Sexual Offences (NDSO), അടിയന്തര സഹായത്തിനായി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സഹായം ആവശ്യപ്പെടാവുന്ന 112 എന്ന എമർജൻസി നമ്പർ പ്രകാരമുള്ള Emergency Response Support System

(ERSS) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ കേന്ദ്ര സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന നടന്നുവരുന്നു.

## പ്രവാസി ക്ഷേമ പദ്ധതികൾ

16 (*166) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെയും ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ പ്രവാസി ഡിവിഡന്റ് പദ്ധതി എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ബി) പ്രവാസികളുടെ താല്പര്യ സംരക്ഷണത്തിനായി നോർക്കയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരിപാടിയുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസികളുടെയും അവരുടെ ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ നടപ്പിലാക്കിയ 2019-ലെ പ്രവാസി ഡിവിഡന്റ് പദ്ധതി നിക്ഷേപകനും തുടർന്ന് ജീവിത പങ്കാളിക്കും നിക്ഷേപ സുരക്ഷയോടൊപ്പം ആജീവനാന്തം 10% ഡിവിഡന്റ് വരുമാനവും ഉറപ്പാക്കുന്നു. നിക്ഷേപകന്റെയും ജീവിത പങ്കാളിയുടെയും കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റും കൂട്ടിച്ചേർത്ത തുക മക്കൾക്കോ അനന്തരാവകാശികൾക്കോ ലഭ്യമാകുന്നു. ഈ പദ്ധതി നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പുനൽകുന്നതിനാൽ പ്രവാസികൾക്കും ജീവിത പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ സുരക്ഷയും നൽകുന്നു.

(ബി) പ്രവാസികളുടെ താൽപ്പര്യ സംരക്ഷണാർത്ഥം വിവിധ പരിപാടികളാണ് നോർക്ക റൂട്ട്സ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ നിലവിലുള്ള പദ്ധതികൾ നവീകരിച്ചും വിപുലപ്പെടുത്തിയും പ്രവാസികൾക്ക് കൂടുതൽ പ്രയോജനം കിട്ടത്തക്കവിധത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>പ്രവാസി പുനരധിവാസ പദ്ധതി (NDPREM)</u>

ഈ പദ്ധതി പ്രകാരം ലോൺ നൽകുന്നതിനുള്ള പരിധി 20 ലക്ഷത്തിൽനിന്നും 30 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ അനായാസ രീതിയിൽ ഒറ്റദിവസം കൊണ്ട് അപേക്ഷകർക്ക് ലോൺ ലഭ്യമാകുന്ന ക്യാമ്പ് മോഡൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

2. <u>നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)</u>

കേരളത്തിലെ നിക്ഷേപാവസരങ്ങൾ മുൻഗണനാക്രമത്തിൽ പ്രവാസികളായ നിക്ഷേപകരുടെ മുന്നിൽ അവതരിപ്പിച്ച് കേരളത്തിലേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുകയെന്ന ഉദ്ദേശ്യത്തോടെ 2019 മാർച്ചിൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) പദ്ധതി ആരംഭിച്ചു.

3. <u>സാന്ത്വന പദ്ധതി</u>

സാന്ത്വന പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലേയ്ക്കായി ജില്ലാ നോർക്ക സെല്ലുകളെ ശാക്തീകരിച്ചിട്ടുണ്ട്. മാനദണ്ഡപ്രകാരം സഹായധനത്തിന് അർഹതയില്ലാത്ത അപേക്ഷകളിൽ അപേക്ഷകരുടെ ദയനീയ സ്ഥിതി പരിഗണിച്ച് പ്രത്യേക കേസായി കണക്കാക്കിയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

4. <u>നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്</u>

അസുഖ ബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതിക ശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വിട്ടിലേയ്ക്കോ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി മംഗലാപുരം, കോയമ്പത്തൂർ എയർപോർട്ടുകളിലുംകൂടി ഏർപ്പെടുത്തി.

5. <u>എമർജൻസി റിപാട്രിയേഷൻ ഫണ്ട്</u>

വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതിക ശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്ത പക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി ആരംഭിച്ചിട്ടുണ്ട്.

6. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആറ് ജി.സി.സി. രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്.

7. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം

പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ധനഹായം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണിത്.

8. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

9. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി)

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽനിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി 24x7 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്ലോബൽ കോൺടാക്ട് സെന്റർ 2019 ഫെബ്രുവരി 15 മുതൽ ആരംഭിച്ചു.

10. പ്രവാസി അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

11. ലോക കേരളസഭ

കാലാനുസൃതമായി ആഗോളതലത്തിലുണ്ടാകുന്ന വെല്ലുവിളികളും പ്രതിസന്ധികളും അഭിപ്രായങ്ങളും ചർച്ച ചെയ്യുന്നതിന് പ്രവാസി മലയാളികളുടെ ഒരു പൊതുവേദിയായി ലോക കേരളസഭ രൂപീകരിച്ചിട്ടുണ്ട്.

## ക്വാറികൾക്കെതിരെയുള്ള പ്രതിഷേധ സമരങ്ങൾ

17 (*167) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസ്ഥകൾ ലംഘിച്ചും നാടിനും നാട്ടുകാർക്കും അപകടകരമായും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ ഉയരുന്ന പ്രതിഷേധ സമരങ്ങൾ അടിച്ചമർത്താനുള്ള ശ്രമങ്ങൾ സംഘർഷങ്ങളും ക്രമസമാധാന പ്രശ്നങ്ങളും സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്വാറി മാഫിയയുടെ പണ സ്വാധീനത്തിന് വഴങ്ങി റവന്യൂ / പോലീസ് ഉദ്യോഗസ്ഥർ ക്വാറി ഉടമകളെ സഹായിക്കാൻ നാട്ടുകാർക്കെതിരെ മർദ്ദന മുറകളും കള്ളക്കേസുകളും എടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികളെ സർക്കാർ അനുകൂലിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ക്വാറി മാഫിയയുടെ ഗുണ്ടകളിൽ നിന്നും അവരുടെ സ്വാധീനവലയത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പീഡനമേറ്റുവാങ്ങുന്ന ക്വാറി പ്രദേശങ്ങളിലെ നാട്ടുകാരെ രക്ഷിക്കാൻ ഈ പ്രശ്നത്തിൽ ഉന്നതതല ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ ഉയരുന്ന പ്രതിഷേധ സമരങ്ങൾ അടിച്ചമർത്താനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്വാറി ഉടമകളോ തൊഴിലാളികളോ സമീപവാസികളെ ആക്രമിച്ചതായ രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 307/2019, വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 97/2019

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്വാറിയുടമകളിൽനിന്നോ അവരുടെ സംഘാംഗങ്ങളിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ക്വാറി നിലനിന്ന പ്രദേശത്തെ ജനങ്ങൾക്ക് പീഡനങ്ങൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചാൽ പ്രസ്തുത കാര്യത്തിൽ അന്വേഷണം നടത്തി പരാതിക്കാധാരമായ സംഭവത്തിന്റെ നിജസ്ഥിതിക്കനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമാണെന്ന് കാണുന്നപക്ഷം ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കേസുകളിന്മേൽ അന്വേഷണം നടത്താറുണ്ട്.

**പോലീസ് സേനയുടെ പ്രവർത്തന മികവ്**

18 (*168) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. സ്വരാജ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരള പോലീസിന്റെ പ്രവർത്തന മികവിന് സ്കോച്ച് അവാർഡ് ലഭിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് അറിയിക്കാമോ;

(ബി) കുറ്റാന്വേഷണത്തിന് ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; ബ്ലോക്ക് ചെയിൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പരിപാടിയുണ്ടോ;

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക ക്രമീകരണങ്ങൾ അറിയിക്കാമോ;

(ഡി) ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടുന്ന ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾ വർദ്ധിച്ചുവരുന്നതും ആവാസ് പദ്ധതിയിൽ ഭൂരിഭാഗം പേരും ചേർന്നിട്ടില്ലെന്നതും പരിഗണിച്ച് അവരുടെ തൊഴിലവകാശത്തിന് യാതൊരു വിഘാതവും സൃഷ്ടിക്കാതെ ഏജന്റുമാരോ തൊഴിലുടമകളോ ഐഡന്റിറ്റി ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ വർഷം കേരള പോലീസിന്റെ പ്രവത്തന മികവിന് സ്കോച്ച് അവാർഡ് ലഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിച്ചതിലൂടെ കുറ്റാന്വേഷണം ശാസ്ത്രീയമാക്കാനും പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ബ്ലോക്ക് ചെയിൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ പരിപാടിയുണ്ട്.

(സി) സ്ത്രീകളുടെ സുരക്ഷയ്ക്കായി അവരുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി വനിതാ ഹെൽപ്പ് ഡെസ്കുകൾ എല്ലാ സ്റ്റേഷനിലും പ്രവർത്തിച്ചുവരുന്നു. നിർഭയ പദ്ധതി മുഖേന സെൽഫ് ഡിഫൻസ്, നിയമ ബോധവൽക്കരണം എന്നിവ സംബന്ധിച്ച പരിശീലന പരിപാടികൾ നടത്തിവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ സമയബന്ധിതമായി കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റക്കാർക്കെതിരെ നിലവിലെ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) മൈഗ്രന്റ് ലേബർ രജിസ്റ്റർ മുഖേനയും ഇ-രേഖ പോലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇതര സംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ, ബയോഡാറ്റ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തിവരുന്നു. എന്നാൽ ഇവർ ഒരു സ്ഥലത്തുതന്നെ തുടരാത്തതും ഒന്നിലധികം തൊഴിൽദാതാക്കളുടെ കീഴിൽ ജോലിയെടുക്കുന്നതും ആവശ്യമായ രേഖകൾ ഇല്ലാത്തതും ഇവരുടെ കൃത്യമായ വിവരശേഖരണത്തിന് തടസ്സമാകുന്നുണ്ട്.

**മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം**

19 (*169) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണത്തീയതി കഴിഞ്ഞ മരുന്നുകളുടെ ഉപയോഗവും ഉപയോഗിക്കാത്ത മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉപയോഗിക്കാത്തതും കാലഹരണത്തീയതി കഴിഞ്ഞതുമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം മനുഷ്യരിലേയും മൃഗങ്ങളിലേയും ആന്റി മൈക്രോബിയൽ പ്രതിരോധത്തെ മാരകമായി ബാധിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരുന്നുകളുടെ അശാസ്ത്രീയമായ നീക്കം ചെയ്യലിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഉപയോഗിക്കാത്ത മരുന്നുകൾ വ്യാപാരികളുടെ സഹകരണത്തോടെ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് കാലഹരണം കഴിഞ്ഞ മരുന്നുകളുടെ ഉപയോഗമോ വിപണനമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഉപയോഗശൂന്യമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നുണ്ടെന്നുള്ള റിപ്പോർട്ടുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിശകലനം ചെയ്തിട്ടുണ്ട്. ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉപയോഗശൂന്യമായ മരുന്നുകളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനം മനുഷ്യരുടെയും പക്ഷി-മൃഗാദികളുടെയും പ്രതിരോധശക്തിയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(സി) ഔഷധങ്ങൾ കൈകാര്യം ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിൽ വിൽപ്പനയ്ക്കായി സംഭരിക്കുന്ന മരുന്നുകൾ ചില കാരണങ്ങളാൽ ചെലവാകാതെ കാലഹരണപ്പെടുന്ന അവസ്ഥയുണ്ട്. ചില്ലറ ഔഷധ വ്യാപാരികൾ ഇത് മൊത്ത വ്യാപാരികൾക്ക് തിരിച്ചുനൽകി ആയതിന്റെ വില തിരികെ ലഭിക്കുന്ന സമ്പ്രദായമാണുള്ളത്. മൊത്ത വ്യാപാരികൾ ഇങ്ങനെ സംഭരിക്കുന്ന കാലഹരണപ്പെട്ട മരുന്നുകൾ നിർമ്മാതാവിന് മടക്കി നൽകുകയും നിർമ്മാതാക്കൾ Bio-medical Waste Management Disposal നിയമപ്രകാരം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ ചെറുകിട നിർമ്മാതാക്കൾ വിപണനം ചെയ്യുന്ന മരുന്നുകൾ ഇത്തരത്തിൽ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളില്ലാത്തതിനാൽ ഇവ തരിശ് പുരയിടങ്ങളിലും ജലാശയങ്ങളിലും അലക്ഷ്യമായി പുറന്തള്ളുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇത് തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നിരീക്ഷണം നടത്തുന്നുണ്ട്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിൽ ഭേദഗതിയിലൂടെ പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്. രോഗികൾ വാങ്ങുന്ന മരുന്നുകൾ പല കാരണങ്ങളാൽ ഉപയോഗിക്കാതെ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണത തടയുവാൻ (Programme for Removal of Unused Drugs-PROUD) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ്, ഔഷധ വ്യാപാര സംഘടനയുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

(ഡി) വ്യാപാരി സംഘടനയുടെ സഹകരണത്തോടെ, ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ ശാസ്ത്രീയ നിർമ്മാർജ്ജനത്തിന് PROUD (Programme for Removal of Unused Drugs) എന്ന് നാമകരണം ചെയ്ത പൈലറ്റ് പ്രോജക്ട് തിരുവനന്തപുരത്ത് 15-4-2019 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) മേൽ സൂചിപ്പിച്ച PROUD എന്ന പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

**കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത**

20 (*170) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ആകുന്നതോടെ കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത പൂർത്തീകരിച്ച് ചരക്കുഗതാഗതം സുഗമമാക്കുകയും വിനോദസഞ്ചാര വ്യവസായത്തിന് കുതിപ്പേകുകയും ചെയ്യുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിനായി നടന്നുവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിൽ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനാലുകളുടെ പ്രവൃത്തി നിർവ്വഹണ ഏജൻസിയായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നടത്തുന്ന പ്രവൃത്തികൾ അവലോകനം ചെയ്തിരുന്നോ;

(സി) ഈ പദ്ധതിക്കായി കിഫ്ബി വഴി ഏറ്റെടുത്ത് നടത്താൻ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളെക്കുറിച്ചും അവയുടെ പുരോഗതിയും അറിയിക്കാമോ;

(ഡി) കൊച്ചി മെട്രോ റെയിൽ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള കൊച്ചി വാട്ടർ മെട്രോയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന പശ്ചിമതീര കനാലിനെ ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കിവരുന്നത്.

ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2020-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട ഈ ഘട്ടത്തിലെ പ്രവൃത്തികൾ ലക്ഷ്യത്തോടടുക്കുന്നു.

രണ്ടാം ഘട്ടത്തിൽ കയ്യേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, കനാലിന്റെ വീതികൂട്ടൽ മുതലായ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2022- ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

മൂന്നാംഘട്ടം 2025-ൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ജലപാതയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ദേശീയ ജലപാത നിലാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) അവലോകനം ചെയ്തിരുന്നു.

(സി) കോവളം-ബേക്കൽ ജലപാത പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി വഴി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്:

1. 66 കോടി രൂപ മുതൽമുടക്കുള്ള പാർവ്വതി പുത്തനാർ (കോവളം-ആക്കുളം) നവീകരണം

2. മാഹി പുഴയേയും വളപട്ടണം പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൃത്രിമ ജലപാതകളുടെ നിർമ്മാണത്തിനായുള്ള 680 കോടി രൂപ മുതൽമുടക്കുള്ള പദ്ധതി.

പാർവ്വതി പുത്തനാറിന്റെ ആക്കുളം മുതൽ പനത്തുറ വരെയുള്ള ഭാഗത്തെ ശുചീകരണം ആദ്യഘട്ടമായി പൂർത്തീകരിച്ചിട്ടുണ്ട്. ഈ റീച്ചിൽ 14 കി.മീ. ഭാഗം ഗതാഗത യോഗ്യമാണ്. മാഹി വളപട്ടണം റീച്ചിൽ 26 കി.മീ. പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. കനാലുകളുടെ അലൈൻമെന്റ് തീർപ്പാക്കുകയും ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം റീച്ചിലെ അതിർത്തി കല്ലിടുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ഡി) കൊച്ചി വാട്ടർമെട്രോ പദ്ധതിക്കുവേണ്ടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. 14 ടെർമിനലുകൾക്കുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഏറ്റെടുപ്പ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി 23 ബോട്ടുകളുടെ നിർമ്മാണം കൊച്ചി കപ്പൽശാലയിൽ പുരോഗമിക്കുന്നു.

## പി.എസ്.സി. പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിന് നടപടി

21 (*171) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തു പരീക്ഷകളിൽ വിവിധ തരത്തിലെ ക്രമക്കേടുകൾ അരങ്ങേറുന്നതായ പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ പതിവായി കണ്ടുവരുന്ന ക്രമക്കേടുകൾ എന്തൊക്കെയാണെന്നും സ്വീകരിച്ചു വരുന്ന പരിഹാര നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പോലീസ് സേനയിലേയ്ക്കുള്ള എഴുത്തു പരീക്ഷ നടത്തുന്ന ഹാളുകളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ പി.എസ്.സി.യുടെ എല്ലാ എഴുത്തു പരീക്ഷാ ഹാളുകളിലും ഇത്തരം മുൻകരുതൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പി.എസ്.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്:

1. പരീക്ഷാ കേന്ദ്രങ്ങളിലെ/ഹാളിലെ ഉദ്യോഗാർത്ഥികൾ അപമര്യാദയായി പെരുമാറിയത്.
2. മൊബൈൽ ഫോൺ/സ്മാർട്ട് വാച്ച്/മുതലായവ ഉപയോഗിച്ചത്/കൈവശം സൂക്ഷിച്ചത്.
3. ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയത്.
4. ഇൻവിജിലേറ്റർക്കെതിരായ പരാതി.
5. അടുത്തടുത്ത രജിസ്റ്റർ നമ്പർ തരപ്പെടുത്തി പരീക്ഷ എഴുതിയത്.

മേൽപ്പറഞ്ഞ ക്രമക്കേടുകൾ തടയുന്നതിനായി പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പി.എസ്.സി. പരീക്ഷകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് സൈബർ ക്രൈം വിഭാഗം പരിശീലനം നൽകിവരുന്നു.

(ബി) ഇല്ല. വളരെ സുതാര്യമായും കുറ്റമറ്റ രീതിയിലും പരീക്ഷ നടത്തുന്നതിനു വേണ്ട നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. പരീക്ഷയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ക്യാമറ സംവിധാനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണം

22 (*172) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുരാവസ്തു വകുപ്പിനുകീഴിൽ നിലവിൽ എത്ര സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളതെന്നും കൂടുതൽ പൈതൃക മന്ദിരങ്ങളെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കാമോ;

(സി) എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്വപരമോ കലാശിൽപപരമോ ആയ പ്രത്യേകതകളുള്ളതും നൂറു വർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മിതികളും സ്ഥാനങ്ങളുമാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നത്. കൂടാതെ ഇത്തരത്തിൽ പ്രാധാന്യമുള്ള പുരാവസ്തുക്കളും പുരാവശിഷ്ടങ്ങളും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. ഓരോ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തി സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കുകയും അവ ക്രമമായി നിർവ്വഹിച്ച് പൂർത്തീകരിക്കുകയും ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷം നിർമ്മിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി 650 ലക്ഷം

രൂപയും രാസസംരക്ഷണ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇത്തരത്തിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയ പ്രധാന നിർമ്മിതി - സംരക്ഷണ രാസസംരക്ഷണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

പതിനേഴോളം കെട്ടിടങ്ങൾ ഉൾക്കൊള്ളുന്ന പത്മനാഭപുരം കൊട്ടാര സമുച്ചയത്തിലെ കമ്മട്ടപ്പുര, വലിയ ഊട്ടുപുര, പാൽപ്പുര, മാളിക, മണിമേട എന്നിവയുടെ സമഗ്രമായ സംരക്ഷണ ജോലികൾ പൂർത്തിയാക്കി. സംസ്ഥാനത്തെ ഏറ്റവും വലിയ സംരക്ഷിതസ്മാരകമായ ഹിൽപ്പാലസ് സമുച്ചയത്തിലെ ഏറ്റവും പഴക്കം ചെന്ന നിർമ്മിതിയായ എട്ടുകെട്ടിന്റെയും അതിനോടു ചേർന്നുള്ള കുളപ്പുര മാളികയുടെയും സംരക്ഷണ ജോലികൾ പൂർത്തീകരിച്ചു. കൊട്ടാരവളപ്പിലെ പൈതൃക നിർമ്മിതികളായ മൂന്നു കുളങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചു.

കോട്ടകളുടെ നാടായ കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരികോട്ടയിലെ നടപ്പാത, കൊത്തളങ്ങൾ എന്നിവയുടെ സംരക്ഷണപ്പണികൾ നിർവ്വഹിച്ചു. പൊവ്വൽ കോട്ടയിലും സമഗ്രമായി സംരക്ഷണജോലികൾ നിർവ്വഹിച്ചു. ഹോസ്ദുർഗ്ഗ് കോട്ടയുടെ തകർന്നുപോയ കൊത്തളങ്ങൾ, നടവഴി എന്നിവ പൂർവ്വസ്ഥിതിയിലാക്കി. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഓർമ്മകൾ നിലനിൽക്കുന്ന പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കുകയും സമഗ്രസംരക്ഷണ ജോലികൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കുകയും ചെയ്തു.

കിളിമാനൂർ കൊട്ടാരത്തിലെ പുത്തൻമാളിക, കുളപ്പുരക്കെട്ട്, സ്റ്റുഡിയോ ഹാൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. ദാരുശിൽപ്പങ്ങൾക്ക് പ്രസിദ്ധിയാർജ്ജിച്ച ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലെ കുട്ടമ്പേരൂർ കാർത്ത്യായനി ക്ഷേത്രം, കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം മഹാദേവക്ഷേത്രം, ചങ്ങനാശേരിയിലുള്ള കുമാരമംഗലത്തുമന, ചുവർ ചിത്രങ്ങൾക്ക് ശ്രദ്ധേയമായ കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ശിവക്ഷേത്രം, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരക്ഷേത്രം, ഇരയിമ്മൻ തമ്പിയുടെ ജന്മഗൃഹമായ ആലപ്പുഴ ജില്ലയിലെ ചേർത്തല വാരനാട് നടുവിലെ കോവിലകം, തൃശ്ശൂർ ജില്ലയിലെ വേലൂരിലെ അർണോസ് പാതിരിയുടെ ഭവനം, സെന്റ് ഫ്രാൻസിസ് ഫൊറാനാ പള്ളി, എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോട്ട, തിരുനായത്തോട് ശ്രീനാരായണ ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കൽപ്പത്തൂരിടം പരദേവതാക്ഷേത്രം, ഈസ്റ്റ് ഹില്ലിലുള്ള പഴശ്ശിരാജാ മ്യൂസിയം സ്ഥിതി ചെയ്യുന്ന കളക്ടേഴ്സ് ബംഗ്ലാവ് എന്നിവയുടെ സംരക്ഷണ ജോലികളും പൂർത്തിയാക്കുകയുണ്ടായി.

വകുപ്പ് നടത്തിയ നിർമ്മിതി സംരക്ഷണ പ്രവൃത്തികളിൽ എടുത്ത് പറയേണ്ടതും ശ്രദ്ധേയവുമായ ഒന്ന് കേരള നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന

പൈതൃക മന്ദിരത്തിന്റെ സംരക്ഷണമാണ്. പാരമ്പര്യ രീതിയിൽ തയ്യാറാക്കിയ കുമ്മായച്ചാന്ത് ഉപയോഗിച്ചാണ് മണിമേട, മതിൽക്കെട്ട് എന്നിവയുടെ സംരക്ഷണ പ്രവൃത്തി പൂർത്തിയാക്കിയത്.

(ബി) പുരാവസ്തു വകുപ്പിന് കീഴിൽ നിലവിൽ 184 സംരക്ഷിത സ്മാരകങ്ങളാണുള്ളത് (പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയത് ഉൾപ്പെടെ) കൂടുതൽ പൈതൃക മന്ദിരങ്ങളെ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായുള്ള നടപടികൾ നടന്നുവരുന്നു. താഴെപ്പറയുന്ന സ്മാരകങ്ങളുടെ പ്രാഥമിക വിജ്ഞാപനക്കരട് പുറപ്പെടുവിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

1. വെള്ളാരപ്പള്ളി തെക്കേ കോവിലകം, എറണാകുളം
2. മടിയൻകൂലോം ക്ഷേത്രം, കാഞ്ഞങ്ങാട്, കാസർഗോഡ്
3. ആലപ്പുഴ ജില്ലാ പോലീസ് മന്ദിരം
4. നേമം വില്ലേജ് ഓഫീസ് മന്ദിരം, തിരുവനന്തപുരം
5. കോമൺവെൽത്ത് കെട്ടിടം, മാനാഞ്ചിറ, കോഴിക്കോട്
6. ഇളയിടത്ത് വലിയ കോയിക്കൽ കൊട്ടാരം, കൊട്ടാരക്കര, കൊല്ലം ജില്ല.
7. മണിയറ പൂമാലക്കാവ് ഭഗവതിക്ഷേത്രം, കണ്ണൂർ
8. പെരുമ്പാവൂർ ചക്കിക്കല്ല്, എറണാകുളം
9. കൈത്തറി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം
10. ഔർ ലേഡി ഓഫ് ഹോപ്പ് ചർച്ച്, വൈപ്പിൻ, എറണാകുളം.

(സി) കേരളത്തിലെ ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരുംതലമുറയ്ക്ക് കൈമാറുന്നതിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 22-6-2018-ന് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി ചുവടെ ചേർക്കുന്നു:

എറണാകുളം ജില്ലാ പൈതൃക മ്യൂസിയം

ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവ് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവൃത്തികൾ ചെയ്യുന്ന സർക്കാർ നോഡൽ ഏജൻസി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും പുരാവസ്തു വകുപ്പ് കേരളം മ്യൂസിയവുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ശ്രീപാദം കൊട്ടാരം ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കെട്ടിടത്തിന്റെ നിർമ്മിതിപരമായ സംരക്ഷണ ജോലികൾ പൂർത്തിയായിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ ലഭ്യമായിട്ടുണ്ട്.

പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം

കൽപ്പാത്തിയിലെ മണി അയ്യർ ആഡിറ്റോറിയം ആണ് പാലക്കാട് ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നത്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടിയും പൂർത്തിയായിട്ടുണ്ട്. 6,92,41,365/ രൂപയുടെ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഡി.പി.ആർ-ന് ഭരണാനുമതി നൽകുകയും അതുപ്രകാരം 2,94,33,238 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം

കേരള വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിലാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിവരുന്നു. പ്രാദേശിക സഹകരണത്തോടെ പ്രദർശന വസ്തുക്കളുടെ സമാഹരണം പൂർത്തിയാക്കി.

ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 99 വർഷത്തേയ്ക്ക് വകുപ്പിന് പാട്ടത്തിന് കൈമാറിയിട്ടുള്ളതുമായ കെട്ടിടത്തിലാണ് ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയം കെട്ടിടത്തിന്റെ നിർമ്മിതിപരമായ പ്രവൃത്തികൾ

പൂർത്തിയാക്കിയിട്ടുണ്ട്. പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടിയും പൂർത്തിയായിട്ടുണ്ട്. സജ്ജീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച്, മ്യൂസിയം താമസംവിനാ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്.

വയനാട് ജില്ലാ പൈതൃക മ്യൂസിയം

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പഴശ്ശികുടീരം പ്രോജക്ടിലാണ് വയനാട് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. മ്യൂസിയം സജ്ജീകരണത്തിനായി ആകെ 4,24,00,000 രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ 2,12,00,000 രൂപ സജ്ജീകരണ പ്രവൃത്തികൾക്കായി സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് കൈമാറിയിട്ടുണ്ട്. മ്യൂസിയത്തിന്റെ പരിസര വികസന പ്രവൃത്തികൾക്കുള്ള പദ്ധതി പുരാവസ്തു വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം

മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന താലൂക്ക് ഓഫീസ് അവിടെനിന്നും മാറ്റിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ്.

## ലോക കേരളസഭയുടെ ദ്വിതീയ സമ്മേളനം

23 (*173) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾക്കായി എത്ര സ്റ്റാൻഡിംഗ് കമ്മിറ്റികളാണ് രൂപീകരിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും ചുമതലകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) മറ്റു രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും ജോലി തേടുന്നവർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് സഹായകമായ എന്തെല്ലാം നയങ്ങളാണ് ലോക കേരള സഭയുടെ സമ്മേളനത്തിൽ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ലോക കേരളസഭയുടെ അടുത്ത സമ്മേളനം എന്നത്തേക്ക് ചേരുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഒന്നാം ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിച്ചിരുന്നത്. ഇതിന്റെ വിവരം ചുവടെ ചേർക്കുന്നു:

കമ്മിറ്റി 1 -കേരള വികസന നിധി രൂപീകരണവും നടത്തിപ്പും ലോക കേരള സഭ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

ചെയർമാൻ-പത്മശ്രീ രവി പിള്ള

കമ്മിറ്റി 2-പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിന് സുരക്ഷയൊരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം

ചെയർമാൻ - പത്മശ്രീ.എം. എ. യൂസഫലി

കമ്മിറ്റി 3 - പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

ചെയർമാൻ - പത്മശ്രീ. ആസാദ് മൂപ്പൻ

കമ്മിറ്റി 4 - മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിന് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നയ രൂപീകരണം

ചെയർമാൻ - ശ്രീ. സി. വി. റപ്പായി

കമ്മിറ്റി 5 - പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമ രൂപീകരണത്തിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ

ചെയർമാൻ - പത്മശ്രീ. സുനിത കൃഷ്ണൻ

കമ്മിറ്റി 6- കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നപടിക്രമങ്ങളുടെയും രൂപീകരണം.

ചെയർമാൻ-പ്രൊഫ. കെ. സച്ചിദാനന്ദൻ

കമ്മിറ്റി 7- ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെയും അതാത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുക.

ചെയർമാൻ -ശ്രീ. ബെന്യാമിൻ

2020 ജനുവരിയിൽ നടന്ന രണ്ടാം ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. പ്രസ്തുത സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ശിപാർശകളായി സമർപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മനുഷ്യാവകാശം, പ്രവാസി അനുകൂല നിയമനിർമ്മാണം, നൈപുണ്യ വികസനം, റിക്രൂട്ട്മെന്റ് പ്രക്രിയ, കോൺസുലാർ സേവനങ്ങൾ, നിയമസഹായം, യാത്രാ സൗകര്യങ്ങൾ, മികവുകേന്ദ്രങ്ങളുടെ രൂപീകരണം, നോർക്ക സ്കീമുകൾ എന്നിവയെക്കുറിച്ച് രണ്ടാം ലോക കേരള സഭയിൽ ചർച്ച ചെയ്തിരുന്നു. ഇതിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ശിപാർശകളായി സമർപ്പിക്കുവാനുള്ള തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും ജോലി തേടുന്നവർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഒന്നാം ലോക കേരള സഭയുടെ വിഷയമേഖല സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച താഴെപ്പറയുന്ന ശിപാർശകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്:

1. വനിത എൻ.ആർ.കെ.സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ. ആർ. കെ. വനിതാ സെൽ രൂപീകരിച്ചു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു.

2. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u>

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. കൂടാതെ റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ, ഫുൾസ്റ്റോക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് എന്നീ മേഖലകളിൽ വിദേശ രാജ്യങ്ങളിൽ ഒട്ടനവധി തൊഴിലവസരങ്ങൾ ഉടലെടുക്കുന്നതിനാൽ ഈ മേഖലയിൽ പരിശീലനവും പ്രാവീണ്യവും നൽകുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ.) യുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. ഇത് കൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യു.എ.ഇ., കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ നഴ്സുമാർക്ക് ഈ മേഖലയിൽ തൊഴിൽ ലഭ്യമാകുന്നതിന് അതത് രാജ്യങ്ങളിലെ സർക്കാർ ലൈസൻസിംഗ് പരീക്ഷ പാസാകേണ്ടതുണ്ട്. HAAD/PROMETRIC/MOH/DOH തുടങ്ങിയ പരീക്ഷകൾ പാസാകുന്നതിന് കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം ഈ മേഖലയിൽ ട്രെയിനിംഗ് നൽകിവരുന്നു. നൈപുണ്യ വികസനത്തിനായി കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

(സി) ലോക കേരള സഭയുടെ അടുത്ത സമ്മേളന തീയതി നിശ്ചയിച്ചിട്ടില്ല.

## സംസ്ഥാനത്തെ മാവോയിസ്റ്റ് പ്രവർത്തനം

24 (*174) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. അബ്ദുൽ ഹമീദ്. പി.:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പായത്തോട് ടൗണിൽ തോക്കേന്തി പ്രകടനം നടത്തിയ മാവോയിസ്റ്റ് സംഘത്തെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗത്തിന് വീഴ്ച ഉണ്ടായിട്ടുണ്ടോ;

(സി) മാവോയിസ്റ്റ് പ്രവർത്തകരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംഭവം സംബന്ധിച്ച് കണ്ണൂർ ജില്ലയിലെ കേളകം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 21/2020 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 28-5-2018 -ലെ സ.ഉ.(എം.എസ്.) 93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദികളായ മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ അകപ്പെട്ട തീവ്ര നക്സലുകളെയും യുവാക്കളെയും പൂർണ്ണമായും അവരുമായുള്ള സമ്പർക്കത്തിൽനിന്നും മോചിതരാക്കി പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് അവസരമൊരുക്കുകയും ആവശ്യമായ തൊഴിലവസരങ്ങളും സംരംഭകത്വ അവസരങ്ങളും നൽകി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംഘടനയുടെ കേഡർമാരോ, പ്രവർത്തകരോ, അംഗങ്ങളോ ആയവരെയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യധാന്യ വിതരണരംഗത്തെ ഗുണനിലവാരത്തകർച്ച

25 (*175) ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ ഭക്ഷ്യധാന്യ വിതരണത്തിൽ വ്യാപക ക്രമക്കേടും ഗുണനിലവാരത്തകർച്ചയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏതു സാഹചര്യത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ സപ്ലൈകോ ഗോഡൗണുകളിലും കണക്കെടുപ്പ് നടത്തുവാൻ സിവിൽ സപ്ലൈസ് ഡയറക്ടർ ഉത്തരവ് നൽകിയിരുന്നോ; പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് വിതരണം ചെയ്ത അരിയിൽ പുഴുക്കളെ കണ്ടെത്തിയതിനെത്തുടർന്ന് കാർഡുടമകൾ വാങ്ങിക്കൊണ്ട് പോയ അരി കടകളിൽ തിരിച്ചെത്തിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) ഇത്തരം ഉപയോഗശൂന്യമായ അരി തിരിച്ചെടുത്ത റേഷൻ വ്യാപാരികൾ ദുരിതത്തിലായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവരെ സഹായിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ഇ) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര തകർച്ചയെക്കുറിച്ച് വ്യാപക പരാതി ഉണ്ടാകുന്ന സാഹചര്യത്തിൽ ക്വാളിറ്റി കൺട്രോൾ തസ്തികയിലേക്ക് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വ്യാപകമായ ക്രമക്കേടുകളോ ഗുണനിലവാര തകർച്ചയോ റേഷൻ കടയിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ കാലാവസ്ഥയുടെ വ്യതിയാനങ്ങൾ നിമിത്തം സംഭരിച്ച സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് കേട് സംഭവിക്കാറുണ്ട്. ശാസ്ത്രീയ സൗകര്യമുള്ള ഗോഡൗണുകളുടെ അപര്യാപ്തതയും സംസ്ഥാനത്തുണ്ടായിട്ടുള്ള രണ്ട് പ്രധാനപ്പെട്ട പ്രളയ സാഹചര്യങ്ങളും ആയതിന് ഒരു കാരണമാണ്. പ്രളയത്തിൽ പലയിടങ്ങളിലും കുറെയധികം ധാന്യങ്ങൾ ഈർപ്പം കയറി കേടുവരുകയുണ്ടായി. അവയിൽ ചിലത് സംസ്കരിച്ച് ഉപയോഗ യോഗ്യമാക്കാവുന്നതാണ്.

അത്തരുണത്തിൽ ഉപയോഗയോഗ്യമാക്കാവുന്നവയെ അപ്രകാരം ചെയ്യും അല്ലാത്തവ മറ്റ് വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്.

(ബി) കേടുവന്ന ഭക്ഷ്യധാന്യങ്ങൾ പുനഃസംസ്കരിച്ച് ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ സംസ്ഥാന തലത്തിൽ ഒരു കണക്കെടുപ്പ് നടത്തുവാൻ ഉത്തരവ് നൽകിയിരുന്നു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ വിതരണം ചെയ്യാതെ മാറ്റിവയ്ക്കപ്പെട്ട ധാന്യങ്ങൾ ഭക്ഷ്യയോഗ്യമല്ലാത്തതെന്നും ശാസ്ത്രീയമായി പുനഃസംസ്കരിച്ച് പുനരുപയോഗം സാധ്യമായതെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധകരുടെ അംഗീകാരത്തോടെ അവയെ പുനഃസംസ്കരിക്കാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യും അല്ലാത്തവ വ്യാവസായിക ആവശ്യത്തിന് ലേലം ചെയ്യും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥരും സപ്ലൈകോയിലെ ഉദ്യോഗസ്ഥരും സംയുക്തമായി എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത വേളയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർക്കശമായ അച്ചടക്ക നടപടി സ്വീകരിച്ചുവരികയുമാണ്.

(സി&ഡി) യാതൊരു കാരണവശാലും ഗുണനിലവാരം ഇല്ലാത്ത ധാന്യങ്ങൾ റേഷൻ കടകൾവഴി ജനങ്ങൾക്ക് വിതരണം ചെയ്യരുതെന്ന് ഉദ്യോഗസ്ഥർക്കും ലൈസൻസികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ റേഷൻ കടയിൽ എത്തിയാൽ അവ തിരികെ ഏൽപ്പിച്ച് പകരം നല്ല ധാന്യങ്ങൾ വാങ്ങുന്നതിന് റേഷൻ ലൈസൻസികൾക്ക് സൗകര്യം ചെയ്തിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് ദുരിതം ഉണ്ടായിട്ടില്ല.

(ഇ) സപ്ലൈകോയിൽ മാനേജർ (ക്യൂ.എ), അസിസ്റ്റന്റ് മാനേജർ (ക്യൂ.എ) തസ്തികയിലുള്ള ഉദ്യോഗസ്ഥരാണ് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നത്. 4 സ്ഥിരം അസിസ്റ്റന്റ് മാനേജർ (ക്യൂ.എ) മാരും കരാർ അടിസ്ഥാനത്തിൽ 19 ജൂനിയർ മാനേജർ (ക്യൂ.എ) മാരും നിലവിൽ സപ്ലൈകോയിൽ ജോലി ചെയ്തുവരുന്നു. പ്രസ്തുത ജീവനക്കാർ ജനറൽ/എൻ.എഫ്.എസ്.എ-യിൽ പ്രവർത്തിച്ചുവരുന്നു. ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനും പരിശോധനകൾ കുറ്റമറ്റതാക്കുന്നതിനും കൂടുതൽ സ്ഥിരം ജീവനക്കാരുടെ സേവനം ആവശ്യമായതിനാൽ ആയതിലേയ്ക്കായി ജൂനിയർ മാനേജർ (ക്യൂ.എ) തസ്തികയിൽ 9 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ഒഴിവുള്ള ജൂനിയർ മാനേജർ (ക്യൂ.എ) തസ്തികയിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലെ ഒഴിവുകൾ നികത്തപ്പെടുകയും ചെയ്യുമ്പോൾ ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലെ സാഹചര്യത്തെക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണ്.

## ഭക്ഷ്യ സുരക്ഷ കാര്യക്ഷമമാക്കാൻ നടപടി

26 (*176) ശ്രീ. ബി. സത്യൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ബാബു:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽ പന്ത്രണ്ട് ശതമാനം ഭക്ഷ്യയോഗ്യമല്ലാത്തതോ ഗുണനിലവാരമില്ലാത്തതോ ആണെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ പരിശോധനയിൽ കണ്ടെത്തിയെന്ന് പറയുന്ന റിപ്പോർട്ടിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടിയെടുക്കുമോ;

(ബി) തട്ടുകട മുതൽ നക്ഷത്ര പദവിയുള്ള ഹോട്ടലുകൾ വരെയുള്ളവയിലും ബേക്കറികളിലും വിൽക്കുന്ന ആഹാരം ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പു വരുത്താൻ നിലവിൽ നടത്തിവരുന്ന പരിശോധന കൂടുതൽ കർക്കശമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ മാതൃകാപഞ്ചായത്ത് പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(ഡി) വിവിധ ബ്രാൻഡുകളിൽപ്പെട്ട കുപ്പിവെള്ളം, പാൽ, ഭക്ഷ്യ എണ്ണകൾ, മത്സ്യം, മാംസം, പഴങ്ങൾ എന്നിവയിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ വ്യാപകമായുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഭക്ഷ്യ പദാർത്ഥങ്ങൾ പ്രത്യേകമായി നിരീക്ഷിക്കാൻ നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുമോ?

ആരോഗ്യവും സാമൂഹ്യ നീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും 3 ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും NABL Accreditation ഉള്ള 3 അനലിറ്റിക്കൽ ലാബുകളും 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

വിപണിയിൽ ലഭ്യമായിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന് കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006-ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യ വസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ34) എന്നീ വകുപ്പുകളും ഫലവത്തായി ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ മുഖേനയും കുടിവെള്ളം പരിശോധിക്കുന്നുണ്ട്. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick detection of Adulteration Test (പാൽ, ഭക്ഷ്യ എണ്ണകൾ) സംവിധാനവും ഭക്ഷ്യവസ്തുക്കളിലെ കൃത്രിമ കളർ കണ്ടെത്തുന്നതിനുള്ള സംവിധാനവും ഈ ലാബുകളിൽ നിലവിലുണ്ട്. അടുത്തകാലത്തുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് ടി സ്ഥലങ്ങളിലെ കിണറുകളിലെയും പൊതു ടാപ്പുകളിലെയും കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) യുടെ നിർദ്ദേശാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് നിരവധി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. FoSTaC (Food Safety Training & Certification), RUCO (Repurpose Used Cooking Oil), BHOG (Blissful Hygienic Offering to God, lSNF@School (Safe and Nutritious Food at School), Clean Street Food Hub, സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ

സാഗർ റാണി, ശർക്കരയിലെ മായം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ പനേല തുടങ്ങിയ പദ്ധതികളും നടന്നുവരുന്നു. സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contact Centre (GCC) വഴി (Toll Free No.1800 425 1125) ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന QRT (Quick Response Team) സംവിധാനം എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബും ഗവേഷണകേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) തട്ടുകട മുതൽ നക്ഷത്ര പദവിയുള്ള ഹോട്ടലുകൾ വരെയുള്ളവയിലും ബേക്കറികളിലും വിൽക്കുന്ന ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തുടനീളം ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലമായി ഇത്തരത്തിലുള്ള 29165 ഭക്ഷ്യ വിതരണ/വിൽപ്പന സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം 8369 സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും 7285 സാമ്പിളുകളുടെ പരിശോധനാ ഫലം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 695 സാമ്പിളുകൾ Unsafe ആയും 431 സാമ്പിളുകൾ Substandard ആയും 229 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ഇതിൽപ്രകാരം 583 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇപ്രകാരമുള്ള ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 1,16,71,800 രൂപ പിഴ ചുമത്തിയിട്ടുണ്ട്.

(സി) 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്തുകളാക്കുന്നതിന്റെ ഒരു കർമ്മ പദ്ധതി തയ്യാറാക്കി ഭക്ഷ്യസുരക്ഷാ വകുപ്പ് വർഷംതോറും നടത്തിവരുന്ന പദ്ധതിയാണ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത്.

ഈ പദ്ധതി പ്രകാരം എല്ലാ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കും ലൈസൻസ്/രജിസ്ട്രേഷൻ നൽകുക, ഗ്രാമപഞ്ചായത്തുകളിലുള്ള സ്കൂളുകൾ, കോളേജുകൾ, അങ്കണവാടികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് സുരക്ഷിതാഹാരത്തെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പരിശോധന,

കാർഷിക കർമ്മസേനയുടെ സഹായത്തോടുകൂടി ഓർഗാനിക് ഫാമിംഗ് ബോധവൽക്കരണം ഐ.എം.എ.യുടെയും ന്യൂട്രീഷൻ ബോർഡിന്റെയും സഹായത്തോടെ കുട്ടികളുടെ പോഷകാഹാരത്തെക്കുറിച്ചുള്ള അവബോധന ക്ലാസ്, പഞ്ചായത്തുകളിലെ മത്സ്യവിൽപ്പന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ജീവനക്കാർ, പച്ചക്കറി, പഴവർഗ്ഗ വിൽപ്പന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ജീവനക്കാർ, വഴിയോര കച്ചവടക്കാർ എന്നിവർക്ക് ബോധവൽക്കരണം, പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾക്കും ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, പഞ്ചായത്തുതല ഓഫീസുകൾ, ഹോസ്പിറ്റലുകൾ, സ്കൂളുകൾ, കോളേജ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ മെസ്സ്/കാന്റീൻ ജീവനക്കാർക്കുള്ള ബോധവൽക്കരണം, മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ ഉപയോഗിച്ചുകൊണ്ടുള്ള ക്വിക്ക് അഡൽറ്ററേഷൻ ടെസ്റ്റുകളുടെ പരിശീലനവും ബോധവൽക്കരണവും നടന്നുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ 2016-17 കാലയളവിൽ സംസ്ഥാനത്ത് 50 പഞ്ചായത്തുകളെ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കിയിരുന്നു. 2017-18 കാലയളവിൽ 100 പഞ്ചായത്തുകളിലും 2018-19 കാലയളവിൽ 120 പഞ്ചായത്തുകളിലും 2019-20 കാലയളവിൽ 126 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള നിർമ്മാണ പദ്ധതി പ്രകാരം ആരോഗ്യകുടുംബക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും ഘട്ടം ഘട്ടമായി സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ പഞ്ചായത്തുകളായി മാറ്റുവാൻ ഉദ്ദേശിക്കുന്നു.

2017-18 കാലയളവിൽ കൊല്ലം ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ എല്ലാ ഫുഡ് ബിസിനസ് ഓപറേറ്റർമാർക്കും ലൈസൻസ്/രജിസ്ട്രേഷൻ നൽകി സമ്പൂർണ്ണ ലൈസൻസ്/രജിസ്ട്രേഷൻ ജില്ലയായി പ്രഖ്യാപിച്ചിരുന്നു.

(ഡി) വിവിധ ബ്രാന്റുകളിൽപ്പെട്ട കുപ്പിവെള്ളം, പാൽ, ഭക്ഷ്യ എണ്ണകൾ, മത്സ്യം, മാംസം, പഴങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി ഇത്തരത്തിലുള്ള 5571 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. അതോടൊപ്പം 2408 സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബിൽ പരിശോധനയ്ക്കായി നൽകിയിട്ടുള്ളതുമാകുന്നു. 2046 സാമ്പിളുകളുടെ പരിശോധനാ ഫലം ലഭിച്ചതിൽ 77 സാമ്പിളുകൾ Unsafe ആയും 153 സാമ്പിളുകൾ Substandard ആയും 47 സാമ്പിളുകൾ Misbranded ആയും പരിശോധനാഫലം ലഭിച്ചു. ആയതിൻപ്രകാരം 147 കേസുകൾ രജിസ്റ്റർ ചെയ്യുകയും 8,76,000 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മാത്രമായി 'ഓപ്പറേഷൻ സാഗർ റാണി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ചെക്ക്പോസ്റ്റുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ കേടായതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 42 ബ്രാന്റ് വെളിച്ചെണ്ണയുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ 2020 ജനുവരിയിൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിരോധിക്കുകയുണ്ടായി.

## പാസ്പോർട്ട് പരിശോധനയ്ക്കായുള്ള സോഫ്റ്റ്‌വെയർ

27 (*177) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ പാസ്പോർട്ട് പരിശോധനയ്ക്കായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് പ്രസ്തുത സോഫ്റ്റ്‌വെയർ വികസനത്തിനായി സൊസൈറ്റിക്ക് നൽകേണ്ടത്;

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പോലീസിന്റെ ഡാറ്റാ ബാങ്ക് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റത്തിലുള്ള മുഴുവൻ വിവരങ്ങളും സൊസൈറ്റിയുടെ കയ്യിലെത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ ഉയർന്ന് വന്നിട്ടുള്ള ആശങ്കകളുടെ അടിസ്ഥാനത്തിൽ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബ്ലോക്ക് ചെയിൻ ടെക്നോളജി അടിസ്ഥാനമാക്കി പാസ്പോർട്ട് പരിശോധന/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി Total solution provider ആയ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഒരു

പ്രൊപ്പോസൽ സമർപ്പിക്കുകയും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഒരു Proof of Concept (PoC) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ പ്രസ്തുത സ്ഥാപനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) Proof of Concept ആപ്ലിക്കേഷന് സൊസൈറ്റി 35 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങളുടെ സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ ഒരു സാങ്കേതിക സമിതി വിലയിരുത്തുകയും അതുപ്രകാരം ഉചിതമായ തലത്തിൽ ഭരണാനുമതി നൽകേണ്ടതുമുണ്ട്. ഈ വിലയിരുത്തൽ നടന്നുവരികയുമാണ്.

(സി) പോലീസിന്റെ ഡാറ്റാ ബേസ് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടില്ല. ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റത്തിലുള്ള വിവരങ്ങൾ സൊസൈറ്റിയുടെ പക്കൽ എത്തുന്ന സാഹചര്യം നിലവിലില്ല.

(ഡി) ഈ ഘട്ടത്തിൽ പ്രസക്തമല്ല. സാങ്കേതിക സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിവരസഞ്ചയത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടും ഇതുസംബന്ധിച്ച് കോടതിയുടെ നിലവിലുള്ള പരിഗണനാ വിഷയങ്ങളിലെ തീരുമാനങ്ങൾ/നിർദ്ദേശങ്ങൾ പരിഗണിച്ചും മാത്രമെ ഇക്കാര്യത്തിൽ അന്തിമമായ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**കപ്പൽ ഗതാഗതത്തിനുള്ള പാത**

28 (*178) ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തിയിലെ കടലിൽ കപ്പൽ ഗതാഗതത്തിനുള്ള പാത നിർണ്ണയിക്കുന്നതിനും അത് പരിപാലിക്കുന്നതിനുമുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ബന്ധപ്പെട്ട അധികാരികൾ കേരള തീരത്തിന് സമീപമുള്ള കടലിൽ അത്തരം പാത നിർണ്ണയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അങ്ങനെ ചെയ്തിട്ടില്ലാത്തപക്ഷം ദിശമാറി തീരത്തോട് ചേർന്ന് സഞ്ചരിക്കുന്ന കപ്പലുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കപ്പൽ ഗതാഗതത്തിനുള്ള പാത അംഗീകരിക്കുന്നത് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ (International Maritime Organization) ആണ്.

(ബി) പാത നിർണ്ണയിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് തലത്തിൽ നടന്നുവെങ്കിലും ഇതുവരെ ശിപാർശ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷന് നൽകിയിട്ടില്ല.

(സി) ഇപ്പോൾ വ്യക്തമായ ഒരു കപ്പൽപ്പാത നിലവിലില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുവാൻ നിർവ്വാഹമില്ല.

**ഇ-ഓഫീസ് സംവിധാനം**

29 (*179) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഇ-ഓഫീസ് ഫയൽ സംവിധാനം സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏത് ഏജൻസി മുഖാന്തരമാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്; ഈയിനത്തിൽ എത്ര രൂപ വാർഷിക ചെലവ് വരുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വഴിയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. സോഫ്റ്റ്‌വെയറിന് വാർഷിക ചെലവ് ഒന്നുംതന്നെയില്ല. എന്നാൽ ലൈസൻസ്, സപ്പോർട്ട് സ്റ്റാഫിന്റെ ശമ്പളം എന്നീ ഇനങ്ങളിലായി NIC-ക്ക് 12,84,25,722 രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 14 കളക്ടറേറ്റുകളിലും 18 സബ്

കളക്ടറേറ്റ്/ആർ.ഡി.ഒ.-കളിലും 3 താലൂക്കുകളിലും ഇടുക്കി, വയനാട് ജില്ലകളിലെ വില്ലേജ് ഓഫീസുകളിലും 65 ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്/മറ്റ് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

**അതിവേഗ റെയിൽപാത**

30 (T*180) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗ റെയിൽപാതയുടെ അലൈൻമെന്റ് തീരുമാനിക്കാനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയോ എന്ന് അറിയിക്കാമോ ;

(ബി) വിശദമായ പദ്ധതി റിപ്പോർട്ട് എന്നത്തേക്ക് തയ്യാറാകുമെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-prniciple) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്.

ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പുസാമ്പത്തിക വർഷം തന്നെ പദ്ധതി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഇ-ഓഫീസ് സംവിധാനം

1 (1853) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; നിലവിൽ ഇ-ഓഫീസ് സംവിധാനം ഏതൊക്കെ ഓഫീസുകളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന് കീഴിലുള്ള എൻ. ഐ. സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) നിലവിലുള്ള ഇ-ഓഫീസ് സംവിധാനം പിൻവലിച്ച് പകരം പുതിയ സംവിധാനം കൊണ്ട് വരുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള ഇ-ഓഫീസ് സംവിധാനം കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ മുഴവൻ വകുപ്പുകൾ, 14 കളക്ടേറ്റുകൾ, 18 സബ് കളക്ടേറ്റ്/ആർ.ഡി.ഒ. ഓഫീസുകൾ, 3 താലൂക്കുകൾ, ഇടുക്കി, വയനാട് ജില്ലകളിലെ വില്ലേജ് ഓഫീസുകൾ, 65 ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്/മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇ- ഓഫീസ് സോഫ്റ്റ്‌വെയറിന്റെ വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗീകമായോ ഇ-ഓഫീസിന്റെ സേവനം ലഭിക്കാതിരിക്കുക എന്നിവയാണ് പ്രധാന ന്യൂനതകൾ. മറ്റ് ന്യൂനതകൾ താഴെ പറയുന്നവയാണ്:

1. മലയാളം ടൈപ്പിംഗിനുള്ള ബുദ്ധിമുട്ട്.
2. നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റ് പ്രശ്നം.
3. പേജ് നാവിഗേഷനിലുള്ള ബുദ്ധിമുട്ട്.
4. വിവിധ മാനുവലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ഒരു ഫയലിൽതന്നെ വിവിധതരം നമ്പരുകൾ ഉള്ളതുകൊണ്ട് ആയത് പിന്നീട് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
6. ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. ഒരു ചെറിയ കാര്യം ചെയ്യുന്നതിന് തന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥ.
8. സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതികവിദ്യയുടെ കാലപ്പഴക്കം.
9. ഫയൽ ഓപ്പണാകുന്നതിനുള്ള കാലതാമസം.
10. മറ്റ് വകുപ്പുകളിലേക്കും സെക്ഷനുകളിലേക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്തുനൽകാൻ സാധിക്കാത്ത അവസ്ഥ.

(സി&ഡി) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.-ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25-3-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല കമ്മിറ്റി 17-7-2017-ലെ സ.ഉ.(സാധാ) നമ്പർ 161/2017/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. 26-7-2017-ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യയോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ്‌വെയർ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എൻ.പി.ആർ. പ്രവർത്തനങ്ങൾ

2 (1854) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.ആർ. പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ സർക്കാർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ നിർദ്ദേശം നിലനിൽക്കുമ്പോഴും പല ഓഫീസുകളിലും സർക്കുലർ വിതരണം ചെയ്ത് വിവാദങ്ങൾ സൃഷ്ടിക്കുന്നതായും ഗുരുതരമായ കൃത്യവിലോപം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ അത്തരം നിയമലംഘനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്തുകൊണ്ട് 20-12-2019-ലെ സ.ഉ.നമ്പർ (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ. പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്.

(ബി&സി) സെൻസസ്-എൻ.പി.ആർ. നടപടികൾ സംബന്ധിച്ച് കേന്ദ്രസർക്കാർ നേരിട്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികളുടെ കാര്യംകൂടി പരാമർശിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ നൽകുന്ന കത്തുകളിൽ എൻ.പി.ആർ.-ന്റെ കാര്യംകൂടി തെറ്റായി പരാമർശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നു. തുടർന്ന് ഇത്തരത്തിൽ അശ്രദ്ധാപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. സെൻസസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) രണ്ട് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പൗരത്വ ഭേദഗതി ബിൽ**

3 (1856) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെൻസസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എന്നാണ് നടപടികൾ ആരംഭിച്ചത് എന്നും അറിയിക്കാമോ;

(ബി) സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ചോദ്യാവലി തയ്യാറാക്കിയ ഏജൻസി ഏതാണെന്നും ചോദ്യാവലിയിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലോ ഒഴിവാക്കലോ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സെൻസസുമായി സഹകരിക്കുന്നതിന് പൊതുജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) സെൻസസ് നടപടികളുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ എൻ.പി.ആർ.-ന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ലെന്ന് സർക്കാർ ഏതെല്ലാം രീതിയിലാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടത്തുന്നതിനായി രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിലെപോലെ താഴെപ്പറയുന്ന നടപടികൾ ഇതിനകം സംസ്ഥാന സർക്കാർ സ്വീകരിച്ചുകഴിഞ്ഞു.

i. 21-8-2019-ലെ എസ്.എസ്.1/19/2019/പൊ.ഭ.വ. നമ്പർ നോട്ടിഫിക്കേഷൻ 24-8-2019-ലെ 1951 നമ്പർ കേരള ഗസറ്റ് പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (Census)-2021 പ്രക്രിയ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം കേരളാ ഗസറ്റിൽ പുനഃപ്രസിദ്ധീകരിച്ചു.

ii. സംസ്ഥാനതലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാനതല

സെൻസസ് ഏകോപന സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടുതവണ യോഗം കൂടി ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.

iii. 2021-ലെ ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായുള്ള പ്രീ-ടെസ്റ്റ് 2019 ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിലായി മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) നടത്തുകയുണ്ടായി.

iv. വിവിധ തട്ടുകളിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാരെ സെൻസസ് പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുംവേണ്ടി നിയമിച്ച് ഉത്തരവായി.

v. സെൻസസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സെൻസസ് പ്രക്രിയ പൂർത്തിയാകുന്നതുവരെ അതായത് 2021 മാർച്ച് 31 വരെ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ സ്ഥലംമാറ്റാൻ പാടില്ലെന്ന പൊതുനിർദ്ദേശം പുറപ്പെടുവിച്ചു.

vi. ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യഘട്ടത്തിൽ വിവര ശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി വിജ്ഞാപനം ചെയ്തു.

vii. അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാരുമായി 2020 ഫെബ്രുവരി 5-ാം തീയതി ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻസസ് ചോദ്യാവലികൾ, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വിശദാംശം നൽകുകയും ചെയ്തു.

(ബി) ഉണ്ട്. കേന്ദ്രസർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണർ ആണ് സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത്. സെൻസസുമായി ബന്ധപ്പെട്ടുള്ള ചോദ്യാവലിയിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള കൂട്ടിച്ചേർക്കലോ ഒഴിവാക്കലോ നടത്തിയിട്ടില്ല.

(സി) നൽകിയിട്ടുണ്ട്. 22-1-2020-ൽ ചേർന്ന സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി പത്രക്കുറിപ്പ് മുഖാന്തരം 10 വർഷത്തിലൊരിക്കൽ രാജ്യത്ത് നടന്നുവരുന്ന ജനസംഖ്യ കണക്കെടുപ്പിൽ ശേഖരിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും സാമ്പത്തിക-സാമൂഹിക-വ്യക്തിഗത വിവരങ്ങൾ നമ്മുടെ നാടിന്റെ അടുത്ത 10 വർഷത്തേക്കുള്ള വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിൽ നിർണ്ണായകമായതിനാൽ രണ്ടു ഘട്ടങ്ങളായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പുമായി എല്ലാ ജനങ്ങളും സഹകരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) 22-1-2020-ലെ എസ്.എസ്.1/57/2019/പൊ.ഭ.വ നമ്പർ കത്ത് പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്) 2021-ന്റെ ആദ്യഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ലെന്നും സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്-2021)-മായി സർക്കാർ പൂർണ്ണമായി സഹകരിക്കുമെന്നും സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതിനുതകുന്ന ഏതെങ്കിലും ചോദ്യങ്ങൾ സെൻസസ് ചോദ്യാവലിയിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**ഡിസൈൻ ഹബ്**

4 (1857) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ 'ഡിസൈൻ ഹബ്' ആക്കി മാറ്റി തീർക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ മേഖലയിൽ യുവ സംരംഭകരെ സഹായിക്കുന്നതിന് എന്തെല്ലാം പ്രത്യേക പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാന സർക്കാർ കേരള ഡിസൈൻ വീക്ക് സംഘടിപ്പിച്ചുവരുന്നു. ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യ വകുപ്പ്, വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 2019 ഡിസംബർ 12 മുതൽ 14 വരെ രണ്ടാമത്തെ ഡിസൈൻ വീക്ക് കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. നൂതനവും

സാങ്കേതിക സഹായത്തോടുകൂടിയുമുള്ള ഡിസൈനിംഗിലൂടെ സുസ്ഥിരമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായാണ് ഈ പരിപാടി സംഘടിപ്പിച്ചത്. പരിശീലന കളരികൾ, പാനൽ ചർച്ചകൾ, എക്സിബിഷനുകൾ തുടങ്ങിയവ ഉൾപ്പെട്ടതാണ് ഡിസൈൻ വീക്ക്. ആഗോള തലത്തിൽ വ്യവസായ പ്രമുഖർ, സൃഷ്ടിപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധർ, ഡിസൈനിംഗിൽ വൈദഗ്ദ്ധ്യം ഉള്ളവർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്.

(ബി) ആഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി മേഖലയിൽ ആഗോളതലത്തിൽ പ്രമുഖരായ യൂണിറ്റിയുമായി സഹകരിച്ച് സെന്റർ ഓഫ് എക്സലൻസ് ടെക്നോളജി ഇന്നവേഷൻ സോണിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗെയിമിംഗുമായി ബന്ധപ്പെട്ട ഡിസൈനിംഗിൽ പരിശീലനം ലഭിക്കുന്നതിന് ഈ സെന്റർ പ്രയോജനപ്പെടുന്നതാണ്. വീഡിയോ ഗെയിമിംഗ് കൂടാതെ സിനിമ വ്യവസായം, ഓട്ടോമൊബൈൽ, രൂപകൽപ്പന, നിർമ്മാണവിദ്യ എന്നിവയിലും ഈ സെന്ററിലൂടെ വൈദഗ്ദ്ധ്യം ലഭിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. യു.എസ്-ലെ MIT- യുടെ കീഴിലുള്ള ബിറ്റ്സ് & ആറ്റംസുമായി സഹകരിച്ച് ടെക്നോളജി ഇന്നവേഷൻ സോണിൽ ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ ഫാബ്രിക്കേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യുവാക്കൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇത് സഹായകരമാകും. കൂടാതെ മെഷീനുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കും ഇത് ഉപകരിക്കും. ഈ രംഗത്തെ ആഗോള സ്ഥാപനങ്ങളുടെ സഹകരണത്തോടെ 20000 ചതുരശ്ര അടി സ്ഥലത്ത് ടെക്നോളജി ഇന്നൊവേഷൻ സോണിൽ ഡിസൈൻ ഇൻക്യൂബേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പത്രപ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ്

5 (1861) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്രനിയമം) പ്രകാരം 2-2-2016-ലെ സ.ഉ.(പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് നിലവിൽ വന്നിട്ടുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ്

സർവ്വീസ് ആന്റ് മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്തവരുമായ പത്ര-ദൃശ്യ, ഡിജിറ്റൽ മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റാനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10,000 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയർമെന്റ് പെൻഷൻ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹത നേടിയ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നപക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ അവശതാ പെൻഷനായി പ്രതിമാസം 1,200 രൂപ ബോർഡിന്റെ തനത് ഫണ്ടിൽനിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2,500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. നിലവിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള മറ്റ് ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നുണ്ട്. പദ്ധതിയംഗങ്ങൾക്ക് മരണാനന്തരാനുകൂല്യവും അപകടാനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ നിധിയിൽനിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിച്ചുവരുന്നു.

## മാധ്യമപ്രവർത്തകർക്ക് ക്ഷേമനിധി

6 (1862) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് നിലവിൽ സർക്കാർ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി, ജില്ലാതല തിരിച്ചറിയൽ കാർഡ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നതാണ്.

## ലോക കേരളസഭ

7 (1864) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വച്ച് 2020 ജനുവരിയിൽ നടന്ന ലോക കേരളസഭയിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് എത്ര പ്രതിനിധികൾ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സമ്മേളനത്തിന്റെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്തുവച്ച് നടന്ന ലോക കേരള സഭയിൽ യു.എ.ഇ., സൗദി അറേബ്യ, ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ, ശ്രീലങ്ക, സിംഗപ്പൂർ, ഇൻഡോനേഷ്യ, ജപ്പാൻ, ഹോങ്കോംഗ്, ബംഗ്ലാദേശ്, ഫിലിപ്പൈൻസ്, വിയറ്റ്നാം, മാലിദ്വീപ്, ബ്രൂണൈ, യു.എസ്.എ., കാനഡ, സെന്റ് ലൂസിയ, യു.കെ., ജർമ്മനി, ഇറ്റലി, ആസ്ട്രിയ, ഉക്രൈൻ, ജോർജിയ, ടാൻസാനിയ, മൊസാംബിക്, റഷ്യ, പോളണ്ട്, സാംബിയ, ബോട്ട്സ്വാന, അംഗോള, സൗത്ത് ആഫ്രിക്ക, ആസ്ട്രേലിയ, അസർബൈജാൻ, ന്യൂസിലൻഡ്, സ്വിറ്റ്സർലൻഡ്, നോർവെ, കെനിയ, തായ്‌ലൻഡ്, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽനിന്ന് 250 പ്രതിനിധികൾ പങ്കെടുത്തു.

(ബി) സമ്മേളനത്തിൽ വിഷയമേഖലാടിസ്ഥാനത്തിലും ജിയോഗ്രാഫിക്കൽ ഏരിയയുടെ അടിസ്ഥാനത്തിലും നടന്ന ചർച്ചകളിൽ പങ്കെടുത്ത പ്രതിനിധികളിൽനിന്നും ധാരാളം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നുവന്നിരുന്നു. ഈ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ശിപാർശകളായി സമർപ്പിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം**

8 (1865) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുവാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനപ്രകാരം എന്നുമുതൽ ഏതു തീയതിവരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) കാർഷിക കടങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തുന്ന പലിശ എത്രയാണെന്നും മൊറട്ടോറിയം കാലാവധിയിലും അതിനുശേഷവും ഈടാക്കുന്ന പലിശ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) രണ്ടു ലക്ഷം രൂപവരെയുള്ള കർഷകരുടെ കടങ്ങൾ എഴുതിതള്ളാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ; ഈ കാര്യത്തിലെ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) മൊറട്ടോറിയം കാലഘട്ടത്തിലെ കാർഷിക കടങ്ങളുടെ പലിശയ്ക്കോ അധികപലിശയ്ക്കോ സർക്കാർ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 12-10-2018-ലെ സ.ഉ. (എം.എസ്.) 367/2018/റവ നമ്പർ പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ആയത് 27-5-2019-ലെ സ.ഉ. (എം.എസ്.)146/2019/റവ നമ്പർ പ്രകാരം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. 3-1-2020-ലെ സ.ഉ. (കൈ) നമ്പർ 7/2020/റവ പ്രകാരം പ്രസ്തുത മൊറട്ടോറിയം കാലാവധി 31-3-2020 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) കാർഷിക വായ്പകളുടെ പലിശ നിരക്ക് വായ്പയുടെ സ്വഭാവം, കാലാവധി എന്നിവയ്ക്കനുസൃതമായാണ് നിജപ്പെടുത്തുന്നത്. പലിശ നിരക്കുകൾ അതാത് ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമാണ്. കർഷകരുടെ കിസാൻ ക്രെഡിറ്റ് കാർഡ് വായ്പകൾക്ക് നിലവിൽ 2% പലിശ സബ്‌വെൻഷനും (Interest Subvention) എടുത്ത തുക പലിശ സഹിതം കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പ്രോത്സാഹന പലിശ ഇളവും നൽകുന്നുണ്ട്. ഇതുപ്രകാരം കർഷകൻ 4% മാത്രമാണ് ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശയായി നൽകേണ്ടത്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിലുള്ള വായ്പ നിലവിൽ മൊറട്ടോറിയം ആനുകൂല്യത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആദ്യം ഒരു വർഷം മാത്രം 2% Interest Subvention ലഭിക്കുന്നതാണ്. രണ്ടാം വർഷം മുതൽ പുനഃക്രമീകരിച്ച വായ്പയ്ക്ക് സാധാരണഗതിയിലുള്ള പലിശ നൽകേണ്ടതാണ്.

(സി) കേരള കർഷക കടാശ്വാസ കമ്മീഷൻ മുഖാന്തരം അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്ട് 2019 ഡിസംബർ 7-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ 3016-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി**

9 (1866) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്കും ശബരിമല തീർത്ഥാടകർക്കും ഏറെ പ്രയോജനം ചെയ്യുന്ന അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതേവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ നിന്നും റെയിൽവേ മന്ത്രാലയം പിന്നാക്കം പോയതായി സർക്കാർ കരുതുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും കത്തുകളോ, കുറിപ്പുകളോ സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഇപ്പോൾ പദ്ധതി നടത്തിപ്പിന് എത്ര തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിനായി ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായി എരുമേലിയിൽ നിന്നും പുനലൂർ വഴി കൊല്ലത്തേക്ക് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി-ശബരി റെയിൽ പദ്ധതിക്കായി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കൂവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ) എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

(ബി&സി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

പ്രധാന മന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98-ലെ റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പുനലൂർ വഴി കൊല്ലത്തേയ്ക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നത് സംബന്ധിച്ച ശിപാർശ പരിഗണനയിലില്ല.

## തിരുവനന്തപുരം ജില്ല എൽ.പി.എസ്.എ. (മലയാളം മീഡിയം) നിയമനം

10 (1868) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം മീഡിയം) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 387/2014) നിയമനത്തിനായി എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി-.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര എൻ.ജെ.ഡി. ഒഴിവുകളുണ്ടെന്ന് പൊതുവിഭാഗം, സംവരണ വിഭാഗം തിരിച്ചുള്ള വിവരം നൽകാമോ;

(ബി) പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവിലേക്ക് അഡ്വൈസ് അയക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എൽ.പി.എസ്.എ. തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്മേൽ അന്തിമ തീരുമാനമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം മീഡിയം) തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 387/2014) നിയമനത്തിനായി നിലവിൽ 33 Fresh ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പൊതുവിഭാഗത്തിന്റെ പത്തും സംവരണ വിഭാഗത്തിന്റെ ഒൻപതും ഉൾപ്പെടെ ആകെ 19 NJD ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം മീഡിയം) നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരത്തിന്മേൽ അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ നിയമന ശിപാർശ പൂർത്തിയായിട്ടില്ല.

(സി) എൽ.പി.എസ്.എ തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന വിവിധ ഒ.എ.-കളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10-8-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന OP(KAT) 350/2018, 43/2019 111/2019, 440/2019 എന്നീ കേസുകളിന്മേൽ 7-8-2019-ൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ ടി വിഷയത്തിലുള്ള കേസുകളെല്ലാംതന്നെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരിക്കൽക്കൂടി പരിഗണിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും വിവരങ്ങൾ ലഭ്യമാക്കി 4 മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി കേസുകളിന്മേൽ ബഹു. ട്രൈബ്യൂണൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ**

11 (1869) ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരോന്നും കേന്ദ്ര സമീപനത്തിൽ കടുത്ത വെല്ലുവിളികളെ നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളെ കേന്ദ്രം കവർന്നെടുക്കുന്ന നടപടികൾക്കെതിരെയുള്ള നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനും ജനാധിപത്യ മതേതര സ്വഭാവം നിലനിർത്തിക്കിട്ടാനും, അസഹിഷ്ണുതകൾ പ്രകടമാക്കുന്ന കേന്ദ്ര നിയമനിർമ്മാണങ്ങളിലും ഭരണപരമായ നടപടികളിന്മേലുമുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് തുറന്നുകാട്ടാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും സമൂഹത്തിലെ ഒരു വിഭാഗത്തിനെ പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനും ഭരണഘടനയെയും അതിന്റെ മതേതര മൂല്യങ്ങളേയും സംരക്ഷിക്കുന്നതിനും ഇത്തരം നിയമങ്ങളെ ഒറ്റക്കെട്ടായി എതിർക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് 29-12-2019-ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത വിവിധ മത, സാമൂഹിക, സമുദായ സംഘടനാ നേതാക്കളുടേയും രാഷ്ട്രീയ പാർട്ടികളുടെയും യോഗത്തിൽ ധാരണയായിട്ടുണ്ട്. സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളിൻമേലുള്ള കടന്നുകയറ്റത്തിനെതിരെ കൃത്യമായ ഇടപെടലുകൾ നടത്താറുണ്ട്.

## റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമീണ റോഡുകളുടെ നവീകരണം

12 (1870) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ചെലവഴിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് വകുപ്പിനെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഗ്രാമീണ റോഡുകളെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകൾ

ഏറ്റെടുക്കുന്നതിന്റെ നിർദ്ദേശം മണ്ഡലാടിസ്ഥാനത്തിൽ നൽകാൻ വ്യവസ്ഥയുണ്ടോ; എത്ര ദിവസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ചിട്ടില്ല.

എന്നാൽ 2018, 2019- കളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഉൾപ്പെടുത്താത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി " (Chief Minister's Local Roads Rebuild Project) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും അനുവദിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള പദ്ധതികൾ**

13 (1871) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയുടെ (റീബിൽഡ് കേരള ഇനീഷ്യേറ്റീവ്) പുരോഗതി വ്യക്തമാക്കുമോ;

(ബി) റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളുടെയും പ്രാദേശിക റോഡുകളുടെയും പുനർനിർമ്മാണത്തിനായുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ജനപങ്കാളിത്തത്തോടെ പ്രാദേശിക ഭൂപടം തയ്യാറാക്കുന്ന പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പമ്പുസെറ്റുകൾ മാറ്റിവെയ്ക്കുന്നതിനുമുള്ള പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയാനന്തരം ലോകബാങ്ക്, ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ, മറ്റ് അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ പി.ഡി.എൻ.എ. (Post Disaster Needs Assessment-PDNA) പഠന പ്രകാരം 31,000 കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായിവരുമെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. പുനർനിമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂ വ്യവസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മേഖലകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാരുടെയും അവയുടെ വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ വിഷയവിദഗ്ദ്ധരുടെയും ലോകബാങ്ക്, ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെയും കൂട്ടായ ചർച്ചകൾക്കും ശിൽപശാലകൾക്കുംശേഷം കേരള പുനർനിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തി. കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) എന്ന പ്രസ്തുത നയ രൂപരേഖയ്ക്ക് 21-5-2019-ൽ ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയ രൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാനസൗകര്യങ്ങളും ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് അതുവഴി അതിജീവനക്ഷമവും പരിസ്ഥിതി സൗഹൃദപരവും

മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നതുമായ ഒരു നവകേരളം കെട്ടിപ്പടുക്കുവാനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് ലോകബാങ്ക്, ജർമ്മൻ ബാങ്കായ KfW എന്നിവർക്ക് പുറമെ സാധ്യമായ മറ്റെല്ലാ ഇടങ്ങളിൽനിന്നും പരമാവധി സഹായം ലഭ്യമാക്കിയാലേ പുനർനിർമ്മാണം ലക്ഷ്യത്തിലെത്തുകയുള്ളൂ. RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ സർക്കാർ, സ്വകാര്യ മേഖലകളിലെ പ്രധാന വികസന ഏജൻസികൾക്കുമുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സഹകരണവും അനുഭവ സമ്പത്തും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 15-7-2019-ൽ ഒരു വികസന പങ്കാളി സംഗമം (Development Partner's Conclave) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ലോക ബാങ്ക് സംസ്ഥാനത്തെ "വികസന പങ്കാളി" യായി പ്രഖ്യാപിച്ചു.

കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 500 മില്യൺ ഡോളർ വികസന നയവായ്പ (DPL), സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്യൺ ഡോളർ (1779.58 കോടി രൂപ) കഴിഞ്ഞ വർഷം ലഭ്യമായിട്ടുണ്ട്. അടുത്ത ഗഡു ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിക്കുകയും ഉന്നതാധികാര സമിതിയുടെ ശിപാർശയോടെ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇതുവരെ ആകെ 1850 കോടിയോളം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്:

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

2. തദ്ദേശ സ്വയംഭരണവകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപ.

4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികളും മൂന്ന് പഠനങ്ങളും.
5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.
6. മൃഗസംരക്ഷണ വകുപ്പിന്റെ ആകെ 23.01 കോടി രൂപയുടെ രണ്ടു പദ്ധതികൾ.
7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ ആകെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ.
8. ജലവിഭവ വകുപ്പിന്റെ ആകെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ.
9. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ആകെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.
10. കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ.
11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി ആകെ 35 കോടി രൂപ.
12. കൃഷി വകുപ്പിന്റെ ആകെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.
13. മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd. (KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.
14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിക്ക് 4.24 കോടി രൂപ.

ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ, ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

(സി) 13-8-2019-ലെ സർക്കാർ ഉത്തരവനുസരിച്ച് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപയും (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്) തദ്ദേശ സ്വയംഭരണവകുപ്പിനുകീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപയും (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്) അനുവദിച്ചിട്ടുണ്ട്.

(ഡി) ജനപങ്കാളിത്തത്തോടെ പ്രാദേശിക ഭൂപടം തയ്യാറാക്കുന്ന വിവര സാങ്കേതിക വകുപ്പിന്റെ പദ്ധതിയായ ' മാപ്പത്തോൺ' പദ്ധതിക്ക് 4.24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കെട്ടിടങ്ങളുടെ മാപ്പിംഗ്, ഉപഗ്രഹ ചിത്രങ്ങളിൽ ലഭിക്കാത്ത സ്ഥലങ്ങളുടെ വിശദമായ മാപ്പിംഗ്, മറ്റ് സർക്കാർ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു.

(ഇ) കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് 182.6 കോടി രൂപയുടെ പ്രവൃത്തികൾക്കും ഊർജ്ജവ്യയ ഉത്തമീകരണവും കാര്യക്ഷമമല്ലാത്ത പമ്പിംഗ് സിസ്റ്റം മാറ്റിസ്ഥാപിക്കുന്നതിനായി (Energy optimization and replacing inefficient pumping systems) 7 കോടി രൂപയുടെ പദ്ധതിക്കും റീ ബിൽഡ് കേരള അംഗീകാരം നൽകിയിട്ടുണ്ട്.

## റീ-ബിൽഡ് കേരള പദ്ധതി

14 (1872) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീ-ബിൽഡ് കേരള പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥയും ഓരോന്നിനും അനുവദിക്കപ്പെട്ട തുകയും അറിയിക്കാമോ?

### ഉത്തരം

റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീബീൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശിപാർശയോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് റീ ബീൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

## വാട്ടർ ട്രെയിൻ പദ്ധതി

15 (1873) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാട്ടർ ട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 30-1-2019-ൽ കെ-ഡിസ്ക് നടത്തിയ മീറ്റിംഗിന്റെ തീരുമാനങ്ങളിന്മേൽ നടന്ന വിശകലനത്തിൽ ഈ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് ഉയർന്ന ആശങ്കകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഈ ആശങ്കകൾ പരിഹരിക്കുന്നതിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആരുടെയെങ്കിലും അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഈ ആശങ്കകൾ പരിഹരിക്കാൻ ഉണ്ടാകുന്ന കാലതാമസത്തിന് കാരണമെന്തെന്നും ഈ ആശങ്കകൾ പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) 30-1-2019-ലെ യോഗത്തിനുശേഷം പദ്ധതിയെക്കുറിച്ച് നടത്തിയ വിശകലനത്തിൽ പദ്ധതി തീരെ അപ്രായോഗികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കെ-ഡിസ്ക് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## റീബിൽഡ് കേരളയുടെ ധനശേഖരണാർത്ഥമുള്ള വിദേശ സന്ദർശനം

16 (1874) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയുടെ ധനശേഖരണാർത്ഥം മുഖ്യമന്ത്രി യു.എ.ഇ. സന്ദർശനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്നൊക്കെയായിരുന്നു സന്ദർശനമെന്നും ആരൊക്കെ അദ്ദേഹത്തെ അനുഗമിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത യാത്രയുടെ ഫലമായി റീബിൽഡ് കേരള ഇൻഷ്യേറ്റീവിന് ഗൾഫ് രാജ്യങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ

സാമ്പത്തിക-സാങ്കേതിക സഹായ സഹകരണങ്ങൾ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമായി മുഖ്യമന്ത്രി യു.എ.ഇ. സന്ദർശിച്ചിരുന്നു.

2018 ഒക്ടോബർ 16 മുതൽ 21 വരെ നടത്തിയ പ്രസ്തുത സന്ദർശനത്തിൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഖ്യമന്ത്രിയെ അനുഗമിച്ചു.

പ്രളയാനന്തര പുനർനിർമ്മാണത്തിനായുള്ള (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) സാമ്പത്തിക സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കാണ് ലഭിക്കുന്നത്.

## പട്ടാമ്പി മണ്ഡലത്തിൽ പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

17 (T*1875) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾക്ക് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീബീൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശിപാർശയോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതത് വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

(ബി) കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP (റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം). ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ളതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി.

**ശാർങ്ങക്കാവ് പാലത്തിന് അനുമതി**

18 (1876) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര-ചെങ്ങന്നൂർ മണ്ഡലത്തിനെ ബന്ധിപ്പിക്കുന്ന ശാർങ്ങക്കാവ് പാലത്തിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിലെ ഇതിന്റെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

മാവേലിക്കര-ചെങ്ങന്നൂർ മണ്ഡലത്തിനെ ബന്ധിപ്പിക്കുന്ന ശാർങ്ങക്കാവ് പാലം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ആർ.കെ.ഐ. ഉന്നതാധികാര സമിതി, 29-1-2020-ലെ യോഗത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പങ്കാളിത്ത പെൻഷൻ പദ്ധതി

19 (1880) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുണ്ടോ;

(ബി) മുൻ ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രിയുടെ ഓഫീസ് അറ്റൻഡന്റായി 2014-16 കാലയളവിൽ ജോലിനോക്കിയിരുന്ന ആലപ്പുഴ ജില്ലയിലെ, കുമാരപുരം പോസ്റ്റ്, ആനകേറി പറമ്പിൽ വീട്ടിൽ പി.രാജന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(സി) അദ്ദേഹത്തിന് അനുവദിച്ച പെൻഷൻ പിന്നീട് റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ 2013-ന് ശേഷം നിയമിതരായ ആരുടെയെങ്കിലും പെൻഷൻ ഇപ്രകാരം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെയൊക്കെ;

(ഇ) പങ്കാളിത്ത പെൻഷൻ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് ബാധകമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പി.രാജന് പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം

20 (1881) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് (Cat No. 71/2017) ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്; വിശദാംശം നൽകുമോ;

(ബി) ഈ വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വേർതിരിച്ച് നൽകാമോ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) ഈ വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും 2020 ജനുവരി മുതൽ 2020 ഡിസംബർ വരെ ഈ തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം വേർതിരിച്ച് നൽകാമോ;

(ഡി) ഈ തസ്തികയിൽ ഉള്ള ഒഴിവുകൾ എത്രയുംവേഗം പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, നിയമസഭാ സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് എന്നീ വകുപ്പുകൾ ഒഴികെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽനിന്നുമാണ് പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്.

(ബി &സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തിവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമ്പത്തിക ബാധ്യത**

21 (1882) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സാമ്പത്തിക ബാധ്യത ഉള്ള എത്ര തസ്തികകൾ/സമിതികൾ/കമ്മീഷനുകൾ/പുനർ നിയമനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ സൃഷ്ടിച്ച തസ്തികകൾ/സമിതികൾ/കമ്മീഷനുകൾ/ പുനർ നിയമനങ്ങൾ കൊണ്ട് സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിയമിച്ചവർക്കായി രൂപീകരിച്ച ഓഫീസിലെ ജീവനക്കാർ/നിയമനരീതി/ചെലവ് എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഓഫീസുകളിൽ ഫയൽ തീർപ്പാക്കുന്നതിന് അദാലത്തുകൾ**

22 (1884) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാതലത്തിലും താലൂക്ക്തലത്തിലുമുള്ള ആഫീസുകളിൽ ജനങ്ങൾ നൽകിയ അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് ചില ഉദ്യോഗസ്ഥർ മതിയായ ജാഗ്രത കാണിക്കുന്നില്ല എന്ന പരാതി ഉയർന്നുവരുന്നത് കണക്കിലെടുത്ത് ഓരോവകുപ്പിലേയും ജില്ലാ-താലൂക്ക്തല ആഫീസുകൾ കേന്ദ്രീകരിച്ച് ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം നൽകിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികളുടെ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വകുപ്പുമേധാവികളുടെ ഓഫീസുകളിലും 2019 ആഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഉദ്യോഗസ്ഥ തലത്തിൽ അദാലത്തുകളും അവലോകന യോഗങ്ങളും നടത്തുകയും കെട്ടിക്കിടന്ന ഫയലുകളിൽ പരമാവധി തീർപ്പുകല്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 21-10-2014-ലെ 16203/എ.ആർ. 12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ്

രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ട്, 15-11-2014-ലെ 16203/എ.ആർ.12/(1)/13/ ഉ.പ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്ക് മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

### ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

23 (1885) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയേറ്റിന് പുറമെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ശമ്പള വിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കിൽ ഉൾപ്പെടാത്ത ഓഫീസുകളിൽ എപ്രകാരമാണ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഗവൺമെന്റ് സെക്രട്ടറിമാരെ പഞ്ചിംഗിൽ നിന്നും ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം എന്താണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിനു പുറമേ സംസ്ഥാനത്തെ മറ്റ് സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെൽട്രോൺ ടെണ്ടർ നടപടി പൂർത്തിയാക്കിവരുന്നു.

(ബി) സ്പാർക്ക് സംവിധാനം നിലവിലില്ലാത്ത ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മുഖേന ഹാജർ ബന്ധപ്പെട്ട മേലധികാരികൾ നിരീക്ഷിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ചീഫ് സെക്രട്ടറി ഒഴികെയുള്ള എല്ലാ ഐ.എ.എസ്. ഉദ്യോഗസ്ഥരും ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്.

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

24 (1886) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഇനിയും ഏർപ്പെടുത്തിയിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കിയുള്ള ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ സർവ്വീസിൽ വനിതാ ഡ്രൈവർമാർ**

25 (1887) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതകളെ ഡ്രൈവർമാരായി നിയമിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ആയതിന്റെ നിയമന ചട്ട ഭേദഗതികൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 23-8-2019-ലെ സ.ഉ. (സാധാ) നമ്പർ 526/2019/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതകളെ ഡ്രൈവർമാരായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികകളിലേയ്ക്കുള്ള വിശേഷാൽ ചട്ടത്തിൽ ചട്ടം 5 ആയി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളിൽ വനിതകളെ അയോഗ്യരാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ടി സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമില്ല.

## സെക്രട്ടേറിയറ്റിൽ ജീവനക്കാർ അവധിയെടുത്ത് കെ.എ.എസ്. പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നത്

26 (1888) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അൻപതോളം ജീവനക്കാർ അവധിയെടുത്ത് കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നതിനെതിരെ പൊതുഭരണ വകുപ്പ് സെക്രട്ടറി കുറിപ്പ് നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ അവധിയെടുത്തവർ ജോലി ഉപേക്ഷിച്ച് പരീക്ഷക്ക് തയ്യാറാകുകയോ അവധി റദ്ദാക്കി ജോലിയിൽ പ്രവേശിക്കുകയോ ചെയ്യണമെന്ന് പൊതുഭരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ അവധിയെടുക്കുന്നവർ റാങ്ക് ലിസ്റ്റിൽ വന്നാൽ അയോഗ്യരാക്കണമെന്ന നിലപാട് പൊതുഭരണ വകുപ്പ് സെക്രട്ടറി സ്വീകരിച്ചിട്ടുണ്ടോ; നിയമാനുസൃതം അവധി അനുവദിക്കപ്പെട്ട ശേഷമാണ് ജീവനക്കാർ അവധിയിൽ പ്രവേശിച്ചത് എന്നിരിക്കെ പ്രസ്തുത നിലപാട് നിയമവിധേയവും നീതിയുക്തവുമാണെന്ന് കരുതുന്നുണ്ടോ;

(സി) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഉന്നതപഠനത്തിന് ശമ്പളത്തോടു കൂടി അവധി അനുവദിക്കാറുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് പൊതുഭരണ വകുപ്പ് സെക്രട്ടറി കുറിപ്പ് സമർപ്പിച്ചിരുന്നു. തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ആൾ ഇന്ത്യാ സർവ്വീസ് (സ്റ്റഡി ലീവ്) റെഗുലേഷൻ, 1960 പ്രകാരം ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഉന്നതപഠനത്തിന് ശമ്പളത്തോടുകൂടി അവധി അനുവദിക്കാറുണ്ട്.

## ദേശീയ ജനസംഖ്യാ രജിസ്റ്റർ

27 (T*1889)ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി തഹസിൽദാർ കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിരുന്നുവോ; ഇത് സംബന്ധിച്ച് തഹസിൽദാറിൽനിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; മുകൾത്തട്ടിൽനിന്നുള്ള ഏതെങ്കിലും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ തഹസിൽദാർ ഇത്തരത്തിൽ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രധാനമായ ഇത്തരം കാര്യങ്ങളിൽ, തഹസിൽദാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് കുറ്റകരമായ അശ്രദ്ധ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി തഹസിൽദാർ കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. ഈ വിഷയം സംബന്ധിച്ച് താമരശ്ശേരി തഹസിൽദാരിൽനിന്നും കോഴിക്കോട് ജില്ലാ കളക്ടർ 4-2-2020-ലെ എ1-5861/19 നമ്പർ കത്ത് പ്രകാരം വിശദീകരണം തേടിയിട്ടുള്ളതും ആയതിനുള്ള മറുപടി തഹസിൽദാരിൽനിന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്നതിന് തഹസിൽദാർക്ക് മുകൾത്തട്ടിൽനിന്ന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

(ബി) വിലയിരുത്തിയിട്ടുണ്ട്. ടി വിഷയത്തിൽ താമരശ്ശേരി തഹസിൽദാരിൽനിന്നും വിശദീകരണം തേടിയിട്ടുണ്ട്. ടിയാന്റെ വിശദീകരണം ലഭിച്ചതിനുശേഷം കോഴിക്കോട് ജില്ലാ കളക്ടർ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ദേശീയ ജനസംഖ്യാ രജിസ്റ്റർ പരാമർശമുള്ള സെൻസസ് ഡയറക്ടറുടെ കത്ത് മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി വിതരണം ചെയ്തിട്ടുള്ളതായും ടി ഉദ്യോഗസ്ഥനെതിരെ നടപടിയുടെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതായും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവൽക്കരണവും

28 (1890) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവൽക്കരണവും ഊർജ്ജിതമാക്കിയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുവകകളിൽ സംസ്ഥാന സർക്കാരിന്റെ നിയമപരമായ അവകാശം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള സംസ്ഥാനത്തിന്റെ വസ്തുവകകളുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ ഭൂമി നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 20-7-2019-ലെ സ.ഉ.(എം.എസ്)243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (ഇൻ-ചാർജ്ജ്) നടപടിക്രമം പ്രകാരം അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ.) നേതൃത്വത്തിൽ

ശ്രീ. ബി. എസ്. സുരേഷ് കുമാർ (സീനിയർ സൂപ്രണ്ട്), ശ്രീ. ഷിബു. എം. (സീനിയർ ക്ലാർക്ക്), ശ്രീ. അരുൺ ഗോപൻ. ജി. (സീനിയർ ക്ലാർക്ക് ) എന്നിവരെ ഉൾപ്പെടുത്തി 'ലാൻഡ് മാനേജ്മെന്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിലോ വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിച്ച ഭൂമി ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനം നിർത്തുമ്പോഴോ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സംസ്ഥാന സർക്കാരിന് പ്രസ്തുത ഭൂമിയിലുള്ള അവകാശം പുനഃസ്ഥാപിക്കുന്നതിന് സർക്കാർതലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ സൗജന്യ നിരക്കിലോ വ്യവസ്ഥകൾക്ക് വിധേയമായോ അല്ലാതെ സംസ്ഥാന സർക്കാർ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകിയ ഭൂമിയിന്മേൽ സംസ്ഥാന സർക്കാരിന് നിയമപരമായ അവകാശമില്ലാത്തതാണ്.

(ബി) ലാൻഡ് മാനേജ്മെന്റ് സെൽ മുഖാന്തരം ജില്ലാ കളക്ടർമാരിൽനിന്നും നാളിതുവരെ ശേഖരിച്ചിട്ടുള്ള സംസ്ഥാനത്തെ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേട്

29 (1891) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ പി.എസ്.സി. പരീക്ഷകളിൽ നടത്തുന്ന ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഫെബ്രുവരിയിൽ നടക്കുന്ന കെ.എ.എസ്. പ്രിലിമിനറി പരീക്ഷയിൽ ഇത്തരം ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും ക്രമീകരണം നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ഇതിനായി പി.എസ്.സി. ഉദ്യോഗസ്ഥർക്കും, ഇൻവിജിലേറ്റർമാർക്കും ആവശ്യമായ പരിശീലനവും നിർദ്ദേശവും നൽകുമോ; വ്യക്തമാക്കുമോ;

(ഡി) പരീക്ഷകളിൽ ക്രമക്കേട് കാട്ടുന്നവരെ സ്ഥിരമായി ഡീബാർ ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന്റെ സൈബർ ക്രൈം വിഭാഗം പി.എസ്.സി. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

(ബി) സാധ്യമായ എല്ലാവിധ സുരക്ഷാ ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ട്.

(സി) പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ പരിശീലനം പി.എസ്.സി. ഉദ്യോഗസ്ഥർക്കും ഇൻവിജിലേറ്റർമാർക്കും നൽകുന്നുണ്ട്.

(ഡി) പരീക്ഷകളിൽ ക്രമക്കേട് കാട്ടുന്നവർക്ക് സ്ഥിരമായി വിലക്കേർപ്പെടുത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**മുളവുകാട് റോഡ് വികസന പദ്ധതിയുടെ പുരോഗതി**

30 (1894) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബറിൽ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നതും ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കി വരുന്നതുമായ മുളവുകാട് റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) മൂന്നാംഘട്ട പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) മൂന്നാംഘട്ടത്തിലുൾപ്പെട്ടതും ഏറ്റെടുക്കേണ്ടതുമായ ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) നിർദ്ദിഷ്ട പ്രദേശം വെള്ളക്കെട്ടുള്ളതാണ്. കഴിഞ്ഞ വർഷം കനത്ത മഴയും വെള്ളപ്പൊക്കവും ഉണ്ടായതും യൂട്ടിലിറ്റീസ് ഷിഫ്റ്റ് ചെയ്യുന്നതിന് താമസം നേരിട്ടതും കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിയുംമൂലമാണ് ഡിസംബർ 2019-ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിരുന്ന ടി പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്.

(ബി) പദ്ധതി 2020 മാർച്ചിൽ പൂർത്തിയാക്കുമെന്ന് KITCO അറിയിച്ചിട്ടുണ്ട്.

(സി) മൂന്നാംഘട്ടം തണ്ടാശ്ശേരി മുതൽ ബോൾഗാട്ടി വരെയുള്ള ഭാഗത്ത് 100-ലധികം ഭൂഉടമകൾ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങളും പ്രതിഷേധങ്ങളും ഉള്ളതിനാലും നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) മൂന്നാംഘട്ടത്തിൽ ഏകദേശം 70 ഭൂഉടമകളുടെ ഭൂമി ലഭ്യമാക്കി നഷ്ടപരിഹാരം നൽകിയിട്ടുള്ളതും ബാക്കിയുള്ളവയുടെ രേഖകൾ ലഭ്യമാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## സിവിൽ സർവ്വീസിലെ അഴിമതി തടയാൻ നടപടി

31 (1896) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതി കേസുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചെന്നും വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽപരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ വിജിലൻസ് ഡയറക്ടറുടെ ശിപാർശ പ്രകാരം തുടർനടപടി സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി

മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ അഴിമതി തടയുന്നതിനുവേണ്ടി സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്.

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

4. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 561 വിജിലൻസ് കേസുകളാണ് പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.

591 പേർക്കെതിരെ പ്രോസിക്യൂഷനും 228 പേർക്കെതിരെ വകുപ്പുതല നടപടിയും 88 പേർക്കെതിരെ ട്രൈബ്യൂണൽ എൻക്വയറിക്കുമുള്ള വിജിലൻസ് ഡയറക്ടറുടെ ശിപാർശയിൽ നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ വകുപ്പു തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റീബിൽഡ് പ്രോജക്ട്

32 (1897) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റീബിൽഡ് പ്രോജക്ട് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റീബിൽഡ് പ്രോജക്ട് മുഖാന്തരം പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-ലെയും 2019-ലെയും പ്രളയത്തിൽ തകർന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായിട്ടാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ്സ് റീബിൽഡ് പ്രോജക്ടിൽ ആകെ 961.24 കോടി രൂപ അനുവദിച്ചിട്ടുള്ളത്.

റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു.

## അതിവേഗ റെയിൽവേ പാതയുടെ നിർമ്മാണം

33 (T*1898) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗ റെയിൽവേ പാതയ്ക്ക് റെയിൽവേ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിനായി എത്ര ഹെക്ടർ സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്നും സ്ഥലമെടുപ്പിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് തുക ആവശ്യമായി വരുമെന്നും അതിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി എത്രയാണെന്നും അറിയിക്കാമോ;

(ഇ) ഈ തുക സംസ്ഥാന സർക്കാർ എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാത പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്.

(ബി&സി) ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

പാത കടന്നുപോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് ആവശ്യമായ തുകയും വിഹിതവും ചുവടെ ചേർക്കുന്നു.

ഭൂമി ഏറ്റെടുക്കൽ, അനുബന്ധ പ്രവർത്തനം - 8656 കോടി- 13 %

സംസ്ഥാന സർക്കാർ വിഹിതം -7720 കോടി - 12 %

സബോർഡിനേറ്റ് ഡെബ്റ്റ് - 3,564 കോടി - 5 %

സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

**നിക്ഷേപ സംഗമം**

34 (T*1899) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശനിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി നിക്ഷേപ സംഗമം നടത്തിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇതനുസരിച്ച് എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് വാഗ്ദാനം ലഭിച്ചിട്ടുള്ളത്; വാഗ്ദാനം ലഭിച്ച പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എവിടെയെല്ലാം ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഇതിനുവേണ്ടി എത്ര കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് എന്നതിന്റെയും വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാനായി 'അസെൻഡ് 2019' എന്ന പരിപാടി കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഇതിൽ പ്രചോദനം ഉൾക്കൊണ്ട് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽവച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തി. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നാക്കി കേരളത്തെ മാറ്റുകയും വലിയ തോതിൽ നിക്ഷേപം ആകർഷിക്കുകയെന്നതുമായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടുന്ന നൂറിൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മേഖലകളിൽപ്പെടുന്ന പ്രോജക്ടുകളിൽ താത്പര്യമുള്ള നിക്ഷേപകർക്ക് ഏതവസരത്തിലും നിക്ഷേപിക്കാവുന്നതാണ്. കാലിക പ്രസക്തിയുള്ള ഒട്ടനവധി നിർദ്ദേശങ്ങളും ഈ സംഗമത്തിലൂടെ ലഭിക്കുകയുണ്ടായി. അസെൻഡ് 2020-ന്റെ

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഭാഗമായി സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവ സംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി.

(ബി&സി) കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താത്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചുകഴിഞ്ഞു.

## കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കുടിശ്ശിക

35 (1900) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട ധനസഹായം കുടിശ്ശികയായിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും കുടിശ്ശിക തുക എത്രയെന്നും വിശദമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കുടിശ്ശിക തുക ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

36 (T*1901) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി)റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന, തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള പാലങ്ങളുടെയും തൂക്കുപാലങ്ങളുടെയും പുനർനിർമ്മാണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

37 (1902) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ് തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**കുട്ടനാട് പ്രദേശങ്ങളിലെ തോടുകളുടെ നവീകരണം**

38 (1903) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിലെ തോടുകളുടെ ആഴം കൂട്ടുന്നതിനും ശുചീകരിക്കുന്നതിനുമുള്ള ഏതെങ്കിലും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പ്രളയത്തിൽ തകർന്ന ജലസേചന വകുപ്പിന്റെ ഡാമുകൾ, കനാലുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി 107.10 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടനാട് പ്രദേശത്തെ നെടുമുടി പഞ്ചായത്തിലെ വൈശ്യംഭാഗം തോടിന്റെ നാലുത്തിച്ചിറ മുതൽ നാലുപറപ്പാലം വരെയുള്ള ഭാഗത്തിന്റെ നവീകരണം ഉൾപ്പെടുന്നു. കൂടാതെ റൂം ഫോർ റിവർ പ്രോജക്ടുമായി ബന്ധപ്പെട്ട് സമഗ്രമായ നവീകരണം നടപ്പാക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ആർ.കെ.ഐ. ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

## സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

39 (1905) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ കുന്നമംഗലത്ത് പ്രവർത്തിച്ചുവരുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ സ്വാശ്രയ മേഖലയിലാണോ നടത്താൻ ഉദ്ദേശിക്കുന്നത്; എത്ര പേർക്ക് പ്രവേശനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്നമംഗലത്ത് പ്രവർത്തിക്കുന്ന കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയ കോഴ്സായി Integrated Msc.Ph.D പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ പ്രോഗ്രാമിന്റെ നിയമാവലിയും പാഠ്യപദ്ധതിയും കാലിക്കറ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ അനുമതി ലഭിച്ചാലുടൻ ഈ പ്രോഗ്രാം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ തുടങ്ങുന്നതാണ്.

(ബി) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതിയതായി ആരംഭിക്കുന്ന Integrated Msc. Ph.D പ്രോഗ്രാം സ്വാശ്രയ മേഖലയിലല്ല നടത്താൻ ഉദ്ദേശിക്കുന്നത്. Integrated Msc. Ph.D പ്രോഗ്രാമിലേയ്ക്ക് ഒരു വർഷം 12 വിദ്യാർത്ഥികൾക്കുവരെ പ്രവേശനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് കാലിക്കറ്റ് സർവ്വകലാശാലയുടെ അന്തിമാനുമതിക്ക് വിധേയമായിട്ടായിരിക്കും.

## കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിവേഗ റെയിൽ പദ്ധതി

40 (1906) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിവേഗ റെയിൽ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുക; അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ വില്ലേജുകളിലെ ഭൂമിയാണ് ഏറ്റെടുക്കുക; വ്യക്തമാക്കുമോ;

(ഡി) ഏറ്റെടുക്കേണ്ട ഭൂമി ഏതൊക്കെയാണെന്ന് നിശ്ചിയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാത പദ്ധതിയുടെ സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പാത കടന്നുപോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി&ഡി) ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം

41(1907) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലക്സ്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ എന്നിവ സമ്പൂർണ്ണമായി നിരോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിരോധിക്കപ്പെട്ട തരത്തിലുള്ള ഫ്ലക്സും പ്ലാസ്റ്റിക് ക്യാരിബാഗുകളും ഇപ്പോഴും വ്യാപകമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കും ഫ്ലക്സുകൾക്കും പകരം സംവിധാനമായി എന്തൊക്കെയാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കോടതിയും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിയമങ്ങളും ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഫ്ലക്സ്, പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെ ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, കൊണ്ടുപോകൽ, സൂക്ഷിക്കൽ, വിൽപ്പന എന്നിവ 1-1-2020 മുതൽ നിരോധിച്ചുകൊണ്ട് 27-11-2019-ലെ സ.ഉ. (കൈ) 6/2019/പരി, 17-12-2019-ലെ സ.ഉ..(കൈ) 7/2019/പരി പ്രകാരം ഉത്തരവായിരുന്നു. (നിരോധിക്കപ്പെട്ട വസ്തുക്കളുടെ ലിസ്റ്റും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(ബി) നിയമലംഘകർ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വിധേയമാകുന്നതാണ്.

(സി) നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരമായി തുണി, പേപ്പർ ബാഗുകൾ ഉപയോഗിക്കാവുന്നതാണ്. ഫ്ലക്സുകൾക്ക് പകരമായി പുനഃചംക്രമണം സാധ്യമായ തുണി, പോളി എഥലീൻ എന്നീ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്. കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചുവരുന്നുണ്ട്. തുണി, പാള ഉൽപ്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു.

(ഡി) നിയമലംഘനം ബോധ്യപ്പെടുന്നപക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000 രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനുശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000 രൂപയും (അൻപതിനായിരം രൂപ) പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്.

## തണ്ണീർത്തടങ്ങളുടെ അവസ്ഥ വിലയിരുത്തുന്നതിനുള്ള സമിതി

42 (1908) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുണ്ടായ മഹാപ്രളയത്തിന് ശേഷം 2.25 ഹെക്ടറിനു മുകളിൽ വിസ്തീർണ്ണമുള്ള തണ്ണീർത്തടങ്ങളുടെ അവസ്ഥ വിലയിരുത്തുന്നതിനായി പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രത്യേക വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടില്ല.

(ബി) യു.എൻ.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ Post Disaster Needs Assessment (PDNA)-ന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടത്തിയ പഠന റിപ്പോർട്ട് Kerala Post Disaster Need Assessment flood and landslides-August 2018 എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ നടപടി**

43 (1909) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടാകുന്ന അതിതീവ്രമായ മഴയും അതിനെത്തുടർന്ന് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ച് വിഷയവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായതും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്നപക്ഷം അടിയന്തരഘട്ട പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുതകുന്നതും ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഉതകുന്നതുമായ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശാ.സാ.വ. പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്.

സമിതിയുടെ പഠന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

(എ) അതിതീവ്രമഴയുടെയും ആയതിനുള്ള ഹേതുക്കളുടെയും കാരണങ്ങൾ കണ്ടെത്തുക.

(ബി) ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനാവശ്യമായ സമയത്തിനുള്ളിൽ കൃത്യമായ കാലാവസ്ഥാ പ്രവചനം നടത്തുന്നതിനുള്ള ശേഷിയും സാധ്യതയും തയ്യാറാക്കുക.

(സി) തീവ്രമായ മഴയെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും ദുരന്തങ്ങളും അനന്തര ഫലങ്ങളും കുറയ്ക്കുന്നതിനും സഹായിക്കുന്ന നിലവിലുള്ള സൂചകങ്ങളും സമ്പ്രദായങ്ങളും അവലോകനം ചെയ്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.

(ഡി) ദുരന്തസാധ്യതാ പ്രദേശങ്ങളുടെ ഭൂപടം പരിശോധിക്കുകയും ദുരന്തങ്ങൾ കുറയ്ക്കുവാനുതകുന്ന നിലവിലെ മാർഗ്ഗങ്ങൾ അവലോകനം ചെയ്ത് ആയവയ്ക്ക് മാറ്റങ്ങൾ നിർദ്ദേശിക്കുക.

(ഇ) കേരളത്തിലെ ഭൂവിനിയോഗ മാറ്റങ്ങൾ ദുരന്തങ്ങളിലേയ്ക്ക് നയിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുക.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന് വിശദമായ പഠന റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ നപടി സ്വീകരിച്ചുവരുന്നു.

## സി.ആർ.ഇസഡ്-മായി ബന്ധപ്പെട്ട് കെ.സി.ഇസഡ്.എം.എ.യിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ

44 (1910) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ആർ.ഇസഡ്.മായി ബന്ധപ്പെട്ട് കെ.സി.ഇസഡ്.എം.എ.യിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുവാൻ നടപടിയുണ്ടാകുമോ;

(ബി) ഇതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ രൂപപ്പെടുത്തുവാൻ ഐ.കെ.എം. പോലെയുള്ള സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.സി.ഇസഡ്.എം.എ.യിലേ യ്ക്ക് നൽകുന്ന അപേക്ഷകളിന്മേലുള്ള നടപടി അനന്തമായി നീളുന്നകാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ സി.ആർ.ഇസഡ്. നിയമം അനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ട രീതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് അവ്യക്തത നിലനിൽക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെ.സി.ഇസഡ്.എം.എ.യിലേയ്ക്ക് വരുന്ന ഫയലുകളിൽ പൊതുജനങ്ങൾക്ക് വ്യക്തമായ മറുപടി കിട്ടുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; ഇതിനാവശ്യമായ പബ്ലിക് റിലേഷൻസ് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ&ബി) CRZ ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് (KCZMA) സമർപ്പിക്കുന്ന അപേക്ഷകൾ online സംവിധാനത്തിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കെട്ടിട നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായിത്തന്നെ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) 2019-ലെ CRZ വിജ്ഞാപനത്തിലെ clause 7(vi) പ്രകാരം 300 $m^2$ വരെ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുണ്ട്. എന്നാൽ ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. അതുവരെയും സംസ്ഥാനത്ത് 2011-ലെ CRZ വിജ്ഞാപനത്തിന്റെ വ്യവസ്ഥകളും 2011-ലെ CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനുമാണ് (Coastal Zone Management Plan- CZMP) ബാധകമായിട്ടുള്ളത്. ആയതിനാൽ നിലവിൽ CRZ clearance നൽകുന്നതിനുള്ള അധികാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്കില്ല.

(ഇ) തീരദേശ പരിപാലന അതോറിറ്റിയിലേയ്ക്ക് വരുന്ന ഫയലുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും പൊതുജനങ്ങൾക്ക് വ്യക്തമായി മറുപടി നൽകുന്ന ഒരു എൻക്വയറി വിഭാഗം തീരദേശ പരിപാലന അതോറിറ്റിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**തീരദേശ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ**

45 (1911) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ദൂരപരിധി പുതുക്കി നിർണ്ണയിച്ചു കൊണ്ടുള്ള കേന്ദ്രസർക്കാരിന്റെ പുതിയ വിജ്ഞാപനത്തിന്റെ പകർപ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കേരളത്തിന്റെ തീരദേശപ്രദേശങ്ങളിൽ ദൂരപരിധി സംബന്ധിച്ച് അന്തിമമായി പുനർനിർണ്ണയം നടത്തിക്കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതുക്കിയ ദൂരപരിധി കേരളത്തിൽ പ്രാബല്യത്തിൽ വരാൻ ഇനി എത്ര സമയംകൂടി വേണ്ടിവരുമെന്നാണ് കരുതുന്നത്; ആയതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 18-1-2019-ലെ G.S.R. No. 37(E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ദേദഗതി വരുത്തി പുതിയതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2019-ലെ clause 6(i) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan- CZMP) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ പ്രാബല്യത്തിൽ വരികയുള്ളൂ എന്ന് വ്യവസ്ഥയുണ്ട്. 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ) നമ്പർ 80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ

46 (1912) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുവാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ ചെയർമാൻ രാജിവയ്ക്കാനിടയായ സാഹചര്യം എന്താണ്; ബോർഡ് പുനസംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വിശദവിവരം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാരിൽ ലഭിച്ച ഒരു പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമികാന്വേഷണം നടത്തിവരികയാണ്.

(സി) പൊതുതാൽപ്പര്യം മുൻനിർത്തി അദ്ദേഹത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുന്നില്ലായെന്ന കാരണമാണ് ചെയർമാന്റെ രാജിക്കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രാജി അംഗീകരിച്ചിട്ടുണ്ട്. ബോർഡ് പുനഃസംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ രാജി**

47 (1913) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഡോ. അജിത് ഹരിദാസ് തൽസ്ഥാനത്തുനിന്നു രാജിവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകാരണത്താലാണ് അദ്ദേഹം രാജിവച്ചത്;

(സി) തിരുവനന്തപുരം നഗരസഭയ്ക്കു പിഴചുമത്തിയെന്ന കാരണത്താലുള്ള രാഷ്ട്രീയസമ്മർദ്ദം മൂലമാണ് ചെയർമാൻ രാജിവച്ചത് എന്ന ആക്ഷേപത്തിൽ യാഥാർത്ഥ്യമുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഡോ. അജിത് ഹരിദാസ് രാജിക്കത്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. പൊതുതാത്പര്യം മുൻനിർത്തി അദ്ദേഹത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയുന്നില്ലായെന്ന കാരണമാണ് ടിയാൻ രാജിക്കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന

48 (1914) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളാണ് നിരസിച്ചതെന്ന് അറിയിക്കുമോ;

(ബി) സ്ട്രീം-III-ൽ അപേക്ഷിക്കുന്നതിനുള്ള പ്രൊബേഷൻ പൂർത്തീകരണം ഏതെങ്കിലും സർക്കാർ വകുപ്പിൽ നിന്ന് തന്നെ വേണം എന്ന് സ്പെഷ്യൽ റൂളിലോ, നോട്ടിഫിക്കേഷനിലോ പരാമർശിച്ചിട്ടുണ്ടോ;

(സി) സ്ട്രീം-II, സ്ട്രീം-III എന്നിവയിൽ ഏതെങ്കിലും വിഭാഗങ്ങളുടെ അപേക്ഷ നിരസിക്കാൻ പി.എസ്.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിലേക്കുള്ള പി.എസ്.സി. നോട്ടിഫിക്കേഷനിൽ പ്രസ്തുത അപേക്ഷകൾ സർക്കാർ സർവ്വീസിലേക്കുള്ള തസ്തികയിലേക്ക് എന്ന് പരാമർശിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരമുള്ള ലിസ്റ്റിൽ നിന്നും ജോലി ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ സർവീസ്, 'സർക്കാർ സർവീസ് ' ആയി പരിഗണിക്കുമോ;

(എഫ്) കേരള പി.എസ്.സി., കേരള നിയമസഭാ സെക്രട്ടേറിയറ്റ് എന്നിവയിൽ പ്രൊബേഷൻ പൂർത്തീകരിക്കുകയും, കെ.എ.എസ്. സ്പെഷ്യൽ റൂൾ പ്രകാരം സ്ട്രീം-III ലേക്ക് യോഗ്യതകളുള്ള ഏതെങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്ട്രീം 1-ൽ അപേക്ഷകരുടെ ബാഹുല്യം കാരണം പ്രാഥമിക പരിശോധന ഒഴിവാക്കിയിട്ടുണ്ട്. സ്ട്രീം 2, 3 വിഭാഗങ്ങളിൽ അപേക്ഷ സമർപ്പിച്ചവരിൽ പ്രാഥമിക പരിശോധനയിൽ യോഗ്യതയില്ലാത്ത അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

Constitutional Bodies കെ.എ.എസ്.-ന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തു വിഭാഗം അപേക്ഷകളും ഗവൺമെന്റ് വകുപ്പിൽ

പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത/Full member അല്ലാത്ത Super numerary തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്കീം 2-ൽ നിരസിച്ചിട്ടുണ്ട്. സർക്കാർ വകുപ്പിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത ഗസറ്റഡ് ജീവനക്കാരുടെ അപേക്ഷകളും Schedule I-ൽ ഉൾപ്പെടാത്ത വകുപ്പുകളിലെ ഗസറ്റഡ് ജീവനക്കാരെയും എല്ലാ വകുപ്പുകളിലെയും non gazetted വിഭാഗം ജീവനക്കാരുടെയും അപേക്ഷകളും സ്കീം 3-ൽ നിരസിച്ചിട്ടുണ്ട്. Schedule 1- ൽ പ്രതിപാദിച്ചിട്ടുള്ള വകുപ്പുകളിലെ ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ അപേക്ഷകളും സ്കീം 2-ൽ നിരസിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കെ.എ.എസ്. സ്പെഷ്യൽ റൂൾ പ്രകാരമാണ് സ്കീം II, III എന്നിവയിലെ അപേക്ഷകൾ നിരസിച്ചത്.

(ഡി) സർക്കാർ വകുപ്പുകളിലെ എല്ലാ തസ്തികകളുടെയും വിജ്ഞാപനങ്ങളിൽ കേരള സർക്കാർ സർവ്വീസിലേയ്ക്ക് എന്ന് പരാമർശിച്ചിട്ടുണ്ട്.

(ഇ) സർക്കാർ വകുപ്പുകളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് സർക്കാർ സർവ്വീസ് ആയി പരിഗണിക്കും.

(എഫ്) സർക്കാർ വകുപ്പല്ലാത്തതിനാൽ പി.എസ്.സി. നിയമസഭാ സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള ജീവനക്കാരുടെ അപേക്ഷകൾ പി.എസ്.സി. നിരസിച്ചിട്ടുണ്ട്

## കെ.പി.എസ്.സി. നിയമനങ്ങൾ

49 (1915) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) 2019 ഡിസംബർ 31 വരെ സംസ്ഥാനത്തുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആകെ എണ്ണം എത്രയെന്നുള്ളതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. വഴി എൽ.ഡി.സി.നിയമനം

50 (1916) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. ഒഴിവുകളുടെ റിപ്പോർട്ട് പി.എസ്.സി.ക്ക് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകളുടെ റിപ്പോർട്ടാണ് ലഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്; കാലാവധി അവസാനിക്കുന്നതിനുമുമ്പ് നിയമനം നടത്തുമോ; വ്യക്തമാക്കാമോ;

(സി) ജില്ലയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് വകുപ്പുകളിൽനിന്നും എൽ.ഡി.സി. ഒഴിവുകളുടെ റിപ്പോർട്ട് യഥാസമയം ലഭിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. തസ്തികയിലേയ്ക്ക് 54-Fresh, 22-NJD, 10- Anticipated Vacancy ഉൾപ്പെടെ 86 (എൺപത്തി ആറ്) ഒഴിവുകൾ നിലവിലുണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി 1-4-2021-ന് അവസാനിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഒഴിവുകളും ടി ലിസ്റ്റിൽനിന്നും നികത്തുന്നതാണ്.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തിവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷി ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

51 (1917) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ കൃഷി ഓഫീസർ തസ്തികയിലേക്ക് പട്ടികജാതി വിഭാഗക്കാർക്ക് മതിയായ സംവരണം വന്നിട്ടില്ലാത്തതിനാൽ ഈ

തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പ്രസ്തുത വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടി ഉടൻ വിജ്ഞാപനം പുറപ്പെടുവിക്കുമോ;

(ബി) ഇതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പട്ടികജാതി വിഭാഗക്കാർക്ക് ഒഴിവുകളൊന്നും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒഴിവ് അറിയിക്കുന്ന മുറയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

52 (1918) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തിക എത്ര വീതമുണ്ടെന്ന് വകുപ്പ് അടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ഓരോ ജില്ലയിലും നിലവിലുള്ള ഒഴിവുകൾ എത്ര വീതമെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണം റിപ്പോർട്ട് ചെയ്യുവാനുണ്ടെന്നും വകുപ്പ് അടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

### നൂതനമായ കോഴ്സുകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ നടപടി

53 (1919) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശേഷാൽ ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിച്ചിട്ടില്ലാത്തതിനാൽ പല പൊതുമേഖലാ സ്ഥാപനങ്ങളിലും അപെക്സ് സഹകരണ സംഘങ്ങളിലുമുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നൂതനമായ കോഴ്സുകൾ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത കോഴ്സുകൾ പഠിച്ചിറങ്ങുന്ന കുട്ടികൾ പി.എസ്.സി. അപേക്ഷ ക്ഷണിച്ച പല തസ്തികകളിലും അപേക്ഷിക്കാൻ യോഗ്യരാകുന്നില്ലെന്നത് കണക്കിലെടുത്ത്, ഒരു യോഗ്യതയ്ക്ക് സമാനമായ തത്തുല്യമായ യോഗ്യതകൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടത്തിൽ/എക്സിക്യൂട്ടീവ് ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിയമന ചട്ടം രൂപീകരിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അടിയന്തരമായി നിയമന ചട്ടം രൂപീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ നിയമത്തിലെ വകുപ്പ് 80 (3 എ) പ്രകാരം ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന അപ്പെക്സ് സ്ഥാപനങ്ങളിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുന്നുണ്ട്.

(ബി) അതാത് പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തന മേഖലയ്ക്കനുസൃതമായ വിദ്യാഭ്യാസ യോഗ്യത തീരുമാനിക്കുന്നത് അതാത് സ്ഥാപനത്തിന്റെ അധികാരികളാണ്. ഇതുസംബന്ധിച്ച് സ്ഥാപന മേധാവികൾ സർക്കാരിനെ അറിയിക്കുകയും സർക്കാർ നിയമന ചട്ടങ്ങളിൽ അവ ഉൾപ്പെടുത്താൻ അനുകൂലമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങളിലെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതനുസരിച്ച് കാലാകാലങ്ങളിൽ യോഗ്യതയിൽ മാറ്റം വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ്

54 (1920) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 44/2015 പ്രകാരമുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2015-ലെ വിജ്ഞാപനപ്രകാരം പരീക്ഷ നടത്തി നാല് വർഷങ്ങൾക്കുശേഷവും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ഗൗരവമായി കണ്ട് അടിയന്തരമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(സി) 9 (ഒൻപത്) ഒഴിവുകൾ പി.എസ.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കെ.എ.പി. അഞ്ചാം ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

55 (1921) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. അഞ്ചാം ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇടുക്കി, കോട്ടയം ജില്ലകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇനി എത്ര ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1-7-2019- ന് ലാങ്ക് ലിസ്റ്റ് നിലവിൽ വന്നു.

(ബി&സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തിവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

56 (1923) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള വിവിധ സമയങ്ങളിൽ അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 1 വർഷം കൂടി നീട്ടുന്നകാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് ഒഴിവുകളിൽ ഗണ്യമായ കുറവുണ്ടായതിനാൽ വിവിധ വിഷയങ്ങളിലെ അദ്ധ്യാപക തസ്തികയടക്കമുള്ള ലിസ്റ്റുകളിൽ നിന്നും വളരെക്കുറച്ച് നിയമനം മാത്രമേ നടന്നിട്ടുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇനിയൊരു അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കാൻ കഴിയാത്തവരും, പ്രായപരിധി കടന്നിട്ടുള്ളവരുമായ ഒട്ടേറെപേർ ഈ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി&സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തിവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.ഡി.സി., എൽ.ഡി.റ്റി., ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികകളിലെ റാങ്ക് പട്ടിക പ്രകാരമുള്ള നിയമനങ്ങൾ

57 (1924) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.സി., എൽ.ഡി.റ്റി., ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് തസ്തികകളിൽ നിലവിലുള്ള റാങ്ക് പട്ടിക പ്രകാരമുള്ള നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ തസ്തികകളിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ലിസ്റ്റുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെയും നാളിതുവരെയുള്ള നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, എൽ.ഡി.സി. (ജനറൽ റിക്രൂട്ട്മെന്റ്) തസ്തികകളിലേയ്ക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നുമുള്ള നിയമന ശിപാർശ സംബന്ധിച്ച വിവരം താഴെ പറയുന്നു

| ജില്ല | എൽ.ജി.എസ്. | എൽ.ഡി.സി. |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 383 | 531 |
| കൊല്ലം | 267 | 338 |
| ആലപ്പുഴ | 200 | 292 |
| പത്തനംതിട്ട | 157 | 237 |
| കോട്ടയം | 182 | 422 |
| (1) | (2) | (3) |
| എറണാകുളം | 314 | 450 |
| ഇടുക്കി | 179 | 249 |
| തൃശ്ശൂർ | 288 | 452 |
| പാലക്കാട് | 278 | 412 |
| മലപ്പുറം | 321 | 452 |
| കോഴിക്കോട് | 359 | 427 |
| വയനാട് | 128 | 142 |
| കണ്ണൂർ | 234 | 438 |
| കാസർഗോഡ് | 186 | 226 |

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ റാങ്ക് പട്ടിക നിലവിലില്ല.

(ബി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വിവിധ തസ്തികകളിലേയ്ക്ക് 3505 (മൂവായിരത്തി അഞ്ഞൂറ്റി അഞ്ച്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1768 (ആയിരത്തി എഴുന്നൂറ്റി അറുപത്തി എട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## കമ്പനി ബോർഡ് അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ്

58 (1925) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ/ബോർഡ് അസിസ്റ്റന്റ് തസ്തികയുടെ (കാറ്റഗറി നമ്പർ 399/2017, 400/2017) പി.എസ്.സി റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാങ്ക് പട്ടിക 31-12-2019-ന് നിലവിൽ വന്നു.

(ബി) 399/17 കാറ്റഗറിയിലേയ്ക്ക് 855 (എണ്ണൂറ്റി അൻപത്തി അഞ്ച്) ഒഴിവുകളും 400/17 കാറ്റഗറിയിലേയ്ക്ക് 168 (നൂറ്റി അറുപത്തിയെട്ട്) ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടിക

59 (1926) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ തട്ടിപ്പിനെ തുടർന്ന് നിയമന നടപടി മരവിപ്പിച്ച പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കുറ്റക്കാരെ ഒഴിവാക്കി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് നിയമനം നൽകുന്നതിന് പരിഗണന നല്കുമോ;

(സി) റാങ്ക് ലിസ്റ്റിന് ഇനി 9 മാസം മാത്രമേ കാലാവധിയുള്ളൂ എന്നിരിക്കെ നിയമന നടപടികൾ ത്വരിതപ്പെടുത്താമോ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

(ബി) ആരോപണ വിധേയരായ ഉദ്യോഗാർത്ഥികളുടെ പേര് റാങ്ക് ലിസ്റ്റിൽനിന്നും സ്ഥിരമായി നീക്കം ചെയ്യാനും ടി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ നിർജ്ജീവമാക്കാനും തീരുമാനിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ

ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പിഎസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തിവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കമ്പനി/കോർപ്പറേഷൻ/ബോർഡ് അസിസ്റ്റന്റ് നിയമന നടപടി**

60 (1927) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 5-8-2018-ൽ പരീക്ഷ നടത്തിയ കമ്പനി/കോർപ്പറേഷൻ/ ബോർഡ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 399/2017, 400/2017) തസ്തികയുടെ റാങ്ക് ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിയമനങ്ങൾ നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) റാങ്ക് പട്ടിക 31-12-2019-ന് നിലവിൽ വന്നു. നിയമന ശിപാർശയ്ക്കായുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

61 (1928) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരം 1-7-2019-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച കെ.എ.പി. II-ലെ സിവിൽ പോലീസ് ഓഫീസറുടെ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് മെമ്മോ അയയ്ക്കുന്നത് വൈകിയ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടികൾ അടിയന്തരമായി നടത്തുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി

62 (1929) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനനടപടികൾ നാല് മാസത്തോളം വൈകിയതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നാലു മാസത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കാലാവധി നീട്ടിനൽകിയ റാങ്ക് പട്ടികകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) 30-6-2016-ന് നിലവിലുള്ളതും 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെയും 31-12-2016 മുതൽ

30-6-2017 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി 30-6-2017 വരെയും നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിച്ചിരുന്നു.

## സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

63 (1930) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്നും, നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വിശദമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ ഏതാനും ആഴ്ചകൾ മാത്രം ശേഷിക്കെ, മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ കോട്ടയം ജില്ലയിൽ നടന്നിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 10 പേർക്ക് നിയമനം നൽകി. നിലവിൽ 3 ഒഴിവുള്ളതും ആയതിൽ 1 എണ്ണം അന്തർ ജില്ലാ സ്ഥലം മാറ്റത്തിനും 2 എണ്ണം ആശ്രിത നിയമനത്തിനുമായി മാറ്റിവച്ചിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോട്ടയം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

64 (1931) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ (കെ.എ.പി. V ) റാങ്ക് ലിസ്റ്റിൽനിന്നും പരിമിതമായ നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കെ.എ.പി. V ബറ്റാലിയനുവേണ്ടി ആർ.ആർ.ആർ.എഫ്-ന്റെ ഇരുന്നൂറോളം വേക്കൻസികൾ അധികമായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എ.പി. V ബറ്റാലിയനിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എ.പി. V ബറ്റാലിയനിലും പ്രസ്തുത ബറ്റാലിയനിൽനിന്നും ബൈട്രാൻസ്ഫർ മുഖേന നികത്തേണ്ട കോട്ടയം, ഇടുക്കി ജില്ലകളിലും വിരമിക്കൽ, പ്രൊമോഷൻ മുതലായവ മൂലമുണ്ടാകുന്ന ഒഴിവുകൾ കുറവായതിനാലും നിലവിൽ ബറ്റാലിയനിൽ അനുവദനീയമായ അംഗബലത്തെ അധികരിച്ച് അംഗസംഖ്യ നിലനിൽക്കുന്നതിനാലും കൂടുതൽ ഒഴിവുകൾ ലഭ്യമല്ല.

(ബി) 268 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കെ.എ.പി. V ബറ്റാലിയനുവേണ്ടി ആർ.ആർ.ആർ.എഫ്. യൂണിറ്റിൽ അധികമായി യാതൊരു തസ്തികയും അനുവദിച്ചിട്ടില്ല.

(ഡി) പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതാണ്.

## എറണാകുളം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിന്റെ കാലാവധി

65 (1932) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 130/2012 പ്രകാരം എറണാകുളം ജില്ലയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- II തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ച തീയതി അറിയിക്കുമോ;

(ബി) കഴിഞ്ഞ പ്രളയകാല ഘട്ടത്തിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ലിസ്റ്റിന്റെയും കാലാവധി നീട്ടുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 22-5-2019-ന് കാലാവധി പൂർത്തിയായി.

(ബി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

66 (1934) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാറ്റഗറി നമ്പർ 245/2018, 254/2018 എന്നിവ പ്രകാരമുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി പൊതുപരീക്ഷ എന്നാണ് നടത്തിയത്; എത്ര ഉദ്യോഗാർത്ഥികൾ പ്രസ്തുത പരീക്ഷയിൽ പങ്കെടുത്തു ; വിശദമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതു പരീക്ഷ 11-1-2020-ന് നടന്നു. 20741 (ഇരുപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഒന്ന്) ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

(ബി) തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കാറ്റഗറി നമ്പർ 254/2018 പ്രകാരമുള്ള തസ്തികയിലേയ്ക്ക് 41 (നാൽപ്പത്തിയൊന്ന്) ഒഴിവുകളും കാറ്റഗറി 245/2018 പ്രകാരമുള്ള തസ്തികയിലേയ്ക്ക് 31 (മുപ്പത്തിയൊന്ന്) ഒഴിവുകളുമാണ് നിലവിലുള്ളത്.

**കേൾവിക്കുറവുള്ളവർക്കായുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി**

67 (1936) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 613/2012 പ്രകാരം കേൾവിക്കുറവുള്ളവർക്കായി പി.എസ്.സി. എൻ.സി.എ. വിജ്ഞാപനം അനുസരിച്ച് പ്രകാരം സർക്കാർ,

കമ്പനി, കോർപ്പറേഷൻ, ബോർഡ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികയിലേക്ക് 2017-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് കാലാവധി എന്നുവരെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിനായി റാങ്ക് ലിസ്റ്റിൽ പേരുള്ള സാറാ ബാലു നല്കിയ അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിലേക്കായി പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 58 (അൻപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽനിന്നുള്ള എൻ.സി.എ. ഊഴങ്ങൾ നികത്തുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയായിരിക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(സി&ഡി) റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ഇ) പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**കേരളാ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ്**

68 (1937) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസിന്റെ പരിധിയിൽ വരുന്ന തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർവ്വീസിന്റെ പരിധിയിൽ വരുന്ന തസ്തികകൾ ഏതൊക്കെയെന്ന് നിർവ്വചിച്ചിട്ടില്ല.

## അംഗീകൃത സർവ്വീസ് സംഘടനകൾ

69 (1938) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ അംഗീകൃത സർവീസ് സംഘടനകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവീസ് സംഘടനകളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള അംഗീകൃത സർവ്വീസ് സംഘടനകളുടെ ലിസ്റ്റിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ താഴെപ്പറയുന്ന സർവ്വീസ് സംഘടനകൾ ഉൾപ്പെട്ടിട്ടുണ്ട്.

1. കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ.
2. കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ, തിരുവനന്തപുരം.
3. കേരള സെക്രട്ടേറിയറ്റ് നോൺ-ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, തിരുവനന്തപുരം.
4. കേരള സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്സ് അസോസിയേഷൻ, തിരുവനന്തപുരം.
5. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ.
6. കേരള സെക്രട്ടേറിയറ്റ് ക്ലറിക്കൽ അസിസ്റ്റന്റ്സ് ആൻഡ് അറ്റൻഡേഴ്സ് അസോസിയേഷൻ.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതിന് നടപടി

70 (1940) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിന്റെ പ്രവർത്തന സമയത്ത് ഒപ്പം കൂടെ നിർത്തുന്നതുമായി ബന്ധപ്പെട്ട 18-5-2018-ലെ 112/എ.ആർ. 13(2)/18/ ഉ.ഭ.പ.വ. സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഓഫീസിന്റെ പ്രവർത്തന സമയത്ത് ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിലുണ്ടാകുന്ന അമാന്തത മനുഷ്യാവകാശ കമ്മീഷൻ എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഇക്കാര്യം ഉറപ്പാക്കേണ്ട ഭരണകൂടം പ്രസ്തുത ബാധ്യത കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഭരണ സിരാകേന്ദ്രത്തിലുൾപ്പെടെയുള്ള സർക്കാർ ശമ്പളം പറ്റുന്ന എല്ലാ ജീവനക്കാർക്കും നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നൽകുമോ;

(ഡി) ഇല്ലെങ്കിൽ വേറിട്ട തീരുമാനത്തിന് സർക്കാരിന് ഉദ്ദേശ്യമുണ്ടെങ്കിൽ അക്കാര്യം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് വകുപ്പ് മേലധികാരികൾ/വകുപ്പ് അദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തണമെന്നും നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടുംകൂടിയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ വിഷയത്തിൽ വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സൂപ്പർ ന്യൂമററി തസ്തികയിലെ അംഗപരിമിത ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ

71 (1941) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ വിവിധ വകുപ്പുകളിൽ അംഗപരിമിത ജീവനക്കാർ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇവർക്ക് സ്ഥിരം ജീവനക്കാർക്കുള്ള സർവീസ് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-തിരുവനന്തപുരം 27-10-2019-ലെ ഒ.എ. നമ്പർ 2413/2017 പ്രകാരം പ്രസ്തുത ജീവനക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഉത്തരവിട്ടിട്ടും ആയത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 18-5-2013-ലെ സ.ഉ.(പി) 40/2013/സാ.നീ.വ. ഉത്തരവ് പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16-8-1999-നും 31-12-2003-നുമിടയിൽ താൽക്കാലികമായി 179 ദിവസം സേവനമനുഷ്ഠിച്ചിട്ടുള്ള അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിനായി 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അർഹതപ്പെട്ടവർക്ക് പുനർനിയമനം നൽകിവരുന്നു.

(ബി) പ്രസ്തുത നിയമനം സൂപ്പർ ന്യൂമററി തസ്തികയിലായതിനാൽ ഇവർക്ക് സ്ഥിരം ജീവനക്കാർക്കുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നില്ല. 18-5-2013-ലെ സ.ഉ. (പി) 40/2013/സാ. നീ.വ. ഉത്തരവ് പ്രകാരം നിയമിതരായ അംഗപരിമിതരുടെ സേവന വ്യവസ്ഥകൾ G.O. (P)No. 01/16/SJD dated 3-2-2016 പ്രകാരം സ്പഷ്ടീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) OA No. 2413/17-ലെ 20-8-2019-യുടെ വിധിന്യായ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 3-2-2016-ലെ ജി.ഒ. (പി)1/2016/SJD നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 5,6,7 എന്നിവ റദ്ദാക്കുകയും അപേക്ഷകരുടെ പ്രൊബേഷൻ റെഗുലറൈസേഷൻ എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസിലുള്ള റെഗുലർ ജീവനക്കാരെപ്പോലെ പ്രൊമോഷൻ ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങൾക്ക് ഇവർ അർഹരാണെന്നും കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

## സാമ്പത്തിക സംവരണം

72 (1942) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം നൽകാനായി സർക്കാർ ഇറക്കിയ ഉത്തരവ് ജി.ഒ.(പി)നമ്പർ 1/2020/പി &എആർഡി 3-1-2020 ഇംഗ്ലീഷിലാണെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; സർക്കാർ ഉത്തരവുകൾ നിർബന്ധമായും

മലയാളത്തിൽ ഇറക്കണമെന്ന പി &എ.ആർ.ഡി. യുടെ നിർദ്ദേശം നിലനിൽക്കുമ്പോൾ തന്നെ പി &എ.ആർ.ഡി. റൂൾസ് വിഭാഗം ഇത്തരത്തിൽ ഇംഗ്ലീഷിൽ ഉത്തരവ് ഇറക്കിയത് സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; ഇംഗ്ലീഷിൽ ഉത്തരവ് ഇറക്കുവാൻ നിർദ്ദേശിച്ചത് ആരെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്, പൊതുഭരണ (കോർഡിനേഷൻ) വകുപ്പ് എന്നിവർ പ്രത്യേകം ഉത്തരവ് ഇറക്കുമെന്ന് പറയുന്നുണ്ടെന്നത് ഏതെല്ലാം വകുപ്പുകളിലെ നിയമനങ്ങളിലെ സംവരണത്തെയാണ് സൂചിപ്പിക്കുന്നത്;

(സി) മേൽപ്പറഞ്ഞ വകുപ്പുകൾ അല്ലാത്ത വകുപ്പുകളിലെ സംവരണം സംബന്ധിച്ച് ഉത്തരവ് ഏത് വകുപ്പാണ് ഇറക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സർക്കാർ വകുപ്പ് അല്ലാത്ത പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ പ്രൊജക്ട് ഓഫീസുകൾ എന്നിവിടങ്ങളിൽ ഈ ഉത്തരവ് ബാധകമാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട) ശ്രീ. കെ. ശശിധരൻ നായർ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ഇംഗ്ലീഷിലുള്ള റിപ്പോർട്ടിലെ (മൂന്ന് വോള്യം) ശിപാർശകൾ അംഗീകരിച്ചുകൊണ്ടാണ് 3-1-2020-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാനപ്രകാരം ഉടനടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതിനാലും മൊഴിമാറ്റം നടത്തുന്നതിന് കൂടുതൽ സമയം വേണ്ടിവരുമെന്നതിനാലുമാണ് റിപ്പോർട്ടിലെ ശിപാർശകൾ മൊഴിമാറ്റം നടത്താതെ അംഗീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച തുടർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നതാണ്.

(ബി&സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. മുന്നാക്ക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് ഒരു പരാതി പരിഹാര സെൽ

രൂപീകരിക്കുന്നതിനാണ് പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. സർക്കാർ നിയമനങ്ങളിലെ സംവരണം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ഡി) സർക്കാർ വകുപ്പുകളും ഭൂരിഭാഗം ഓഹരികൾ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളും ഒഴികെയുള്ള സ്ഥാപനങ്ങളിലെ നിയമന സംവരണം കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല.

**സർക്കാർ ജീവനക്കാരുടെ എണ്ണം**

73 (1943) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ്, അദ്ധ്യാപകർ ഉൾപ്പെടെയുള്ള ആകെ സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് സേനാവിഭാഗം, അദ്ധ്യാപക വിഭാഗം, മറ്റ് ജീവനക്കാർ എന്നിങ്ങനെ പട്ടികതിരിച്ച് വിശദമാക്കാമോ;

(ബി) ആയതിൽ എത്ര വനിതാ, പുരുഷ ജീവനക്കാർ ഉണ്ടെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(സി) ആയതിൽ എൻ.പി.എസ്.-ൽ ഉൾപ്പെട്ടവരും, അല്ലാത്തവരും എത്രയെന്ന് പട്ടികതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**മിശ്രവിവാഹിതരായ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ**

74 (1944) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ സ്ത്രീ/പുരുഷൻ സർക്കാർ ജീവനക്കാരാണെങ്കിൽ നിലവിൽ അവർ ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യം/സംരക്ഷണം എന്നിവയ്ക്ക് അർഹരാണോ; ആണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സർക്കാർ ജീവനക്കാരൻ/ജീവനക്കാരി മിശ്രവിവാഹിതർ ആണെങ്കിൽ അവർക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഇതൊരു മാനദണ്ഡമായി പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ കേന്ദ്ര സർക്കാർ സർവ്വീസിലേതുപോലെ മിശ്ര വിവാഹിതർക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. 25-2-2017 പ്രകാരം മിശ്രവിവാഹിതരായ സ്ത്രീ/പുരുഷൻ ജീവനക്കാരെ സ്ഥലംമാറ്റത്തിൽ പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങളിൽ) ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആശ്രിത നിയമനം**

75 (1946) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം കിട്ടിയാൽ ആശ്രിതരെ നോക്കണം എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സർക്കാർ ജോലി ലഭിച്ചാൽ കുടുംബാംഗങ്ങളെ സംരക്ഷിക്കാമെന്ന സത്യവാങ്മൂലം നൽകണമെന്ന സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോ; മുൻകാലങ്ങളിൽ ജോലി ലഭിച്ചവരുടെ കാര്യത്തിൽ എന്തു തീരുമാനമാണ് സർക്കാർ എടുത്തിരിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത് സംബന്ധിച്ച ഉത്തരവുകളുടെ (21-2-2018-ലെ സ.ഉ.(കൈ)നമ്പർ 5/2018/ഉഭപവ, 5-7-2019-ലെ സ.ഉ.(കൈ)നമ്പർ 8/2019/ഉഭപവ) പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല. ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ സാമാജികർക്ക് ലഭ്യമാക്കുന്നതിന് നടപടി**

76 (1947) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിയമസഭാ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലേക്ക് നൽകുന്ന പ്രോജക്റ്റുകളുടെയും മറ്റ് അപേക്ഷകളുടെയും പരിശോധനാഘട്ട പുരോഗതിയും ഉത്തരവുകളും ബന്ധപ്പെട്ട ആഫീസുകളിൽ നിന്ന് സാമാജികരുടെ സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് തലത്തിൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

21-11-2011- ലെ 77369/സിഡിഎൻ4/11/പൊഭവ നമ്പർ സർക്കുലർ പ്രകാരം നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിജസ്ഥിതി സ്ഥലം എം.എൽ.എ.-മാരെ അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് കൂടി ലഭ്യമാക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്. സാമാജികരുടെ സൈറ്റിൽ ആയത് ലഭ്യമാക്കുന്നതിന്റെ നടപടികൾ നിയമസഭാ സെക്രട്ടേറിയറ്റാണ് സ്വീകരിക്കേണ്ടത്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

77 (1948) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് 2015 ലെ വോട്ടർപട്ടിക ആധാരമാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിയിൽ ഉണ്ടായിരുന്ന പത്തുലക്ഷത്തിലധികം വോട്ടർമാർക്ക് സമ്മതിദാന അവകാശം നഷ്ടപ്പെടാനിടയുണ്ടെന്ന കാര്യം ശ്രദ്ധയയിൽപ്പെട്ടിട്ടുണ്ടോ.

(സി) 2019-ൽ തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടികയ്ക്ക് പകരം 2015 ലെ വോട്ടർപട്ടിക ഉപയോഗിയ്ക്കുന്നത് വഴി എന്തെല്ലാം അധികബാധ്യത സർക്കാരിന് ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത്;

(ഡി) ഇതുവഴി എന്തെല്ലാം ബുദ്ധിമുട്ടുകളാണ് വോട്ടർമാർക്കും ഉദ്യോഗസ്ഥർക്കും ഉണ്ടാകാനിടയുള്ളത്; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണഘടനയുടെ 243 K, 243 Z A എന്നീ അനുച്ഛേദങ്ങൾ പ്രകാരം യഥാക്രമം ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വോട്ടർ പട്ടിക തയ്യാറാക്കലിന്റെയും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെയും ചുമതല സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. വോട്ടർ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് സംസ്ഥാന തെരഞ്ഞുപ്പ് കമ്മീഷനാണെന്നതിനാൽ സർക്കാർ ഇതുസംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(ബി) 2015-ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷം ഉപതെരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിന് ഉപയോഗിച്ച വോട്ടർ പട്ടികയും മറ്റ് വാർഡുകളിൽ 2015-ലെ പൊതുതെരഞ്ഞെടുപ്പിന് ഉപയോഗിച്ച വോട്ടർ പട്ടികയും 2020 ജനുവരി 20-ന് കരടായി പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക വാർഡ് പുനർവിഭജനത്തിന് ശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുനഃക്രമീകരിച്ച് വീണ്ടും കരടായി പ്രസിദ്ധീകരിക്കും. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർ പട്ടിക ഉപയോഗിച്ച് 2020-ലെ പൊതുതെരഞ്ഞെടുപ്പ് നടത്താനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അർഹരായ വോട്ടർമാർക്ക് പ്രസ്തുത വോട്ടർപട്ടികയിൽ പേര് ചേർക്കുവാൻ അവസരമുള്ളതിനാൽ സമ്മതിദാന അവകാശം നഷ്ടപ്പെടുന്ന സാഹചര്യമില്ല.

(സി &ഡി) വിവരം ശേഖരിച്ചുവരുന്നു.

**കെ-ഫൈ പദ്ധതി പ്രകാരം സൗജന്യ വൈ-ഫൈ**

78 (1949) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫൈ പദ്ധതി പ്രകാരം എത്ര സ്ഥലങ്ങളിലാണ് സൗജന്യ വൈ-ഫൈ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സജ്ജമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈ-ഫൈ പദ്ധതിയായ കെ-ഫൈ പദ്ധതി പ്രകാരം 2000 ഹോട്സ്പോട്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ജില്ലാ ഭരണ കേന്ദ്രങ്ങൾ, പ്രധാന സർക്കാർ ഓഫീസുകൾ എന്നിവയ്ക്ക് പുറമെ അതാത് ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്ത ബസ് സ്റ്റാൻഡുകൾ, പഞ്ചായത്ത് ഓഫീസുകൾ, പാർക്കുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ മുതലായ ഇടങ്ങളിലാണ് ബി.എസ്.എൻ.എൽ-ന്റെ സഹായത്തോടെ വൈ-ഫൈ സംവിധാനം നടപ്പിലാക്കുന്നത്.

(ബി) 1997 സ്ഥലങ്ങളിൽ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വൈ-ഫൈ ഹോട്ട് സ്പോട്ടുകളുടെ എണ്ണം |
|---|---|---|
| 1 | എറണാകുളം | 222 |
| 2 | തിരുവനന്തപുരം | 181 |
| 3 | ആലപ്പുഴ | 122 |
| 4 | കോട്ടയം | 136 |
| 5 | തൃശ്ശൂർ | 167 |
| 6 | പത്തനംതിട്ട | 136 |
| 7 | പാലക്കാട് | 130 |
| 8 | കോഴിക്കോട് | 148 |
| 9 | കണ്ണൂർ | 161 |
| 10 | കാസർഗോഡ് | 130 |
| 11 | ഇടുക്കി | 80 |
| 12 | കൊല്ലം | 144 |
| 13 | വയനാട് | 90 |
| 14 | മലപ്പുറം | 150 |
| | ആകെ | 1997 |

**കെ-ഫോൺ പദ്ധതി**

79 (1950) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ജനങ്ങൾക്ക് എന്തെല്ലാം പ്രയോജനമാണ് ലഭിക്കുവാൻ പോകുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ (കെ.എസ്.ഇ.ബി.) വൈദ്യുതി ലൈനുകളെ ഉപയോഗപ്പെടുത്തി അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-

FON) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്" എന്ന പേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിക്കുകയും പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്റർ (NOC) സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിലും ഡിസാസ്റ്റർ റിക്കവറി സെന്ററിന്റെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്തും പുരോഗമിച്ചുവരുന്നു.

പ്രാരംഭഘട്ടമായി പരുത്തിപ്പാറ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ മുതൽ ടെക്നോപാർക്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ വരെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സംസ്ഥാന സർക്കാർ ഓഫീസുകളിലേയ്ക്കുള്ള കണക്ടിവിറ്റിക്കുവേണ്ടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നത് പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 14 ജില്ലകളിലെ എൺപതോളം കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകളിൽ ഐ.ടി. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പ്രിഫാബ് ഷെൽട്ടറുകളുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

(ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) പദ്ധതിവഴി സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുവാനും പ്രസ്തുത പദ്ധതിവഴി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ ഓൺലൈൻ സേവനങ്ങളായ (ഇ-സേവനങ്ങൾ) ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ തുടങ്ങിയവയ്ക്ക് കൂടുതൽ ബാൻഡ്‌വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെ-ഫോൺ പദ്ധതി സഹായകരമാകുന്നതാണ്. കൂടാതെ ഗ്രാമങ്ങളിലെ ചെറുകിട സംരംഭങ്ങൾക്ക് ഇ-കോമേഴ്സ് സാധ്യതകൾ പ്രയോജനപ്പെടുത്തി വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും പ്രസ്തുത പദ്ധതിവഴി സാധിക്കുന്നതാണ്. ഐ.ടി. പാർക്കുകൾ, എയർപോർട്ട്, തുറമുഖം തുടങ്ങിയ ഇടങ്ങളിൽ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉയർന്ന നിലവാരമുള്ള നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാനും ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമാക്കാനും കെ-ഫോൺ പദ്ധതി ഉതകുന്നതാണ്.

(സി) ജില്ലകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതോടൊപ്പം ഐ.ടി. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രിഫാബ് ഷെൽട്ടറുകളുടെ പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ജില്ലയിലെ ഓഫീസുകളിൽ കണക്റ്റിവിറ്റി നൽകുവാൻ കഴിയുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി പൂർണ്ണമായും 2021 ജനുവരിയിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡിജിറ്റൽ സർവ്വകലാശാല**

80 (1951) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടന, പഠനാവസരങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാമോ;

(ബി) ഡിജിറ്റൽ മേഖലയിൽ ഗുണനിലവാരമുള്ള മാനവ വിഭവശേഷി വികസിപ്പിക്കുവാനും ഐ.ടി. വ്യവസായ വികസനത്തിനും പ്രസ്തുത സർവ്വകലാശാല എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)-യെ ഡിജിറ്റൽ സർവ്വകലാശാലയാക്കിക്കൊണ്ട് 18-1-2020 അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. " ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആന്റ് ടെക്നോളജി" എന്നാണ് പുതിയ യൂണിവേഴ്സിറ്റിക്ക് നാമകരണം ചെയ്തിരിക്കുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ മേഖലയിൽ ഉയർന്ന നിലവാരമുള്ള മാനവശക്തിയുടെ ആവശ്യകത പരിഹരിക്കുകയെന്ന

ലക്ഷ്യത്തോടെ സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ്, സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ഡിസൈൻ ആന്റ് ആട്ടോമേഷൻ, സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ്, സ്കൂൾ ഓഫ് ഡിജിറ്റൽ ബയോ സയൻസ്, സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റിസ് എന്നിങ്ങനെ 5 സ്കൂളുകൾ നിയുക്ത സർവ്വകലാശാലയിൽ ഉണ്ടായിരിക്കും.

ഡിജിറ്റൽ രംഗത്തെ സാങ്കേതികവും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംങ്സ്, ഇ-മൊബിലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ഫിൻടെക്, കോഗ്നിറ്റീവ് സയൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ്) സാമൂഹികവുമായ മേഖലകളിലെ കോഴ്സുകളും പുതിയ ഗവേഷണ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠന ശിഖരങ്ങളും പരിശീലന പദ്ധതികളുമാണ് ഈ സർവ്വകലാശാലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസം, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുക, ആഗോള തലത്തിലുള്ള വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കുക, അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക, വിദേശ വിദ്യാർത്ഥികളെയും സംരംഭകരെയും കമ്പനികളെയും ആകർഷിക്കാൻ വേണ്ട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നതാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം.

(ബി) ഇൻഫർമേഷൻ ടെക്നോളജിയിൽ വ്യവസായവും ഡിജിറ്റൽ സാങ്കേതികവിദ്യയും വികസിപ്പിക്കാൻ സ്വീകരിച്ചുപോരുന്ന നടപടികളുടെ തുടർച്ചയാണ് ഡിജിറ്റൽ സർവ്വകലാശാല. ഇതിലൂടെ കേരളത്തിലെ വ്യവസായ, തൊഴിൽ മേഖലകളിലെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സാങ്കേതികവിദ്യയിൽ ഗുണനിലവാരമുള്ള മാനവശക്തി സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വകലാശാലയുടെ അതിനൂതന വിവരസാങ്കേതിക വിദ്യാഭ്യാസത്തിലൂടെയും ഗവേഷണം വഴിയും രാജ്യത്ത് വിവരസാങ്കേതിക രംഗത്ത് അതിവിദഗ്ദ്ധരെ സൃഷ്ടിക്കാനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കും.

(സി) ഇതിലേയ്ക്കായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ 10.33 ഏക്കറിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ക്യാമ്പസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## സി-ഡിറ്റ്

81 (1952) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ തിരുവല്ലം മെയിൻ കാമ്പസിൽ ആവശ്യത്തിലേറെ സ്ഥലം ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ സ്റ്റാച്യുവിലുള്ള നാലുനില കെട്ടിടം പ്രതിമാസം അഞ്ചു ലക്ഷം രൂപ വാടകയ്ക്കെടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാഴ്ചെലവ് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി-ഡിറ്റിലെ ഏതെല്ലാം പ്രോജക്ടുകളിൽ ശമ്പളം കൂടാതെ ഇൻസെന്റീവ് നൽകിവരുന്നു എന്നു വിശദമാക്കുമോ; ഇന്നേ വരെ നല്കിയ ഇൻസെന്റീവ് എത്രയെന്ന് പറയുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിലെ കോർപ്പസ് ഫണ്ടിൽ(ഫിക്സഡ് ഡെപ്പോസിറ്റ്) നിന്നും എത്ര രൂപ പിൻവലിച്ചിട്ടുണ്ട്; എന്ത് ആവശ്യങ്ങൾക്കാണ് പിൻവലിച്ചതെന്ന് വിശദമാക്കുമോ; കോർപ്പസ് ഫണ്ടിൽ ഇനി മിച്ചമുള്ള തുകയുടെ വിവരം വിശദമാക്കുമോ?

ഉത്തരം

(എ) സി-ഡിറ്റിന്റെ വിവിധ വകുപ്പുകളുടെയും പ്രോജക്ടുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സൗകര്യം കണക്കിലെടുത്ത് കംമ്പ്യൂട്ടർ ലാബുൾപ്പെടെ സ്ഥാപിക്കുന്നതിനായാണ് സ്റ്റാച്യുവിലെ കെട്ടിടം വാടകയ്ക്കെടുത്തിട്ടുള്ളത്. സി-ഡിറ്റിന്റെ തിരുവല്ലത്തെ ക്യാമ്പസിൽ ഒഴിവുള്ള മുറികളിൽ സി-ഡിറ്റിന്റെ പ്രോജക്ടുകളും ലാബുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സി-ഡിറ്റിലെ സി.എം.പി.ജി.ആർ.സി, സി.എം. വെബ്സൈറ്റ് & സോഷ്യൽ മീഡിയ, സബ് രജിസ്ട്രാർ ഓഫീസ് പ്രോജക്ട്, അന്താരാഷ്ട്ര ചലച്ചിത്രോത്സവം - കേരള, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, നവകേരളം, ഹരിതകേരളം, പി.ആർ.ഡി. ന്യൂസ് ക്ലിപ്പിംഗ് എന്നീ വിവിധ പ്രോജക്ടുകളിൽ ശമ്പളം കൂടാതെ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2016 മേയ് മുതൽ 1,39,64,447 രൂപ ഇൻസെന്റീവായി നൽകിയിട്ടുണ്ട്.

(സി) സി-ഡിറ്റിന് കോർപ്പസ് ഫണ്ടില്ല, 2017 മുതൽ 2019 ജനുവരി വരെ 8,41,87,840.47 രൂപ സ്ഥിരനിക്ഷേപത്തിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. സി-ഡിറ്റിന് വിവിധ വകുപ്പുകളുടെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട തുകലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്ന അവസരത്തിൽ പ്രോജക്ട് നിർവ്വഹണത്തിനും അവശ്യചെലവുകൾക്കുമായി മേൽപ്പറഞ്ഞ തുക വിനിയോഗിക്കാറുണ്ട്. നിലവിൽ 7,88,70,782 രൂപ സ്ഥിരനിക്ഷേപമുണ്ട്.

## ഡിജിറ്റൽ സർവ്വകലാശാല

82 (1953) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസിതമായ മാനവശേഷി കണക്കിലെടുത്ത് ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റിത്തീർക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ടെക്നോളജി ഇന്നൊവേഷൻ സോൺ, ടെക്നോസിറ്റി എന്നിവ ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തെ എത്രമാത്രം ചലനാത്മകമാക്കിയിട്ടുണ്ട്; സംസ്ഥാനത്ത് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഐ.ടി. മേഖലകളിൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ കൈവരിച്ച നേട്ടം അറിയിക്കാമോ; വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) (i) ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി. പാർക്കുകളിൽ സംരംഭകർക്ക് യാതൊരു തടസ്സവും കൂടാതെ തങ്ങളുടെ വ്യവസായം നടത്തിപ്പോകുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(ii) ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും 91.5 ലക്ഷം ച.അടി അധിക സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

(iii) മാനവശേഷി വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് സാമൂഹിക-സാമ്പത്തിക-വൈജ്ഞാനിക വികസനത്തിനായി കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ (ഹാഷ് ഫ്യൂച്ചർ) നടത്തിവരുന്നു.

(iv) സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയിലൂടെ പുത്തൻ സാങ്കേതികവിദ്യകളുടെ ഉത്പാദനം, ഉപയോഗം എന്നിവയ്ക്ക് അനുയോജ്യമായ മാനവ വിഭവശേഷി വികസനം എന്ന ആശയം

പ്രാവർത്തികമാക്കുന്നതിന് KASE, IIITM-K, ICFOSS,ASAP, IIMK, ICT ACADEMY തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി കോഴ്സുകൾ നടത്തിവരുന്നുണ്ട്.

(v) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(vi) ഐ.ടി. മേഖലയിലെ കാലിക വളർച്ചയ്ക്കനുസൃതമായി യുവതീയുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(vii) അതിനൂതന ഡിജിറ്റൽ സാങ്കേതികവിദ്യാ മേഖലകളുടെ വളർച്ച ലക്ഷ്യമിട്ട് IIITM-K-യെ ഒരു അന്താരാഷ്ട്ര ശ്രേണിയിലുള്ള ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുവാൻ സർക്കാർ തീരുമാനിക്കുകയും ഇതിലേയ്ക്ക് IIITM-K-യെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയാക്കിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി

(ബി) നോളജ്സിറ്റി പദ്ധതി ഉൾപ്പെട്ടിട്ടുള്ള ടെക്നോസിറ്റി പദ്ധതിയിൽ ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.. ഇവിടെ സ്പേസ് പാർക്കും അതിനോടനുബന്ധമായി ഡോ. അബ്ദുൾകലാം സ്പേസ് മ്യൂസിയവും ഉയർന്നുവരുന്നുണ്ട്. വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചുവരുന്നു.

സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും ഗവേഷണവും, ഡിജിറ്റൽ സയൻസ്, ടെക്നോളജീസ്, അനുബന്ധ മേഖലകൾ എന്നിവയുടെ പ്രാഥമിക തലങ്ങൾ കേന്ദ്രീകരിച്ച് തിരുവനന്തപുരത്ത് ഒരു നോൺ-അഫിലിയേറ്റഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുക.

- കേരളത്തിൽ ഒരു വിജ്ഞാന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ഗവേഷണം നടത്തുന്നതിന് സഹായിക്കുക.

- സർക്കാർ, വ്യവസായം, മറ്റ് ഏജൻസികൾ എന്നിവയ്ക്കുവേണ്ടി ഡിജിറ്റൽ സയൻസസ്, ടെക്നോളജീസ് എന്നിവയുടെ ബെഞ്ച്മാർക്ക് റഫറൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഒരു അതുല്യ ടെക്നോ-മാനേജ്മെന്റ് സ്ഥാപനമായി ഉയർന്നുവരിക.

- അക്കാദമിക്, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്നതിന് ശക്തമായ വ്യവസായ-അക്കാദമിക്, അക്കാദമിക്-അക്കാദമിക്, അന്താരാഷ്ട്ര സഹകരണങ്ങൾ എന്നിവ സൃഷ്ടിക്കുക.

- ഇന്ത്യയിലെയും വിദേശത്തെയും മറ്റ് സ്ഥാപനങ്ങളുമായും ഏജൻസികളുമായും സഹകരണ പരിപാടികൾ വളർത്തുന്നതിന് ഫണ്ട് ആകർഷിക്കുക.

(സി) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും മേഖലയിൽ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനംമൂലം സ്റ്റാർട്ടപ്പുകളുടെ എണ്ണം 370-ൽനിന്നും 2200 ആയി ഉയർത്തുവാൻ സാധിച്ചു. 3,0000-ലധികം കോടി രൂപയുടെ നിക്ഷേപം സ്റ്റാർട്ടപ്പുകളിൽ ലഭ്യമായിട്ടുണ്ട്. വിവിധ ഗ്രാന്റുകളിലൂടെ 14 കോടിയിലധികം രൂപ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ 7 കോടിയിലധികം രൂപ ലഘുവായ വ്യവസ്ഥകളിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പയായി അനുവദിച്ചുനൽകിയിട്ടുണ്ട്. സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ടോപ് പെർഫോർമറായി സ്റ്റാർട്ടപ്പ് ഇന്ത്യയെയും ആഗോള തലത്തിൽ ഒന്നാമത്തെ പബ്ലിക് ബിസിനസ് ആക്സിലേറ്ററായി കേരള സ്റ്റാർട്ടപ്പ് മിഷനെയും തെരഞ്ഞെടുത്തിട്ടുണ്ട്.

## സി-ഡിറ്റിന്റെ കമ്പനിവത്കരണം

83 (1954) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനിവത്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരോടും സംഘടനകളോടും ചർച്ചകളൊന്നും നടത്താതെ ഇരുപത്തി നാലാമത് സി-ഡിറ്റ് ഗവേണിംഗ് ബോഡി രജിസ്ട്രാറോട് പ്രൊപ്പോസൽ നൽകുവാനാവശ്യപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സി-ഡിറ്റ് കമ്പനിവൽക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) സി-ഡിറ്റിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് വർഷങ്ങളായി കോടിക്കണക്കിനു രൂപയുടെ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും ക്രമവിരുദ്ധമായി വാങ്ങിക്കൂട്ടിയെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാൻ ഫണ്ട് വിനിയോഗം ഗുണപരമായ രീതിയിൽ തന്നെയാണോ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മാതൃകയിലുള്ള ഏജൻസി എന്ന നിലയിൽ ടെണ്ടറുകളിലും മറ്റും പങ്കെടുക്കുന്നതിനായി സി-ഡിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം തയ്യാറാക്കാൻ സി-ഡിറ്റ് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. സി-ഡിറ്റ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി) പദ്ധതിയിനത്തിൽ സർക്കാർ സി-ഡിറ്റിന് അനുവദിക്കുന്ന തുക ആയത് ചെലവഴിക്കുന്നതിനായുള്ള ഭരണാനുമതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. സി-ഡിറ്റ്, പ്ലാൻ ഫണ്ട് വിനിയോഗം ഗുണപരമായ രീതിയിൽ തന്നെയാണ് നടത്തിയിട്ടുള്ളത്.

(സി) ഈ ഇനത്തിൽ സി-ഡിറ്റിന് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല.

**സി.എം.ഒ/സി.എം.ഡി.ആർ.എഫ്. സോഫ്റ്റ്‌വെയർ**

84 (1955) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.ഒ./സി.എം.ഡി.ആർ.എഫ്. സോഫ്റ്റ്‌വെയർ നടത്തിപ്പുമായി ബന്ധപ്പെട്ട് സി-ഡിറ്റ് പരിപാലിച്ചിരുന്ന വ്യക്തിഗതവിവരങ്ങൾ സ്വകാര്യകമ്പനികൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സി.എം.ഡി.ആർ.എഫ്. സോഫ്റ്റ്‌വെയർ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വകാര്യ കമ്പനി ജീവനക്കാർ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സി.എം.ഒ./സി.എം.ഡി.ആർ.എഫ്. സോഫ്റ്റ്‌വെയർ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതേവരെ എത്ര രൂപയുടെ ബില്ലുകൾ/ഇൻവോയിസുകൾ സ്വകാര്യ കമ്പനികളിൽ നിന്നും സി-ഡിറ്റിന് ലഭിച്ചിട്ടുണ്ട്; എത്ര രൂപ സി-ഡിറ്റ് ഇവർക്ക് ഇതുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) 68,67,600 (അറുപത്തി എട്ട് ലക്ഷത്തി അറുപത്തേഴായിരത്തി അറുന്നൂറ് രൂപ) രൂപയുടെ ഇൻവോയിസ് സി-ഡിറ്റിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 23,60,000 (ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ) രൂപ നൽകിയിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ**

85 (1956) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങൾക്ക് ഓരോ സേവനത്തിനും ഈടാക്കുവാൻ കഴിയുന്ന നിരക്ക് വിശദമാക്കുമോ;

(ഡി) അക്ഷയ കേന്ദ്രങ്ങൾക്ക് സേവനമേഖലയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിലാണ് അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(സി) അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങളുടെ നിരക്ക് ഏകീകരിച്ചുകൊണ്ടുള്ള 9-5-2018-ലെ സ.ഉ.(അച്ചടി)നമ്പർ 03/2018/വി.സ.വ. സർക്കാർ ഉത്തരവ് അനുബന്ധം 11- ആയി ചേർക്കുന്നു.*

(ഡി) അക്ഷയ കേന്ദ്രങ്ങൾ അവയ്ക്ക് അനുവദിച്ചിട്ടുള്ള ലൊക്കേഷനുകളിൽ തന്നെ പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് ഏത് അക്ഷയ കേന്ദ്രത്തിൽനിന്ന് വേണമെങ്കിലും സേവനങ്ങൾ ലഭ്യമാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്

86 (1957) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾക്ക് വ്യത്യസ്ത നിരക്ക് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരക്കുകൾ ഏകീകരിച്ച് സെന്ററുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓരോ പഞ്ചായത്തിലും കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട പരാതി സമർപ്പിക്കേണ്ടതെവിടെയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂവെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്.

(സി) ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ. അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവശ്യകത കണക്കാക്കി അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

(ഡി) സർക്കാരിലും അക്ഷയയുടെ ജില്ലാ ഓഫീസുകൾ, കളക്ടറേറ്റ്, അക്ഷയ സംസ്ഥാന ഓഫീസ് എന്നിവിടങ്ങളിലും സമർപ്പിക്കാവുന്നതാണ്.

**അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

87 (1958) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ജനസാന്ദ്രതയ്ക്കനുസരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളുടെ ലൈസൻസിക്കും അതിലെ ജീവനക്കാർക്കും സർക്കാർ സേവനങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ; അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ പല അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് തൃപ്തികരമായ സേവനം ലഭിക്കുന്നില്ല എന്ന പരാതി ഉയർന്നുവരുന്ന സാഹചര്യത്തിൽ, പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും നിശ്ചിത ഫീസിൽ തൃപ്തികരമായ സേവനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2709.

(ബി) ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ.അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. ആവശ്യകതയനുസരിച്ച് അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

(സി) ഓരോ സർക്കാർ സേവനങ്ങളും അക്ഷയ വഴി ആരംഭിക്കുമ്പോഴും നടപടിക്രമങ്ങളിൽ കാലികമായി വ്യത്യാസം വരുത്തുമ്പോഴും അക്ഷയ സംരംഭകർക്ക് പരിശീലനം നൽകുകയും സേവനങ്ങൾ സംബന്ധിച്ച പഠനസാമഗ്രികൾ നൽകുകയും ചെയ്യാറുണ്ട്.

(ഡി) വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂവെന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങൾവഴി കൃത്യമായി പരാതിരഹിതമായി സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ അക്ഷയ കേന്ദ്രം സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും പോരായ്മകൾ കണ്ടെത്തുകയാണെങ്കിൽ നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്. സേവനങ്ങൾ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പരാതി പുസ്തകം ലഭ്യമാണ്. കൂടാതെ ഉപഭോക്താക്കളുമായി നല്ല രീതിയിൽ ഇടപെടുന്നതിനും സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ സംരംഭകർക്ക് നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

**ആധാർ കാർഡ് രജിസ്ട്രേഷൻ**

88 (1959) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർ ആധാർ കാർഡ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും അത് എത്ര ശതമാനം ആണെന്നും വ്യക്തമാക്കാമോ;

(ബി) ആധാർ കാർഡിനായി രജിസ്റ്റർ ചെയ്തവരിൽ ഇനി എത്ര പേർക്ക് കാർഡ് നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

ഉത്തരം

(എ&ബി) ആധാർ എൻറോൾമെന്റ് രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഭാരതീയ സവിശേഷ തിരിച്ചറിയൽ അതോറിറ്റിയുടെ (UIDAI) അധീനതയിലാണ്. പ്രസ്തുത വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(സി) ആധാർ ഇല്ലാത്തതുകാരണം സർക്കാർ പദ്ധതികൾ നിഷേധിക്കരുതെന്നുള്ളതാണ് സർക്കാരിന്റെ നയം. ആധാർ സർക്കാർ സേവനങ്ങൾക്ക് നിർബന്ധമാക്കിക്കൊണ്ട് വിവര സാങ്കേതികവിദ്യാ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**കേരള പുനർനിർമ്മാണ പദ്ധതിയിൽ റോഡുകൾക്ക് ഫണ്ട്**

89 (1960) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യവികസനത്തിനായി പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ ചുമതലയിലുള്ള റോഡുകൾക്ക് എത്രവീതം ഫണ്ടാണ് അനുവദിച്ചിട്ടുള്ളത് എന്ന് ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണവും പരിപാലനവും എങ്ങനെ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) പത്തനംതിട്ട ജില്ലയിലെ പി. ഡബ്ല്യു. ഡി റോഡുകൾ, റാന്നി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണവകുപ്പ് റോഡുകൾ എന്നിവയ്ക്കനുവദിച്ച തുകയും റോഡുകളുടെ പേരും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടാതെ പോയ റോഡുകൾക്ക് ഫണ്ടനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി പൊതുമരാമത്ത് റോഡുകൾക്ക് 300 കോടി രൂപയും

തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകൾക്കായി 488 കോടി രൂപയും അനുവദിച്ചുകൊണ്ട് 13-8-2019-ൽ സർക്കാർ ഉത്തരവായിരുന്നു. (G.O.(Ms)25/2019-PLGEA) പുനർനിർമ്മിക്കുന്നതിനായി ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് റോഡുകളുടെയും തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകളുടെയും ജില്ലതിരിച്ചുള്ള പട്ടിക യഥാക്രമം അനുബന്ധം -1, അനുബന്ധം -2 എന്നിവയായി ചേർത്തിരിക്കുന്നു.*

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വിശദ പദ്ധതി രേഖ (ഡി.പി.ആർ.) M/s feedbackinfra pvt ltd. എന്ന ഏജൻസിയുടെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. റോഡുകളുടെ നിർമ്മാണം, പരിപാലനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഡി.പി.ആർ തയ്യാറാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാകുകയുള്ളൂ.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകളുടെ പുനർനിർമ്മാണം DBOT രീതിയിൽ നിർവ്വഹിക്കാനും ഇവയുടെ പരിപാലനം 10 മുതൽ 15 വർഷത്തേയ്ക്ക് നിർമ്മാണ ചുമതലയുള്ള കോൺട്രാക്ടറെ ഏൽപ്പിക്കാനുമാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട ജില്ലയിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ, റാന്നി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകൾ യഥാക്രമം അനുബന്ധം -1 അനുബന്ധം -2 എന്നിവയിൽ ചേർത്തിരിക്കുന്നു.*

(ഡി) 2018-2019-കളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഉൾപ്പെടുത്താത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി" (Chief Minister's Local Roads Rebuild Project) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും അനുവദിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കുട്ടനാട് നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

90 (1962) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജോലികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇത്തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഹരിപ്പാട്-വീയപുരം-എടത്വ-പുതുക്കരി-മാമ്പുഴക്കരി-കിടങ്ങറ-കുന്നങ്കരി-കുമരങ്കരി-വാലടി-മുളക്കംതുരുത്തി റോഡ് എന്നിവ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു.

ഇതുകൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് റോഡുകളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽനിന്നും ആകെ 36.052 കി.മീ. ദൈർഘ്യം വരുന്ന 32 റോഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് 13-8-2019-ൽ സർക്കാർ ഉത്തരവായിരുന്നു. ഇവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയാനന്തര പുനർനിർമ്മാണ സഹായം**

91 (1963) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രളയാനന്തര പുനർനിർമ്മാണ സഹായമായി ലോകബാങ്കിൽ നിന്നും വികസന വായ്പ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ഈ തുക വിനിയോഗിക്കുക എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രളയാനന്തര കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ ( 1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഈ തുകയിൽ 1133.07 കോടി രൂപ കൺസഷണൽ വായ്പയും 646.51 കോടി രൂപ നോൺ കൺസഷണൽ വായ്പയുമാണ്.

വികസന നയവായ്പയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പുനർനിർമ്മാണ പദ്ധതികൾക്കാണ് തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം

92 (1964) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കുടുംബാംഗങ്ങൾ എത്ര പേർ; ഓരോവർഷത്തിലും ഓരോരുത്തർക്കും ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയതിന്റെ പട്ടിക മണ്ഡലം തിരിച്ച് പേര് വിവരം സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയെന്നും ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തുക പേര് വിവരം സഹിതം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രളയ സഹായ നിധിയിലേക്ക് ലഭ്യമായ ആകെ തുകയുടെ (പ്രളയം സംഭവിച്ച 2018 മുതൽ 2019 ഡിസംബർ 31 വരെ) വിവരം നൽകുമോ;

(ഡി) പ്രസ്തുത തുക നൽകിയത് ആരെല്ലാമെന്നും തുക എത്ര വീതമാണെന്നും പേര്, ലഭ്യമാക്കിയ തുക, തീയതി എന്നീ വിവരങ്ങൾ മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നാശനഷ്ടത്തിന്റെ മണ്ഡലം തിരിച്ചുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 27-7-2018 മുതൽ 31-12-2019 വരെ 4728.77 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ഡി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകുന്ന ധനസഹായത്തിന്റെ സ്വഭാവം

93 (1965) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ സ്വഭാവം വ്യക്തിഗതമാണോ എന്നറിയിക്കാമോ; വ്യക്തികൾക്ക് നേരിട്ടാണോ ധനസഹായം നൽകുന്നത്;

(ബി) വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് നൽകുന്ന ധനസഹായം എത്രയെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(സി) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങി നൽകുന്നതിന് ജില്ലാ കളക്ടർമാരെയോ മറ്റ് ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിയ ഉത്തരവുകളുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇത്തരക്കാർക്ക് വിവിധ സന്നദ്ധസംഘടനകൾ സൗജന്യമായി വീട് നിർമ്മിച്ച് നൽകിയാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കാതിരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടും ചെക്ക് മുഖാന്തരം കളക്ടറേറ്റുകളും വകുപ്പുകളും മുഖേനയും ധനസഹായം അനുവദിക്കാറുണ്ട്.

(ബി) പൂർണ്ണമായും തകർന്ന ഒരു വീടിന് അനുവദിക്കുന്ന പരമാവധി തുക 4,00,000 (നാല് ലക്ഷം) രൂപയാണ്. ഇതിൽ 95,100 രൂപ (നിരപ്പായ സ്ഥലം) അല്ലെങ്കിൽ 1,01,900 രൂപ (മലയോര മേഖല) എന്ന നിലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരവും ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുമാണ് നൽകുന്നത്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000 (ആറ് ലക്ഷം രൂപ മാത്രം) രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നു.

(സി) പൊതുവിഭാഗത്തിന് മാത്രമായി സ്ഥലം വാങ്ങി നൽകുന്നതിന് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പ്രളയബാധിതരിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട്/ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 6-9-2018-ലെ സ.ഉ.(സാധാ) നമ്പർ 486/2018/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) വീട് നിർമ്മാണത്തിനാവശ്യമായ ആകെ അടങ്കൽ തുക സർക്കാർ ധനസഹായവും സ്പോൺസറുടെ സംഭാവനയും സംയോജിപ്പിച്ച് കണ്ടെത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരന്ത പ്രതികരണനിധിയിൽനിന്നും അനുവദിച്ച തുകയും സ്പോൺസർ ലഭ്യമാക്കുന്ന തുകയും പൂർണ്ണമായി വിനിയോഗിച്ച ശേഷം ആവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിനിയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി

94 (1966) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൃഷി, ഫിഷറീസ് എന്നീ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പ് സെക്രട്ടറിമാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2005-ലെ ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 20, (2) (a) പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർപേഴ്സൺ ചീഫ് സെക്രട്ടറിയും സർക്കാരിന് അനുയോജ്യമെന്ന് തോന്നുന്ന നാല് സെക്രട്ടറിമാരുമാണ് ഉൾപ്പെട്ടിട്ടുള്ളത്. എല്ലാ സെക്രട്ടറിമാരെയും പ്രതിനിധാനം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥനാണ് ചീഫ് സെക്രട്ടറി.

## മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം ശാക്തീകരിക്കാൻ നടപടി

95 (1968) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം ശാക്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര സഹായത്തിനായി നൽകുന്ന അപേക്ഷകളിൽ സാധുവായവയിൽ നൂറുമണിക്കൂറിനകം സഹായധനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് അതിവേഗതയിലാക്കാൻ പരിപാടിയുണ്ടോ; ഇതിനായി ചെയ്തു വരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദുരിതാശ്വാസ നിധികളിൽ നിന്നുള്ള അപേക്ഷകളിൽ ധനസഹായം ലഭ്യമാക്കാൻ ശരാശരി എത്ര ദിവസമെടുത്തിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സെക്രട്ടേറിയറ്റിൽ നടപ്പാക്കിയ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പൊതുവിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ സ്വീകരിക്കാനും കൈമാറാനും നിരവധി സമാന്തര സംവിധാനങ്ങൾ നിലനിന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന 2016 മേയ് അവസാനത്തോടുകൂടി സമാന്തരമായ സംവിധാനങ്ങൾ ഏകോപിപ്പിച്ച് ഐ.ടി. അധിഷ്ഠിതമായതും കൂടുതൽ കാര്യക്ഷമതയും സുതാര്യതയും വേഗതയുമുള്ള ഒരു പൊതുജന പരാതി പരിഹാര സംവിധാനത്തിന് രൂപം നൽകുകയും 2016 ജൂലൈ മാസത്തോടെ cmo.kerala.gov.in എന്ന വെബ് പോർട്ടൽ നിലവിൽ വരുകയും ചെയ്തു. ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിനായുള്ള അപേക്ഷകൾ കൈകാര്യം ചെയ്യാനും ധനസഹായം കൈമാറാനും ഈ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലോകത്തിന്റെ ഏത് കോണിൽനിന്നും ഏത് സമയത്തും ഈ പോർട്ടലിലൂടെ മുഖ്യമന്ത്രിക്ക് നേരിട്ട് പരാതികളും അപേക്ഷകളും നൽകാനും നൽകിയ പരാതിയുടെയും അപേക്ഷയുടെയും തൽസ്ഥിതി അറിയാനും കഴിയുന്നതാണ്. പരാതികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്താൽ ഉടൻതന്നെ തുടർനടപടിക്കായി പരാതി ഏത് ഉദ്യോഗസ്ഥനാണ് കൈമാറിയതെന്നത് സംബന്ധിച്ച അറിയിപ്പ് sms-ലൂടെ പരാതികക്ഷിക്ക് ലഭിക്കും. തുടർന്ന് പരാതിയുടെ ഓരോ കൈമാറ്റവും റിപ്പോർട്ട് സമർപ്പിക്കുന്നതും പരാതിക്കാരന് ഓൺലൈനിലൂടെയും sms മുഖേനയും അറിയാനാകും. പരാതി തീർപ്പാക്കുമ്പോൾ തീർപ്പാക്കിയ വിവരവും സ്വീകരിച്ച നടപടിയും മറുപടിയായി ലഭിക്കും.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ, വില്ലേജ് ഓഫീസുകൾ, ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് ഓഫീസുകൾ, കൃഷി ഭവനുകൾ, സർക്കാർ /അർദ്ധസർക്കാർ/ പൊതുമേഖല /സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, സർവ്വകലാശാലകൾ ഉൾപ്പെടെ 12,000

-ലധികം വരുന്ന ഓഫീസുകളും സ്ഥാപനങ്ങളും ഈ ശൃംഖലയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ, അതിൻമേൽ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ കൈകളിൽ ചുരുങ്ങിയ സമയംകൊണ്ടുതന്നെ എത്തിക്കാനും റിപ്പോർട്ട് തേടാനും പരിഹാരം കാണാനും കഴിയും.

cmo.kerala gov.in എന്ന വെബ് പോർട്ടലിൽ അപേക്ഷകന്റെ പേര് വിവരവും മൊബൈൽ നമ്പർ, ഇമെയിൽ ID എന്നിവയും നൽകി ഒരു വട്ടം രജിസ്റ്റർ ചെയ്താൽ പിന്നീട് User Name-ഉം Password-ഉം ഉപയോഗിച്ച് പോർട്ടലിലേയ്ക്ക് ലോഗിൻ ചെയ്ത് മുഖ്യമന്ത്രിക്കുള്ള പരാതികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനായുള്ള അപേക്ഷകളും നേരിട്ട് ഓൺലൈനായി സമർപ്പിക്കാനും നേരത്തെ സമർപ്പിച്ച പരാതികളുടെയും അപേക്ഷകളുടെയും തൽസ്ഥിതിയും അറിയാൻ കഴിയും.

പൊതുജനങ്ങൾക്ക് നേരിട്ട് പരാതി സമർപ്പിക്കാൻ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നോർത്ത് ബ്ലോക്കിനു സമീപം ആറ് കൗണ്ടറുകളുള്ള സുസജ്ജമായ സംവിധാനം Straight Forward-ൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് പ്രവർത്തി സമയത്ത് പൊതുജനങ്ങൾക്ക് Straight Forward-ൽ എത്തി പരാതികൾ/അപേക്ഷ നേരിട്ട് നൽകാനാകും.

സർക്കാരിന്റെ 'Government Contact Centre' (Citizen Call Centre)-ലെ (0471)155300 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ചാൽ പൊതു അവധിദിനമൊഴികെ എല്ലാ ദിവസവും 24 മണിക്കൂറും പരാതിയുടെ തൽസ്ഥിതി അറിയാനാകും. ഇതിനുപുറമെ ' സ്റ്റെയിറ്റ് ഫോർവേർഡിൽ' ഏർപ്പെടുത്തിയിട്ടുള്ള ടോൺ ഫ്രീ നമ്പറായ 1800 425 7211-ൽ ഓഫീസ് പ്രവർത്തി സമയം വിളിച്ചാലും പരാതികളുടെയും അപേക്ഷകളുടെയും തൽസ്ഥിതി അറിയാനാകും.

2016-ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന ഒരു പരാതി തീർപ്പാക്കാൻ വേണ്ടിയിരുന്ന ശരാശരി സമയം 898 ദിവസമായിരുന്നു. എന്നാൽ അത് 2017 ആയപ്പോഴേയ്ക്കും 523 ദിവസമായും 2018-ൽ 347 ദിവസമായും 2019-ൽ ഒരു പരാതി തീർപ്പാക്കാനുള്ള ശരാശരി സമയം 21 ദിവസമായും ചുരുക്കാനായി.

അപേക്ഷ സ്വീകരിക്കുന്നതു മുതൽ സഹായം കൈമാറുന്നതു വരെയുള്ള എല്ലാ നടപടികളും ഇലക്ട്രോണിക് രൂപത്തിലാണ് നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും അർഹരായവർക്ക് സഹായം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും സാധിക്കുന്നു.

(ബി) ഉണ്ട്. ദുരിതാശ്വാസ നിധിയിൽനിന്ന് സഹായത്തിനായുള്ള സാധുവായ അപേക്ഷ സമർപ്പിച്ചാൽ 100 മണിക്കൂറിനുള്ളിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം കൈമാറാൻ ലക്ഷ്യമിട്ടുകൊണ്ട് പൂർണ്ണമായും ഐ.ടി.അധിഷ്ഠിതമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷ സ്വീകരിക്കുന്നതു മുതൽ സഹായം കൈമാറുന്നതു വരെയുള്ള എല്ലാ നടപടികളും ഇലക്ട്രോണിക് രൂപത്തിലാണ് നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും അർഹരായവർക്ക് മാത്രമാണ് സഹായം ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താനും സാധിക്കുന്നു. അപേക്ഷകർക്ക് cmo.kerala.gov.in എന്ന വെബ് പോർട്ടൽ വഴി നേരിട്ടും അക്ഷയ കേന്ദ്രങ്ങൾ വഴിയും അപേക്ഷകൾ സമർപ്പിക്കാനാവും. ഇതിനുപുറമെ പാർലമെന്റ്/നിയമസഭാംഗങ്ങളുടെ ഓഫീസ് വഴിയും അപേക്ഷകൾ സമർപ്പിക്കാം.

ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർമാരുടേത് 10,000 രൂപയായും റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടേത് 15,000 രൂപയായും റവന്യൂ മന്ത്രിയുടേത് 25,000 രൂപയായും മുഖ്യമന്ത്രിയുടേത് 3 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടില്ലായിരുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിനെടുത്ത കാലയളവ് സംബന്ധിച്ച് സ്പഷ്ടമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കണക്കുകൾ പ്രകാരം 2016-ൽ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായത്തിനായി അപേക്ഷ സമർപ്പിച്ച് ധനസഹായം ലഭിക്കാൻ ശരാശരി 175 ദിവസമെടുത്തിരുന്നു. 2017-ൽ അത് 91 ദിവസമായും 2018-ൽ 22 ദിവസമായും ചുരുക്കാനായി.

(ഡി) 2019 ആഗസ്റ്റ് 1 മുതൽ ഒക്ടോബർ 31 വരെ നടത്തിയ ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിന്റെ പുരോഗതി വിലയിരുത്തിയിരുന്നു. ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിന്റെ ഭാഗമായി 30-7-2019 വരെ സെക്രട്ടേറിയറ്റിൽ തീർപ്പാക്കാനുണ്ടായിരുന്ന 201850 ഫയലുകളിൽ 97929 ഫയലുകൾ തീർപ്പാക്കുകയുണ്ടായി.

(ഇ) ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മാന്യമായ പരിഗണനയും

പെരുമാറ്റവും ഉറപ്പാക്കുന്നതിനും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി വരുന്ന മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ നിൽക്കാതെ പ്രത്യേക പരിഗണന നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽനിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നമ്പർ, സാക്ഷ്യപ്പെടുത്തിയ/പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പരും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നൽകിക്കൊണ്ട് അവ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഗണിക്കുന്നതും പരിഹരിക്കുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ അപേക്ഷ ഫോറങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് ലളിതമാക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ വിഷയങ്ങളിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമായി കാണുകയും അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## അതിവേഗ റെയിൽ ഇടനാഴിയുടെ നിർമ്മാണം

96 (1969) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽ ഇടനാഴി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഹെലികോപ്റ്റർ സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) സർവ്വേ പൂർത്തിയായിട്ടുണ്ടെങ്കിൽ, സർവ്വേ അനുസരിച്ച് തയ്യാറാക്കിയ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആകാശ സർവ്വേ പൂർത്തിയായിട്ടുണ്ട്.

(ബി) ഹൈദ്രാബാദ് ആസ്ഥാനമായുള്ള "ജിയോനോ" എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കരാർ തുക 1.88 കോടി രൂപയാണ്.

(സി) സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവ പ്ലാൻ പരിശോധിച്ച് വരികയാണ്.

**പ്രവാസി പുനരധിവാസ പദ്ധതി**

97 (1970) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതി (എൻ. ഡി. പി. ആർ. ഇ. എം.) പ്രഖ്യാപിച്ച ശേഷം 2016 മാർച്ച് 31 വരെ വിവിധ ബാങ്കുകൾ എത്രയാളുകൾക്ക് ആകെ എത്ര കോടി രൂപ വായ്പ നൽകിയെന്നും 2016 ഏപ്രിൽ ഒന്ന് മുതൽ 2020 ജനുവരി 31 വരെ എത്രയാളുകൾക്ക് എത്ര രൂപ വായ്പ നൽകിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ വായ്പാ പദ്ധതിയുടെ പലിശ എത്രയാണെന്നും ഇപ്പോൾ എത്ര ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം നോർക്കയും സംസ്ഥാന ഗവൺമെന്റും എത്ര കോടി രൂപ വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നോർക്ക പുനരധിവാസ പദ്ധതി (NDPREM) പ്രഖ്യാപിച്ച ശേഷം 2016 മാർച്ച് 31 വരെ 1104 ഗുണഭോക്താക്കൾക്ക് 10,85,00,000 രൂപ (പത്ത് കോടി എൺപത്തഞ്ച് ലക്ഷം രൂപ മാത്രം) വായ്പ അനുവദിച്ചിട്ടുണ്ട്. 2016 ഏപ്രിൽ 1 മുതൽ 2020 ജനുവരി 31 വരെ ആകെ 2384 ഗുണഭോക്താക്കൾക്ക് 31,51,00,000 (മുപ്പത്തിയൊന്ന് കോടി അൻപത്തിയൊന്ന് ലക്ഷം രൂപ മാത്രം) വായ്പതുക അനുവദിച്ചിട്ടുണ്ട്.

(ബി) വായ്പാ പദ്ധതിയുടെ പലിശ നിശ്ചയിക്കുന്നത് അതത് ധനകാര്യ സ്ഥാപനങ്ങളിലെ നിലവിലുള്ള നിരക്കുകൾക്കനുസരിച്ചാണ്. നിലവിൽ 15 ധനകാര്യ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിച്ചുവരുന്നുണ്ട്.

(സി) ഈ പദ്ധതിക്കായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക (കോടി) |
|---|---|
| 2016-17 | 3,98,00,000 |
| 2017-18 | 5,23,00,000 |
| 2018-19 | 15,00,00,000 |
| ആകെ | 24,21,00,000 |
| (ഇരുപത്തിനാല് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) | |

**നോർക്കയുടെ സേവനങ്ങൾ**

98 (1971) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സേവനങ്ങൾ ആർക്കൊക്കെയാണ് ലഭിക്കുന്നതെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സേവനങ്ങൾ ലഭ്യമാകാൻ വിദേശങ്ങളിലും നാട്ടിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നോർക്കയുടെ ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോയെന്നും അവിടങ്ങളിലുള്ള സ്റ്റാഫടക്കമുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) നോർക്കയിൽ നിന്നു ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോർക്കയുടെ ആഭിമുഖ്യത്തിൽ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ബി) പ്രസ്തുത സേവനങ്ങൾ ലഭിക്കുന്നത് ആർക്കൊക്കെയെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നോർക്ക റൂട്ട്സ് മുഖേനയുള്ള സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ആയതിലേയ്ക്കായുള്ള അപേക്ഷാ ഫോമുകളിൽ നിശ്ചിത രേഖകൾ സഹിതം ഓഫീസിൽ ലഭ്യമാക്കേണ്ടതുണ്ട്. അപേക്ഷാ ഫോമുകൾ ബോർഡ് ഓഫീസുകളിലും വെബ്സൈറ്റുകളിലും ലഭ്യമാണ്. അംഗത്വത്തിന് ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും ഓൺലൈനായി അപേക്ഷിച്ച് ക്ഷേമനിധി അംഗത്വമെടുക്കാവുന്നതാണ്. വിവിധ ബാങ്കുകളിലും അംഗത്വത്തിനുള്ള ഫീസും അംശദായവും അടയ്ക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്. അംഗങ്ങൾക്ക് അംശദായം അക്ഷയകേന്ദ്രങ്ങളിൽക്കൂടിയും അടയ്ക്കാവുന്നതാണ്.

(ഡി) നോർക്ക-റൂട്ട്സിന്റെ ഓഫീസ് സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.*

കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന് തിരുവനന്തപുരത്ത് ഹെഡ് ഓഫീസും എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഓഫീസും മലപ്പുറത്ത് ഒരു ലെയ്സൺ ഓഫീസും ഉണ്ട്. ഹെഡ് ഓഫീസിൽ 25 പേരും എറണാകുളം ഓഫീസിൽ 4 പേരും കോഴിക്കോട് ഓഫീസിൽ 5 പേരും മലപ്പുറം ഓഫീസിൽ 2 പേരും സേവനമനുഷ്ഠിച്ചുവരുന്നു.

(ഇ) തിയേറ്റർ പരസ്യം, എഫ്.എം. റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തരവും പ്രീഡിപ്പാർച്ചർ ഓറിന്റേഷൻ പ്രോഗ്രാമിലൂടെയും നോർക്ക-റൂട്ട്സിന്റെ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകിവരുന്നുണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിനകത്തും പുറത്തും നിരവധി ബോധവൽക്കരണ പരിപാടികളും അദാലത്തുകളും വിവിധ പ്രവാസി സംഘടനകളുടെ സഹകരണത്തോടെ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. പ്രവാസി കേരളീയർ കൂടുതലായി കാണപ്പെടുന്ന ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഇന്ത്യയ്ക്ക് പുറത്ത് മറ്റ് രാജ്യങ്ങളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്.

**പ്രവാസികൾക്ക് നോർക്ക വഴി നൽകുന്ന സഹായപദ്ധതികൾ**

99 (1972) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്ക് നോർക്ക വഴി എത്ര കോടി രൂപയുടെ സഹായപദ്ധതികൾ ലഭ്യമാക്കിയിട്ടുണ്ട്?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്ക് 2020 ജനവരി 31 വരെ നോർക്ക -റൂട്ട്സ് വഴി 108 കോടി രൂപയുടെയും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി 72,42,87,774 രൂപയുടെയും സഹായ പദ്ധതികൾ ലഭ്യമാക്കിയിട്ടുണ്ട്.

**അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സാന്ത്വന പദ്ധതി**

100 (1973) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സർക്കാർ എന്തെല്ലാം സാന്ത്വന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തിരികെയെത്തിയ പ്രവാസി കേരളീയർക്കുവേണ്ടി സർക്കാർ നോർക്കാ റൂട്ട്സ് മുഖേന നടപ്പാക്കുന്ന ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപവരെയും വിദേശത്തുനിന്നും തിരികെയെത്തി രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക്/കുടുംബാംഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 50,000 രൂപവരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപവരെയും മടങ്ങിയെത്തിയ പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് 10,000 രൂപവരെ ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾക്കും ആശ്രിതർക്കും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികൾ കേരള പ്രവാസി ക്ഷേമ ബോർഡുവഴി നടപ്പിലാക്കിയിട്ടുണ്ട്.

**ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് കമ്പനി**

101 (1974) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് കമ്പനിക്ക് ആവശ്യമായ പദ്ധതികളും നിക്ഷേപകരെയും കണ്ടെത്തുവാൻ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണെന്നും എത്ര കാലയളവിലേക്കാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കൺസൾട്ടന്റിന് കൺസൾട്ടൻസി ഫീസ് ഇനത്തിൽ പ്രതിമാസം എന്ത് തുകയാണ് നൽകേണ്ടത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിയോഗിച്ചിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിന്റെ NICSI (National Informatics Centre Services Inc.) എംപാനൽഡ് ഏജൻസിയായ PwC (Price water house Coopers) -നെയാണ് നിയോഗിച്ചിട്ടുള്ളത്. ആകെ നാല് മാസത്തെ കാലയളവാണ് കമ്പനി അനുവദിച്ചിട്ടുള്ളത്. NICSI (National Informatics Centre Services Inc.)യുടെ മാനദണ്ഡപ്രകാരം ഓരോ മാസവും ഈ ഏജൻസി ലഭ്യമാക്കുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രതിഫലം കണക്കാക്കുന്നത്. നാളിതുവരെയായി ഫീസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

**ലോക കേരളസഭ - പ്രതിപക്ഷ ബഹിഷ്കരണം**

102 (1975) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ രണ്ടാം സമ്മേളനം പ്രതിപക്ഷ പാർട്ടി പ്രതിനിധികൾ ബഹിഷ്കരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിപക്ഷ ബഹിഷ്കരണം കാരണം ലോക കേരളസഭയുടെ സമ്മേളനത്തിന് എന്തെങ്കിലും പ്രയാസങ്ങളോ പോരായ്മകളോ അനുഭവപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിപക്ഷം ലോക കേരളസഭയുടെ സമ്മേളനം ബഹിഷ്കരിച്ചത് ശരിയായ നടപടിയായില്ല എന്ന് സമ്മേളന പ്രതിനിധികൾ വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രയാസമോ പോരായ്മയോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമ്മേളന പ്രതിനിധികളിൽനിന്നും ഇത്തരമൊരു വിലയിരുത്തൽ ഉണ്ടായിട്ടുണ്ട്.

## ദേശീയ ജനസംഖ്യാ കണക്കെടുപ്പിനായുള്ള മുന്നൊരുക്കങ്ങൾ

103 (1976) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നതിലേയ്ക്കായുള്ള സംസ്ഥാന സർക്കാർ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഇതോടനുബന്ധിച്ച് എന്യൂമറേറ്റർമാരെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥർ/സന്നദ്ധസേവകരെയാണ് ഇതിനായി നിയോഗിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സെൻസസിനായുള്ള വിവരശേഖരണത്തിൽ സുതാര്യതയും ഐക്യരൂപ്യവും ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല/ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടത്തുന്നതിനായി രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിലെപ്പോലെ താഴെപ്പറയുന്ന നടപടികൾ ഇതിനകം സംസ്ഥാന സർക്കാർ സ്വീകരിച്ചുകഴിഞ്ഞു.

I) 21-8-2019-ലെ എസ്.എസ്.1/19/2019/പൊ.ഭ.വ. നമ്പർ നോട്ടിഫിക്കേഷൻ 24-8-2019-ലെ 1951 നമ്പർ കേരള ഗസറ്റിൽ പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (Census)-2021 പ്രക്രിയ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം കേരളാ ഗസറ്റിൽ പുനഃപ്രസിദ്ധീകരിച്ചു.

ii) സംസ്ഥാന തലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാനതല സെൻസസ് ഏകോപന സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടുതവണ കൂടി ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.

iii) 2021-ലെ ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായുള്ള പ്രീ-ടെസ്റ്റ് 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) നടത്തുകയുണ്ടായി.

iv) വിവിധ തട്ടുകളിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാരെ സെൻസസ് പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുംവേണ്ടി നിയമിച്ച് ഉത്തരവായി.

v) സെൻസസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സെൻസസ് പ്രക്രിയ പൂർത്തിയാകുന്നതുവരെ അതായത് 2021 മാർച്ച് 31 വരെ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ സ്ഥലംമാറ്റാൻ പാടില്ലെന്ന പൊതു നിർദ്ദേശം പുറപ്പെടുവിച്ചു.

vi) ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി വിജ്ഞാപനം ചെയ്തു.

vii) അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാരുമായി 2020 ഫെബ്രുവരി 5-ാം തീയതി ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻസസ് ചോദ്യാവലികൾ, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വിശദാംശം നൽകുകയും ചെയ്തു.

(ബി) ഉണ്ട്. അങ്കണവാടി ടീച്ചർമാർ അടക്കമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ മറ്റ് സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ എന്നിവരെയാണ് എന്യൂമറേറ്റർമാരായി നിയമിക്കുന്നത്.

(സി) ഉണ്ട്. സെൻസസിനായുള്ള വിവര ശേഖരണത്തിൽ സുതാര്യതയും ഐക്യരൂപ്യവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനതലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ നടപടികൾ ഏകോപിപ്പിക്കുന്നത് അതത് ജില്ലാ കളക്ടർമാരാണ്. ഇവരെ അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.

## പോലീസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

104 (1977) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ ആധുനികവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പോലീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കാനുതകും വിധം എന്തെല്ലാം പുതിയ പരിശീലന പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വിവിധ സേവനങ്ങളും പ്രവർത്തനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കാനും അവ കൂടുതൽ സുതാര്യമാക്കാനും കേരള പോലീസ് ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ചുവടെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‍വർക്കിംഗ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

2. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

5. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു.

6. കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാനായി 2020-21 ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സ്റ്റേഷനുകളുടെയും അതുവഴി പോലീസിന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2020 വർഷത്തെ 'Police Station Performance Improvement Year' ആയി മാറ്റുന്നതിനായി സംസ്ഥാന പോലീസ് മേധാവി പോലീസ് സ്റ്റേഷനുകളെ പൊതുജനങ്ങളുമായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമതയും മികച്ചതുമായ കുറ്റാന്വേഷണം നടത്തുന്നതിനും വേണ്ട നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുണ്ട്.

(സി) പോലീസിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സബ്ഇൻസ്പെക്ടർമാരുടെ പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തിയിട്ടുണ്ട്. കൂടാതെ കമാൻഡോ ട്രെയിനിംഗിന്റെ ഭാഗമായി 'ഗ്രേ ഹണ്ട്സ് ' തെലങ്കാന തുടങ്ങിയ കേന്ദ്രങ്ങളിൽ ഒരു മാസത്തെ പ്രത്യേക കമാൻഡോ പരിശീലനം നൽകിവരുന്നു. മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ LWE ബാധിത പോലീസ് സ്റ്റേഷനുകളിൽ അറ്റാച്ച്മെന്റ് ട്രെയിനിംഗും നൽകിവരുന്നു.

കേരളാ പോലീസ് അക്കാദമിയിൽ പൂർണ്ണ സജ്ജീകരണത്തോടുകൂടിയ സൈബർ ഫോറൻസിക് ലാബ് രൂപീകരിച്ചിട്ടുള്ളതും Cyber related കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ ട്രെയിനിംഗുകളും നൽകിവരുന്നുണ്ട്. Digital Learning സംവിധാനം നടപ്പിലാക്കി e-learning System മുഖേന ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്നു. ബേസിക് സർവ്വീസ് ട്രെയിനിംഗുകളിൽ Webinar പോലുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കി കൂടുതൽ ഉദ്യോഗസ്ഥരെ പരിശീലനത്തിൽ പങ്കാളികളാക്കി വരുന്നു. ട്രെയിനിംഗ് സംബന്ധമായ Journals, Phamplets എന്നിവ കാലാനുസൃതമായി പുതുക്കി പ്രസിദ്ധീകരിച്ചുവരുന്നു.

സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ 2019 സൈബർ ട്രെയിനിംഗ് ഇയർ ആയി പ്രഖ്യാപിക്കുകയും സൈബർ വിഷയങ്ങളിൽ പരമാവധി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയുമുണ്ടായി. പോലീസിലെ പഴയ Lathy Drill Weapon training എന്നിവ പരിഷ്കരിച്ച് നവീകരിച്ച് ഡ്രിൽ

പഠിപ്പിച്ചുവരുന്നു. പൊതുജനങ്ങളോടുള്ള പോലീസിന്റെ പെരുമാറ്റം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി പരിശീലനത്തിൽ "Behaviour towards Public" എന്ന വിഷയം പഠിപ്പിച്ചുവരുന്നു. പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് നടത്തുന്ന ഈ ക്ലാസ്സുകൾ കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ എന്നിവ ഉപയോഗിച്ച് ഡൗൺലോഡ് ചെയ്ത് കാണാവുന്നതാണ്.

(ഡി) ഉണ്ട്. ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പാസ്പോർട്ട് വെരിഫിക്കേഷൻ/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ സാങ്കേതിക സാമ്പത്തിക വശങ്ങൾ പരിശോധിക്കുന്നതിനായി എ.ഡി.ജി.പി.(കോസ്റ്റൽ സെക്യൂരിറ്റി) ചെയർമാനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മാഫിയ സംഘങ്ങളെ ഇല്ലാതാക്കാൻ നടപടി**

105 (1978) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ് മാഫിയ ഉൾപ്പെടെ വിവിധ മാഫിയാ സംഘങ്ങളെ ഇല്ലാതാക്കുവാനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും എത്ര മാഫിയാ സംഘങ്ങളുടെ പേരിൽ എത്ര കേസ്സുകൾ എടുക്കുകയുണ്ടായി; എത്ര പേരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; മാഫിയാസംഘം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും മാഫിയ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മാഫിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തുനിന്നും തുടച്ചുനീക്കാനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് മണ്ണ് മാഫിയ ഉൾപ്പെടെയുള്ള വിവിധ മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണ്ണ് ഖനനം നടത്തുന്നവരെ നിരീക്ഷിക്കുന്നതിനും വിവരശേഖരണം നടത്തുന്നതിനും ഇന്റലിജൻസിന്റെയും ലോക്കൽ പോലീസിന്റെയും സംവിധാനങ്ങൾ

ഉപയോഗിച്ചുവരുന്നു. കൂടാതെ റെയ്ഡുകൾ നടത്തിയും കുറ്റക്കാർക്കെതിരെ നിലവിലെ നിയമ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാഫിയ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ആരുംതന്നെ കൊല്ലപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് മണ്ണ് മാഫിയ പോലുള്ള മാഫിയ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് അവസാനിപ്പിക്കുന്നതിലേയ്ക്കായി പ്രസ്തുത കേസുകളിൽ നിരന്തരം ഉൾപ്പെടുന്നവർക്കെതിരെ കരുതൽ നടപടികൾ സ്വീകരിക്കാവുന്നതും KAAPA പോലുള്ള ശക്തമായ നിയമങ്ങൾ ഉപയോഗിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## പോലീസ് വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

106 (1979) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി പോലീസ് വകുപ്പിൽ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## സെൻസസ് വിവര ശേഖരണ ഉത്തരവ്

107 (1980) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31/32 ഫീൽഡ് ഓപ്പറേഷൻസ് 2019 എന്ന നമ്പരിൽ 2020 ജനുവരി 14-ന് ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻ കേരള തദ്ദേശസ്ഥാപനങ്ങൾക്കയച്ച സർക്കുലറിൽ എൻ.പി.ആർ.-നെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ടോ;

(ബി) സെൻസസ് വിവര ശേഖരണത്തിനും ഇതേ നമ്പറിലുള്ള ഉത്തരവ് തന്നെയാണോ ഉപയോഗിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തദ്ദേശസ്ഥാപനങ്ങളും താലൂക്ക് ഓഫീസുകളും സെൻസസിനായി നൽകുന്ന പ്രത്യേക നിർദ്ദേശത്തിലും രേഖപ്പെടുത്തുന്നത് ഈ ഫയൽ നമ്പർ തന്നെയാണോ;

(ഡി) ഒരു ഉത്തരവിലൂടെ എൻ.പി.ആർ--ഉം സെൻസസും നടപ്പാക്കാൻ നിർദ്ദേശം നൽകിയതിനാൽ സെൻസസ് വിവരങ്ങൾ ഉപയോഗിച്ച് പിന്നീട് ദേശീയ ജനസംഖ്യ രജിസ്റ്റർ തയ്യാറാക്കാൻ കേന്ദ്രത്തിന് നിയമ തടസ്സം ഉണ്ടാകില്ലെന്ന നിയമവിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ സെൻസസിനും എൻ.പി.ആർ--ഉം വ്യത്യസ്ത ഉത്തരവുകൾ പുറപ്പെടുവിച്ചാലേ ആശങ്കകൾ അകറ്റാൻ കഴിയൂ എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷനാണ് സംസ്ഥാനത്ത് സെൻസസ്/NPR പ്രവർത്തനങ്ങൾ നടത്തുവാൻ നിയുക്തമായിട്ടുള്ളത്. അവർ സംസ്ഥാന സർക്കാരിന് നൽകുന്ന നിർദ്ദേശങ്ങളിൽ NPR പുതുക്കൽ നടപടികൂടി പരാമർശിക്കാറുണ്ട്. എന്നാൽ സെൻസസ് സംബന്ധമായ കാര്യങ്ങൾ മാത്രം ഏറ്റെടുത്ത് നടത്തിയാൽ മതിയെന്ന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) അല്ല. സംസ്ഥാന സർക്കാരിന്റെ പൊതുഭരണ വകുപ്പിനാണ് സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. സംസ്ഥാന സർക്കാർ നൽകുന്ന നിർദ്ദേശങ്ങളിൽ ഒന്നാംഘട്ട സെൻസസ് പ്രവർത്തനങ്ങൾക്കൊപ്പം കേന്ദ്ര സർക്കാർ നടത്തുവാൻ തീരുമാനിച്ച എൻ.പി.ആർ. പുതുക്കൽ നടപടികൾ നടപ്പാക്കേണ്ടതില്ലെന്നുള്ള വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇല്ല. ജനസംഖ്യാ കണക്കെടുപ്പും (Census-2021) ദേശീയ ജനസംഖ്യാ പട്ടിക (NPR) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇവയ്ക്ക് വെവ്വേറെ ചോദ്യാവലികളുമാണ്. എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയതുകൊണ്ടുതന്നെ എൻ.പി.ആർ. ചോദ്യാവലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ

സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധചെലുത്തേണ്ടതാണ്.

## ടോട്ടൽ ഫോർ യൂ തട്ടിപ്പ് കേസ്

108 (1981) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിൽ കണ്ടുകെട്ടിയ വസ്തുവകകൾ ലേലം ചെയ്ത് നിക്ഷേപകർക്ക് തുക മടക്കി നൽകാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രതിയുടെ ബാങ്ക് അക്കൗണ്ടുകൾ കണ്ടുകെട്ടി അതിലെ തുക നിക്ഷേപകർക്ക് മടക്കി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടോട്ടൽ ഫോർ യൂ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള കേസുകളിലെ പ്രതികളുടെ സ്ഥാവരജംഗമ വസ്തുക്കൾ ലേലം ചെയ്യുന്നതിനും മറ്റുമായി ബഹുമാനപ്പെട്ട കോടതി ഒഫീഷ്യൽ റിസീവറെ നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത കേസിലെ പരാതിക്കാരായ നിക്ഷേപകർ തിരുവനന്തപുരം സബ്കോടതി-II- ൽ സിവിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയത് ഇപ്പോൾ കോടതിയിൽ വിചാരണയിലുമാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധി വന്നതിനുശേഷം മാത്രം ഒഫീഷ്യൽ റിസീവർ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണവേളയിൽ പ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ടുള്ള കേസ്സുകൾ ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണാവസ്ഥയിലുമാണ്. കോടതി വിധി വന്നതിനുശേഷം കോടതി ഉത്തരവിൻപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുത്തൂറ്റ് ഫൈനാൻസ്

109 (1982) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തൂറ്റ് ഫൈനാൻസ് ഓഫീസിൽ ജോലി ചെയ്യാൻ തയ്യാറായി എത്തുന്ന ജീവനക്കാർക്ക് നേരെ കായികമായി ആക്രമണമുണ്ടാകില്ലെന്ന് ഉറപ്പു വരുത്തണമെന്ന് ഹൈക്കോടതി പോലീസിന് നിർദ്ദേശം നൽകിയതിന്റെ അടുത്ത

ദിവസം തന്നെ സ്ഥാപനത്തിന്റെ എം.ഡി.യെ സമരക്കാർ കല്ലെറിഞ്ഞ് പരിക്കേല്പ്പിച്ച സംഭവം പരിശോധിക്കുകയുണ്ടായോ;

(ബി) നിക്ഷേപകർക്കെതിരായ ഇത്തരം ചെയ്തികൾ സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് ഗുണം ചെയ്യുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഒരു വശത്ത് നിക്ഷേപക സംഗമവും മറുവശത്ത് നിക്ഷേപകരെ തളർത്തുന്ന ഇത്തരം സമീപനവും നിക്ഷേപകാനുകൂല സാഹചര്യത്തിന്റെ കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ വർദ്ധിപ്പിക്കാനേ ഉതകൂ എന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മുത്തൂറ്റ് എം.ഡി.യെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം.20/2020 U/s.143, 147, 324, 427, 188 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി&സി) ഇതൊരു ഒറ്റപ്പെട്ട സംഭവം മാത്രമായതിനാൽ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല.

## സംസ്ഥാനത്തുള്ള അനധികൃത കുടിയേറ്റക്കാർ

110 (1983) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ലെ ഫോറിനേഴ്സ് ആക്ട് പ്രകാരം നിയമവിരുദ്ധ കുടിയേറ്റക്കാരെ കണ്ടെത്തി കസ്റ്റഡിയിൽ വയ്ക്കുന്നതിനും ഡീപോർട്ട് ചെയ്യുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ;

(ബി) ഇത്തരത്തിലുള്ള അനധികൃത കുടിയേറ്റക്കാരെ ഡീറ്റെൻഷൻ സെന്ററിൽ സൂക്ഷിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിന് ആണോ; എങ്കിൽ സംസ്ഥാനത്ത് നിലവിൽ എത്ര അനധികൃത കുടിയേറ്റക്കാരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അവർ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ളവരെന്ന് വിശദമാക്കുമോ;

(സി) ഇവരെ തടവിൽ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഡീറ്റെൻഷൻ സെന്റർ നിർമ്മിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 1946-ലെ ഫോറിനേഴ്സ് ആക്ട് പ്രകാരം നിയമവിരുദ്ധ കുടിയേറ്റക്കാരെ കണ്ടെത്തി കസ്റ്റഡിയിൽ വയ്ക്കുന്നതിനും ഡീപോർട്ട് ചെയ്യുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരിനും നൽകിയിട്ടുണ്ട്.

(ബി) അനധികൃത കുടിയേറ്റക്കാരെ ഡീറ്റെൻഷൻ സെന്ററിൽ സൂക്ഷിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ അനധികൃത കുടിയേറ്റക്കാരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ബംഗ്ലാദേശ് | - | 5 |
| ശ്രീലങ്ക | - | 2 |
| നൈജീരിയ | - | 5 |
| നേപ്പാൾ | - | 2 |
| ആകെ | | 14 |

(സി) അനധികൃത കുടിയേറ്റക്കാരെ തടവിൽ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ ഡീറ്റെൻഷൻ സെന്ററുകൾ നിർമ്മിച്ചിട്ടില്ല.

## പിൻവലിക്കപ്പെട്ട കേസുകൾ

111 (1984) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസുകളും വിജിലൻസ് കേസുകളും പിൻവലിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയ കക്ഷികളുടെ ജില്ലാ തലം വരെയുള്ള നേതാക്കൾ എന്നിവർ ഉൾപ്പെട്ട വിവിധങ്ങളായ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(സി) ജീവനക്കാർ ഉൾപ്പെട്ട വിജിലൻസ് കേസുകളുടെയും മറ്റും പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിൽ എത്തിയ എത്ര നിർദ്ദേശങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്; എത്ര എണ്ണത്തിൽ അനുമതി നൽകാതിരുന്നിട്ടുണ്ട് എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രോസിക്യൂഷൻ അനുമതി നൽകാതിരുന്ന കേസുകൾക്ക് അവ എന്തുകൊണ്ടാണ് നൽകാതിരുന്നത് എന്നതടക്കമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1188 ക്രിമിനൽ കേസുകൾ കോടതിയുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. വിജിലൻസ് കേസുകളൊന്നുംതന്നെ പിൻവലിച്ചിട്ടില്ല.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി *ചേർത്തിരിക്കുന്നു.

(സി&ഡി) ജീവനക്കാർ ഉൾപ്പെട്ട 180 വിജിലൻസ് കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. 5 കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നിരസിച്ചിട്ടുണ്ട്. അനുമതി ആവശ്യപ്പെട്ട ഒരു കേസിൽ മറ്റൊരു ഏജൻസി അന്വേഷണം നടത്തുന്നതുകൊണ്ടും മറ്റ് കേസുകളിൽ മതിയായ കാരണങ്ങൾ സഹിതം അംഗീകാരത്തിന് സമർപ്പിക്കാത്തതുംമൂലമാണ് പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതില്ലെന്ന തീരുമാനം കൈക്കൊണ്ടത്.

## പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യ

112 (1985) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം ആത്മഹത്യയ്ക്കു കാരണമായ വസ്തുതകൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉന്നതപോലീസുദ്യോഗസ്ഥരുടെ മാനസികപീഡനവും അമിതജോലിഭാരവുംമൂലം പോലീസുദ്യോഗസ്ഥരുടെ ഇടയിൽ ഉണ്ടായിട്ടുള്ള മാനസികപിരിമുറുക്കം കുറയ്ക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) തൃശ്ശൂർ പോലീസ് അക്കാഡമിയിലെ എസ്.ഐ. അനിൽകുമാർ ജീവനൊടുക്കിയത് സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്; അദ്ദേഹം ആത്മഹത്യ ചെയ്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; അതിന് കാരണക്കാരായവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവങ്ങൾ 2017, 2018 വർഷത്തെക്കാൾ 2019-ൽ വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

NCRB-യുടെ ക്രൈം ഇൻഡ്യ പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം കേരളത്തിലെ പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യാ നിരക്ക് കുറവാണ്.

(ബി) കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ടും കുടുംബപരമായ പ്രശ്നങ്ങൾ കാരണവും സേനയിലെ അംഗങ്ങൾക്കിടയിലുണ്ടായ മാനസിക വ്യഥകൾ നിമിത്തവുമാണ് ഇത്തരത്തിലെ ചില സംഭവങ്ങളെങ്കിലും ഉണ്ടായതെന്നും കണ്ടിട്ടുണ്ട്.

ഒരു പോലീസ് സംവിധാനം പ്രൊഫഷണൽ സമീപനത്തോടെ രൂപപ്പെടുത്തുകയെന്നുള്ളത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രധാനമാണ്. അനാവശ്യമായ സമ്മർദ്ദങ്ങളും ഇടപെടലുകളും മാറ്റിനിർത്തിക്കൊണ്ടുള്ള പ്രൊഫഷണൽ സംവിധാനത്തിലൂടെ മാത്രമേ ഇക്കാര്യം സാധ്യമാകു. പോലീസുദ്യോഗസ്ഥരുടെ മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ മാർഗ്ഗങ്ങൾ പോലീസ് സ്റ്റേഷൻ തലത്തിൽതന്നെ നടത്തിവരികയാണ്. ഏതെങ്കിലും പോലീസുദ്യോഗസ്ഥർക്ക് ഇത്തരത്തിലുള്ള മാനസിക ബുദ്ധിമുട്ട്/പ്രശ്നങ്ങൾ ഉള്ളതായി മനസ്സിലാക്കിയാൽ അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പോലീസുദ്യോഗസ്ഥരുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി Stresss Management ക്ലാസുകളും യോഗാ ക്ലാസുകളും ആത്മഹത്യാ പ്രവണത ഇല്ലാതാക്കാൻ കൗൺസിലിംഗും നടത്തി വരുന്നു. കൂടാതെ പോലീസുദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ മുന്നോടിയായി എട്ടുമണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) തൃശ്ശൂർ പോലീസ് അക്കാഡമിയിലെ എ.പി.എസ്.ശ്രീ. അനിൽകുമാർ ആത്മഹത്യ ചെയ്തത് സംബന്ധിച്ച് ഇടുക്കി ജില്ലയിലെ കട്ടപ്പന പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 850/19 U/s 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സ് നിലവിൽ അന്വേഷണാവസ്ഥയിലുമാണ്. അദ്ദേഹം ആത്മഹത്യ ചെയ്തതിന്റെ കാരണം കണ്ടെത്തിയിട്ടില്ല.

**പുതിയ ഡിവൈ.എസ്.പി. ഓഫീസുകൾ**

113 (1986) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുനലൂർ ഡിവൈ.എസ്.പി. ഓഫീസിന്റെ പ്രവർത്തന പരിധി വിഭജിച്ച് കടയ്ക്കൽ കേന്ദ്രമാക്കി ഒരു ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുതായി ഡിവൈ.എസ്.പി ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പിങ്ക് പോലീസ്**

114 (1987) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീസുരക്ഷ മുൻനിർത്തി നടപ്പിലാക്കിയിട്ടുള്ള പിങ്ക് പോലീസിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) പിങ്ക് പോലീസ് പ്രത്യേകമായി നിർവ്വഹിക്കുന്ന ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പിങ്ക് പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഭാവി പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ പോലീസ് ജില്ലകൾ ഒഴികെ മറ്റ് 14 ജില്ലകളിലും ആവിഷ്കരിച്ചിട്ടിണ്ട്. എല്ലാ പോലീസ് ജില്ലകളിലുംകൂടി 43 വാഹനങ്ങൾ പിങ്ക് പട്രോളിന് നൽകിയിട്ടുണ്ട്. സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ പിങ്ക് പോലീസ് കൺട്രോൾ റൂമിൽ സംവിധാനം ചെയ്തിട്ടുള്ള ആട്ടോമേറ്റഡ് കൺട്രോൾ റൂമിലെ 1515 എന്ന ടോൾ ഫ്രീ

നമ്പരിലേയ്ക്ക് വരുന്ന distress Call കൾ IP Phone മുഖാന്തരം സ്വീകരിക്കുകയും ആയത് ഇന്റർനെറ്റ് സംവിധാനമുള്ള കംപ്യൂട്ടറിൽ വിളിച്ച ഫോൺ നമ്പർ, വിളിച്ച വ്യക്തിയുടെ അഡ്രസ്സ്, വിളിച്ച ആവശ്യത്തിന്റെ ചുരുക്കം എന്നിവ സഹിതം രജിസ്റ്റർ ആകുകയും ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് മേപ്പിൽനിന്നും distress call വിളിച്ച ലൊക്കേഷനിൽ ഏറ്റവും അടുത്തുള്ള പിങ്ക് പോലീസ് പട്രോൾ വാഹനം ഏതെന്ന് മനസ്സിലാക്കി വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ടാബ്‌ലറ്റിലേയ്ക്ക് സന്ദേശം അയയ്ക്കുകയും പിങ്ക് പോലീസ് വാഹനം വളരെ പെട്ടെന്ന് സ്ഥലത്തെത്തി ആവശ്യമായ നടപടി എടുക്കുകയും അതിനുശേഷം ടാബ്‌ലറ്റിൽ പരാതി തീർപ്പാക്കുകയും ചെയ്യുന്നതാണ് പിങ്ക് പോലീസ് പട്രോൾ സംവിധാനത്തിന്റെ പ്രവർത്തനരീതി. Distress Call വരുന്നതുമുതൽ തീർപ്പാക്കുന്നതുവരെയുള്ള നടപടികളുടെ രജിസ്റ്റർ തിരിച്ചുള്ള വിവരങ്ങൾ കംപ്യൂട്ടർ ജനറേറ്റർ റിപ്പോർട്ടുകളായി ഈ സംവിധാനം വഴി ലഭ്യമാക്കുന്നതാണ്. പിങ്ക് കൺട്രോൾ റൂമിൽ 1515 എന്ന ടോൾ ഫ്രീ നമ്പറിൽ സ്വീകരിക്കുന്നതും പട്രോളിംഗിനിടയിൽ അറിവാകുന്നതുമായ സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച കാര്യങ്ങളിൽ ഫലപ്രദമായി പിങ്ക് പോലീസ് ഇടപെട്ടു വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ്സ് സ്റ്റോപ്പുകൾ, ബസ്സ് സ്റ്റാൻഡുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പട്രോളിംഗ് വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും നേരെയുള്ള പൂവാലശല്യം വലിയ തോതിൽ കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ കയറാതെയും മറ്റും കറങ്ങി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിക്കുകയും ഇത്തരത്തിലുള്ള പ്രവണതകളിൽനിന്നും കുട്ടികളെ അകറ്റിനിർത്തുന്നതിനുള്ള പ്രവർത്തനവും ചെയ്തുവരുന്നു. വഴിയരികിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രിയിൽ എത്തിച്ച് ആതുര സേവനം ലഭ്യമാക്കിയും ഓർഫനേജുകളിൽ എത്തിച്ചും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ പിങ്ക് പോലീസ് ശ്രദ്ധപുലർത്തുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള molestation, വീട്ടുകളിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, മദ്യപിച്ച് സ്ത്രീകളെ ശല്യം ചെയ്യൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ എന്നീ തരത്തിലുള്ള കേസുകളിൽ പിങ്ക് പോലീസ് ഇടപെട്ട് നടപടികൾക്കായി പോലീസ് സ്റ്റേഷനുകളിലോ ബന്ധപ്പെട്ട മറ്റ് അധികാര സ്ഥാപനങ്ങളിലോ ഏൽപ്പിച്ച് സേവനം ചെയ്തുവരുന്നു.

(സി) സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സേവനത്തിനും സുരക്ഷയ്ക്കുമായി പിങ്ക് പോലീസ് പട്രോൾ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. പിങ്ക് പോലീസിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉചിതവും കാലാനുസൃതവുമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കുന്നതാണ്.

## സിവിൽ പോലീസ് ഓഫീസർ തസ്തിക

115 (1988) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരം പി.എസ്.സി. തയ്യാറാക്കിയ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഓരോ ബറ്റാലിയനിലും ഇതുവരെ ആകെ എത്ര നിയമനങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എ.പി.1 ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും എത്ര ഒഴിവുകളാണ് ഇതിനകം നികത്തിയതെന്നും പ്രസ്തുത ബറ്റാലിയനിൽ നിയമനം വൈകുന്നത് ഏത് സാഹചര്യത്തിലാണെന്നും അറിയിക്കാമോ;

(സി) സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽ പുതുതായി രണ്ടായിരം തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) നാളിതുവരെ എസ്.ഐ.എസ്.എഫ്.-ൽ നിയമനം നടത്തിയിരുന്നത് പോലീസ് സേനയിൽ നിന്നും ആയിരുന്നോ എന്നറിയിക്കുമോ;

(ഇ) എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് പ്രത്യേക സേനയെ റിക്രൂട്ട് ചെയ്യുന്നതിന് പകരം നിലവിലുള്ള സേനയിൽ നിന്നും നിയമനം നൽകി അതിലൂടെ നിലവിലുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭ്യമാക്കുന്നതിന് അവസരം ഉണ്ടാക്കുമോ?

### ഉത്തരം

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരം പി.എസ്.സി. തയ്യാറാക്കിയ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഓരോ ബറ്റാലിയനുകളിൽനിന്നും അഡ്വൈസ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു:

| യൂണിറ്റ് | അഡ്വൈസ് ചെയ്തവരുടെ എണ്ണം |
|---|---|
| (1) | (2) |
| എം.എസ്.പി. | 562 |
| എസ്.എ.പി | 700 |
| കെ.എ.പി 1 | 64 |
| കെ.എ.പി 2 | 677 |

| (1) | (2) |
|---|---|
| കെ.എ.പി 3 | 571 |
| കെ.എ.പി 4 | 397 |
| ആകെ | 2971 |

(ബി) കെ.എ.പി.1 ബറ്റാലിയൻ റാങ്ക് ലിസ്റ്റിൽ 1254 ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 64 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 317 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിന്റെ സുരക്ഷ ആവശ്യപ്പെടുന്ന സ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് രണ്ട് ഘട്ടങ്ങളിലായി 2000 തസ്തികകൾ സൃഷ്ടിക്കുന്നതാണെന്ന് 9-1-2020-ലെ ജി.ഒ.(എം.എസ്.) നമ്പർ 07/20/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ആംഡ് പോലീസ് ബറ്റാലിയനുകളിൽനിന്നാണ് സേനാംഗങ്ങളെ എസ്.ഐ.എസ്.എഫ്.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ നിയമിച്ചുവരുന്നത്.

(ഇ) നിലവിൽ പരിഗണനയിലില്ല. എന്നാൽ എസ്.ഐ.എസ്.എഫ്.-ലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടതുവഴി വന്ന പോലീസിലെ ഒഴിവുകൾ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നുമാണ് നികത്തുന്നത്.

**സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ**

116 (1989) <u>ശ്രീ യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയ്ക്ക് പ്രവർത്തനമികവു കണക്കിലെടുത്ത് ഏതെല്ലാം പുരസ്കാരങ്ങൾ ആണ് ലഭിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയെ കൂടുതൽ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യ തൊഴിലാളികൾ എന്നിവർക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായോ; എങ്കിൽ ഈ വിഭാഗത്തിൽ നിന്നുമായി എത്രപേരെ വീതം ഇതുവരെ നിയമിച്ചു; വിശദാംശം വ്യക്തമാക്കാമോ;

(സി) പോലീസിൽ വനിത പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വനിത സിവിൽ പോലീസ് ആഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ കൊടുക്കുന്ന ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ കേരള പോലീസ് സേനയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി ലഭിച്ചിട്ടുണ്ട്.

1. UAE സർക്കാരിന്റെ Best 'M' Government Service Award'
2. UMI (Urban Mobility India) Award 2017 for excellence in Urban Transport.
3. SKOCH Governance Award-2018.
4. SKOCH Order of Merit 2018 - Community Policing - HOPE Project
5. SKOCH Order of Merit 2018- Student Police Cadet Project.
6. SKOCH Award to Our Responsibility to Children (ORC) Project.
7. DSCI Award (Data Security Council of India) 2017.
8. സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018 -ലെ FICCI Smart Policing Award കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്.
9. സൈബർ ഡോമിന് Security Watch India (SWI) Innovation and Excellence Award. Innovative use of Technology in Cyber Security എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.
10. ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം.
11. അഴിമതി കുറവുള്ള സംസ്ഥാനം കേരളമെന്ന് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) റിപ്പോർട്ട്.

12. ഏറ്റവും കുറവ് വർഗ്ഗീയ കലാപം കേരളത്തിൽ (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട്.

13. കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ 'കോപ്സ് ടുഡെ ഇന്റർനാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്.

14. എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽനിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം.

15. രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്തിട്ടുണ്ട്.

16. ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ (2016 നവംബർ) (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ Best Exhibitant Award- ന് അർഹമായി.

17. അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ (2016 ഡിസംബർ) കേരളാ പോലീസ് സേനയിൽപ്പെട്ടവർക്ക് കംപ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ.

18. സി.സി.റ്റി.എൻ.എസ്. പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-ൽ (സി.സി.റ്റി.എൻ.എസ്. ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരളാ പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./എൻ.സി.ആർ.ബി. പുരസ്കാരങ്ങൾ.

19. കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ. 9001:2015 പദവി.

20. സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയും നാഷണൽ അസ്സോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആന്റ് സർവ്വീസസ് കമ്പനിയും (നാസ് കോം) സംയുക്തമായി നൽകുന്ന അവാർഡ്.

21. റോഡ് സുരക്ഷിതത്വ പരിശ്രമത്തിന് ട്രാഫിക് സുരക്ഷിതത്വത്തിനുള്ള സോഫ്റ്റ് പദ്ധതി (കേന്ദ്ര നഗരകാര്യ വകുപ്പ്)
22. കേരള പോലീസിന്റെ സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ട് രാജ്യത്താകമാനം നടപ്പിലാക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രി 2018-ൽ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട്.
23. സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിൽ രണ്ടാം സ്ഥാനം (പ്ലാൻ ഇന്ത്യ)
24. ബ്ലൂവെയിൽ ഗെയിം ഭീഷണിയുടെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടിക്ക് കേന്ദ്രത്തിന്റെ പ്രശംസ.
25. 2018-ലെ ഏഷ്യാ പസഫിക് റീജിയണിലെ ഇൻഫൊർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്.
26. ബെസ്റ്റ് ഡിജിറ്റൽ ഇനിഷ്യേറ്റീവിനുള്ള 2019-ലെ CISO MGG Award.
27. 2016-ലെ Elets Digital India Knowledge Exchange Summit Awards.
28. 2018-ലെ K7-Security Medal of Honour Award.
29. സൈബർഡോം പ്രോജക്ട് ആയ Mitigation of Online financial fraud -ന് 2019-ലെ Business world Digital India Award, 2019-ലെ Technology Sabha Awards in Enterprise Security.
30. Indian Express Groups Technology Sabha Award 2019.
31. 2019-ലെ SKOCH Order for Merit Award.
32. Be a champion for Child Protection Award Received from Interpol and ICMEC.
33. Digital Transformation Award 2019 for the best Cyber Security Initiative.

(ബി) പോലീസ് സേനയെ കൂടുതൽ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി മൽസ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 200 പേരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കും മാവോയിസ്റ്റ് ഇടതുതീവ്രവാദി സംഘടനകൾക്കെതിരെയുള്ള നടപടികളുടെ ഭാഗമായി 75 ആദിവാസി യുവാക്കളെ പ്രത്യേക റിക്രൂട്ട്മെന്റിലൂടെയും പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുത്തു. കൂടാതെ

വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള ആദിവാസി യുവതി യുവാക്കളിൽനിന്നും കേരളാ PSC മുഖാന്തരം രണ്ടാം ഘട്ട സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് 125 പോലീസ് കോൺസ്റ്റബിൾ തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

(സി) കേരളാ പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 380 സിവിൽ പോലീസ് ഓഫീസർ, 20 ഹവീൽദാർ തസ്തികകൾ ഉൾപ്പെടുന്ന ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഇല്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 759 വനിതാ സിവിൽ പോലീസ് ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അനുപാതം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സിവിൽ പോലീസ് ഓഫീസർ തസ്തിക

117 (1990) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. അഞ്ചാം ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇടുക്കി ജില്ലയിൽ എത്ര ഒഴിവുകളാണ് ഇതുവരെ പി.എസ്.സി-.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 1-7-2019-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനായി ആകെ 268 ഒഴിവുകൾ കേരളാ പി.എസ്.സി.യുടെ ഇടുക്കി ജില്ലാ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ചട്ടപ്രകാരം റിപ്പോർട്ട് ചെയ്യാവുന്ന പ്രതീക്ഷിത ഒഴിവുകളെല്ലാംതന്നെ നിയമനം നൽകാനായി കേരളാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വർക്കല കേന്ദ്രീകരിച്ച് പുതിയ ഡിവൈ.എസ്.പി. ഓഫീസ്**

118 (1991) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്തിലെ ഉന്നത പദവികളിലുള്ള വ്യക്തിത്വങ്ങൾ വർക്കല ശിവഗിരിയിലും വർക്കല ബീച്ചിലും സന്ദർശനത്തിനായി എത്തുന്നതിനാൽ അവരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും സെക്യൂരിറ്റി സംവിധാനം ഏകോപിപ്പിക്കുന്നതിനുമായി വർക്കല താലൂക്ക് കേന്ദ്രീകരിച്ച് പുതിയ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് വിവിധ സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**സ്മാർട്ട് പോലീസ് സ്റ്റേഷൻ**

119 (1992) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൈലറ്റ് സംരംഭം എന്ന നിലയിൽ സംസ്ഥാനത്ത് സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ദുബായ് മാതൃകയിൽ അത്യാധുനിക സ്മാർട്ട് പോലീസ് ആപ്ലിക്കേഷനും സ്മാർട്ട് പോലീസ് സ്റ്റേഷനും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**എസ്.പി.സി.യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി**

120 (1993) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഹൈസ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ എത്ര സ്കൂളുകളിലാണ് എസ്.പി.സി. യൂണിറ്റുകൾ ഉള്ളതെന്ന് അറിയിക്കാമോ;

(സി) ചെങ്ങന്നൂർ അങ്ങാടിക്കൽ തെക്ക് ഗവൺമെന്റ് ഹൈസ്കൂളിൽ എസ്.പി.സി. ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 10-2-2020- ലെ സ.ഉ.(സാധാ) നമ്പർ 438/2020/ആഭ്യന്തരം പ്രകാരം 40 സ്കൂളുകളിൽ കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ 7 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂളുകളിലെ എസ്.പി.സി.യൂണിറ്റ്**

121 (1994) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര സ്കൂളുകളിൽ പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ അവിടനല്ലൂർ ജി.എച്ച്.എസ്. സ്കൂളിൽ എസ്.പി.സി. അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 264 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) എസ്.പി.സി. പദ്ധതിയിലേയ്ക്ക് പുതിയ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളിൽ സർക്കാർ/പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതി എസ്.പി.സി. യൂണിറ്റ് ആരംഭിക്കുവാൻ അനുവാദം നൽകുകയാണ് ചെയ്തുവരുന്നത്.

എസ്.പി.സി. പദ്ധതിയിലേയ്ക്ക് പുതിയ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. പ്രസ്തുത അപേക്ഷ എസ്.പി.സി. സംസ്ഥാന നോഡൽ ഓഫീസിൽ പരിശോധിച്ചുവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾക്ക് ഫണ്ട്

122 (1995) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) 2014 വരെ എസ്.പി.സി. ഫണ്ട് എയ്ഡഡ് സ്കൂളിനും സർക്കാർ സ്കൂളിനും ഒരുപോലെ കൊടുത്തിരുന്നോ; അതിന് ശേഷം ഫണ്ട് നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014-ന് ശേഷം എസ്.പി.സി. യൂണിറ്റ് തുടങ്ങിയ എല്ലാ സർക്കാർ സ്കൂളിനും ഫണ്ട് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇതിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്താതിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി.ഫണ്ട് തുടർന്നും ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) SPC യൂണിറ്റുകൾക്ക് ചുവടെ പറയും പ്രകാരം തുക അനുവദിച്ചുവരുന്നു.

| Sl.No. | ITEMS |
|---|---|
| 1 | Refreshment for 88 cadets |
| 2 | Uniform for 44 new cadets |
| 3 | Uniform for CPOs |
| 4 | School level vacation camp (Onam & X'mas) |
| 5 | Honorarium for CPO/ACPO |
| 6 | Drill Instructor's Special allowance |
| 7 | Honorarium for Indoor Class faculties |
| 8 | Community Projects |

നിലവിൽ രണ്ടുവർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി/പ്ലസ് ടു വാർഷിക പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ബി) സർക്കാർ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) 2014-2015 കാലയളവിൽ പദ്ധതി ആരംഭിച്ച എയ്ഡഡ് സ്കൂളുകൾ സ്വന്തം നിലയിലും പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധത അറിയിച്ചതു പ്രകാരമാണ് പ്രസ്തുത സ്കൂളുകളിൽ യൂണിറ്റ് അനുവദിച്ചിട്ടുള്ളത്.

(ഡി) സർക്കാർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾക്ക് എസ്.പി.സി. ഫണ്ട് അനുവദിക്കുന്നതിൽ തടസ്സമില്ല.

## സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

123 (1996) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജൂലൈ മുതൽ 2020 ജനുവരി വരെ ഇടുക്കി, കോട്ടയം ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിന് പി.എസ്.സി. നിലവിൽ എടുത്ത നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സംസ്ഥാനത്ത് എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2019 ജൂലൈ മുതൽ 2020 ജനുവരി വരെ ഇടുക്കി ജില്ലയിൽ 94 -ഉം കോട്ടയം ജില്ലയിൽ 38 -ഉം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനായി ആകെ 3956 ഒഴിവുകൾ കേരളാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം

124 (1997) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി .നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ കെ.എ.പി. അഞ്ചാം ബറ്റാലിയനിലേയ്ക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി നിലവിൽ വന്ന ഉടുമ്പൻചോല, അടിമാലി, മുല്ലപ്പെരിയാർ, നെടുങ്കണ്ടം തുടങ്ങിയ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ ഒഴിവുകളുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള 268 വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ നിയമനത്തിനായി നിയമന ശിപാർശ പട്ടിക പി.എസ്.സി.യിൽനിന്നും ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുത്തുന്ന തീയതി മുതൽ ഒരു വർഷമാണ് കാലാവധി.

(സി) ഉടുമ്പൻചോല പോലീസ് സ്റ്റേഷനിൽ സി.പി.ഒ. തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. അടിമാലി, മുല്ലപ്പെരിയാർ, നെടുങ്കണ്ടം എന്നീ പോലീസ് സ്റ്റേഷനുകളിൽ സി.പി.ഒ. തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## എറണാകുളം ജില്ല പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

125 (1998) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/17 പ്രകാരം 2019 ജൂലായ് മാസം നിലവിൽ വന്നിട്ടുള്ള പോലീസ് കോൺസ്റ്റബിൾ എറണാകുളം ജില്ല റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമന ശിപാർശ നല്കി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കായി പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ റാങ്ക് ലിസ്റ്റിലേക്കുള്ള ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 64 (അറുപത്തിനാല്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 317 (മുന്നൂറ്റി പതിനേഴ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ പോലീസുകാരെ നിയമിക്കുന്ന നടപടി

126 (1999) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫൊറൻസിക് ലാബുകളിൽ സയൻസ് വിഷയങ്ങളിൽ അക്കാഡമിക് യോഗ്യതയുള്ള പോലീസുകാരെ നിയമിക്കുവാൻ തീരുമാനിച്ച നടപടി സർക്കാരിന്റെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ പോലീസുകാരെ നിയമിക്കുന്നത് ശാസ്ത്ര പരിശോധനകളിലെ രഹസ്യവും സ്വതന്ത്രവുമായ വിലയിരുത്തലുകൾക്ക് തടസ്സമാകുമോ എന്ന് പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ കുറവിന്റെ പേരിൽ പോലീസുകാരെ നിയമിക്കുന്നത് ദുരൂഹത ഉണ്ടാക്കുമെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ഡി) രഹസ്യ സ്വഭാവമുള്ള ഇത്തരം ലാബുകളിൽ പോലീസുകാരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ഉത്തരവ് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ പോലീസ് സ്റ്റേഷനുകളിലെ പോക്സോ കേസുകൾ ഉൾപ്പെടെ നിരവധി ക്രൈം കേസുകളിലെ തെളിവ് ശേഖരണത്തിന്റെ ഭാഗമായുള്ള ശാസ്ത്രീയ പരിശോധനകൾ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ തീർപ്പ്

കൽപ്പിക്കാനായി നിലവിലുള്ളതിനാൽ കേസുകളുടെ അന്വേഷണം വേഗത്തിലാക്കുവാനും കുറ്റവാളികൾക്ക് കാലതാമസം കൂടാതെ ശിക്ഷ ഉറപ്പുവരുത്തുവാനും ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സംസ്ഥാന പോലീസ് മേധാവി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ തൊണ്ടിമുതലുകളുടെ ശാസ്ത്രീയ പരിശോധനകൾ നടത്തുന്നതിന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള പോലീസുകാരെ നിയോഗിച്ചിട്ടില്ല.

(സി) ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ് ആറ് മാസത്തേയ്ക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്. ഇത് ദുരൂഹത ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥരെ ആറുമാസത്തേയ്ക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചതുകൊണ്ട് ടി സ്ഥാപനങ്ങളിലെ രഹസ്യസ്വഭാവം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എ.പി.-4 ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർ നിയമനം

127 (2000) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; വിശദമാക്കാമോ;

(ബി) 2019 ഡിസംബർ 31 വരെ കെ.എ.പി.-4 ബറ്റാലിയനിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് റിപ്പോർട്ട് ചെയ്യാത്തത്; വിശദമാക്കാമോ;

(സി) സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് വന്നതിനുശേഷം കെ.എ.പി.-4 എത്ര ബാച്ചുകൾക്ക് നിയമനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) കെ.എ.പി.-1, കെ.എ.പി.-2, കെ.എ.പി.-3 എന്നീ ബറ്റാലിയനുകളിൽ സി.പി.ഒ. റാങ്ക് ലിസ്റ്റ് വന്നതിനുശേഷം എത്ര ബാച്ചുകൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) സി.പി.ഒ. റാങ്ക് ലിസ്റ്റ് വന്നതിനു ശേഷം കെ.എ.പി.-4 ബറ്റാലിയനിൽ നൽകിയ ആദ്യഘട്ട നിയമന ഉത്തരവിൽ എത്ര എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിലേക്ക് പുതിയ നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; എൻ.ജെ.ഡി.യും ഒഴിവുകളും ഉൾപ്പെടെ ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാറ്റഗറി നമ്പർ 657/2017 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 2019 ജൂലൈ മാസത്തിലാണ്.

(ബി&സി) 2019 ഡിസംബർ 31 വരെ കെ.എ.പി.-4 ബറ്റാലിയനിൽ 108 ഒഴിവുകൾ ഉണ്ടായിരുന്നു. നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 397 പേരെ പി.എസ്.സി.യിൽനിന്നും അഡ്വൈസ് ചെയ്തതായിട്ടുള്ള വിവരം ലഭ്യമായിട്ടുണ്ട്. നിയമന നടപടികൾ നടന്നുവരുന്നു.

(ഡി) സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കെ.എ.പി. 1 | - | 64 |
| കെ.എ.പി. 2 | - | 677 |
| കെ.എ.പി. 3 | - | 571 |

നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) എൻ.ജെ.ഡി. ഒഴിവുകൾ സംബന്ധിച്ച് നിയമന നടപടികൾക്കുശേഷം മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും 397 പേരുടെ നിയമന നടപടികൾ നടന്നുവരുന്നു.

## മലപ്പുറത്തെ പൈങ്കണ്ണൂരിൽ ട്വിറ്റർ സന്ദേശത്തിന്റെ അടിസ്ഥാനത്തിലെടുത്ത കേസ്സ്

128 (2002) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൈങ്കണ്ണൂരിൽ മതത്തിന്റെ പേരിൽ കുടിവെള്ളം നിഷേധിച്ചെന്ന ട്വിറ്റർ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉടുപ്പി-ചിക്കമംഗളൂർ എം.പി. ഉൾപ്പെടെ എത്ര പേർക്കെതിരെ പോലീസ് കേസെടുത്തു;

(ബി) ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവൃത്തിക്ക് കേരളത്തിൽ അവസരവും സാഹചര്യവും ഉണ്ടാക്കിയവർക്കെതിരെ ഏതെങ്കിലും കേസെടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതിന് പ്രേരണാകുറ്റം ചുമത്തി കേസെടുത്ത് നടപടികൾ നടത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉടുപ്പി-ചിക്കമംഗളൂർ എം.പി. ഉൾപ്പെടെ നാലുപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(ബി-ഡി) ടി സംഭവത്തിന് കുറ്റിപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം 33/2020 u/s 153(A) r/w 34 IPC വകുപ്പ് പ്രകാരം കുറ്റിപ്പുറം സ്വദേശി ഗണേശൻ, രണ്ടു സേവാഭാരതി പ്രവർത്തകർ എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്.

## സ്ത്രീ സുരക്ഷാ പദ്ധതി

129 (2003) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ത്രീ സുരക്ഷയ്ക്കായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കുന്നത്;

(സി) സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്കൂൾ കുട്ടികൾക്കിടയിൽ ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് സ്ത്രീ സുരക്ഷയുടെ ഭാഗമായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ ഹെൽപ് ഡെസ്ക്, വനിതാ ഹെൽപ് ലൈൻ, സെൽഫ് ഡിഫൻസ് പ്രോഗ്രാം, പഞ്ചായത്ത് വിസിറ്റ് (വനിതാ പോലീസ് ഉദ്യോഗസ്ഥർ ആഴ്ചയിൽ ഒരു പ്രവർത്തി ദിവസം തങ്ങളുടെ സ്റ്റേഷൻ പരിധിയിലുള്ള പഞ്ചായത്ത് ഓഫീസുകൾ സന്ദർശിച്ച് സ്ത്രീകളുടെ പരാതികൾ സ്വീകരിച്ചുവരുന്നു) ജനമൈത്രി ബീറ്റ്, നിർഭയ പദ്ധതി, അടിയന്തര ഘട്ടങ്ങളിൽ പോലീസ് സഹായം ലഭിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം, ജനമൈത്രി സംവിധാനം വഴി ഭവന സന്ദർശനം എന്നിവയിലൂടെ വനിതകളുടെ സുരക്ഷയ്ക്കായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പദ്ധതികളും വളരെ വിജയകരമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പെട്ടെന്ന് സമീപിക്കാവുന്ന തരത്തിൽ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ വൈദ്യസഹായം, പോലീസ് സഹായം, നിയമ സഹായം, കൗൺസിലിംഗ്, താമസ സൗകര്യം എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. വീടുകളിൽ സുരക്ഷിതത്വം ഇല്ലാത്ത കേസുകളിൽ അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കുമായി പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ വിമൺ & ചിൽഡ്രൻ ഹോമുകളും 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഒരു എസ്.ഒ.എസ്. മോഡൽ ഹോമും പ്രവർത്തിച്ചുവരുന്നു.

(സി) ജനമൈത്രി പോലീസിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ, സ്ത്രീകൾ മാത്രമുള്ള തൊഴിൽ സ്ഥാപനങ്ങൾ, വനിതാ ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) സ്കൂൾ കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി സെൽഫ് ഡിഫൻസ് പ്രോഗ്രാം, നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, സൈബർ സുരക്ഷയെ സംബന്ധിച്ച് ക്ലാസ്സുകൾ എന്നിവ നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പ്രത്യേക പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തിവരുന്നു.

സ്കൂൾ കൗൺസിലേഴ്സിന്റെ സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലൂടെ രക്ഷകർത്താക്കൾക്കും പെൺകുട്ടികൾക്കും പ്രതിരോധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്തുക, സുരക്ഷ ഉറപ്പുവരുത്തുക, ശാരീരികവും മാനസികവുമായ ശാക്തീകരണം ഉറപ്പാക്കുക, ശാരീരിക ക്ഷമതയുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യമിട്ട് കളരിപ്പയറ്റ്, കരാട്ടെ, കുങ്ഫൂ, തായ്കൊണ്ട എന്നിവയിൽ ഏതെങ്കിലും ഒരു ആയോധനകലയിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ 8, 9 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് കഴിഞ്ഞ വർഷം പരിശീലനം നൽകിയിരുന്നു.

കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ നിറവേറ്റി അവരുടെ ആന്തരിക സംഘർഷങ്ങൾ ശാസ്ത്രീയമായി പരിഹരിക്കാൻ കൗമാര വിദ്യാഭ്യാസ പരിപാടിയും കൗൺസിലിംഗും സംഘടിപ്പിച്ചിട്ടുണ്ട്.

**പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് പദ്ധതികൾ**

130 (2004) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പിങ്ക് പെട്രോൾ, പിങ്ക് ബീറ്റ് തുടങ്ങിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) നിർഭയ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വനിതകൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പോലീസ് വകുപ്പ് ജനമൈത്രി സമിതികൾ റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഇതുസംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ് പിങ്ക് പട്രോളും പിങ്ക് ബീറ്റും. പിങ്ക് കൺട്രോൾ റൂമിലെ 1515 ടോൾ ഫ്രീ നമ്പരിൽ പരാതികൾ സ്വീകരിക്കുന്നതിനും ബീറ്റിനും പട്രോളിനുമിടയിൽ അറിവാകുന്നതുമായ സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച കാര്യങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബസ് സ്റ്റോപ്പ്, ബസ് സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പട്രോളിംഗ് വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും നേർക്കുണ്ടാകുന്ന പൂവാലശല്യവും അതിക്രമങ്ങളും വലിയ തോതിൽ കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ കയറാതെയുംമറ്റും കറങ്ങി നടക്കുന്ന കുട്ടികളുടെ രക്ഷിതാക്കളെ വിവരം അറിയിക്കുകയും ഇത്തരത്തിലുള്ള പ്രവണതകളിൽനിന്നും കുട്ടികളെ അകറ്റി നിർത്തുന്നതിനുള്ള പ്രവർത്തനം ചെയ്തുവരികയും ചെയ്യുന്നു. വഴിയരികിൽ അശരണരായി കിടക്കുന്ന സ്ത്രീകളെയും മറ്റും ആശുപത്രികളിൽ എത്തിച്ച് ആതുര സേവനം ലഭ്യമാക്കിയും ഓർഫനേജുകളിൽ എത്തിച്ചും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ പിങ്ക് പോലീസ് ശ്രദ്ധപുലർത്തുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള molestation, വീടുകളിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, മദ്യപിച്ച് സ്ത്രീകളെ ശല്യം ചെയ്യൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ എന്നീ തരത്തിലുള്ള കേസുകളിൽ പിങ്ക് പോലീസ് ഇടപെട്ട് നടപടികൾക്കായി പോലീസ് സ്റ്റേഷനുകളിലോ ബന്ധപ്പെട്ട മറ്റ് അധികാര സ്ഥാപനങ്ങളിലോ ഏൽപ്പിച്ച് സേവനം ചെയ്തുവരുന്നു.

(ബി) നിർഭയ വോളണ്ടിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകളെ സ്വയരക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് സെൽഫ് ഡിഫൻസ് ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ പോലീസിനെ സഹായിക്കുന്നതിനായി നിർഭയ വോളണ്ടിയർമാരെ തെരഞ്ഞെടുക്കുകയും അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്യുന്നു. ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത് സ്ത്രീകളിൽ അവബോധം ഉണ്ടാക്കുക, ഭയം അകറ്റുക, ആവശ്യക്കാരുടെ അടുത്ത് എത്രയും

വേഗം എത്തിച്ചേർന്ന് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുക, കൗൺസിലിംഗ് നൽകുക, വിചാരണകാലത്ത് മനഃശാസ്ത്രപരമായ ശ്രദ്ധ നൽകുക എന്നിവയാണ്. സ്കൂളുകൾ, കോളേജുകൾ, വനിതാ ഹോസ്റ്റലുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് സെൽഫ് ഡിഫൻസ് ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

(സി) വനിതകൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനും വനിതാ സെല്ലും പരാതികൾ സ്വീകരിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് ലഭിക്കുന്ന പരാതികൾക്ക് നടപടി സ്വീകരിച്ചുവരുന്നതും നിയമ പരിരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്നതുമാണ്.

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം എല്ലാ തൊഴിൽ സ്ഥലങ്ങളിലും Complaints Redressal Committee against Sexual harassment of women at work place രൂപീകരിച്ചിട്ടുള്ളതും ഈ കമ്മിറ്റി മാസത്തിലൊരിക്കൽ തൊഴിലാളികളുടെ സാന്നിധ്യത്തിൽ മീറ്റിംഗ് കൂടുന്നതും ആയതിന്റെ മിനിറ്റ്സ് വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ പരിശോധിക്കുന്നതുമാണ്. കൂടാതെ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്.

(ഇ) ജനമൈത്രി സമിതികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്.

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ

131 (2005) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹിതരായ സ്ത്രീകൾ നേരിടുന്ന ഭർതൃ ബലാൽസംഘങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ കൊലപാതകം ഉൾപ്പെടെയുള്ള അതിക്രമങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കേസുകളിൽ പ്രത്യേക അന്വേഷണ സംഘങ്ങളുടെ അന്വേഷണം ഉറപ്പുവരുത്താനും പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാനും വനിതകളുടെ രാത്രിയാത്ര സുരക്ഷിതമാക്കാനും സ്ത്രീകൾക്ക് സ്വയംപ്രതിരോധ പരിശീലനം നൽകുവാനും വേണ്ടി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾമൂലം അവർ സ്കൂൾ പഠനം പോലും നിർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനായി സ്വീകരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചും കുറ്റമറ്റരീതിയിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നു. ജനമൈത്രി സംവിധാനം കാര്യക്ഷമമാക്കിയും സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി പിങ്ക് പോലീസ് സംവിധാനം നടപ്പിലാക്കിയും പോലീസ് ഓഫീസർമാർ ആഴ്ചയിൽ ഒരു ദിവസം പഞ്ചായത്ത് ഓഫീസുകൾ സന്ദർശിച്ചും സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെ രാത്രി നടത്തംപോലുള്ള പരിപാടികൾ സംഘടിപ്പിച്ച് നടപ്പാക്കുകവഴി സ്ത്രീകളിൽ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ, ജനമൈത്രി തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇരയായ പെൺകുട്ടിയുടെ തുടർ പഠനം നടത്തുന്നതിന് സ്കൂൾ അധികാരികൾക്കും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനും റിപ്പോർട്ട് നൽകി രക്ഷകർത്താക്കളുടെ സഹകരണത്തോടെ കൗൺസിലിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾ

132 (2006) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇത്തരം കേസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത കേസുകൾ അന്വേഷിക്കുവാൻ പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പരിശീലനക്കുറവും അന്വേഷണത്തിൽ പാകപ്പിഴ ഉണ്ടാകുന്നതും ഇരയ്ക്ക് നീതി ഉറപ്പാക്കുവാൻ സാധ്യമാകാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) വാളയാറിലെ പ്രായപൂർത്തിയാകാത്ത രണ്ട് സഹോദരിമാരെ പീഡിപ്പിച്ചശേഷം കൊലപ്പെടുത്തിയ സംഭവത്തിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോയത് അന്വേഷണത്തിലുണ്ടായ വീഴ്ചമൂലമാണോ; എങ്കിൽ പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ നിർദ്ദേശം നൽകിയത് ഇത്തരം സംഭവങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നറിയിക്കാമോ?

### ഉത്തരം

(എ&ബി) കഴിഞ്ഞ 3 വർഷത്തെ കണക്ക് പരിശോധിച്ചതിൽ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസ്സുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ കഴിഞ്ഞ 3 വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു

| വർഷം | സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസ്സുകൾ (Rape with Murder, Rape, 354, 509, 377 IPC & other sexual offences (KP Act etc) | കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസ്സുകൾ (POCSO Act Cases) |
|---|---|---|
| 2017 | 7662 | 2697 |
| 2018 | 7640 | 3179 |
| 2019 | 7524 | 3609 |

ജനമൈത്രി പോലീസ് പദ്ധതി പോലെയുള്ള വിവിധ പദ്ധതികളിലൂടെ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ആരോഗ്യകരമായ സമ്പർക്കങ്ങളുടെയും ഫലമായി ഉണ്ടാകുന്ന എല്ലാ സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ റിപ്പോർട്ടാകുന്ന എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനാലാണ് കേസുകളിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമ കേസ്സുകൾ അന്വേഷിക്കുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

(ഡി) പരിശീലനക്കുറവോ അന്വേഷണത്തിലെ പാകപ്പിഴയോ കാരണം ഇരയ്ക്ക് നീതി ഉറപ്പാക്കുവാൻ സാധ്യമാകാത്ത സാഹചര്യം ഉണ്ടാക്കിയിട്ടില്ല.

(ഇ) ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ളവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജ് ശ്രീ. പി. കെ. ഹനീഫയെ കമ്മീഷൻ ഓഫ് ഇൻക്വയറി ആയി സർക്കാർ നിയമിച്ചിട്ടുണ്ട്.

**ആൾക്കൂട്ട കൊലപാതകങ്ങൾ**

133 (T 2008) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരികമായും വിദ്യാഭ്യാസപരമായും മുൻപന്തിയിലെന്ന വകാശപ്പെടുന്ന സംസ്ഥാനത്ത് ആൾക്കൂട്ട കൊലപാതകങ്ങളും സദാചാര പോലീസ് ചമഞ്ഞുള്ള കൊലപാതകങ്ങളും ദുരഭിമാന കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നതിലെ അപകടകരമായ സന്ദേശം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അട്ടപ്പാടിയിലെ മധുവിന്റെ ദാരുണ കൊലപാതകത്തിനു ശേഷം എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ കാരണങ്ങൾ ആരോപിച്ചുള്ള ഇത്തരം എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇത്തരം കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗൗരവപൂർവ്വം കണ്ട് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ ബോധവൽക്കരണ സന്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ടെഹ്സീൻ എസ്. പൂനവാല ഫയൽ ചെയ്ത W.P(C) 754/16-ലെ 17-7-2018-ലെ വിധിന്യായ പ്രകാരം എല്ലാ സംസ്ഥാന സർക്കാരുകൾക്കും ആൾക്കൂട്ട കൊലപാതകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉത്തരവ് നൽകിയിരുന്നു. എല്ലാ ജില്ലകളിലും എസ്. പി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ നോഡൽ ഓഫീസറായി നിയമിക്കാൻ എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതുസംബന്ധിച്ച് പോലീസ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച 7-8-2018-ലെ സർക്കുലർ നമ്പർ 22/2018, 5-9-2018 -ലെ സർക്കുലർ നമ്പർ 24/2018 എന്നിവവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപോലെയുള്ള ഹീനമായ സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവാതിരിക്കാൻ ജില്ലാ പോലീസ് മേധാവിമാരുടെ നിയന്ത്രണത്തിൽ ശക്തമായ പോലീസ് പട്രോളിംഗ് നടത്തി വരുന്നതോടൊപ്പം സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും ഇക്കാര്യത്തിന് നിതാന്ത ജാഗ്രത പുലർത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആൾക്കൂട്ട കൊലപാതകവുമായി ബന്ധപ്പെട്ട രണ്ട് സംഭവങ്ങളും സദാചാര പോലീസ് ചമഞ്ഞുള്ള കൊലപാതകവുമായി ബന്ധപ്പെട്ട ഒരു സംഭവവും ദുരഭിമാനവുമായി ബന്ധപ്പെട്ട രണ്ട് സംഭവങ്ങളും പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മാധ്യമപ്രവർത്തകൻ കെ.എം.ബഷീർ കൊല്ലപ്പെട്ട കേസിന്റെ കുറ്റപത്ര സമർപ്പണം

134 (2009) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകൻ കെ.എം.ബഷീർ വാഹനമിടിച്ച് കൊല്ലപ്പെട്ട കേസിൽ സംഭവം നടന്ന് ആറ് മാസത്തോടടുത്തിട്ടും കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറ്റപത്രം സമർപ്പിക്കപ്പെട്ടാൽ സസ്പെൻഷൻ റദ്ദാക്കാനാകില്ലെന്നിരിക്കെ, കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സർവ്വീസിലേക്ക് തിരികെ വരുന്നതിനായി കുറ്റപത്ര സമർപ്പണത്തിൽ ബോധപൂർവ്വമായ താമസം വരുത്തുകയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉദ്യോഗസ്ഥ സമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ കുറ്റപത്രസമർപ്പണം ഏതാനും ദിവസങ്ങൾ കൂടി താമസിച്ചാൽ സസ്പെൻഷനിൽ ആറ് മാസം പിന്നിടുന്ന ഇദ്ദേഹത്തിന് അനായാസം സർവ്വീസിൽ തിരിച്ചെത്താൻ ചീഫ് സെക്രട്ടറിയുടെ ശിപാർശ സഹായകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) മാധ്യമപ്രവർത്തകനായ കെ.എം.ബഷീർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 1656/19 നമ്പർ കേസിന്റെ ചാർജ്ജ് ഷീറ്റ് 31-1-2020-ൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേസിന്റെ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിന് ബോധപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## കാലടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 25/2020 കേസ്സിലെ അന്വേഷണം

135 (2010) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റൂറൽ പോലീസിൽ കാലടി പോലീസിന്റെ പരിധിയിൽ 9-1-2020 ക്രൈം നമ്പർ 25/2020-ൽ ദീപുവിന്റെ മരണത്തിന് കാരണമായ വാഹനം പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിർദ്ധന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന ദീപുവിനെ മരണത്തിലേക്ക് തള്ളിവിട്ടവരെ കണ്ടെത്തുന്നതിന് കാലടി പോലീസ് രജിസ്റ്റർ

ചെയ്ത 25/2020 നമ്പർ കേസിന്റെ അന്വേഷണച്ചുമതല ആർക്കാണെന്നും, പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ നാളിതുവരെ നടത്തിയ അന്വേഷണത്തിന്റെ വിശദാംശവും ലഭ്യമാക്കാമോ;

(സി) അപകടം നടന്ന സമയം ഇതുവഴി ഇരുവശത്തുകൂടേയും കടന്നുപോയ വാഹനങ്ങളുടെ വിവരം കണ്ടെത്താൻ സമീപ സ്ഥലത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി കാലടി പോലീസ് ഫോറൻസിക് വിദഗ്ദരുടേയും, ആർ.ടി.ഒ.-യുടേയും സേവനം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടോ; സംഭവം നടന്ന് എത്ര നാൾ കഴിഞ്ഞിട്ടാണ് പോലീസ് സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ട് വരുന്നതിന് ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള അന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വാഹനം കണ്ടെത്തിയിട്ടില്ല. ദീപു (33) എന്നയാൾക്ക് 9-1-2020-ന് വെളുപ്പിന് 5.50 മണിക്ക് മറ്റൂർ നീലംകുളങ്ങര അമ്പലത്തിന് മുൻവശത്തുവെച്ച് വാഹനാപകടത്തിൽ പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരുന്ന എന്ന മൊഴിയുടെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം. 25/20 U/s 279, 338 IPC, Sec.134(A) (B) MV Act ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. 11-1-2020-ന് പരിക്കുപറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ദീപു മരണപ്പെടുകയും തുടർന്ന് ഈ കേസിൽ Sec.304(A) IPC കൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുകയും ടി വിവരം ഉൾപ്പെടുത്തി ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. സമീപത്തുള്ള കടകളിലെയും സ്ഥാപനങ്ങളിലെയും മറ്റും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് അപകട ഹേതുവായ വാഹനം കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) കേസ് ഇൻസ്പെക്ടർ റാങ്കിലുള്ള (SHO) ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നത്. ലഭ്യമായ വിവരങ്ങളനുസരിച്ച് നിലവിൽ കേസിന്മേൽ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ഈ കേസിലേയ്ക്ക് കൃത്യസ്ഥല മഹസർ തയ്യാറാക്കിയും ദൃക്സാക്ഷികൾ ഉൾപ്പെടെ 15-ഓളം സാക്ഷികളെ കണ്ട്

ചോദിച്ചും മൊഴി രേഖപ്പെടുത്തിയും മറ്റും അന്വേഷണം നടത്തി അപകട ഹേതുവായ വാഹനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. സമീപത്തും മറ്റുമുള്ള കടകളിലേയും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് റോഡിൽനിന്നുള്ള ഓട്ടോ മൊബൈൽ റീട്രേഡിംഗ് കമ്പനിയിൽനിന്നും ലഭിച്ച ദൃശ്യത്തിൽനിന്നാണ് ഈ കേസിലേയ്ക്ക് ദൃക്സാക്ഷികൾ സംശയം പറഞ്ഞ ഒരു പിക്ക് അപ്പ് വാനിന്റെ ദൃശ്യങ്ങൾ ലഭിച്ചത്.

(ഡി) ഫോറൻസിക് വിദഗ്ദ്ധർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കേസെടുത്ത 9-1-2020 -ന്റെ പിറ്റേ ദിവസം (10-1-2020) മുതൽ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധന നടത്തിയിട്ടുള്ളതാണ്.

(ഇ) നിലവിൽ നടന്നുവരുന്ന കേസന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തി ആവശ്യമെങ്കിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി.പരീക്ഷാ തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം

136 (2011) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി സംഘടനാ നേതാക്കൾ ഉൾപ്പെട്ട പി.എസ്.സി. പരീക്ഷാ തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണം മന്ദഗതിയിലാണെന്ന ആക്ഷേപം വസ്തുതാപരമല്ലെ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിലെ പ്രതികളായ നജീബ്, ശിവരഞ്ജിത്ത് പ്രണവ് എന്നിവർ കെ.എ.പി. നാലാം ബറ്റാലിയൻ പരീക്ഷയിൽ സെന്ററായി കാസർകോഡ് നൽകിയ ശേഷം തിരുവനന്തപുരത്തെ വിവിധ സെന്ററുകളിൽ പരീക്ഷയെഴുതിയത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കാമോ;

(സി) പരീക്ഷാ ക്രമക്കേട് കാണിക്കുവാൻ മേല്പറഞ്ഞവർക്ക് പരീക്ഷ നടത്തിപ്പുകാർ തന്നെ കൂട്ടുനിന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ലക്ഷക്കണക്കിന് പരീക്ഷാർത്ഥികളെ വഞ്ചിച്ച ഇത്തരക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ക്രൈംബ്രാഞ്ച് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ഇടപെടൽ ഉണ്ടാകുമോ?

ഉത്തരം

(എ) ആക്ഷേപം വസ്തുതാപരമല്ല.

(ബി) അന്വേഷണ പരിധിയിൽ ഇക്കാര്യവും ഉൾപ്പെടും.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) ക്രൈം ബ്രാഞ്ച് അന്വേഷണം ഊർജ്ജിതമായും കാര്യക്ഷമമായും നടന്നുവരുന്നു.

**മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമം**

137 (2012) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള അന്ധവിശ്വാസങ്ങളുടെ പേരിൽ കൊലപാതകങ്ങളും തട്ടിപ്പും നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളും തട്ടിപ്പുകളും നടന്നുവെന്നാണ് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിനുള്ളിൽ ഇത്തരം തട്ടിപ്പുകാർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇവർക്കെതിരെ നിലവിൽ ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് പോലീസ് കുറ്റപത്രം തയ്യാറാക്കുന്നത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങളുടെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിനും ഇത്തരം തട്ടിപ്പുകാർക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി സമഗ്രമായ ഒരു നിയമനിർമ്മാണം പരിഗണനയിൽ ഉണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മന്ത്രവാദ-ആഭിചാര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള അന്ധവിശ്വാസങ്ങളുടെ പേരിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 3 കേസുകളിലായി 6 കൊലപാതകങ്ങളും 27 തട്ടിപ്പ് കേസുകളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇത്തരം തട്ടിപ്പുകാർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 |
|---|---|---|---|---|---|---|---|---|---|---|
| കൊലപാതക കേസ്സുകളുടെ എണ്ണം | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 1 | 1 |
| തട്ടിപ്പ് കേസുകളുടെ എണ്ണം | 0 | 1 | 1 | 1 | 3 | 3 | 0 | 8 | 1 | 9 |

ഇത്തരത്തിൽ കഴിഞ്ഞ പത്ത് വർഷം രജിസ്റ്റർ ചെയ്ത കേസുകളുടെയും ചുമത്തിയിരിക്കുന്ന വകുപ്പുകളുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട് *

(ഇ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം നിയമവകുപ്പിന്റെ പരിശോധനയിലുണ്ട്.

**സംസ്ഥാനത്ത് നടക്കുന്ന നിയമവിരുദ്ധ ലഹരി ഇടപാടുകൾ**

138 (2013) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിറ്റ്കോയിൻ അടക്കമുള്ള ക്രിപ്റ്റോ കറൻസിയിൽ പണം നിക്ഷേപിച്ച് നിയമവിരുദ്ധമായി ലഹരി മരുന്ന് ഇറക്കുമതിയും, തീവ്രവാദി ഫണ്ടിങ്ങും വരെ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിയമവിരുദ്ധ ഇടപാടുകൾ നിരന്തരം നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സംസ്ഥാന പോലീസിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ബിറ്റ്കോയിൻ ഇടപാടിൽ തട്ടിപ്പിന് ഇരയാകുന്നവർക്ക് എതിരെ കേസെടുക്കുന്നതിനും, ഇത്തരം നിയമവിരുദ്ധ ഇടപാടുകൾ കർശനമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സംസ്ഥാനതലത്തിൽ കേരള ആന്റി നാർക്കോട്ടിക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (KANSAF), കൂടാതെ പോലീസ് ജില്ലകളിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (DANSAF) രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളുടെ ഉത്പാദനം, വിതരണം, കടത്തൽ, കച്ചവടം, ഉപയോഗം എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ മുൻകൂട്ടി അറിയാനും ശേഖരിക്കാനും അത്തരത്തിൽ വിവരങ്ങൾ കണ്ടെത്തിയാൽ മുൻകരുതൽ നടപടികളും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കാനും ലക്ഷ്യമിട്ടാണ് KANSAF/DANSAF പ്രവർത്തിക്കുന്നത്. ബിറ്റ്കോയിൻ അടക്കമുള്ള ക്രിപ്റ്റോ കറൻസിയിൽ പണം നിക്ഷേപിച്ച് ലഹരി മരുന്ന് ഇറക്കുമതിയും തീവ്രവാദി ഫണ്ടിംഗ് പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് നടക്കുന്നുണ്ടോയെന്ന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച്, ലോക്കൽ പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ സൈബർ പട്രോൾ ഓപ്പറേഷൻസ് അടക്കമുള്ള മുൻകരുതൽ നടപടികളും കൂടാതെ രഹസ്യാന്വേഷണവും കുറ്റവാളികളുടെ നിരീക്ഷണവും നടത്തിവരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ അതിൽ ഉൾപ്പെടുന്നവർക്കെതിരെ നിയമാനുസരണം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമാനുസരണം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുസ്ഥലത്ത് പുകവലിക്കുന്നതിനുള്ള പിഴ**

139 (2014) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഗരറ്റ് ആന്റ് അദർ ടുബാക്കോ പ്രോഡക്ട് ആക്ട് സെക്ഷൻ 4 പ്രകാരം പൊതുസ്ഥലത്ത് സിഗരറ്റ് വലിക്കുന്നതിന് പിഴ ഈടാക്കുന്നുണ്ടോ;

(ബി) 2019-ൽ ഈ വകുപ്പ് പ്രകാരം എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നും, അവരിൽ നിന്നും എന്ത് തുക പിഴ ഇനത്തിൽ ഈടാക്കിയെന്നും വ്യക്തമാക്കാമോ;

(സി) ഈ നിയമം നടപ്പിലാക്കിയതുമൂലം പൊതുസ്ഥലത്ത് പുകവലിക്കുന്നവരുടെ എണ്ണം കുറഞ്ഞ് വരുന്നതായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2019 വർഷം ഈ വകുപ്പ് പ്രകാരം 87646 പേർക്കെതിരെ പിഴ ചുമത്തുകയും അവരിൽനിന്നും 1,73,84,650 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ നിയമം നടപ്പിലാക്കിയതുമൂലം പൊതുസ്ഥലത്ത് പുകവലിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017 വർഷം 162606 പേർക്കെതിരെ പിഴ ചുമത്തുകയുണ്ടായി. എന്നാൽ 2018-ൽ 110028 പേർക്ക് എന്നത് 2019-ൽ 87646 പേരായി കുറഞ്ഞിട്ടുണ്ട്.

## യൂണിവേഴ്സിറ്റി കോളേജിന് മുന്നിലുണ്ടായ മർദ്ദനം

140 (2015) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-11-2019-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് മുന്നിൽ വച്ച് കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത് ഉൾപ്പെടെയുള്ള കെ.എസ്.യു. പ്രവർത്തകർക്ക് എസ്.എഫ്.ഐ. പ്രവർത്തകരുടെ ക്രൂരമർദ്ദനം ഏറ്റ സംഭവത്തിൽ ഇതിനകം എത്ര പേർക്കെതിരെ കേസെടുത്തു;

(ബി) അതിൽ ആരെയെങ്കിലും ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയൊക്കെ;

(സി) യൂണിവേഴ്സിറ്റി കോളേജ് ഗുണ്ടകളുടെ താവളമാക്കുന്നതും, വിദ്യാർത്ഥികളുടെ പേരിൽ ചിലർ സ്ഥിരമായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പ്രസ്തുത സംഭവത്തിന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2156/2019 u/s 143, 147, 148, 149, 294(b), 323, 324, 341 & 308 IPC പ്രകാരം 12 പേർക്കെതിരെയും കണ്ടാലറിയാവുന്ന 13 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിൽ അമൽ മുഹമ്മദ്, സുനിൽ, ശംഭു റ്റി., അജ്മൽ, വിഘ്നേശ്വരൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളുംമൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

141 (T *2016) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നിയമനിർമ്മാണം നടത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ നിയമനിർമ്മാണ വകുപ്പിന്റെ പരിഗണനയിലാണ്.

## പ്രായപൂർത്തിയാവാത്തവർക്ക് ലഹരി വസ്തുക്കൾ നൽകുന്നവർക്കുള്ള ശിക്ഷ

142 (2017) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് ലഹരി വസ്തുക്കൾ നൽകുന്നവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് നിലവിൽ കേസ്സെടുക്കുന്നത്;

(ബി) ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ കൂടുതൽ കടുത്ത വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സെടുക്കുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സിഗരറ്റ്, മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽക്കുന്നവർക്കെതിരെ പോലീസ് ആക്ടിലെ 118(1), കോറ്റ്പ ആക്ടിലെ 6(a) & (b), ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ 77 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസുകൾ

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

രജിസ്റ്റർ ചെയ്യുന്നത്. കഞ്ചാവ് പോലെയുള്ള മയക്കുമരുന്നുകൾ നൽകിയാൽ NDPS ആക്ട് പ്രകാരവുമാണ് നിലവിൽ കേസ്സെടുക്കുന്നത്. 23 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മദ്യം വിൽപ്പന നടത്തിയാൽ കേരള അബ്കാരി ആക്ട് 15(B) വകുപ്പ് പ്രകാരം കേസ്സെടുക്കുന്നതാണ്.

(ബി) ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസ്സെടുത്ത് ശിക്ഷ ഉറപ്പാക്കുന്നതിനായുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## തൈവേലിക്കകത്ത് മുഹമ്മദ് അനസിന് പി.സി.സർട്ടിഫിക്കറ്റ്

143 (2018) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വഭേദഗതി ബില്ലിനെതിരെ സമരത്തിൽ പങ്കെടുക്കുന്നതിന്റെ പേരിൽ ആലുവ യു.സി. കോളേജ് സ്വദേശി തൈവേലിക്കകത്ത് മുഹമ്മദ് അനസിന് ആലുവ ഈസ്റ്റ് പോലീസ് ജോലി ആവശ്യത്തിന് പി.സി.. സർട്ടിഫിക്കറ്റ് നിരസ്സിച്ചത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇദ്ദേഹത്തിനെതിരെ യാതൊരു കേസ്സും നിലവിലില്ലാതിരുന്നിട്ടും ആലുവ ഈസ്റ്റ് പോലീസ് പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തു എന്നതിന്റെ പേരിൽ പി.സി. സർട്ടിഫിക്കറ്റ് നിഷേധിച്ചത് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തെ തുടർന്നാണോ; എങ്കിൽ ഇതിന്റെ വിശദ വിവരം നൽകുമോ; പ്രസ്തുത സർട്ടിഫിക്കറ്റ് നിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആലുവ യു.സി. കോളേജ് സ്വദേശി തൈവേലിക്കകത്ത് മുഹമ്മദ് അനസ് ജോലി ആവശ്യത്തിനായി 28-1-2020-ൽ സമർപ്പിച്ച പി.സി.സി അപേക്ഷയിന്മേൽ 30-1-2020-ൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

## യു. എ. പി. എ കേസ്സുകൾ

144 (2019) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത യു.എ.പി.എ. കേസുകൾ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ; യു. എ. പി. എ. കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ പേരും ഏത് സംഭവത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ

രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കാമോ; മുൻ സർക്കാർ ഏതെങ്കിലും യു. എ. പി. എ. കേസ് പിൻവലിച്ചിട്ടുണ്ടോ; ഏതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ എടുത്ത എത്ര യു. എ. പി. എ. കേസുകൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 168 യു.എ.പി.എ. കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസുകളൊന്നുംതന്നെ ആ സർക്കാർ പിൻവലിച്ചിരുന്നില്ല. കേസ്സിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) വിവരം ശേഖരിച്ചുവരുന്നു.

**പാലാ-പൊൻകുന്നം റോഡിലെ അപകടങ്ങൾ**

145 (T* 2020) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ആധുനിക നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം പാലാ-പൊൻകുന്നം റോഡിൽ ഉണ്ടായ അപകടങ്ങൾ സംബന്ധിച്ച കണക്ക് സർക്കാരിൽ ലഭ്യമാണോ; എങ്കിൽ കണക്ക് നൽകാമോ;

(ബി) പ്രസ്തുത റോഡിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് നാറ്റ്പാക്കോ മറ്റേതെങ്കിലും ഏജൻസിയോ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപകടങ്ങളുടെ കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| അപകടങ്ങളുടെ എണ്ണം | 57 | 60 | 64 | 55 | 3 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T. മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി& സി) നാറ്റ്പാക്ക് പഠനം നടത്തിയിട്ടുണ്ട്. നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:

1. ജംഗ്ഷനുകളിൽ ചെറിയ റോഡിൽനിന്നും ഇറങ്ങുന്ന ഭാഗങ്ങളിൽ കോൺവെക്സ് മിററുകൾ സ്ഥാപിച്ചു.
2. കൂടുതൽ Warning Sign Board കളും Caution Sign Board കളും സ്ഥാപിച്ചു.
3. കാഴ്ച മറയ്ക്കുന്ന തരത്തിലുള്ള ബോർഡുകളും മറ്റും മാറ്റിയിട്ടുണ്ട്.
4. അപകട സാധ്യത കൂടിയ വളവുകളോടുകൂടിയ സ്ഥലങ്ങളിൽ കൂടുതൽ Sign Board കൾ സ്ഥാപിച്ചു.
5. പോലീസ് പട്രോളിംഗ് ശക്തമാക്കി പോലീസ് സാന്നിധ്യം ഉറപ്പുവരുത്തി.

**ആംബുലൻസ് അപകടങ്ങൾ**

146 (2021) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ ദൗത്യത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ പാലിക്കാതെയുള്ള ആംബുലൻസുകളുടെ അമിതവേഗതമൂലം നിരവധി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ഇത്തരത്തിൽ സംഭവിച്ചിട്ടുള്ള അപകടങ്ങളുടെയും അതിൽ പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ആംബുലൻസുകളുടെ അമിതവേഗത മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകൾക്കും ആംബുലൻസ് ഡ്രൈവർമാർക്കും നൽകിയിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ചും വിശദമാക്കാമോ;

(ഡി) വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ജീവൻരക്ഷാ ദൗത്യത്തിന്റെ ഭാഗമായി ട്രാഫിക് നിയമങ്ങൾ പാലിക്കാതെയുള്ള

ആംബുലൻസുകളുടെ അമിത വേഗതമൂലം 640 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 142 പേർ മരണമടയുകയും 769 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2012 മുതൽ 2018 വരെയുള്ള കാലയളവിൽ ഉണ്ടായ ആംബുലൻസ് അപകടങ്ങളുടെ വിവരങ്ങൾ അപഗ്രഥനം നടത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിലുണ്ടായ അപകടങ്ങളിൽ 17%-ഉം മാരുതി ഒമ്നി ഇനത്തിൽപ്പെട്ട ആംബുലൻസുകൾ ഉൾപ്പെട്ടവയാണെന്ന വിവരം ഗതാഗത വകുപ്പിനെ അറിയിക്കുകയും മാരുതി ഒമ്നി ഇനത്തിൽപ്പെട്ട വാഹനങ്ങൾ ആംബുലൻസുകളായി ഉപയോഗിക്കുന്നത് നിരോധിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ആംബുലൻസുകളുടെ അമിതവേഗതമൂലം ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിലേയ്ക്കായി അത്യാവശ്യഘട്ടങ്ങളിലല്ലാതെ അമിത വേഗതയിൽ ആംബുലൻസുകൾ ഓടിക്കുന്ന ഡ്രൈവർമാരെ നിരീക്ഷിക്കുന്നതിനും അപകടങ്ങൾ ഉണ്ടാക്കുക, മദ്യപിച്ച് വാഹനമോടിക്കുക തുടങ്ങിയ ട്രാഫിക് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ആംബുലൻസ് ഡ്രൈവർമാരെ കണ്ടെത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എസ്. എച്ച്. ഒ. മാർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ആശുപത്രികളുമായി ബന്ധപ്പെട്ടും സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന ആംബുലൻസുകളുടെ ഡ്രൈവർമാർക്ക് ബന്ധപ്പെട്ട വകുപ്പുകൾ വഴിയും പോലീസ് നേരിട്ടും ബോധവൽക്കരണം നടത്തിവരുന്നു.

(ഡി) ആംബുലൻസുകളുടെ വേഗത, നിയമപരമല്ലാത്ത ഉപയോഗം എന്നിവ വിലയിരുത്തുന്നതിനായി മറ്റു വാഹനങ്ങളിലേതുപോലെ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുവാൻ മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

147 (2022) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ ദൈനംദിനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട വാഹനാപകട കേസ്സുകൾ എത്ര എന്നും, എത്ര പേർ ഓരോ വർഷവും മരണത്തിനു വിധേയരാകുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനാപകടങ്ങൾ തടയുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരടക്കമുള്ള ഉദ്യോഗസ്ഥർ ഉണ്ടാക്കിയ അപകടങ്ങൾ എത്ര; എത്ര പേർ മരണപ്പെട്ടു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്റ്റേഷൻ പരിധി പറഞ്ഞ് പരാതികൾ തട്ടിക്കളിക്കുന്ന പ്രവണത സംസ്ഥാന പോലീസ് സേനയിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ മൂന്നു വർഷത്തെ റോഡപകടങ്ങളുടെ എണ്ണം പരിശോധിച്ചതിൽ സംസ്ഥാനത്ത് റോഡപകടങ്ങളും അതിൽ മരണപ്പെട്ടവരുടെ എണ്ണവും നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി കാണപ്പെടുന്നു. ഈ സർക്കാർ കാലയളവിൽ നടന്ന വാഹനാപകടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | റോഡപകടങ്ങളുടെ എണ്ണം | വാഹനാപകട മരണം |
|---|---|---|
| 25-5-2016 to 31-12-2016 | 23068 | 2406 |
| 2017 | 38470 | 4131 |
| 2018 | 40181 | 4303 |
| 2019 | 41111 | 4440 |

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പ് കർശന വാഹനപരിശോധന നടത്തിയും റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ച് വാഹനം ഓടിക്കുക, അമിതവേഗത, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക, അനധികൃത പാർക്കിംഗ്, ചുവന്ന സിഗ്നൽ ലൈറ്റ് അവഗണിക്കുക, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതിരിക്കുക, ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കുക തുടങ്ങിയ ട്രാഫിക് നിയമങ്ങൾ അവഗണിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ പോലീസ് വകുപ്പിന്റെ "ശുഭയാത്ര 2015" പദ്ധതിയും വിജയകരമായി നടപ്പിലാക്കിവരുന്നു. പ്രധാന റോഡുവശങ്ങളിലും മറ്റും വിവിധ സംഘടനകളുടെ സഹായത്തോടുകൂടി സിസിടിവി ക്യാമറകൾ സ്ഥാപിച്ച് ഗതാഗതം നിരീക്ഷിച്ചുവരുന്നതും ഹൈവേ പട്രോൾ, കൺട്രോൾ റൂം വാഹനങ്ങൾ, ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവ ഉപയോഗിച്ചുകൊണ്ടും

അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിച്ചും ക്രാഷ് ബാരിക്കേഡുകൾ, ബ്ലിങ്കിംഗ് ലൈറ്റുകൾ, റിഫ്ളെക്ടിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ചും അതാത് പോലീസ് സ്റ്റേഷൻ വാഹനങ്ങൾ, ഷാഡോ ട്രാഫിക് എൻഫോഴ്സ്മെന്റ് ടീം എന്നിവയെ ഉപയോഗിച്ചും റോഡ് ഗതാഗതം അപകട രഹിതമാക്കാനും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി രാപകൽ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിയും മോട്ടോർ വാഹന വകുപ്പുമായി കൂടിച്ചേർന്ന് പ്രത്യേക പരിശോധനകൾ നടത്തിവരുന്നതും കൂടാതെ ജനമൈത്രി, എസ്.പി.സി. കേഡറ്റ്, വിദ്യാർത്ഥികൾ, വിവിധ ഇതര സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ റാലികളും ട്രാഫിക് ബോധവത്ക്കരണ പരിപാടികളും മറ്റും സംഘടിപ്പിച്ചും സ്കൂൾ/കോളേജ് കേന്ദ്രീകരിച്ച് ട്രാഫിക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയും ബോധവത്ക്കരണ ലഘുലേഖകൾ പൊതുജനങ്ങൾക്കും മറ്റും വിതരണം ചെയ്തും ബോധവത്ക്കരണം നടത്തിവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്റ്റേഷൻ പരിധി പറഞ്ഞ് പരാതികൾ തട്ടിക്കളിക്കുന്ന പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രാദേശിക അധികാരപരിധി പരിഗണിക്കാതെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## കരുനാഗപ്പള്ളി പ്രദേശത്തെ അപകടങ്ങൾ

148 (2023) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ്, പുത്തൻതെരുവ്, വവ്വാക്കാവ് എന്നീ സ്ഥലങ്ങളിൽ നിരന്തരമുണ്ടാകുന്ന അപകടങ്ങളും കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനുള്ള ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവിടെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും ഹോംഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദേശീയപാതയിലെ ഏറ്റവും തിരക്ക് പിടിച്ച പ്രദേശങ്ങളിൽ ട്രാഫിക്

ലംഘനവും അമിതവേഗവും നിയന്ത്രിക്കുന്നതിനായി ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പോലീസ് പട്രോളിംഗ് ശക്തമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ തിരക്കേറിയ സമയങ്ങളിൽ ഗതാഗത നിയന്ത്രണത്തിനും കാൽനടയാത്രക്കാരെ സഹായിക്കുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡ് സേനാംഗങ്ങളെയും നിയോഗിച്ചു വരുന്നു. സേഫ് കേരള പദ്ധതിയിൽ പുതിയതായി അനുവദിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ഈ ഭാഗങ്ങളിൽ ശക്തമാക്കിയിട്ടുണ്ട്.

(ബി) ഹോം ഗാർഡുകളെ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നുണ്ട്.

(സി) ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരക്കേറിയ സമയങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**അപകടസാധ്യതയുള്ള റോഡുകളിൽ മുൻകരുതൽ നടപടികൾ**

149 (T* 2024) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരിക്കുന്നവരുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള അപകടങ്ങൾ ഇതുവരെയുള്ള കണക്ക് അനുസരിച്ച് ഏത് ജില്ലയിലാണ് കൂടുതലെന്ന് അറിയിക്കുമോ;

(സി) അപകട സാധ്യതയുള്ള റോഡുകളിൽ മുൻകരുതലുകൾ എടുത്ത് സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരിക്കുന്നവരുടെ എണ്ണത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു.

| വർഷം | മരണമടഞ്ഞവരുടെ എണ്ണം |
|---|---|
| 2017 | 4131 |
| 2018 | 4303 |
| 2019 | 4440 |

(ബി) കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ തിരുവനന്തപുരം റവന്യൂ ജില്ലയിലാണ് ഇപ്രകാരമുള്ള അപകടങ്ങൾ കൂടുതലും നടന്നത്.

(സി) അപകട സാധ്യതയുള്ള റോഡുകളിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും ട്രാഫിക് സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചും അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് വാഹനപരിശോധന കൂടാതെ സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്റ്റർ വാഹനം, സ്പീഡ് റഡാർ തുടങ്ങിയ സംവിധാനങ്ങളിലൂടെ പരിശോധന നടപ്പിലാക്കിവരുന്നു. അമിത വേഗത മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി അപകട മേഖലകളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ച് നിയന്ത്രിച്ചുവരുന്നു. യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എല്ലാ എസ്.എച്ച്.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും ജനമൈത്രി, സ്റ്റുഡന്റ് പോലീസ് തുടങ്ങിയ പദ്ധതികളിലൂടെയും ട്രാഫിക് ബോധവൽക്കരണം നടത്തിയും നിരന്തരം അപകടം നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ആ ഭാഗങ്ങളിൽ പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ച് പ്രത്യേക ശ്രദ്ധചെലുത്തിയും അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ മറ്റു ട്രാഫിക് കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് നിയമനടപടികൾ സ്വീകരിച്ചും വാഹന പരിശോധനയും മൊബൈൽ പട്രോളിംഗും ശക്തിപ്പെടുത്തിയും മറ്റും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കായംകുളം ട്രാഫിക് സ്റ്റേഷന് പുതിയ വാഹനം

150 (2025) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷനിൽ നിലവിലുള്ള പോലീസ് ജീപ്പിന് കാലപ്പഴക്കം സംഭവിച്ചതിനാൽ ടി സ്റ്റേഷനിലേക്ക് പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

കായംകുളം ട്രാഫിക് പോലീസ് യൂണിറ്റിന് അനുവദിച്ചിട്ടുള്ള വാഹനം 2014 മോഡലും 5 കൊല്ലം മാത്രം പഴക്കമുള്ളതുമാണ്. നിലവിൽ ടി വാഹനം അപാകതകളൊന്നുമില്ലാതെ ഡ്യൂട്ടിക്ക് ഉപയോഗിച്ചു വരുന്നുണ്ട്.

## കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം

151 (2026) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണം ഏകോപിപ്പിക്കുവാനും, നിരീക്ഷിക്കുവാനുമുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമം കൂടിവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിനായി പ്രത്യേക പോലീസ് സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) ഇന്റർനെറ്റിന് അടിമയായിട്ടുള്ള കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കുട്ടികൾക്കെതിരായ ഓൺലൈൻ ലൈംഗികാതിക്രമം സംബന്ധിച്ച് അന്വേഷണം ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സംവിധാനം, Counter Child Sexual Exploitation Centre (CCSE) എന്ന പേരിൽ തിരുവനന്തപുരം പേരൂർക്കട ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് പോലീസ് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും

കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും P-Hunt എന്ന രഹസ്യ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട് കേരള പോലീസ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല നോഡൽ സെന്റർ മുഖേന കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള സഹായം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പുതിയ പോലീസ് സ്റ്റേഷനുകൾ

152 (2027) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(സി) പൂഞ്ഞാർ പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈരാറ്റുപേട്ടയിൽ ട്രാഫിക് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട കേരള ഗവർണറുടെ 2019-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്ന നാല് വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനുകളുടെ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി രണ്ട് പോലീസ് സ്റ്റേഷനുകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പൂഞ്ഞാർ പോലീസ് സ്റ്റേഷൻ പരിഗണനയിലില്ല.

(ഡി) 14-7-2018-ലെ സ.ഉ.(കൈ)നമ്പർ 116/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്ന് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിക്കൊണ്ടും

ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ എന്ന ആവശ്യം പ്രസക്തമല്ല.

## ജനമൈത്രി പോലീസ് സംവിധാനം

153 (2028) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്.

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നുചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകയ്യെടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. എല്ലാ ജീവനക്കാർക്കും സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടന്നുവരാറുള്ള പരേഡ്, പോലീസ് സ്റ്റേഷന് സമീപമുള്ള പൊതുമൈതാനങ്ങളിൽ നടത്തണമെന്ന നിർദ്ദേശം എല്ലാ ജില്ലകളിലും പാലിക്കുന്നതിന് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പി.ആർ.ഒ. സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിച്ചും പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദപരമാക്കിയും മറ്റും പോലീസ് സ്റ്റേഷനുകളിൽ ആർക്കും നിർഭയം കടന്നുചെല്ലുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ളതാണ്.

## ചിതറ പോലീസ് സ്റ്റേഷൻ

154 (2029) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിതറ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തരനടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചിതറ പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ എസ്. ഐ.-മാർ വരെയുള്ള തസ്തികകൾ പരമാവധി പുനർവിന്യാസംവഴി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം

155 (2030) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നായ വൈപ്പിനിൽ പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഗവർണറുടെ 2019-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് 4 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയത് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പത്തനംതിട്ട, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി രണ്ട് പോലീസ് സ്റ്റേഷനുകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

**ഇമാമിനെ കണ്ണിൽ മുളകുപൊടി വിതറി ആക്രമിച്ച സംഭവം**

156 (2031) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരു പള്ളിയിലെ ഇമാമിനെ കണ്ണിൽ മുകളുപൊടി വിതറി ആക്രമിച്ച സംഭവത്തിൽ കേസ്സ് എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ സംഭവം നടന്നത് എപ്പോഴാണെന്നും, കേസ് രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്നും, ഏത് വകുപ്പ് പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്നും ക്രൈം നമ്പർ സഹിതം വ്യക്തമാക്കാമോ;

(സി) ഈ കേസ്സിൽ പ്രതികളെ പിടികൂടണമെന്നാവശ്യപ്പെട്ട് സർക്കാരിനും പോലീസ് വകുപ്പിലെ ഉന്നതാധികാരികൾക്കും ആരെല്ലാം നിവേദനം നൽകിയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികളെ പിടികൂടാൻ ശക്തമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കേസ്സിൽ എത്ര പ്രതികളുണ്ടെന്നും അവരെ ഇതുവരെ പിടികൂടിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേസ് എടുത്തിട്ടുണ്ട്.

(ബി) 21-3-2019-ന് നടന്ന ഈ സംഭവവുമായി ബന്ധപ്പെട്ട് 22-3-2019-ന് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 193/19 U/s 323, 341 r/w 34 IPC & section 120 (o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കേസിൽ 324 IPC നിലനിൽക്കുമെന്ന് അന്വേഷണത്തിൽ വ്യക്തമായതിനാൽ ടി വകുപ്പ് കൂടി ചേർത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ കേസിലെ പ്രതികളെ പിടികൂടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം. എൽ. എ. ബഹു. മുഖ്യമന്ത്രിക്കും നെല്ലിക്കുന്ന് സ്പോർട്ടിംഗ് ക്ലബ്, നെല്ലിക്കുന്ന് ജനകീയ കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാന പോലീസ് മേധാവിക്കും പരാതി നൽകിയിട്ടുണ്ട്.

(ഡി&ഇ) പ്രതികളെ പിടികൂടാൻ ആവശ്യമായ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

## ആറൻമുള പോലീസ് സ്റ്റേഷൻ പുതുക്കി പണിയുന്നത്

157 (2032) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ആറൻമുള പോലീസ് സ്റ്റേഷൻ പുതുക്കി പണിയുന്നതിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആറൻമുള പോലീസ് സ്റ്റേഷൻ പുതുക്കി പണിയുന്നതിന് 300 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ആറൻമുള പോലീസ് സ്റ്റേഷൻ നിർമ്മാണ ചുമതല പത്തനംതിട്ട പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന്റെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

## അരുവാപ്പുലം പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

158 (2033) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി, പ്രമാടം, അരുവാപ്പുലം എന്നീ പഞ്ചായത്തുകൾക്കായി കോന്നിയിൽ മാത്രമാണ് ഒരു പോലീസ് സ്റ്റേഷൻ ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അരുവാപ്പുലം പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോന്നി, അരുവാപ്പുലം പഞ്ചായത്തുകൾ പൂർണ്ണമായും, പ്രമാടം പഞ്ചായത്തിന്റെ മൂന്ന് വാർഡുകളും ഉൾപ്പെടുന്നതാണ് കോന്നി പോലീസ് സ്റ്റേഷൻ പരിധി.

(ബി) നിലവിൽ അനുമതി നൽകിയിരിക്കുന്ന പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

**പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

159 (2034) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരാങ്കാവിൽ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് സിറ്റി ജില്ലയിലെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പന്തീരാങ്കാവ് വില്ലേജിൽ റീ സർവ്വേ നമ്പർ 135/3 -ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉപയോഗാനുമതി കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്.

(ബി) പന്തീരാങ്കാവ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണി കഴിപ്പിക്കുവാൻ വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടില്ല.

**ചെങ്ങന്നൂരിൽ വനിതാ പോലീസ് സ്റ്റേഷനുകൾ**

160 (2035 ) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂരിൽ ഒരു വനിതാ പോലീസ് സ്റ്റേഷന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്ന 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആലത്തൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

161 (2036) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിട നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും നടപടികളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഏകദേശം മൂന്നുമാസത്തിനുള്ളിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്.

**മാഫിയാ സംഘങ്ങൾ ഉയർത്തുന്ന ഭീഷണി**

162 (2037) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മണ്ണ്, മണൽ, ക്വാറി, റിയൽ എസ്റ്റേറ്റ് മാഫിയാ സംഘങ്ങൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തം പുരയിടത്തിലെ മണ്ണ് മാറ്റുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ സംഗീത് എന്ന യുവാവിനെ ജെ.സി.ബി.-യുടെ ബക്കറ്റ് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തിയ കേസ്സിൽ പ്രതികളായവരെയെല്ലാം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കേസ്സ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇത്തരം മാഫിയ സംഘങ്ങൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 89/20 U/s 143, 147, 148, 447, 302, 149 IPC നമ്പർ കേസ്സിലെ പ്രതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 12 പേരിൽ 10 പേരെ അറസ്റ്റ് ചെയ്യുകയും റിമാന്റ് ചെയ്യപ്പെട്ടിട്ടുള്ളതുമാണ്.

(സി) ഈ കേസ്സിൽ അറസ്റ്റ് ചെയ്ത്, ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്ന പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പും മറ്റും നടത്തി അന്വേഷണം പുരോഗമിക്കുന്നു.

## സോഷ്യൽ മീഡിയയിലെ വിവാദ പരാമർശം

163 (2038) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയോധ്യ വിധിയുടെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയയിൽ അടക്കം സംഘർഷപരമായ പരാമർശങ്ങൾ പാടില്ലായെന്ന് മുഖ്യമന്ത്രി നിഷ്കർഷിച്ചിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ഒരു എം.എൽ.എ. ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവാദ പോസ്റ്റിട്ട എം.എൽ.എ.ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇക്കാര്യത്തിൽ ഗവർണർ സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിരുന്നോ?

<u>ഉത്തരം</u>

(എ-സി) സംഘർഷപരമായ പരാമർശങ്ങൾ ഉൾപ്പെടുത്തി ഏതെങ്കിലും എം.എൽ.എ. ഫെയ്സ്ബുക്ക് പോസ്റ്റ് ഇട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മദ്യപിച്ച് വാഹനം ഓടിച്ചുണ്ടാകുന്ന അപകടങ്ങൾ

164 (2039) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് വാഹനം ഓടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ അന്വേഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; പ്രസ്തുത അന്വേഷണത്തിനായി പ്രത്യേക പ്രോട്ടോക്കോൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) പത്രപ്രവർത്തകനായ കെ. എം. ബഷീർ വാഹനാപകടത്തിൽ മരിക്കാനിടയായ സംഭവം സംബന്ധിച്ച കേസ് ദുർബലപ്പെട്ടത് ഇപ്രകാരം ഒരു പ്രോട്ടോകോൾ ഇല്ലാതിരുന്നത് മൂലമാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് അറിയിക്കാമോ;

(ഡി) ശ്രീറാം വെങ്കിട്ടരാമനെ സർവ്വീസിൽ തിരിച്ചെടുക്കുവാൻ ചീഫ് സെക്രട്ടറി ശിപാർശ ചെയ്തിരുന്നോ?

### <u>ഉത്തരം</u>

(എ) മദ്യപിച്ച് വാഹനം ഓടിച്ചുണ്ടാകുന്ന അപകടങ്ങൾ നടക്കുമ്പോൾ വാഹനം ഓടിച്ച വ്യക്തിക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ചാർജ് ഷീറ്റ് ബഹു. കോടതിയിൽ സമർപ്പിക്കുകയും, ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേസ് ദുർബലപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് Crl. MC. No. 5608 OF 2019(A) -യിൽ ആഗസ്റ്റ് 13, 2019 തീയതിയിൽ വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസ്

165 (2040) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം .ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസ്സിലെ പ്രതിയായ ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നും സർവ്വകലാശാലയുടെ ഉത്തരക്കടലാസ്, ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ സീൽ എന്നിവ കണ്ടെത്തിയതിനെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി അന്വേഷണം നടത്തുന്നതിൽ പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(സി) വീഴ്ചയുണ്ടായിട്ടില്ല. അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു.

## കേരള പോലീസിന് വാടകയ്ക്ക് ഹെലികോപ്ടർ

166 (2041) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന് വേണ്ടി ഹെലികോപ്ടർ വാടകയ്ക്കെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ക്രമസമാധാനനില അതീവ ഗുരുതരമായതിനാൽ അത് നിയന്ത്രിക്കുന്നതിന് ഹെലികോപ്ടറിന്റെ സേവനം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് ഡി.ജി.പി. സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ;

(ഡി) ഏത് കമ്പനിയിൽ നിന്നുമാണ് ഹെലികോപ്ടർ വാടകയ്ക്ക് എടുക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) പ്രസ്തുത വിമാനം പോലീസ് ആവശ്യത്തിനല്ലാതെ മറ്റ് ഏതെങ്കിലും കാര്യങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള പോലീസിന് വേണ്ടി ഒരു ഹെലികോപ്ടർ wet lease വ്യവസ്ഥയിൽ എടുക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന്റെ ക്രമസമാധാനനിലയും ഹെലികോപ്ടർ വാടകയ്ക്ക് എടുക്കുന്നതും തമ്മിൽ ബന്ധമില്ല. അത്തരത്തിൽ ഒരു റിപ്പോർട്ട് ഡി.ജി.പി. നൽകിയിട്ടുമില്ല.

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡിൽ നിന്നും.

(ഇ) നിലവിൽ മാവോയിസ്റ്റ് മേഖലയിലെ സുരക്ഷാ പ്രവർത്തനങ്ങൾ, അതീവ സുരക്ഷാ വിഭാഗശ്രേണിയിൽ വരുന്ന വി.ഐ.പി.-കളുടെ യാത്രകൾ, പോലീസുമായി ബന്ധപ്പെട്ട വിവിധ കൃത്യനിർവ്വഹണ ഉദ്ദ്യേശങ്ങൾക്കുമായാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഓപ്പറേഷൻ ഹോപ്പ്**

167 (2042) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഹോപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയോ എന്നതിന്റെ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂൾ പഠനം ഇടയ്ക്കു വച്ച് ഉപേക്ഷിക്കേണ്ടിവന്ന വിദ്യാർത്ഥികൾക്കും എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷകളിൽ വിജയിക്കാനാകാതെ പോയ

കുട്ടികൾക്കും പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും മാനസികവും സാമൂഹികവുമായ പിന്തുണ നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഓപ്പറേഷൻ ഹോപ്പ്. പരീക്ഷ/റിസൾട്ട് സമയങ്ങളിൽ കുട്ടികൾക്കിടയിൽ ആത്മഹത്യ പ്രവണത തടയുന്നതിനുള്ള ഹെൽപ്പ് ലൈനുവേണ്ടിയും ഈ പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കുന്നുണ്ട്. 2017-ൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഹോപ്പ് പദ്ധതി നടപ്പാക്കി. 2019-20 അധ്യയന വർഷത്തിൽ കേരളത്തിലെ 19 പോലീസ് ജില്ലകളിൽ 2000 -ത്തോളം കുട്ടികളെ വിജയിപ്പിച്ചെടുക്കാനാണ് ഹോപ്പ് പദ്ധതി ലക്ഷ്യമിടുന്നത്. ടി പദ്ധതിക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തെരഞ്ഞെടുത്ത 63 മാസ്റ്റർ ട്രെയിനേഴ്സിനെ യൂണിസെഫിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## കോസ്റ്റൽ സെക്യൂരിറ്റി ട്രെയിനിംഗ് സ്കൂൾ

168 (2043) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോസ്റ്റൽ സെക്യൂരിറ്റി ട്രെയിനിംഗ് സ്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യകതമാകാമോ?

ഉത്തരം

(എ & ബി) നിലവിൽ പരിഗണനയിലില്ല.

## ശിക്ഷാ കാലാവധി പൂർത്തിയാകാതെ മോചിപ്പിച്ച തടവുകാർ

169 (2044) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിലെ എൽ.ഡി.എഫ്. സർക്കാർ ശിക്ഷാകാലാവധി പൂർത്തിയാകാതെ തടവുകാരെ മോചിപ്പിച്ചിരുന്നോ; എങ്കിൽ എത്രപേരെ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിട്ടയച്ചവരിൽ പലരും വീണ്ടും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരെ തിരികെ ജയിലിലേയ്ക്ക് അയയ്ക്കണമെന്ന് ജയിൽ മേധാവി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2006-2011 കാലയളവിലെ എൽ.ഡി.എഫ്. സർക്കാർ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരവും ആർട്ടിക്കിൾ 161 പ്രകാരവും ശിക്ഷാ കാലാവധി പൂർത്തിയാകാത്ത 564 തടവുകാരെ മോചിപ്പിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | അകാല വിടുതൽ നൽകിയ തടവുകാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ജി.ഒ.(ആർ.റ്റി.) നമ്പർ 1134/2007/ആഭ്യന്തരം തീയതി: 24-4-2007 | 3 |
| 2 | ജി.ഒ.(ആർ.റ്റി.) നമ്പർ 1185/2007/ആഭ്യന്തരം തീയതി:24-4-2007 | 1 |
| 3 | ജി.ഒ.(ആർ.റ്റി.) നമ്പർ 2035/2007/ആഭ്യന്തരം തീയതി:31-7-2007 | 1 |
| 4 | ജി.ഒ.(ആർ.റ്റി.) നമ്പർ 2115/2007/ആഭ്യന്തരം തീയതി: 7-8-2007 | 10 |
| 5 | ജി.ഒ.(ആർ.റ്റി.) നമ്പർ 2197/2007/ആഭ്യന്തരം തീയതി:14-8-2007 | 7 |
| 6 | ജി.ഒ.(ആർ.റ്റി.) നമ്പർ 3461/2007/ആഭ്യന്തരം തീയതി:18-12-2007 | 1 |
| 7 | ജി.ഒ.(ആർ.റ്റി.) നമ്പർ 586/2008/ആഭ്യന്തരം തീയതി:23-2-2008 | 5 |

| (1) | (2) | (3) |
|---|---|---|
| 8 | ജി.ഒ.(ആർ.റ്റി.) നമ്പർ 78/2008/ആഭ്യന്തരം തീയതി: 8-1-2008 | 18 |
| 9 | ജി.ഒ.(ആർ.റ്റി.) നമ്പർ 1183/2008/ആഭ്യന്തരം തീയതി:11-4-2008 | 104 |
| 10 | ജി.ഒ.(എം.എസ്.) നമ്പർ 124/2009/ ആഭ്യന്തരം തീയതി :5-8-2009 | 168 |
| 11 | ജി.ഒ.(എം.എസ്.) നമ്പർ 194/2009/ ആഭ്യന്തരം തീയതി : 30-11-2010 | 6 |
| 12 | ജി.ഒ.(എം.എസ്.) നമ്പർ 108/2010/ ആഭ്യന്തരം തീയതി : 14-5-2010 | 6 |
| 13 | ജി.ഒ.(എം.എസ്.) നമ്പർ 118/2010/ ആഭ്യന്തരം തീയതി : 2-5-2010 | 8 |
| 14 | ജി.ഒ.(എം.എസ്.) നമ്പർ 135/2010/ ആഭ്യന്തരം തീയതി : 19-6-2010 | 3 |
| 15 | ജി.ഒ.(എം.എസ്.) നമ്പർ 25/2011/ ആഭ്യന്തരം തീയതി : 29-1-2011 | 11 |
| 16 | ജി.ഒ.(എം.എസ്.) നമ്പർ 40/2011/ ആഭ്യന്തരം തീയതി : 10-2-2011 (ആർട്ടിക്കിൾ 161) | 3 |
| 17 | ജി.ഒ.(എം.എസ്.) നമ്പർ 47/2011/ ആഭ്യന്തരം തീയതി : 18-2-2011 (ആർട്ടിക്കിൾ 161) | 209 |
| ആകെ | | 564 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കാൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി സംസ്ഥാന തലത്തിലുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അനധികൃത പാർക്കിംഗ്

170 (2045) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനനഗരിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളുടെ ഉടമകൾക്കുമേൽ സ്വീകരിക്കേണ്ട നടപടികളിൽനിന്നും ചില കടകളുമായി ബന്ധപ്പെട്ടവരെ സ്ഥിരമായി ഒഴിവാക്കുന്നതായ വിവരം ഗൗരവമായി കാണുമോ;

(ബി) ഈ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ പരിശോധന നടത്തിയാൽ സ്ഥിരമായി അനധികൃത പാർക്കിംഗ് നടത്തുന്ന വാഹനങ്ങളെക്കുറിച്ച് വിവരം ലഭ്യമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ഥലത്തെ ഫുട്പാത്തിലുൾപ്പെടെ ഇത്തരം അനധികൃത പാർക്കിംഗ് സ്ഥിരമായി നടത്തുന്ന എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രദേശത്തെ ഹോട്ടൽ, ജ്യൂസ് കടകളുടെ മുമ്പിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ തുടർച്ചയായി നടപടി സ്വീകരിക്കാൻ ഉന്നത ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തലസ്ഥാനനഗരിയിലെ ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന എല്ലാ വാഹന ഉടമകൾക്കെതിരെയും അവശ്യം വേണ്ട നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും കടകളുമായി ബന്ധപ്പെട്ടവർക്ക് പ്രത്യേക ഇളവുകളൊന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ബി) പരിശോധിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും നേരിട്ടും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടി സ്ഥലങ്ങളിൽ പാർക്ക് ചെയ്ത 150-ഓളം വാഹനങ്ങളുടെമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ടി സ്ഥലങ്ങളിലെ ഹോട്ടൽ, ജ്യൂസ് കട തുടങ്ങിയ എല്ലാ കട ഉടമകൾക്കും ഫുട്പാത്തിൽ പാർക്കിംഗ് അനുവദിക്കാൻ പാടില്ലാ എന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

## സി-ഡിറ്റിലെ വിജിലൻസ് കേസുകൾ

171 (2046) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ആയി റിട്ടയർ ചെയ്ത ഡോ. പി. വി. ഉണ്ണികൃഷ്ണനെതിരെ എത്ര വിജിലൻസ് കേസുകൾ ഉണ്ടായിരുന്നു എന്നും അവ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഇവയിൽ എത്ര കേസുകൾ തുടർനടപടികൾ ഇല്ലാതെ തീർപ്പാക്കപ്പെട്ടു എന്നും എത്ര കേസുകൾ തീർപ്പാക്കപ്പെടാതെ നിലവിൽ ഉണ്ടെന്നും അറിയിക്കാമോ ;

(സി) തീർപ്പാക്കപ്പെടാത്ത വിജിലൻസ് കേസുകളുടെ നിലവിലത്തെ സ്ഥിതി വിശദമാക്കാമോ;

(ഡി) സി-ഡിറ്റിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) സി-ഡിറ്റ് ജോയിന്റ് ഡയറക്ടറായിരുന്ന ഡോ. പി. വി. ഉണ്ണികൃഷ്ണനെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കംപ്യൂട്ടർ വത്ക്കരിച്ചതിലെ ക്രമക്കേടുകളും സാമ്പത്തിക ക്രമക്കേടുകളും നടത്തിയതിലൂടെ അധികാര പദവി ദുർവിനിയോഗം ചെയ്തത് സംബന്ധിച്ച് വി.സി. 02/12/എസ്.ഐ.യു.-1 നമ്പരായി നിലവിലുണ്ടായിരുന്ന വിജിലൻസ് കേസിൽ തുടർനടപടികൾ അവസാനിപ്പിച്ച് 22-10-2016-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും അന്തിമ റിപ്പോർട്ട് 31-8-2017-ന് കോടതി അംഗീകരിക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

## ഓപ്പറേഷൻ റൈറ്റ്സ്

172 (2047) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ ഓപ്പറേഷൻ റൈറ്റ്സ് എന്ന പേരിൽ വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തിയിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയത് എന്ന് വെളിപ്പെടുത്താമോ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:

1. ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലെ ക്രമക്കേടുകൾ.
2. ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിക്കാതെ ധനസഹായം നൽകുന്നു.
3. ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ പരിശോധന കൂടാതെ ഗ്രാന്റ് അനുവദിക്കുന്നു.
4. ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് പഠനമുറി സജ്ജീകരിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള ഗുണഭോക്തൃ പട്ടികയിലും മുൻഗണനാക്രമം പാലിച്ചിട്ടില്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.
5. ധനസഹായവുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

(സി) പരിശോധനാ റിപ്പോർട്ട് അന്തിമമായിട്ടില്ല.

**മുൻമന്ത്രിമാർക്ക് എതിരെയുള്ള അഴിമതിക്കേസുകൾ**

173 (2048) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്ക് എതിരെയാണ് അഴിമതിക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആയതിൽ ഏതെല്ലാം കേസുകളിൽ ആണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുള്ള എത്ര കേസുകളാണ് നിലവിലുള്ളത്; വിശദമാക്കാമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ മന്ത്രിസഭയിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരായ വി.സി. 17/16/എസ്.സി.ഇ. കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) അന്വേഷണം നടക്കുന്ന കേസുകളിൽ അന്വേഷണം പൂർത്തിയായാൽ മാത്രമേ എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിക്കേണ്ടതുണ്ടെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

**ഓപ്പറേഷൻ പിരാന**

174 (2049) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭ കോർപ്പറേഷൻ ഓഫീസുകളിൽ ഓപ്പറേഷൻ പിരാന എന്ന പേരിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം അപേക്ഷകനെ തീരുമാനം അറിയിക്കണമെന്ന വ്യവസ്ഥ പലയിടത്തും പാലിക്കപ്പെടുന്നില്ലായെന്നത് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരം നല്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:

1. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ കൃത്യമായ സ്ഥലപരിശോധന നടത്താതെയും പരിശോധിച്ചവയിൽ കൃത്യമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാരണങ്ങളില്ലാതെ പെർമിറ്റ് നൽകാതെയും അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെയും അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതെയും കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

2. ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച് 'സങ്കേതം' സോഫ്റ്റ്‌വെയറിൽ യഥാവിധി വിവരങ്ങൾ ചേർക്കുന്നില്ലായെന്നും ഇക്കാരണത്താൽ ടി സോഫ്റ്റ്‌വെയറിൽ യഥാസമയം പെൻഡിംഗ് സ്റ്റാറ്റസ് അറിയുവാൻ കഴിയുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

3. പല ഓഫീസുകളിലെയും ഉദ്യോഗസ്ഥർ അനധികൃതമായി അവധി എടുക്കുകയും ജോലിയിൽ ഹാജരാകാതെയുമിരിക്കുന്നു.

4. സ്ഥലപരിശോധന നടത്തുന്നതിൽ ക്രമക്കേട് കണ്ടെത്തി.

5. മൂവ്മെന്റ് രജിസ്റ്റർ, ഹാജർ രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, അപേക്ഷ രേഖപ്പെടുത്തുന്ന രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷ രജിസ്റ്റർ എന്നിവ ഓഫീസുകളിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ ബിൽഡിംഗ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല, പെർമിറ്റ് സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ബന്ധപ്പെട്ട കോളത്തിൽ പതിക്കുന്നില്ല എന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധനാ റിപ്പോർട്ട് അന്തിമമായിട്ടില്ല.

**ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ വിജിലൻസ് പരിശോധന**

175 (2050) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓപ്പറേഷൻ സുരക്ഷ എന്ന പേരിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ക്രമക്കേടുകളെകുറിച്ച് വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓപ്പറേഷൻ സുരക്ഷ എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടില്ല. എന്നാൽ 13-12-2019-ൽ 'ഓപ്പറേഷൻ ജീവൻ' എന്ന പേരിൽ ഭക്ഷ്യ സുരക്ഷ ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കും പ്രകാരമാണ്:-

1. ഭക്ഷ്യ സുരക്ഷാ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സാമ്പിൾ രജിസ്റ്റർ, ഹാജർ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പരാതി രജിസ്റ്റർ, പ്രോസിക്യൂഷൻ രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ തുടങ്ങിയവ ഉദ്യോഗസ്ഥർ കൃത്യമായി രേഖപ്പെടുത്തുന്നില്ല.
2. സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ച് പരിശോധനാ റിപ്പോർട്ട് ലഭിച്ച തുടർ അഡ്ജ്യൂഡിക്കേഷൻ നടപടി സ്വീകരിക്കേണ്ടതായ കേസുകളിൽ ആർ.ഡി.ഒ. കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വരുത്തുന്നു.
3. ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ലഭ്യമായ പരാതികളൊന്നുംതന്നെ പരാതി രജിസ്റ്ററിൽ എഴുതി ചേർക്കുകയോ ആയതിൽ നടപടി സ്വീകരിച്ചുവെന്നോ രജിസ്റ്ററിൽ എഴുതി കാണുന്നില്ല. പരാതി രജിസ്റ്റർ കൃത്യമായി പരിപാലിച്ച് കാണുന്നില്ല.
4. പരിശോധനയ്ക്ക് അയയ്ക്കുന്ന സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതായി കാണുന്നു.
5. ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ സാമ്പിൾ രജിസ്റ്ററിൽ ലാബ് പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.

(സി) പ്രസ്തുത പരിശോധനകളുടെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറേറ്റിൽ തയ്യാറാക്കിവരുന്നു.

**പോക്സോ കോടതികൾ ആരംഭിക്കാൻ നടപടി**

176 (2051) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര പോക്സോ കോടതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോടതിയിലേയ്ക്ക് എത്ര ജീവനക്കാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചത് ; വിശദമാക്കാമോ;

(ഡി) ജുഡിഷ്യൽ ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥിര നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും സർക്കാരിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) SUO MOTO WP (Crl.) No.1/2019 കേസിന്റെ 25-7-2019-ലെ ബഹു.സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 56 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിനുകീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായി 28 പ്രത്യേക (Fast track) കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**വർക്കല താലൂക്കിൽ പോക്സോ കോടതികൾ**

177 (2052) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര പോക്സോ കോടതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോക്സോ കോടതികൾ എവിടെ സ്ഥാപിക്കണമെന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) നിലവിൽ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലയിലെ അഡീഷണൽ ജില്ലാ സെഷൻസ് കോടതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മുൻസിഫ് കോടതികളും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതികളും**

178 (2053) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിഫ് കോടതികളില്ലാത്ത താലൂക്കുകളിൽ മുൻസിഫ് കോടതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, നിലമ്പൂർ താലൂക്കുകളിൽ മുൻസിഫ് കോടതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കൊണ്ടോട്ടിയിൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ അറിയിക്കാമോ;

(ഡി) ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതി ആരംഭിക്കാനുള്ള സ്ഥലങ്ങളുടെ കാത്തിരുപ്പ് പട്ടിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് നൽകാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് മുൻസിഫ് കോടതികൾ സ്ഥാപിക്കുന്നതിന് 2-3-2016-ലെ സ.ഉ.(കൈ)നമ്പർ 79/2016/ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി ജുഡീഷ്യൽ ഡിസ്ട്രിക്റ്റിലെ നിലമ്പൂർ മുൻസിഫ് കോടതിയെ ഉൾപ്പെടുത്തിയിരുന്നു. സംസ്ഥാനത്ത് വിവിധ കോടതികൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനം മാറ്റി വയ്ക്കേണ്ടതുണ്ട്.

(സി) കൊണ്ടോട്ടിയിൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതി ആരംഭിക്കണമെന്ന നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല..

(ഡി) സംസ്ഥാനത്ത് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് കോടതികൾ സ്ഥാപിക്കുന്നതിന് 2-3-2016-ലെ സ.ഉ (കൈ)നമ്പർ 79/2016/ ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**ആലത്തൂർ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് നടപടി**

179 (2054) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാനത്തുള്ള മജിസ്ട്രേറ്റ് മുൻസിഫ് കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ആലത്തൂർ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾക്ക് പകരം കോടതി സമുച്ചയത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മുൻസിഫ് കോർട്ട് ഉൾപ്പെടുന്ന പഴയ കെട്ടിടം പുതുക്കി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറിൽനിന്ന് ലഭ്യമാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ പാലക്കാട് ജില്ലാ ജഡ്ജിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കുന്ദമംഗലം കോടതി കെട്ടിടം**

180 (2055) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള കെട്ടിടം നവീകരിക്കാനാണോ പുതിയത് നിർമ്മിക്കാനാണോ പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ സാഹചര്യത്തിൽ പ്രവൃത്തി സംസ്ഥാന ഫണ്ടിൽ നിന്നുതന്നെ ഏറ്റെടുത്ത് നടത്താൻ സാധിക്കുമോ;

(ഡി) കേന്ദ്ര ഫണ്ട് പുതിയ കെട്ടിടങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് സംസ്ഥാന ബജറ്റിൽ നീക്കിവെച്ച ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് ബജറ്റിൽ നടപ്പുസാമ്പത്തിക വർഷം 100 രൂപ പ്രൊവിഷനാണുള്ളത്.

(ബി-ഡി) നിലവിലുള്ള കുന്ദമംഗലം കോടതി കെട്ടിടം അതിന്റെ പൈതൃക സ്വഭാവം നിലനിർത്തിക്കൊണ്ട് പുതുക്കി പണിയുന്നതിന് 100 ലക്ഷം (ഒരു കോടി) രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ 21-1-2019-ൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് നൽകിയിട്ടുണ്ട്. കുന്ദമംഗലം കോടതിയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പയ്യന്നൂർ കോടതി സമുച്ചയം**

181 (2056) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(സി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പയ്യന്നൂർ കോടതി സമുച്ചയത്തിന് 4-2-2020-ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## ആലത്തൂരിൽ പോക്സോ കോടതി

182 (2057) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ താലൂക്ക് കേന്ദ്രമാക്കി പോക്സോ കോടതി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോക്സോ കോടതികൾ എവിടെ സ്ഥാപിക്കണമെന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## മട്ടാഞ്ചേരി കോടതികെട്ടിടം

183 (2058) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-1-2015-ൽ ആഭ്യന്തരവകുപ്പ് 570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണപ്രവൃത്തികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമായ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതിയും അംഗീകാരവും ലഭ്യമാക്കാത്തതിനാൽ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പും, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും പുതുക്കിയ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പുനരുദ്ധാരണപ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 26-4-2016-ൽ ആർക്കിയോളജി വകുപ്പിൽനിന്നും ലഭിച്ച സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിർമ്മാണ പ്രവൃത്തി നിർത്തിവച്ചതിനുശേഷം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ല.

(സി) കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും പുതുക്കിയ പദ്ധതിയൊന്നും സമർപ്പിച്ചിട്ടില്ല.

(ഡി) ആർക്കിയോളജിക്കൽ സർവ്വേയിൽനിന്നും അനുമതി ലഭിച്ച ശേഷമേ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം

184 (2059) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(സി) കല്ലട ജലസേചനപദ്ധതിയുടെ അധീനതയിലുള്ള സ്ഥലം കോടതിസമുച്ചയം നിർമ്മിക്കുന്നതിന്, ആഭ്യന്തരവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ഡി) ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മാണപ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 584/4 -ൽ പ്പെട്ട കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള 58.45 ആർസ് സ്ഥലമാണ് നിലവിൽ പരിഗണനയിലുള്ളത്.

(ബി) പ്രസ്തുത സ്ഥലം കൈമാറി നൽകുന്നതിന് ജില്ലാ ജഡ്ജി ഹാജരാക്കിയ അർത്ഥനാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി തഹസിൽദാർ പ്രൊപ്പോസൽ തയ്യാറാക്കി കൊല്ലം സബ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിലുള്ള സ്ഥലം കോടതി സമുച്ചയത്തിന് നൽകുന്നതിനുള്ള NOC അനുവദിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ജലവിഭവ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) ജലവിഭവ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറിയാൽ മാത്രമേ തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിനുള്ള നടപടി**

185 (2060) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ ഹൈക്കോടതി അംഗീകാരം തന്ന കുടുംബ കോടതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(ബി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിന് ഏതൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കാമോ;

(സി) കുടുംബ കോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര ബാർ കൗൺസിൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യകതമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ല. നെയ്യാറ്റിൻകരയുൾപ്പെടെ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ കുടുംബകോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽ മുൻഗണനാ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവൂ.

## പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഫയൽ ചെയ്ത സ്യൂട്ട് ഹർജി

186 (2061) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സ്യൂട്ട് ഹർജിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി കോടതി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ എന്തെല്ലാം അപാകതകളാണ് ഉണ്ടായിരുന്നതെന്നും ആയത് പരിഹരിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സ്യൂട്ട് ഹർജിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ബഹു. സുപ്രീംകോടതി ശ്രദ്ധയിൽപ്പെടുത്തിയ ന്യൂനതകൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്. പ്രസ്തുത ന്യൂനതകളെല്ലാം 18-1-2020-ൽ നീക്കം ചെയ്തതിനെ തുടർന്ന് ഒ.എസ്.നമ്പർ 2/2020 ആയി ബഹു. സുപ്രീം കോടതി ഒറിജിനൽ സ്യൂട്ട് ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്യൂട്ട് ഹർജിയിൽ 30-1-2020 -ൽ അറ്റോർണി ജനറൽ മുഖേന കേന്ദ്ര സർക്കാരിലേയ്ക്ക് സമൻസ് ഉത്തരവായിട്ടുള്ളതാണ്.

## പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത്

187 (2062) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനായുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത മുൻഗണന പട്ടികയിൽ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ച തുടർനടപടിയും വ്യക്തമാക്കാമോ;

(ഡി) നേര്യമംഗലം കേന്ദ്രീകരിച്ച് പുതിയ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 32 സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു മുൻഗണനാ പട്ടിക വകുപ്പ് മേധാവി തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതു സംബന്ധിച്ച സാധ്യതാ പഠനം നടത്തി സമർപ്പിച്ച പട്ടികയിൽ നേര്യമംഗലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) സർക്കാർ അംഗീകരിക്കുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നപക്ഷം സ്ഥലത്തിന്റെ ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആധുനികവത്കരണം**

188 (2063) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനെ ആധുനികവത്കരിക്കുന്നതിനും ജീവനക്കാരുടെ സേവന രീതിയുടെ കാതലായ മാറ്റത്തെ സംബന്ധിച്ചും ഉദ്യോഗസ്ഥഭരണപരിഷ്കാര കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഫയർ ആന്റ റെസ്ക്യൂ സർവ്വീസസിലെ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ (എഫ്.ഡി.സി.പി.ഒ) എന്നതിനു പകരം ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നാക്കി മാറ്റി നൽകണമെന്ന് പ്രസ്തുത വകുപ്പ് സർക്കാരിന് നൽകിയ ശിപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ വകുപ്പ് മേധാവിയുടെ അഭിപ്രായം തേടിയിരിക്കുകയാണ്. ആയത് ലഭ്യമായിട്ടില്ല.

(സി) ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തിക ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തിക ഫയർ & റെസ്ക്യൂ ഓഫീസർ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തിപഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ വകുപ്പു മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും പ്രസ്തുത ശിപാർശ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**ജനകീയ ദുരന്ത പ്രതിരോധസേന**

189 (2064) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ദാസൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പിൻ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി ജനകീയ ദുരന്ത പ്രതിരോധസേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന വേളകളിൽ അടിയന്തര സേവനങ്ങൾ നൽകുന്നതിനുള്ള എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത സേനയ്ക്ക് നൽകി വരുന്നത്; വിശദീകരിക്കുമോ;

(സി) ഏതെല്ലാം മേഖലകളിൽ നിന്നുള്ളവരെയാണ് ജനകീയ ദുരന്ത പ്രതിരോധ സേനയിൽ ഉൾപ്പെടുത്തുന്നതെന്നും ഇവരെ തെരഞ്ഞെടുക്കുന്നത് ആരാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രതിരോധസേനയിൽ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 30-8-2019-ലെ സ.ഉ.(കൈ) നമ്പർ 132/2019/ ആഭ്യന്തരം, സ.ഉ.(കൈ) നമ്പർ 133/2019/ ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പിന് കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് സ്റ്റേഷൻതലം, ജില്ലാതലം, സംസ്ഥാന തലം എന്നിങ്ങനെ മൂന്നു തലങ്ങളിലായി പരിശീലനം നൽകാൻ

തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സ്റ്റേഷൻതല പരിശീലനം ആരംഭിച്ചു. അടിസ്ഥാന ഫസ്റ്റ് എയ്ഡ് കോഴ്സ്, ഫ്ളഡ് റെസ്ക്യൂ ട്രെയിനിംഗ്, റിസ്ക് റെസ്പോൺസ് ട്രെയിനിംഗ്, ട്രെയിനിംഗ് ഓൺ ഫയർ ഫൈറ്റിംഗ്, സെർച്ച് ആന്റ് റെസ്ക്യൂ ട്രെയിനിംഗ്, ഡിസാസ്റ്റർ പ്രിവൻഷൻ ആന്റ് പബ്ലിക് ഹെൽത്ത് കെയർ ട്രെയിനിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനങ്ങൾ നൽകിവരുന്നത്.

(സി) സമൂഹത്തിലെ വിവിധ മേഖലകളിൽ (ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ എഞ്ചിനീയർമാർ തുടങ്ങിയവർ) വൈദഗ്ദ്ധ്യമുള്ളവരും ശാരീരികവും മാനസികവുമായ കാര്യക്ഷമത ഉള്ളവരും നാലാം ക്ലാസ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരും പ്രതിഫലേച്ഛയില്ലാതെ സേവന സന്നദ്ധരായി പ്രവർത്തിക്കാൻ താല്പര്യമുള്ള ആളുകളിൽനിന്നും ജില്ലാ ഫയർ ഓഫീസർമാരാണ് ജനകീയ ദുരന്ത പ്രതിരോധസേനയിലേയ്ക്ക് ആൾക്കാരെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഉണ്ട്. ഓരോ യൂണിറ്റിലും 30% പേർ എങ്കിലും വനിതകളായിരിക്കും.

**പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി**

190 (2065) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഈ പട്ടിക തയ്യാറാക്കുന്നതിന് ഏത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളുടെ ഒരു മുൻഗണനാ പട്ടിക വകുപ്പ് മേധാവി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) വകുപ്പ് മേധാവി ഒരു മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്:

- പ്രദേശത്തെ ജനസാന്ദ്രത
- റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും)
- പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ
- പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/സ്റ്റേഡിയങ്ങൾ/സമ്മേളന നഗരികൾ
- പ്രദേശത്തിന്റെ അഗ്നി സുരക്ഷയെ ബാധിക്കുവാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജലലഭ്യത മുതലായവ
- സമീപ സ്റ്റേഷനുകളിലേക്കുള്ള ദൂരം, അറ്റന്റ് ചെയ്ത കോളുകളുടെ വിവരം.

## ഫയർമാൻ തസ്തികയിലുള്ളവരുടെ അധികാരങ്ങൾ

191 (2066) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്നിശമന നിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻ തസ്തികയിലുള്ളവർ ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് 16-6-2017- ൽ 1574 നമ്പറിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ നിലവിലും ലംഘിക്കപ്പെടുന്നുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ വകുപ്പ് തലത്തിലോ മറ്റ് ഏജൻസികളെയോ ചുമതലപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 16-6-17-ലെ ജി.ഒ.(ആർ.റ്റി.) 1574/2017/ആഭ്യന്തരം നമ്പർ ഉത്തരവിൽ സ്റ്റേഷൻ ചാർജ്ജ് ഫയർമാൻ, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻമാർക്ക് നൽകരുതെന്ന് ഉത്തരവായിരുന്നു.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. സർവ്വീസ് സംഘടനകളുടെ നിവേദനങ്ങൾ പരിശോധിച്ചിട്ടുണ്ട്.

**ദുരന്തനിവാരണത്തിന് സന്നദ്ധ പ്രവർത്തകർ**

192 (2067) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഓരോ ജില്ലയിലും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയാണ് ;

(സി) തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് അഗ്നിരക്ഷാവകുപ്പിന് കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. ഓരോ സ്റ്റേഷനിലും 50 വീതം വോളണ്ടിയർമാരെ ഉൾപ്പെടുത്തി 124 സ്റ്റേഷനുകളിലായി 6200 സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് സ്റ്റേഷൻതലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്ന് തലങ്ങളിലായി പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സ്റ്റേഷൻതല പരിശീലനം ആരംഭിച്ചു. അടിസ്ഥാന ഫസ്റ്റ് എയ്ഡ് കോഴ്സ്, ഫ്ലഡ് റെസ്ക്യൂ ട്രെയിനിംഗ്, റിസ്ക് റെസ്പോൺസ് ട്രെയിനിംഗ്, ട്രെയിനിംഗ് ഓൺ ഫയർ ഫൈറ്റിംഗ്, സർച്ച് ആന്റ് റെസ്ക്യൂ ട്രെയിനിംഗ്, ഡിസാസ്റ്റർ പ്രിവൻഷൻ ആന്റ് ഹെൽത്ത് കെയർ ട്രെയിനിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനങ്ങൾ നൽകിവരുന്നത്.

**കല്ലമ്പലം കേന്ദ്രീകരിച്ച് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ**

193 (2068) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര കേന്ദ്രമായ വർക്കലയിലെത്തുന്ന വിദേശ - ആഭ്യന്തര വിനോദസഞ്ചാരികൾ അപകടത്തിൽപ്പെടുന്നത് കൂടുതലായതിനാൽ അവരുടെ

ജീവൻ രക്ഷിക്കുവാൻ ആവശ്യമായ സേവനം യഥാസമയം ലഭ്യമാക്കുന്നതിലേക്ക് വർക്കല കല്ലമ്പലം കേന്ദ്രീകരിച്ച് ഒരു ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളുടെ ഒരു മുൻഗണനാ പട്ടിക വകുപ്പ് മേധാവി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**വയനാട് ജില്ലയിൽ പുതിയ ഫയർസ്റ്റേഷനുകൾ**

194 (2069) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട്ടിലെ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കേണ്ട സ്ഥലങ്ങളുടെ ഒരു മുൻഗണനാ പട്ടിക വകുപ്പ് മേധാവി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പെരിങ്ങോം ഫയർസ്റ്റേഷന് പുതിയ കെട്ടിടം**

195 (2070) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാക്കിയ 251 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ**

196 (2071) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ്, പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്, മാടായിപ്പാറയിൽ വേനൽക്കാലത്ത് ഉണ്ടാവുന്ന തീപിടുത്തം, കാലവർഷക്കെടുതി ബാധിച്ച ചെറുകുന്ന്, കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തുകൾ എന്നിവ കണക്കിലെടുത്ത് കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

**തൃക്കരിപ്പൂർ ഫയർ സ്റ്റേഷനിലെ അധിക സൗകര്യങ്ങൾ**

197 (2072) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ഫയർ സ്റ്റേഷനിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ അഗ്നിരക്ഷാ നിലയത്തിലെ ജീവനക്കാർക്ക് റെസ്റ്റ്റൂം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ 35,00,000 രൂപയുടെ എസ്റ്റിമേറ്റ് വകുപ്പ് മേധാവി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

(ബി) ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം സംബന്ധിച്ച് നടപടികളൊന്നും നിലവിലില്ല.

## പാലക്കാട് ജില്ലയിൽ ജയിൽ വകുപ്പിലെ ഒഴിവുകൾ

198 (2073) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജയിൽ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജയിൽ വകുപ്പിൽ പാലക്കാട് ജില്ലയിൽ ചുവടെ പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്:

| | |
|---|---|
| അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 20 |
| വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 1 |
| ഡ്രൈവർ കം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 1 |
| അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I | 1 |
| അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II | 1 |

(ബി) നേരിട്ടുള്ള നിയമനം നടത്തുന്ന തസ്തികകളായ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡ്രൈവർ കം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I എന്നിവയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ നടത്തിയും മറ്റുള്ളവ പ്രൊമോഷൻ വഴിയും നികത്തിവരുന്നു.

## ജയിലുകളുടെ സുരക്ഷ

199 (2074) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജയിൽപുള്ളികളുടെ എണ്ണത്തിന് ആനുപാതികമായ ജീവനക്കാരില്ല എന്നത് ജയിലുകളിലെ സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജയിലുകളിൽ ആവശ്യത്തിനു സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതിനാൽ ജയിൽ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാകുന്നില്ല.

(ബി) ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 55 ജയിലുകളിൽ 52 എണ്ണത്തിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ പ്രിസണുകളിലും 3 ജില്ലാ ജയിലുകളിലും സി.സി.ടി.വി. സംവിധാനം നവീകരിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതി നടന്നുവരുന്നു. എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ നൽകിയിട്ടുണ്ട്. ജയിൽ ചാട്ടം പോലുള്ളവ തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുത വേലി സ്ഥാപിച്ചിട്ടുണ്ട്.

ജയിൽ സുരക്ഷ കൂടുതൽ കർശനമാക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray, Baggage inspection system, Door frame Metal Detector, Non-linear Junction detector, security pole എന്നിവ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ജയിലുകളിൽ പെരിഫെറൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കോർപിയോൺ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. അപകടകാരികളായ തടവുകാരെ പ്രത്യേകം നിരീക്ഷിക്കുന്നതിനായി തൃശ്ശൂർ അതീവ സുരക്ഷാ ജയിലിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്.

**ജയിലുകളിലെ തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധന**

200 (2075) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധന സുരക്ഷാഭീഷണി സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജയിലിലും അനുവദനീയമായ തടവുകാരുടെ എണ്ണവും നിലവിലെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) തടവുകാരുടെയും ജീവനക്കാരുടെയും അനുപാതം ജയിൽ ചട്ടപ്രകാരം എത്രയാണ്; ഇത് നിലവിൽ പാലിക്കുന്നുണ്ടോ;

(ഡി) അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധന സുരക്ഷാ ഭീഷണി സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) ഓരോ ജയിലിലേയും അനുവദനീയമായ തടവുകാരുടെ എണ്ണവും നിലവിലെ എണ്ണവും (4-2-2020-ലെ ലോക്കപ്പ് പ്രകാരം) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ജി.ഒ.(ആർ.റ്റി.) നമ്പർ 2949/2012/ആഭ്യന്തരം ഉത്തരവ് പ്രകാരം തടവുകാരുടേയും ജീവനക്കാരുടേയും അനുപാതം 1:6 ആയി ക്രമീകരിച്ചിട്ടുണ്ട്. അനുപാതം കൃത്യമായി പാലിക്കാൻ സാധിക്കാത്ത സാഹചര്യവും ഉണ്ട്.

(ഡി) അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ 474 ഒഴിവുകൾ നിലവിലുണ്ട്. ഇവയിൽ 20 ഒഴിവുകൾ compassionate സ്കീമിൽ ഉൾപ്പെടുത്തി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി 454 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി**

201 (2076) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അനുവദനീയമായതിന്റെ മൂന്ന് ഇരട്ടി വരെ തടവുകാരെ പാർപ്പിക്കേണ്ടി വരുന്നതായ അവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) തടവുകാരുടെ എണ്ണത്തിന് ആനുപാതികമായ ജീവനക്കാരില്ല എന്നത് ജയിൽ സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ടോ;

(സി) ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പരിശോധിച്ചിട്ടുണ്ട്.

(ബി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 52 ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. കൂടാതെ ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray baggage inspection system, Door Frame Metal Detector, Non-linear junction detector, Security Pole എന്നിവ നടപ്പുവർഷം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ സ്ഥാപിച്ചിട്ടുണ്ട്. ജയിൽ ചാട്ടം തടയുന്നതിനായി തിരുവനന്തപുരം, കണ്ണൂർ എന്നീ ജയിൽ സ്ഥാപനങ്ങളിൽ മതിലിനു ചുറ്റും വൈദ്യുതി വേലി സ്ഥാപിച്ചിട്ടുണ്ട്. ജയിലിലെ ആന്തരിക പരിശോധന കർശനമാക്കിയിട്ടുണ്ട്. പ്രധാന ജയിലുകളിൽ പെരിഫെറൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കോർപിയോൺ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. അപകടകാരികളായ തടവുകാരെ പ്രത്യേകം നിരീക്ഷിക്കുന്നതിനായി തൃശ്ശൂർ അതീവ സുരക്ഷാ ജയിലിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്.

## ജയിലുകളിലെ അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും

202 (2077) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. ജോയി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന കാലാനുസൃതമായ പദ്ധതികൾ ഏന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വെറും തടവറ എന്നതിലുപരി തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കി മാനുഷികമൂല്യങ്ങൾ വളർത്തിയെടുത്ത് ശിക്ഷാകാലാവധിക്കുശേഷം പൊതുസമൂഹത്തിൽ മാന്യമായി ജീവിക്കാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള എന്തെല്ലാം അവബോധ പ്രവർത്തനങ്ങളാണ് ജയിലുകളിൽ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജയിൽ മോചനത്തിന് ശേഷം പുറത്തിറങ്ങുമ്പോൾ വരുമാനം ലഭിക്കുന്ന തരത്തിലുള്ള എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ജയിലുകളിൽ നൽകി വരുന്നത്;

(ഡി) ജയിലുകളിലെ സുരക്ഷാ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനും ജയിലുകളുടെ നവീകരണത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുംവേണ്ടി തടവുകാർക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ കൗൺസിലിംഗ്, കലാകായിക വിനോദങ്ങൾ, വിവിധ സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിക്കാറുണ്ട്. ജയിലുകളിൽ ടെലിവിഷൻ, ന്യൂസ് പേപ്പറുകൾ, പ്രൊജക്ടറുകൾ, ലൈബ്രറി എന്നീ സംവിധാനങ്ങൾ ലഭ്യമാണ്. തടവുകാരിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുമുള്ള പദ്ധതികളും സൗകര്യങ്ങളും വളരെ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

(ബി) വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാവർഷവും തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. അതോടൊപ്പം തടവുകാരുടെ മനപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിലും മതപരവുമായി സാന്മാർഗ്ഗീക ബോധനം നടത്തി വരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെയും സർക്കാർ ഏജൻസികളുടേയും സഹായത്തോടെ കൗൺസിലിംഗ് പരിപാടികളും വിനോദത്തിനുള്ള കലാ-സാംസ്കാരിക പരിപാടികളും മറ്റ് ക്ഷേമ പരിപാടികളും നിരന്തരമായി ജയിലുകളിൽ സംഘടിപ്പിച്ചു വരുന്നു. തടവുകാർക്കുള്ള കൗൺസിലിംഗിനായി വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതിനാൽ ഇവരുടെ സേവനവും ലഭ്യമാണ്. ജയിൽ ജ്യോതി എന്ന പേരിൽ സാക്ഷരതാ മിഷനുമായി സഹകരിച്ച് സാക്ഷരതാ ക്ലാസുകളും സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും സഹായങ്ങളും ജയിലുകളിൽ നൽകി വരുന്നു. ഇഗ്നോ പോലെയുള്ള ഓപ്പൺ യൂണിവേഴ്സിറ്റികളും വിദൂര വിദ്യാഭ്യാസ കോഴ്സുകളും കേരളാ യൂണിവേഴ്സിറ്റിയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ കോഴ്സുകളും നടത്തിവരുന്നു. ജയിൽ ജീവിതത്തിന്റെ മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിന് വിനോദ കായിക പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും വായനാശീലം വളർത്തുന്നതിന് എല്ലാ ജയിലുകളിലും ലൈബ്രറി വളർത്തുന്നതിന് എല്ലാ ജയിലുകളിലും ലൈബ്രറി

സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വർത്തമാനപത്രങ്ങൾ, ആധുനിക മാസികകൾ, ടെലിവിഷനുകൾ, എഫ്.എം. റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. തടവുകാരുടെ വിനോദത്തിനായി എല്ലാവർഷവും ജയിൽ ക്ഷേമദിനാഘോഷവും സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ജയിൽ അന്തേവാസികളുടെ കലാ കായിക മത്സരങ്ങളും കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ശിക്ഷാ തടവുകാർക്ക് അവരുടെ കുടുംബവും സമൂഹവുമായി നല്ല ബന്ധം നിലനിർത്തുന്നതിനും ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് വിവിധ തരത്തിലുള്ള പരോളുകൾ നൽകി വരുന്നുണ്ട്. ജയിലിലെ അന്തേവാസികൾക്ക് അവരുടെ കുടുംബാംഗങ്ങളുമായി സംസാരിക്കുന്നതിന് ടെലിഫോൺ സൗകര്യം എല്ലാ ജയിലുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ജയിലിലെ നല്ല സ്വഭാവത്തിനും ഏൽപ്പിക്കുന്നജോലി കൃത്യമായി നിർവ്വഹിക്കുന്നതിനും ശിക്ഷാ ഇളവും നിയമാനുസൃതം നൽകി വരുന്നുണ്ട്.

(സി) ഡ്രൈവിംഗ് പരിശീലനം, കാർപ്പന്ററി, വീവിംഗ്, ടെയ്‌ലറിംഗ്, അഗ്രിക്കൾച്ചറൽ ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, സോപ്പ്, ഫിനോയിൽ, പേപ്പർ, മെഴുകുതിരി, ചോക്ക് നിർമ്മാണം, കുട നിർമ്മാണം, തടി കളിപ്പാട്ട നിർമ്മാണം, മൃദു പാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.റ്റി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ്, ചെണ്ടമേളം, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ പരിശീലനം, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ് & ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം / ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & മെഡിറ്റേഷൻ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം, കുക്കറി, ബേക്കറി & കൺഫെക്ഷനറി എന്നീ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

(ഡി) ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 55 ജയിലുകളിൽ 52 എണ്ണത്തിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ പ്രിസണുകളിലും 3 ജില്ലാ ജയിലുകളിലും സി.സി.ടി.വി. സംവിധാനം നവീകരിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം

സ്ഥാപിക്കുന്ന പദ്ധതി നടന്നുവരുന്നു. എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്റ്റർ നൽകിയിട്ടുണ്ട്. ജയിൽ ചാട്ടം പോലുള്ളവ തടയുന്നതിന് തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്.

ജയിൽ സുരക്ഷ കൂടുതൽ കർശനമാക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray Baggage inspection system, Door frame Metal Detector, Non-linear Junction detector, security pole എന്നിവ സ്ഥാപിക്കുന്നതിന് നടപ്പുവർഷം 5.48 കോടി (അഞ്ച് കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ

203 (2078) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ എത്ര പ്രതികളെയാണ് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിട്ടുള്ളതെന്നും അവർ ആരൊക്കെയാണ് എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജയിലിൽ പകൽ സെല്ലിന് പുറത്തിറക്കുന്ന തടവുകാരെ രാത്രി എത്ര മണിക്കകം സെല്ലിൽ കയറ്റണമെന്നാണ് നിബന്ധന എന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ ജോലി ചെയ്യുന്ന തടവുകാർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗക്കാർക്ക് എന്ന് വ്യക്തമാക്കാമോ;

(ഡി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് മേല്പറഞ്ഞ നിബന്ധനയിൽ പ്രത്യേക ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ 3 പ്രതികളെയാണ് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിട്ടുള്ളത്.

(1) സി. നമ്പർ 1608 അനൂപ്

(2) സി. നമ്പർ 1609 മനോജ്

(3) സി. നമ്പർ 1614 ഷിനോജ്.

(ബി) വൈകുന്നേരം 6 മണിക്കകം സെല്ലിൽ കയറ്റണം എന്നാണ് നിബന്ധന.

(സി&ഡി) കിച്ചൺ, ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ എന്നിവയിൽ ജോലിയെടുക്കുന്ന അവസരങ്ങളിൽ തടവുകാർക്ക് മേൽ നിബന്ധനയിൽ ഇളവ് നൽകാറുണ്ട്. മേൽപ്പറഞ്ഞ ഇളവ് എല്ലാ തടവുകാർക്കും പൊതുവെ ലഭിക്കുന്നതിന്റെ ഭാഗമായി ടി കേസിൽപ്പെട്ട തടവുകാർക്കും ഇളവ് ലഭിച്ചിട്ടുണ്ട്.

## സർക്കാർ പ്രസ്സുകളുടെ നവീകരണം

204 (2079) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ ആധുനികീകരണത്തിനായുള്ള നൂറുകോടി രൂപയുടെ പദ്ധതിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ; സർക്കാർ പ്രസ്സുകളുടെ നവീകരണത്തെക്കുറിച്ച് പഠിച്ച ഡോ. രാജേന്ദ്രൻ ആനയത്ത് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ നടപ്പിലാക്കിത്തുടങ്ങിയോ എന്നറിയിക്കാമോ;

(ബി) ഈ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ കിഫ്ബി വഴി തുക നീക്കി വച്ചിരിന്നോ; കിഫ്ബിക്ക് ഈ കമ്മിറ്റി റിപ്പോർട്ട് പര്യാപ്തമല്ല എന്ന അഭിപ്രായമുണ്ടോ; സാങ്കേതിക വിവരങ്ങൾ ഉൾപ്പെടുന്ന വിശദമായ പദ്ധതി രേഖ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അച്ചടി മേഖലയിലെ ആധുനികീകരണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആകാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; ആയതിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) ഇപ്പോൾ സർക്കാർ പ്രസ്സുകളിൽ ഒരുവിധത്തിലുമുള്ള അച്ചടിയും നടക്കുന്നില്ലെന്ന ആക്ഷേപത്തെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ;

(ഇ) സർക്കാർ പ്രസ്സുകളെക്കുറിച്ചുള്ള പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കാമോ; ആയത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) സർക്കാർ പ്രസ്സുകളുടെ ആധുനികവത്ക്കരണത്തിനായി കിഫ്ബി മുഖാന്തിരം ലഭ്യമാക്കുന്ന 100 കോടി രൂപ, ഡോ. രാജേന്ദ്ര കുമാർ ആനയത്ത് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ടും, ഡി.പി.ആർ. തയ്യാറാക്കുന്നതിനും പദ്ധതി

നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി M/s വാപ്കോസ് ലിമിറ്റഡിനെ നിയോഗിച്ച് 7-3-2019-ലെ സ.ഉ.(സാധാ) നമ്പർ 371/2019/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 17-9-2019-ലെ സ.ഉ.(സാധാ) 1665/2019/ഉ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സമിതി നൽകിയിട്ടുള്ള ശിപാർശകൾ/പൊതുനിർദ്ദേശങ്ങൾ എന്നിവ അനുബന്ധമായി* ചേർക്കുന്നു. ശിപാർശകൾ നടപ്പാക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

**ജലമെട്രോ പദ്ധതി**

205 (2080) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ജലമെട്രോ പദ്ധതിക്ക് പരിസ്ഥിതി അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ബോട്ടുജെട്ടികൾക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി ജലമെട്രോ പദ്ധതിക്കുവേണ്ടി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) 14 ടെർമിനലുകൾക്കുള്ള സ്ഥലങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഏറ്റെടുപ്പ് ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(സി) ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചീനവല, കടമ്പ്രയാറിന് കുറുകെയുള്ള താൽക്കാലിക തടയണ എന്നീ തടസ്സങ്ങൾ ഉണ്ട്. ആയത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പദ്ധതി ഡിസംബർ 2020-ഓടു കൂടി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ദേശീയ ജലപാതയിലെ എക്കൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച്

206 (2081) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കായലുകളിലും നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/മണൽ/മറ്റു വസ്തുക്കൾ എന്നിവ നിക്ഷേപിക്കുന്നതിനായി സ്ഥലം ലഭ്യമല്ലാത്തതിനാലും കൊച്ചിൻ പോർട്ട് ട്രസ്റ്റ് എക്കലും ചെളിയും പുറംകടലിൽ നിക്ഷേപിക്കാൻ അനുമതി ലഭ്യമാക്കാത്തതിനാലും ദേശീയ ജലപാതയുടെ ഭാഗമായ കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യുന്നതിനായി നാളിതുവരെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ഈ പ്രവൃത്തിക്ക് ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണങ്കാട്ട് വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ 2 റീച്ചുകളിലായി 709 ലക്ഷത്തിനും 670 ലക്ഷത്തിനും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രദേശം പോർട്ട് ട്രസ്റ്റിന്റെ പരിധിയിൽ ആയതിനാൽ പോർട്ട് ട്രസ്റ്റിന്റെ അനുമതി ആവശ്യമാണ്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

207 (T *2082) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പുനരുദ്ധാരണം നടത്തുന്നതിന് കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ ലഭ്യമാക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന് മുമ്പായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2018, 2019-ലെ പ്രളയത്തിൽ തകർന്നതും, സംസ്ഥാനത്തെ 14 ജില്ലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടാത്തതും, പുനർ നിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിലേയ്ക്കായി അതാത് ജില്ലകളിൽനിന്നും പ്രവൃത്തികളുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതും, ഇതുപ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സി.എം.ഡി.ആർ.എഫിൽ നിന്നും ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ്സ് റീബിൽഡ് പദ്ധതിയിലേയ്ക്കായി ആകെ 961.24 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിനായി പട്ടിക തയ്യാറാക്കിയിട്ടുള്ളതിൽ, മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതായും, ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ന്യൂനതകൾ പരിഹരിച്ച് അന്തിമ പട്ടിക തയ്യാറാക്കിവരുന്നു.

(ഡി) അന്തിമ പട്ടിക തയ്യാറാക്കിയാലുടൻതന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**അരിവാൾ രോഗം ബാധിച്ചവർ**

208 (2083) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അരിവാൾ രോഗം ബാധിച്ചവരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ അരിവാൾ രോഗം ബാധിച്ചവരുടെ എണ്ണത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് വർഷം തിരിച്ച് നൽകാമോ;

(സി) അരിവാൾ രോഗികളുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളും പദ്ധതികളുമാണ് ഈ സർക്കാർ നടപ്പിലാക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു:

| ജില്ല | രോഗികളുടെ എണ്ണം |
|---|---|
| വയനാട് | 956 |
| പാലക്കാട് | 118 |
| മലപ്പുറം | 38 |
| കോഴിക്കോട് | 17 |

(ബി)

| വർഷം | രോഗബാധിതരുടെ എണ്ണം |
|---|---|
| 2016 | 58 |
| 2017 | 23 |
| 2018 | 43 |
| 2019 | 41 |
| 31-1-2020 മുതൽ 4-2-2020 വരെ | 4 |

(സി) കോഴിക്കോട് ജില്ലയിൽ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ മാസത്തിലൊരിക്കൽ ആരോഗ്യ ക്യാമ്പുകൾ നടത്തി രോഗികൾക്ക് മരുന്ന വിതരണം നടത്തി വരുന്നു.

വയനാട് ജില്ലയിലെ അരിവാൾ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്തു വരുന്നുണ്ട്. സിക്കിൾ സെൽ അനീമിയ ടെസ്റ്റുകൾക്കുള്ള സൗകര്യം ജില്ലാ ആശുപത്രി മാനന്തവാടി, പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരി, ഗവ. ജനറൽ ആശുപത്രി കൽപ്പറ്റ, സാമൂഹികാരോഗ്യ കേന്ദ്രം തരിയോട്/പൊരുന്നന്നൂർ/പുൽപ്പള്ളി എന്നിവിടങ്ങളിൽ ലഭ്യമാണ്. ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും മെഡിക്കൽ കോളേജ് കോഴിക്കോടും, ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ 3 കിലോ വരുന്ന പോഷകാഹാര കിറ്റ് അരിവാൾ രോഗ ക്ലിനിക്കിലൂടെ നൽകിവരുന്നു. ഗോത്ര

വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ട്രൈബൽ വകുപ്പ് 2,500 രൂപയും മറ്റ് വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷാ വകുപ്പ് 2,000 രൂപയും നൽകിവരുന്നു. പ്രസ്തുത ജില്ലയിൽ അരിവാൾ രോഗികളുള്ള എല്ലാ പഞ്ചായത്തിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികൾക്ക് Cap. Hydroncy Urea, Tab Folic Acid എന്നിവ നൽകുകയും വിദഗ്ദ്ധ ചികിത്സ ജില്ലാ ആശുപത്രിയിൽ നൽകുകയും ചെയ്യുന്നു. അരിവാൾ രോഗികൾക്ക് പ്രത്യേകം ബെഡ് (5 എണ്ണം) ഉള്ളതിനാൽ മറ്റ് രോഗികളുടെ കൂടെ കിടത്തി ചികിത്സിക്കേണ്ട അവസ്ഥ ഉണ്ടാകാറില്ല.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതി മുഖേന അരിവാൾ രോഗ നിർണ്ണയ പരിശോധന നടത്തുകയും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിലും മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷത്തെ അരിവാൾ രോഗ ദിനാചരണം 2019 ജൂൺ 19-ന് നിലമ്പൂർ ഇന്ദിരാഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളെ സ്ക്രീൻ ചെയ്തുകൊണ്ട് വിപുലമായി നടത്തുകയുണ്ടായി.

അട്ടപ്പാടി പ്രദേശത്ത് സിക്കിൾ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്തുകൾ വഴി സാന്ത്വനം പദ്ധതി നടപ്പിലാക്കിവരുന്നു. ആകെയുള്ള സിക്കിൾ സെൽ രോഗികൾ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും മരുന്ന് നൽകുകയും ഡയറ്റീഷ്യന്റെ നേതൃത്വത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും, ട്രൈബൽ വെൽഫെയർ ഓഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തുവരുന്നു. രോഗികളെ കൊണ്ടുവരുന്നതിനും പോകുന്നതിനും വാഹനസൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1,000 രൂപ ചികിത്സാ സഹായവും, ആശുപത്രിയിൽ അഡ്മിറ്റ് ആയാൽ ചികിത്സയും നൽകിവരുന്നു. രോഗികൾക്ക് ക്ഷേമപെൻഷനും നൽകി വരുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സിക്കിൾ സെൽ സ്കാനിംഗ് പഠനങ്ങൾ നടത്തിയിരുന്നു. കൂടാതെ അട്ടപ്പാടിയിലെ 192 ആദിവാസി ഊരുകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനാടകം, കൂടാതെ അരിവാൾ രോഗമുള്ള വ്യക്തികൾ തമ്മിൽ വിവാഹം കഴിക്കാതെയിരിക്കാനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഗവ.മെഡിക്കൽ കോളേജ് കോഴിക്കോട്, ആരോഗ്യ കേരളം പാലക്കാട്, ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ എന്നിവരുടെ സഹകരണത്തിൽ സിക്കിൾ സെൽ

ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ കോട്ടത്തറ ആശുപത്രിയിൽ വെള്ളിയാഴ്ച ജനിതക കൗൺസിലിംഗും കൗമാര കൗൺസിലിംഗും നടത്തി വരുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങളും 24 മണിക്കൂറും ലഭ്യമാക്കിക്കൊണ്ടുള്ള ഗവ.ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി കോട്ടത്തറയിൽ പ്രവർത്തിച്ചുവരുന്നു. ഐ.സി.യു.ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, വെന്റിലേറ്റർ എന്നീ സൗകര്യങ്ങളുള്ളതിനാൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിടത്തി ചികിത്സയോടുകൂടി അഗളി സാമൂഹികാരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തി മരുന്ന് നല്കുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ആഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തു വരുന്നു. രോഗികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1,000 രൂപ ചികിത്സാ സഹായവും ആശുപത്രിയിൽ അഡ്മിറ്റായാൽ ചികിത്സയും നൽകി വരുന്നു. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ക്ഷേമപെൻഷനും നൽകി വരുന്നു.

താലൂക്കടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകിത്തുടങ്ങിയിട്ടുണ്ട്.

**ഹീമോഫീലിയ ചികിത്സ**

209 (2084) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് രക്തസ്രാവം ഉണ്ടാകുമ്പോൾ രക്തം കട്ടപിടിക്കുന്നതിന് ആവശ്യമായ ഫാക്ടർ എട്ട്, ഒമ്പത് എന്നീ രക്തഘടകങ്ങൾ കുത്തിവെക്കുക മാത്രമാണോ ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനുള്ള ഏക മാർഗ്ഗം എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഒരാൾക്ക് മാസത്തിൽ ഏകദേശം 25,000 മുതൽ 50,000 രൂപ വരെ ചെലവ് വരുമോ; സംസ്ഥാനത്ത് 1600 രോഗികളാണ് ഈ ഗണത്തിൽപ്പെട്ടവരായുള്ളത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) രക്തം കട്ട പിടിക്കുന്നതിനുള്ള ഫാക്ടറുകളുടെ അഭാവംമൂലം ശരീരത്തിൽ ആന്തരികമായോ ബാഹ്യമായോ ഉണ്ടാകുന്ന മുറിവുകളിൽനിന്നും രക്തം നിൽക്കാതിരിക്കുക എന്ന രോഗാവസ്ഥയാണ് ഹീമോഫീലിയ. രക്തം കട്ട പിടിക്കുന്നതിനാവശ്യമായ ഫാക്ടറുകൾ കുത്തി വച്ച് താത്കാലികമായി രക്തസ്രാവം തടയുക എന്നതാണ് നിലവിൽ ലഭ്യമായ ചികിത്സ.

ഹീമോഫീലിയ രോഗത്തിന് ജീൻതെറാപ്പി ചികിത്സ കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കിയിട്ടില്ല.

(ബി) ഹീമോഫീലിയ രോഗത്തിന്റെ തരവും കാഠിന്യവുമനുസരിച്ച് വ്യത്യസ്ത മരുന്നുകൾ വ്യത്യസ്ത അളവിലും ആവശ്യവുമനുസരിച്ച് തവണകളായാണ് രോഗികൾക്ക് നൽകിവരുന്നത്. ഇതിന് ഒരു മാസത്തിൽ ഒരു രോഗിക്ക് ഏകദേശം 12,000 രൂപ മുതൽ 50,000 രൂപവരെ വേണ്ടിവരുന്നു. എന്നാൽ ചില രോഗികൾക്ക് 50,000 രൂപയിൽ കൂടുതലായും അപൂർവ്വമായി മരുന്നുകൾ നൽകേണ്ടിവരുന്നുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മാത്രം 700 -ൽ പരം ഹീമോഫീലിയ രോഗികൾ ചികിത്സ തേടി എത്തുന്നുണ്ട്.

നിലവിൽ കെ.ബി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഹീമോഫീലിയ രോഗത്തിന് മരുന്ന് ലഭിക്കുന്നവരുടെ എണ്ണം 1058 ആണ്.

**കൊറോണ വൈറസ് ബാധ**

210 (2085) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രപേർക്ക് ഇതിനകം കൊറോണ വൈറസ് ബാധ മൂലമുള്ള രോഗം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്രപേർ നിരീക്ഷണത്തിലുണ്ടെന്നും അറിയിക്കാമോ; എത്ര പേരുടെ രക്തസാമ്പിളുകൾ പൂനെ വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രോഗപ്രതിരോധത്തിനായി സർക്കാർ നൽകുന്ന പൊതു നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനം കൈക്കൊണ്ട സുരക്ഷാക്രമീകരണങ്ങളിൽ കേന്ദ്രസംഘം സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 3 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. വീട്ടുകളിൽ 3218 പേരും ആശുപത്രികളിൽ 34 പേരും ഉൾപ്പെടെ 3252 പേർ 9-2-2020 വരെ സംസ്ഥാനത്ത് നിരീക്ഷണത്തിൽ ഉണ്ട്.

345 സാമ്പിളുകൾ സ്ഥിരീകരണത്തിന് അയച്ചു.

(ബി) ചൈനയിൽനിന്നും മറ്റു രോഗബാധിത രാജ്യങ്ങളിൽനിന്നും എത്തിയ യാത്രക്കാരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ വീട്ടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാകാത്ത രീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു. രോഗബാധിത പ്രദേശങ്ങളിൽനിന്നും വന്നവർ പൊതുസ്ഥലങ്ങളിൽ പോകുവാനോ പൊതു ചടങ്ങുകളിൽ പങ്കെടുക്കുന്നതിനോ, പൊതുവായ യാത്രാ മാധ്യമങ്ങൾ ഉപയോഗിക്കാനോ പാടില്ല എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന യാത്രികരെ ഗവ.മെഡിക്കൽ കോളേജുകളിലും, ജില്ലാ ജനറൽ ആശുപത്രികളിലും സജ്ജീകരിച്ചിരിക്കുന്ന ഐസൊലേഷൻ റൂമുകളിൽ ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തിശുചിത്വം, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തുവാല ഉപയോഗിച്ച് മൂക്കും വായും പൊത്തുന്നതിനും കൈകൾ കൂടെക്കൂടെ വൃത്തിയായി കഴുകുന്നതിനുംവേണ്ട ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ആരോഗ്യ വകുപ്പ്, ടൂറിസം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിനൽകുകയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിഗത സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2020 ജനുവരി 27-ാം തീയതി കേന്ദ്രസംഘം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളും സന്ദർശിച്ച് കൊറോണ രോഗബാധയ്ക്കെതിരെയുള്ള തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തിയിരുന്നു. National Disaster Management Authority-യുടെ ടീം 7-2-2020 -ന് സംസ്ഥാന കൺട്രോൾ റൂമും ആശുപത്രിയും സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

## കൊറോണ വൈറസ് ബാധ

211 (2086) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വൈറസിനെതിരെ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് 'മോഡേൺ മെഡിസിനിൽ' നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ;

(ബി) ഇതിനെ നേരിടുന്നതിനായി ഫലപ്രദമായ മരുന്ന് ലഭ്യമാണോ; ഇക്കാര്യത്തിൽ ആയുർവ്വേദത്തിലും ഹോമിയോപ്പതിയിലും മരുന്ന് ലഭ്യമാണെന്നുള്ള മാധ്യമവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ചൈനയിൽ നിന്നും, മറ്റ് രോഗബാധിത രാജ്യങ്ങളിൽനിന്നും എത്തിയ യാത്രക്കാരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ വീടുകളിൽ 28 ദിവസം മറ്റുള്ളവരോട് സമ്പർക്കം ഉണ്ടാകാത്ത രീതിയിൽ പ്രത്യേകം കഴിയുവാൻ നിർദ്ദേശിച്ചു.

രോഗബാധിത പ്രദേശങ്ങളിൽനിന്നും വന്നവർ പൊതുസ്ഥലങ്ങളിൽ പോകുവാനോ, പൊതുചടങ്ങുകളിൽ പങ്കെടുക്കുവാനോ, പൊതുവായ യാത്രാമാധ്യമങ്ങൾ ഉപയോഗിക്കുവാനോ പാടില്ല എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യക്തിശുചിത്വം പാലിക്കുകയും, തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും ടവ്വൽ ഉപയോഗിച്ച് മൂക്കും വായും പൊത്തുന്നതിനും കൈകൾ കൂടെക്കൂടെ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുന്നതിനും വേണ്ട ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

രോഗം സംബന്ധിച്ച് പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ആരോഗ്യവകുപ്പ്, ടൂറിസം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഗതാഗത വകുപ്പ് തുടങ്ങിയവർക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിഗത സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കൊറോണ വൈറസ് രോഗത്തെ നേരിടുന്നതിനായി ആയുർവേദത്തിലും ഹോമിയോപ്പതിയിലും മരുന്ന് ലഭ്യമാണെന്നുള്ള മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അലോപ്പതി മരുന്നുകളാണ് കൊറോണ വൈറസ് രോഗത്തിനെതിരെ നൽകിവരുന്നത്.

**കൊറോണ വൈറസ് രോഗം**

212 (2087) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കാര്യങ്ങൾക്കായി സംസ്ഥാനത്ത് നിന്നുള്ള അനേകം കുട്ടികൾ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ട ചൈനയിൽ നിൽക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ടോ;

(ബി) ഇതിനകം ചൈനയിൽ നിന്നും മടങ്ങിയെത്തിയ എത്രപേർ ആശുപത്രികളിലും, വീടുകളിലുമായി നിരീക്ഷണത്തിലാണ്;

(സി) സംസ്ഥാനത്ത് നിപ വൈറസ് ബാധയുണ്ടായപ്പോൾ അത് പടർന്ന് പിടിക്കാതിരിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ രോഗബാധമൂലം സംസ്ഥാനത്തെ ജനങ്ങളിലുണ്ടായിട്ടുള്ള ഭീതി അകറ്റുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് ആരോഗ്യവകുപ്പ് നൽകിയിട്ടുള്ളത്;

(ഇ) സംസ്ഥാനത്തെ എല്ലാ പ്രധാന ആശുപത്രികളിലും ഇത്തരം പകർച്ചവ്യാധികൾ പടരാതിരിക്കുവാൻ ക്വാറന്റൈൻ സംവിധാനം സ്ഥിരമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-2-2020-ലെ സ്ഥിതിവിവരകണക്ക് പ്രകാരം കൊറോണ രോഗബാധിത പ്രദേശങ്ങളിൽനിന്നും മടങ്ങിയെത്തിയ 3218 പേർ വീടുകളിലും 34 പേർ ആശുപത്രികളിലും ആയി ആകെ 3252 പേർ നിരീക്ഷണത്തിലാണ്.

(സി) നിപ വൈറസ് ബാധ നിയന്ത്രണ വിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ രോഗബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നു.

(ഡി) ചൈനയിൽ ഈ രോഗം സ്ഥിരീകരിച്ചത് അറിഞ്ഞ ഉടൻ സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന (RRT) പ്രത്യേകയോഗം ചേരുകയും ലോകാരോഗ്യസംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സംസ്ഥാന-ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്നു. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവരേയും അവരോട് സമ്പർക്കമുണ്ടായവരേയും വീടുകളിലും ആശുപത്രികളിലും പ്രത്യേകം പാർപ്പിച്ച് നിരീക്ഷിക്കുകയും ചെയ്തു വരുന്നു. രോഗനിരീക്ഷണം, ചികിത്സ, സ്ഥിരീകരണം, പ്രതിരോധം, ബോധവത്കരണം മുതലായ പ്രവർത്തനങ്ങൾ അതീവ ജാഗ്രതയോടെ നടത്തിവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലും, ജില്ല, ജനറൽ ആശുപത്രികളിലും പ്രത്യേകം ഐസൊലേഷൻ വാർഡുകൾ സജ്ജീകരിച്ചു. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്കാവശ്യമായ ചികിത്സ നൽകിവരുന്നു.

കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും വിവിധ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന - ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.

രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിലൂടെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു.

തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

(ഇ) അംഗീകൃത മാർഗ്ഗരേഖകൾ അനുസരിച്ച് കൊറോണ വൈറസ് രോഗത്തിനെതിരെ വീടുകളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും 'ക്വാറന്റൈൻ' സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. രോഗം പകരുന്ന രീതിയും രോഗികളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തിയാണ് ക്വാറന്റൈൻ സംവിധാനം ഏർപ്പെടുത്തുന്നത്. ആയതിനാൽ ആവശ്യകത അനുസരിച്ചാണ് പകർച്ചവ്യാധികൾ തടയുന്നതിന് ക്വാറന്റൈൻ സംവിധാനം ആശുപത്രികളിൽ സജ്ജീകരിക്കുന്നത്.

## കൊറോണ വൈറസ് രോഗം പടരുന്നത് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

213 (2088) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറോണ വൈറസ് രോഗം സംസ്ഥാനത്ത് സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗം പടരുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ മെഡിക്കൽ ആഫീസുകളിലേയ്ക്ക് അയച്ച് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിൽ ഉന്നതതല യോഗം, ദ്രുതകർമ്മസേനായോഗം, മാധ്യമ യോഗം എന്നിവയും നടത്തി. രോഗ നിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവത്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽനിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീടുകളിൽ പ്രത്യേകം മാറ്റിപാർപ്പിച്ച് നിരീക്ഷിക്കുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവ.മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തു.

രോഗസ്ഥിരീകരണത്തിനായി ആദ്യമാദ്യം സാംപിളുകൾ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിലും ഇപ്പോൾ ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും അയച്ചു വരുന്നു.

ആരോഗ്യപ്രവർത്തകരിലൂടെയും പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരിലൂടെയും പത്ര/ദൃശ്യ/ശ്രാവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകി.

ആരോഗ്യവകുപ്പ് മന്ത്രിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രതിദിന പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു.

**കൊറോണ വൈറസ് രോഗബാധ**

214 (2089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിപ വൈറസിനെ പ്രതിരോധിച്ചതുപോലെ കൊറോണ വൈറസും പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇത്തരം രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളെ കണ്ടെത്തുന്നതിന് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊറോണ രോഗബാധിതരെ പ്രത്യേകം ഐസൊലേറ്റ് ചെയ്ത് ചികിത്സിക്കാൻ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ല/ജനറൽ ആശുപത്രികളിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ മരുന്നും വ്യക്തിഗത സുരക്ഷാ ഉപാധികളും മറ്റ് അനുബന്ധ സാമഗ്രികളും ഉറപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഐസൊലേഷൻ റൂമുകളിൽ വെന്റിലേറ്റർ സൗകര്യവും ഐ.സി.യു. സൗകര്യവും ലഭ്യമാക്കിവരുന്നു. ഈ ആശുപത്രികളിൽ ഒരു നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിപ വൈറസ് ബാധ നിയന്ത്രണവിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ രോഗബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നു.

ചൈനയിൽ ഈ രോഗം സ്ഥിരീകരിച്ചത് അറിഞ്ഞ ഉടൻ സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന (RRT) പ്രത്യേകയോഗം ചേരുകയും ലോകാരോഗ്യസംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ ഗൈഡ് ലൈൻ തയ്യാറാക്കി ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു. സംസ്ഥാന-ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്നു. രോഗബാധിത പ്രദേശങ്ങളിൽനിന്നും മടങ്ങിയെത്തിയവരേയും അവരോട് സമ്പർക്കമുണ്ടായവരേയും വീടുകളിലും ആശുപത്രികളിലും പ്രത്യേകം പാർപ്പിച്ച് നിരീക്ഷിക്കുകയും ചെയ്തു വരുന്നു. രോഗനിരീക്ഷണം, ചികിത്സ, സ്ഥിരീകരണം, പ്രതിരോധം, ബോധവത്കരണം മുതലായ പ്രവർത്തനങ്ങൾ അതീവ ജാഗ്രതയോടെ നടത്തി വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ല, ജനറൽ ആശുപത്രികളിലും പ്രത്യേകം ഐസൊലേഷൻ വാർഡുകൾ സജ്ജീകരിച്ചു. ഇതര വകുപ്പുകൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ഡി) പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിലെ യൂണിറ്റിൽ കൊറോണ വൈറസ് രോഗ സ്ഥിരീകരണം നടത്തുവാൻ ഇപ്പോൾ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ "ഇൻസ്റ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി" ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## കൊറോണ വൈറസിനെതിരെയുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ

215 (2090) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊറോണ വൈറസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ കോളേജുകളിൽ പ്രത്യേക ഐസലേഷൻ വാർഡുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനങ്ങളുടെ ആശങ്കയകറ്റുവാനും ശക്തമായ ബോധവൽക്കരണം നടത്തുവാനും ആരോഗ്യ വകുപ്പ് സമയബന്ധിതമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

<u>ഉത്തരം</u>

(എ) കൊറോണ വൈറസ് ബാധ തടയുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച ജാഗ്രതാ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- ചൈനയുൾപ്പെടെ കൊറോണ ബാധിത പ്രദേശങ്ങളിൽനിന്നും മടങ്ങിയെത്തിയവർ രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും അവരവരുടെ വീടുകളിൽ 28 ദിവസം മറ്റുള്ളവരുമായി സമ്പർക്കത്തിൽപ്പെടാതെ വ്യക്തി ശുചിത്വത്തോടെ കഴിയേണ്ടതാണ്.
- തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും, മൂക്കും വായും തുവാല കൊണ്ട് മറയ്ക്കേണ്ടതാണ്.
- കൈകൾ പല പ്രാവശ്യം വൃത്തിയായി കഴുകുക, വസ്ത്രങ്ങൾ, പാത്രങ്ങൾ മുതലായവ ബ്ലീച്ചിംഗ് ലായനിയിൽ കഴുകുക.
- രോഗലക്ഷണങ്ങൾ ഉണ്ടായാൽ പൊതുവാഹനങ്ങളിൽ കയറാതെ ഐസൊലേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിലെ നോഡൽ ഓഫീസർമാരുമായി ബന്ധപ്പെട്ട് ചികിത്സ തേടുക.
- രോഗം സ്ഥിരീകരിച്ച വ്യക്തികളുമായി സമ്പർക്കം ഉണ്ടായ വ്യക്തികളും ഇതേ ജാഗ്രത കാണിക്കേണ്ടതാണ്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്.

(സി) കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും വിവിധ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന-ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.

രോഗ ലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിലൂടെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു. തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

സംസ്ഥാനതല കൺട്രോൾ സെല്ലിന്റെ നേതൃത്വത്തിൽ പരിശീലനത്തിന്റെയും പൊതുജന ബോധവൽക്കരണത്തിന്റെയും പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ ദിനം പ്രതി നടന്നുവരുന്നു. കൊറോണ വൈറസ് കൺട്രോൾ സെൽ രൂപീകരിച്ചിതിനുശേഷം 10-2-2020 വരെയുള്ള ദിവസങ്ങളിൽ Kerala health online training എന്ന യൂട്യൂബ് ചാനലിൽ 29 IEC/ പരിശീലന വീഡിയോകളാണ് പൊതുജനങ്ങൾക്കും പ്രവർത്തകർക്കുമായി അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇവയിൽ

- പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
- Home Isolation - ന്റെ പ്രാധാന്യം
- വീടുകളിൽ കഴിയുന്നവർക്കുള്ള റിലാക്സേഷൻ
- മുൻകരുതലുകൾ
- സ്കൂൾ കുട്ടികൾക്കായുള്ള ബോധവത്കരണ വീഡിയോ
- ടൂറിസം വകുപ്പിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ
- രോഗലക്ഷണങ്ങൾ
- മാസ്ക് ഉപയോഗിക്കേണ്ട വിധം
- Do's & Dont's
- ആരോഗ്യപ്രവർത്തകർക്കായുള്ള മറ്റ് പരിശീലന സഹായികൾ
- PPE (Personal Protection Equipments) ധരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
- ഇൻഫെക്ഷൻ കൺട്രോൾ.

എന്നിങ്ങനെ എല്ലാ പ്രധാനപ്പെട്ട മേഖലകളിലും ചെറു വീഡിയോകൾ ലഭ്യമാണ്.

ആരോഗ്യജാഗ്രത, ആരോഗ്യകേരളം, കേരള ഹെൽത്ത് സർവ്വീസസ്, ആർദ്രം, ജനകീയ കാമ്പയിൻ എന്നീ ഫേസ് ബുക്ക് പേജുകൾ വഴി ദിവസേന ആരോഗ്യ ബോധവൽക്കരണ സഹായികൾ (ഇൻഫോഗ്രാഫിക്സ്, പോസ്റ്ററുകൾ, ലഘുലേഖകൾ) എന്നിവ പൊതുജനങ്ങൾക്കായി അപ്‌ലോഡ് ചെയ്തിരുന്നു. ഇവ ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ ഫേസ്ബുക്ക് പേജിലും ലഭ്യമായിരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇത്തരം ബോധവത്കരണ സഹായികളുടെയെല്ലാം ലിങ്കുകളും ലഭ്യമാണ്. കൺട്രോൾ റൂമിൽനിന്ന് ഇവയെല്ലാം എല്ലാ ജില്ലകൾക്കും അതത് ദിവസം തന്നെ അയച്ചുകൊടുത്തിരുന്നു. ഇവയ്ക്ക് പുറമെ ജില്ലകളിലെ മാസ്സ് വീഡിയോ വിഭാഗവും വ്യത്യസ്തമായ ബോധവൽക്കരണ

സഹായികൾ നിർമ്മിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നൽകി. ബഹു.മുഖ്യമന്ത്രിയുടെ സന്ദേശവും ബഹു.ആരോഗ്യമന്ത്രിയുടെ സന്ദേശവും ഹോം ഐസൊലേഷനിൽ കഴിയുന്നവർക്ക് നേരിട്ടെത്തിക്കാനുള്ള സംവിധാനവും ഇ-ഹെൽത്ത് വഴി നടപ്പിലാക്കിയിട്ടുണ്ട്.

## കൊറോണ വൈറസ്

216 (2091) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വൈറസ് പരിശോധനയ്ക്ക് കേരളത്തിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) കൊറോണ വൈറസ് സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(സി) നിപ പ്രതിരോധത്തിൽ കേരളം ലോകത്തിനുതന്നെ മാതൃകയായി സ്വീകരിച്ച സമീപനം കൊറോണയിലും സ്വീകരിക്കാൻ പൊതുജനത്തെ സജ്ജരാക്കാൻ പര്യാപ്തമായ എന്തൊക്കെ നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ NIV യൂണിറ്റിൽ കൊറോണ വൈറസ് രോഗം സ്ഥിരീകരിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി&സി) കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം നവമാധ്യമങ്ങൾ വഴിയും വിവിധ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയം ദൂരീകരിക്കുന്നതിനായി "ദിശ" ഉൾപ്പെടെ സംസ്ഥാന - ജില്ലാതലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ സജ്ജീകരിച്ചു.

രോഗലക്ഷണങ്ങൾ ഉള്ളവരും ഇല്ലാത്തവരും പാലിക്കേണ്ട ശുചിത്വം, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിലൂടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു. തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും യഥാർത്ഥ വസ്തുതകൾ ജനങ്ങളിലെത്തിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

നിപ ബാധ നിയന്ത്രണ വിധേയമാക്കിയ അനുഭവത്തിന്റെ വെളിച്ചത്തിൽ കൊറോണ ബാധക്കെതിരായുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നു.

**സംസ്ഥാന ആരോഗ്യ ഏജൻസി**

217 (2092) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ ഏജൻസി രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏജൻസി രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) 10-1-2020-ലെ സ.ഉ.(കൈ) 3/2020/ആ.കു.വ. പ്രകാരം സംസ്ഥാന ആരോഗ്യ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- ആയുഷ്മാൻ ഭാരത് പദ്ധതിയുമായി സഹകരിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) യുടെ കീഴിലുള്ള കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

- സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ആരോഗ്യ പരിരക്ഷ നൽകുക

- കേരളത്തിലെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആരോഗ്യ ഇൻഷ്വറൻസ് പാക്കേജുകൾ കണ്ടെത്തുകയും രൂപപ്പെടുത്തുകയും ചെയ്യുക.

- പൗരന്മാരുടെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന പ്രധാന അരക്ഷിതാവസ്ഥയായ മെഡിക്കൽ പരിചരണത്തിനും ആശുപത്രി വാസത്തിനുമുള്ള കനത്ത ചെലവ് കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പദ്ധതികളുടെ നടപ്പാക്കലും/ നയരൂപീകരണത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, ഏജൻസികൾ, സംഘടനകൾ എന്നിവയെ

ഏകോപിപ്പിക്കുകയും വിദഗ്ധർ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിക്കുകയും ചെയ്യുക.

- ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ഉദ്ദേശിച്ചുള്ള പരിപാടികൾ രൂപീകരിക്കുന്നതിന് സാങ്കേതിക, സാമ്പത്തിക സഹായം നൽകുക.
- കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ദരിദ്രർക്കുവേണ്ടിയുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ വിവിധ വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് ദാതാക്കൾ, ആരോഗ്യ സേവന ദാതാക്കൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുക
- സമൂഹത്തിന് ലഭ്യമായ വിവിധ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനുമായി പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത ആരോഗ്യ പ്രശ്നങ്ങൾക്കായി സിഎസ്ആർ/ജീവകാരുണ്യ ഫണ്ടിംഗ് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇ- ഓഫീസ് സംവിധാനം**

218 (2093) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ തപാലുകൾ ഏത് രീതിയിലാണ് കൈകാര്യം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇ -ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് വരുന്ന തപാലുകൾ സൂപ്രണ്ട് കണ്ടതിനുശേഷം സെക്ഷൻ തിരിച്ച് ഇനിഷ്യൽ ചെയ്ത് ഓരോ സെക്ഷൻ ക്ലർക്കുമാർക്കും നൽകുന്നു. ഈ തപാൽ നമ്പറിട്ട് (ഓരോ സെക്ഷനും പ്രത്യേകം രജിസ്റ്ററുകൾ ഉണ്ട്) ഈ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നു. അതിനുശേഷം അതത് സെക്ഷനുകളിലേയ്ക്ക് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ തപാൽ നമ്പർ എഴുതി ഓഫീസ് അറ്റൻഡന്റ് മുഖാന്തരം എത്തിക്കുന്നു.

കൂടാതെ രജിസ്റ്റേഡ് തപാൽ, സ്പീഡ് പോസ്റ്റ്, രജിസ്റ്റേഡ് പാഴ്സൽ, അക്കൗണ്ടന്റ് ജനറലിൽനിന്നും വരുന്ന തപാൽ എന്നിവ പ്രത്യേകം രജിസ്റ്ററുകളിൽ എഴുതുന്നുണ്ട്. ഒ.എ.കേസ്, വിവരാവകാശം സംബന്ധമായ തപാലുകൾ അർജന്റ് ബുക്കിൽ എഴുതി ലഭിക്കുന്ന അന്നുതന്നെ സെക്ഷനുകളിൽ എത്തിക്കുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. ഓഫീസ്, ബാലാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ എന്നീ ഓഫീസിൽനിന്നും വരുന്ന തപാലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ചേംബറിൽ അപ്പോൾ തന്നെ നേരിട്ട് എത്തിക്കുന്നു.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ 28-6-2019-ലെ സ.ഉ.(സാധാ)നമ്പർ 1549/2019/ആ.കു.വ. പ്രകാരം 46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 117 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 46 ലക്ഷം രൂപ ഇ-ഹെൽത്തിന് നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി

219 (T+2094) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി എന്ന പേരിൽ വിപുലീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇപ്രകാരം പദ്ധതി വിപുലീകരിച്ചപ്പോൾ നിലവിൽ കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ചികിത്സയ്ക്ക് അർഹതയുണ്ടായിരുന്ന എല്ലാവർക്കും ചികിത്സ ഉറപ്പുവരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

\+ T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പുതിയ പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് അടിയന്തരമായി ചികിത്സാസഹായം ലഭിക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) രോഗികളുടെ ചികിത്സ സുഗമമാക്കുന്നതിന് കാസ്പ് പദ്ധതി പ്രകാരം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾക്ക് പുറമേ ഡയാലിസിസ് സെന്ററുകളെയും കൂടി എംപാനൽ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ യോജിപ്പിച്ചുകൊണ്ട് 2019 ഏപ്രിൽ 1 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി (KASP) എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയും തുടരുന്നുണ്ട്. ഇതു സംബന്ധിച്ച് 9-5-2019-ലെ സ.ഉ.(സാധാ) 318/2019/നി.വ, 6-8-2019-ലെ ജി.ഒ. (എം.എസ്.) 122/2019/ആ.കു.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 6-8-2019-ലെ G.O.(Ms.) 122/2019/ആ.കു.വ. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) പ്രത്യേകമായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ഡേകെയർ ബേസിസിൽ ഡയാലിസിസ് നടത്തുന്നതിന് പദ്ധതിയുടെ സേവനം ലഭ്യമാണ്. സർക്കാർ/സ്വകാര്യ ആശുപത്രികൾക്കുപുറമെ, അപേക്ഷ സമർപ്പിച്ച യോഗ്യതയുള്ള ഡയാലിസിസ് കേന്ദ്രങ്ങളെയും എംപാനൽ ചെയ്തിട്ടുണ്ട്.

**ഹീമോഫീലിയ രോഗികൾക്കുള്ള സൗജന്യ ജീവൻരക്ഷാ മരുന്നുകൾ**

220 (2096) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന ജീവൻരക്ഷാ മരുന്നുകൾ നിലവിൽ ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് രോഗികൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലെമ്പാടും കാരുണ്യ ഫാർമസി മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറുകളുടെ വിതരണം നിലവിൽ തടസ്സപ്പെട്ടിട്ടില്ല. ഹീമോഫീലിയ രോഗബാധിതരായ 1058 രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആന്റി ഹീമോഫീലിക് ഫാക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. തുടർ ചികിത്സാർത്ഥം പ്രതിമാസം ശരാശരി 4502 യൂണിറ്റ് ഫാക്ടർ VIII, 463 യൂണിറ്റ് ഫാക്ടർ-IX, 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. മറ്റ് രോഗാവസ്ഥകളിൽനിന്നും വിഭിന്നമായി ചികിത്സയിൽ കഴിയുന്ന രോഗിയുടെ ശാരീരിക നിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി അനന്യസാധാരണമായുണ്ടാകുന്ന അടിയന്തര അത്യാഹിതങ്ങൾ (ആന്തരിക അവയവങ്ങൾ, സന്ധികൾ, തലച്ചോർ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന രക്തസ്രാവം) നിയന്ത്രണ വിധേയമാക്കാൻ മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കരുതൽ ശേഖരത്തിന് കഴിയാതെ വരുന്നതും പുതിയതായി കൂടുതൽ രോഗികൾ ഈ ഗണത്തിലേക്ക് ചേർക്കപ്പെടുന്നതും തുടർ ചികിത്സയിലിരിക്കുന്ന രോഗിക്ക് ശസ്ത്രക്രിയ പോലുള്ള ചികിത്സ നൽകേണ്ടുന്ന അവസരങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കണക്കുകൂട്ടലുകൾക്കതീതമായ ആവശ്യകതയും മരുന്ന കമ്പനിയുടെ ഭാഗത്തുനിന്നും മരുന്ന വിതരണവുമായി ബന്ധപ്പെട്ട കാലവിളംബവും കാരണം മരുന്നുകൾക്ക് അപൂർവ്വമായി നേരിയ ദൗർലഭ്യം നേരിട്ടിട്ടുണ്ട്.

## ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം

221 (2097) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും കാലാവസ്ഥാ ജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(സി) സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള ചികിത്സാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018, 2019 വർഷങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ, നിയന്ത്രണ കർമ്മപരിപാടിയായ 'ആരോഗ്യ ജാഗ്രത' വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായ പ്രവർത്തന കലണ്ടർ അനുസരിച്ച് ആരോഗ്യവകുപ്പ് നടപ്പിലാക്കി. തത്ഫലമായി 2017-നെ അപേക്ഷിച്ച് പനി, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികളും അവ മൂലമുള്ള മരണങ്ങളും ഈ രണ്ട് വർഷങ്ങളിലും കുറയ്ക്കുവാൻ സാധിച്ചു. ഈ സാഹചര്യത്തിൽ 2020-ലും ആരോഗ്യജാഗ്രത കൂടുതൽ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ഇതിനുള്ള തയ്യാറെടുപ്പുകൾ 2019 ഡിസംബറിൽ തന്നെ ആരംഭിച്ചു.

സംസ്ഥാനത്ത് നടപ്പിലായി വരുന്ന ആധുനികവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് ആൻഡ് സയൻസ് സ്റ്റഡീസും ആരോഗ്യവകുപ്പും സംയുക്തമായി നടത്തിയ പഠനത്തിൽ കേരളത്തിലെ മൂന്നിലൊരാൾക്ക് രക്താതിസമ്മർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവുമുള്ളതായി കണ്ടെത്തുകയുണ്ടായി.

ഈ അവസ്ഥ പ്രതിരോധിക്കുന്നതിനും സംസ്ഥാനം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീരോഗ നിയന്ത്രണപദ്ധതി ആരംഭിക്കുകയുണ്ടായി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ച ഈ പദ്ധതി 2016-17 -ഓടു കൂടി ജില്ലാ ജനറൽ- താലൂക്ക് ആശുപത്രികളെ കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ജീവിതശൈലീ രോഗ നിയന്ത്രണ സംസ്ഥാനമായി മാറി. ഇതിനോടൊപ്പം സംസ്ഥാന സർക്കാർ ആരംഭിച്ച ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ COPD (Chronic Obstructive Pulmonary Disease) നിയന്ത്രണത്തിനുള്ള ശ്വാസ് പദ്ധതി, നേത്രപടലാന്ധത (Diabetic Retinopathy) കണ്ടെത്തുന്നതിനുള്ള നയനാമൃതം പദ്ധതി, വിഷാദ രോഗം കണ്ടെത്തുന്നതിനുള്ള ആശ്വാസം പദ്ധതി,

ഡയബറ്റിക് ഫുട്ട് ക്ലിനിക്, Tobacco cessation clinic -കൾ എന്നിവ ഉൾപ്പെടുത്തി ജീവിതശൈലീരോഗങ്ങളുടെ സങ്കീർണ്ണതകൾ കൂടി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിസമ്മർദ്ദം എന്നീ രോഗങ്ങളുടെ നിയന്ത്രണ നിരക്ക് ഉയർത്തുന്നതിനായി ലോകാരോഗ്യ സംഘടനയുടെ സഹായത്തോടുകൂടി ഇന്ത്യ ഹൈപ്പർടെൻഷൻ കൺട്രോൾ ഇനിഷ്യേറ്റീവ് എന്ന പദ്ധതിയും ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണത്തിന് പോപ്പുലേഷൻ ബെയ്സ്ഡ് സ്ക്രീനിംഗ് എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾകൂടി ഉൾപ്പെടുത്തി സെക്കൻഡറി തല സേവനങ്ങൾ ഊർജ്ജിതമാക്കി.

കാലാവസ്ഥാ വ്യതിയാനംമൂലം ഇന്ന് നിരവധിയായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അന്തരീക്ഷത്തിലെ താപനില ഗണ്യമായി വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന സൺ സ്ട്രോക്ക് (സൂര്യാഘാതം), ഹീറ്റ് വേവ്സ് (ഉഷ്ണതരംഗങ്ങൾ), സൺബേൺസ് (സൂര്യതാപം മൂലമുള്ള പൊള്ളലുകൾ) എല്ലാം തന്നെ ഇന്ന് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയ മുതലായ പകർച്ചവ്യാധികളും മറ്റ് ജലജന്യരോഗങ്ങളും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വർദ്ധിച്ചുവരുന്നതായി കാണപ്പെടുന്നുണ്ട്. അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും (വെള്ളപ്പൊക്കം, വരൾച്ച) കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളായി വേണം നാം കണക്കാക്കേണ്ടത്.

നാഷണൽ പ്രോഗ്രാം ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് ഹ്യൂമൻ ഹെൽത്ത് എന്ന ദേശീയ പദ്ധതി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ആരംഭിച്ച കഴിഞ്ഞു.

ഈ പദ്ധതിയുടെ കീഴിൽ കേരളത്തിന്റെ പ്രശ്നങ്ങളും ആവശ്യകതയും മനസ്സിലാക്കിക്കൊണ്ട് ഒരു സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് ഹ്യൂമൻ ഹെൽത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

ചൂടുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടാൻ ഒരു പ്രത്യേക ഹീറ്റ് ആക്ഷൻ പ്ലാനും തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ എല്ലാം നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു സ്റ്റേറ്റ് എൻവയോൺമെന്റൽ ഹെൽത്ത് സെൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ എൻവയോൺമെന്റൽ ഹെൽത്ത് സെല്ലും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

വായു മലിനീകരണംമൂലമുണ്ടാകുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ നിരീക്ഷിക്കുന്നതിനും മനസ്സിലാക്കുന്നതിനുമായി ARI (Acute Respiratory illness) സർവെയലൻസ് എന്ന പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ജീവിതശൈലീരോഗ നിയന്ത്രണത്തിനായുള്ള എല്ലാ പദ്ധതികളും എല്ലാ ജില്ലകളിലും ഏകീകൃതമായാണ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ആർദ്രം പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയപ്പോൾ ജീവിതശൈലീ രോഗനിയന്ത്രണത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആഴ്ചയിൽ ആറ് ദിവസവും എൻസിഡി ക്ലിനിക്കുകൾ പ്രവർത്തിക്കുകയും ഒരു സ്റ്റാഫ് നഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഡോക്ടറെ കാണുന്നതിന് മുമ്പ് പ്രാഥമിക പരിശോധനകൾ നടത്തുന്ന പ്രീചെക്കപ്പ് സംവിധാനവും ഏർപ്പെടുത്തിക്കൊണ്ട് ജീവിതശൈലീരോഗനിർണ്ണയം ഊർജ്ജിതപ്പെടുത്തി ഗുരുതര ശ്വാസകോശരോഗമായ COPD നിയന്ത്രിക്കുന്നതിനുള്ള ശ്വാസ് ക്ലിനിക്ക്, വിഷാദരോഗം കണ്ടെത്തുന്നതിനുള്ള ആശ്വാസ് ക്ലിനിക്ക്, നേത്രപടലാന്ധത കണ്ടെത്തുന്നതിനുള്ള നയനാമൃതം ക്ലിനിക്ക്, Tobacco cessation ക്ലിനിക്ക് തുടങ്ങിയ പ്രത്യേക ക്ലിനിക്കുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു തുടങ്ങിയതോടെ പ്രാഥമികാരോഗ്യ തലത്തിൽ ജീവിതശൈലീ രോഗങ്ങളോടൊപ്പം അതിന്റെ സങ്കീർണ്ണതകളും നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സാധിക്കുന്നു. IHMI പദ്ധതി നിലവിൽ വന്നതോടെ ഓരോ പ്രമേഹ/രക്താതിസമ്മർദരോഗികളുടെയും line list ആശുപത്രിയിൽ സൂക്ഷിക്കുകയും കൃത്യമായ Follow up-ലൂടെ നിയന്ത്രണ നിരക്ക് ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ 6 മണി വരെ ഒ.പി. സമയം ദീർഘിപ്പിച്ചതോടെ തൊഴിലിടങ്ങളിൽ പോകുന്ന ജീവനക്കാർക്ക് ജീവിതശൈലീരോഗ ചികിത്സ തേടാൻ സൗകര്യപ്രദമായി എന്നതും ഈ പദ്ധതിയുടെ സവിശേഷതയാണ്.

## കാൻസർ പ്രതിരോധ മാർഗ്ഗങ്ങൾ

222 (2098) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ ബാധിതരുടെ എണ്ണവും ക്യാൻസർ ബാധിച്ചുള്ള മരണനിരക്കും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്വകാര്യ - സർക്കാർ ആശുപത്രികളിൽ പൊതുവായ ക്യാൻസർ ചികിത്സാ മാനദണ്ഡങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ആർ.സി.സി., കൊച്ചിൻ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയ സ്പെഷ്യാലിറ്റി ആശുപത്രികളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി ലോകോത്തര സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെയുള്ള ക്യാൻസർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാ മോ?

ഉത്തരം

(എ) സംസ്ഥാനത്ത് അർബ്ബുദരോഗം വർദ്ധിച്ചുവരുന്നതായാണ് നിലവിലുള്ള കാൻസർ രജിസ്ട്രികളിൽനിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. വർദ്ധിച്ചുവരുന്ന ഈ രോഗബാധിതരുടെ എണ്ണത്തിന് അനുസൃതമായി സർക്കാർ മേഖലയിൽ കാൻസർ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന/ദേശീയ കാൻസർ രോഗവിദഗ്ദ്ധരുടെയും ലോകാരോഗ്യ സംഘടനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു കേരള കാൻസർ സ്ട്രാറ്റജി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ കാൻസർ ചികിത്സയുടെ മികവിന്റെ

അടിസ്ഥാനത്തിൽ നാലായി തരം തിരിക്കുകയും ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ സർക്കാർ-സ്വകാര്യ മേഖലയിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പിനു കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തിവരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ചു ഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

അർബുദ ചികിത്സാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആർ.സി.സി.-യുടെ നേതൃത്വത്തിൽ സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കാൻസറിന്റെ പ്രതിരോധം, കാൻസർ എങ്ങനെ നേരത്തെ കണ്ടുപിടിക്കാം, ഇതിന്റെ ചികിത്സാ രീതികൾ എന്നിവയെല്ലാം ഇതിൽ പരിശീലന വിഷയങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ആർ.സി.സി-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ധാരാളം ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നുണ്ട്. ഇതിലൂടെ മുൻകൂർ കാൻസർ രോഗ നിർണ്ണയം എങ്ങനെ നടത്താം എന്നതിനെപ്പറ്റിയുള്ള വ്യക്തമായ അവബോധം നൽകിവരുന്നു.

ഇവ കൂടാതെ ഡോക്ടർമാർക്കിടയിൽ കാൻസർ-പ്രതിരോധ നിയന്ത്രണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ ഓരോ ജില്ലയിലെയും ഡോക്ടർമാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്കുള്ള പരിശീലനം ഇതിനോടകം നടത്തി.

തിരുവനന്തപുരം, റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് തലങ്ങളിൽ കാൻസർ, മുൻകൂർ കാൻസർ രോഗനിർണ്ണയം, പുകയിലജന്യ രോഗം എന്നിവയെക്കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധീനതയിലുള്ള എട്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കാൻസർ രോഗനിർണ്ണയത്തെക്കുറിച്ചും പുകയില, മറ്റ് ലഹരി ഉത്പന്നങ്ങൾ എന്നിവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുകയും ഇത്തരം ചില സ്കൂളുകളിൽനിന്നുള്ള എൻ.എസ്.എസ്. വോളന്റിയർമാർക്ക് റീജിയണൽ കാൻസർ സെന്റർ സന്ദർശിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു. അഭ്യർത്ഥന പ്രകാരം നിരവധി സ്കൂളുകളിൽ അവബോധ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

അർബുദ രോഗ നിയന്ത്രണത്തിനായി മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ വിവിധ സേവന സംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അർബുദ ബോധവല്ക്കരണ ക്ലാസ്സുകൾ, അർബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ (Early Cancer Detection Camp) ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതുജനങ്ങൾക്കായി മലബാർ കാൻസർ സെന്റർ നടത്തിവരുന്നുണ്ട്.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സമഗ്രമായ കാൻസർ നിയന്ത്രണ കണ്ടുപിടിത്ത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ ആരോഗ്യ ദൗത്യം, ജില്ലാ ആരോഗ്യ വകുപ്പ് എന്നിവയുമായി സഹകരിച്ച് കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള പരിശീലന പരിപാടി ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും നഴ്സുമാർക്കും നടപ്പിലാക്കികഴിഞ്ഞു. താലൂക്ക് തലത്തിൽ ആശുപത്രികളിൽ കാൻസർ ദശ എടുക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇവ പരിശോധിക്കുന്നതിനുള്ള കേന്ദ്രീകൃത പത്തോളജി ലാബ് കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിനുപരിയായി പുകവലിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ തലത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ സംസ്ഥാന ആരോഗ്യകുടുംബക്ഷേമവകുപ്പ് 2018-ൽ കാൻസർ കൺട്രോൾ സ്ട്രാറ്റജി വിഷൻ ഡോക്യുമെന്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിലെ ലക്ഷ്യങ്ങൾ

സാക്ഷാത്ക്കരിക്കുന്നതിലേക്കായി ഒരു കാൻസർ ട്രീറ്റ്മെന്റ് ഗൈഡ്ലൈൻസ് (ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ) അനിവാര്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാൻസർ ചികിത്സാ രംഗത്തുള്ള സർക്കാർ, സ്വകാര്യ മേഖലയിലുള്ള കാൻസർ വിദഗ്ദ്ധരുടെ നിരവധി ആലോചന യോഗങ്ങൾ നടത്തിക്കൊണ്ടും ESMO, NICE, NCCN എന്നീ അന്താരാഷ്ട്ര മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും സംസ്ഥാനത്ത് ഒരു കാൻസർ ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ 2019 മേയ് മാസം പ്രസിദ്ധപ്പെടുത്തി.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളും ഒരു ശൃംഖലയ്ക്കുള്ളിൽ അണിചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

(സി) ലോകോത്തര നിലവാരത്തിലുള്ള കാൻസർ ചികിത്സയാണ് ആർ.സി.സി-യിൽ നൽകിവരുന്നത്. കീമോതെറാപ്പി, റേഡിയോതെറാപ്പി, സർജറി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ചികിത്സാ സൗകര്യങ്ങൾ ആർ.സി.സി.-യിൽ ലഭ്യമാണ്.

കാൻസർ ചികിത്സയ്ക്കായി എല്ലാ ആധുനിക സാങ്കേതിക സൗകര്യങ്ങളും ആർ.സി.സി-യിൽ സജ്ജീകരിച്ചിട്ടുണ്ട്. പാലക്കാടും എറണാകുളവും ഉൾപ്പെടെയുള്ള ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് Tele Medicine പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയുള്ള അർബുദ ബോധനയജ്ഞം, മുൻകൂർ കാൻസർ നിർണ്ണയ പദ്ധതികൾ, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ, അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, (MD/Mch/DM), വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ, കാൻസർ രജിസ്ട്രി പ്രവർത്തനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സർവ്വകലാശാലകളുമായുള്ള പങ്കാളിത്തം, കാൻസർ ചികിത്സയിൽ മൾട്ടിഡിസിപ്ലിനറി ക്ലിനിക് തുടങ്ങി വിപുലമായ പദ്ധതികളിലൂടെ ആർ.സി.സി. അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നിരന്തര പ്രവർത്തനങ്ങളിലാണ്.

അർബുദ രോഗ ചികിത്സക്കായുള്ള ന്യൂക്ലിയാർ മെഡിസിൻ സംവിധാനം മലബാർ കാൻസർ സെന്ററിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കുട്ടികളിലെ അർബുദം ചികിത്സിക്കുവാനായി പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർവെൻഷൻ റേഡിയോളജി ലാബ് പ്രവർത്തനം ആരംഭിച്ചു.

(ഡി) കാൻസർ ബോധവൽക്കരണം ആരോഗ്യവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ചെലുത്തുന്ന മേഖലയാണ്. കാൻസർ ബാധിച്ചവർക്ക് രോഗത്തെക്കുറിച്ചുള്ള ഭയാശങ്കകൾ അകറ്റുന്നതിനും രോഗം വരാത്തവർക്ക് വരാതിരിക്കുന്നതിനുള്ള മുൻകരുതലുകളെക്കുറിച്ചുമാണ് പ്രധാനമായും ബോധവൽക്കരണം നടത്തിവരുന്നത്. ലഘുലേഖകൾ, പോസ്റ്ററുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ തുടങ്ങി ഹ്രസ്വചിത്രങ്ങൾ, സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചരണങ്ങൾ തുടങ്ങിയവയാണ് കാൻസർ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി പ്രധാനമായും ഉപയോഗിക്കുന്നത്.

ആർ.സി.സി. നേരിട്ടും വിവിധ സന്നദ്ധ സംഘടനകൾ വഴിയും പൊതുജന പങ്കാളിത്തത്തോടെ കാൻസർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. അവയിൽ കാൻസർ അപകട സാധ്യതയ്ക്ക് കാരണമായിട്ടുള്ള ശീലങ്ങളെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ, രോഗ പ്രതിരോധത്തിനും മുൻകൂർ രോഗനിർണ്ണയത്തിനുമുള്ള ബോധവൽക്കരണം, ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ സംഘടനകൾക്കുമുള്ള പരിശീലന പരിപാടികൾ, പരിശീലനം ലഭിച്ച ആശാവർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ്, കുടുംബശ്രീ പ്രവർത്തകർ എന്നിവർ മുഖേന സമൂഹത്തിൽ അർബുദത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ എത്തിക്കൽ എന്നിവ കാൻസർ രോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും വലിയൊരളവുവരെ സഹായകരമാകുന്നതാണ്.

മലബാർ കാൻസർ സെന്റർ പൊതുജന പങ്കാളിത്തത്തോടുകൂടി കണ്ണൂർ ഡിസ്ട്രിക്ട് കാൻസർ കൺസോർഷ്യം എന്ന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ഈ പദ്ധതിയിലൂടെ കണ്ണൂർ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ജില്ലാ കാൻസർ നിയന്ത്രണ പരിപാടി നടപ്പിലാക്കുവാനും കുടുംബശ്രീയിലെ കമ്മ്യൂണിറ്റി ഹെൽത്ത് എഡ്യൂക്കേഷൻ വോളണ്ടിയർമാർക്കും ആശാ വർക്കേഴ്സ് തുടങ്ങിയവർക്ക് സമൂഹത്തിൽ കാൻസറുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പരിശീലനം നൽകുവാനും, ജെ.പി.എച്ച്.എൻ.മാർക്ക് കാൻസർ പ്രാരംഭഘട്ടത്തിൽ നിർണ്ണയിക്കുന്നതിനായി പരിശീലനം നൽകുവാനും ഈ പദ്ധതിയിലൂടെ സഹായകമാകും. കണ്ണൂർ ജില്ലയിൽനിന്ന് 3 പഞ്ചായത്തുകളും (കണ്ണപുരം, പരിയാരം, ധർമ്മടം) പൈലറ്റ് പരിശോധനക്കായി കാസർഗോഡ് ജില്ലയിലെ (നീലേശ്വരം) ഒരു പഞ്ചായത്തും തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

## കുറുംകോട്ട ദ്വീപിൽ പുതിയ ഹെൽത്ത് സബ് സെന്റർ

223 (2099) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം 150-ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കുറുംകോട്ട ദ്വീപ് നിവാസികൾ ചികിത്സയ്ക്കായി അനുഭവിച്ചുപോരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒരു ഹെൽത്ത് സബ് സെന്റർ സ്ഥാപിക്കുന്നതിനോ മൊബൈൽ ഹെൽത്ത് ക്ലിനിക്കിന്റെ സേവനം ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് പട്ടികജാതി-പട്ടികവർഗ്ഗ മന്ത്രിക്ക് 21-11-2019-നു സമർപ്പിച്ചതും പ്രസ്തുത ഓഫീസിൽ നിന്നും 1-12-2019-ന് 1140/വിഐപി/എം(എസ്.സി/എസ്.ടി.,ബി.സി.,ലോ&സി)2019 നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പുമന്ത്രിക്ക് നൽകിയതുമായ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്നതും ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതുമായ കുറുംകോട്ട ദ്വീപിൽ 92 പട്ടിക ജാതി കുടുംബങ്ങളാണുള്ളത്. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലെ ചിറ്റൂർ ഫെറിയിൽ ആരോഗ്യ വകുപ്പിന്റെ ഒരു സബ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി സബ് സെന്ററിൽനിന്നും ഏകദേശം 4 കി.മീ. ദൂരത്തിലാണ് പ്രസ്തുത ദ്വീപ് സ്ഥിതി ചെയ്യുന്നത്. നിലവിൽ 5000 ജനസംഖ്യയ്ക്കാണ് ഒരു സബ് സെന്റർ അനുവദിക്കപ്പെടുന്നത്. ഇതുസംബന്ധിച്ച് ബഹു. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ആഫീസിൽനിന്നും 2-11-2019-ലെ ഇ.3960369/2019 എന്ന മേലെഴുത്ത് കത്ത് പ്രകാരം ദ്വീപ് നിവാസികൾ ഒരു ഹെൽത്ത് സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനം ലഭിക്കുകയും എറണാകുളം ജില്ലാ മെഡിക്കൽ ആഫീസിലെ 11-11-2019-ലെ ഡി1/21030/19 കത്ത് പ്രകാരം ഇതുസംബന്ധിച്ച് വിശദ റിപ്പോർട്ട് സമർപ്പിക്കുവാൻ ചേരാനെല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ദ്വീപിലെ ആകെ ജനസംഖ്യ, ദ്വീപിലെ നിലവിലെ ആരോഗ്യ സംവിധാനം, സബ് സെന്റർ അനുവദിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുവാൻ സാധിക്കുമോ എന്നീ വസ്തുതകൾ പരിശോധിച്ച് സമഗ്ര റിപ്പോർട്ടും ആവശ്യമെങ്കിൽ പ്രൊപ്പോസലും സമർപ്പിക്കുവാൻ ചേരാനെല്ലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പത്തനംതിട്ട ജില്ലയിലെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

224 (2100) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി എത്ര മൊബൈൽ മെഡിക്കൽ യൂണിറ്റുകളാണ് (എം.എം.യു.) ഉള്ളത്; വ്യക്തമാക്കുമോ;

(ബി) ആദിവാസി പിന്നാക്കവിഭാഗങ്ങളിലുള്ളവർ വളരെക്കൂടുതലുള്ള കോന്നി നിയോജകമണ്ഡലത്തിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് (എം.എം.യു.) കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി-പെരുനാട്, സീതത്തോട്, കോന്നി എന്നിവിടങ്ങളിലായി 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ യൂണിറ്റിലും ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നിവരടങ്ങുന്ന ടീം ആണുള്ളത്.

(ബി) കോന്നി നിയോജകമണ്ഡലത്തിൽ നിലവിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നതിനാൽ ഒരു എം.എം.യു. കൂടി അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ആശുപത്രികളിലെ മരുന്ന് പാഴാക്കൽ

225 (2101) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ആശുപത്രികളിൽ മരുന്ന് പാഴാക്കിയും ഉപയോഗശൂന്യമാക്കിയും കളയുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) ഇപ്രകാരമുള്ള സാഹചര്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ആശുപത്രികൾക്കാവശ്യമായ സൗജന്യ ജനറിക് മരുന്നുകൾ ഇൻഡന്റിന് അനുസൃതമായി വിതരണം നടത്തുന്നത് കേന്ദ്രീകൃത സോഫ്റ്റ് വെയറായ ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (ഡി.ഡി.എം.എസ്)

മുഖേനയാണ്. ടി സംവിധാനത്തിലൂടെ ആശുപത്രികൾ സ്വീകരിക്കുന്നതും മടക്കി നൽകുന്നതും ആശുപത്രി സ്റ്റോക്കിൽ സൂക്ഷിക്കുന്നതുമായ മരുന്നുകളുടെ ബാച്ച് നമ്പർ, ഉൽപ്പാദന തീയതി, കാലാവധി തീരുന്ന തീയതി തുടങ്ങിയ വിശദാംശങ്ങൾ കോർപ്പറേഷന്റെ ആസ്ഥാന കാര്യാലയം, ജില്ലാ മരുന്നു സംഭരണശാലകൾ, ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽനിന്ന് നിരീക്ഷിക്കുന്നതിന് സാധിക്കുന്നു.

സ്ഥാപനത്തിൽ സ്റ്റോക്കുള്ള മരുന്നുകളുടെ കാലാവധി അവസാനിക്കുന്നതിന് ആറുമാസം മുമ്പുതന്നെ ടി മരുന്നുകളുടെ പട്ടികയും, സ്റ്റോക്ക് അളവും, ടി മരുന്നുകൾ ഇരിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ കേന്ദ്രീകൃത സോഫ്റ്റ് വെയറായ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ച് മുന്നറിയിപ്പ് നൽകുകയും അതിലൂടെ ഉപഭോഗം കുറഞ്ഞ ടി മരുന്നുകൾ ആവശ്യമായ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ബന്ധപ്പെട്ട മരുന്നു സംഭരണ കേന്ദ്രങ്ങൾ മുഖേനയോ, നേരിട്ടോ ഉള്ള പരസ്പര കൈമാറ്റത്തിലൂടെ വിതരണം നടത്തി, അത്തരം മരുന്നുകൾ കാലഹരണപ്പെടുന്ന സാഹചര്യം ഫലപ്രദമായി ഒഴിവാക്കുന്നതും ഇത്തരത്തിലുള്ള നിരീക്ഷണങ്ങളിലൂടെ മരുന്നുകളുടെ ഉപഭോഗം കാര്യക്ഷമമാക്കാൻ സാധിക്കുന്നതുമാണ്.

**പുറമ്പോക്കിൽ താമസിച്ചിരുന്ന കുട്ടികൾ മണ്ണ് വാരിതിന്നുവെന്ന വാർത്ത**

226 (2102) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിച്ചിരുന്ന കുട്ടികൾ വിശപ്പ് അടക്കാൻ മണ്ണ് വാരിതിന്നുവെന്ന വാർത്ത സംസ്ഥാനത്ത് നിലനിൽക്കുന്ന അതീവ ഗുരുതര സാഹചര്യത്തിലേയ്ക്കുള്ള സൂചകമാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വിഷയത്തിൽ ശിശുക്ഷേമ സമിതി സ്വീകരിച്ച നിലപാട് എന്തായിരുന്നു;

(സി) വിവരങ്ങൾ അന്വേഷിക്കാതെ, ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് അനുസരിച്ച് ശിശുക്ഷേമ സമിതി വിഷയത്തിൽ എടുത്തുചാടി നടപടി സ്വീകരിച്ചതായി വിലയിരുത്തുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറിക്ക് സ്ഥാനം രാജിവയ്ക്കേണ്ടിവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് നടത്തിയ വിശദമായ അന്വേഷണത്തിൽ പ്രസ്തുത വാർത്ത തെറ്റായിരുന്നുവെന്നും കുട്ടികൾ മണ്ണ് തിന്നേണ്ട ഒരു സാഹചര്യം നിലനിൽക്കുന്നില്ല എന്നും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ബാലാവകാശ കമ്മീഷനും നടത്തിയ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) വിഷമസന്ധികളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ സഹായം എത്തിക്കുന്നതിനുവേണ്ടി സംസ്ഥാന ശിശുക്ഷേമ സമിതി നടപ്പിലാക്കിവരുന്ന 'തണൽ' - കുട്ടികളുടെ അഭയ കേന്ദ്രം 1517 എന്ന ടോൾ ഫ്രീ നമ്പരിലേക്ക് കൈതമുക്കിൽ 6 കുട്ടികൾ കടുത്ത ദാരിദ്ര്യത്തിലാണെന്നും കുട്ടികളുടെ പിതാവ് മദ്യപിച്ചെത്തി കുട്ടികളെ നിരന്തരം ശാരീരികമായി ഉപദ്രവിക്കുന്നുവെന്നും കാൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ 3 മാസം മുതൽ 7 വയസ്സ് വരെ പ്രായമുള്ള 6 കുട്ടികളും അമ്മയും അച്ഛനും ഉൾപ്പെടുന്ന കുടുംബം വളരെ അനാരോഗ്യകരമായ ചുറ്റുപാടിൽ താമസിക്കുന്നതായി മനസ്സിലാക്കി. കുട്ടികളെ സംസ്ഥാന ശിശുക്ഷേമ സമിതി ഏറ്റെടുക്കണമെന്ന് കുട്ടികളുടെ അമ്മ ആവശ്യപ്പെടുകയും ആയതിലേക്കുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു. സ്ഥിതി മനസ്സിലാക്കിയ കേരള സംസ്ഥാന ശിശുക്ഷേമ സമിതി ആ കുടുംബത്തിന് അടിയന്തര സഹായമെത്തിച്ചുകൊടുത്തു. കുട്ടികളുടെ പിതാവ് മദ്യപിച്ചെത്തി കുട്ടികളെയും അമ്മയെയും ക്രൂരമായി മർദ്ദിക്കാറുണ്ടെന്ന് പരിസരവാസികളും കുട്ടികളുടെ ബന്ധുക്കളും തണൽ 1517- ൽ നൽകിയ പരാതി പരിഗണിച്ച് ഡി.ജി.പി.ക്കും സമിതി കത്ത് നൽകിയിട്ടുണ്ട്. കുട്ടികളെ ശിശുക്ഷേമ സമിതി ഏറ്റെടുക്കണമെന്ന അമ്മയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, കുട്ടികളെ ഏറ്റെടുക്കുന്നതിന് ഉത്തരവാകണമെന്ന് കാണിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കത്ത് നൽകി. ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ (സി.ഡബ്ല്യൂ.സി.) നിർദ്ദേശപ്രകാരം ഡി.സി.പി.യു. ജീവനക്കാർ 4 കുട്ടികളെ ശിശുക്ഷേമ സമിതിയിൽ കൊണ്ടുവന്ന് ഏൽപിച്ചു. തൊട്ടടുത്ത ദിവസം സി.ഡബ്ല്യൂ.സി-യിൽ നിന്നും ഫോൺ മുഖേന ആവശ്യപ്പെട്ടതനുസരിച്ച് കുട്ടികളെ പൂജപ്പുര സി.ഡബ്ല്യൂ.സി-യിൽ ഏൽപ്പിച്ചിട്ടുണ്ട്.

(സി) തണൽ 1517 ടോൾ ഫ്രീ നമ്പറിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പ്രാഥമിക അന്വേഷണം നടത്തിയതിന്റെയും കുട്ടികളുടെ അമ്മ സമർപ്പിച്ച അപേക്ഷയുടെയും

അടിസ്ഥാനത്തിലാണ് സംസ്ഥാന ശിശുക്ഷേമ സമിതി മേൽ പരാമർശിച്ച നടപടികൾ സ്വീകരിച്ചത്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നിയമാവലി ചട്ടം 55 (b) അനുസരിച്ച് രാജിവയ്ക്കുന്നതായി ജനറൽ സെക്രട്ടറി അറിയിച്ചിരുന്നു.

## 'ഹൃദ്യം', 'ആരോഗ്യകിരണം' പദ്ധതികൾ

227 (2104) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹൃദ്യം', 'ആരോഗ്യകിരണം' പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ, സ്വകാര്യ ആശുപത്രികളിലാണ് ചികിൽസാ സൗകര്യമുള്ളത് എന്നറിയിക്കാമോ;

(ബി) 2019 വർഷത്തിൽ ഈ പദ്ധതി പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ നൽകിയ തുക, സർക്കാർ നൽകാനുള്ള കുടിശ്ശിക എന്നിവ എത്രയെന്ന് ആശുപത്രി തിരിച്ച് അറിയിക്കാമോ;

(സി) സർക്കാർ കുടിശ്ശിക തീർക്കാത്തത് മൂലം സ്വകാര്യ ആശുപത്രികൾ, മേൽ പദ്ധതികൾ പ്രകാരം ചികിൽസയ്ക്ക് വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 'ഹൃദ്യം' 18 വയസ്സുവരെയുള്ള കുട്ടികളുടെ ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയ്ക്കായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ്. കുട്ടികളുടെ ഹൃദ്രോഗചികിത്സയ്ക്ക് സർജറി ചെയ്യുന്ന സർക്കാർ ആശുപത്രികളായ ശ്രീ ചിത്ര, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നീ സർക്കാർ ആശുപത്രികളിലും, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി, ആസ്റ്റർ മെഡിസിറ്റി, കൊച്ചി, ലിസ്സി ഹോസ്പിറ്റൽ, എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല, മിംസ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ടി പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതി വഴി സംസ്ഥാന സർക്കാർ ആശുപത്രികളിൽനിന്ന് മാത്രമെ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളൂ. ആരോഗ്യ കിരണം പദ്ധതിക്കായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടില്ല.

(ബി) 2019 ഏപ്രിൽ മുതൽ 2020 ജനുവരി 31 വരെ ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹെൽത്ത് മിഷൻ സ്വകാര്യ ആശുപത്രികളായ അമൃത ആശുപത്രി എറണാകുളം, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ആസ്റ്റർ മെഡിസിറ്റി കൊച്ചി, മിംസ് ആശുപത്രി കോഴിക്കോട്, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല എന്നീ ആശുപത്രികൾക്കായി ആകെ 6,82,99,088 രൂപ നൽകിയിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇ- ഹെൽത്ത് സംവിധാനം

228 (2105) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയ ആശുപത്രികളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) പ്രാവർത്തികമാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധ ശ്രേണിയിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട 13 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിത്തുടങ്ങിയതെങ്കിലും നിലവിൽ വിവിധ ജില്ലകളിലായി 90 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധം * ആയി ചേർത്തിരിക്കുന്നു). ഇതിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 22 ആശുപത്രികൾ പൂർണ്ണമായും കടലാസ്സരഹിതമായാണ് പ്രവർത്തിക്കുന്നത് (വിശദാംശങ്ങൾ അനുബന്ധം* ആയി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർത്തിരിക്കുന്നു). തിരുവനന്തപുരം ജില്ലയിലെ ശേഷിക്കുന്ന 83 സർക്കാർ ആശുപത്രികളിൽ 26 എണ്ണത്തിൽ ഇ-ഹെൽത്തിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധം * ആയി ചേർത്തിരിക്കുന്നു). സംസ്ഥാനത്തൊട്ടാകെ ആർദ്രം പദ്ധതിയിൽപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള 170 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഇതിൽ ചില ആശുപത്രികെട്ടിടങ്ങൾ വെള്ളപ്പൊക്കത്തിൽ തകർന്നുപോയതിനെ തുടർന്ന് പുനർനിർമ്മാണം നടന്നുവരുന്നതിനാലും, ചില ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നതിനാലും അത്തരം സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇതിനുപകരമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ മറ്റ് ആശുപത്രികളിൽ ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം * ആയി ചേർത്തിരിക്കുന്നു). നിർമ്മാണ ജോലികൾ നടന്നുവരുന്നതിനാൽ താൽക്കാലികമായി ഒഴിവാക്കപ്പെട്ട ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, തടസ്സരഹിത വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, അത്യന്താധുനിക കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ആശുപത്രികളുടെ നിലവാരത്തിനും ഘടനയ്ക്കുമനുസരിച്ച് ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള 128 ആശുപത്രികളിൽക്കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ് (വിശദാംശങ്ങൾ അനുബന്ധം * ആയി ചേർത്തിരിക്കുന്നു). ഇതിനുപറമേ 301 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽക്കൂടി ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കൊല്ലം ജില്ലയിലെ പാരിപ്പള്ളി മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽകോളേജിലും ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗങ്ങളിൽ ആർദ്രം പദ്ധതിയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭാഗമായി രോഗീസൗഹൃദമായി വികസിപ്പിച്ചിട്ടുള്ള ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം, ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ഐ.പി. വിഭാഗത്തിൽകൂടി ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെട്ട കണ്ണൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് 7.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) ആധാർ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ താമസസ്ഥലവുമായി ബന്ധപ്പെടുത്തിയുള്ള അടിസ്ഥാന വിവരശേഖരണത്തിന് പരിശീലനം സിദ്ധിച്ച 9500 ആരോഗ്യ പ്രവർത്തകർക്ക് ഓരോ ടാബ്ലെറ്റ് കംപ്യൂട്ടറും മതിയായ പരിശീലനവും നൽകി നടത്തിയ സർവ്വെയിലൂടെ 2.58 കോടി ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഓരോ വ്യക്തിയും സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന മുറയ്ക്ക് ഒരു വ്യതിരക്ത തിരിച്ചറിയൽ നമ്പർ നൽകുന്നു. ഒരു വ്യക്തിക്ക് ഒരു Electronic Medical Record (E.M.R) എന്ന പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി ജനങ്ങളുടെ Electronic Health Record (E.H.R) സൃഷ്ടിക്കപ്പെടുമെന്നതും ശ്രദ്ധേയമാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവരുന്ന വ്യക്തി പ്രസ്തുത കാർഡുമായി വന്നാൽ ഉടനെതന്നെ ഡോക്ടറെ കാണുന്നതിനുള്ള ഊഴം നിശ്ചയിച്ച് ഒരു ടോക്കൺ നമ്പർ നൽകുന്നു. അതോടെ വ്യക്തിഗത വിവരങ്ങളുമായി ചികിത്സ ബന്ധിപ്പിക്കുന്നതിന് കഴിയുന്നു. ഒരേ പേരിലും, അഡ്രസ്സിലും പ്രായത്തിലും ഉള്ള ഒട്ടനവധി വ്യക്തികൾ സംസ്ഥാനത്ത് പലയിടത്തായി ഉണ്ടാകാമെങ്കിലും ആധാറുമായി ബന്ധിപ്പിച്ച കാർഡ് (UHIDCard) നൽകുന്നതിലൂടെ ചികിത്സ തേടുന്ന വ്യക്തിയെ സംബന്ധിച്ച ആധികാരികത ഉറപ്പാക്കുന്നു. ഡോക്ടറെ കാണുന്നതിന് മുമ്പായി നഴ്സിംഗ് സ്റ്റേഷനിൽ അടിസ്ഥാന രോഗ വിവരങ്ങളും, മുൻ ചികിത്സകളും അലർജിയോ മറ്റോ ഉണ്ടെങ്കിൽ അതും മറ്റ് പ്രധാന വിവരങ്ങളും നിലവിലെ രോഗ ലക്ഷണങ്ങളും മുൻകൂട്ടി രേഖപ്പെടുത്തിക്കിട്ടുന്നതിലൂടെ രോഗ നിർണ്ണയവും ചികിത്സയും വേഗത്തിലും കൂടുതൽ കൃത്യതയോടെയും നിർവ്വഹിക്കാൻ ഡോക്ടർമാർക്ക് കഴിയുന്നതാണ്. വിവിധ ലാബ്ടെസ്റ്റ് റിപ്പോർട്ടുകൾ, എക്സ്റേ, ഇ.സി.ജി., സി.ടി.സ്കാൻ, എം.ആർ.ഐ. സ്കാൻ എന്നീ റിപ്പോർട്ടുകൾ ഓൺലൈൻ

ആയിത്തന്നെ ലഭിക്കുമെന്നതും ഇ-ഹെൽത്തിന്റെ പ്രത്യേകതയാണ്. പ്രായം ചെന്നവർക്കും നിരന്തരം വൈദ്യപരിശോധനയും മരുന്ന് കഴിക്കലും വേണ്ടിവരുന്നവർക്കും അവരുടെ ചികിത്സാ രേഖകൾ കൊണ്ടുനടക്കാനും സൂക്ഷിച്ചുവെയ്ക്കാനും സാധിക്കാതെ വരുന്നുണ്ട്. ഒരിക്കൽ നൽകിയിട്ടുള്ള വ്യതിരക്ത ഒ.പി.നമ്പർ കൊണ്ടുവന്നാൽ മുൻകാല ചികിത്സാ രേഖകൾ ഡോക്ടറുടെ കമ്പ്യൂട്ടറിൽ ലഭ്യമാകുമെന്നതിനാൽ രോഗികൾക്ക് ഇ-ഹെൽത്ത് പദ്ധതി വലിയ അനുഗ്രഹം തന്നെയാണ്. രോഗികൾക്ക് ഡോക്ടറെ കാണുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിന് ഫലപ്രദമായ ക്യൂ-മാനേജ്മെന്റ് സിസ്റ്റം ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ഓൺലൈൻ ഒ.പി. രജിസ്ട്രേഷൻ, ഒ.പി. ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ് എന്നീ സംവിധാനങ്ങൾ ഇതിനകം ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ ലഭ്യമാണ്. ജിസ്ട്രേഷൻ കൗണ്ടർ മുതൽ രോഗചികിത്സ വരെയുള്ള എല്ലാ മേഖലകളിലും ചിട്ടയും അച്ചടക്കവും കൂടുതൽ ഫലപ്രദമായതോടെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിഭാരം കുറയുകയും രോഗികൾക്ക് അസൗകര്യങ്ങളില്ലാതെ കൃത്യമായി ചികിത്സ തേടാൻ കഴിയുന്നുമുണ്ട്. ഭാവിയിൽ ഇ-ഹെൽത്ത് സംവിധാനമുള്ള എല്ലാ ആശുപത്രികളും കടലാസ്സ് രഹിത സേവനപാതയിൽ എത്തിക്കാനുള്ള പരിശ്രമങ്ങളാണ് നടന്നുവരുന്നത്. സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള 90 ആശുപത്രികളിൽ 35 എണ്ണം കടലാസ്സരഹിത ആശുപത്രികളാണ്. National Informatics Centre (NIC) രൂപപ്പെടുത്തി ഇന്ത്യയിലെമ്പാടുമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള "e-Hospital" സംവിധാനത്തിൻ കീഴിൽ ആകെ 240 ആശുപത്രികളാണ് ചെറിയ തോതിലെങ്കിലും പ്രവർത്തിക്കുന്നത് എന്ന് വരുമ്പോൾ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ അടിസ്ഥാന രേഖയാക്കി രോഗനിർണ്ണയവും ചികിത്സയും പ്രദാനം ചെയ്യുന്ന ലോകത്തിലെ തന്നെ അദ്വിതീയമായ ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ശ്ലാഘനീയ പുരോഗതി കൈവരിച്ചിട്ടുണ്ട്.

(സി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ കെട്ടിടം ആവശ്യമാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും അവയെ ബ്രോഡ്ബാൻഡ് മുഖേന സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിച്ച് അഞ്ചു വർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാറും (AMC) ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനും, ഓരോ ആശുപത്രികളിലെയും എല്ലാ വിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും ഇ-ഹെൽത്ത് സോഫ്റ്റ് വെയർ

ഉപയോഗിക്കുന്നതിൽ പരിശീലനം നൽകി സാങ്കേതിക സഹായത്തിന് വിദഗ്ധരുടെ സേവനവുംകൂടി ഉറപ്പാക്കുന്നതിനും ഭാരിച്ച സാമ്പത്തിക ചെലവ് വേണ്ടിവരും. ആയതിനാൽ തെരഞ്ഞെടുക്കപ്പെട്ട ഇ-ഹെൽത്ത് ജില്ലകൾക്ക് പുറമേ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിലും മുൻഗണനാ ക്രമത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## എസ്.എം.എ.പി. ചികിത്സാ സഹായ പദ്ധതി

229 (2106) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (എസ്.എം.എ.പി.) മുഖാന്തരം ചികിത്സാ സഹായത്തിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(ബി) നിലവിൽ എസ്.എം.എ.പി.മുഖാന്തരം എത്ര അപേക്ഷയാണ് തീർപ്പ് കാത്ത് കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ടി അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) എസ്.എം.എ.പി. യിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നിലവിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) എസ്.എം.എ.പി.ൽ 2019 ഡിസംബർ വരെ ലഭ്യമായ അപേക്ഷകളിൽ എല്ലാ അനുബന്ധരേഖകളോടും കൂടിയ 337 അപേക്ഷകളാണ് ഇനി തീർപ്പു കൽപ്പിക്കാനുള്ളത്. കൂടാതെ 177 അപേക്ഷകളിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അപേക്ഷകർക്ക് തുക നൽകാൻ സാധിച്ചിട്ടില്ല.

(സി) 2019-20 സാമ്പത്തിക വർഷത്തിൽ 5.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,50,00,053 രൂപ (മൂന്ന് കോടി അൻപത് ലക്ഷത്തി അൻപത്തി മൂന്ന് രൂപ) രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 514 അപേക്ഷകൾ തീർപ്പു കൽപ്പിക്കാനുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മാതൃ വന്ദന യോജന പദ്ധതി**

230 (2107) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യ പ്രസവത്തിന് 5000 രൂപ ധനസഹായം ലഭ്യമാക്കുന്ന മാതൃ വന്ദന യോജന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട അമ്മമാർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്;

(സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും തുക അനുവദിക്കാറുണ്ടോ; എങ്കിൽ 2019-20- ൽ എന്ത് തുകയാണ് അനുവദിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) ആദ്യ പ്രസവത്തിന് 5,000 രൂപ ധനസഹായം നൽകുന്ന പ്രധാനമന്ത്രി മാതൃ വന്ദന യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 1-1-2017 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 1000, 2000, 2000 എന്നിങ്ങനെ 3 ഗഡുക്കളായി തുക അനുവദിക്കുന്നു. ഗർഭാവസ്ഥ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ആദ്യ ഗഡുവും 6 മാസത്തിനകം ആദ്യ വൈദ്യ പരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമായാൽ 2-ാം ഗഡുവും പ്രസവശേഷം കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യുകയും ആദ്യ കുത്തിവയ്പുകൾ പൂർത്തിയാക്കി അപേക്ഷിച്ചാൽ 3-ാം ഗഡുവും ലഭിക്കും. അങ്കണവാടി കേന്ദ്രങ്ങളിൽനിന്നും അപേക്ഷാ ഫോമുകൾ ലഭിക്കുന്നതാണ്.

(ബി) കേന്ദ്ര, സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, മേൽ/തത്തുല്യ ആനുകൂല്യം നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം ലഭിക്കുന്ന ജീവനക്കാർ ഒഴികെയുള്ള എല്ലാ ആദ്യ ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ചെലവിന്റെ 60% തുക കേന്ദ്ര ഗവൺമെന്റാണ് നൽകിവരുന്നത്. 2019-20-ൽ കേന്ദ്ര സർക്കാർ PMMVY ബെനിഫിറ്റ് നൽകുന്നതിനായി കേന്ദ്രവിഹിതമായി 54,19,86,000 രൂപയും Admin Expense ഇനത്തിൽ 71,06,000 രൂപയും ഫ്ലക്സി ഫണ്ടിനത്തിൽ 6,20,00,000 രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.

**കാഴ്ച പദ്ധതി**

231 (2108) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പരിമിതി ഉള്ളവർക്കായി സർക്കാർ നടപ്പാക്കുന്ന 'കാഴ്ച' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 1000 കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോണും ഉപയോഗത്തിന്റെ പരിശീലനവും നൽകുന്ന പദ്ധതിയാണിത്. ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകൾ ഉപയോഗിച്ച് ടിയാളുകളുടെ ചുറ്റുപാടുള്ള സാഹചര്യങ്ങൾ ഒരു പരിധിവരെ അറിയുന്നതിനും ദൈനംദിന ജീവിതത്തിന് ആവശ്യമായ കാര്യങ്ങൾ, പണം സംബന്ധമായ ഇടപാടുകൾ, വിദ്യാഭ്യാസം, വിനോദം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഓൺലൈൻ മുഖാന്തരം ലഭ്യമാകുന്ന അവസ്ഥയിൽ കാഴ്ച വെല്ലുവിളി നേരിടുന്നവർക്കുകൂടി മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് ആൻഡ്രോയിഡ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഉപകരണങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുക.
2. പുത്തൻ സാങ്കേതികവിദ്യകളിൽ കാഴ്ചയില്ലാത്ത വ്യക്തികൾക്ക് അറിവും അഭിരുചിയും വളർത്തുക.
3. ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ കാഴ്ച പരിമിതികൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ കഴിയുന്നത്ര മറികടക്കുക.

4. കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികളിൽ ആത്മവിശ്വാസവും പ്രത്യാശയും വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുക.

5. വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക.

6. സമൂഹത്തിൽ കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികളെക്കുറിച്ച് മെച്ചപ്പെട്ട അവബോധം വളർത്തുക.

7. പരിശീലനത്തോടൊപ്പം സ്മാർട്ട് ഫോൺകൂടി ലഭ്യമാക്കുക.

## ആരോഗ്യവകുപ്പിന് കീഴിലുള്ള ചികിത്സാ സഹായ പദ്ധതികൾ

232 (2110) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ എന്തെല്ലാം ചികിത്സാ സഹായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഓരോന്നിനും എന്തു തുക സാമ്പത്തിക സഹായമായി ലഭിക്കുന്നുണ്ട്; ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരത്തിലുള്ള ചികിത്സാ സഹായം ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയിലും അപേക്ഷ സമർപ്പിക്കുന്നതിന് വരുമാന പരിധി നിഷ്കർച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാരക രോഗങ്ങളാൽ അവശതയനുഭവിക്കുന്ന രോഗികൾക്ക് ആശുപത്രിയിൽ അവരെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പിന്റെ കീഴിൽ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പൂവർ' മുഖേന ധനസഹായം നൽകിവരുന്നു. കൂടാതെ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കാരുണ്യ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി (KASP) നടപ്പിലാക്കിവരുന്നു. കാൻസർ രോഗബാധിതരായുള്ള രോഗികൾക്ക് എല്ലാ സാമ്പത്തിക വർഷവും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാൻസർ രോഗ ചികിത്സാ ധനസഹായവും കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി കുഷ്ഠരോഗം ബാധിച്ചവർക്ക് സാമ്പത്തിക മാനദണ്ഡങ്ങൾക്ക് വിധേയമായി ചികിത്സാ കാലയളവിൽ സാമ്പത്തിക സഹായവും നൽകിവരുന്നു.

ജനനീ ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ)

ജനനീ ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ) പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

ഈ പദ്ധതി പ്രകാരം ഗർഭിണികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.)

ഈ പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സാധാരണയായി കണ്ടുവരുന്ന 30 രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നു.

ആരോഗ്യ കിരണം

18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ.)

പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന ധനസഹായം നൽകുന്നു.

ഗ്രാമ പ്രദേശങ്ങളിൽ - 700 രൂപ (എഴുന്നൂറ് രൂപ)

നഗര പ്രദേശങ്ങളിൽ - 600 രൂപ (അറുന്നൂറ് രൂപ)

ഇതുകൂടാതെ വീടുകളിൽ നടക്കുന്ന പ്രസവത്തിന് - 500 രൂപ (അഞ്ഞൂറ് രൂപ)

(ബി) മാരക രോഗങ്ങളാൽ അവശതയനുഭവിക്കുന്നവരും സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ദി പൂവർ അംഗീകരിക്കുന്ന രോഗമുള്ളവരുമായവർക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി 50,000 രൂപവരെ ധനസഹായം അനുവദിച്ചുവരുന്നു. ആശുപത്രികൾ മുഖേനയല്ല ധനസഹായം അനുവദിക്കുന്നത്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നുമാണ് ധനസഹായം അനുവദിക്കുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗമാകുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് പ്രതിവർഷം അഞ്ചുലക്ഷം രൂപയുടെ ചികിത്സാ സഹായമാണ് നൽകുന്നത്.

കാരുണ്യ ചികിത്സാ പദ്ധതിയിൽ അംഗമായ സ്വകാര്യ ആശുപത്രികളിലും എല്ലാ സർക്കാർ ആശുപത്രികളിലും ടി ചികിത്സാ സഹായം ലഭ്യമാണ്.

പ്രതിമാസം 1,000 രൂപ നിരക്കിലാണ് കാൻസർ ചികിത്സാ ധനസഹായം നോൺ പ്ലാൻ ഫണ്ടുവഴി നൽകിവരുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതിയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർബുദ രോഗികളായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ) പ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ 700 രൂപയും (എഴുന്നൂറ് രൂപ), നഗര പ്രദേശങ്ങളിൽ - 600 രൂപയും (അറുന്നൂറ് രൂപ) ധനസഹായം നൽകുന്നു. ഇതുകൂടാതെ വീടുകളിൽ നടക്കുന്ന പ്രസവത്തിന് - 500 രൂപയും (അഞ്ഞൂറ് രൂപ) നൽകുന്നു.

(സി) ഉണ്ട്. മാരക രോഗങ്ങളാൽ അവശതയനുഭവിക്കുന്നവരും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പൂവർ അംഗീകരിക്കുന്ന രോഗമുള്ള രോഗികൾക്കും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയായിരിക്കണം. (എ.പി.എൽ/ ബി.പി.എൽ വേർതിരിവില്ല) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും അതോടൊപ്പം ആർ.എസ്.ബി.വൈ,. ചിസ്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികളിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ളവരും സാമ്പത്തികവും സാമൂഹികവുമായി ദുർബല വിഭാഗങ്ങളായി കണക്കാക്കപ്പെട്ടവരും ആയവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതായിരിക്കും. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയായിരിക്കണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്കാണ് അർബുദ രോഗികൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള അർബുദ രോഗികൾക്കും വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടാതെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിന് താഴെയുള്ളവർക്ക് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ആദായ നികുതിദായകർക്കും സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമല്ല.

## കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നടപടി

233 (2111) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) നിലവിൽ ചിസ് പദ്ധതി പ്രകാരം ഹെൽത്ത് ഇൻഷ്വറൻസ് കാർഡ് ഉള്ളവർക്ക് മാത്രമേ കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ എന്ന പ്രചരണത്തിൽ എന്തെങ്കിലും വസ്തുത ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) നിലവിൽ ചിസ് പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) നിലവിൽ RSBY/CHIS പദ്ധതിയിൽ അംഗമായിട്ടുള്ളവർക്കും 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം ദുർബല വിഭാഗമായി കണക്കാക്കിയ എല്ലാവർക്കും 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ട്. RSBY/ചിസ് പദ്ധതികളിൽ അംഗങ്ങളല്ലാത്തവരും രജിസ്ട്രേഷൻ പുതുക്കാത്തവർക്കും അർഹത നോക്കി പദ്ധതി ആനുകൂല്യം നൽകുന്നതിനായി അംഗങ്ങളാക്കുന്ന കാര്യം പ്രത്യേകം പരിശോധിച്ചു വരുന്നുണ്ട്.

## ആരോഗ്യ ചികിത്സാ ഇൻഷ്വറൻസ് പദ്ധതി

234 (2113) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ പേർക്കും ആരോഗ്യചികിത്സാ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇനിയും ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കാത്തവരും നേരത്തെ ഉണ്ടായിരുന്ന കാർഡ് പുതുക്കാത്തവരുമായ പാവപ്പെട്ട കുടുംബങ്ങൾക്ക് പുതിയ

കാർഡുകൾ അനുവദിക്കുന്നതിന് അവസരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രധാനമന്ത്രി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടികൾ സുതാര്യമാക്കുന്നതിനും അർഹരായ മുഴുവൻ പേരെയും പ്രസ്തുത പദ്ധതിയുടെ കീഴിലാക്കുന്നതിനും അവസരം ഒരുക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) 2019 മാർച്ച് 31-ൽ സാധുതയുള്ള RSBY/CHIS കാർഡുള്ളവരും 2011-ലെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിൽ ഉൾപ്പെടുന്ന ദുർബലവിഭാഗങ്ങളുമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. RSBY/ചിസ് പദ്ധതികളിൽ നേരത്തെ അംഗത്വമുണ്ടായിരുന്നുവെങ്കിലും രജിസ്ട്രേഷൻ പുതുക്കാത്തവരും അതുപോലെ രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളവരുമായ ആളുകൾക്ക് KASP-ൽ അംഗങ്ങളാക്കുന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിച്ചു വരുന്നുണ്ട്.

## സാന്ത്വന ചികിത്സാപദ്ധതി

235 (2114) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം പിടിപെട്ടോ അപകടം മൂലമോ കിടപ്പ് രോഗികളായവർക്ക് അരികെ എന്ന പേരിൽ സാന്ത്വന ചികിത്സ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാലിയേറ്റീവ് രംഗത്ത് കൂടുതൽ വിദഗ്ദ ഡോക്ടർമാർ ആവശ്യമുള്ളതിനാൽ ഇതിനായി മെഡിക്കൽ കോളേജുകളിൽ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി ഈ സർക്കാർ സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതി-'അരികെ'-യുടെ സംസ്ഥാനതല പ്രഖ്യാപനം ഉടനെ നടക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്ന് സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ് നടത്തുന്ന

പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഇതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്നിവയാണ്. വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നൽകാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട്. ജില്ലകളിലെ പ്രധാന ആയുർവേദ, ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഒ.പി.-കൾ നടത്തിയും ഡോക്ടർമാർക്കും നഴ്സുമാർക്കും പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനവും ഇതുവഴി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ദ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

236 (2116) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ട് വർഷങ്ങളായെങ്കിലും പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനോട് ബന്ധപ്പെട്ട് ഡോക്ടർമാർക്ക് പരിശീലനം നൽകാത്തതിന് കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) പ്രതിസന്ധികൾ നീക്കി ഡയാലിസിസ് യൂണിറ്റ് എന്നുമുതൽ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നതിനോട് ബന്ധപ്പെട്ട് ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കുമുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡയാലിസിസ് ടെക്നീഷ്യനെ താൽക്കാലികമായി നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനം നടത്തിയാലുടൻ പരിശീലനം നൽകുന്നതാണ്.

നാല് മാസത്തിനുള്ളിൽ ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ജീവിതശൈലീ രോഗനിയന്ത്രണവും ക്യാൻസർ രോഗ നിർണ്ണയവും

237 (2117) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാരോഗ്യകരമായതും വ്യായാമം കുറഞ്ഞതുമായ ജീവിതശൈലീകൊണ്ട് നല്ലൊരു വിഭാഗം ജനങ്ങളിൽ പ്രമേഹം, ഹൃദ്രോഗം, കാൻസർ എന്നീ രോഗങ്ങൾ പിടിപെടുന്നതു കണക്കിലെടുത്ത് ജീവിതശൈലീ രോഗനിയന്ത്രണത്തിന് ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ വരുന്ന ഭീമമായ ചികിത്സാ ചെലവു നിമിത്തം കാൻസർ രോഗികൾ ബുദ്ധിമുട്ടുന്നതു കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ ആരംഭത്തിൽ തന്നെ കാൻസർ രോഗം കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് ആൻഡ് സ്റ്റഡീസും ആരോഗ്യ വകുപ്പും സംയുക്തമായി നടത്തിയ പഠനത്തിൽ കേരളത്തിലെ മൂന്നിലൊരാൾക്ക് രക്താതിമർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവുമുള്ളതായി കണ്ടെത്തുകയുണ്ടായി.

ഈ അവസ്ഥ പ്രതിരോധിക്കുന്നതിനും സംസ്ഥാനം ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആരംഭിക്കുകയുണ്ടായി. പ്രാഥമികാരോഗ്യതലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ച ഈ പദ്ധതി 2016-17-ഓടുകൂടി ജില്ലാ/ജനറൽ /താലൂക്ക് ആശുപത്രികളെക്കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ജീവിതശൈലീരോഗ നിയന്ത്രണ സംസ്ഥാനമായി മാറി. ഇതിനോടൊപ്പം സംസ്ഥാന സർക്കാർ ആരംഭിച്ച ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഉയർത്തപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ COPD (Chronic Obstructive Pulmonary Disease) നിയന്ത്രണത്തിനുള്ള 'ശ്വാസ് പദ്ധതി', നേത്രപടലാന്ധത (Diabetic Retinopathy) കണ്ടെത്തുന്നതിനുള്ള 'നയനാമൃതം'

പദ്ധതി, വിഷാദരോഗം കണ്ടെത്തുന്നതിനുള്ള 'ആശ്വാസം ' പദ്ധതി, ഡയബറ്റിക് ഫുട്ട് ക്ലിനിക്ക്, പുകവലി നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ ഉൾപ്പെടുത്തി ജീവിതശൈലീരോഗങ്ങളുടെ സങ്കീർണ്ണതകൾ കൂടി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം എന്നീ രോഗങ്ങളുടെ നിയന്ത്രണനിരക്ക് ഉയർത്തുന്നതിനായി ലോകാരോഗ്യസംഘടനയുടെ സഹായത്തോടുകൂടി 'ഇന്ത്യ ഹൈപ്പർടെൻഷൻ കൺട്രോൾ ഇനിഷ്യേറ്റീവ്'എന്ന പദ്ധതിയും ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിയന്ത്രണത്തിന് 'പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ്' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾകൂടി ഉൾപ്പെടുത്തി സെക്കണ്ടറിതല സേവനങ്ങൾ ഊർജ്ജിതമാക്കി.

(ബി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളിലും ഒരു ശൃംഖലയ്ക്കുള്ളിൽ അണിചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കാൻസർ പ്രോട്ടോക്കോൾ നിലവിൽ വരികയും ഇതിൽ നിഷ്കർഷിച്ച മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി സംഭരിക്കുകയും ചെയ്യുന്നതോടെ കാൻസർ രോഗ ചികിത്സാ ചെലവ് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുന്നതാണ്.

ആരോഗ്യവകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകിവരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേയ്ക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തിവരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ചു ഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നിവ പ്രാരംഭദശയിൽതന്നെ കണ്ടെത്തുന്നതിനും

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവര ശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ കാൻസർ രോഗ ലക്ഷണമുള്ളവരെ മുൻഗണനാക്രമത്തിൽ കാൻസർ രോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്.

## പാലിയേറ്റീവ് കെയർ ഗ്രിഡ്

238 (2118) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്ന പുതിയ സാന്ത്വനപരിചരണനയം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പാലിയേറ്റീവ് പരിചരണം നൽകുന്നതിന് എല്ലാ സംവിധാനങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കെയർ ഹോമുകൾ, പകൽവീടുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ, അതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സാന്ത്വന ചികിത്സാ സംവിധാനം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി കേരള പാലിയേറ്റീവ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. പാലിയേറ്റീവ് ഹോം കെയർ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷനും പരിശീലനവും മെഡിക്കൽ കോളേജുകളിൽ കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങൾ, സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലും പൊതുസമൂഹത്തിനും ചിട്ടയായ പാലിയേറ്റീവ് കെയർ ബോധവത്കരണം, ആയുർവേദ/ഹോമിയോ ആശുപത്രികളിൽ പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾ എന്നിവ നടപ്പാക്കുന്നതിന് പുറമെ പുനരധിവാസം ആവശ്യമായിവരുന്ന രോഗികൾക്ക് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതിയും പുതിയ സാന്ത്വന പരിചരണ നയം കൊണ്ട് ഉദ്ദേശിക്കുന്നു.

(ബി) പാലിയേറ്റീവ് പരിചരണം നൽകുന്ന എല്ലാ സംവിധാനങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിക്കുവാൻ പാലിയേറ്റീവ് പരിചരണ നയത്തിൽ ഉദ്ദേശിച്ചിട്ടുണ്ട്.

(സി) കെയർ ഹോമുകൾ, പകൽവീടുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പാലിയേറ്റീവ് പരിചരണത്തിൽ സൗജന്യ പരിശീലനം നൽകുന്നതിനും പുതിയ പാലിയേറ്റീവ് പരിചരണ നയംകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്.

**നേത്രാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി**

239 (2119) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നേത്രാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നേത്ര പരിശോധനയ്ക്കുള്ള ഒപ്റ്റോമെട്രിസ്റ്റ് തസ്തികയും സൗകര്യങ്ങളും നിലവിലുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ ലഭ്യമാണ്. ഈ സെന്ററുകളിൽ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടുള്ള നേത്രാരോഗ്യ കേന്ദ്രങ്ങൾ (വിഷൻ സെന്ററുകൾ) 76 എണ്ണം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 2019-2020 സാമ്പത്തിക വർഷത്തിൽ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാനുള്ള ഭരണാനുമതി നൽകുകയും തുക ജില്ലകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നേത്രാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

## ആർദ്രം പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ

240 (2120) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

1. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. ജില്ല/താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവൃത്തികൾ എന്നിവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.
3. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം വിവിധ ഫണ്ടുകളുപയോഗിച്ച് നടത്തിവരുന്നു.
4. സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകൾ എന്നിവ ഉൾപ്പെടെ ആരോഗ്യ വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളിൽ ആകെ 5217 തസ്തികകൾ പുതുതായി സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു.
5. കിഫ്ബി പദ്ധതി പ്രകാരം 10 കാത്ത് ലാബുകൾ അനുവദിച്ചിട്ടുണ്ട്.
6. കിഫ്ബി മുഖേന 44 ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.
7. ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുവരുന്നു.
8. ഒന്നാം ഘട്ടത്തിലെ 170, രണ്ടാം ഘട്ടത്തിലെ 504 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുപുറമേ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 220 എണ്ണം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി NHM വഴി സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

241 (2121) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ആർദ്രം ഒന്നാം ഘട്ടത്തിൽ മണലൂർ മണ്ഡലത്തിൽനിന്നും കുടുംബാരോഗ്യ കേന്ദ്രം, വെങ്കിടങ്ങ്, മണലൂർ എന്നീ സ്ഥാപനങ്ങളേയും രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രം, എളവള്ളി, തൈക്കാട് എന്നീ സ്ഥാപനങ്ങളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കുടുംബാരോഗ്യ കേന്ദ്രം മണലൂരിൽ പ്ലാൻ ഫണ്ടിൽനിന്നും 13 ലക്ഷം രൂപയും മണലൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ ഫണ്ടിൽനിന്നും 7 ലക്ഷം രൂപയും വിനിയോഗിച്ച് സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധനാ മുറികൾ, ലാബിലേയ്ക്ക് ഉപകരണങ്ങൾ, ലാബിനോട് ചേർന്ന് ടോയ്‌ലെറ്റ്, രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, കാത്തിരിപ്പ് കേന്ദ്രത്തിൽ ടി.വി., കുടിവെള്ള സൗകര്യം, രജിസ്ട്രേഷൻ കൗണ്ടർ, ഫാർമസി സ്റ്റോർ നവീകരണം, പെയിന്റിംഗ്, കുടുംബാരോഗ്യ കേന്ദ്രത്തിന് പ്രധാന കവാടം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു മെഡിക്കൽ ആഫീസർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചു.

a. കുടുംബാരോഗ്യ കേന്ദ്രം, വെങ്കിടങ്ങ്

പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആശുപത്രിക്ക് ഗേറ്റ്, പടിപ്പുര, റൂമുകൾ തിരിക്കുന്നതിന് അലുമിനീയം പാർട്ടിഷൻ വർക്ക്, കേടായ മൊസൈക്ക് തറ മാറ്റി വിട്രിഫൈഡ് ടൈൽ, ടോയ്‌ലെറ്റിന് വാതിലുകൾ, പെയിന്റിംഗ്, രോഗികൾക്ക് കാത്തിരിപ്പ് കേന്ദ്രം, കസേരകൾ, കുടിവെള്ള സൗകര്യം, ഒ.പി. ടിക്കറ്റ് കൗണ്ടർ, ടെലിവിഷൻ സൗകര്യം, മെഡിക്കൽ ആഫീസർമാർക്ക് രോഗികളെ പരിശോധിക്കുന്നതിനായി 8 മുറികൾ, പ്രീ-ചെക്കപ്പ് റൂം, നഴ്സിംഗ് സ്റ്റേഷൻ, പ്രതിരോധ കുത്തിവയ്പ്പ് സ്ഥലം, ഒബ്സർവേഷൻ റൂം, ഫാർമസി, അംഗപരിമിതർക്ക് ഉപയോഗിക്കാനായി ടോയ്‌ലെറ്റ്, റാമ്പ് എന്നിവയും കൂടാതെ ഓഫീസിനും പബ്ലിക് ഹെൽത്തിനുമായി കോൺഫറൻസ് ഹാൾ ആശുപത്രി കെട്ടിടത്തിന്റെ മുകൾ നിലയിൽ ക്രമീകരിക്കുകയുണ്ടായിട്ടുമുണ്ട്.

ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചു.

b. <u>കുടുംബാരോഗ്യ കേന്ദ്രം, തൈക്കാട്</u>

ആർദ്രം രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ സൃഷ്ടിച്ചു.

മുനിസിപ്പാലിറ്റി ഒരു ഡോക്ടറേയും പഞ്ചായത്ത് ഒരു സ്റ്റാഫ് നഴ്സിനെയും നിയമിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 14 ലക്ഷം രൂപയ്ക്ക് വിപുലീകരണ പ്രവർത്തനം നടത്തിവരുന്നു. ഇതുകൂടാതെ ഗുരുവായൂർ നഗരസഭ 2019-2020 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഉൾഭാഗവും മുകൾഭാഗവും വിപുലീകരണമാണ് നടന്നുവരുന്നത്.

c. <u>കുടുംബാരോഗ്യ കേന്ദ്രം, എളവള്ളി</u>

എളവള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ LAC-ADS പദ്ധതി പ്രകാരം 24.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## ആരോഗ്യ ജാഗ്രത പദ്ധതി

242 (2122) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ആവിഷ്കരിച്ച 'ആരോഗ്യ ജാഗ്രത' പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ആരോഗ്യ ജാഗ്രതാ പദ്ധതിയുമായി സഹകരിക്കുന്ന വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് 'ആർദ്രം മിഷൻ' നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018, 2019 വർഷങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയായ 'ആരോഗ്യ ജാഗ്രത' വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ സമയബന്ധിതമായ പ്രവർത്തന കലണ്ടർ അനുസരിച്ച് ആരോഗ്യവകുപ്പ് നടപ്പിലാക്കി. തൽഫലമായി 2017-നെ അപേക്ഷിച്ച് പനി, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും ഈ രണ്ട് വർഷങ്ങളിലും കുറയ്ക്കുവാൻ സാധിച്ചു. ഈ സാഹചര്യത്തിൽ 2020-ലും ആരോഗ്യജാഗ്രത കൂടുതൽ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ഇതിനുള്ള തയ്യാറെടുപ്പുകൾ 2019 ഡിസംബറിൽത്തന്നെ ആരംഭിച്ചു.

2020-ലെ ആരോഗ്യജാഗ്രതയുടെ സംസ്ഥാനതല കർമ്മപരിപാടിക്ക് അന്തിമരൂപം നൽകി. ജനുവരി 15-ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഇന്റർസെക്ടറൽ കോർഡിനേഷൻ സമിതിയോഗം നടത്തി. ഓരോ വകുപ്പുകളും സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെപ്പറ്റി ചർച്ച നടത്തി. ജനുവരി 23-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ആരോഗ്യ ജാഗ്രതയുടെ സംസ്ഥാനതല

ഉദ്ഘാടനം നിർവ്വഹിച്ചു. ആരോഗ്യ ജാഗ്രതാ കൈപുസ്തകം പ്രവർത്തന കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി ജില്ലാതല ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ പ്രവർത്തന കലണ്ടർ പ്രകാരം നടന്നുവരുന്നു. ഇതോടൊപ്പം സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി മലമ്പനി, ക്ഷയം, മന്ത് രോഗം, കുഷ്ഠരോഗം തുടങ്ങിയവ നിവാരണം ചെയ്യുവാനുള്ള നടപടികളും നടന്നുവരുന്നു. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം എന്ന മുദ്രാവാക്യത്തോടെ ആർദ്രം ജനകീയ കാമ്പയിൻ പരിപാടികളും പ്രതിദിനം പ്രതിരോധം എന്ന മുദ്രാവാക്യത്തോടെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളും മുന്നേറിവരികയാണ്.

(ബി) ആരോഗ്യവകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസം, ജലവിഭവം, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യനീതി, തൊഴിൽ, പൊതുമരാമത്ത്, റവന്യൂ, ഫിഷറീസ്, ആഭ്യന്തരം, പട്ടിക വർഗ്ഗവികസനം, പബ്ലിക് റിലേഷൻസ് വകുപ്പുകൾ, റെയിൽവേ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരള മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം, കൊതുകുറവിട നശീകരണം, രോഗപ്രതിരോധ-ബോധവത്കരണ കാമ്പയിനുകൾ നടപ്പിലാക്കുക, വാർഡ് തല ആരോഗ്യ ശുചിത്വ സമിതികളെ ശാക്തീകരിച്ച് ഫണ്ട് ലഭ്യമാക്കി ആരോഗ്യസേനയെ നിയോഗിച്ച് പകർച്ചവ്യാധി പ്രതിരോധം നടപ്പിലാക്കുക, ജലവിഭവ വകുപ്പിന്റെ സഹായത്തോടെ ശുദ്ധമായ കുടിവെള്ളം ഇടതടവില്ലാതെ ലഭ്യമാക്കുക, സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ പ്രതിരോധ പ്രവർത്തകരെ ലഭ്യമാക്കുക, തൊഴിൽ വകുപ്പിന്റെ സഹായത്തോടെ അതിഥി തൊഴിലാളി തൊഴിൽ/താമസ കേന്ദ്രങ്ങളിൽ ആരോഗ്യസുരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളിൽ ആരോഗ്യ അവബോധമുണ്ടാക്കി ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക, കൃഷി വകുപ്പിന്റെ സഹായത്തോടെ കർഷകർക്കിടയിൽ രോഗപ്രതിരോധം സഫലമാക്കുകയും ജൈവമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുകയും ചെയ്യുക, മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ജന്തുജന്യരോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പൊതുമരാമത്ത് വകുപ്പിന്റെ പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ പകർച്ചവ്യാധി സാഹചര്യമുണ്ടാകാതിരിക്കാൻ വേണ്ടത് ചെയ്യുക, ഫിഷറീസ് വകുപ്പ് വഴി തീരദേശമേഖലകളിൽ പകർച്ചവ്യാധി പ്രതിരോധം നടപ്പിലാക്കുക തുടങ്ങിയവ.

(ഡി) ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും നൂതന ആരോഗ്യ പരിപാടികൾക്ക് രൂപം നൽകിയും ആർദ്രം മിഷന്റെ ഭാഗമായും പ്ലാൻ ഫണ്ടും വിവിധ പദ്ധതികളും ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നത്.

കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് മുതലായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർ പ്ലാനിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിവരുന്നത്. എം.ആർ.ഐ, സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. 17 ജില്ലാതല ആശുപത്രികളിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ മൂന്ന് സ്ഥാപനങ്ങളിൽ ഒഴികെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. 8 താലൂക്കാശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 2017-2018-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും 162 എണ്ണം (പ്രളയബാധിതമായ രണ്ടെണ്ണമടക്കം) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ 77 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ ഡയറക്ടറേറ്റിനുകീഴിൽ മാത്രം 3159 തസ്തികകൾ അടക്കം ആകെ 5249 തസ്തികകൾ ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

## ആർദ്രം മിഷൻ പദ്ധതി നടപ്പാക്കൽ

243 (2123) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മെഡിക്കൽ ആഫീസർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ:

പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രസ്തുത തസ്തികകളിൽ നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ആർദ്രം മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ആഫീസർമാരെ കരാറടിസ്ഥനത്തിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആകെ 2721 പുതിയ തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. നിയമനങ്ങൾ നടന്നു വരുന്നു. സ്ഥാപനം തിരിച്ച് ഉത്തരവായിട്ടുള്ള തസ്തികകൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. *

ലാബ് ടെക്നീഷ്യൻ, ഒപ്റ്റോമെട്രിസ്റ്റ്, ഡെന്റൽ ഹൈജീനിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ നിയമനം നടക്കുന്ന തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉച്ച കഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെ സേവനം ആവശ്യമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമെങ്കിൽ ഡോക്ടറിനെയും പാരാമെഡിക്കൽ സ്റ്റാഫിനെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാമെന്ന് 17-1-2019-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 442/ഡി.ബി.2/18/ത.സ്വ.ഭ.വ. വ്യക്തമാക്കിയിട്ടുണ്ട്.

**ആർദ്രം പദ്ധതി പ്രകാരം പി.എച്ച്.സി.-കളെ**
**കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് നടപടി**

244 (2124) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) നിലവിൽ ഏതെല്ലാം പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതെന്നും, മറ്റ് പി.എച്ച്.സി.ക-ളെ ഈ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതാണ്. നെന്മാറ മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം താഴെ പറയുന്ന മറ്റ് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

| നമ്പർ | സ്ഥാപനം | പദ്ധതി സംബന്ധിച്ച വിശദാംശം |
|---|---|---|
| 1 | വടവന്നൂർ | 60% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ painting/Truss വർക്കുകൾ നടന്നുവരുന്നു. |
| 2. | അയിലൂർ | സിവിൽ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| 3. | മുതലമട | 40% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. പെയിന്റിംഗ് പൂർത്തീകരിച്ചു. |
| 4. | പല്ലശ്ശന | 90% സിവിൽ വർക്കുകൾ കഴിഞ്ഞിട്ടുണ്ട്. പെയിന്റിംഗ് വർക്ക്, ഗ്രിൽ വർക്കുകൾ പുരോഗമിക്കുന്നു. |

(ബി) സാമൂഹികാരോഗ്യ കേന്ദ്രം, നെന്മാറ, സി.എച്ച്.സി. കൊട്ടുവായൂർ, പി.എച്ച്.സി. പല്ലശ്ശന, പി.എച്ച്.സി. നെല്ലിയാമ്പതി, പി.എച്ച്.സി. അയിലൂർ, പി.എച്ച്.സി. പുതുനഗരം, പി.എച്ച്.സി. കൊല്ലങ്കോട്, പി.എച്ച്.സി. എലവഞ്ചേരി, പി.എച്ച്.സി. മുതലമട, പി.എച്ച്.സി. വടവന്നൂർ എന്നീ സ്ഥാപനങ്ങളാണ് നെന്മാറ മണ്ഡലത്തിൽ നിലവിലുള്ളത്.

ആർദ്രം ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി. കൊല്ലങ്കോട് എഫ്.എച്ച്.സി. ആയി ഉയർത്തപ്പെട്ടിട്ടുണ്ട്.

ആർദ്രം രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി. എലവഞ്ചേരി, പി.എച്ച്.സി. മുതലമട, പി.എച്ച്.സി. പല്ലശ്ശന, പി.എച്ച്.സി. അയിലൂർ, പി.എച്ച്.സി. വടവന്നൂർ എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു. പല്ലശ്ശന പി.എച്ച്.സി.-യിൽ ലാബ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. എൻ.എച്ച്.എം.-ന്റെ 2019-2020-ലെ Plan Implementation Programme-ൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രം പുതുനഗരം, പി.എച്ച്.സി. നെല്ലിയാമ്പതി എന്നിവയേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ ഏപ്രിൽ അവസാനത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കായംകുളം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

245 (2125) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. കുടുംബാരോഗ്യകേന്ദ്രം, കണ്ടല്ലൂർ
2. പ്രാഥമികാരോഗ്യകേന്ദ്രം, ചെട്ടികുളങ്ങര
3. പ്രാഥമികാരോഗ്യകേന്ദ്രം, ദേവികുളങ്ങര
4. പ്രാഥമികാരോഗ്യകേന്ദ്രം, പത്തിയൂർ
5. പ്രാഥമികാരോഗ്യകേന്ദ്രം, കൃഷ്ണപുരം
6. പ്രാഥമികാരോഗ്യകേന്ദ്രം, ഭരണിക്കാവ്.

ഫാമിലി ഹെൽത്ത് സെന്റർ, കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടിക്കുളങ്ങരയിൽ അടിസ്ഥാന സൗകര്യം 70% വർക്ക് പൂർത്തീകരിച്ചു. കെ.ഇ.എൽ. എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. ടി സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 58 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം ഭരണിക്കാവിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 64.7 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം ദേവികുളങ്ങരയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം കൃഷ്ണപുരത്തിന് 73 ലക്ഷം രൂപയുടെ DPR (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം പത്തിയൂരിന്റെ വർക്ക് സംബന്ധിച്ച് ടെണ്ടർ നടപടി പുരോഗമിക്കുന്നു. ഇതിനായി 27.54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി**

246 (2126) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആശുപത്രികളിൽ ഒഴിവുള്ള ജീവനക്കാരുടെ തസ്തികകൾ നികത്താനും ആവശ്യമുള്ളിടത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയ ആശുപത്രികൾക്കു മാത്രമായി തസ്തിക സൃഷ്ടിക്കൽ നിജപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആർദ്രം പദ്ധതിയിലുൾപ്പെടാത്തതും എന്നാൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതുമായ വിവിധ ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും തസ്തികകൾ ആവശ്യമെങ്കിൽ അവ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽമാത്രം 3159 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്കും പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കും നിയമനം നടത്തിവരുന്നു.

സ്പെഷ്യാലിറ്റി കേഡർ തസ്തികയിലെ ഒഴിവുകൾ Placement നൽകുന്നതിലൂടേയും വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി കൂടി ലിസ്റ്റാകുന്ന മുറയ്ക്കും നികത്തുന്നതാണ്.

ഫാർമസിസ്റ്റ് ഗ്രേഡ്2, സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 എന്നീ തസ്തികകളിലെ ഒഴിവുകൾ ടി തസ്തികകളിലെ നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ 31-1-2020 വരെ

ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും സ്ഥാനക്കയറ്റം നടത്തി നികത്തിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റേഡിയോഗ്രാഫർ, ദന്തൽ ഹൈജീനിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ എന്നിവയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദന്തൽ മെക്കാനിക് തസ്തികയിൽ ഒഴിവ് നിലവിലില്ല.

പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിൽ ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനും എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതി പ്രകാരമുള്ള സമാഹൃത പ്രൊപ്പോസൽ പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനും ട്രൈബൽ, തീരദേശ സ്ഥാപനങ്ങളിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുമാണ് നിലവിൽ സർക്കാർ പ്രാധാന്യം നൽകിവരുന്നത്.

(സി) അത്തരം ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള വ്യക്തമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ**

247 (2127) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ എന്നത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ മുഖേന നൽകേണ്ട സേവനങ്ങൾ എങ്ങനെയാണ് നിലവിൽ ജനങ്ങളിലെത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ പരിചരണത്തിനും രോഗ പ്രതിരോധത്തിനും ദേശീയ-സംസ്ഥാന ആരോഗ്യ പരിപാടികളുടെ നടത്തിപ്പിനുമായി രൂപം നൽകി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പ്രാഥമികാരോഗ്യ പരിപാലനത്തിന്റെ ഭാഗമായ ഒ.പി. സേവനങ്ങളും ഒബ്സർവേഷൻ ബെഡ് സൗകര്യങ്ങളും അതോടൊപ്പം മാതൃ-ശിശു ആരോഗ്യ പരിചരണം, പകർച്ചവ്യാധി നിയന്ത്രണം, കേരളത്തിലെ മാറിയ സാഹചര്യത്തിൽ ജീവിത ശൈലി രോഗങ്ങൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്നത്.

(ബി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററെങ്കിലും ഉണ്ടായിരിക്കണമെന്നാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ താലൂക്കാശുപത്രിയോ നിലവിലുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ സർക്കാർ ആശുപത്രിയോ നിലവിലുണ്ട്. ഇവിടങ്ങളിൽ ഫീൽഡ് വർക്കർമാരുടെയും സൂപ്പർവൈസർമാരുടെയും തസ്തികകൾ നിലവിലുണ്ട്. അവർ മുഖേന ഫീൽഡ്തല സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു.

**സർക്കാർ ആശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം**

248 (2128) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) പി.എച്ച്.സി-.കളിലും സി.എച്ച്.സി.-കളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഫിസിയോ തെറാപ്പിസ്റ്റുകൾ ഇല്ലാത്തതിനാൽ രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ സേവനം എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമായിട്ടുള്ള സർക്കാർ ആശുപത്രികളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി &സി) അത്തരത്തിലുള്ള പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

**വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

249 (2129) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി പുതുതായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടത്തിലെ ഇലക്ട്രിക്ക് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രിക്ക് പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുമോ; ആയതിന്റെ നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 6-10-2016-ലെ ഗവ. ഉത്തരവ് ജി.ഒ.(ആർ.റ്റി) 2714/2016/എച്ച്&എഫ്. ഡബ്ല്യൂ.ഡി. തീയതി പ്രകാരം 111.15 ലക്ഷം രൂപ മെഡിസിൻസ്, കൺസ്യൂമബിൾസ് എക്യൂപ്മെന്റ്സ് എന്നിവയ്ക്ക് KMSCL-ലേയ്ക്കും 219.54 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ചർ, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ, എയർകണ്ടീഷൻ എന്നിവയ്ക്ക് PWD-യിലേയ്ക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചപ്പോൾ ഏകദേശം നാൽപതുലക്ഷം രൂപയുടെ "സേവിംഗ്സ്" വരികയും അത് ഇലക്ട്രിക് പണിക്കായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആയതിൽ 8.57 ലക്ഷം രൂപയുടെ ഇലക്ട്രിക് വർക്കുകൾക്ക് എസ്റ്റിമേറ്റ് തുക നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക് വിഭാഗം സമർപ്പിച്ച 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സൗകര്യം**

250 (2130) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ ബ്ലഡ്ബാങ്ക് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് ബ്ലഡ്ബാങ്ക് സൗകര്യമുള്ളതെന്ന കാര്യം വ്യക്തമാക്കുമോ;

(സി) വൈക്കം താലൂക്ക് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 6 താലൂക്കാശുപത്രികളിൽ രക്ത ബാങ്കുകളും 36 താലൂക്കാശുപത്രികളിൽ രക്ത സംഭരണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് രക്ത ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ അതത് ആശുപത്രി സൂപ്രണ്ടിന് സ്വീകരിക്കാവുന്നതാണ്.

(ബി) നിലവിൽ കൊട്ടാരക്കര, പുനലൂർ, പെരിന്തൽമണ്ണ, തിരുവല്ല, ചിറയിൻകീഴ്, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ താലൂക്കാശുപത്രി കളിലാണ് രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്.

(സി) വൈക്കം താലൂക്കാശുപത്രിയിൽ നിലവിൽ ഒരു രക്തസംഭരണ യൂണിറ്റാണ് പ്രവർത്തിക്കുന്നത്. പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്തബാങ്കുകൾ അനുവദിക്കുന്നത്. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് രക്തബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ അതത് ആശുപത്രി സൂപ്രണ്ടിന് സ്വീകരിക്കാവുന്നതാണ്.

## ഡയാലിസിസ് യൂണിറ്റുകളുടെ അപര്യാപ്തത

251 (2132) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) ഡയാലിസിസ് യൂണിറ്റുകളുടെ കുറവും രോഗികളുടെ വർദ്ധനവും മൂലം ചികിത്സക്കായി അന്യ സംസ്ഥാനത്തെ ആശുപത്രികളെ ആശ്രയിക്കേണ്ട സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവശരായ രോഗികൾക്ക് യാത്രയും ഭാരിച്ച സാമ്പത്തിക ചെലവും വരുത്തുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി വിവിധ സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്ന വിഷയവും നിലവിലുള്ള ആശുപത്രികളിൽ യൂണിറ്റുകൾ വർദ്ധിപ്പിക്കുന്ന വിഷയവും പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ജനറൽ ആശുപത്രി കാസർഗോഡ്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മെഷീനുകളുടെ എണ്ണം | ബെഡ്ഡുകളുടെ എണ്ണം | ഡയാലിസിസ് രോഗികളുടെ എണ്ണം | വെയിറ്റിംഗ് ലിസ്റ്റിലുള്ള ഡയാലിസിസ് രോഗികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | ജനറൽ ആശുപത്രി, കാസർഗോഡ് | 8 | 8 | 26 | 15 |
| 2 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 12 | 12 | 26 | 74 |

(ബി&സി) നീലേശ്വരം, തൃക്കരിപ്പൂർ എന്നീ താലൂക്കാശുപത്രികളിൽ പുതിയ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ

യൂണിറ്റിന്റെ ഉത്ഘാടനം കഴിഞ്ഞിട്ടുണ്ട്. ജനറേറ്റർ വരുന്ന മുറയ്ക്ക് പ്രവർത്തന സജ്ജമാകുന്നതാണ്. നീലേശ്വരം താലൂക്കാശുപത്രിയിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഇലക്ട്രിക് വർക്കുകൾ പൂർത്തിയായിട്ടില്ല. ടി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതോടുകൂടി രോഗികൾ നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

252 (2133) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ എന്തെല്ലാം പദ്ധതികൾ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം

253 (2134) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്ന് വിതരണം ചെയ്യരുത് എന്ന നിർദ്ദേശം സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഫാർമസിസ്റ്റുകൾ ഓഫ് എടുക്കുകയോ ലീവ് എടുക്കുകയോ ചെയ്യുന്ന ദിവസങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് വിതരണം നടത്തുന്നത് ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നത് നിയമപരമായി ശരിയാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതി ഉൾപ്പെടെ 184 ഫാർമസിസ്റ്റ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ഫാർമസിസ്റ്റ് തസ്തികകളിലും നിയമനം നൽകിയിട്ടുണ്ട്. ഫാർമസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ താൽക്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ എൻ.എച്ച്.എം. മുഖേനയോ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കാറുണ്ട്.

(സി) നടപ്പിലാക്കുന്നുണ്ട്.

(ഡി) 1948-ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യാവുന്നതാണ്.

(ഇ) ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

**ചെറുവള്ളിയിൽ പി.എച്ച്.സി.**

254 (2135) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുവള്ളിയിൽ പുതിയ പി.എച്ച്.സി. അനുവദിക്കുന്നത് സംബന്ധിച്ച എഫ്.ഡബ്ല്യൂ 1/113/2017-ഹെൽത്ത് എന്ന ഫയലിന്റെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ചെറുവള്ളിയിൽ പുതിയ പി.എച്ച്.സി. അനുവദിക്കുന്നത് സംബന്ധിച്ച എഫ്.ഡബ്ല്യൂ1/113/2017-ഹെൽത്ത് എന്ന ഫയലിന്റെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓച്ചിറ ഗവൺമെന്റ് ആയുർവേദാശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങൾ

255 (2136) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഗവൺമെന്റ് ആയുർവേദാശുപത്രിയിൽ രോഗികൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭിക്കുന്നതിന് സൗകര്യമുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുന്ന സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ;

(സി) ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥാപനത്തിൽ ചികിത്സയ്ക്കായി എത്തുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും രോഗത്തിനനുസൃതമായി ചികിത്സയും ഔഷധങ്ങളും നൽകുന്നു. ജീവിതശൈലീ രോഗങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും പ്രത്യേക ചികിത്സയും ഔഷധങ്ങളും ലഭ്യമാണ്. കൂടാതെ സേവനാവകാശ നിയമപ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നു.

| | | | |
|---|---|---|---|
| (ബി) | മെഡിക്കൽ ഓഫീസർ | - | 1 |
| | ഫാർമസിസ്റ്റ് | - | 1 |
| | അറ്റൻഡർ | - | 1 |
| | പാർട്ട് ടൈം സ്വീപ്പർ | - | 1 |

(സി) ഓച്ചിറ സർക്കാർ ആയുർവേദ ഡിസ്പെൻസറി ചതുപ്പ് പ്രദേശം നികത്തി പണി കഴിപ്പിച്ച 15 സെന്റ് സ്ഥലത്താണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലത്തുതന്നെ ഒരു അങ്കണവാടി കൂടി പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലത്ത് കിടത്തി ചികിത്സയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുവാൻ നിലവിലെ അവസ്ഥയിൽ സാദ്ധ്യമല്ല.

## ഓച്ചിറ, ആലപ്പാട് സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ

256(2138) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ, ആലപ്പാട് സി.എച്ച്.സി. കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഓച്ചിറ സി.എച്ച്.സി. യിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇവിടുത്തെ നിലവിലെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ;

(സി) തീരദേശഗ്രാമമായ ആലപ്പാട് പി.എച്ച്.സി. യെ സുനാമി ദുരന്തശേഷം സി.എച്ച്.സി. യായി മാറ്റുകയും കിടത്തിചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആവശ്യമായ സ്ഥലസൗകര്യത്തോടെയുള്ള കെട്ടിടവും മറ്റ് സൗകര്യങ്ങളുമുണ്ടായിട്ടും ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

(ബി) ഓച്ചിറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇവിടെ നിലവിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ഉള്ളടക്കം ചെയ്യുന്നു.

| ക്രമ നംമ്പർ | തസ്തിക | എണ്ണം | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | അസിസ്റ്റന്റ് സർജൻ | 5 | 5 | 0 |
| 2 | ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | 0 |
| 3 | പി.എച്ച്.എൻ. | 1 | 1 | 0 |
| 4 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| 5 | പി.എച്ച്.എൻ.എസ്. | 1 | 1 | 0 |
| 6 | ജെ.എച്ച്.ഐ. ഗ്രേഡ് 1 | 2 | 2 | 0 |
| 7 | ജെ.എച്ച്.ഐ. ഗ്രേഡ് 2 | 2 | 2 | 0 |
| 8 | ജെ.പി.എച്ച്.എൻ.ഗ്രേഡ് 1 | 3 | 3 | 0 |
| 9 | ജെ.പി.എച്ച്.എൻ.ഗ്രേഡ് 2 | 2 | 2 | 0 |
| 10 | ഫാർമസിസ്റ്റ് ഗ്രേഡ് 1 | 1 | 1 | 0 |
| 11 | സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 | 1 | 1 | 0 |
| 12 | സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 | 1 | 0 | **0** |
| 13 | ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 | 0 |
| 14 | ലാബ് ടെക്നീഷ്യൻ | 1 | 1 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | ക്ലാർക്ക് (HG) | 2 | 2 | 0 |
| 16 | ഡ്രൈവർ | 1 | 1 | 0 |
| 17 | Office Assistant | 1 | 1 | 0 |
| 18 | Nursing Assistant | 2 | 2 | 0 |
| 19 | Hospital Attendant | 2 | 2 | 0 |
| 20 | PTS | 1 | 0 | 1 |

(സി) തീരദേശമായ ആലപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളതാണ്. അതിനാവശ്യമായ കെട്ടിടങ്ങളുടെ സിവിൽ വർക്കുകൾ പുരോഗമിക്കുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മാർഗ്ഗരേഖയിൽ കിടത്തി ചികിത്സ ഉദ്ദേശിക്കുന്നില്ല. സമഗ്ര ആരോഗ്യപരിചരണത്തിന് (രോഗപ്രതിരോധം, ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, സാന്ത്വന ചികിത്സ) ഊന്നൽ നൽകി ഈ കേന്ദ്രങ്ങളെ വികസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതോടൊപ്പം 4-5, observation bed-കളും സജ്ജമാക്കുന്നതാണ്.

**കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

257 (2139) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറിക്കിടക്കുന്നതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾക്ക പകരം ഒരു കെട്ടിട സമുച്ചയം നിർമ്മിച്ച് എല്ലാ വിഭാഗങ്ങളും ഒരു കുടക്കീഴിലാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പേഷ്യന്റ്സ് സർവ്വീസിനായി തെരഞ്ഞെടുത്തവരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറി ക്കിടക്കുന്ന കെട്ടിടങ്ങൾക്ക് പകരം ഒറ്റ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി നബാർഡ് സ്കീമിൽ 17 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി പദ്ധതിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിക്കാനുണ്ട്.

(സി) ടി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ

258 (2140) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.)-ൽ നിന്നും തുക വിനിയോഗിച്ച് മണലൂർ മണ്ഡലത്തിലെ എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത തടസ്സം നീക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ.യുടെ എൽ.എ.സി.-എസ്.ഡി.എഫ്. പദ്ധതി പ്രകാരം 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ചുമതല Cost Ford- നെയാണ് ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അതിർത്തി സംബന്ധിച്ച് കൃത്യത ഇല്ലാത്തതിനാൽ പ്രസ്തുത എഗ്രിമെന്റ് ജില്ലാ മെഡിക്കൽ ഓഫീസറോ, മണലൂർ മെഡിക്കൽ ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടി മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) കുടുംബാരോഗ്യ കേന്ദ്രം എളവള്ളിക്ക് 94 സെന്റ് സ്ഥലമാണുള്ളത്. സ്ഥാപനത്തിന്റെ അതിർത്തി സംബന്ധിച്ച് കൃത്യത ഇല്ലാത്തതിനാൽ ടി പ്രവൃത്തി ആരംഭിച്ചിട്ടില്ല. സ്ഥലത്തിന്റെ അതിർത്തി രേഖപ്പെടുത്തികൊണ്ടുള്ള തഹസീൽദാറിന്റെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. സ്ഥലത്തിന്റെ അതിർത്തി രേഖപ്പെടുത്തുന്നതിനായി മെഡിക്കൽ ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടയം ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

259 (2141) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാ ആയുർവേദ ആശുപത്രിയിൽ തെറാപ്പിസ്റ്റുകളുടെ കുറവ് ഉള്ളതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കോട്ടയം ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ കുറവ് മൂലം രോഗികൾ കഷ്ടപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയതായി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോട്ടയം ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിൽ ആഴ്ചയിൽ എല്ലാ ദിവസവും രണ്ട് സെക്ഷനുകളിലായി അൻപത് രോഗികൾക്ക് ഡയാലിസിസ് സേവനം നൽകിവരുന്നുണ്ട്.

**പരിയാരം സർക്കാർ ആയുർവേദ കോളേജ്**

260 (2142) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ആയുർവേദ കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് 14.45 കോടി രൂപ എസ്റ്റിമേറ്റിൽ 4 നിലകളിലായി നിർമ്മിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ കെട്ടിട നിർമ്മാണം (സിവിൽ വർക്ക്സ്) ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ 1, 3 നിലകളുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ ജനുവരി അവസാനവാരം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 2 മാസത്തിൽ കൂടുതൽ ആവശ്യമാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ആശുപത്രിയുടെ രണ്ടാം നിലയിൽ സജ്ജീകരിക്കുന്ന ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, രണ്ടാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, എം.ജി.പി.എസ്. റൂം എന്നിവയുടെ പ്രവൃത്തി ഏറ്റെടുത്ത കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s. HLL Infra Tech Service Limited -ന് 28-1-2020-ന് സൈറ്റ് കൈമാറുകയും ടി സ്ഥാപനം പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിൽ റാമ്പ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനും മുറ്റം മോടി പിടിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾക്കും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ 1, 3 നിലകളിലെ വൈദ്യുതീകരണ പ്രവൃത്തികൾ രണ്ടാം നിലയിൽ സജ്ജീകരിക്കേണ്ട ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, രണ്ടാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, എം.ജി.പി.എസ്. റൂമിന്റെ നിർമ്മാണം, മുറ്റം മോടി പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു. കൂടാതെ ഇതനുസരിച്ച് പഞ്ചായത്തിൽനിന്ന് കെട്ടിട നമ്പർ ലഭ്യമാക്കി വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിൻപ്രകാരം എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 5 മാസത്തെ സമയം ആവശ്യമാണ്.

(സി) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ പെൺകുട്ടികൾക്ക് താമസിക്കുന്നതിനുവേണ്ടി പുതിയ ഹോസ്റ്റൽ കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി നൽകുകയും ഇതനുസരിച്ച് ടെണ്ടർ ക്ഷണിച്ച് ടി പ്രവൃത്തിക്കായി കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കരാറുകാരൻ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുകയും കമ്പി, കല്ല് തുടങ്ങിയവ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

## ഒല്ലൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

261 (2143) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര സി.എച്ച്.സി.കളും പി.എച്ച്.സി.കളുമാണ് ഉള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ എന്നീ തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ഒഴിവുകളുണ്ടെങ്കിൽ അവ നികത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളും സി.എച്ച്.സി.കളും ചുവടെ ചേർക്കുന്നു:

I. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

1. സി.എച്ച്.സി. വെള്ളാനിക്കര

2. സി. എച്ച്.സി., ഒല്ലൂർ

II പ്രൈമറി ഹെൽത്ത് സെന്റർ/എഫ്.എച്ച്.സി.

(1) പി.എച്ച്.സി. നടത്തറ
(2) പി.എച്ച്.സി. പട്ടിക്കാട്
(3) പി.എച്ച്.സി. മാടക്കത്തറ
(4) പി.എച്ച്.സി. വാണിയംപാറ

} ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങളാണ്.

(5) എഫ്.എച്ച്.സി. പുത്തൂർ, ആർദ്രം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങമാണ്.

(ബി) ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നിലവിൽ പി.എച്ച്.സി. വാണിയംപാറയിൽ അസിസ്റ്റന്റ് സർജന്റെ ഒരൊഴിവ് ഉണ്ട്. പ്രവേശന കാലാവധി ദീർഘിപ്പിച്ച് വാങ്ങിയ ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്താൻ കഴിയുന്നതാണ്.

പി.എച്ച്.സി. പട്ടിക്കാട്-ഫാർമസിസ്റ്റിന്റെ ഒരു ഒഴിവ്. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

പി.എച്ച്.സി. മാടക്കത്തറ-ഫാർമസിസ്റ്റിന്റെ ഒരു ഒഴിവ്. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഒല്ലൂർ മണ്ഡലത്തിലെ എഫ്.എച്ച്.സി. പുത്തൂർ, പി.എച്ച്.സി. മാടക്കത്തറ എന്നിവിടങ്ങളിൽ ലാബ് ടെക്നീഷ്യൻമാരുടെ ഓരോ ഒഴിവുകൾ വീതമുണ്ട്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

## ഒല്ലൂർ മണ്ഡലത്തിലെ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ

262 (2144) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ സി.എച്ച്.സി. ഒല്ലൂർ, സി.എച്ച്.സി. വെള്ളാനിക്കര, കുടുംബാരോഗ്യ കേന്ദ്രം വാണിയംപാറ, പട്ടിക്കാട്, നടത്തറ, മാടക്കത്തറ, പുത്തൂർ, ജി.ഡി. പീച്ചി എന്നീ സ്ഥാപനങ്ങളാണുള്ളത്.

കുടുംബാരോഗ്യ കേന്ദ്രം പുത്തൂർ ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനമാണ്. കുടുംബാരോഗ്യ കേന്ദ്രം പട്ടിക്കാട്, നടത്തറ, വാണിയംപാറ, മാടക്കത്തറ എന്നിവ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(എ) കുടുംബാരോഗ്യകേന്ദ്രം പട്ടിക്കാട്-ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ

(ബി) കുടുംബാരോഗ്യ കേന്ദ്രം നടത്തറ-ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്

(സി) കുടുംബാരോഗ്യകേന്ദ്രം വാണിയംപാറ- ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്

(ഡി) കുടുംബാരോഗ്യ കേന്ദ്രം മാടക്കത്തറ- ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ

ഇ) കുടുംബാരോഗ്യ കേന്ദ്രം പുത്തൂർ- 2 സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ഒരു ലാബ് ടെക്നീഷ്യൻ

1. <u>സി.എച്ച്.സി. വെള്ളാനിക്കര</u>

സി.എച്ച്.സി. വെള്ളാനിക്കരയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും എം.പി.ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് എന്നിവ ഉൾപ്പെടുത്തി 1,38,00,000 രൂപയ്ക്ക് പുതിയ ഇരുനില കെട്ടിടം പണി പൂർത്തീകരിച്ചു. ഈ കെട്ടിടത്തിൽ ജനറൽ ഒ.പി., ഡെന്റൽ ഒ.പി., എൻ.സി.ഡി.ക്ലിനിക്, ഫാർമസി, ലാബ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, ഒബ്സർവേഷൻ റൂം, കോപ്പർ ടി റൂം എന്നിവ പ്രവർത്തിക്കുന്നു.

II <u>കുടുംബാരോഗ്യകേന്ദ്രം പുത്തൂർ</u>

ആർദ്രം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനോടനുബന്ധിച്ച് ഈ സ്ഥാപനത്തിൽ 13,84,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 34 ലക്ഷം രൂപ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുകയും ഇതിന്റെ 58% പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയോടനുബന്ധിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

III <u>കുടുംബാരോഗ്യകേന്ദ്രം നടത്തറ</u>

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം മുഖേന എൻ.എച്ച്.എം. 15.5 ലക്ഷത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ 60% ജോലികൾ പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം 45 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ 45% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

IV കുടുംബാരോഗ്യകേന്ദ്രം വാണിയംപാറ

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. പ്രകാരം 14 ലക്ഷത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

V. എഫ്. എച്ച്. സി. മാടക്കത്തറ

ആർദ്രം രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. പ്രകാരം 15.5 ലക്ഷത്തിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 75% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

VI. എഫ്.എച്ച്.സി. പട്ടിക്കാട്

ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 14 ലക്ഷത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർമ്മിതി കേന്ദ്രം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ഞാറക്കൽ സർക്കാർ ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ**

263 (2145) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ എന്തൊക്കെയെന്നും നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) പുതുതായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയെന്നും ഇതിനായി എത്ര തുകയാണ് ചെലവിടുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ഞാറക്കൽ താലൂക്കാശുപത്രിയിൽ ഒ.പി. സേവനങ്ങൾക്ക് പുറമേ കിടത്തി ചികിത്സ (71 കിടക്കകൾ), 6 മണിവരെ അത്യാഹിത വിഭാഗം, മെഡിക്കോ ലീഗൽ സേവനങ്ങൾ, ലബോറട്ടറി സേവനങ്ങൾ, ഇ.സി.ജി., പൊതുജനാരോഗ്യ വിഭാഗം, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ സേവനങ്ങൾ (പ്രൈമറി/സെക്കന്ററി), 108 ആംബുലൻസ് സേവനങ്ങൾ, ദന്തൽ സേവനങ്ങൾ, ഫാർമസി, സ്റ്റോർ മോർച്ചറി, പോസ്റ്റ്മോർട്ടം തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു.

(ബി) Goshree Island Development Authority (GIDA)യുടെ ഫണ്ടുപയോഗിച്ച് 5.9 കോടിയുടെ ഒ.പി. ബ്ലോക്ക്, കാഷ്വാൽറ്റി, കുട്ടികളുടെ വാർഡ്, തിയേറ്റർ ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനവും പ്ലാൻ ഫണ്ടുപയോഗിച്ച് ഒരു കോടിയുടെ ഫീമെയിൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനവുമാണ് നടന്നുവരുന്നത്.

**ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിലെ അനാസ്ഥ**

264 (2146) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് 80 ലക്ഷം രൂപ ഉപയോഗിച്ച് നിലമ്പൂർ ജില്ലാശുപത്രിയിലും ചുങ്കത്തറ സി.എച്ച്.സി.യിലും 40 ലക്ഷം രൂപ വീതം ചെലവഴിച്ച് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉത്തരവായിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത ഉത്തരവിൽ ആരാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന് വ്യക്തമാക്കാമോ;

(ബി) മൂന്ന് വർഷമായിട്ടും പ്രസ്തുത പ്രവൃത്തി നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് നടത്തുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിലമ്പൂർ ജില്ലാ ആശുപത്രിയിലും ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും 40 ലക്ഷം രൂപ വീതം ചെലവഴിച്ച് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു.

നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കെ.എം.എസ്.സി.എൽ.-നിന്നും 7 ഡയാലിസിസ് മെഷീൻ വാങ്ങുകയും ചെയ്തു. എന്നാൽ പ്രസ്തുത മെഷീനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ആർ.ഒ. പ്ലാന്റ് ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് തുക അനുവദിക്കുകയും ആയത് പ്രകാരം ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വർക്ക് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി പുരോഗമിച്ചു വരുന്നു.

ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെ.എം.എസ്.സി.എൽ.-ന്റെ പ്രൊഫോർമ ഇൻവോയിസ് അനുസരിച്ച് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. ബിൽ പാസ്സായി തുക കെ.എം.എസ്.സി.എൽ.-ന്റെ അക്കൗണ്ടിൽ എത്തുന്ന മുറയ്ക്ക് ഡയാലിസിസ് മെഷീൻ സ്ഥാപിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് സ്ഥാപനത്തിലെ സൂപ്രണ്ട്/മെഡിക്കൽ ആഫീസർ ആണ്. എന്നാൽ തുക അനുവദിച്ചിരുന്നത് പി.ഡബ്ല്യൂ.ഡി. ശീർഷകത്തിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിലേയ്ക്കായി അനുവദിച്ച തുക പി.ഡബ്ല്യൂ.ഡി.യുടെ ശീർഷകത്തിലായിരുന്നതിനാൽ ഉണ്ടായ ആശയക്കുഴപ്പംമൂലമാണ് കാലതാമസമുണ്ടായത്.

(സി) ഡയാലിസിസ് യൂണിറ്റിലേക്കായി അനുവദിച്ച ഫണ്ടിലെ പദ്ധതി നിർവ്വഹണത്തിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ആഫീസറാണെങ്കിലും ആസ്തി വികസന ഫണ്ട് അനുവദിച്ചത് PWD-യുടെ ശീർഷകത്തിലായിരുന്നതിനാലാണ് പദ്ധതി നീണ്ടുപോയത്.

(ഡി) ഈ വർഷം നിലമ്പൂർ ജില്ലാ ആശുപത്രിയിലെയും ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെയും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനം

265 (2147) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ കെട്ടിടം ഉൾപ്പെടെയുള്ള സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി റവന്യൂഭൂമി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ബജറ്റുകളിൽ അനുവദിച്ച അഞ്ചുകോടി രൂപ ഉപയോഗപ്രദമാക്കി ആശുപത്രി വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടാമ്പി താലൂക്ക് ആശുപത്രി ഉൾപ്പെടെ ചില ജില്ലാ താലൂക്ക് ജനറൽ ആശുപത്രികളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി KIIFB-ൽ നിന്ന് 2000 കോടി രൂപ അനുവദിച്ചതായി പരാമർശിച്ചിരുന്നു. എങ്കിലും പട്ടാമ്പി താലൂക്ക് ആശുപത്രി ഭൗതിക സൗകര്യ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന്റെ ഭരണാനുമതി ഇതുവരെ നൽകിയിട്ടില്ല. റവന്യൂ വകുപ്പിൽനിന്ന് ആശുപത്രിക്കായി ലഭ്യമായ സ്ഥലത്ത് ആശുപത്രി നിർമ്മാണം നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

## മാനന്തവാടി ജില്ലാ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ

266 (2148) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ എന്തെല്ലാം പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി ജില്ലാ ആശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പാക്കുന്ന വികസന പ്രവർത്തങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടന്നുവരുന്ന മുഴുവൻ വികസന പ്രവർത്തനങ്ങളുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | ജില്ലാ ആശുപത്രി, മാനന്തവാടി മാലിന്യ നിർമ്മാർജനം | 10 ലക്ഷം |
| 2 | കമ്പ്യൂട്ടർവത്ക്കരണം | 18 ലക്ഷം |
| 3 | ഡയാലിസിസ് യൂണിറ്റ് നവീകരണം | 10 ലക്ഷം |
| 4 | ആശുപത്രി ഉപകരണങ്ങൾ | 10 ലക്ഷം |
| 5 | ബയോഗ്യാസ് പ്ലാന്റ് | 10 ലക്ഷം |
| 6 | സോറിയാസിസ് ചികിത്സ സൗകര്യം | 5 ലക്ഷം |
| 7 | യു.പി.എസ്. വാങ്ങുന്നതിന് | 5 ലക്ഷം |
| 8 | മാമോഗ്രാഫി യൂണിറ്റ് | 42 ലക്ഷം |
| 9 | എച്ച്.ഐ.വി. ബാധിതർക്ക് ഭക്ഷണം | 5 ലക്ഷം |
| 10 | പാലിയേറ്റീവ് കെയർ മരുന്ന് | 5 ലക്ഷം |
| 11 | ഇൻസിനേറ്റർ | 10 ലക്ഷം |
| 12 | ടി.ബി. രോഗികൾക്കുള്ള ഭക്ഷണം | 3 ലക്ഷം |
| 13 | മാതൃസുരക്ഷാ പദ്ധതി | 25 ലക്ഷം |
| 14 | ആശുപത്രി ജനറേറ്റർ | 10 ലക്ഷം |
| 15 | മാനസിക രോഗികൾക്ക് മരുന്ന് | 16 ലക്ഷം |

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ 2017-18

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| (1) | (2) | (3) |
| 16 | സൗരോർജ്ജ പ്ലാന്റ് | 15 ലക്ഷം |
| 17 | കേന്ദ്രീകൃത ഓക്സിജൻ | 11 ലക്ഷം |
| 18 | എച്ച്.ഐ.വി. പോഷകാഹാരം | 5 ലക്ഷം |
| 19 | ടി.ബി. രോഗികൾക്കുള്ള ഭക്ഷണം | 3 ലക്ഷം |

| (1) | (2) | (3) |
|---|---|---|
| 20 | ഒ.പി., ഐ.പി. കമ്പ്യൂട്ടർവത്ക്കരണം | 12 ലക്ഷം |
| 21 | പാലിയേറ്റീവ് കെയർ പദ്ധതി | 2 ലക്ഷം |
| 22 | മാനസിക രോഗികൾക്ക് മരുന്ന് | 10 ലക്ഷം |
| 23 | വയോജന സൗകര്യം ഏർപ്പെടുത്തൽ | 25 ലക്ഷം |
| 24 | വീൽച്ചെയർ | 4.5 ലക്ഷം |

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ 2018-19

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 25 | വയോജന സൗകര്യം ഏർപ്പെടുത്തൽ | 30 ലക്ഷം |
| 26 | ഉപകരണങ്ങൾ വാങ്ങൽ | 40 ലക്ഷം |
| 27 | യു.പി.എസ്. വാങ്ങൽ | 6 |

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ 2019-20

| ക്രമ നമ്പർ | പദ്ധതി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 28 | ഗർഭകാല ഐ.സി.യു. | 40 ലക്ഷം | നടന്നുവരുന്നു |
| 29 | സ്ത്രീരോഗ വിഭാഗ ഉപകരണം | 10 ലക്ഷം | നടന്നുവരുന്നു |
| 30 | മാലിന്യ സംസ്കരണം | 10 ലക്ഷം | നടന്നുവരുന്നു |
| 31 | വയോജന സൗകര്യം | 60 ലക്ഷം | നടന്നുവരുന്നു |
| 32 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് | 25 ലക്ഷം | നടന്നുവരുന്നു |

(ബി) വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ. | പദ്ധതി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | OPD ട്രാൻസ്ഫർമേഷൻ | 107 ലക്ഷം | നടന്നുവരുന്നു |
| 2 | Standardisation of Labour Room LAQSHYA | 100 ലക്ഷം | നടന്നുവരുന്നു |
| 3 | എസ്.എൻ.സി.യു. | 10 ലക്ഷം | പൂർത്തീകരിച്ചു |

(സി) വിശദാംശം ചുവടെ ചേർക്കുന്നു:

| Sl. No | Project | Owned by | Amount | Remarks |
|---|---|---|---|---|
| 1 | OPD | Aardram | 1.07 Crore | On going |
| 2 | Multipurpose Buildings | NABARD | 45 Crore | On going |
| 3 | Bystander waiting area | MP Fund | 50 Lakhs | Completed |
| 4 | Biomedical Waste Collection | LSGD | 15 Lakhs | On going |
| 5 | Ramp Construction | LSGD | 10 Lakhs | Completed |
| 6 | ICU Maintenance | LSGD | 10 Lakhs | On going |
| 7 | OED Maintenance | LSGD | 15 Lakhs | On going |
| 8 | Paediatric Block Maintenance | NHM | 20 Lakhs | On going |
| 9 | Central Store Maintenance | Plan | 43 Lakhs | Completed |
| 10 | Sewage Treatment Plant | LSGD | 1.23 Crore | Completed |
| 11 | Opthalmology Block Maintenance | NPCB | 40 lakhs | Completed |
| 12 | Dialysis and Maintenance | | 1 Crore | On going |

| | | | | |
|---|---|---|---|---|
| 13 | Painting of Building | | 20 Lakhs | Completed |
| 14 | Cath Lab | NHM | 823.422 Lakhs | On going |
| 15 | Modernisation of Drug Store | NHM | 46.12 Lakhs | Completed |
| 16 | Vishram Mandiram | MP Fund | 40 Lakhs | Completed |
| 17 | Maternity Lakshya | | 1 Crore | On going |
| 18 | Isolation Ward | NHM | 5 Lakhs | On going |
| 19 | Geriatric Ward | NHM | 15 Lakhs | On going |
| 20 | Limb Fitting Centre | Plan Fund | 60 Lakhs | On going |

**നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം**

267 (2149) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സൗകര്യമുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും ഡോക്ടർമാരെയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ നിലമ്പൂർ താലൂക്കിൽ ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സൗകര്യമുള്ള സർക്കാർ ആശുപത്രികൾ ഇല്ല.

(ബി) ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സ അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഘട്ടം ഘട്ടമായി സജ്ജമാക്കുന്ന നടപടി നടന്നുവരുന്നുണ്ട്. G.O.(Ms)No.58/2017/H&FWD dated 22-4-2017 അനുസരിച്ച് നിലമ്പൂർ ആശുപത്രിയെ താലൂക്ക്തല ആശുപത്രി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. താലൂക്ക്തല ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സാ വിഭാഗം ആരംഭിക്കുന്നത് ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## പത്തനംതിട്ട ജില്ലാ ആശുപത്രി

268 (2150) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ എന്തെല്ലാം പദ്ധതികൾ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിടം

269 (2151) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിട സമുച്ചയം ഉപയോഗപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആന്റ് ടെക്നോളജി ഓഫീസും കോളേജ് ഓഫ് നഴ്സിംഗും പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ സ്ഥലസൗകര്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സ്ഥലസൗകര്യം ഇല്ലാതെ വീർപ്പുമുട്ടുന്ന ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിനും രോഗികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിയുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച കെട്ടിടത്തിൽ TATA ഫൗണ്ടേഷൻ, CIHS എന്നിവയുടെ സഹകരണത്തോടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള Apex simulation Training Centre for emergency and Trauma Care എന്ന ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) Apex Trauma Centre-നായി മാറ്റി വച്ച നിലകൾ കൂടാതെയുള്ള ബാക്കി സ്ഥലം ഏത് രീതിയിൽ വിനിയോഗിക്കണമെന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബി ധനസഹായത്തോടുകൂടിയുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രാഥമികഘട്ടത്തിൽ 143.06 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടം

270 (2152) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിൽ മുൻ സർക്കാരിന്റെ കാലത്ത് അഞ്ച് കോടി രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം രോഗികൾക്കായി തുറന്നുകൊടുക്കാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിന് ആറ് കോടിരൂപയുടെ ഭരണാനുമതി നൽകിയിരുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) 24 ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്ന ഫോർട്ട് താലൂക്കാശുപത്രിയിൽ ഇപ്പോൾ 18 ഡോക്ടർമാരുടെ സേവനം മാത്രം ലഭ്യമാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിൽ അഞ്ച് കോടി രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം എം.സി.എച്ച്. ബ്ലോക്കാണ്. 5-3-2018 മുതൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് ഈ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 5-2-2019 മുതൽ ഈ കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്ററും പ്രവർത്തിക്കുന്നുണ്ട്.

(ബി) ആറ് കോടി രൂപയുടെ ചെലവിൽ ജനറൽ വാർഡ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകേണ്ടതുണ്ട്.

(സി) നിലവിൽ 17 സ്ഥിരം ഡോക്ടർമാരും 2 എൻ.എച്ച്.എം. ഡോക്ടർമാരും ജോലി ചെയ്തുവരുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജൻമാരുടെ നിയമനം

271 (2153) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരെ നിയമിക്കണം എന്ന സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഹൗസ് സർജന്മാരെ നിയമിക്കണമെങ്കിൽ ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങൾ ആണ് വേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ഇതുസംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി എല്ലാ വിഭാഗങ്ങളിലും അടിസ്ഥാനസൗകര്യ വികസനം ഉണ്ടായിരിക്കണം. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന് പുതുതായി ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് നിബന്ധനകൾ ഒന്നും നിലവിലില്ലെന്ന വിവരം അറിയിക്കുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ വിതരണം ചെയ്ത ഉപകരണങ്ങൾ

272 (2154) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2019-20 വർഷത്തിൽ ഏതൊക്കെ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപകരണങ്ങൾ നൽകുന്നതിന് ഏതൊക്കെ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ഭരണാനുമതി നൽകിയത് എന്നു വിശദമാക്കാമോ;

(സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്കു വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണവും വിലയും വിശദമാക്കാമോ;

(ഡി) ഇനി വിതരണം ചെയ്യാൻ ബാക്കിയുള്ള മെഡിക്കൽ ഉപകരണങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2019-20 വർഷത്തിൽ വിതരണം ചെയ്യുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഭരണാനുമതി നൽകിയ ഉപകരണങ്ങളുടെയും അവ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ച സർക്കാർ ഉത്തരവുകളുടെയും വിശദവിവരം അനുബന്ധം ആയി *ഉള്ളടക്കം ചെയ്യുന്നു.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണവും വിലയും അനുബന്ധം ആയി * ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഇനി വിതരണം ചെയ്യാൻ ബാക്കിയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. Reagents for Hematology Analyser-3 part (PE6000)- 1 No.
2. Power drill and reamer for Orthopaedics -1 No.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. Micro Laryngeal Instruments -1 No.
4. Foot Operated Suction-1 No.

## പബ്ലിക് ഹെൽത്ത് കേഡർ

273 (2155) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ഏതെല്ലാം തസ്തികകളാണ് പുനർവിന്യസിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിൽ എത്ര കേഡർ തസ്തികകളാണ് നിശ്ചയിച്ചിരിക്കുന്നത്; ഓരോന്നിന്റെയും ചുമതലകൾ വിവരിക്കാമോ?

### ഉത്തരം

(എ&ബി) 13-5-2019 -ലെ സ.ഉ.(കൈ)71/2019/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. നടപടികൾ പൂർത്തിയായിവരുന്ന മുറയ്ക്ക് മാത്രമേ തസ്തികകൾ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് തീരുമാനമാകുകയുള്ളൂ.

(സി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർമാരുടെ 4 കേഡറുകളാണ് നിലവിലുള്ളത്. കേഡറുകളുടെ പേര് ചുവടെ ചേർക്കുന്നു:

(A) അഡ്മിനിസ്ട്രേറ്റീവ് കേഡർ

(B) ജനറൽ കേഡർ

(C) സ്പെഷ്യാലിറ്റി കേഡർ

(D)(a) പബ്ലിക് ഹെൽത്ത് ലബോറട്ടറി കേഡർ

(b) ബ്ലഡ് ബാങ്ക് ആന്റ് ക്ലിനിക്കൽ ലാബ് (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) കേഡർ

സാധാരണഗതിയിൽ ആശുപത്രികളിലെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഉദ്യോഗസ്ഥരാണ്. ജനറൽ കേഡറിലെ മെഡിക്കൽ ഓഫീസർമാർ രോഗീചികിത്സയും അഡ്മിനിസ്ട്രേറ്റീവ് തലത്തിലെ ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലകളും നിർവ്വഹിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ ഉദ്യോഗസ്ഥൻമാർ രോഗീ ചികിത്സാ രംഗത്താണ് പ്രവർത്തിക്കുന്നത്. പബ്ലിക് ഹെൽത്ത് ലബോറട്ടറി കേഡറിലെ മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് ലാബുകളിൽ പ്രവർത്തിച്ചുവരുന്നു. ബ്ലഡ് ബാങ്ക് ആൻഡ് ക്ലിനിക്കൽ ലാബ് (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) കേഡറിലെ മെഡിക്കൽ ഓഫീസർമാർ ജനറൽ, ജില്ലാ താലൂക്ക്തല ആശുപത്രികളിലെ ലാബുകളിലും ബ്ലഡ് ബാങ്കിലും പ്രവർത്തിച്ചുവരുന്നു.

## കായംകുളം താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

274 (2156) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രതിദിനം 1500 പേർ ചികിത്സ തേടിയെത്തുന്ന കായംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രി ആയിട്ട് ഉയർത്തിയെങ്കിലും ഇവിടുത്തെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ആരോഗ്യ വകുപ്പിൽ ഇപ്പോൾ 1961-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. നിലവിൽ ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. കായംകുളം താലൂക്ക് ആശുപത്രി നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനമാണ്. ആർദ്രം പദ്ധതി പ്രകാരം ഓരോ സ്ഥാപനങ്ങളിലുണ്ടായിരിക്കേണ്ട ജീവനക്കാരുടെ പട്ടിക നിജപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രിയിൽ സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ- 1

ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജറി - 1

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1

മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1

സ്റ്റാഫ് നഴ്സ്- 2

ലാബ് ടെക്നീഷ്യൻ-1

## ക്ലറിക്കൽ അറ്റൻഡർ ശ്രീ. ഷാജു എസ്.-ന്റെ ആനുകൂല്യങ്ങൾ

275 (2157) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ക്ലറിക്കൽ അറ്റന്റർ ശ്രീ.ഷാജു.എസ്.- ന് 1-5-18-ൽ അനുവദിച്ച ആനുപാതിക സ്ഥാനക്കയറ്റത്തിന്റെ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. ഷാജുവിന്റെ സർവ്വീസിൽ ശൂന്യവേതനാവധി ഒഴികെയുള്ള ഏതെങ്കിലും കാലയളവിൽ ശമ്പളം നല്കുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 10-ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തി ശ്രീ. ഷാജുവിന് അർഹതപ്പെട്ട ശമ്പളവും കുടിശ്ശികയും നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ശമ്പളവും കുടിശ്ശികയും അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 1-5-18 മുതലുള്ള സ്ഥാനക്കയറ്റത്തിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന പാരിപ്പള്ളി മെഡിക്കൽ കോളേജിൽനിന്നുമാണ്. എന്നാൽ ടിയാന്റെ 22-6-2015 മുതൽ 16-2-2016 വരെയുള്ള സസ്പെൻഷൻ കാലയളവ് എങ്ങനെ പരിഗണിക്കണമെന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി&ഡി) പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം നടത്തി 1-7-2014 മുതൽ 31-1-2016 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ഒഴികെയുള്ള അർഹതപ്പെട്ട പുതുക്കിയ ശമ്പളവും കുടിശ്ശികയും നൽകിയിട്ടുണ്ട്. സസ്പെൻഷൻ കാലയളവിൽ ശമ്പളത്തിന് ആനുപാതികമായിട്ടുള്ള സബ്സിസ്റ്റൻസ് അലവൻസാണ് നൽകിയിട്ടുള്ളത്. 22-6-2015 മുതൽ 16-2-2016 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ 20-1-2016-ലെ ജി.ഒ.(പി) നമ്പർ 7/2016/ഫിൻ പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ടിയാൾക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ.

## ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേൺ

276 (2158) ശ്രീ. റോഷി അഗസ്റ്റിൻ:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-ൽ നിലവിൽവന്ന ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേണിന് സമഗ്രമായ ഒരു മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2008-ൽ സ്റ്റാഫ് പാറ്റേണിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം മിഷൻ മുഖേന ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കേണ്ട തസ്തികകളേയും സേവനങ്ങളെയും സംബന്ധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 1961-ൽ നിലവിൽ വന്ന ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേണിൽ കാലാനുസൃതമായ മാറ്റം വരുത്താൻ 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961-ലാണ് നിലവിൽ വന്നത്. ആരോഗ്യ രംഗത്ത് പിന്നീട് ആധുനികവും നൂതനവുമായ വിവിധ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 6-11-2008-ലെ ജി.ഒ.(എം.എസ്)568/08 പ്രകാരം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്. നിലവിൽ ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ ആർദ്രം പദ്ധതി മുഖേന മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തി വരികയാണ്.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകളും സേവനങ്ങളും അടക്കമുള്ള കാര്യങ്ങളെക്കുറിച്ചും താലൂക്ക്തല ആശുപത്രികളിലെ സേവനങ്ങളെക്കുറിച്ചുമുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. ജില്ലാ/ജനറൽ/സ്പെഷ്യാലിറ്റി വിഭാഗം ആശുപത്രികളിലെ സേവനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നുണ്ട്.

(ഡി) ഓരോ വിഭാഗം ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട സേവനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കിവരുന്നുണ്ട്.

## എഫ്. എച്ച്. സി.യിലെ നിയമനം

277 (2159) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നിയൂർ എഫ്.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യനേയും തേഞ്ഞിപ്പാലം എഫ്.എച്ച്.സി.യിൽ ലാബ് ടെക്നീഷ്യനെയും ,സ്റ്റാഫ് നഴ്സിനേയും നിയമിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കൊണ്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി 4-1-2020-ലെ എം1/945/2019 നമ്പരായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുന്നിയൂർ എഫ്.എച്ച്.സി.-യിൽ ലാബ് ടെക്നീഷ്യനേയും തേഞ്ഞിപ്പാലം എഫ്.എച്ച്.സി.-യിൽ ലാബ് ടെക്നീഷ്യനെയും സ്റ്റാഫ് നഴ്സിനേയും നിയമിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അബ്ദുൽ ഹമീദ് പി. സമർപ്പിച്ച കത്ത് ലഭിച്ചിരുന്നു.

(ബി) 4-1-2020-ലെ എം1/945/2019/ആ.കു.വ. നമ്പർ സർക്കാർ കത്ത് പ്രകാരം പ്രസ്തുത നിവേദനത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ.എഫ്2/2851/20/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. നിയമനം സംബന്ധിച്ച്

278 (2160) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ മറ്റു തരത്തിൽ വകമാറ്റുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം പരിധിയിൽ കവിഞ്ഞതായുള്ള പരാതിയെ കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; കഴിഞ്ഞ രണ്ട് വർഷവും ആരോഗ്യ വകുപ്പിൽ എൽ.ഡി.സി. തസ്തികയിൽ ആശ്രിത നിയമനം മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ;

(സി) ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ കോടതി വിധി മറികടക്കുവാൻ വകമാറ്റം ചെയ്യുന്നതായുള്ള റാങ്ക് ഹോൾഡേഴ്സിന്റെ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 2016 ജനുവരി മുതൽ 2020 ജനുവരി വരെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ഇരിക്കുന്ന ക്ലർക്ക്, സൂപ്രണ്ട് ആരൊക്കെയാണ്; പ്രസ്തുത സീറ്റിൽ ഇവർ ഇരിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായെന്നും ഇവർക്ക് സീറ്റ് മാറ്റം നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; ഇവർ വൈര്യനിര്യാതന ബുദ്ധിയോടെ പെരുമാറുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ആരോഗ്യവകുപ്പിലെ എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ 2018 ജനുവരി മുതൽ 2019 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ആശ്രിത നിയമനം മുഖേനയാണ് നികത്തിയിട്ടുള്ളത്. ആശ്രിത നിയമന വ്യവസ്ഥകളിലെ ചട്ടങ്ങൾക്കനുസൃതമായി നിയമനം ലഭിക്കുന്നതിന് അർഹരായ ഉദ്യോഗാർത്ഥികളെ മാത്രമാണ് സീനിയോറിറ്റി പ്രകാരം മേൽ കാലയളവിൽ നിയമിച്ചിട്ടുള്ളതെന്നതിനാൽ മറ്റ് യാതൊരു തരത്തിലുള്ള നിയമനങ്ങൾക്കും ഒഴിവുകൾ വക മാറ്റിയിട്ടില്ല. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം മാത്രം ആശ്രിത നിയമനത്തിനായി നീക്കി വയ്ക്കാനും ബാക്കി ഒഴിവുകൾ

പി.എസ്.സി.-യെ അറിയിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമാനുസൃതമായി വ്യവസ്ഥകൾ പ്രകാരമാണ് ഈ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് നിയമനം നടന്നിട്ടുള്ളതിനാൽ ആരോഗ്യ വകുപ്പിലെ എൽ.ഡി.സി. ഒഴിവുകൾ കോടതി വിധി മറികടക്കുവാൻ വകമാറ്റം ചെയ്യുന്നതായുള്ള റാങ്ക് ഹോൾഡേഴ്സിന്റെ പരാതികളിൽ കഴമ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ പരാതികളിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി)

| പേരുകൾ | പ്രസ്തുത സീറ്റുകളിൽ ജോലി ചെയ്ത കാലയളവ് |
|---|---|
| രാജേഷ്-ക്ലാർക്ക്<br>ഗോപാലകൃഷ്ണൻ-സൂപ്രണ്ട് | 2016 ജനുവരി മുതൽ മേയ് വരെ |
| സജികുമാർ എ.-ക്ലാർക്ക്<br>ഷൈലജാ ദേവി-സൂപ്രണ്ട് | 2016 മേയ് മുതൽ 2017 സെപ്റ്റംബർ വരെ |
| അഖില ജി. എസ്.-ക്ലാർക്ക്<br>ശശികല വി.-സൂപ്രണ്ട് | 2017 സെപ്റ്റംബർ മുതൽ 2019 ഓഗസ്റ്റ് വരെ |
| അഖില ജി. എസ്.-ക്ലാർക്ക്<br>ലാൽ കൃഷ്ണൻ-സൂപ്രണ്ട് | 2019 ഓഗസ്റ്റ് മുതൽ തുടരുന്നു |

മേൽ വിവരിച്ച ഉദ്യോഗസ്ഥർ തുടർച്ചയായി ദീർഘകാലം സീറ്റുകൾ കൈകാര്യം ചെയ്തിട്ടില്ലാത്തതിനാലും ഇവരുടെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിച്ചിട്ടില്ലാത്തതിനാലും ഇവർക്ക് സീറ്റ് മാറ്റം നൽകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇവർ വൈര്യനിര്യാതന ബുദ്ധിയോടെ പെരുമാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

279 (2161) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ലെപ്രസി ഇൻസ്പെക്ടർ, ലാബ് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-I എന്നീ തസ്തികകളിൽ ഒഴിവ് നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ഉടൻ നികത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) സ്റ്റാഫ് നഴ്സ് ഗ്രേഡ് I-ന്റെ 1 ഒഴിവും ലാബ് ടെക്നീഷ്യന്റെ 1 ഒഴിവും നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് -I തസ്തികയുടെ ഒഴിവ് സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ ജീവനക്കാർക്ക് ഗ്രേഡ്-1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ലെപ്രസി ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

**സ്വകാര്യ ലാബുകളിൽ വ്യത്യസ്ത പരിശോധനാ ചാർജ്ജുകൾ**

280 (2163) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്വകാര്യ ലാബുകൾ ഒരേ പരിശോധനാ ഫലങ്ങൾക്കായി വ്യത്യസ്ത ചാർജ്ജുകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്വകാര്യ പരിശോധന ലാബുകൾ ഏകീകൃത ചാർജ്ജ് ഈടാക്കുന്ന തരത്തിൽ നിമയം കൊണ്ടുവരുവാൻ സാധിക്കുമോ എന്നറിയിക്കാമോ;

(സി) സ്വകാര്യ ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ, ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(സി) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ

മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുവരുന്നു.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സാമ്പത്തിക സഹായം

281 (2164) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നാളിതുവരെ സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സുപ്രീംകോടതി വിധി ഉണ്ടായിട്ടും കേന്ദ്രസർക്കാർ നാളിതുവരെയായി എൻഡോസൾഫാൻ ദുരിതബാധിതർക്കായി സാമ്പത്തികസഹായം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ ഇനത്തിൽ തുക ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 220,72,32,964 രൂപ

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | സാമ്പത്തിക സഹായം | 1,71,10,70,833 |
| 2 | ചികിത്സ | 15,03,18,067 |
| 3 | പെൻഷൻ (2018-19) വരെ | 25,32,27,830 |
| 4 | ആശ്വാസ കിരണം (2018-19) വരെ | 1,75,65,401 |
| 5 | സ്കോളർഷിപ്പ് (2018-19) വരെ | 67,80,000 |
| 6 | വായ്പ എഴുതിത്തള്ളൽ | 6,82,70,833 |
| | ആകെ | 2,20,72,32,964 |

(ബി) 2012 മുതൽ NHM-ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസിലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ച് നൽകിയതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17-2-2018-ൽ വീണ്ടും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം നഷ്ടപരിഹാരം നൽകുന്നതുവഴി സംസ്ഥാനത്തിന് 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ടെന്നും ദുരിത ബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ ഫീസ് വർദ്ധനവ്**

282 (2165) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അമിതമായ ഫീസ് വർദ്ധനവ് കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്നവർക്ക് ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അത് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) ആണ്. ഫുഡ് ബിസിനസ് ഓപ്പറേറ്ററുടെ വാർഷിക വിറ്റുവരവ് 12 ലക്ഷം രൂപ വരെയാണെങ്കിൽ ഫുഡ് സേഫ്റ്റി രജിസ്ട്രേഷനാണ് എടുക്കേണ്ടത്. ഇതിന്റെ ഫീസായി ഒരു വർഷത്തേയ്ക്ക് FSSAI നിശ്ചയിച്ചിരിക്കുന്നത് 100 രൂപയാണ്. വാർഷിക വിറ്റുവരവ് 12 ലക്ഷത്തിന് മുകളിലുള്ളവർക്ക് ഫുഡ്സേഫ്റ്റി ലൈസൻസാണ് എടുക്കേണ്ടത്. ഇതിന്റെ ഫീസ് പ്രതിവർഷം 2,000 രൂപയാണ്.

ഫീസ് വർദ്ധനവ് നിശ്ചയിക്കുന്നത് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയായതിനാൽ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**മായം കലർന്ന മത്സ്യ വിപണനം**

283 (T2166) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) മായം കലർന്ന മത്സ്യത്തെ സംബന്ധിച്ച വിവരം വകുപ്പിന് ലഭ്യമാകുന്നതെങ്ങനെയെന്നറിയിക്കുമോ;

(സി) ഇതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും തുടർന്നുള്ള പരിശോധനയിൽ ഹാനികരമായ മായം കലർന്നിട്ടില്ല എന്ന് കണ്ടെത്തുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം തെറ്റായ സൂചനയുടെ ഫലമായി നശിപ്പിക്കപ്പെട്ട മത്സ്യത്തിന്റെ വില നഷ്ടപരിഹാരമായി തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ മായം കലർന്ന മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതിയുടെയും ഭക്ഷ്യസുരക്ഷാ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള Government Contact Centre (GCC)-ൽ ലിങ്ക് ചെയ്തിട്ടുള്ള Toll free No. ആയ 1800 425 1125 വഴി ലഭിക്കുന്ന പരാതികളുടെയും വകുപ്പ് നടത്തുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളുടെയും അടിസ്ഥാനത്തിൽ ശേഖരിക്കുന്ന സാമ്പിളുകൾ ഗവൺമെന്റ് അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്തി ഫലം ലഭ്യമാകുമ്പോഴാണ് മായം കലർന്നിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുന്നത്. കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ ഫോർമാലിന്റെയും അമോണിയയുടെയും സാന്നിദ്ധ്യം തൽസമയം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. ഇത് ഉപയോഗിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

(സി) മായം കലർന്ന മത്സ്യത്തെ സംബന്ധിച്ച വിവരം വകുപ്പിന് ലഭ്യമാകുന്നതിന് പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടില്ല. വകുപ്പിന്റെ സ്ഥിര പരിശോധനയുടെ ഭാഗമായും പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരടങ്ങിയ സ്ക്വാഡുകൾ മത്സ്യ മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപ്പന കേന്ദ്രങ്ങൾ, ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ ഇത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല.

(ഇ) തെറ്റായ സൂചനയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് മത്സ്യം നശിപ്പിക്കുകയോ വില നഷ്ടപരിഹാരമായി നൽകുകയോ ചെയ്തിട്ടില്ല.

## ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി

284 (2167) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി ആരംഭിക്കുന്നതെന്നും, എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തിരുവനന്തപുരം ശംഖുമുഖം ബീച്ചിലും ആലപ്പുഴ ബീച്ച് പരിസരത്തും എറണാകുളം ഫോർട്ട് കൊച്ചിയിലുമാണ് ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി ആരംഭിക്കുന്നതിന് പരിഗണനയിലുള്ളത്. ഇക്കാര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ സഹായസഹകരണങ്ങൾകൂടി ലഭ്യമാക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ കേരളത്തിൽ വിജയകരമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ബി) 50 മുതൽ 70 വരെ തട്ടുകടകളെയും ചെറുകിട ലഘുഭക്ഷണശാലകളെയും കോർത്തിണക്കിക്കൊണ്ട് വൃത്തിയും ശുചിത്വവും ഭക്ഷ്യസുരക്ഷാമാനദണ്ഡങ്ങളും ഉറപ്പുവരുത്തി തദ്ദേശീയരും അന്തർദ്ദേശീയരുമായ വിനോദ സഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് തനതായ കേരളീയ ഭക്ഷണം ഉറപ്പുവരുത്തുക എന്നതാണ് Clean Street Food Hub പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

**ഫോർമാലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപ്പന**

285 (T2168) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർമലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപ്പന വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യത്തിന് ഹാനികരമായ ഇത്തരം മത്സ്യവിൽപ്പന തടയുവാൻ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഫോർമാലിൻ കലർന്നതും പഴകിയതുമായ മത്സ്യങ്ങളുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാവകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായം

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ലഭിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങളിലും മത്സ്യ മാർക്കറ്റുകളിലും പരിശോധന നടത്തിവരുന്നു.

Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത ഫോർമാലിൻ/അമോണിയ ഡിറ്റക്ഷൻ കിറ്റ് ഉപയോഗിച്ച് മത്സ്യമാർക്കറ്റുകളിൽ തൽസമയ പരിശോധനകളും മത്സ്യം, ഐസ് എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ വിശദ പരിശോധനയും നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷാ വകുപ്പ് 2103 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെ 1584 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളിൽ അയച്ച് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ Central Institute of Fisheries Technologies (CIFT) വികസിപ്പിച്ചെടുത്ത സ്ട്രിപ്പ് ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 1967 മത്സ്യ സാമ്പിളുകളിലും പരിശോധന നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം രാസപദാർത്ഥങ്ങൾ കലർന്നതും പഴകിയതുമായ മത്സ്യം വിൽപ്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരാധനാലയങ്ങളിലെ പ്രസാദത്തിന് ഫുഡ് സേഫ്റ്റി ലൈസൻസ്**

286 (2169) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ വിതരണം ചെയ്യുന്ന പ്രസാദത്തിന് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കണമെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(സി) കർണ്ണാടകയിൽ ഒരു ആരാധനാലയത്തിൽ നിന്നും വിതരണം ചെയ്ത പ്രസാദം കഴിച്ച് പതിമൂന്ന് പേർ മരിക്കുവാനിടയായ സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ പ്രസ്തുത ലൈസൻസ് നിർബന്ധമാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതിയാണ് BHOG (Blissful Hygienic Offering to God).

ഇതിന്റെ ഭാഗമായി ആരാധനാലയങ്ങളിലെ പ്രസാദ വിതരണം, അന്നദാനം, സമൂഹസദ്യ എന്നിവയിൽ സംഭവിക്കാൻ സാധ്യതയുള്ള ഭക്ഷ്യവിഷബാധ, വൃത്തിയില്ലായ്മ, ശുചിത്വമില്ലായ്മ എന്നിവകൊണ്ട് സംഭവിക്കാൻ സാധ്യതയുള്ള അപായങ്ങൾ ഒഴിവാക്കാനായി പാലിക്കേണ്ട കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് Places of Worship (PoW) അധികൃതർക്ക് അവബോധന ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1546 രജിസ്ട്രേഷനും 16 ലൈസൻസുകളും ഇതിനോടകം നൽകിക്കഴിഞ്ഞു.

(സി) സംസ്ഥാനത്തെ മുഴുവൻ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ നിയമ പ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പച്ചക്കറിയുടെയും മത്സ്യത്തിന്റെയും ഗുണനിലവാര പരിശോധനയ്ക്ക് സ്ഥിരം സംവിധാനം

287 (2170) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലേക്ക് കൊണ്ടുവരുന്ന പച്ചക്കറിയുടെയും മത്സ്യത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്തെ അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം നിലവിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറിയുടെയും മത്സ്യത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്തെ അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം നിലവിലില്ല. എന്നിരുന്നാലും ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല തുടങ്ങിയ ഉത്സവ സീസണുകളിലും ചെക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഉപയോഗിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) അതിർത്തികളിൽ ഇത്തരം സ്ഥിരം പരിശോധനാ സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി ലബോറട്ടറി ഒന്നിന് ഏകദേശം 15 കോടി രൂപ ചെലവ് ആവശ്യമായതിനാൽ അതിർത്തികളിൽ ഇത്തരം സ്ഥിരം പരിശോധനാ സംവിധാനം സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിഗണനയിലില്ല.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ**

288 (2171) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലും മത്സ്യ മാംസാദികളിലും വലിയ തോതിൽ ശരീരത്തിന് ഹാനികരമാകുന്ന വിഷവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിശോധിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വിഷവസ്തുക്കൾ അടങ്ങിയവ കണ്ടെത്തി നശിപ്പിക്കുന്നതിനും അവ കൊണ്ടുവരുന്നവർക്കെതിരെ കർശന നടപടി എടുക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന സുരക്ഷാ പരിശോധന നടത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലും മത്സ്യമാംസാദികളിലും അനുവദനീയമായ അളവിൽ കൂടുതൽ രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പച്ചക്കറികളുടെയും മത്സ്യത്തിന്റെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉത്സവ വേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനകൾ നടത്തുന്നുണ്ട്. ടി പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മത്സ്യം ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തി രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യമുള്ളതായോ കേടായതായോ കണ്ടെത്തുന്നപക്ഷം അത് തിരിച്ചയയ്ക്കുകയോ പിടിച്ചെടുത്ത് നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും മറ്റ് ഉത്സവ സീസണുകളിലും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു.

**ഡെങ്കിപ്പനി പ്രതിരോധിക്കുന്നതിന് നടപടി**

289 (2172) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020-ൽ ഡെങ്കിപ്പനി പടരാൻ സാധ്യതയുണ്ടെന്ന് ആരോഗ്യ വിദഗ്ദർ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനവും വൈറസുകളുടെ തുടർച്ചയായ ആക്രമണസ്വഭാവവുംമൂലം കേരളത്തിൽ ഡെങ്കിപ്പനി പടരുവാനുള്ള സാധ്യത വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതിനെ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) നേരത്തെ ഡെങ്കിപ്പനി പടർന്ന്പിടിച്ച പ്രദേശങ്ങളിലെ സ്പോട്ട് മാപ്പ് തയ്യാറാക്കി പ്രസ്തുത പ്രദേശത്ത് പ്രത്യേക ശ്രദ്ധ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലാവസ്ഥയിലെ മാറ്റങ്ങൾമൂലം ചില വർഷങ്ങളിൽ സംസ്ഥാനത്ത് ഡെങ്കിപ്പനി പടരുവാനുള്ള സാധ്യത ഉണ്ടാകാറുണ്ട്. എന്നാൽ 2020-ൽ ഡെങ്കിപ്പനി പടരാൻ സാധ്യതയുണ്ടെന്നതുസംബന്ധിച്ച് ആരോഗ്യ വിദഗ്ദ്ധരുടെ മുന്നറിയിപ്പൊന്നും ആരോഗ്യവകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, ഒറ്റപ്പെട്ട മഴ, ജലദൗർലഭ്യം, മാലിന്യ നിർമ്മാർജ്ജനത്തിലെ അപര്യാപ്തത തുടങ്ങിയവമൂലം ഈഡിസ് കൊതുക് പെരുകുവാനും ഡെങ്കിപ്പനി പടരുവാനും സാധ്യത കൂടുതലാണ്. ഡെങ്കിപ്പനി വൈറസിന്റെ നാല് സീറോടൈപ്പുകളും സംസ്ഥാനത്ത് കാണപ്പെടുന്നതും ഇവയിൽ കൂടുതൽ ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഡെങ്കിവൈറസ് സീറോടൈപ്പ് രണ്ടിന്റെ സാന്നിദ്ധ്യം രോഗതീവ്രത വർദ്ധിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുമെന്ന് വിദഗ്ദ്ധർ വിലയിരുത്തുന്നുണ്ട്.

(സി) ആരോഗ്യജാഗ്രത എന്ന പേരിൽ ആരോഗ്യവകുപ്പ് 2018 മുതൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി നടപ്പിലാക്കുന്നത് ഡെങ്കിപ്പനി വ്യാപനവും തന്മൂലമുള്ള മരണവും കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൊതുകിന്റെ ഉണങ്ങിയ ഉറവിടങ്ങളും പ്രധാന ഉറവിടങ്ങളും നശിപ്പിക്കുന്നതിനുള്ള കാമ്പയിൻ, ക്ലീൻ ഓഫീസ്- ക്ലീൻ പബ്ലിക് പ്ലെയ്സ് കാമ്പയിൻ, ജലദൗർലഭ്യമുള്ള സ്ഥലങ്ങളിലെ ജലശുദ്ധി കാമ്പയിൻ, ആഴ്ചതോറുമുള്ള ഡ്രൈഡേ ഒബ്സർവേഷൻ കൂടാതെ ദേശീയ ഡെങ്കി ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ജൂലൈ മാസത്തെ ഡെങ്കി വിരുദ്ധമാസാചരണം എന്നിവയും നടത്തിയതുമൂലം ഡെങ്കിപ്പനി വ്യാപന സാധ്യത കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ആഴ്ചതോറും ഈഡിസ് സർവ്വേ നടത്തി

കൊതുക് സാന്ദ്രത കൂടിയ പ്രദേശങ്ങൾ കണ്ടെത്തി അവ ലോ റിസ്ക് ആക്കിമാറ്റുന്നു. പ്രതിദിന/പ്രതിവാര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ സംയോജിത കൊതുകുനിയന്ത്രണത്തിന്റെ ഭാഗമായി ഉറവിട നശീകരണം, ഇൻഡോർ സ്പേസ് സ്പ്രേ, ഔട്ട് ഡോർ ഫോഗിംഗ്, കൂത്താടി നാശിനി സ്പ്രേയിംഗ്, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. കൂടാതെ ജനങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു. ഡെങ്കിപ്പനി പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി ഊർജ്ജിതമായ രോഗനിയന്ത്രണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) നേരത്തെ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളുടെ സ്പോട്ട് മാപ്പുകൾ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും തയ്യാറാക്കുകയും ഓരോ സ്ഥലത്തും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യാനുള്ള സാഹചര്യം വിലയിരുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടെ അത്തരം സാഹചര്യം ഇല്ലാതാക്കുന്നതിനുള്ള നടപടിയാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുപോരുന്നത്. വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളും ആരോഗ്യസേനയും ഗൃഹ/സ്ഥാപനതലത്തിൽ സന്ദർശനം നടത്തി കൊതുകുറവിട നശീകരണം, കൊതുക് കടിയേൽക്കാതിരിക്കുവാനുള്ള വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, കുടിവെള്ളം സുരക്ഷിതമായി ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം, ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുവാനുള്ള നിർദ്ദേശം എന്നിവയും നൽകിവരുന്നു.

**സമഗ്ര ആംബുലൻസ് പദ്ധതി**

290 (2173) ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി ജീവൻരക്ഷയ്ക്കായി സമഗ്ര ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആരെയാണ് ഏല്പിച്ചിരിക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) സമഗ്ര ആംബുലൻസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ബേസിക് ലൈഫ് സപ്പോർട്ട് (ബി.എൽ.എസ്.) സംവിധാനമുള്ള എത്ര ആംബുലൻസുകളാണ് നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) 108 ആംബുലൻസിന്റെ നടത്തിപ്പ് ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ജി.വി.കെ.ഇ.എം.ആർ.ഐ.-എന്ന കമ്പനിയുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 5 വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നു. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ബേസിക് ലൈഫ് സപ്പോർട്ടുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനും ജി.വി.കെ.ഇ.എം.ആർ.ഐ.-എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) കനിവ് 108 ആംബുലൻസിന്റെ ഭാഗമായി 315 ബേസിക് ലൈഫ് സപ്പോർട്ട് (ബി.എൽ.എസ്.) ആംബുലൻസുകളാണ് നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നത്.

## ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നിന്റെ ദൗർലഭ്യം

291 (2175) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസികൾ വഴി വിതരണം ചെയ്തുവന്നിരുന്ന ജീവൻ രക്ഷാ ഔഷധമായ ഫാക്ടറുകൾക്ക് വലിയ ദൗർലഭ്യം നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവൻ രക്ഷാ ഔഷധത്തിന് ഇപ്രകാരം ദൗർലഭ്യം നേരിടാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ ഫാർമസികൾ മുഖേന വിതരണം ചെയ്യുന്ന പ്രസ്തുത ഔഷധത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെമ്പാടും കാരുണ്യ ഫാർമസി മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറുകളുടെ വിതരണം തടസ്സപ്പെടുകയോ ക്ഷാമം നേരിടുകയോ ഉണ്ടായിട്ടില്ല. ഹീമോഫീലിയ രോഗബാധിതരായ 1058 രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആന്റി ഹീമോഫീലിക് ഫാക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. തുടർ ചികിത്സാർത്ഥം പ്രതിമാസം ശരാശരി 4502 യൂണിറ്റ് ഫാക്ടർ VIII 463 യൂണിറ്റ് ഫാക്ടർ-IX, 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. മറ്റു രോഗാവസ്ഥകളിൽനിന്നും വിഭിന്നമായി ചികിത്സയിൽ കഴിയുന്ന രോഗിയുടെ ശാരീരിക നിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി അനന്യസാധാരണമായുണ്ടാകുന്ന അടിയന്തര അത്യാഹിതങ്ങൾ (ആന്തരിക അവയവങ്ങൾ, സന്ധികൾ, തലച്ചോർ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന രക്തസ്രാവം) നിയന്ത്രണവിധേയമാക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കരുതൽശേഖരത്തിന് കഴിയാതെ വരുന്നതും പുതിയതായി കൂടുതൽ രോഗികൾ ഈ ഗണത്തിലേയ്ക്ക് ചേർക്കപ്പെടുന്നതും തുടർ ചികിത്സയിലിരിക്കുന്ന രോഗിക്ക് ശസ്ത്രക്രിയ പോലുള്ള ചികിത്സ നൽകേണ്ടുന്ന അവസരങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കണക്കുകൂട്ടലുകൾക്കതീതമായ ആവശ്യകതയും മരുന്നുകമ്പനിയുടെ ഭാഗത്തുനിന്നും മരുന്ന് വിതരണവുമായി ബന്ധപ്പെട്ട കാലവിളംബവും കാരണം അപൂർവ്വമായി മരുന്നുകൾക്ക് ചില സ്ഥലങ്ങളിൽ നേരിയ ദൗർലഭ്യം നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കാൻ അപ്പപ്പോൾ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(സി) അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

## കുടിവെള്ളം പരിശോധിക്കുന്നതിന് നടപടി

292 (2176) <u>ശ്രീ . മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലീമസമായ കുടിവെള്ളം നിരവധി രോഗങ്ങൾക്ക് കാരണമാവുന്നു എന്നുള്ളത് കൊണ്ട് ആരോഗ്യ വകുപ്പിന് താലൂക്ക് തലത്തിൽ സ്വകാര്യ കിണറുകളിലേതടക്കം കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

നിലവിൽ കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടുമുള്ള ചീഫ്/റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, പബ്ലിക് ഹെൽത്ത് ലാബുകൾ, കേരള വാട്ടർ അതോറിറ്റി ലാബുകൾ തുടങ്ങിയവയിൽ ലഭ്യമാണ്. ജലജന്യരോഗങ്ങൾക്കെതിരെയുള്ള തയ്യാറെടുപ്പിന്റെ ഭാഗമായും ജലജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോഴും ആരോഗ്യവകുപ്പ് ഫീൽഡ്തല ജീവനക്കാർ കുടിവെള്ളം പരിശോധന നടത്താറുണ്ട്. ആരോഗ്യ സന്നദ്ധപ്രവർത്തകർ കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകളിലെ പൊതുടാപ്പുകളിലെയും കിണറുകളിലെയും സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, കാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. താലൂക്ക്തലത്തിൽ കുടിവെള്ളം പരിശോധിക്കുന്നതിന് ഇപ്പോൾ സൗകര്യം നിലവിലില്ല. ആയത് ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കനിവ് 108 ആംബുലൻസ് സർവ്വീസ്**

293 (2177) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് എത്ര 108 ആംബുലൻസുകൾ സർവ്വീസ് നടത്തിയിരുന്നുവെന്ന് അറിയിക്കാമോ;

(ബി) കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചശേഷം മുൻപ് സർവ്വീസ് നടത്തിയിരുന്ന വാഹനങ്ങൾ മാറ്റി പുതിയ കമ്പനിക്ക് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ മുൻപ് സർവ്വീസ് നടത്തിയിരുന്ന വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വാഹനങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

(സി) കനിവ് 108 ആംബുലൻസിന്റെ പ്രവർത്തനത്തിന് ഏത് കമ്പനിയുമായിട്ടാണ് കരാർ ഒപ്പിട്ടതെന്നും എത്ര വാഹനങ്ങൾ സർവ്വീസ് നടത്തുന്നുണ്ടെന്നും അറിയിക്കാമോ;

(ഡി) ഓരോ കിലോമീറ്ററിനും എത്ര രൂപ നിരക്കിലാണ് വാഹനങ്ങൾ സർവ്വീസ് നടത്തുന്നതെന്നും ഇവ ഓരോന്നും എവിടെയാണ് സർവ്വീസ് നടത്തുന്നതെന്നും അറിയിക്കാമോ; നാളിതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്; ഓരോ വാഹനത്തിനുമായി ചെലവഴിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഇ) ഈ പദ്ധതിക്കായി നിലവിൽ ഓരോ വാഹനത്തിനും നൽകി വരുന്ന തുകയും നിരക്കും കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആക്ഷേപം സംബന്ധിച്ച് കൂടുതൽ പരിശോധനകൾ നടത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 43 ആംബുലൻസുകൾ.

(ബി) കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചശേഷം മുൻപ് സർവ്വീസ് നടത്തിയിരുന്ന വാഹനങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

(സി) കനിവ് 108 ആംബുലൻസിന്റെ നടത്തിപ്പിനായി ജി.വി.കെ.-ഇ.എം.ആർ.ഐ. എന്ന കമ്പനിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. കരാർ പ്രകാരം 315 ആംബുലൻസുകളാണ് സർവ്വീസ് നടത്തേണ്ടത്. ഇതുവരെ 275 ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ട്.

(ഡി) 24 മണിക്കൂർ സർവ്വീസ് നടത്തുന്ന ആംബുലൻസുകൾക്ക് ഒന്നാംവർഷം പ്രതിമാസം 1000 കി.മീ. ഓടുന്നതിന് 2,70,000 രൂപയും 12 മണിക്കൂർ സർവ്വീസ് നടത്തുന്ന ആംബുലൻസുകൾക്ക് പ്രതിമാസം 1000 കി.മീ. ഓടുന്നതിന് 1,82,700 രൂപയുമാണ് നൽകേണ്ടത്. കൂടാതെ 315 ആംബുലൻസുകൾ 3 മാസത്തിൽ ഓടുന്ന ദൂരം കരാർ പ്രകാരം ഓടേണ്ട ദൂരത്തേക്കാൾ കൂടുതലാണെങ്കിൽ അധികം ഓടുന്ന ദൂരത്തിന് കിലോമീറ്ററിന് 15 രൂപ നിരക്കിൽ നൽകേണ്ടതാണ്. പ്രസ്തുത 108 ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്ന ആശുപത്രികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* നാളിതുവരെ കനിവ് 108 ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന സ്ഥാപനത്തിന് യാതൊരുവിധ തുകയും കൈമാറിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച സർക്കാർ ഉത്തരവ്

294 (2178) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച 26-10-2015-ലെ സ.ഉ. (എം.എസ്.) 239/2015/ആ.കു.വ. ഉത്തരവിന് എതിരെ കേരള മെഡികോ ലീഗൽ സൊസൈറ്റി ഫയൽ ചെയ്ത 33874/2015 നമ്പർ റിട്ട പെറ്റീഷന് എതിരെ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസിൽ സർക്കാർ എതിർ കക്ഷിയാണെങ്കിൽ സർക്കാരിന് വേണ്ടി കേസ് വാദിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പൊതുതാൽപ്പര്യ വിഷയത്തിൽ വേഗത്തിൽ തീർപ്പുണ്ടാകാൻ സർക്കാരിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി ഈ കേസിൽ വേഗത്തിൽ വിധിയുണ്ടാകാൻ സർക്കാർ ശ്രമിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. ഇക്കാര്യത്തിലുള്ള കരട് വസ്തുതാ വിവരണ പത്രിക ലഭ്യമാക്കുന്നതിന് കേസിലെ എതിർകക്ഷികളായ ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് അടിയന്തര നിർദ്ദേശം നൽകുന്നതാണ്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ് 2016-ൽ പരിഗണിച്ചപ്പോൾ ശ്രീ. പി. പി. പദ്മാലയൻ എന്ന സർക്കാർ അഭിഭാഷകനാണ് സർക്കാരിനുവേണ്ടി ഹാജരായത്. അതിനുശേഷം ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വന്നതായി അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ രേഖകൾ പരിശോധിച്ചതിൽനിന്നും കാണാൻ കഴിഞ്ഞിട്ടില്ല.

(സി) ഈ കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്.

## ബി. ഡി. എസ്. വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ്

295 (2179) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് അനുവദിച്ചിരുന്ന ഫീസ് ഇളവ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആനുകൂല്യം നിർത്തലാക്കാനുള്ള കാരണം അറിയിക്കുമോ;

(സി) ഇത് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എം.ബി.ബി.എസ്, എൻജിനീയറിംഗ്, ആർക്കിടെക്ട്, ഫാർമസി വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം തുടരുമ്പോൾ ഇക്കാര്യത്തിൽ ബി.ഡി.എസ്. വിദ്യാർത്ഥികൾ നേരിടുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-ഡി) 2016-17 അധ്യയന വർഷം വരെ സ്വാശ്രയ കോളേജുകളിലെ മെഡിക്കൽ/ഡെന്റൽ 50% സീറ്റുകൾ അതത് മാനേജ്മെന്റുകൾ സർക്കാരുമായി ഏർപ്പെടുന്ന ഉടമ്പടി പ്രകാരമാണ് സർക്കാർ അലോട്ട്മെന്റ് നടത്തിവന്നത്. ബാക്കിയുള്ള സീറ്റുകൾ മാനേജ്മെന്റുകൾ ഉയർന്ന ഫീസ് ഈടാക്കി അഡ്മിഷൻ നൽകിയിരുന്നു. 50% സീറ്റുകളിൽ മാനേജ്മെന്റ് കരാർ പ്രകാരമുള്ള ഫീസ് ആനുകൂല്യം നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെയും കൂടി അടിസ്ഥാനത്തിൽ 2017-18 മുതൽ എല്ലാ സീറ്റുകളിലും ഒരേ ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്നു. ആയതിൻപ്രകാരം എല്ലാ സീറ്റുകളും എൻട്രൻസ് കമ്മീഷണർ അഡ്മിഷൻ നടത്തി വരികയും ചെയ്യുന്നു. ബി.ഡി.എസ്.-ന് എം.ബി.ബി.എസ്.-നേക്കാൾ താരതമ്യേന കുറഞ്ഞ ഫീസാണ് ഈടാക്കി വരുന്നത്. മാത്രവുമല്ല എം.ബി.ബി.എസ്. പഠനം അർഹരായ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെടരുത് എന്ന കാഴ്ചപ്പാടോടുകൂടിയാണ് ഒരു സ്കോളർഷിപ്പ് പദ്ധതിയിലൂടെ കുറഞ്ഞ ഫീസ് ബി.പി.എൽ.-കാർക്ക് വേണ്ടി മാത്രമായി സർക്കാർ കൊണ്ടുവന്നത്. ഇതിനുള്ള കോർപ്പസ് ഫണ്ട് NRI സീറ്റിൽ നിന്നാണ് കണ്ടെത്തുന്നത്. ബി.ഡി.എസ്.-ന് എൻ.ആർ.ഐ. സീറ്റിലേക്കുള്ള അപേക്ഷകർ താരതമ്യേന കുറവായതിനാൽ ഇവർക്ക് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നത് ബുദ്ധിമുട്ടാണ്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം**

296 (2180) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും മറ്റ് അദ്ധ്യാപക വിഭാഗം ജീവനക്കാരുടെയും ശമ്പള പരിഷ്കരണ നടപടികൾ ഏതുഘട്ടം വരെയായെന്ന് വെളിപ്പെടുത്താമോ;

(ബി) പത്ത് വർഷത്തിലൊരിക്കൽ നടക്കേണ്ട ശമ്പള പരിഷ്കരണ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ സംഘടനകൾ പണിമുടക്ക് നടത്തുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസി വിഭാഗം അധ്യാപകരുടെ ശമ്പള പരിഷ്കരണം 1-1-2006 തീയതി പ്രാബല്യത്തിൽ അനുവദിച്ച് സർക്കാർ 14-12-2009-ലെ സ.ഉ.(പി) 425/2009/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനങ്ങൾ ഈ മേഖലയിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച ആ.കു.വ.എസ്2/61/2018-ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വൈക്കം ആയുർവേദ ആശുപത്രി**

297 (2181) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ആയുർവേദ ആശുപത്രിയെ താലൂക്ക് ആയുർവേദ ആശുപത്രിയായി ഉയർത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ഇവിടത്തെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വൈക്കം ആയുർവേദ ആശുപത്രിയെ താലൂക്ക് ആയുർവേദ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മരുന്ന് വിതരണത്തിന് യോഗ്യരായ ഫാർമസിസ്റ്റുകളുടെ അഭാവം

298 (2182) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ആശുപത്രികളിലുമുള്ള ഫാർമസികളിൽ മരുന്ന് വിതരണം ചെയ്യുന്നത് യോഗ്യരായ ഫാർമസിസ്റ്റുകൾ അല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മറ്റ് ജീവനക്കാർക്ക് മരുന്ന് വിതരണം നടത്താൻ സർക്കാർ അനുമതി നൽകിയിരുന്നോ; പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ;

(സി) ആശുപത്രികളോട് അനുബന്ധിച്ചുള്ള ഫാർമസികളിൽ യോഗ്യരായ ഫാർമസിസ്റ്റുകൾ മാത്രമേ മരുന്ന് വിതരണം നടത്താവൂവെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ മാത്രമാണ് ജോലി നോക്കുന്നത്. ഫാർമസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ താൽക്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ, എൻ.എച്ച്.എം. മുഖേനയോ ഫാർമസിസ്റ്റുകളെ നിയമിക്കാറുണ്ടെങ്കിലും മതിയായ യോഗ്യതയുണ്ടെന്ന് ഉറപ്പാക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) 1948-ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യാവുന്നതാണ്. മറ്റ് ജീവനക്കാർ മരുന്ന് നൽകുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) WP (C) No. 37156/2016-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ലഭ്യമായപ്പോൾ തന്നെ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാത്തവർ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ ഉത്തരവ് പിൻവലിച്ചിരുന്നു.

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

299 (2183) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്ത് എൻ.എ.ബി.എൽ. അംഗീകൃത ലാബുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന വളരെ കാര്യക്ഷമമായിട്ടാണ് നടത്തിവരുന്നത്.

സംസ്ഥാനത്ത് മരുന്നുകളുടെ നിർമ്മാണവും വിതരണവും ഗുണനിലവാരവും ഉറപ്പുവരുത്തുകയെന്നതാണ് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. വകുപ്പിന്റെ കീഴിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് വിഭാഗവും പരിശോധനാ വിഭാഗവുമാണുള്ളത്. മരുന്ന് നിർമ്മാണ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, മരുന്നുകളുടെ സാമ്പിൾ ശേഖരണം, ചട്ടലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിക്കുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ദൈനംദിന പ്രവൃത്തികൾ. എൻഫോഴ്സ്മെന്റ് വിഭാഗം ചട്ടപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ ഫാർമകോപ്പിയ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുകയെന്നതാണ് പരിശോധനാ വിഭാഗത്തിന്റെ ചുമതല. വിപണിയിൽ ലഭ്യമായിട്ടുള്ള എല്ലാ മരുന്നുകളും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ കർശന നിരീക്ഷണത്തിലാണ്.

നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽത്തന്നെ കർശന ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് വിൽപ്പനയ്ക്ക്/വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്.

ഒരു മരുന്നിന് അതിനായി നിഷ്കർച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂയെന്ന് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുല്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച്

മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽതന്നെ ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നുണ്ട്. നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിതരണ ശൃംഖല കണ്ടെത്തി അവ വിപണിയിൽനിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മരുന്ന് പരിശോധനാ ലാബുകളിൽ പ്രതിവർഷം എണ്ണായിരത്തോളം മരുന്ന് സാമ്പിളുകൾ ഇപ്രകാരം പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ ഈ രാജ്യത്ത് നമ്മുടെ സംസ്ഥാനം ഏറ്റവും മുൻപന്തിയിലാണ്.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയോ/അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുകയോ ചെയ്യുകയാണ് നിലവിലെ രീതി.

(ബി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബുകളാണ്. 2019 ജൂൺ മാസത്തിൽ പ്രവർത്തനമാരംഭിച്ച തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടിയുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാകുന്ന മുറയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിക്കും.

## പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

300 (2184) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ പിന്നാക്കാവസ്ഥ കണക്കിലെടുത്ത് എൻഡോസൾഫാൻ രോഗികൾ ഉൾപ്പെടെയുള്ളവർ

ആശ്രയിക്കുന്ന പടന്നക്കാട് ജില്ലാ ആയുർവ്വേദ ആശുപത്രി 100 ബെഡ്ഡ് സൗകര്യമുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ ഉണ്ടാകുമോ ; വ്യക്തമാക്കാമോ;

ഉത്തരം

പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയുടെ 2 നിലകളുള്ള കെട്ടിടത്തിന്റെ പണി നിലവിലുള്ള സ്ഥലത്ത് പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയുടെ നിലവാരം ഉയർത്തൽ പരിശോധിക്കുന്നതാണ്.

**കാൻസർ ബാധിതരെ കണ്ടെത്തുന്ന പ്രോജക്ട്**

301 (2185) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മംഗലപുരം കേന്ദ്രമാക്കി പതിനാറോളം പഞ്ചായത്തുകളിൽ ഭവന സന്ദർശനം നടത്തി ക്യാൻസർ ബാധിതരെ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രോജക്ടിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലെന്ന് വ്യക്തമാക്കാമോ;

(സി) ഇവർ എത്രകാലമായി ഈ പ്രോജക്ടിൽ ജോലി ചെയ്യുന്നു എന്ന് അറിയിക്കാമോ;

(ഡി) പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) റീജിയണൽ കാൻസർ സെന്ററിന്റെ മംഗലപുരം കേന്ദ്രമാക്കിയുള്ള പ്രോജക്ടിൽ 20 പേർ ജോലി ചെയ്തിരുന്നു. എന്നാൽ പ്രോജക്ടിന്റെ ഭാഗമായുള്ള ഫീൽഡ് എന്യൂമറേഷന് സാമ്പത്തിക സഹായം നൽകിയിരുന്ന വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിലെ ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസറിൽനിന്നും തുടർന്ന് ഫണ്ട് ലഭിക്കാതിരുന്നതിനാൽ 31-12-2019-ൽ 14 ഫീൽഡ് എന്യൂമറേറ്റേഴ്സിന്റെ സേവനം അവസാനിപ്പിക്കേണ്ടിവന്നു. നിലവിൽ 6 പേർ ഈ പ്രോജക്ടിൽ ജോലി ചെയ്യുന്നുണ്ട്.

(സി) ഈ പ്രോജക്ടിൽ 13 വർഷമായി ഇവർ ജോലി ചെയ്തുവരുന്നു.

(ഡി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നോ മറ്റോ സാമ്പത്തിക സഹായം ലഭ്യമാകുന്ന പക്ഷം ഇവരുടെ സേവനം തുടർന്നും ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ ചർച്ചകൾ നടന്നുവരുന്നു.

## വയനാട്ടിൽ വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുവാനിടയായ സംഭവം

302 (2186) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ വിദ്യാർത്ഥിനി ക്ലാസ്സ് മുറിയിൽ പാമ്പുകടിയേറ്റ് മരിക്കുവാനിടയായ സംഭവത്തെ സംബന്ധിച്ച് സംസ്ഥാന ബാലാവകാശ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലും ശിപാർശകളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാന ബാലവകാശ കമ്മീഷൻ അന്വേഷിച്ച പ്രസ്തുത സംഭവത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ ഇടപെടുകയും അന്വേഷിക്കുകയും ചെയ്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംസ്ഥാന ബാലാവകാശ കമ്മീഷന്റെ അധികാരത്തിലുള്ള കടന്നുകയറ്റമാണോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ബാലാവകാശ കമ്മീഷൻ അന്വേഷിച്ച പ്രസ്തുത സംഭവത്തിൽ ദേശീയ ബാലാവകാശ കമ്മീഷൻ ഇടപെട്ടിരുന്നു. ആയത് സംസ്ഥാന ബാലാവകാശ കമ്മീഷന്റെ അധികാരത്തിലുള്ള കടന്നുകയറ്റമാണ്. കാരണം 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ അധ്യായം III- 13-ാം വകുപ്പിൽ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും നിർവ്വചിച്ചിട്ടുള്ളതാണ്. പ്രസ്തുത വകുപ്പിന്റെ ഉപവകുപ്പ് 2 ഇപ്രകാരം പറയുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

13(2) " തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻ കീഴിൽ യഥാവിധി രൂപവൽക്കരിച്ച ഒരു സംസ്ഥാന കമ്മീഷന്റെയോ മറ്റേതെങ്കിലും കമ്മീഷന്റെയോ മുമ്പാകെ നടന്നുകൊണ്ടിരിക്കുന്ന ഏതെങ്കിലും സംഗതികളിൽ കമ്മീഷൻ അന്വേഷണ വിചാരണ നടത്താൻ പാടുള്ളതല്ല."

## പത്തനംതിട്ട ജില്ലയിലെ പ്രതീക്ഷാ/പ്രത്യാശാ ഭവനുകൾ

303 (2187) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര പ്രത്യാശാ/പ്രതീക്ഷാ ഭവനുകളാണുള്ളത്; വ്യക്തമാക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിൽ പ്രതീക്ഷാ/പ്രത്യാശാ ഭവനുകൾ ഇല്ലെങ്കിൽ കോന്നി ആസ്ഥാനമാക്കി ഒരു പ്രതീക്ഷാ ഭവൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കുമോ;

(സി) എങ്കിൽ, എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രത്യാശാ/പ്രതീക്ഷാ ഭവനുകൾ നിലവിലില്ല.

(ബി &സി) നിലവിൽ പരിഗണനയിലില്ല.

## 'നേർവഴി' പദ്ധതി

304 (2188) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളുടെ പരിവർത്തനവും, പുനരധിവാസവും സംബന്ധിച്ച് സർക്കാർ നടപ്പിലാക്കിവരുന്ന നേർവഴി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കുറ്റവാളികളെയും, ശിക്ഷാകാലം കഴിഞ്ഞ് കുറ്റവിമുക്തരാക്കപ്പെട്ടവരുടെയും പുനരധിവാസത്തിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്ന പ്രധാന സാമൂഹ്യ നിയമമാണ് Probation of Offenders Act 1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സമ്പ്രദായമെന്ന നിലയിലും കുറ്റവാളികളിൽ ഗുണകരമായ സ്വഭാവമാറ്റം വരുത്തുവാൻ ഉതകുന്ന മാനുഷികവും ശാസ്ത്രീയവുമായ സമീപനരീതിയെന്ന നിലയിലും പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'നേർവഴി'. കുറ്റവാളികളെ പ്രൊബേഷൻ സംവിധാനം വഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത്, സമൂഹത്തിന് പ്രയോജനപ്പെടുന്ന പൗരന്മാരാക്കുകയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം.

ലക്ഷ്യങ്ങൾ

1. 1958-ലെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ടിന്റെ പ്രയോജനം അർഹരായവർക്ക് എത്തിക്കുക.
2. 18-നും 21-നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭിക്കാനുള്ള അവരുടെ നിയമപരമായ അവകാശം സംരക്ഷിക്കുക.
3. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ ജയിൽ ശിക്ഷകൾക്ക് വിധേയരാക്കാതെ, പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുക.
4. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികളിൽ സാമൂഹ്യമനഃശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽപെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക.
5. പ്രൊബേഷൻ നിയമപ്രകാരം പരിഗണിക്കപ്പെടാൻ അർഹതയുള്ള വിചാരണ തടവുകാരെ കണ്ടെത്തി അവരുടെ പ്രൊബേഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് കോടതിയെ സഹായിക്കുക.
6. 18-നും 21-നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്കും വിചാരണ തടവുകാർക്കും ബോർസ്റ്റൽ സ്കൂൾ ആക്ട് പ്രകാരമുള്ള സേവനം ലഭ്യമാക്കുക.
7. ജയിൽ മോചിതരായ വ്യക്തികൾക്ക്, വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യം ഇല്ലാതാക്കി അവരുടെ സാമൂഹിക പുനരധിവാസം ഉറപ്പുവരുത്തുക.

8. തടവുകാരും അവരുടെ കുടുംബാംഗങ്ങളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് തടവുകാരുടെ കുടുംബ സാമൂഹ്യ പുനഃസംയോജനം സുഗമമാക്കുക.

9. ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കളുണ്ടെങ്കിൽ അവരിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടൽ നടത്തി പുനരധിവസിപ്പിക്കുക.

ലക്ഷ്യവിഭാഗങ്ങൾ

- ആദ്യമായി കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവർ
- 18-നും 21-നുമിടയിൽ പ്രായമുള്ള ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽപ്പെട്ടവർ, വിചാരണ തടവുകാർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവർ.
- വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ ഒഴികെയുള്ള കുറ്റകൃത്യങ്ങൾ ചെയ്തവർ.
- പോലീസ് ജാമ്യത്തിൽ വിടുതൽ ചെയ്യപ്പെട്ട യുവകുറ്റാരോപിതർ, സ്ത്രീ കുറ്റാരോപിതർ.
- 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യകുറ്റവാളികൾ.
- മുൻ തടവുകാരും കുടുംബാംഗങ്ങളും
- ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കൾ.

5 ഘട്ടങ്ങളായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിയുടെ ആദ്യ ഘട്ടം പൈലറ്റ് അടിസ്ഥാനത്തിൽ 4 ജില്ലകളിൽ നടപ്പിലാക്കി വിജയിച്ച സാഹചര്യത്തിൽ രണ്ടാംഘട്ടം മുഴുവൻ ജില്ലകളിലും നടപ്പിലാക്കുകയും ആയതിന്റെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി 14 ജില്ലകളിലും പ്രൊബേഷൻ അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 31-5-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്നും നാലും ഘട്ടങ്ങൾ ഒറ്റഘട്ടമായി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതുപ്രകാരം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും അഞ്ചുവീതം സന്നദ്ധ സാമൂഹ്യപ്രവർത്തകരെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള ജുഡീഷ്യൽ അക്കാദമി മുഖാന്തരം ജില്ലാ ജഡ്ജിമാർ, മജിസ്ട്രേട്ടുമാർ, പ്രൊബേഷൻ

ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രൊബേഷൻ ഹോം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളിൽ പ്രൊബേഷൻ സംബന്ധിച്ച് അവബോധമുണ്ടാക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇവരിലേയ്ക്ക് എത്തിക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവർക്കായി COMMUNITY BASED ORGANIZATIONS രൂപം നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു:

(ബി) കുറ്റവാളികളുടെയും ശിക്ഷ കഴിഞ്ഞ് മുക്തരാക്കപ്പെട്ടവരുടെയും പുനരധിവാസത്തിനായി നിലവിൽ വകുപ്പിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.
2. പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവർക്കുള്ള സ്വയം തൊഴിൽ ധനസഹായം (15,000 രൂപ)
3. തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം (15,000 രൂപ)
4. തടവുകാരുടെ മക്കൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം ( ഒരു ലക്ഷം രൂപ വരെ)

ഇതുകൂടാതെ സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രൊബേഷൻ ഹോം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## എന്റെ കൂട് പദ്ധതി

305 (2189) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും രാത്രികാല ആരോഗ്യത്തിനായി ആവിഷ്കരിച്ചിട്ടുള്ള എന്റെ കൂട് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ എന്റെ കൂട് പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്റെ കൂട് പദ്ധതിക്കായി കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) എന്റെ കൂട് പദ്ധതി സംസ്ഥാനത്ത് കൂടുതൽ ഇടങ്ങളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സുവരെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് എന്റെ കൂട്. ഇതിന്റെ പ്രവർത്തന സമയം വൈകുന്നേരം 7 മണി മുതൽ പിറ്റേന്ന് രാവിലെ 7 മണിവരെയാണ്. പ്രവേശനം സൗജന്യമാണ്. കൂടാതെ രാത്രി 8 മണിവരെ പ്രവേശനം നേടുന്ന താമസക്കാർക്ക് സൗജന്യഭക്ഷണം ഉണ്ടായിരിക്കും.

(ബി) കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷന് സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരത്തും ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിച്ചുവരുന്നു.

(സി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിൽ എന്റെ കൂട് പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതുകാരണം പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**നേർവഴി പദ്ധതി**

306 (2190) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേർവഴി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൈവരിക്കാനായ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രധാന സാമൂഹ്യ നിയമമാണ് Probation of Offenders Act 1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സമ്പ്രദായം എന്ന നിലയിലും കുറ്റവാളികളിൽ ഗുണകരമായ സ്വഭാവമാറ്റം വരുത്തുവാനുതകുന്ന മാനുഷികവും ശാസ്ത്രീയവുമായ സമീപനരീതി എന്ന നിലയിലും പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'നേർവഴി'. കുറ്റവാളികളെ, പ്രൊബേഷൻ സംവിധാനംവഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത് സമൂഹത്തിന് പ്രയോജനപ്പെടുന്ന പൗരന്മാരാക്കുകയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം.

ലക്ഷ്യങ്ങൾ

1. 1958-ലെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ടിന്റെ പ്രയോജനം അർഹരായവർക്ക് എത്തിക്കുക.
2. 18-നും 21-നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭിക്കാനുള്ള അവരുടെ നിയമപരമായ അവകാശം സംരക്ഷിക്കുക.
3. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ ജയിൽ ശിക്ഷകൾക്ക് വിധേയരാക്കാതെ പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുക.
4. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികളിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽപ്പെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക.
5. പ്രൊബേഷൻ നിയമപ്രകാരം പരിഗണിക്കപ്പെടാൻ അർഹതയുള്ള വിചാരണ തടവുകാരെ കണ്ടെത്തി അവരുടെ പ്രൊബേഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് കോടതിയെ സഹായിക്കുക.
6. 18-നും 21-നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്കും വിചാരണ തടവുകാർക്കും ബോർസ്റ്റൽ സ്കൂൾ ആക്ട് പ്രകാരമുള്ള സേവനം ലഭ്യമാക്കുക.
7. ജയിൽ മോചിതരായ വ്യക്തികൾക്ക് വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യം ഇല്ലാതാക്കി അവരുടെ സാമൂഹിക പുനരധിവാസം ഉറപ്പുവരുത്തുക.

8. തടവുകാരും അവരുടെ കുടുംബാംഗങ്ങളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് തടവുകാരുടെ കുടുംബ സാമൂഹ്യ പുനഃസംയോജനം സുഗമമാക്കുക.

9. ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കളുണ്ടെങ്കിൽ അവരിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടൽ നടത്തി പുനരധിവസിപ്പിക്കുക.

<u>ലക്ഷ്യ വിഭാഗങ്ങൾ</u>

- ആദ്യമായി കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവർ
- 18-നും 21-നുമിടയിൽ പ്രായമുള്ള ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽപ്പെട്ടവർ, വിചാരണ തടവുകാർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവർ.
- വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ ഒഴികെയുള്ള കുറ്റകൃത്യങ്ങൾ ചെയ്തുപോയവർ.
- പോലീസ് ജാമ്യത്തിൽ വിട്ടതൽ ചെയ്യപ്പെട്ട യുവകുറ്റാരോപിതർ, സ്ത്രീ കുറ്റാരോപിതർ.
- 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികൾ.
- മുൻ തടവുകാരും കുടുംബാംഗങ്ങളും.
- ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/ അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കൾ.

(ബി) എല്ലാ ജില്ലകളിലും നേർവഴി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 5 ഘട്ടങ്ങളായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിയുടെ ആദ്യ ഘട്ടം പൈലറ്റ് അടിസ്ഥാനത്തിൽ 4 ജില്ലകളിൽ നടപ്പിലാക്കി വിജയിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം മുഴുവൻ ജില്ലകളിലും നടപ്പിലാക്കുകയും ആയതിന്റെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി 14 ജില്ലകളിലും പ്രൊബേഷൻ അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 31-5-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്നും നാലും ഘട്ടങ്ങൾ ഒറ്റഘട്ടമായി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയതുപ്രകാരം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും അഞ്ചുവീതം സന്നദ്ധ സാമൂഹ്യപ്രവർത്തകരെ നിയമിച്ചിട്ടുണ്ട്.

കൂടാതെ കേരള ജൂഡീഷ്യൽ അക്കാദമി മുഖാന്തരം ജില്ലാ ജഡ്ജിമാർ, മജിസ്ട്രേട്ടുമാർ, പ്രൊബേഷൻ ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രൊബേഷൻ ഹോം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളിൽ പ്രൊബേഷൻ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇവരിലേയ്ക്ക് എത്തിക്കുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവർക്കായി എല്ലാ ജില്ലകളിലും COMMUNITY BASED ORGANIZATIONS-ന് രൂപം നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഉത്തരവിന് വിധേയമായി എല്ലാ ജില്ലകളിലും സമാന രീതിയിൽ പുരോഗമിച്ചു വരുന്ന പദ്ധതി പ്രകാരം മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവരുൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി നൽകുന്നതിന് കഴിയുന്നുണ്ട്.

(സി) എല്ലാ ജില്ലകളിലും പ്രൊബേഷൻ അന്വേഷണങ്ങളുടെയും പ്രൊബേഷണർമാരുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. 2019-ൽ സംസ്ഥാന തലത്തിൽ 647 പ്രിലിമിനറി എൻക്വയറികൾ, പ്രൊബേഷൻ സംബന്ധിച്ച 1628 ബോധവൽക്കരണ പരിപാടികൾ, ജയിലുകൾ, കോടതി, പോലീസ് സ്റ്റേഷൻ, ലീഗൽ സർവ്വീസ് തുടങ്ങിയ സർക്കാർ സംവിധാനങ്ങളിൽ 1635 ഇടപെടലുകൾ എന്നിവ നേർവഴി പദ്ധതി വഴി നടത്താൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 295 പ്രൊബേഷണർമാർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ ആദ്യകുറ്റാരോപിതരിലെ ഇടപെടൽ, സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പ്രാദേശികമായ ഇടപെടൽ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്റ്റ് പ്രകാരം പരിഗണിക്കാൻ കഴിയുന്നവരുടെ പട്ടിക തയ്യാറാക്കി അഭിമുഖം നടത്തി യോജിച്ചവരെ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും പുരോഗമിച്ചുവരികയാണ്. പുതിയ കാഴ്ചപ്പാടുകളും ധാരണകളും പ്രൊബേഷൻ മേഖലയിൽ രൂപപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സജീവമായ ഇടപെടൽ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാനും ബഹുമാന്യരായ ജൂഡീഷ്യൽ ഓഫീസർമാർക്കിടയിൽ പ്രൊബേഷൻ നിയമത്തിന്റെ പ്രാധാന്യം എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. നേർവഴി പദ്ധതിയുമായി ബന്ധപ്പെട്ട് 'കുറ്റവാളികളില്ലാത്ത കേരളം' എന്ന പേരിൽ സംഘടിപ്പിച്ച ശില്പശാല വളരെ മികച്ച ആശയങ്ങൾ ഈ മേഖലയ്ക്ക് പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

307 (2191) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിന് വേണ്ടി മുനിസിപ്പാലിറ്റികളിൽ ലഭിച്ച അപേക്ഷകളിൽ ഏത് വർഷം ഏത് തീയതി വരെയുള്ളതാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 31-5-2019 വരെയുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിന് മുനിസിപ്പാലിറ്റികൾക്കുവേണ്ടി അനുവദിച്ച 423.99 ലക്ഷം രൂപ പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

## സ്നേഹപൂർവ്വം പദ്ധതി

308 (2192) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതി പ്രകാരം സംസ്ഥാനത്തെ കുട്ടികൾക്ക് ലഭിക്കേണ്ട ധനസഹായം ലഭിക്കുന്നതിന് കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുകുറ്റി ആംഗ്ലോ ഇന്ത്യൻ സ്കൂളിലെ (ലൂയിസ് യു.പി.എസ്,കാട്ടുകുറ്റി) അപേക്ഷകരായ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിക്കേണ്ട സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള സഹായം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്നേഹപൂർവ്വം പദ്ധതി പ്രകാരം സംസ്ഥാനത്തെ കുട്ടികൾക്ക് ലഭിക്കേണ്ട ധനസഹായം സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ പ്രിന്റ് ഔട്ട് അയച്ചുനൽകാൻ കാലതാമസം വരുന്നതിനാൽ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ താമസം വരുന്നതായി കാണുന്നു.

(ബി) കാട്ടുകുറ്റി ആംഗ്ലോ ഇന്ത്യൻ സ്കൂളിലെ (ലൂയിസ് യു.പി.എസ്., കാട്ടുകുറ്റി) അപേക്ഷകരായ വിദ്യാർത്ഥികൾക്ക് 2014-15 അദ്ധ്യയന വർഷത്തെ ഓൺലൈൻ പ്രിന്റൗട്ട് ലഭിച്ചിട്ടുള്ളതിൽ 9 അപേക്ഷ അംഗീകരിക്കുകയും തുക അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതും വരുമാന പരിധി കൂടുതലായതിനാൽ 3 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. 2015-16, 2016-17 എന്നീ വർഷങ്ങളിൽ ടി സ്കൂളിൽ നിന്നും ഓൺലൈൻ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. 2018-19 അദ്ധ്യയന വർഷത്തിൽ 3 അപേക്ഷകൾ ലഭിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## വനിത-ശിശുവികസന വകുപ്പിന്റെ വിഭജനം

309 (2193) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിത-ശിശുവികസന വകുപ്പിന്റെ വിഭജനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

പരിഗണനയിലില്ല.

## വനിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

310 (2194) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. വി. വിജയദാസ്:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകളുടെ ഉന്നമനത്തിനായി വനിത വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ വായ്പാ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(സി) സ്ത്രീ സുരക്ഷയ്ക്കായി അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിന് മിത്ര 181 എന്ന ഹെൽപ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വനിത വികസന കോർപ്പറേഷൻ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകൾ കൂടാതെ പുതുതായി പാലക്കാട്, മലപ്പുറം ജില്ലകളിൽകൂടി ജില്ലാ ഓഫീസ് ആരംഭിച്ചു. കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വായ്പാ വിതരണവും തിരിച്ചുപിടിക്കലും കൂടുതൽ കാര്യക്ഷമമാക്കാൻ ഷീ-സോഫ്റ്റ് എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ ഉപയോഗത്തിൽ വരുത്തി. വിതരണം ചെയ്ത വായ്പകളുടെ തിരിച്ചുപിടിക്കൽ കൂടുതൽ സുഗമമാക്കുന്നതിന് ജില്ലകൾ കേന്ദ്രീകരിച്ച് റിക്കവറി ഡ്രൈവ് നടത്തി വരുന്നു. ഇദംപ്രഥമമായി പട്ടികവർഗ്ഗ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നതിന് ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി കരാറിലേർപ്പെട്ട് 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം) രൂപയുടെ സ്വയം തൊഴിൽ വായ്പാവിതരണം ഇതിനോടകം തന്നെ പൂർത്തിയാക്കി. വനിതകൾക്ക് കൂടുതൽ സ്വയം തൊഴിൽ വായ്പ നൽകുന്നതിന് 350.56 കോടി രൂപയുടെ സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ എല്ലാ ജീവനക്കാർക്കും മിനിമം വേതനം നടപ്പിലാക്കി.

(ബി) സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ (NMDFC, NBCFDC, NSFDC & NSTFDC) വായ്പാ ധനസഹായവും കേരള സർക്കാരിന്റെ പദ്ധതി വിഹിതവും ഉപയോഗിച്ച് മിതമായ പലിശ നിരക്കിൽ താഴെപ്പറയുന്ന വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.:

1. സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പാ പദ്ധതി
3. ലഘു വായ്പാ പദ്ധതി

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കുവേണ്ടി ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തിവരുന്നു. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽതന്നെ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ഒരുക്കിയിരുന്നു. 181 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിക്കുന്നതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും 181-ൽ സൗകര്യമുണ്ട്. ആരംഭം മുതൽ ഇന്നേവരെ 57964 വനിതകൾക്ക് (സേവനം ആവശ്യമായുള്ള കോളുകൾ) ഹെൽപ്പ് ലൈനിന്റെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സ്വയംതൊഴിൽ വായ്പാ പദ്ധതികളും വിദ്യാഭ്യാസ വായ്പാ പദ്ധതിയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സ്വയംതൊഴിൽ വായ്പാ പദ്ധതികളും ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി (വനമിത്ര)യും നടപ്പാക്കിവരുന്നു.

ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ നാല് ആദിവാസി ഊരുകളെ കേന്ദ്രീകരിച്ച് വനമിത്ര പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി KIED, ATDC മുതലായ തയ്യൽ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം വനിതകൾക്ക് പരിശീലനം നൽകുകയും തുടർന്ന് പതിനെട്ട് വനിതകൾക്ക് നിത്യവരുമാനം ലഭ്യമാകുംവിധം തയ്യൽ കേന്ദ്രം ചക്കിട്ടപ്പാറയിൽ സ്ഥാപിക്കുകയും ചെയ്തു. ഇതുകൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 50 വനിതകൾക്ക് 2 കറവപ്പശുക്കൾ വീതം വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷം ഈ പദ്ധതി കണ്ണൂർ പാട്യം ഗ്രാമപഞ്ചായത്തിൽക്കൂടി നടപ്പിലാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാതാവ് മരണപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം

311 (2195) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവ് മരണപ്പെട്ട സ്ത്രീകളുള്ള കുടുംബത്തിലെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഭാര്യയാണ് മരിച്ചതെങ്കിൽ ഈ പദ്ധതി പ്രകാരം വിവാഹ ധനസഹായം നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാര്യ മരിച്ചതിനുശേഷം മക്കളെ നോക്കാതെ രണ്ടാംവിവാഹം കഴിച്ച് ജീവിക്കുകയും ആദ്യഭാര്യയിലെ പെൺമക്കൾ കഷ്ടത അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ പദ്ധതിയിൽ കാതലായ മാറ്റം വരുത്തി അമ്മ മരണപ്പെട്ട പെൺകുട്ടികൾക്കും വിവാഹ ധനസഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. 2 ലക്ഷം രൂപ വരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്നുണ്ട്.

3 ലക്ഷം രൂപ വരെ വരുമാനമുള്ള ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം 75,000 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്.

അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് നൽകേണ്ടത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## സമ്പുഷ്ട കേരളം പദ്ധതി

312 (2196) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന സമ്പുഷ്ട കേരളം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു ഏകോപിത, ജീവിതചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുകയെന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിതചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. അങ്കണവാടികൾ മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ പോഷണ ന്യൂനതകൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ മറ്റ് പല പരിപാടികളുടെയും പങ്ക് തുല്യ പ്രാധാന്യമർഹിക്കുന്നു. ആരോഗ്യ പരിരക്ഷ, ശുദ്ധമായ കുടിവെള്ള ലഭ്യത, ശുചിത്വ സംവിധാനങ്ങൾ, ശുചിത്വ പരിപാലനം, അമ്മമാർക്കുള്ള ബോധവത്ക്കരണം, വിദ്യാഭ്യാസ പരിപാടികൾ, അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം, ദാരിദ്ര്യം, മാറിവരുന്ന ജീവിതശൈലി, ഭക്ഷണരീതി എന്നിങ്ങനെയുള്ള പല ഘടകങ്ങളും വർദ്ധിത പോഷണ നിലവാരത്തിനെ സാരമായി ബാധിക്കുന്നവയാണ്. ദേശീയതലത്തിൽ പോഷണ ന്യൂനതയുടെ അളവ് കുറയ്ക്കുന്നതിന് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ടുള്ള സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വീടുവീടാന്തരം ലഭ്യമാക്കുകയെന്നത് അനിവാര്യമാണ്. പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള ജനവിഭാഗത്തിന്റെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി ലഭ്യമായിട്ടുള്ള പോഷണ സംബന്ധിയായ എല്ലാ പദ്ധതികളുടെയും ഏകോപനമാണ് പോഷണ ദൗത്യത്തിന്റെ നെടുംതൂൺ. അങ്കണവാടി സേവനങ്ങൾ, പ്രധാനമന്ത്രി മാതൃവന്ദന യോജന, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), ജനനി സുരക്ഷ യോജന, ദേശീയ ആരോഗ്യ ദൗത്യം (NHM), അനീമിയ മുക്ത് ഭാരത് ഇന്ദ്രധനുഷ്, സ്വച്ഛ് ഭാരത് മിഷൻ, പൊതു വിതരണ സംവിധാനം (PDS), തൊഴിലുറപ്പ് പദ്ധതി, കുടിവെള്ള വിതരണം, ശുചിമുറി നിർമ്മാണം തുടങ്ങി വൈവിധ്യമാർന്ന പല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

പദ്ധതിയുടെ ഭാഗമായി എല്ലാ അങ്കണവാടി വർക്കർമാർക്കും പ്രത്യേക സോഫ്റ്റ്‌വെയർ ഉള്ള മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. അങ്കണവാടികളിൽ ഉപയോഗിക്കുന്ന പത്തോളം രജിസ്റ്ററുകൾക്ക് പകരമാകുകയാണ് ഈ മൊബൈൽ ഫോണുകൾ, കൂടാതെ എല്ലാ

അങ്കണവാടികൾക്കും വളർച്ച നിരീക്ഷണ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. പൊതുജന ബോധവത്കരണത്തിനായി എല്ലാ മാസവും അങ്കണവാടികളിൽ രണ്ട് സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(ബി)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ടാർജറ്റ് |
|---|---|---|
| 1 | 0-6 വയസ്സുവരെയുള്ള കുട്ടികളിലെ വളർച്ചാ മുരടിപ്പ് ഒഴിവാക്കുകയും അതിന്റെ നിരക്ക് കുറച്ചുകൊണ്ട് വരികയും ചെയ്യുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 2 | 0-6 പ്രായപരിധിയിലെ കുട്ടികളിലെ ഭാരക്കുറവ് ഒഴിവാക്കുകയും തോത് കുറച്ചുകൊണ്ട് വരികയും ചെയ്യുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 3 | 6 മാസം മുതൽ 59 മാസം വരെയുള്ള കുട്ടികളിലെ വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 9% കുറയ്ക്കുക |
| 4 | 15-49 വയസ്സ് പ്രായപരിധിയിലെ കൗമാര പ്രായക്കാരായ പെൺകുട്ടികളുടെയും സ്ത്രീകളുടെയും വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |
| 5 | ജനനഭാരം കുറഞ്ഞ കുട്ടികളുടെ എണ്ണം കുറയ്ക്കുക | പ്രതിവർഷം 2% നിരക്കിൽ 3 വർഷം കൊണ്ട് 6% കുറയ്ക്കുക |

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 1941.32 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**ബാലാവകാശ കമ്മീഷൻ അദ്ധ്യക്ഷന്റെ പദവി**

313 (2197) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലാവകാശ കമ്മീഷൻ അദ്ധ്യക്ഷന് ചീഫ് സെക്രട്ടറിയുടെ പദവിയും ശമ്പളവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പുതിയ പദവി നൽകുന്നത് മൂലം ഉണ്ടാകുന്ന അധിക ചെലവ് എത്രയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സനായി നിയമിക്കപ്പെട്ട ശ്രീ. പി. സുരേഷിന് ചീഫ് സെക്രട്ടറിയുടെ പദവി നൽകിയും വേതനം കെ.എസ്.ആർ ഭാഗം-III ചട്ടം 100 പ്രകാരവും 4-10-2012-ലെ സ.ഉ. (പി) നമ്പർ 59/2012/ സാ.ക്ഷേ.വ നമ്പർ ഉത്തരവുപ്രകാരവും നിശ്ചയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽനിന്നും വേതനം നിശ്ചയിച്ച് ലഭ്യമാക്കിയിട്ടില്ല.

**സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതി**

314 (2198) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതിയിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ധനസഹായമായി അനുവദിച്ച തുക എത്രയാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇതിനായി ഓരോ വർഷങ്ങളിലും പ്ലാൻഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയാണ്; പ്രസ്തുത തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| Year | Head of Account | Amount |
|---|---|---|
| 2018-2019 | 2210-06-101-53-34-OC (plan) | 5.5 കോടി |
| 2019-2020 | 2210-06-101-53-34-OC (plan) | 5.5 കോടി |

(ബി)

| Year | Amount Allotted | No. of Beneficiaries | Expenditure |
|---|---|---|---|
| 2018-19 | 5.5 കോടി | 1218 | Rs. 5,49,76,559 |
| 2019-2020 (upto Jan 2020) | 5.5 കോടി | 935 | Rs. 4,29,83,613 |

**ആശാ വർക്കർമാരുടെ വേതനം**

315 (2199) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ വർക്കർമാരുടെ നിലവിലെ വേതനം മറ്റാനുകൂല്യങ്ങൾ എന്നിവ എത്രയെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ ആശാ വർക്കർമാർക്ക് അതതുമാസം ഓണറേറിയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(സി) ഇവരുടെ വേതനം അതതുമാസം തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആശാ വർക്കർമാരുടെ വേതനവും മറ്റാനുകൂല്യങ്ങളും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ ആശാ പദ്ധതി 2007-ലാണ് ആരംഭിച്ചത്. 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ ആശമാർക്ക് 300 രൂപ പ്രതിമാസ ഹോണറേറിയം നൽകുന്നതിന് പരാമർശിച്ചിരുന്നു. അതിനുശേഷം 2011 ജൂലൈയിൽ 500 രൂപയായും 2012-13-ൽ 600 രൂപയായും 2013-14-ൽ 700 രൂപയായും 2014-15-ൽ 900 രൂപയായും 2015-16-ൽ 1,000 രൂപയായും ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശമാരുടെ ഹോണറേറിയം 2016-17-ൽ 1,500 രൂപയായും 2017-18-ൽ 2,000 രൂപയായും 2018-19-ൽ 4,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-20 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഹോണറേറിയം 4,500 രൂപയായി ഉയർത്തി. 2020-21

ബഡ്ജറ്റിൽ 500 രൂപ കൂടി വർദ്ധിപ്പിച്ച് പ്രഖ്യാപനവും വന്നിട്ടുണ്ട്. ഇതോടെ ഹോണറേറിയം 5,000 രൂപയായി മാറും. കൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2,000 രൂപ നിശ്ചിത ഇൻസെന്റീവായും നൽകി വരുന്നു. ഇതിനുപുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1,500 രൂപ മുതൽ 3,000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശാ വർക്കർമാർക്ക് ലഭിക്കുന്നുണ്ട്.

(ബി&സി) ഇതുവരെ നവംബർ 2019-വരെയുള്ള ഹോണറേറിയം ആശാവർക്കേഴ്സിന് വിതരണം ചെയ്തിട്ടുണ്ട്. ആശാവർക്കേഴ്സിന് വിതരണം ചെയ്യുവാനുള്ള ഡിസംബർ 2019, ജനുവരി 2020 എന്നീ മാസങ്ങളിലെ ഹോണറേറിയം നൽകുന്നതിനുള്ള നടപടികൾ സർക്കാരിൽ സ്വീകരിച്ചുവരുന്നു.

(ഡി) 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവർക്കർമാർക്ക് 500 രൂപ ഹോണറേറിയത്തിൽ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മണ്ഡലത്തിൽ മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ**

316 (2200) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്നതിന്മേൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്പ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ വകുപ്പിലെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ;

(സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടു വർഷം പിന്നിട്ടിട്ടും ഇനിയും കാലതാമസം ഉണ്ടാക്കാതെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം അർബൻ 1 ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ കീഴിലുള്ള മുട്ടത്തറ വില്ലേജിൽ വലിയതുറ അങ്കണവാടി നിർമ്മിക്കുന്നതിനായി 04.87 ആർ ഭൂമി വനിത-ശിശു-വികസന വകുപ്പിന് കൈമാറുന്നതിനാവശ്യമായ അർത്ഥനാപത്രം നൽകുന്നതിന് ബഹുമാനപ്പെട്ട കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് വനിത-ശിശു-വികസന വകുപ്പ് കാര്യാലയത്തിൽനിന്നും അർത്ഥനാപത്രം ഒപ്പിട്ടു നൽകുന്നതിന് ജില്ലാ വനിതാ-ശിശു-വികസന ഓഫീസറെ ചുമതലപ്പെടുത്തുകയും ജില്ലാ ഓഫീസർ കളക്ടറേറ്റിൽ നൽകുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം അർബൻ 4 ഐ.സി.ഡി.എസ്. പ്രൊജക്റ്റിനു കീഴിലുള്ള ശംഖുമുഖം 152-ാം നമ്പർ അങ്കണവാടിക്കുവേണ്ടി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൻ കീഴിലുള്ള ശംഖുമുഖം വാർഡിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വേ നമ്പർ 1920/PT പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം അങ്കണവാടിക്ക് വിട്ടുനൽകുന്നതിനാവശ്യമായ ശിപാർശ ലഭ്യമാക്കാൻ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ തിരുവനന്തപുരം തഹസിൽദാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) തിരുവനന്തപുരം അർബൻ 1 ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ കീഴിലുള്ള മുട്ടത്തറ വില്ലേജിൽപ്പെടുന്ന 19-ാം നമ്പർ അങ്കണവാടിക്കായി വലിയതുറ സെന്റ് സേവിയേഴ്സ് നഗറിലും ഡയറി ഡെവലപമെന്റ് വകുപ്പിന്റെ അധീനതയിലുള്ള 0.487 ആർ ഭൂമി കണ്ടെത്തിയിരുന്നത് വനിതാ-ശിശു-വികസന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ജില്ലാ വനിത ശിശു-വികസന ഓഫീസർ മുഖേന അർത്ഥനാപത്രം ഉൾപ്പെടുന്ന കത്ത് ലഭിച്ചതായി ജില്ലാ കളക്ടറേറ്റിൽ നിന്നും വനിതാ-ശിശു-വികസന വകുപ്പ് കാര്യാലയത്തിൽ വിവരം ലഭ്യമായിട്ടുണ്ട്. 24-12-2019-ൽ കളക്ടറേറ്റുമായി നേരിട്ട് ബന്ധപ്പെട്ടപ്പോൾ ഭൂമി കൈമാറ്റത്തിന് ആവശ്യമായ BTR പകർപ്പ്, ചെക്ക് ലിസ്റ്റ്, വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, ഭൂമിയുടെ നിലവിലുള്ള അവകാശം തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് തഹസീൽദാർക്ക് കത്ത് അയച്ചിട്ടുള്ളതായും മറുപടി ലഭിക്കാത്തതിനാൽ 27-11-2019-ന് ഡെപ്യൂട്ടി കളക്ടർ അർദ്ധ ഔദ്യോഗിക കത്ത് നൽകിയിട്ടുള്ളതായും വനിതാ-ശിശു-വികസന കാര്യാലയത്തിന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം അർബൻ 4 ഐ.സി.ഡി.എസ്. പ്രോജക്റ്റിന് കീഴിലുള്ള ശംഖുമുഖം 152-ാം നമ്പർ അങ്കണവാടിക്കുവേണ്ടി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൻ കീഴിലുള്ള ശംഖുമുഖം വാർഡിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വേ നമ്പർ 1920/PT പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം അങ്കണവാടിക്ക് വിട്ടുനൽകുന്നതിനാവശ്യമായ ശിപാർശ ലഭ്യമാക്കാൻ ബഹുമാനപ്പെട്ട ജില്ലാ

കളക്ടർ തിരുവനന്തപുരം തഹസീൽദാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും ഭൂമി വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാർ

317 (2201) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 9832 of 2016 റിട്ട് പെറ്റിഷനിൽ പുറപ്പെടുവിച്ച ഉത്തരവ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെയും 16-ന്റെയും ലംഘനം ഈ വിധിയിൽ ചൂണ്ടിക്കാണിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാർക്ക് പ്രൊബേഷൻ ഡിക്ലറേഷൻ, പ്രൊമോഷൻ തുടങ്ങിയ ഇതര ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

(സി) 18-5-2013-ലെ സ.ഉ.(പി) 40/2013/സാ.നീ.വ. ഉത്തരവ് പ്രകാരം നിയമിതരായ അംഗപരിമിതരുടെ സേവന വേതന വ്യവസ്ഥകൾ 3-2-2016-ലെ G.O(P)No.1/16/SJD dated പ്രകാരം സ്പഷ്ടീകരിച്ച് ഉത്തരവായിട്ടുണ്ട്. 18-5-2013 സ.ഉ.(പി) 40/13/സാ.നീ.വ. ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാർക്ക് ഇതര ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെന്നാവശ്യപ്പെട്ട് സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ചില ജീവനക്കാർ ഫയൽ ചെയ്ത കോടതി കേസുകളിലെ വിധി ന്യായങ്ങൾക്ക് എതിരെ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

## സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തിക സഹായം

318 (2202) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ 2018-19, 2019-20 വർഷങ്ങളിൽ എത്ര രൂപ വീതം നൽകിയെന്നും അറിയിക്കുമോ;

(ബി) മരുന്ന്, ഫിസിയോതെറാപ്പി, , റീ-ഹാബിലിറ്റേഷൻ പ്രവൃത്തികൾ, ട്രാൻസ്പോർട്ട് തുടങ്ങിയ ഇനങ്ങളിൽ ഏത് ഇനത്തിൽ സ്പെഷ്യൽ സ്കൂളുകൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കേണ്ടത് എന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് /സർക്കുലർ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) അവശ്യം വേണ്ട ചില ഇനങ്ങളിൽ സ്കൂളുകളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നത് സർക്കാർ പരിഗണിക്കുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2018-19, 2019-2020 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായമായി യഥാക്രമം 14 കോടി രൂപ, 14.5 കോടി രൂപ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി 7-9-2019-ലെ സ.ഉ (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ അധിക തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. മാനസിക/ഭൗതിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം (Special Education) സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 30-8-2019-ലെ സ.ഉ. (കൈ) 133/2019/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ബധിരർക്ക് ആശയവിനിമയം എളുപ്പമാക്കുന്നതിനുള്ള ഫോൺ**

319 (2203) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് സൗജന്യ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയവിനിമയം എളുപ്പമാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ടാബ് എന്നിവ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി കേൾവി വൈകല്യമുള്ളവർക്ക് സൗജന്യമായി ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയവിനിമയം എളുപ്പമാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ടാബ് എന്നിവ വിതരണം ചെയ്യുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഡിസേബിൾഡ്

320 (2204) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കോന്നി ആസ്ഥാനമാക്കി വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഫിസിക്കലി ഡിസേബിൾഡ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത സെന്റർ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

321 (2205) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചത് എത്രപേരെയെന്നും ആരെയൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനായി അംഗീകൃത സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി, 18

വർഷം മുതൽ 31 വർഷം വരെ താൽക്കാലിക/കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 6 ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ 13 താൽക്കാലിക ജീവനക്കാരെ വിരമിക്കൽ പ്രായം 56 വയസ്സാക്കി നിജപ്പെടുത്തിക്കൊണ്ട് 'വർക്കർ' തസ്തികയിൽ 13 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ റഗുലറൈസ് ചെയ്ത് 10-1-2020-ലെ സ.ഉ (കൈ) നമ്പർ 2/2020/സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിര നിയമനം നൽകിയ ആളുകളുടെ പേരുവിവരങ്ങൾ പ്രസ്തുത ഉത്തരവിൽ ലഭ്യമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## അംഗപരിമിതർക്കുള്ള നിയമനം

322 (2206) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ നിയമനത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ അംഗപരിമിതർക്കായി നീക്കിവയ്ക്കുന്ന തസ്തികകളുടെ പട്ടിക എത്ര വർഷത്തിലാണ് പുതുക്കുന്നതെന്ന് അറിയിക്കാമോ; ഇത് മൂന്ന് വർഷത്തിലൊരിക്കൽ പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വിവിധ വിഭാഗം അംഗപരിമിതർക്ക് പ്രത്യേക പട്ടിക തയ്യാറാക്കാറുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് സർക്കാർ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കണമെന്ന് Persons with Disabilities Act, 1995-ലും The Rights of Persons with Disabilities Act 2016 -ലും വ്യവസ്ഥയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത എക്സ്പർട്ട് കമ്മിറ്റി ആവശ്യാനുസരണം യോഗം ചേരുകയും നാളിതുവരെ ടി കമ്മിറ്റി അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായി നിരവധി തസ്തികകൾ കണ്ടെത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അംഗപരിമിതർക്ക് നീക്കിവയ്ക്കുന്ന തസ്തികകൾ മൂന്ന് വർഷത്തിലൊരിക്കൽ പുനഃപരിശോധിക്കണമെന്ന് വ്യവസ്ഥയുണ്ട്. എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലും ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിൽ വർഷത്തിൽ നിരവധി തവണ എക്സ്പെർട്ട് കമ്മിറ്റി യോഗം കൂടുകയും പുതിയ തസ്തികകൾ കണ്ടെത്തുകയും കണ്ടെത്തിയ തസ്തികകൾ ആവശ്യമെങ്കിൽ പുനഃപരിശോധിക്കുകയും ചെയ്യാറുണ്ട്.

(സി) അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ അനുയോജ്യമായി കണ്ടെത്തിയ തസ്തികകളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

**കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നതായ വാർത്ത**

323 (2207) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം എല്ലാ രംഗത്തും ഒന്നാമതാണെന്ന് അവകാശപ്പെടുമ്പോഴും കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കുവാൻ മണ്ണ് തിന്നേണ്ടി വന്നുവെന്ന വാർത്ത സർക്കാർ അവകാശ വാദങ്ങൾക്ക് തിരിച്ചടിയായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ വിഷയം സമൂഹത്തിൽ നിലനിൽക്കുന്ന ദുരിതപൂർണ്ണമായ വസ്തുതകളെ വെളിച്ചത്ത് കൊണ്ടുവരുവാൻ വഴി വെച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) കുട്ടികൾ വിശപ്പടക്കാൻ മണ്ണ് തിന്നതായി നേരിട്ട് ബോധ്യപ്പെട്ടതായി സംസ്ഥാന ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി ചൂണ്ടികാണിച്ചിരുന്നോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് തന്റെ സ്ഥാനം രാജി വെക്കേണ്ട അവസ്ഥയുണ്ടായോ;

(ഇ) കുട്ടികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം കൈതമുക്കിൽ റെയിൽവേ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബത്തിലെ കുട്ടികൾ വിശപ്പടക്കാൻ മണ്ണുതിന്നുവെന്ന വാർത്ത തെറ്റാണെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റിയും കേരള സംസ്ഥാന ബാലാവകാശ കമ്മീഷനും നടത്തിയ വിശദമായ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഇല്ല. തണൽ 1517 ടോൾ ഫ്രീ നമ്പറിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സമിതി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പ്രാഥമിക അന്വേഷണം നടത്തിയതിന്റേയും കുട്ടികളുടെ അമ്മ സമർപ്പിച്ച അപേക്ഷയുടേയും അടിസ്ഥാനത്തിലാണ് സംസ്ഥാന ശിശുക്ഷേമ സമിതി നടപടികൾ സ്വീകരിച്ചത്. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നിയമാവലി ചട്ടം 55(b) അനുസരിച്ച് രാജിവെക്കുന്നതായി ജനറൽ സെക്രട്ടറി അറിയിച്ചിരുന്നു.

(ഇ) ചൈൽഡ് വെൽഫെയർ കമ്മിറ്റി 6 കുട്ടികളെയും മാതാവ് ശ്രീദേവിയെയും പുനലാൽ ഡെയ്ൽ വ്യൂ ഹോമിലേക്ക് മാറ്റി പാർപ്പിക്കുകയും വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പുനരധിവാസ സംവിധാനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീദേവിയുടെയും കുട്ടികളുടെയും പുനരധിവാസത്തിന് തിരുവനന്തപുരം കോർപ്പറേഷൻ മേയർ വാഗ്ദാനം ചെയ്ത ഫ്ലാറ്റ് ഫെബ്രുവരി അവസാനത്തോടെ കൈമാറുമെന്ന് കോർപ്പറേഷനിൽനിന്നും അറിയാൻ സാധിച്ചു. ഫ്ലാറ്റ് ലഭിക്കുന്ന മുറയ്ക്ക് മാതാവിനെയും കുട്ടികളേയും ഫ്ലാറ്റിലേയ്ക്ക് മാറ്റിത്താമസിപ്പിക്കുമെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയിച്ചു. ശ്രീദേവിക്ക് ജോലി നൽകുന്നതിനായി തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ താമസിപ്പിക്കുന്ന സ്ഥലത്തുനിന്നും ജോലിക്ക് പോയിവരാനുള്ള ബുദ്ധിമുട്ട് ടിയാൾ അറിയിച്ചതിനാൽ ഫ്ലാറ്റ് ലഭിച്ചതിനുശേഷം ടിയാൾക്ക് ജോലി നൽകാമെന്ന് തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

**കോന്നി നിയോജകമണ്ഡലത്തിലെ ഓൾഡ് ഏജ് ഹോമുകൾ**

324 (2208) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിൽ എത്ര ഓൾഡ് ഏജ് ഹോമുകളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഓൾഡ് ഏജ് ഹോം ഫോർ പി.എച്ച്. ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ കോന്നി നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് വൃദ്ധസദനം പ്രവർത്തിക്കുന്നില്ല. എന്നാൽ ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനുള്ള മൂന്ന് വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

**പുന്നപ്ര വികലാംഗ കോർപ്പറേഷന്റെ കീഴിലുള്ള പഞ്ചായത്ത് കെട്ടിടം**

325 (2209) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പുന്നപ്ര വടക്ക് പഞ്ചായത്തിൽ ഒന്നാം വാർഡിൽ ജില്ലാപഞ്ചായത്ത് വക വസ്തുവും കെട്ടിടവും വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വികലാംഗ സഹായ യന്ത്ര നിർമ്മാണത്തിനായി കൈമാറിയത് എന്നായിരുന്നു;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമായിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനം ഒഴിഞ്ഞുതരണമെന്ന് കാണിച്ച് ജില്ലാ പഞ്ചായത്ത് വികലാംഗ ക്ഷേമ കോർപ്പറേഷന് എത്ര കത്തുകൾ നൽകിയിരുന്നു; കത്തുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) കെട്ടിടം ഒഴിഞ്ഞു തരുന്നതിന് സമ്മതമറിയിച്ചുകൊണ്ട് വികലാംഗക്ഷേമ കോർപ്പറേഷൻ ജില്ലാപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനം ദീർഘനാളായി പ്രവർത്തനരഹിതമായതിനാലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാലും മേൽക്കൂര തകർന്ന് കെട്ടിടം നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സ്ഥാപനം വൈദ്യുതി ചാർജ് വാട്ടർചാർജ് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കുമോ;

(ജി) എത്രയും വേഗം സ്ഥാപനം ഒഴിഞ്ഞുകൊടുത്ത് പ്രസ്തുത കെട്ടിടവും വസ്തുവും തിരികെ ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 24-3-2008-ലെ കരാർ പ്രകാരമാണ് കെട്ടിടം വികലാംഗക്ഷേമ കോർപ്പറേഷന് നൽകിയത്.

(ബി) 7 വർഷം.

(സി) 2 കത്തുകൾ. കത്തുകളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(ഡി) ഉണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.+

(ഇ) ഉണ്ട്.

(എഫ്) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ജി) സ്ഥാപനം ഒഴിഞ്ഞുകൊടുക്കുന്നതിന് സമ്മതം അറിയിച്ചുകൊണ്ട് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

## മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിന് ശ്രീ. മനോജ്. വി.കെ. കോട്ടയം സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി

326 (2210) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന ശ്രീ.മനോജ് വി.കെ., വെള്ളാരംകാലായിൽ, വെമ്പള്ളി പി.ഒ., കോട്ടയം ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു നിവേദനം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 23-2-2019-ലെ നമ്പർ 112/2019/എസ്.ജെ.ഡി, തീയതി പ്രകാരം ധനസഹായത്തിനുള്ള അനുവാദം നൽകുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത സഹായം ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിക്ക് ജില്ലാ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഇതുവരെയും സഹായം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇകാര്യം പരിശോധിച്ച് എത്രയും വേഗം തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീ. മനോജ്. വി. കെ.- ഷൈലജ ദമ്പതികൾ മിശ്രവിവാഹ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി 23-2-2019-ലെ സ.ഉ.(സാധാ) നമ്പർ 112/2019/സാനീവ പ്രകാരം സർക്കാർ ഉത്തരവായതിനുശേഷം 6-3-2019-ലാണ് കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കോട്ടയം ജില്ലയിലെ യോഗ്യരായ അപേക്ഷകരുടെ 2019-20 വർഷത്തെ ലിസ്റ്റിൽ ടിയാളുടെ പേര് ക്രമനമ്പർ 26 ആയി ഉൾപ്പെട്ടിട്ടുണ്ട്. ടി ദമ്പതികൾ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 2019-20 വർഷത്തെ മിശ്രവിവാഹ ധനസഹായത്തുക മുഴുവനും വിതരണം ചെയ്ത് കഴിഞ്ഞപ്പോൾ കോട്ടയം ജില്ലയിൽ ബ്ലോക്ക് ലെവലിൽ 2016 മുതലുള്ള അപേക്ഷകൾക്ക് ധനസഹായം നൽകാനായി ബാക്കിയുണ്ട്. കൃത്യമായ മുൻഗണനാക്രമം പാലിച്ചുകൊണ്ട് വിതരണം ചെയ്തുവരുന്ന മിശ്രവിവാഹ ധനസഹായത്തുക പ്രസ്തുത കാരണത്താലാണ് ശ്രീ. മനോജ്. വി. കെ.-യ്ക്ക് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) നടപ്പ് സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ടിയാൾക്ക് തുക അനുവദിക്കുന്നതാണ്.

## 2019-ലെ ദിശ നിയമം

327 (2211) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനഭംഗക്കേസുകളിൽ 21 ദിവസത്തിനകം ശിക്ഷ നടപ്പിലാക്കുന്നതിനുള്ള ദിശ നിയമം 2019 ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായിട്ടുള്ള ലൈംഗികാതിക്രമങ്ങളും, ആസിഡ് ആക്രമണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആന്ധ്രാപ്രദേശിൽ കൊണ്ടുവന്ന നിയമത്തിന്റെ മാതൃകയിൽ സംസ്ഥാനത്തും നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായിട്ടുള്ള ലൈംഗികാതിക്രമങ്ങളും ആസിഡ് ആക്രമണങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുമ്പോൾ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഇ-പോസ് മെഷീനുകൾ**

328 (2212) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-പോസ് മെഷീനുകൾ ഏർപ്പെടുത്തിയ ശേഷം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഭക്ഷ്യധാന്യങ്ങളാണ് പ്രതിമാസം റേഷൻ ഷോപ്പുകളിൽ അധികമായി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇ-പോസ് മെഷീനുകൾ ഏർപ്പെടുത്തിയശേഷം 2019 ഡിസംബർ വരെയുള്ള കണക്കെടുക്കുമ്പോൾ പ്രതിമാസം ശരാശരി 4955 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ നീക്കിയിരിപ്പ് വരുന്നതായും ആയതിന് കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാകുന്ന വിലയുടെ അടിസ്ഥാനത്തിൽ 1.4 കോടി രൂപയും സംസ്ഥാനത്തിലെ വിൽപ്പന വിലയനുസരിച്ച് 76 ലക്ഷം രൂപയും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കമ്പോളവിലയുടെ അടിസ്ഥാനത്തിൽ നിലവിൽ 18.95 കോടി രൂപയുമാകുമെന്ന് കണക്കാക്കുന്നു.

**സിവിൽ സപ്ലൈസ് വകുപ്പ് അഴിമതിരഹിതമാക്കുന്നതിന് നടപടി**

329 (2213) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ കാക്കഞ്ചേരി ഡിപ്പോയിൽ 416 ചാക്ക് റേഷനരി അധികം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടി വിഷയം സംബന്ധിച്ച് തിരൂർ താലൂക്ക് സപ്ലൈ ഓഫീസർ മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) സമാനമായ ക്രമക്കേടുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഇ) സിവിൽ സപ്ലൈസ് വകുപ്പ് അഴിമതി രഹിതമാക്കുന്നതിനും കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി സപ്ലൈകോ ഡിപ്പോയുടെ കീഴിലുള്ള NFSA ഗോഡൗണിൽ നടന്ന പരിശോധനയിൽ പുഴക്കലരിയുടെയും പച്ചരിയുടെയും അളവിൽ യഥാക്രമം 3671 കിലോഗ്രാമും 1485 കിലോഗ്രാമും കുറവുള്ളതായും 20800 കിലോഗ്രാം കുത്തരി അധികമുള്ളതായും കണ്ടെത്തിയിട്ട ുണ്ട്.

(ബി&സി) സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നത് പരിഗണിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഭക്ഷ്യപൊതുവിതരണ വകുപ്പ് അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി റേഷൻ ഡിപ്പോകളും NFSA ഗോഡൗണുകളും ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളും കാര്യക്ഷമവും നിരന്തരവുമായി പരിശോധിക്കുന്നതിനുള്ള സംവിധാനം താലൂക്ക്, ജില്ല, സംസ്ഥാനതലങ്ങളിൽ നിലവിലുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രത്യേക പരിശോധനാ സ്ക്വാഡും പൊതുവിതരണ വകുപ്പിലെയും സപ്ലൈകോയിലെയും വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. താലൂക്ക്, ജില്ലാതലങ്ങളിൽ യഥാക്രമം താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്. പൊതുജനങ്ങളിൽനിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനായി കാൾസെന്റർ സംവിധാനം നിലവിലുള്ളതും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് CUG (Closed User Group) ആയി ഔദ്യോഗിക മൊബൈൽ സംവിധാനം അനുവദിച്ചിട്ടുള്ളതുമാണ്. വകുപ്പുതല പരിശോധനവഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ 1966 KRO പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യവസ്തുക്കളുടെ സംഭരണം

330 (2214) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള ഭക്ഷ്യധാന്യ സംഭരണവും വിതരണവും നടത്തുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സംസ്ഥാന വ്യാപകമായി 75 താലൂക്കുകളിലെ 234 ഗോഡൗണുകൾ മുഖേനയാണ് സപ്ലൈകോ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്. ഇതിൽ 14 സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 83 സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 131 സ്വകാര്യ ഗോഡൗണുകളും 6 സപ്ലൈകോ ഗോഡൗണുകളും ഉൾപ്പെടുന്നു. പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500-ൽപ്പരം വില്പനശാലകളിലൂടെ അരിയുൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ ഇ-ടെണ്ടർ/ഇ-ഓക്ഷൻ മുഖേന വാങ്ങി സംഭരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ഭക്ഷ്യവസ്തുക്കളുടെ സംരക്ഷണത്തിനായി വലിയതുറ (തിരുവനന്തപുരം), തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ കേരള സർക്കാരിന്റെ എൻ.എഫ്.എസ്.എ. ഫണ്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ഗോഡൗൺ നിർമ്മാണം നടത്തിവരുന്നു.

(ബി) ഭക്ഷ്യവസ്തുക്കളുടെ സംഭരണം സംബന്ധിച്ച് പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. അനുയോജ്യമായ സ്ഥലസൗകര്യം ലഭിക്കുകയാണെങ്കിൽ കൂടുതൽ ഗോഡൗണുകളുടെ നിർമ്മാണം പരിഗണിക്കുന്നതാണ്.

**റേഷൻ കാർഡുകൾ വിതരണം**

331 (2215) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ റസിഡൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ റേഷൻ കാർഡ് അനുവദിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഉത്തരവ് ബന്ധപ്പെട്ട ആഫീസുകളിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ റേഷൻ കാർഡുകൾക്കായി എത്ര അപേക്ഷകളാണ് സപ്ലൈ ആഫീസിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്ന നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പഞ്ചായത്തുകളുടെ റസിഡൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ റേഷൻ കാർഡ് അനുവദിക്കുന്നത് സംബന്ധിച്ച 3-9-2018-ലെ സർക്കുലർ എല്ലാ ജില്ലാ സപ്ലൈ, താലൂക്ക് സപ്ലൈ, സിറ്റി റേഷനിംഗ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. (ആയത് അനുബന്ധമായി ചേർക്കുന്നു.*) ഇതുപ്രകാരം റേഷൻ കാർഡുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ പ്രദേശങ്ങളിൽ പുതിയ റേഷൻ കാർഡിനുള്ള 7698 അപേക്ഷകളും റേഷൻ കാർഡ് സംബന്ധമായ മറ്റ് 23256 അപേക്ഷകളും ഉൾപ്പെടെ ആകെ 30954 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതുവരെ ലഭിച്ച അപേക്ഷകളിൽ അടുത്ത ദിവസങ്ങളിൽ ലഭിച്ച അപേക്ഷകളിൽ അന്വേഷണം ആവശ്യമുള്ളവ ഒഴിച്ച് മറ്റെല്ലാ അപേക്ഷകളും തീർപ്പ് കല്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

**റേഷൻ കാർഡിനുള്ള മാനദണ്ഡങ്ങൾ**

332 (2216) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള റേഷൻ കാർഡുകളാണ് ഇപ്പോൾ നൽകിയിട്ടുള്ളത്; ഓരോ കാർഡും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) വിവിധ കാർഡുകൾക്ക് റേഷൻ കടയിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് മുൻഗണന/മുൻഗണനേതര വിഭാഗങ്ങളിലായി എ.എ.വൈ.(മഞ്ഞ), മുൻഗണന (പിങ്ക്), മുൻഗണനേതര സബ്സിഡി (നീല) മുൻഗണനേതര നോൺ സബ്സിഡി(വെള്ള) എന്നിങ്ങനെ നാലുതരം റേഷൻ കാർഡുകളാണ് വിതരണം നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 10 (എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരമാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിന് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 10(1) പ്രകാരം സംസ്ഥാനം നിർണ്ണയിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലെ അംഗങ്ങളെ തെരഞ്ഞെടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.* കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ പരിധി 15480040 ആണ്.

മുൻഗണനാ മാനദണ്ഡപ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ, നാലുചക്രവാഹനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ എന്നിവർക്ക് മുൻഗണനേതര (സബ്സിഡി) കാർഡ് നൽകുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരമല്ലാത്ത എല്ലാ വിഭാഗങ്ങൾക്കും മുൻഗണനേതര (നോൺ-സബ്സിഡി) കാർഡ് നൽകുന്നതാണ്.

(ബി) റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള പ്രതിമാസ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## എല്ലാവർക്കും റേഷൻ കാർഡ്

333 (2217) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ദാരിദ്ര്യ സൂചികയിൽ രാജ്യത്തിന്റെ സ്ഥാനം ഇടിയുമ്പോഴും സാർവ്വത്രിക പൊതുവിതരണ സമ്പ്രദായവും എഫ്.സി.ഐ.-യെയും തകർക്കുന്ന കേന്ദ്ര സർക്കാർ നയം സൃഷ്ടിക്കുന്ന പ്രശ്നം മറികടന്നുകൊണ്ട് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) സ്വന്തമായി വീടില്ലാത്തവർക്കും പുറമ്പോക്കിൽ കഴിയുന്നവർക്കും ഉൾപ്പെടെയുള്ള എല്ലാവർക്കും റേഷൻകാർഡ് സമയബന്ധിതമായി നൽകാൻ പരിപാടിയുണ്ടോ; ഇ-റേഷൻ കാർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹായസന്നദ്ധരായ സംഘടനകളുടെ കൂടി പങ്കാളിത്തത്തോടെ വിശപ്പു രഹിത കേരളം പദ്ധതി സംസ്ഥാനത്ത് എല്ലായിടത്തും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻ വിതരണ സംവിധാനം നടപ്പിലാക്കി. ഗുണഭോക്തൃ വിഹിതം,

കൈപ്പറ്റിയ വിഹിതം എന്നിവ സംബന്ധിച്ച എസ്.എം.എസ്. സന്ദേശങ്ങൾ എല്ലാ മാസവും റേഷൻ കാർഡുടമകൾക്ക് അയയ്ക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ ഏതു റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എ.എ.വൈ/മുൻഗണന കാർഡുകൾക്ക് രാജ്യത്തെ 12 സംസ്ഥാനങ്ങളിൽ നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി നടപ്പാക്കിയിട്ടുണ്ട്.

ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം മുഖേന റേഷൻകടകളിൽ വാതിൽപ്പടി വിതരണത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്. റേഷൻകാർഡുകളുടെ വിതരണം പൂർണ്ണമായും ഓൺലൈനായി മാറി.

റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പുറമേ സംസ്ഥാനതല ഇൻസ്പെക്ഷൻ സംഘം ഉൾപ്പെടെ വിവിധ തലങ്ങളിൽ പരിശോധനനടത്തി റേഷൻ വിതരണം കാര്യക്ഷമമായി മുന്നോട്ടുപോകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജായി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

ഇ-റേഷൻകാർഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ ആരംഭിച്ചിട്ടുള്ള "വിശപ്പുരഹിത കേരളം-സുഭിക്ഷ" പദ്ധതി മറ്റു ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

334 (2218) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; വിശദമാക്കുമോ;

(ബി) സാങ്കേതികമായ തടസ്സം ഒഴിവാക്കി ഇത്തരക്കാർക്കും റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകിവരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

**പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

335 (2219) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്കിലും വഴിവക്കിലും കുടിലുകൾ കെട്ടി താമസിക്കുന്നവർക്ക് തിരിച്ചറിയൽ കാർഡുകൾ ഇല്ലാത്തതിനാൽ റേഷൻ കാർഡ് ലഭ്യമാക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിനാൽ റേഷൻ പോലും ലഭിക്കാതെ ഇവർ പട്ടിണിയിലും ദുരിതത്തിലുമാകുകയും കുട്ടികൾ വിശപ്പകറ്റാൻ മണ്ണുതിന്നുന്ന സാഹചര്യം സംജാതമായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകിവരുന്നുണ്ട്. അപ്രകാരം ആകെ മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

റേഷൻ പോലും ലഭിക്കാതെ കുടുംബം ദുരിതത്തിലായത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സിറ്റി റേഷനിംഗ് ഓഫീസ് തിരുവനന്തപുരം (സൗത്ത്) ന്റെ പരിധിയിൽ വരുന്ന ഒരു കുടുംബത്തിന് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻകാർഡ് അനുവദിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് മുൻഗണന പട്ടിക**

336 (2220) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി എത്ര റേഷൻ കാർഡുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോയിനത്തിലും അനുവദിച്ചുവരുന്ന സാധനങ്ങൾ എന്തെല്ലാമാണ്; വിശദ വിവരം നൽകുമോ;

(സി) റേഷൻ കാർഡിനായി വിവിധ സപ്ലൈ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ കാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) മാനദണ്ഡം അനുസരിച്ച് എത്ര ലക്ഷം മുൻഗണനാ റേഷൻ കാർഡുകളാണ് നൽകാൻ കഴിയുക ; ഈ അപേക്ഷകർക്ക് മുൻഗണനാ പദവി ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ ;

(എഫ്) മുൻഗണനാ പട്ടികയിൽ വരുന്ന ഒഴിവുകൾ അതതു ജില്ലയിൽ തന്നെയുള്ള അപേക്ഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശമുള്ള എത്ര സർക്കാർ ജീവനക്കാരാണ് ഉള്ളതെന്ന് അറിയിക്കാമോ ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 8697290 റേഷൻ കാർഡുകളുണ്ട്. നാല് വിഭാഗങ്ങളിലുള്ള റേഷൻ കാർഡുകൾ താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| 1 | അന്ത്യോദയ അന്നയോജന (AAY) | 593646 |
| 2 | മുൻഗണനാ (PHH) | 3142916 |
| 3 | മുൻഗണനേതര (സബ്സിഡി) (NP(S)) | 2512375 |
| 4 | മുൻഗണനേതര (നോൺ-സബ്സിഡി) (NP(NS)) | 2448353 |
| | ആകെ | 86,97,290 |

(ബി) റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള പ്രതിമാസ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഉണ്ട്. റേഷൻ കാർഡിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിച്ച് കാർഡുകൾ നൽകിവരുന്നുണ്ട്.

(ഡി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ഇ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10 (1) പ്രകാരം സംസ്ഥാനം നിർണ്ണയിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലെ അംഗങ്ങളെ തെരഞ്ഞെടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ (സാധാ) നം. 320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല; അത്തരത്തിലുള്ള പരിഗണന മറ്റ് ജില്ലകളിലെ കൂടുതൽ അർഹതയുള്ളവരെ ഒഴിവാക്കുന്നതിന് കാരണമാകും.

(ജി) അനധികൃതമായി മുൻഗണനാ കാർഡ് കൈവശം വച്ച 91169 സംസ്ഥാന സർക്കാർ ജീവനക്കാരുടെയും 6498 പെൻഷൻകാരുടെയും സ്വമേധയാ സറണ്ടർ ചെയ്തത് ഉൾപ്പെടെ 97667 മുൻഗണനാ കാർഡുകൾ പൊതുവിഭാഗം നോൺ സബ്സിഡി വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിലെ അനർഹർ**

337 (2221) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ഏത് ഓഫീസിൽ നിന്നാണ് ചെയ്യുന്നതെന്നറിയിക്കാമോ;

(ബി) പുതുതായി മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ / മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ. (സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങള പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണെന്നതിനാൽ ആയത് പ്രകാരം പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു. പുതുതായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കാവുന്നതും പരിശോധനയിൽ ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30-ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാര്യാലയത്തിൽ നിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറയ്ക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ മുൻഗണനാ വിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 15480040 ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

## കേരള റേഷനിംഗ് ഓർഡറിന്റെ പരിഷ്കരണം

338 (2222) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) സാമൂഹ്യാവശ്യവും പൊതുജന സൗകര്യവും പരിഗണിച്ച് പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നത് പരിഗണിക്കുമോ;

(സി) പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസികളെ നിശ്ചയിക്കാനുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013, TPDS Control Order, 2015 എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കേരള റേഷനിംഗ് ഓർഡർ 1966-ന്റെ പരിഷ്കരിച്ച പകർപ്പായ ടി.പി.ഡി.എസ്. (കൺട്രോൾ ഓർഡർ)- ന്റെ കരട് തയ്യാറാക്കി സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ (www.civilsupplieskerala.gov.in) പ്രസിദ്ധീകരിച്ച് പൊതുജനങ്ങൾ/റേഷൻ വ്യാപാരി പ്രതിനിധികൾ എന്നിവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് പരിഷ്കരിച്ച പകർപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി&സി) റേഷൻകട ആരംഭിക്കുന്നതുസംബന്ധിച്ച് കേരള റേഷനിംഗ് ഓർഡർ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകൾ പരിശോധിച്ച് പരിഷ്കരിച്ച പകർപ്പിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജനാവശ്യം പരിഗണിച്ച് പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പൊതുവിതരണ കേന്ദ്രങ്ങളുടെ ലൈസൻസി നിയമന നടപടിക്രമങ്ങളിൽ ഭരണപരമായ കാലതാമസം മാത്രമാണുള്ളത്.

**റേഷൻ കടകൾ വഴിയുള്ള സേവനങ്ങൾ**

339 (2223) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും റേഷൻ കടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

റേഷൻ കാർഡുകളുടെ വിതരണം പൂർണ്ണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി അപേക്ഷിക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതുമൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചതുമൂലം റേഷൻകടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി റേഷൻ ഇതര

സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുമായി ചർച്ച നടത്തിവരുന്നു.

തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത കടകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിതരണ സംവിധാനം

340 (2224) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.സി.ഐ.-യിൽ നിന്നും റേഷൻകടകളിൽ എത്തിച്ചേരുന്ന ഭക്ഷ്യധാന്യ ചാക്കുകളിൽ അളവിൽ കുറവുള്ളതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) എഫ്.സി.ഐ. യിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ റേഷൻകടകളിലേക്ക് വിതരണത്തിനായി എത്തിക്കുമ്പോഴുള്ള പാക്കിംഗ് സംവിധാനം ആധുനികവത്കരിക്കാമോ;

(സി) പൊതുവിതരണ സംവിധാനം ആധുനികവത്കരിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) എഫ്.സി.ഐ.-യിൽ നിന്നും നേരിട്ട് റേഷൻ കടകളിലേയ്ക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നില്ല. എഫ്.സി.ഐ.-യിൽ നിന്നും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ എത്തുന്ന റേഷൻ സാധനങ്ങളുടെ തൂക്കത്തിലുള്ള കുറവ് ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഡിപ്പോകളിൽനിന്നും എ.ആർ.ഡി.-കൾക്ക് തൂക്കം ബോധ്യപ്പെടുത്തിയാണ് റേഷൻ സാധനങ്ങൾ നൽകുന്നത്.

(ബി) റേഷൻ സാധനങ്ങൾ പാക്കിംഗ് സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുവിതരണ സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കിയതുമൂലം ഏതു റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാൻ അവസരം ലഭിച്ചു. തന്മൂലം കൂടുതൽ കാർഡുടമകൾ റേഷൻ വിഹിതം വാങ്ങാൻ തുടങ്ങിയിട്ടുണ്ട്. നിലവിൽ നാഷണൽ പോർട്ടബിലിറ്റി നടപ്പാക്കിയതുമൂലം കേരളം ഉൾപ്പെടെയുള്ള 12 സംസ്ഥാനങ്ങളിലെ എ.എ.വൈ./ മുൻഗണന കാർഡുകൾക്ക് ഇതിൽ ഏതു സംസ്ഥാനത്തുനിന്നും റേഷൻ വാങ്ങാൻ കഴിയും. റേഷൻ കാർഡുകളുടെ വിതരണം പൂർണ്ണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. ഇ-കാർഡ് നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഈ സംവിധാനം മുഖേന അപേക്ഷകന് റേഷൻ കാർഡ് നേരിട്ട് പ്രിന്റൗട്ട് എടുക്കാൻ സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതുമൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻ കാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

## സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിൽ ആവശ്യസാധനങ്ങളുടെ ദൗർലഭ്യം

341 (2225) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റം സാധാരണക്കാരുടെ കുടുംബ ബജറ്റിന്റെ താളം തെറ്റിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധിയിൽ നിന്നും സാധാരണക്കാരായ ജനങ്ങളെ രക്ഷിക്കുവാൻ സിവിൽ സപ്ലൈസ് വഴി എന്തൊക്കെ ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്;

(സി) അവശ്യ സാധനങ്ങൾക്ക് മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിലും ഉണ്ടായിട്ടുള്ള ദൗർലഭ്യം പൊതുകമ്പോളത്തിലെ വിലവർദ്ധനവിന് കാരണമായിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ;

(ഡി) എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പ് ശക്തമായ നിലയിൽ കമ്പോള ഇടപെടലുകൾ നടത്തുന്നതിനായി കൂടുതൽ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) ഉൽപ്പാദന കേന്ദ്രങ്ങളിലെ വിളവിലുണ്ടായ കുറവ്, ഇന്ധന വില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് എന്നീ കാരണങ്ങളാൽ പയറുവർഗ്ഗങ്ങൾ, മുളക് എന്നിവയുടെ പൊതു വിപണിയിലെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സപ്ലൈകോ മുഖേനയുള്ള കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം വഴി ഉപഭോക്താക്കൾക്ക് പൊതുവിപണിയിലെ വില വർദ്ധനവ് ബുദ്ധിമുട്ടുണ്ടാക്കിയിട്ടില്ല.

(ബി) പൊതുവിപണിയിലെ വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനും ഉപഭോക്താക്കൾക്ക് വിലക്കുറവിന്റെ ആശ്വാസം നൽകുന്നതിനുമായി സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണിയിടപെടൽ സംവിധാനം നിലവിലുണ്ട്. ഇ-ടെണ്ടർ മുഖേനയും നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേന ഉൽപാദന കേന്ദ്രങ്ങളിൽനിന്നുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ സംസ്ഥാന വിപണിയിൽ എത്തിച്ചും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെയുമാണ് വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിനുപുറമേ മറ്റ് നോൺ മാവേലി സാധനങ്ങളും ശബരി ബ്രാൻഡിൽ വിപണിയിലെത്തിക്കുന്ന തേയില, കാപ്പിപ്പൊടി, മസാലപ്പൊടികൾ തുടങ്ങിയവയും വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേരുകയും ചെയ്യുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയത് വഴി റേഷൻ സാധനങ്ങളുടെ വിതരണത്തിന്റെ കൃത്യതയും വിതരണവും ശക്തമാക്കിയത് വഴി പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടഞ്ഞ് ആയതിന്റെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പൊതുവിപണി പരിശോധനകൾ നടത്തിവരുന്നു.

(സി) ഇല്ല. ഇ-ടെണ്ടർ സംവിധാനത്തിൽ സാങ്കേതികമായ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തേണ്ടിവന്നതുമൂലം നവംബർ മാസത്തെ വാങ്ങൽ നടപടികളിലുണ്ടായ ചെറിയ കാലതാമസംമൂലം ഔട്ട്‌ലെറ്റുകളിൽ താൽക്കാലിക ദൗർലഭ്യം നേരിട്ടുവെങ്കിലും നിലവിൽ അത് പരിഹരിക്കുവാനും ആവശ്യത്തിന് സ്റ്റോക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്.

(ഡി) വിപണിയിടപെടലിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ വർദ്ധനവ് ബഡ്ജറ്റ് വിഹിതത്തിൽ വരുത്തണമെന്നഭ്യർത്ഥിച്ചിട്ടുണ്ട്.

**സവാളയുടെ വില വർദ്ധനവിനെതിരെ സ്വീകരിച്ച നടപടികൾ**

342 (2226) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യരംഗത്ത് ഒരു പ്രതിസന്ധി ഉടലെടുക്കുമ്പോൾ സത്വരമായി സർക്കാരിന്റെ ഇടപെടൽ ഉണ്ടാകാറുണ്ടോ; അതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ബി) ക്ഷാമം നേരിടുന്ന അവശ്യവസ്തുക്കൾ വിപണിയിലെത്തിക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതുകമ്പോളത്തിൽ സവാളയുടെ വില കിലോയ്ക്ക് 200 രൂപയിലധികമായി വർദ്ധിച്ചിരുന്ന അവസരത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ടിരുന്നോ; എങ്കിൽ എപ്രകാരം; വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് സവാള നൽകുവാൻ സാധിച്ചിരുന്നോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഭക്ഷ്യരംഗത്ത് ഒരു പ്രതിസന്ധി ഉടലെടുക്കുമ്പോൾ സർക്കാരിന്റെ വിപണിയിടപെടൽ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500-ഓളം വരുന്ന ഔട്ട് ലെറ്റുകളിലേയ്ക്ക് 2 ½ മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോകളിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ ഇ-ഓക്ഷൻ മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തിവരുന്നു. ആയതുപ്രകാരം നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു.

(സി&ഡി) സംസ്ഥാനത്ത് സവാളയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ സപ്ലൈകോ അടിയന്തരമായി വിപണി ഇടപെടൽ നടത്തിയിരുന്നു. നാഫെഡ് മുഖേന സെൻട്രൽ ബഫറിൽനിന്നും 50 മെട്രിക് ടണ്ണും

കേന്ദ്രീയ ഭണ്ഡാറിൽനിന്നും 50 മെട്രിക് ടണ്ണും കേന്ദ്ര സർക്കാർ നാഫെഡ്, എം.എം.റ്റി.സി എന്നിവ മുഖേന ഇറക്കുമതി ചെയ്ത സവാളയിൽനിന്നും 50 മെട്രിക് ടണ്ണും വാങ്ങി സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

**നെല്ല് സംഭരണത്തിലെ പ്രതിസന്ധി**

343 (2227) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് നെൽവില നൽകിയതിൽ ബാങ്കുകൾക്ക് സപ്ലൈകോയിൽ നിന്നും കിട്ടാനുള്ള കുടിശ്ശികയുടെ പേരിൽ കാർഷിക വായ്പകളെ കിട്ടാക്കടമായി പ്രഖ്യാപിക്കുന്ന രീതിക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) സപ്ലൈകോ നെല്ല് സംഭരിക്കുമ്പോൾ കർഷകർക്ക് നൽകുന്ന രസീതിന്റെ ഈടിൻമേൽ ബാങ്കുകൾ നൽകുന്ന പണത്തിന് സർക്കാർ കുടിശ്ശിക വരുത്തിയതോടെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് എന്ത് നടപടിയാണ് പരിഹാരമായി സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സീസണിലും ബാങ്കുകൾ മുൻകൂർ പണം നൽകിയാലേ നെല്ല് സംഭരണം നടക്കുകയുള്ളൂ എന്ന സാഹചര്യത്തിൽ, ഇതിൽനിന്നും ബാങ്കുകൾ പിൻമാറുന്ന അവസ്ഥയ്ക്ക് പ്രതിവിധി കണ്ടെത്തുമോ;

(ഡി) നെല്ല് സംഭരണത്തിന് അനുവദിക്കുന്ന വായ്പയുടെ കാലാവധി ഒരു വർഷമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നെല്ല് സംഭരണം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് 22-1-2020-ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020-നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ് ലോൺ കുടിശ്ശിക കേന്ദ്ര ഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI യുടെ അനുമതിക്ക് വിധേയമായി 31-3-2020 വരെ നിലനിൽക്കുന്ന മൊറട്ടോറിയം കാലാവധി പി.ആർ.എസ് വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA-യിൽനിന്നും കർഷകരെ ഒഴിവാക്കി പി.ആർ.എസ് സ്വീകരിക്കുവാനും തുടർ വായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 22-1-2020 -ലെ ചർച്ചയിലെ തീരുമാനപ്രകാരം 31-3-2020 -ന് മുമ്പ് കേന്ദ്ര വിഹിതം ലഭ്യമാക്കി ബാങ്കുകളുടെ പി.ആർ.എസ്. വായ്പാ കുടിശ്ശിക തീർപ്പാക്കി 2019-20 സീസണിൽ തുടർന്നും പി.ആർ.എസ്. ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 22-1-2020-ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ച പ്രകാരം വായ്പയുടെ കാലാവധി ഒരു വർഷമാക്കുന്നതിനുവേണ്ടി SLBC അധികൃതർ RBI-യുടെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഹൈപ്പർ മാർക്കറ്റുകൾ

344 (2228) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൂടുതൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുകമ്പോളത്തിലെ വില വർദ്ധനവ്

345 (2229) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുകമ്പോളത്തിലെ വില വർദ്ധനവ് പിടിച്ച് നിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

പൊതു കമ്പോളത്തിലെ വില വർദ്ധനവ് പിടിച്ച് നിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ നൽകുന്നു.

I. അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഏറ്റവും കുറഞ്ഞ

വിലയിൽ ലഭ്യമാക്കുന്നതിനുമായി ഇ-ടെണ്ടർ മുഖേന വാങ്ങൽ പ്രക്രിയ നടത്തുന്നതിന് പുറമെ അടിയന്തര ഘട്ടങ്ങളിൽ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേനയും സംഭരണം നടത്തുന്നു.

II. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 വരെ ശതമാനം വിലക്കുറവിൽ നിശ്ചയിച്ചിട്ടുള്ള സബ്സിഡി വിൽപ്പനയിൽ വിലകൾ (ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില) യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല.

III. സബ്സിഡി സാധനങ്ങൾക്ക് പുറമെ, എഫ്.എം.സി.ജി./ശബരി ഉൽപ്പന്നങ്ങൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും ഗൃഹോപകരണങ്ങൾ ശരാശരി 40 ശതമാനം വരെ കിഴിവിലും വിൽപ്പന നടത്തുന്നു.

IV. ഉത്സവകാലങ്ങളിൽ വിപണി ഇടപെടലിന്റെ ഭാഗമായി പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു.

V. വിലക്കുറവിന്റെ പ്രയോജനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനായി തീരമാവേലി സ്റ്റോറുകൾ, റേഷൻ കടകൾ എന്നിവിടങ്ങളിലൂടെയും നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നു.

VI. വൻ വില വർദ്ധന രേഖപ്പെടുത്തിയിട്ടുള്ള അരി, സവാള എന്നിവ നേരിട്ട് സംഭരിച്ച് കുറഞ്ഞ നിരക്കിൽ വിതരണം നടത്തുകയും ചെയ്തു.

VII. വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ളവ മോടിപിടിപ്പിച്ച്, വിപുലീകരിച്ച് കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കിയതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിന്റെ ആനുകൂല്യം നൽകാൻ കഴിഞ്ഞു.

## മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി

346 (2230) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെടുന്ന എത്ര നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് മാവേലിസ്റ്റോർ അനുവദിക്കണം എന്ന് ആവശ്യപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലതാമസം ഒഴിവാക്കി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 10 വിൽപ്പനശാലകൾക്കായി 13 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 1. വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ

2. മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്

3. നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ

4. നെടുമങ്ങാട് നഗരസഭയിലെ കരിങ്ങാകോളനി-കാഞ്ഞിരംപാറ

5. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട്

6. നെടുമങ്ങാട് മണ്ഡലത്തിൽ ഒരു സൂപ്പർ മാർക്കറ്റ്, നെടുമങ്ങാട് മുനിസിപ്പാലിറ്റി, കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിൽ ഓരോ മാവേലി സ്റ്റോർ.

(സി) ഉണ്ട്. ആയതുപ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ, മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്, നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ, കരിങ്ങാകോളനി, പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് എന്നിവിടങ്ങളിലും കരകുളം, പോത്തൻകോട്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിലവിലെ സർക്കാർ മാനദണ്ഡമനുസരിച്ച് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കുന്നതും അനുബന്ധ സൗകര്യങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതും സംബന്ധിച്ച് സപ്ലൈകോ തിരുവനന്തപുരം മേഖലാ മാനേജർ മുഖാന്തരം അതത് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നെടുമങ്ങാട് നഗരസഭയിൽ വലിയമല വാർഡിൽ കരിങ്ങാകോളനി

കേന്ദ്രീകരിച്ച് മാവേലി സ്റ്റോർ തുടങ്ങുന്നതിന് കെട്ടിടം കണ്ടെത്തി നഗരസഭ മേഖലാ മാനേജർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതുപ്രകാരം പ്രസ്തുത കെട്ടിടം ഡിപ്പോ മാനേജർ പരിശോധിച്ച് സപ്ലൈകോ വിൽപ്പനശാലയ്ക്ക് അനുയോജ്യമാണോ എന്നതുൾപ്പെടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) മാവേലി സ്റ്റോറുകൾക്കാവശ്യമായ കെട്ടിട സൗകര്യം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടതെന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യത ഉറപ്പാക്കി സാധ്യതാ പഠനം നടത്തി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈക്കം മുനിസിപ്പാലിറ്റിയിൽ ഗൃഹോപകരണ വില്പന കേന്ദ്രം

347 (2231) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മുനിസിപ്പാലിറ്റിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുകീഴിൽ ഗൃഹോപകരണ വില്പനകേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം നൽകുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയവയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈക്കം ഡിപ്പോയുടെ കീഴിൽ കല്ലറ സൂപ്പർ മാർക്കറ്റിൽ ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

ബി) ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതിന് സ്ഥലം നൽകുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള അപേക്ഷകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ താൽക്കാലിക ജീവനക്കാർ

348 (2232) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിവിധ സ്ഥാപനങ്ങളിൽ നിലവിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരുടെ വേതനം തികച്ചും പരിമിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനോ ഇവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 21-12-2019-ലെ സ.ഉ (സാധാ) നമ്പർ 536/2019/ഭ.പൊ.വി.വ. പ്രകാരം താൽക്കാലിക ജീവനക്കാരുടെ വേതനം പ്രതിദിനം 425 രൂപയിൽനിന്നും 500 രൂപയായും പായ്ക്കിംഗ് തൊഴിലാളികളുടെ വേതനം പായ്ക്കറ്റ് ഒന്നിന് ഒരു രൂപയിൽനിന്നും 1 രൂപ 40 പൈസയായും ഉയർത്തി നൽകിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ചട്ടങ്ങൾ നിലവിലില്ല.

## കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലിസ്റ്റോർ

349 (2233) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുവേണ്ടി പ്രദേശവാസികൾ നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്ത്, കവളങ്ങാട്ട് പഞ്ചായത്ത്, കോതമംഗലം മുൻസിപ്പാലിറ്റി എന്നിവയുടെ സംഗമസ്ഥലം കൂടിയായ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് പരിശോധിക്കാമോ;

(സി) കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലേയും കോതമംഗലം മുൻസിപ്പാലിറ്റിയിലേയും അയ്യായിരത്തോളം വരുന്ന സാധാരണക്കാരായ കുടുംബങ്ങൾക്ക് വലിയ പ്രയോജനം ലഭ്യമാക്കുന്നതിനാൽ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് പരിഗണിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് സപ്ലൈകോ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ അപേക്ഷയിൽ സപ്ലൈകോ എറണാകുളം മേഖലാ മാനേജർ മുഖാന്തരം ആവശ്യമായ സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് വിൽപ്പന സാധ്യത, ലാഭ നഷ്ടത്തിന്റെ തോത്, നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള വാടക രഹിത കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങൾക്കായുള്ള ഫണ്ടിന്റെയും

ലഭ്യത, ആവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നീ ഘടകങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ മാത്രമാണ് പുതിയ വിൽപ്പനശാലകൾ ആരംഭിക്കാനാവുക.

## കോതമംഗലം മുനിസിപ്പൽ ലൈബ്രറി ബിൽഡിംഗിൽ പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോർ

350 (2234) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷത്തിലധികമായി കോതമംഗലം മുനിസിപ്പൽ ലൈബ്രറി ബിൽഡിങ്ങിൽ പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോർ പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുവാനുള്ള ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-19, 2019-20 വർഷങ്ങളിലെ ലൈസൻസ് മുനിസിപ്പാലിറ്റിയിൽ നിന്നും പുതുക്കാത്തതുമൂലമാണ് ഇത്തരത്തിൽ കെട്ടിടമാറ്റ വിഷയം വന്നിട്ടുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 20 വർഷത്തിലധികമായി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതും സാധാരണക്കാരായ നിരവധി പ്രദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്നതുമായ പ്രസ്തുത മാവേലിസ്റ്റോർ മുനിസിപ്പാലിറ്റിയുമായുള്ള ലൈസൻസ് പുതുക്കി പ്രസ്തുത കെട്ടിടത്തിൽ തന്നെ തുടർന്ന് പ്രവർത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോതമംഗലം മുനിസിപ്പാലിറ്റി ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാവേലി സ്റ്റോറിന്റെ നിലവിലുള്ള വാടക കരാർ പുതുക്കുന്നതിന് മുനിസിപ്പാലിറ്റി പുതിയ നിബന്ധനകൾ ഉന്നയിക്കുകയും ആയത് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മൂലമുണ്ടായ കാലതാമസത്താൽ വിവിധ മുനിസിപ്പൽ ലൈസൻസുകൾക്ക് നൽകേണ്ട ഫീസുകൾക്ക് പിഴയും പിഴപ്പലിശയും ആവശ്യപ്പെട്ടുകൊണ്ട് മാവേലി സ്റ്റോറിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന വിധത്തിൽ വൈദ്യുത ബന്ധം വിച്ഛേദിക്കുകയും നിലവിൽ ജീർണ്ണാവസ്ഥയിലുള്ളതും ശൗചാലയ സൗകര്യം ഇല്ലാത്തതുമായ പ്രസ്തുത 220 ച.അടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളൊന്നും യഥാസമയം കെട്ടിട ഉടമ ചെയ്യാതിരിക്കുകയും അടച്ചുപൂട്ടാൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ള

സാഹചര്യത്തിലാണ് അനുയോജ്യമായ മറ്റൊരു കെട്ടിടം കിട്ടുന്നതുവരെ മാവേലി സ്റ്റോറിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചത്. എന്നാൽ പൊതുജനങ്ങളുടെ ആവശ്യപ്രകാരം മാവേലി സ്റ്റോർ ഇപ്പോഴും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും വിവിധ ലൈസൻസുകൾക്കാവശ്യപ്പെടുന്ന പിഴയും പിഴപ്പലിശയും ഒടുക്കുന്നതിൽനിന്നും സപ്ലൈകോയെ ഒഴിവാക്കിത്തരണമെന്ന് നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്ത് പരിഗണിക്കാതെ പിഴയും പിഴപ്പലിശയും ഒടുക്കി കരാർ പുതുക്കിയില്ലെങ്കിൽ ഒരറിയിപ്പും ഇല്ലാതെ കച്ചവടസ്ഥാപനം അടച്ചുപൂട്ടും എന്ന മുനിസിപ്പാലിറ്റിയുടെ നിലപാട് ഒഴിവാക്കി വിൽപ്പനശാലയുടെ പ്രവർത്തനത്തിന് ആവശ്യമായ ലൈസൻസുകൾ അവയുടെ ഫീസും കുടിശ്ശികയും മാത്രം ഈടാക്കി പുതുക്കാൻ അനുമതി നൽകുന്ന മുറയ്ക്ക് ഈ വിഷയത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.

**പട്ടാമ്പിയിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ്**

351 (2235) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും ആലോചനകൾ സർക്കാർ തലത്തിൽ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പിയിൽ നിലവിലുള്ള മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റായി ഉയർത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) അനുയോജ്യമായ കെട്ടിട സൗകര്യം, വിപണന സാധ്യത, പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്തിന്റെ ലഭ്യത തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് വിൽപ്പനശാല അനുവദിച്ചുവരുന്നത്. പട്ടാമ്പിയിലെ നിലവിലുള്ള സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

## ചാലക്കുടിയിൽ ഹൈപ്പർമാർക്കറ്റ്

352 (2236) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസിന്റെ ഹൈപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹൈപ്പർമാർക്കറ്റ് സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതടക്കമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം സപ്ലൈകോയ്ക്ക് വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## രണ്ടാം വിള നെല്ല് സംഭരണം

353 (2237) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ രണ്ടാം വിള നെല്ല് സംഭരണത്തിനായി മില്ലുടമകളുമായി ഇതിനകം കരാറിലേർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ തന്നെ കരാറിലേർപ്പെട്ട് കർഷകരുടെ ആശങ്കയും അനിശ്ചിതത്വവും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഈ വർഷം രണ്ടാം വിള നെല്ല് സംഭരണം നടത്തുന്നതിലേയ്ക്ക് 2020 മാർച്ച് 31 വരെ മില്ലുകാരുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ സംഭരണത്തിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ ആരംഭിച്ചുകഴിഞ്ഞു. മില്ലുകാരുമായി കരാറിൽ ഏർപ്പെടൽ വൈകുന്നതുമൂലം നെല്ല് സംഭരണത്തിലുണ്ടാകുന്ന അനിശ്ചിതത്വം ഒഴിവാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## നെല്ല് സംഭരണം

354 (2238) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെൽകർഷകർക്ക് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മുന്നിൽ കണ്ടുകൊണ്ട് രണ്ടാം വിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) മില്ലുകാരുടെ നിസ്സഹകരണംമൂലം കഴിഞ്ഞ വർഷം നെല്ല് സംഭരണം രണ്ടാഴ്ചയോളം വൈകിയിരുന്നു. ഇതുമൂലം കർഷകർക്കുണ്ടായ അസൗകര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) നിലവിൽ നെല്ല് സംഭരണത്തിനായി 2020 മാർച്ച് 31 വരെ മില്ലുകാരുമായി കരാർ കാലാവധിയുണ്ട്. 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ സംഭരണത്തിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ ആരംഭിച്ചു കഴിഞ്ഞു. മില്ലുകാരുമായി കരാറിൽ ഏർപ്പെടൽ വൈകുന്നതുമൂലം നെല്ല് സംഭരണത്തിൽ ഉണ്ടാകുന്ന അനിശ്ചിതത്വം ഒഴിവാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. രണ്ടാംവിള നെൽകൃഷി വിസ്തൃതി കൂടുതലായതിനാൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി സംഭരണം തർക്കരഹിതമായി നടപ്പിലാക്കുകയും കർഷകർക്ക് നെല്ല് വില താമസംവിനാ നൽകുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്തി ബാങ്കുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

## നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള പണം

355 (T2239) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച വകയിൽ സർക്കാർ കർഷകർക്ക് പണം നൽകാത്ത സാഹചര്യമുണ്ടോ; ഈ ഇനത്തിൽ 1460 കോടി രൂപ സർക്കാർ നൽകാനുണ്ടോ;

(ബി) സപ്ലൈകോ തിരിച്ചടക്കുമെന്ന വ്യവസ്ഥയിൽ ബാങ്കുകൾ ഇത്രയും തുക ആറ് മാസത്തെ വായ്പയായി കർഷകർക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) തിരിച്ചടവ് മുടങ്ങിയതോടെ ഒരു ലക്ഷം കർഷകരെങ്കിലും കടക്കെണിയിലും പുതിയ വായ്പ കിട്ടാത്ത സ്ഥിതിയിലുമായിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) വായ്പ പുതുക്കി നൽകാനാവില്ലെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സീസണിൽ നെല്ല് സംഭരിച്ച വകയിൽ പി.ആർ.എസ്. വായ്പ പദ്ധതിയിനത്തിലും ഡയറക്ട് പേയ്മെന്റ് ഇനത്തിലുമായി കർഷകർക്ക് നെല്ലിന്റെ വിലയായി 1755.34 കോടി രൂപ പൂർണ്ണമായും നൽകി കഴിഞ്ഞിട്ടുണ്ട്. പി.ആർ.എസ്. വായ്പയുടെ തിരിച്ചടവായി 1341.58 കോടി രൂപയാണ് ഇനിയും ബാങ്കുകൾക്ക് നൽകുവാനുള്ളത്.

(ബി) നൽകിയിട്ടുണ്ട്.

(സി) പി.ആർ.എസ്. വായ്പയുടെ തിരിച്ചടവിനത്തിൽ നാളിതുവരെ 371.24 കോടി രൂപ നൽകി കഴിഞ്ഞിട്ടുണ്ട്. ബാക്കി തുകയായ 1341.58 കോടി രൂപ 31 മാർച്ച് 2020-ന് മുമ്പായി കേന്ദ്ര വിഹിതം ലഭ്യമാക്കി പൂർണ്ണമായും തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിച്ച് പുതിയ വായ്പ കർഷകർക്ക് ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വായ്പ കാലാവധി പുതുക്കി നൽകാനാവില്ലെന്ന് റിസർവ് ബാങ്ക് അറിയിച്ചിരുന്നു. എന്നാൽ 22-1-2020 -ൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രിയുടെയും SLBC അധികൃതരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 31 മാർച്ച് 2020-നുള്ളിൽ ബാങ്കുകൾക്ക് നൽകുവാനുള്ള പി.ആർ.എസ്. ലോൺ കുടിശ്ശിക കേന്ദ്ര ഫണ്ട് ലഭ്യമാക്കി തിരിച്ചടയ്ക്കുന്നതിനും കൂടാതെ RBI-യുടെ അനുമതിക്ക് വിധേയമായി 31-3-2020 വരെ നിലനിൽക്കുന്ന മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്കുകൂടി ബാധകമാക്കുന്നതിനും NPA-യിൽനിന്നും കർഷകരെ ഒഴിവാക്കി പി.ആർ.എസ്. സ്വീകരിക്കുവാനും തുടർവായ്പ നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ**

356 (2240) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാചകവാതക വിതരണ രംഗത്തെ അപാകതകളും ക്രമക്കേടുകളും പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിൽ ഓൺലൈൻ ബുക്കിംഗ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ഗ്യാസ് ഏജൻസികൾ സിലിണ്ടറുകൾ വിതരണം ചെയ്തുവരുന്നത്. സിലിണ്ടർ ബുക്ക് ചെയ്യുന്ന ഉപഭോക്താവിന് ബുക്കിംഗ് റഫറൻസ് നമ്പർ, സിലിണ്ടർ ലഭ്യമാകുന്ന തീയതി, ആയതിന്റെ വില എന്നിവ എസ്.എം.എസ്. അലർട്ട് ആയി ഏജൻസികൾ നൽകുന്നുണ്ട്. വിതരണം സുഗമവും കാര്യക്ഷമവും പരാതിരഹിതവും ആക്കുന്നതിനായി ഓയിൽ കമ്പനി ഉദ്യോഗസ്ഥരും വകുപ്പിലെ ഉദ്യോഗസ്ഥരും ഗ്യാസ് ഏജൻസികളിൽ പരിശോധനകൾ നടത്തുന്നുണ്ട്. മാത്രമല്ല ഗ്യാസ് വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികളും ജില്ലകളിൽ മൂന്ന് മാസത്തിലൊരിക്കൽ അതത് ജില്ലാ കളക്ടർമാർ, ഗ്യാസ് ഏജൻസികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, ഓയിൽ കമ്പനി പ്രതിനിധികൾ, ഉപഭോക്താക്കൾ എന്നിവരുടെ ഓപ്പൺ ഫോറങ്ങളും അദാലത്തുകളും വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ എൽ.പി.ജി. വിതരണവുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനും സംശയ നിവാരണത്തിനുമായി ബന്ധപ്പെടേണ്ട ഹെൽപ്പ് ലൈൻ നമ്പർ സംബന്ധിച്ചും സിലിണ്ടർ വിതരണത്തിന് ബിൽ തുക മാത്രം നൽകിയാൽ മതിയെന്നത് സംബന്ധിച്ചും മറ്റുമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ്.എം.എസ്. അലർട്ട് എല്ലാ കാർഡ് ഉടമകൾക്കും നൽകിവരുന്നു.

**പാചകവാതക സിലിണ്ടറുകൾമൂലമുള്ള അപകടങ്ങൾ**

357 (2241) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചക വാതക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചും ചോർച്ച സംഭവിച്ചും അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ;

(സി) ഗ്യാസ് സിലിണ്ടറുകളിൽ അപാകതകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് കൃത്യമായ അവബോധം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ പാചകവാതകത്തിന് അനിയന്ത്രിതമായ വില വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് ഇത്തരം അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എണ്ണക്കമ്പനികളാണ് ഗ്യാസ് സിലിണ്ടറുകളുടെ സുരക്ഷ പരിശോധിച്ച് ഉറപ്പുവരുത്തുന്നത്. എണ്ണക്കമ്പനികളുടെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ടെക്നീഷ്യന്മാർ നിലവിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ സിലിണ്ടറുകൾ പാലിക്കുന്നുണ്ടോയെന്ന് ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് ഗ്യാസ് നിറയ്ക്കുന്നതിന് മുൻപും ശേഷവും ഉറപ്പുവരുത്തുന്നതുകൂടാതെ സിലിണ്ടറുകൾ ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കൾ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള റെഗുലർ സേഫ്റ്റി ക്ലിനിക്കുകളും മാൻഡേറ്ററി ഇൻസ്പെക്ഷനുകളും നടത്താറുണ്ടെന്നും സിലിണ്ടറുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള ബ്രോഷറുകളും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ടെന്നും എല്ലാ എണ്ണക്കമ്പനികളുടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി കാൾ സെന്ററുകൾ നിലവിലുണ്ടെന്നും ഇവ കൂടാതെ അത്യാവശ്യ സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്മാരുടെയും കാര്യാലയങ്ങളുടെയും നമ്പരുകൾ എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. എങ്കിലും സിലിണ്ടറുകൾ തീയുമായി നേരിട്ട് സമ്പർക്കം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടങ്ങൾ ഉണ്ടാകാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) പാചക വാതകത്തിന്റെ വില തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന എണ്ണക്കമ്പനികളാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാരിന് നയപരമായ ഇടപെടലുകൾ നടത്താൻ കഴിയുകയില്ല. പാചകവാതക വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ ഏറിയ പങ്കം സബ്സിഡി മുഖേന ക്രമീകരിക്കപ്പെടുന്നതുകൊണ്ട് ഉപഭോക്താക്കളെ വിലക്കയറ്റം അത്രകണ്ട് ബാധിക്കുന്നില്ലായെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

## തൃക്കരിപ്പൂർ മണ്ഡലത്തിൽ ലാഭം സൂപ്പർ മാർക്കറ്റ്

358 (2242) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചിറ്റാരിക്കൽ കേന്ദ്രീകരിച്ച് ലാഭം സൂപ്പർ മാർക്കറ്റ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനായി സ്ഥലവും കെട്ടിടവും ഏർപ്പെടുത്തി നൽകിയാൽ സൂപ്പർ മാർക്കറ്റ് ഉടൻ ആരംഭിക്കാൻ കഴിയുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചിറ്റാരിക്കൽ പ്രദേശത്ത് സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ കോഴിക്കോട് സപ്ലൈകോ മേഖലാ മാനേജരുടെ സാധ്യതാ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് വിൽപ്പന സാധ്യത, ലാഭ നഷ്ടത്തിന്റെ തോത്, വാടകരഹിത/വാടകയിളവിലുള്ള കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങൾക്കായുള്ള ഫണ്ടിന്റെയും ലഭ്യത, ആവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നീ ഘടകങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ മാത്രമാണ് പുതിയ വിൽപ്പനശാലകൾ ആരംഭിക്കാനാവുക.

## ഉപഭോക്തൃ നയം

359 (2243) ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പ്രത്യേകമായി ഉപഭോക്തൃനയം രൂപീകരിക്കുമോ; എങ്കിൽ പ്രസ്തുത നയത്തിന്റെ ഊന്നൽ ഏതൊക്കെ മേഖലകളിൽ ആയിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഉപഭോക്തൃകാര്യ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവല്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് ഉപഭോക്തൃ അവകാശങ്ങൾ, പരാതികൾ, മറ്റ് ഉപഭോക്തൃ വിവരങ്ങൾ എന്നിവ നല്കുന്നതിനായി ജില്ലാതല ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉപഭോക്തൃ ബോധവൽക്കരണത്തിനും ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും ഉപഭോക്തൃ തർക്കപരിഹാരത്തിനുള്ള വിപുലമായ സംവിധാനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഉപഭോക്തൃ നയം നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

(ബി) ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 3-9-2019-ന് ദേശീയ തലത്തിൽ ചേർന്ന സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിലെ അജണ്ടയിൽ സ്വതന്ത്ര ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം ഉൾപ്പെടുത്തിയിരുന്നു.

(സി) സംസ്ഥാനത്ത് ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഉപഭോക്താക്കൾക്ക് ശരിയായ അവബോധം നൽകുന്നതിനും ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കുംവേണ്ടി 'ഉപഭോക്തൃ കേരളം' എന്ന പേരിൽ ദ്വൈമാസിക പ്രസിദ്ധീകരിച്ചുവരുന്നു. ഗ്രാമങ്ങളിൽപോലും ഉപഭോക്തൃ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി ഒരു ബോധവൽക്കരണ വാഹനം തയ്യാറാക്കി സംസ്ഥാനമൊട്ടാകെ പര്യടനം നടത്തി വീഡിയോ പ്രദർശനത്തിലൂടെ ഉപഭോക്തൃ ബോധവൽക്കരണം നടത്തിവരുന്നു. ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം നൽകുന്ന തെരുവുനാടകവും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രദർശനം നടത്തിവരുന്നു. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന അഞ്ചു പരസ്യ ചിത്രങ്ങൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിച്ചുവരുന്നു. എഫ്.എം.റേഡിയോ, ആകാശവാണി, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ പരസ്യങ്ങളും നൽകിവരുന്നു. ഹോർഡിങ്ങുകൾ, ട്രാൻസ്പോർട്ട് ഹബ്ബുകളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ജില്ലാതല ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു. ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഉടൻ ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപഭോക്താക്കളുടെ അവകാശ സംരക്ഷണം**

360 (2244) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഉപഭോക്താക്കൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി ജില്ലാതല സഹായക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉപഭോക്താക്കളുടെ സൗകര്യത്തിനായി സംസ്ഥാന തലത്തിൽ റിസോഴ്സ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉപഭോക്താക്കൾക്ക് ശരിയായ അവബോധം നൽകുന്നതിനും ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കുംവേണ്ടി 'ഉപഭോക്തൃ കേരളം' എന്ന പേരിൽ ദ്വൈമാസിക പ്രസിദ്ധീകരിച്ചുവരുന്നു. ഗ്രാമങ്ങളിൽപോലും ഉപഭോക്തൃ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി ഒരു ബോധവൽക്കരണ വാഹനം തയ്യാറാക്കി സംസ്ഥാനമൊട്ടാകെ പര്യടനം നടത്തി വീഡിയോ പ്രദർശനത്തിലൂടെ ഉപഭോക്തൃ ബോധവൽക്കരണം നടത്തിവരുന്നു. ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം നൽകുന്ന തെരുവുനാടകവും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രദർശനം നടത്തിവരുന്നു. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന അഞ്ചു പരസ്യ ചിത്രങ്ങൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിച്ചുവരുന്നു. എഫ്.എം. റേഡിയോ, ആകാശവാണി, പത്രങ്ങൾ,

ആനുകാലികങ്ങൾ എന്നിവയിലൂടെ പരസ്യങ്ങളും നൽകിവരുന്നു. ഹോർഡിങ്ങുകൾ, ട്രാൻസ്പോർട്ട് ഹബ്ബുകളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ജില്ലാതല ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു. ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഉടൻ ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനതലത്തിൽ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ഉപഭോക്തൃ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകിവരുന്നു. എല്ലാ ജില്ലകളിലും സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം

361 (2245) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയുടെ കരാർ നൽകിയതിൽ അഴിമതി നടന്നതായ ആക്ഷേപത്തിന്റെ വെളിച്ചത്തിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ ശിപാർശകൾ/ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) തുറമുഖ കരാർ നൽകിയതിൽ പ്രസ്തുത കമ്മീഷൻ അഴിമതി കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ ശിപാർശകളുടെ/കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) പ്രസ്തുത ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് എന്ത് തുകയാണ് ചെലവഴിച്ചത്?

ഉത്തരം

(എ-സി) ഉണ്ട്, ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ്* ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

(ഡി) പ്രസ്തുത റിപ്പോർട്ടും ആയതിന്മേലുള്ള നടപടി റിപ്പോർട്ടും നിയമസഭയ്ക്ക് സമർപ്പിക്കുകയും കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള ഉപദേശത്തിന് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിരിക്കുകയുമാണ്.

(ഇ) Rs. 1,03,11,939 (ഒരു കോടി മൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തൊൻപത് രൂപ മാത്രം) തുകയാണ് ചെലവായിട്ടുള്ളത്.

**വിഴിഞ്ഞം തുറമുഖപദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

362 (2246) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതി രൂപീകരിച്ചിരുന്നോ; ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ;

(ബി) പ്രസ്തുത സമിതി ഇതിനകം എത്ര തവണ യോഗം ചേർന്ന് തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയെന്ന് വ്യകത്മാക്കുമോ;

(സി) കരാർ പ്രകാരം പദ്ധതിയുടെ 25 ശതമാനം പണികൾ എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്;

(ഡി) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ അദാനി ഗ്രൂപ്പിന് സംസ്ഥാന സർക്കാർ എന്നുവരെയാണ് സമയം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി Empowered Committee, Project Implementation Committee എന്നീ രണ്ട് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

എംപവേർഡ് കമ്മിറ്റി അംഗങ്ങൾ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ചീഫ് സെക്രട്ടറി - ചെയർമാൻ
2. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി - മെമ്പർ
3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - മെമ്പർ
4. പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ
5. സെക്രട്ടറി, നിയമ വകുപ്പ് - മെമ്പർ
6. മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിഴിഞ്ഞം തുറമുഖ കമ്പനി - കൺവീനർ

പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ:

1. ചീഫ് സെക്രട്ടറി - ചെയർമാൻ
2. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് - മെമ്പർ
3. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - മെമ്പർ
4. പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ് - മെമ്പർ
5. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - മെമ്പർ
6. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ
7. ലേബർ കമ്മീഷണർ - മെമ്പർ
8. ജില്ലാ കളക്ടർ, തിരുവനന്തപുരം - മെമ്പർ
9. ചെയർമാൻ, KSEBL - മെമ്പർ,
10. മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിഴിഞ്ഞം തുറമുഖ കമ്പനി - കൺവീനർ

(ബി) തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി Empowered Committee 9 തവണയും Project Implementation Committee 7 തവണയും യോഗം ചേർന്നിട്ടുണ്ട്.

(സി) കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണ പുരോഗതി അവലോകനത്തിനായി ഒന്നാംഘട്ടത്തെ നാല് നാഴികക്കല്ലുകളായി (Project Milestone I, II, III, Schedule Completion Date) ഭാഗിച്ചിരിക്കുന്നു. ഇതിൻപ്രകാരം Project Milestone II കൈവരിക്കേണ്ടത് നിർമ്മാണം ആരംഭിച്ച് 600-ാം ദിവസമായ 2017 ജൂലൈ 26-ന് ആയിരുന്നു. പദ്ധതിയുടെ അടങ്കൽ തുകയുടെ 20 ശതമാനത്തിൽ കുറയാതെ ചെലവാക്കുകയും ഇതിൽ 50% Physical works- നായി ഉപയോഗിക്കണമെന്നും Project Milestone II വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണ തീയതി 2019 ഡിസംബർ 3-ന് ആയിരുന്നു. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള പാറയുടെ ലഭ്യത

363 (2247) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിനായുള്ള പാറ എവിടെനിന്നും കൊണ്ടുവരുവാനാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പാറ ലഭ്യമാക്കാൻ സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണം 600 മീറ്റർ പൂർത്തിയായിട്ടുണ്ട്. കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സംഭരിക്കുന്നതിനുള്ള ഉത്തരവാദിത്തം കരാർ കമ്പനിക്കാണ്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി അദാനി കമ്പനി നേരിട്ടും സ്വകാര്യ പങ്കാളികളുമായി ചേർന്നും 20 ക്വാറികൾക്ക് അനുമതി തേടിയിട്ടുണ്ട്. ഇതിൽ നഗരൂർ വില്ലേജിലെ കടവിള ക്വാറി എല്ലാ അനുമതികളും ലഭിച്ച് നിലവിൽ പ്രവർത്തിച്ചുവരുന്നു. മറ്റ് രണ്ട് ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. മറ്റുള്ളവയ്ക്ക് അനുമതി നേടുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. തമിഴ്നാട്ടിൽനിന്നും പാറ കൊണ്ടുവരുന്നതിനും കരാർ കമ്പനി ശ്രമം നടത്തുന്നുണ്ട്.

## വിഴിഞ്ഞം പദ്ധതിയിലെ പുലിമുട്ടുകളുടെ അലൈൻമെന്റ്

364 (2248) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പുലിമുട്ടുകളുടെ അലൈൻമെന്റ് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും വകുപ്പുകളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

365 (2249) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് അദാനി ഗ്രൂപ്പ് കരാർ പ്രകാരം നിർവ്വഹിക്കേണ്ടത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ;

(സി) 2019 ഡിസംബർ വരെ ഇതിൽ ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനം പ്രവർത്തനമാണ് പൂർത്തിയാക്കിയത്; ശേഷിക്കുന്നവ പൂർത്തിയാക്കുവാൻ ഇനി എത്ര സമയം ആവശ്യമുണ്ടെന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ കരാർ കമ്പനി നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് |
|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം ടഗ് ബോട്ടുകൾ - 4 എണ്ണം യാർഡ് ക്രെയിനുകൾ -24 എണ്ണം |
| 6 | റോഡ് കണക്ടിവിറ്റി | തുറമുഖത്തെ NH66 മായി ബന്ധിപ്പിക്കുന്ന 2 km നീളമുള്ള നാലുവരിപ്പാത |

(ബി&സി) നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| | | യാർഡ് ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | റോഡ് കണക്റ്റിവിറ്റി | 2 km | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

ഒന്നാംഘട്ട പൂർത്തീകരണത്തിന് ഇനിയെത്ര സമയം ആവശ്യമുണ്ടെന്ന് വ്യക്തമാക്കുന്ന പുതുക്കിയ Project Completion Schedule കരാർ കമ്പനി നാളിതുവരെ സർക്കാരിന് സമർപ്പിച്ചിട്ടില്ല. കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട

നിർമ്മാണം 2019 ഡിസംബർ 3- ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

## ചെറുകിട തുറമുഖങ്ങളുടെ വികസനം

366 (2250) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലൂടെ എന്തെല്ലാം വ്യവസായ, വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(സി) നിലവിൽ റോഡ്, റെയിൽ മാർഗ്ഗങ്ങളിലൂടെ നടത്തുന്ന ചരക്ക് ഗതാഗതം താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ചെറുകിട തുറമുഖങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ്

ബർത്തിന്റെ നീളം 74 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/ റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി DPR തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അഴീക്കൽ: ലക്ഷദ്വീപിലേയ്ക്ക് നിർമ്മാണ സാമഗ്രികൾ, വിദേശത്തേയ്ക്കുള്ള കാപ്പിയുടേയും മറ്റ് സുഗന്ധവ്യഞ്ജനങ്ങളുടേയും കയറ്റുമതി, ഉത്തരേന്ത്യയിൽനിന്നുള്ള നിർമ്മാണ സാമഗ്രികളുടെ ഇറക്കുമതി എന്നിവ നടന്നുവരുന്നു.

ബേപ്പൂർ: ലക്ഷദ്വീപിലേയ്ക്കുള്ള ചരക്ക്/യാത്രാകപ്പലുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ ഉത്തരേന്ത്യയിൽ നിന്നുള്ള നിർമ്മാണ സാമഗ്രികൾ ഉരുവിലൂടെയും കണ്ടെയ്നർ മാർഗ്ഗവും എത്തുന്നുണ്ട്.

കൊല്ലം: വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ സാമഗ്രികൾ, കശുവണ്ടി എന്നിവയും ഈ തുറമുഖം വഴി കൈകാര്യം ചെയ്തുവരുന്നു.

വിഴിഞ്ഞം: മാലിയിലേയ്ക്കുള്ള ചരക്കുകപ്പലുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ വിദേശയാത്രാകപ്പലുകളും എത്താറുണ്ട്.

(സി) കൊച്ചിയിൽനിന്ന് കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള കണ്ടെയ്നർ നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് നൽകിവരുന്ന ഇൻസെന്റീവ് പുനരാവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ തുറമുഖങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിന് Expression of Interest (EOI) ക്ഷണിക്കുകയും 29-3-2016 -ൽ മെസ്സേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനം രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചതിൽ ഒരെണ്ണം യാത്രയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. സർവ്വീസ് ആരംഭിക്കുന്നതിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ കരാറുകാരൻ സ്വീകരിച്ചുവരുന്നു.

## കുങ്കിച്ചിറ മ്യൂസിയം തുറന്നു നൽകുവാൻ നടപടി

367 (2251) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം പൊതുജനങ്ങൾക്ക് ഉടൻ തുറന്ന് നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത മ്യൂസിയത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) മ്യൂസിയം -മൃഗശാലാവകുപ്പിന് കീഴിലുള്ള വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിന്റെ ഒന്നാം ഘട്ടമായ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായി പ്രസ്തുത മ്യൂസിയത്തിൽ പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കുങ്കിച്ചിറ മ്യൂസിയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായുള്ള KSEB യുടെ ട്രാൻസ്ഫോർമർ, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മ്യൂസിയത്തിന് മുന്നിലായി ഗാർഡൻ നിർമ്മിക്കുന്നതിനുള്ള ജോലികൾ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ള M/s. ഹിന്ദുസ്ഥാൻ പ്രീഫാബ് ഏജൻസിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. മ്യൂസിയത്തിന് മുന്നിലായുള്ള ചിറയുടെ നവീകരണം M/s. Habitat Group തൊടുപുഴ മുഖേന 75% പൂർത്തീകരിച്ചു. പ്രദർശന സംവിധാന സജ്ജീകരണം പൂർത്തിയാകുന്ന മുറയ്ക്ക് മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്.

## തിരുവനന്തപുരം മ്യൂസിയത്തിന്റെ വികസനം

368 (2252) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയത്തിന്റെ വികസനത്തിനായി നടപ്പാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ പദ്ധതികളെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മ്യൂസിയത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(സി) മ്യൂസിയം കൂടുതൽ ആകർഷകമാക്കുന്നതിനായി മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മ്യൂസിയം- മൃഗശാലാവകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രധാനമായും നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി എന്നിവയാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പുരാരേഖാ വകുപ്പിന്റെ ധനസഹായത്തോടെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ലൈബ്രറിയുടെ നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണ പുനരുദ്ധാരണത്തിനായി സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കിയ ഡി.പി.ആർ., ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സാംസ്കാരികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) മ്യൂസിയം- മൃഗശാലാവകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്ന നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, നേപ്പിയർ മ്യൂസിയം എന്നിവ ആകർഷകമാക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിൽ പ്രദർശന സംവിധാനം ഒരുക്കുന്നതിനാവശ്യമായ ഗ്യാലറി സജ്ജീകരിക്കൽ, ഭൂമുഖത്തുനിന്നും വംശനാശം നേരിട്ട ജീവികളുടെ ത്രിമാന രൂപങ്ങൾ നിർമ്മിക്കൽ, മികച്ച രീതിയിലും ആകർഷണത്തിലുമുള്ള ലൈറ്റിംഗ് സംവിധാനങ്ങൾ, ഭിന്നശേഷി സന്ദർശകർക്കായി കൂടുതൽ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ, ശീതീകരണ സംവിധാനം, സുരക്ഷയുടെ ഭാഗമായി അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, മ്യൂസിയങ്ങൾ കൂടുതൽ മിഴിവും ആകർഷണവുമാക്കുന്നതിനായി സന്ദർശകർക്ക് ദൃശ്യ-ശ്രാവ്യ സംവിധാനങ്ങളോടുകൂടിയ കിയോസ്കുകൾ, മൊബൈൽ ആപ്പ് സംവിധാനം, നൂതന സാങ്കേതിക വിദ്യയിൽ ഗ്യാലറി സജ്ജീകരിക്കൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കികഴിഞ്ഞു. കൂടാതെ വിശ്വവിഖ്യാത ചിത്രകാരനായ രാജാ രവിവർമ്മയുടെയും മറ്റ് നിരവധി പ്രശസ്ത ചിത്രകാരന്മാരുടെയും പെയിന്റിംഗുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് കൺസർവേഷൻ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയും തുടർന്നുള്ള കൺസർവേഷൻ പ്രവൃത്തികളുടെ പ്രാരംഭ പ്രവൃത്തികൾ വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടത്തിൽ സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന നടത്തുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ

നിരവധി വർഷങ്ങളായുള്ള സാംസ്കാരിക നായകരുടെയും പൊതുജനങ്ങളുടെയും ചിത്രകാരന്മാരുടെയും നിരന്തരമായ ഇടപെടൽമൂലം ശ്രീചിത്രാ ആർട്ട് ഗ്യാലറി നിലനിൽക്കുന്ന സ്ഥലത്തുതന്നെ രാജാരവിവർമ്മയുടെ വിലമതിക്കാനാകാത്തതും അപൂർവ്വവുമായ പെയിന്റിംഗ് സൃഷ്ടികൾ പ്രദർശിപ്പിച്ച് സൂക്ഷിക്കുന്നതിന് ഒരിടം എന്ന നിലയിൽ പുതിയതായി ഒരു ആർട്ട് ഗ്യാലറി കെട്ടിടം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയൊരു ശ്രീ ചിത്രാ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനുവേണ്ടി 2020-21 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ 8 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ബൊട്ടാണിക്കൽ ഗാർഡന് ചുറ്റും പൈതൃക വിളക്കുകൾ സ്ഥാപിച്ചുകൊണ്ട് സുരക്ഷാവേലി നിർമ്മിച്ചു. കൂടാതെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുമ്പോൾ ടി മ്യൂസിയത്തിന്റെ ബൃഹത് ഭംഗി കൂട്ടുന്നതിന് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന് മുന്നിലായുള്ള റോസ് ഗാർഡന്റെ നവീകരണം നടത്തി പൈതൃക വിളക്കുകൾ സ്ഥാപിച്ച് റോസ് ഗാർഡന്റെ നടുവിലായി വളരെ ആകർഷകവും നയന മനോഹര രീതിയിലും ഒരു വാട്ടർ ഫൗണ്ടൻ സ്ഥാപിച്ചു. വിവിധ നിറങ്ങളിലുള്ള റോസ് പുഷ്പങ്ങൾ കൊണ്ട് വളരെ മനോഹാരിതമായ രീതിയിൽ ഒരു പൂങ്കാവനംതന്നെ സൃഷ്ടിച്ച് പൊതുജനങ്ങൾക്ക് ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്.

## മ്യൂസിയങ്ങൾക്കായി നൂതന പദ്ധതികൾ

369 (2253) ശ്രീ. എസ്. ശർമ്മ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചരിത്രവും പൈതൃകവും പ്രതിഫലിക്കുന്ന കണ്ണാടികളായി പ്രവർത്തിക്കുന്ന മ്യൂസിയങ്ങളെ സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മ്യൂസിയം നിർമ്മിതിയിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മ്യൂസിയങ്ങൾക്കാവശ്യമായ പ്രദർശന വസ്തുക്കൾ ശേഖരിക്കുന്നതിനും നവീകരണത്തിനുള്ള ആശയങ്ങൾ രൂപവത്കരിക്കുന്നതിനും അതതു പ്രദേശത്തെ വിദ്യാർത്ഥി സമൂഹത്തിന്റെയും മറ്റു സാംസ്കാരിക സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മ്യൂസിയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും കേവലം പ്രദർശന ശാലകൾ എന്നതിനപ്പുറം തീമാറ്റിക് മ്യൂസിയം എന്ന നൂതന സങ്കല്പത്തിലേയ്ക്ക് അവയെ പരിവർത്തനപ്പെടുത്തുന്നതിനും എന്തെല്ലാം ബൃഹത് പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയങ്ങൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളും നാടിന്റെ സാംസ്കാരിക പൈതൃകത്തിന്റെ കണ്ണാടികളാണെന്നുമുള്ള പുത്തൻ സങ്കല്പത്തെ അന്വർത്ഥമാക്കത്തക്കവിധം കേരളത്തിലെ നിലവിലുള്ള മ്യൂസിയങ്ങളെ നവീകരിക്കുന്നതിനും പുതിയ ആശയങ്ങൾക്കനുസൃതമായി പുതിയ മ്യൂസിയങ്ങൾ നിർമ്മിക്കുന്നതിനും വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം) എന്ന സ്ഥാപനത്തിലൂടെയാണ് സർക്കാർ ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിനായി കേരളം മ്യൂസിയത്തെ എല്ലാ വകുപ്പുകളുടെയും മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ ഉൾപ്പെടെ ചെറുതും വലുതുമായ 26 ഓളം മ്യൂസിയങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ കേരളം മ്യൂസിയത്തിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സമീപ ഭാവിയിൽ കേരളത്തെ ഇന്ത്യയിലെ മ്യൂസിയങ്ങളുടെ ഹബ്ബായി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കൾ മാത്രമല്ല, ഇന്നലെകളിലെ സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളും മ്യൂസിയങ്ങളിൽ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഗാന്ധി സ്മൃതി മ്യൂസിയം, മലബാർ കുടിയേറ്റ മ്യൂസിയം, ജില്ലാ പൈതൃക മ്യൂസിയങ്ങൾ എന്നിവയുടെ ആശയങ്ങൾ ഈ കാഴ്ചപ്പാടിലാണ് രൂപീകരിച്ചിരിക്കുന്നത്. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ കേരളീയധാരകൾ പരിചയപ്പെടുത്തുന്നതാണ് ഗാന്ധിസ്മൃതി മ്യൂസിയം. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പരിണാമത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന കുടിയേറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് മലബാർ കുടിയേറ്റ മ്യൂസിയം. ഓരോ ജില്ലയുടെയും ചരിത്രവും സാംസ്കാരിക പൈതൃക സമ്പത്തുകളും പ്രദർശിപ്പിക്കുന്നതിനുവേണ്ടി ജില്ലാ പൈതൃക മ്യൂസിയങ്ങളും സജ്ജീകരിച്ചുവരുന്നു. ഇവയെല്ലാം നമ്മുടെ സാമൂഹിക ജീവിതം ഇന്നത്തെ നിലയിലേയ്ക്ക് മാറിയത് എങ്ങനെയെന്ന് അടയാളപ്പെടുത്താൻ ഉപകരിക്കും.

ഇവയുടെ ആശയ രൂപീകരണം മുതൽ സാമൂഹിക പങ്കാളിത്തവും വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും ചരിത്രത്തേയും സാംസ്കാരത്തേയും കുറിച്ച് അറിവ് സൂക്ഷിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന സാമൂഹിക വിദ്യാഭ്യാസ കേന്ദ്രങ്ങളായാണ് പുതിയ മ്യൂസിയങ്ങളെ വിഭാവനം ചെയ്യുന്നത്. ഇത്തരം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മ്യൂസിയങ്ങൾ സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയെന്നതാണ് വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പൈതൃക തനിമയിൽ സംരക്ഷിച്ച് കൊണ്ട് M/s നിർമ്മിതി കേന്ദ്രം മുഖേന 30 ലക്ഷം രൂപ ചെലവഴിച്ച് പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി സമർപ്പിച്ചു. അതുപോലെ കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം പൈതൃക കെട്ടിടത്തിന്റെ നവീകരണം 21 ലക്ഷം രൂപ ചെലവഴിച്ച് പുരാവസ്തു വകുപ്പ് മുഖേന നടത്തി. വയനാട് കുങ്കിച്ചിറ മ്യൂസിയം കെട്ടിടത്തിന്റെ ആദ്യഘട്ട നിർമ്മാണം 4,77,04,274 രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. തിരുവനന്തപുരം നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണത്തിനും അന്താരാഷ്ട്ര നിലവാരത്തിൽ പ്രദർശനം സജ്ജീകരിക്കുന്നതിനും സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം, ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള M/s. സെന്റർ ഫോർ ഹെറിറ്റേജ് ഇനിഷ്യേറ്റീവ് എന്ന സ്ഥാപനം മുഖേനയും തയ്യാറാക്കിയ ഡി.പി.ആർ., കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സാംസ്കാരികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ച് ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തിരുവിതാംകൂറിന്റെയും കേരളത്തിന്റെയും പ്രകൃതി ചരിത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധാരണം നടത്തിക്കഴിഞ്ഞു. തിരുവനന്തപുരം മ്യൂസിയത്തിലെ ബൊട്ടാണിക്കൽ ഗാർഡനിൽ സ്ഥിതി ചെയ്യുന്ന ബാന്റ് സ്റ്റാന്റ് പൈതൃക തനിമയിൽ 41 ലക്ഷം രൂപ ചെലവഴിച്ച് പുരാവസ്തു വകുപ്പ് മുഖേന പുനരുദ്ധാരണം നടത്തി. തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന് ചുറ്റിലുമായി കേരള തനിമയിൽ പൈതൃകവും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് സുരക്ഷാവേലിയും പൈതൃക വിളക്കുകളും സ്ഥാപിച്ചു. ഇതിന് 2,19,08,084 രൂപ ചെലവഴിച്ചു. കേരളത്തിന്റെ സാമൂഹിക പ്രതിബദ്ധതയുള്ള ചരിത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കൃത സമൂഹത്തിനായി തിരുവനന്തപുരം

ജില്ലയിൽ പുതിയ നവോത്ഥാന മ്യൂസിയം, കണ്ണൂരിലെ പെരളശ്ശേരിയിൽ എ.കെ.ജി. സ്മൃതി മ്യൂസിയം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയൊരു ശ്രീചിത്രാ ആർട്ട് ഗ്യാലറി നിർമ്മിക്കുന്നതിനുവേണ്ടി 2020-21 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വൈക്കം സത്യാഗ്രഹ സ്മരണ നിലനിർത്തുന്നതിനായി വൈക്കം സത്യാഗ്രഹ സ്മാരക ഹാളിൽ പുരാരേഖാ വകുപ്പിന്റെ കീഴിൽ വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം സജ്ജീകരിച്ചിട്ടുണ്ട്. അനാചാരങ്ങൾക്കെതിരെ മഹാത്മാഗാന്ധി നടത്തിയ പോരാട്ടങ്ങളെക്കുറിച്ച് പുതുതലമുറയ്ക്ക് അറിവ് പകർന്നുകൊടുക്കുന്ന തരത്തിലുള്ള മ്യൂസിയമാണ് വൈക്കത്ത് സജ്ജീകരിച്ചിട്ടുള്ളത്. മഹാത്മാഗാന്ധിയുടെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡിജിറ്റൽ ഇന്ററാക്ടീവ് മ്യൂസിയം പുതുതലമുറയ്ക്ക് നവോത്ഥാന ചിന്തകൾ പകർന്നു കൊടുക്കാൻ ഉപകാരപ്രദമാകുന്നതാണ്.

(ബി) മ്യൂസിയങ്ങളെ സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളാക്കി മാറ്റുക (community oriented museums) എന്ന ലക്ഷ്യത്തോടെ മ്യൂസിയം സജ്ജീകരണ പ്രക്രിയയിൽ അതതു സ്ഥലങ്ങളിലെ വിദ്യാർത്ഥികളുടെ സഹകരണം തേടാറുണ്ട്. കൂടാതെ പ്രാദേശിക ചരിത്രകാരന്മാരുടെയും സാംസ്കാരിക സംഘടനകളുടെയും സഹായം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താറുണ്ട്.

പുരാവസ്തു വകുപ്പിന്റെ കീഴിൽ വരുന്ന ഇടുക്കി, പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുന്നതിനാവശ്യമായ വസ്തുക്കളുടെ ശേഖരണം അതത് ജില്ലകളിലെ കോളേജ് വിദ്യാർത്ഥികളുടെയും ചരിത്രകാരൻമാരുടെയും പൈതൃക സ്നേഹികളുടെയും സഹകരണത്തോടെയാണ് പൂർത്തിയാക്കിയിട്ടുള്ളത്. പയ്യന്നൂരിൽ സജ്ജീകരിക്കുന്ന ഗാന്ധിസ്മൃതി മ്യൂസിയത്തിലേയ്ക്കുള്ള പ്രദർശനവസ്തുക്കളുടെ ശേഖരണത്തിന്റെ ഭാഗമായി ഒരു ശില്പശാല സംഘടിപ്പിക്കുകയും അതിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെയും ചരിത്രതല്പരരുടെയും സേവനം പ്രയോജനപ്പെടുത്തി ശേഖരണ പ്രക്രിയ നിർവ്വഹിക്കുകയും ചെയ്യുകയുണ്ടായി. വിവിധ മ്യൂസിയങ്ങളുടെ ആശയരൂപീകരണത്തിനും ക്യൂറേറ്റോറിയൽ നോട്ട് തയ്യാറാക്കുന്നതിനും പ്രാദേശിക ചരിത്രം, സംസ്കാരം, പൈതൃകപഠനം, പുരാതത്വപഠനം എന്നീ മേഖലകളിലെ ഗവേഷകരുടെയും വിദഗ്ധരുടെയും സേവനം വകുപ്പ് പ്രയോജനപ്പെടുത്തുന്നുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിലുള്ള വയനാട് കുങ്കിച്ചിറ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനാവശ്യമായ പ്രദർശനവസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും അവയെല്ലാം തരംതിരിക്കുന്നതിനും മലയാളം സർവ്വകലാശാലയിൽനിന്നും സംസ്കാര പൈതൃക പഠന കോഴ്സ് പൂർത്തിയാക്കിയ ബിരുദാനന്തര ബിരുദം നേടിയ മൂന്ന് വിദ്യാർത്ഥികളെ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ അപ്രന്റിസായി നിയമിച്ച് സേവനം ലഭ്യമാക്കുകയുണ്ടായി.

പുരാരേഖാ വകുപ്പിന്റെ കീഴിൽ സ്ഥാപിക്കുന്ന വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം സജ്ജീകരണത്തിന് ഉപദേശം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള Content Creation Team-ൽ പ്രമുഖ ചരിത്രകാരന്മാർ, സാംസ്കാരിക വ്യക്തിത്വങ്ങൾ, പ്രാദേശിക നേതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മ്യൂസിയം നിർമ്മിതിയിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അതത് പ്രദേശത്തെ വിദ്യാർത്ഥി സമൂഹത്തിന്റെയും മറ്റ് സാംസ്കാരിക സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനുമായി വൈക്കത്ത് ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. സെമിനാറിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ മ്യൂസിയം സജ്ജീകരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) മ്യൂസിയങ്ങൾ തീമാറ്റിക്, ഇന്ററാക്ടീവ് എന്നതിലുപരി കമ്മ്യൂണിറ്റി ഓറിയന്റഡ് ആക്കിത്തീർക്കുന്നതിനായി മ്യൂസിയം നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ആവശ്യമായ ശ്രദ്ധ ചെലുത്തിവരുന്നു. Museum Digitization smart lightning, Interactive panels, A.R. Modules തുടങ്ങിയവ ഇതിന്റെ ഭാഗമായി മ്യൂസിയം സജ്ജീകരണത്തിൽ ഉൾപ്പെടുത്തുന്നുണ്ട്.

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഓരോ ജില്ലാ പൈതൃക മ്യൂസിയവും പ്രത്യേക തീമുകളെ (വിഷയം) ആസ്പദമാക്കിയാണ് സജ്ജീകരിച്ചുവരുന്നത്. ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത് അത്തരമൊരു കാഴ്ചപ്പാടിലാണ്. മറ്റ് മ്യൂസിയങ്ങളും ഇതേ മാതൃകയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആഡിയോ വിഷ്വൽ സംവിധാനം, സി.സി.റ്റി.വി. സർവൈലൻസ് സിസ്റ്റം എന്നിവയും സജ്ജീകരിച്ചിരിക്കുന്നു. മ്യൂസിയം പരിസരവികസന പ്രവർത്തനങ്ങളും മിക്ക മ്യൂസിയങ്ങളിലും നിർവ്വഹിച്ചിട്ടുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളെല്ലാംതന്നെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ അന്യംനിന്നു വരുന്നതായ കൈത്തറി, ഖാദി വസ്ത്രങ്ങളുടെയും കൈത്തറി ഉൽപ്പന്നങ്ങളുടെയും തറികളുടെ പ്രശസ്തിയും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനായി കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് കൈത്തറി എന്ന തീമിൽ മ്യൂസിയം വകുപ്പിന് കീഴിൽ കണ്ണൂർ ടൗണിൽ പുതിയതായി കൈത്തറി മ്യൂസിയം ആരംഭിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി പുരാവസ്തു വകുപ്പ് മുഖേന ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ ഉത്തര മലബാറിന്റെ തനതുകലയും പൈതൃകവുമായ തെയ്യങ്ങളുടെയും തെയ്യക്കോലങ്ങളുടെയും നേർക്കാഴ്ച വിളിച്ചോതുന്ന വിവിധ തെയ്യങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള തീമിൽ ഒരു പുതിയ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് ശിലാസ്ഥാപനം നടത്തുകയും ഇതിനാവശ്യമായ തുകയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ മ്യൂസിയം യഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വൈക്കം സത്യാഗ്രഹത്തെ ആസ്പദമാക്കി തീമാറ്റിക് മ്യൂസിയം എന്ന നൂതന ആശയം ഉപയോഗപ്പെടുത്തിയാണ് പുരാരേഖാ വകുപ്പിന്റെ കീഴിൽ വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം സജ്ജീകരിച്ചിട്ടുള്ളത്.

## തൃപ്പൂണിത്തുറയിലെ പൈതൃക പാലം

370 (2254) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറയിൽ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമ്പോൾ പൊളിച്ചു മാറ്റുന്ന പൈതൃക പാലം (ഇരുമ്പു പാലം) തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം നൂറുവർഷത്തിലധികം പഴക്കമുള്ളതും ചരിത്ര-പൈതൃക പ്രധാന്യമുള്ളതുമായ നിർമ്മിതിയാണ്. അതുകൊണ്ടുതന്നെ ഈ പാലം നിലവിലുള്ള സ്ഥലത്ത് സംരക്ഷിച്ച് നിലനിർത്തുന്നതാണ് ഉചിതമെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരിക്കുന്നത്. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ പാലം ഇളക്കി മാറ്റി ഹിൽപ്പാലസ് മ്യൂസിയത്തിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനെക്കുറിച്ച് വിദഗ്ദ്ധ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം

371 (2255) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) കൂടുതൽ പദ്ധതികൾ ഇവിടെ നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ/പദ്ധതികൾ താഴെ ചേർക്കുന്നു.

1. ഹിൽപാലസ് മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ഹിൽപാലസ് മ്യൂസിയത്തിന്റെ മുല്ലപ്പന്തലിന്റെ സംരക്ഷണ പ്രവൃത്തികൾക്കും ക്യാമ്പസിന്റെ വടക്കേ ഭാഗത്തെ ജീർണ്ണിച്ച കെട്ടിടങ്ങളുടെ സംരക്ഷണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 57 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. ഹിൽപാലസ് മ്യൂസിയത്തിലെ എട്ടുകെട്ട്, കുളപ്പുരമാളിക, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. ഹിൽപാലസ് മ്യൂസിയം വളപ്പിൽ സ്ഥിതി ചെയ്യുന്ന മാൻപാർക്കിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 33.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

5. ഹിൽപാലസിലെ വിളമ്പുപുര, ചെറിയ ഊട്ടുപുര, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 2019-20

സാമ്പത്തിക വർഷത്തിൽ 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

6. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1,00,67,500 രൂപ വിനിയോഗിച്ച് ഹിൽപാലസ് മ്യൂസിയം വളപ്പിൽ LED Mini Mast Lighting System സ്ഥാപിച്ചു.

7. സുരക്ഷയുടെ ഭാഗമായി ഹിൽപാലസ് മ്യൂസിയത്തിൽ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തി. ഇതിലേയ്ക്കായി 7,63,467 രൂപ ചെലവഴിച്ചു.

8. ഹിൽപാലസ് മ്യൂസിയത്തിൽ സൂക്ഷിക്കുന്ന പുരാവസ്തുക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തി digital data base നിർമ്മാണത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി. ഇതിനായി 14,00,000 രൂപ ചെലവഴിച്ചു.

9. ഹിൽപാലസ് മ്യൂസിയത്തെക്കുറിച്ചുള്ള സിഗ്നേച്ചർ വീഡിയോ തയ്യാറാക്കി. ഇതിനായി 8,00,000 രൂപ ചെലവഴിച്ചു.

10. മ്യൂസിയത്തിന്റെ ദൈനംദിന നടത്തിപ്പിനായി മ്യൂസിയം ഗൈഡ് സർവ്വീസ് പ്രോജക്ടിന്റെ ഭാഗമായി മ്യൂസിയം ഗൈഡുകളെ നിയോഗിച്ചുവരുന്നു.

11. ഹിൽപാലസിലെ സ്മാരകങ്ങളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾക്കായി 59,150 രൂപ ചെലവഴിച്ചു.

മേൽപ്പറഞ്ഞവ കൂടാതെ കേന്ദ്ര ധനസഹായത്തോടെ ഹിൽപാലസ് മ്യൂസിയത്തിൽ പുനഃസജ്ജീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. അതിന്റെ ഭാഗമായി ഗ്യാലറികൾ സജ്ജീകരിക്കുന്നതിനായി 1,12,03,640 രൂപയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സി.സി.ടി.വി. സിസ്റ്റം ഏർപ്പെടുത്തുകയും സന്ദർശക സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ക്ലോക്ക് റൂം സജ്ജീകരിക്കുകയും ശുചിമുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മ്യൂസിയം സജ്ജീകരണം ഉൾപ്പെടെ ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മാടായി പള്ളിയെ ചരിത്രസ്മാരകമായി സംരക്ഷിക്കാൻ നടപടി

372 (2256) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ മാടായി പള്ളിയെ ചരിത്ര സ്മാരകമായി സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാടായി പള്ളി പരിശോധിക്കുന്നതിലേയ്ക്കായി പഴശ്ശിരാജാ മ്യൂസിയം ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് മാടായി പള്ളി സംരക്ഷിതയോഗ്യമാണെന്ന് കാണുന്നപക്ഷം പ്രസ്തുത പള്ളി പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിലേക്കുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പുരാവസ്തു സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികൾ

373 (2257) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു സംരക്ഷണത്തിനുവേണ്ടി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവൃത്തികൾ/പദ്ധതികൾ താഴെകൊടുക്കുന്നു.

1. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരത്തിന്റെ പാൽപ്പുര മാളികയുടെയും ക്ലോക്ക് ടവറിന്റെയും സമഗ്രമായ സംരക്ഷണപ്പണികൾ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ (ചുറ്റുമതിലിന്റെ സംരക്ഷണ പണി, മേൽക്കൂരയുടെ പണി തുടങ്ങിയ പ്രവൃത്തികൾ) ചെയ്യുന്നതിനായി 56,79,287/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

3. ഹിൽപാലസ് മ്യൂസിയത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായി 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചു. അതോടൊപ്പം മുല്ലപ്പന്തലിന്റെ സംരക്ഷണ പണികളും ക്യാമ്പസിന്റെ വടക്കേ ഭാഗത്തെ ജീർണ്ണിച്ച കെട്ടിടങ്ങളുടെ സംരക്ഷണവും നടത്തുന്നതിന് അനുവദിച്ച 57 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചു. എട്ടുകെട്ട്, കുളപ്പുരമാളിക, മ്യൂസിയത്തോട് ചേർന്ന് കിടക്കുന്ന കുളം എന്നിവയുടെ സംരക്ഷണ ജോലികൾക്കായി 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിളമ്പുപുര, ചെറിയ ഊട്ടുപുര, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണ പണികൾക്കായി 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

4. കണ്ണൂർ സി.എസ്.ഐ. സെന്റ് ജോൺസ് ചർച്ചിന്റെ സംരക്ഷണത്തിനായി 86.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

5. എറണാകുളം ഊരമന നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ ഊട്ടുപുരയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി 2019-20 സാമ്പത്തികവർഷം 30.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ പുരോഗമിക്കുന്നു.

6. കേരള നിയമസഭാ മ്യൂസിയം പൈതൃക മന്ദിരത്തിന്റെ ഒന്നാം ഘട്ട സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 42 ലക്ഷം രൂപ വിനിയോഗിച്ച് പണികൾ പൂർത്തീകരിച്ചു.

7. കാസർഗോഡ് കാഞ്ഞങ്ങാട് ഹോസ്ദുർഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി 56.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

8. കാസർഗോഡ് ചന്ദ്രഗിരി കോട്ടയുടെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ നടന്നുവരുന്നു.

9. തിരുവനന്തപുരം കിഴക്കേക്കോട്ടയിലെ കോട്ടഭിത്തികളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനായി അനുവദിച്ച 14,30,000 രൂപ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചു.

10. തൃശ്ശൂർ ജില്ലയിലെ എങ്ങണ്ടിയൂർ, ചേറ്റവ കോട്ടയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികളുടെ ഒന്നാംഘട്ടം നിർവ്വഹിക്കുന്നതിനായി 1,15,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.

11. കൊല്ലം, അഞ്ചൽ കോട്ടുക്കൽ ഗുഹാ ക്ഷേത്രത്തിന്റെ സമഗ്ര സംരക്ഷണ പണികൾ ചെയ്യുന്നതിന് 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പണികൾ നടന്നുവരികയുമാണ്.

12. വടകര കുഞ്ഞാലി മരയ്ക്കാർ സ്മാരകത്തിന്റെ സമഗ്രമായ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 16.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ആറന്മുള വാഴവേലിൽ തറവാടിന്റെ സംരക്ഷണ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

14. എറണാകുളം പള്ളിപ്പുറം കോട്ടയിലെ സമഗ്രമായ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.

15. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി കുമാരമംഗലത്തുമനയുടെ സമഗ്രമായ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 35.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പ്രവൃത്തികൾ പൂർത്തീകരിച്ചു.

16. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഇരവിമംഗലം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 91.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ നടന്നുവരികയുമാണ്.

17. തൃശ്ശൂർ ജില്ലയിലെ വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന ചർച്ചിന്റെയും കിഴക്ക് ഭാഗത്തുള്ള ഗേറ്റ് വേയുടെയും സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.

18. സംരക്ഷിത സ്മാരകമായ കോഴിക്കോട് ജില്ലയിലെ കൽപ്പത്തൂർ പരദേവതാ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.

19. ചങ്ങനാശ്ശേരി തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചു.

20. പുരാവസ്തുക്കളുടെയും സംരക്ഷിത സ്മാരകങ്ങളുടെയും രാസസംരക്ഷണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവൃത്തികൾക്കുമായി നാളിതുവരെ 57,31,830 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പട്ടാമ്പി പൈതൃക പ്രോജക്ട്**

374 (2258) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിലെ അതിപുരാതന ക്ഷേത്രങ്ങളായ പട്ടാമ്പി പടിഞ്ഞാറേ മഠം, ഞാങ്ങാട്ടിരി ഭഗവതി ക്ഷേത്രം, തിരുമിറ്റക്കോട് വിഷ്ണുക്ഷേത്രം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പട്ടാമ്പിപൈതൃക പ്രോജക്റ്റ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇത്തരത്തിൽ ഒരു പട്ടാമ്പി പൈതൃക പ്രോജക്ട് നിലവിൽ സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 1855, 1858, 1859, 1860, 1863, 1867, 1877, 1878, 1879, 1883, 1892, 1893, 1895, 1904, 1922, 1933, 1935, 1939, 1945, 1961, 1967, 2001, 2007, 2095, 2103, 2109, 2112, 2115, 2131, 2137, 2162, 2174 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[10.00 A.M.]

## II അടിയന്തരപ്രമേയം

റീബിൽഡ് കേരള പദ്ധതി

മി. സ്പീക്കർ: 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് പ്രഖ്യാപിച്ച റീബിൽഡ് കേരള പദ്ധതിക്ക് ഒന്നര വർഷമായിട്ടും സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കാത്തതുമൂലവും ഇതിലേയ്ക്കായി ലോകബാങ്കിൽനിന്നും ഉൾപ്പെടെ ലഭിച്ച സാമ്പത്തികസഹായം വകമാറി ചെലവഴിച്ചതിനാൽ പ്രളയബാധിത മേഖലയിൽ ആവശ്യമായ ദുരിതാശ്വാസം നൽകാൻ കഴിയാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രളയത്തിൽ നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണം മാത്രമല്ല പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങളും ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏതൊരു പ്രളയത്തെയും നേരിടാനുള്ള ഉയർന്ന ഗുണനിലവാരം പുലർത്തുന്നതും നൂതനവുമായ സമഗ്ര പുനർനിർമ്മാണ പദ്ധതിയായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയിട്ടുള്ളത്. ആഗോളതല വിദഗ്ദ്ധരുടെകൂടി സഹായത്തോടെ വിശദമായ പ്രവർത്തന പദ്ധതിയായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം രൂപീകരിക്കാനും കഴിഞ്ഞു. പുനരുദ്ധാരണ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്താൻ മൂന്ന് വർഷത്തിലേറെ വേണ്ടിവരുമെന്നാണ് ഈ വിലയിരുത്തലുകൾ ചൂണ്ടിക്കാട്ടുന്നത്. സുശക്തമായ എഞ്ചിനീയറിംഗ് ഡിസൈനുകൾ, ആവശ്യാനുസൃതമായ നീർവാർച്ചാ സൗകര്യം, പ്രകൃതിയുമായി പൊരുത്തപ്പെടുന്ന ഹരിത സമീപനങ്ങൾ തുടങ്ങിയവയൊക്കെ കൂട്ടിയിണക്കിക്കൊണ്ട് കൂടുതൽ നന്നായി പുനർനിർമ്മിക്കുകയെന്ന സമീപനമാണ് ഇതിനുള്ളത്. മികച്ച ആഗോളതല മാതൃകകളും പ്രാദേശികമായ പരമ്പരാഗത അറിവുകളും ഇതിന് അടിസ്ഥാനമാക്കുന്നതിന് ശ്രദ്ധ നൽകുന്നു. വിവിധ സർക്കാർ വകുപ്പുകളെയും ഏജൻസികളെയും ഒന്നിച്ച് ചേർക്കുന്ന മൾട്ടി സെക്ടർ പ്രവർത്തനമായാണ് കേരള പുനർനിർമ്മാണ പദ്ധതിയുടെ പല പ്രവർത്തനങ്ങളും നടപ്പാക്കാനുള്ളത്. ഇത് മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് നിർവ്വഹിക്കപ്പെടുന്നത്. കേരള പുനർനിർമ്മാണ പദ്ധതിക്കായി ലോക ബാങ്കിൽനിന്നും അനുവദിച്ചിട്ടുള്ള വികസന നയ വായ്പയുടെ ആദ്യ ഗഡുവായ 1,750 കോടി രൂപ ഇതിനോടകം ലഭ്യമാക്കാനായിട്ടുണ്ട്. രണ്ടാം

ഗഡു ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഉന്നതാധികാര സമിതി (High Level Empowered Committee (HLEC))യുടെ എട്ട് യോഗങ്ങൾ നടന്നുകഴിഞ്ഞു. ഇവയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഉപജീവനത്തൊഴിലുകൾ, റോഡ്, ജലവിതരണം എന്നീ മേഖലകളിലായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഭരണാനുമതി നേടി നിർവ്വഹണഘട്ടത്തിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. ഇപ്രകാരം 1,850 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരവും 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിൽ ആയിരം കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതി പ്രാവർത്തികമാക്കാൻ ദേശീയവും രാജ്യാന്തര തലത്തിലുള്ളതുമായ ധനകാര്യ ഏജൻസികളുടെ പക്കൽനിന്ന് ഇത്തരം വായ്പകളും സാമ്പത്തിക-സാങ്കേതിക സഹായങ്ങളും ലഭിക്കുന്നതിനായി പരിശ്രമിക്കേണ്ടതുള്ളതുകൊണ്ട് RKI(Rebuild Kerala Initiative)-യുടെ ഭാഗമായി ഒരു വികസന സംഗമം തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. കേരള പുനർനിർമ്മാണത്തിന്റെ ഭാഗമായുള്ള അടിസ്ഥാന ആവശ്യങ്ങൾ ഈ കോൺക്ലേവിൽ അവതരിപ്പിക്കാനും അതിനാവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ വിവിധ വികസന പങ്കാളികളിൽനിന്നും നേടിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾക്ക് ഇതിലൂടെ തുടക്കം കുറിക്കാൻ കഴിഞ്ഞു. കൂടുതൽ പാരിസ്ഥിതിക സൗഹാർദ്ദം പുലർത്തുന്നതും വിഭവ ഉപയോഗത്തിൽ മിതത്വം പുലർത്തുന്നതും ഉയർന്ന കാര്യക്ഷമതയുള്ളതുമായ സാങ്കേതികവിദ്യകൾക്കാണ് RKI പ്രാധാന്യം നൽകുന്നത്. പ്രാദേശിക കാലാവസ്ഥാ സവിശേഷതകളുമായി പൊരുത്തപ്പെടുന്ന മെച്ചപ്പെട്ട നൂതന സാങ്കേതികവിദ്യകൾ പാതയുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പാക്കും. എന്നാൽ ചില പ്രവർത്തനങ്ങൾ റോഡിന്റെയോ കെട്ടിടത്തിന്റെയോ നിർമ്മാണംപോലെ എളുപ്പത്തിൽ ആവിഷ്കരിക്കാനോ നടപ്പാക്കാനോ കഴിയുന്നതല്ല. സീ ഇറോഷൻ തടയുന്നതിനുള്ള നടപടികൾക്കും പ്രളയജലത്തെ ജനവാസ കേന്ദ്രങ്ങൾക്ക് ഭീഷണിയാകാത്തവിധം പരിപാലിക്കുന്ന 'റൂം ഫോർ ദ റിവർ' പോലുള്ള പദ്ധതികൾക്കുമൊക്കെ വിശദമായ അടിസ്ഥാന പഠനങ്ങളും ആഗോള മാതൃകകളുടെ പരുവപ്പെടുത്തലും ആവശ്യമാണ്. കൃഷിയും കാർഷികോൽപ്പന്നങ്ങളുടെ വിപണി ലഭ്യതയും മെച്ചപ്പെടുത്താനുതകുംവിധം കാർഷിക പ്രവർത്തനങ്ങൾ അഗ്രോ ഇക്കോളജിക്കൽ സോൺ അനുസരിച്ചാക്കുന്നതും ജലസംരക്ഷണ വിനിയോഗ പ്രവർത്തനങ്ങൾ നദീതട അടിസ്ഥാനത്തിൽ പുനർവിന്യസിക്കുന്നതും ഭരണപരമായ തീരുമാനങ്ങൾ ആവശ്യമായ നടപടികളാണ്. ഇത് ഏറ്റവും നന്നായി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇനിയൊരു പ്രളയമുണ്ടായാൽ അതിന്റെ ആഘാതം രൂക്ഷമാകാതിരിക്കുന്നതിനായി നീർച്ചാലുകളുടെ തടസ്സങ്ങളും കയ്യേറ്റങ്ങളും നീക്കി, വെള്ളം ഒഴുകിപ്പോകാൻ സഹായിക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ ഹരിത കേരളം മിഷൻ

ആരംഭിച്ച ക്യാമ്പയിനിന്റെ അടുത്ത ഘട്ടം RKI മുന്നോട്ടുകൊണ്ടുപോകുന്നതാണ്. കേരളം പരമ്പരാഗതമായി പാലിച്ചുപോരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുകയെന്ന ലക്ഷ്യവുമായി വിദഗ്ദ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളുംകൂടി ഉൾക്കൊള്ളുന്ന 'നാം നമുക്കായി' എന്ന ജനകീയ ക്യാമ്പയിനിനും RKI തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ ഇനിയും ആവർത്തിക്കപ്പെടാമെന്നാണ് വിദഗ്ദ്ധരുടെ നിരീക്ഷണം. അതുകൊണ്ടുതന്നെ, ദുരന്തങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതും പരിസ്ഥിതിയോട് ഇണങ്ങുന്നതുമായ ജീവിതശൈലികളും ഫലപ്രദമായ ദുരന്തപ്രതികരണ സംവിധാനവും നമുക്ക് ചിട്ടപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ സംസ്ഥാനത്ത്, ഓരോ നൂറ് പേർക്കും ഒരാൾ എന്ന നിലയ്ക്ക്, മൂന്ന് ലക്ഷത്തി നാൽപ്പതിനായിരം പേരുള്ള സാമൂഹ്യ സന്നദ്ധസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. എല്ലാവരെയും കൂട്ടുചേർത്ത് വിജയകരമായി നടപ്പാക്കിയ സന്നദ്ധപ്രവർത്തനങ്ങളുടെ രീതിയിലാണിത് നടപ്പാക്കുക. പ്രളയ ദുരിതബാധിതർക്ക് ഒരുവിധ ഭാരവും ക്ലേശവും ഏൽപ്പിക്കാതെ ആവശ്യമായ സാമ്പത്തിക, സാമൂഹിക, സംരക്ഷണ സഹായങ്ങൾ വളരെ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള ഐ.ടി. അധിഷ്ഠിത സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം ജനങ്ങൾക്ക് തടസ്സരഹിതമായി, വേഗത്തിൽ ലഭ്യമാക്കുന്നതിന് മികച്ച സംവിധാനം നടപ്പിലാക്കാൻ കേരളത്തിനായിട്ടുണ്ട്. അതേ മാതൃകയിലുള്ള നവീകരണം ദുരിത സമാശ്വാസ സഹായത്തിന്റെ വിതരണത്തിലും നടപ്പാക്കുന്നതിനാണ് RKI ലക്ഷ്യമാക്കുന്നത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആമുഖ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ ഭാവനാ സമ്പന്നമായ കാര്യങ്ങളൊക്കെയാണ് പറഞ്ഞത്. ഈ സർക്കാരിന്റെ 2016 മേയ് 24 മുതൽ 2019 മേയ് 23 വരെയുള്ള പ്രോഗ്രസ്സ് റിപ്പോർട്ട് ബഹുമാന്യനായ മുഖ്യമന്ത്രി പ്രസിദ്ധീകരിച്ചു. ചുവപ്പ് നാടകളിൽ കുരുങ്ങാതെ വേഗംതന്നെ പുനരധിവാസ പ്രവൃത്തികൾ പൂർത്തീകരിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യമെന്ന് അതിലെ 167-ാം പേജിലെ ഒരു ഖണ്ഡികയിൽ പറയുന്നുണ്ട്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, 2018-ലെ പ്രളയം ഉണ്ടായപ്പോൾ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടിയാണ് 9-11-2018-ൽ Rebuild Kerala Initiative

(RKI)-ന് രൂപം കൊടുത്തത്. എന്നാൽ 15 മാസം കഴിഞ്ഞിട്ടും നമ്മുടെ സംസ്ഥാനത്ത് എന്തെങ്കിലുമൊരു പുനർനിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? 2018-ൽ പ്രളയമുണ്ടായി, അതിനേക്കാളും ഭീകരമായി 2019-ൽ വീണ്ടും പ്രളയമുണ്ടായി. മലബാറിൽ 2019-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റ് ആറ് മാസമായിട്ടും ഈ സർക്കാരിന് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ ആധുനിക രീതിയിലുള്ള ഐ.ടി. ആപ്പ് കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ആ ആപ്പ് തന്നെയാണ് ഇവിടത്തെ പ്രശ്നം. ആ ആപ്പ് എവിടെയാണ്? കേരളത്തിൽ ഏറ്റവുമധികം ദുരന്തമുണ്ടായ മലപ്പുറം ജില്ലയിലെ കവളപ്പാറയിലും അതുപോലെതന്നെ തൊട്ടടുത്ത നിയോജകമണ്ഡലങ്ങളിലും എവിടെയെങ്കിലും നിങ്ങൾ ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചോ? ഒരാൾക്ക് വീട് നശിച്ചാൽ 4 ലക്ഷം രൂപ, ഭൂമി പോയാൽ 6 ലക്ഷം രൂപ, അങ്ങനെ മൊത്തം പത്ത് ലക്ഷം രൂപ എന്നതായിരുന്നു ഗവൺമെന്റിന്റെ വാഗ്ദാനം. കവളപ്പാറയിൽ കഴിഞ്ഞ മാസം മലപ്പുറം ജില്ലാ കളക്ടർ മീറ്റിംഗ് വച്ചപ്പോൾ 196 ഗുണഭോക്താക്കൾ അവിടെ എത്തിച്ചേർന്നിരുന്നു. 'നിങ്ങൾ ലിസ്റ്റിലുണ്ടോ ഇല്ലയോ എന്നുള്ളത് നമുക്ക് പറയാൻ പറ്റില്ല, എന്ന് നഷ്ടപരിഹാരം കൊടുക്കുമെന്ന് നമുക്ക് പറയാൻ പറ്റില്ല' എന്നാണ് അന്ന് അവരോട് പറഞ്ഞത്. കളക്ടർ ആ മീറ്റിംഗിൽ ഇല്ലായിരുന്നു. അതുപോലെ 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് ഇതുവരെ കൃഷി വകുപ്പിൽനിന്നും നഷ്ടപരിഹാരം കൊടുത്തോ? അത് പൂർത്തിയാക്കിയോ? ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മത്സ്യത്തൊഴിലാളികൾക്കുള്ള പണം കൊടുത്തോ? 2019-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്കുള്ള പണം കൊടുത്തോ? അതുപോലെതന്നെ കർഷകർക്കുള്ള പണം കൊടുത്തോ? 10,000 രൂപ പോലും ഇതുവരെ കൊടുത്തിട്ടില്ല. മലപ്പുറം ജില്ലയിൽ 14000 ആളുകൾക്കാണ് 10,000 രൂപ ഇനിയും കൊടുക്കാൻ ബാക്കിയുള്ളത്. എവിടെയാണ് നിങ്ങൾ കൊടുത്തത്? വീടും സ്ഥലവും ഒലിച്ചുപോയ ആളുകൾ എവിടെയാണ് താമസിക്കുന്നത്? നിങ്ങൾ അത് അന്വേഷിച്ചിട്ടുണ്ടോ? 2018-ൽ എല്ലാവരുംകൂടി സ്പോൺസർമാരെ കണ്ടെത്തി വീട് വാടകയ്ക്കെടുപ്പിച്ച് അവരെ അവിടെ താമസിപ്പിച്ചു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ സ്പോൺസർമാർ പോയി. ഇപ്പോൾ അവർ എവിടെയാണ് താമസിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ ഇങ്ങനെ ആശയങ്ങൾ പറയുന്നുണ്ടല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-11-2019-ൽ ഇവിടെ ഒരു പ്രസ്താവന നടത്തിയിരുന്നു. 'വിപുലമായ കൺസൾട്ടേഷൻ നടത്താതെയാണ് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം തയ്യാറാക്കിയിട്ടുള്ളത് എന്നത് ന്യൂനതയായി സർക്കാർ കാണുന്നു' എന്ന് അതിലെ

നാലാമത്തെ ഖണ്ഡികയിൽ അങ്ങ് തന്നെ പറയുന്നുണ്ട്. എന്നാൽപ്പിന്നെ ഈ ന്യൂനതകൾ നിങ്ങൾ ആദ്യമേ അറിയേണ്ടതല്ലേ? 'ഇത്തരത്തിലുള്ള സെമിനാറിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രത്യേക നിയമസഭാ സമ്മേളനം നടത്തുമെന്ന് അതിൽ ഏഴാമത്തെ ഖണ്ഡികയിൽ അങ്ങ് പറയുന്നുണ്ട്. 2018-ൽ നമ്മൾ ഒരു പ്രത്യേക നിയമസഭാ സമ്മേളനം കൂടിയതാണ്. അതിലൊന്നും ഒന്നും ഉണ്ടായില്ലല്ലോ. അടുത്തതായി ആളുകളെ തരംതിരിക്കുന്നത് സംബന്ധിച്ച കാര്യം. എങ്ങനെയാണ് ആളുകളെ തരംതിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയട്ടെ, അങ്ങ് ഈ നാട്ടിൽ ഒരുപാട് പൊതുപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ആളല്ലേ, 15% നാശനഷ്ടം എങ്ങനെയാണ് കണക്കാക്കുന്നത്? മുട്ടറ്റം വരെ വെള്ളം, ഏകദേശം 50cm, ചെറിയ നാശനഷ്ടങ്ങൾ, മേൽക്കൂരയിൽ 10% നഷ്ടങ്ങൾ അങ്ങനെ 15% വരെയുള്ള നാശനഷ്ടങ്ങൾക്ക് 10,000 രൂപ. 16-25% വരെ നാശനഷ്ടമുണ്ടെങ്കിൽ 60,000 രൂപ നഷ്ടപരിഹാരം. ഒരു ശതമാനം മാറ്റത്തിനാണ് 50,000 രൂപയുടെ വ്യത്യാസം വരുന്നത്. 30-59% വരെ നാശനഷ്ടമുണ്ടെങ്കിൽ 1,25,000 രൂപ. ഇവിടത്തെ എഞ്ചിനീയർ 30%-ൽ കൂടുതൽ നാശനഷ്ടം ഉണ്ടെങ്കിലും അത് 29% ആയേ എഴുതുകയുള്ളൂ. 60-74% വരെ നാശനഷ്ടം വന്നാൽ 2,50,000 രൂപ. കഴിഞ്ഞ പ്രളയത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ ഒരു മണ്ഡലമാണ് പറവൂർ. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യോട് ഞാൻ സംസാരിച്ചു. പതിനായിരം രൂപയും അറുപതിനായിരം രൂപയും നഷ്ടപരിഹാരം കൊടുത്ത വീടുകൾ ഒരു വർഷം കഴിയുമ്പോൾ തകർന്നു വീഴുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ അഞ്ച് വീടുകൾ ഇതുപോലെ തകർന്നുവീണു. എന്താണ് കാരണം? നിങ്ങൾ നാശനഷ്ടത്തിന്റെ ശതമാനം കണക്കാക്കി നഷ്ടപരിഹാരം കൊടുത്ത സ്ഥലത്ത് ആറ് മാസം കഴിഞ്ഞപ്പോൾ വിള്ളലും പൊട്ടലും വന്നു. കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ വീട് കൊടുക്കാൻ സംവിധാനമില്ലെന്നാണ് പറഞ്ഞത്. ദുരിതാശ്വാസ നിധിയിൽ 4765 കോടി രൂപ കിട്ടി, ഇപ്പോൾ 2100 കോടി രൂപ ബാക്കിയുണ്ടെന്ന് അങ്ങ് പറഞ്ഞു. എവിടെയാണ് ബാക്കി തുക? എന്താണ് അങ്ങേയ്ക്ക് പറ്റിയത്? ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ 'ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ്' എന്ന് പറയുകയും ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് ഗെയിൽ പദ്ധതി നടപ്പിലാക്കിയെന്നും അങ്ങ് പറഞ്ഞു. ആ ഇച്ഛാശക്തി എന്താണ് പാവപ്പെട്ടവരുടെ കാര്യത്തിൽ കാണിക്കാത്തത്? അതുപോലെ, ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. തന്നെയല്ലേ റീബിൽഡിന് ഇടങ്കോലുണ്ടാക്കിയത്. ഇവിടെ Rebuild Kerala Initiative ഉണ്ടാകുമ്പോൾ പിന്നെ എങ്ങനെയാണ് ഒരു

ഭരണകക്ഷി എം.എൽ.എ. അവിടെയൊരു കമ്മിറ്റി ഉണ്ടാക്കിയത്? എന്താണ് അതിന്റെ സ്ഥിതി? നിങ്ങളും ആലോചിക്കണം, കവളപ്പാറ, മേപ്പാടിയിലെ പുത്തുമല, ആറ് മാസമായ റീബിൽഡ് കേരള. അവസാനം എന്തായി; നിലമ്പൂരിൽ എന്താണ് ഉണ്ടായത്? 'സൗജന്യമായി ലഭിച്ച ഭൂമിക്കും എം.എൽ.എ. പണം ആവശ്യപ്പെട്ടു: ജില്ലാ കളക്ടർ ശ്രീ. ജാഫർ മാലിക്.' 'എം.എൽ.എ. വഴിവിട്ട നീക്കങ്ങൾക്ക് നിർബന്ധിക്കുന്നുവെന്ന് ശ്രീ. ജാഫർ മാലിക്.' ഏതാണ് പത്രം? 9-1-2020-ൽ പ്രസിദ്ധീകരിച്ച മലയാള മനോരമ ദിനപത്രം. ഇതൊരു കച്ചവടമാണോ; എനിക്ക് അതിൽ ഏറ്റവും വലിയ സങ്കടം എന്താണെന്നാൽ എന്തിനാണ് ഡോ. കെ. ടി. ജലീൽ മിനിസ്റ്ററിന്റെ വണ്ടിയിൽ കയറി കളക്ടർ എം.എൽ.എ.-യേയും വിളിച്ച് മദ്ധ്യസ്ഥം പറയാൻ പോയത്? അങ്ങയുടെ സാന്നിദ്ധ്യത്തിൽ അങ്ങയുടെ ചേംബറിലേയ്ക്ക് മന്ത്രി ഡോ. കെ. ടി. ജലീൽ എം.എൽ.എ.യെയും ജില്ലാ കളക്ടറെയും വിളിച്ചില്ലേ. എന്താണ് അതിന്റെ ആവശ്യം? അങ്ങ് സുതാര്യമായി വളരെ ശക്തമായ നടപടി എടുത്തുവെന്ന് പറയുന്നുണ്ട്. പിന്നെ എങ്ങനെയാണ് ഇത് സംഭവിച്ചത്? അത് വ്യക്തമാക്കണ്ടേ? ഗ്രാമീണ റോഡുകൾക്ക് 1000 കോടി രൂപ കൊടുത്തുവെന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞു. എവിടെയാണ് 1000 കോടി രൂപ കൊടുത്തത്? അങ്ങയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഇടുക്കി, വയനാട്, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകൾക്ക് പണം അനുവദിച്ചെന്ന് ഇപ്പോൾ പത്രത്തിൽ കണ്ടു. ഗ്രാമീണ റോഡുകൾക്കെന്തിനാണ് കൺസൾട്ടൻസി? പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ഗ്രാമപഞ്ചായത്തുകളിലെ മൂന്നോ നാലോ മീറ്റർ വീതിയുള്ള റോഡുകൾക്ക് പണം അനുവദിക്കണമെന്ന് പറഞ്ഞിട്ട് ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി കൂടി സ്വീകരിച്ച തീരുമാനം നിങ്ങൾ അംഗീകരിച്ചോ? ഇല്ലല്ലോ. അത് അംഗീകരിക്കാതെ നിങ്ങൾക്ക് പ്രത്യേക താൽപര്യങ്ങളുള്ള സ്ഥലങ്ങളിൽ ഫണ്ട് കൊടുത്തു. എവിടെയെങ്കിലും നിങ്ങൾ സർവ്വെ നടത്തിയോ? കൺസൾട്ടൻസി എവിടെയാണ് നടത്തിയത്? ഇതിൽ ഏറ്റവും വലിയ വിരോധാഭാസമെന്തെന്നാൽ, എന്റെ സഹപ്രവർത്തകരായ ജില്ലയിലെ എം.എൽ.എ.-മാർ കേൾക്കണം, നിങ്ങൾ പത്ത് ജില്ലകളിലെ ഗ്രാമീണ റോഡുകൾക്കുള്ള പദ്ധതികൾക്ക് രൂപം കൊടുത്തപ്പോൾ കേരളത്തിൽ ഏറ്റവുമധികം ജനങ്ങൾ താമസിക്കുകയും 2018-ലെയും 2019-ലെയും പ്രളയം ഏറ്റവും കൂടുതൽ അനുഭവിക്കുകയും ചെയ്ത മലപ്പുറം ജില്ലയെ നിങ്ങൾ ഒഴിവാക്കിയത് എന്തിന്റെ പേരിലാണെന്ന് പറയണം. ഞങ്ങളും ഈ രാജ്യത്തെ പൗരന്മാരല്ലേ? നിങ്ങൾ പദ്ധതി ഉണ്ടാക്കിയിട്ട് അതിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തിയോ? ഇല്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ. അദ്ദേഹത്തിന് ഇതിനൊക്കെ മറുപടി പറയാൻ സാധിക്കും. ഞാൻ ചോദിക്കട്ടെ, അതുപോലെ മൂന്ന്

ജില്ലകൾ നിങ്ങൾ പറഞ്ഞു. അവിടെ എവിടെയാണ് പദ്ധതി നടത്തിയത്? ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ പറയുന്നു, പ്രളയ ധനസഹായമായി ലോക ബാങ്കിൽനിന്നും 1750 കോടി രൂപയും ജർമ്മൻ ബാങ്കിൽനിന്നും 1550 കോടി രൂപയും ലഭിച്ചെന്ന്. അതിൽ 1550 കോടി രൂപയുടെ ഫണ്ടുകൾ തെക്കൻ മേഖലയിലേയ്ക്കും 1750 കോടി രൂപയുടെ ലോക ബാങ്ക് പണം മലബാറിലേയ്ക്കും എന്നും പറയുന്നുണ്ട്. എവിടെയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയത്? ഈ പ്രളയബാധിത സ്ഥലങ്ങളിലുള്ള എം.എൽ.എ.-മാരെയും അതത് ജില്ലയിലെ ചാർജ്ജുള്ള മന്ത്രിമാരെയും വിളിച്ച് ഏതെങ്കിലും ഒരു മീറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഞങ്ങളൊക്കെ നോക്കുകുത്തികളല്ലേ. 15 കൊല്ലത്തെ ഗ്യാരന്റിക്ക് റോഡ് ടാർ ഇടുമെന്ന് അങ്ങ് പറയുന്നു. ആശയങ്ങളൊക്കെ നടന്നാൽ തരക്കേടില്ല. അങ്ങനെ വരുമ്പോൾ അവിടെ 12-ഉം 15-ഉം മീറ്റർ റോഡ് വീതി കൂടും. ഇങ്ങനെ ഒരു ആശയം വരുമ്പോൾ ജനപ്രതിനിധികളെ വിളിക്കണ്ടേ? നിങ്ങൾ ഇപ്പോൾ മലബാറിന്റെ സർവ്വെ നടത്താൻ എൽ&ടി-ക്ക് കൊടുത്തു. ആ സർവ്വേ നടത്തുന്ന സമയത്ത് ആരെയെങ്കിലും വിളിച്ചോ? ഇനി നിങ്ങൾ പ്രോജക്ട് ഉണ്ടാക്കുകയാണ്, ഇൻവെസ്റ്റിഗേഷൻ നടത്തുകയാണ്. അത് കഴിഞ്ഞ് ഡി.പി.ആർ. തയ്യാറാക്കണം. ഇതിലും നല്ലത് കെ.എസ്.ടി.പി.-ക്ക് കൊടുത്താൽ പോരായിരുന്നോ? എന്തിനാണ് എൽ&ടി-ക്ക് ആ കോൺട്രാക്ട് കൊടുത്തത്? ലോക നിലവാരമുള്ള റോഡുകൾ 2001 മുതൽ കെ.എസ്.ടി.പി. ഈ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടല്ലോ? അതിലെ രണ്ടാമത്തെ ഒരു വിരോധാഭാസമെന്തെന്നാൽ, പറയുന്നത് ഞങ്ങളാണെന്ന് വിചാരിക്കണ്ട, അതിലെ കാര്യമെന്താണെന്ന് ഉൾക്കൊള്ളണം. കെ.പി.എം.ജി.-യെ കൺസൾട്ടൻസിയായി ഇന്നലെ ക്യാബിനറ്റ് തീരുമാനിച്ചു. നമ്മുടെ എഞ്ചിനീയർമാർ നിങ്ങൾ പറയുന്ന ഡിസൈനുണ്ടാക്കിക്കഴിഞ്ഞു. ഇനി അവർക്കത് ഇഷ്ടപ്പെട്ടിട്ടില്ലെങ്കിലോ; കിഫ്ബിയിൽ ഡോ. ടി. എം. തോമസ് ഐസക് നമ്മളോട് കാണിച്ചതുപോലെ. നമ്മളോട് കിഫ്ബിയിൽ പ്രോജക്ട് കൊടുക്കാൻ പറഞ്ഞു, നമ്മൾ പദ്ധതി കൊടുത്തു, പ്രോജക്ട് ഉണ്ടാക്കി. അന്ന് 8, 9 മീറ്റർ മതിയായിരുന്നു. പിന്നീട് 12, 14 മീറ്ററാക്കി. No scope എന്നുപറഞ്ഞ് അത് തള്ളി. പേരിന് നമുക്ക് 20 കോടി രൂപ തരികയും ചെയ്തു. എന്നാൽ ഒന്നും കിട്ടിയതുമില്ല. ഏട്ടിലെ പശുവിനെ പോലെയാണ്. തിന്നുകയുമില്ല തീറ്റിക്കുകയുമില്ല. നമുക്കൊന്നും കിട്ടില്ല. അതാണ് നമ്മുടെ സ്ഥിതി. ഒന്നും കിട്ടിയില്ല. അതുപോലെ ഇവിടെ ശ്രീ. ഐ. ബി. സതീഷിന്റെ 11-11-2019-ലെ 3712-ാം നമ്പർ ചോദ്യത്തിന് ഒരുത്തരം നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, 2018-ൽ തകർന്നുപോയ 18529 വീടുകളിൽ പൂർത്തിയായവയുടെ എണ്ണം 8517 ആണ്. 10012 വീടുകൾ ഇനിയും പൂർത്തിയായില്ല. ഒന്നാം ഗഡു മാത്രമാണ് ഇതുവരെ കൊടുത്തിട്ടുള്ളത്. രണ്ടും മൂന്നും നാലും ഒന്നും കൊടുത്തിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ബഷീർ: സർ, റീബിൽഡ് കേരളയിൽ വീട് വയ്ക്കാൻ അങ്ങയുടെ ഗവൺമെന്റ് കൊട്ടിഘോഷിക്കുന്ന ലൈഫ് പദ്ധതിയുണ്ടല്ലോ, ആ നാല് ലക്ഷം രൂപ ലൈഫിൽ കൊടുത്തുകൂടേ. അതിൽതന്നെ ആർ.കെ.ഐ.-യുടെ ഒരു സർക്കുലറിൽ പറയുന്നു ലൈഫിൽ ഈ വീട് കൊടുക്കില്ലെന്ന്. എന്നാൽ ആർ.കെ.ഐ.-യുമായി ചേർന്ന് ആ പഞ്ചായത്തിൽ കൊടുത്താൽ പോരേ? 2018-ൽ 13 ആദിവാസികൾ മരിച്ച നിയോജകമണ്ഡലമാണ് എന്റേത്. അതിന് ഇരയായവർക്ക് ഇന്നേവരെ ഭൂമി കൊടുത്തിട്ടില്ല. ഞാൻ പലപ്പോഴും ജില്ലാ കളക്ടറോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും പറയും. എന്താണ് പട്ടികജാതി വികസന വകുപ്പിന് കൊടുത്തുകൂടേ? എന്തിനാണ് ഇതെല്ലാംകൂടി ഒരു ബാദ്ധ്യതയായി കെട്ടിപ്പിടിച്ചിരിക്കുന്നത്? ഈ ആപ്പ് ആണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ബഷീർ: സർ, ഒരു മിനിറ്റ്. സാധാരണക്കാരന്റെ അപേക്ഷാലിസ്റ്റ് ഗ്രാമപഞ്ചായത്തിലോ ബ്ലോക്ക് പഞ്ചായത്തിലോ ജില്ലാ പഞ്ചായത്തിലോ പ്രസിദ്ധീകരിച്ചാൽ പോരേ? എന്തിനാണ് വഴിക്കടവിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് ലിസ്റ്റ് അയയ്ക്കുന്നത്? അറുപതും എഴുപത്തഞ്ചും വയസ്സുള്ളവർ ഈ മൊബൈൽ ആപ്പ് നോക്കാൻ പഠിക്കണ്ടേ? എവിടേയ്ക്കാണ് ഈ സർക്കാരിന്റെ പോക്ക്? അങ്ങ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മഹാനായ നേതാവല്ലേ; ആധുനിക രീതികളെയും കമ്പ്യൂട്ടറുകളെയുമൊക്കെ എതിർത്ത ഒരു വ്യക്തിയല്ലേ? അങ്ങ് മുഖ്യമന്ത്രി ആയപ്പോൾ ഇതൊക്കെ സംഭവിച്ചതിലാണ് എനിക്ക് ഖേദം. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ ലോകം മുഴുവൻ നമ്മളെ സഹായിക്കുകയും ലോക ബാങ്കിൽനിന്നും ജർമ്മൻ ബാങ്കിൽനിന്നുമൊക്കെ സഹായങ്ങൾ ലഭ്യമാകുകയും ചെയ്തു. 2018, 2019 പ്രളയത്തിൽ വീട്, ഭൂമി എന്നിവ നഷ്ടപ്പെട്ടവർക്കും കച്ചവടക്കാർക്കുമൊക്കെയായി ഉജ്ജീവന പദ്ധതിയുണ്ട്, പക്ഷേ ഒരു കച്ചവടക്കാർക്കും കാശ് കൊടുത്തില്ല. ഇങ്ങനെയുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കാതെ വെറും പ്രസ്താവനകൾ മാത്രം നടത്തി പ്രളയത്തിന്റെ ദുരിതങ്ങൾ ബാധിച്ച സാധാരണക്കാരായ ജനങ്ങളെയും കേരളീയ സമൂഹത്തെയും വഞ്ചിക്കുന്ന

സർക്കാരിന്റെ ഈ നടപടി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം കാര്യങ്ങൾ സംസാരിക്കുമ്പോൾ ശാന്തമായി പറഞ്ഞാൽ കുറച്ച് മനസ്സിലാകും. അല്ലെങ്കിൽ പലതും മനസ്സിലാക്കാൻ വിഷമമാകുന്നുണ്ട്. ഇനി അങ്ങോട്ട് സംസാരിക്കുമ്പോഴെങ്കിലും അത് ശ്രദ്ധിക്കണം. ക്ഷോഭംകൊണ്ടോ അല്ലെങ്കിൽ വികാരംകൊണ്ടോ കൂടുതലായി പറയുമ്പോൾ കേൾക്കുന്ന ആൾക്ക് അത് മനസ്സിലാകുന്നില്ല, അടുത്തിരിക്കുന്ന ആൾക്ക് ചിലപ്പോൾ മനസ്സിലാകുന്നുണ്ടാകും; പക്ഷെ അത്രയധികം ക്ലിയർ ആകുന്നില്ല. ഭാഷയുടെ പ്രശ്നമൊന്നുമല്ല. വികാരം വരുമ്പോഴുണ്ടാകുന്ന പ്രശ്നമാണ്, അതേയുള്ളൂ.

മൂന്ന് വർഷംകൊണ്ട് മാത്രമെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകൂയെന്ന ധാരണയോടുകൂടി വേണം ഈ പ്രശ്നത്തെ നമ്മൾ കാണാൻ. ഒരു വർഷം കൊണ്ട് ചെയ്തുതീർക്കാനുള്ള പദ്ധതിയാണെന്ന മട്ടിലെടുത്താൽ നമ്മൾ ആകെ കുഴപ്പത്തിലാകും. കേരളത്തിന്റെ ഭാവികൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത്തരമൊരു പദ്ധതി നമ്മൾ തയ്യാറാക്കിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലഭിച്ച തുക ശരിയായ രീതിയിൽത്തന്നെ ചെലവഴിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. 2018-ലെ പ്രളയത്തിനുശേഷം ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ചത് 4765.27 കോടി രൂപയാണ്. ഇതിൽ 2630.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 961 കോടി രൂപ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി നീക്കിവച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും CMDRF-ൽ നിന്നും തുക നീക്കിവച്ചിട്ടുണ്ട്. റോഡുകളുടെ അവസ്ഥ നോക്കിയാൽ സംസ്ഥാനത്തെ മൊത്തം പി.ഡബ്ല്യു.ഡി. റോഡുകളിൽ തൊണ്ണൂറ്റി എട്ട് ശതമാനവും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ബാക്കി രണ്ട് ശതമാനം വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പൂർണ്ണമായി ഗതാഗത യോഗ്യമാക്കിയിട്ടില്ല. അതിൽ വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.-യുടെയുമൊക്കെ വർക്കുണ്ടാകും; ചിലത് ഗ്യാസ് പൈപ്പ്ലൈനിന്റെ വർക്കുമായി ബന്ധപ്പെട്ടിട്ടുണ്ടാകും. Rebuild Kerala Initiative (RKI)-യിൽ 31 റോഡുകളാണ് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ലോക ബാങ്കിൽനിന്നുള്ള വായ്പയെക്കുറിച്ച് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ തുക വിവിധ വകുപ്പുകൾക്കായി നീക്കിവച്ചിരിക്കുകയാണ്. അതിൽ പൊതുമരാമത്ത് വകുപ്പിന് 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി 300 കോടി രൂപ, തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ 603.74 കി. മീറ്റർ റോഡുകളുടെ

പുനർനിർമ്മാണത്തിനായി 488 കോടി രൂപ, ഗതാഗത വകുപ്പിന് 30 കോടി രൂപ, വനംവകുപ്പിന് 130 കോടി 40 ലക്ഷം രൂപ, മത്സ്യബന്ധന വകുപ്പിന് 3 കോടി 20 ലക്ഷം രൂപ, മൃഗസംരക്ഷണ വകുപ്പിന് 23 കോടി രൂപ, ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിക്ക് ആറ് പദ്ധതികൾക്കായി 53 കോടി 50 ലക്ഷം രൂപ, ജലവിഭവ വകുപ്പിന് 350 കോടി രൂപയുടെ എട്ട് പദ്ധതികൾ, ജൈവവൈവിദ്ധ്യ ബോർഡിന് മൂന്ന് പദ്ധതികൾക്കായി 5 കോടി രൂപ, കുടുംബശ്രീക്ക് ഒൻപത് പദ്ധതികൾക്കായി 250 കോടി രൂപ, പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും 35 കോടി രൂപ, കൃഷി വകുപ്പിന് പന്ത്രണ്ട് പദ്ധതികൾക്കായി 182 കോടി 76 ലക്ഷം രൂപ, മത്സ്യബന്ധന വകുപ്പിലെ കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡിന് 2 കോടി 62 ലക്ഷം രൂപ, വിവര സാങ്കേതിക വകുപ്പിന്റെ Mapathon പദ്ധതിക്ക് 4 കോടി 24 ലക്ഷം രൂപ എന്നിങ്ങനെയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വേൾഡ് ബാങ്കിൽനിന്ന് ഒന്നാം ഗഡുവായി കിട്ടിയ 250 മില്ല്യൺ ഡോളർ അതായത് 1779 കോടി രൂപ വിവിധ പദ്ധതികൾക്ക് നീക്കിവച്ചതായാണ് അങ്ങ് ഇപ്പോൾ സഭയിൽ സംസാരിച്ചത്. ഈ പണം നമുക്ക് കിട്ടിയത് കേന്ദ്ര ഗവൺമെന്റ് വഴിയാണ്. കേന്ദ്ര ഗവൺമെന്റ് പണം എത്തിച്ചപ്പോൾ ഏഴ് ദിവസത്തിനകം ഈ തുക പ്രോജക്ടിന് കൈമാറണമെന്നും ഇല്ലെങ്കിൽ ഇതിന്റെ പലിശ കേന്ദ്ര സർക്കാരിന് കൊടുക്കേണ്ടിവരുമെന്നും കത്ത് മുഖേന നിഷ്കർഷിച്ചിരുന്നു. എന്റെ ചോദ്യം, കേന്ദ്ര സർക്കാർവഴി നമുക്ക് വേൾഡ് ബാങ്കിൽനിന്നും കിട്ടിയ പണം പ്രോജക്ടായ RKI-ലേയ്ക്ക് സർക്കാർ കൈമാറിയിട്ടുണ്ടോ? അതോ വേറെ കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചോ എന്നുള്ളതാണ്. അങ്ങ് ഇപ്പോൾ പറഞ്ഞത് ശരിയാണ്, വേറെ കാര്യങ്ങൾക്കൊക്കെ നീക്കിവച്ചിട്ടുണ്ട്, അത് വിവാദമായപ്പോഴാണ് വിവിധ പദ്ധതികൾക്ക് നീക്കിവച്ചത്. ഈ പണം RKI-ലേയ്ക്ക് കിട്ടിയിട്ടുണ്ടോ അതോ സർക്കാർ വേറെ കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടോയെന്ന് അങ്ങ് വിശദമാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ പ്രത്യേക ആശങ്കയുടെ അടിസ്ഥാനമില്ല. പൊതുമരാമത്ത് വകുപ്പിന്റെ 31 റോഡിന് 300 കോടി രൂപയെന്ന് പറയുമ്പോൾ റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലാണ് അതിന് കാശ് കൊടുക്കേണ്ടതായി വരുന്നത്. ഇങ്ങനെ ഓരോ കാര്യത്തിലും

പണം ആവശ്യമായി വരുന്ന ഘട്ടത്തിൽ കൊടുക്കുന്നതിന് ഒരു പ്രയാസവുമില്ല. വിവിധ വകുപ്പുകൾക്ക് പണം അനുവദിച്ചിരിക്കുകയാണ്. വകുപ്പുകൾക്ക് അനുവദിക്കുന്ന പണം വകുപ്പുകളുടേതായ പ്രത്യേക കണക്കിൽ എന്തായാലുമുണ്ടാകുകയില്ല, അത് സാധാരണയായി ഗവൺമെന്റിന്റെ കയ്യിൽതന്നെയാണല്ലോ ഉണ്ടാകുക. ആ നിലയ്ക്ക് അതിനെ കാണേണ്ടതുണ്ട്. 2019-ൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരുടെ പട്ടിക തയ്യാറാക്കുന്നതിനുവേണ്ടി കളക്ടർമാർക്ക് നേരത്തെതന്നെ നിർദ്ദേശം നൽകിയിരുന്നു. അത് മിക്കവാറും ജില്ലകളിൽ പൂർണ്ണമായി കഴിഞ്ഞിട്ടുണ്ട്. ചിലയിടത്തുമാത്രമാണ് പൂർണ്ണമാകാതെയുള്ളത്. ഒരു മാസത്തിനകം അത് പൂർണ്ണമാക്കുന്ന നിലയുണ്ടാകും. ഇതുമായി ബന്ധപ്പെട്ട മൊബൈൽ ആപ്പിന്റെ കാര്യം പറഞ്ഞാൽ, അത് പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ആപ്പിലൂടെ കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അതിലൂടെയാണ് ക്യാമ്പുകളിൽ താമസിച്ച ഒന്നര ലക്ഷം പേർക്കും ബന്ധുവീടുകളിൽ താമസിച്ച ഒന്നര ലക്ഷം പേർക്കും അടിയന്തരമായി ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് പണം നൽകിയത്. 2018-ൽ അടിയന്തര സഹായമായി 10,000 രൂപ നൽകിയത് 692181 കുടുംബങ്ങൾക്കായിരുന്നു. 2019-ൽ ക്യാമ്പിൽ താമസിച്ച 137428 കുടുംബങ്ങൾക്ക് അടിയന്തര സഹായം നൽകിയിട്ടുണ്ട്. ബന്ധുവീടുകളിൽ മാറി താമസിച്ചതിൽ 137999 കുടുംബങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. 2018-ൽ പൂർണ്ണമായി തകർന്ന വീടുകൾ 18389 ആയിരുന്നു. അതിൽ 10151 വീടുകൾ പൂർണ്ണമായിക്കഴിഞ്ഞിട്ടുണ്ട്. 2019-ൽ കെടുതി നേരിട്ട വീടുകൾ 63335 ആണ്. ഇതിൽ 42612 കുടുംബങ്ങൾക്ക് ധനസഹായം നൽകിക്കഴിഞ്ഞു. കൃഷിയുടെ കാര്യമെടുത്താൽ, 2018-ൽ കൃഷിയുടെ നാശനഷ്ടത്തിന് 371897 കർഷകർക്കാണ് സഹായം നൽകിയത്. 2018-ൽ 30560 കർഷകർക്ക് വിള ഇൻഷ്വറൻസ്, 71976 കർഷകർക്ക് ചെളി നീക്കാൻ സഹായം, 91117 കർഷകർക്ക് നെൽവിത്ത് സഹായം, 150671 കർഷകർക്ക് മണ്ണ് സംരക്ഷണ സഹായം, 366940 പേർക്ക് ഹോർട്ടികൾച്ചർ പ്രളയ സഹായ പ്രത്യേക പാക്കേജ് എന്ന നിലയ്ക്കും സഹായം ലഭിച്ചു. വ്യവസായ മേഖലയെടുത്ത് പരിശോധിച്ചാൽ 2018-ൽ ഉജ്ജീവന വായ്പാ പദ്ധതിക്ക് മൂന്ന് കോടി എൺപത് ലക്ഷം രൂപ സഹായമായി നൽകി. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നാളിതുവരെ ചെലവായ തുകയെക്കുറിച്ച് ഞാൻ നേരത്തെ പറയുകയുണ്ടായി. 2019 നവംബർ മാസം വരെ നൽകിയ ഭരണാനുമതി 201 കോടി രൂപയുടേതാണ്. പ്രളയ സമയത്ത് നൽകിയ അരിക്ക് കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടത് 200 കോടി രൂപയാണ്. ഇതിനെല്ലാംകൂടി ആയിരത്തി ഒരുന്നൂറ്റി നാൽപത്തിയൊന്ന് കോടി എൺപത്തിയൊന്ന് ലക്ഷം രൂപ

ആവശ്യമായി വരും. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ ഈ ചെലവുകൾ വഹിക്കാനും 2019-ലെ പ്രളയത്തിന് ദുരിതാശ്വാസ സഹായം പൂർണ്ണ തോതിൽ വഹിക്കാനും പണം ലഭ്യമായിരിക്കില്ലായെന്നുള്ളതാണ് നാം കാണേണ്ടത്. 2019-ലെ പ്രളയ ദുരിതാശ്വാസ അധിക സഹായമായി നമ്മൾ കേന്ദ്ര സർക്കാരിനോട് ചോദിച്ചത് 2150 കോടി രൂപയായിരുന്നു. പക്ഷെ നമുക്കറിയാം, ഇതുവരെ തുകയൊന്നും നമുക്ക് നൽകിയിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, 2019-ലെ പ്രളയത്തിൽ കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം ടൗൺ വെള്ളത്തിൽ മുങ്ങി നശിച്ചതാണ്. ശ്രീ. ഇ. പി. ജയരാജൻ വന്ന് കണ്ടതുമാണ്. ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചവർക്ക് ഭാഗികമായി പൈസ കൊടുത്തു. ബന്ധുവീട്ടിൽ താമസിച്ച ആളുകളുടെ കണക്കെടുപ്പ് ഇപ്പോഴും പൂർത്തിയായിട്ടില്ല. അവിടെ വ്യാപാരസ്ഥാപനങ്ങൾക്കും നാശനഷ്ടമുണ്ടായി. അതിനുവേണ്ടി ഒരു പൈസപോലും കൊടുത്തിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, 2019-ലെ കണക്കുപ്രകാരം ബന്ധുവീട്ടിൽ താമസിച്ച 137999 കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. കണ്ണൂരിൽ ഇങ്ങനെ വരാൻ എന്താണ് പ്രത്യേക കാരണമെന്നറിയില്ല. അത് പരിശോധിക്കാം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 2630.68 കോടി രൂപ ചെലവഴിച്ചതിന്റെ കണക്കുനോക്കിയാൽ, അടിയന്തര സാമ്പത്തിക സഹായം 6,200 രൂപ വീതം 457.58 കോടി രൂപ, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് 1,950.85 കോടി രൂപ, കെയർഹോം പ്രോജക്ട്-സഹകരണ വകുപ്പിൽനിന്ന് വീട് നിർമ്മാണത്തിന് 52.69 കോടി രൂപ, കാർഷിക വികസനത്തിനും കർഷകരുടെ ക്ഷേമത്തിനും 54 കോടി രൂപ, പ്രളയബാധിതർക്ക് സിവിൽ സപ്ലൈസ് വകുപ്പ് നൽകിയ കിറ്റ് -54.46 കോടി രൂപ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രളയബാധിതർക്ക് നൽകിയ ഭക്ഷ്യധാന്യങ്ങൾ - 9.40 കോടി രൂപ, 'പ്രത്യുത്ഥാനം' പദ്ധതിപ്രകാരം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നൽകിയ അധിക ധനസഹായം-10 കോടി രൂപ, വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്കിനായി സി.ആപ്റ്റിന് നൽകിയത് - 47 ലക്ഷം രൂപ, 'ഉജ്ജീവനം' പദ്ധതിയിൽ ചെറുകിട വ്യവസായികൾക്ക് 3.80 കോടി രൂപ, മരണപ്പെട്ടവരുടെ ആശ്രിതർക്ക് വീട് നിർമ്മിക്കാൻ സ്ഥലം ഒരുക്കുന്നതിന് കോൺട്രാക്ട് എഞ്ചിനീയർമാർക്ക് നൽകിയത് - 1.44 കോടി രൂപ, കെ.എസ്.എഫ്.ഇ.-യുടെ ഷെൽട്ടർ ഹോം - 35.99 കോടി രൂപ. ഇങ്ങനെ ആകെ 2,630.68 കോടി രൂപ നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില ഗ്രാമീണ റോഡുകളുടെ കാര്യം പറഞ്ഞു. പത്ത് ജില്ലകളെ അതിൽ ഉൾപ്പെടുത്തുമെന്നും പറഞ്ഞു. ഞാൻ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലയെ ഈ ഗ്രാമീണ റോഡിന്റെ സ്കീമിൽ ഉൾപ്പെടുത്തിയതേയില്ല. അതുപോലെ 2018-ൽ പ്രളയമുണ്ടായപ്പോൾ വ്യാപാരികൾക്കും കച്ചവടക്കാർക്കും പത്ത് ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നൽകുമെന്ന് അങ്ങ് പറഞ്ഞു. അത് ഇതുവരെ കച്ചവടക്കാർക്ക് കിട്ടിയിട്ടില്ല. അതിന് എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ദുരന്തബാധിത ജില്ലകളെയെല്ലാം ഒരുപോലെയാണ് സർക്കാർ പരിഗണിച്ചിരിക്കുന്നത്. ഒരു ജില്ലയോടും പ്രത്യേകം താൽപ്പര്യം കാണിച്ചിട്ടില്ല, അതുകൊണ്ടുതന്നെ അവഗണനയുടെ പ്രശ്നവും വരുന്നില്ല. എല്ലാവരെയും ഒരേ താൽപ്പര്യത്തോടെയാണ് നോക്കിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞ രീതിയിൽ മലപ്പുറം ജില്ലയിൽ ബിസിനസ്സുകാർക്ക് ഒരു സഹായവും ലഭിച്ചില്ല എന്ന പ്രശ്നമുണ്ടെങ്കിൽ അതെന്താണെന്ന് പ്രത്യേകമായി പരിശോധിക്കാം. പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായിട്ടാണ് അത് നടക്കേണ്ടിയിരുന്നത്. ആ പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ല നിലയ്ക്കുതന്നെ നടന്നുപോകുകയാണ്. അത് വിശദമായി നേരത്തെ പറഞ്ഞതാണ്, ആവർത്തിച്ച് അതിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളൊന്നും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാര്യപ്രാപ്തിയില്ലാത്ത ഒരു സർക്കാർ നാട് ഭരിച്ചാൽ എന്തായിരിക്കും ഫലം എന്നതിന്റെ നേർക്കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. രണ്ട് പ്രളയങ്ങൾ കണ്ട കേരളം ഇപ്പോഴും ദുരന്തത്തിൽനിന്നും വിട്ടുമാറാതെ നിൽക്കുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രളയ പുനരധിവാസ പ്രവർത്തനങ്ങളും അതോടൊപ്പം പുതിയ കേരളത്തിന്റെ നിർമ്മാണവും, ഈ രണ്ട് കാര്യങ്ങളാണ് മുഖ്യമന്ത്രി നിരന്തരമായി പറഞ്ഞത്. പുനരധിവാസ പ്രവർത്തനങ്ങളുടെ സ്ഥിതിയെന്താണെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ മതിയാകും. കേരള പുനർനിർമ്മാണത്തിന് ഇനിയും മൂന്ന് വർഷംകൂടി വേണ്ടിവരുമെന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനം എവിടെ നിൽക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ

ഉദാഹരണമാണിത്. നമ്മൾ അടുത്തടുത്ത വർഷങ്ങളിൽ രണ്ട് പ്രളയത്തെയാണ് നേരിട്ടത്. യൂറോപ്പിൽ ശൈത്യകാല കൊടുങ്കാറ്റ് 'സിയാറ' ആഞ്ഞടിച്ചതുകൊണ്ട് പതിനായിരക്കണക്കിന് ആളുകളാണ് ഇപ്പോൾ ദുരന്തം നേരിടുന്നത്. പ്രകൃതിദുരന്തങ്ങൾ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട ഒന്നാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഒരു ദുരന്തമുണ്ടാകുമ്പോൾ അതിൽനിന്ന് പാഠം പഠിക്കണം. വീണ്ടുമൊരു ദുരന്തമുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ ഗവൺമെന്റിനുമുമ്പിൽ അതിനുവേണ്ടി നൽകിയ ഒരു നിർദ്ദേശവും ഏറ്റെടുക്കുകയോ പാലിക്കപ്പെടുകയോ ചെയ്തില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ദുരിതാശ്വാസ സഹായം കിട്ടാതെ പ്രയാസപ്പെടുന്ന ആളുകൾ നമ്മുടെ ദുരന്തമേഖലയിൽ ഇപ്പോഴുമുണ്ടെന്നുള്ളത് നമ്മൾ കാണാതെ കടന്നുപോകരുത്. 2018-ലെ പ്രളയം മനുഷ്യനിർമ്മിതമായിരുന്നുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ പറഞ്ഞിട്ടുള്ളതാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. മനുഷ്യനിർമ്മിതമായ പ്രളയത്തിൽപ്പെട്ട് ജീവിതം നഷ്ടപ്പെട്ടവർക്ക് ഇതുവരെ അത് വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നൽകിയെന്ന് പറയുന്ന സഹായങ്ങൾ പലതും കിട്ടിയിട്ടില്ല. ഇന്ന് ആ ദുരന്തം വിതച്ച പ്രദേശങ്ങളിലെ ജനങ്ങൾ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുവരാതിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. വാചകമടിക്ക് ഓസ്കാർ അവാർഡ് കൊടുക്കേണ്ട ഒരു ഗവൺമെന്റാണിതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ചാൽ വാചകമടി, അടിയന്തരപ്രമേയം അവതരിപ്പിച്ചാൽ വാചകമടി, ഫലത്തിൽ ഗ്രൗണ്ട് ലെവലിൽ ഒന്നും നടക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കഴിഞ്ഞ ബഡ്ജറ്റിൽ 1000 കോടി രൂപ റീ-ബിൽഡ് കേരളയ്ക്കുവേണ്ടി മാറ്റിവച്ചു. ആ തുകയിൽനിന്നും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം എന്തുകൊണ്ട് മുഖ്യമന്ത്രി മനസ്സിലാക്കുന്നില്ല? ലോക ബാങ്കിന്റെ ഒന്നാം ഗഡു കിട്ടി. എന്റെ കയ്യിൽ 04-09-2019-ൽ Government of India, Ministry of Finance, Department of Expenditure അവരുടെ pay and accounts office-ൽ നിന്ന് അയച്ച കത്താണുള്ളത്. അതിൽ പറയുന്നത്, 'The payment kindly be released to the State Government immediately. State Government may release the funds to the project authorities within 7 days for the receipts; failing which Government of India would claim interest in the undisbursed funds, held with the State Government എന്നാണ്. അതായത്, ലോക ബാങ്ക് നൽകിയ ഒന്നാംഗഡു 7 ദിവസത്തിനുള്ളിൽ പ്രോജക്ടുകൾക്ക് കൈമാറിയില്ലായെങ്കിൽ കേരള ഗവൺമെന്റിൽനിന്ന് പലിശ ഈടാക്കുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ എക്സ്പെന്റിച്ചർ വകുപ്പിന്റെ ഉത്തരവാണ് എന്റെ കൈവശമിരിക്കുന്നത്. ശ്രീ. വി. ഡി. സതീശൻ ചോദിച്ചപ്പോൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഓരോ പ്രോജക്ട് വരുമ്പോഴും ഞങ്ങൾ പൈസ കൊടുക്കുമെന്നാണ്. ഗുരുതരമായ തെറ്റല്ലേ ചെയ്യുത്; ലോക ബാങ്ക് അനുവദിച്ച ഒന്നാം ഗഡു 1,750 കോടി രൂപ നിങ്ങൾ വകമാറ്റി ചെലവഴിക്കുന്നു. നിങ്ങൾ പ്രോജക്ടിനുകൊടുക്കുന്നില്ല. ഭീമമായ പലിശകൂടി തിരിച്ചടയ്ക്കേണ്ട ഗതികേടിലേയ്ക്ക് കേരളത്തെ എത്തിച്ചതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഈ സർക്കാരിന് മാറിനിൽക്കാൻ കഴിയുമോ; ഈ രണ്ട് ഉത്തരവുകളാണ് എന്റെ കൈവശമുള്ളത്. ഇത് സ്പീക്കിംഗ് ഓർഡേഴ്സാണ്. ഇപ്പോഴും വകമാറ്റി ചെലവഴിച്ചുകൊണ്ടിരിക്കുന്നു. നിത്യനിദാന ചെലവുകൾക്കുവേണ്ടി ഈ പണം ചെലവഴിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോഴും ചർച്ചയാണ്; ചർച്ചകൾ മാത്രം നടന്നുകൊണ്ടിരിക്കുന്നു. കേരള പുനർനിർമ്മാണം എവിടെയായി; നവകേരളത്തിന്റെ നിർമ്മിതി എവിടെയായി; നാലോ അഞ്ചോ വില്ലേജാഫീസുകൾ നവീകരിക്കുന്നതാണോ നവകേരള നിർമ്മിതി എന്നുപറയുന്നത്? ഇനിയും താഴെത്തട്ടിൽ ഗ്രാമസഭാതലത്തിൽ ചർച്ചകൾ നടത്താൻ പോകുന്നു, രൂപരേഖ തയ്യാറാക്കാൻ പോകുന്നുവെന്നാണ് ചട്ടം 300 അനുസരിച്ച് 02-11-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ പറഞ്ഞത്. എന്നാണ് പ്രളയം ബാധിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നത്? മുഖ്യമന്ത്രിയടക്കമുള്ളവർ പങ്കെടുക്കുന്ന ഗ്രാമസഭകളിൽ പുനർനിർമ്മാണം സംബന്ധിച്ചുള്ള ചർച്ചകൾ നടത്തണം. അത്തരം ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അവ ജില്ലാ തലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും വേണം. അപ്പോഴേയ്ക്കും ഈ സർക്കാരിന്റെ കാലാവധി കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. കേരളത്തിൽ വ്യവസായ നഷ്ടമുണ്ടായ വ്യവസായികൾക്ക് ഒരു രൂപപോലും ലഭിച്ചിട്ടില്ലായെന്നതാണ് വസ്തുത.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് വസ്തുതയല്ല. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഒട്ടേറെ പേർക്ക് സഹായം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയുടെ കണക്കെടുത്താൽ, ആകെ 58 അപേക്ഷകളാണ് ലഭിച്ചത്. അതിൽ 26 അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 11 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്. 21 അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുണ്ട്. അതിൽ 18 അപേക്ഷകളിന്മേൽ കളക്ടറുടെ ശിപാർശ ചോദിച്ചിരിക്കുകയാണ്. 3 അപേക്ഷകൾ 31-3-2019-ന് ശേഷമാണ് ലഭിച്ചത്. ഇത്തരത്തിലുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഉജ്ജീവന പദ്ധതിപ്രകാരം പ്രോസസ് പൂർത്തിയാക്കി എട്ട് ലക്ഷം രൂപ വരെയുള്ള സഹായം ലഭിക്കാൻ അപേക്ഷ നൽകിയ ആളുകൾക്ക് അവരുടെ ബാങ്കുകളിലേയ്ക്ക് സബ്സിഡിയാണ് നൽകുന്നത്. പണമില്ലാത്തതിന്റെ പേരിൽ പ്രസ്തുത സബ്സിഡി ഇതുവരെ ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആളുകൾ ബാങ്കുകളിൽനിന്ന് ലോണെടുക്കുന്നതിന് സർക്കാരിന്റെ സഹായം വേണ്ട. എട്ട് ലക്ഷം രൂപ വരെ ബാങ്കിൽനിന്ന് ലോണെടുക്കുമ്പോൾ അതിന് സർക്കാരിൽനിന്ന് കൊടുക്കുന്ന സബ്സിഡിയാണ് പ്രധാനം. ആ സബ്സിഡി ട്രാൻസ്ഫർ ചെയ്യുന്നില്ല.

ശ്രീ. പിണറായി വിജയൻ: സർ, സർക്കാരും ബാങ്കുകളും തമ്മിലുള്ള കാര്യമാണത്. സർക്കാർ തുക നൽകുമെന്ന കാര്യത്തിൽ ബാങ്കുകൾക്ക് യാതൊരു ആശങ്കയുമില്ല. ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുകതന്നെ ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകിയ മറുപടിയേ സ്വാഭാവികമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വായിക്കാൻ സാധിക്കുകയുള്ളൂ. ഗ്രൗണ്ട് ലെവലിൽ എന്താണ് സംഭവിക്കുന്നത്? ഞങ്ങളുടെയൊക്കെ മേഖലകളിൽ വ്യാപാര നഷ്ടമുണ്ടായവർക്ക് ആദ്യം 10 ലക്ഷം രൂപ പലിശരഹിത വായ്പ നൽകുമെന്ന് പറഞ്ഞുവെങ്കിലും നൽകിയില്ല. അതിനുശേഷം ഉജ്ജീവന വായ്പാ പദ്ധതി പ്രഖ്യാപിച്ചു. അതിൽനിന്നും ആളുകൾക്ക് തുക ലഭിക്കുന്നില്ല. അങ്ങ് ഇക്കാര്യം പരിശോധിക്കണം. വ്യാപാരികൾക്ക് ഇത്തരത്തിലുള്ള പരാതി വ്യാപകമായിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികൾ ബാങ്കുകളിൽനിന്ന് അവർക്ക് ലഭിക്കുന്നില്ലെന്നതാണ് പരാതി. അക്കാര്യം അങ്ങ് പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നത്. പദ്ധതികൾ പ്രഖ്യാപിക്കുന്നുവെന്നല്ലാതെ താഴെ തലങ്ങളിൽ അവ എത്തുന്നില്ലെന്ന വസ്തുതയാണ് ഞങ്ങൾ പറയുന്നത്. പ്രകൃതിക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്നാണ് അങ്ങിവിടെ പറഞ്ഞത്. നിയമസഭയിൽ ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടിയാണ് എന്റെ കയ്യിലുള്ളത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം സംസ്ഥാനത്ത് ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന ശ്രീ. പി. ടി. തോമസിന്റെ നക്ഷത്രചിഹ്നമിടാത്ത 575-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ 161 പുതിയ ക്വാറികൾക്ക് ഈ ഗവൺമെന്റ് വന്നശേഷമുള്ള മൂന്നര വർഷത്തിനുള്ളിൽ അനുമതി നൽകിയിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രളയം നേരിടുന്നൊരു സംസ്ഥാനത്ത് ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങളും പ്രകൃതിക്ഷോഭങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളാണിതെല്ലാം. ഇതാണോ പാരിസ്ഥിതികമായ പ്രശ്നങ്ങൾ

കണ്ടുകൊണ്ട് ഗവൺമെന്റ് പുതിയ കേരളം നിർമ്മിക്കുമെന്ന് പറയുന്നത്? ഒരു വർഷ കാലാവധിയുള്ള 161 ക്വാറികൾ ഉൾപ്പെടെ ആകെ 333 ക്വാറികൾക്ക് അനുമതി കൊടുത്തു. എങ്ങനെയാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടുകൊണ്ട് പുതിയ കേരളം നിർമ്മിക്കാൻ പോകുന്നത്?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പാരിസ്ഥിതികാനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ കേരളത്തിൽ മൈനിംഗിനുള്ള അനുവാദം നൽകിയിട്ടുള്ളൂ. കേരളത്തിൽ പ്രളയമോ ഉരുൾപൊട്ടലോ മറ്റേതെങ്കിലും തരത്തിലുള്ള ദുരന്തമോ ഉണ്ടായിട്ടുള്ള ഒരു സ്ഥലത്തും മൈനിംഗിന് അനുവാദം നൽകിയിട്ടില്ല. അത്തരം പ്രശ്നങ്ങളില്ലാത്ത സ്ഥലങ്ങളിൽ അനുമതി നൽകുന്നതിന് എന്താണ് തെറ്റ്; അനുമതി നൽകാൻ പാടില്ലെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. പി. ജെ. ജോസഫ്: സർ, പരിസ്ഥിതിലോല പ്രദേശങ്ങളിൽ 10 കിലോമീറ്റർ ദൂരംവരെ അനുമതി നൽകരുതെന്ന് വളരെ കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. ആ ദൂരപരിധിക്കുള്ളിൽ അനുമതി നൽകിയിട്ടില്ലെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി മാത്രമേ അനുമതി നൽകിയിട്ടുള്ളൂ. അതുതന്നെയാണ് ഇപ്പോഴത്തെ തർക്ക പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണിത്. രണ്ട് പ്രകൃതി ദുരന്തങ്ങൾ നേരിട്ട സംസ്ഥാനമെന്ന നിലയിൽ ഇത്തരം അനുമതി നൽകുമ്പോഴുള്ള നടപടികൾ ഗൗരവതരമായി പരിഷ്കരിക്കുകയും പരിശോധിക്കുകയും ചെയ്യേണ്ടതുണ്ട്. അക്കാര്യമാണ് ഞാനിവിടെ പറഞ്ഞത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വാറിയിംഗിലൂടെ മെറ്റീരിയൽസ് വേണ്ടിവരും. അതേസമയം പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി നിലനിൽക്കുകയും ചെയ്യുന്നു. ഇതിനെ സംബന്ധിച്ച് ഗൗരവതരമായ ആലോചന ഇപ്പോൾ നടത്തിയില്ലെങ്കിൽ പിന്നെ എപ്പോഴാണ് നടത്തുന്നത്? അതിനാൽ ഇക്കാര്യത്തിലൊരു സോഷ്യൽ ആഡിറ്റ് നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ? ഇത്തരത്തിൽ ഒരു മര്യാദയുമില്ലാതെ ക്വാറികൾ അനുവദിക്കുന്ന നടപടിയോട് നമുക്ക് യോജിക്കാൻ സാധിക്കില്ല. രണ്ട് പ്രളയങ്ങൾ നേരിട്ട സംസ്ഥാനമാണ്. പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിനായി കേന്ദ്രത്തിൽനിന്ന് കാര്യമായ സഹായം നമുക്ക് ലഭിച്ചില്ല. കേന്ദ്ര ഗവൺമെന്റ് കയ്യയച്ച് സഹായിക്കേണ്ടതായിരുന്നു, എന്നാൽ സഹായിച്ചില്ല. ഞാനിവിടെ സിയാറ കൊടുങ്കാറ്റിന്റെ കാര്യം പറഞ്ഞു. ഇന്നലെയും ഇന്നുമായി ബ്രിട്ടനിലും കിഴക്കൻ യൂറോപ്പിലെ വിവിധ രാജ്യങ്ങളിലും അത്

ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ ഗവൺമെന്റിന് ധാരാളം സഹായം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നമ്മളോട് വേണ്ട കരുണ കാണിച്ചില്ല. ഇവിടെ നൽകിയ അരിയുടെ പൈസപോലും ചോദിച്ചു. 30,000 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. 5,616 കോടി രൂപയുടെ സഹായമാണ് നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. കേന്ദ്രം നൽകിയത് 2,904 കോടി രൂപ മാത്രമാണ്. എന്നാൽ ഈ ഗവൺമെന്റ് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്പോലും കൃത്യമായി കൊടുക്കാത്തതുകൊണ്ട് അടുത്ത ഗഡു കിട്ടുന്നില്ലെന്നതാണ് ദുര്യോഗം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തത് ആരുടെ കുറ്റമാണ്; ഞങ്ങളുടെ കുറ്റമാണോ; എന്തുകൊണ്ട് കൊടുക്കുന്നില്ല? അങ്ങിവിടെ ചില പദ്ധതികൾ പ്രഖ്യാപിച്ചു. റീ-ബിൽഡ് കേരളയിലൂടെ പുതിയൊരു കേരളത്തിന്റെ നിർമ്മാണത്തിനുതകുന്ന പദ്ധതികളാണോ ഇവയെന്നുള്ള കാര്യം അങ്ങ് പരിശോധിക്കണം. ഒരു പുതിയ കാഴ്ചപ്പാടോടുകൂടി മുന്നോട്ട് പോകാൻ സാധിക്കുന്ന പദ്ധതികളാണോ ഇവയെല്ലാമെന്ന് പരിശോധിക്കണം. നമ്മൾ അനേകം ചർച്ചകൾ നടത്തി, ആ ചർച്ചകളുടെ ഫലമെന്താണ്? റീ-ബിൽഡ് കേരള പരിപാടി ഈ ഗവൺമെന്റിന്റെ കീഴിൽ മുന്നോട്ട് പോകുകയില്ലെന്ന് അങ്ങയുടെ മറുപടിയിൽനിന്ന് വ്യക്തമായി. എല്ലാ കാര്യങ്ങൾക്കും കൺസൾട്ടൻസിയാണ്; ഈ ഗവൺമെന്റ് ഏത് പദ്ധതി നടത്തിയാലും കൺസൾട്ടൻസിയാണ്. കൺസൾട്ടൻസിയില്ലാതെ ചെയ്യാൻ കഴിയില്ലേ? ആദ്യം കെ.പി.എം.ജി.-യെ നിയോഗിച്ച് അവർ സൗജന്യമായി ചെയ്യാൻ പോകുകയാണെന്ന് മന്ത്രിസഭായോഗത്തിനുശേഷം അങ്ങുതന്നെ പറഞ്ഞു. അതുകഴിഞ്ഞ് കെ.പി.എം.ജി.-യെ ഒഴിവാക്കിയെന്ന് പറഞ്ഞു. ഇപ്പോൾ വീണ്ടും അവരെ കരാർ ഏൽപ്പിച്ചുവെന്നും അതിനായി 6 കോടി രൂപ നൽകിയെന്നും പറയുന്നു. എന്താണിവിടെ നടക്കുന്നത്; ആദ്യം എന്തിനാണ് അവരെ എൻഗേജ് ചെയ്തത്; എന്തിനാണ് അവരെ പിരിച്ചുവിട്ടത്; എന്തിനാണ് അവരെ വീണ്ടും നിയോഗിച്ചത്? അവർ രൂപരേഖ തയ്യാറാക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. റീ-ബിൽഡ് കേരളയുടെ പണം ഉപയോഗിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ശരിയല്ല. അന്താരാഷ്ട്രതലത്തിൽ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ട കമ്പനിയാണ് കെ.പി.എം.ജി. എന്ന പരാതി ഉയർന്നുവന്നിരുന്നു. കെ.പി.എം.ജി.-യെ ആദ്യം നിയോഗിച്ചു, പിന്നീട് വേണ്ടെന്ന് തീരുമാനിച്ചു. ആദ്യം സൗജന്യമായിട്ടാണെന്ന് പറഞ്ഞു. ഇപ്പോൾ പറയുന്നു, 6 കോടി രൂപ അവർക്ക് രൂപരേഖ തയ്യാറാക്കാൻ നൽകിയെന്ന്. ഇനിയും പ്രകൃതി ദുരന്തം കേരളത്തിലുണ്ടാകാൻ പാടില്ല. നല്ലൊരു മഴ പെയ്താൽ ഇനിയും ഈ ദുരന്തം ഉണ്ടാകുമോയെന്ന പേടി ആളുകൾക്കുണ്ട്. അതിനുവേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിഞ്ഞു? രണ്ട് വർഷം പിന്നിടുകയാണ്. ഈ ഗവൺമെന്റിന്റെ

കാര്യക്ഷമതയില്ലായ്മയും പിടിപ്പുകേടുംകൊണ്ട് ഇനിയൊരു ദുരന്തമുണ്ടായാൽപ്പോലും കേരളത്തെ സംരക്ഷിക്കാൻ കഴിയില്ലെന്നതാണ് ഏറ്റവും വലിയ പ്രയാസം. ചർച്ചകളല്ലാതെ മറ്റൊന്നും നടക്കുന്നില്ല. ഇത്തരം ചർച്ചകൾ കൊണ്ടുമാത്രം എന്താണുണ്ടാകുന്നത്? അക്കാര്യം ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഇപ്പോഴും സഹായം കിട്ടാത്ത പാവപ്പെട്ട ആളുകളുണ്ട്. പതിനായിരം രൂപപോലും ലഭിക്കാത്ത അനേകം ആളുകളുണ്ട്. വീട് പൂർത്തിയാക്കാൻ സാധിക്കാത്തവരും വ്യവസായ സ്ഥാപനങ്ങളുടെ നാശനഷ്ടം നികത്താൻ കഴിയാത്തവരും കൃഷി ചെയ്യാൻ നിവൃത്തിയില്ലാത്തവരുമുണ്ട്. അവരെല്ലാം പരാതി പറയുകയാണ്. കേരളത്തിലെ ഒരു വലിയ ശതമാനം ജനത നേരിട്ട ഈ ദുരന്തത്തെ ഇത്രയും ലാഘവബുദ്ധിയോടെ കണ്ട സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-11-2019-ന് ചട്ടം 300 അനുസരിച്ച് സഭയിൽ നടത്തിയ പ്രസ്താവനയിൽ പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനമെന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട് ഭാവിയിലുണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുംവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടിയെന്നും പരിസ്ഥിതി സൗഹൃദവും അതിജീവന ക്ഷമതയുള്ളതുമായ കേരളമെന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് ആർ.കെ.ഡി.പി. (Rebuild Kerala Development Programme) എന്നും കാലാവസ്ഥ വ്യതിയാനത്തെ തുടർന്നുള്ള മറ്റ് ഭീഷണികൾ പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരളത്തിന്റെ പുനർനിർമ്മാണത്തിന് കരുത്തേകുന്ന ഒന്നാണ് ആർ.കെ.ഡി.പി. എന്നും ഇവിടെ പ്രസ്താവിച്ചു. അങ്ങനെ പ്രളയത്തെ അതിജീവിക്കാൻ സാധിക്കുന്ന എന്ത് പുതിയ മാർഗ്ഗനിർദ്ദേശങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണത്തിലുണ്ടായിട്ടുള്ളത്? എഴുപത് ശതമാനവും എൺപത് ശതമാനവും പണി പൂർത്തിയാക്കിയ വീടുകൾ പൂർത്തീകരിച്ച് കൊടുത്തുവെന്നല്ലാതെ യഥാർത്ഥത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ പ്രകൃതിദുരന്തത്തെ നേരിടാൻ ഏത് രീതിയിലുള്ള നിർമ്മാണമാണ് നടത്തുക എന്നതിനെക്കുറിച്ചുള്ള ഒരു ദിശാബോധം ഇപ്പോഴും ഗവൺമെന്റിനുണ്ടായിട്ടില്ല. ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകൾ പ്രളയത്തെ അതിജീവിക്കുന്നതാണെന്ന് പറഞ്ഞു. പക്ഷേ അത്തരത്തിലുള്ള റോഡുകളാണോ ഇപ്പോഴും നിർമ്മിക്കുന്നത്; എന്ത് പുതിയ

നിർമ്മാണ രീതിയാണ് റോഡുകളുടെ കാര്യത്തിലുണ്ടായിട്ടുള്ളത്? അതിനുവേണ്ടി ലഭിച്ച ആദ്യ ഗഡുവായ 1750 കോടി രൂപ വകമാറ്റി ചെലവഴിച്ചുവെന്നുള്ള കാര്യം ഇവിടെ നേരത്തെ സൂചിപ്പിച്ചതാണ്. അധികാനുമതിയിലൂടെയും ഉപധനാഭ്യർത്ഥനയിലൂടെയും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് കൈമാറേണ്ടതിനുപകരം ട്രഷറിയിലേയ്ക്ക് മാറ്റി. ഇവിടത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള ലോകബാങ്ക് പദ്ധതിപോലും വകമാറ്റി ചെലവഴിക്കുന്ന അവസ്ഥാവിശേഷത്തിൽ എങ്ങനെയാണ് പദ്ധതികൾ ആവിഷ്കരിക്കുക? ഇവിടെ അങ്ങ് പറഞ്ഞു ഓരോ ജില്ലയ്ക്കും തുല്യമായ നീതിയാണ് നൽകുന്നതെന്ന്. സത്യത്തിൽ അങ്ങനെയല്ല വേണ്ടത്. ഏത് ജില്ലയ്ക്കാണ് പ്രളയംമൂലം കൂടുതൽ ദുരിതമുണ്ടായത് ആ ജില്ലയെയാണ് പ്രത്യേകം പരിഗണിക്കേണ്ടത്. എല്ലാവരെയും തുല്യമായി പരിഗണിക്കേണ്ടതല്ല പ്രളയം. കഴിഞ്ഞ പ്രളയം വയനാട്, മലപ്പുറം ജില്ലകളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചത്. എന്നാൽ മലപ്പുറം ജില്ലയ്ക്ക് റോഡ് വേണ്ട. റോഡുകളുടെ പുനർനിർമ്മാണം വന്നപ്പോൾ ആ ജില്ല റീ-ബിൽഡ് കേരളയുടെ ലിസ്റ്റിലില്ല. ഇവിടെ വ്യാപാരികളുടെ കാര്യം പറഞ്ഞു. ഞാൻ റാന്നിയിലെ ഒരു സംഭവം പറയാൻ ആഗ്രഹിക്കുകയാണ്. റാന്നിയിലെ എബി സ്റ്റീഫൻ എന്ന വ്യാപാരി, അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കുടുംബം ഇന്നലെയും ഇവിടെ വന്നിരുന്നു. സങ്കടം തോന്നുകയാണ്. അദ്ദേഹത്തിന്റെ 16 വയസ്സുകാരനായ കുട്ടി രോഗിയാണ്. മറ്റ് കുടുംബങ്ങളെ സഹായിച്ച് ജീവിച്ച ഒരു വ്യാപാരികൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിനിപ്പോൾ ആർ.ആർ. നോട്ടിഫിക്കേഷൻ വന്നുവെന്ന് മാത്രമല്ല മൊറട്ടോറിയം നിൽക്കുന്ന സമയത്താണ് ആർ.ആർ. നടപടികൾ വന്നത്. അതുപോലെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സിന്റെ ഉജ്ജീവന പദ്ധതി അട്ടിമറിക്കപ്പെട്ടു. ഇപ്പോൾ അദ്ദേഹം ഭിക്ഷ യാചിക്കാൻ പോകുകയാണ്. ഇതുവരെ മറ്റ് കുടുംബങ്ങൾക്ക് സഹായം ചെയ്തിരുന്ന ആ കുടുംബം ഇപ്പോൾ ഭിക്ഷ യാചിക്കേണ്ട അവസ്ഥയിലാണെന്ന് പറയുന്നത് ഒരിക്കലും പൊറുക്കാൻ കഴിയുന്നൊരു കാര്യമല്ല. ഇത് ഒരു വ്യാപാരിയുടെ കാര്യമല്ല, ഞാൻ കേരളത്തിലെ എല്ലാ വ്യാപാരികൾക്കും വേണ്ടിയാണ് സംസാരിക്കുന്നത്. ഇദ്ദേഹത്തിന് വീടുകൂടി നഷ്ടപ്പെടുകയാണ്. കട മുഴുവൻ പോയി. ഉജ്ജീവന പദ്ധതിയിൽ ലഭിക്കുമെന്ന് കാത്തിരുന്നു, ഒന്നും നടന്നില്ല. ഇപ്പോൾ സർഫാസി ആക്ട് അനുസരിച്ച് കേസ് വന്നിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളൊക്കെ ഗൗരവമായി ചർച്ച ചെയ്യണ്ടേ? പ്രളയത്തെക്കുറിച്ച് ധാരാളമായി ചർച്ച ചെയ്തെങ്കിലും അതിന്റെ പുനർനിർമ്മാണമെന്നുള്ളതാണ് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്നത്. ശ്രീ. പി. കെ. ബഷീറിന്റെ പ്രമേയം ചർച്ചയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ആഗസ്റ്റ് മാസം 17-ാം തീയതി ഇടുക്കി കളക്ടറേറ്റിൽ ഞാനും ശ്രീ. എം. എം. മണിയും ഇരിക്കുമ്പോൾ മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ് വഴി വന്ന നിർദ്ദേശം, അധിവാസ യോഗ്യമല്ലാത്ത വീടുകളെല്ലാം പുനർനിർമ്മിക്കണം എന്നായിരുന്നു. അതിന്റെ ലിസ്റ്റിൽ fully damaged എന്നും severely damaged എന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഞാനിവിടെ ചോദ്യം ഉന്നയിച്ചിരുന്നു. Fully damaged-ന് 18,000 രൂപയും severely damaged-ന് എൺപതിനായിരത്തി ചില്വാനം രൂപയുമാണ് നൽകുന്നത്. ആകെ 97000 വീടുകളുണ്ട്. അതിൽ എൺപത് ശതമാനത്തിലധികം ഡാമേജ്ഡാണെങ്കിൽ മുഴുവൻ സഹായവും നൽകേണ്ടതാണ്. അങ്ങനെ ഞാൻ കണക്കുകൂട്ടിയപ്പോൾ ഒരു ലക്ഷം വീടുകൾക്ക് നാല് ലക്ഷം രൂപവീതം 400 കോടി രൂപയുണ്ടെങ്കിൽ പൂർത്തിയാക്കാൻ സാധിക്കും. അഞ്ച് ലക്ഷം രൂപ വീതമാണെങ്കിൽ 500 കോടി രൂപ വേണ്ടിവരും. 2,500 കോടി രൂപ ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈവശമുണ്ട്. ഇത് പൂർത്തിയാക്കുന്നതിന് തടസ്സമായത് വില്ലേജ് ഓഫീസറും പഞ്ചായത്തും കൂടി നൽകിയ റിപ്പോർട്ടിൽ ഒരു ആപ്പ് കടന്നുവന്നതാണ്. ആ ആപ്പിലൂടെ വീടുകളുടെ ചിത്രങ്ങളെടുത്തു. എന്റെ നിയോജകമണ്ഡലത്തിലെ ഉടുമ്പന്നൂർ പഞ്ചായത്തിൽ ഒരു വീട് നിൽപ്പുണ്ട്, ഭദ്രമാണ്. രണ്ട് ഭാഗത്തുകൂടിയും ഉരുൾപൊട്ടിയൊഴുകി. ആ വീട്ടിലേയ്ക്ക് കയറാൻ സാധിക്കില്ല. റവന്യൂ വകുപ്പിന്റെ റിപ്പോർട്ടനുസരിച്ച് ആ വീട് അധിവാസ യോഗ്യമല്ല. എന്നാൽ ഫോട്ടോയിൽ ആ വീട് നന്നായി നിൽക്കുന്നതായി കാണുകയും ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു. അങ്ങനെ ഒഴിവാക്കി 18,000 രൂപയാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞിട്ടാകണമെന്നില്ല. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് എനിക്കൊരു കാര്യം പറയാനുണ്ട്. റവന്യൂ സെക്രട്ടറിയാണ് എല്ലാ അധികാരങ്ങളോടുംകൂടിയ റിലീഫ് കമ്മീഷണർ. ഇതൊക്കെ കോ-ഓർഡിനേറ്റ് ചെയ്യാനായി ചീഫ് സെക്രട്ടറിയുടെ അധികാരവും വേറെയുണ്ട്. ആ കോ-ഓർഡിനേഷൻ ഇവിടെ നടക്കുന്നില്ല. 97000 വീടുകളിൽ fully damaged എത്രയെന്നുള്ളതിന്റെ റിപ്പോർട്ട് റവന്യൂ വകുപ്പിൽനിന്നാണ് ലഭിച്ചത്. അവിടെ എന്തിനാണ് ഫോട്ടോയെടുക്കാനായി ആളുകളെ അയച്ചത്? അത്രയും വീടുകൾ പുനർനിർമ്മിക്കാനുള്ള ഫണ്ടിവിടെ ഉണ്ടായിരുന്നു. 2500 കോടി രൂപ ഇപ്പോഴും കയ്യിലിരിക്കുകയാണ്. നാല് ലക്ഷം രൂപ വച്ച് 400 കോടി രൂപയുണ്ടായിരുന്നെങ്കിൽ ഇതെല്ലാം പൂർത്തിയാക്കാമായിരുന്നു. ഇപ്പോഴും severely damaged വീടുകളിലെ ആൾക്കാരെല്ലാം വഴിയിലാണ്, വീടുകളൊന്നും പൂർത്തിയായിട്ടില്ല. പൂർത്തിയായത്

ആകെ പതിനായിരം വീടുകൾ മാത്രമാണ്. 1985-ൽ ഞാൻ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ ഒരു ലക്ഷത്തി രണ്ടായിരം വീടുകളാണ് പതിനൊന്ന് മാസംകൊണ്ട് പൂർത്തിയാക്കിയത്. അതിനുകാരണം എന്റെ കഴിവല്ല, അന്നത്തെ റവന്യൂ സെക്രട്ടറിയായിരുന്ന റിലീഫ് കമ്മീഷണർ ശ്രീമതി സരളാ ഗോപാലൻ അവരുടെ മുഴുവൻ അധികാരവും ഉപയോഗിച്ചുകൊണ്ടാണ്. ഓർഡർ നൽകി സമയബന്ധിതമായി കാര്യങ്ങൾ നടപ്പാക്കി. അതിന്റെ റെക്കോർഡ് ലഭ്യമാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അവാർഡും ലഭിച്ചു. ഇപ്പോഴും അത് സാധ്യമാണ്. പത്ത് ദിവസംകൊണ്ട് പൂർത്തീകരിച്ച്, വളരെ ഭദ്രമായ വീടിന്റെ താക്കോൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത മീറ്റിംഗിൽ നൽകിയിരുന്നു. ആർക്കുവേണമെങ്കിലും അത് വന്നുകാണാം. ഗാന്ധിജി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ മൂന്ന് വീടുകൾ അതിനുമുമ്പ് ഞാൻ പൂർത്തീകരിച്ചിരുന്നു. ഇപ്പോൾ പൂർത്തീകരിച്ച വീട് വെറും എട്ട് ദിവസംകൊണ്ട് പൂർത്തിയാക്കിയാണ് താക്കോൽ കൈമാറിയത്. 500 കോടി രൂപയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 3 മാസംകൊണ്ട് ഈ വീടുകൾ മുഴുവനും പൂർത്തിയാക്കാൻ സാധിക്കുമെന്ന് ബോദ്ധ്യപ്പെടുത്താൻ കഴിയും. പക്ഷേ, അതിന്റെ ഡെഫനിഷനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അധിവാസ യോഗ്യമല്ലാത്ത വീടുകളെന്നുള്ളത് മാറ്റിമറിച്ച ആളുകൾ ആരാണെന്നുള്ളത് പരിശോധിക്കണം. അധിവാസ യോഗ്യമല്ലാത്ത വീടുകളിൽ എങ്ങനെ താമസിക്കാൻ സാധിക്കും. അത് പരിശോധിക്കുന്നതിന് റവന്യൂ വകുപ്പിന് വലിയ ഉത്തരവാദിത്വമുണ്ട്. റിലീഫ് കമ്മീഷണർ ശരിയായി പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മാനദണ്ഡപ്രകാരം അധിവാസ യോഗ്യമല്ലാത്ത വീടുകൾ ആദ്യത്തെ ലിസ്റ്റിൽ 97000 ഉണ്ടെന്ന് എനിക്ക് നിയമസഭയിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ട്. Fully damaged & severely damaged എന്ന തരത്തിൽ ഈ കുഴപ്പമുണ്ടാക്കിയത് പരിഹരിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഇത് പരിശോധിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതി ദുരന്തങ്ങൾ ഇനിയുമുണ്ടാകുമെന്നുള്ള ആശങ്ക നിലനിൽക്കുകയാണ്. ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും അവയെ നേരിടാനും ഗവൺമെന്റ് എത്രമാത്രം പ്രാപ്തമാണെന്നത് സംബന്ധിച്ചുള്ള സംശയം ഇപ്പോഴും നിലനിൽക്കുകയാണ്. കവളപ്പാറ ഒരുദാഹരണമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. 2018-ലേത് മനുഷ്യ നിർമ്മിതമായ പ്രളയം തന്നെയായിരുന്നു. 2019-ലും ഇത്തരത്തിലുള്ള പ്രകൃതി

ദുരന്തങ്ങൾ വന്നതിനെത്തുടർന്ന് കവളപ്പാറയിലുണ്ടായ അനുഭവം നമുക്കറിയാം. ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള വിഷയങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതിനായി 2019 ആഗസ്റ്റ് മാസം ഒരു സമിതിയെ നിയോഗിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ട്. ആ സമിതിയുടെ റിപ്പോർട്ട് വന്നിട്ടുണ്ടെങ്കിൽ അത് ജനപ്രതിനിധികളടക്കമുള്ളവരോട് പങ്കുവയ്ക്കാനുള്ള നടപടികൾ തീർച്ചയായും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഉരുൾപൊട്ടൽ മേഖലയടക്കമുള്ള സെൻസിറ്റീവായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം അവിടെയുള്ള ആൾക്കാരെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടി കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായിട്ടല്ല വരുന്നത്. ദുരന്ത നിവാരണ വകുപ്പുമായി ബന്ധപ്പെട്ടാണ് അത്തരം കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത് ഒരു കോ-ഓർഡിനേഷൻ ഇക്കാര്യത്തിലുണ്ടാകണമെന്നുള്ളതാണ്. റീ-ബിൽഡ് കേരള എന്ന നിലയിൽ നാം ഇതിനെ കണക്കാക്കുമ്പോൾ ഇത്തരം പ്രകൃതി ദുരന്തങ്ങളെക്കൂടി കണക്കാക്കി അതിനകത്ത് വരാനുള്ള സാഹചര്യങ്ങളും സാധ്യതകളും മനസ്സിലാക്കി അങ്ങനെയുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ളവരെ മാറ്റാനുള്ള നടപടിയും ഈ പദ്ധതിയുടെ ഭാഗമായുണ്ടാകാൻ കഴിയണമെന്നുള്ളതാണ്. ഇവിടെ വ്യാപാരികളുടെ കാര്യം സൂചിപ്പിച്ചതെല്ലാം വളരെ വാസ്തവമാണ്. മലപ്പുറത്തും കണ്ണൂരും മാത്രമല്ല പല ജില്ലകളിലും വ്യാപാരികളെ സഹായിക്കുന്നതിനായി ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള പദ്ധതികളിലൊന്ന് ഉജ്ജീവന പദ്ധതിയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പക്ഷേ അതിനകത്ത് ഇപ്പോഴും പലിശരഹിത വായ്പ ലഭിക്കാത്ത വ്യാപാരികളുണ്ടെന്നുള്ളത് വാസ്തവമാണ്. സാങ്കേതികമായ കാരണങ്ങളായിരിക്കാം ഒരുപക്ഷേ നിങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. പക്ഷേ, അത്തരത്തിലുള്ള പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. റോഡുകളുടെ പുനർനിർമ്മാണത്തെ സംബന്ധിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സഭയിൽ പല ആവർത്തി സംസാരിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ ഇപ്പോഴും അനിശ്ചിതത്വം നിലനിൽക്കുകയാണ്. പതിനായിരം വീടുകൾ ഇനിയും പുനർനിർമ്മിക്കാനുണ്ടെന്ന് ഗവൺമെന്റ് നൽകിയ കണക്കിന്റെ അടിസ്ഥാനത്തിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള ഗുരുതരവും ഗൗരവതരവുമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ് റീ-ബിൽഡ് കേരളയിൽ ഗവൺമെന്റ് മുന്നോട്ടുവച്ചുകൊണ്ടിരിക്കുന്ന പ്രഖ്യാപനങ്ങൾ പലതും നടപ്പിലാകുന്നില്ലെന്നതിനെ സംബന്ധിച്ച് ശ്രീ. പി. കെ. ബഷീർ ആശങ്ക പ്രകടിപ്പിച്ചതും ഈ പ്രമേയം അവതരിപ്പിച്ചതും. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയായിരുന്നു. ക്വാറികളുടെ കാര്യത്തെക്കുറിച്ച് പ്രതിപക്ഷ നേതാവ്

സൂചിപ്പിക്കുകയുണ്ടായി. ഞാൻ കഴിഞ്ഞയാഴ്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചതാണ്, 200-ൽപരം ക്വാറികൾക്ക് പുതുതായി ഗവൺമെന്റ് അനുമതി നൽകിയിരിക്കുന്ന ഒരു സാഹചര്യമുണ്ട്. മലബാർ മേഖലയിലും വയനാട്, ഇടുക്കി എന്നീ ജില്ലകളിലുമുണ്ടായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ അത്തരം കാര്യങ്ങളെക്കുറിച്ച് ഒരു പുനരാലോചന നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പാരിസ്ഥിതികാനുമതിയുള്ളതിന് മാത്രമേ അനുവാദം നൽകിയിട്ടുള്ളുവെന്നാണ് പറഞ്ഞത്. പതിനെട്ടോളം ക്വാറികൾ പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിക്കുന്നുവെന്ന് അങ്ങുതന്നെ രേഖാമൂലം ഈ സഭയിൽ മറുപടി നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യം നിലനിൽക്കുമ്പോൾ അതിനെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. വളരെ ഗുരുതരമായ വിഷയമെന്ന നിലയിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

[11.00 A.M.]

ശ്രീ. ഒ. രാജഗോപാൽ: സർ, ഇടയ്ക്കിടയ്ക്ക് പ്രകൃതിക്ഷോഭങ്ങൾ നേരിടുന്ന സംസ്ഥാനമാണ് കേരളം. അത്തരമൊരു സാഹചര്യത്തിൽ ഇവിടെ വന്നിട്ടുള്ള തെറ്റുകൾ, പോരായ്മകൾ, വീഴ്ചകൾ എന്നിവ സസൂക്ഷ്മം പഠിച്ച് ഭാവിയിൽ മുന്നോട്ടുപോകുന്നതിനെപ്പറ്റി യുക്തിയുക്തവും സംക്ഷിപ്തവുമായ രീതിയിൽ ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മുഴുവൻ പണവും ചെലവഴിക്കാൻ സാധിക്കാതെ ബാക്കിനിൽക്കുന്നു. അതേ അവസരത്തിൽ യഥാർത്ഥമായി സഹായം കിട്ടേണ്ട ആളുകൾക്ക് അത് കിട്ടുന്നുമില്ല. മലപ്പുറം ജില്ലയിലും മറ്റു ജില്ലകളിലും വളരെ വ്യാപകമായ പരാതികൾ നിലനിൽക്കുന്ന സാഹചര്യമുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പിടിപ്പുകേടും വീഴ്ചയും പോരായ്മയും ഉണ്ടായിട്ടുണ്ട്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

മി.സ്പീക്കർ: ഇന്ന് അപരാഹ്ന സമ്മേളനവും മൂന്ന് ബില്ലുകളും ചർച്ചയ്ക്കുള്ളതിനാൽ അംഗങ്ങൾ ശ്രദ്ധക്ഷണിക്കലും സബ്മിഷനും വളരെ ചുരുങ്ങിയ സമയംകൊണ്ട് അവതരിപ്പിക്കേണ്ടതാണ്. മന്ത്രിമാർ മറുപടികൾ ഒറ്റവാചകത്തിൽ പറഞ്ഞ് മേശപ്പുറത്ത് വയ്ക്കുന്നതായിരിക്കും നല്ലത്.

## III ശ്രദ്ധ ക്ഷണിക്കൽ

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കൽ

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ശ്രദ്ധ ക്ഷണിക്കൽ ഒറ്റവാചകത്തിൽ അവസാനിപ്പിക്കേണ്ടതില്ലല്ലോ; ഗൗരവമായ വിഷയമാണ് അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: രണ്ടു മിനിട്ടിനുള്ളിൽ അങ്ങ് പറയണം.

ശ്രീ. കെ. രാജൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കാനുള്ള നടപടികളിലേയ്ക്ക് അതിവേഗം സഞ്ചരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഭരണത്തിൻകീഴിലാണ് നമ്മൾ നിൽക്കുന്നത്. ഇതെല്ലാം ദീർഘമായ വിഷയമാണ്. പക്ഷെ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് വിശദീകരിക്കുന്നില്ല. യഥാർത്ഥത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ത്യയുടെ കരുത്തും കരുതലുമായിരുന്നൊരു കാലമുണ്ട്. 1947-ൽ അധികാരം ഒഴിഞ്ഞ് ബ്രിട്ടീഷുകാർ പോകുമ്പോൾ കേവലം പതിനെട്ട് ആയുധ നിർമ്മാണശാലകൾ ഉൾപ്പെടെ ചുരുക്കം പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ന് അതിൽനിന്നും നമ്മൾ 331 പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്തി നിൽക്കുന്നൊരു കണക്ക്, ഇന്ത്യയുടെ പൊതുമേഖലാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് പിന്നിലുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. 1948-ൽ നാം ആദ്യത്തെ വ്യവസായ നയം പ്രഖ്യാപിച്ചത് മുതൽ പിന്തുടർന്ന എല്ലാ പഞ്ചവത്സര പദ്ധതികളിലും അഞ്ച് മുതൽ ഇരുപത്തിയഞ്ച് ശതമാനം വരെ പദ്ധതി വിഹിതം മാറ്റിവച്ചത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടിയാണ്. 1991-ൽ ആരംഭിച്ച നവ ലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി ആദ്യം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ തീരുമാനിച്ചു. പിന്നീട് ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും വിൽക്കാൻ തീരുമാനിച്ചു. എന്തിനേറെ പറയുന്നു, പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻവേണ്ടി ഒരു മിനിസ്ട്രിതന്നെ ഇന്ത്യയിലുണ്ടാക്കിയ ചരിത്രം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. Air India, BPCL (Bharat Petroleum Corporation Limited), LIC (Life Insurance

Corporation of India), IDBI (Industrial Development Bank of India) എന്നിവയുൾപ്പെടെ എല്ലാം വിൽപ്പനയ്ക്ക് ലിസ്റ്റ്ചെയ്ത് വച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് കേവലം അഞ്ച് കോടി രൂപയുടെ ആസ്തി മാത്രമുള്ള, 40 കോടി ജനങ്ങൾക്ക് പരിരക്ഷകൊടുത്തുകൊണ്ടിരിക്കുന്ന, 29,84,331 കോടി രൂപ ഇന്ത്യൻ സർക്കാരിന് സമ്മാനിച്ച, ഭൗതിക വികസന പ്രവർത്തനങ്ങളിൽ വലിയ നേട്ടം കൈവരിച്ച LIC-പോലും വിൽപ്പനയ്ക്ക് വച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ ശ്രീ. മുരുകൻ കാട്ടാക്കട എഴുതിയതുപോലെ, "വിൽപ്പനയ്ക്ക് നിരത്തിവച്ചതെല്ലാം വിത്താണെന്ന യാഥാർത്ഥ്യമാണ്" ഇവിടെ പറയേണ്ടിയിരിക്കുന്നത്. ഇക്കാര്യത്തിൽ ലോകത്തിന് മാതൃകയായ ബദൽ മാർഗ്ഗങ്ങൾ അവതരിപ്പിച്ച് കേരളം മാതൃക സൃഷ്ടിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലുള്ള ഇൻസ്ട്രുമെന്റേഷൻ ഫാക്ടറി വിൽക്കാൻ തീരുമാനിച്ചപ്പോൾ അത് ഏറ്റെടുക്കാൻ നമ്മുടെ ഗവൺമെന്റ് തീരുമാനിച്ചു. രാജസ്ഥാനിലെ കോട്ടയിലെ Instrumentation Factory-യുടെ തട്ടത്തിൽ പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ഫാക്ടറിയെക്കൂടി കൂട്ടിവയ്ക്കാൻ ശ്രമിച്ചെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനം കാരണം അത് ഏറ്റെടുക്കാൻ നമുക്ക് സാധിച്ചു. വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കുമെന്ന് ബഡ്ജറ്റിലൂടെ നടത്തിയ പ്രഖ്യാപനം കേരള ഗവൺമെന്റ് കൈക്കൊണ്ട ബദൽ മാർഗ്ഗങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട അനുഭവ സാക്ഷ്യമാണ്. ഞാൻ കണക്കുകൾ സൂചിപ്പിക്കുന്നില്ല. തിരുവനന്തപുരം എയർപോർട്ട് ഏറ്റെടുക്കാനുള്ള സന്നദ്ധത കേരള ഗവൺമെന്റ് ഇതിനകം അറിയിച്ചുകഴിഞ്ഞു. ഈ ബദൽ നയം അവതരിപ്പിക്കുന്ന സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുഴുവൻ ഭൂമിയും ഏറ്റെടുത്തുകൊടുത്തിട്ടുള്ളത് കേരള സർക്കാരാണ്. ഒന്നുകിൽ കേരള സർക്കാരിന്റെ സ്ഥലം, അല്ലെങ്കിൽ കേരള സർക്കാർ വിലയ്ക്ക് വാങ്ങിയിട്ടുള്ള സ്ഥലം. H.M.T.(Hindustan Machine Tools Limited), FACT (Fertilisers and Chemicals Travancore Limited), Port Trust, Cochin Shipyard, BPCL എന്നിവയും കേരളത്തിൽ അവസാന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുത്ത് കൈമാറിയ പാലക്കാട് കോച്ച് ഫാക്ടറി, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, തിരുവനന്തപുരം എയർപോർട്ടിന്റെ രണ്ടാംഘട്ടം, ബ്രഹ്മോസ് തുടങ്ങിയവയ്ക്കെല്ലാം സ്ഥലം ഏറ്റെടുത്ത് കൊടുക്കുമ്പോൾ, കേരളത്തിലൊരു വികസനം വരുമെന്നും അതിലൂടെ വേദന അനുഭവിക്കുന്ന ധാരാളംപേർക്ക് തൊഴിൽ ലഭിക്കുമെന്നും വികസനം ഉണ്ടാകുമെന്നുമൊക്കെ കേരളം കരുതിയിരുന്നു. പൊതുവെ കേരളത്തെ അവഗണിക്കുന്ന കേന്ദ്ര ഗവൺമെന്റ് നിലവിലുള്ള സ്ഥലങ്ങൾകൂടി വിറ്റുതുലയ്ക്കും എന്നുപറഞ്ഞാൽ അത് അതിഭീകരമായ സംഭവങ്ങളിലൊന്നാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി

വിറ്റ് സ്വകാര്യ കച്ചവടക്കാരെ ഏൽപ്പിക്കുന്നതോടെ കേരളത്തിന്റെ ഭൂമിയും സമ്പത്തും നഷ്ടപ്പെടുകയാണ്. യഥാർത്ഥത്തിൽ ഈ നടപടികളിലൂടെ ലക്ഷക്കണക്കിന് മനുഷ്യരാണ് കേരളത്തിൽ തൊഴിൽരഹിതരാകുന്നത്. നമ്മുടെ സംസ്ഥാനം നൽകിയ ഭൂമി വിറ്റുതുലയ്ക്കാൻ ഒരു കാരണവശാലും അധികാരത്തിന്റെ അഹങ്കാരം ഉപയോഗിച്ച് കേന്ദ്രഗവൺമെന്റിനെ അനുവദിച്ചുകൂടാ എന്നുള്ളതാണ് ഇതിലൂടെ ഞാൻ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എസ്.ബി.ഐ. അഞ്ച് പൊതുമേഖലാ ബാങ്കുകളെ അതിലേയ്ക്ക് ലയിപ്പിച്ചപ്പോൾ നിയമസഭ നടത്തിയ ചർച്ച ശരിയായിരുന്നുവെന്ന് ഇപ്പോൾ ബോദ്ധ്യപ്പെടുകയാണ്. ഈ സ്വകാര്യവൽക്കരണത്തിലൂടെ തൊഴിൽ സുരക്ഷിതത്വം പൂർണ്ണമായും നഷ്ടപ്പെടുമ്പോൾ കരാർ നിയമനങ്ങൾ പുതിയതായി കേരളത്തിൽ വരാൻപോകുകയാണ്. ലോകത്തിനുമുന്നിൽ അനിതര സാധാരണമായ ബദലുകൾ അവതരിപ്പിച്ച കേരളത്തിന് നഷ്ടപ്പെടുന്ന ഈ തൊഴിൽ സുരക്ഷിതത്വവും നമ്മുടെ സമ്പത്തും പണം ചെലവഴിച്ചുകൊണ്ട് ഏറ്റെടുത്തുകൊടുത്ത ഭൂമിയും തിരിച്ചുപിടിക്കാൻ നിയമനിർമ്മാണത്തിലൂടെയുള്ള ഒരു പരിശ്രമത്തിന് കേരള നിയമസഭ നേതൃത്വം നൽകുമോ? രണ്ടാമത്തെ ചോദ്യംകൂടി ചോദിക്കാനുള്ള അവസരമില്ല എന്നുള്ളതുകൊണ്ട് അതുംകൂടി ഉൾപ്പെടുത്തി സൂചിപ്പിക്കുകയാണ്, കേരളം ഏറ്റെടുത്തുകൊടുത്ത സ്ഥലങ്ങൾ ഒരു നിയമനിർമ്മാണത്തിലൂടെ മറ്റു സ്വകാര്യ കമ്പനികൾക്ക് വിൽക്കാൻ അനുവദിക്കാതെ തിരിച്ചുപിടിക്കുകയും പൗരത്വ ഭേദഗതി നിയമത്തിനെതിരായി അവതരിപ്പിച്ച പ്രമേയംപോലെ കേരളത്തിന്റെ വികാരം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന ഒരു പ്രമേയം അവതരിപ്പിച്ച് കേന്ദ്രത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്താനും കഴിയുമോയെന്നുള്ള കാര്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സർക്കാരിന്റെ മുന്നിൽ എനിക്ക് അവതരിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രാജ്യത്തിന്റെ സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്നതിന് നിർണായക സ്ഥാനമുള്ളവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. കമ്പോളങ്ങളിൽ ഇടപെടുന്നതിനും സേവന പ്രധാനമായ മേഖലകളിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. രാജ്യത്തിന്റെ ഖജനാവിനും നികുതിയിനത്തിലും ലാഭത്തിന്റെ അടിസ്ഥാനത്തിൽ വലിയ തുകകൾ ഇത്തരം സ്ഥാപനങ്ങൾ നൽകുന്നുമുണ്ട്. നമ്മുടെ അഭിമാനമായ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സമീപനം ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി ഉയർന്നുവന്നതാണ്. മുൻകാലത്ത് നഷ്ടത്തിന്റെ പേര് പറഞ്ഞ് അവരുടെ സേവനം കണക്കിലെടുക്കാതെ ഓഹരികൾ വിറ്റുതുലയ്ക്കുകയായിരുന്നു. ഇപ്പോഴാകട്ടെ ലാഭത്തിൽ

പ്രവർത്തിക്കുന്നവയെയും തന്ത്രപ്രധാന മേഖലയിലുള്ളവയെയും യാതൊരു തത്വദീക്ഷയുമില്ലാതെ വിറ്റഴിക്കുന്ന സ്ഥിതി നിലനിൽക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുതുലയ്ക്കൽ നയം രാജ്യത്തിന്റെ ഭാവിക്കും വികസനത്തിനും ഏറെ തടസ്സമായിത്തീരും. കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ വിവിധ മേഖലകൾ തുറന്നുകൊടുക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ ചുവടുപിടിച്ചുള്ള ഇത്തരം നയങ്ങൾ തിരുത്തിക്കുന്നതിലെ ഇടപെടൽ വിവിധ തലത്തിൽ ഉയർന്നുവരേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കാം*

(2) വൃക്കരോഗികൾക്ക് ആനുകൂല്യം

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിലുള്ള ആയിരക്കണക്കിന് വൃക്കരോഗികളുടെ അവസ്ഥ വളരെ ദയനീയമാണ്. കാരുണ്യ പദ്ധതി നിർത്തലാക്കിയതുമൂലവും അത് തുടങ്ങുന്നതിനുള്ള ആശയക്കുഴപ്പംമൂലവും ഡയാലിസിസ് രോഗികളും അവരുടെ കുടുംബങ്ങളും വലിയ ആശങ്കയിലാണ്. ഇത്തരം രോഗികൾ ജനപ്രതിനിധികളെയാണ് സമീപിക്കുന്നത്. ആഴ്ചയിൽ മൂന്ന് തവണ വരെ ഡയാലിസിസിന് വിധേയരാകുന്ന രോഗികളുണ്ട്. അപ്പോൾ ഒരു മാസത്തിൽ 12 തവണ ഡയാലിസിസിന് വിധേയമാകേണ്ടി വരുന്നുണ്ട്. ഒരു ഡയാലിസിസിന് 1000 രൂപ മുതൽ 2500 രൂപ വരെ പല ആശുപത്രികളിലും ഈടാക്കുന്നുണ്ട്. ഏകദേശം ഒരു മാസത്തിൽ ഒരു രോഗിക്ക് 30000 രൂപ വരെ ഡയാലിസിസിനുവേണ്ടി ചെലവഴിക്കേണ്ടതായി വരുന്നുണ്ട്. ജീവൻ നിലനിർത്താൻ വേണ്ടിയാണ് ഇവർ ഇത് ചെയ്യുന്നത്. ഇതിൽ ഭൂരിഭാഗം ആളുകളും ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ടവരാണ്. ഒരു ജനപ്രതിനിധിയെന്ന നിലയിൽ ഈ രോഗികളൊക്കെ നമ്മെ സമീപിക്കുമ്പോൾ പലപ്പോഴും നമ്മൾ നിസ്സഹായരായിപ്പോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. സർക്കാർ ഡയാലിസിസ് കേന്ദ്രങ്ങളിൽ രോഗികൾ ഇപ്പോൾ ക്യൂവിലാണ്. പല ആശുപത്രികളിലും ഒരു ഒഴിവ് വരാൻവേണ്ടി ആളുകൾ കാത്തിരിക്കുകയാണ്. ഒഴിവ് വരിക എന്നുപറഞ്ഞാൽ നിലവിൽ ഡയാലിസിസിന് വിധേയമായികൊണ്ടിരിക്കുന്ന ഒരു രോഗിയുടെ കിഡ്നി ഒന്നുകിൽ ട്രാൻസ്പ്ലാന്റ് ചെയ്ത് ഡയാലിസിസിൽനിന്നും ഒഴിവാകണം, അല്ലെങ്കിൽ നിലവിൽ ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു രോഗി മരണപ്പെടണം. എങ്കിൽ മാത്രമേ അവിടെ ഒരു ഒഴിവ് വരികയുള്ളൂ. അപ്പോൾ അങ്ങനെയൊരു ഒഴിവ് വരാൻവേണ്ടി നൂറുകണക്കിന് രോഗികളാണ് സർക്കാർ ഡയാലിസിസ് കേന്ദ്രങ്ങളിൽ കാത്തുനിൽക്കുന്നത്. അത് സാധിക്കാത്തതുകൊണ്ട്, അല്ലെങ്കിൽ അവർ കാത്തുനിന്നാൽ ജീവൻ

* അനുബന്ധമായി ചേർത്തിരിക്കുന്നു

നഷ്ടമാകുമെന്നുള്ളതുകൊണ്ട് അവർ സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടി വരികയാണ്. ഭീമമായ തുക അതിനുവേണ്ടി അവർ ചെലവാക്കുന്നുണ്ട്. ഇതിന് സമാനമായ രീതിയിലാണ് കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്ത ആളുകളുടെ അവസ്ഥയും. കാരണം, ഓരോ മാസവും തുടർചികിത്സയ്ക്കും മരുന്നുകൾക്കുമായി ആയിരക്കണക്കിന് രൂപ അവർക്ക് ചെലവഴിക്കേണ്ടിവരുന്നുണ്ട്. ഓരോ ദിവസവും ജനപ്രതിനിധികളായ ഞങ്ങളുടെ അടുത്തേയ്ക്ക് ഇത്തരത്തിലുള്ള ആളുകൾ വരുമ്പോൾ നിസ്സഹായരായി അവരുടെ മുമ്പിൽ എന്തു ചെയ്യണമെന്നറിയാതെ പകച്ച് നിൽക്കുകയാണ്. ഇത്തരം ദയനീയ സാഹചര്യത്തിലൂടെ കടന്നുപോകുന്ന രോഗികളുടെ കാര്യത്തിൽ നമ്മൾ കുറച്ചുകൂടി പരിഗണന നൽകേണ്ടതായിട്ടുണ്ട്. 40 ലക്ഷത്തോളം ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ഒരു മാസത്തിൽ 30,000-ത്തിലധികം തുക ഡയാലിസിസിനുവേണ്ടി ചെലവഴിക്കുന്ന ഈ രോഗികളെ ഇതുപോലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കേണ്ടതല്ലേ; കാരുണ്യ പദ്ധതിയെപ്പറ്റി ആശയക്കുഴപ്പം നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ ഡയാലിസിസ് രോഗികൾക്ക് അവരുടെ ഡയാലിസിസ് പൂർണ്ണമായും സൗജന്യമായി ചെയ്തുകൊടുക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കേണ്ടതാണ്. അതിനോടൊപ്പം, ഇതുസംബന്ധിച്ച് ഏകീകൃതമായ ഒരു രൂപം സംസ്ഥാനത്തില്ല എന്നുള്ളതാണ് ഇവിടെ നിലനിൽക്കുന്ന പ്രശ്നം. പല ആശുപത്രികളിലും വ്യത്യസ്തമായിട്ടുള്ള തുകയാണ് ഈടാക്കുന്നത്. ചില ആശുപത്രികളിൽ 1000 രൂപ ഈടാക്കുന്നുണ്ട്. 2500, 3000 രൂപ വരെ പല ഇനങ്ങളിലായി ഈടാക്കുന്ന ആശുപത്രികളുമുണ്ട്. ഇതൊക്കെ ഇത്തരം രോഗികളെ വലിയ ആശങ്കയിലാക്കുന്ന കാര്യങ്ങളാണ്. അത്തരം രോഗികളുടെ കുടുംബം വലിയ പരാധീനതയിലേയ്ക്ക് പോകുന്ന ഒരു കാഴ്ചയാണുള്ളത്. ഇവരൊക്കെ നമ്മളെ സമീപിക്കുമ്പോൾ ജനപ്രതിനിധികളായ നമ്മൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുകയാണ്. ഈ രോഗികളുടെ കാര്യത്തിൽ പ്രത്യേകമായൊരു പരിഗണന കൊടുത്തുകൊണ്ട് ഇവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനും ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള സൗകര്യവും സർക്കാർ ചെയ്തുകൊടുക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, രാവിലെ നമ്മൾ ചർച്ച ചെയ്തത് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചാണ്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യാഘാതമാണ് കിഡ്നി തകരാറിലാകുക എന്നുള്ളത്. മിക്കവാറും പ്രമേഹ

രോഗികളുടെ കിഡ്നിയാണ് തകരാറിലാവുന്നത്. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ഈ മേഖലയിൽ ഗവൺമെന്റ് ചെയ്തു. നേരത്തെ രോഗികൾ മുഴുവൻ സ്വകാര്യ മേഖലയിലാണ് ഡയാലിസിസ് നടത്താൻ പോയിരുന്നത്. വലിയ തോതിൽ പണം ഇതിനുവേണ്ടി ചെലവഴിച്ച് കുടുംബം വഴിയാധാരമാകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യത്തെ വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ തീരുമാനിക്കുകയും കെട്ടിടം പൂർത്തിയാകാത്തതിനാൽ 4 കേന്ദ്രങ്ങളിലൊഴികെ 40 ഡയാലിസിസ് സെന്ററുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. 10 മെഷീൻ വീതം അവിടെ സ്ഥാപിച്ചു. സർക്കാർ മേഖലയിൽ തുടങ്ങിയപ്പോൾ സ്വകാര്യമേഖലയിൽ പോയി കഷ്ടപ്പെട്ട ആളുകളൊക്കെ ഇങ്ങോട്ട് വന്നതിനാലാണ് ഇവിടെ ക്യൂ ആണെന്നു പറയുന്നത്. അപ്പോൾ ഇതിനകത്ത് ഇത്രയും ആളുകൾക്ക് ആനുകൂല്യം കിട്ടി; സ്വകാര്യ മേഖലയിലേയ്ക്ക് പോയിക്കൊണ്ടിരുന്ന ധാരാളം ആളുകൾ ഇനിയും വരാൻ ബാക്കിയുണ്ട്. എം.എൽ.എ ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, സർക്കാരിന്റെ പ്ലാൻ ഫണ്ട് എന്നിവകൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ തുടങ്ങുകയുണ്ടായി. ഇപ്പോൾ സർക്കാർ മേഖലയിൽ 83 സ്ഥാപനങ്ങളിൽ ഡയാലിസിസ് സെന്ററുകൾ ഉണ്ട്. ഇതൊന്നും പോരാത്ത ഒരവസ്ഥയാണുള്ളത്; ആയത് പരിശോധിക്കണം. വൃക്കരോഗം ബാധിച്ചവർക്ക് സഹായത്തിനുള്ള പദ്ധതിയാണ് സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കുന്ന സമാശ്വാസം പദ്ധതി. സമാശ്വാസം 1, സമാശ്വാസം 2 എന്നിങ്ങനെ രണ്ട് പദ്ധതികളാണുള്ളത്. സമാശ്വാസം 1-ൽ, മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്ന ബി.പി.എൽ. കുടുംബത്തിൽപ്പെട്ട രോഗികൾക്ക് പ്രതിമാസം 1100 രൂപ സഹായധനം നൽകിവരുന്നുണ്ട്. അതുപോലെതന്നെ 7000-ത്തിലേറെപ്പേർ സംസ്ഥാനത്ത് ഇതിന്റെ ഗുണഭോക്താക്കളാണ്. സമാശ്വാസം 2-ൽ വൃക്ക, കരൾ തുടങ്ങിയ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് 1000 രൂപ വീതം ധനസഹായം നൽകിവരികയാണ്. ഓപ്പറേഷൻ കഴിഞ്ഞ് 5 വർഷം വരെ 1000 രൂപ വച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ 9000-ത്തോളം വരുന്ന വൃക്കരോഗ ബാധിതർക്ക് സമാശ്വാസം പദ്ധതിയുടെ ഗുണഭോക്താക്കളായി ഈ സഹായം ഇപ്പോൾ നൽകി വരുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 26.98 കോടി രൂപ ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഭിന്നശേഷിക്കാരുടെ രീതിയിൽ പെൻഷൻ കൊടുക്കാൻ പറ്റില്ല. കാരണം, Disabilities Act അനുസരിച്ച് 21 ഇനം അംഗപരിമിത വിഭാഗങ്ങളാണുള്ളത്. അതിൽ ഈ വൃക്കരോഗികൾ ഉൾപ്പെടില്ല. അതുകൊണ്ട് ആ രീതിയിലുള്ള പെൻഷൻ കൊടുക്കാൻ സാധിക്കില്ല.

കാരുണ്യ പദ്ധതിയെ സംബന്ധിച്ച് ഒരു തെറ്റിദ്ധാരണയും വേണ്ട, കാരുണ്യ ഫണ്ട് വഴിയുള്ള ആനുകൂല്യവും കാസ്പ് വഴിയുള്ള ആനുകൂല്യവും കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് പറഞ്ഞതനുസരിച്ച് ഇവർക്ക് കൊടുക്കുന്ന ആനുകൂല്യം 1000 രൂപ അല്ലെങ്കിൽ 1100 രൂപയാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചത് 30000 രൂപ വരെ ഒരു മാസം ഇവർക്ക് ചെലവ് ചെയ്യേണ്ടതായി വരുന്നുണ്ടെന്നാണ്. അങ്ങനെയുള്ള ആളുകൾക്ക് ഈ തുക വളരെ തുച്ഛമാണ്. അതുകൊണ്ട് അത് പ്രത്യേകമായി കാണേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 40 ലക്ഷത്തോളം ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കുന്ന നാടാണ് നമ്മുടേത്. കേരളത്തിലെ ഏകദേശം 50000 അല്ലെങ്കിൽ ഒരു ലക്ഷത്തിനടുത്തുള്ള ഏറ്റവും പാവപ്പെട്ട രോഗികളായിരിക്കും ഡയാലിസിസ് രോഗികളായി വരുന്നത്. ഈ രോഗികൾക്ക് പ്രത്യേകമായി ഒരു സുരക്ഷാ പെൻഷൻ നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. അതുപോലെതന്നെ അവർക്ക് അംഗപരിമിതരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. അത് കേന്ദ്രസർക്കാരുമൊക്കെയായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യമാണ്. സ്വാഭാവികമായും ഒരു കിഡ്നി പരാജയപ്പെട്ട രോഗി എന്നുപറയുന്നതിനാൽ അവരെ അംഗപരിമിതരുടെ ഗണത്തിൽത്തന്നെ പെടുത്തേണ്ടതാണ്. കാരണം, അവരുടെ കിഡ്നി മാറ്റിവച്ചെങ്കിൽ മാത്രമേ അവർക്ക് ആ രോഗത്തിൽനിന്നും വിമുക്തി നേടാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ മരണംവരെ ഡയാലിസിസിന് വിധേയമാകേണ്ട സാഹചര്യമാണ്. അതിനാൽ അവർക്ക് അത്തരത്തിലുള്ള മറ്റ് ആനുകൂല്യങ്ങളുംകൂടി ലഭ്യമാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പെൻഷന്റെ പേര് പറയുന്നില്ല എന്നേയുള്ളൂ. പ്രതിമാസ ആനുകൂല്യമാണ് കൊടുക്കുന്നത്. പക്ഷെ അവരെ ഭിന്നശേഷിക്കാരുടെ പട്ടികയിൽപ്പെടുത്താൻ നമുക്ക് സാധിക്കില്ല. അതിൽ സെൻട്രൽ ആക്റ്റനുസരിച്ച് പറഞ്ഞിട്ടുള്ള വിഭാഗത്തെ മാത്രമേ ഉൾപ്പെടുത്തുകയുള്ളൂ. ഇത്രയും നേരം പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളിലും ഞാൻ സൂചിപ്പിച്ചത് കിഡ്നി സംബന്ധമായ പ്രശ്നമുള്ള ആളുകൾക്കുവേണ്ടി ഗവൺമെന്റ് മൂന്നരവർഷംകൊണ്ട് ചെയ്തിട്ടുള്ള വലിയ കാര്യങ്ങളാണ്. അത് തുടരും, കൂടുതൽ സഹായം ചെയ്യാൻ കഴിയുന്ന സമയത്ത് അതും പരിഗണിക്കാം. പെൻഷന്റെ കാര്യം നമുക്ക് മാത്രമായി തീരുമാനിക്കാൻ പറ്റില്ല.

മി. സ്പീക്കർ: സബ്മിഷനുകൾ ഒരു മിനിട്ടുകൊണ്ട് അവതരിപ്പിക്കണം. വളരെ അത്യാവശ്യമുള്ള കാര്യങ്ങൾ മാത്രം പറയണം. മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചാൽ മതിയാകും.

# IV സബ്മിഷൻ

## (1) ഖാദി മേഖലയിലെ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഖാദി മേഖലയിലെ പ്രശ്നങ്ങളാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഇന്നലെ അവരുടെ വലിയൊരു സമരം ഇവിടെയുണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ ഓണത്തിന് മുമ്പ് അവരുടെ റിബേറ്റ് കൊടുക്കാമെന്ന് പറഞ്ഞതാണ്. ഏതാണ്ട് 48 കോടിയോളം രൂപയാണ് ഈ ഇനത്തിൽ അവർക്ക് കൊടുക്കാനുള്ളത്. ഇതുവരെ അത് കൊടുത്തിട്ടില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെ തന്നെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദി തുണിത്തരങ്ങളുടെ 50% എങ്കിലും സർക്കാർ ആശുപത്രികൾ, ടൂറിസം വകുപ്പ്, സ്കൂൾ യൂണിഫോം എന്നിവയ്ക്കായി വാങ്ങണം, ഖാദി മേഖല ആധുനികവത്ക്കരിക്കണം, ഖാദിക്ക് ജി.എസ്.ടി. ഒഴിവാക്കണം തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളത്. ബാക്കി ആവശ്യങ്ങൾ അവിടെ നിൽക്കട്ടെ, അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഉറപ്പുനൽകിയ റിബേറ്റ് കുടിശ്ശിക നൽകാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനങ്ങളല്ലാതെ ഒന്നും നടക്കുന്നില്ല. അങ്ങേയ്ക്കെങ്കിലും അത് ബോധ്യപ്പെട്ടുകാണുമെന്ന് ഞാൻ കരുതുകയാണ്. ഖാദി മേഖലയിൽ പണിയെടുക്കുന്നത് പാവപ്പെട്ട തൊഴിലാളികളാണ്. അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി കഴിയാവുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ഖാദി തൊഴിലാളികളുടെ ഉത്സവബത്ത 1500 രൂപയായി വർദ്ധിപ്പിച്ചു. അവരുടെ വേതനം 2019 ആഗസ്റ്റ് മുതൽ പരിഷ്കരിച്ചിട്ടുണ്ട്. അതിനായി 21 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഉത്സവബത്തയും അതിന്റെ പ്രോത്സാഹനത്തിന്റെ ഭാഗമായിട്ടുള്ള 5 കോടി രൂപയും നൽകിയിട്ടുണ്ട്. 2019-2020 വർഷത്തിൽ ഡിസംബർ 31 വരെ ബോർഡിനു കീഴിലുള്ള വിൽപ്പന കേന്ദ്രങ്ങൾ വഴി 36.84 കോടി രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. ഈ തരത്തിൽ വിൽപ്പനയെ പ്രോത്സാഹിപ്പിച്ചും ഉല്പാദനം വർദ്ധിപ്പിച്ചും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ടുമുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ റിബേറ്റ് കുടിശ്ശികയുണ്ട്. 44 കോടി രൂപ കുടിശ്ശിക കൊടുത്തുതീർക്കാൻ ബാക്കിയുള്ളതാണ്. കഴിഞ്ഞ മാസം അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തി 10 കോടി രൂപ ലഭിക്കുകയും അത് ഖാദി

ബോർഡിന് നൽകുകയും ചെയ്തിട്ടുണ്ട്. ഖാദി സ്ഥാപനങ്ങൾക്കുതന്നെ അതിൽ 8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനിയും അവശേഷിക്കുന്ന തുക നൽകുന്നതിനുവേണ്ടി കഴിയാവുന്ന എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ സാമ്പത്തിക പ്രശ്നം, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ എന്നിവയെല്ലാമാണ് ഈ കാലതാമസത്തിന്റെ കാരണം. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

(2) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരുടെ ശമ്പള വിതരണം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ആസൂത്രണ നിർവ്വഹണവുമായി ബന്ധപ്പെട്ടുവരുന്ന കണക്കുകൾ ശേഖരിക്കുന്ന വകുപ്പാണ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്. 2500-ഓളം ജീവനക്കാരുള്ളതിൽ ഏകദേശം ആയിരത്തോളം ജീവനക്കാർ സർക്കാരിന്റെ വിവിധ പദ്ധതികളിൽ പ്രവർത്തിക്കുന്നവരാണ്. 1500-ഓളം ആളുകൾ നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്ടുകൾ ചെയ്യുന്നവരാണ്. പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റംവഴി അവരുടെ ശമ്പള വിതരണം നടപ്പിലാക്കുമ്പോൾ അതിൽ ചില പരിമിതികളും പ്രശ്നങ്ങളുമെല്ലാമുണ്ട്. സർക്കാർ ഇപ്പോഴെടുത്തിരിക്കുന്ന നിലപാട് കാരണം ഒരുപക്ഷെ ഇവർക്ക് കേന്ദ്രത്തിൽനിന്നും കിട്ടേണ്ട ശമ്പളത്തിന്റെ വിഹിതം മുടങ്ങുമോയെന്നുള്ള ഭീതി ഈ 1500-ഓളം ജീവനക്കാർക്കുണ്ട്. അതോടൊപ്പംതന്നെ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ശിപാർശപ്രകാരം ഈ ഡിപ്പാർട്ട്മെന്റിൽ കാര്യങ്ങൾ ഏകീകരിക്കുവാനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമുള്ള കാര്യങ്ങൾ ഏറ്റെടുക്കുവാനുമെല്ലാം ഒരു സീനിയർ സിവിൽ സർവ്വീസ് കേഡറിലുള്ള ഉദ്യോഗസ്ഥൻ വേണമെന്നുള്ള അഭിപ്രായമാണ് കമ്മീഷൻ പറഞ്ഞിട്ടുള്ളത്. ഈ രണ്ട് കാര്യങ്ങളും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജീവനക്കാരുടെ ഈ വിഷയത്തിലുള്ള ഭീതി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. അതിന്റെ ഗൗരവത്തിൽത്തന്നെ പരിഗണിക്കുന്നതാണ്.

(3) സാമ്പത്തിക സംവരണം

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാന സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 10 ശതമാനം ഇ.ഡബ്ല്യു.എസ്. സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. ഭരണഘടനാ

ഭേദഗതിയിലൂടെ കേന്ദ്ര സർക്കാർ 2019 ജനവരിയിൽ കൊണ്ടുവന്ന സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള 10% സംവരണം കേരളത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് കേരള സർക്കാർ പുറപ്പെടുവിച്ചത് 2020 ജനവരിയിൽ മാത്രമാണ്. എന്നാൽ ഇത് നടപ്പിൽ വരുത്താനാവശ്യമായ തുടർ നടപടികളൊന്നുംതന്നെ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ കാലയളവിൽ നിരവധി തസ്തികകളിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷാ നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തിട്ടുണ്ട്. ഏറ്റവുമൊടുവിലായി 250 തസ്തികകളിലേയ്ക്ക് പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതിന്റെ കാലാവധി ഈ മാസം 5-ാം തീയതിയായിരുന്നു. ഞാൻ ഈ സബ്മിഷൻ അതിനുമുമ്പ് കൊടുത്തിരുന്നതാണ്. പക്ഷെ ഇപ്പോഴാണ് വന്നത്. അതിലും ഈ വിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട സംവരണം ലഭിക്കുവാനായിട്ടുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല. കഴിഞ്ഞ ഒരു വർഷത്തോളമായി ഈ വിഷയം നമ്മുടെ പരിഗണനയിലുള്ളതാണ്. പക്ഷെ നിയമനങ്ങൾ നടക്കുന്നു, പി.എസ്.സി.-യുടെ വിജ്ഞാപനങ്ങൾ വരുന്നു. അവിടെയൊന്നും മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സംവരണം ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമായി കേരളത്തിൽ തുടരുകയാണ്. അതുകൊണ്ട് ഇപ്പോൾ പി.എസ്.സി. പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനത്തിലും പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പുറപ്പെടുവിച്ചിട്ടില്ലാത്ത ലിസ്റ്റുകളിലുമെല്ലാം ഈ സംവരണം മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ സംവരണം എങ്ങനെ നടപ്പാക്കാമെന്നതിനെക്കുറിച്ച് പരിശോധിക്കാൻ റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷൻ 29-11-2019-ൽ റിപ്പോർട്ട് നൽകി. 3-1-2020-ൽ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. പി.എസ്.സി.-യുമായി ആലോചിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ ഇത് പ്രാബല്യത്തിൽ വരുത്താൻ കഴിയും. അക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# V അറിയിപ്പ്

## സോഫ്റ്റ്കോപ്പി ലഭ്യമാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിനും സബ്മിഷനും ബഹുമാനപ്പെട്ട മന്ത്രിമാർ നൽകുന്ന മറുപടികളുടെ സോഫ്റ്റ്കോപ്പി ലഭ്യമാകാത്തതുകൊണ്ട് ഇപ്പോൾത്തന്നെ സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യാൻ പ്രയാസമുണ്ട്. അത് ലഭ്യമാക്കണം. ഉത്തരം സഭയിൽ പറഞ്ഞയുടനെതന്നെ അതിന്റെ സോഫ്റ്റ്കോപ്പി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാരോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ചെയ്താൽ എല്ലാവർക്കും മറുപടി അപ്പോൾത്തന്നെ സിസ്റ്റത്തിൽ ലഭ്യമാകും.

# സബ്മിഷൻ (തുടർച്ച)

## (4) ജലവിതരണ പദ്ധതികൾക്കുള്ള ഫണ്ട്

ശ്രീ. രാജു എബ്രഹാം: സർ, വരൾച്ച രൂക്ഷമായതോടെ കേരളത്തിലെ, വിശേഷിച്ച് മലയോര പ്രദേശങ്ങൾ, കാസർഗോഡ് മുതൽ പാറശ്ശാല വരെ രൂക്ഷമായ വരൾച്ചയുടെ പിടിയിലാണ്. സ്വകാര്യ ടാങ്കർ ലോറികൾ കോടിക്കണക്കിന് രൂപയുടെ കച്ചവടം നടത്തുകയാണ്. സാധാരണഗതിയിൽ ജില്ലാ കളക്ടർമാർക്ക് ഫെബ്രുവരി മാസം കുറച്ച് ഫണ്ട് നൽകാറുണ്ട്. പഞ്ചായത്തുകളിൽനിന്നും പട്ടിക തയ്യാറാക്കി, വില്ലേജ് ഓഫീസർമാർ പരിശോധിച്ച് അവിടെയാണ് ടാങ്കർ ലോറിയിൽ വെള്ളം വിതരണം ചെയ്യുന്നത്. അതിനുള്ള സത്വര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അവരുടെ അറ്റകുറ്റപ്പണി നടത്തണം. അതിന് അവർക്ക് ഫണ്ട് നൽകണം. വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകൾ മെച്ചപ്പെടുത്താൻ വരൾച്ചക്കാലത്താണ് ഫണ്ട് നൽകാറുള്ളത്. അതും നമുക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. ഇനിയും താമസിക്കാതെ അടിയന്തരമായി ജില്ലാ കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസത്തിനുള്ള ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് തീരുമാനമെടുത്താണ് വരൾച്ച സംസ്ഥാന വ്യാപകമായി ദുരന്തമായി പ്രഖ്യാപിക്കാറുള്ളത്. 2019-ലെ കാലവർഷത്തിലെയും തുലാവർഷത്തിലെയും മഴയുടെ അളവ് പരിശോധിക്കുമ്പോൾ 2007-ൽ കേന്ദ്ര സർക്കാർ പരിഷ്കരിച്ച് ഇറക്കിയ ഉത്തരവനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ

ഇപ്പോൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത് വളരെ കർശനമായി നടപ്പാക്കണമെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാഹചര്യം നമ്മെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. എന്നാൽ വരൾച്ചാ സമയത്ത് റവന്യൂ വകുപ്പ് നടത്തുന്ന കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി എല്ലാവിധ സജ്ജീകരണങ്ങളും നടത്തിവരികയാണ്. അതിനാവശ്യമായ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണെങ്കിലും ഇത് നിലവിൽ സാമാന്യേന മെച്ചപ്പെട്ട സ്ഥിതിയിലാണ്. അതോടൊപ്പംതന്നെ ഇത്തരം പ്രവൃത്തി വാട്ടർ അതോറിറ്റി ഇപ്പോൾ നടത്തിവരുന്നുണ്ട്. ഈ കാര്യത്തിനായി ഇപ്പോൾ ദുരന്ത പ്രതികരണ നിധിയിൽനിന്ന് ജില്ലകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നിർദ്ദേശമനുസരിച്ച് വലിയ തടസ്സം നിലനിൽക്കുകയാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റ് സ്വാഭാവികമായും ഇവിടെ ചെയ്യാറുള്ളതുപോലെ വെള്ളം വിതരണം ചെയ്യാനുള്ള നടപടികളുമായി മുന്നോട്ടുപോകും.

### (5) ഭൂമിയുടെ ന്യായവില പുനർനിർണ്ണയം

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലത്തിലെ വെച്ചൂർ വില്ലേജിലെ ജനങ്ങൾ അനുഭവിക്കുന്ന അതീവ ഗുരുതരമായ പ്രശ്നം സഭയുടെ മുന്നിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. വെച്ചൂർ വില്ലേജ് അപ്പർ കുട്ടനാടൻ കൃഷിയിടങ്ങളും അവികസിതമായ പ്രദേശങ്ങളും ഉൾപ്പെടുന്ന ഒരു ഗ്രാമമാണ്. എന്നാൽ അവിടെ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന ന്യായവില അസാധാരണമാംവിധം കൂടുതലാണ്. മാത്രമല്ല, ന്യായവില നിശ്ചയിക്കുന്നതിന് മറ്റനേകം ന്യൂനതകളുമുണ്ട്. പ്രധാന റോഡിന്റെ ഇരുവശവും നിശ്ചയിച്ചിരിക്കുന്ന ന്യായവില തന്നെയാണ് ഉൾപ്രദേശങ്ങൾക്കും നിശ്ചയിച്ചിരിക്കുന്നത്. വെച്ചൂർ വില്ലേജിന്റെ പകുതിയിലധികം സർവ്വേ നമ്പരിൽപ്പെട്ട വസ്തുക്കളും കരിനിലം ഉൾപ്പെട്ട കൃഷിഭൂമിയാണ്. വസ്തുവിന്റെ വാണിജ്യ പ്രാധാന്യം, പി.ഡബ്ല്യു.ഡി. റോഡ് സൗകര്യം, പഞ്ചായത്ത് റോഡ് സൗകര്യം, തരിശു നിലം എന്നിങ്ങനെ ഇനം തിരിച്ച് ഫെയർ വാല്യു ഇതുവരെ നിശ്ചയിച്ചിട്ടില്ല. മാത്രമല്ല, ഈ വില്ലേജിന്റെ അതിർത്തി പങ്കിടുന്ന കല്ലറ, തലയാഴം, ആർപ്പൂക്കര, അയ്മനം തുടങ്ങിയ വില്ലേജുകളിലെ ന്യായവിലയുമായി താരതമ്യം ചെയ്യുമ്പോൾ വെച്ചൂർ വില്ലേജിലെ വസ്തുവിന്റെ ന്യായവില വളരെ ഉയർന്നതായി ബോധ്യപ്പെടുന്നതാണ്. ഈയൊരു സാഹചര്യം കണക്കിലെടുത്തുകൊണ്ട് വെച്ചൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർ നിർണ്ണയിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിലവിലെ നെൽവയൽ നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുകയെന്ന ഉദ്ദേശത്തോടെ 2010-ലെ ന്യായവില നിർണ്ണയത്തിൽ സ്വീകരിച്ച മാനദണ്ഡങ്ങൾക്കുപരിയായി പ്രസ്തുത വിഷയത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്റെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ ഉപകാറ്റഗറികൾകൂടി പരിഗണിച്ച് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതോടെ വെച്ചൂർ പ്രദേശത്തെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നതാണ്.

(6) തസ്തികകളുടെ തുടർച്ചാനുമതി

ശ്രീ. സി. ദിവാകരൻ: സർ, സംസ്ഥാനത്തെ 32 ലാൻഡ് അക്വിസിഷൻ ഓഫീസുകളിലെ 463 തസ്തികകൾക്ക് 2019 മുതൽ തുടർച്ചാനുമതി അവസാനിച്ചിരിക്കുകയാണ്. അത് പുതുക്കി നൽകാത്തതുകൊണ്ട് 463 ജീവനക്കാർക്ക് 2020 ജനുവരി മുതൽ വേതനം ലഭിക്കുന്നില്ല. അതിനുള്ള പരിഹാരം കാണണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പരിഹരിക്കേണ്ട ഒരു പ്രശ്നം തന്നെയാണിത്. അത് ഗൗരവത്തിൽ കൈകാര്യം ചെയ്യും. പക്ഷെ ഇതിലുള്ള പ്രശ്നം, അപേക്ഷ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ചില വിവരങ്ങൾ കൂടുതലായി കിട്ടേണ്ടതുണ്ട്. ഞാൻ വേണമെങ്കിൽ അത് മുഴുവനും വായിക്കാം, വളരെ നീണ്ട ലിസ്റ്റുണ്ട്. 32 ലാൻഡ് അക്വിസിഷൻ ഓഫീസുകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ്, സർക്കാർ ഇതര സ്ഥാപനങ്ങൾ നടത്തുന്നതിലേയ്ക്കായിട്ടുള്ള ലാൻഡ് അക്വിസിഷൻ യൂണിറ്റിന്റെ കാര്യത്തിൽ ഓരോ യൂണിറ്റിന്റെയും എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ്, കണ്ടിജൻസി ചാർജ്ജിനത്തിൽ ഓരോ വർഷവും ചെലവായിട്ടുള്ള തുക, റീ-ഇംബേഴ്സ് ചെയ്ത തുക സംബന്ധിച്ച വിശദാംശങ്ങൾ....

മി. സ്പീക്കർ: അങ്ങ് ടേബിൾ ചെയ്തശേഷം സോഫ്റ്റ്കോപ്പി ലഭ്യമാക്കിയാൽ മതിയാകും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വായിക്കുന്നില്ല. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ആവശ്യപ്പെട്ടിരുന്നു. അത് 28-10-2019-ലാണ് ആവശ്യപ്പെട്ടത്. അത് കിട്ടിക്കഴിഞ്ഞാലുടനെതന്നെ ബഹുമാനപ്പെട്ട മെമ്പറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഈ വിഷയം കൈകാര്യം ചെയ്യുന്നതാണ്. ഇത് കിട്ടിക്കഴിഞ്ഞപ്പോൾ വീണ്ടും ഒരു റിമൈൻഡർ അയച്ചിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, ...(മൈക്ക് ഓഫ്)... അവർ സർക്കാരിന്റെ ജീവനക്കാരാണ്.

ഡോ. ടി. എം. തോമസ് ഐസക്: അതെ. പക്ഷെ ഫയലിൽ തീരുമാനമെടുക്കുമ്പോൾ രേഖകൾ വേണ്ടേ. അതല്ലാതെ മനോധർമ്മം വച്ച് ചെയ്യാൻ പറ്റുമോ. അടിയന്തരമായി ആവശ്യപ്പെട്ട് വീണ്ടും കത്ത് കൊടുത്തിട്ടുണ്ട്. മറുപടി പറയുന്നതിനു മുമ്പുതന്നെ അത് ചെയ്തിട്ടുണ്ട്.

(7) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ചില പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണിത്. ഇന്ന് തെക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരാശുപത്രിയായി ഈ ആശുപത്രി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രത്യേക പരിഗണന നെയ്യാറ്റിൻകര ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്. ഈ മാസം 20-ാം തീയതി മുതൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് യൂണിറ്റുകളുള്ള ആശുപത്രിയായി നെയ്യാറ്റിൻകര ജനറൽ ആശുപത്രി മാറുകയാണ്. 2016-ൽ അവിടെ ഒ.പി.-യിൽ വന്ന രോഗികളുടെ എണ്ണം 1400 ആയിരുന്നുവെങ്കിൽ ഇന്നിപ്പോൾ ഒ.പി.-യിൽ വരുന്നത് 3000-ത്തിലധികം രോഗികളാണ്. ഐ.പി.-യിൽ ഏകദേശം 500-ലധികം ആളുകളെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുന്നു. പക്ഷെ ഇപ്പോൾ ആകെ 40 ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നത്. രാത്രികാലങ്ങളിൽ അസാൾട്ട് കേസും ആൽക്കഹോളിക് കേസുകളും അപകടത്തിൽപ്പെട്ട കേസുകളും ഒക്കെ വരുമ്പോൾ പലപ്പോഴും ചികിത്സിക്കാനാവശ്യമായ സർജന്മാരുടെ അപര്യാപ്തതമൂലം മറ്റാശുപത്രികളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന ഒരു രീതിയിലേയ്ക്ക് മാറുന്നുണ്ട്. നമുക്കറിയാം നെയ്യാറ്റിൻകര ആശുപത്രിയേക്കാൾ പകുതിയിൽതാഴെ ഒ.പി.-യും ഐ.പി.-യും പ്രവർത്തിക്കുന്ന പല ആശുപത്രികളിലും 100-120 വരെ ഡോക്ടർമാർ നിലവിലുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഒരു പരിശോധന നടത്തി ആവശ്യമായ റീ-അറേഞ്ച്മെന്റ് നടത്തണം. കേരളത്തിലെ ആശുപത്രികളുടെ നിലവിലെ അവസ്ഥ പരിശോധിച്ചാൽ ഇത്തരം അസമത്വം പരിഹരിക്കാൻ സാധിക്കും. അവിടെ 2018-ൽ ബ്ലഡ് ബാങ്ക് അനുവദിച്ചതാണ്. പത്തോളജി വിഭാഗം ഡോക്ടർ ഇല്ലാത്തതുകൊണ്ട് തുടർന്ന് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇക്കാര്യങ്ങളിൽ അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവിടെ വളരെയേറെ രോഗികൾ വരുന്നുണ്ട്. നല്ല മാറ്റം അടുത്ത കാലത്തായി ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. അക്കാര്യം നന്നായി ശ്രദ്ധിക്കുന്നുമുണ്ട്. അതുപോലെ ജില്ലാ പഞ്ചായത്ത് ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള മാറ്റം അവിടെ നന്നായിട്ടുണ്ട്. 40 ഡോക്ടർമാരാണ് അവിടെയുള്ളത് എന്നുപറഞ്ഞത് ശരിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടെ 6 തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ 7 ഡോക്ടർമാരടക്കം എൻ.എച്ച്.എം.-ൽനിന്ന് 20 പേരെയും നിശ്ചയിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിൽ പ്രയാസമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മറ്റ് അറേഞ്ച്മെന്റുകൾ നടത്തിക്കൊണ്ട് നെയ്യാറ്റിൻകര ആശുപത്രിയെ കൂടുതൽ നല്ല രീതിയിൽ സഹായിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുവേണ്ടി ഒരു ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക ആവശ്യമുണ്ട്. അക്കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ബ്ലഡ് ബാങ്ക് അടിയന്തരമായി തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(8) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. 2008-ലാണ് മലപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തത്. 12 വർഷത്തോളമായിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ജീവനക്കാരുടെ എണ്ണത്തിലും ഈ ആശുപത്രി വളരെ പുറകിലാണ്. 116 കിടക്കകളുള്ള ആശുപത്രിയിൽ ദിവസവും 1000-1200 വരെ രോഗികൾ ചികിത്സയ്ക്കെത്തുന്നുണ്ട്. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിൽപ്പോലും ജില്ലാ ആസ്ഥാനത്തുള്ള ഈ താലൂക്ക് ആശുപത്രിയിൽ അതിന്റെ പ്രാരംഭ നടപടികളൊന്നും ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇതിനുകൂടി സൗകര്യപ്രദമായ രീതിയിലുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുവരികയാണ്. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ ഡയാലിസിസ് സെന്റർ ആരംഭിക്കണമെങ്കിൽ പ്രാരംഭ നടപടികൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. മലപ്പുറം

ജില്ലയിലൂൾപ്പെടെ സംസ്ഥാനത്ത് കിഡ്നി രോഗം ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അവർക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. അതുകൊണ്ടാണ് സർക്കാർതന്നെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചത്. ഇക്കാര്യത്തിൽ അടിയന്തര പരിഗണന നൽകി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

കാരുണ്യ ഫാർമസി ആരംഭിക്കണമെന്ന ആവശ്യം നിരന്തരം ഉയർന്നുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്കും ആരോഗ്യ വകുപ്പ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടും നടപടിയുണ്ടായിട്ടില്ല. അതുകൊണ്ട് കാരുണ്യ ഫാർമസി എത്രയും പെട്ടെന്ന് ആരംഭിച്ച് സാധാരണക്കാർക്ക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനമൊരുക്കണം.

ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രസ്തുത ആശുപത്രിയിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഫോറൻസിക് സർജന്റെ തസ്തികയില്ലാത്തതുകൊണ്ട് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി എത്തിക്കുന്ന പല മൃതശരീരങ്ങളും പോസ്റ്റ്മോർട്ടം ചെയ്യാൻ കഴിയാതെവരികയും മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകേണ്ടതായും വരുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് അടിയന്തരമായി ഒരു ഫോറൻസിക് സർജനെ താലൂക്ക് ആശുപത്രിയിൽ നിയമിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇത്തരം വിഷയങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തും ജില്ലാ ആസ്ഥാനത്തെ പ്രധാന ആശുപത്രിയെന്ന നിലയിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൂടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മലപ്പുറം താലൂക്ക് ആശുപത്രി അപ്ഗ്രേഡ് ചെയ്തുവെങ്കിലും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് പൂർണ്ണമായും എത്തിയിരുന്നില്ല. ഈ ഗവൺമെന്റ് വന്നശേഷം അവിടെ അഞ്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ NHM മുഖേന കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ- 2, സ്റ്റാഫ് നഴ്സ്-6, ലാബ് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെയും പുതുതായി നിയമിച്ചിട്ടുണ്ട്. 3.45 കോടി രൂപ ചെലവിൽ ഒരു പുതിയ ബ്ലോക്ക് നിർമ്മാണം പുരോഗമിച്ചുവരികയാണ്. 67 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ലേബർ വാർഡ് ലക്ഷ്യനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന

നടപടിയും ചെയ്തുവരികയാണ്. അവിടെ ഒരു ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ഉണ്ട്. ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ഒരു മാനദണ്ഡമുണ്ട്. ആ മാനദണ്ഡം അവിടെ ബാധകമാകുന്നില്ല. ബ്ലഡ് സ്റ്റോറേജ് യൂണിറ്റും ഫാർമസിയും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാനസൗകര്യ വികസനം പൂർത്തിയാകുന്നതോടുകൂടി ഡയാലിസിസ് യൂണിറ്റിന്റെ കാര്യം ആലോചിക്കാമെന്നാണ് പറഞ്ഞിരുന്നത്. അടിസ്ഥാനസൗകര്യ വികസനം പൂർണ്ണമാവുകയാണ്. അക്കാര്യം പ്രത്യേക പ്രൊപ്പോസലായി ഏറ്റെടുത്ത് പരിശോധിക്കാം. കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് അപേക്ഷ തന്നിട്ടുണ്ട്. സാമ്പത്തിക പ്രശ്നമുള്ളതുകൊണ്ടാണ്, എങ്കിലും ആദ്യം ഡയാലിസിസ് യൂണിറ്റിന്റെ കാര്യം പരിഗണിക്കാം. കാരുണ്യ ഫാർമസിയുടെ കാര്യം തുടർന്ന് പരിശോധിക്കാം.

(9) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ജോയി: സർ, വർക്കലയുടെ വികസന പ്രവർത്തനത്തിന് ഏറെ തടസ്സമായി നിൽക്കുന്നത് രണ്ട് റെയിൽവേ ഗേറ്റുകളാണ്. ഒന്ന് ഇടവ റെയിൽവേ ഗേറ്റും മറ്റൊന്ന് വർക്കല പുന്നമൂട് റെയിൽവേ ഗേറ്റും. ഇടവ റെയിൽവേ ഗേറ്റ് അടയ്ക്കുമ്പോൾ കാപ്പിൽ പ്രദേശത്തേയ്ക്കും പരവൂരിലേയ്ക്ക് പോകുന്ന ഭാഗത്തേയ്ക്കും പൂർണ്ണമായും ആളുകൾക്ക് പോകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ലോകഭൂപടത്തിൽ വർക്കല വിനോദ സഞ്ചാരകേന്ദ്രമാണ്. അതിന്റെ സെക്കന്റ് ഫേസായിട്ടാണ് കാപ്പിൽ ബീച്ച് മാറിയിരിക്കുന്നത്. കടലും കായലും ഒരുമിച്ച് ചേരുന്ന പൊഴിമുഖം കാപ്പിലാണ്. ഇവിടെ സഞ്ചാരികൾക്ക് പോകാൻ സാധിക്കാത്ത സ്ഥിതിയുമുണ്ടാകും. ശിവഗിരി തീർത്ഥാടന സമയത്ത് ലക്ഷക്കണക്കിന് ഭക്തജനങ്ങളും വാഹനങ്ങളും വരാറുണ്ട്. പുന്നമൂട് റെയിൽവേ ഗേറ്റ് അടഞ്ഞുപോയാൽ ഇരുദിശയിലേയ്ക്കും പോകാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടാണ് മേൽപ്പാലങ്ങളെ സംബന്ധിച്ച പദ്ധതി സമർപ്പിച്ചിട്ടുള്ളത്. അത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. ജോയി ഉന്നയിച്ച ഇടവ റെയിൽവേ മേൽപ്പാലത്തിന്റെയും പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെയും സ്ഥിതി താഴെപ്പറയുംപ്രകാരം അറിയിക്കുകയാണ്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് ഈ രണ്ട് മേൽപ്പാലങ്ങളും നിർമ്മിക്കുന്നത്. രണ്ട് മേൽപ്പാലങ്ങൾക്കുംകൂടി ഏതാണ്ട് 50 കോടി രൂപയിലേറെ അടങ്കൽ തുകയാണ് വന്നിട്ടുള്ളത്. ആർ.ബി.ഡി.സി.കെ. ആണ് സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ ആയി തീരുമാനിച്ചിട്ടുള്ളത്. ഇടവ റെയിൽവേ മേൽപ്പാലം സംബന്ധിച്ച ഉത്തരവ് 2017 ഫെബ്രുവരി 4-ാം തീയതി, 36 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി നൽകുകയുണ്ടായി. അതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി 2017 മേയ് മാസം 16-ാം തീയതി കിട്ടിയിട്ടുണ്ട്. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ നോട്ടിഫിക്കേഷൻ 2019 നവംബർ 28-ന് ഇറക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്. 2018 ഏപ്രിൽ 19-ാം തീയതി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചുകൊണ്ട് പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന്റെ ഉത്തരവിറങ്ങിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ അഡ്വാൻസ്മെന്റ് എന്ന കൺസൾട്ടൻസിയെയാണ് കിഫ്ബി നിയമിച്ചിട്ടുള്ളത്. പദ്ധതികളുടെ അലൈൻമെന്റ് നിശ്ചയിച്ച് വിശദമായ രൂപരേഖ തയ്യാറാക്കി 2019 മാർച്ച് 25-ന് റെയിൽവേയ്ക്ക് സമർപ്പിച്ചുവെങ്കിലും റെയിൽവേയുടെ നിർദ്ദേശപ്രകാരം അത് പുതുക്കി സമർപ്പിക്കേണ്ടിവന്നു. 2019 ഡിസംബർ 5-ന് പുതുക്കി സമർപ്പിച്ചിട്ടുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) ചേളാരി സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗം കെട്ടിടത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഹയർ സെക്കന്ററി ജോയിന്റ് ഡയറക്ടർ ഫോണിൽ വിളിച്ചാണ് നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടത്. ഗ്രൗണ്ടിലാണ് കെട്ടിടം നിർമ്മിക്കുന്നത്, മാസ്റ്റർ പ്ലാനിന് വിരുദ്ധമാണ് എന്നിങ്ങനെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില പരാതികൾ ഡയറക്ടർക്ക് നേരത്തെ ലഭിച്ചിരുന്നു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ അനുരഞ്ജന ചർച്ച നടത്തി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന നിർദ്ദേശമാണ് ഡയറക്ടർ പ്രിൻസിപ്പാളിന് നൽകിയത്. ഉടൻതന്നെ ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ ബന്ധപ്പെട്ട പരാതിക്കാർ, ഹയർ സെക്കണ്ടറി വിഭാഗം ഉദ്യോഗസ്ഥർ, എഞ്ചിനീയറിംഗ് വിഭാഗം, ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം വിളിച്ചുകൂട്ടി അനുരഞ്ജനമുണ്ടാക്കി. ഗ്രൗണ്ടിലുണ്ടായിരുന്ന മരങ്ങളും ഉപയോഗശൂന്യമായ ടോയ്ലറ്റുകളും ഒഴിവാക്കി, തറക്കല്ലിട്ട് നിർമ്മാണപ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴാണ് അത് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ജോയിന്റ് ഡയറക്ടർ പ്രിൻസിപ്പാളിന് കത്ത് നൽകിയത്. അതിനാൽ കെട്ടിടത്തിന്റെ

നിർമ്മാണപ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഹയർ സെക്കന്ററി സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പൊളിക്കാൻ പോകുകയാണ്. കെട്ടിട നിർമ്മാണത്തിന്റെ ഫൗണ്ടേഷൻ കഴിഞ്ഞ് പില്ലർ പണി നടന്നുകൊണ്ടിരിക്കുമ്പോഴാണ് നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നത്. അത് അടിയന്തരമായി പുനരാരംഭിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് ഞാൻ ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയതാണ്. മാത്രമല്ല, കെട്ടിടനിർമ്മാണം നിർത്തിവച്ചതുമായി ബന്ധപ്പെട്ട് തുടർ നടപടിയുണ്ടാകാത്തപക്ഷം കരാറുകാരനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല എന്ന് രേഖാമൂലം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രിൻസിപ്പാളിന് കത്ത് നൽകിയിട്ടുണ്ട്. ഈ അവസ്ഥ പരിഗണിച്ച് വളരെ പെട്ടെന്ന് അതിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കിഫ്ബി ഫണ്ടും ഹയർ സെക്കണ്ടറി പ്ലാൻ ഫണ്ടും ഉപയോഗിച്ച് നടത്തുന്ന കെട്ടിടനിർമ്മാണം സംബന്ധിച്ച് ചില പ്രശ്നങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷനോട് ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ചെല്ലുകയും 16-11-2019-ന് പി.ടി.എ. അംഗങ്ങളും മറ്റ് ജീവനക്കാരുമായി ചർച്ച നടത്തുകയുമുണ്ടായി. തുടർന്ന് പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ടുള്ള കെട്ടിടനിർമ്മാണം ഗ്രൗണ്ട് സംരക്ഷിച്ചുകൊണ്ടുള്ള സാദ്ധ്യതകൂടി പരിശോധിച്ച് എവിടെ നിർമ്മിക്കാമെന്നതും കിഫ്ബി ഫണ്ടുപയോഗിച്ച് നിലവിൽ നിർദ്ദേശിച്ച കെട്ടിടം എവിടെ നിർമ്മിക്കാമെന്നതും ഈ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു സംഘം വിശദമായി പരിശോധിക്കുകയുണ്ടായി. സ്കൂൾ ക്യാമ്പസ് പരിശോധിച്ചതിൽനിന്നും സ്കൂൾ സന്ദർശനത്തിലെ ചർച്ചകളിൽനിന്നും ലഭിച്ച അഭിപ്രായങ്ങളെല്ലാം പരിഗണിച്ചും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷൻ വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്കൂളിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള താല്പര്യങ്ങൾ, സ്ഥാപന മേധാവിയുടെ കാഴ്ചസീമയ്ക്കകത്ത് സ്കൂളുകളും ക്ലാസുകളും കഴിയാവുന്നവിധമുണ്ടാകുക, കളിസ്ഥലം

സംരക്ഷിക്കുക തുടങ്ങി നിലവിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ടി റിപ്പോർട്ട് വിശദമായി പരിശോധിച്ച് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: മെമ്പർമാർക്ക് സിസ്റ്റത്തിൽ ലഭ്യമാക്കുന്നതിനുവേണ്ടി സബ്മിഷനുകളുടെ ഉത്തരങ്ങളുടെ സോഫ്റ്റ്കോപ്പി ദയവായി ലഭ്യമാക്കണം.

## VI റിപ്പോർട്ട് സമർപ്പണം

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച (തുടർച്ച)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിയും കേരളത്തിന്റെ സാമ്പത്തികസ്ഥിതിയും കണക്കിലെടുത്ത് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നിലപാട് വ്യക്തമായി ഉയർത്തിപ്പിടിക്കുന്ന ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചത്. അഖിലേന്ത്യാ സാമ്പത്തികസ്ഥിതി എന്താണ്; നമ്മുടെ വളർച്ചാനിരക്ക് 5% ആയി കുറഞ്ഞിരിക്കുകയാണ്. താറുമാറായ സമ്പദ്ഘടനയെ കൈപിടിച്ചുയർത്താനോ ഇന്ത്യയിലെ സാധാരണക്കാരുടെ ക്രയശേഷി ഉയർത്താനോ ഉള്ള ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാത്ത ഒരു ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചപ്പോഴാണ്

സാധാരണക്കാരന് കരുതലും സംസ്ഥാനത്തിന് വികസനക്കുതിപ്പുമേകുന്ന ഒരു ബഡ്ജറ്റ് കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഇടയിലും ഇവിടെ അവതരിപ്പിച്ചത്. ഇത് ഉദാരവത്കരണകാലത്തെ ഒരു ഇടതുപക്ഷ ബദലാണ്. ഈ ബഡ്ജറ്റ് ഇടതുപക്ഷത്തിന്റെ ഒരു രാഷ്ട്രീയ രേഖയാണ്. അത് ഞങ്ങൾ അഭിമാനത്തോടുകൂടി ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ പറയുന്ന ഒരു കാര്യമാണ്. കടുത്ത പ്രതിസന്ധിയിലും നമുക്ക് 7.5% വളർച്ചാനിരക്കുണ്ടായിട്ടുണ്ട്. ഈ ബഡ്ജറ്റ് റവന്യൂ വരുമാനം കൂട്ടുമെന്നും ദുർച്ചെലവുകൾ കുറയ്ക്കുമെന്നും ദൃഢനിശ്ചയം ചെയ്യുന്ന ബഡ്ജറ്റാണ്. അതേസമയം, ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും സാധാരണക്കാരന് കുറഞ്ഞ രൂപയ്ക്ക് വൃത്തിയുള്ള ഭക്ഷണം നൽകാനും പണം കണ്ടെത്തിയ ബഡ്ജറ്റാണിതെന്നുള്ള പ്രത്യേകതയും ഈ ബഡ്ജറ്റിനുണ്ട്. നമുക്ക് അർഹതപ്പെട്ട നികുതി വിഹിതം തരാതിരിക്കുകയും ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത വിഹിതം തരുന്നതിന് വിമുഖത കാണിക്കുകയും ചെയ്യുന്ന ഒരു അന്തരീക്ഷത്തിൽ; കേരളത്തിൽ കടുത്ത സാമ്പത്തിക വെല്ലുവിളി നേരിടുന്ന ഒരു സാഹചര്യത്തിൽ നമുക്ക് കിഫ്ബി അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് എല്ലാവർക്കുമറിയാം. അല്ലാതെ എന്തെങ്കിലും പോംവഴി കേരളത്തിനുണ്ടോ? കേരളത്തെ രാഷ്ട്രീയമായും സാമ്പത്തികമായും ശ്വാസംമുട്ടിക്കാൻ ശ്രമിക്കുന്നവർക്കുള്ള കേരളത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായുള്ള മറുപടിയാണ് കിഫ്ബി. കിഫ്ബി പദ്ധതി തുടങ്ങിയിട്ടില്ല, തുടങ്ങുന്നത് പൂർത്തിയാക്കാൻ സാധിക്കില്ല എന്നൊക്കെ പറഞ്ഞവർക്ക് ഈ ബഡ്ജറ്റ് കൃത്യമായ മറുപടി നൽകുന്നുണ്ട്. മറ്റൊരു കാര്യം, ഈ ബഡ്ജറ്റിന്റെ മറ്റൊരു ആകർഷണീയമായ വശം ഇടക്കാലത്ത് പുറകോട്ടുപോയ ജനകീയാസൂത്രണത്തെ തിരികെ പിടിക്കാൻ വ്യക്തമായ പദ്ധതി ഈ ബഡ്ജറ്റിൽ തയ്യാറാക്കി എന്നുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 21,174 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അത് ഇവിടെ ഉയർന്നുവന്ന എല്ലാ വിമർശനങ്ങൾക്കുമുള്ള മറുപടിയാണെന്ന് ഞാൻ കരുതുന്നു. മറ്റൊന്ന്, കേരളത്തിന്റെ പിന്നോക്ക ജില്ലകളായ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്ക് പാക്കേജ് പ്രഖ്യാപിച്ച് ഈ ബഡ്ജറ്റ് മാതൃക കാണിച്ചു. ഈ പാക്കേജുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. അത് പൂർത്തിയാക്കാൻ കഴിയണം. അങ്ങനെ ഈ മൂന്ന് പിന്നോക്കജില്ലകൾക്കും മുമ്പോട്ടുവരാനുള്ള സാഹചര്യം നമ്മൾ ഒരുക്കേണ്ടതായിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് ഏറ്റവുമധികം പിന്തുണ നൽകുന്ന ഒരു ബഡ്ജറ്റാണിത്. നമ്മൾ ഒരു ഡെമോഗ്രാഫിക് ഡിവിഡന്റ് നേടിയെടുക്കാനുള്ള പ്രയത്നത്തിലാണ്. കുടുംബശ്രീയെ ശക്തിപ്പെടുത്തുന്നതിലൂടെയും ഇതര

സ്ത്രീശാക്തീകരണ പ്രവർത്തനത്തിലൂടെയും അതിനെല്ലാം ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിലൂടെയും നമ്മൾ വലിയൊരു പരിശ്രമം നടത്തുകയാണ്. സ്ത്രീകളെ കൂടുതലായി തൊഴിൽരംഗത്തേയ്ക്ക് കൊണ്ടുവരാൻ കഴിയണം. സത്യത്തിൽ കേരളത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് സ്ത്രീകൾ തൊഴിൽരംഗത്തേയ്ക്ക് വരുന്നില്ല എന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം. അത് പരിഹരിക്കാനുള്ള വളരെ ആസൂത്രിതമായ ഒരു ശ്രമം ഈ ബഡ്ജറ്റിലൂടെ നമ്മൾ നടത്തുന്നുണ്ട്. മറ്റൊന്ന്, ഇടതുപക്ഷമുന്നണിക്കും ധനകാര്യവകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും അഖിലേന്ത്യാ തലത്തിൽ ചലനം ഉണ്ടാക്കുന്നതും ശ്രദ്ധയാകർഷിക്കുന്നതുമായ പല ഇടപെടലുകളും നമ്മുടെ സംസ്ഥാനവുമായി ബന്ധപ്പെട്ട് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രതിഫലനം ഈ ബഡ്ജറ്റിലുമുണ്ട്. അമർത്യാസെൻ ‘ Public reasoning’ എന്ന വാക്ക് പലപ്പോഴും ഉപയോഗിക്കാറുണ്ട്. എന്നുവച്ചാൽ പൊതുയിടത്തിലെ ന്യായവാദമെന്ന് നമുക്ക് മലയാളത്തിൽ വിവർത്തനം ചെയ്യാം. പൊതുയിടത്തിലെ ന്യായവാദം, ഇത് കേരളം ഏറ്റെടുത്തിട്ടുള്ള രാഷ്ട്രീയ ദൗത്യമാണ്. ആനുകാലിക പ്രാധാന്യമുള്ള നിരവധി വിഷയങ്ങൾ, കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ, നികുതി നിരക്കുകൾ, ഫിനാൻസ് കമ്മീഷൻ സ്വീകരിക്കുന്ന വിഭവ വിഭജനത്തെ സംബന്ധിക്കുന്ന നിലപാടുകൾ, സംസ്ഥാന അവകാശങ്ങളിലുള്ള കൈകടത്തൽ, പുതിയ തൊഴിൽ നിയമങ്ങൾ, പൗരത്വ നിയമ ഭേദഗതി ഇങ്ങനെ ബി.ജെ.പി. ഗവൺമെന്റ് ജനവിരുദ്ധമായി കൊണ്ടുവന്ന ഒട്ടനവധി കാര്യങ്ങളിലെല്ലാം ഫലപ്രദമായി കേരളത്തിന്റെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. അത് അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും പ്രതിഫലനങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ എല്ലാ പരിമിതികൾക്കുള്ളിലും നിന്നുകൊണ്ട്, പരിമിതികൾക്കപ്പുറമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഈ ഇടപെടലുകൾ നടത്തിയതെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഈ ബഡ്ജറ്റ് ആ ഇടപെടലുകളെ വീണ്ടും അടിവരയിടുന്നതാണ്. ബഡ്ജറ്റിന്റെ കവർ ചിത്രം മുതൽ ബഡ്ജറ്റ് മുഴുവനും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ നിലപാടുകൾ പ്രതിഫലിപ്പിക്കുന്നതാണ്. അങ്ങനെ തന്നെയാകണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുന്ന ബഡ്ജറ്റ്. ഇന്ത്യയിലാകെ ഈ രാഷ്ട്രീയ നിലപാടുകൾ ബഡ്ജറ്റിലൂടെ ഉയർത്തിപ്പിടിക്കുന്നുണ്ട്. ജനക്ഷേമകരമായ വിവിധ പദ്ധതികൾക്ക് നമ്മൾ പണം വകയിരുത്തിയിട്ടുണ്ട്. അതായത്, 750000 പുതിയ കുടിവെള്ള കണക്ഷൻ നൽകി, ഒരു ലക്ഷം ഫ്ലാറ്റ് നിർമ്മിക്കും, 250000 കുടിവെള്ള കണക്ഷൻകൂടി നൽകും. 20-30 വർഷങ്ങൾ കൊണ്ടുണ്ടാകുന്ന പശ്ചാത്തല സൗകര്യങ്ങൾ കിഫ്ബി മുഖാന്തരം 3 വർഷംകൊണ്ടാണ് സാധ്യമാക്കുന്നത്. അങ്ങനെ വിവിധയിനങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. ആ കൂട്ടത്തിലാണ്

കെ. എം. മാണിയുടെ സ്മരണയ്ക്കുവേണ്ടി കെ. എം. മാണി സ്മാരക സെന്ററിന് തുക നീക്കിവച്ചത്. സി.പി.ഐ.(എം)-ൽ അതിനെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ടായി എന്നാണ് ചില മാധ്യമങ്ങൾ കണ്ടുപിടിച്ചത്. സി.പി.ഐ. (എം)-ൽ അതുസംബന്ധിച്ച ഒരു ആശയക്കുഴപ്പവും ഉണ്ടായിട്ടില്ല. അതെല്ലാം കേവലം ജനാധിപത്യ മര്യാദകൾ മാത്രമാണ്. ഇതിലെ പ്രശ്നം എന്താണ്? കെ. എം. മാണി സ്മാരകത്തിന് തുക വയ്ക്കുന്നതൊന്നുമല്ല ആശയക്കുഴപ്പം. കോൺഗ്രസ്സിലുള്ള ആശയക്കുഴപ്പം എന്താണ്? ബി.ജെ.പി.-ക്ക് എതിരായി ഉറച്ച രാഷ്ട്രീയ നിലപാടുകളോ സാമ്പത്തിക നിലപാടുകളോ എടുക്കാൻ inherent ആയിട്ടുള്ള ദൗർബല്യംമൂലം കോൺഗ്രസ്സിന് കഴിയുന്നില്ലായെന്നുള്ളതാണ്. ഡൽഹി തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ കോൺഗ്രസ്സിന് സീറ്റില്ല. ഞാൻ വലിയ സന്തോഷത്തിൽ പറയുന്നതല്ല. അവിടെ ആം ആദ്മി പാർട്ടി ഐക്യത്തിന് തയ്യാറായിട്ടും അവിടത്തെ മുല്ലപ്പള്ളി രാമചന്ദ്രന്മാർ ഐക്യത്തിന് തയ്യാറായില്ല. അതിന്റെ പ്രതിഫലനം ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായില്ലേ; കേരളത്തിലും അതിന്റെ പ്രതിഫലനം ഉണ്ടാകുന്നില്ലേ; ഉണ്ടായിക്കൊണ്ടിരിക്കുന്നില്ലേ? കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. തകരുന്ന, മുങ്ങിത്താഴുന്ന കപ്പലാണ്. അതിൽനിന്നും എല്ലാവരും പുറത്തുപോകും. അതിൽനിന്നും ശ്രീ. ജോസ് കെ. മാണിയുടെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ്സും ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിലുള്ള കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗ് അണികളും പുറത്തുപോകും. അതാണ് മനുഷ്യ മഹാശൃംഖലയിൽ കണ്ടത്. അതിന്റെ പ്രതിഫലനങ്ങൾ യു.ഡി.എഫ്.-ലും ഘടകകക്ഷികളിലും ഉണ്ടായല്ലോ. കോൺഗ്രസ്സിന് വ്യക്തമായ രാഷ്ട്രീയ നിലപാടുണ്ടോ? ആളുകൾ അവരുടെ രാഷ്ട്രീയ നിലപാടുകൾ മാറ്റും. വ്യക്തികളും പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളുമെല്ലാം അവരെടുത്തിട്ടുള്ള രാഷ്ട്രീയ നിലപാടുകളിൽ മാറ്റം വരുത്തും. കേരളം എത്രയോ തവണ അതിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിമോചന സമരത്തിന്റെ തീ പിടിച്ച നാവായിരുന്ന ഫാദർ വടക്കൻ. അക്കാര്യം എല്ലാവർക്കുമറിയാം. വിമോചന സമരം കഴിഞ്ഞ് രണ്ടോ മൂന്നോ വർഷങ്ങൾക്കുശേഷം അമരാവതിയിൽ കുടിയിറക്കുന്ന സമയത്ത് സഖാവ് എ.കെ.ജി. മഴയിലും ചെളിയിലും നിരാഹാരം ഇരുന്നപ്പോൾ ഫാദർ വടക്കൻ പോയി എ.കെ.ജി.യെ ആലിംഗനം ചെയ്തത് രാഷ്ട്രീയ കേരളത്തെ വിസ്മയിപ്പിച്ച കാര്യമാണ്. കേരള രാഷ്ട്രീയം മാറി മറിഞ്ഞു. വ്യക്തികളും പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും അവരുടെ ജീവിതത്തെ രാഷ്ട്രീയം തൊടുമ്പോൾ അവരും നിലപാടുകളെടുക്കും. ആ നിലപാടുകൾ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും മനുഷ്യ ശൃംഖലയുടെ സമയത്തും കേരളം കണ്ടതാണ്. ലീഗ് എത്ര നടപടി എടുത്താലും, ലീഗ് അണികൾ ഈ നിലപാടിനൊപ്പം നിൽക്കുമെന്നല്ലേ മനുഷ്യശൃംഖല കണ്ടിട്ടുള്ളവർക്ക് മനസ്സിലായത്. കോൺഗ്രസ്

അതിന്റെ രാഷ്ട്രീയ നിലപാടുകൾ മാറ്റ. ബി.ജെ.പി. നിർമ്മിക്കുന്ന അതിവേഗ വർഗ്ഗീയപാതയെ തടയിടാൻ കോൺഗ്രസ്സിന് കഴിയില്ലായെന്നുള്ളത് ഇന്ന് കോൺഗ്രസ്സ് അണികളടക്കം ഈ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളും മനസ്സിലാക്കിയിട്ടുണ്ട്. ഉറച്ച രാഷ്ട്രീയ നിലപാടുകൾ വേണം. ആ രാഷ്ട്രീയ നിലപാടുകളെ ശക്തമായി പറയാനും നടപ്പാക്കാനുമുള്ള രാഷ്ട്രീയമായ ദാർഢ്യം കോൺഗ്രസ് കാണിച്ചാൽ മാത്രമേ അവർക്ക് ഇന്ത്യൻ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും മുമ്പോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന ഓർമ്മ വേണം. ഇടതുപക്ഷം ഇന്ത്യാരാജ്യത്ത് ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ സാമ്പത്തിക നിലപാടുകളെ അടിവരയിട്ട് ഉറപ്പിക്കുന്ന ഒരു ബഡ്ജറ്റ് ഈ ഇരുണ്ടകാലത്തും സഖാവ് തോമസ് ഐസക് അവതരിപ്പിച്ചു എന്നുള്ളതാണ് അതിന്റെ പ്രത്യേകത. ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുകയാണ്. പൊള്ളയായ വാഗ്ദാനങ്ങൾ മാത്രം അടങ്ങുന്ന ആത്മാർത്ഥതയില്ലാത്ത ബഡ്ജറ്റാണിത്. I am very sorry to say that our Honourable Finance Minister is not honest even to himself. ഈ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സാധിക്കില്ലായെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. അത് നടപ്പിലാക്കാനുള്ള ആത്മാർത്ഥതയും അദ്ദേഹത്തിനില്ല. ഞങ്ങളൊക്കെ എം.എൽ.എ.-മാർ ആയിരുന്നപ്പോൾ ബഡ്ജറ്റിൽ ഒരു വർക്ക് വന്നുകഴിഞ്ഞാൽ അത് നടന്നതുപോലെയാണ്, ഒന്നും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ചോ അത് നടപ്പിലായിരിക്കും. പക്ഷെ, അങ്ങയുടെ 2016-17 മുതലുള്ള ബഡ്ജറ്റ് പ്രസംഗങ്ങൾ മുഴുവനും നടപ്പിലാക്കാത്ത വാഗ്ദാനങ്ങളുടെ ആകെ തുകയാണ്. ഓഖി സോഷ്യൽ ഓഡിറ്റിനുവേണ്ടി ശ്രീമതി അരുണാ റോയിയെ നിയമിക്കുമെന്ന് പറഞ്ഞല്ലോ; അങ്ങയുടെ ബഡ്ജറ്റ് വാഗ്ദാനങ്ങൾ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്താൻ തയ്യാറാകുമോ? അരുണാ റോയിയെയോ നിയമസഭാ സമിതിയെയോകൊണ്ട് പരിശോധിപ്പിച്ചാൽ പൊള്ളയായ, നടപ്പിലാക്കാത്ത വാഗ്ദാനങ്ങളുടെ പട്ടികയാണ് ഈ പ്രസംഗത്തിലുള്ളതെന്ന് ബോധ്യമാകും. ബഡ്ജറ്റിലേയ്ക്ക് കടക്കുന്നതിന് മുമ്പായി എനിക്ക് ഒരു കാര്യം പറയാനുണ്ട്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ 207-ാം ഖണ്ഡികയിൽ സർക്കാർ സ്കൂളിന്റെയും എയ്ഡഡ് സ്കൂളിന്റെയും തസ്തികയുടെ കാര്യം പറയുന്നുണ്ട്. അതായത്, 'ആവശ്യമായ പരിശോധനയോ സർക്കാരിന്റെ അറിവോ ഇല്ലാതെ 18119 തസ്തികകളാണ് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ സൃഷ്ടിക്കപ്പെട്ടത് ' എന്നാണ്. എന്റെ ചോദ്യം, സർക്കാർ സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ അറിയാതെയാണോ? ആരാണ് സർക്കാർ; എ.ഇ.ഒ.-യും ഡി.ഇ.ഒ.-യും

സർക്കാരല്ലേ? സർക്കാർ സ്കൂളിൽ സർക്കാർ അറിയാതെ തസ്തിക സൃഷ്ടിച്ചുവെന്ന് പറഞ്ഞാൽ അത് ആരുടെ വീഴ്ചയാണ്. അങ്ങ്, ഇതിന് ഉതകുന്ന രീതിയിൽ കെ.ഇ.ആർ. ഭേദഗതി ചെയ്യുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മുടെ ഭരണഭാഷയിൽ സർക്കാർ എന്നുപറഞ്ഞാൽ സെക്രട്ടേറിയറ്റാണ്. ഫിനാൻസ് കോഡ് പ്രകാരം സർക്കാർ സെക്രട്ടറിമാർ അറിയാതെ തസ്തികകൾ സൃഷ്ടിക്കാൻ പാടില്ലെന്നാണ്. ഫിനാൻസ് കോഡ് വായിച്ചുനോക്കു.

ശ്രീ. കെ. സി. ജോസഫ്: സർ, K.E.R.-ൽ വ്യവസ്ഥയുണ്ടല്ലോ; അത് തയ്യാറാക്കിയത് ഗവൺമെന്റാണല്ലോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കെ.ഇ.ആർ.-ലെ വ്യവസ്ഥ പ്രകാരമല്ല, ഫിനാൻസ് വകുപ്പുപോലും അറിയാതെ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ എടുത്തുകൊണ്ടിരുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇതിന് ഉതകുന്ന രീതിയിൽ കെ.ഇ.ആർ. ഭേദഗതി ചെയ്യുമെന്നാണ് അങ്ങുതന്നെ പറയുന്നത്. കെ.ഇ.ആർ. വ്യവസ്ഥയനുസരിച്ച് ചെയ്യുന്ന കാര്യം സർക്കാർ അറിഞ്ഞില്ലെന്ന് പറഞ്ഞാൽ അത് മൗഢ്യമാണ്. ബഡ്ജറ്റിന്റെ പിറ്റേദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലപ്പുഴയിൽ നടത്തിയ പ്രസംഗം മലയാള മനോരമയുടെ മുൻപേജിൽ കൊടുത്തിട്ടുണ്ട്. 'സ്കൂൾ മാനേജ്മെന്റുകളോട് മുഖ്യമന്ത്രി; വിരട്ടാൻ വരരുത്. തസ്തിക നിർണ്ണയത്തിലെ അധികാരം സംബന്ധിച്ച് ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളിൽ സർക്കാരിനെ വിരട്ടാൻ വരരുതെന്ന് എയ്ഡഡ് സ്കൂൾ മാനേജ്മെന്റിന് മുഖ്യമന്ത്രി താക്കീത് കൊടുത്തു'. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചേർന്ന ഭാഷയാണോ? അദ്ദേഹം ഇങ്ങനെ സംസാരിക്കാമോ; കുറച്ചുകൂടി പോളിഷ്ഡ് ആകണ്ടേ? നമ്മുടെ ശൗര്യം കാണിക്കേണ്ടത് ജനങ്ങളുടെ നേരെയാണോ? മുഖ്യമന്ത്രിയെന്ന നിലയിൽ സംസാരിക്കുമ്പോൾ അദ്ദേഹത്തിൽനിന്നും കുറച്ചുകൂടി മാന്യമായ, സൗമ്യമായ വാക്കുകളാണ് പ്രതീക്ഷിക്കുന്നത്. അക്കാര്യം അദ്ദേഹത്തിന് വിടുകയാണ്, ഞാൻ അഭിപ്രായം പറയുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് മുണ്ട് മുറുക്കി ഉടുക്കാൻ പറഞ്ഞു. കേരളം മാത്രമല്ല, ഇന്ത്യതന്നെ ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ എന്ത് ചെയ്യണം. വരുമാനം കുറയുന്നു, വരുമാന ചോർച്ച ഉണ്ടാകുന്നു. മുണ്ട് മുറുക്കി ഉടുക്കണം. ഞാൻ അങ്ങയോട് പറയുന്നു, Charity should begin at home. ധൂർത്ത്, ധാരാളിത്തം തുടങ്ങിയവയല്ലേ ഈ സർക്കാരിന്റെ മുഖമുദ്ര? ഇന്നലെ പത്രത്തിൽ വായിച്ചതാണ്, 'പ്രചാരണത്തിനുവേണ്ടി

ഇലക്ട്രോണിക് പരസ്യ ബോർഡുകൾക്കായി സർക്കാർ; ചെലവ് അഞ്ചുകോടി രൂപ, 'അഞ്ചു ജില്ലകൾക്ക് മാത്രം. 'അരിമണിയൊന്നു കൊറിക്കാനില്ല, തരിവളയിട്ടു കിലുക്കാൻ മോഹം സർക്കാരിന് പണമില്ല, സാമ്പത്തിക പ്രതിസന്ധിയാണ്. അപ്പോഴും അങ്ങ് പരസ്യപ്രചാരണത്തിലൂടെ ഇത്തരത്തിലുള്ള അനാവശ്യ ചെലവുണ്ടാക്കുന്നത് ശരിയാണോയെന്ന് ആലോചിക്കണം.

[12.00 Noon]

ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻ ശ്രമിക്കുകയാണ്. 2019-2020-ലെ ബഡ്ജറ്റിൽ കേന്ദ്ര പദ്ധതിക്കും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിക്കുംകൂടി പദ്ധതി അടങ്കൽ 30657 കോടി രൂപയായിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് വെട്ടിച്ചുരുക്കി 22703 കോടി രൂപയാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റിൽ വെട്ടിക്കുറച്ചത് 7954 കോടി രൂപ. ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 5300 കോടി രൂപ വർദ്ധിപ്പിച്ച് 28003 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിരിക്കുന്നത്. ഇതിന്റെ വരുമാന സ്രോതസ്സ് എന്താണ്? ഇന്നത്തെ സാമ്പത്തിക മാന്ദ്യത്താൽ നിലവിലുള്ള വിഭവ സമാഹരണം പോലും നടത്താൻ അസാദ്ധ്യമായിരിക്കെ ഈ സാമ്പത്തിക വർഷാവസാനമാകുമ്പോൾ അങ്ങ് പ്രഖ്യാപിക്കുന്ന പദ്ധതികളെല്ലാം വെട്ടിച്ചുരുക്കുന്നുവെന്ന് പറയും. ഈ സഭയിൽ ഞാൻ റൂൾ 50 അവതരിപ്പിച്ചപ്പോൾ ലോക്കൽ ബോഡികളുടെ കാര്യം ഉന്നയിച്ചു. ഇന്ന് ലോക്കൽ ബോഡികൾക്ക് കൊടുക്കാനുള്ള 1234 കോടി രൂപയുടെ ബിൽ പെൻഡിംഗാണ്. 10-ാം തീയതിക്കുമുമ്പായി മുഴുവൻ ബില്ലുകളും കൊടുത്തിരിക്കുമെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞു. ഇന്ന് തീയതി 11 ആണ്. അന്നങ്ങനെ പറഞ്ഞതല്ലാതെ ഇന്നുവരെ ഒരു പൈസപോലും കൊടുത്തിട്ടില്ല. വോട്ട് ചെയ്ത് അനുവദിച്ച തുകപോലും ചെലവഴിക്കാൻ സാധിക്കാതെ പാപ്പരായ ഗവൺമെന്റാണ് പുതിയ പദ്ധതികളുമായി വരുന്നത്. നടപ്പ് സാമ്പത്തികവർഷം റബ്ബറിന്റെ താങ്ങുവിലയായി 500 കോടി രൂപ പ്രഖ്യാപിച്ചു. 90.54 കോടി രൂപ മാത്രമാണ് കൊടുത്തത്. ഒരു വർഷത്തെ മുഴുവൻ സബ്സിഡിയും കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. ബഡ്ജറ്റിൽ പണമുണ്ടായിട്ടും കൊടുക്കുന്നില്ല. ഈ ബഡ്ജറ്റിൽ പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിക്കുകയാണ്. നിങ്ങളും ഞങ്ങളും ജയിച്ചുവന്ന എം.എൽ.എ. മാരാണ്. ഞങ്ങളും വോട്ട് വാങ്ങി ജയിച്ചവരാണ്. ഈ ബഡ്ജറ്റിൽ ഭരണകക്ഷികൾക്കുള്ള ആനുകൂല്യങ്ങൾ മാത്രമേയുള്ളൂ. ഞങ്ങളെ അവഗണിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ അവഗണിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു. ഞങ്ങൾ അതിനെ പിന്തുണയ്ക്കുന്നു. രാഷ്ട്രീയ കാരണങ്ങളാൽ കേരളത്തെ കേന്ദ്രം അവഗണിക്കുന്നതുപോലെ കേരള ഗവൺമെന്റ് ഞങ്ങളെയും

അവഗണിക്കുന്നു. ഞങ്ങളുടെ മണ്ഡലങ്ങളിൽ വർക്കുകളില്ല; തുക വകകൊള്ളിക്കുന്നില്ല. ഈ നയത്തിൽ അങ്ങ് മാറ്റം വരുത്തണം. അങ്ങയുടെ 5 ബഡ്ജറ്റുകൾ ഞാൻ വായിച്ചു. 2016-17-ലെ അങ്ങയുടെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 116-ാമത്തെ പാരഗ്രാഫിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം - അയ്യങ്കാളി, കൊല്ലം - ശ്രീനാരായണ ഗുരു, ആലപ്പുഴ - പി. കൃഷ്ണപിള്ള, പത്തനംതിട്ട - ചട്ടമ്പിസ്വാമി, ഇടുക്കി - അക്കാമ്മ ചെറിയാൻ, കോട്ടയം - ലളിതാംബിക അന്തർജനം, എറണാകുളം - സഹോദരൻ അയ്യപ്പൻ, തൃശ്ശൂർ - വള്ളത്തോൾ നാരായണമേനോൻ, പാലക്കാട് - വി. ടി. ഭട്ടതിരിപ്പാട്, മലപ്പുറം - അബ്ദുറഹ്മാൻ സാഹിബ്, കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ, കണ്ണൂർ - വാഗ്ഭടാനന്ദൻ, വയനാട് - എടച്ചേരി കുങ്കൻ, കാസർഗോഡ് - സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവയാണവ. നാല് കൊല്ലമായിട്ടും ഏതെങ്കിലും ജില്ലയിൽ ഇതിനുവേണ്ടി ഒരു രൂപയെങ്കിലും മാറ്റിവച്ചിട്ടുണ്ടോ? അതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ? ഈ ബഡ്ജറ്റ് മുഴുവൻ വാഗ്ദാന ലംഘനങ്ങളുടെ ആകെ തുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2020-2021-ലെ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ബഡ്ജറ്റിനെക്കുറിച്ച് രണ്ട് നേതാക്കൾ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ആദ്യംതന്നെ സൂചിപ്പിക്കുകയാണ്. സാമ്പത്തിക മാന്ദ്യകാലത്ത് സാധ്യമാകുന്ന ഏറ്റവും നല്ല ബഡ്ജറ്റാണെന്നാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് കാനം രാജേന്ദ്രനും ഇതൊരു ഫാന്റസി ബഡ്ജറ്റാണെന്നാണ് ആദരണീയനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അഭിപ്രായപ്പെട്ടത്. കണ്ണടച്ച് ഇരുട്ടാക്കി ആ കൃത്രിമമായ ഇരുളിലൂടെ ബഡ്ജറ്റിനെ നോക്കിക്കണ്ട അദ്ദേഹത്തിന്റെ വിചിത്രമായ നിലപാട് യഥാർത്ഥത്തിൽ എല്ലാവരെയും വേദനിപ്പിക്കുന്നതാണ്. ജനവിരുദ്ധവും രാജ്യത്തെ വിറ്റുതുലയ്ക്കുന്നതുമായ കേന്ദ്ര ബഡ്ജറ്റിന് തൊട്ടുപിന്നാലെയാണ് സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചത്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ഇക്കണോമിക്സ് പ്രൊഫസർ ഡോ. ജയന്തി ഘോഷ് യൂണിയൻ ബഡ്ജറ്റിനെക്കുറിച്ച് " Every single number in the Budget is a lie" എന്നാണ് പറഞ്ഞത്. എന്നുവച്ചാൽ കേന്ദ്ര ബഡ്ജറ്റിന്റെ ഒന്നൊഴിയാത്ത എല്ലാ സംഖ്യയും നുണയാണെന്നാണ്. " Data is the new urban naxal, it is the new anti-national, it is to be jailed,......." എന്നും അവർ കൂട്ടിച്ചേർത്തു. കേന്ദ്ര ബഡ്ജറ്റ് ഇന്ത്യൻ ജനതയെ വഞ്ചിക്കുകയാണ് എന്നർത്ഥം. അത്തരത്തിൽ

ആഴത്തിലുള്ള ഒരു വിശകലനശേഷി കേരള ബഡ്ജറ്റിന്റെ നന്മകൾ കണ്ടെത്താൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിന് കൂട്ടിനുണ്ടായില്ലെന്ന് ഖേദപൂർവ്വം പറയേണ്ടിവരികയാണ്.

സംസ്ഥാന ബഡ്ജറ്റിന്റെ മുഖചിത്രം ടോം വട്ടക്കുഴിയുടെ 'ഗാന്ധി വധം' എന്ന പെയിന്റിംഗാണ്. ഗാന്ധി ഘാതകരുടെ പിൻമുറക്കാർ ഇന്ന് ഗാന്ധി പാരമ്പര്യം ഏറ്റെടുക്കാനിറങ്ങിയിരിക്കുന്നതിനാൽ ഈ ഓർമ്മപ്പെടുത്തൽ ഏറ്റവും അത്യാവശ്യമാണ്. കപടമായ വന്ദനം നടത്തി തൊട്ടടുത്തുനിന്നാണ് നാഥുറാം വിനായക് ഗോഡ്സെ എന്ന ഹിന്ദു തീവ്രവാദി ഗാന്ധിജിയുടെ നെഞ്ചിലേയ്ക്ക് beretta .38 pistol കൊണ്ട് മൂന്ന് പ്രാവശ്യം നിറയൊഴിച്ചത്. അയാൾ ഹിന്ദു രാഷ്ട്ര എന്ന പത്രത്തിന്റെ എഡിറ്ററായിരുന്നു. അത്തരം പിസ്റ്റൾ ഉപയോഗിച്ചാണ് 2013-ൽ Dr. Narendra Dabholkar-നെയും 2015-ൽ Govind Pansare-യേയും Prof. M. M. Kalburgi-യേയും 2017-ൽ Gauri Lankesh-നെയും വെടിവച്ച് കൊന്നത്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ഭാഷയിലാണ് കേന്ദ്ര ഭരണാധികാരികൾ സംസാരിക്കുന്നത്. "അക്രമവും ഹിംസയുമാണ് തങ്ങളുടെ കർമ്മമെന്ന് വിശ്വസിക്കുന്ന അണികൾ" എന്ന് ഈ ഭ്രാന്തിനെപ്പറ്റി ബഡ്ജറ്റിന്റെ ആമുഖത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ഗാന്ധിജി ഞങ്ങളുടെ ജീവിതമാണെന്ന് പാർലമെന്റിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കുകയാണ്. അതേസമയം അദ്ദേഹത്തിന്റെ അനുയായികൾ ഗോഡ്സെയെ ദേശസ്നേഹിയെന്നും വിളിക്കുന്നു. ഗാന്ധിവധത്തിന്റെ ആസൂത്രകനായ Savarkar-ന് പരമോന്നത ബഹുമതിയായ ഭാരതരത്ന നൽകുന്നതിനായി കുളിപ്പിച്ച് കുറിയിട്ട് നിർത്തിയിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ജനാധിപത്യവും ഏകാധിപത്യവും മുഖാമുഖം നിൽക്കുന്ന ഇന്ത്യൻ അവസ്ഥയിൽ നമ്മുടെ മക്കൾ ചോര നനഞ്ഞ് തെരുവിൽ പൗരത്വ ഭേദഗതി നിയമം എന്ന വംശഹത്യ നിയമത്തിനെതിരെയുള്ള സമരത്തിൽ നിറയുമ്പോൾ ഇങ്ങനെയുള്ള ഓർമ്മപ്പെടുത്തൽ വീണ്ടും വീണ്ടും വേണ്ടിവരുന്നു. ചരിത്രം പഠിക്കാൻ പോയ കുട്ടികൾ ചരിത്രം സൃഷ്ടിക്കാൻവേണ്ടി സ്വന്തം ചോരകൊണ്ട് തെരുവുകൾ നനയ്ക്കുകയാണ്. സമൂഹത്തെ നന്നായി പിളർത്തി ഇവിടെ അതിവേഗം പരക്കുന്ന വെറുപ്പിന്റെ മാരക വൈറസിനെക്കുറിച്ചുള്ള ശ്രീ. എൻ. എസ്. മാധവന്റെ പുതിയ കഥയാണ് "പാല് പിരിയുന്ന കാലം." ലോവർ ബെർത്ത് തനിക്ക് വേണമെന്ന കംപാർട്ടുമെന്റിലെ യുവതിയുടെ ആവശ്യം തിരസ്കരിച്ച സാബു എന്ന ചെറുപ്പക്കാരനെ ഡൽഹിയിൽവച്ച് ആൾക്കൂട്ടം തല്ലിക്കൊല്ലുന്നതാണ് കഥ. മുറിച്ചെടുത്ത തന്റെ മാംസ സ്പെസിമനുമായി അർബുദ ചികിത്സയ്ക്ക് പോകുന്ന സാബുവിനെ ഗോമാംസ കച്ചവടക്കാരനാണെന്ന് യുവതി ആരോപിക്കുകയായിരുന്നു. സാബു, കേരളം എന്നീ രണ്ട് വാക്കുകളിൽ

മതഭ്രാന്തിന്റെ വൈറസ് ബാധയിൽ ജനക്കൂട്ടം ഹിംസാത്മകമായി പെരുമാറുകയാണ്. പൗരത്വ ഭേദഗതി നിയമത്തിലൂടെ ന്യൂനപക്ഷ വിഭാഗത്തെ മുറിച്ചുമാറ്റിക്കൊണ്ടുള്ള തുടക്കം ഭാവിയിൽ ഒരു നാടിന് മീതെ ചാർത്താവുന്ന വധമുദ്രയാണെന്ന് ശ്രീ. എൻ. എസ്. മാധവൻ ഒരു പ്രവാചക ശബ്ദത്തിൽ സംസാരിക്കുന്നതായി നമുക്ക് കാണാൻ കഴിയും. തങ്ങളുടെ തിട്ടൂരങ്ങൾ അനുസരിക്കാത്ത, ചാതുർവർണ്ണ്യത്തിന്റെ ദുർനിയമങ്ങൾ അനുസരിക്കാത്ത നാട്ടിലെ മനുഷ്യരെയും നാടിനെയും ശത്രുവിന്റെ കള്ളിയിലേയ്ക്ക് നീക്കിനിർത്തുന്ന മനുസ്മൃതിയുടെ പ്രാകൃത രീതിയാണ് കേന്ദ്ര ഭരണാധികാരികളുടെ അന്തഃരംഗത്തെ പുളകിതമാക്കുന്നത്. മാനവ സാഹോദര്യത്തിന്റെ പ്രകാശഗോപുരമായ ഇൻഡ്യൻ ഭരണഘടനയുടെ സ്ഥാനത്ത് രണ്ടര സഹസ്രാബ്ദം പഴക്കമുള്ള പ്രാകൃത നീതി ഗ്രന്ഥമായ മനുസ്മൃതിയെ അവർ പകരം വയ്ക്കുന്നു. അതുകൊണ്ടാണ് പ്രളയകാലത്ത് ദുരിതക്കയത്തിലായ കേരളത്തോട് മുഖംതിരിഞ്ഞുനിന്ന് ഈ നാടിനെ തകർത്തുകളയാമെന്ന് അവർ വ്യാമോഹിക്കുന്നത്. ജി.എസ്.ടി. വിഹിതം വെട്ടിക്കുറച്ചും സാമ്പത്തിക സഹായങ്ങൾ വെട്ടിക്കുറച്ചും കടമെടുപ്പ് പരിധി കുറച്ചും കേരളത്തെ ശ്വാസംമുട്ടിക്കാമെന്നാണ് കരുതുന്നത്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അവർ വെട്ടിക്കുറച്ചത് 8340 കോടി രൂപയാണെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അതുകൊണ്ട് ഈ ബഡ്ജറ്റിന് ജനകീയ പ്രതിരോധത്തിന്റെ മുഖംകൂടിയുണ്ടെന്ന് ഞാൻ പറയും. സാമ്പത്തിക മാന്ദ്യത്തിന്റെ കോളിളക്കത്തിൽ രാജ്യം ആടിയുലഞ്ഞുകൊണ്ടിരിക്കുമ്പോഴും സംസ്ഥാനത്ത് സാമ്പത്തിക രംഗത്ത് വളർച്ചയുടെ അങ്കുരങ്ങൾ ദൃശ്യമാണെന്നത് പരക്കെ വിശ്വസിക്കപ്പെടുന്ന ഒരു കാര്യമാണ്. അതിന് 2019-ലെ ഇക്കണോമിക് റിവ്യൂ മാത്രം പരിശോധിച്ചാൽ മതി. രാജ്യത്തിന്റെ ജി.ഡി.പി വളർച്ച 4.8 ശതമാനമായി നിലംപതിച്ചിരിക്കുന്നു. ഈ കണക്കുണ്ടാക്കിയ പ്രധാനികൾതന്നെ പിന്നീട് പറയുന്നത് യഥാർത്ഥത്തിൽ ജി.ഡി.പി വളർച്ച 2.5 ശതമാനം മാത്രമാണെന്നാണ്. അതേസമയം കേരളത്തിന്റെ ജി.ഡി.പി. വളർച്ച 7.5 ശതമാനമായി ഉയർന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചാനിരക്ക് ഏറ്റവും ഗംഭീരമായി 13.2 ശതമാനമായി ഉയർന്നിരിക്കുന്നു. രാജ്യത്തിന്റെ 0.6 ശതമാനത്തിലേയ്ക്ക് താഴ്ന്നിരിക്കുന്നു. ബി.പി.സി.എൽ, എച്ച്.പി.സി.എൽ, എയർ ഇന്ത്യ, ബി.ഇ.എം.എൽ, എൽ.ഐ.സി. തുടങ്ങി എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കേന്ദ്രസർക്കാർ ആക്രി വിലയ്ക്ക് വിറ്റുതുലയ്ക്കുകയാണ്. അതേസമയം നാട്ടിലുള്ള ചെറിയ സ്ഥാപനങ്ങളെയെല്ലാം ലാഭത്തിലേയ്ക്ക് കൈപിടിച്ച് കയറ്റുകയാണ് നമ്മുടെ പ്രിയപ്പെട്ട സംസ്ഥാന സർക്കാർ. നോട്ട് നിരോധനംപോലുള്ള കേന്ദ്ര സർക്കാരിന്റെ തിരുമണ്ടൻ തീരുമാനങ്ങൾ ലക്ഷക്കണക്കിന് സാധാരണക്കാരെ തെരുവിൽ വഴിയാധാരമാക്കി മാറ്റിയപ്പോൾ

50000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്തത്. ഒരു ജനത അനീതിക്കെതിരെ ജ്വലിച്ച് ജീവിക്കുന്നതുകൊണ്ടാണ് ഉറച്ച കാൽവെയ്പുകളോടെ കേരളം മുന്നോട്ടുപോകുന്നത്. ആ ഉറച്ച നിലപാടുകൾ ഈ ബഡ്ജറ്റിന്റെ അന്തർധാരയായി നമുക്ക് കാണാൻ കഴിയും.

കേന്ദ്ര ബഡ്ജറ്റിൽ പ്രവാസികളുടെ ക്ഷേമത്തിന് ഒരു രൂപപോലും മാറ്റിവച്ചിട്ടില്ലെന്ന് മാത്രമല്ല, പുതിയ നികുതി ചുമത്താനുള്ള നിർദ്ദേശംകൂടി വച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന പ്രവാസികളെ പൂർണ്ണമായും തഴയുന്ന നയമാണ് ബി.ജെ.പി സർക്കാർ/കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ പ്രതിഷേധങ്ങൾ ലോകമെമ്പാടും അലയടിക്കുന്ന വേളയിലാണ് സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് അവതരണം നടന്നത്. ലോക മലയാളികളുടെ മനസ്സിൽ കുളിരണിയിക്കുന്ന നിരവധി പ്രഖ്യാപനങ്ങൾ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിരിക്കുന്നു. സംസ്ഥാന ബഡ്ജറ്റ് 2019-20-ൽ പ്രവാസി വകുപ്പിന് വകയിരുത്തിയത് 30 കോടി രൂപയാണെങ്കിൽ ഈ സാമ്പത്തിക വർഷം അത് 90 കോടി രൂപയായി ഉയർത്തിയിരിക്കുകയാണ്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 5 വർഷംകൊണ്ട് ആകെ നീക്കിവച്ചിരുന്നത് 82 കോടി രൂപ മാത്രമായിരുന്നുവെങ്കിൽ ഇപ്പോൾ ഈ സംഖ്യ മാത്രം കൂട്ടിയാൽ അറിയാം എത്രയോ വലിയ പ്രാധാന്യമാണ് പ്രവാസികളെ സംബന്ധിച്ച് ഈ ഭരണകൂടം നൽകുന്നതെന്ന്. തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിന് മുൻഗണന നൽകുന്നതിനൊപ്പംതന്നെ അങ്ങേയറ്റം ആശ്വാസകരമാണ് 'സാന്ത്വനം' പോലുള്ള പരിപാടികൾ. വിദേശ ജോലിക്ക് പ്രോത്സാഹനം നൽകുകയെന്ന ലക്ഷ്യത്തോടെ ജോബ് പോർട്ടൽ സമഗ്രമാക്കുന്നതിനും 10,000 നഴ്സുമാർക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള ക്രാഷ് ഫിനിഷിംഗ് കോഴ്സിന് പണം അനുവദിച്ചതുമൊക്കെ ഉദ്യോഗാർത്ഥികൾക്ക് വലിയ പ്രയോജനം നൽകുമെന്നതിൽ പക്ഷാന്തരമില്ല. പ്രവാസികളുടെ സമ്പാദ്യ സമാഹരണവും നിക്ഷേപവും മുൻനിർത്തി ആരംഭിച്ചിട്ടുള്ള പ്രവാസി ഡിവിഡന്റ് ഫണ്ടും പ്രവാസി ചിട്ടിയും - കേരളത്തിന് പ്രവാസികളോടുള്ള അദമ്യമായ സ്നേഹം പ്രകടിപ്പിക്കാൻ ഇതിലും വലുതായി മറ്റൊന്നുമില്ലെന്ന് നമുക്ക് കാണാൻ കഴിയും. സംസ്ഥാന ബഡ്ജറ്റിന്റെ ചില നന്മകളെക്കുറിച്ചും നമുക്ക് ഏറെ പറയാൻ കഴിയും. ഒന്നാമതായി, 'വിശപ്പുരഹിത കേരളം' പദ്ധതിയാണ്. 25/- രൂപയ്ക്ക് ഉച്ചയൂണ് നൽകുന്ന ഈ നിർദ്ദേശത്തെപ്പറ്റി സാമൂഹ്യ മാധ്യമങ്ങളിൽ പരിഹാസ ട്രോളുകളാണ് നിറയുന്നത്. ഈ ജന്മത്ത് നടപ്പാക്കാൻ കഴിയാത്ത രീതിയിലുള്ള നിർദ്ദേശമെന്ന മട്ടിലാണ് അതിന്റെ പോക്ക്. അവർ കാണാത്ത ചില കാര്യങ്ങളുണ്ട്. ഇങ്ങനെയുള്ള ഭക്ഷണശാലകൾ ഇപ്പോൾത്തന്നെ കേരളത്തിലുണ്ട്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഭാവനാ മികവിൽ 'വിശപ്പുരഹിത മാരാരിക്കുളം' എന്ന കാഴ്ചപ്പാടിൽ വളവിനാട് ഡി.സി. മിൽസിനു സമീപം 25

രൂപയ്ക്ക് പച്ചക്കറിയും മീൻചാറും പപ്പടവും മോരും അച്ചാറും ചേർത്ത് ഊണ് കിട്ടും. ഇതുപോലെ ഇതേവിലയ്ക്ക് കോഴിക്കോട് ശ്രീ. ഖാദർ ഇക്കയുടെ മെസ് ഹൗസിൽനിന്നും വയറുനിറച്ച് ഉച്ചഭക്ഷണം കിട്ടും. ക്ഷേമപെൻഷനുകളിൽ 100 രൂപ വർദ്ധനവ്, ദുർബല വിഭാഗങ്ങൾക്കുള്ള ദൃഢമായ കൈത്താങ്ങാണ്. 1300-രൂപ വയോജനങ്ങൾക്ക് വാരിക്കൊടുത്ത് വികസനത്തിന് പണം വേസ്റ്റാക്കിയെന്ന് പറയുന്ന ഒരു കൂട്ടം നന്ദികെട്ടവർ ഈ സമൂഹത്തിലുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടുതന്നെയാണ് ഇത് പറയുന്നത്. ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഒരു ലക്ഷം വീടുകൾ പുതുതായി ഈ വർഷം നിർമ്മിച്ചുനൽകുകയാണ്. 'സമ്പൂർണ്ണ പാർപ്പിട ലഭ്യതാ സംസ്ഥാനമായി' മാറാൻ കേരളത്തിന് ഇനി അധികകാലം കാത്തുനിൽക്കേണ്ടിവരില്ല.

ആശാ വർക്കർമാർക്ക് 500 രൂപ ഓണറേറിയം വർദ്ധിപ്പിച്ചത് അഭിനന്ദനീയമായ സത്കർമ്മമായി കരുതുകയാണ്. ബഡ്ജറ്റിന്റെ മഹാ അത്ഭുതം ഈ വർഷം നമുക്ക് കാണാൻ കഴിയും. അത് കിഫ്ബിയാണ്; ധനമന്ത്രിയുടെ ഇക്കണോമിക് മിറക്കിൾ എന്ന് പറയാൻ കഴിയും. കിഫ്ബിക്കെതിരെ ഒരു ലോഡ് പുച്ഛം പറയുന്ന പ്രതിപക്ഷനിരയിലെ അംഗങ്ങൾപോലും ഇപ്പോൾ രഹസ്യമായി കിഫ്ബിയുടെ ആരാധകരാണ്. അത്യുയധികം പ്രവൃത്തികളാണ് 140 മണ്ഡലങ്ങളിലും നടക്കുന്നത്. കിഫ്ബിയുടെ മൊത്തം മൂല്യം 54,000 കോടി രൂപയ്ക്ക് മുകളിൽ വരും. ഈ വർഷം 20,000 കോടി രൂപയ്ക്കുള്ള പുതിയതും വലുതുമായ നിർമ്മാണ പ്രവർത്തനങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ കിഫ്ബി പ്രോജക്റ്റുകളുടെ ഒരു പ്രശ്നംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടി ഈ അവസരം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ വകുപ്പുകൾ യോജിപ്പിച്ച് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി ഈ പ്രവർത്തനം തീർക്കാനുള്ള നടപടി കൂടി അങ്ങ് സ്വീകരിക്കണമെന്ന് ഞാൻ ഇത്തരുണത്തിൽ അഭ്യർത്ഥിക്കുന്നു. കേരളം മാറുകയാണ്; വികസിതമായ കേരളത്തിന്റെ മുഖം ഇപ്പോൾത്തന്നെ കൺമുന്നിൽ കാണാം. ഈ ബഡ്ജറ്റിനെക്കുറിച്ച് എന്റെ വിലയിരുത്തൽ 'രക്തസാക്ഷികളുടെ വീട് ' എന്ന പേരിൽ വി. ആർ. രതീഷ് എഴുതിയ ചെറുകവിതയിലെ അവസാന വരികൾ പറയുന്നതുപോലെ ഇങ്ങനെ സംഗ്രഹിക്കാം.

"തോറ്റവർക്കുള്ള പാട്ടിൽ നിന്നും ഞാൻ പടുത്തുയർത്തും
പിറക്കാനിരിക്കുന്നവർക്കുള്ള ഭൂപടം"

ഒരിക്കൽക്കൂടി 2020-21 സംസ്ഥാന ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട്, ഇത്തരമൊരു വലിയ ക്രൈസിസ് നേരിടുന്ന സന്ദർഭത്തിൽ ഒരു ധനകാര്യമന്ത്രി ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിച്ചതിലുള്ള സന്തോഷം പ്രത്യേകമായി രേഖപ്പെടുത്തി നന്ദിപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനമന്ത്രിയുടെ ടി.വി. ചാനലുകളുമായുള്ള 'പ്രീ-ബഡ്ജറ്റ് ടോക്ക്' സ്ഥിരമായി കാണുന്ന ഒരാളാണ് ഞാൻ. അദ്ദേഹം വളരെ കളർഫുൾ ആയ ഷർട്ട് ധരിച്ച് കോവളം കടപ്പുറത്തുകൂടി ഓടിച്ചാടി വളരെ സന്തോഷത്തോടുകൂടി വരാൻപോകുന്ന ബഡ്ജറ്റിനെപ്പറ്റി വളരെ വാചാലമായി സംസാരിക്കാറുണ്ട്. ഈ പ്രാവശ്യം അദ്ദേഹത്തെ കാണുമ്പോൾ ഒരു വശപ്പിശക്. അദ്ദേഹം വളഞ്ഞ ഒരു പാറപ്പുറത്ത് കുത്തിയിരിക്കുന്നു; നടക്കുന്നില്ല; കീറിയ ഒരു ജുബ്ബയിട്ടിട്ടുണ്ട്; മുടി ചീകിയിട്ടില്ല; കാണുമ്പോൾ തന്നെ പൊളിഞ്ഞ തറവാട്ടിലെ ഒരു കാരണവരെപ്പോലെ തോന്നുകയാണ്. വളരെ ഫീബിളായിട്ടാണ് അദ്ദേഹം സംസാരിക്കുന്നതുപോലും. അറബികൾ പറയുന്നതുപോലെ, ഒരു 'മിസ്കിൻ-'ന്റെ രൂപമായിട്ടാണ് എനിക്ക് തോന്നിയത്. ഈ ബഡ്ജറ്റ് വന്നപ്പോഴാണ് മനസ്സിലായത് ഇതൊരു 'മിസ്കിൻ' ബഡ്ജറ്റാണെന്ന്. നമ്മുടെ നാട് അതിരൂക്ഷമായിട്ടുള്ള ധനപ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. നികുതി പിരിവ് നമ്മൾ ഉദ്ദേശിച്ചതിന്റെ പകുതിപോലും ആയിട്ടില്ല. ഒരു നിയന്ത്രണവുമില്ലാത്ത രീതിയിലാണ് നികുതി വകുപ്പിന്റെ പോക്ക്. വിഭവസമാഹരണം പരാജയപ്പെട്ടു. 30 ശതമാനം വർദ്ധനവ് പ്രതീക്ഷിച്ചതിലും 14 ശതമാനമായി താഴ്ന്നു. കഴിഞ്ഞവർഷം ബഡ്ജറ്റിലുള്ള മൂലധനച്ചെലവ് 7,900 കോടി രൂപയാണ്. ഒരുകാലത്തും ഇത്രയും മോശമായി വന്നിട്ടില്ല. കേരളപ്പിറവിക്ക് ശേഷം ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ ആകെയുണ്ടായിരുന്ന കടം ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം കോടി രൂപ മാത്രമാണ്. ഇപ്പോൾ അത് ഒരു ലക്ഷം കോടി രൂപ വർദ്ധിച്ച് രണ്ടേകാൽ ലക്ഷം കോടി രൂപയായി. ഒരു ലക്ഷം കോടി രൂപയുടെ എന്ത് വികസന പ്രവർത്തനങ്ങളാണ് നാട്ടിലുണ്ടായിട്ടുള്ളത്? എവിടെപ്പോയി ആ ഒരു ലക്ഷം കോടി രൂപ? റവന്യൂ കമ്മി കൂടിവരുന്നു; ട്രഷറികളെല്ലാം ഏകദേശം പൂട്ടിപ്പോയതുപോലെയാണ്. ജീവനക്കാരുടെ പെൻഷനും ശമ്പളവും കൊടുക്കുന്നതല്ലാതെ വേറെയൊന്നും അവിടെ നടക്കുന്നില്ല. രണ്ടേകാൽ ലക്ഷം കോടി രൂപ വരുന്ന കടത്തിന്റെ 63 ശതമാനവും അടുത്ത 5 വർഷംകൊണ്ട് മെച്യൂരിറ്റി എത്തുകയാണ്. നമ്മൾ എങ്ങനെയാണ് അത് തിരിച്ചടയ്ക്കുക? സാമ്പത്തിക സർവ്വേയിൽ 7.5% വളർച്ചാനിരക്കുണ്ടെന്നാണ് പറയപ്പെടുന്നത്. ഇത് വസ്തുതാപരമാണ്. പലപ്പോഴും കണക്കുകൾ നമ്മൾ വളച്ചൊടിക്കുകയാണ്. കേരള ബാങ്കിന്റെ കാര്യം പറഞ്ഞതുപോലെ നമ്മൾ കൊടുക്കുന്ന കണക്കുകൾ തെറ്റായിപ്പോകുന്നു. സി.ആൻഡ് എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നത് നമ്മുടെ കണക്കുകളിൽ വ്യാപകമായ വളച്ചൊടിക്കൽ നടന്നിട്ടുണ്ടെന്നാണ്. 2018-19-ൽ നമ്മളെടുത്ത 8611 കോടി രൂപ മുഴുവൻ കൃത്യമായി തിരികെ കൊടുക്കേണ്ടതാണെന്നാണ് അവർ

അഭിപ്രായപ്പെട്ടത്. വെറും 313 കോടി രൂപ മാത്രമാണ് ഇതുവരെയും തിരിച്ചടച്ചത്. ഒരു അഡ്ജസ്റ്റ്മെന്റ് അക്കൗണ്ടിംഗാണ് എല്ലായിടത്തും നടക്കുന്നത്. തെറ്റായ കണക്കുകൾ ബോധിപ്പിക്കുന്നത് കുറ്റകരമാണ്. മോശമായൊരു ധനകാര്യ മാനേജ്മെന്റാണിത്. ബഡ്ജറ്റിൽ ഒന്ന് പ്രഖ്യാപിക്കുന്നു, വേറൊന്ന് നടപ്പാക്കുന്നു. ബഡ്ജറ്റും യാഥാർത്ഥ്യവും തമ്മിൽ ഒരു ബന്ധവുമില്ല. നവോത്ഥാന മ്യൂസിയം, 42 ലക്ഷം ആരോഗ്യ ഇൻഷ്വറൻസ്, തൊഴിലുറപ്പ് പദ്ധതി, വ്യവസായ പാർക്കുകൾ ഇതൊക്കെ എവിടെപ്പോയി? തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ കാരണം അവർക്ക് ഒന്നും ചെയ്യാനാകാത്ത സ്ഥിതിയാണ്. ഇത് പഞ്ചായത്ത് ഇലക്ഷന്റെ സമയമാണ്. അവിടത്തെ റോഡുകൾ റിപ്പെയർ ചെയ്യണമെന്നത് എല്ലാ പാർട്ടിക്കാരുടെയും ആഗ്രഹമാണ്. പക്ഷേ അത് എങ്ങനെ ചെയ്തു തീർക്കും. ട്രഷറി നിയന്ത്രണം കാരണം ഒരു രൂപപോലും കോൺട്രാക്ടർമാർക്ക് കൊടുക്കാൻ സാധിക്കുന്നില്ല. ജി.എസ്.ടി. വന്നകാലം മുതൽ ആയിരം നാവുള്ള അനന്തനെപ്പോലെ ജി.എസ്.ടി.യെപ്പറ്റി അങ്ങ് സംസാരിച്ചിരുന്നതാണ്. ജി.എസ്.ടി. കളക്ഷൻ ഇത്രയും മോശമായതെങ്ങനെയാണ്? ഇത്രയധികം നികുതി വെട്ടിപ്പിന്റെ കാലമുണ്ടായിട്ടില്ലെന്നതാണ് വാസ്തവം. ചെക്ക്പോസ്റ്റുകൾ എടുത്തുകളഞ്ഞതിനാൽ ചെക്ക്പോസ്റ്റുവഴി ധാരാളം സാധനങ്ങൾ വരുന്നുണ്ട്. ഇഷ്ടംപോലെ സാധനങ്ങൾ ആർക്കും എവിടെയും വിൽക്കാം. യഥാർത്ഥത്തിൽ ടാക്സ് കൊടുക്കുന്നവരാണ് ബുദ്ധിമുട്ടനുഭവിക്കുന്നത്. അവർക്ക് കോംപീറ്റ് ചെയ്യാൻ സാധിക്കുന്നില്ല. കള്ളുകുടിയന്മാരും ഭാഗ്യാന്വേഷികളുമില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ എന്താകുമായിരുന്നു? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലെ ബാറുകളെല്ലാം നിരോധിച്ചിരുന്നു. എല്ലാം നിർത്തലാക്കുമെന്ന് പറഞ്ഞ് നിങ്ങൾ അധികാരത്തിൽ വന്നു. ശ്രീ. ഇന്നസെന്റും ശ്രീമതി കെ. പി. എ. സി. ലളിതയും ചേർന്ന് തകർത്ത് അഭിനയിച്ചു. പക്ഷേ എന്താണ് സംഭവിച്ചത്? 565 ബാറുകൾ പുനരാരംഭിച്ചു. ഒരു ബാറിന് 28 ലക്ഷം രൂപയാണ് ലൈസൻസ് ഫീസ്. ഏറ്റവും കൂടുതൽ നികുതി ഈടാക്കുന്നത് ലിക്വറിൽനിന്നാണ്. കള്ളുകുടിയന്മാരില്ലെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? ബഡ്ജറ്റിൽ എല്ലാ മേഖലകളിലും ഫീസ് കൂട്ടി, ഫെയർവാല്യൂ 10% കൂട്ടി. റിയൽ എസ്റ്റേറ്റ് പഴയതുപോലെയല്ല, ഫ്ലാറ്റുകൾ പഴയതുപോലെ വിറ്റുപോകുന്നില്ല. കിട്ടിയിരുന്ന രജിസ്ട്രേഷൻ വരുമാനം ഇനിയും കിട്ടുമെന്ന് ഉറപ്പില്ല. മരട് ഫ്ലാറ്റുകളെപ്പോലെ ഇനിയും തീരദേശ നിയമം പാലിക്കാത്ത നിരവധി കെട്ടിടങ്ങളുണ്ടെന്നാണ് പറയുന്നത്. ഉണ്ടെങ്കിൽ അത് പൊളിച്ചുകളയരുത്, അവയെ സർക്കാർ ഏറ്റെടുത്ത് സ്കൂളുകളോ ആശുപത്രികളോ ആക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നാട്ടിൽ പഴയതുപോലെ കച്ചവടമൊന്നുമില്ല. റീട്ടെയിലൊക്കെ 40 ശതമാനവും 50 ശതമാനവും കുറഞ്ഞു.

കടകൾ പലതും പൂട്ടി. പ്രവാസിപ്പണം പഴയതുപോലെ വരുന്നില്ല. വന്നാൽതന്നെ ചെലവഴിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നു. സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 36.25 ലക്ഷമാണ്. അതായത് മൊത്തം ജനസംഖ്യയുടെ 10 ശതമാനത്തോളം തൊഴിൽരഹിതരാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിൽരഹിതരുടെ എണ്ണം കേരളത്തിലാണ് കൂടുതൽ. തൊഴിലില്ലാത്തവർ ദേശീയ ശരാശരി 6.1 ശതമാനം, കേരളത്തിൽ ഇത് 9.53 ശതമാനമാണ്. കേരളം പിന്നോട്ടുപോകുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. സാമ്പത്തികമാന്ദ്യവും കുറഞ്ഞ വളർച്ചാനിരക്കുമാണ് തൊഴിലില്ലായ്മയുടെ പ്രധാന കാരണം. 44559 എഞ്ചിനീയറിംഗ് ബിരുദധാരികളും 7303 എം.ബി.ബി.എസ്. ബിരുദധാരികളും 6413 എം.ബി.എ. ബിരുദധാരികളും തൊഴിലില്ലാത്തവരുടെ പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ സാമ്പത്തികമായി ഞെരുക്കുകയാണെന്നും കിട്ടേണ്ട തുക കിട്ടുന്നില്ലെന്നുമാണ് അങ്ങ് ഇത്രയും കാലം പറഞ്ഞത്, ഞങ്ങളത് സമ്മതിക്കുന്നു. ഗ്രാന്റുകൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ഗവർണറുമായി ഒരു പാലമിട്ടതിന്റെ അടിസ്ഥാനത്തിൽ ഇതെല്ലാം ചെയ്തുതീർക്കാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും തമ്മിൽ നയങ്ങളിൽ വലിയ വ്യത്യാസമൊന്നുമില്ല. നിങ്ങളുടെ ഏറ്റവും വലിയ ശത്രുവാണ് കോൺഗ്രസ്. കേന്ദ്രത്തിലും അത് കോൺഗ്രസ് തന്നെ. അവരുടെ രണ്ടാമത്തെ ശത്രു മാവോയിസ്റ്റാണ്. ഇവിടെയും അതുതന്നെയാണ്. നിങ്ങൾ ഏഴുപേരെയല്ലേ വെടിവച്ചുകൊന്നത്. കോടികളാണ് അവരെ ഇല്ലാതാക്കാൻ നീക്കിവച്ചത്. ഇവരെ കൊന്നതും സാമ്പത്തികവുമായും എന്തെങ്കിലും ബന്ധമുണ്ടോ? കേന്ദ്രത്തിന്റെ വേറൊരു ശത്രു പാക്കിസ്ഥാനാണ്. രാവിലെയും വൈകുന്നേരവും അനങ്ങിയാൽ പാക്കിസ്ഥാനെപ്പറ്റി പറയും. ഇവിടെ അനങ്ങിയാൽ മുസ്ലീം തീവ്രവാദികൾ എസ്.ഡി.പി.ഐ, ജമാഅത്തെ ഇസ്ലാമി, പാർലമെന്റിൽ നമ്മുടെ മുഖ്യമന്ത്രിയെ പ്രശംസിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി. അവസാനം രക്തം രക്തത്തെ തിരിച്ചറിഞ്ഞിരിക്കുന്നു. എന്തൊരത്ഭുതം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...........പ്ലീസ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ ദിവസം ഞാൻ താമസിക്കുന്ന മങ്കടയിൽ ഒരാൾ മോദിയുടെ ചിത്രവും ഹിറ്റ്ലറുടെ ചിത്രവും ഫോട്ടോഷോപ് ചെയ്ത് ബോർഡ് വച്ചു. എസ്.ഐ. വന്ന് അയാളെ അറസ്റ്റ് ചെയ്തു. ഗാന്ധിജിയെ കൊന്നത് ആർ.എസ്.എസ് ആണെന്ന് പറഞ്ഞ് മലപ്പുറത്ത് ബോർഡുവച്ച അജ്ഞാതന്റെ പേരിൽ കേസ്സെടുത്തു. ബി.ജെ.പി.യുടെ പൗരത്വ ഭേദഗതി ബില്ലിന് അനുകൂലമായി പരിപാടി നടക്കുന്ന സ്ഥലത്ത് കടകളടയ്ക്കാൻ പാടില്ലെന്ന് എസ്.ഐ. ഉത്തരവ് പുറപ്പെടുവിക്കുന്നു. മോദിക്കെതിരെ ഒരക്ഷരം മിണ്ടിയാൽ ആ നിമിഷം അറസ്റ്റ്

ചെയ്യാൻ ആളുണ്ട്. സർക്കാരിന് കീഴിലെ ഒരു സാധാരണ എസ്.ഐ.-യിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ കഴിയാത്തവർ എങ്ങനെയാണ് സി.എ.എ.-യിൽനിന്നും എൻ.ആർ.സി.-യിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതെന്നു പറഞ്ഞാൽ നന്നായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ...........പ്ലീസ്........

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മാണിസാറിന്റെ സ്മരണയ്ക്കായുള്ള സ്മാരകത്തിനുവേണ്ടി അഞ്ച് കോടി രൂപ അനുവദിച്ചത് വളരെ നല്ല കാര്യമാണ്.............(മൈക്ക് ഓഫ്)..............

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. അതീവ ഗുരുതരമായ സാമ്പത്തിക തകർച്ച നേരിടുന്ന ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള ഒരു വെൽഫെയർ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഇടതുപക്ഷത്തിനല്ലാതെ ആർക്കാണ് സാധിക്കുന്നത്. ഈ ബഡ്ജറ്റ് അവതരണത്തിനുമുമ്പ് എനിക്കുമാത്രമല്ല, സഭയിലെ എല്ലാവർക്കും വലിയ ആശങ്കയുണ്ടായിരുന്നു. ഇതിൽ കാര്യമായ പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. ഓരോ മണ്ഡലത്തിലും എത്ര കോടി കിട്ടിയെന്നതല്ല പ്രധാനം, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് ഭൂരിപക്ഷംവരുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതത്തിൽ വെളിച്ചം വരുത്താനുള്ള മാതൃകാപരമായ ഒട്ടേറെ പദ്ധതികളാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. ഇത് ശ്രീ. നരേന്ദ്രമോദിയുടെ വാചക കസർത്തോ ശ്രീമതി നിർമ്മലാ സീതാരാമന്റെ ജാലവിദ്യയോ അല്ല. യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനമാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റിൽ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. ഓരോ കാര്യവും പ്രത്യേകമായി വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കിഫ്ബിയെ 'കുഫ്ബി' എന്നുപറഞ്ഞ ആൾക്കാരുണ്ട്. അത് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കില്ല. അംഗീകാരം കൊടുത്ത കിഫ്ബി പദ്ധതികളുടെ ആകെ അടങ്കൽ തുകയാണ് 54678 കോടി രൂപ. നിങ്ങൾക്കെങ്ങനെയാണ് ഇത് നിഷേധിക്കാൻ സാധിക്കുന്നത്? 4500 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ തടയണ ഉൾപ്പെടെ 35 കോടി രൂപയുടെ രണ്ട് പ്രധാനപ്പെട്ട വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. അങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഓരോന്നും വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. പാവപ്പെട്ടവരെ ലക്ഷ്യംവച്ച് അവരുടെ ജീവിത ക്ഷേമത്തിനുവേണ്ടിയുള്ള ഒട്ടേറെ ഫലപ്രദമായ പരിപാടികൾ നടപ്പിലാക്കി. ക്ഷേമപെൻഷൻ 1300 രൂപയാക്കി വർദ്ധിപ്പിച്ചത് ഒരുപക്ഷേ

പ്രതിപക്ഷാംഗങ്ങൾക്ക് ഇഷ്ടപ്പെട്ടുവെന്ന് വരില്ല. സാമൂഹ്യക്ഷേമ പെൻഷൻ പാവപ്പെട്ട ആളുകൾക്കല്ലേ കൊടുത്തത്? എം.എൽ.എ.-മാർ ആവശ്യപ്പെട്ട 1500 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം കൊടുത്തു. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ, കാർഷികമേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഒട്ടേറെ പദ്ധതികൾ, പ്രവാസിക്ഷേമത്തിന് 90 കോടി രൂപയുടെ പദ്ധതി, ആരോഗ്യ മേഖല, പൊതുവിദ്യാഭ്യാസ സംരക്ഷണം, ലൈഫ് മിഷൻ, ഹരിത കേരള മിഷൻ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതമുയർത്തി. 1000 പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിൽ, ന്യൂനപക്ഷക്ഷേമത്തിന് 42 കോടി രൂപ തുടങ്ങി വളരെ മഹത്തായ കാര്യങ്ങളാണ് അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ കുപ്പിവെള്ളം വ്യാപകമായി വിറ്റഴിക്കപ്പെടുന്നു. ഒരു ലിറ്റർ കുപ്പിവെള്ളത്തിന്റെ ഉല്പാദന ചെലവ് രണ്ടര രൂപയാണ്. എന്നാൽ അഞ്ചു രൂപ മുതൽ ഏഴ് രൂപവരെ വിലയ്ക്കാണ് മൊത്തക്കച്ചവടക്കാർക്ക് കമ്പനികൾ വിൽക്കുന്നത്. 12 രൂപ മുതൽ 15 രൂപ വരെ വിലയ്ക്കാണ് ഇത് പൊതുമാർക്കറ്റിൽ വിൽക്കുന്നത്. ഇത് കൊള്ളയാണ്. നമ്മുടെ പ്രകൃതിവിഭവത്തെ ചൂഷണം ചെയ്തുണ്ടാക്കുന്ന കുപ്പിവെള്ളത്തിന് മതിയായ സെസ് ഏർപ്പെടുത്തണം. ഇതിലൂടെ നമ്മുടെ സംസ്ഥാനത്തിന് വരുമാനം ലഭിക്കും. ശിശുക്ഷേമ സമിതിയുടെ ഭാഗമായ ക്രഷുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ വേതനം നൽകാനുള്ള സംവിധാനമുണ്ടാക്കണം. ഈ ബഡ്ജറ്റിനെ പ്രതിപക്ഷാംഗങ്ങൾക്ക് ആത്മാർത്ഥതയോടെ എതിർക്കാൻ കഴിയില്ല. പരിണിതപ്രജ്ഞനായ പ്രതിപക്ഷാംഗം ശ്രീ. വി. ഡി. സതീശനോട് ഒറ്റയ്ക്ക് സംസാരിച്ചുനോക്കൂ, അദ്ദേഹം ഈ ബഡ്ജറ്റിനെ എതിർക്കില്ല. അദ്ദേഹത്തിന് ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് നല്ല മതിപ്പാണുള്ളത്. പിന്നെ വിമർശനത്തിൽ യാതൊരു കാര്യവുമില്ല. അവർ ഇരിക്കുന്നത് പ്രതിപക്ഷത്തായതുകൊണ്ട് വിമർശിക്കാനേ സാധിക്കൂ. ആ അർത്ഥത്തിൽ മാത്രമേ ആ വിമർശനങ്ങളെ ഞങ്ങൾ കാണുന്നുള്ളൂ. ഈ ബഡ്ജറ്റിന്റെ ജീവൻ എന്നുപറയുന്നത് ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കലാണ്. ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ ഒരു നാടിന്റെ സമ്പദ്ഘടനയെ ചനലാത്മകമാക്കാൻ സാധിക്കില്ല. നാല് പ്രമാണിമാരെ നന്നാക്കിയതുകൊണ്ട് സാമ്പത്തികമായ വാട്ടം പരിഹരിക്കാൻ സാധിക്കില്ല. ഇവിടെയാണ് കോൺഗ്രസ്സിനും ശ്രീ. നരേന്ദ്രമോദിക്കും പിഴയ്ക്കുന്നത്. നമ്മുടെ രാജ്യം വലിയ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെപ്പറ്റി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ വലിയ വാചക കസർത്താണുള്ളത്.

കഴിഞ്ഞ 15 കൊല്ലത്തിനിടയിൽ ഏറ്റവും വലിയ സാമ്പത്തിക തകർച്ചയാണ് നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്നതെന്നാണ് നീതി ആയോഗിന്റെ വൈസ് ചെയർമാൻ പറഞ്ഞിരിക്കുന്നത്. എങ്ങനെയാണ് നാട് സാമ്പത്തികമായി രക്ഷപ്പെടുന്നത്; രാജ്യത്തെ തൊഴിൽശക്തിയുടെ 90 ശതമാനവും തൊഴിലാളികളാണ്. ആ തൊഴിലാളികളുടെ ജീവിതക്ഷേമത്തിനുവേണ്ടി, അവരുടെ വരുമാന വർദ്ധനയ്ക്കുവേണ്ടിയുള്ള ഒരു നിർദ്ദേശവും കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിലില്ല. അവരെ തകർക്കുകയാണ്. അതിനുവേണ്ടിയാണ് തൊഴിൽ നിയമ ഭേദഗതി കൊണ്ടുവരുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. രാജ്യത്ത് സമ്പന്നരെ അതിസമ്പന്നരാക്കുന്ന സമീപനങ്ങളാണുള്ളത്. ഈ അസമത്വമാണ് രാജ്യത്തെ സാമ്പത്തികമായിട്ടുള്ള പാപ്പരീകരണത്തിലേയ്ക്ക് നയിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ജനങ്ങൾക്ക് ജീവിതം നൽകുകയാണ്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലയെ ആകെ തകർത്തുകൊണ്ടിരിക്കുകയാണ്. മഹാനവരത്ന കമ്പനികൾവരെ വിൽക്കുകയാണ്. അതേസമയത്ത് നമ്മൾ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നു. പുതിയ വ്യവസായ സംരംഭകർക്കാവശ്യമായിട്ടുള്ള സഹായം നൽകുന്നു. ആ സമീപനവുമായി മുന്നോട്ടുപോകുകയാണ്. കേന്ദ്രം പ്രവാസികളെ ദ്രോഹിക്കുകയാണ്. ഈ ഗവൺമെന്റ് 90 കോടി രൂപ കേരളത്തിലെ പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി നീക്കിവച്ചു. ഞാൻ യു.ഡി.എഫ്.-നോട് പറയുകയാണ്. നിങ്ങൾ ചെയ്ത പണിയുണ്ടല്ലോ, അത് നന്ദികേടാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കാരണം ലോക കേരളസഭ ബഹിഷ്കരിച്ചതിന് എന്ത് ന്യായീകരണമാണ് നിങ്ങൾക്ക് പറയാനുള്ളത്; എന്താണ് ന്യായീകരണം? ആ പ്രവാസികളല്ലേ, ഇവിടെ പെറ്റമ്മയേയും ഭാര്യയെയും മക്കളെയും പോറ്റാൻവേണ്ടി മണലാരണ്യങ്ങളിൽ പോയി ചോര നീരാക്കി പണിയെടുക്കുന്നത്. ഒരു റിയാലിന് ഉണങ്ങിയ കുബ്ബൂസും പച്ചവെള്ളവും കഴിച്ച് അവസാനത്തെ ഹലാലയും നാട്ടിലേക്ക് അയയ്ക്കുന്ന പാവപ്പെട്ട പ്രവാസിയല്ലേ ഈ നാടിന്റെ സമ്പദ്‌വ്യവസ്ഥയെ സംരക്ഷിച്ചത്; ആ പ്രവാസികളോട് വലിയ നന്ദികേടല്ലേ യു.ഡി.എഫ്. കാണിച്ചത്; അത് ചെയ്യരുത്; അത് വലിയ ക്രൂരതയാണ്. പ്രവാസികൾക്ക് അനുകൂലമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം ഞാൻ കഴിഞ്ഞ ദിവസം കേട്ടു. അദ്ദേഹം ആരെപ്പറ്റിയാണ് പറഞ്ഞത് എന്നെനിക്കറിയില്ല. ശ്രീ. പി. ടി. തോമസ് പ്രസംഗത്തിനിടയിൽ 'മന്നവേന്ദ്രാ വിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിൻമുഖം' എന്നുപറഞ്ഞു. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെ

കണ്ടുകൊണ്ടുതന്നെയായിരിക്കണം അദ്ദേഹം അത് പറഞ്ഞിട്ടുണ്ടാകുക എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ശ്രീ. പി. ടി. തോമസ് നന്നായി പറയണം. ഇടയ്ക്കെങ്കിലും കക്ഷിരാഷ്ട്രീയം ഒഴിവാക്കണം. ഇടയ്ക്ക് മനസ്സിന്റെ ഉള്ളിന്റെയുള്ളിലെ സത്യം പുറത്തുവരണം. 'മന്നവേന്ദ്രാ വിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിന്മുഖം' ഒരു സംശയവും വേണ്ട. ശ്രീ. കെ. സി. ജോസഫിന് യാതൊരു ബേജാറും വേണ്ട. വളരെ വ്യക്തമായി ഞങ്ങൾ പറയാം. ഒരു വിരട്ടലും നടക്കുകയില്ല. ആവർത്തിച്ച് ഞങ്ങൾ പറയാം. സ്കൂൾ മാനേജർമാർ മാത്രമല്ല, ശ്രീ. നരേന്ദ്ര മോദി വന്നാലും ശ്രീ. അമിത്ഷാ വന്നാലും ഒരു വിരട്ടലും ഇവിടെ നടക്കുകയില്ല. രബീന്ദ്രനാഥ് ടാഗോറിന്റെ പ്രസിദ്ധമായ വരികളുണ്ടല്ലോ

'എവിടെ നിർഭയമാകുന്നു മാനസം,

അവിടെ നിൽക്കുന്നു ശീർഷം സമുന്നതം.'

മനസ്സ് എപ്പോൾ നിർഭയമായിരിക്കുന്നുവോ അന്ന് ഒരു പ്രമാണിയുടെ മുന്നിലും ഒരു അധികാരിയുടെ മുന്നിലും തല താഴില്ല എന്ന് മനസ്സിലാക്കാൻ സാധിക്കണം. ഇതിലൊന്നും ഈ ഗവൺമെന്റ് പരാജയപ്പെട്ടില്ല. വലിയ അത്ഭുതമല്ലേ നടന്നത്;

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. പി. കെ. ശശി: സർ, ഇന്നലെ ഒരുപാട് സമയം കൊടുത്തതാണ്. ഞാൻ പറയട്ടെ. രണ്ട് പ്രളയങ്ങളുണ്ടായി. രണ്ട് പ്രളയങ്ങളുണ്ടായപ്പോഴും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിനെ നേരിട്ടുകൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ഈ നാട് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി.ടി. തോമസ്......പ്ലീസ് ...ശ്രീ. പി. കെ. ശശി, കൺക്ലൂഡ്.....ആർക്കും സമയം തരുന്നില്ല.

ശ്രീ. പി. കെ. ശശി: സർ, ഞാൻ ഒന്ന് അവസാനിപ്പിച്ചോട്ടെ. ഒറ്റക്കാര്യം പറയാം. രാജ്യം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രയാസം നേരിട്ടുകൊണ്ടിരിക്കുമ്പോൾ രാഷ്ട്രീയമായി അല്പത്വം കാണിക്കുന്ന യു.ഡി.എഫ്.-ന്റെ നിലപാട് ഈ നാടിനോട് ചെയ്യുന്ന ഏറ്റവും വലിയ മഹാപാപമാണ്.... (മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ്...അങ്ങ് സംസാരിക്കു... പ്ലീസ്...

ശ്രീ. പി. ടി. തോമസ്: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്നുള്ളതുകൊണ്ട്, യാഥാർത്ഥ്യമില്ലാത്ത ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്.

20-ൽപ്പരം എഴുത്തുകാരെ ഉദ്ധരിച്ച് ബഡ്ജറ്റിനെ മോടി പിടിപ്പിക്കാൻ അങ്ങ് കാണിച്ച ശ്രമങ്ങൾ കാണുമ്പോൾ മാവോ സേതുങ്ങിന്റെ വാക്കുകളാണ് എനിക്ക് ഓർമ്മ വരുന്നത്. 'To read too many books is harmful' - ഒരുപാട് പുസ്തകങ്ങൾ അനവസരത്തിൽ വായിക്കുന്നത് ദോഷമാണെന്നാണ് അദ്ദേഹം പറഞ്ഞത്. Don't give a child a fish, but show him how to fish. കേരളത്തിലെ ജനങ്ങളുടെ ജീവിതം എങ്ങനെ കരുപ്പിടിപ്പിക്കാമെന്ന് പഠിപ്പിക്കാനാണ് അങ്ങ് ബഡ്ജറ്റിലൂടെ ശ്രമിക്കേണ്ടിയിരുന്നത്. ബഡ്ജറ്റുമായി പുലബന്ധമില്ലാത്ത കിഫ്ബിയെ അങ്ങ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി. അത് എങ്ങനെ സാധിക്കും; എന്നാൽ ഇത് ബഡ്ജറ്റിന്റെ ഭാഗമാണെന്ന് പറഞ്ഞ് അങ്ങ് നിയമസഭയെ നോക്കുകുത്തിയാക്കുകയാണ്. 75 വയസ്സ് തികഞ്ഞവർക്കുള്ള ക്ഷേമപെൻഷൻ ഒരു പൈസപോലും അങ്ങ് കൂട്ടിയിട്ടില്ല. കഴിഞ്ഞ സർക്കാർ എത്ര ചെലവഴിച്ചു; ഇപ്പോൾ എത്ര ചെലവഴിച്ചു എന്നുള്ള താരതമ്യപഠനം ഒരു ബഡ്ജറ്റിന്റെ അന്തസ്സിന് ചേർന്നതാണെന്ന് അങ്ങ് വിചാരിക്കുന്നുണ്ടോ; വളരെ വിദഗ്ദ്ധനായ ഒരു ധനതത്വശാസ്ത്രജ്ഞനായി കേരളം കണക്കാക്കുന്ന ആളല്ലേ അങ്ങ്; ഒരിക്കലും അങ്ങ് അത് ചെയ്യാൻ പാടില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള സംസ്ഥാനമായി കേരളം മാറിയതായി പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവ്വേ 2017-18-ൽ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിലെ തൊഴിലില്ലായ്മ 11.4 ശതമാനമാണ്. ആൾ ഇന്ത്യാ ആവറേജ് 6.1 ആണ്. സി.പി.ഐ(എം)-ന്റെ യുവജന വിദ്യാർത്ഥി സംഘടനകളൊക്കെ എവിടെപ്പോയി; അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. ലോട്ടറിയുടെ വില വർദ്ധിപ്പിച്ച് പാവപ്പെട്ട ലക്ഷക്കണക്കിന് ലോട്ടറിക്കാരെ നിങ്ങൾ വഴിയാധാരമാക്കാൻ പോകുകയാണ്. ഈ നടപടിക്കെതിരെ ഞങ്ങളുടെ ട്രേഡ് യൂണിയൻ നേതാവായ ശ്രീ. തോമസ് കല്ലാടൻ നാളെ ഇവിടെ സമരം ആരംഭിക്കുകയാണ്. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗം പേജ് 149-ൽ, പോലീസിന്റെ ആധുനികവൽക്കരണത്തിനായി 193 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 60 കോടി രൂപയും ജയിൽ നവീകരണത്തിന് 16 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. എന്തിനാണ് പോലീസ് സേനയ്ക്ക് പണം നീക്കിവയ്ക്കുന്നത്; പോലീസ് സേനയ്ക്ക് വകയിരുത്തുന്ന പണം എവിടെ പോകുന്നുവെന്ന് അങ്ങ് അന്വേഷിക്കുന്നുണ്ടോ; തീക്കട്ടയിൽ ഉറുമ്പരിക്കുകയാണ്. കേരളാ പോലീസിന്റെ തലവനായി 2016 ജൂണിലാണ് ശ്രീ. ലോക്നാഥ് ബെഹ്റ ചാർജ്ജെടുത്തത്. മാവോയിസ്റ്റ് ഭീഷണി മേഖലയിൽ തണ്ടർ ബോൾട്ട് അടക്കമുള്ള

സേനാവിഭാഗങ്ങൾക്ക് ക്വാർട്ടേഴ്സ് പണിയാനുള്ള പണം ലോക്നാഥ് ബെഹ്റ വകമാറ്റിയിരിക്കുകയാണ്. മാവോയിസ്റ്റ് ഭീഷണി നേരിടാൻ കേന്ദ്രം നൽകിയ പണത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തുമോ; തിരുവനന്തപുരത്ത് ആകാശവാണിക്കടുത്ത് ഭക്തിവിലാസം പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ വില്ലകൾ പണിതുകൊണ്ടിരിക്കുകയാണ്. എന്തെങ്കിലും ഒരന്വേഷണം നടത്തുമോ; പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. പോലീസ് നവീകരണത്തിന്റെ പേരിൽ കേരളത്തിൽ നടക്കുന്ന, നടന്നിട്ടുള്ള നിർമ്മാണം, പർച്ചേസ് ഇവ സംബന്ധിച്ച് അന്വേഷിക്കുമോ; വ്യാപകമായ അഴിമതികൊണ്ട് കുപ്പുകുത്തിയിരിക്കുകയാണ്. തിരുവനന്തപുരത്ത് സി.ബി.സി.ഐ.ഡി. ഹെഡ് ക്വാർട്ടേഴ്സ്, സ്പെഷ്യൽ ബ്രാഞ്ചിന്റെ റൂറൽ ഡിറ്റാച്ച്മെന്റ്, വികാസ്ഭവനിലെ പോലീസ് ക്വാർട്ടേഴ്സ് എന്നിവയെല്ലാം വലിയ കുഴപ്പത്തിലാണ്. ലോക്നാഥ് ബെഹ്റ ക്രമസമാധാനത്തിന്റെ ചുമതലയുള്ള ഡി.ജി.പി. ആയതിനുശേഷം പോലീസിനുവേണ്ടി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ തുടങ്ങിയവ വാങ്ങിയതിലും കെട്ടിട നിർമ്മാണത്തിലും വൻ അഴിമതിയുണ്ടായതായി കണ്ടെത്തിയിരിക്കുന്നു. കേരളത്തിലെ പോലീസ് ഇന്ത്യയ്ക്ക് മാതൃകയാണെന്ന് നമ്മൾ എക്കാലവും അഭിമാനിച്ചിരുന്നു. ആ അഭിമാനം ഇന്ന് പോലീസ് സേനയ്ക്കാകെ അപമാനമായി മാറിയിരിക്കുന്നു. സ്റ്റോർ പർച്ചേസ് മാനുവൽ കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഈ നടപടികളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. നേരത്തെതന്നെ കരാർ ഉറപ്പിക്കുകയാണ്. കരാർ ഉറപ്പിക്കുന്നതിനുമുമ്പ് സാധനങ്ങളൊക്കെ വരുന്നു. പോലീസ് ഹെഡ് ക്വാർട്ടേഴ്സിന് പുറകിലുള്ള ഒരു വീട്ടിൽ ഇതെല്ലാം കൊണ്ടുവന്ന് സൂക്ഷിച്ചിരിക്കുകയാണ്. ഇതിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണം. പോലീസ് അന്വേഷിച്ചാൽ പോരാ. സി.ബി.ഐ. അന്വേഷിക്കണമെന്ന് ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ, സോഫ്റ്റ്വെയർ ഇങ്ങനെ നിരവധി സാധനങ്ങളാണ് വാങ്ങിക്കൂട്ടിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം ചട്ടവിരുദ്ധമാണ്. ഇതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ഡി.ജി.പി.-യുടെ ഓഫീസിലെ കമ്പ്യൂട്ടറുകൾ സ്വകാര്യ കമ്പനിയുടെ ഉദ്യോഗസ്ഥർ ഓപ്പറേറ്റ് ചെയ്യുന്നു എന്ന പരാതിയുണ്ട്. വാഹനങ്ങളിൽ ഘടിപ്പിക്കാനുള്ള ലാപ്ടോപ്പുകൾ വാങ്ങിയത് കെൽട്രോണിനെ മറയാക്കിക്കൊണ്ടാണ്. CIMS (Central Intrusion Monitoring System) എന്ന പേരിൽ വീടുകളിൽ ക്യാമറ വയ്ക്കാനുള്ള ഒരു പദ്ധതിയിൽ 1000 പേരെ വീതം ഉടനെ കണ്ടുപിടിക്കാൻ എസ്.പി.-മാർക്ക് ടാർജറ്റ് കൊടുത്തിരിക്കുകയാണ്. ഇതിന്റെയൊക്കെ മറവിൽ നടക്കുന്ന വ്യാപകമായ

അഴിമതിയും ക്രമക്കേടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ പോലീസിന് പണം വകയിരുത്തിയിട്ട് ആ പണം എവിടെ പോകുന്നുവെന്ന് അന്വേഷിക്കുന്നുണ്ടോ; ഇതിന്റെ ഓഡിറ്റ് റിപ്പോർട്ടിന് വകുപ്പ് മറുപടി കൊടുത്തിട്ടില്ല. ഇക്കാര്യങ്ങൾ ഗൗരവതരമായി കാണണം. ഏറ്റവും പ്രധാനപ്പെട്ട പരിശോധനകൾ നടത്തുന്ന കെമിക്കൽ എക്സാമിനേഷൻ ലാബുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി വഴിവിട്ട നിയമനം നടത്തുകയാണ്. പോലീസുകാർപോലും പ്രതിയായിട്ടുള്ള കേസ്സുകളുടെ പരിശോധന നടത്തുന്ന കെമിക്കൽ എക്സാമിനേഷൻ ലാബുകളിൽ ജോലി ചെയ്യുന്നതിന് 25 പോലീസുകാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിട്ടുകൊടുത്തിരിക്കുകയാണ്. എന്താണ് നടക്കാൻ പോകുന്നത്? ഒരു കാര്യം നിങ്ങൾ അറിയണം. തങ്ങൾക്ക് താൽപ്പര്യമുള്ള കേസ്സുകളുടെ തൊണ്ടിമുതലുകൾ തെളിവില്ലാതെ എഴുതിത്തള്ളാൻ മാത്രമാണ് ഈ താൽക്കാലിക നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയുമല്ല ഈ താൽക്കാലിക നിയമനങ്ങൾ. അതോടൊപ്പംതന്നെ കള്ള്, കഞ്ചാവ്, പുകയില, സാക്രിൻ, ആനമയക്കി തുടങ്ങി പല ഗുരുതരമായ മയക്കുമരുന്ന് കേസ്സുകളുടെയും പരിശോധന ഈ താൽക്കാലിക ജീവനക്കാരെക്കൊണ്ട് നിർവ്വഹിപ്പിക്കാൻ പോകുകയാണ്. കൊലപാതക കേസ്സുകളിലെ തൊണ്ടിമുതൽ അട്ടിമറിക്കാനുള്ള ശ്രമവുമുണ്ട്. അതുകൊണ്ട് ഈ സ്ഥാപനത്തിലേയ്ക്ക് നടക്കുന്ന അനധികൃത നിയമനങ്ങളെപ്പറ്റി അന്വേഷണം നടത്തണം. കേരളത്തിലെ പോലീസിന്റെ തലവൻ ആകെ കുഴപ്പത്തിലായിരിക്കുന്നു. തീക്കട്ടയിൽ ഉറുമ്പരിച്ചുവെന്നു പറയുന്നതിനു തുല്യമായിരിക്കുകയാണ്. 'മോന്തായം വളഞ്ഞാൽ മുപ്പത്തിയാറും വളയും' എന്നതുപോലെ കേരളാ പോലീസ് അഴിമതിയുടെ പിടിയിൽ അകപ്പെട്ടിരിക്കുന്നു. ഇതിനെപ്പറ്റി ശക്തമായ അന്വേഷണം നടത്തണം. സി.ബി.ഐ.-യെക്കൊണ്ട് അന്വേഷണം നടത്തിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. കുട്ടനാട്, ഇടുക്കി, വയനാട്, ഓഖി തുടങ്ങിയ പാക്കേജുകൾക്ക് ഇത്തവണയും യാതൊരു കുറവുമില്ല. നടക്കാത്ത വാഗ്ദാനങ്ങളുടെ തുടർച്ചയായി ഈ ബഡ്ജറ്റിനെ കാണേണ്ടതായിട്ടുണ്ട്. കാർഷിക മേഖലയെ സമ്പൂർണ്ണമായും അവഗണിച്ച ഒരു ബഡ്ജറ്റുതന്നെയാണിത്. നൂറ്റിയൻപത് രൂപയുണ്ടായിരുന്ന റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷ കർഷകർക്കുണ്ടായിരുന്നു. അതുണ്ടാകാതിരുന്നത് വലിയ നിരാശയും പ്രതിഷേധവും കർഷകരുടെയിടയിൽ ഉണ്ടാക്കിയിരിക്കുകയാണ്. ഭൂമിയുടെ ന്യായവില പത്ത് ശതമാനവും

പോക്കുവരവിന്റെ ഫീസും വർദ്ധിപ്പിച്ചു. ലൊക്കേഷൻ മാപ്പിന് 200 രൂപ ഫീസ് ഏർപ്പെടുത്തിയിരിക്കുന്നു. സ്കൂൾ ബസ്സുകളുടെ നികുതിവരെ വർദ്ധിപ്പിച്ചിരിക്കുമ്പോൾ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എം.എൽ.എ.-മാരിൽനിന്നും ഇരുപത് വർക്കുകൾ ചോദിച്ച് വാങ്ങുകയുണ്ടായി. അങ്ങ് എം.എൽ.എ.-മാരെ ദയവായി പറ്റിക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇതിനെല്ലാം അങ്ങ് ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുകയാണ്. ഈ ടോക്കൺ പ്രൊവിഷൻ ഏർപ്പെടുത്തിയ എത്ര വർക്കുകൾക്ക് ഭരണാനുമതി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകും? എസ്റ്റിമേറ്റിന്റെ ഇരുപത് ശതമാനമെങ്കിലും തുക വയ്ക്കാത്ത വർക്കുകൾക്ക് ഭരണാനുമതി നൽകുന്ന സാഹചര്യം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷം ഇരുപത് ശതമാനം തുക വച്ച വർക്കുകൾക്കുപോലും പൂർണ്ണമായും ഭരണാനുമതി നൽകാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വളരെ ഗുരുതരമായ ഒന്നാണ്. അങ്ങയോട് എനിക്ക് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്, ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്ന വർക്കുകളാണെങ്കിൽപ്പോലും അതിൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്നവയ്ക്ക് ഭരണാനുമതി നൽകാൻ തയ്യാറാകണമെന്നാണ്. പലപ്പോഴും പല എം.എൽ.എ.-മാരും അതിനെപ്പറ്റി വാർത്തകൾ കൊടുക്കുകയാണ്. ടോക്കൺ പ്രൊവിഷൻ വച്ച്, കോടിക്കണക്കിന് രൂപയുടെ വികസനം നിയോജകമണ്ഡലങ്ങളിൽ വന്നിരിക്കുന്നുവെന്ന് പറയേണ്ട ഗതികേടിലേയ്ക്ക് എം.എൽ.എ.-മാരെ തള്ളിവിടരുതെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങേയ്ക്ക് ഈ ചിത്രം ഓർമ്മയുണ്ടാകുമെന്ന് കരുതുകയാണ് (ഒരു ചിത്രം ഉയർത്തിക്കാട്ടി). രണ്ടുവട്ടം ഞാൻ ഇതുമായി ബന്ധപ്പെട്ട നിവേദനം അങ്ങേയ്ക്ക് നൽകി. ഇത് മുളന്തുരുത്തി പഞ്ചായത്തിലെ ആർ.ഒ.ബി-യാണ്. ഇത്തരത്തിലുള്ള അനവധി ആർ.ഒ.ബി.-കൾ ഇന്ന് കേരളത്തിലുണ്ട്. പാലം നിർമ്മിച്ചിട്ടുണ്ടെങ്കിലും അപ്രോച്ച് റോഡുകളില്ല. ഇത് കേരളത്തിന്റെ വികസനത്തിന് മാതൃകയാണോയെന്ന ചോദ്യമിന്ന് ഉയരുകയാണ്. ഇതിന് പുതുക്കിയ ഭരണാനുമതി നൽകേണ്ട ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച് ആവർത്തിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും അനുകൂലമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇത് പ്രധാനപ്പെട്ട വർക്കുകളാണ്. ഞാൻ ഒരു സ്ഥലത്തെ സംഭവമല്ല ചൂണ്ടിക്കാണിക്കുന്നത്. പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള വിഷയങ്ങളുണ്ട്. ഇവിടെ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സംസാരിച്ചപ്പോൾ കിഫ്ബിയുടെ അപാകതയെപ്പറ്റി ചൂണ്ടിക്കാണിച്ചു. പൊതിഞ്ഞുവച്ചാണ് അദ്ദേഹം സംസാരിച്ചത്. കിഫ്ബി പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. കിഫ്ബി വർക്കുകൾ ഇപ്പോൾ നടക്കുന്നില്ല. കിഫ്ബി വർക്കുകളെല്ലാം അതേ നിലയിൽത്തന്നെ നിന്നുപോയിരിക്കുന്ന സാഹചര്യമാണുള്ളത്. ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടും

ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാത്തത് തികച്ചും പ്രതിഷേധാർഹമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വാഗ്ദാനങ്ങൾ മാത്രം നിറഞ്ഞ ഒരു ബഡ്ജറ്റാണിത്, അതിനാൽത്തന്നെ ഈ ബഡ്ജറ്റിനെ ഞാൻ പരിപൂർണ്ണമായി എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രൻ)

ശ്രീ. മുരളി പെരുനെല്ലി: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2020-21-ലെ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റ് അവതരണ ദിവസം ഞാൻ പൂർണ്ണ നിരാശയിലായിരുന്നുവെന്ന കാര്യം പറയാതിരിക്കാൻ നിർവ്വാഹമില്ല. സംസ്ഥാനത്തിന്റെ ധനപരമായ അധികാരത്തിൽ കയ്യേറിയും വരുമാന മാർഗ്ഗങ്ങൾ തടഞ്ഞും കേരളത്തിന്റെ കൈകാലുകൾ കെട്ടിയിടാൻ പരിശ്രമിക്കുന്ന കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ നയനടപടിക്കെതിരെ വൻ പ്രതിരോധ വലയം തീർത്തുകൊണ്ട് കേരളത്തിന്റെ സമസ്ത നാഡികൾക്കും പുത്തനുണർവ് നൽകുന്ന ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2020-2021-ലെ ബഡ്ജറ്റിനെ ഒന്നുകൂടി പിന്തുണയ്ക്കുകയാണ്. ഞാൻ നിരാശനായിരുന്നുവെന്ന് പറയാൻ പ്രധാനപ്പെട്ട കാരണം, ബഡ്ജറ്റ് അവതരണ ദിവസം സഭയിൽ ഹാജരായി അത് നേരിൽ കേൾക്കുന്നതിനോ കാണുന്നതിനോ ഉള്ള അവസരം എനിക്കുണ്ടായില്ല. ജീവിതം ആയാസരഹിതമാക്കുകയെന്ന ആഹ്വാനത്തോടെ രാജ്യം നേരിടുന്ന മാന്ദ്യം മറികടക്കാൻ യാതൊരു നടപടിയുമില്ലാതെ സ്വകാര്യവൽക്കരണം തീവ്രമാക്കി കോർപ്പറേറ്റുകൾക്ക് വൻ ഇളവുകളും ആനുകൂല്യങ്ങളും കൊടുത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായി വിറ്റുതുലച്ചുകൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന കേന്ദ്ര ഗവൺമെന്റിനുവേണ്ടി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ്, ജീവിതം ആയാസരഹിതമാക്കുകയല്ല, മരണം ആയാസരഹിതമാക്കുകയാണ്. ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്ന ഒരു ബഡ്ജറ്റാണത്. എന്നാൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റ് മലയാളികളുടെ ജീവിതം സുരക്ഷിതമാക്കുന്ന, മനസ്സിൽ ആത്മവിശ്വാസം വളർത്തുന്ന, വയർ എപ്പോഴും നിറയ്ക്കുന്ന, യാഥാർത്ഥ്യബോധമുള്ളതാണ്. ശ്രീ. പി. ടി തോമസ് പറഞ്ഞതുപോലെ ഇത് മലർപ്പൊടിക്കാരന്റെ സ്വപ്നമല്ല. പ്രതിപക്ഷം മലർപ്പൊടിക്കാരന്റെ സ്വപ്നത്തിന്റെ അവസ്ഥയിലാണ് നിൽക്കുന്നത്. എപ്പോൾ ഈ സർക്കാർ തകർന്നുവീഴുമെന്ന സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണ്. അത് നടക്കാൻ പോകുന്ന ഒരു കാര്യമല്ലെന്ന് കണ്ടുകൊണ്ട് നിങ്ങളുടെ ആ ഭാവനയാണ് മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് കാണാൻ കഴിയും. ഇവിടെ വിവിധ വകുപ്പുകൾക്ക് നൽകിയിരിക്കുന്ന സഹായം വളരെ ശ്രദ്ധേയമാണ്.

അരി ആഹരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ നെൽകൃഷി മേഖലയ്ക്ക് വലിയ മുൻഗണന കൊടുക്കേണ്ട ഒരു സംസ്ഥാനമാണ്. നെല്ലുൽപ്പാദനത്തിൽ എപ്പോഴും കമ്മി സംസ്ഥാനമായി നിൽക്കുന്നതുകൊണ്ട് അതിനെ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള പ്രോത്സാഹനമെന്ന നിലയിൽ 40 കോടി രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്. അതുകൂടാതെ നെൽകൃഷിക്കുവേണ്ടി 118 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. അരിയാഹാരം ഒഴിവാക്കണമെന്ന ശ്രീ. പി. സി. ജോർജിന്റെ ഒരു വിഖ്യാത ആശയം ഇന്ന് സഭയിൽ ഉയർന്നുവന്നതാണ്. അതിനുള്ള കൃത്യമായ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കൊടുക്കുകയുണ്ടായി. അരിയില്ലാതെ മലയാളിക്ക് ജീവിക്കാൻ കഴിയില്ല. അധികമായാൽ അമൃതും വിഷമാണെന്നത് ഒരു സത്യമാണ്. തിന്നാൻവേണ്ടി ജീവിക്കുന്നവർക്ക് അത് വിഷമായിരിക്കും. എന്നാൽ ജീവിക്കാൻവേണ്ടി തിന്നുന്നവർക്ക് തീർച്ചയായും അത് അമൃതായി മാറുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. യു.ഡി.എഫ്-ന്റെ ഭരണകാലഘട്ടം, അരിയാഹാരത്തിനായി മാനുഷരെല്ലാം നെട്ടോട്ടമോടുന്ന ഒരു കാലഘട്ടമായിരുന്നു. അത്തരമൊരു അവസ്ഥയിലാണ് അഞ്ചുവർഷക്കാലം കേരളം മുന്നോട്ടുപോയിരുന്നത്. നെൽകൃഷിയെ തകർക്കുന്ന നിലപാടാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലുണ്ടായിരുന്നതെങ്കിൽ ഇന്ന് വമ്പൻ മുന്നേറ്റമാണ് നെല്ലുൽപ്പാദനരംഗത്ത് വന്നിരിക്കുന്നത്. നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിച്ചു. നെൽ കർഷകർക്കാവശ്യമായ എത്രയെത്ര പ്രോത്സാഹന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ കേരളത്തെക്കാൾ മികച്ച രീതിയിൽ നെല്ലുൽപ്പാദിപ്പിക്കുന്ന നിരവധി സംസ്ഥാനങ്ങളുണ്ട്. അതിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളുമുണ്ട്. അതിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത് കേരളം നൽകുന്നതുപോലെയുള്ള ആനുകൂല്യം നൽകുന്നുണ്ടെന്ന് പറയാൻ പ്രതിപക്ഷത്തുനിന്ന് ആർക്കും കഴിയില്ല. ഒരു ടൺ നെല്ലുൽപ്പാദിപ്പിക്കുമ്പോൾ 8850 രൂപ അധികമായി കൊടുക്കുന്ന ഒരേയൊരു സംസ്ഥാനം ഇന്ത്യയിൽ കേരളം മാത്രമാണ്. കേരളത്തിലെ നെൽകർഷകർ ഒരു ടൺ നെല്ല് സപ്ലൈകോയിൽ നൽകിക്കഴിഞ്ഞാൽ 8850/- രൂപയാണ് അവരുടെ അക്കൗണ്ടിലേയ്ക്ക് വരുന്നത്. മറ്റ് സംസ്ഥാനങ്ങളിലെല്ലാം ബി.ജെ.പി. നിശ്ചയിക്കുന്ന അതേ വിലയ്ക്കാണ് കൊടുക്കുന്നത്. അപ്പോൾ കേരളത്തിൽ വലിയ മാറ്റം നടന്നുകൊണ്ടിരിക്കുകയാണ്. കേരളം എന്നും ഓണമുണ്ണുന്ന അവസ്ഥയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണെന്ന് നമുക്ക് കാണാൻ കഴിയും.

പച്ചക്കറി കൃഷി വ്യാപനത്തിനായി ആയിരം കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. വിഷമയമായ പച്ചക്കറിയിൽനിന്നും വിഷരഹിതമായ പച്ചക്കറിയിലേയ്ക്ക്, കേരളത്തിലെ ജനങ്ങളുടെ ആരോഗ്യകാര്യത്തിൽത്തന്നെ വലിയ പരിഗണന കൊടുത്തുകൊണ്ട്, പച്ചക്കറി ഉത്പാദനത്തിലും നെൽകൃഷിയിലും കേരളം വലിയ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ജലസേചന മേഖലയ്ക്ക് 864 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. കാർഷിക രംഗത്ത്, കൃഷിക്ക് അത്യാവശ്യം വേണ്ടത് വൈദ്യുതിയാണ്. വൈദ്യുതി രംഗത്തും വൻ മുന്നേറ്റമുണ്ടായിട്ടുണ്ട്. അതുപോലെ ജലസേചന രംഗത്തും വലിയ മുന്നേറ്റമുണ്ടായതായി കാണാൻ കഴിയും.

ക്ഷേമപെൻഷൻ 1300 രൂപയിലേയ്ക്ക് എത്തി. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ അവസ്ഥയെന്തായിരുന്നു? ക്ഷേമപെൻഷനുവേണ്ടി കോഴിക്ക് മുലവരുന്നതുപോലെ കാത്തിരിക്കുകയായിരുന്നില്ലേ നമ്മുടെ വൃദ്ധജനങ്ങൾ? ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിരുന്നോ? പാവപ്പെട്ട, അറുപത് വയസ്സ് കഴിഞ്ഞ, കൂരകളിൽ അന്തിയുറങ്ങുന്ന ജനവിഭാഗങ്ങൾക്ക് 1980-കളിലെ നായനാർ സർക്കാർ കൊണ്ടുവന്നതുപോലെയുള്ള ഒരു പദ്ധതി, പിന്നീട് പല ഘട്ടങ്ങളിലായി യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിനെ പുറകോട്ട് പിടിച്ചുവലിക്കുന്ന നടപടികളായിരുന്നു സ്വീകരിച്ചിരുന്നത്. എന്നാൽ ഇടതുപക്ഷം അധികാരത്തിൽ വന്ന സന്ദർഭങ്ങളിലെല്ലാം ക്ഷേമപെൻഷൻ തുകകൾ കൃത്യമായി വർദ്ധിപ്പിച്ചു. ഈ സർക്കാർ ക്ഷേമപെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ച്, വലിയൊരു തുകയാണ് കൊടുക്കുന്നത്. കഴിഞ്ഞ നാലുവർഷമായി ക്ഷേമ പെൻഷനുകൾ പത്തുപൈസ കുടിശ്ശികയില്ലാതെ അവരുടെ അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ആർക്കും ആക്ഷേപമില്ലാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങൾ വരുന്നത്. സ്ത്രീ ക്ഷേമത്തിനുവേണ്ടി 1,509 കോടി രൂപ മാറ്റിവച്ചത് ചെറിയ കാര്യമാണോ; സ്ത്രീ ക്ഷേമത്തിനുവേണ്ടി മാത്രം കേരളത്തിൽ ഒരു വകുപ്പ്. സ്ത്രീ സുരക്ഷ ഏറ്റവും ശക്തമാക്കി കേരളം മുന്നോട്ടുപോകുന്നൊരു അവസ്ഥയാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ സ്ത്രീ സുരക്ഷ എന്തായിരുന്നു എന്ന് പറയേണ്ടതുണ്ടോ; സ്ത്രീ സുരക്ഷയല്ല, ഒരു സ്ത്രീതന്നെ ആകെ അടക്കി ഭരിക്കുന്ന അവസ്ഥയാണുണ്ടായിരുന്നതെന്നത് ആർക്കും നിഷേധിക്കാൻ കഴിയില്ല. ഇപ്പോൾ 1,509 കോടി രൂപ സ്ത്രീ സുരക്ഷയ്ക്കും ക്ഷേമത്തിനുംവേണ്ടി മാറ്റിവച്ചിരിക്കുകയാണ് ഈ സർക്കാർ.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യമെടുത്താൽ വികസന കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ് റോഡുകളും പാലങ്ങളും. കേരളത്തിൽ പ്രളയം തകർത്ത റോഡുകളുടെ പുനർനിർമ്മാണവും മറ്റും ഏറ്റെടുത്തു. 5000 കിലോമീറ്റർ റോഡ്

നിർമ്മാണം ഏറ്റെടുത്തു. ഗ്രാമീണ റോഡുകൾക്കായി 1000 കോടി രൂപയും പൊതുമരാമത്തിന് 1,102 കോടി രൂപയും അനുവദിച്ചു. റോഡുകളുടെയും പാലങ്ങളുടെയും വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ സഹായമാണ് കൊടുക്കുന്നത്.

സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗമാണ് ഭിന്നശേഷിക്കാർ. അവരുടെ ക്ഷേമത്തിനായി 217 കോടി രൂപ മാറ്റിവച്ചത് നമുക്കിവിടെ കൃത്യമായി കാണാൻ സാധിക്കും. ഇതൊക്കെ മുൻകാലങ്ങളിൽ ഇല്ലാത്ത അനുഭവമാണ്. അങ്ങനെ ഓരോ വകുപ്പുമെടുത്ത് പരിശോധിച്ചാൽ നിരവധി മാറ്റങ്ങൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണാൻ കഴിയും.

അമച്വർ നാടകങ്ങൾക്ക് 5 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ വലിയ പങ്ക് വഹിച്ച മേഖലയാണ് നാടകം. കാലഹരണപ്പെട്ടുപോയിരുന്ന, പിന്തള്ളപ്പെട്ടുപോയിരുന്ന നാടകങ്ങൾ സാംസ്കാരിക രംഗങ്ങളിൽ കൂടുതൽ ഇടംപിടിക്കുകയാണ്. അവയുടെ പുരോഗതിക്കുവേണ്ടിയും സാംസ്കാരിക രംഗത്തും വളരെ വലിയൊരു ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

വിദ്യാഭ്യാസ മേഖലയെക്കുറിച്ച് ആരോടും പറയേണ്ട കാര്യമില്ല. നിങ്ങൾ കിഫ്ബി എന്നുപറഞ്ഞുകൊണ്ട് കളിയാക്കുമ്പോൾ ആ കിഫ്ബി പണം പ്രയോജനപ്പെടുത്തിക്കൊണ്ട് നവീകരിച്ച ഓരോ സ്കൂളിന്റെ മുന്നിലും നിങ്ങളുടെതന്നെ മനോഹരമായ ഫ്ലക്സ് ബോർഡുവച്ചത് നമുക്ക് കാണാൻ സാധിക്കും. ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുന്നൊരു കാര്യമാണോ ഇത്; ശ്രീ. അനിൽ അക്കര വച്ചിട്ടില്ലെങ്കിൽ അതിന് വേറെ എന്തെങ്കിലും കാരണമുണ്ടാകും. വിദ്യാഭ്യാസ മേഖലയിൽ വളരെ വലിയ ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും വിദ്യാഭ്യാസം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനാവശ്യമായ വളരെ വലിയ ഇടപെടലുകളാണ് സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

എല്ലാ നിയോജകമണ്ഡലങ്ങളിലെയും ആരോഗ്യ മേഖല ഇന്ന് ശാക്തീകരിക്കപ്പെട്ട് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. അവിടെ മരുന്നുണ്ട്, ഡോക്ടർമാരുണ്ട്, ജീവനക്കാരുണ്ട്. ഇവിടെത്തന്നെ പറഞ്ഞൊരു കാര്യമുണ്ട്, കൂടുതൽ രോഗികൾ വരുന്നത് കൂടുതൽ രോഗം ഉണ്ടായതുകൊണ്ടല്ല. സ്വകാര്യ മേഖലയെ ആശ്രയിച്ചിരുന്നവർ തിരിച്ചുവരുന്നതുകൊണ്ടുണ്ടായ സ്ഥിതിവിശേഷമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ഞാൻ ദീർഘിപ്പിക്കുന്നില്ല, സമയബന്ധിതമായി നിർത്താനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗവർണ്ണറുടെ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചയുടെ സമാപനത്തിൽ മറുപടി പറഞ്ഞുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ പറഞ്ഞൊരു കാര്യമുണ്ട്. അതിന്റെ തുടർച്ചയെന്നുള്ള രൂപത്തിൽ ഞാൻ പറയുന്നുവെന്നേയുള്ളൂ. ഗെയിൽ പൈപ്പ്ലൈനുമായി ബന്ധപ്പെട്ട പ്രശ്നമാണത്. കേരളത്തിന്റെ വികസന രംഗത്ത് ഗെയിൽ പൈപ്പ്ലൈൻ വളരെ വലിയൊരു മാറ്റമുണ്ടാക്കാൻ പോകുകയാണ്. അത് മുടങ്ങിക്കിടക്കുന്നൊരു അവസ്ഥയായിരുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, അവസാനിപ്പിക്കണം.

ശ്രീ. മുരളി പെരുനെല്ലി: സർ, അതിനൊരു പുനർജനി ഇപ്പോൾ വന്നിരിക്കുകയാണ്. ജനുവരിയിൽ അതൊരു നദി കടന്നു. മാർച്ചിൽ അത് മുന്നോട്ടുപോയി. ഏപ്രിലിൽ അത് പൂർണ്ണമായി കമ്മീഷൻ ചെയ്തു. അതിൽനിന്നും ഗ്യാസ് കിട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ അതോടുകൂടി പ്രതിപക്ഷത്തിന്റെ ഗ്യാസ് പോകുന്നൊരു അവസ്ഥയിലാണ് ഇന്ന് കേരളം നിൽക്കുന്നത്. അതിന്റെ മനോവിഭ്രാന്തിയിലാണ് അവർ. (...മൈക്ക് ഓഫ്...)

ശ്രീ. പി. ഉബൈദുള്ള: സർ, കഴിഞ്ഞ ബഡ്ജറ്റിന്റെ ആവർത്തന പ്രഖ്യാപനം മാത്രമാണ് ഈ ബഡ്ജറ്റ് എന്നതുകൊണ്ട് ഞാനിതിനെ ശക്തമായി എതിർക്കുകയാണ്. നിരവധി കവികളുടെ കവിതാശകലങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങിവിടെ ഉദ്ധരിക്കുകയുണ്ടായി. അങ്ങയുടെ തൊട്ടടുത്ത് ഇടതുഭാഗത്തിരിക്കുന്ന നമ്മുടെ സഭയിലെ ആസ്ഥാന കവിയായ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരന്റെ നാല് വരികൂടി ചേർക്കാമായിരുന്നു. ബഡ്ജറ്റിൽ 100 രൂപ ടോക്കൺ വച്ചതുപോലെ പ്രതിപക്ഷത്തുനിന്ന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ ഒരു വരികൂടി ചേർത്താൽ അത് പൂർണ്ണമാകുമായിരുന്നു.

ഇവിടെ ബഡ്ജറ്റിനെക്കുറിച്ച് കാര്യമായി പറഞ്ഞത് ക്ഷേമപെൻഷൻ 100 രൂപ വർദ്ധിപ്പിച്ചു എന്നതാണ്. 5 ലക്ഷം പേരുടെ പെൻഷൻ മുടക്കിയാണ് 100 രൂപ വർദ്ധിപ്പിച്ചത്. മസ്റ്ററിംഗ് നടത്താൻ കഴിയാത്ത പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഒരു ഉദാഹരണംമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. "പെൻഷൻ മുടങ്ങി, ആലംബമറ്റ് ശരത്തും അച്ഛനും. ഭിന്നശേഷി പെൻഷൻ നിലച്ചത് മസ്റ്ററിംഗ് നടത്താത്തതിനാൽ'. 'ഇവന് കിട്ടിയിരുന്ന പെൻഷനായിരുന്നു ആകെ ആശ്വാസം. അത് മുടങ്ങിയിട്ട് മാസങ്ങളായി. ഈ അവസ്ഥയിൽ മകനെ തനിച്ചാക്കി പുറത്ത് പോകാൻ കഴിയില്ല. എനിക്ക് അവനും അവന് ഞാനും മാത്രമേയുള്ളൂ.' 23 കാരനായ

ശരത്തിനെ മടിയിലിരുത്തി ഇങ്ങനെ പറയുമ്പോഴും പിതാവ് ദാനത്തിന് ആരോടും പരാതിയില്ല. "അർഹരല്ലാത്തവർ പെൻഷൻ വാങ്ങുന്നുണ്ടാകും. അത് തടയാൻ സർക്കാർ കൊണ്ടുവന്ന നിയമമല്ലേ. പക്ഷേ, ഇവനെപ്പോലെ എത്രയോപേർ ഇപ്പോൾ വിഷമിക്കുന്നുണ്ടാകും" എന്നാണ് ശരത്തിന്റെ അച്ഛൻ പറയുന്നത്. ഇങ്ങനെയുള്ള ധാരാളം ശരത്തുമാരുടെ കഞ്ഞിയിൽ പൂഴി വാരിയിട്ടാണ് ഇപ്പോൾ 100 രൂപ വർദ്ധിപ്പിച്ചു എന്നുപറയുന്നത്.

ലൊക്കേഷൻ മാപ്പിന് ഫീസ് വർദ്ധിപ്പിച്ചു. ആർക്കാണ് ലൊക്കേഷൻ മാപ്പ് ആവശ്യമുള്ളത്; സാധാരണക്കാരനും പാവപ്പെട്ടവനും ഒരു വീട് നിർമ്മിക്കണമെങ്കിൽ ലൊക്കേഷൻ മാപ്പ് വേണം. ബാങ്കിൽ വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് ആധാരം പണയം വയ്ക്കണമെങ്കിൽ ലൊക്കേഷൻ മാപ്പ് വേണം. ലൊക്കേഷൻ മാപ്പ് തയ്യാറാക്കാനായി വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥരെ വാഹനത്തിൽ കൊണ്ടുപോകണം. അതിനുപുറമെ ഇപ്പോൾ ഇതുവരെയില്ലാത്ത 200 രൂപ ഫീസ് ചുമത്തിയിരിക്കുകയാണ്. ഇത് സാധാരണക്കാരനെ ബാധിക്കുന്ന വിഷയമാണ്. ഇങ്ങനെ സാധാരണക്കാരനെ പ്രയാസപ്പെടുത്തിക്കൊണ്ടാണ് യഥാർത്ഥത്തിൽ ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

കേന്ദ്രം സംസ്ഥാനങ്ങളെ അവഗണിക്കുമ്പോൾ നമ്മൾ എല്ലാവരും ഒന്നിച്ച് അതിനെതിരായി ശബ്ദമുയർത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഈ സർക്കാർ സഭയിലെ പ്രതിപക്ഷാംഗങ്ങളെ പരിപൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. രണ്ടോ മൂന്നോ ജില്ലകളൊഴികെ ബാക്കി എല്ലാ ജില്ലകളോടും കടുത്ത അവഗണനയാണ് ബഡ്ജറ്റിലുള്ളത്. എം.എൽ.എ.മാരോട് 20 വർക്കാണ് നിർദ്ദേശിക്കാൻ പറഞ്ഞത്. 20 വർക്ക് നിർദ്ദേശിക്കാൻ പറഞ്ഞിട്ട് 20-ലേറെ കൊടുത്തവരുമുണ്ട്. പക്ഷേ, ഞങ്ങൾ നൽകിയ പ്രയോറിറ്റിയുടെ അടിസ്ഥാനത്തിലല്ല 20 ശതമാനം തുക വച്ചത്. ഇതിന്റെ പ്രയോറിറ്റി ആരാണ് തീരുമാനിച്ചത്; ഞങ്ങൾ കൊടുത്ത ലിസ്റ്റിൽനിന്ന് പ്രയോറിറ്റി മറികടന്ന് 20 ശതമാനം തുക അനുവദിച്ച വർക്കുകളുമുണ്ട്. ഞാൻ കൊടുത്തതിൽ 20 വർക്കുകളും കഴിഞ്ഞശേഷമുള്ള 36-ാമത് വർക്ക് ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തുകയും 37-ാമത്തെ വർക്കിന് 20 ശതമാനം തുക വകയിരുത്തുകയും ചെയ്തു. ഞാൻ നിർദ്ദേശിച്ച 20 വർക്കുകളിൽതന്നെ ചിലതിന് സീറോ തുക മാത്രം വച്ചു. ഇതെങ്ങനെയാണ്? ബാഹ്യശക്തികളുടെ ഇടപെടൽ ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ ആരോപിക്കുകയാണ്. പാർട്ടി ഓഫീസിൽനിന്നാണോ ഈ ലിസ്റ്റ് കൊടുത്തതെന്നറിയണം. എം.എൽ.എ.മാരെ വിശ്വാസത്തിലെടുക്കാതെയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

തലസ്ഥാന നഗരിക്ക് വേണ്ടത്ര പരിഗണന കിട്ടിയില്ല എന്ന് ഇന്നലെ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞു. ഇന്നലെ ചെങ്ങന്നൂർ എം.എൽ.എ. പറഞ്ഞത്, അദ്ദേഹത്തിന് 4,000 കോടി രൂപയുടെ വർക്ക് കിട്ടിയിട്ടുണ്ടെന്നാണ്. ഇവിടെ പക്ഷപാതം നടന്നിട്ടില്ലേ; ഇത് മലയാള മനോരമ പത്രമാണ് (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു). "വയർ നിറച്ച് ടോക്കൺ." മലപ്പുറം ജില്ലയിലെ 15 എം.എൽ.എ.-മാരുടെ ഫോട്ടോ കൊടുത്ത് ഇലയിട്ട് ആ ഇലയിൽ 100 രൂപ ടോക്കൺ വച്ചിരിക്കുന്ന വാർത്ത. ഇതിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഫോട്ടോ മാത്രമില്ല. കാര്യമെന്തെന്നാൽ, സ്പീക്കറുടെ മണ്ഡലത്തിൽ 5 കോടി രൂപ ഇമ്പിച്ചിബാവയുടെ വീട് സ്മാരകമാക്കാൻ വച്ചിട്ടുണ്ട്. ബാക്കി 15 ആളുകളുടെയും ഫോട്ടോയുണ്ട്. ഇത് മാതൃഭൂമി പത്രമാണ്. (മാതൃഭൂമി പത്രം ഉയർത്തിക്കാണിച്ചു). മാതൃഭൂമി പത്രത്തിലും അതുതന്നെയാണ് വാർത്ത- "കണ്ണുനട്ട് കാത്തിരുന്നിട്ടും ജില്ലയ്ക്ക് നിരാശ." മാധ്യമം പത്രമാണിത് (മാധ്യമം പത്രം ഉയർത്തിക്കാണിച്ചു) - "മലപ്പുറത്തിന് തൊലിപ്പുറം മാത്രം." ചന്ദ്രികയും വീക്ഷണവും ഇവിടെയുണ്ട്. എല്ലാ പ്രധാനപ്പെട്ട പത്രങ്ങളും ഈ ജില്ലയെ പരിപൂർണ്ണമായും അവഗണിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുകയാണ്.

കിഫ്ബിയിൽ 50,000 കോടി രൂപയുടെ പദ്ധതി ഏറ്റെടുത്തു എന്നുപറയുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. 42 ലക്ഷം ജനസംഖ്യയുള്ള ജില്ല. ഈ സഭയിലേയ്ക്ക് ഏറ്റവും കൂടുതൽ എം.എൽ.എ.-മാർ വരുന്നത് മലപ്പുറം ജില്ലയിൽനിന്നാണ്. 16 എം.എൽ.എ.മാരുള്ള ജില്ലയോട് കടുത്ത അവഗണന കാണിച്ചു. മലപ്പുറം ജില്ലക്കാർക്ക് ആകമാനമുള്ള ഏക മെഡിക്കൽ കോളേജിന് നയാപൈസപോലും വച്ചിട്ടില്ല. മഞ്ചേരി മെഡിക്കൽ കോളേജിന് നയാപൈസ വച്ചില്ല. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തിൽ കുടിവെള്ള പദ്ധതികളില്ല. മലപ്പുറം മണ്ഡലത്തിലെ പൂൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികളില്ല. ആ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഫണ്ട് ഉൾപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ട് നയാപൈസ വച്ചിട്ടില്ല.

രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നവരാണ് നമ്മുടെ പ്രവാസികൾ. അവരെ കേന്ദ്ര സർക്കാർ പുതിയ നികുതി ചുമത്തി ദ്രോഹിക്കുകയാണ്. സംസ്ഥാന സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിച്ച് രണ്ട് തവണ ലോക കേരള സഭ നടത്തിയതൊഴിച്ചാൽ നാല് വർഷക്കാലത്തിനിടയ്ക്ക് പ്രവാസികൾക്കുവേണ്ടി എന്ത് പദ്ധതി നടപ്പാക്കി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. വെറുതെ പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല.

നടക്കാത്ത കാര്യങ്ങൾ മാത്രമാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, "ഇന്നലെ വരെയും ഒരു ജാഥയിലും നിന്നിട്ടില്ലെങ്കിലെന്ത്. ഇന്ന് ജാഥയുടെ മുന്നിൽ കയറിനിന്ന് മുഷ്ടി ചുരുട്ടുന്ന പടുവൃദ്ധർ. ചരിത്രം പഠിക്കാൻപോയ കുട്ടികൾ ചരിത്രം സൃഷ്ടിക്കാൻ തെരുവുകളെ സ്വന്തം ചോരകൊണ്ട് നനയ്ക്കുന്നു എന്ന് വിഷ്ണുപ്രസാദ് ഈ സന്ദർഭത്തെ അടയാളപ്പെടുത്തി" എന്ന്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ ജാഥയും സമരവും ഇദ്ദേഹം പറഞ്ഞതുപോലെ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. XXXXX* ആ പ്രസ്താവന ഏറ്റുപിടിച്ചുകൊണ്ടാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി രാജ്യസഭയിൽ പ്രസംഗിച്ചത്. തീവ്രവാദികളാണെങ്കിൽ പിന്നെ എന്തിന് നിങ്ങൾ ഈ സമരത്തിൽ പങ്കെടുക്കുന്നു എന്ന് ശ്രീ. നരേന്ദ്ര മോദിക്ക് ചോദിക്കാൻ അവസരം ഒരുക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അതുകൊണ്ട് ഈ ബഡ്ജറ്റ് പ്രസംഗം തയ്യാറാക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാണിച്ചുകൊടുക്കാനെങ്കിലും അങ്ങ് തയ്യാറാകേണ്ടിയിരുന്നു.

മി. ചെയർമാൻ: ശ്രീ. റോജി എം. ജോൺ....

ശ്രീ. പി. ഉബൈദുള്ള: സർ, എല്ലാവർക്കും അഞ്ചും ആറും മിനിട്ടൊക്കെ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ മാത്രം നിയന്ത്രിക്കുന്നത് ശരിയല്ല. (...മൈക്ക് ഓഫ്...)

[1.00 P.M.]

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ...മുഖ്യമന്ത്രി സഭയിൽ പറയാത്ത കാര്യമാണ് ബഹുമാനപ്പെട്ട അംഗം പ്രസംഗത്തിൽ പറഞ്ഞത്. ******** *' എന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടില്ല, അത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഒരു കഥയുണ്ട്, ഒരു രാജസദസ്സിൽ രാജഗുരു വന്ന് രാജാവിനോട് അങ്ങ് വളരെ സുന്ദരനായിരിക്കുന്നുവെന്ന് പറഞ്ഞു. അപ്പോൾ രാജാവിനത് ഇഷ്ടപ്പെട്ട് രാജഗുരുവിന് 100 പൊൻപണം കൊടുക്കാനായി പറഞ്ഞു. രാജഗുരുവിനത് ഇഷ്ടപ്പെട്ടു, അദ്ദേഹം വീണ്ടും പറയും, അങ്ങ് അതീവ സുന്ദരനായിരിക്കുന്നു, നാട്ടിലെ സ്ത്രീകളെല്ലാം അങ്ങയുടെ സൗന്ദര്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്, അപ്പോൾ രാജഗുരുവിന് 100 പൊൻപണംകൂടി കൊടുക്കാനായി

---

*ബഹുമാനപ്പെട്ട സ്പീക്കറുടെ 12-2-2020- ലെ ഉത്തരവിൻ പ്രകാരം(ഫ.നം.1047/ഇ.ബി 2020/നിസെ) രേഖയിൽനിന്നും നീക്കം ചെയ്തു.

രാജാവ് വീണ്ടും പറയും. കൊടുക്കൂ, കൊടുക്കൂ എന്ന് പറയുന്നതല്ലാതെ പൊൻപണം കിട്ടുന്നില്ലല്ലോയെന്ന് രാജഗുരു ചോദിക്കുമ്പോൾ, അങ്ങ് എന്നെ സുഖിപ്പിച്ചതുപോലെ ഞാൻ അങ്ങയെയും സുഖിപ്പിച്ചതാണെന്ന് രാജാവ് പറയും. ഇതുപോലെയാണ് നിയമസഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. എല്ലാദിവസവും ചോദ്യങ്ങൾ ചോദിക്കുമ്പോൾ പുട്ടിൽ തേങ്ങ ചേർക്കുന്നതുപോലെ ഭരണകക്ഷിയിലെ എല്ലാ അംഗങ്ങളുടെയും വക സർക്കാരിന് ഒരു അഭിനന്ദനമുണ്ട്, എല്ലാവരും അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ അത് വിപ് ആയിരിക്കാം. അതുകേട്ട് സർക്കാരിന് ഒന്ന് സുഖിക്കും, ധനകാര്യ വകുപ്പുമന്ത്രി എല്ലാവർക്കും ഓരോ പാക്കേജ് പ്രഖ്യാപിച്ച് അവരെയും സുഖിപ്പിച്ചു. എന്നാൽ ഇതൊന്നും പ്രവർത്തിതലത്തിൽ നടക്കുന്നില്ല. പ്രതിപക്ഷാംഗങ്ങൾക്ക് ആ സുഖിപ്പിക്കൽപോലും ലഭിക്കുന്നില്ലെന്നതാണ് ഞങ്ങളുടെ പ്രശ്നം. അങ്ങ് പ്രഖ്യാപനങ്ങൾ നടത്തിയപ്പോൾ പ്രതിപക്ഷ മണ്ഡലങ്ങളെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ഇതൊരു പാക്കേജ് ബഡ്ജറ്റാണ്. ഇഷ്ടംപോലെ പാക്കേജുകൾ പ്രഖ്യാപിച്ചു. ധനകാര്യ വകുപ്പുമന്ത്രി ആദ്യ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1000 സി.എൻ.ജി. ബസുകൾ വാങ്ങുമെന്ന് പറഞ്ഞിരുന്നു. സ്പെയർ പാർട്സിന്റെ കാശ് കൊടുക്കാത്തതിനാൽ കെ.എസ്.ആർ.ടി.സി. ബസുകൾ കട്ടപ്പുറത്തിരിക്കുകയാണ്. അതുപോലും നന്നാക്കാൻ കഴിയുന്നില്ല. 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ പ്രഖ്യാപിച്ചു, എന്നാൽ 50,000 രൂപയുടെ ബിൽ ട്രഷറിയിൽനിന്ന് മാറാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഓരോ പദ്ധതികളും പാക്കേജുകളും പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ കരാറുകാരുൾപ്പെടെ ബില്ലുകൾ കിട്ടാത്തതുകൊണ്ട് ടെണ്ടർ വിളിച്ചിട്ടും പ്രവൃത്തികൾ ഏറ്റെടുക്കാതെ, ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാതെ, എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടെയുള്ള വർക്കുകൾപോലും ഏറ്റെടുക്കാതെ, ഒരു പ്രവൃത്തിയും നടക്കാത്ത സാഹചര്യമാണ് കേരളത്തിലുള്ളത് എന്നതാണ് യാഥാർത്ഥ്യം. അത്രയും ഗുരുതരമാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി. എല്ലാ എം.എൽ.എ.-മാരിൽനിന്നും 20 പ്രവൃത്തികൾക്കുള്ള ലിസ്റ്റ് വാങ്ങിയിരുന്നു. എക്സൽ ഷീറ്റിൽ ലിസ്റ്റ് കൊടുത്തു. ഞങ്ങളൊക്കെ അത്യാവശ്യം എക്സൽ പഠിച്ചവരാണ്. എക്സലിലെ ലിസ്റ്റുകളെല്ലാംകൂടി കമ്പൈൻ ചെയ്ത് സോർട്ട് ചെയ്യുമ്പോൾ ഒന്നുകിൽ ആൽഫബെറ്റിക്കൽ ഓർഡറിൽ സോർട്ട് ചെയ്യും അല്ലെങ്കിൽ അക്കമിട്ടോ, മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലോ സോർട്ട് ചെയ്യും. ഏത് സോഫ്റ്റ്‌വെയർ

ഉപയോഗിച്ചാണ് അങ്ങ് ഈ മണ്ഡലങ്ങളുടെയെല്ലാം പ്രവൃത്തികൾ ലിസ്റ്റ് ചെയ്തതെന്നറിയില്ല. ആർക്കും മനസ്സിലാകാത്ത രീതിയിലാണ് സോർട്ട് ചെയ്തിരിക്കുന്നത്. എന്നാലും ഞങ്ങളെല്ലാവരും കുത്തിയിരുന്ന് അത് തപ്പിയെടുത്തു. 1500 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി കൊടുക്കുമെന്ന് പറയുമ്പോൾ ഒരു മണ്ഡലത്തിൽ ശരാശരി 10 കോടി രൂപയുടെ പ്രവൃത്തികൾ ലഭിക്കണ്ടേ; പ്രതിപക്ഷത്തെ എത്ര എം.ൽ.എ.-മാർക്ക് 10 കോടി രൂപയുടെയെങ്കിലും പ്രവൃത്തികൾ ലഭിച്ചു; 20 ശതമാനത്തിന്റെ ഭരണാനുമതി കൊടുക്കുമ്പോൾ പ്രതിപക്ഷത്തെ കുറേ എം.എൽ.എ.-മാർക്കെങ്കിലും കിട്ടണ്ടേ? ആർക്കും ലഭിച്ചിട്ടില്ല. മണ്ഡലത്തിലെ ആവശ്യങ്ങളുടെ മുൻഗണനാടിസ്ഥാനത്തിൽ ഞങ്ങൾ കൊടുത്ത ലിസ്റ്റുകൾപോലും പരിഗണിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. അങ്കമാലി-മാഞ്ഞാലിത്തോട് എത്രയോ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. പ്രളയം ഏറ്റവുമധികം ബാധിച്ച പ്രദേശമാണ് അങ്കമാലി-നായത്തോട് എയർപോർട്ട് റോഡ്. ഇത്രയും പ്രവൃത്തികളൊക്കെ ഞങ്ങൾ നിർദ്ദേശിച്ചിട്ടും അതിനൊന്നും ഒരു രൂപപോലും വകയിരുത്താതെ, ഭരണകക്ഷിക്കുവേണ്ടി മാത്രം കൊടുത്ത ഒരു പാക്കേജ് ബഡ്ജറ്റാണിത്, ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്, അത് പരിഹരിക്കാൻ ഒറ്റ മാർഗ്ഗമേയുള്ളൂ, അത് കേരളത്തിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ആ മാർഗ്ഗത്തിലൂടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ്. അതിന്റെ ഒരു തുടക്കമെന്ന രീതിയിലാണ് ഈ പ്രഖ്യാപനം. കേരളത്തിലെ നെൽകൃഷിക്കാർക്ക് 40 കോടി രൂപ റോയൽറ്റി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സർക്കാരാണിത്. അതിൽ ധനകാര്യവകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. കേരളത്തിലെ കാർഷികമേഖല തകരുന്നതിനുള്ള പ്രധാന കാരണം, മുൻ ഗവൺമെന്റായാലും ഇപ്പോഴത്തെ ഗവൺമെന്റായാലും കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നടപടികളാണ്. കാർഷികമേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുൻകയ്യെടുത്തതുകൊണ്ടാണ് ഞാനതിനെ അഭിനന്ദിക്കുന്നുവെന്നുപറഞ്ഞത്. ഞാൻ എന്റെ ജില്ലയിൽ തുടങ്ങാം. കാസർഗോഡ് ജില്ലയ്ക്ക് ഈ ബഡ്ജറ്റിൽ നല്ലൊരു സംഖ്യയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. കാസർഗോഡ് പാക്കേജിന് 90 കോടി രൂപ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ കേന്ദ്രം ഉപേക്ഷിച്ചതാണ് KEL (Kerala Electrical & Allied Engineering Co.Ltd.) എന്ന സ്ഥാപനം.

ആ സ്ഥാപനത്തിന് 10 കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരെക്കുറിച്ച് കേരളത്തിനകത്തും പുറത്തും എല്ലാവരും ചർച്ച ചെയ്യുകയും വായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അവർക്ക് പെൻഷൻ കൊടുക്കാനായി ഈ ഗവൺമെന്റ് 19 കോടി രൂപ പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെ കാസർഗോഡിലെ എന്റെ മണ്ഡലമായ ബേക്കലിൽ ഒരു എയർസ്ട്രിപ് പ്രഖ്യാപിച്ചിട്ട് കുറേ കൊല്ലമായി. 2006 മുതൽ 2011 വരെയുള്ള ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് തന്നെയാണ് അതിന്റെ ആദ്യ പ്രഖ്യാപനം നടത്തിയത്. ഗവൺമെന്റ് പ്രസ്തുത പദ്ധതിയുടെ നടപടിക്രമം പൂർത്തീകരിച്ച് മുന്നോട്ടുപോകുന്ന അവസരത്തിൽ ആ ഗവൺമെന്റ് പോയി അടുത്ത ഗവൺമെന്റ് വന്നു. പ്രഖ്യാപിച്ചു എന്നല്ലാതെ നടപടിയൊന്നുമുണ്ടായില്ല. എന്നാൽ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ അതിനായി 1.5 കോടി രൂപ വകയിരുത്തി, പദ്ധതിയുടെ പ്രാഥമിക നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിച്ചു. നിങ്ങൾക്കെല്ലാവർക്കും കാസർഗോഡ് ജില്ലയിലെ ബേക്കലിൽ വരാനും തീരദേശം കാണാനും സൗകര്യപ്രദമായ കാര്യങ്ങൾ ചെയ്യുന്നതാണ് തീരദേശവുമായി ബന്ധപ്പെട്ട ഈ നടപടി. കോവളംപോലെ ഒരു തുരുത്തല്ല ബേക്കൽ. നാലഞ്ച് കിലോമീറ്റർ ദൈർഘ്യമുള്ള ഒരു പ്രധാന തീരമാണ്. ആ തീരം നിങ്ങൾ വന്നുകാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മില്ലിന് 5 കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിച്ചതുതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിക്കിടന്ന ഒരു സ്ഥാപനമായിരുന്നു. വിദ്വാൻമാരുടെ പേരിൽ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ട് നടത്തുന്നില്ലെന്ന് നേരത്തെ പറഞ്ഞത് ശ്രീ. കെ. സി. ജോസഫ് ആണെന്ന് തോന്നുന്നു. കാസർഗോഡിലെ വിദ്വാൻ പി. കേളുനായർ സ്മാരക ക്ഷേത്രത്തിനായി ഒരു കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. അടയ്ക്ക കൃഷിക്കാർക്കുവേണ്ടി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ആ തുക കുറഞ്ഞുപോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുകയാണ്. കാസർഗോഡ് ജില്ലയിലെ അടയ്ക്ക കൃഷിക്കാരെ സഹായിക്കാൻ ഒരു കോടി രൂപ മതിയാകില്ല. മറുപടി പറയുമ്പോൾ കുറച്ചുകൂടി അധികം തുക പ്രഖ്യാപിക്കുമെന്നാണ് തോന്നുന്നത്, അതിനായി ഞാനൊരു കത്ത് തന്നിരുന്നു. കാസർഗോഡ് ജില്ലയിലെ പ്രസ്സ് ക്ലബ്ബ് കെട്ടിടത്തിനുവേണ്ടി വീണ്ടും പണം നീക്കിവച്ചിരിക്കുകയാണ്. അതൊരു പ്രധാന സംഭവമാണ്. കാഞ്ഞങ്ങാട് ബസ്സ്റ്റാന്റിന് സമീപം ഒരു അണ്ടർ പാസേജ് നിർമ്മിക്കാനായി 4 കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽക്കൂടുതൽ എന്തുവേണം? കാസർഗോഡിന്റെ തനിമതന്നെ

മാറ്റുന്നതിനായുള്ള നല്ല നടപടികൾ കൈക്കൊള്ളാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 20-ഓളം മേജർ റോഡുകൾക്കായി 700 കോടി രൂപയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്റെ മണ്ഡലത്തിന് മാത്രമല്ല, കാസർഗോഡ് ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലെയും റോഡുകൾക്കാണ് 700 കോടി രൂപ കൊടുത്തത്. മഞ്ചേശ്വരം - കാസർഗോഡ് - ഉദുമ എന്നീ മൂന്ന് മണ്ഡലങ്ങളിൽക്കൂടി പോകുന്നതാണ് ഹിൽ ഹൈവേ. ആ ഹിൽ ഹൈവേയ്ക്കായി അനുവദിച്ചിരിക്കുന്നത് 315 കോടി രൂപയാണ്, ഏതാണ്ട് പണി പൂർത്തീകരിക്കാറായി. എന്റെ മണ്ഡലത്തിൽ ഇതിനോടനുബന്ധിച്ചുള്ള പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. അത്തരം വലിയ പദ്ധതികൾ നടക്കുകയാണ്. കാസർഗോഡ് ജില്ലയിലെ 8 ആർ.ഒ.ബി. (റെയിൽവേ ഓവർ ബ്രിഡ്ജ്) കൾക്കായി 180 കോടി രൂപ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണം- ഉദുമയും പാലക്കുന്നും എന്റെ മണ്ഡലത്തിലാണുള്ളത്. ബാക്കിയുള്ള ആറെണ്ണം കാസർഗോഡ്, മഞ്ചേശ്വരം, തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് തുടങ്ങിയ 5 മണ്ഡലങ്ങളിലാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ മണ്ഡലത്തിൽ രണ്ടെണ്ണമുണ്ട്. കാസർഗോഡ് ജില്ലയിലെ ഏറ്റവും വലിയ പ്രശ്നം വൈദ്യുതിക്ഷാമമാണ്. അത് പരിഹരിക്കാൻ കുറേക്കാലമായി കേരളത്തിൽ മാറിമാറി വരുന്ന ഗവൺമെന്റുകളിൽ സമ്മർദ്ദം ചെലുത്തിയ കാര്യം നമുക്കെല്ലാവർക്കും അറിയാം. മംഗലാപുരത്തെ ലൈനാണ് കാസർഗോട്ടേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. വൈദ്യുതി പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രസരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ആ പദ്ധതിക്ക് ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത് 200 കോടി രൂപയാണ്. എന്റെ മണ്ഡലത്തിൽ 40 കോടി രൂപ ചെലവിൽ 110 കെ. വി. സബ്സ്റ്റേഷൻ തുടങ്ങാൻ തീരുമാനിക്കുകയും അതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്, അത് സ്ഥാപിക്കാൻ പോകുന്നത് മലയോരത്താണ്. 5-ഓളം മേജർ പാലങ്ങൾക്കായി 250 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിത്തന്നിരിക്കുന്നു. നമ്മുടെ നാട്ടുകാർ പൊതുപ്രസംഗം മാത്രമേ നടത്തുകയുള്ളൂ. ബഡ്ജറ്റ് വായിച്ച് അതിൽ വന്ന കാര്യങ്ങൾ ആരും പറയുന്നില്ല. സ്റ്റേഡിയം നിർമ്മിക്കാൻ 50 കോടി രൂപ അനുവദിച്ചു. യുവജനങ്ങൾക്കായും സാംസ്കാരിക പ്രവർത്തനങ്ങൾക്കായും 50 കോടി രൂപ അനുവദിച്ചു. തീരദേശസ്കൂളിനുവേണ്ടി 150 കോടി രൂപ അനുവദിച്ചു. സ്കൂൾ ഐ.ടി. ഉപകരണങ്ങൾക്കുവേണ്ടി 233 കോടി രൂപ അനുവദിച്ചു. സ്കൂൾ കെട്ടിടം നിർമ്മിക്കാനായി 2000 കോടി രൂപ അനുവദിച്ചു. വളരെ പ്രധാനപ്പെട്ട വികസന പദ്ധതിയാണിത്. ഇരുപത്-മുപ്പത് കൊല്ലത്തേയ്ക്ക് ഇനിയാർക്കും അവിടെ സ്കൂൾ കെട്ടിടം പണിയേണ്ടതില്ല. ഇനി മുപ്പത് കൊല്ലത്തേയ്ക്ക് കാസർഗോഡ് ജില്ലയിൽ

ഒറ്റ സ്കൂൾ കെട്ടിടംപോലും പണിയേണ്ട ആവശ്യമില്ല. എല്ലായിടത്തും സ്കൂൾ കെട്ടിടമായി. ഇത് കിഫ്ബി പദ്ധതിയിൽ നിർമ്മിച്ചതാണ്. കിഫ്ബിയെക്കുറിച്ച് പലയാളുകളും പരിഹസിച്ച് പ്രസംഗിക്കുകയാണ്. പക്ഷെ അത്രയും ഫണ്ട് കിഫ്ബിയിൽനിന്ന് കിട്ടി കാസർഗോഡ് ജില്ലയിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു. 1990 മുതൽ മാറിമാറി വന്ന ഗവൺമെന്റുകൾ സ്കൂളുകൾക്ക് നയാപൈസപോലും കൊടുത്തില്ല. ഗവൺമെന്റ് അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം കൊടുത്തതല്ലാതെ സ്കൂളിനുവേണ്ടി തുകയൊന്നും നൽകിയിട്ടില്ല. ആ സ്കൂളുകളുടെ പ്രയാസം പരിഹരിക്കാൻവേണ്ടി ഈ ഗവൺമെന്റ് കിഫ്ബിയിൽകൂടി ഫണ്ട് നൽകി. അതുകൊണ്ടാണ് കാസർഗോഡ് ജില്ലയ്ക്ക് മാത്രം രണ്ടായിരംകോടി രൂപ കിട്ടിയത്. ഗവൺമെന്റ് ഐ.ടി.ഐ.-കൾ എന്റെ മണ്ഡലത്തിലും അതുപോലെ കാഞ്ഞങ്ങാടും രണ്ടെണ്ണമുണ്ട്. നൂറ്റിയഞ്ച് കോടി രൂപയാണ് അതിനുവേണ്ടി ഈ ബഡ്ജറ്റിൽ വകയിരുത്തിയത്. സാംസ്കാരിക സ്ഥാപനമായ സുബ്രഹ്മണ്യൻ തിരുമുമ്പ് കൾച്ചറൽ കോംപ്ലക്സിനുവേണ്ടി 50 കോടി രൂപ അനുവദിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പുതിയതായി അനുവദിച്ച മഞ്ചേശ്വരം വെള്ളരിക്കുണ്ട് താലൂക്കാസ്ഥാനത്തിനുവേണ്ടി 117 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയത്. അന്ന് ശ്രീ. ഉമ്മൻ ചാണ്ടി താലൂക്കായി പ്രഖ്യാപിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 കോടി രൂപയാണ് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. കുടിവെള്ള പദ്ധതിക്ക് 100 കോടി രൂപയാണ് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ കാസർഗോഡിനായി പ്രഖ്യാപിച്ചത്. എസ്.ടി. ഹോസ്റ്റൽ മൂന്നെണ്ണമുണ്ട്, അതിൽ രണ്ടും എന്റെ മണ്ഡലത്തിലാണ്. 15 കോടി രൂപയാണ് അതിനായി അനുവദിച്ചത്. എണ്ണിയെണ്ണി പറയുന്നില്ല, അങ്ങനെ നൂറുകണക്കിന് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞൊരു ഗവൺമെന്റാണിത്. ആ ഗവൺമെന്റിന് വേണ്ടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് പറഞ്ഞാൽ ആ ഗവൺമെന്റിനെ ആരെങ്കിലും എതിർക്കുമോ; ആരും എതിർക്കില്ല. ഇതൊരു പ്രധാനപ്പെട്ട ബഡ്ജറ്റാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഒരു ബഡ്ജറ്റ് അവതരിപ്പിച്ചത് മുച്ചീട്ട് കളിക്കാരനെപ്പോലെയാണ്. ആ മുച്ചീട്ട് കളിക്കാരൻ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഫലമായി നമ്മുടെ നാടിന് എന്തുകിട്ടി; കേരളത്തിലെ കർഷകർക്കോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കോ എന്തെങ്കിലും കിട്ടിയതായി അറിയാൻ കഴിഞ്ഞോ; ഒന്നുമില്ലല്ലോ. നമ്മുടെ നാട്ടിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും നാടിനെയും സഹായിക്കുന്നൊരു ബഡ്ജറ്റായതുകൊണ്ട് കേരളത്തിൽ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ജനങ്ങൾ അംഗീകരിക്കുന്നു. അത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ എല്ലാ മണ്ഡലങ്ങൾക്കും ജില്ലകൾക്കും ഒരുപോലെ തുക

കിട്ടിയിട്ടുണ്ടോ ഇല്ലയോയെന്നുള്ള കാര്യവും പരിശോധനയ്ക്ക് വിധേയമാക്കി, അത് കൊടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ആര് ചോദിച്ചാലും ഒരുപോലെയാണ്. അവർക്ക് ഏത് പാർട്ടി; ഏത് എം.എൽ.എ. എന്നൊന്നുമില്ല, അവർ എല്ലാവർക്കും ഒരുപോലെ അംഗീകാരം കൊടുക്കുന്നവരാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയെക്കുറിച്ചും ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ചും നിങ്ങൾക്കെല്ലാവർക്കും അറിയാം. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ സമമായി വീതിക്കുന്ന ഹരിശ്ചന്ദ്രനെപ്പോലെ, മാവേലിയെപ്പോലെ ഭരണം നടത്തുന്നവരാണ് അവരെന്ന് നമ്മുടെ നാട്ടിൽ എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത് ഈ നാടിന്റെ മുഖച്ഛായ മാറ്റുന്ന ബഡ്ജറ്റാണ്. ആ ബഡ്ജറ്റിനെ ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മഹാപ്രളയം, ഉരുൾപൊട്ടലുകൾ, മണ്ണിടിച്ചിൽ തുടങ്ങി സമീപകാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ തനതായ സവിശേഷതകളുള്ള പശ്ചിമഘട്ടത്തിലെ ഹൈറേഞ്ച് ഉൾപ്പെടുന്ന മേഖലയിലെ നീർത്തടങ്ങളുടെ സംരക്ഷണവും വികസനവും ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗാന്ധിയൻ സ്റ്റഡീസിൽ സംഘടിപ്പിച്ച Watershed Management എന്ന വിഷയത്തിലുള്ള സെമിനാറിൽ പങ്കെടുക്കാൻ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജനീവയിൽനിന്നും ശ്രീ. മുരളി തുമ്മാരുകുടി അവിടെയെത്തിയിരുന്നു. അദ്ദേഹവുമായി നടന്ന ചർച്ചയുടെ പശ്ചാത്തലത്തിൽ നീർത്തട മോഡലുകൾ നിർമ്മിച്ച് ജലസംരക്ഷണ സവിശേഷതകളെക്കുറിച്ച് മനസ്സിലാക്കുന്നതോടൊപ്പം ഇപ്പോൾ ലഭ്യമായ അറിവുകളും നൂതനമായ സാങ്കേതികവിദ്യകളും മുൻനിർത്തി, ലഭ്യമാകുന്ന ഉപഗ്രഹങ്ങൾ, മാപ്പുകൾ എന്നിവയുടെ സഹായത്തോടുകൂടി ശാസ്ത്രീയമായി, സൂക്ഷ്മമായി അപഗ്രഥിച്ചുകൊണ്ട് നീർത്തട സംരക്ഷണം ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ ഹൈറേഞ്ച് പ്രദേശത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് ശാസ്ത്രീയമായ മോഡലുകളുടെ സഹായത്തോടുകൂടി തണ്ണീർത്തട വികസനം, പരിപാലനം, നിയന്ത്രണം, ക്രമീകരണം എന്നിവയിൽ സമഗ്രമായ പഠനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. മലയോര മേഖലയിൽ മഴക്കാലത്ത് ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടാകുന്നതുമൂലമുള്ള നാശം തടയാൻ കാലേക്കൂട്ടി മുന്നറിയിപ്പ് നൽകുന്ന സംവിധാനങ്ങൾക്ക് രൂപംകൊടുക്കണം. പൊതുജനങ്ങളുടെ വ്യക്തിതലത്തിലും ഗ്രൂപ്പുതലത്തിലുമുള്ള സജീവ പങ്കാളിത്തം വളരെയധികം ആവശ്യമായുണ്ട്. തണ്ണീർത്തട വികസന പദ്ധതികൾ എന്തൊക്കെ നടപ്പിലാക്കിയാലും അവയെല്ലാം പശ്ചിമഘട്ടത്തിന്റെ ജൈവവ്യവസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടാകണം. ഉത്തരവാദിത്ത ടൂറിസം, പശ്ചിമഘട്ട ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവ സംബന്ധിച്ചെടുക്കുന്ന ഏത്

തീരുമാനവും ഈ മേഖലയിലെ നീർത്തടങ്ങളുടെ സംരക്ഷണംകൂടി ലക്ഷ്യംവച്ചു കൊണ്ടാകണം. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുമ്പോഴും ജൈവവൈവിദ്ധ്യം സംരക്ഷിക്കപ്പെടുമ്പോഴും മണ്ണിനും പ്രകൃതിക്കും ഇണങ്ങിയ കാർഷിക സംസ്കാരം വളർത്തുന്നതിന് പരമാവധി പ്രാധാന്യം നൽകണം. ജൈവകൃഷി, പ്രസിഷൻ ഫാമിംഗ്, കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി എന്നിവയുടെ കേന്ദ്രബിന്ദു ജൈവ കൃഷിരീതികളായിരിക്കണം. Watershed Management ഫലപ്രദമായി നടത്തേണ്ടതുണ്ട്. അറബിക്കടലിലെ ചൂട് രണ്ട് ഡിഗ്രി കൂടിയിരിക്കുകയാണെന്നുപറഞ്ഞാൽ പ്രളയം ഇനിയുമുണ്ടാകുമെന്നാണ്. ബാഷ്പീകരണം കൂടും, പ്രളയം മൂന്നാമത്തെ വർഷവും വരുന്നത് തടയാനുള്ള തയ്യാറെടുപ്പുകളുണ്ടാകണം. ചെരിവുകളിൽ പെയ്തിറങ്ങുന്ന മഴ പ്രത്യേകിച്ചും 'Torrential rain' വരുമ്പോൾ കുത്തൊഴുക്കാണ് ഉണ്ടാകുന്നത്. മണ്ണ് മുഴുവൻ പോകുന്നു. പാറയുടെ മുകളിൽ 3-4 അടി ഉയരത്തിൽ മാത്രമേ മണ്ണുള്ളൂ, അതിലാണ് കൃഷി നടത്തുന്നത്. മണ്ണ് മുഴുവൻ കുത്തൊഴുക്കിൽ പോയാൽ പാറ മുഴുവനും തെളിയും. അതിനെന്താണ് മാർഗ്ഗം; കോണ്ടൂർ ലൈൻ അനുസരിച്ച് ആ ലൈനിൽ രാമച്ചം വച്ചുപിടിപ്പിക്കണം. അത് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ളൊരു കാര്യമാണ്. രാമച്ചത്തിന്റെ വേര് ഒരുകൊല്ലംകൊണ്ട് 10 അടി താഴേയ്ക്ക് പോകും. 25-30 അടി വീതിയിൽ സ്ഥലം കിട്ടത്തക്കവണ്ണം കോണ്ടൂർ ലൈൻ രൂപീകരിച്ച് രാമച്ചം വച്ചുപിടിപ്പിച്ചാൽ മുകളിലത്തെ വെള്ളം താഴേയ്ക്ക് വരുമ്പോൾ 10 അടി ആഴത്തിലേയ്ക്ക് വെള്ളം അരിച്ചാണ് വരുന്നത്. കോണ്ടൂർ ലൈൻ അനുസരിച്ച് അതിന്റെ അഞ്ചാമത്തെ ലൈൻ ആകുമ്പോൾ ഈ വെള്ളം മുഴുവൻ ഭൂമിയിലേയ്ക്ക് താഴും. കൃഷിയുടെ അടിസ്ഥാനംതന്നെ മണ്ണിന്റെ ജലസംരക്ഷണ ശേഷിയാണ്. കേരളത്തിന്റെ 6-7 മാസത്തെ വരൾച്ച കണക്കിലെടുത്ത് ആ വരൾച്ചയ്ക്കനുസൃതമായി മണ്ണിൽ ജലം പിടിച്ചുനിർത്തണം. മണ്ണിന്റെ ജല സംരക്ഷണശേഷി (water retention power of the soil) വർദ്ധിക്കണം. അങ്ങനെ വന്നാൽ എത്ര മഴപെയ്താലും കുത്തൊഴുക്കിലൂടെ മണ്ണിടിച്ചിൽ ഉണ്ടാകില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ വർഷം ഇടുക്കി ജില്ലയ്ക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിച്ചു. Watershed Management ശരിക്കും നടപ്പിലാക്കാൻ ഞങ്ങൾ ഏകദേശം ഒരു പ്ലാൻ തയ്യാറാക്കി. ഇടുക്കി, വയനാട് എന്നീ രണ്ട് ജില്ലകൾക്ക് അയ്യായിരം കോടി രൂപ വേണം. കൃഷിക്കാരുടെയിടയിൽ നിന്ന് സഹകരണം വേണം, കാരണം രാമച്ചത്തിന്റെ വേര് പറിച്ചെടുത്താൽ പിന്നെയും പ്രശ്നമുണ്ടാകും, അതവിടെ നിൽക്കണം. Watershed Management ശരിയായി നടപ്പിലാക്കിയാൽ മണ്ണിടിച്ചിൽ ഉണ്ടാകില്ല. വേനൽക്കാലത്തെ നേരിടാൻ കഴിയും. Watershed Management അവിടെ മാത്രമല്ല എല്ലാ പ്രദേശങ്ങളിലും ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചൊരു നയമാണ്. 50 ശതമാനം സബ്സിഡി കിട്ടും. അയ്യായിരം കോടി

രൂപയുടെ പദ്ധതി തയ്യാറാക്കണം. ഞങ്ങൾ പദ്ധതി തയ്യാറാക്കി നൽകാം, അതിന്റെ മോഡൽ രൂപീകരിക്കുന്നുണ്ട്. കിട്ടാവുന്ന മുഴുവൻ ആളുകളെയും ഇന്ത്യയിലുള്ളവരെയെല്ലാം കൂട്ടി ഞങ്ങൾ ഒരു സെമിനാർ നടത്തി. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. മുരളി തുമ്മാരുകുടി വന്ന് പറഞ്ഞത്. ഇത് നടപ്പിലാക്കിയാൽ കേരളത്തിലെ പ്രളയത്തെ നേരിടാൻ ബുദ്ധിമുട്ടുണ്ടാകില്ല. അതല്ലാതെ എന്തുചെയ്താലും ഫലമുണ്ടാകില്ല. പിന്നെ തോട്ടപ്പിള്ളിപോലുള്ള കാര്യങ്ങൾ, പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം 300 മീറ്റർ വീതിയിൽ ഒഴുകിക്കഴിഞ്ഞാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല. ഓരോ വെള്ളപ്പൊക്കത്തിനും സഹായിക്കുകയെന്നുള്ളതായിരിക്കരുത് നയം. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെ മൊത്തത്തിൽ നോക്കിയാൽ നല്ല കർഷകർക്ക് ഇപ്പോഴും നല്ല രീതിയിൽ ആദായം കിട്ടുന്നുണ്ട്. ഇത്തവണത്തെ കാർഷിക മേളയിൽ ഒന്നാം സമ്മാനം കിട്ടിയ വലിയതോവാളയിലെ ശ്രീമതി ബിന്ദുമോൾ ആന്റണിക്ക് ഒന്നര ഏക്കർ സ്ഥലത്തുനിന്നും 27 ലക്ഷം രൂപയുടെ അറ്റാദായമാണ് ലഭിച്ചത്. ശ്രീമതി ബീന സഹദേവൻ, പുന്നക്കുഴി, മതിലകം, കൊടുങ്ങല്ലൂരിന് ഇതിനുമുമ്പ് സമ്മാനം ലഭിച്ചതാണ്, ഏതാണ്ട് 20 ലക്ഷം രൂപയുടെ ആദായമുണ്ടായി. ശ്രീ. സാബി റഹിം, പണിപ്പുരയിൽ വീട്, കണിയാംപറ്റ, 10 സെന്റ് സ്ഥലത്തുനിന്ന് 1,70,000 രൂപയുടെ ലാഭം നേടി. ആയിരം കാടക്കോഴിയുണ്ടെങ്കിൽ 800 മുട്ട കിട്ടും. 2400 രൂപ റെഗുലറായി കാട മുട്ടയിൽനിന്ന് വരുമാനം കിട്ടും. ഇതിനകത്ത് മത്സ്യകൃഷി ചെയ്ത ശ്രീ. ആഷിഖ് അലി, പൊഴുതന, അദ്ദേഹം പോളിടെക്നിക് പാസ്സായ ആളാണ്. രണ്ട് ഏക്കർ സ്ഥലത്തുനിന്നും അദ്ദേഹത്തിന് 15 ലക്ഷം രൂപ ലാഭമുണ്ടായി. അദ്ദേഹവും അദ്ദേഹത്തിന്റെ അമ്മയും ചേർന്നാണ് കൃഷിയുടെ കാര്യങ്ങൾ നോക്കുന്നത്. ഇപ്പോൾ 10 പശുക്കളെക്കൂടി വാങ്ങാൻ പോകുകയാണ്, ഒരു പശുവിന് 30 ലിറ്ററിൽ കൂടുതൽ പാലാണ് ലഭിക്കുന്നതെങ്കിൽ ഒരു ദിവസം ആയിരം രൂപ ലഭിക്കും. അത് എന്റെ അനുഭവമാണ്. 20 ലിറ്ററിൽ കൂടുതലുണ്ടെങ്കിൽ മാത്രമേ ലാഭം കിട്ടുകയുള്ളൂ. 30 ലിറ്റർ അസാധ്യമായിട്ടുള്ള കാര്യമല്ല. എനിക്ക് ഒരു പശുവിൽനിന്ന് 40 ലിറ്റർ പാൽ ലഭിക്കുന്നുണ്ട്. ഇപ്പോഴുള്ള പശുക്കൾക്കെല്ലാം മുപ്പത് ലിറ്റർ പാലുണ്ട്. കിടാവ് ആകുമ്പോൾത്തന്നെ നന്നായി വളർത്തണം. പശു വളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ, മീൻ വളർത്തൽ ഇവയെല്ലാം കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിലുള്ളതാണ്. ശ്രീ. നരേന്ദ്ര മോദി കൊല്ലത്തുവന്ന് ഹൈസ്പീഡ് റെയിൽ കോറിഡോർ മുംബൈ മുതൽ കന്യാകുമാരി വരെ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു.

മി. ചെയർമാൻ: യെസ്...... യെസ്...... ബഹുമാനപ്പെട്ട അംഗം അവസാനിപ്പിക്കണം..... പ്ലീസ്...... പ്ലീസ്.....

ശ്രീ. പി. ജെ. ജോസഫ്: സർ, രണ്ട് പ്രധാനമന്ത്രിമാരുടെ ചർച്ചയാണ്, എൺപത് ശതമാനം കേന്ദ്ര സഹായമാണ്. അത് നാൽപ്പത് വർഷം കൊണ്ട് തിരിച്ചടച്ചാൽ മതിയാകും.

മി. ചെയർമാൻ: യെസ്...... അവസാനിപ്പിക്കണം.....

ശ്രീ. പി. ജെ. ജോസഫ്: അതുപോലെ eight lane express highway ഇവിടെയുണ്ടാകണം. ദേശീയ കനാൽ എത്രയുംവേഗം പൂർത്തിയാക്കണം.

മി. ചെയർമാൻ: യെസ്...... അവസാനിപ്പിക്കണം....

ശ്രീ. പി. ജെ. ജോസഫ്: ഞാൻ അവസാനിപ്പിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്തുകൊണ്ട് റഫർ ചെയ്യുന്നില്ലെന്നതാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോടുള്ള ചോദ്യം.

മി. ചെയർമാൻ: ശ്രീ. കോവൂർ കുഞ്ഞുമോൻ, അങ്ങേയ്ക്ക് ഏഴ് മിനിട്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, എന്റെ സമയം എടുത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹം അവസാനിപ്പിക്കാതെ എന്തിനാണ് എന്റെ പേര് വിളിച്ചത്.

മി. ചെയർമാൻ: അങ്ങ് ആ പോയിന്റോടുകൂടി അവസാനിപ്പിക്കണം.

ശ്രീ. പി. ജെ. ജോസഫ്: ഒരു വർഷം അയ്യായിരം പേർക്ക് ജോലി കിട്ടുകയാണ്. അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കണം. അതുകൊണ്ട് കേരളത്തിലെ വികസന പരിപ്രേക്ഷ്യത്തെപ്പറ്റി വ്യക്തമായ ധാരണയുണ്ടാകണം. അങ്ങ് പറഞ്ഞ നല്ല കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. പക്ഷേ തോട്ടപ്പിള്ളി സ്പിൽവേ വിഷയം യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തരമായി കൈകാര്യം ചെയ്യണം.

മി. ചെയർമാൻ: പ്ലീസ്..... പ്ലീസ്...... അവസാനിപ്പിക്കണം. സഹകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: അതുപോലെ Watershed Management-ന്റെ കാര്യത്തിൽ നടപടി വേണം. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. കടുത്ത വേനലിൽ ഒരു മഴയാണ് ഈ ബഡ്ജറ്റ്. ഇന്ത്യൻ ഖജനാവും ഇന്ത്യയും മരുഭൂമിപോലെ ഉരുകുന്ന വേനൽക്കാലത്താണ് കേന്ദ്രഗവൺമെന്റ് പുത്തൻ സാമ്പത്തികനയം നടപ്പിലാക്കിയത്. ആ കടുത്ത

വേനലിലാണ് ഇന്ത്യയിലെ ജനങ്ങൾ, പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾ. അതിനെ ശമിപ്പിക്കാൻവേണ്ടിയുള്ള ചെറുമഴപോലെയാണിത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സാധാരണ മനുഷ്യർക്കും കുട്ടികൾക്കും സ്ത്രീകൾക്കും ആശ്വാസം നൽകുന്ന ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. കേരള ചരിത്രത്തിൽ ആദ്യമായാണ് 14 ജില്ലകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് സമഗ്രമായൊരു ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലക്കാർ പരാതി പറഞ്ഞതിന് യാതൊരു അടിസ്ഥാനവുമില്ല. കഴിഞ്ഞ ദിവസം ഞാനും ബഡ്ജറ്റ് പരിശോധിച്ചു. ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്ക് കോടിക്കണക്കിന് രൂപ മാറ്റിവച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലും അഭിമാനകരമായ നേട്ടമാണ്. ഒരോന്നും പേരെടുത്ത് പറയുന്നില്ല. മത്സ്യമേഖലയിൽ 300 കോടി രൂപ, ഹാർബറുകൾക്കായി 280 കോടി രൂപ, 90 ഫിഷ് മാർക്കറ്റുകൾ, കൊല്ലം ജില്ലയ്ക്ക് 100 കോടി രൂപ എന്നിങ്ങനെ മാറ്റി വച്ചിരിക്കുന്നു. ഫിഷറീസ് മേഖലയിൽ ലൈഫ് മിഷനിൽ 280 കോടി രൂപ ചെലവിൽ ഏഴായിരം വീടുകളാണ് ഈ ഗവൺമെന്റ് നിർമ്മിച്ചുനൽകാൻ പോകുന്നത്. കശുവണ്ടി മേഖലയിൽ ഇന്നുവരെയില്ലാത്ത പുത്തൻ ഉണർവ്വാണ് ഈ ബഡ്ജറ്റിൽ കേരളത്തിനുണ്ടായിട്ടുള്ളത്. 1970-ൽ സർക്കാർ ഏറ്റെടുത്ത ഫാക്ടറി ഉടമകൾക്ക് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ടായിരുന്നു. അവർക്ക് നൽകാൻവേണ്ടി ഇരുപതുകോടി രൂപയാണ് ഇപ്പോൾ മാറ്റിവച്ചിരിക്കുന്നത്. പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾ ജോലിയിൽനിന്ന് വിരമിക്കുമ്പോൾ ഗ്രാറ്റുവിറ്റി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക 2011 മുതൽ കുടിശ്ശികയായിരുന്നു. അതിനായി കഴിഞ്ഞ വർഷം അമ്പത് കോടി രൂപ മാറ്റിവച്ചതിനുപുറമെ ഈ ബഡ്ജറ്റിൽ ഇരുപത് കോടി രൂപയും മാറ്റിവച്ചു. നമ്മുടെ സ്വപ്ന പദ്ധതിയായ കാഷ്യൂ ബോർഡിന് അമ്പത് കോടി രൂപ ഈ ഗവൺമെന്റ് മാറ്റിവച്ചിരിക്കുകയാണ്. കൊല്ലം ജില്ലയിലെ റോഡുകൾക്ക് ഇന്നുവരെയില്ലാത്ത തരത്തിൽ കോടിക്കണക്കിന് രൂപയാണ് അനുവദിച്ചിരിക്കുന്നത്. കേരളത്തിലെ 140 മണ്ഡലങ്ങളിലും റോഡുകളുടെ ശരാശരി നിലവാരം പരിശോധിച്ചിട്ടുണ്ടോ? ഈ ബഡ്ജറ്റിനെ എതിർക്കുന്ന യു.ഡി.എഫ്.-കാർ നെഞ്ചത്ത് കൈവച്ച് ആത്മാർത്ഥമായി പറയണം. ഞങ്ങളൊരു രാഷ്ട്രീയമോ, കൊടിയുടെ നിറമോ നോക്കിയില്ല. ഞങ്ങൾ പതിനാല് ജില്ലകളിലും 140 നിയോജകമണ്ഡലങ്ങളിലും കോടിക്കണക്കിന് രൂപ കൊടുത്തു. അവിടെയെല്ലാം BM&BC (Bituminous Concrete and Bituminous Macadam) റോഡുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നതെന്ന് മറക്കരുത്. നിങ്ങൾ ആരെയാണ് ഇങ്ങനെ കബളിപ്പിക്കുന്നത്? ഇത്രയധികം തുക വാങ്ങിയശേഷം ഗവൺമെന്റിനെതിരായി ശബ്ദമുയർത്താൻ നിങ്ങൾക്ക് എങ്ങനെ നാവ് പൊങ്ങുന്നു? ഇങ്ങനെ പറയാൻ ആത്മാർത്ഥതയുണ്ടോ? കേന്ദ്രത്തിലൊരു ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ;

കേരളത്തിൽനിന്ന് 19 എം.പി.-മാർ അവിടെയുണ്ടല്ലോ. നിങ്ങൾ പാർലമെന്റിൽ എന്തെങ്കിലും പറഞ്ഞോ? പൗരത്വ ഭേദഗതി ബിൽ അവിടെ അവതരിപ്പിച്ചല്ലോ; കേരളത്തിൽ എന്ത് ന്യായമാണെടുത്തത്; എന്താണ് ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടുന്നത്, നിങ്ങൾക്ക് ആത്മാർത്ഥതയില്ല. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഒന്നുപറയുമ്പോൾ ശ്രീ. വി. ഡി. സതീശൻ വേറൊന്നുപറയും. ഞങ്ങൾ പത്രത്തിലൂടെ കണ്ട കാര്യങ്ങളല്ല, നേരിട്ട് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യങ്ങളാണ്. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. കൊല്ലം ജില്ലയിൽ കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറി നവീകരണത്തിന് ഇരുന്നൂറ് കോടി രൂപ, കശുവണ്ടി കൃഷിക്ക് അഞ്ച് കോടി രൂപ, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കുണ്ടറ സിറാമിക്സിന് പതിനഞ്ച് കോടി രൂപ, കൊല്ലം മീറ്റർ കമ്പനിക്ക് ആറുകോടി രൂപ, ആശാവർക്കർമാരുടെ ആനുകൂല്യങ്ങളിൽ ഇന്നേവരെ ഉണ്ടാകാത്ത വലിയമാറ്റമാണ് വരുത്തിയത്. അവർക്ക് അഞ്ഞൂറ് രൂപ വീതം പ്രതിമാസം കൊടുക്കുകയാണ്. പാചകത്തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചു. കേരളത്തിൽ ധാരാളം പേർ ജോലി ചെയ്യുന്ന മേഖലയാണ് അങ്കണവാടി മേഖല. അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും തുക വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടികളുണ്ടാകണം. കേരളത്തിൽ ഇന്നുവരെ ഉണ്ടാകാത്ത തരത്തിൽ ആരോഗ്യമേഖലയിൽ 5249 അധിക തസ്തികകളാണ് സൃഷ്ടിച്ചത്. ആരോഗ്യവകുപ്പ് - 3159, ആരോഗ്യ വിദ്യാഭ്യാസം - 1857, കെ.യു.എച്ച്.എസ്. -176, ഡ്രഗ് കൺട്രോൾ-24, ഭക്ഷ്യസുരക്ഷ-5, വനിതാ-ശിശു വികസനം-27, സാമൂഹ്യ സുരക്ഷാമിഷൻ-1 നിങ്ങളുടെ കാലത്ത് ഇതുണ്ടായിട്ടുണ്ടോ? ആരോഗ്യ-വിദ്യാഭ്യാസ-വ്യാവസായിക- കാർഷിക മേഖലകളിൽ ധാരാളം മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലും വിദ്യാഭ്യാസ മേഖലയിൽ ഹൈടെക് സംവിധാനത്തിലുള്ള സ്കൂളുകളുണ്ടായി. ഈ വർഷം ജൂൺ ഒന്നിന് സ്കൂൾ തുറന്നപ്പോൾ രണ്ടരലക്ഷം കുട്ടികളാണ് അൺഎയ്ഡഡ് മേഖലയിൽനിന്നും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വന്നത്. അത് നിങ്ങൾക്ക് മറക്കാൻ കഴിയില്ല. വ്യാവസായിക മേഖലയിൽ അടഞ്ഞുകിടന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിച്ചതിന്റെ ഫലമായി ഈ സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് കോടിക്കണക്കിന് രൂപയാണ് ഇപ്പോൾ അധികമായി വന്നുകൊണ്ടിരിക്കുന്നത്. ഒരു കാലത്തുമില്ലാത്ത തരത്തിൽ കാർഷിക മേഖലയിൽ വലിയ മാറ്റമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കുട്ടനാട് പാക്കേജ്, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. എസ്. ശർമ്മയും മറ്റ് അംഗങ്ങളും കുട്ടനാട് സന്ദർശിച്ചപ്പോൾ അവിടെ കണ്ടത് ഒരു ദുരന്തഭൂമിയായിരുന്നു. കൃഷിക്കാർക്ക് ആനുകൂല്യം കൊടുക്കണമെന്ന് അന്നുതന്നെ കമ്മിറ്റിയിൽ തീരുമാനിച്ചു. പിറ്റേദിവസംതന്നെ

കൃഷിക്കാർക്ക് ആനുകൂല്യം കൊടുത്തു. ബഹുമാന്യനായ വി. എസ്. സുനിൽ കുമാർ അക്കാര്യത്തിൽ വളരെ താൽപ്പര്യമെടുത്തതുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്. ഞാൻ അവസാനിപ്പിക്കാം. ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, പഞ്ചായത്തുകളിൽ കെട്ടിട നികുതിയും വില്ലേജുകളിൽ ഭൂനികുതിയും ഈടാക്കുന്നത് ഓരോ വർഷമാണ്. ഓരോ വർഷവും വരാൻ സാധിക്കില്ലെന്ന് പല ഗൾഫുകാരും പറഞ്ഞു. അതുകൊണ്ട് നികുതി അടയ്ക്കുന്നതിനായി കഴിയുമെങ്കിൽ അഞ്ചുവർഷത്തേയ്ക്കൊരു പാക്കേജ് തയ്യാറാക്കിയാൽ സർക്കാരിന് വരുമാനമുണ്ടാകും.

മി. ചെയർമാൻ: പ്ലീസ്.... കൺക്ലൂഡ്.....

ശ്രീ. കോവൂർ കുഞ്ഞുമോൻ: കെട്ടിട നികുതി അഞ്ചുവർഷത്തേയ്ക്ക് അടച്ചതിനുശേഷം ഗൾഫിൽ പോകും. ഭൂനികുതി നിർബന്ധമാക്കരുത്. പഞ്ചായത്തുകളിൽ നികുതി പിരിക്കുന്നത് അവിടത്തെ ജീവനക്കാർക്ക് ആറുമാസത്തെ ജോലിയാണ്. അതുകൊണ്ട് അവർക്ക് വേറെ ചില നടപടികളിലേയ്ക്ക് പോകാൻ കഴിയും.

മി. ചെയർമാൻ: പ്ലീസ്.... കൺക്ലൂഡ്.....

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഒരു കാര്യംകൂടി പറയാനാഗ്രഹിക്കുന്നു. കൊല്ലം ജില്ലയ്ക്ക് ഒരുപാട് ആശ്വാസം നൽകി. അതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. എത്രയോ വർഷക്കാലമായി ഇവിടെ അവതരിപ്പിക്കുന്ന കൊല്ലം ശാസ്താംകോട്ട ശുദ്ധജല തടാകത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്റെ പ്രത്യേക താൽപ്പര്യമാണ്, കേരളത്തിന്റെ താൽപ്പര്യമാണ്. അങ്ങ് മറുപടി പ്രസംഗത്തിൽ സൂചിപ്പിക്കുമെന്ന് വിശ്വസിക്കുകയാണ്. ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കാൻ പത്തുകോടി രൂപ additional authorization നൽകി ഞങ്ങളുടെ മേഖലയെ സഹായിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യമന്ത്രിക്കും എല്ലാ മന്ത്രിമാർക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, എന്റെ നിയോജകമണ്ഡലമായ നേമത്തോട് ഒരു തരം ശത്രുതാ മനോഭാവമാണ് പുലർത്തുന്നതെന്നാണ് ഈ ബഡ്ജറ്റ് വായിക്കുന്ന അവസരത്തിൽ എനിക്ക് തോന്നുന്നത്. ഞാൻ തെരഞ്ഞെടുക്കപ്പെട്ട് വന്നു എന്നുള്ളത് വസ്തുതയാണ്. അതിന് ആ മണ്ഡലത്തിലെ ജനങ്ങളെ ശിക്ഷിക്കേണ്ട ആവശ്യമുണ്ടോ? അവർ ചിരകാലമായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതും മുൻ സർക്കാരുകൾ അംഗീകരിച്ചിട്ടുള്ളതുമായ

പദ്ധതികൾപോലും നടപ്പാക്കാൻ തയ്യാറാകുന്നില്ല. അതേപ്പറ്റി പറയുന്ന അവസരത്തിൽ പണമില്ല എന്നുപറഞ്ഞ് തള്ളിക്കളയുകയാണ്. വളരെ ചെറിയ തോതിൽ മാത്രം പണച്ചെലവുള്ള, ബസ് സ്റ്റോപ്പ്, ലൈറ്റ് സ്ഥാപിക്കൽ, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ടതിലും വളരെ ലളിതമായിട്ടുള്ള കാര്യങ്ങൾപോലും പണമില്ലെന്നുപറഞ്ഞ് തള്ളിക്കളയുന്നു. ഇത് ശത്രുതാഭാവത്തിന്റെ തെളിവല്ലേയെന്ന് സംശയിക്കേണ്ട ഒരു സാഹചര്യമുണ്ടായിരിക്കുന്നു. എനിക്ക് പറയാനുള്ളത്, ഇതിൽ മാറ്റം വരുത്തി ഈ മണ്ഡലത്തെ പാടെ അവഗണിക്കുന്നത് അവസാനിപ്പിക്കണമെന്നാണ്. അവിടെ ഒരു ആയുർവ്വേദ ഹോസ്പിറ്റൽ വളരെ ആവശ്യമായിട്ടുള്ളതാണെന്ന് എല്ലാവരും അംഗീകരിച്ചിട്ടുള്ള കാര്യമാണ്. അത് പൂർത്തീകരിക്കണം. പല ഭാഗത്തുനിന്നും ആളുകൾ വരുന്ന ആറ്റുകാൽ ക്ഷേത്രത്തിൽ അവർക്കുവേണ്ട സൗകര്യങ്ങൾ ചെയ്യാൻ ചില നിർദ്ദേശങ്ങളുണ്ടായിരുന്നു. അതും നടപ്പാക്കുന്നില്ല. ഈ രീതിയിൽ നിയോജകമണ്ഡലത്തിലെ ജനങ്ങളെ ശിക്ഷിക്കുന്ന ഏർപ്പാട് ഈ സർക്കാർ അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ആന്റണി ജോൺ</u>: ബഹുമാനപ്പെട്ട സ്പീക്കർ, ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ മുമ്പ് സംസാരിച്ചവരിൽ പ്രതിപക്ഷ നിരയിലെ ഏറ്റവും സീനിയറായ അംഗങ്ങളുൾപ്പെടെയുള്ള പലരും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലാണ് ഈ ബഡ്ജറ്റിനെ വിശകലനം ചെയ്തിട്ടുള്ളത്. ഈ ബഡ്ജറ്റിൽ മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്ന ബഡ്ജറ്റുകളിലെല്ലാം സ്വീകരിച്ചിട്ടുള്ള സമീപനം 140 മണ്ഡലങ്ങൾക്കും ഒരുപോലെ പരിഗണന കൊടുക്കുകയെന്നുള്ളതാണ്. അങ്ങനെ, രാഷ്ട്രീയത്തിനതീതമായി, കേരളത്തിന്റെ എല്ലാ മേഖലയിലും ഒരുപോലെ വികസനമെത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. ആ ഒരു നിലപാട് തന്നെയാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ ചില സീനിയർ മെമ്പർമാർ ഉൾപ്പെടെ അത്തരമൊരു സമീപനം ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് കേന്ദ്ര ഗവൺമെന്റ് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചത് എന്നാണ് അവരോട് സൂചിപ്പിക്കാനുള്ളത്. ആ ബഡ്ജറ്റിൽ മാത്രമല്ല, ഈ ഗവൺമെന്റും ആദ്യ ഘട്ടത്തിൽ അധികാരത്തിലിരുന്ന നരേന്ദ്ര മോദി ഗവൺമെന്റും ഉൾപ്പെടെ കേരളത്തോട് സ്വീകരിച്ചിരുന്ന ഒരു സമീപനമുണ്ട്. സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തെ ഞെരുക്കിക്കൊണ്ട്, അതിലൂടെ കേരളത്തെ രാഷ്ട്രീയ വരുതിയിലാക്കുന്നതിനുവേണ്ടി വലിയ തോതിലുള്ള ഇടപെടൽ കഴിഞ്ഞ

കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നുള്ള നിലയിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള കേന്ദ്ര ബഡ്ജറ്റിലും അത്തരമൊരു സമീപനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ വലിയ രാഷ്ട്രീയ അഭിപ്രായം പറയുന്ന ആളുകളും ബഹുമാന്യരായ സീനിയർ അംഗങ്ങളും എന്തുകൊണ്ടാണ് കേന്ദ്ര ബഡ്ജറ്റിനെ, നമ്മുടെ സംസ്ഥാനത്തെ പൊതുവെ ബാധിക്കുന്ന ഒരു വിഷയമെന്ന നിലയിൽ സംസ്ഥാനത്തോട് സ്വീകരിക്കുന്ന ഈ സമീപനം തിരുത്തണമെന്ന് ആവശ്യപ്പെടാത്തത്? ഇവർ മാത്രമല്ലല്ലോ, പത്തൊൻപത് ആളുകളെ ഇവിടെനിന്ന് വിജയിപ്പിച്ച് വിട്ടിട്ടുണ്ട്. ബഹുമാന്യനായ രാഹുൽ ഗാന്ധി ഉൾപ്പെടെ പാർലമെന്റിലുണ്ട്. കേരളത്തോട് കടുത്ത അനീതി കാണിച്ചിട്ടുണ്ടല്ലോ? ഈ കഴിഞ്ഞ ബഡ്ജറ്റിലെ വളരെ വ്യക്തമായിട്ടുള്ള സമീപനങ്ങൾ നമുക്ക് വീക്ഷിക്കാൻ കഴിയും. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കേന്ദ്ര ബഡ്ജറ്റിൽ നമ്മുടെ സംസ്ഥാനത്തിനുള്ള നികുതി വിഹിതത്തിൽ വലിയ കുറവ് വരുത്തിയിട്ടുണ്ട്. കേരളത്തോട് അങ്ങനെ ഒരു സമീപനം സ്വീകരിക്കുമ്പോഴാണ് ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ്, ഹരിയാന, ജെ.ഡി.യു.-വിനോടൊപ്പം ബി.ജെ.പി. ഭരിക്കുന്ന ബീഹാർ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് വലിയ തോതിൽ തുക വർദ്ധിപ്പിച്ചുകൊടുക്കുന്ന സമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ ഏതാണ്ട് പത്തൊൻപതിനായിരം കോടി രൂപയുടെ സബർബൻ റെയിൽവേയ്ക്ക് അനുമതി കൊടുത്തു. ഇരുപത് ശതമാനം കേന്ദ്ര വിഹിതവും അറുപത് ശതമാനം വിദേശ സഹായം തേടുന്നതിനും കേന്ദ്ര ഗവൺമെന്റ് അനുമതി കൊടുക്കുകയാണ്. എന്നാൽ കേരളത്തിന് സബർബൻ റെയിൽവേയ്ക്ക് അനുമതിയില്ല. അനുമതി വേണമെങ്കിൽ നമ്മുടെ സംസ്ഥാനം പകുതി തുക വഹിക്കണമെന്നുള്ള നയമാണ് കേന്ദ്രം ഇവിടെ സ്വീകരിക്കുന്നത്. രണ്ട് സംസ്ഥാനങ്ങളോട് രണ്ട് നയം. ഇതെന്ത് ന്യായമാണ്; ഇതിന്റെ പേരല്ലേ വിവേചനം? ഇവിടെ എനിക്ക് മുമ്പേ സംസാരിച്ച, ബഹുമാന്യനായ ഒ. രാജഗോപാലിനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. അവകാശപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരത്തുകയ്ക്ക് കാത്തുകെട്ടിക്കിടക്കേണ്ട ഗതികേടിലാണ് ഇന്നിപ്പോൾ കേരളം. പൊതുമേഖലാ സ്ഥാപനമായ എൽ.ഐ.സി.-യുടെ ഓഹരി വിറ്റഴിക്കുന്നുവെന്നുള്ള കാര്യം നമുക്കറിയാം. അത് കേരളത്തിന് വലിയ തിരിച്ചടിയാണ്. കേരളം ഏറെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന റെയിൽവേ കോച്ച് ഫാക്ടറി, ശബരി റെയിൽ, എയിംസ്, ദേശീയപാതയുടെ വികസനം, പ്രവാസികളുടെ പുനരധിവാസം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളം ആവശ്യപ്പെട്ട യാതൊരു തരത്തിലുമുള്ള സഹായവും നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. കേന്ദ്രത്തിന്റെ നയം തിരുത്തിക്കാൻ

സംസ്ഥാനം ഒറ്റക്കെട്ടായി നിൽക്കേണ്ട ഒരു സാഹചര്യമാണിത്. അതിന് യഥാർത്ഥത്തിൽ പ്രതിപക്ഷംകൂടി ആത്മാർത്ഥമായ സഹകരണവും പിന്തുണയും കൊടുക്കേണ്ടതാണ്. ഈ ഗവൺമെന്റിനെ രാഷ്ട്രീയ ലക്ഷ്യംവച്ച് നഗ്നമായി വിമർശിക്കുന്ന ആളുകൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ സമീപനത്തെക്കൂടി എതിർക്കാൻ തയ്യാറാകേണ്ടതുണ്ടെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. അതോടൊപ്പം കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യുടെ പ്രതിനിധിയാണ് ശ്രീ. ഒ. രാജഗോപാൽ. അദ്ദേഹത്തിനും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ട്. കേരളത്തോട് രാഷ്ട്രീയമായ വിവേചനം കാണിക്കുമ്പോൾ, 'അത് പാടില്ല, മറ്റെല്ലാ സംസ്ഥാനങ്ങൾക്കുമെന്നപോലെതന്നെ കേരളത്തിനും പരിഗണന കൊടുക്കണ'മെന്നുള്ള ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരുപാട് പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടെന്ന കാര്യം നമുക്കറിയാം. കേരളപ്പിറവിക്കുശേഷം അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിനും നേരിടേണ്ടി വരാത്ത അസാധാരണമായ സാഹചര്യങ്ങളാണ് കേരളത്തിലെ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി നേരിട്ടിട്ടുള്ളത്. രണ്ട് പ്രളയത്തെ നമ്മൾ അതിജീവിച്ചു. സാമ്പത്തികമായി കേരളത്തെ ഞെരുക്കുന്നതിന് വലിയ തോതിലുള്ള ഇടപെടൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് ഇപ്പോൾ സഖാവ് ഡോ. ടി. എം. തോമസ് ഐസക് വീണ്ടും ഒരു ജനക്ഷേമ ബഡ്ജറ്റ് കേരളത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ആ ബഡ്ജറ്റിനെ പ്രതിപക്ഷം ഉൾപ്പെടെയുള്ള ആളുകൾ സർവ്വാത്മനാ പിന്തുണയ്ക്കുന്ന ഒരു സമീപനമാണ് സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മിപ്പിക്കാനുള്ളത്. ഈ ബഡ്ജറ്റിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചൊക്കെ എനിക്ക് മുമ്പ് സംസാരിച്ച അംഗങ്ങൾ വളരെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിന്റെ എല്ലാ മേഖലയിലും ഒരുപോലെ വികസന പ്രവർത്തനങ്ങൾ എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള വലിയ ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റ് ഒരു പുതിയ മാതൃക സൃഷ്ടിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമൂഹ്യ നേട്ടങ്ങൾ സംരക്ഷിച്ച് വ്യവസായ, കാർഷിക മേഖലകളിൽ പുതിയ കുതിപ്പ് കൈവരിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. എല്ലാ ക്ഷേമപെൻഷനുകളും നൂറ് രൂപ വർദ്ധിപ്പിച്ച് സാധാരണക്കാരോടും പാവങ്ങളോടുമുള്ള പ്രതിബദ്ധത ഈ ഗവൺമെന്റ് ആവർത്തിച്ച് വ്യക്തമാക്കുകയാണ്. വിജയഗാഥ രചിച്ച് മുന്നോട്ടുപോകുന്ന ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ ഉൾപ്പെടെയുള്ള പദ്ധതികളെയെല്ലാം ശക്തിപ്പെടുത്തുന്നതിനുള്ള സമീപനവും ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

കേരളത്തിന്റെ മണ്ണും പുഴയും കുന്നുകളും പ്രകൃതിയുമെല്ലാം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഈ ബഡ്ജറ്റ് വ്യക്തമാക്കുന്നു. നമ്മുടെ കിണറുകളും പുഴകളും തോടുകളുമെല്ലാം നവീകരിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനം ഈ ബഡ്ജറ്റ് അർത്ഥപൂർണ്ണമാക്കുകയാണ്. വ്യവസായ വികസനവും പശ്ചാത്തല സൗകര്യവും മുൻനിർത്തി ഒട്ടേറെ പദ്ധതികൾ ഈ ബഡ്ജറ്റിൽ അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് വലിയ പരിഗണന കൊടുക്കുകയാണ്. കയർ, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെയും ഒപ്പം ചേർത്തുനിർത്തുന്ന സമീപനം ഇവിടെ സ്വീകരിക്കുന്നു. നെൽ കർഷകർക്ക് റോയൽറ്റി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നാൽപ്പത് കോടി രൂപ നീക്കിവയ്ക്കുകയാണ്. നമ്മുടെ നെല്ലുൽപ്പാദനം 2018-19-ൽ 5.8 ലക്ഷം ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ആ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള വലിയ ഇടപെടൽ ഗവൺമെന്റ് നടത്തുകയാണ്. സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, പ്രവാസികൾ, അങ്കണവാടി ജീവനക്കാർ, സ്കൂൾ പാചകത്തൊഴിലാളികൾ, ആശാ വർക്കർമാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ഈ ബഡ്ജറ്റിനൊപ്പം പരിഗണിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്രവാസി സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി തൊണ്ണൂറ് കോടി രൂപയാണ് ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയുമെല്ലാം ഭീഷണി നേരിടുന്ന വയനാട്, കുട്ടനാട്, ഇടുക്കി പോലുള്ള ജില്ലകൾക്കുവേണ്ടി പ്രത്യേക പാക്കേജുകളും ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് യു.ഡി.എഫ്. ഭരണത്തിൽ ക്ഷേമപെൻഷൻ കൊടുത്തത് കേവലം 9,311 കോടി രൂപ മാത്രമാണെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന് നാല് വർഷക്കാലംകൊണ്ടുതന്നെ 22,000 കോടി രൂപ ക്ഷേമപെൻഷനുകളിലൂടെ ജനങ്ങൾക്ക് കൊടുക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതാണ്ട് പതിനയ്യായിരത്തോളം കിലോമീറ്റർ റോഡുനിർമ്മാണം പൂർത്തിയാക്കിയിരിക്കുകയാണ്. എഴുപതോളം പാലങ്ങളുടെ പണി പൂർത്തീകരിച്ചിരിക്കുന്നു. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിൽ അതിന്റെ കെട്ടിലും മട്ടിലും ആകെ മാറ്റം വരികയാണ്. ഈ രംഗത്തെല്ലാം വലിയ മാറ്റം കൊണ്ടുവരികയാണ്. അതോടൊപ്പംതന്നെ, കേരളത്തിലെ ഗവൺമെന്റിനോടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ഈ അവസരത്തിൽ നന്ദിസൂചകമായി സൂചിപ്പിക്കുകയാണ്, പലപ്പോഴും വട്ടപ്പൂജ്യത്തിൽനിന്നു കൊണ്ടാണ് കൊച്ചിക്കാർ ബഡ്ജറ്റിനെ വിലയിരുത്തിയിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഓരോ ബഡ്ജറ്റിലും കൊച്ചി നഗരത്തിന്, എറണാകുളം

ജില്ലയ്ക്ക്, കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ വലിയ പങ്ക് വഹിക്കുന്ന ജില്ലയെന്ന നിലയിൽ വലിയ പങ്കാണ് കൊടുത്തിട്ടുള്ളത്. കൊച്ചിയുടെ വികസനത്തിനുവേണ്ടി ആറായിരം കോടി രൂപയാണ് ഗവൺമെന്റ് മാറ്റിവച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ ജനങ്ങളുടെ പേരിൽ ഈ ഗവൺമെന്റിനെ ഈ അവസരത്തിൽ പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് കൊച്ചി മെട്രോ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കൊച്ചിയുടെ സമഗ്ര വികസനത്തിനുതകുന്ന വലിയ പദ്ധതികളാണ് ഈ ആറായിരം കോടി രൂപയിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ തൃപ്പൂണിത്തുറയിലേയ്ക്കും കാക്കനാട് ഇൻഫോപാർക്കിലേയ്ക്കും ഉൾപ്പെടെ മെട്രോ സർവ്വീസ് ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, പ്ലീസ്.....ചുരുക്കണം.

ശ്രീ. ആന്റണി ജോൺ: സർ, എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയുടെ വികസനംകൂടി കണ്ടുകൊണ്ട്, മെട്രോ ആ മേഖലയിലേയ്ക്കുകൂടി വികസിപ്പിക്കുന്നതിനുള്ള സമീപനംകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2020-21 വർഷത്തേയ്ക്കുള്ള ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഫ്രഞ്ചിൽ ഒരു വാക്കുണ്ട് 'ദേജാവൂ'; പുനരനുഭവ മിഥ്യ എന്ന് നമുക്ക് മലയാളത്തിൽ പറയാം. നമ്മൾ ചില സ്ഥലങ്ങളിൽ പോകുമ്പോൾ ഈ സ്ഥലം ഞാൻ നേരത്തെ കണ്ടിട്ടുണ്ടല്ലോ, ചില ആളുകളോട് സംസാരിക്കുമ്പോൾ ഞാൻ ഈ കാര്യങ്ങൾ കേട്ടിട്ടുണ്ടല്ലോ എന്നൊരു തോന്നൽ വരാറുണ്ട്. ഈ ബഡ്ജറ്റ് എന്റെ അഭിപ്രായത്തിൽ ഒരു ദേജാവൂ ബഡ്ജറ്റാണ്. അങ്ങ് റവന്യൂ ബഡ്ജറ്റും ചൈൽഡ് ബഡ്ജറ്റും ജന്റർ ബഡ്ജറ്റും എടുക്കുന്നതിനോടൊപ്പം 2016 മുതൽ ബഡ്ജറ്റിൽ പറഞ്ഞ് നടപ്പിലാക്കാത്ത കാര്യങ്ങൾ ചേർത്ത ഒരു ദേജാവൂ ബഡ്ജറ്റായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ കാണുന്നത്. സാധാരണ ബഡ്ജറ്റ് എന്നുപറയുമ്പോൾ കണക്കുകൾ മാത്രമാണ് പറയുന്നത്. അങ്ങയുടെ കാലത്ത് കണക്കുകളോടൊപ്പം കഥയും കവിതയുമൊക്കെയുള്ള ബഡ്ജറ്റിൽ ധാരാളം ന്യൂനതകളുമുണ്ട്. സമയ പരിമിതിമൂലം ഞാൻ രണ്ട് കാര്യങ്ങൾ മാത്രമാണ് പറയുന്നത്. ഒന്ന്, കേന്ദ്ര ബഡ്ജറ്റിൽ പറഞ്ഞതുപോലെ കള്ളങ്ങൾ പറയുമെന്നോ കള്ളക്കണക്കുകൾ കാണിക്കുമെന്നോ ഞാൻ പറയുന്നില്ല. പക്ഷെ അങ്ങയുടെ ബഡ്ജറ്റിൽ പല അർദ്ധ സത്യങ്ങളുമുണ്ട്. പൂർണ്ണമായിട്ടുള്ള കാര്യങ്ങൾ പലതും വെളിവാക്കിയിട്ടില്ല. നമ്മൾ മനസ്സിലാക്കേണ്ടത് സാധാരണ സംസ്ഥാനങ്ങളിൽ ബഡ്ജറ്റ്

അവതരിപ്പിക്കുമ്പോൾ റവന്യൂ കമ്മിയും ധനകമ്മിയും കടവുമൊക്കെ കൂടാറുണ്ട്. കാരണം, ആ നാട്ടിലെ വികസനവും എല്ലാ കാര്യങ്ങളും നടക്കുന്നത് ആ കാണുന്ന ബഡ്ജറ്റ് ഡോക്യുമെന്റിൽ ആയതുകൊണ്ട് മാത്രമാണ്. പക്ഷെ നമ്മുടെ സർക്കാർ കഴിഞ്ഞ നാല് വർഷമായി വികസന പ്രവർത്തനങ്ങളെല്ലാം ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത് കിഫ്ബി സംവിധാനത്തിലാണ്. എനിക്ക് ചോദിക്കാനുള്ളത്, കിഫ്ബിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ കിഫ്ബിയിലെ അമ്പതിനായിരം കോടി രൂപയുടെയും ബഡ്ജറ്റിലുള്ള ഏകദേശം രണ്ടര ലക്ഷം കോടി രൂപയുടെയും കടം ചേർക്കുമ്പോൾ 2021-ൽ ഉയരാൻ പറ്റാത്ത രീതിയിൽ നമ്മുടെ നാടിന്റെ സാമ്പത്തിക നട്ടെല്ല് ഒടിയാൻ പോകുന്നുവെന്നുള്ള കാര്യം അങ്ങ് ഈ ബഡ്ജറ്റ് ഡോക്യുമെന്റിൽ ഒരിടത്തും പറയുന്നില്ല. ജനങ്ങൾക്ക് ഈ ഡോക്യുമെന്റിലൂടെ അത് മനസ്സിലാക്കാൻ കഴിയുന്നുമില്ല. രണ്ടാമത്തെ കാര്യം, ക്രെഡിബിലിറ്റി നഷ്ടപ്പെട്ട ഒരു ബഡ്ജറ്റാണിത്. അത് ഞാൻ പറയാനുള്ള കാരണം 'സർക്കാർ ചെലവ് ചുരുക്കാൻ പോകുകയാണ്, ചെലവ് ചുരുക്കലിന്റെ ഭാഗമായി പുതുതായി വാഹനങ്ങൾ വാങ്ങിക്കില്ല' എന്ന് രണ്ടര മണിക്കൂറുള്ള ബഡ്ജറ്റിൽ അങ്ങ് സംസാരിച്ച് ഒരു ദീർഘനിശ്വാസം വിടുന്നതിനുമുമ്പ് നമ്മുടെ ഓരോ ആളുകളുടെയും ഓഫീസിലെത്തിച്ച Supplementary Demands for Grants-ൽ എട്ട് വാഹനങ്ങൾ വാങ്ങിക്കുവാനുള്ള തീരുമാനം എടുത്തിരിക്കുന്നു. ആരാണ് ഈ ബഡ്ജറ്റ് എഴുതിയിരിക്കുന്നത്? അങ്ങ് മുണ്ട് മുറുക്കിയുടുക്കാൻ പറഞ്ഞ സമയത്ത് അങ്ങ് ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റിലെ ആളുകളും ഈ സർക്കാരും കരാൽക്കടയിൽപോയി സ്വർണ്ണ നേര്യേതുള്ള മുണ്ട് വാങ്ങിച്ച അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. കരാൽക്കടയുടെ കാര്യം പറയുമ്പോൾ തിരുവനന്തപുരത്തിന്റെ കാര്യം മാത്രം പറഞ്ഞ് ഞാൻ നിർത്താം. വലിയ ചർച്ചകൾ നടക്കുകയാണ്. ഒരു പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ അല്ലെങ്കിൽ സേവനങ്ങളുടെ മൂല്യമാണ് Gross Value Added. ഇന്ന് കേരളത്തിൽ ഏഴ് ലക്ഷം കോടി രൂപയുടെ GVA ഉണ്ടെങ്കിൽ അതിൽ 11 ശതമാനം നൽകുന്നത് തിരുവനന്തപുരം ജില്ലയാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വലിയ പദ്ധതികൾ തുടങ്ങിയത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി തുടങ്ങിയ വിഴിഞ്ഞം പദ്ധതി ഇന്നും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

<u>മി. ചെയർമാൻ</u>: യെസ്........ സമയം അവസാനിച്ചു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഒരു വെല്ലുവിളി നിലനിൽക്കുകയാണ്. കരമന-കളിയിക്കാവിള റോഡിൽ ഒരു കിലോമീറ്റർ എങ്കിലും ഈ കഴിഞ്ഞ കാലത്ത് ടാർ ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ?

<u>മി. ചെയർമാൻ</u>: യെസ്..... പ്ലീസ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇതൊന്നും ചെയ്യാതെ അവസാനം മന്ത്രി തന്നെ 1626 കോടി രൂപയുടെ കള്ളക്കണക്കുകൾ, ടോക്കൺപോലും ഇടാത്ത പദ്ധതികളിൽ വികസന പെരുമഴയാണെന്ന് പറഞ്ഞ് തിരുവനന്തപുരത്തുകാരെ പറ്റിച്ച് വ്യാജമായിട്ടുള്ള വാർത്തകൾ സൃഷ്ടിക്കുന്നതിൽ അദ്ദേഹം മാപ്പ് പറയണം.

<u>മി. ചെയർമാൻ</u>: ആ പോയിന്റോടുകൂടി അവസാനിപ്പിക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, അതോടൊപ്പം വെറുതെ കാണുന്നപോലുള്ള പാക്കേജുകളല്ല, തിരുവനന്തപുരത്തിന്റെ സ്ഥായിയായ വികസനത്തിനുള്ള കാര്യങ്ങൾകൂടി അങ്ങ് ഈ ബഡ്ജറ്റിൽ അനുവദിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ ശക്തമായിട്ടുള്ള പ്രതിഷേധം അറിയിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. നമ്മുടെ മുന്നിൽ ഇപ്പോൾ രണ്ട് ബഡ്ജറ്റുകളുണ്ട്. ഒന്ന്, കേന്ദ്രം അവതരിപ്പിച്ചതാണ്. രാജ്യം വലിയ സാമ്പത്തിക മാന്ദ്യത്തെ അഭിമുഖീകരിക്കുന്നു എന്നുള്ളത് എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. അതിന്റെ ഉത്തരവാദികൾ ആരെന്നുള്ള പരിശോധനയ്ക്കൊന്നും ഞാൻ ഇപ്പോൾ മുതിരുന്നില്ല. പക്ഷെ സാമ്പത്തിക മാന്ദ്യമുണ്ട്. തൊഴിലില്ലായ്മ വർദ്ധിക്കുന്നു. വളർച്ചാനിരക്ക് കുറയുന്നു. എന്തിനേറെ പറയുന്നു, കേന്ദ്ര ഗവൺമെന്റ് റിസർവ് ബാങ്കിന്റെ കരുതൽ ശേഖരത്തിൽപ്പോലും കണ്ണുവയ്ക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വഷളായിരിക്കുന്നു. ഈ സന്ദർഭത്തിൽ കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിൽ നമ്മുടെ നാടിന്റെ സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ കാണാൻ കഴിയുമോ? ഇപ്പോഴും അവർ കോർപ്പറേറ്റുകളെ സഹായിക്കുക, നികുതിയിളവ് കൊടുക്കുകയെന്നുള്ള നിലയിലാണ് കാര്യങ്ങൾ സ്വീകരിക്കുന്നത്; താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളെ മറന്നുപോകുകയാണ്. അതിന്റെ ഭാഗമായാണ് തൊഴിലുറപ്പ് അടക്കൽ പദ്ധതി തുക വെട്ടിക്കുറച്ചതും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനുതകുന്ന രൂപത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആകെ വിറ്റഴിച്ച് കോർപ്പറേറ്റുകളെ സഹായിക്കുന്നതും. ഈ പ്രതിസന്ധിയെ മറികടക്കാൻ കോർപ്പറേറ്റുകളെ സഹായിക്കുന്നതാണ് പോംവഴിയെന്ന് കാണുന്ന കേന്ദ്ര ബഡ്ജറ്റിൽനിന്നും തികച്ചും വ്യത്യസ്തമായി വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കകത്തുനിന്നുകൊണ്ട് സാധാരണ ജനങ്ങളെയാണ് സഹായിക്കേണ്ടതെന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്നു എന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുകൊണ്ടാണ് ഇതൊരു ബദലാണെന്ന് ഞങ്ങൾ ആവർത്തിച്ച് പറയുന്നത്. കേന്ദ്രം തുടർന്നുവരുന്ന തെറ്റായ, ജനവിരുദ്ധ സാമ്പത്തിക നയങ്ങൾക്കെതിരായി

പരിമിതികൾക്കകത്ത് നിന്നുകൊണ്ടാണെങ്കിലും ഈ ബഡ്ജറ്റിലൂടെ കേരള ഗവൺമെന്റ് ഒരു ബദൽ ഉയർത്തുകയാണ്. സാമ്പത്തിക പ്രതിസന്ധികളെല്ലാമുണ്ടായിട്ടും ഏകദേശം 50 ലക്ഷം വരുന്ന ഗുണഭോക്താക്കളായ വയോജനങ്ങൾക്ക് 100 രൂപ വീതം ക്ഷേമപെൻഷൻ വർദ്ധിപ്പിക്കുകയാണ്. ഒരു വാക്ക് അനുകൂലമായി, അത് ശരിയാണ്, അംഗീകരിക്കേണ്ടതാണ് എന്ന് പ്രതിപക്ഷനിരയിൽനിന്നും ഇതുവരെ ചർച്ച ചെയ്ത ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഈ പാവപ്പെട്ട ആളുകൾ പ്രതിപക്ഷത്തിന്റെ കണ്ണിൽപ്പെടുന്നില്ല. അവരുടെ കാലത്ത് രണ്ട് വർഷം ഈ ക്ഷേമപെൻഷനുകൾക്ക് കുടിശ്ശിക വരുത്തിയതാണ്. അത് ക്രമേണ വർദ്ധിപ്പിച്ച് ഈ പ്രതിസന്ധിയിലും 100 രൂപ കൂടി അവർക്ക് എത്തിക്കുകയാണ്. വയോജനങ്ങളുടെ കയ്യിലെത്തുന്ന ഈ 100/- രൂപ നേരെ മാർക്കറ്റിലേയ്ക്കാണ് വരുന്നത്. തീർച്ചയായും ഈ സാമ്പത്തിക പ്രതിസന്ധിയിൽ മാർക്കറ്റിനെ ഉത്തേജിപ്പിക്കുവാൻ ചെറിയൊരു സഹായമായി അത് മാറുകയാണ്. അതുപോലെതന്നെ പാചക തൊഴിലാളികൾക്ക് 50 രൂപ ദിവസക്കൂലി വർദ്ധിപ്പിച്ചുകൊടുക്കുകയാണ്. അതുമാത്രമല്ല, വരുമാനത്തിൽ ഏറ്റവും താഴെ നിൽക്കുന്ന ജനവിഭാഗങ്ങളായ ആശാവർക്കർമാർക്ക് 500 രൂപ ഇൻസെന്റീവ് കൂട്ടുന്നു. ഈ നിലയിൽ പരിശോധിച്ചാൽ സാധാരണക്കാരുടെ ദുരിതങ്ങൾ ഏത് പ്രതിസന്ധിയിലും മറന്നുപോകാത്ത ജനപക്ഷ ബഡ്ജറ്റാണ് ഈ ബഡ്ജറ്റെന്ന് ഞങ്ങൾക്ക് അഭിമാനപൂർവ്വം പറയാനാകും. ഇതൊന്നും പ്രതിപക്ഷം കാണുന്നില്ല. വിമർശനങ്ങൾ ഉന്നയിക്കുമ്പോൾ നിർഭാഗ്യവശാൽ ഈ പറയുന്ന അംഗീകരിക്കേണ്ട വസ്തുതകൾക്കുനേരെ പ്രതിപക്ഷം കണ്ണടയ്ക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനൊരു മാറ്റം വരണ്ടേ? തിരുവനന്തപുരം ജില്ലയുടെ വികസനത്തെ സംബന്ധിച്ച് വലിയ ആക്ഷേപങ്ങൾ ഉയരുന്നുണ്ട്. ബഹുമാന്യരായ ശ്രീ. വി. എസ്. ശിവകുമാറും ശ്രീ. കെ. എസ്. ശബരീനാഥുമെല്ലാം സഭയിൽ മാത്രമല്ല പുറത്ത് പത്രസമ്മേളനങ്ങളിലും പറയുന്നുണ്ട്. പക്ഷെ ഒന്ന് പരിശോധിച്ചു നോക്കൂ, ഈ ഗവൺമെന്റിന്റെ കാലയളവിലാണ് തലസ്ഥാന ജില്ലയിൽ എന്തെങ്കിലും കാര്യമായ പുരോഗതികൾ വന്നിട്ടുള്ളതെന്നത് മറക്കാനാകുമോ? ശ്രീ. വി. എസ്. ശിവകുമാർ കഴിഞ്ഞ തവണ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന കാലത്തുനിന്നും എത്ര വ്യത്യസ്തമായിരിക്കുന്നു ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ്. വികസനം വന്നതുകൊണ്ടല്ലേ അത്? ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് തലയുയർത്തിനിൽക്കാൻ കഴിയുന്ന രൂപത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് മാറിയത് ഈ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന വികസന പദ്ധതികളുടെ ഭാഗമായിട്ടാണ്. തലസ്ഥാന ജില്ലയെ അവഗണിക്കുന്നുവെന്ന് പറയുന്നല്ലോ, ശ്രീ. കെ. എസ്. ശബരീനാഥ്, കാട്ടാക്കടയ്ക്ക് 100 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു.

അത് കാട്ടാക്കട മണ്ഡലത്തിന്റേത് മാത്രമാണോ? കാട്ടാക്കടയുടെ ഇന്നത്തെ ഗതാഗതക്കുരുക്കും സ്ഥലപരിമിതികളുമൊക്കെ വിദഗ്ദ്ധമായി പ്ലാൻ ചെയ്താൽ, കാട്ടാക്കട അരുവിക്കരയുടെ പ്രവേശന കവാടമാണ്; പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ടതാണ്, ഈ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടണങ്ങളിലൊന്നാണ് കാട്ടാക്കട. അതിന്റെ പ്രഭാവം ഈ ജില്ലയ്ക്കാകെ ഉണ്ടാകുമെന്നതിൽ എന്താണ് തർക്കം? അവഗണിച്ചു എന്ന് പറയുമ്പോൾ ഈ പരിഗണന കൂടി നിങ്ങൾ പറയണ്ടേ? അനുദിനം വളർന്നുകൊണ്ടിരിക്കുന്ന തിരുവനന്തപുരം പട്ടണത്തിന് തീർച്ചയായും കൂടുതൽ ആവശ്യങ്ങളുണ്ടെന്നുള്ളത് അംഗീകരിക്കാവുന്നതാണ്. പക്ഷെ അവഗണിക്കുന്ന ഒരു സമീപനം ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് എടുത്തിട്ടില്ലെന്നതുകൂടി കാണാനാകണം. നേമത്തിനുവേണ്ടി പരിദേവനം നടത്തിയ ശ്രീ. ഒ. രാജഗോപാൽ ഇപ്പോൾ സഭയിൽനിന്ന് പോയി. അദ്ദേഹത്തിന് ബന്ധമുള്ള കേന്ദ്ര ഗവൺമെന്റാണ്, പ്രധാനമന്ത്രി ഉൾപ്പെടെ പലരും പരിചയമുള്ളവരാണ്, അവരെ നേരിട്ടറിയാം, കേരളത്തോട് കടുത്ത അവഗണന കാണിക്കുന്ന രീതിയൊന്ന് അവസാനിപ്പിക്കാൻ പറയണമെന്നാണ് അദ്ദേഹത്തോട് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടിയല്ലേ കേന്ദ്രം ഇക്കാര്യത്തിൽ ഇടപെടുന്നത്. അത് സംബന്ധിച്ചുകൂടി അഭിപ്രായം പറയാൻ ബഹുമാനപ്പെട്ട അംഗം തയ്യാറാകണ്ടേ. ഇതുമാത്രമല്ല, ഈ ബഡ്ജറ്റിന് ഒരുപാട് പ്രത്യേകതകളുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സാധാരണക്കാരന്റെ ദുരിതങ്ങളിലേയ്ക്കാണ് ഈ ബഡ്ജറ്റ് കണ്ണുംനട്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'ലൈഫ് പദ്ധതി'. ഏകദേശം രണ്ട് ലക്ഷം വീടുകൾ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. വീടില്ലാത്ത ഒരു ലക്ഷം പേർക്കുകൂടി പുതിയതായി വീട് നിർമ്മിച്ചുകൊടുക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ്. അതുപോലെതന്നെ കൂടുതൽ പേർക്ക് വാട്ടർ കണക്ഷൻ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുകയാണ്. എങ്ങനെ ജീവിതം കരുപ്പിടിപ്പിക്കാമെന്നാണ് ബഡ്ജറ്റിലൂടെ ആലോചിക്കേണ്ടതെന്ന് ഇവിടെ ബഹുമാന്യനായ പി. ടി. തോമസ് പറഞ്ഞു. അങ്ങനെയാണ് ഈ ബഡ്ജറ്റ് ആലോചിക്കുന്നത്. സാധാരണക്കാരുടെ ജീവിതത്തെ എങ്ങനെ സഹായിക്കാം; അവർക്ക് എങ്ങനെ ഒരു കൈത്താങ്ങായി നിൽക്കാമെന്നുള്ളതാണ് ഈ ബഡ്ജറ്റിലൂടെ ആലോചിക്കുന്നതെന്ന് കാണാനാകണം. അത് മാത്രമല്ല, ഈ ബഡ്ജറ്റിൽ കാണുന്നത്, നമ്മുടെ നാടിന്റെ പരിസ്ഥിതിയെ, ജല സംഭരണത്തെ, നാളെ ഈ കേരളത്തിൽ കൂടുതൽ സുഖകരമായ ജീവിതം കെട്ടിപ്പെടുക്കാൻ ആവശ്യമായ പ്ലാനിംഗ് കൂടി ബഡ്ജറ്റിൽ നടക്കുന്നുവെന്നുള്ളത് നമുക്ക് കാണാൻ കഴിയണം. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നദികളുടെ പുനരുദ്ധാരണം. ഞങ്ങളെല്ലാവരുംകൂടി നേതൃത്വം കൊടുത്ത് നടത്തുന്ന

തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ ശുചീകരണ പ്രവർത്തനം ബഡ്ജറ്റ് പരാമർശത്തിൽ വന്നതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഇരുപത്തയ്യായിരത്തിലധികം ആളുകളെ അണിനിരത്തിക്കൊണ്ടാണ് 2018 ഏപ്രിൽ 14-ാം തീയതി ഞങ്ങൾ ശുചീകരണ പ്രവർത്തനം നടത്തിയത്, അത് തുടരുകയാണ്. അത് തുടരുന്നതിന്റെ ഭാഗമായി ഇപ്പോൾ ഏകദേശം പതിനാലോളം ഏക്കർ തീരപ്രദേശ ഭൂമി വീണ്ടെടുക്കാനായിട്ടുണ്ട്. ഒരു തർക്കവുമില്ലാതെ നാട്ടുകാർ സ്വമേധയാ വിട്ടുതരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കെ. എസ്. ശബരീനാഥും ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കഴിഞ്ഞ ശുചീകരണ പ്രവർത്തനം നടത്തിയത്. അതിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഈ മാസം 14-ാം തീയതി ഇരുപത്തയ്യായിരം ജനങ്ങളെ അണിനിരത്തിക്കൊണ്ട് ശുചീകരണ പ്രവർത്തനം തുടരുകയാണ്. എഴുപത് ശതമാനത്തോളം വൃത്തിയായ കിള്ളിയാർ നദിയെ സ്വച്ഛമായി ഒഴുകുന്നതിനാവശ്യമായ നിലയിലേയ്ക്ക് ശുചീകരിച്ചെടുക്കുവാൻ പോകുകയാണ്. ഞങ്ങൾക്ക് അതിൽ ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറിന്റെ ഉൾപ്പെടെ സഹായം വേണം. അങ്ങനെ ഞങ്ങൾ കിള്ളിയാർ ശുചീകരണത്തിലേയ്ക്ക്, നദി പുനരുദ്ധാരണത്തിലേയ്ക്ക് പോകാനിടയായത് ഈ ഗവൺമെന്റ് നൽകിയ ദിശാബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ആ നിലയിൽ നമ്മുടെ കേരളത്തിൽ നദികളുടെ ശുചീകരണം, കുളങ്ങൾ റീ ചാർജ്ജ് ചെയ്തുകൊണ്ട് ജലസംഭരണി, കൃഷിയുടെ അഭിവൃദ്ധിയൊക്കെ നടക്കുകയാണ്. അതൊക്കെ എന്താണ് കാണാതെ പോകുന്നത്? ഇത്തരത്തിൽ കേരളത്തെ നവീകരിക്കുന്നതിനാവശ്യമായ ദിശാബോധം സൃഷ്ടിക്കുന്ന ബഡ്ജറ്റുകളാണ് കഴിഞ്ഞ കാലങ്ങളിലെല്ലാം അവതരിപ്പിച്ചത്. ഈ സാമ്പത്തിക പ്രതിസന്ധിയിലും അതുതന്നെയാണ് ഇവിടെ ആവർത്തിച്ചിരിക്കുന്നതെന്ന് ഒരിക്കൽക്കൂടി ഓർമിപ്പിച്ചുകൊണ്ടും ഇത് അംഗീകരിക്കാനുള്ള മനസ്സ് പ്രതിപക്ഷത്തിനുകൂടിയുണ്ടാകണമെന്ന് താൽപ്പര്യപ്പെട്ടുകൊണ്ടും ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിന്റെ അഭിമാനമുയർത്തിയ ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കേരളത്തിന്റെ പൊതുസമൂഹത്തിനുമുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. തകർന്നടിഞ്ഞ കേരളത്തെ എടുത്തുയർത്തിയ ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. പുതിയ തലമുറയ്ക്ക് പ്രതീക്ഷയുടെ വെളിച്ചം പകർന്നുനൽകിയും കാർഷിക മേഖലയുടെ ഭാഗമായ കർഷകരുടെ ഉന്നതി

ലക്ഷ്യമാക്കിയും സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ് ഈ ബഡ്ജറ്റ്. കേന്ദ്ര സർക്കാരിന്റെ നിരന്തരമായ അവഗണനയെ മറികടന്ന ബഡ്ജറ്റാണിത്. പൗരത്വനിയമ ഭേദഗതിയിലൂടെ ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിക്കുന്ന ഫാസിസ്റ്റ് ശക്തികൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിച്ച് കേരളം ജനപക്ഷത്താണെന്ന് ഉറപ്പിച്ച് പറഞ്ഞുകൊണ്ട് കേരളീയ പൊതുസമൂഹത്തെ ഹൃദയത്തോട് ചേർത്തുപിടിച്ച് മുന്നോട്ടുപോകുന്ന ഒരു സർക്കാരിന്റെ ഏറ്റവും സുപ്രധാനമായ ഒരു ബഡ്ജറ്റായാണ് പൊതുജനങ്ങൾ ഇതിനെ നോക്കിക്കണ്ടിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലയേയും സ്പർശിക്കുന്ന ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ ദിവസത്തെ ആദ്യഘട്ട ബഡ്ജറ്റ് ചർച്ചയിൽ ബഹുമാന്യനായ വി. ഡി. സതീശൻ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തും ഇപ്പോഴത്തെ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തും ബഡ്ജറ്റിൽ വച്ചിട്ടുള്ള നിർദ്ദേശങ്ങളും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള ഒരു താരതമ്യപഠനം നടത്തേണ്ടതാണോ ഈ ബഡ്ജറ്റ് എന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് ചെയ്ത പ്രവർത്തനവും ആകെ തുകയും 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റും അല്ലെങ്കിൽ ആകെ ചെലവാക്കാനുദ്ദേശിക്കുന്ന തുകയെ സംബന്ധിച്ചോ ചെലവഴിച്ച തുകയെ സംബന്ധിച്ചോ ഒരു താരതമ്യപഠനം നടത്തേണ്ടതാണോ എന്നത് സംബന്ധിച്ചാണ്. ഞങ്ങൾ താരതമ്യപഠനം നടത്താൻ ആഗ്രഹിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും ഈ എൽ.ഡി.എഫ്. ഗവൺമെന്റും തമ്മിലുള്ള വ്യത്യാസമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ പ്രതിസന്ധികൾക്കിടയിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തെ വല്ലാതെ പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ, പ്രളയം തകർത്ത കേരളത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ, കർഷക വിരുദ്ധ നയങ്ങളുടെ ഭാഗമായി നാണ്യവിളകളുടെ തകർച്ച നേരിടുന്ന ഈ സന്ദർഭം, സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽനിന്ന് ആയിരക്കണക്കിന് മലയാളികൾ കേരളത്തിലേയ്ക്ക് മടങ്ങിവരുന്ന ദുർഘടമായ സാഹചര്യത്തിൽ ജനപക്ഷ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും സാമൂഹികനന്മ ലക്ഷ്യമാക്കിക്കൊണ്ടും സാധാരണക്കാരായിട്ടുള്ള പാവപ്പെട്ട മനുഷ്യരുടെ ജീവിതത്തിൽ വെളിച്ചം പകർന്നു നൽകുന്ന ഒരു ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് സഭയുടെ മുമ്പാകെ അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ നടത്തിയ മിന്നുന്ന നേട്ടങ്ങൾ പ്രതിപക്ഷത്തിനുപോലും എതിർക്കുവാനോ വിസ്മരിക്കാനോ കഴിയില്ല. നിപ വൈറസ് കടന്നുവന്ന ഈ കൊച്ചുകേരളത്തിൽനിന്ന് നിപയെ പടി കടത്തിവിടാൻ കേരളത്തിന്റെ ആരോഗ്യവകുപ്പുമന്ത്രിക്കും ബന്ധപ്പെട്ടവർക്കും ഈ

ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കൊച്ചുകേരളത്തിൽ കൊറോണ വൈറസിന്റെ സാന്നിദ്ധ്യമുണ്ടായ ഘട്ടത്തിൽ വളരെ ഗൗരവതരമായ നിലയ്ക്കുള്ള ഇടപെടലുകൾ നടത്തി, ആരോഗ്യ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി മാതൃകാപരമായ പ്രവർത്തനമാണ് സംസ്ഥാനത്തെ ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച 1 മുതൽ 12 വരെ പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.)-കൾ എടുത്താൽ 12 പി.എച്ച്.സി.-കളും കേരളത്തിലാണെന്നത് അഭിമാനകരമായ കാര്യമാണ്. മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കുട്ടികളിലെ ഹൃദ്രോഗ ചികിത്സ, 1300 ശാസ്ത്രക്രിയകൾ നടത്തി 'ഹൃദ്യം പദ്ധതി' ആവിഷ്കരിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റും ആരോഗ്യ വകുപ്പുമാണ്. കാത്ത് ലാബുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടു കൊണ്ടുപോകുന്നതിനും ശ്രദ്ധാപൂർവ്വമായിട്ടുള്ള ഇടപെടലാണ് ഈ ബഡ്ജറ്റിനകത്ത് നടത്തിയിട്ടുള്ളത്. ലോകത്തിന് മുമ്പിൽ അഭിമാനത്തോടുകൂടി ലോകാരോഗ്യ സംഘടന പല ആവർത്തി കേരളത്തെ പുകഴ്ത്തിയെങ്കിൽ, നമ്മുടെ ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങളെ എടുത്തുപറഞ്ഞുവെങ്കിൽ അതിന് കൂടുതൽ ആക്കം നൽകുവാനും കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനുമാണ് 5250 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ദേശീയ ആരോഗ്യ സൂചികയിൽ കേരളം ഒന്നാമതാണ്. ഈ സംസ്ഥാനത്ത് 55 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് കരസ്ഥമാക്കാൻ കഴിഞ്ഞുവെന്നത് ആരോഗ്യ മേഖലയുടെ ഏറ്റവും വലിയ നേട്ടമാണ്. സംസ്ഥാനത്ത് എഴുപത്തിയഞ്ച് ശതമാനത്തിലധികം വരുന്ന ആളുകൾ ഇപ്പോഴും ആശ്രയിക്കുന്ന, നാം എപ്പോഴും ഒരുമിച്ച് നിർത്തുന്ന കേരളത്തിന്റെ കാർഷിക മേഖലയുടെ പുരോഗതിക്കുവേണ്ടി ഈ ഗവൺമെന്റ് കൊണ്ടുവന്നത് എത്രയോ പദ്ധതികളാണ്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കർഷകരെയും സമൂഹത്തിന്റെ നാനാമേഖലയിലുള്ള മുഴുവൻ ആളുകളെയും കാർഷിക മേഖലയിലേയ്ക്ക് അടുപ്പിക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചു. തരിശായിക്കിടന്ന ഭൂമികൾ കൃഷിക്ക് അനുയോജ്യമാക്കിയെന്നത് മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ കൃഷി ഭവനുകളിലേയ്ക്ക് വെളിച്ചം കടന്നുചെല്ലാൻ പറ്റുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ കാർഷിക മേഖലയെ ആകർഷണീയമാക്കി മാറ്റാനും കഴിഞ്ഞു. സംസ്ഥാനത്തിന്റെ രൂപീകരണത്തിനുശേഷം (1956 നവംബർ 1) നടന്ന സുപ്രധാനമായ നിയമനിർമ്മാണമാണ് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. അത് ചരിത്ര സംഭവങ്ങളിലൊന്നാണ്.

[2.00 P.M.]

കേരളത്തിന്റെ കാർഷിക മേഖലയിൽ പുനർജനി പദ്ധതി തകർന്ന കാർഷിക മേഖലയെ വീണ്ടും കൈപിടിച്ചുയർത്തി, ഉണർവ് നൽകി കാർഷിക മേഖല കൂടുതൽ മുന്നേറുകയാണ്. വിഷരഹിത പച്ചക്കറി ഉല്പാദനത്തിലൂടെ നമ്മുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ജീവനി പദ്ധതി. പച്ചക്കറി ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിക്കണമെന്ന ദീർഘവീക്ഷണത്തോടുകൂടി നൂതനമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് കർഷകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും ശ്രദ്ധേയമായി മാറിയിട്ടുണ്ട്. ലോക ഭൗമ സൂചികയിൽ ഇടംപിടിച്ച പൈനാപ്പിൾ എന്ന പഴവർഗ്ഗം, കേരളത്തിന്റെ ബഡ്ജറ്റുകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പൈനാപ്പിൾ എന്ന പദപ്രയോഗം ഒരു ബഡ്ജറ്റിൽ വരുന്നത്. അതിന് ഡോ. ടി. എം. തോമസ് ഐസകിനെ ഞാൻ അഭിനന്ദിക്കുന്നു. മൂവാറ്റുപുഴയിലെ വാഴക്കുളം ഉൾപ്പെടുന്ന പ്രദേശത്തെ പതിനായിരക്കണക്കിന് പൈനാപ്പിൾ കർഷകർക്ക് ആവേശം നൽകുന്ന ഒന്നാണിത്. പൈനാപ്പിൾ മേഖലയുമായി ബന്ധപ്പെട്ട് ജൈവ ജ്യൂസ് ഉൽപ്പാദിപ്പിക്കുന്ന, നൂറുകണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന് മൂന്ന് കോടി രൂപ ഈ ബഡ്ജറ്റിൽ അനുവദിച്ചതിനും ഈ നാമധേയം ഉൾക്കൊള്ളിച്ചതിനും വൈൻ ഉൽപ്പാദനത്തിന്റെ ഒരു കേന്ദ്രമായി മൂവാറ്റുപുഴയെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയതിനും ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പട്ടയം എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഒരു തുണ്ട് ഭൂമി സ്വന്തം പേരിലാക്കണമെന്ന് ആഗ്രഹിക്കുന്ന എത്ര പാവപ്പെട്ട മനുഷ്യരാണുള്ളത്. പട്ടയം നൽകുന്നതിൽ ഈ ഗവൺമെന്റ് കാണിച്ച ശുഷ്കാന്തി, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ കർശന ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്ത് പട്ടയ വിതരണം കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. ഒരുപക്ഷേ 25 വർഷക്കാലത്തെ ചരിത്രം പരിശോധിച്ചാൽ അല്ലെങ്കിൽ കേരളത്തിന്റെ ഇതുപര്യന്തമുള്ള ചരിത്രം പരിശോധിച്ചാൽ ഇത്രയും അഴിമതിരഹിതമായ ഒരു വകുപ്പിനെ കാണാൻ സാധിക്കില്ല. എഞ്ചിനീയർമാരെ കൃത്യമായി ജോലിയെടുപ്പിക്കുന്നതിനും ഉയർന്ന സാങ്കേതികവിദ്യ നമ്മുടെ റോഡുകളിൽ പ്രയോജനപ്പെടുത്തുന്നതിനും ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനസംഖ്യ അനുദിനം വർദ്ധിച്ചുവരുന്ന നമ്മുടെ നാട്ടിൽ സ്ഥലവും പരിമിതികളുമൊക്കെ കണക്കാക്കി അതിന് ഏറ്റവും അനുയോജ്യമായ നിലയിൽ പ്രവർത്തിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിനെയും അതിന് നേതൃത്വം നൽകുന്ന മന്ത്രി ശ്രീ. ജി. സുധാകരനെയും അഭിനന്ദിക്കുകയാണ്. കിഫ്ബി വഴിയും

അല്ലാതെയും ലഭിക്കുന്ന ഫണ്ടുകളും കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന ഫണ്ടുകളും കൃത്യതയോടുകൂടി വിനിയോഗിച്ചും പക്ഷപാതമില്ലാതെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മുഴുവൻ ജില്ലകളെയും ഒരുപോലെ കണ്ടുകൊണ്ട് പ്രവർത്തിച്ചും കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകുകയാണ്. അങ്ങനെ ഒട്ടനവധി കാര്യങ്ങളുണ്ട്.

ലൈഫ് ഭവന പദ്ധതി എടുത്താൽ വീട് എന്നുപറയുന്നത് എല്ലാവരുടെയും സ്വപ്നമാണ്. പഴയ ബഡ്ജറ്റ് പുസ്തകത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു വർഷക്കാലം മുന്നിൽക്കണ്ടുകൊണ്ട് ഒരു ലക്ഷം വീടുകൾ നിർമ്മിച്ചുനൽകുമെന്നാണ് പറഞ്ഞതെങ്കിൽ ഈ മാസം 23-ന് സംസ്ഥാനത്ത് രണ്ട് ലക്ഷം വീടുകൾ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച് താക്കോൽദാനം നിർവ്വഹിക്കുന്ന ഏറ്റവും സുപ്രധാനമായ, ചരിത്രപരമായ കർത്തവ്യം നിറവേറ്റുകയാണ്. വീണ്ടും ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ ബഡ്ജറ്റ് നിർദ്ദേശിക്കുകയാണ്. ക്ഷേമപെൻഷൻ 100 രൂപയും ആശാ വർക്കർമാരുടെ ഓണറേറിയം 500 രൂപയും പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ അലവൻസ് 50 രൂപയും സ്കൂൾ പാചകത്തൊഴിലാളികളുടെ കൂലി 50 രൂപയും സ്കൂൾ യൂണിഫോം അലവൻസ് 200 രൂപയും വർദ്ധിപ്പിച്ചു. വിദേശ ജോലിക്കായി പോകുന്ന പതിനായിരം നഴ്സുമാർക്ക് ക്രാഷ് കോഴ്സ് ഉൾപ്പെടെ നൽകുകയെന്നാൽ അതിനർത്ഥം ക്ഷേമപ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് അത്രമാത്രം പ്രാധാന്യം നൽകുന്നുവെന്നാണ്. അത് ഈ സർക്കാരിന്റെ മുഖം എന്താണെന്ന് തീർച്ചയായും വ്യക്തമാക്കുകയാണ്. കേരളത്തിന് നൽകുന്ന മണ്ണെണ്ണയുടെ അളവുപോലും കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. 25 രൂപയ്ക്ക് ഊണ് നൽകുന്ന ആയിരം കേന്ദ്രങ്ങൾ ഇവിടെ ആരംഭിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗമായി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. അതൊരു ജനകീയ മുഖമാണ്. സാധാരണക്കാർ, പാവപ്പെട്ടവർ, അശരണർ, ആദിവാസികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളപ്പെട്ടവർ, തീരദേശ മേഖലയിലെ പാവപ്പെട്ടവർ ഇവരെയെല്ലാം പ്രധാന ഇടങ്ങളിലേയ്ക്ക് കൊണ്ടുവരാൻവേണ്ടിയുള്ള ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളീയ വിദ്യാഭ്യാസ മേഖലയിൽ വാണിജ്യമെന്നത് സാർവ്വത്രികമായിരുന്ന ഒരു കാലത്തിൽനിന്ന് അതിന് ഒരു പുതിയമുഖം നൽകാൻ കഴിയുകയാണ്. 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട്

ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കിയ ഒരു പ്ലാറ്റ്ഫോമുണ്ട്. അതിൽനിന്നുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വിദ്യാഭ്യാസമേഖലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗൗരവതരമായ ആലോചനകൾ നടത്തി മുന്നോട്ടുപോകുന്നത്. അങ്ങനെ നടത്തുമ്പോൾ ഈ ഗവൺമെന്റ് ഒരുപാട് പണം വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നു. ആ മാറ്റിവയ്ക്കപ്പെടുന്ന തുകയുടെ പരിണിതഫലമെന്ന് പറയുന്നത് നാളെയോ മറ്റന്നാളോ ഉണ്ടാകുന്നതല്ല. പത്തോ പതിനഞ്ചോ വർഷങ്ങൾക്കുശേഷം അത് കേരളത്തിൽ വലിയ ആസ്തിയായി മാറുമെന്നുള്ളതിൽ സംശയമില്ല. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും പുരോഗതിക്കുംവേണ്ടി നിരവധി നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി വരികയാണ്. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിൽക്കുമ്പോൾ, ഓഹരികൾ വിൽക്കുമ്പോൾ, സ്വകാര്യവൽക്കരണ നടപടികൾ തുടരുമ്പോൾ പച്ചപ്പിന്റെ നാടായ കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാൻവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ വളരെ ഉഷാറായി മുന്നോട്ടുകൊണ്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്.

കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക സഹായമായി 1000 കോടി രൂപയും പദ്ധതിയിൽ 109 കോടി രൂപയുമൊക്കെ നീക്കിവച്ചിട്ടുണ്ട്, അത് സ്വാഗതാർഹമാണ്. എന്നാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതകളൊന്നുമില്ലാതെതന്നെ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ബസ് സ്റ്റേഷനുകളുടെ നിർമ്മാണത്തെ സംബന്ധിച്ച്, ഉദാഹരണത്തിന് മൂവാറ്റുപുഴ ഉൾപ്പെടെയുള്ള ബസ് സ്റ്റേഷനുകളുടെ നിർമ്മാണം സർക്കാരിന് അധിക സാമ്പത്തിക ചെലവുകളൊന്നുമില്ലാതെതന്നെ നടത്താൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽനിന്ന് വരുമാനം ലഭ്യമാക്കുന്നതിനും ഉറപ്പാക്കുന്നതിനും ലേലത്തിൽ പോയ മുറികൾ തിരിച്ച് കൊടുക്കുന്നതിനും പുതിയവ ലേലം ചെയ്യുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ രൂപവും ഭാവവും വരുത്തുന്നതിനും തീർച്ചയായും സർക്കാർ ശ്രദ്ധിക്കുമെന്ന് കരുതുകയാണ്. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ എഞ്ചിനീയറിംഗ് വിഭാഗമെല്ലാം പല സന്ദർഭങ്ങളിലും പരാജയപ്പെടുന്നുവെന്നുള്ള ഒരു വിമർശനംകൂടി ഉയരുകയാണ്. കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തണം. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മൂവാറ്റുപുഴ ബസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ കാര്യത്തിൽ സർക്കാരിന് ഒരു രൂപപോലും ചെലവ് വരില്ല.

അവിടെനിന്ന് നാലഞ്ചുകോടി രൂപ ഇപ്പോൾത്തന്നെ നമുക്ക് ലഭ്യമാകും. മുറികൾ ലേലത്തിൽ കൊടുത്തിട്ട് മൂന്ന് വർഷം കഴിഞ്ഞു. താക്കോൽ കൊടുക്കാൻ സാധിച്ചിട്ടില്ല. വീണ്ടും മുറികൾ ലേലം ചെയ്യാനുണ്ട്. പക്ഷേ കെ.എസ്.ആർ.ടി.സി.-യുടെ ഉദ്യോഗസ്ഥ തലത്തിലുള്ള പോരായ്മകൾ സർക്കാരിന് ബാധ്യതയില്ലാതെ ചെയ്യുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

അതൊടൊപ്പം ഒരുകാര്യംകൂടി പറയാനുള്ളത്, അതിവേഗ റെയിൽപ്പാത വളരെ സന്തോഷകരമായ കാര്യമാണ്. എന്നാൽ മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം, അങ്കമാലി ഉൾപ്പെടുന്ന പ്രദേശത്തുകൂടി കടന്നുപോകുന്ന അങ്കമാലി-ശബരി റെയിൽപാത, 20 വർഷമായി അവിടത്തെ സ്ഥലം ഏറ്റെടുക്കാനോ അല്ലെങ്കിൽ വിൽക്കാനോ സാധിക്കുന്നില്ല. ഈ സ്ഥലത്തിന്റെ പൈസ കിട്ടിയാൽ പല ആവശ്യങ്ങളും നിറവേറ്റാം. ഇപ്പോൾ വിൽക്കാനോ ബാങ്കിൽ പണയപ്പെടുത്താനോ സാധിക്കുന്നില്ല. രണ്ട് പതിറ്റാണ്ടുകാലമായി നിലനിൽക്കുന്ന സുപ്രധാനമായ ഒരു വിഷയമാണിത്. കേന്ദ്രത്തിന്റെ പ്രശ്നവുമുണ്ട്. എങ്കിലും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശ്രദ്ധേയമായൊരു ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഭൂമിയുടെ പരിവർത്തനം സംബന്ധിച്ച് സഭയിൽ കഴിഞ്ഞ ദിവസം ശ്രദ്ധക്ഷണിക്കൽ വന്നതാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. എൽദോ എബ്രഹാം: സർ, ഭൂമിയുടെ പരിവർത്തനത്തിലൂടെ സർക്കാരിന് ലഭ്യമാകുന്ന തുക ഉറപ്പുവരുത്താൻ നികുതിയും നികുതിയേതര വരുമാനത്തെ സംബന്ധിച്ചും ബഡ്ജറ്റിന്റെ അവസാന ഭാഗത്ത് റവന്യൂ കമ്മിയും റവന്യൂ വരുമാനവും സംബന്ധിച്ചുമുള്ള പുതിയ നിർദ്ദേശങ്ങളെല്ലാം സ്വാഗതാർഹമാണ്. അങ്ങനെ ചെയ്യുമ്പോൾത്തന്നെ നമ്മുടെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അതായത്, ആർ.ഡി. ഓഫീസുകളിലൊക്കെ അപേക്ഷ കൊടുത്ത് കാത്തുനിൽക്കുന്ന ആളുകളുടെ കാര്യത്തിൽ കുറച്ചുകൂടി ശക്തമായ ഇടപെടലുകൾ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഒറ്റക്കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കിഫ്ബി പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ ഏതെല്ലാം ഘടകങ്ങളാണ് വേണ്ടത് എന്നതിനെ സംബന്ധിച്ച് നമ്മുടെ ഉദ്യോഗസ്ഥർക്ക്....

മി. ചെയർമാൻ: ...പ്ലീസ്, പ്ലീസ്......

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഇത് സബ്മിറ്റ് ചെയ്യുമ്പോൾ ഉണ്ടാകേണ്ട പൂർണ്ണത കൈവരിക്കുന്നതിൽ ചില പോരായ്മകളുണ്ട്. ഇത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, 2020-ലെ കേരള ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ആഗോള സാമ്പത്തികമാന്ദ്യം ഒരു ഭാഗത്ത്, ദേശീയ സാമ്പത്തികമാന്ദ്യം മറ്റൊരു ഭാഗത്ത്. ദേശീയ വളർച്ചാ നിരക്ക് തഴേയ്ക്ക് വരികയാണ്. ഈ ഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ് കേരളമുൾപ്പെടുന്ന ഇന്ത്യാരാജ്യത്തെ തെറ്റായ ദിശയിലേയ്ക്ക് നയിക്കുന്നതാണ്. പൊതുമേഖല വിറ്റുതുലയ്ക്കുന്നു, ബാങ്കുകളെ ലയിപ്പിച്ച് ഇല്ലാതാക്കുന്നു, റെയിൽവേ, എയർ ഇന്ത്യ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു ദയയും കൂടാതെ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിക്കുള്ള തുക വെട്ടിക്കുറയ്ക്കുന്നു. ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൽ കുറവ് വരുത്തുന്നു. എന്നാൽ കോർപ്പറേറ്റുകളുടെ കാര്യത്തിൽ നികുതിയിളവും കടം എഴുതിത്തള്ളലും. ഇതാണ് കേന്ദ്ര ബഡ്ജറ്റിന്റെ രീതി. ഇത് സാമ്പത്തികമല്ല, രാഷ്ട്രീയമാണ്. ഇക്കാര്യങ്ങളെ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ നയമെന്താണെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പ്രതിപക്ഷം മൗനം അവലംബിക്കുകയാണ് ചെയ്തത്. ഇതിനെതിരെ ഒരു വാക്കെങ്കിലും പറയാത്തത് നിങ്ങളുടെ രാഷ്ട്രീയ പാപ്പരത്തമാണെന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുന്നു. ഈ മാന്ദ്യം തുടരുമ്പോഴും എല്ലാ സാമ്പത്തിക പ്രയാസങ്ങളിൽനിന്നും കരകയറാനുള്ള ഉത്തമ ഔഷധമാണ് കേരള ബഡ്ജറ്റ്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നു, കാർഷിക മേഖലയെ സമ്പന്നമാക്കുന്നു, വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നു, വ്യവസായ വളർച്ച കേന്ദ്രത്തിൽ മൈനസ് ആകുമ്പോൾ കേരളത്തിൽ 7.2 ശതമാനമായി വർദ്ധിക്കുന്നു. മാത്രമല്ല കേരളത്തിന്റെ ദേശീയപാത 526 കിലോമീറ്റർ ദൂരം ആറുവരിപ്പാതയാക്കാൻ പോകുന്നു. തെക്ക്-വടക്ക് സെമി ഹൈസ്പീഡ് റെയിൽവേയ്ക്കായി 55,000 കോടി രൂപയുടെ പദ്ധതി ഇവിടെ നടപ്പിലാക്കുന്നു. ബേക്കൽ മുതൽ കോവളം വരെയുള്ള ജലപാതയുടെ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. കേരളത്തിൽ 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ ഈ വർഷം നിരത്തിലിറങ്ങാൻ പോകുന്നു. കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴി നടപ്പിലാകാൻ പോകുന്നു. ഇടമൺ-കൊച്ചി പവർ ഹൈവേ ആരംഭിക്കാൻ പോകുന്നു. ഇവയെല്ലാം കിഫ്ബിയിലൂടെയാണ് സാധ്യമാകുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ അതിന്റെ കാരണം കിഫ്ബി പ്രവർത്തനങ്ങളാണ്. പായസത്തിന്റെ മധുരം അത് രുചിച്ച്

നോക്കുമ്പോഴേ അറിയൂവെന്ന് അദ്ദേഹം പറയും. എല്ലാവരും ഇപ്പോൾ കിഫ്ബിയുടെ മധുരം രുചിച്ച് നോക്കുന്നുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യമായി കിഫ്ബിയുടെ തുക അനുവദിച്ചു. എല്ലാ മണ്ഡലങ്ങളിലും കിഫ്ബിയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതാണ് യാഥാർത്ഥ്യം. ഈ പ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ഒരിക്കലും കഴിയില്ല. ഈ ബഡ്ജറ്റ് സാധാരണക്കാരെയും സംരക്ഷിക്കാൻ മുന്നോട്ടുവന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് 600 രൂപയായിരുന്ന ക്ഷേമപെൻഷൻ എൽ.ഡി.എഫ്. വന്നപ്പോൾ 1300 രൂപയാക്കി വർദ്ധിപ്പിച്ചു. പാവപ്പെട്ടവർക്ക് രണ്ടര ലക്ഷം വീടുകൾ പുതുതായി നിർമ്മിച്ചുനൽകി. പുതുതായി ഒരു ലക്ഷം വീടുകൾകൂടി നിർമ്മിക്കുമെന്ന് ബഡ്ജറ്റിൽ ഉറപ്പുനൽകിയിരിക്കുന്നു. പ്രകടന പത്രികയിലെ 600 വാഗ്ദാനങ്ങളിൽ 549 വാഗ്ദാനങ്ങളും നിറവേറ്റിയിട്ടുള്ള ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നുപറയാൻ ഞങ്ങൾക്ക് അതിയായ അഭിമാനമുണ്ട്. 179 റോഡ് നവീകരണ പദ്ധതികൾ നടപ്പിലാക്കി, 9 ബൈപ്പാസുകൾ, 67 പാലങ്ങൾ, 13 മേൽപ്പാലങ്ങൾ, 37 റെയിൽവേ മേൽപ്പാലങ്ങൾ, 70 കുടിവെള്ള പദ്ധതികൾ, 145 ഹൈസ്കൂൾ കെട്ടിടങ്ങൾക്ക് ഫണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് യു.ഡി.എഫ്. കാലത്ത് 503 കോടി രൂപ കൊടുത്തപ്പോൾ എൽ.ഡി.എഫ്. നാല് വർഷം കൊണ്ട് 1216 കോടി രൂപ നൽകി. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ബഡ്ജറ്റ്. അതിന് ശക്തമായ പിന്തുണ നൽകിയത് കിഫ്ബിയാണ്. കിഫ്ബിയെക്കുറിച്ച് ധാരാളം നുണപ്രചരണങ്ങൾ നടത്തി. കിഫ്ബി ഇവിടെ അവതരിപ്പിച്ചപ്പോൾ കിഫ്ബിയെക്കുറിച്ച് പ്രതിപക്ഷം പറഞ്ഞത് 'എന്ത് നല്ല നടക്കാത്ത സ്വപ്നം' എന്നാണ്. നിങ്ങൾ കിഫ്ബി മുഖേന വായ്പയെടുത്താൽ അടുത്തുവരാൻ പോകുന്ന സർക്കാരല്ലേ വായ്പ തിരിച്ചടയ്ക്കുക, അത് ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനല്ലേ ഉദ്ദേശം എന്നായി പിന്നീട് കിഫ്ബിയെക്കുറിച്ചുള്ള വാദം. ഫണ്ട് കണ്ടെത്താൻ കിഫ്ബിക്ക് ആകുന്നില്ലെന്നും വിമർശിച്ചു. കിഫ്ബിയുടെ ഓഡിറ്റ് സുതാര്യമല്ലെന്ന് പിന്നീട് പറഞ്ഞു. കിഫ്ബിയുടെ ഓഡിറ്റ് സുതാര്യമല്ലെന്ന് പറഞ്ഞപ്പോൾ സുതാര്യമാണ് എന്ന് കണക്കുകൾ നിരത്തി അവതരിപ്പിച്ചു. അത്തരത്തിൽ അവതരിപ്പിച്ചപ്പോൾ ആ വാദം കെട്ടടങ്ങി. കിഫ്ബിയിൽ പണം ഉണ്ടാകില്ലായെന്ന് പിന്നീട് പറഞ്ഞു. അങ്ങനെ പറഞ്ഞപ്പോഴാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് മുഖേന മസാല ബോണ്ട് ഇറക്കിയത്. മസാല ബോണ്ട് ഇറങ്ങിയപ്പോൾ അത് നിയമവിരുദ്ധമാണെന്ന് പറഞ്ഞു. എന്നാൽ കിഫ്ബി പദ്ധതികൾ എല്ലാ വർഷവും സ്വീകരിക്കുന്നില്ലായെന്നാണ് ഇപ്പോൾ പറയുന്നത്. ഇത്തരത്തിൽ കിഫ്ബിയെക്കുറിച്ചുള്ള ആരോപണങ്ങളും അപവാദങ്ങളുമാണ് ഇപ്പോൾ പ്രതിപക്ഷത്തിന്റെ കൈമുതലായിട്ടുള്ളൊരു കാര്യം. 1825-ൽ ജോർജ്

സ്റ്റീഫൻസൺ തീവണ്ടി എഞ്ചിൻ കണ്ടുപിടിച്ചു. ഈ വണ്ടി ഓടില്ലായെന്നാണ് അന്നത്തെ ജനങ്ങൾ പറഞ്ഞിരുന്നത്. എന്നാൽ തീവണ്ടി ഓടി. ഓടിയപ്പോൾ ഇത് വളവും തിരിവുമൊന്നും തിരിയില്ലായെന്ന് പറഞ്ഞു. എന്നാലത് വളവും തിരിവും തിരിഞ്ഞു. വളവും തിരിവും തിരിഞ്ഞപ്പോൾ പോയ ആ തീവണ്ടി ഇനി തിരിച്ച് വരില്ലായെന്ന് പറഞ്ഞു. എന്നാൽ ആ തീവണ്ടി തിരിച്ചു വരികയും ചെയ്തു. ഇതാണ് തീവണ്ടി എഞ്ചിൻ 1825-ൽ കണ്ടുപിടിച്ചപ്പോൾ ജനങ്ങൾ പറഞ്ഞത്. അന്നേ അപവാദം തുടങ്ങിയിരുന്നു. നല്ല കാര്യങ്ങളോടുള്ള അപവാദം അന്നുമുതൽ തുടങ്ങി. ആ അപവാദ പ്രചരണത്തിന്റെ പിൻമുറക്കാരാണ് പ്രതിപക്ഷക്കാർ, അതിപ്പോഴും തുടർന്നുവരുന്നു. കേരളത്തെ വികസന രംഗത്തേയ്ക്ക് കൈപിടിച്ചുയർത്തിയിട്ടുള്ള ഏക പ്രസ്ഥാനമാണ് കിഫ്ബി. കിഫ്ബിയെ ഇത്തരത്തിൽ മോശമാക്കുന്ന രീതി നിങ്ങൾ ഒഴിവാക്കണം. നിങ്ങളുടെ രാഷ്ട്രീയ പാപ്പരത്തമാണത്, അതിൽനിന്ന് നിങ്ങൾ മാറണം. നിങ്ങളുടെ പാപ്പരത്തമാണ് ഇപ്പോൾ ഡൽഹിയിൽ കാണുന്നത്. ഏതോ സരസനായ ഒരാൾ ഫെയ്സ്ബുക്കിൽ പോസ്റ്റിട്ടു, 'കോൺഗ്രസ് ശക്തമായ നടപടി സ്വീകരിച്ചിരിക്കുന്നു, ഇനി ഒരിക്കലും ഒരു കോൺഗ്രസ് എം.എൽ.എ.-യെ പോലും ബി.ജെ.പി.-ക്ക് ചാക്കിട്ട് പിടിക്കാൻ കഴിയില്ല.' ഡൽഹിയിൽ ഒരു എം.എൽ.എ.-യെപ്പോലും കോൺഗ്രസിന് വിജയിപ്പിക്കാൻ സാധിച്ചില്ല അതിനാൽ ബി.ജെ.പി.-ക്ക് ചാക്കിടാനും സാധിക്കില്ല. ഡൽഹിയിലെ കോൺഗ്രസ് ആ നിലയിലായി. എന്തുകൊണ്ട് ഇത്തരത്തിലുണ്ടായിയെന്ന് നിങ്ങൾ ചിന്തിക്കണം. നിങ്ങൾ ഗൗരവമായി പരിശോധിക്കണം. മുല്ലപ്പള്ളിമാരെ സൃഷ്ടിച്ചുകൊണ്ട് കരകയറാമെന്ന് വിശ്വസിക്കരുത്. ഈ രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ മാറ്റമുണ്ടാക്കണം, അതിന് നിങ്ങൾ തയ്യാറാണോ? രാഷ്ട്രീയ നയത്തിൽ മാറ്റം വരുത്താൻ നിങ്ങൾ തയ്യാറാണോയെന്നുകൂടി പുനഃപരിശോധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കവിതകൾ ഉൾപ്പെടുത്തിയും സാഹിത്യ നിപുണത വ്യക്തമാക്കുന്നതുമായ ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കവിതയിൽ വരികൾ വീണ്ടുംവീണ്ടും ആവർത്തിച്ചുവരുന്നതുപോലെ സ്വാഭാവികമായും പദ്ധതികളും ആവർത്തിച്ചു വരും. കവിതകൾ ഒരുവരി പാടി രണ്ടുവരി കഴിഞ്ഞ് ആദ്യത്തെ വരി ആവർത്തിക്കുന്നതുപോലെ പദ്ധതികളും ആവർത്തിച്ചതായിരിക്കാം. ഒരു കാര്യം നമ്മൾ അംഗീകരിക്കണം, അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി ആയതിനുശേഷം പിന്തുടർന്നുവരുന്ന നിരന്തരമായ

ദുരന്തങ്ങൾ. ഓഖി ദുരന്തം, 2018-ലെയും 2019-ലെയും പ്രളയം, കേന്ദ്ര പ്രഹരം, ജി.എസ്.ടി., എല്ലാം കൂടി ചേർന്നുവന്നു. അദ്ദേഹം ബഡ്ജറ്റിൽ പറയാതെ പറഞ്ഞ ഒരു കവിതയുണ്ട്, 'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' അദ്ദേഹത്തിന്റെ മനസ്സ് പറയുന്നത് അദ്ദേഹത്തിന്റെ മുഖത്ത് നോക്കിയാലറിയാം. ചർച്ചയിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ എന്താണുള്ളതെന്ന് വായിച്ചെടുക്കാൻ കഴിയുന്നുണ്ട്. കിഫ്ബിയെക്കുറിച്ച് പറഞ്ഞുപറഞ്ഞ് ഇപ്പോൾ 'സഖാവ് കിഫ്ബി' എന്നുപറയുന്ന ഘട്ടത്തിൽ വരെയെത്തി. കിഫ്ബിയെ എങ്ങനെ കൈകാര്യം ചെയ്യണം, ഈ ദുരന്തങ്ങളെല്ലാം ഉണ്ടാകുമ്പോൾ സെൻട്രൽ ഗവൺമെന്റ് തരുന്നില്ല എന്ന് പറയുന്നതിനുപകരം ഇതിനെ അതിജീവിക്കുന്നതിനായി ബദൽ സംവിധാനം കണ്ടെത്തി ശക്തിപ്പെടുത്തുകയാണ് ശക്തനായൊരു ധനകാര്യ വകുപ്പുമന്ത്രി ചെയ്യേണ്ടത്. കിഫ്ബി വന്ന് ആദ്യത്തെ വർഷം 50 കോടി രൂപയുടെ 2 പ്രോജക്ടുകൾ നൽകണമെന്ന് ഞങ്ങളോടെല്ലാം പറഞ്ഞു. ഞാനും 2 പ്രോജക്ടുകൾ സമർപ്പിച്ചു. 50 കോടി രൂപ വച്ച് 2 പദ്ധതികൾ പറഞ്ഞതിൽ ഒരു ഫ്ലൈ ഓവറിനുള്ള പദ്ധതി ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ അംഗീകരിച്ച് പ്രഖ്യാപിച്ചു. ആദ്യത്തെ മൂന്ന് വർഷം പദ്ധതി നടപ്പാക്കുന്നതിനായി നിരന്തരമായ ഫോളോ അപ്പ് നടത്തി. മൂന്ന് വർഷമായിട്ടും ഇത് നടപ്പാക്കേണ്ടത് റോഡ് ഫണ്ട് ബോർഡാണോ അതോ ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala) ആണോയെന്നുള്ള തർക്കം തീർന്നില്ല. ആ തർക്കം തീർന്നപ്പോൾ മൂന്ന് വർഷം കഴിഞ്ഞു. ഇത് എങ്ങനെ ലാഗ് ചെയ്ത് പോകണമെന്ന തന്ത്രത്തിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവസാനം ഞാൻ ഒരു സബ്മിഷനിലൂടെ ഇതൊന്ന് മാറ്റി തകർന്നുകിടക്കുന്ന വേറെ ഏതെങ്കിലും റോഡിന് നൽകിയാൽ മതിയെന്ന് പറഞ്ഞു. മാത്രമല്ല ആർ.ഒ.ബി.-യുടെ നിർമ്മാണം കഴിഞ്ഞ് നാല് വർഷമായിട്ടും അതിന്റെ അപ്രോച്ച് റോഡില്ലാത്തതിന്റെ പേരിൽ അന്വേഷിച്ചപ്പോൾ പത്ത് കോടി രൂപയ്ക്ക് മുകളിലുള്ള തുകയെല്ലാം കിഫ്ബിയിലേയ്ക്ക് മാറ്റണമെന്ന് പറഞ്ഞു. അങ്ങനെ അത് കിഫ്ബിയിലേയ്ക്ക് റഫർ ചെയ്തു. അതുകഴിഞ്ഞ് അടുത്ത വർഷം വരുമെന്ന് പറഞ്ഞ് മൂന്നുവർഷവും നാലുവർഷവും കഴിഞ്ഞിട്ടും വന്നില്ല. അന്വേഷിച്ചപ്പോൾ പറഞ്ഞത് ഇനി കിഫ്ബി പദ്ധതികളൊന്നും സ്വീകരിക്കുന്നില്ല, എല്ലാം നിർത്തിവച്ചിരിക്കുന്നുവെന്നാണ്. ഇത് എവിടെക്കൊണ്ടുപോയി വയ്ക്കും? നാല് വർഷം മുമ്പ് പൂർത്തിയായ ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന് ഫണ്ട് നൽകണ്ടേ? അങ്ങ് സബ്മിഷന്റെ മറുപടിയിൽ അനുവദിക്കാമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2019-2020 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 15 ശതമാനം വർദ്ധനവുണ്ട്, നമുക്കതിനുള്ള വരുമാനം കണ്ടെത്തണം. അല്ലെങ്കിൽ ഇക്കാര്യത്തിൽ ധനകമ്മി

ഉണ്ടാകുമെന്നുറപ്പാണ്. കഴിഞ്ഞ വർഷം 13.26 ശതമാനം വരുമാനമുണ്ടായിരുന്നത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കേന്ദ്രം കേരളത്തോട് കാണിച്ചത് തനി ധിക്കാരമാണ്, ഞങ്ങൾക്കതിൽ അഭിപ്രായ വ്യത്യാസമില്ല. ഞങ്ങൾ നൂറ് ശതമാനം അത് അംഗീകരിക്കുകയാണ്. പക്ഷേ അവഗണനയുടെ ഭാഗമായി ഞങ്ങളിൽ കുറെ എം.എൽ.എ.-മാരെ 'നൂറന്മാരാക്കി' മാറ്റി ഈ ബഡ്ജറ്റ്. കാരണം, എല്ലാത്തിനും 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുകയാണ്. ഞങ്ങളോട് ഇരുപത് പ്രോജക്ടുകൾ നൽകാൻ ആവശ്യപ്പെട്ടു, ഞങ്ങൾ നൽകി. ലഭിച്ചത് 40 ലക്ഷം രൂപ മാത്രം. ബാക്കിയെല്ലാം 100 രൂപ വീതം. അങ്ങനെ നൂറന്മാരായിരിക്കുന്ന കുറെയാളുകൾ ഇവിടെയുണ്ട്, മലപ്പുറം ജില്ല മുഴുവനായും വന്നു. ഇക്കാര്യത്തിൽ അനിവാര്യമായത് അങ്ങ് പ്രത്യേകമായി പരിഗണിക്കണം. തീർച്ചയായും അങ്ങയുടെ മറുപടി പ്രസംഗം ഈ അവഗണന പരിഹരിക്കുന്ന രൂപത്തിലാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനമായ മറ്റൊരു വിഷയം, കഴിഞ്ഞ ഗവൺമെന്റ് കുടിവെള്ള വിതരണത്തിനായി കൊണ്ടുവന്ന വെട്ടം-തലക്കാട് കുടിവെള്ള പദ്ധതിക്ക് 36 കോടി രൂപ അംഗീകരിക്കുകയും 10 കോടി രൂപയുടെയുള്ള പണി ടെണ്ടർ ചെയ്യുകയും ചെയ്തതാണ്. എന്നാൽ ഈ പദ്ധതി ഫണ്ടില്ലെന്ന് പറഞ്ഞ് നിർത്തിവച്ചു. അടുത്ത വർഷം അത് പ്രഖ്യാപിക്കുമെന്നും പറഞ്ഞിരുന്നു. ആ വർഷം ഉണ്ടായില്ല, അതിനടുത്ത വർഷമുണ്ടാകുമെന്ന് പറഞ്ഞു, ആ വർഷവും ഉണ്ടായില്ല, നാലാമത്തെ വർഷവും ഉണ്ടായില്ല. ഇപ്രാവശ്യം ആദ്യം ഗവൺമെന്റ് അംഗീകരിച്ചതും പിന്നീട് റദ്ദ് ചെയ്തതുമായ കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകിക്കൊണ്ട് അങ്ങ് നടപടി സ്വീകരിക്കണം, അതിന് പ്രയോറിറ്റി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്. കാരണം കുടിവെള്ള പ്രശ്നമാണ്. വെട്ടം-തലക്കാട് കാലാകാലങ്ങളായി ഇടതുപക്ഷം ഭരിക്കുന്ന തീരദേശ പഞ്ചായത്താണ്. തൽക്കാലം കുടിവെള്ളം നൽകാൻ അമ്പത് ലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽനിന്ന് നൽകിയിരിക്കുകയാണ്. അതുപോലെ ഫണ്ടില്ലെന്ന് പറഞ്ഞ് ഈ കുടിവെള്ള പദ്ധതി ഒഴിവാക്കാൻ കഴിയില്ല. മാത്രമല്ല അവിടെ നടപ്പാക്കാൻ സാധിക്കാതെപോയ തിരൂർ ടൗണിലെ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായി, അതിന്റെ അപ്രോച്ച് റോഡിന് രണ്ടേമുക്കാൽ കോടി രൂപ അങ്ങയോട് ചോദിച്ചു. അതിനായി സബ്മിഷൻ നൽകി, അങ്ങ് പോസിറ്റീവായിട്ടുള്ള മറുപടിയും നൽകി. നാലുമാസമായി ഫയൽ അയച്ചിട്ട് ഇതുവരെ നടപ്പായിട്ടില്ല. ആ മൂന്ന് കോടി രൂപ അനുവദിക്കണം, ടൗൺ ട്രാഫിക് ജാമായിരിക്കുകയാണ്. ഒരു കാര്യവും നടക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ഗൗരവമായ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കിഫ്ബിയെന്ന് പറയുന്ന പദ്ധതി യു.ഡി.എഫ് കൊണ്ടുവന്നതോ പദ്ധതി നടപ്പിലാക്കുന്നതോ അല്ല കാര്യം....

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇതെല്ലാം എഴുതി നൽകണം.

ശ്രീ. സി. മമ്മൂട്ടി: സർ, തീർച്ചയായിട്ടും. ഈ പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിൽ പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പുതിയ ബഡ്ജറ്റിൽ ഇത്തരം അപാകതകൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്നും നാളത്തെ മറുപടി പ്രസംഗത്തിൽ അവഗണിക്കപ്പെട്ട മേഖലയെ പരിഗണിക്കണമെന്നുംകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഈ നാടിന്റെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ട് സാധാരണ മനുഷ്യന്റെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി അസാധാരണ മികവോടുകൂടി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റാണിത്. അസാധാരണ മികവെന്ന് ചൂണ്ടിക്കാണിച്ചത് വ്യത്യസ്തമായ ചില കാരണങ്ങൾകൂടി സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലത്തിലുള്ളതുകൊണ്ടാണ്. സർക്കാരിന്റേതല്ലാത്ത ചില കാരണങ്ങളുടെ ഭാഗമായിട്ടുമുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പ്രളയകാലത്ത് കൈപിടിച്ചുയർത്തിയതുപോലെ സാമ്പത്തികമായ പ്രതിസന്ധികൾക്കിടയിലും കേരളത്തെ കൈപിടിച്ചുയർത്തുന്നൊരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ്. ഇതൊരു ബദൽകൂടിയാണ്. കേന്ദ്രം ഈ രാജ്യത്തെ പിന്നോട്ടുകൊണ്ടുപോകുന്ന ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ രാജ്യത്തിന് മാതൃകമായി, ഒരു ബദലായി മാറിയിട്ടുള്ളൊരു ബഡ്ജറ്റാണിത്. ഇവിടെ പ്രതിപക്ഷം കേവലം യാന്ത്രികമായി പ്രവർത്തിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ പ്രതിപക്ഷം അക്ഷരാർത്ഥത്തിൽ തെക്കുനോക്കി യന്ത്രങ്ങളായി മാറിയിരിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട പ്രതിപക്ഷമായ കോൺഗ്രസ് കേരളത്തിന് പുറത്തേയ്ക്ക് നോക്കുന്നില്ല. അവർ കേന്ദ്ര ബഡ്ജറ്റിനെ വിമർശിക്കുന്നില്ല, ഈ രാജ്യം പിന്നോട്ട് പോകുന്നതിനെ വിമർശിക്കുന്നില്ല, കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ പൂർണ്ണമായി അവഗണിക്കുന്നതിനെതിരെ ഒരു വാക്കുപോലും ഉരിയാടാൻ കേരളത്തിലെ പ്രതിപക്ഷമോ കോൺഗ്രസ്സോ തയ്യാറാകുന്നില്ല. നാം സമർപ്പിച്ച സെമി ഹൈസ്പീഡ് റെയിലിന് ഫണ്ട് അനുവദിക്കുന്നില്ല, ജി.എസ്.ടി വിഹിതം ആനുപാതികമായി നമുക്ക് ലഭ്യമാകുന്നില്ല, ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ശബരി റെയിൽപ്പാതയ്ക്കായി ഫണ്ട് അനുവദിക്കുന്നില്ല, ഷിപ്പ്‌യാർഡിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നില്ല, റിഫൈനറിക്ക് ഫണ്ട് അനുവദിക്കുന്നില്ല. നമുക്ക് കടമെടുക്കാനുള്ള പരിധിപോലും താഴ്ത്തുകയാണ്. ദേശീയപാത കേരളത്തിന്റെ

പ്രധാനപ്പെട്ട സ്വപ്നപദ്ധതിയാണ്, അത് ആറ് വരിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള തുക കേന്ദ്രസർക്കാർ അനുവദിക്കുന്നില്ല. ഇതൊക്കെയാണ് കേന്ദ്ര ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. പ്രവാസികളെ പൂർണ്ണമായും അവഗണിക്കുന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ പൂർണ്ണമായും കേരളത്തെ അവഗണിക്കുമ്പോൾ അതിനൊരു ബദൽ സമീപനമാണ് കേരളത്തിലെ ബഡ്ജറ്റ്. കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായിട്ടെന്താണുള്ളത്? നാം പഴയകാലത്ത് കണ്ടിട്ടുള്ള പ്രധാനമന്ത്രിയുടെ പേരിലുള്ള ചില പദ്ധതികളാണ് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, പ്രധാനമന്ത്രി ആവാസ് യോജന എന്നിവ. ഇപ്പോൾ കേന്ദ്രം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏക പദ്ധതി 'പി.എം.വി.റ്റി.വൈ.' മാത്രമാണ്. അതായത്, പ്രധാനമന്ത്രി വിറ്റുതുലയ്ക്കൽ യോജന. എന്തെല്ലാമാണ് വിറ്റുതുലയ്ക്കുന്നത്? എൽ.ഐ.സി., ഇന്ത്യൻ റെയിൽവേ, ബി.പി.സി.എൽ., എയർപോർട്ട് ഇവയെല്ലാം വിൽക്കുകയാണ്. വിദ്യാഭ്യാസ മേഖലയും ആരോഗ്യ മേഖലയും ബി.എസ്.എൻ.എൽ.-ഉം എല്ലാം വിൽക്കുകയാണ്. ഇതിനെ എതിർക്കാൻ കേരളത്തിലെ കോൺഗ്രസ്സിനോ ഇന്ത്യയിലെ കോൺഗ്രസ്സിനോ ആകുന്നില്ല. അവർക്ക് എതിർത്തൊരു സമരം ചെയ്യണമെങ്കിൽ കോഴിക്കോട്ട് ശ്രീ. കപിൽ സിബൽ വരണം. എതിർത്ത് ഒരു ജാഥ നടത്തണമെങ്കിൽ അല്ലെങ്കിൽ രണ്ട് കിലോമീറ്റർ നടക്കണമെങ്കിൽ വയനാട്ടിലേയ്ക്ക് വരണം. ഇവിടെ അനുവാദമില്ലെങ്കിൽ ചിലപ്പോൾ കൊറിയയിലേയ്ക്ക് പോകേണ്ടിവരും, കൊറിയയിൽ നടത്തേണ്ടിവരും. അപ്പോൾ ശ്രീ. കപിൽ സിബലിനും പ്രമുഖരായ കോൺഗ്രസ് നേതാക്കന്മാർക്കും കേന്ദ്രത്തിലെ സംഘപരിവാരത്തെ എതിർക്കാൻ കേരളത്തിൽ മാത്രമേ കഴിയുന്നുള്ളൂ എന്നൊരു വസ്തുതകൂടി ഞങ്ങൾ മനസ്സിലാക്കുകയാണ്, നിങ്ങളുടെ പരിമിതികൾ ഞങ്ങൾ മനസ്സിലാക്കുകയാണ്. കേരളം എന്തുകൊണ്ടാണ് ബദലായി മാറുന്നത്? നാലുവർഷക്കാലത്തെ വികസനത്തിന്റെ അടിത്തറയിലാണ് കേരളം അഞ്ചാം വർഷത്തിലേയ്ക്ക് പോകുന്നത്. 600 രൂപ ആയിരുന്ന പെൻഷൻ 1200 രൂപയായി വർദ്ധിപ്പിച്ചു. അതിപ്പോൾ 1300 ആയി. 13 ലക്ഷം അധിക പെൻഷൻകാർ കേരളത്തിലുണ്ടായി. ഒരാളിന്റെ മുന്നിൽ ദയാദാക്ഷിണ്യത്തിനുവേണ്ടി കാത്തുനിൽക്കേണ്ടവരാണോ കേരളത്തിലെ ദുരിതാശ്വാസ ക്യാമ്പുകളിലെ രോഗികൾ? നിങ്ങൾ പന്തൽകെട്ടി ആംബുലൻസിൽ രോഗിയെ കൊണ്ടുവന്ന് ഒരാളുടെ കയ്യിൽനിന്ന് ചെക്ക് വാങ്ങിക്കൊണ്ടുപോകേണ്ട ഗതികേടിലേയ്ക്ക് കേരളം പോകണമോ? അത് അരാജകത്വമാണ്. നിങ്ങളുടെ കാലത്ത് 560 കോടി രൂപയാണ് നൽകിയിരുന്നതെങ്കിൽ ഒരു പന്തൽ കെട്ടാതെയും ഒരു യോഗം നടത്താതെയും ഒരാളിന്റെ മുന്നിലും കാത്തുനിൽക്കാതെയും അവരുടെ അക്കൗണ്ടുകളിലേയ്ക്ക്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ 1300 കോടി രൂപ നൽകാൻ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞ മൂന്നര വർഷക്കാലംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. സ്ത്രീപക്ഷ ബഡ്ജറ്റാണിത്, യുവജനപക്ഷ ബഡ്ജറ്റാണിത്, വയോജനപക്ഷ ബഡ്ജറ്റാണിത്, വിദ്യാർത്ഥിപക്ഷ ബഡ്ജറ്റാണിത്, കർഷകപക്ഷ ബഡ്ജറ്റാണിത്, തൊഴിലാളിപക്ഷ ബഡ്ജറ്റാണിത്, പ്രവാസിപക്ഷ ബഡ്ജറ്റാണിത്. ഈ ഗവൺമെന്റ് ഒരു സ്മാർട്ട് ഗവൺമെന്റാണ്. എവിടെയാണ് സ്മാർട്ടാകുക? ക്ലാസ് മുറികൾ സ്മാർട്ടായി മാറുന്നു. കേരളത്തിലെ 44000 ക്ലാസ് മുറികൾ സ്മാർട്ടായി മാറി. വില്ലേജ് ഓഫീസുകൾ സ്മാർട്ടായി മാറുന്നു. റവന്യൂ രജിസ്ട്രേഷന്റെ ഓഫീസുകൾ കേരളത്തിൽ സ്മാർട്ടായി മാറുന്നു. പൊതുയിടങ്ങളിൽ സ്ത്രീ സൗഹൃദ വിശ്രമമുറി പൊതുമരാമത്ത് വകുപ്പ് പ്രഖ്യാപിച്ചു. നിങ്ങൾ ചോദിച്ചു, കേരളത്തിൽ നടക്കുമോ? ഞങ്ങളെ നോക്കു, കേരളത്തിൽ സ്ത്രീ സൗഹൃദ വിശ്രമ കേന്ദ്രങ്ങൾ പൊതുയിടങ്ങളിൽ സ്ഥാപിച്ച് സ്ത്രീകൾക്ക് സുരക്ഷിതത്വം നൽകുന്നൊരു ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മാറുകയാണ്. നിക്ഷേപ സൗഹൃദത്തിന്റെ ഒരു സ്റ്റേറ്റായി കേരളം മാറുകയാണ്. ആഗോള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി ലക്ഷം കോടി രൂപ നിക്ഷേപമുള്ള ഒരു സ്റ്റേറ്റായി കേരളം മാറുകയാണ്. പാഠപുസ്തകം ചോദിച്ചപ്പോൾ തല്ലിയ ഗവൺമെന്റാണ് നിങ്ങളുടേത്. പാഠപുസ്തകങ്ങൾ നൽകുന്നതിനുവേണ്ടി സമരം ചെയ്തിരുന്നൊരുകാലം കേരളത്തിലുണ്ടായിരുന്നു. ആ കേരളത്തിൽ 44000 ക്ലാസ് മുറികളെയാണ് ഹൈടെക്കാക്കി മാറ്റിയത്. 19,130 കോടി രൂപ കേരളത്തിലെ സ്കൂളുകളുടെ നവീകരണത്തിനായി മാറ്റിവച്ചിരിക്കുന്നു, അടങ്കൽ തുകയായി വകയിരുത്തിയിരിക്കുന്നു. ലാബുകൾ നവീകരിക്കുന്നതിനുവേണ്ടി. യൂണിഫോമിനുവേണ്ടി നൽകുന്ന തുക 400 രൂപയിൽനിന്ന് 600 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. 57 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങളാണ് മൂന്നര വർഷക്കാലംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തത്. അങ്ങനെയുള്ള ക്ലാസ് മുറികളിൽ ഏതെങ്കിലുമൊരു ക്ലാസ് മുറിയിൽ മാളങ്ങളുണ്ടോയെന്ന് ഞങ്ങൾ ഇന്നും എന്നും പരിശോധിക്കും. ശ്രീ. കെ. പി. എ. മജീദിന്റെ അഭിപ്രായം ലീഗിന്റെ അഭിപ്രായമാണോ? കേരളത്തിലെ ക്ലാസ് മുറികളിൽ മാളമുണ്ടോയെന്ന് പരിശോധിക്കാൻ ഞങ്ങൾ തയ്യാറാകുന്നതിനോട് അദ്ദേഹം വിയോജിക്കുമ്പോൾ അത് കോൺഗ്രസ്സിന്റെ അഭിപ്രായമാണോ; ലീഗിന്റെ അഭിപ്രായമാണോ? ഏതോ ഒരു സ്ഥലത്ത് ഏതോ ഒരു കുട്ടി പാമ്പുകടിയേറ്റ് മരിച്ചു എന്നാണ് പറയുന്നത്. നിങ്ങൾക്കെങ്ങനെ ഇങ്ങനെ പറയാൻ കഴിഞ്ഞു? ഇത്രയേ ഉള്ളൂ ലീഗിന്റെയും കോൺഗ്രസ്സിന്റെയും വിദ്യാഭ്യാസ മേഖലയിലുള്ള സമീപനം. പൊതുവിദ്യാലയങ്ങൾ മെച്ചപ്പെട്ടുവരുമ്പോഴും

വയനാട്ടിലെ സ്കൂളിലെ ക്ലാസ് മുറിയിൽ ഒരു കുട്ടി മരിച്ചത് ഞങ്ങൾ ഭരണപക്ഷമടക്കം ഈ നാട്ടിലെ എല്ലാവരും നൊമ്പരത്തോടെയല്ലേ ഏറ്റുവാങ്ങിയത്? നിങ്ങൾക്കെങ്ങനെ ഷഹ്ല ഷെറിനെന്ന ആ കുട്ടിയെ അപമാനിക്കാൻ കഴിയുന്നു? ലീഗ് അത് നിയമസഭയിൽ തിരുത്തണ്ടേ? ക്ലാസ് മുറികൾ നവീകരിച്ച് എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് നോക്കിയാണ് ഇടതുപക്ഷ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 46 ലക്ഷം ചതുരശ്ര അടിയിൽ ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചിരിക്കുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി PHC (Primary Health Centre)-കൾ FHC (Family Health Centre)-കൾ ആയി മാറുന്നു. ഡയാലിസിസ് സെന്ററുകൾ, കാത്ത് ലാബുകൾ എന്നിവ സ്ഥാപിക്കുന്നു. കൊറോണ വൈറസ് ബാധിച്ച് ചൈനയിൽ ആയിരത്തിനടുത്ത് ആളുകൾ മരിച്ചു. കൊറോണ വൈറസിന് മരുന്ന് കണ്ടുപിടിക്കപ്പെട്ടിട്ടില്ലെങ്കിലും കേരളത്തിന്റെ മണ്ണിൽ ഈ വൈറസ് ബാധിച്ച് ഒരാളിന്റെയും ജീവനെടുക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്ന ഒരു ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആയിരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് കേരളത്തിന്റെ ഭാവി സംരക്ഷിക്കുന്ന ഗവൺമെന്റായി ഇടതുപക്ഷ ഗവൺമെന്റ് മാറുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തല്ലേ വൈറ്റ് ടോപ്പ്ഡ് റോഡ്, ഡിസൈൻ റോഡ്, ഇൻസൈറ്റ് റീസൈക്ലിംഗ് എന്നീ റോഡുകളെക്കുറിച്ച് കേട്ടിട്ടുള്ളത്. അല്ലാതെ നിങ്ങൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? പാലാരിവട്ടം പാലം മാത്രം കേട്ടിരുന്ന ഒരു ഭൂതകാലത്ത് നിങ്ങൾ ഡിസൈൻ റോഡ്, ഇൻസൈറ്റ് റീസൈക്ലിംഗ് തുടങ്ങിയ ആധുനികമായ റോഡ് സംവിധാനങ്ങളെക്കുറിച്ച് ഇപ്പോൾ കേൾക്കുകയാണ്. ഇവിടെ അഴീക്കോട് അംഗം ഒരു കല്ലെടുത്ത് എറിയുന്നതിനെക്കുറിച്ച് പറഞ്ഞു. കല്ലെടുത്തെറിയുന്ന കാര്യം പറയുമ്പോൾ കോൺഗ്രസ് കയ്യടിക്കുകയാണ്. ആരുടെ കാലത്താണ് ഡിറ്റൻഷൻ ക്യാമ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചത്? ശ്രീ. കെ. എം. ഷാജി കല്ലെടുത്തെറിയേണ്ടത് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ വീട്ടിലേയ്ക്കാണ് അല്ലെങ്കിൽ ഡോ. എം. കെ. മുനീറിന്റെ വീട്ടിലേയ്ക്കാണ്. ഒരു കല്ലെടുത്തെറിയാൻ കോൺഗ്രസിന് ധൈര്യമുണ്ടായിരുന്നെങ്കിൽ ഇന്ന് ഇന്ത്യ ഈ നിലയിലേയ്ക്ക് മാറുമായിരുന്നോ? 1949-ൽ ബാബ്റി മസ്ജിദ് പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആർ.എസ്.എസ്. അനുകൂലികൾ ഒരു ശിലകൊണ്ടുവന്ന് വച്ചപ്പോൾ അന്നത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരുന്ന ഗോവിന്ദ് വല്ലഭ് പന്ത് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനോട് ചോദിച്ചു, ഇവിടെ കൊണ്ടുവച്ചിരിക്കുന്ന ശിലയെ ഞങ്ങൾ എന്ത് ചെയ്യണമെന്ന്? ആ ശിലയെടുത്ത് സരയൂ നദിയിലേയ്ക്ക് വലിച്ചെറിയാൻ ജവഹർലാൽ നെഹ്റു പറഞ്ഞു. ഞങ്ങൾ

ചോദിക്കുന്നു, ആ കല്ലെടുത്ത് ബാബ്റി പള്ളിയുടെ അതിർത്തിക്കപ്പുറത്തേയ്ക്ക് വലിച്ചെറിയാൻ ശേഷിയില്ലാത്ത കോൺഗ്രസ്സാണോ ഇന്ന് ഇന്ത്യൻ ഭരണഘടനയെ സംരക്ഷിക്കുന്നത്? ഈ നാട്ടിൽ ഡിറ്റൻഷൻ ക്യാമ്പുകൾ ആരംഭിക്കാൻ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ തീരുമാനിക്കുമ്പോൾ....... സംരക്ഷണം കൊടുക്കേണ്ടത് നമ്മുടെ ഭരണഘടനയ്ക്കാണ്. നമ്മുടെ നാടിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്ത് തരിപ്പണമാക്കിക്കൊണ്ടിരിക്കുകയാണ്. യൂണിഫോം സിവിൽ കോഡിനെക്കുറിച്ചും യൂണിഫോം ഇലക്ഷനെക്കുറിച്ചും കേന്ദ്രസർക്കാർ ആലോചിക്കുന്നുണ്ട്. ഇന്ന് രാജ്യസഭയിലെ ബി.ജെ.പി. എം.പി.-മാർക്ക് എങ്ങോട്ടേയ്ക്കും പോകാമെന്ന് വിപ്പ് കൊടുത്തിരിക്കുകയാണ്. വയനാട്ടിൽനിന്നും ഇന്ത്യ സമ്മാനിക്കുമെന്ന് നിങ്ങൾ പറഞ്ഞ പ്രധാനമന്ത്രി എവിടെയെന്ന് ഇവിടെയിരിക്കുന്ന കോൺഗ്രസ് നേതാവിന് പറയാൻ കഴിയുമോ; നിങ്ങൾ സംഭാവന ചെയ്ത പ്രധാനമന്ത്രി ഇന്ന് എവിടെയാണെന്ന് പറയാമോ; ശ്രീ. പി. ടി. തോമസും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള സാമൂഹിക നേതാക്കൻമാരുമുണ്ടല്ലോ; നിങ്ങളുടെ ശ്രീ. രാഹുൽ ഗാന്ധി ഇന്ന് എവിടെയെന്ന് പറയാമോ? നമ്മുടെ ഭരണഘടനയെ സംരക്ഷിച്ച്, സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഗവൺമെന്റും അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഇടംനേടുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കഴിഞ്ഞവർഷം അങ്ങ് പറഞ്ഞത്, 1,15,354 കോടി രൂപയായിരുന്ന റവന്യൂ വരുമാനം റിവൈസ് ചെയ്തപ്പോൾ 99,042 കോടി രൂപയായി മാറി യെന്നാണ്. 16,000 കോടി രൂപയുടെ വ്യത്യാസമാണ് കാണാൻ സാധിക്കുന്നത്. ഇതുസംബന്ധിച്ച് ബാക്കി കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. പ്ലാൻ എസ്റ്റിമേറ്റിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. 30,657 കോടി രൂപയായിരുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റ് അവതരിപ്പിച്ചപ്പോൾ 22,073 കോടി രൂപയായി മാറി. അക്കാര്യത്തിലും 9,000 കോടി രൂപയുടെ വ്യത്യാസമുണ്ട്. ഇത്രമാത്രം വ്യത്യാസമുള്ള ബഡ്ജറ്റാണ് കഴിഞ്ഞ വർഷം അവതരിപ്പിച്ചതെങ്കിൽ, 16,000 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റാണ് ഉണ്ടായിരുന്നതെങ്കിൽ, എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് ഈ വർഷം അത് 25,000 കോടി രൂപയിലെങ്കിലും പിടിച്ചുനിർത്താനുള്ള ശ്രമം അങ്ങ് നടത്തണമെന്നാണ്. നന്നായി ശ്രമിച്ചാൽ മാത്രമേ ആ പരിധിക്കുള്ളിൽ നിർത്താൻ പറ്റുകയുള്ളൂ എന്ന കാര്യം അങ്ങേയ്ക്ക് നന്നായി അറിയാം. കാരണം, കുറച്ചൊക്കെ യാഥാർത്ഥ്യബോധത്തോടുകൂടി

കാര്യങ്ങൾ അങ്ങ് പറയുന്നുണ്ട്. കഴിഞ്ഞവർഷത്തെപ്പോലെ കേന്ദ്ര ഗവൺമെന്റിന്റെ കാര്യങ്ങളിൽ ഈ വർഷവും മാറ്റമുണ്ടാകില്ല. ട്രഷറി ഡെപ്പോസിറ്റ് ഉണ്ടെന്ന പേരിലാണ് ഏതാണ്ട് വലിയ തുക മാറ്റിവച്ചത്. അത് ഈ വർഷം തുടരുമെന്ന് അങ്ങേയ്ക്ക് നല്ല ബോധ്യമുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം അനിശ്ചിതത്വത്തിലാണെന്ന് ഈ ബഡ്ജറ്റിൽതന്നെ അങ്ങ് പറഞ്ഞുകൊണ്ടിരിക്കുകയാണ്. കേന്ദ്ര നികുതി വിഹിതത്തിലും കാര്യമായ കുറവുണ്ടാകുമെന്ന് ബഡ്ജറ്റിൽ അങ്ങ് പറയുന്നു. അതുമാത്രമല്ല, സംസ്ഥാന സർക്കാരിന്റെ മൂന്ന് വർഷക്കാലത്തെ നികുതി പിരിവിൽ കേരളത്തിന്റെ ചരിത്രത്തിൽ ധനകാര്യവകുപ്പ് ഇതുപോലെ പരാജയപ്പെട്ടൊരു കാലഘട്ടം ഉണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കണ്ടെത്തിയ നമ്മുടെ വരുമാന സ്രോതസ്സുകളെല്ലാം ഇല്ലാതെ പോകുമ്പോൾ ഈ ബഡ്ജറ്റ് 25,000 കോടി രൂപയിൽ റവന്യൂ കമ്മി വരുന്ന സാഹചര്യമുണ്ടാകുമെന്നത് ഉറപ്പാണ്. 2021-ൽ ഈ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അങ്ങേയ്ക്ക് അത് പറയേണ്ടിവരുമെന്നതിൽ യാതൊരു സംശയവുമില്ല. ശ്രീ. പി. ടി. തോമസ് പറഞ്ഞൊരുകാര്യം, ബഡ്ജറ്റിനെക്കുറിച്ച് വ്യക്തമായ ബോധ്യമുള്ള ഒരാളാണ് അങ്ങ്. ബഡ്ജറ്റിനുള്ളിലാണോ രാഷ്ട്രീയമായ കാര്യങ്ങൾ പറയേണ്ടത്? ബഡ്ജറ്റ് പ്രസംഗത്തിലെ 'വികസന നേട്ടങ്ങളിൽ കുതിപ്പ്' എന്ന ഹെഡിംഗിൽ, 16 മുതൽ 24 വരെയുള്ള പേജുകളിൽ അങ്ങ് പറയുന്ന കാര്യം, പ്രസംഗത്തിലെ മറുപടിയിൽ പറഞ്ഞാൽ ഞങ്ങൾക്കത് മനസ്സിലാക്കാം. അങ്ങയുടെ ആത്മവിശ്വാസക്കുറവായിട്ടാണ് അത്തരം കാര്യങ്ങളെ എനിക്ക് കാണാൻ കഴിയുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2015-2016-ൽ 7,679 കോടി രൂപ നീക്കിവച്ചപ്പോൾ 2020-2021-ൽ 12,074 കോടി രൂപ നീക്കിവച്ചു. കേൾക്കുമ്പോൾ വലിയ വ്യത്യാസം തോന്നും. അഞ്ച് വർഷം കൊണ്ട് അങ്ങ് മാറ്റിയത് 5000 കോടി രൂപയാണ്. അങ്ങേയ്ക്ക് അറിയാമല്ലോ; 2015-2016-ലെ റവന്യൂ വരുമാനം 69,032 കോടി രൂപയാണ്. ആ റവന്യൂ വരുമാനത്തിന്റെ 11.2 ശതമാനമാണ് ഞങ്ങൾ അന്ന് നീക്കിവച്ചത്. 2020-2021-ൽ 1,14,635 കോടി രൂപയാണ് റവന്യൂ വരുമാനം. അതിൽനിന്നും 12,074 കോടി രൂപ നീക്കിവച്ചാൽ ആ 11 ശതമാനവും ഇപ്പോഴുള്ള വ്യത്യാസവും നോക്കണം. അങ്ങ് കണക്കുകൾകൊണ്ട് കളിക്കുകയാണ്. അന്ന് റവന്യൂ വരുമാനം കുറവായതിനാൽ അതിന് ആനുപാതികമായി 11 ശതമാനത്തിലധികം ഞങ്ങൾ നീക്കിവച്ചപ്പോൾ ഇത്രവലിയ മാറ്റങ്ങളുണ്ടാക്കിയിട്ടും നിങ്ങൾക്ക് 11 ശതമാനത്തിൽ എത്തിക്കാൻ സാധിക്കുന്നില്ല. ഒരു പുകമറ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങളാണ് ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങ് പറഞ്ഞ മറ്റൊരുകാര്യം, 2015-2016-ൽ മൂലധന ചെലവ് 8,342 കോടി രൂപയായിരുന്നു. എന്നാൽ 2020-2021-ൽ 14,428 കോടി രൂപയാക്കിയെന്നുപറഞ്ഞ് ആരെയാണ് അങ്ങ് വിഡ്ഢിയാക്കുന്നത്; ഇതേ

രീതിയിലല്ലേ റവന്യൂ വരുമാനത്തിലുള്ള മാറ്റം; പ്ലാനിന്റെ മാറ്റത്തിനനുസരിച്ചല്ലാതെ എന്ത് മാറ്റമാണ് അങ്ങ് നടത്തിയിട്ടുള്ളത്? Capital expenditure-ന്റെ കാര്യത്തിൽ 14,428 കോടി രൂപയാണ് കാണുന്നത്. ഞങ്ങളുടെ കാലത്താണ് ഇക്കാര്യത്തിൽ കൂടുതൽ സംഖ്യ നീക്കിവച്ചിട്ടുള്ളത്. ആ രീതിയിൽ ജനങ്ങളെ മാത്രമല്ല മന്ത്രിമാരെയും ഗവൺമെന്റിനെയും അങ്ങ് തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ മന്ത്രിമാരുടെ അവസ്ഥയെപ്പറ്റി, ഇന്നലെ ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞു, അങ്ങയുടെ സമയം നല്ലതാണെന്നും ഗവൺമെന്റിന്റെ സമയം മോശമാണെന്നും പറഞ്ഞു. ഞാൻ പറയുന്നു, അങ്ങയുടെ സമയം വളരെ മോശമാണെന്ന്. അങ്ങ് മന്ത്രിമാരുടെയും ഗവൺമെന്റിന്റെയും സമയം മോശമാക്കിക്കൊണ്ടിരിക്കുകയാണ്. ആ രീതിയിലാണ് അങ്ങ് പ്രവർത്തിക്കുന്നത്. ഓരോ വകുപ്പിലും കിട്ടുന്ന പണം എത്രയെന്ന് മന്ത്രിമാർക്ക് അറിയാൻ കഴിയാത്ത അവസ്ഥയാണ്. എത്രയാണ് പ്ലാൻ കട്ട് എന്നുപോലും അറിയില്ല. ഇരുപതിൽ തുടങ്ങി മുപ്പതിൽ എത്തി, യഥാർത്ഥത്തിൽ മാർച്ച് 31-ന് നാൽപ്പത് ശതമാനം പ്ലാൻകട്ട് വരുമെന്നാണ് പറയുന്നത്. പക്ഷെ മന്ത്രിമാർക്ക് അതറിയില്ല. പണത്തെക്കുറിച്ചോ അല്ലെങ്കിൽ അനുവദിക്കുന്ന ഫണ്ടിനെക്കുറിച്ചോ ഒന്നും ധനകാര്യവകുപ്പ് വ്യക്തമായ ഡയറക്ഷനോ കാര്യങ്ങളോ ആരെയും അറിയിക്കുന്നില്ല. അങ്ങ് സ്വകാര്യമായി കാര്യങ്ങൾ കൊണ്ടുപോകുകയാണ്. ഞങ്ങളുടെ ഗവൺമെന്റ് 2011-2016-കാലഘട്ടത്തിൽ പൊതുമരാമത്തുവകുപ്പുമായി ബന്ധപ്പെട്ട് 7,750 കിലോമീറ്റർ റോഡ് നവീകരണ പ്രവൃത്തി നടത്തിയിട്ടുണ്ട്. അങ്ങ് പറഞ്ഞു, 14,623 കിലോമീറ്ററെന്ന്, മറുപടിയിൽ അത് വ്യക്തമാക്കണം. ആ 14,623 കിലോമീറ്റർ ഏത് രീതിയിലാണ്; പുതിയ റോഡാണോ; നവീകരിച്ച റോഡാണോ? ഏത് രീതിയിലാണെന്നുള്ളത് അങ്ങ് വ്യക്തമാക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. കിഫ്ബിയുമായി ബന്ധപ്പെട്ട്, അതിൽ വ്യത്യസ്ത അഭിപ്രായമുള്ള ആളാണ് ഞാൻ. പക്ഷെ, നമ്മുടെ സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ കിഫ്ബി സഹായകരമാകും എന്നാണ് എല്ലാവരും ധരിച്ചിരുന്നത്. 2016-17-ലെ ബഡ്ജറ്റിൽ 2500 കോടി രൂപയെങ്കിലും ഈ വർഷം ചെലവാകുമെന്ന് അങ്ങ് പറഞ്ഞു. ഇതിനുപുറമെ ഭൂമി ഏറ്റെടുക്കുന്നതിനായി 8000 കോടി രൂപ ചെലവാകും. അങ്ങനെ ഈ രണ്ടു വർഷംകൊണ്ട് ആകെ 20,000 കോടി രൂപ, അതായത് 2016-17, 2017-18-ലുണ്ടാകും എന്നാണ് അങ്ങ് പറഞ്ഞത്. 20,000 കോടി രൂപ നമ്മുടെ മാർക്കറ്റിലേയ്ക്ക് ഒരു മണി ഫ്ലോ വരുന്നത് സാമ്പത്തിക മാന്ദ്യത്തിന് ഒരു പരിഹാരമാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് കിഫ്ബിയോട് വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിലും ഈ രീതിയിൽ പണം വരുന്നത് ഗുണകരമാകുമെന്ന് വിചാരിച്ചവരാണ് ഞങ്ങളൊക്കെ. പക്ഷെ അങ്ങ് ഈ ബഡ്ജറ്റിൽ എന്താണ് പറഞ്ഞത്; ഈ ഗവൺമെന്റിന്റെ നാലാമത്തെ വർഷമായ ഈ വർഷം ഏതാണ്ട് 4500 കോടി രൂപയുടെ വർക്ക്

പൂർത്തീകരിക്കുമെന്നാണ്. 2016-17-ൽ 20,000 കോടി രൂപയുടെ വർക്ക് തീർക്കുമെന്ന് പറഞ്ഞ അങ്ങ് 4 വർഷം പൂർത്തിയാകുമ്പോൾ 4500 കോടി രൂപയുടെ വർക്ക് പൂർത്തിയാകുമെന്ന് പറയുമ്പോൾ ഏത് സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ നമുക്ക് കഴിയും? 4 വർഷക്കാലംകൊണ്ട് ഇങ്ങനെ പറയുന്നതിനെ നമുക്ക് അംഗീകരിക്കാൻ കഴിയുന്ന ഒന്നാണോ? ഈ രീതിയിൽ ജനങ്ങളെ വിഡ്ഢികളാക്കുന്ന, ഗവൺമെന്റിനെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന ഒരു ബഡ്ജറ്റാണ് ഈ ബഡ്ജറ്റ് എന്ന് സൂചിപ്പിക്കുകയാണ്. രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല. ശ്രീ. ആർ. രാജേഷ്, ഇവിടെ ഭരണഘടനയെക്കുറിച്ചൊക്കെ പറഞ്ഞു. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. മാർക്സിസ്റ്റ് പാർട്ടിക്കാർ ഭരണഘടനയെക്കുറിച്ച് പറയുമ്പോൾ എനിക്ക് സന്തോഷം തോന്നുന്നു. കാരണം, 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിലെ ജനങ്ങളോട് റേഡിയോ പ്രക്ഷേപണത്തിലൂടെ പറഞ്ഞത്, 'പുതിയ ഗവൺമെന്റ് വരാൻ പോകുകയാണ്. ഞങ്ങൾക്ക് ഒരു പ്രയാസമുള്ളത്, ഞങ്ങൾ അംഗീകരിക്കാത്ത ഒരു ഭരണഘടനയുടെ കീഴിലാണ് എനിക്ക് സത്യപ്രതിജ്ഞ ചെയ്യേണ്ടിവരുന്നത് എന്നാണ്. അപ്പോൾ 1947 കഴിഞ്ഞ് 10 വർഷം കഴിഞ്ഞ് ഭരണഘടനയെ എതിർത്ത നിങ്ങൾ ഇപ്പോൾ ഭരണഘടനയുടെ സംരക്ഷകരായി വരുന്നുവെന്നുള്ളത് ഞങ്ങൾക്ക് ആവേശം നൽകുന്ന ഒരു കാര്യമാണ്. അതൊക്കെ കുറച്ച് നേരത്തേ വരേണ്ടതായിരുന്നു. നിങ്ങൾ കഴിഞ്ഞ കാലത്ത് കോൺഗ്രസിനെ അധികാരത്തിൽനിന്നും പുറത്താക്കുന്നതിൽ വലിയ പങ്ക് വഹിച്ചവരാണ്. ഇപ്പോൾ രാജ്യം അതിന്റെ ഫലമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ മനുഷ്യച്ചങ്ങല ഉണ്ടാക്കിയതുകൊണ്ട് കാര്യമില്ല. അന്ന് കോൺഗ്രസിനെ അധികാരത്തിൽനിന്നും പുറത്താക്കാനെടുത്ത നടപടികളാണ് ഇന്ന് ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവരാൻ ഇടയാക്കിയത്. ബി.ജെ.പി. അധികാരത്തിൽ വന്നതുകൊണ്ടാണ് കാര്യങ്ങൾ ഇത്രയും മോശമായതെന്ന് നിങ്ങൾ പറയുന്നു. അല്ല, കോൺഗ്രസ് അധികാരത്തിൽനിന്നും പുറത്തുപോയതാണ് ഇതിനൊക്കെ കാരണം. കോൺഗ് സ് പുറത്തുപോയതിൽ നിങ്ങൾക്കും പങ്കുണ്ട്. ഇപ്പോഴും ശ്രീ. ആർ. രാജേഷ് ശ്രീ. രാഹുൽഗാന്ധിക്കെതിരെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-ക്ക് അവരുടെ ഭരണം നിലനിർത്തുന്നതിന് എന്ത് സഹായം ചെയ്യാൻ നിങ്ങൾക്ക് കഴിയും എന്നതിനെക്കുറിച്ച് മാത്രമാണ് നിങ്ങൾ ചിന്തിക്കുന്നത്. ഇനിയെങ്കിലും ഈ വിരോധം നിങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ എത്ര മനുഷ്യച്ചങ്ങല നിർമ്മിച്ചാലും കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം കിരാത നിയമങ്ങളെയൊന്നും നേരിടാൻ നമുക്കാർക്കും കഴിയില്ല. അതുകൊണ്ട് നിങ്ങൾ കാര്യങ്ങൾ തിരിച്ചറിയണം. അതിന് കോൺഗ്രസ് വിരോധം അവസാനിപ്പിച്ചുകൊണ്ടുള്ള ഒരാശയമാണ് ഇന്ത്യക്കും സി.പി.ഐ.(എം.)-നും നല്ലത് എന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ശ്രീ. എം. സ്വരാജ്: സർ, നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഒരു ഭഗീരഥ ശ്രമമാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. നാല് വർഷം മുമ്പ് എൽ.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയത്ത് യുദ്ധം കഴിഞ്ഞ് കീഴടക്കപ്പെട്ട രാഷ്ട്രത്തിന്റെ സ്ഥിതിയായിരുന്നു കേരളത്തിന്റേത്. ബഹുമാനൃനായ പറവൂർ അംഗം യു.ഡി.എഫ്.-ന്റെ അവസാനകാലത്തെ ശരിയായി ചൂണ്ടിക്കാട്ടിയതുപോലെ തീവെട്ടിക്കൊള്ളയ്ക്കുശേഷമുള്ള ഒരു കാലത്താണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ആ കേരളത്തെ പുനർനിർമ്മിക്കാനും പുനർ സൃഷ്ടിക്കാനുമുള്ള പരിശ്രമമാണ് നടത്തിയത്. കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളെ മുഖവിലയ്ക്കെടുത്തുകൊണ്ടാണ് കിഫ്ബി വിഭാവന ചെയ്തത്. കിഫ്ബിയുടെ പേരിൽ ബഹുമാനൃനായ ധനകാര്യ വകുപ്പുമന്ത്രിക്ക് എന്തെല്ലാം അധിക്ഷേപങ്ങളും പരിഹാസങ്ങളും ഈ സഭയിൽ ഏറ്റുവാങ്ങേണ്ടി വന്നു. ഏതായാലും ഒരു കാര്യത്തിൽ സന്തോഷമുണ്ട്. അല്പംമുമ്പ് ഇവിടെ പ്രസംഗിച്ച ബഹുമാനൃനായ തിരൂർ അംഗം തന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞു, കിഫ്ബി യു.ഡി.എഫ്. തുടങ്ങിയതാണ്, യു.ഡി.എഫ്.-ന്റേതാണെന്ന്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആ മാറ്റത്തെ ഞങ്ങൾ വളരെ പോസിറ്റീവായി കാണുന്നു. അങ്ങനെ കാലം നിങ്ങളെക്കൊണ്ട് പറയിപ്പിച്ചു. കണക്കുതീർക്കാതെ ഒരു കാലവും കടന്നു പോകില്ല എന്നു പറയാറുണ്ട്. കാലം നിങ്ങളെക്കൊണ്ട് അങ്ങനെ മാറ്റി പറയിപ്പിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിൽ പ്രസംഗിച്ച അംഗം 4500 കോടി രൂപയുടെ കണക്ക് ഇവിടെ പറഞ്ഞു. ആ 4500 കോടി രൂപ എന്നുപറയുന്നത് കിഫ്ബി പദ്ധതികളുടെ ഭാഗമായി പണി പൂർത്തിയാക്കി കരാറുകാരന് കാശ് കൊടുത്തിട്ടുള്ളതിന്റെ കണക്കാണ്. എന്നാൽ ഈ സഭയിൽ വിശദീകരിച്ചിട്ടുള്ള കണക്കുകൾ മറന്നുപോയിട്ടുണ്ടെങ്കിൽ ഞാൻ ഓർമ്മിപ്പിക്കാം. 54,675 കോടി രൂപയുടെ 679 പദ്ധതികളാണ് കിഫ്ബി അംഗീകരിച്ചത്. അതിൽ 13,616 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ഘട്ടത്തിൽ എത്തിയിരിക്കുന്നു. ടെണ്ടർ ഘട്ടത്തിൽ എത്തുമ്പോൾ ഒരു പദ്ധതിയുടെ സുപ്രധാനമായ നടപടിക്രമങ്ങൾ പൂർത്തിയാവുകയാണെന്ന് നമുക്കെല്ലാവർക്കും ഒരുപോലെ അറിയുന്നതാണ്. 16,581 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സംശയമുണ്ടെങ്കിൽ ബഹുമാനൃരായ യു.ഡി.എഫ്. അംഗങ്ങളെ അടുത്ത മാസം ഞാൻ എന്റെ മണ്ഡലത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെ ദേശീയപാതയിൽ കുണ്ടന്നൂരിൽ 100 കോടി രൂപയ്ക്കടുത്ത് ചെലവഴിച്ചിട്ടുള്ള, പണി പൂർത്തിയായ മനോഹരമായ ഫ്ലൈ ഓവറിന്റെ ഉദ്ഘാടനത്തിൽ നമുക്ക് ഒരുമിച്ച് പങ്കെടുക്കാം. എന്തെങ്കിലും കാരണവശാൽ എന്റെ മണ്ഡലത്തിലേയ്ക്ക് വരാൻ നിങ്ങൾക്ക് വിഷമമുണ്ടെങ്കിൽ ബഹുമാനൃനായ തൃക്കാക്കര അംഗത്തിന്റെ മണ്ഡലത്തിൽ, വൈറ്റിലയിൽ 100 കോടി രൂപയ്ക്കുമേൽ ചെലവഴിക്കുന്ന മനോഹരമായ

മേൽപ്പാലത്തിന്റെ ഉദ്ഘാടനം ഉടൻ നടക്കും. അവിടെ ചെന്നുകണ്ട് ബോധ്യപ്പെടാം. തുടർമാസങ്ങളിൽ കേരളത്തിലാകെ ഇങ്ങനെ വിവിധ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ നടക്കാൻ പോവുകയാണ്. ഈ മാറ്റം കാണാതിരിക്കരുത് എന്നുമാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ഈ പുതിയ ഉണർവ് കേരളത്തിന് നൽകാൻ നമുക്ക് കഴിഞ്ഞു. ഇത് എല്ലാ മേഖലയിലും ഉണ്ട്. പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ കാര്യത്തിൽ മാത്രമല്ല, എല്ലാ രംഗങ്ങളിലും. കാർഷിക മേഖലയുടെ സ്ഥിതി എന്താണ്? നെൽകൃഷിയെ സംബന്ധിച്ച് സഭയിൽ മുമ്പ് പരാമർശിച്ചതാണ്. ആയത് വിശദീകരിക്കുന്നില്ല. 2015-16 വർഷം 1.96 ലക്ഷം ഹെക്ടർ സ്ഥലത്താണ് നമ്മുടെ നാട്ടിൽ നെൽകൃഷി നടന്നിരുന്നത്. എന്നാൽ 2017-18 ആയപ്പോൾ 2.2 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി. 2015-16-ൽ കേരളത്തിൽ 6.28 ലക്ഷം മെട്രിക് ടണ്ണാണ് പച്ചക്കറി ഉൽപ്പാദനം. 2018-19 ൽ 12.12 ലക്ഷം മെട്രിക് ടണ്ണായി അത് വർദ്ധിച്ചു. ഈ മാറ്റങ്ങളെല്ലാം എങ്ങനെയാണുണ്ടാകുന്നത്? ഈ മാറ്റമാണ് എൽ.ഡി.എഫ്-ന്റെ സംഭാവന. വിദ്യാഭ്യാസ രംഗം, കേരളത്തിന്റെ നാളെ സൃഷ്ടിക്കപ്പെടുന്നത് ഇന്നത്തെ വിദ്യാലയങ്ങളിലാണ്. കേരളത്തിലെ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറി. മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുകയാണ്. 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്ന നിരക്കിൽ കേരളത്തിലെ 966 ഗവൺമെന്റ് സ്കൂളുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. ഞാൻ ചോദിക്കട്ടെ; നമ്മളൊക്കെ ജനിച്ചതിനുശേഷം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളിൽ, കോളേജുകളിൽ ഇത്തരത്തിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് നീക്കിവച്ച ഒരു കാലം ഉണ്ടായിട്ടുണ്ടോ? അഞ്ചര ലക്ഷം വരുന്ന കുട്ടികൾ 2 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും ടി.സി. വാങ്ങി ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് മാറുന്ന ആ മാറ്റം നിങ്ങൾക്ക് കാണാൻ സാധിക്കുന്നില്ലേ? ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികളുടെ ഭാഗമായി ഇതിനോടകം 258658 വീടുകൾ നിർമ്മിച്ച് നൽകാൻ സാധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യു.ഡി.എഫ്. ഭരിച്ച 5 വർഷം 27490 വീടുകളാണ് ആകെ നിർമ്മിച്ചു നൽകിയത്. എന്നാൽ ഈ കഴിഞ്ഞ 4 വർഷങ്ങൾക്കിടയിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 51926 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. നേരത്തെ ഒരു യു.ഡി.എഫ്. അംഗം പറഞ്ഞു, ഈ എൽ.ഡി.എഫ്., യു.ഡി.എഫ്. കാലം തരംതിരിച്ച് ഇതൊക്കെ അങ്ങനെ ഓർമ്മിപ്പിക്കാൻ പാടുണ്ടോയെന്ന്; ഓർമ്മിപ്പിക്കുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന വിഷമം ഞങ്ങൾ മനസ്സിലാക്കുന്നു. പക്ഷെ നിങ്ങൾക്കങ്ങനെ വിഷമം ഉണ്ടെങ്കിലും ഈ കണക്കുകൾ കേൾക്കുമ്പോൾ കേരളത്തിന് അതിയായ സന്തോഷമുണ്ട് എന്ന് നിങ്ങൾ ദയവായി മനസ്സിലാക്കണം. തീരദേശത്ത് 4,490 കോടി രൂപയുടെ പ്രവൃത്തികളാണ് ഈ മൂന്നര വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ സാധിച്ചത്. ആരോഗ്യരംഗം ഇവിടെ എല്ലാവരും വിശദീകരിച്ചു. ഞാൻ

അതിന് കൂടുതൽ സമയമെടുക്കുന്നില്ല. നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച 10 കുടുംബാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തപ്പോൾ അതിൽ പത്തും നമ്മുടെ കേരളത്തിലുള്ളതാണെന്നുള്ളത് അഭിമാനിക്കത്തക്കതല്ലേ; ഇത് മലയാളിയുടെ അഭിമാനമല്ലേ? ആ അഭിമാനത്തിൽ പങ്കുചേരാൻ നിങ്ങളെയും വിനയപൂർവ്വം ക്ഷണിക്കുകയാണ്. നമ്മുടെ വൈദ്യുതിരംഗം, ഇന്ത്യയിൽ സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമായ ആദ്യ സംസ്ഥാനമായി കേരളം മാറിയത് ഈ കാലത്തല്ലേ? വെറുതെ മാറിയതല്ല; 14 ലക്ഷം കുടുംബങ്ങൾക്കാണ് പുതുതായി വൈദ്യുതി കണക്ഷൻ കൊടുത്തത്. പ്രവാസി മേഖലയിൽ 5 വർഷംകൊണ്ട് യു.ഡി.എഫ്. ചെലവഴിച്ചത് 68 കോടി രൂപയാണ്. ഈ 4 വർഷത്തിനുള്ളിൽ 182 കോടി രൂപയാണ് ഈ ഗവൺമെന്റ് ചെലവഴിച്ചത്. ഇതാണ് രണ്ടു ഗവൺമെന്റുകൾ തമ്മിലുള്ള മാറ്റം. പ്രവാസി ക്ഷേമനിധിയിൽ മുമ്പ് അംഗങ്ങളായിരുന്നത് 1.1 ലക്ഷം ആളുകളായിരുന്നു. ഈ മാറ്റങ്ങളുടെ ഭാഗമായി അതിലേയ്ക്ക് കൂടുതൽ ആളുകൾ കടന്നുവന്നു. 4.7 ലക്ഷം ആളുകളായി അതിന്റെ എണ്ണം വർദ്ധിച്ചു. കഴിഞ്ഞ ഇലക്ഷനിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന് എൽ.ഡി.എഫ്. വാഗ്ദാനം കൊടുത്തിരുന്നു. 14 ഇനങ്ങൾക്ക് മാവേലി സ്റ്റോറിൽ 5 വർഷം മുമ്പുള്ള വിലയിൽനിന്നും ഒരു പൈസപോലും വർദ്ധിപ്പിച്ചില്ലെന്നു മാത്രമല്ല പരിപ്പ്, പയർവർഗ്ഗങ്ങളുടെ വില കുറയ്ക്കുകയും ചെയ്തു. ഞാൻ നിങ്ങളോട് ചോദിക്കുന്നു, നിങ്ങളുടെ ഓർമ്മയിൽ ഇങ്ങനെയൊരു കാലം കേരളത്തിൽ ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ ഇതാ ബഡ്ജറ്റിൽ 25 രൂപയ്ക്ക് ഊണ് കൊടുക്കുന്ന 1000 ഹോട്ടലുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. എന്തൊക്കെ പരിഹാസമാണ് നിങ്ങൾക്ക്. വിശപ്പറിയാത്തവർ ഇത്തരം പദ്ധതികളെ പരിഹസിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ കേരളത്തിലെ ജനങ്ങളിൽ നല്ലൊരു വിഭാഗം ആളുകൾ ഇതിനെ വളരെ പ്രതീക്ഷയോടുകൂടിയാണ് കാണുന്നതെന്ന് നിങ്ങൾ അറിയണം. ഇതൊന്നും നിങ്ങളുടെ പ്രഖ്യാപനം പോലെയല്ല. ഞാൻ സാന്ദർഭികമായി ഓർക്കുന്നു, മുമ്പ് നിങ്ങളുടെ ഒരു ബഡ്ജറ്റിലെ കൊട്ടിഘോഷിച്ച ഒരു പ്രഖ്യാപനമായിരുന്നു എയർ കേരള എക്സ്പ്രസ് വിഷുവിന് വരുമെന്ന്. വിഷുവും വർഷവും ഒക്കെ പലതും കടന്നു പോയി. വിഷു ഇനിയുമുണ്ടല്ലോ എന്ന് വേണമെങ്കിൽ ന്യായീകരിക്കാം. അതുപോലെയല്ല ഈ പ്രഖ്യാപനങ്ങളെന്നു കാണണം. ഇവിടെ ഒരംഗം സംസാരിച്ചപ്പോൾ, മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയൊക്കെ ചൂണ്ടിക്കാണിച്ചു, 2015-ൽ നിങ്ങളുടെ ബഡ്ജറ്റിൽ, എറണാകുളം ജില്ലയെ പരിഗണിച്ചതിനെ സംബന്ധിച്ച് വന്ന വാർത്തയുടെ വലിയ ഹെഡ്ഡിംഗ് 'കൊച്ചിക്ക് ആനമുട്ട', എന്നായിരുന്നു. ഒരുപക്ഷെ, എറണാകുളം ജില്ലക്കാരെങ്കിലും അത് ഓർക്കുന്നുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്..അപ്പോൾ ഈ കാര്യങ്ങളൊന്നും നമ്മൾ മറന്നുകളയേണ്ടതല്ല. കേന്ദ്ര ബഡ്ജറ്റിന് ശേഷമാണ് സംസ്ഥാന ബഡ്ജറ്റ് വരുന്നത്. കേന്ദ്രം നമ്മളെ ശത്രുരാജ്യത്തെപ്പോലെയല്ലേ

കണക്കാക്കുന്നത്; നമുക്ക് അർഹതപ്പെട്ടതെല്ലാം പിടിച്ചുവയ്ക്കുകയല്ലേ; തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തവരുടെ കൂലിപോലും തരാതെ പീഡിപ്പിക്കുകയല്ലേ; നമ്മുടെ ജി.എസ്.ടി. വിഹിതം തരുന്നുണ്ടോ? അവരുടെ ബഡ്ജറ്റിലെ ജനദ്രോഹപരമായ നടപടികളെല്ലാം ഇവിടെ വിശദീകരിക്കപ്പെട്ടു. നിങ്ങളാ രെങ്കിലും അതിനെ പരാമർശിക്കുന്നുണ്ടോ; നിങ്ങൾ കേന്ദ്രത്തിനെതിരെ ശക്തമായി ഒരു വാക്ക് പറയുന്നുണ്ടോ; എന്താണ് കേന്ദ്രത്തെ വിമർശിക്കാൻ നിങ്ങൾക്ക് മടി? ഇക്കാര്യത്തിൽ മാത്രമല്ല, സി.എ.എ.-യ്ക്കെതിരായ സമരത്തിന്റെ കാര്യത്തിലും ഒരു വാക്ക് പറയുന്നുണ്ടോ. നമ്മൾ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി, നല്ല കാര്യം. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ് പാസ്സാക്കി. മടിച്ചുമടിച്ച് രാജസ്ഥാൻ പാസ്സാക്കി. പക്ഷെ ഇനിയുമുണ്ടല്ലോ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ. നിങ്ങളെന്താണ് ഇങ്ങനെ അറച്ചറച്ച് നിൽക്കുന്നത്. കേരളത്തോട് തൊട്ടുചേർന്ന് നിൽക്കുന്ന പോണ്ടിച്ചേരിക്ക് അത് ബാധകമല്ലേ; ഇന്ത്യയിൽ ഒരു കോൺഗ്രസല്ലേ; നിങ്ങൾക്കെന്താണ് ഈ മടി? ഒരുമിച്ചുള്ള സമരം വന്നപ്പോഴേയ്ക്കും കെ.പി.സി.സി. പ്രസിഡന്റ് അതിനെ തള്ളിപ്പറയുന്ന നിലപാടല്ലേ സ്വീകരിച്ചത്. കോൺഗ്രസിന്റെ കുറേ ദേശീയ നേതാക്കളും തള്ളിപ്പറയുന്ന നില സ്വീകരിച്ചില്ലേ; നിങ്ങളുടെ ഈ ഇരട്ടത്താപ്പാണ്, നിങ്ങളുടെ ഈ അഴകൊഴമ്പൻ നയമാണ്, നിങ്ങളുടെ നട്ടെല്ലില്ലായ്മയാണ് നിങ്ങൾക്ക് വിനയാവുന്നത്. ഇന്നിപ്പോൾ ടെലിവിഷൻ ചാനലുകളിലൂടെ ഡൽഹിയിലെ റിസൾട്ട് പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. എന്താണ് അവിടത്തെ സ്ഥിതി? മതനിരപേക്ഷ വോട്ടുകളിൽ ഭിന്നതയുണ്ടാക്കി സംപൂജ്യരായി ബി.ജെ.പി.-ക്ക് ചെറിയ ആശ്വാസമെങ്കിലും നൽകുന്ന നിലപാടാണ് നിങ്ങളവിടെ സ്വീകരിച്ചത്. യഥാർത്ഥത്തിൽ രാജ്യത്തിന്റെ നിലവിലുള്ള സ്ഥിതിയെക്കുറിച്ച് ആശങ്കയുണ്ടെങ്കിൽ ആംആദ്മി പാർട്ടിയെ പിന്തുണയ്ക്കുകയല്ലേ നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. അവിടെ നിങ്ങളുടെ ഈ ദയനീയ സാഹചര്യത്തിന് ഞങ്ങളല്ലല്ലോ ഉത്തരവാദി. ഇന്ത്യയിൽ എല്ലായിടത്തും ഈ സാഹചര്യങ്ങളിലേയ്ക്ക് നിങ്ങൾ പോകുന്നു. ആ കോൺഗ്രസിനോടൊപ്പം നിൽക്കുന്ന മുസ്ലീംലീഗാണ് ഈ സഭയിൽ വളരെ വിചിത്രമായ പല അഭിപ്രായ പ്രകടനങ്ങളും നടത്തിയിട്ടുള്ളത്. മുസ്ലീംലീഗിന്റെ ഒരംഗം മുമ്പ് ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ള സ്ത്രീ വിരുദ്ധ പരാമർശങ്ങളിലേയ്ക്കൊന്നും ഞാൻ കടന്നുപോകുന്നില്ല. പക്ഷെ അദ്ദേഹം കേരളത്തെ ബംഗാളുമായി താരതമ്യം ചെയ്തു. ബംഗാളിനെക്കണ്ട് പഠിക്കാനാണ് പറയുന്നത്. ഇവിടെ പ്രകടനം നടത്തിയപ്പോൾ ഗതാഗതം തടസ്സപ്പെടുത്തിയതിന് പെറ്റികേസ് എടുത്തെന്നാണ് പറയുന്നത്. പ്രിയപ്പെട്ട ലീഗേ, കഴിഞ്ഞ ദിവസം സി.എ.എ.-യ്ക്കെതിരെ കൽക്കട്ടയുടെ തെരുവുകളിൽ സമരം നടത്തിയ സമരഭടന്മാരെ തൃണമൂലിന്റെ ഗുണ്ടാ സംഘം വെടിവച്ച് കൊന്നത് നിങ്ങളറിഞ്ഞോ. രണ്ടുപേരെ വെടിവച്ചുകൊന്ന ബംഗാളിനെ നോക്കി പഠിക്കണമെന്നാണ്

പറയുന്നതെങ്കിൽ അത് ലീഗാഫീസിൽപ്പോയി പറഞ്ഞാൽ മതി, ഞങ്ങൾ അതിന് തയ്യാറല്ല. അവിടെ നോക്കിയിട്ടല്ല പഠിക്കേണ്ടത്. ആ പ്രസംഗത്തിനിടയിൽ അദ്ദേഹം പറയുന്ന 'ഞങ്ങൾ', അരാണീ ഞങ്ങൾ? എന്നാണ് നമുക്കിടയിൽ ഞങ്ങളും നിങ്ങളും വന്നത്. ഈ രാജ്യം ഒറ്റക്കെട്ടായിനിന്ന് ഈ നിയമത്തെ എതിർക്കുന്നു. ഒരേ മനസ്സോടെ പ്രതിരോധിക്കുന്നു. അപ്പോൾ പറയുന്നു ഞങ്ങൾക്ക് നിങ്ങളുടെ സംരക്ഷണം വേണ്ട എന്ന്. ആരാണ് ഈ ഞങ്ങൾ? ലീഗാണോ? ആണെങ്കിൽ അങ്ങനെ പറയൂ. ഞങ്ങൾ മുസ്ലീംലീഗിന് സംരക്ഷണം വേണ്ട എന്ന്. അതല്ലാതെ മുസ്ലീങ്ങളുടെ അട്ടിപ്പേറവകാശം ആരും മുസ്ലീംലീഗിന് എഴുതിത്തന്നിട്ടില്ല, നിങ്ങളെയാരും ഏൽപ്പിച്ചുതന്നിട്ടില്ല. എല്ലാ മുസ്ലീം സമുദായ സംഘടനകളും കേരള മുഖ്യമന്ത്രിയുടെ പിന്നിൽ അടിയുറച്ചുനിന്ന് ഈ സമരത്തിലേയ്ക്ക് കടന്നുവന്നു. ബഹുമാന്യനായ ജിഫ്രി തങ്ങൾ എന്താണ് പറഞ്ഞത്, ഒരു ജനതയെ ഭയം വിഴുങ്ങാൻ വരുമ്പോൾ ഒരു ഭരണാധികാരിയുടെ കടമ ആ ജനതയ്ക്ക് സുരക്ഷിതത്വബോധം പകർന്നുകൊടുത്ത് നിർഭയമായി അവരെ നയിക്കുകയാണ്. അതിന് പിണറായിയോട് എത്ര നന്ദി പറഞ്ഞാലും തീരില്ല എന്നാണ്. എല്ലാവരും ഒരുമിച്ച് പറഞ്ഞു. എന്നാൽ ആ മഹത്തായ ഐക്യത്തെ തുരങ്കം വയ്ക്കുന്ന, ഭീകരവാദത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കുന്ന തീവ്ര വർഗ്ഗീയവാദികളെ നമ്മൾ അകറ്റിനിർത്തണ്ടേ? ലീഗിന്റെ നിലപാട് എന്താണ്? മുൻകാലത്ത് നിങ്ങൾ വിവിധ ആവശ്യങ്ങൾക്ക് വിളിച്ചുചേർത്തിട്ടുള്ള പൊതുവായ യോഗങ്ങളിൽ, ആൾ പാർട്ടി മീറ്റിംഗുകളിൽ എസ്.ഡി.പി.ഐ.-യെ വിളിക്കാറുണ്ടോ. ആരും വിളിക്കാറില്ല, എന്താണ് കാരണം, അവർ അന്തഃച്ഛിദ്രമുണ്ടാക്കുന്നവരാണ്. അവർ ആർ.എസ്.എസ്.-ന്റെ മറുപതിപ്പാണ്. അത്തരം കൂട്ടങ്ങളെ അകറ്റി നിർത്തിക്കൊണ്ടാണ് നമുക്ക് ജനാധിപത്യവും മതനിരപേക്ഷതയും സംരക്ഷിക്കാനുള്ള പോരാട്ടം ഏറ്റെടുത്ത് മുന്നോട്ടുപോകാൻ സാധിക്കുന്നത്. ആ നിലപാടെ ഇവിടെ പറഞ്ഞിട്ടുള്ളൂ. പക്ഷെ, ഇത്തരമൊരവസരത്തിലും ഞങ്ങളും നിങ്ങളുമായി നിൽക്കാതെ നമ്മളായി ഒരുമിച്ച് നിൽക്കണമെന്ന് എത്ര കാലം കഴിഞ്ഞാലാണ് നിങ്ങൾക്ക് മനസ്സിലാകുക, ഇനി എന്നാണ് നിങ്ങൾക്ക് മനസ്സിലാകുക. നാം ഒരുമിച്ച് നിൽക്കേണ്ടവരല്ലേ. ഇന്ത്യയെ രക്ഷിക്കണ്ടേ; മതനിരപേക്ഷതയെ സംരക്ഷിക്കേണ്ടേ? അതിനിടയിൽ അന്തഃച്ഛിദ്രവുമായി കടന്നുവരുന്നവർ ഇന്നലെകളിൽ മോദിയെ വാഴ്ത്തിയവരാണെന്ന് ഞങ്ങൾ മുസ്ലീംലീഗിനെ ഓർമ്മിപ്പിക്കുന്നു. ലീഗിലെ എല്ലാവർക്കും ഇതേ നിലപാടാണെന്നൊന്നും എനിക്കഭിപ്രായമില്ല. ലീഗിലെ മതനിരപേക്ഷതയ്ക്ക് വിലകൽപ്പിക്കുന്ന ഭീകരവാദികളെ അകറ്റിനിർത്തണമെന്ന് ആഗ്രഹിക്കുന്നവർ കേരളത്തിന്റെ ശബ്ദം ഒരുമിച്ചുയരാൻ സഹായകരമായ നിലപാട് സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

# VIII നിയമനിർമ്മാണകാര്യം

## സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: രണ്ട് ബില്ലുകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള സർവ്വശ്രീ. മഞ്ഞളാംകുഴി അലി, അനിൽ അക്കര, പി. ഉബൈദുള്ള, ടി. ജെ. വിനോദ് എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ബില്ലുകളെ എതിർക്കുകയും വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ ബിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സമയത്തുതന്നെ ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിന് വിരുദ്ധമാണെന്നും അതിനാൽ ബില്ലിന് അംഗീകാരം ലഭിക്കാൻ സാധ്യതയില്ലെന്നുമുള്ള കാര്യം ക്രമപ്രശ്നങ്ങളിലൂടെ ചൂണ്ടിക്കാണിച്ചിരുന്നു. ക്രമപ്രശ്നത്തിൽ ഇതിന്റെ നിയമസാധുതയെക്കുറിച്ച് വിശദമായി പറഞ്ഞതുകാരണം അത് ഞാനിവിടെ ആവർത്തിക്കുന്നില്ല. ഈ തീരുമാനത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ മാത്രമേ ഞാനിവിടെ പറയുന്നുള്ളൂ. ഈ ബിൽ കോടതി കാണുന്ന സമയത്തുതന്നെ തിരിച്ചയയ്ക്കും. നമ്മൾ ചെയ്യുന്നത്, wasting of our time, wasting of our energy, wasting of our money. ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞത് പഞ്ചായത്ത് വിഭജനമില്ലെന്നും വാർഡുകളുടെ അതിരുകൾ മാത്രമേ മാറുന്നുള്ളൂവെന്നും അതിനാൽ പ്രശ്നങ്ങളില്ലെന്നുമാണ്. സെൻസസ് നടപടികൾ ആരംഭിച്ചതിനുശേഷം ഇത്തരത്തിൽ വാർഡുകളിൽ മാറ്റം വരുത്തുന്നത് കാരണം വീട്ടുനമ്പരുകളിൽ മാറ്റംവരികയും ഇത് സെൻസസ് നടപടികളിൽ

ആശയക്കുഴപ്പമുണ്ടാക്കുകയും ചെയ്യുമെന്നുള്ളത് തർക്കമറ്റതാണ്. ഇപ്പോഴത്തെ വാർഡ് വിഭജനത്തിൽ ഒരു പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വാർഡുകളുടെയും അതിരുകളിൽ മാറ്റം വരാൻ സാധ്യതയുണ്ടെന്നാണ് അറിയുന്നത്. ഇത്തരം മാറ്റങ്ങൾക്കെതിരെയുള്ള പരാതികൾ പരിഹരിക്കാൻതന്നെ മാസങ്ങൾ വേണ്ടിവരും. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ അതിരുകൾ മാറുന്നില്ലെന്ന് പറഞ്ഞാലും കേന്ദ്ര നിയമത്തിൽ ഉദ്ദേശിച്ച തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഈ വാർഡ് വിഭജനം വഴി ഉണ്ടാകുമെന്നത് സംശയമില്ലാത്ത കാര്യമാണ്. 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ഏകീകൃത ജനസംഖ്യ ഉറപ്പുവരുത്തുന്നുണ്ടെങ്കിൽ അത് ഭരണഘടനയുടെ ആർട്ടിക്കിൾ 243 പ്രകാരം വാർഡ് അടിസ്ഥാനമാക്കിയല്ല പഞ്ചായത്ത് അടിസ്ഥാനമാക്കിയായിരിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു സി.പി.ഐ. അനുകൂല സംഘടന വാർഡ് വിഭജനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നൽകിയതായ വാർത്ത മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതായത് സർക്കാരിന്റെ ഈ തീരുമാനത്തിനെതിരെ പലവിധമുള്ള എതിർപ്പുകൾ ഉയർന്നുവന്നിട്ടുണ്ടെന്നത് വ്യക്തമാണ്. വേണ്ടത്ര സമയമുണ്ടായിരുന്നിട്ടും ഈ പുനർനിർണ്ണയം ഇത്രയും വൈകിപ്പിച്ചതിന് പിന്നിൽ രാഷ്ട്രീയ താല്പര്യം മാത്രമാണെന്ന് പറയാതെ വയ്യ. കാരണം, കേന്ദ്ര സർക്കാർ വളരെ നേരത്തേതന്നെ സെൻസസ് നടപടികൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിനെ ധരിപ്പിച്ചിട്ടുണ്ടായിരുന്നു. സെൻസസ് നടപടികൾ ആരംഭിക്കുന്നത് കാരണം 31-12-2019-നുശേഷം അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികൾ മാറ്റം വരുത്തരുതെന്ന് സെൻസസ് കമ്മീഷണർ 6-9-2019-ൽ സംസ്ഥാന ചീഫ് സെക്രട്ടറിയെ അറിയിച്ചിരുന്നു. ശരിയായ രീതിയിൽ വാർഡ് വിഭജനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നാണ് സർക്കാർ ആഗ്രഹിച്ചിരുന്നതെങ്കിൽ സെപ്റ്റംബറിൽ കേന്ദ്രത്തിൽനിന്നും അറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ 2019 ഒക്ടോബർ 28 മുതൽ നവംബർ 21 വരെ നടന്ന നിയമസഭയുടെ 16-ാം സമ്മേളനത്തിൽത്തന്നെ ഈ ബിൽ അവതരിപ്പിക്കാമായിരുന്നു.

3.00 P.M.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതിന് സർക്കാർ തയ്യാറാകാതെ സമ്മേളനം കഴിഞ്ഞ് ഓർഡിനൻസ് ഇറക്കുകയായിരുന്നു. അതിൽ ഗവർണർ ഒപ്പുവച്ചതുമില്ല. മനസ്സിരുത്തി പഠിച്ചതിനുശേഷം മാത്രമേ ഒപ്പിടുന്ന കാര്യം ആലോചിക്കുവെന്നാണ് ഗവർണർ അന്ന് പറഞ്ഞത്. ഭൂരിപക്ഷമുള്ളതുകൊണ്ട് ഇത് നിയമസഭയിൽ

പാസ്സാക്കിയെടുക്കാൻ പ്രയാസമില്ലെങ്കിലും പാസ്സാക്കിക്കഴിഞ്ഞാൽ ഗവർണർ ഒപ്പിടുമോയെന്ന് കണ്ടറിയണം. ഗവർണറെ നിങ്ങൾ വലിയ ആചാരത്തിൽ ഇവിടെ കൊണ്ടുവന്നില്ലേ, ആനയിച്ച് അദ്ദേഹത്തെ കൊണ്ടുവന്നു. നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഒരു പാലമിട്ടില്ലേ, അതേ ഗവർണർ തന്നെ. സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് സംബന്ധിച്ച് സർക്കാരിനോട് വിശദീകരണം ചോദിച്ച ഗവർണർ അതേ നിലപാട് ആവർത്തിക്കില്ലെന്ന് എങ്ങനെ പറയാൻ സാധിക്കും? അല്ലെങ്കിൽ വിയോജിപ്പ് രേഖപ്പെടുത്തി തിരിച്ചയയ്ക്കാനും സാധ്യതയുണ്ട്. ഇക്കാര്യത്തിൽ ഒരിക്കൽ സംശയം പ്രകടിപ്പിച്ച ഗവർണർ ഒപ്പിടാതെ പ്രസിഡന്റിന് അയച്ചാൽത്തന്നെ ഇലക്ഷൻ ഇനിയും നീട്ടേണ്ടിവരും. അതുപോലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇതിനെതിരെ കോടതിയിൽ പോകാനും സാധ്യതയുള്ളതുകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ ഇലക്ഷൻ നടത്താൻ കഴിയില്ല. ഇത് സർക്കാർ മനഃപൂർവ്വം പ്ലാൻ ചെയ്തതാണെന്നാണ് സംശയിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലേറ്റ തിരിച്ചടികളും പണമില്ലാത്തതിന്റെ പേരിൽ ഒരു വികസന പ്രവർത്തനവും നടത്താൻ കഴിയാത്തതും കാരണം സർക്കാരിന് ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വലിയ പ്രയാസമുണ്ട്. ഇലക്ഷൻതന്നെ അട്ടിമറിക്കാനുള്ള നീക്കമാണ് ഇതുവഴി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാമത് പറഞ്ഞ കാരണം, വാർഡ് വിഭജനംവഴി സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലെന്നും പഞ്ചായത്തുകൾ തനത് ഫണ്ടിൽനിന്ന് തുക ചെലവഴിക്കേണ്ടിവരുമെന്നതുമാണ്, അത് ശരിയാണ്. പക്ഷെ സർക്കാരിന് ചെലവുണ്ടാകുന്നില്ലെന്ന് കരുതി ഉണ്ടാകാൻ പോകുന്ന ബാധ്യത നിസ്സാരമായി കാണരുത്. സർക്കാരിന്റെ പരിഗണനയിലുള്ള ശിപാർശ പ്രകാരം ഏകദേശം 885 പഞ്ചായത്തുകളിലായി 1378 വാർഡുകളാണ് പുതുതായി സൃഷ്ടിക്കാൻ പോകുന്നത്. അതായത് അത്രയും പുതിയ അംഗങ്ങൾക്ക് പഞ്ചായത്തുകൾ തനത് ഫണ്ടിൽനിന്ന് ഓണറേറിയം നൽകേണ്ടിവരും. പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഓരോ വർഷവും വെട്ടിക്കുറയ്ക്കുന്ന നടപടിയാണ് ഈ സർക്കാർ ചെയ്തുവരുന്നത്. അതിനാൽ കഴിഞ്ഞ നാല് വർഷംകൊണ്ട് പഞ്ചായത്തുകളുടെ വികസന പദ്ധതികളാകെ അവതാളത്തിലാണ്. പദ്ധതി തയ്യാറാക്കിയതിനുശേഷം വിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടി കാരണം പല പഞ്ചായത്തുകളും അവരുടെ തനത് ഫണ്ടിൽനിന്നും തുക വകയിരുത്തി പദ്ധതി റിവൈസ് ചെയ്താണ് അവ പൂർത്തീകരിക്കുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ വിഹിതം ലഭിക്കാതെ ബുദ്ധിമുട്ടുന്ന പഞ്ചായത്തുകൾക്ക് ഈ സാമ്പത്തിക പ്രതിസന്ധിയുടെ സമയത്ത് ഇങ്ങനെയൊരു ബാധ്യതകൂടി ഏറ്റെടുക്കേണ്ടിവരുന്നത് വളരെയധികം

പ്രയാസങ്ങളുണ്ടാകും. വാർഡ് വിഭജനംപോലെതന്നെയാണ് 2015-ലെ വോട്ടർപട്ടിക തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗിക്കാനുള്ള തീരുമാനവും. ഒരു ഘട്ടത്തിൽ എൽ.ഡി.എഫ്-ഉം സി.പി.ഐ.(എം)-ഉം 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച വോട്ടർപട്ടിക ഉപയോഗിക്കണമെന്ന് ആവശ്യപ്പെട്ടവരാണ്. പക്ഷെ, പെട്ടന്നുള്ള മലക്കംമറിയലിന് പിന്നിലുള്ള ഉദ്ദേശ്യം നിഗൂഢമാണ്. 2015-ലെ വോട്ടർ പട്ടിക ഉപയോഗിക്കുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകും. ഏകദേശം 22 ലക്ഷത്തോളം വോട്ടർമാരെ പുതുതായി ചേർക്കേണ്ടി വരും. 18 വയസ്സ് പൂർത്തിയായവരും വിവിധ കാരണങ്ങളാൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ കഴിയാത്തവരുംകൂടി ആകുമ്പോൾ ഏകദേശം 40 ലക്ഷം പുതിയ വോട്ടർമാരെ ഉൾപ്പെടുത്തേണ്ടിവരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്രയുംപേരെ ഈ ചുരുങ്ങിയ ദിവസംകൊണ്ട് ബുദ്ധിമുട്ടിക്കുകയെന്നത് ജനാധിപത്യവിരുദ്ധവും തെരഞ്ഞെടുപ്പിനെ ബാധിക്കുന്നതുമാണ്. 2015-ന് ശേഷം വോട്ടർ പട്ടികയിൽ പേര് ചേർത്തവരെ ഹിയറിംഗ് ഉൾപ്പെടെയുള്ള പരിശോധനകൾ ഒഴിവാക്കി പട്ടികയിലുൾപ്പെടുത്തണം. കമ്മീഷനുമായി ചർച്ച നടത്തിയാൽ മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയൂ. പലപ്പോഴും ഉദ്യോഗസ്ഥരുടെ രാഷ്ട്രീയ താത്പര്യത്തിന് അനുസരിച്ചായിരിക്കും ഇതെന്ന് എല്ലാവർക്കുമറിയാം. ആവശ്യത്തിന് സമയമെടുക്കാതെ ഈ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ ലക്ഷക്കണക്കിന് പേർക്ക് വോട്ടവകാശം നഷ്ടപ്പെടാൻ ഇടയുണ്ട്. വോട്ടവകാശമുള്ള എല്ലാവരും വോട്ടർ പട്ടികയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ട തെരഞ്ഞെടുപ്പ് കമ്മീഷൻതന്നെ അവരുടെ സാമ്പത്തിക ലാഭത്തിനുവേണ്ടി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ ഏർപ്പാട് നിർത്തലാക്കണം. ഇതൊരു ജനാധിപത്യ വിരുദ്ധ നിലപാടാണ്. ജനങ്ങൾ എത്രമാത്രം ബുദ്ധിമുട്ടുന്നു? ഫെബ്രുവരി 14 വരെ ഓൺലൈനിൽ വോട്ടർമാരുടെ പേര് സ്വീകരിച്ച് 25-നകം ഹിയറിംഗ് നടത്തി 25-ന് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്നാണ് ഇലക്ഷൻ കമ്മീഷൻ പറയുന്നത്. ഇത് എന്ത് മഠയത്തരമാണ്; വാർഡ് വിഭജനം കഴിഞ്ഞാൽ ആ ലിസ്റ്റ് വീണ്ടും ക്രമപ്പെടുത്തണ്ടേ? ഇലക്ഷൻ കമ്മീഷന് ഈ നാടുമായി ഒരു ബന്ധവുമില്ലേ? എന്ത് വിഡ്ഢിത്തമാണ് അവർ വിളമ്പുന്നത്? ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം ഇതിനെതിരെ കോടതിയിൽ പോയി. ആദ്യത്തെ പ്രാവശ്യം ഞങ്ങൾ പരാജയപ്പെട്ടു. രണ്ടാമത്തെ പ്രാവശ്യം വീണ്ടും ഡിവിഷൻ ബെഞ്ചിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. മറ്റന്നാൾ വിധിയുണ്ടാകും. വിധി ഞങ്ങൾക്ക് അനുകൂലമാകുമെന്നാണ് പ്രതീക്ഷ. ഇത് നല്ല രീതിയിൽ മുന്നോട്ടുപോകണമെന്നുണ്ടെങ്കിൽ 2015-ലെ വോട്ടർ ലിസ്റ്റ് അടിസ്ഥാനമാക്കാൻ കഴിയില്ല. തെരഞ്ഞെടുപ്പിന്റെ 11-ാം മണിക്കൂറിൽ വാർഡ് വിഭജനവും പഴയ വോട്ടർപട്ടികയും ഉപയോഗിക്കാനുള്ള തീരുമാനത്തിലൂടെ

തെരഞ്ഞെടുപ്പിനെത്തന്നെ അട്ടിമറിക്കാനാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും ഈ സർക്കാരും ശ്രമിക്കുന്നത്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ബില്ലുകളെ ഞങ്ങളെല്ലാവരും എതിർക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ബിൽ അവതരണവേളയിലും സബ്ജക്ട് കമ്മിറ്റിയിലും നേരത്തെ ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിച്ചതുപോലെ വിയോജിപ്പ് രേഖപ്പെടുത്തിയതാണ്. കേരളസമൂഹം ഒന്നടങ്കം ഈ രണ്ട് പ്രക്രിയകളെയും എതിർക്കുന്നു എന്നത് ആവർത്തിച്ച് പറഞ്ഞിട്ടും സർക്കാരിനും അത് കൈകാര്യം ചെയ്യുന്ന വകുപ്പിനും മന്ത്രിക്കും മനസ്സിലാകുന്നില്ലെന്നതാണ് ഏറ്റവും ഖേദകരമായ കാര്യം. ഒരു നാട്ടിലെ ജനതയോട് ഇത്രയേറെ വൈരാഗ്യം ഈ സർക്കാരിന് വരേണ്ട കാര്യമെന്താണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. നമ്മുടെ നാട്ടിലെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നമുക്കറിയാം. നമ്മുടെ സംസ്ഥാനത്ത് പണ്ടുകാലത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് നമ്മൾ പഞ്ചായത്ത് ആഫീസിൽ അപേക്ഷ നൽകുന്ന സമയമാണെങ്കിലും കേന്ദ്ര തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസിലും അല്ലെങ്കിൽ തെരഞ്ഞെടുപ്പ് കമ്മീഷനിലും അപേക്ഷ നൽകുന്ന സമയത്താണെങ്കിലും എത്രയോ തവണ നടന്നശേഷമാണ് ഇതൊക്കെ ചെയ്യുന്നത്. പിന്നീട് കേന്ദ്ര നിയമങ്ങളും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും വന്ന കാലഘട്ടങ്ങളിൽ വലിയ മാറ്റങ്ങൾ അതുമായി ബന്ധപ്പെട്ടുണ്ടായി. അത് ഓൺലൈൻ ആക്കി. പിന്നീട് ഹിയറിംഗ് നടത്താതെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് എങ്ങനെയാണെന്ന് ഞാൻ പറയാതെതന്നെ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഓൺലൈനിൽ അപേക്ഷ കൊടുത്ത് ആവശ്യമായ രേഖകൾ ചേർത്തുകഴിഞ്ഞാൽ സ്വാഭാവികമായും ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള അങ്കണവാടി തലത്തിലുള്ള ജീവനക്കാരാണ് നമ്മുടെ വീടുകളിൽ വന്ന് വെരിഫൈ ചെയ്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതും വെട്ടിക്കളയുന്നതും. അങ്ങനെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻപോലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആശ്രയിച്ചുപോകുന്ന കാലത്താണ് ഇവിടെ പുതുതായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്ന വിഷയത്തിൽ അതിന് വിരുദ്ധമായ നിലപാടെടുക്കുന്നത്. അതാണ് നാട്ടിലെ ജനങ്ങളോട് ഇത്രയേറെ വൈരാഗ്യമുണ്ടാകേണ്ട കാര്യമെന്താണെന്ന് മനസ്സിലായില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞത്. ഇപ്പോൾ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സമയമേതാണ്; ഫെബ്രുവരി മാസം 14-ാം തീയതിക്കുശേഷമാണ് ആദ്യഘട്ടത്തിൽ പേര് ചേർക്കാനുള്ള അവസാന ദിവസം. അതിനുശേഷം ഹിയറിംഗിന് ഓരോ ദിവസം കൊടുക്കുകയാണ്. 18 വയസ്സ് കഴിഞ്ഞവരാണ് പുതിയ വോട്ടർമാരായി വരുന്നതെന്ന് നമുക്കറിയാം. അക്കൂട്ടത്തിൽ 90% ആളുകളും വിദ്യാർത്ഥികളാണ്.

ഫെബ്രുവരി-മാർച്ച് മാസത്തിൽ അവരൊക്കെ പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്ന ആളുകളാണ്. കേരളത്തിലെ പുതിയ തലമുറയെ ഈ ഗവൺമെന്റിന് വിശ്വാസമില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ കിട്ടിയ അനുഭവത്തിന്റെ ഭാഗമായി ഇവരെയൊക്കെ നിങ്ങൾക്ക് പേടിയാണോ എന്ന സംശയം വരികയാണ്. കാരണം പരീക്ഷാ സമയത്ത് കുട്ടികളൊന്നും ഹിയറിംഗ് സമയത്ത് ഹാജരാകില്ല, അതുകൊണ്ട് അവരൊന്നും വോട്ടർ പട്ടികയിൽ വരില്ലെന്നാണോ നിങ്ങൾ കരുതുന്നത്; അതുകൊണ്ടാണോ ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ഹിയറിംഗ് വയ്ക്കുന്നത്? ഇതിൽ പ്രധാനപ്പെട്ട കാരണം തെരഞ്ഞെടുപ്പ് കമ്മീഷൻ പറഞ്ഞത്, ഇതിന് വലിയ ചെലവ് വരുമെന്നാണ്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുവേണ്ടി 20 മുതൽ 40 രൂപവരെ അക്ഷയ സെന്ററിൽ കൊടുത്താണ് പേര് ചേർത്തത്. ഇന്ന് അക്ഷയ സെന്ററിൽ 50 രൂപ വരെ പേര് ചേർക്കുന്നതിന് വാങ്ങുകയാണ്. കഴിഞ്ഞ ജനുവരി മാസത്തിൽ 40 രൂപയോ 50 രൂപയോ കൊടുത്ത് പേര് ചേർത്ത ആളുകൾ വീണ്ടും പേര് ചേർക്കാൻ പോകുകയാണ്. വോട്ടവകാശത്തിനുവേണ്ടി 100 രൂപ ചെലവ് ചെയ്യേണ്ട സാഹചര്യം നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ തിരിച്ചറിയൽ കാർഡ് എന്തൊക്കെ ഉപയോഗത്തിനുള്ളതാണെന്ന് കൃത്യമായി അതിൽ പറഞ്ഞിട്ടുണ്ട്. അത് മുനിസിപ്പൽ/പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഉപയോഗിക്കാൻ കഴിയും. എന്റെ സംശയം, പുതുതായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന വോട്ടർമാർക്ക് നിങ്ങൾ എന്ത് ഐഡന്റിറ്റി കാർഡാണ് കൊടുക്കാൻ പോകുന്നത്; ഓരോ വാർഡിലും ഏറ്റവും ചുരുങ്ങിയത് 200 മുതൽ 300 പുതിയ വോട്ടർമാർ ചേരുകയാണ്. ഒരു പഞ്ചായത്തിലെ വോട്ടർ പട്ടികയിൽ ശരാശരി 1500-2000 ആളുകൾ വരുന്നു. പുതുതായി ചേരുന്ന നാനൂറോളം ആളുകൾക്ക് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കാൻ നിങ്ങൾ അനുമതി കൊടുക്കുന്നു. 2019-ൽ വോട്ട് ചെയ്ത വോട്ടർ പട്ടികയിലെ ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് ഈ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവസരം നിങ്ങൾ കൊടുക്കുകയാണ്. അതേസമയം വോട്ട് ചെയ്ത ആളുകൾക്ക് പേര് ചേർക്കാത്തതിനാൽ വോട്ടില്ലാത്ത സ്ഥിതിയും വരികയാണ്. ഇതിൽ രണ്ടിലും ഉൾപ്പെടാത്ത ആളുകൾക്ക് നിങ്ങൾ പുതിയ തിരിച്ചറിയൽ കാർഡ് കൊടുക്കുകയാണ്. അതിലെ യുക്തി എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുകയാണെന്ന് പറയുന്നത്. വാർഡുകളിൽ നിങ്ങൾ ലോക്കൽ കമ്മിറ്റി സെക്രട്ടറിമാരെക്കൊണ്ട് തിരിച്ചറിയൽ കാർഡ് കൃത്രിമമായി കൊടുക്കാനുള്ള ശ്രമമാണോയെന്ന സംശയംകൂടി ഞാനിവിടെ ഉന്നയിക്കുകയാണ്. അല്ലെങ്കിൽ ഇതിന്റെ ആവശ്യമില്ലല്ലോ. അത് എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ

പറഞ്ഞാൽ മതി. കണ്ണൂരിലെ ശൈലിയെന്താണെന്ന് തൃശ്ശൂരുള്ള എനിക്കറിയില്ല. സഹകരണ സംഘത്തിലൊക്കെ നടത്തി നല്ല പരിചയമുണ്ടല്ലോ, അതിന്റെ അടിസ്ഥാനത്തിലാകാനാണ് സാധ്യത. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റ് ചോദിച്ചാൽ ഞാൻ വഴങ്ങാം, വെറുതേ അവിടെയിരുന്ന് സംസാരിക്കേണ്ട കാര്യമില്ല. എനിക്ക് ഒരു വാശിയും നിങ്ങളോടില്ല. എന്റെ നാട്ടിലെ ആളുകൾക്ക് വോട്ട് ചെയ്യാൻ അവസരമുണ്ടാക്കണമെന്നുമാത്രമാണ് ഞാൻ പറഞ്ഞത്. അല്ലാതെ ഞാൻ വേറൊന്നും പറഞ്ഞിട്ടില്ല. ബഹുമാന്യനായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ദേഷ്യമുണ്ടാകാനുള്ള സാധ്യതയൊക്കെയുണ്ട്. കാരണം, ഈ വകുപ്പ് അമ്മാനമാടിയ ആളിന്റെ കയ്യിൽനിന്നും അത് മാറ്റി ഒന്നുമില്ലാത്ത വകുപ്പ് കൊടുത്തതിന്റെ പ്രതിസന്ധിയും പ്രശ്നവുമൊക്കെ അദ്ദേഹത്തിനുണ്ടാകും. അതിലെനിക്ക് അഭിപ്രായവ്യത്യാസമില്ല, അദ്ദേഹത്തിന് ചിലപ്പോൾ അഭിപ്രായ വ്യത്യാസമുണ്ടാകാം. ഞാൻ പറഞ്ഞുവന്നത്, എന്റെ നാട്ടിലെ ആളുകൾക്ക് വോട്ട് ചെയ്യാൻ അവസരം കൊടുക്കുന്നത് സംബന്ധിച്ചാണ്. പൗരത്വ ബില്ലുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിനെതിരായ വലിയ സമരം നടക്കുകയാണ്. അവിടെ പൗരത്വം നിഷേധിക്കുന്നതുപോലെയാണ് ഇവിടെ വോട്ടവകാശം നിഷേധിക്കുന്നതും. അത് വേറെ തലത്തിലാണ് എന്നുമാത്രമേയുള്ളൂ. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2019-ലെ വോട്ടർ പട്ടികയിലുള്ള ആളുകൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടവകാശം നിഷേധിക്കുമ്പോൾ അവർക്ക് എങ്ങനെ നിങ്ങൾ തിരിച്ചറിയൽ കാർഡ് കൊടുക്കുമെന്നൊരു ചോദ്യം എന്റെ മുന്നിലുണ്ട്. ഓൺലൈനിൽ അപേക്ഷ കൊടുക്കുമ്പോൾ അതിൽ പ്രധാനപ്പെട്ടൊരു ചോദ്യമുണ്ട്, തിരിച്ചറിയൽ കാർഡിന്റെ നമ്പർ ചോദിക്കുകയാണ്. എത്ര വിഡ്ഢിത്തം നിറഞ്ഞ ഒരു ചോദ്യമാണ്? ഇന്ത്യയിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡുള്ള ഒരു വോട്ടറോട് പഞ്ചായത്തിന്റെ വോട്ടർ പട്ടികയിൽ പുതുതായി വോട്ട് ചേർക്കുന്ന സമയത്ത് തന്റെ തിരിച്ചറിയൽ കാർഡ് ചോദിക്കുകയാണ്. പ്രീ-ഡിഗ്രിക്കോ പ്ലസ്-ടുവിനോ പഠിക്കുന്ന ആൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചിട്ടുണ്ടോ എന്നൊരു ചോദ്യം ചോദിക്കുന്നതുപോലെയാണ് അത്. പഞ്ചായത്ത് ഇലക്ഷന്റെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സമയത്ത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടികയിലെ തിരിച്ചറിയൽ കാർഡിന്റെ നമ്പർ ചോദിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ വോട്ട് ചെയ്യാൻ പോകണമെങ്കിൽ ഒന്നുകിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കണം അതല്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിമാർ താൽക്കാലികമായ തിരിച്ചറിയൽ കാർഡ് കൊടുക്കണം. സ്വാഭാവികമായും നിങ്ങൾ സഹകരണസംഘങ്ങളിലൊക്കെ, ശ്രീ. റ്റി. വി. രാജേഷിന്റെ

എക്സ്പീരിയൻസ് അനുസരിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ, വലിയ പരീക്ഷണങ്ങൾ നടത്തിയ ആളുകളായതുകൊണ്ട് വ്യാജ തിരിച്ചറിയൽ കാർഡ് കൊടുക്കാനുള്ള ശ്രമമാണോ എന്നൊരു സംശയം കൂടിയുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയെ വിശ്വാസമുള്ളതുകൊണ്ട് അങ്ങനെ ചെയ്യാൻ സാധ്യതയില്ല. പക്ഷെ എല്ലാവരും അങ്ങനെയാകണമെന്നില്ല. എന്റെ സംശയം ഞാൻ പറഞ്ഞുവയ്ക്കുകയാണ്. ഒരു കാര്യമുള്ളത്, ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നാട്ടിലെ എം.എൽ.എ. ആണ് ഞാൻ. അദ്ദേഹം എന്റെ മന്ത്രിയുമാണ്. അതാണ് അതിന്റെ വ്യത്യാസം. വേറെ തർക്കം അതിനകത്തില്ല. ഞാൻ പറഞ്ഞുവന്നത്, 2019-ലെ വോട്ടർ പട്ടിക എടുക്കുന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല.

ശ്രീ. വി. ജോയി: സർ, ഒരു വലിയ വിഭാഗം ആളുകൾക്ക് വോട്ടവകാശം കൊടുക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുകയാണെന്ന ധ്വനിയിലാണ് അല്ലെങ്കിൽ ആ അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുന്നത്. 14-ാം തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള ദിവസമെന്ന് കഴിഞ്ഞ ദിവസം ഒരു പത്രവാർത്ത വന്നു. ഏതാണ്ട് 9 ലക്ഷത്തിലധികം ആളുകൾ പേര് ചേർക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്തതായി അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അനിൽ അക്കര: സർ, എത്ര ബാലിശമായിട്ടാണ് അദ്ദേഹം ഇത് പറയുന്നത്. എത്ര ആളുകളാണെന്ന കൃത്യമായ കണക്ക് ഞങ്ങളുടെ കയ്യിലുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഏകദേശം 40 ലക്ഷത്തോളം വരുന്ന വോട്ടർമാരുടെ പേര് ചേർക്കേണ്ടതുണ്ട്. ഒരു പാർട്ടിയുടെ കാര്യം മാത്രം പറയുന്നില്ല, എല്ലാ പാർട്ടിയുടെയും പ്രവർത്തകർ വളരെ താല്പര്യപൂർവ്വം എല്ലാ ആൾക്കാരെയും രജിസ്റ്റർ ചെയ്യുന്നുണ്ട്. പക്ഷെ ഇവരെല്ലാം ഹിയറിംഗിന് വരേണ്ടതല്ലേ. 40 ലക്ഷം ആൾക്കാരുണ്ട്, ഇലക്ഷൻ കമ്മീഷന്റെ 10 ആൾക്കാരാണുള്ളത്. ഇവരെയെല്ലാം വീണ്ടും ഹിയറിംഗ് നടത്തി അവരുടെ സർട്ടിഫിക്കറ്റ് കാണിക്കുക, ഇതൊക്കെ ബാലിശമായിട്ടുള്ള കാര്യമാണ്. അതൊരിക്കലും നടക്കില്ല. അതാണ് കോടതിയിൽ ഞങ്ങൾ ചോദ്യം ചെയ്തിട്ടുള്ളത്. എന്താണ് വിധിയെന്ന് മറ്റന്നാൾ അറിയാം.

ശ്രീ. വി. ജോയി: 40 ലക്ഷമെന്ന് എങ്ങനെ കൃത്യമായി പറയാൻ സാധിക്കും?

ശ്രീ. മഞ്ഞളാംകുഴി അലി: അതിന്റെ കൃത്യമായ കണക്കുണ്ട്. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ ആകെ വോട്ടർമാരും 2019-ലുള്ള പാർലമെന്റ് തെരഞ്ഞെടുപ്പിലെ ആകെ വോട്ടർമാരും തമ്മിലുള്ള വ്യത്യാസം.

അതുപോലെതന്നെ കുറേയധികം വോട്ടർമാർ പേര് ചേർക്കാത്തവരുണ്ട്, പുതുതായി വന്നവരുണ്ട്. ഇവരെയെല്ലാം കൂട്ടുകയാണെങ്കിൽ ഏകദേശം 40 ലക്ഷം വരും. പുതുതായി എത്രപേരുണ്ടെന്ന് കൃത്യമായി അറിയില്ല.

ശ്രീ. അനിൽ അക്കര: ശ്രീ. വി. ജോയിക്ക് അറിയാമോയെന്ന് അറിയില്ല. ഇതിനകത്ത് കൃത്യമായ പഠനം നടത്തേണ്ടതുണ്ട്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ 30 ലക്ഷത്തിനും 40 ലക്ഷത്തിനുമിടയിൽ പുതിയതായി അല്ലെങ്കിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തയാളുകളുണ്ട്. ഞാൻ ഒരുദാഹരണം പറയാം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനുശേഷം എന്റെ മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ഒരു തെരഞ്ഞെടുപ്പ് നടന്നു. അവിടെ അന്ന് 2015-ലെ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച വോട്ടർ പട്ടിക പുതുക്കുകയാണ് ചെയ്തത്. 350 ആളുകളെ പുതുതായി വോട്ടർ പട്ടികയിൽ ചേർത്തു. അതിന്റെ കണക്ക് അവിടെയുണ്ട്, പരിശോധിച്ചാൽ കാണാൻ കഴിയും. ഞാൻ സൂചിപ്പിച്ചതുപോലെ ഇപ്പോഴത്തെ അവസ്ഥയിൽ ശരാശരി 250-നും 400-നുമിടയിൽ വോട്ടർമാർ പുതുതായി ഉണ്ടാകും. അതിൽ പഞ്ചായത്തിന്റെ വലിപ്പം, അർബൻ ഏരിയ ഇതൊക്കെവച്ച് വ്യത്യാസം വരും. അത്രത്തോളം ആളുകളെ അവിടെ ചേർക്കാനുണ്ട്. ഫെബ്രുവരി മാസം 14-ാം തീയതി കഴിഞ്ഞാൽ ഇത് അവസാനിക്കുന്നില്ല. മൂന്ന് തവണയായി ഇതിന്റെ പ്രക്രിയയുണ്ട്. ഒരു കാര്യം മനസ്സിലാക്കണം, നിങ്ങൾ പഞ്ചായത്ത് ഓഫീസിൽപ്പോയി നോക്കിയാലറിയാം, അവിടെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. എല്ലാ ഉദ്യോഗസ്ഥരും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണ്. കൊടുത്ത അപേക്ഷകളിൽ ഹിയറിംഗിന് 20-25 ശതമാനം മാത്രമാണ് ഹാജരാകുന്നത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. കുട്ടികളുടെ പരീക്ഷ നടക്കുന്ന സമയമാണ്, പഠിക്കുന്ന സമയമാണ്. ആളുകൾ ഇപ്പോൾ അങ്ങോട്ട് വരുന്നില്ല. ഇനി നമുക്കൊരു സാധ്യതയുള്ളത്, പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സമയമാകുമ്പോൾ പുതുതായി പേര് ചേർക്കുന്ന സമയത്ത് ഒന്നുകൂടി വിജിലന്റായി ആളുകൾ വരും. അതിൽ തർക്കം പറയുന്നില്ല. എന്ത് പ്രശ്നമുണ്ടെങ്കിലും മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ചേർക്കുമെന്നുള്ളത് നമുക്കറിയാം. പക്ഷെ ജനങ്ങളെ ഇങ്ങനെ ഉപദ്രവിക്കണോ എന്നാണ് ചോദിച്ചത്. കാരണം, കേരളംപോലൊരു സംസ്ഥാനത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ, പ്രത്യേകിച്ച് ഒരു വാർഡിലെ തെരഞ്ഞെടുപ്പിൽ എല്ലാ ആളുകളെയും വോട്ട് ചെയ്യിക്കും. എല്ലാ ശ്രമവും ഉപയോഗിച്ച് വോട്ടർ പട്ടികയിൽ പേര് ചേർക്കുകയും ചെയ്യും. അതൊന്നും തർക്കമുള്ള കാര്യമല്ല. പക്ഷേ വോട്ടുചെയ്ത് വിജയിപ്പിച്ച നാട്ടുകാരെ ഇങ്ങനെ ബുദ്ധിമുട്ടിക്കണോ എന്നൊരു ചോദ്യം മാത്രമേ അതിനകത്തുള്ളൂ. വേറെ

പ്രശ്നമൊന്നുമില്ല. വോട്ടർ പട്ടികയിൽ പേര് ചേർക്കും, അതൊക്കെ ചെയ്യും. പക്ഷെ നാട്ടുകാരെ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. എന്റെ സംശയം, ഇവിടെ ഭരിക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റ് തന്നെയല്ലേ; സർക്കാർ പറഞ്ഞാൽ തെരഞ്ഞെടുപ്പ് കമ്മീഷൻ കേൾക്കില്ല എന്നാണ് പറയുന്നത്. ഗവർണറുടെ വിഷയത്തിൽ അത് ആദ്യം നമുക്ക് മനസ്സിലായില്ല. പിന്നീട് സർക്കാർ പറഞ്ഞാൽ ഗവർണ്ണറും കേൾക്കും എന്ന് മനസ്സിലായതാണ്. അപ്പോൾ ഗവർണറെക്കാൾ വലിയ പുലിയാണോ ഈ തെരഞ്ഞെടുപ്പ് കമ്മീഷനെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, 2019-ൽ ഉപയോഗിച്ച വോട്ടർ പട്ടിക തദ്ദേശ തെരഞ്ഞെടുപ്പിന് ഉപയോഗപ്പെടുത്തണമെന്ന ആവശ്യത്തിനെതിരെ ഇലക്ഷൻ കമ്മീഷൻ പറഞ്ഞതായി പറയപ്പെടുന്ന കാരണം, അങ്ങനെ വന്നാൽ വാർഡുകളായി കോഡിഫൈ ചെയ്യാനുള്ള പ്രയാസവും ചെലവുമാണ്. ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ബിൽ പാസ്സായാൽ എങ്ങനെ വന്നാലും വാർഡുകളുടെ എണ്ണം വർദ്ധിക്കും. അപ്പോൾ വാർഡ് അടിസ്ഥാനത്തിൽ 2015-ലെ പട്ടിക സ്വീകരിക്കുകയെന്ന തത്വം അവിടെ നടപ്പാകില്ല. വാർഡുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ വീണ്ടും ഈ പട്ടിക വാർഡടിസ്ഥാനത്തിൽ ക്രോഡീകരിക്കണം. അതുകൊണ്ട് വാർഡ് വിഭജനം വീണ്ടും വരുന്ന സന്ദർഭത്തിൽ എങ്ങനെ വന്നാലും 2015-ലെ പട്ടിക വീണ്ടും reshuffle ചെയ്യണം. അങ്ങനെയെങ്കിൽ നേരത്തെ പറഞ്ഞതുപോലെ, 40 ലക്ഷത്തോളം വരുന്ന വോട്ടർമാരാകാൻ അർഹതയുള്ളവരെ വോട്ടർമാരാക്കുക. Right to exercise Franchise (വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുക്കുക) എന്ന അനുകൂല നിലപാട് സ്വീകരിക്കാൻ അങ്ങയുടെ വോട്ടർ കൂടിയായ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അങ്ങ് അഭ്യർത്ഥിക്കുമോ?

ശ്രീ. അനിൽ അക്കര: അതാണ് ഞാൻ പറഞ്ഞുവരുന്നത്.

ശ്രീ. സജി ചെറിയാൻ: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിലുള്ള ഒരു ഡെലിഗേഷൻ എന്തുകൊണ്ടാണ് ഇലക്ഷൻ കമ്മീഷനെ കാണാത്തതെന്നുള്ള സംശയം ചോദിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇലക്ഷൻ കമ്മീഷനോടും മന്ത്രിയോടും മുഖ്യമന്ത്രിയോടും ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ആ സമയത്ത് മന്ത്രിക്കും ഇതേ അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത്. മാത്രമല്ല ആളുകളുടെ അസൗകര്യം ഒഴിവാക്കാൻ; ആളുകളെ മുഴുവൻ വീണ്ടും ഹിയറിംഗിനു കൊണ്ടുപോകുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. പക്ഷെ ഇലക്ഷൻ കമ്മീഷൻ വളരെ ശക്തമായ നിലപാടാണ് എടുത്തത്. അതുകൊണ്ട് ഞങ്ങൾ കോടതിയിൽ കേസ്

കൊടുത്തു. ബഹുമാനപ്പെട്ട ഹൈക്കോടതി അതിൽ തീരുമാനമെടുക്കാൻ വേണ്ടി വച്ചിരിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ അങ്ങ് ഇലക്ഷൻ കമ്മീഷണറോട് സംസാരിച്ചപ്പോൾ ഇത് ചെയ്യാൻ കഴിയില്ലായെന്ന് പറഞ്ഞു. മന്ത്രിക്കും ചെയ്യാൻ അധികാരമില്ല. പിന്നെ എന്തിനാണ് നിയമസഭയുടെ വിലയേറിയ സമയം പാഴാക്കുന്നത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറും ശ്രീ. എം. എം. ഹസനും ഞാനും നേരിട്ട് പോയി ഇലക്ഷൻ കമ്മീഷണറെ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കുകയും കുറേ പ്രയാസങ്ങൾ പറയുകയും ചെയ്തതാണ്. ഗവൺമെന്റുമായി ചർച്ച ചെയ്തതിനുശേഷം തീരുമാനിക്കാമെന്നാണ് അപ്പോൾ അദ്ദേഹം പറഞ്ഞത്. ഞങ്ങൾ ഉറപ്പായും വിശ്വസിക്കുന്നത്, ഗവൺമെന്റ് കർശനമായി പറയുകയാണെങ്കിൽ അത് നിർബന്ധമായും ചെയ്തിരിക്കുമെന്നാണ്. ഗവൺമെന്റ് അത് പറഞ്ഞില്ല, അങ്ങനെ പറയുകയാണെങ്കിൽത്തന്നെ മന്ത്രി സർവ്വകക്ഷിയോഗം വിളിക്കേണ്ടതായിരുന്നു. പക്ഷെ, ഇതുവരെയും വിളിച്ചിട്ടില്ല. ഇലക്ഷൻ വരുന്ന കാലഘട്ടങ്ങളിലൊക്കെ എല്ലാ ഗവൺമെന്റുകളും സർവ്വകക്ഷി യോഗം വിളിക്കാറുണ്ട്. നേതാക്കന്മാരെല്ലാംപോയി കണ്ടതിനുശേഷവും അവർ സമ്മതിക്കാത്തതുകൊണ്ടാണ് കേസ് കൊടുത്തത്.

ശ്രീ. എം. നൗഷാദ്: സർ, വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ അതിൽ ഒപ്പുവയ്ക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ ബഹുമാന്യനായ ഗവർണ്ണറെ കണ്ടിരുന്നല്ലോ; വാർഡ് വിഭജനം നടത്താൻ പാടില്ലായെന്നുള്ള നിലപാടുകൊണ്ടാണല്ലോ ഇവിടെ ചർച്ച വന്നത്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, വാർഡ് വിഭജനം പാടില്ല, അനാവശ്യമാണെന്ന് പറഞ്ഞ് ഇത്രയും പ്രശ്നങ്ങളുണ്ടാക്കിയ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ, വാർഡ് വിഭജിക്കുന്നതിനുവേണ്ടി ഭേദഗതി കൊടുത്തിട്ടുള്ള കാര്യം ശ്രീ. അനിൽ അക്കരയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെ സംബന്ധിച്ചുള്ള അഭിപ്രായംകൂടി പറയണം.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ഒരുകാര്യംകൂടി ചോദിക്കാനുണ്ട്. അങ്ങ് ശക്തനായ ആഭ്യന്തര വകുപ്പുമന്ത്രിയും കേരളത്തിലെ കോൺഗ്രസ്സിന്റെ ശക്തനായ നേതാവുമായിരുന്നല്ലോ. അങ്ങയുടെ കാലത്ത് ഗവൺമെന്റിന്റെ സഹായത്തോടെയാണ് ഇലക്ഷൻ കമ്മീഷണറെ നിയമിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയുള്ള ഒരാളുടെയടുത്ത്, ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവിനെപ്പോലെ രാഷ്ട്രീയ സ്വാധീനമുള്ള ആൾ സംസാരിച്ചിട്ടും അദ്ദേഹം വഴങ്ങുന്നില്ല, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ വഴങ്ങുമെന്ന് പറയുന്ന ലഘുവായ അഭിപ്രായത്തിലേയ്ക്ക് ഈ പ്രശ്നത്തെ എത്തിച്ച് രാഷ്ട്രീയ ചർച്ചയിലേയ്ക്ക് ഈ വിഷയത്തെ മാറ്റിതീർക്കേണ്ടതുണ്ടോയെന്ന സംശയമാണ് എനിക്കുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇലക്ഷൻ കമ്മീഷണറായി നിയമിക്കുന്നത് രാഷ്ട്രീയക്കാരെയല്ല, റിട്ടയേർഡ് ജില്ലാ ജഡ്ജിമാരെയാണ്. അങ്ങനെയുള്ള ഒരാളെയാണ് നിയമിച്ചത്. രാഷ്ട്രീയാടിസ്ഥാനത്തിൽ നമ്മൾ പറയുന്നതെല്ലാം കേൾക്കണമെന്ന് ഒരു പാർട്ടിക്കും ഒരു ഗവൺമെന്റിനും പറയാൻ സാധിക്കില്ല. അതുകൊണ്ട് ആ തീരുമാനം ശരിയല്ലായെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ കോടതിയിൽ പോയത്. ശ്രീ. എ. സി. മൊയ്തീനും ഇതേ അഭിപ്രായമാണ് ഉണ്ടായിരുന്നത്. ഞങ്ങൾ ഒരുമിച്ച് മുഖ്യമന്ത്രിയുമായി ഒരു യോഗത്തിൽ പങ്കെടുത്തപ്പോൾ ഇക്കാര്യം സംസാരിച്ചതാണ്. പരിശോധിക്കാമെന്ന് പറഞ്ഞതാണ്. ശ്രീ. എം. നൗഷാദ് അറിയാത്തതുകൊണ്ട് പറയുന്നതാണ്, അതിന് ഞാൻ മറുപടി പറയുന്നില്ല. പക്ഷെ, ഇവിടെ ഞങ്ങളുടേത് വ്യക്തമായ നിലപാടാണ്. അതുകൊണ്ടാണ് കോടതിയിൽ പോയത്. ആളുകളെ ബുദ്ധിമുട്ടിക്കുന്നത് എന്തിനാണ്? 2019-ലെ വോട്ടർ പട്ടികയാണെങ്കിൽ ആർക്കും ബുദ്ധിമുട്ടില്ല, ഒരു പാർട്ടിക്കും ബുദ്ധിമുട്ടില്ല. അതുതന്നെ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ചാൽ മതി. ആയിരക്കണക്കിന് ആളുകൾക്കാണ് വില്ലേജാഫീസിൽ പോയി വോട്ടർ പട്ടികയിൽ പേര് ചേർക്കേണ്ടിവരുന്നത്.

ശ്രീ. സജി ചെറിയാൻ: സർ, ഒരു മന്ത്രിയോ ഗവൺമെന്റോ പറഞ്ഞാൽ കേൾക്കില്ലെന്ന് അങ്ങുതന്നെ പറയുന്നു. അങ്ങ് പറഞ്ഞിട്ടും കേൾക്കാത്ത ആൾ ഈ ഗവൺമെന്റ് പറഞ്ഞാൽ കേൾക്കുമെന്ന് പറയുന്നത് ബാലിശമായ അഭിപ്രായമാണ്. അതുകൊണ്ട് ഈ അധര വ്യായാമം എന്തിനാണെന്നാണ് ചോദിച്ചത്. രാഷ്ട്രീയമായ കാര്യങ്ങൾ കൈകാര്യം ചെയ്യാം. ശ്രീ. അനിൽ അക്കര ഇത്രയും പ്രയാസപ്പെടുന്നത് എന്തിനാണെന്ന് മാത്രമാണ് ചോദിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2019-ലെ പാർലമെന്റ് ഇലക്ഷനിലെ വോട്ടർ പട്ടികയിൽ പേരുള്ള ആളുകളെക്കൂടി ഇതിലേയ്ക്ക് ചേർക്കുന്നതിൽ എതിർക്കുന്നത് എന്തിനാണ്? ഓരോ വാർഡിലെയും 400-ഉം 500-ഉം ആളുകളെ കൊണ്ടുവന്ന് അണിനിരത്തി, ബാംഗ്ലൂരിലും മറ്റ് പ്രദേശങ്ങളിലും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ വന്നേ മതിയാകുവെന്ന് വാശിപിടിക്കുന്നത് എന്തിനാണ്? 2015-ലെ വോട്ടർ പട്ടിക വരുന്ന കാലത്ത് പതിനേഴര വയസ്സുള്ള ആളിന് ഈ വോട്ടർ പട്ടികയിൽ പേരുണ്ടാകില്ല. ഈ

ഡിസ്ക്രിമിനേഷൻസെല്ലാം മനസ്സിലാക്കിക്കൊണ്ട് ഇവരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുകയല്ലേ ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. അതിനുവേണ്ടിയുള്ള നടപടിയിൽ ഈ ഗവൺമെന്റ് ഏത് സ്റ്റാന്റിലാണ് നിൽക്കുന്നതെന്നതാണ് ശ്രീ. അനിൽ അക്കര ചോദിച്ചതിന്റെ അർത്ഥം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുതന്നെയല്ലേ?

ശ്രീ. അനിൽ അക്കര: സർ, കൃത്യമായും അതുതന്നെയാണ്. ഞാൻ ഇപ്പോൾ ത്രിശങ്കു സ്വർഗ്ഗത്തിലാണ് നിൽക്കുന്നത്. ഈ ബിൽ പൈലറ്റ് ചെയ്തത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണോയെന്നാണ് എന്റെ സംശയം. ബഹുമാന്യനായ എ. സി. മൊയ്തീനാണെന്നാണ് വിചാരിച്ചത്. ഇപ്പോൾ എല്ലാവരും പ്രതിപക്ഷനേതാവിനെ കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയാണ്. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയപ്പോൾ, എന്റെ അറിവ് ശരിയാണെങ്കിൽ, സർക്കാരിന്റെ തീരുമാനം ഏതാണ്ട് സമ്മതിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായം ഇവിടെ വന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെന്റാണ് അതിൽ ശക്തമായി നിന്നത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇപ്പോൾ ഈ കേസ് ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലിരിക്കുകയാണ്. നാളെയോ മറ്റന്നാളോ അതുമായി ബന്ധപ്പെട്ടുകൊണ്ട് വിധി പറയാൻ പോകുകയാണ്. ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ ഇരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുണ്ട്. ഇത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമാണ്. എൽ.ഡി.എഫ്.-കാർ പറയുന്നത് മാത്രം കേൾക്കുവാൻ വേണ്ടിയാണോ ബഹുമാന്യരായ സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറുമുള്ളത്? ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ഭരണഘടനാ സ്ഥാപനങ്ങൾ നിയമപരമായി, നിഷ്പക്ഷമായി എടുക്കേണ്ട സംവിധാനത്തിൽ അവർക്ക് സ്വാഭാവികമായും തെറ്റ് വരാം. ലോക്സഭയിലും രാജ്യസഭയിലും അംഗീകരിച്ച പൗരത്വ ഭേദഗതി നിയമത്തെ എതിർത്ത് നമ്മൾ എന്തിനാണ് പ്രമേയംമൂലം ഐകകണ്ഠ്യേന തീരുമാനം എടുത്തത്. ശ്രീ. ഒ. രാജഗോപാൽപോലും പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്തില്ല. അത് എന്തിനാണ്; നമ്മുടെ അവകാശമാണ്. സ്വാഭാവികമായും നമ്മുടെ രാജ്യത്ത്, ജനാധിപത്യ സംവിധാനത്തിനകത്ത് ജനപ്രതിനിധികളായ ആളുകൾക്കും ജനങ്ങൾക്കുമെല്ലാം പ്രതിഷേധം രേഖപ്പെടുത്തുവാനും തിരുത്താനുമുള്ള ശക്തിയുടെ ഭാഗമായാണ് പ്രമേയം പാസ്സാക്കിയത്. ശ്രീ. വി. ജോയിക്കും അതുപോലെ മറ്റുള്ള അംഗങ്ങൾക്കും അഭിപ്രായം ഉണ്ടെങ്കിൽ ഇപ്പോൾത്തന്നെ തീരുമാനം എടുക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

2019-ലെ പാർലമെന്റ് ഇലക്ഷനിൽ വോട്ട് ചെയ്ത ആളുകൾക്കൊക്കെ 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശം കൊടുക്കാനായി നമുക്ക് എല്ലാവർക്കും ചേർന്ന് പ്രമേയം പാസ്സാക്കാം. നിങ്ങൾ അതിന് തയ്യാറുണ്ടോ? ഞങ്ങൾ അതിന് മുൻകയ്യെടുക്കാം. നിങ്ങളുടെ പ്രധാനപ്പെട്ട വിഷയം ജനങ്ങളെ എങ്ങനെ ബുദ്ധിമുട്ടിക്കാമെന്നുള്ളതാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അതിന്റെയൊന്നും ആവശ്യമില്ല. ഗവൺമെന്റ് പറഞ്ഞാൽ മതി. 2019-ലെ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ ഈ പട്ടിക തയ്യാറാക്കാൻ പറഞ്ഞാൽ മതി. അത് പറയുന്നില്ല. മന്ത്രി ആദ്യം പറഞ്ഞു, പിന്നീട് നിലപാട് മാറ്റി. അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്തേണ്ട. മന്ത്രിയോട് പറഞ്ഞാൽ മതി.

<u>ശ്രീ. അനിൽ അക്കര</u>: സർ, അക്കാര്യത്തിൽ തർക്കമില്ല. ഇന്നത് മനസ്സിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. നാളെ മാർക്സിസ്റ്റ് പാർട്ടിയുടെ അവയ്‌ലബിൾ കമ്മിറ്റി ചേർന്ന് 2019-ലെ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് പറയാനുള്ള സാധ്യതയുണ്ട്. കാരണം, ഇന്ന് ഹൈക്കോടതിയിൽ നടന്ന ഹിയറിംഗും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നോക്കുമ്പോൾ അതുപറയും. ഒരു തർക്കവും ആ കാര്യത്തിലുണ്ടെന്ന് തോന്നുന്നില്ല. ഭരണപക്ഷ സ്വരത്തിന് വ്യത്യാസം വരുന്നുണ്ട്. നമ്മൾ പാട്ട് പാടുമ്പോൾ അവർ താളം പിടിക്കുന്ന രീതിയിലാണ് 2019-ലെ വോട്ടർ പട്ടിക വേണമെന്നുള്ള രീതിയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. കാരണം വേറെയൊന്നുംകൊണ്ടല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി അങ്ങനെ പറയാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയതിന്റെ ഭാഗമായാണ് ഇത്തരത്തിൽ പോകുന്നത്. നമുക്ക് ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയിലേയ്ക്ക് വിട്ടുകൊടുക്കണമെന്നില്ല. നമുക്ക് പ്രമേയം പാസ്സാക്കി അത്തരത്തിലേയ്ക്ക് പോകാം. 2019-ലെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ആളുകൾ, അവരുടെ ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് ഓൺലൈനിൽ അപേക്ഷ കൊടുക്കുന്ന സമയത്ത് അവരെയെങ്കിലും ഹിയറിംഗിന് ഒഴിവാക്കാമല്ലോ. അവരും പഞ്ചായത്ത് ഓഫീസിലേയ്ക്ക് വരണമെന്നാണ് പറയുന്നത്. എല്ലാവരും ഹിയറിംഗിന് വരണമെന്നാണ് പറയുന്നത്. 2019-ലെ വോട്ടർ പട്ടികയിൽ പേരില്ലാത്ത ആൾ, ഇതുവരെയും വോട്ട് ചെയ്യാത്ത ആൾ, സ്വാഭാവികമായും അയാൾ ഇങ്ങനെ ചെയ്തുപോകണം. അയാൾ ഒരു തവണ പഞ്ചായത്ത് ഓഫീസിൽ പോകണം. നമ്മുടെ പഞ്ചായത്ത് ഓഫീസ് കാണട്ടെ; കേരളത്തിൽ മുഴുവൻ പഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കിട്ടിയതാണ്. അങ്ങനെ നമ്മൾ വലിയ രീതിയിൽ അവകാശപ്പെടുന്നതാണ്. എന്റെ പഞ്ചായത്ത് ഓഫീസ് സെൻട്രലൈസ്ഡ് എ.സി. ആണ്. ആ പഞ്ചായത്ത് ഓഫീസ് ഒന്ന് കാണുന്നത് തെറ്റുള്ള കാര്യമല്ല. 2019-ൽ വോട്ട് ചെയ്ത ആൾക്ക് അയാളുടെ ഐഡന്റിറ്റി കാർഡ്

ഇതിൽ രേഖയായി ഉപയോഗിക്കുന്ന സമയത്ത് അയാൾ വീണ്ടും വരണമെന്ന് പറയുന്നതിലെ യുക്തിയാണ് എനിക്ക് മനസ്സിലാകാത്തത്. അതുകൊണ്ട് ആ വിഷയത്തിൽ ഇനിയെങ്കിലും ഒരു തീരുമാനം നമ്മൾ എടുക്കേണ്ടതായിട്ടുണ്ട്. അത് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട വിഷയമാണ്. സ്വാഭാവികമായും വാർഡ് വിഭജനം നിങ്ങൾ നടത്തികഴിഞ്ഞാൽ വീണ്ടും ...

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഏകദേശം 8 ലക്ഷത്തോളം വരുന്ന ആളുകളാണ് ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആകെ രജിസ്റ്റർ ചെയ്തതിന്റെ 20 ശതമാനം ആളുകൾപോലും ഹിയറിംഗിന് വരുന്നില്ല. എന്തിനാണ് ഞങ്ങൾ വരുന്നത്; ഞങ്ങൾക്ക് ഐഡന്റിറ്റി കാർഡ് ഉണ്ട്; അതുകൊണ്ട് ഞങ്ങൾ വരുന്നില്ലായെന്നാണ് അവർ പറയുന്നത്. അവർ പല ഭാഗങ്ങളിലാണ്, പല ആൾക്കാരുമാണ്. ഇതുമൂലം വലിയ ബുദ്ധിമുട്ടാണ് നേരിടുന്നത്. ഇത് എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമില്ലാതെ എല്ലാ ജനങ്ങൾക്കും വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. അനിൽ അക്കര: സർ, ഇപ്പോൾ വാർഡ് വിഭജനം നടത്തിയാൽ അതിൽ നിയമപരമായ ധാരാളം വിഷയങ്ങളുണ്ട്. വാർഡ് വിഭജനം നടത്തുമ്പോൾ 2015-ലെ വോട്ടർ പട്ടികയിൽനിന്ന് വീണ്ടും ആളുകളെയെടുത്ത് പുതിയ വാർഡ് രൂപീകരണം നടത്തേണ്ടതായിട്ടുണ്ട്. ഹിയറിംഗിന്റെ കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കണം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സമയത്ത് ഹിയർ ചെയ്യാനായി വോട്ടർമാർ വില്ലേജാഫീസിലേയ്ക്കോ തെരഞ്ഞെടുപ്പ് കമ്മീഷൻ പറയുന്ന സ്ഥലത്തേയ്ക്കോ അല്ല പോകുന്നത്. അങ്കണവാടി വർക്കർമാരും ബി.എൽ.ഒ.-മാരും വോട്ടർമാരുടെ വീട്ടിൽ വന്ന് വെരിഫിക്കേഷൻ നടത്തുകയാണ് ചെയ്യുന്നത്. ഇത്രയേറെ ജനസേവനം ചെയ്യുന്ന നാട്ടിൽ ഇപ്പോഴും പ്രാകൃതമായ രീതി തുടരുന്നുവെന്നുള്ളതാണ് ഇതിലെ പ്രധാന പ്രശ്നം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവർണറുടെ നിലപാട് വളരെ രസകരമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ എന്നാണ് അദ്ദേഹം പറഞ്ഞത്. അത് പറയാൻ അദ്ദേഹത്തിന് ഒരു യോഗ്യതയുമില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സെൻസസിന്റെ നിയമം വച്ചുകൊണ്ടാണ് പറഞ്ഞത്. ഗവർണർ എന്താണ് ചെയ്തത്? രണ്ട് മുട്ടനാടുകളെ തമ്മിൽ മുട്ടിച്ച് രക്തം കുടിക്കാൻ പറ്റുമോയെന്ന രീതിയിൽ ഗവർണർ ഞങ്ങളെ മുട്ടിക്കാൻ നോക്കിയതാണ്. ആ നിലപാടിനോട് യോജിക്കാൻ കഴിയില്ല. നിയമപരമായി അദ്ദേഹം പറയട്ടെ. ഓർഡിനൻസല്ല ബില്ലാണ് കൊണ്ടുവരേണ്ടതെന്നാണ് അദ്ദേഹം പറഞ്ഞത്. ബിൽ കൊണ്ടുവന്നാൽ നിയമപരമായിട്ടാണോ അദ്ദേഹം പരിശോധിക്കുക.

നിയമപരമായിട്ടാണെങ്കിൽ ഇതിന് ധാരാളം പ്രശ്നങ്ങൾ നിൽക്കുകയല്ലേ; ഈ ബില്ലിൽ എന്താണ് പറയുന്നത്? നിലവിൽ ഏറ്റവും ചെറിയ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം 13-ഉം വലിയ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം 23-ഉം ആണ്. സമാനമായി നഗരസഭകളും കോർപ്പറേഷനുകളുമുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ വാർഡ് കൂടുന്നുവെന്നാണ് യു.ഡി.എഫ്.-ലെയും എൽ.ഡി.എഫ്.-ലെയും പല മെമ്പർമാരും ധരിച്ചിരിക്കുന്നത്. 13 വാർഡുകളുള്ള പഞ്ചായത്തിൽ 14-ഉം 14 വാർഡുകളുള്ള പഞ്ചായത്തിൽ 15-ഉം 15 വാർഡുകളുള്ള പഞ്ചായത്തിൽ 16-ഉം ആകുന്നുവെന്നാണ് ധരിച്ചിരിക്കുന്നത്. അതിന്റെ കാരണം വളരെ വ്യക്തമാണ്. 2010-ലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഭേദഗതിയിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ വാർഡ് കൂട്ടാനാണ് തീരുമാനിച്ചത്. ഇവിടെ അങ്ങനെയാണോ? എല്ലാ മെമ്പർമാരും ഈ ബിൽ വിശദമായി വായിച്ചുനോക്കിയാൽ മനസ്സിലാകും. ഒരു പഞ്ചായത്തിൽ 13 വാർഡുള്ളത് ഏറ്റവും കുറഞ്ഞത് 14 ആക്കാനും 23 വാർഡുള്ളത് 24 ആക്കാനുമാണ്. 13 വാർഡുള്ള പഞ്ചായത്തിൽ 14 ആക്കിയാൽ പ്രശ്നം തീരുകയില്ല. ജനസംഖ്യയുടെ വർദ്ധനവനുസരിച്ച് 2500-ന്റെ ലിമിറ്റ് കണക്കാക്കി വർദ്ധിച്ച ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വാർഡുകളുടെ എണ്ണം കൂടും. എന്നുവച്ചാൽ നിലവിൽ 13 വാർഡുള്ള പഞ്ചായത്തിൽ ജനസംഖ്യ ക്രമാതീതമായി വരുന്ന പഞ്ചായത്താണെങ്കിൽ 24 വാർഡുവരെയാകാം. എന്നുവച്ചാൽ ജനസംഖ്യ വർദ്ധിച്ച ചെറിയ പഞ്ചായത്തിൽ നിരവധി വാർഡുകൾ കൂടാമെന്നാണ് നിയമത്തിൽ പറയുന്നത്. ലിമിറ്റ് വർദ്ധിപ്പിക്കുമെന്നാണ് നിയമത്തിൽ പറയുന്നത്. 13 വാർഡുകളുള്ള പഞ്ചായത്തിൽ ജനസംഖ്യ വർദ്ധിച്ചതനുസരിച്ച് 24 വാർഡുവരെയാകാം. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്ത് ഏതാണെന്ന് എല്ലാവർക്കുമറിയാം. ആ പഞ്ചായത്തുകളിൽ ഇപ്പോഴുള്ള വാർഡിന്റെ എണ്ണം 23 ആണ്. അതിനെ 24 ആക്കി വർദ്ധിപ്പിക്കുകയാണ്. ചെറിയ പഞ്ചായത്തിൽ ജനസംഖ്യാനുപാതത്തിൽ ഒന്നിൽക്കൂടുതൽ വാർഡുകളുണ്ടാകുകയും ഏറ്റവും വലിയ പഞ്ചായത്തിൽ ഒരു വാർഡ് കൂടുകയും ചെയ്യുമ്പോൾ ആ പഞ്ചായത്തിൽ ജനസംഖ്യാനുപാതത്തിലുള്ള വർദ്ധനവുണ്ടാകുന്നില്ല. അതിന് മന്ത്രി പറയുന്ന കാര്യമെന്താണ്? പഞ്ചായത്തുകൾ വിഭജിക്കാൻ കഴിയില്ല. ജനസംഖ്യ നാല്പതിനായിരത്തിന് മുകളിൽ പോയാൽ നഗരസഭയാക്കണം. അല്ലെങ്കിൽ പഞ്ചായത്തുകൾ വിഭജിക്കേണ്ടിവരുമെന്നാണ്. അത് സെൻസസിന്റെ പരിധിയിൽ വരാത്തതുകൊണ്ട് വലിയ പഞ്ചായത്തുകൾ വിഭജിക്കാൻ കഴിയില്ല. വലിയ പഞ്ചായത്തുകളെ നഗരസഭയാക്കാൻ കഴിയില്ല എന്നുപറയുമ്പോൾ ഈ ബിൽ എങ്ങനെ നിലനിൽക്കും. 13 വാർഡുകളുള്ള ചെറിയ

പഞ്ചായത്തിൽ 24 വാർഡുവരെ ആകാമെന്നും 23 വാർഡുകളുള്ള വലിയ പഞ്ചായത്തിൽ 24 വാർഡുവരെയാകാനേ പാടുള്ളൂവെന്നും പറയുമ്പോൾ ഇതെങ്ങനെ മനസ്സിലാക്കാൻ കഴിയും. തിരുവനന്തപുരത്തുനിന്നും ടിക്കറ്റെടുത്ത് ട്രെയിനിൽ യാത്ര ചെയ്യുന്നവരാണ് നമ്മൾ. അതിൽ കയറി നിൽക്കുന്ന ആളുകൾക്കും ഇരിക്കുന്ന ആളുകൾക്കും ടിക്കറ്റ് ഒന്നാണ്. സൂപ്പർ ഫാസ്റ്റിലോ ഡീലക്സിലോ കയറി സീറ്റില്ലാതെ നിൽക്കുകയാണെങ്കിൽ പകുതി കൺസെഷനുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, വലിയ പഞ്ചായത്തുകളിൽ 24 വാർഡുവരെയാകാമെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലെ ജനസംഖ്യ 68000 ആണ്. കണക്കനുസരിച്ച് ആ പഞ്ചായത്തിൽ 35 വാർഡ് വേണം. അവിടെ ഇപ്പോൾ 24 വാർഡാണ് വരുന്നത്. എങ്ങനെയാണ് ആ മാനദണ്ഡം നടക്കുക. 13 വാർഡുകളുള്ള പഞ്ചായത്തുകളിൽ 24 വാർഡുവരെയാകാം. 23 വാർഡുകളുള്ള പഞ്ചായത്തിൽ 24 വാർഡുവരെ ആകാനേ പാടുള്ളൂ. നിയമപരമായി ഈ വാർഡ് വിഭജനം എങ്ങനെ നിലനിൽക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രതിപക്ഷനേതാവ് ഗവർണർക്ക് കത്ത് കൊടുത്തത്. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. അനിൽ അക്കര</u>: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഇത് സുതാര്യമല്ല. കേരളത്തിലെ പഞ്ചായത്തുകളുടെ വാർഡ് വിഭജനം ഒരു കാരണവശാലും കൃത്യമാവുകയില്ല. ഇക്കാര്യം ഞാൻ കഴിഞ്ഞ നിയമസഭയിലും പറഞ്ഞതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൊടുത്ത ഒരു പ്രധാന കത്താണ് എന്റെ കയ്യിലുള്ളത്. അതിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. 2021-ലെ സെൻസസിന്റെ ആവശ്യത്തിലേയ്ക്ക് 31-12-2019 തീയതി പ്രകാരം ഭരണ പ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുന്നതിന് സെൻസസ് ആവശ്യമായ സാഹചര്യത്തിൽ രണ്ട് മാസത്തിനകം എന്നുള്ളത് പഞ്ചായത്തിന് അസാധ്യമാണ്. ഒക്ടോബർ മാസത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷംപോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്. ഞങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയേയും ഉദ്യോഗസ്ഥന്മാരെയും ബോദ്ധ്യപ്പെടുത്താൻ കഴിയാതിരിക്കുന്ന ഗവൺമെന്റിന് ജനങ്ങളെ എങ്ങനെ ബോദ്ധ്യപ്പെടുത്താൻ കഴിയും. ഞങ്ങളെ മാറ്റി നിർത്തൂ. അഡീഷണൽ ചീഫ് സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത്

ഡയറക്ടർക്കും കൊടുത്ത കത്താണിത്. ഇത് പ്രയാസമുള്ള കാര്യമാണെന്ന് ഈ കത്തിൽത്തന്നെ സർക്കാർ പറയുകയാണ്. ഞങ്ങളെ ആരും ബോദ്ധ്യപ്പെടുത്തേണ്ട. നിങ്ങളുടെ ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്താൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ എങ്ങനെ ബോദ്ധ്യപ്പെടുത്താൻ കഴിയും. ഇതൊരു പ്രധാനപ്പെട്ട കത്തല്ലേ? തമാശയ്ക്ക് എഴുതി തയ്യാറാക്കുന്ന കത്തല്ലല്ലോ. ഫെയ്സ് ബുക്കിലിട്ട കുറിപ്പാണെങ്കിൽ അത് പിൻവലിക്കാം. ഇത് പിൻവലിക്കാൻ കഴിയുന്ന കാര്യമല്ല. സർക്കാർ ഉദ്യോഗസ്ഥർപോലും സംശയത്തിൽ നിൽക്കുന്ന സമയത്ത് ഞങ്ങളെ ആര് ബോദ്ധ്യപ്പെടുത്തും. ഇതാണ് പ്രധാനപ്പെട്ട വിഷയം. വോട്ടർ പട്ടികയുടെയും വാർഡ് വിഭജനത്തിന്റെയും കാര്യങ്ങളൊന്നും നിയമപ്രകാരമല്ല. ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിൽക്കുകയാണ്. ഇത് കള്ളവോട്ട് ചെയ്യാനുള്ള ശ്രമമാണോ; അതല്ലെങ്കിൽ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള ശ്രമമാണോ? കൃത്യമായി നവംബർ 14-നകത്ത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അങ്ങ് അധികാര കൈമാറ്റം നടത്തിയാൽ നമ്മൾ വടക്കാഞ്ചേരിയിൽ വച്ച് കണ്ടുമുട്ടുമ്പോൾ മദ്രാസ് ഹോട്ടലിൽനിന്ന് എനിക്ക് മസാലദോശ വാങ്ങിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. അതൊരു വെല്ലുവിളിയാണ്, അങ്ങ് ഏറ്റെടുക്കണം. നമ്മൾ എപ്പോഴും കണ്ടുമുട്ടുന്ന ആളുകളാണ്. തെരഞ്ഞെടുപ്പ് നടത്തിയാൽ അങ്ങ് എനിക്ക് മസാലദോശ വാങ്ങിത്തന്നാൽ എന്റെ പ്രശ്നം ഞാൻ തീർക്കാം. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന പ്രക്രിയയും വാർഡ് വിഭജനവുമൊന്നും നിയമപ്രകാരം നടക്കാൻ പോകുന്ന കാര്യങ്ങളല്ല. ഞങ്ങൾ കോടതിയിൽ പോയതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പ് നീട്ടിവച്ചതെന്ന പ്രായോഗികമല്ലാത്ത വിഷയത്തിലേയ്ക്ക് കൊണ്ടുപോകരുത്. എല്ലാവരും യോജിച്ച് നടപ്പിലാക്കേണ്ടതാണ് ജനകീയാസൂത്രണമെന്ന് 1997 നവംബർ 1-ാം തീയതി ഇ.എം.എസ്. നമ്പൂതിരിപ്പാട് തിരികൊളുത്തുന്ന സമയത്ത് പറഞ്ഞതാണ്. അദ്ദേഹത്തിന്റെ ആത്മാവിനോട് നിങ്ങൾക്ക് മാന്യതയുണ്ടെങ്കിൽ ഇങ്ങനെ പോകേണ്ട കാര്യമില്ല. വോട്ട് ചെയ്യാൻ തയ്യാറായി നിൽക്കുന്ന ആളുകൾക്ക് പ്രായോഗികമായ സമീപനത്തിലേയ്ക്ക് പോകാൻ കഴിയണം. വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ കൃത്യമായ മാനദണ്ഡങ്ങളിലേയ്ക്ക് പോകാൻ കഴിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഇതിനെ എതിർക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെയും 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെയും മൂലനിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശം 1948-ലെ സെൻസസ് ആക്ടിലെയും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും നിബന്ധനകൾക്ക് വിരുദ്ധമാണ്. 1948-ലെ സെൻസസ് ആക്ടിന്റെ 18-ാം

വകുപ്പിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സെൻസസ് ചട്ടത്തിന്റെ 8(4) പ്രകാരം സെൻസസ് ആരംഭിക്കുന്നതിന് ഒരു വർഷം മുമ്പ് സെൻസസ് യൂണിറ്റുകളുടെ അതിരുകളിൽ യാതൊരു മാറ്റവും വരുത്തരുതെന്ന് നിർദ്ദേശമുണ്ട്. ഇത് ചൂണ്ടിക്കാണിച്ചുകൊണ്ട് 31-12-2019-നുശേഷം സെൻസസ് യൂണിറ്റുകളുടെ അതിർത്തിക്ക് യാതൊരു മാറ്റവും വരുത്തരുതെന്ന് രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ, സംസ്ഥാന ചീഫ് സെക്രട്ടറിക്ക്6-9-2019-ൽ തന്നെ കത്ത് നൽകിയിരുന്നു. ഇതിന് വിരുദ്ധമായിട്ടാണ് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ഭേദഗതി നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. ആയതിനാൽ ഈ ഭേദഗതി നിർദ്ദേശങ്ങളോട് ഞാൻ വിയോജിക്കുകയാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് എന്തിനാണെന്ന് പറയാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ള മന്ത്രിക്ക് ഇന്നുവരെ സാധ്യമായിട്ടില്ല. തികച്ചും രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഏറ്റവും കൂടുതൽ വാർഡുകളുള്ള പഞ്ചായത്തുകളിൽ ഒരു വാർഡ് വർദ്ധിപ്പിക്കുന്നു. അതിൽ താഴെ വാർഡുകളുള്ള പഞ്ചായത്തുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. എന്തിന്റെ അടിസ്ഥാനത്തിലാണ് വാർഡുകളെ ഇപ്പോൾ പുനർവിഭജനം നടത്തുന്നത്? സ്വന്തം പാർട്ടിക്ക് അനുകൂലമായി വാർഡുകളെ വെട്ടിമുറിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിച്ചുവരാൻ പറ്റുമോയെന്നാണ് നോക്കുന്നത്. നിങ്ങൾക്ക് വാർഡുകൾ വെട്ടിമുറിക്കാം, എന്നാൽ ജനങ്ങളുടെ മനസ്സ് വെട്ടിമുറിക്കാൻ പറ്റില്ലല്ലോ? വാർഡുകളെ നിങ്ങൾ എങ്ങനെ വിഭജിച്ചാലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ജയിക്കാൻ പറ്റുമെന്ന വ്യാമോഹം എൽ.ഡി.എഫ്-ന് വേണ്ട. പാർട്ടിയുടെ താല്പര്യത്തിനനുസരിച്ച് അശാസ്ത്രീയമായി വാർഡ് വിഭജനത്തിൽ കൂട്ടുനിൽക്കാത്ത സെക്രട്ടറിമാർ ഏതെങ്കിലും ഗ്രാമപഞ്ചായത്തിലുണ്ടെങ്കിൽ അവരെയൊക്കെ സ്ഥലം മാറ്റുകയാണ്. എന്റെ മണ്ഡലത്തിലെ ആനക്കയം ഗ്രാമപഞ്ചായത്തിൽ ഒരു സെക്രട്ടറി വന്നിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. നിങ്ങൾ വനിതാ ശാക്തീകരണത്തെക്കുറിച്ച് പ്രസംഗിക്കുന്ന ആളുകളാണല്ലോ? വനിതയായിട്ടുള്ള ഒരു പഞ്ചായത്ത് സെക്രട്ടറി ജോയിൻ ചെയ്തിട്ട് ഒരു മാസം തികയുന്നതിന് മുമ്പ് ഒരു കാരണവുമില്ലാതെ അവരെ സ്ഥലം മാറ്റി. ഇങ്ങനെ സെക്രട്ടറിമാരെയും ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുകയാണ്. തികച്ചും രാഷ്ട്രീയലക്ഷ്യം വച്ചുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലോക്സഭയിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് ശ്രീ. നരേന്ദ്രമോദിയും കൂട്ടരും അവർക്ക് തോന്നിയ നിയമം നടപ്പിലാക്കുന്നു. പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നു; 370-ാം വകുപ്പ് ഉപേക്ഷിച്ച് കാശ്മീരിന്റെ പദവി എടുത്തുകളയുന്നു; മുത്തലാഖ്

നിയമം കൊണ്ടുവരുന്നു. ഏക സിവിൽ കോഡ് നടപ്പാക്കുന്നതിനെക്കുറിച്ച് ചർച്ച ആരംഭിക്കുന്നു. ബി.ജെ.പി.ക്ക് ഭൂരിപക്ഷമുണ്ടെന്ന് കരുതി എന്തും ചെയ്യാമെന്ന സമീപനം ശ്രീ. നരേന്ദ്രമോദി സ്വീകരിക്കുമ്പോൾ ഭൂരിപക്ഷമുണ്ടെന്നു കരുതി ഇവിടെ എന്തും നടപ്പാക്കാം എന്നുള്ള രീതിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. നിങ്ങൾ രണ്ടുപേരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല; ഒരേ സമീപനമാണ് സ്വീകരിക്കുന്നത്. സുതാര്യമായി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയാൽ എന്താണ്? കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ആണ് രാഷ്ട്രീയ താല്പര്യം വച്ച് വാർഡുകൾ വെട്ടിമുറിച്ചത്. നിങ്ങൾ വാർഡുകൾ വിഭജിച്ചിട്ടും ഐക്യജനാധിപത്യ മുന്നണി വലിയ ഭൂരിപക്ഷത്തോടുകൂടി മിക്ക പഞ്ചായത്തുകളിലും അധികാരത്തിൽ വന്നിട്ടുണ്ട്. വാർഡ് വെട്ടിമുറിച്ചതുകൊണ്ടൊന്നും പഞ്ചായത്തിലെ ഭരണം പിടിച്ചെടുക്കാമെന്ന് നിങ്ങളാരും കരുതേണ്ട.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് പറഞ്ഞതിന് തുടർച്ചയായിട്ടാണ് ഞാൻ പറയുന്നത്. ഇടതുമുന്നണിയും ഭരണകക്ഷിയും വല്ലാതെ വാശിപിടിച്ചാണ് വാർഡ് വിഭജനവുമായി മുന്നോട്ടുപോകുന്നത്. നിങ്ങൾ മനസ്സിലാക്കേണ്ടത്, ഇപ്പോഴുള്ള വാർഡുകൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഇടതുമുന്നണി വിഭജനം നടത്തിയ വാർഡുകളാണ്. വാർഡ് വിഭജിച്ചതുകൊണ്ട് ജയിക്കില്ലായെന്നാണ് അങ്ങയുടെ ഒരു നിർദ്ദേശം. അന്ന് നിങ്ങൾ വിഭജിച്ച വാർഡിൽ ആദ്യം ഞങ്ങളാണ് മേൽക്കോയ്മ നേടിയത്. 2010-ൽ ഞങ്ങൾ വാർഡു വിഭജനത്തിനൊന്നും പോയില്ല, അതേ വാർഡുവച്ചാണ് തെരഞ്ഞെടുപ്പ് നടത്തിയത്. അന്ന് നിങ്ങൾക്കാണ് മേൽക്കോയ്മയുണ്ടായത്. അതുകൊണ്ട് അങ്ങനെ അത് മാറിക്കോളുമല്ലോ. ഇവിടെ ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മുമ്പ് ഈ വിഷയത്തിൽ ഒരു ഒബ്സർവേഷൻ വന്നു, ഒരിക്കൽ വാർഡ് വിഭജിച്ചാൽ 3 തവണ അതിൽ തെരഞ്ഞെടുപ്പ് വരണം എന്നുള്ളതാണ്. അപ്പോൾ മാത്രമേ സംവരണം മാറിമാറി വരികയുള്ളൂ. ഞാൻ നിരവധി സ്ഥലങ്ങൾ ചൂണ്ടിക്കാണിക്കാം. ഒരേ പ്രദേശം എന്നും സംവരണത്തിൽ വരും. വാർഡുകൾ ഇങ്ങനെ മാറുമ്പോൾ ഒരു പ്രദേശത്തിന്റെ ഒരു ഭാഗം വനിതാ സംവരണമായിരിക്കും.

<u>ശ്രീ. വി. ജോയി</u>: സർ, .... അങ്ങനെയല്ല. (.... മൈക്ക് ഓഫ്.......)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വരും. ഞാൻ കാണിക്കാം. പറയട്ടെ, പിന്നീട് ഒരു വാർഡ് 3 റൊട്ടേഷൻ തെരഞ്ഞെടുപ്പ് കഴിഞ്ഞുവന്നാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമാകുകയുള്ളൂ. അങ്ങ് പറഞ്ഞതുപോലെ, ആ നിലയ്ക്ക് പോകുന്നതല്ലേ ഉചിതമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രിയപ്പെട്ട ഷംസുദ്ദീൻ പറഞ്ഞ കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞുകൊണ്ടിരുന്നത്. വാർഡ് വിഭജനം തോന്നിയതുപോലെ നടത്തിയെന്നതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണം പിടിച്ചെടുക്കാമെന്ന വ്യാമോഹം വേണ്ട. അതാണ് കഴിഞ്ഞകാല അനുഭവങ്ങൾ. സുതാര്യമായ തെരഞ്ഞെടുപ്പ് നടത്തണം. അങ്ങനെയൊരു മനോഭാവം സർക്കാരിനുണ്ടെങ്കിൽ സ്വീകരിക്കേണ്ട നിലപാട് ഇതല്ല. 2015-2020 വരെയുള്ള കാലയളവിൽ 18 വയസ്സ് പൂർത്തിയായിട്ടുള്ള നിരവധിപേർ നമ്മുടെ നാട്ടിലുണ്ട്. അവരെയൊക്കെ പുതുതായി വോട്ടർ പട്ടികയിൽ ചേർക്കണം. ഒരു വാർഡിൽ ഏകദേശം മുന്നൂറോളം പേരെങ്കിലും 18 വയസ്സ് പൂർത്തിയായിട്ടുള്ള വോട്ടർമാരുണ്ടാകും. അവരെല്ലാവരും ഹിയറിംഗിന് ഹാജരാകണം. വലിയ ഒരു സങ്കീർണ്ണത ഈ വിഷയത്തിൽ വരാനിരിക്കുകയാണ്. അതിനുപകരം 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിക അടിസ്ഥാന രേഖയായെടുത്ത് പഞ്ചായത്ത് തെരഞ്ഞടുപ്പിലെ വോട്ടർ പട്ടികയായി കൺവെർട്ട് ചെയ്താൽ ഈയൊരു സങ്കീർണ്ണത ഒഴിവാക്കാൻ സാധിക്കും. ഇപ്പോൾ വോട്ടർമാരെ ചേർക്കാനുള്ള ക്യാമ്പയിൻ നടക്കുകയാണ്. മുമ്പ് തെരഞ്ഞെടുപ്പ് ഐഡന്റിറ്റി കാർഡ് സർക്കാരിന്റെ എല്ലാ ക്ഷേമ പദ്ധതികൾക്കും അപേക്ഷ സമർപ്പിക്കാൻ ആവശ്യമായി വന്നിരുന്ന ഘട്ടത്തിൽ നമ്മളാരും പ്രേരിപ്പിക്കാതെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുവേണ്ടി എല്ലാവരും സ്വയം മുന്നോട്ടുവന്നിരുന്നു. ആധാർ കാർഡ് വന്നതോടുകൂടി ഇലക്ഷൻ ഐ.ഡി കാർഡിന്റെ പ്രസക്തി കുറഞ്ഞുപോയിട്ടുണ്ട്. അതുകൊണ്ട് ആരും സ്വയം വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ മുന്നോട്ടുവരുന്നില്ല. സർക്കാരും ഇലക്ഷൻ കമ്മീഷനുമൊക്കെ പരസ്യം കൊടുത്തും രാഷ്ട്രീയ പാർട്ടികളുടെ യോഗം പലതവണ വിളിച്ചുചേർത്തും വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള ശ്രമം നടത്തുന്നു. അങ്ങനെയുള്ള ഘട്ടത്തിൽ കൂടുതൽ വോട്ടർമാർ പട്ടികയിൽ ഉൾപ്പെടണമെങ്കിൽ 2019-ലെ പട്ടിക അടിസ്ഥാനമാക്കി വോട്ടർ പട്ടിക പുതുക്കുന്നതിനുവേണ്ടി സർക്കാർ സംവിധാനമുണ്ടാക്കണം. ക്രിയാത്മകമായി ഈ വിഷയത്തിൽ ഇടപെട്ട് ഇലക്ഷൻ കമ്മീഷനെ കാര്യങ്ങൾ പറഞ്ഞ് ധരിപ്പിച്ച് ഇത് നടപ്പാക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഒരു കാര്യം, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവിടങ്ങളിലെല്ലാം ഒരു സീറ്റ് കൂട്ടുന്നത് ഭരണ വികസന സൗകര്യത്തിനുവേണ്ടിയാണോ? അങ്ങനെയൊരഭിപ്രായം ആർക്കെങ്കിലും ഉണ്ടോ? അങ്ങനെയൊരു ഭരണ വികസന സൗകര്യത്തിനുവേണ്ടിയല്ല. അങ്ങനെയായിരുന്നുവെങ്കിൽ 700 മുതൽ 3500 വരെ വോട്ടർമാരുള്ള

വാർഡുകളുണ്ട്. എന്നാൽ അത് ഇതിനുവേണ്ടിയല്ല. സാധാരണ വാർഡ് വിഭജിക്കുന്നത് വാർഡിന്റെ എണ്ണം ഇരുപത്തിമൂന്നോ ഇരുപത്തിനാലോ പതിനഞ്ചോ പതിനാറോ എന്നുള്ളതല്ല, വോട്ടർമാരുടെ എണ്ണം നോക്കിയാണ്. വോട്ടർമാരുടെ എണ്ണം നോക്കി വാർഡ് വിഭജിക്കണമെന്ന് പറഞ്ഞപ്പോൾ 2021-ലെ സെൻസസിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിരുകൾ മരവിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് അതൊന്നും ചെയ്യാൻ പാടില്ലായെന്നാണ് നേരത്തെ ഗവൺമെന്റ് പറഞ്ഞത്. ഇപ്പോൾ അതെല്ലാം മാറ്റി. അത് എന്തിനുവേണ്ടിയാണ് മാറ്റിയത്? അതുമാത്രമല്ല, ഇവിടെ നേരത്തെ ഒരംഗം സൂചിപ്പിച്ചതുപോലെ, പഞ്ചായത്തിലെ വർക്കുകളൊക്കെ നിൽക്കുകയാണ്; ഒന്നും നടക്കുന്നില്ല. 300-നും 400-നും ഇടയിലുള്ള വോട്ടർമാരെ ഓരോ വാർഡിലും ചേർക്കണം. എന്നിട്ട് 2019-ലെ വോട്ടർ ഐ.ഡി. ഉണ്ടോയെന്ന് ഒരു വോട്ടറോട് ചോദിക്കുമ്പോൾ അയാൾ വോട്ടറാണ് എന്നുള്ളത് സത്യമാണല്ലോ? അപ്പോൾ ഇതിൽ എന്തോ ഒരു തിരിമറിക്കുവേണ്ടി കേരളത്തിലെ പഞ്ചായത്തുകളെയൊക്കെ ആന്തരാക്കി മാറ്റി ഏകപക്ഷീയമായി ഇടതുപക്ഷത്തിന് പിടിച്ചെടുക്കാനുള്ള, ജനാധിപത്യത്തെ അട്ടിമറിക്കാനുള്ള കൃത്യമായ നിലപാടിന്റെ ഭാഗമല്ലേയെന്നാണ് ചോദിക്കാനുള്ളത്. വേറൊരു കാര്യം, തെരഞ്ഞെടുപ്പിന് ഇനി ഏതാനും മാസമേ ബാക്കിയുള്ളൂ. അതിനുമുൻപ് വാർഡ് വിഭജനം നടക്കണം; വോട്ടർ പട്ടിക പുതുക്കണം; വോട്ടർമാരെ ചേർക്കണം. എന്നിട്ട് ആറോ ഏഴോ മാസംകൊണ്ട് തെരഞ്ഞെടുപ്പ് നടത്താനാകുമോ? അപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തണ്ടായെന്നുള്ള ഒരു ധാരണയുണ്ടാകും. 2019-ൽ ഏറ്റവും വലിയ ക്ഷീണമുണ്ടായി. വലിയ അടി കിട്ടിയപ്പോൾ ആ വോട്ടർമാരെത്തന്നെ വേണ്ടായെന്ന് പറയുന്നത്, ഒരു തുഗ്ലക് ഭരണപരിഷ്കാരമായിട്ടാണ് തോന്നുന്നത്.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ളയുടെ പ്രസംഗത്തെ പുഷ്ടിപ്പെടുത്തുകയോ അദ്ദേഹത്തോട് എന്തെങ്കിലും ചോദിക്കുകയോ ചെയ്യേണ്ടതാണ്. ദീർഘമായി പ്രസംഗിച്ചിട്ട് അവിടെ ഇരിക്കുകയല്ല വേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിൽ കൃത്യമായ ഒരു അനോമലികൂടി ചൂണ്ടിക്കാണിക്കാനുണ്ട്. സാധാരണ വാർഡുവിഭജനം പൂർത്തീകരിച്ചതിനു ശേഷമാണ് വോട്ടർ പട്ടിക പുതുക്കുക. ഇപ്പോൾ പുതുക്കുന്ന വോട്ടർ പട്ടിക പഴയ വാർഡിന്റെ വോട്ടർ പട്ടികയാണ്. ഈ പുതുക്കിയ വാർഡ് പിന്നീട് നിലനിൽക്കുന്നില്ല. നിങ്ങൾ പുതിയ വാർഡ് വിഭജിക്കാൻ പോകുകയാണ്. വാർഡ് വിഭജിച്ചാൽ പുതിയ വാർഡ് നമ്പരായി. അപ്പോൾ വോട്ടർ പട്ടിക പിന്നെയും പുതുക്കേണ്ടി വരില്ലേ; അതിനവസരം കൊടുക്കേണ്ടി വരില്ലേ? അതുകൊണ്ട് ഇതിലൊരു വലിയ അനോമലിയുണ്ട്. ആദ്യം വാർഡാണ് വരേണ്ടത്; അതുകഴിഞ്ഞാണ് വോട്ടർ പട്ടിക പുതുക്കേണ്ടത്. ഇവിടെ എല്ലാവരും ചർച്ചയിൽ

പങ്കെടുത്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മാത്രം ഇതിനിടയിൽ ഒരു കമന്റുപോലും പറഞ്ഞില്ല. കാരണം, 2019-ൽ വോട്ട് ചെയ്ത ഒരാൾ ഹിയറിംഗിന് പോയി രേഖ ഹാജരാക്കുക; ഇതിനുവേണ്ടി ബാംഗ്ലൂരിലും അന്യസംസ്ഥാനത്തുമൊക്കെ പഠിക്കുന്ന കുട്ടികളെ കൊണ്ടുവരാമെന്ന് പറഞ്ഞാൽ വലിയ പ്രയാസമല്ലേ? പൗരത്വ രജിസ്റ്റർ ഉണ്ടാക്കുന്ന മാതിരി ഒരിക്കൽ വോട്ടവകാശം കിട്ടിയ ആൾക്കാരെ പിന്നെയും ഇതിൽ ക്യൂ നിർത്തുന്നത് ശരിയല്ലായെന്നതിനോട് അങ്ങേയ്ക്കും യോജിപ്പില്ലേ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ അഭിപ്രായം നേരത്തെ ഞാൻ പറഞ്ഞതാണ്. ബഹുമാനപ്പെട്ട പാറയ്ക്കൽ അബ്ദുല്ല പറഞ്ഞത് അതിലേറെ പ്രസക്തമായ കാര്യമാണ്. പഞ്ചായത്തുകളിൽ നേരത്തെതന്നെ ജീവനക്കാരുടെ കുറവുണ്ട്. ഇനി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വർക്കുകൾകൂടി വരാൻപോകുകയാണ്. ഒരു പഞ്ചായത്തിലും ജീവനക്കാരില്ല. എന്റെ മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ മാസങ്ങളായി ഓവർസിയർമാരില്ല. ഇന്ന് പൂക്കോട്ടൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റും മെമ്പർമാരും ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് നിവേദനം നൽകാൻ വന്നിരിക്കുകയാണ്. ഒന്നുകിൽ ഗവൺമെന്റ് ആവശ്യമായ ജീവനക്കാരെ നിയമിക്കണം. അതിന് സാധിച്ചില്ലെങ്കിൽ പഞ്ചായത്തിന്റെ ഓൺ ഫണ്ടോ, പ്ലാൻ ഫണ്ടോ ഉപയോഗിച്ച് ആവശ്യമായ ജീവനക്കാരെ കരാറടിസ്ഥാനത്തിലോ മറ്റോ നിയമിക്കാനുള്ള പെർമിസീവ് സാങ്ഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇല്ലെങ്കിൽ പഞ്ചായത്തിന്റെ പ്രവർത്തനമാകെ നിശ്ചലമായിപ്പോകുമെന്നാണ് ശ്രീ. പാറയ്ക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിച്ചത്. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ച കാര്യമാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്, വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള ക്യാമ്പയിൻ നടക്കുമ്പോൾ കൂടുതൽ ആളുകൾ വോട്ടർ പട്ടികയിൽ ചേരണമെങ്കിൽ അവർക്ക് സൗകര്യപ്രദമായ രീതിയിൽ 2019-ലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കി പഞ്ചായത്ത് വോട്ടർ പട്ടികയായി കൺവെർട്ട് ചെയ്യാനുള്ള സൗകര്യമുണ്ടാകണം. ഇന്ത്യൻ ഭരണഘടനയെ തകർക്കാൻ പൗരത്വ ഭേദഗതി നിയമത്തിലൂടെ കേന്ദ്രഗവൺമെന്റ് ശ്രമിച്ചു. ആ കേന്ദ്രഗവൺമെന്റിന്റെ മൂക്കിന് താഴെയാണ് ഭരണഘടനയെ തകർക്കാനുള്ള ശ്രമത്തിനെതിരായി ഡൽഹി തെരഞ്ഞെടുപ്പിൽ ജനങ്ങൾ വോട്ടവകാശം രേഖപ്പെടുത്തിയത്. അതാണ് നമ്മുടെ അനുഭവം. ആ അനുഭവം മുൻനിർത്തി പറയട്ടെ, ജനാധിപത്യ ധ്വംസനം നടത്തി വാർഡ് വിഭജനം നടത്തിയാലും വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജയിക്കാൻ കഴിയില്ലെന്ന കാര്യം തീർച്ചയാണ്. ജനാധിപത്യ ധ്വംസനവും മതേതരത്വം തകർക്കുന്ന പ്രവർത്തനങ്ങളും ഇന്ത്യയിലെ ജനങ്ങൾ അംഗീകരിക്കില്ല. അത് കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദി നടത്തിയാലും

സംസ്ഥാനത്ത് നിങ്ങൾ നടത്തിയാലും അതുതന്നെയാണ് സ്ഥിതി. ഇവിടെ എസ്.ഡി.പി.ഐ.-ക്ക് എതിരായി സംസാരിച്ചു. വാർഡ് വിഭജനം നടത്തുമ്പോൾ വടകരയിലെ അഴിയൂർ, മലപ്പുറം ജില്ലയിലെ ഇടരിക്കോട്, പറപ്പൂർ, കുട്ടിലങ്ങാടി തുടങ്ങിയ പഞ്ചായത്തുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എൽ.ഡി.എഫ്.-ന്റെ ഘടകകക്ഷികളായ എസ്.ഡി.പി.ഐ.-ക്കുകൂടി സീറ്റ് കണ്ടെത്തുന്നത് നന്നായിരിക്കും.

ശ്രീ. എം. സ്വരാജ്: സർ, ശ്രീ. പി. ഉബൈദുള്ള ഇവിടെ നടത്തിയ പ്രസംഗത്തിനിടെ സ്ഥാനത്തും അസ്ഥാനത്തും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പരാമർശമാണിത്. മലപ്പുറം ജില്ലയിലെ പല പ്രദേശങ്ങളിലും പതിറ്റാണ്ടുകളായി മുസ്ലീംലീഗ് സ്ഥിരമായി ജയിച്ചുവരുന്ന സ്ഥലങ്ങളുണ്ട്. വലിയ ഏകാധിപത്യമാണവിടെയുള്ളത്. മുസ്ലീംലീഗിലെ ഒരു വിഭാഗം ഉൾപ്പെടെ സകലരുടെയും വെറുപ്പ് ഏറ്റുവാങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ലീഗ് ഒഴികെ നാട്ടിലുള്ള സകലരും ഒരുമിക്കുന്ന സ്ഥിതിവിശേഷം മലപ്പുറം ജില്ലയിലെ ചില സ്ഥലങ്ങളിലുണ്ടായിട്ടുണ്ട്. ആ കൂട്ടത്തിൽ കോൺഗ്രസ്സുണ്ട്. കോൺഗ്രസ്സുകാർക്ക് വിഷയമാകുമെന്ന് കരുതി അദ്ദേഹം അത് ബോധപൂർവ്വം പറയാത്തതാണ്. ലീഗിലെ തന്നെ ചിലരുണ്ട്. ഒരു പാർട്ടിയുമില്ലാത്തവരുമുണ്ട്. അങ്ങനെയുള്ള ജനകീയമുന്നണി രൂപപ്പെട്ടുവന്ന് മത്സരിച്ച സ്ഥലങ്ങളുണ്ട്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു, മഞ്ചേരിക്കടുത്ത് കാവനൂർ പഞ്ചായത്തിൽ കുറച്ച് വർഷങ്ങൾക്കുമുമ്പ് ഇങ്ങനെയൊരു കൂട്ടായ്മയുണ്ടായി. പഞ്ചായത്തുകളിൽ മുഴുവനുണ്ടായിരിക്കണമെന്നില്ല, ചില വാർഡുകളിലായിരിക്കും ചിലപ്പോൾ ഇതുണ്ടാകുന്നത്. അങ്ങനെ രണ്ടുമൂന്ന് വാർഡുകളിൽ ജനകീയ കൂട്ടായ്മ ജയിച്ചു. അവരുടെ പിന്തുണയോടെ എൽ.ഡി.എഫ്. ഭരിച്ചു. പിന്നീട് ഒരു തർക്കം രൂപപ്പെട്ടുവന്ന ഘട്ടത്തിൽ സ്വതന്ത്രനായി ജനകീയമുന്നണിയുടെ സ്ഥാനാർത്ഥിയായി ജയിച്ച ഒരാൾ പരസ്യപ്പെടുത്തി, ഞാൻ പോപ്പുലർ ഫ്രണ്ടാണെന്ന്. അന്ന് ഒരാളുടെ ഭൂരിപക്ഷത്തിലാണ് എൽ.ഡി.എഫ്. ഭരിച്ചിരുന്നത്. ഞാൻ സ്വതന്ത്രനാണെങ്കിലും പോപ്പുലർ ഫ്രണ്ടാണെന്ന പരസ്യപ്പെടുത്തൽ വന്നപ്പോൾ ആ ഒരാളുടെ പിന്തുണയോടെ ഭരിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് കാവനൂർ പഞ്ചായത്ത് ഭരണസമിതിക്ക് നേതൃത്വം കൊടുത്ത എൽ.ഡി.എഫ്. രാജിവച്ച് പ്രതിപക്ഷത്ത് വന്നു. പോപ്പുലർ ഫ്രണ്ടാണെന്നുപറഞ്ഞ ആ ഒരാളുടെ പിന്തുണയോടെ അതേ പഞ്ചായത്തിൽ മുസ്ലീംലീഗ് തുടർന്നുള്ള കാലം ഭരിക്കുകയും ചെയ്തു. ഇതാണ് വസ്തുത. അങ്ങ് ദയവ് ചെയ്ത് ജനകീയ മുന്നണി രൂപപ്പെട്ടുവരുന്നതിനെ ഞങ്ങളുടെ തലയിൽ വയ്ക്കരുത്. അത് നിങ്ങളുടെ കൊള്ളരുതായ്മകൊണ്ടാണ്. എന്നാൽ എസ്.ഡി.പി.ഐ.-യുടെ ഐഡന്റിറ്റി ഉയർത്തിപ്പിടിക്കുന്നവരുടെ പിന്തുണ ഒരു കാലത്തും ഞങ്ങൾ സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ കാവന്നൂർ പഞ്ചായത്ത് വിട്ടുപോയതാണ്. അത് ഓർമ്മപ്പെടുത്തിയ ശ്രീ. എം. സ്വരാജിന് നന്ദി രേഖപ്പെടുത്തുന്നു. കാവന്നൂർ എങ്ങനെയാണ് വിട്ടുപോയതെന്ന് മലപ്പുറം ജില്ലക്കാരായ ഞങ്ങൾക്കറിയാം. അതുസംബന്ധിച്ച് വിവാദത്തിലേയ്ക്കൊന്നും പോകുന്നില്ല. ഞാനിത് അസ്ഥാനത്ത് വലിച്ചിഴയ്ക്കുകയല്ല. ഏറ്റവും അവസാനമായി ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എം. സ്വരാജ് നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് എസ്.ഡി.പി.ഐ.-യെ സഹായിക്കുന്ന നിലപാട് മുസ്ലീംലീഗ് സ്വീകരിക്കുന്നുവെന്നാണ്. ഞങ്ങൾ ഒരിടത്തും എസ്.ഡി.പി.ഐ.-യെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചിട്ടില്ല. ഏറ്റവും അവസാനമായി വടകരയിലെ അഴിയൂർ പഞ്ചായത്തിലെ ഞങ്ങളുടെ ഭരണം അട്ടിമറിച്ചത് ആരെ ഉപയോഗപ്പെടുത്തിയിട്ടാണ്? മലപ്പുറം ജില്ലയിൽ ലീഗിനെതിരായ വിശാല സഖ്യമാണോ അഴിയൂരിൽ ഇപ്പോൾ യു.ഡി.എഫ്.-ന്റെ ഭരണം അട്ടിമറിച്ച് എസ്.ഡി.പി.ഐ.-യുടെ കൂടെ കൂടിയത്? അതിന് മറുപടി പറയണം. മലപ്പുറം ജില്ലയിൽ ഐക്യജനാധിപത്യമുന്നണിക്കെതിരായി എസ്.ഡി.പി.ഐ.-യും എൽ.ഡി.എഫ്.-ഉം ചേർന്ന് മത്സരിച്ച് നേടിയ വോട്ടിന്റെ കണക്ക് കഴിഞ്ഞ ദിവസം ശ്രീ. വി. ടി. ബൽറാം പറഞ്ഞു. ഈ പറഞ്ഞ എല്ലാ പഞ്ചായത്തിലും യു.ഡി.എഫ്. ഒന്നിച്ചാണ്. അവിടെ കോൺഗ്രസ്സും ലീഗും രണ്ടല്ല. അതൊക്കെ വെറുതെ പുകമറ സൃഷ്ടിക്കാൻ പറയുകയാണ്. സ്ഥാനത്തും അസ്ഥാനത്തും എസ്.ഡി.പി.ഐ.-യെ കൂട്ടിച്ചേർത്ത് പറയുകയും അവസരം വരുമ്പോൾ എസ്.ഡി.പി.ഐ.-യോടൊപ്പം........., മുസ്ലീംലീഗിനെതിരെ വിശാല മുന്നണിയാണെങ്കിൽ എസ്.ഡി.പി.ഐ.-യുടെ കൂടെ കൂടാൻ പാടുണ്ടോ? അതാണോ മാർക്സിസ്റ്റ് പാർട്ടിയുടെ നയം?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, എസ്.ഡി.പി.ഐ.-യെക്കുറിച്ചും മുസ്ലീം ലീഗിനെക്കുറിച്ചും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. ശ്രീ. എം. നൗഷാദ് എം.എൽ.എ. എസ്.ഡി.പി.ഐ.-യുടെയും പി.ഡി.പി.-യുടെയും പിന്തുണയോടുകൂടിയായിരുന്നു കൊല്ലം ജില്ലയിലെ ഡെപ്യൂട്ടി മേയറായത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സി.പി.ഐ.(എം)-ന് എവിടെയാണ് നയമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഏത് വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ഇത് പറഞ്ഞതെന്ന് എനിക്ക് മനസിലായില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ.ഡി.എഫ്-ന് എസ്.ഡി.പി.ഐ., പി.ഡി.പി. തുടങ്ങിയ തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പായതുകൊണ്ടും പഞ്ചായത്തിൽ ഈ സഖ്യം നിലനിൽക്കുന്നതുകൊണ്ടും മാത്രമാണ് ഞാൻ ഇക്കാര്യം ഇവിടെ പറഞ്ഞത്.

<u>ശ്രീ. പി. വി. അൻവർ</u> : സർ, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കൊണ്ടോട്ടിയിൽ എസ്.ഡി.പി.ഐ.-യുമായി ഒരുമിച്ചിരുന്നത് ദൃശ്യങ്ങളടക്കം പുറത്തുവന്ന കാര്യം മറന്നിട്ടില്ലല്ലോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കൊണ്ടോട്ടിയിൽ ഒരു ഹോട്ടലിൽ വച്ച് ഒരുമിച്ചിരുന്ന് ചായ കുടിച്ച് സംസാരിച്ച ബന്ധമാണ്. അങ്ങനെയാണെങ്കിൽ പി. പരമേശ്വരൻ മരിച്ചപ്പോൾ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അവിടെപ്പോയി. അവരെയും ഇതുപോലെ പറയാൻ സാധിക്കുമോ? രാഷ്ട്രീയ എതിരാളികളെ കാണുമ്പോൾ സൗഹൃദ സംഭാഷണം നടത്തുന്നത് സ്വാഭാവികമാണ്. അല്ലാതെ ചർച്ചയൊന്നും നടന്നിട്ടില്ല.

<u>മി. സ്പീക്കർ</u>: ......പ്ലീസ്.........ശ്രീ. ഉബൈദുള്ള സംസാരിക്കു..... ഇനി ഒരു ബില്ലുകൂടി എടുക്കാനുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങനെ പല ചർച്ചയും നടന്നിട്ടുണ്ട്. മാധ്യമങ്ങളോട് 'കടക്ക് പുറത്ത്' എന്നുപറഞ്ഞതിനുശേഷം സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയും ശ്രീ. കുമ്മനം രാജശേഖരനും തമ്മിൽഅടച്ചിട്ട റൂമിലിരുന്ന് ചർച്ച നടത്തിയിട്ടുണ്ട്. ഇവിടെ ശ്രീ. എം. സ്വരാജ് പറഞ്ഞത്, മുസ്ലീംലീഗിനെതിരെ വിശാല സഖ്യം രൂപപ്പെട്ടുവരുമ്പോൾ അതിനെതിരായി എസ്.ഡി.പി.ഐ. തുടങ്ങിയ കക്ഷികളുമായി,..........ഇവിടെ പൗരത്വ ഭേദഗതി നിയമത്തിനെതിരായി എല്ലാവരും ചേർന്ന് നടത്തിയ സമരത്തിൽ ചില സംഘടനകൾ ഉണ്ടെങ്കിൽ ഞങ്ങളില്ലെന്നു പറഞ്ഞവർ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടുകിട്ടാൻവേണ്ടി ലീഗിനെതിരായി വിശാല സഖ്യമാകാമെങ്കിൽ എസ്.ഡി.പി.ഐ.-യും ആകാം എന്ന നിലപാടാണ് പാർട്ടിക്കുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കി. അതുകൊണ്ട് അവർക്കുകൂടി ഒരു സീറ്റ് കണ്ടെത്തണമെന്നുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഞാൻ പറഞ്ഞതിനെ അങ്ങ് വളച്ചൊടിക്കരുത്. എന്ത് വേണമെങ്കിലും മറുപടി പറഞ്ഞുകൊള്ളൂ. ഞാൻ പറഞ്ഞത് മലപ്പുറത്ത് ലീഗല്ലാത്തവരെല്ലാം ഒരുമിച്ചുനിൽക്കുന്നൊരു പ്രതിഭാസമുണ്ടായിട്ടുണ്ട്. അതിൽ നിങ്ങളുടെ സഖ്യകക്ഷിയായ കോൺഗ്രസ്സും ഉണ്ട്. ഞാൻ നേതാക്കന്മാരുടെ പേര് പറയാത്തത് എന്റെ മര്യാദകൊണ്ടാണ്. അങ്ങേയ്ക്കും എനിക്കും അവർ ആരാണെന്ന് അറിയാം. എന്നാൽ അങ്ങനെ രൂപപ്പെടുന്ന വിശാല ജനകീയ മുന്നണിയിൽ ഏതെങ്കിലും എസ്.ഡി.പി.ഐ.-ക്കാരനുള്ള സാഹചര്യം വരുമ്പോൾ ആ പിന്തുണയിൽനിന്ന് സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം പുറത്തുവന്നു. ആ പിന്തുണയോടെ ഭരിക്കേണ്ടെന്നുപറഞ്ഞ് ഉള്ള ഭരണം ഞങ്ങൾ കളഞ്ഞു,

ആ ആളുടെ പിന്തുണയോടെ നിങ്ങൾ ഭരിച്ചു. കാവന്നൂർ പഞ്ചായത്ത് എസ്.ഡി.പി.ഐ.-യുടെ പിന്തുണയോടെ നിങ്ങൾ ഭരിച്ചു. അതാണ് ഞാൻ പറഞ്ഞത്.

4.00 P.M. ]

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മലപ്പുറം ജില്ലയിൽ ലീഗിനെതിരെ ചില വിഷയങ്ങൾ ഉള്ളതുകൊണ്ടാണ് ഞങ്ങൾ ഒരുമിച്ചതെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞു. ഇതേ നിലപാട് തന്നെയല്ലേ കോൺഗ്രസ്സിനെതിരെ ഏത് ചെകുത്താനുമായും കൂട്ടുകൂടും എന്നത്. അവസാനം ചെകുത്താൻ തന്നെ വന്നു. നമ്മുടെ രാജ്യത്ത് ഇങ്ങനെ ഒരവസ്ഥയുണ്ടാക്കാൻ നിലപാട് സ്വീകരിക്കുന്നയാളുകളാണ് നിങ്ങൾ. അതറിയില്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ നേരത്തെ പറഞ്ഞതിനൊന്നും അത് ന്യായീകരണമല്ല. മുമ്പ് ലീഗിനെതിരായി എല്ലാവരും ചേർന്നതുപോലെ എടരിക്കോട്, പറപ്പൂർ, കുട്ടിലങ്ങാടി പഞ്ചായത്തുകളിൽ ഇപ്പോഴും എസ്.ഡി.പി.ഐ.-യുമായി ബന്ധം നിലനിൽക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ കോൺഗ്രസ് ആ മുന്നണിയിലില്ല. ഒരു കാര്യം പറയട്ടെ, 2000-ത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. എം. സ്വരാജിന്റെ പാർട്ടിയും നമ്മുടെ പാർട്ടിയും ഒന്നിച്ച് മത്സരിച്ചിട്ടുണ്ട്. അത് നിങ്ങൾ കാണണം. ഇല്ല എന്ന് പറയാൻ പറ്റുമോ; എടക്കര, കരുവാരക്കുണ്ട് പഞ്ചായത്തുകളിൽ ഒന്നിച്ച് മത്സരിച്ചില്ലേ; എല്ലാ പഞ്ചായത്തും ഞാൻ പറഞ്ഞുതരാം. അതൊന്നും ഇതിന് ന്യായീകരണമല്ല.

മി. സ്പീക്കർ: ബില്ലിന്റെ പരിധിയിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ബില്ലിന്റെ ഭാഗമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ്. പഞ്ചായത്തുകളിലെ എസ്.ഡി.പി.ഐ. സഖ്യമാണ് ചർച്ച.

മി. സ്പീക്കർ: എസ്.ഡി.പി.ഐ. സഖ്യമൊന്നും ഈ ബില്ലിൽ ഇല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് ഇവിടെ എസ്.ഡി.പി.ഐ.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയാണ്. ബി.ജെ.പി.-യുടെ താമര ചിഹ്നത്തിൽ ജയിച്ചുവന്ന ആളെയുംകൂട്ടി അഞ്ച് വർഷം നഗരസഭ ഭരിച്ച കാര്യം ശ്രീ. പി. ഉബൈദുള്ളയ്ക്കറിയുമോ? ചാവക്കാട് നഗരസഭയുടെ ചെയർമാനായി കോൺഗ്രസ്സും നിങ്ങളുമൊക്കെ ഒരുമിച്ച് 5 വർഷം ഭരിച്ചത് തേർളി നാരായണൻ എന്നുപറയുന്ന ബി.ജെ.പി.-യുടെ മെമ്പറെക്കൂട്ടിയാണ്. അത് മറക്കണ്ട. ഇത്തരം ചർച്ചകളിൽ അതുകൂടി ചേർത്ത് പറയാൻ സാധിക്കുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, സമയം തരികയാണെങ്കിൽ എല്ലാ മുനിസിപ്പാലിറ്റിയും പഞ്ചായത്തും തലനാരിഴകീറി പരിശോധിക്കാം. കുന്നംകുളം മുനിസിപ്പാലിറ്റിയും ബി.ജെ.പി.-യും സി.പി.ഐ (എം)-ഉം ഒരുമിച്ച് ഭരിച്ചില്ലേ; അങ്ങനെ എത്രയെത്ര പഞ്ചായത്തുകൾ പറയാനുണ്ട്. ഇതൊക്കെ നേരത്തെ പറഞ്ഞതിന്റെ ഭാഗമാണ്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഇപ്പോഴും സി.പി.ഐ (എം), ബി.ജെ.പി. സഖ്യം നിലനിൽക്കുകയാണ്.

മി. സ്പീക്കർ: യെസ്...അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ചർച്ച ഇങ്ങനെ കൊണ്ടുപോകണമെന്ന് ഞാൻ ഉദ്ദേശിച്ചതല്ല. പക്ഷേ എസ്.ഡി.പി.ഐ.-യെയും ലീഗിനെയും കൂട്ടിക്കെട്ടി നേരത്തെ പറഞ്ഞതുകൊണ്ടുമാത്രം പറഞ്ഞുപോയതാണ്. യഥാർത്ഥത്തിൽ എസ്.ഡി.പി.ഐ.-യുമായി സഖ്യത്തിലുള്ളത് സി.പി.ഐ. (എം) ആണ് എന്ന കാര്യത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. അതിൽ യാതൊരു മാറ്റവുമില്ല. രാഷ്ട്രീയ ലക്ഷ്യംവച്ച് നടത്തുന്ന വാർഡ് വിഭജനത്തിൽനിന്ന് സർക്കാർ പിന്തിരിയണം. ഞാൻ വീണ്ടും ഈ ബില്ലുകളിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവയിന്മേൽ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കേരളത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ഭരണനിർവ്വഹണം പ്രദാനം ചെയ്യുന്നതിന് ജനസംഖ്യയും കൗൺസിലർമാരുടെ എണ്ണവും തമ്മിലുള്ള അനുപാതം കുറച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൗൺസിലർമാരുടെ എണ്ണം വർദ്ധിപ്പിക്കാനാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെയും 6-ാം വകുപ്പ് 238, 239 എന്നീ നമ്പർ ബില്ലുകളിലൂടെ ഭേദഗതി ചെയ്യുന്നതെന്നാണ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിലൂടെ സർക്കാർ വ്യക്തമാക്കുന്നത്. ഈ ഭേദഗതി നടപ്പാക്കുന്നതുമൂലം കൗൺസിലർമാരുടെ എണ്ണത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ വ്യത്യാസമുണ്ടാകുന്നതാണ്. പഞ്ചായത്തുകളിൽ നേരത്തേ ഏറ്റവും കുറഞ്ഞത് 13 എന്നുള്ളത് 14 ആയും പരമാവധി 23 എന്നുള്ളത് 24 ആയും മാറുന്നുവെന്നാണ് പറയുന്നത്. ഇവിടെ ശ്രീ. അനിൽ അക്കര സൂചിപ്പിച്ചതുപോലെ, ഇത് വായിക്കുമ്പോൾ ഒരു വാർഡ് കൂടും എന്നാണ് നമുക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ ഒരു വാർഡല്ല കൂടുന്നത്. ജനസംഖ്യാനുപാതികമായി 1100-ന് ഒരു വാർഡ് എന്നുള്ള നിലയിൽ പഞ്ചായത്തിലും 2500 എന്ന നിലയിൽ ഒരു മുനിസിപ്പാലിറ്റിയിലും പതിനായിരം ജനസംഖ്യ എന്നുള്ള രീതിയിൽ ഒരു

മുനിസിപ്പൽ കോർപ്പറേഷനിലും വാർഡുകൾ പുതിയതായി ഈ ബിൽ പ്രകാരം രൂപപ്പെടുമ്പോൾ തീർച്ചയായും വാർഡുകളുടെ എണ്ണത്തിൽ ഒരുപാട് മാറ്റങ്ങളുണ്ടാകും. എന്റെ നിയോജകമണ്ഡലത്തിലെ 17 വാർഡുകളുള്ള ചേരാനെല്ലൂർ പഞ്ചായത്തിൽമാത്രം മൂന്ന് വാർഡുകൾ അധികമായി കൂടുന്നു. കൊച്ചി നഗരസഭയിൽ 74 വാർഡുകളാണ് നിലവിലുള്ളത്. ഈ ബിൽ വരുമ്പോൾ സ്വാഭാവികമായും ഏറ്റവും ചുരുങ്ങിയത് 10 മുതൽ 15 വരെ വാർഡുകൾ പുതിയതായി വരും. സ്വാഭാവികമായും ഇവിടെ എല്ലാ അംഗങ്ങളും സൂചിപ്പിച്ചതുപോലെ 2015-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുകയാണ്. ഈ ബിൽ പ്രകാരം ഡീലിമിറ്റേഷൻ കഴിയുമ്പോൾ പുതിയതായി രൂപപ്പെടുന്ന വാർഡുകളുടെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുനർവിന്യാസം ചെയ്യേണ്ട സാഹചര്യമുണ്ടാകും. ഇപ്പോൾ വലിയൊരു മനുഷ്യപ്രയത്നം ചെലവഴിച്ചെങ്കിലും ഡീലിമിറ്റേഷനിലൂടെ വീണ്ടും ചെയ്യേണ്ട ഒരു സാഹചര്യം ഉണ്ടാകുമെന്നുമുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ അംഗങ്ങൾ എല്ലാവരും പ്രകടിപ്പിച്ച അഭിപ്രായമാണ് ആ വിഷയത്തിൽ എനിക്കുള്ളതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചു, വാർഡ് വിഭജനത്തിന് മുമ്പായി പഞ്ചായത്തുകളിൽ ജനസംഖ്യാനുപാതികമായി വാർഡുകൾ വിഭജിക്കുന്നതിന് ഗവൺമെന്റ് കൊടുത്ത നിർദ്ദേശം, യഥാർത്ഥത്തിൽ 2021-ലെ സെൻസസിനുവേണ്ടി വാർഡുകളുടെ ബൗണ്ടറികൾ മരവിപ്പിച്ചിരിക്കുന്നതുകാരണം പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ പാടില്ല എന്നുതന്നെ പറഞ്ഞിട്ടുള്ള ഒരു സാഹചര്യം നിലനിൽക്കുകയാണ്. സ്വാഭാവികമായും ഇന്ന് ഇത്തരത്തിലൊരു ബിൽ പാസ്സാക്കുന്നതിലൂടെ രാജ്യത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ജനസംഖ്യാനുപാതികമായി അവർക്ക് കൂടുതലായി ഫലവത്തായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഉപകരിക്കുമെന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ വർഷവും ജനവരി 1-ാം തീയതി മാനദണ്ഡമാക്കി വോട്ടർ പട്ടിക പുതുക്കുന്നുണ്ടെന്ന കാര്യം നമുക്കറിയാം. ഇവിടെ അഞ്ച് വർഷം കൂടുമ്പോൾ വോട്ടർ പട്ടിക പുതുക്കുന്നുവെന്ന് പറയുമ്പോൾ അത് പ്രായോഗികമല്ല എന്നുള്ള ഒരു പരാമർശം ഡിവിഷൻ ബഞ്ച് നടത്തിയിട്ടുള്ളതായി അറിയുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, തീർച്ചയായും. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിനെതിരായി കോൺഗ്രസ്

പാർട്ടി കൊടുത്തിട്ടുള്ള അപ്പീലിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ന് നടക്കുന്ന പ്രൊസീഡ്യുവർ ജനങ്ങളെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നുള്ള കമന്റ് ബഹുമാനപ്പെട്ട കോടതിയിൽനിന്നും ഉണ്ടായി. ഇവിടെ എല്ലാവരും പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ഏകദേശം 10-30 ലക്ഷം വോട്ടർമാരെ പുതിയതായി ചേർക്കേണ്ടിവരുന്നുണ്ട്. 2019-ൽ വോട്ടർ പട്ടികയിൽ പേര് ചേർത്ത് വോട്ട് ചെയ്ത പലയാളുകൾക്കും പുതിയതായി 2015-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ വോട്ടില്ല. അവരെയെല്ലാം പുതിയതായി ചേർക്കേണ്ടതായി വരുന്നു. ഒരു കാര്യം മനസ്സിലാക്കേണ്ടത്, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ, ഒരു വോട്ടർ എൻറോൾ ചെയ്താൽ ബി.എൽ.ഒ. (ബൂത്ത് ലെവൽ ഓഫീസർ) അവരുടെ വീട്ടിൽ ചെന്ന് വെരിഫിക്കേഷൻ നടത്തി വോട്ടർമാരെ സംബന്ധിച്ചിടത്തോളം ഒരു ബുദ്ധിമുട്ടുമില്ലാത്ത തരത്തിൽ ഐഡന്റിറ്റി കാർഡ് വീട്ടിൽ കൊണ്ടുപോയി കൊടുക്കുന്ന നടപടിയാണുള്ളത്. ഇവിടെ എന്താണ് സ്ഥിതി; തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു വോട്ടറെ പുതിയതായി ചേർക്കേണ്ടി വരുമ്പോൾ എൻറോൾ ചെയ്യുന്നതിന് ഏറ്റവും ചുരുങ്ങിയത് 12-14 മിനിട്ട് വരെ സമയമെടുക്കും. ഈ സിസ്റ്റം വളരെ സ്ലോയാണ്. ആ സംവിധാനത്തിൽ കേരളത്തിലെ ഏകദേശം 30 ലക്ഷം വോട്ടർമാരെ പുതിയതായി ചേർക്കുമ്പോൾ എത്ര സമയമെടുക്കുമെന്നതിനെ സംബന്ധിച്ച് നമ്മളാരെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഇത് വളരെ ഗൗരവമുള്ള വിഷയമല്ലേ; ഇത് എങ്ങനെ ചേർക്കാൻ കഴിയും?

ശ്രീ. അൻവർ സാദത്ത്: സർ, ഇപ്പോൾ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന പ്രക്രിയ നടക്കുകയാണ്. ഏത് പാർട്ടിയിലെ അംഗമായാലും മത്സരിക്കാൻ താൽപ്പര്യമുള്ള പ്രവർത്തകർക്ക് കിട്ടുന്ന അംഗീകാരമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ്. അക്ഷയ കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനം ഉണ്ടാക്കിയാൽപ്പോലും അവിടെ വളരെ സ്ലോയിലാണ് കാര്യങ്ങൾ ചെയ്യപ്പെടുന്നത്. അക്ഷയ കേന്ദ്രങ്ങളിൽ ചെല്ലുമ്പോൾ ഒരാളുടെ പേര് വോട്ടർ പട്ടികയിൽ ചേർക്കുന്നതിന് 30 രൂപ, 50 രൂപ എന്നിങ്ങനെ പല രീതിയിലും തുക ഈടാക്കുന്ന സാഹചര്യമുണ്ട്. സ്ഥാനാർത്ഥിയായി നിൽക്കുകയെന്നുള്ളതും അതുപോലെ പാർട്ടിക്കുവേണ്ടി കുറെയാളുകളെ വോട്ടർ പട്ടികയിൽ ചേർക്കുകയെന്നതും ഒരു പൊതുപ്രവർത്തകന്റെ കടമയും ഉത്തരവാദിത്വവുമാണ്. അങ്ങനെ വരുമ്പോൾ സാധാരണക്കാരായ സഹപ്രവർത്തകരുടെ പൈസയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അത് ഈ പൊതുപ്രവർത്തകരുടെ മേൽ വലിയൊരു ബാധ്യത അടിച്ചേൽപ്പിക്കുന്നുവെന്ന തരത്തിലുള്ള സമീപനമാണ് ഇതിലൂടെ

ഉണ്ടായിരിക്കുന്നത്. വേറൊരു വ്യാജപ്രചരണവുമുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്കുവേണ്ടിയാണ് ഇങ്ങനെയൊരു സംവിധാനം 2015-ൽ തുടങ്ങിയത്. പഴയ വോട്ടർ പട്ടികയിലെ പേരുകളെടുക്കാതെ ഇങ്ങനെയൊരു സംവിധാനം ഉണ്ടാക്കിയതുതന്നെ അക്ഷയ കേന്ദ്രങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് എന്നുള്ള വ്യാജപ്രചരണം നടക്കുന്നു. അതിനകത്ത് എന്തെങ്കിലും യാഥാർത്ഥ്യം ഉണ്ടോയെന്നറിയില്ല. ഇവയൊക്കെ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അങ്ങ് സൂചിപ്പിച്ചത്. ഇപ്പോൾ ഒരാളുടെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ ചേർക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 30 രൂപ കൊടുക്കണം. 50 രൂപ വരെ വാങ്ങുന്ന അക്ഷയ സെന്ററുകളുമുണ്ട്. സ്വാഭാവികമായും ഇത്രയും വോട്ടർമാരും രാഷ്ട്രീയ പാർട്ടികൾ അല്ലെങ്കിൽ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ മത്സരിക്കാനുദ്ദേശിക്കുന്ന ആളുകളും ഈ സിസ്റ്റവുമായി നടന്ന് പേര് ചേർക്കുന്നുണ്ടാകാം. പക്ഷേ, ഭൂരിഭാഗം ആളുകളും ഇതുമായി ബന്ധപ്പെട്ട് ആശ്രയിക്കുന്നത് അക്ഷയ സെന്ററുകളെയാണ്. അപ്പോൾ സ്വാഭാവികമായും വലിയ സാമ്പത്തിക ബാധ്യതയാണ് പൊതുസമൂഹത്തിനുണ്ടാകുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ബി.എൽ.ഒ.-മാരെ നിയമിച്ച് അവരുടെ വീടുകളിൽ പോയി വെരിഫിക്കേഷൻ നടത്തി, ഐഡന്റിറ്റി കാർഡ് വീടുകളിൽ എത്തിച്ചുകൊടുക്കുന്ന വളരെ സുതാര്യമായ നടപടി സ്വീകരിക്കുമ്പോഴും നമ്മളെ സംബന്ധിച്ചിടത്തോളം ലോക്കൽ ബോഡിയിൽ ഒരു വോട്ടർ എൻറോൾ ചെയ്താൽ അയാളുടെ വെരിഫിക്കേഷൻ നടത്താൻ ഒരു നടപടിയുമില്ല. നിയമമനുസരിച്ച് ആ വോട്ടർ യഥാർത്ഥത്തിൽ വോട്ടറാണോയെന്നൊരു പ്രാഥമിക വെരിഫിക്കേഷൻ ലോക്കൽ ബോഡികൾ നടത്തേണ്ടതായിട്ടുണ്ട്. അത്തരം വെരിഫിക്കേഷൻ ഇപ്പോൾ നടക്കുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത വോട്ടർമാർ വീണ്ടും ഹിയറിംഗിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളിൽ കടന്നുചെല്ലണമെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. ഞാൻ അഞ്ച് ലോക്കൽ ബോഡി തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച ആളാണ്. ഇതുവരെയില്ലാത്ത ഒരു നടപടിയാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വാർഡ് ഡീലിമിറ്റേഷൻ നടത്തിയാൽ അതുമായി ബന്ധപ്പെട്ട് ആ വാർഡിലെ വോട്ടറുടെ വീട്ടുനമ്പരിന്റെ അടിസ്ഥാനത്തിൽ പുതിയ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കണം. ഇപ്പോൾ പറയുന്നത് 2020 ഒക്ടോബറിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുള്ളതുകൊണ്ട്, യഥാർത്ഥത്തിൽ സമയമില്ലാത്തതുകൊണ്ട് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

അറിയിച്ചിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇവിടെ ശ്രീ. അനിൽ അക്കര സൂചിപ്പിച്ചതുപോലെ ഒരു വാർഡ് മാത്രമല്ല കൂട്ടുന്നത്, ഒരു പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് ഒരു വാർഡും അതിനേക്കാൾ കൂടുതലും ഉണ്ടാകുന്നതിനുള്ള സാഹചര്യമുണ്ടാകും. അപ്പോൾ സ്വാഭാവികമായും എല്ലാ വാർഡുകളിലും ഡീലിമിറ്റേഷന്റെ ഭാഗമായി അതിർത്തികൾ പുനർനിർണ്ണയം നടത്തേണ്ടിവരുമ്പോൾ വോട്ടർ പട്ടികയിൽ വീണ്ടും പേര് ചേർക്കേണ്ടതായ പ്രശ്നങ്ങളുണ്ടാകുന്നു. അതെല്ലാം മനസ്സിലാക്കി മുന്നോട്ടുപോകുന്ന ഒരു സാഹചര്യമുണ്ടായില്ലെങ്കിൽ തീർച്ചയായും വലിയ ബുദ്ധിമുട്ട് നേരിടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുപ്പ് നടത്തുന്നതിന് അനുകൂലമായ ഒരു സാഹചര്യമില്ലാത്തതുകൊണ്ട്, ഈ ബിൽ ഒരിക്കലും പ്രായോഗികമല്ലെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീമതി സി. കെ. ആശയ്ക്കുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ചൂണ്ടിക്കാണിക്കുന്ന വിഷയങ്ങൾ അവർതന്നെ പറയുന്ന കാര്യങ്ങളുടെ ഉള്ളുകള്ളികൾ പരിശോധിച്ചാൽ എന്തോ ഒന്നിനെ ഭയക്കുന്നതുപോലെയാണ്. ആ ഭയപ്പാടിൽനിന്നുകൊണ്ടുള്ള പ്രതികരണങ്ങളാണ് ഇവിടെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തണമെന്നും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ മുന്നോട്ടുകൊണ്ടുപോകണമെന്നുമുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഈ ഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളതെന്ന കാര്യം ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഇവിടെ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. പുതുതായി വോട്ടർമാർ വോട്ടർ പട്ടികയിൽ ഉൾപ്പെടണം. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണമെന്ന താൽപ്പര്യത്തോടുകൂടിയാണ് സ്വമേധയാ ഇപ്പോൾ ആളുകൾ മുന്നോട്ടുവരുന്നത്. ഇനിയുള്ള ദിവസങ്ങൾകൂടി ആകുമ്പോൾ ആ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയം കൈവരിക്കാനുള്ള

ഏതോ കുതന്ത്രം നടപ്പാക്കാനാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഇപ്പോൾ അതിന്റെ ആവശ്യമില്ലായെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തുകൊണ്ടെന്നാൽ കേരളത്തിൽ ഇന്നലെകളിൽനിന്നും വ്യത്യസ്തമായ പ്രവർത്തന മികവിന്റെ പശ്ചാത്തലത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഇപ്പോൾ നിൽക്കുന്നത്. കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ ഐ.എസ്.ഒ. അംഗീകാരം നേടി മുന്നോട്ടുപോകുകയാണ്. ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ വളരെ ഫലപ്രദമായ ഇടപെടലുകൾ ത്രിതല പഞ്ചായത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന സ്ഥലങ്ങളിലും അതിന്റെ പ്രതിഫലനങ്ങൾ കാണാൻ കഴിയും. അതുകൊണ്ട് ജനങ്ങൾക്ക് ഈ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലുണ്ട്, ആ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പ്രതികരണം ജനങ്ങളിൽനിന്നും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് യാതൊരു ആശങ്കയുമില്ലെന്ന കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യം ഇവിടെ പറയാതെ പോകുന്നത് ശരിയല്ല. പ്രതിപക്ഷ ബഞ്ചുകളിലെ ചില സുഹൃത്തുക്കൾ ഏത് ചർച്ചയിൽ പങ്കെടുക്കുമ്പോഴും പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയേയും കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനേയും താരതമ്യപ്പെടുത്തി ഇതു രണ്ടും ഒരേ തൂവൽപക്ഷികളാണെന്ന് സ്ഥാപിക്കാനുള്ള മന:പൂർവ്വമായ ഒരു ശ്രമം നടത്തുന്നു. നിങ്ങൾ എന്തിനാണ് കയ്യടിക്കുന്നത്? നിങ്ങൾ അതിനെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കൂ, പാദത്തിനടിയിലെ മണ്ണ് ചോർന്നുപോകുന്ന കാര്യം നിങ്ങൾ അറിയുന്നില്ലെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

ഡൽഹി അസംബ്ലി ഇലക്ഷന്റെ ഫലം നിങ്ങൾ പരിശോധിക്കൂ. ഇപ്പോൾ അവിടെ നിങ്ങൾ പൂജ്യമായി. നിങ്ങളിൽ ആർക്കും വിശ്വാസമില്ലാതായിത്തീർന്നിരിക്കുന്നു. ഈ നിലപാട് നിങ്ങളെ എവിടെയും എത്തിക്കില്ലെന്നുള്ള കാര്യം അവധാനതയോടെ മനസ്സിലാക്കാൻ തയ്യാറുണ്ടെങ്കിൽ നിങ്ങൾക്ക് രക്ഷപ്പെടാം. അല്ലെങ്കിൽ യാതൊരു രക്ഷയുമുണ്ടാകില്ല. നിങ്ങളുടേത് ഈ മനോഭാവമാണെങ്കിൽ നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.. അങ്ങ് സംസാരിക്കൂ.. അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ..

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, നിങ്ങൾ എവിടെ രക്ഷപ്പെടുമെന്നാണ് പറയുന്നത്? നിങ്ങളുടെ മുമ്പിലെ മുഖ്യശത്രു ഇന്ന് ആരാണ്? ഞങ്ങൾ വളരെ

വ്യക്തമായി പറയുന്നു, ഞങ്ങളുടെ മുഖ്യശത്രു ആർ.എസ്.എസ്., ബി.ജെ.പി., സംഘപരിവാർ എന്ന കാര്യത്തിൽ യാതൊരു അവ്യക്തതയുമില്ല. നിങ്ങൾ കേരളത്തിനപ്പുറത്തേയ്ക്ക് ഇന്ത്യയെ കാണാൻ തയ്യാറാകുന്നില്ലെന്നതല്ലേ യാഥാർത്ഥ്യം. കേരളത്തിന് പുറത്ത് ഒരു ഇന്ത്യയുണ്ടെന്ന് നിങ്ങൾ കാണണം. അവിടത്തെ സാമൂഹിക സാഹചര്യം നിങ്ങൾ മനസ്സിലാക്കണം. എ.ഐ.സി.സി. നേതൃത്വത്തിനുണ്ടാകുന്ന വകതിരിവുപോലും നിങ്ങൾ പലപ്പോഴും ഇവിടെ പ്രകടിപ്പിക്കുന്നില്ല എന്നതാണ് സത്യം. അതുകൊണ്ടാണ് ബി.ജെ.പി.ക്ക് തുല്യമാണ് ഇടതുപക്ഷം എന്ന് സ്ഥാപിക്കാൻ നിങ്ങൾ ശ്രമിക്കുന്നത്. ആ സമീപനം ഉപേക്ഷിക്കണം. ഇന്ത്യ കടുത്ത പ്രതിസന്ധിയിൽ ഏർപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽപ്പോലും നിങ്ങൾ നിങ്ങളുടെ നിലപാടുകൾ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ തയ്യാറാകുന്നില്ലെന്നത് കഷ്ടമെന്നല്ലാതെ ഒന്നും പറയുവാനില്ല.

നിങ്ങൾ ഇവിടത്തെ മുസ്ലീങ്ങളുടെയെല്ലാം സംരക്ഷകരാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. എവിടെയാണ് നിങ്ങൾ സംരക്ഷിച്ചിട്ടുള്ളത്; എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ ആ അവകാശവാദം ഉന്നയിക്കുന്നത്; ഇന്ത്യയിലെ മുസ്ലീം സഹോദരങ്ങളുടെ മനസ്സിൽ വ്രണമുണ്ടാക്കിയ, വേദനയുണ്ടാക്കിയ എല്ലാ സംഭവങ്ങളുടെയും തുടക്കക്കാർ നിങ്ങളാണ്. എല്ലാം തുടങ്ങിവച്ചത് നിങ്ങളാണ്. ബാബ്റി മസ്ജിദ് തകർക്കുന്നതിന് അനുകൂലമായ സാഹചര്യം ഒരുക്കിയത് നിങ്ങളാണ്. ഇതൊന്നും നിങ്ങൾ മറന്നുപോകരുത്. അതുകൊണ്ട് ആ നിലപാടുകൾ തിരുത്തി, യഥാർത്ഥത്തിൽ രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യം എന്തെന്ന് മനസ്സിലാക്കി, കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ തിരുത്തുന്നതിനാവശ്യമായ ജനകീയ മുന്നേറ്റമുണ്ടാക്കുന്നതിന് ഇടങ്കോലിടാതെ ജനങ്ങളുടെ ഐക്യം ഊട്ടിയുറപ്പിക്കാനാവശ്യമായ മുൻകയ്യെടുക്കുന്നതിന് പകരം ഇത്തരം സമീപനങ്ങൾ നിങ്ങൾ ഉപേക്ഷിക്കണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇല്ലെങ്കിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിലുൾപ്പെടെ നിങ്ങൾക്ക് തിരിച്ചടി ഉണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഞാൻ ഈ ഭേദഗതിയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1994-ലെ കേരള പഞ്ചായത്തീരാജ് ആക്ടിന്റെയും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെയും 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പാണ് ഇപ്പോൾ ഭേദഗതി ചെയ്യുന്നത്. അതിൽ വാർഡുകൾ കുറഞ്ഞതിന്റെയും പരമാവധിയുള്ളതിന്റെയും എണ്ണം ഓരോന്നുവീതം വർദ്ധിപ്പിക്കുന്ന നിലയിലാണ് ഈ ഭേദഗതി നിർദ്ദേശം വന്നിരിക്കുന്നത്. ഇവിടെ അംഗങ്ങളുടെ എണ്ണം കൂടിപ്പോകുന്നുവെന്നാണ് പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞത്. സാധാരണക്കാരായ പ്രവർത്തകർക്ക് ഒരു അംഗീകാരമാണ് പഞ്ചായത്ത് അംഗമെന്ന പദവിയെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ കുറച്ചുപേർക്കുകൂടി അംഗീകാരം കിട്ടട്ടെ; എന്തിനാണ് നമ്മൾ അതിനെ എതിർക്കുന്നത്; തിരുവനന്തപുരംപോലുള്ള നഗരത്തിൽ ഇപ്പോൾത്തന്നെ 100 പേരുണ്ട്. അവിടെ ഒരെണ്ണം മാത്രമാണ് കൂടുന്നത്. 13 പേരുള്ള സ്ഥലത്ത് 24 ആയാൽ എന്താണ് കുഴപ്പം; അത്രയും പേർക്കുകൂടി അംഗീകാരം കിട്ടുന്നു എന്നല്ലേ അതിനർത്ഥം; ഈ ഭേദഗതിയെ ഇവിടെ എതിർക്കുന്നത് രാഷ്ട്രീയ ലക്ഷ്യം വച്ചിട്ടാണെന്നുള്ളത് കൃത്യമായി പറയാൻ സാധിക്കും. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് മുനിസിപ്പാലിറ്റികൾ രൂപീകരിച്ചപ്പോൾ ഈ ന്യായമല്ലല്ലോ പറഞ്ഞത്; അന്ന് വേറൊരു ന്യായമാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. അതുപോലെ ഇതുമായി ബന്ധപ്പെട്ടുള്ള തീരുമാനങ്ങൾ എടുക്കേണ്ടത് ആരാണ്; പ്രാഥമികമായി ഈ കേസ് കോടതിയുടെ പരിഗണനയിൽ വന്നപ്പോൾത്തന്നെ കോടതി നിരീക്ഷിച്ചത് എന്താണ്; ഇത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിവേചനാധികാരത്തിൽപ്പെടുന്നൊരു കാര്യമാണ് എന്നാണ്. വോട്ട് ചേർക്കുന്നതിലും വാർഡ് വിഭജനത്തിലും മറ്റ് കാര്യങ്ങളിലും സർക്കാരിന് ഒരു തീരുമാനമെടുത്ത് നടപ്പാക്കാൻ കഴിയില്ല. തെരഞ്ഞെടുപ്പ് കമ്മീഷനാണ് അക്കാര്യങ്ങളിൽ അഭിപ്രായം പറയേണ്ടതും നടപ്പാക്കേണ്ടതുമെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നമ്മൾ എത്രയോ നാളുകളായി ഇലക്ഷൻ പ്രക്രിയയിൽ ഇടപെടുന്ന ആളുകളാണ്. സ്വാഭാവികമായും രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷനുകളാണുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമാണ്. രണ്ടിനും രണ്ട് അധികാര പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. അതിനകത്തുനിന്നുകൊണ്ട് കാര്യങ്ങൾ ചെയ്യുന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ എനിക്കൊരു സംശയം വരുന്നത്, ശ്രീ. അനിൽ അക്കരയും അദ്ദേഹത്തിന്റെ മെമ്പർമാരുമൊക്കെ ആക്ടിനെയാണോ ചോദ്യം ചെയ്യുന്നത്; നിലവിൽ പഞ്ചായത്തീരാജ് ആക്ടിലെയും മുനിസിപ്പാലിറ്റി ആക്ടിലെയും 6-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ ഇങ്ങനെയൊരു അംഗസംഖ്യ പറയുന്നുണ്ടല്ലോ. 13-ഉം 23-ഉം എന്ന് ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ

പറയുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ 13-23 എന്ന് പറയുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 16-32 എന്നുപറയുന്നുണ്ട്. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ 25-52 എന്ന് പറയുന്നുണ്ട്. കോർപ്പറേഷന്റെ കാര്യത്തിൽ 55-100 എന്ന് നിലവിൽത്തന്നെ പറയുന്നുണ്ട്. ഇങ്ങനെ പറയുമ്പോൾത്തന്നെ ജനസംഖ്യാനുപാതികമായി മാത്രമേ വാർഡുകൾ വിഭജിക്കാൻ കഴിയൂ എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതുമാണ്. അപ്പോൾപ്പിന്നെ എന്തിനാണ് ആശങ്കപ്പെടുന്നത്; അപ്പോൾ ഇതൊരു അടിസ്ഥാനരഹിതമായ ആശങ്കയാണെന്ന് വളരെ കൃത്യമായി പറയാൻ സാധിക്കും.

ഇത്തരമൊരു ആശങ്ക ഉയർത്തിക്കൊണ്ട് ഈ ബില്ലിനെ എതിർക്കുമ്പോൾ സ്വാഭാവികമായും അതിൽ രാഷ്ട്രീയമായിട്ടുള്ള ചില കാര്യങ്ങൾകൂടി വരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും എത്തിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളാണ് ഇതിനോടകം എടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഏറ്റവും നല്ല ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 1,200-ഓളം വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരമാവധി ഫണ്ടും മറ്റ് കാര്യങ്ങളും അനുവദിക്കുന്നതിനുവേണ്ടി ഈ സർക്കാർ പരിശ്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 23.5 ശതമാനമായിരുന്നു പദ്ധതി അടങ്കലായി ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരുന്നത്. ഇപ്പോൾ 2019-20-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 24.5 ശതമാനമായി ആ അടങ്കൽ തുക ഉയർത്താൻ സാധിച്ചു. അതിന്റെ ഭാഗമായി 7,000-ത്തിൽനിന്നും 7,500 കോടി രൂപയുടെ പദ്ധതി സഹായം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നൊരു സ്ഥിതിയാണുണ്ടായത്. ചരിത്രത്തിൽ ആദ്യമായി എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ അതിന്റെ പ്ലാൻ എക്സ്പെന്റീച്ചറിന്റെ കാര്യത്തിൽ 93 ശതമാനമെന്ന സർവ്വകാല റെക്കോർഡിലേയ്ക്ക് പോയി എന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയുമോ; ഇതൊക്കെ ജനങ്ങളിലേയ്ക്ക് എത്തിക്കാതിരിക്കാൻകൂടിയാണ് ഇത്തരമൊരു ചർച്ച വരുന്നതെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ബഡ്ജറ്റിന്റെയും മറ്റും ചർച്ചയുടെ ഭാഗമായി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. എൽ.എസ്.ജി.ഡി.-യുടെ അധികാരം കവർന്നെടുക്കാനും അവരെ വരിഞ്ഞ് മുറുക്കാനുമൊക്കെയാണ്

പരിശ്രമിക്കുന്നതെന്ന് സൂചിപ്പിച്ചു. എവിടെയാണ് വരിഞ്ഞ് മുറുക്കിയിരിക്കുന്നത്; എവിടെയാണ് അവരുടെ അധികാരം കവർന്നെടുത്തിരിക്കുന്നത്; തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു. ചെറിയൊരു കാര്യമാണോ; മുമ്പൊക്കെ ഒരു പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞാൽ കേവലം രണ്ടോ മൂന്നോ മാസം മാത്രം ആ പദ്ധതി ഇംപ്ലിമെന്റേഷനുവേണ്ടി ലഭിക്കുമ്പോൾ ഈ സർക്കാരിന്റെ കൃത്യമായ ഇടപെടലിലൂടെ 12 മാസം നീണ്ടുനിൽക്കുന്ന പ്രവൃത്തി ഇംപ്ലിമെന്റേഷൻ സമയം നമുക്ക് ലഭിക്കുന്നൊരു സ്ഥിതി ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ടായി. മാത്രമല്ല, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഫണ്ടിന്റെ കാര്യത്തിൽ എത്ര കോടി രൂപയാണ് ഈ സർക്കാർ അനുവദിച്ചിരിക്കുന്നത്. ഈ നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളോട് ഏറ്റവും ഉദാരമായ സമീപനമെടുക്കുന്ന ഒരു സർക്കാരാണ് കേരളം ഭരിക്കുന്നതെന്നതാണ് എടുത്ത് കാണിക്കേണ്ടൊരു കാര്യം. അതുമാത്രമല്ല, എൽ.എസ്.ജി.ഡി.-യെ സഹായിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി കെടുതികൾ അനുഭവിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 250 കോടി രൂപ പ്രത്യേക പാക്കേജായി അനുവദിച്ചു. ഇന്ന് ആ തുക ഉപയോഗിച്ചുകൊണ്ടുള്ള പണികൾ എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ, നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖയിൽ കൃത്യമായ മാറ്റങ്ങൾ വരുത്തി പദ്ധതി നിർവ്വഹണ കാര്യത്തിൽ അനുകൂലമായ നിലപാടെടുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 2018-ൽ പദ്ധതി മാർഗ്ഗരേഖ കൃത്യമായി പരിഷ്കരിച്ചുകൊണ്ടുള്ള നടപടികളിലേയ്ക്ക് നമുക്ക് പോകാൻ കഴിഞ്ഞു. അതുപോലെ 2019-20-ൽ പ്രളയവുമായി ബന്ധപ്പെട്ട് പുതിയൊരു ആസൂത്രണ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചുവെന്നുള്ളത് ചെറിയൊരു കാര്യമല്ല.

നഗരങ്ങളെ സംബന്ധിച്ച്, അവിടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാർഗ്ഗരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് എഞ്ചിനീയറിംഗ് തലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥരെയെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ചുകൊണ്ട് ചരിത്ര പ്രധാനമായൊരു തീരുമാനമാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് എടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി എല്ലാ നഗരങ്ങളിലും വലിയ നിലയ്ക്കുള്ള പ്ലാൻ

എക്സ്പെന്റീച്ചർ വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നത് എടുത്തുപറയാൻ കഴിയുന്നതാണ്. ഇവിടെ ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി പദ്ധതിച്ചെലവിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇതിനോടകംതന്നെ പെന്റിംഗ് ബിൽ ഉൾപ്പെടെ 42 ശതമാനത്തിലധികം വരുന്ന തുക കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവിട്ടുകഴിഞ്ഞുവെന്നുപറയുന്നത് നിസ്സാരമായൊരു കാര്യമല്ല. കേന്ദ്ര വിഹിതമടക്കം ഗ്രാമവികസനത്തിന് 5,136 കോടി രൂപയുടെ പദ്ധതികൾ ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ മുഖാന്തരം ഇതിനോടകം ചെലവഴിക്കപ്പെടുകയാണ്. കൂടാതെ ലൈഫ് മിഷൻ വഴി 2,500 കോടി രൂപയുടെ പദ്ധതികളാണ് എൽ.എസ്.ജി.ഡി.കൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനുപുറമെ, പ്രളയംമൂലം നഷ്ടം വന്നിട്ടുള്ള ആസ്തികളുടെ പുനർനിർമ്മാണത്തിന് 1,000 കോടി രൂപയും എൽ.എസ്.ജി.ഡി.കൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുകയാണ്. നടപ്പ് സാമ്പത്തികവർഷം വിവിധ സ്രോതസ്സുകളിലായി 20,000 കോടി രൂപയുടെ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുകയാണ്. അതുകൊണ്ട് ബില്ലിനെതിരെ ചർച്ച നടത്തുന്നത് വല്ലാത്തൊരു നിലയിൽ കേരളത്തിലെ എൽ.എസ്.ജി.ഡി.കളെ വഴിതിരിച്ച് കൊണ്ടുപോകാനുള്ള ശ്രമങ്ങളുടെ ഭാഗമാണെന്ന് ഞാൻ സംശയിക്കുകയാണ്. പ്രളയ പുനർനിർമ്മാണത്തിനായി എൽ.എസ്.ജി.ഡി.-കൾക്ക് കിഫ്ബി വഴി നൽകുന്ന ധനസഹായം ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിൽ 'ഇംപാക്ട് കേരള'-യ്ക്ക് ഈ സർക്കാർ തുടക്കംകുറിച്ചിട്ടുണ്ട്. വികസന കാര്യത്തിൽ എക്കാലത്തെയും വലിയ മുന്നേറ്റമാണ് നമ്മുടെ സർക്കാർ നടത്തിയിരിക്കുന്നത്. 25379 കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു. 7652.45 കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. 3998 അങ്കണവാടികളും 233 പബ്ലിക് ഹെൽത്ത് സെന്ററുകളും 46 സി.എച്ച്.സി.കളും പുതുതായി നിർമ്മിച്ചു. 1170 ക്ലാസ്സ് മുറികൾ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിക്കുകയുണ്ടായി. കേരളത്തിലെ പഞ്ചായത്തുകൾ ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾതന്നെ ഇവിടെ സൂചിപ്പിച്ചു, 942 പഞ്ചായത്തുകളും ഇന്ന് കേരളത്തിൽ ഐ.എസ്.ഒ. നിലവാരത്തിൽ പ്രവർത്തിക്കുന്നു എന്ന്. ഈ നിലയിൽ പഞ്ചായത്തുകളിൽ സ്തുത്യർഹമായ മുന്നേറ്റത്തിന് സർക്കാരിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞു എന്നുപറയുന്നത് ചെറിയൊരു കാര്യമല്ല. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം, ഈ വർഷം 18612959 തൊഴിൽ ദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ടിക്കാൻ സാധിച്ചു എന്നുപറയുന്നതും വലിയൊരു നേട്ടമാണ്. മാലിന്യ സംസ്കരണ രംഗത്ത് 1032 ഹരിത കർമ്മ സേനകൾ, 31405 ഹരിത കർമ്മ സേനാംഗങ്ങൾ, 31.19 ലക്ഷം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ പരിപാടികൾ, 15358 മാലിന്യ സംസ്കരണ പ്രോജക്ടുകൾ എന്നിവ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുമെന്നുള്ള എൽ.ഡി.എഫ്. വാഗ്ദാനം പരമാവധി നിറവേറ്റി കേരളത്തിൽ പൊതുസർവ്വീസിന്റെ രൂപീകരണം അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് പോകുകയാണ്. മുനിസിപ്പൽ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പ്രഖ്യാപിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യവും ഈ സർക്കാർ നടത്തിക്കഴിഞ്ഞു. ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള നടപടി അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് പോകുകയാണ്. ഇതുവഴി ഉദ്യോഗസ്ഥ പുനർവിന്യാസത്തിലൂടെ ഉദ്യോഗസ്ഥരുടെ ക്ഷാമമടക്കം പരിഹരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകാൻ കഴിയുന്നൊരു സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2400 പുതിയ തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത്. പഞ്ചായത്ത് വകുപ്പിൽമാത്രം 448 തസ്തികകൾ, നഗരകാര്യ വകുപ്പിൽ 1494, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 372, ലൈഫ് മിഷനിൽ 58, ശുചിത്വ മിഷനിൽ 28 എന്നിങ്ങനെയാണ് തസ്തികകൾ. പി.എസ്.സി. മുഖാന്തരം 7169 നിയമനങ്ങൾ നടത്തി. ഈ നിലയിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടുപോകുന്ന ഒരവസരത്തിലാണ് ഈ ഭേദഗതിയിലൂടെ പഞ്ചായത്തുകളുടെയും ബ്ലോക്കുകളുടെയും അംഗസംഖ്യ വർദ്ധിപ്പിക്കുവാനുള്ള ചരിത്രപരമായിട്ടുള്ള ഒരു തീരുമാനം സർക്കാർ എടുത്തിരിക്കുന്നത്. കുറച്ചധികം വരുന്ന സാധാരണ പ്രവർത്തകർക്ക് പഞ്ചായത്ത് മെമ്പർമാരാകാനും ബ്ലോക്ക് അംഗങ്ങളാകാനുമൊക്കെ സഹായിക്കുന്ന രൂപത്തിലാണ് ആ ബിൽ വന്നിരിക്കുന്നത്. ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അധികാര വികേന്ദ്രീകരണം ഗ്രാമസ്വരാജിനായി നടപ്പിലാക്കുമ്പോൾ രാഷ്ട്രീയത്തിനതീതമായ ജാഗ്രതയാണ് വേണ്ടത്. വികേന്ദ്രീകരണം ശക്തിപ്പെടുത്തലിന്റെ ജീവാത്മാവും പരമാത്മാവുമാണ്. വെറും രാഷ്ട്രീയ ലക്ഷ്യത്തോടെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളെ ദുർബ്ബലപ്പെടുത്താനാണ് പ്രതിപക്ഷം പലപ്പോഴും ശ്രമിച്ചിട്ടുള്ളത്. ഈ ബില്ലിനെ എതിർക്കുന്നതും വരാനിരിക്കുന്ന തെരഞ്ഞെടുപ്പിലെ പരാജയ ഭീതിമൂലമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഈ പറയുന്ന വാർഡ് വിഭജനത്തിലൂടെ രാഷ്ട്രീയലക്ഷ്യം കൈവരിച്ച് വാർഡുകൾ വിഭജിച്ച് വിജയം നേടേണ്ട കാര്യമില്ലെന്നുള്ളത്

സമീപകാല രാഷ്ട്രീയ സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ജനപ്രീതി ഇവരെ ഭയപ്പെടുത്തുകയാണ്. ഒരു മുൻകൂർ ജാമ്യമെടുപ്പാണ് ഇതുപോലെയുള്ള ആരോപണങ്ങളെന്നാണ് സൂചിപ്പിക്കാനുള്ളത്. വെടക്കാക്കി തനിക്കാക്കുക എന്ന സ്വപ്നമാണത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും അത് കൈവരിക്കുന്ന ജനകീയതയും കാണുമ്പോൾ ആ ജനകീയതയെ ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ചില ശ്രമങ്ങൾ മാത്രമാണ് ബില്ലിനെ എതിർക്കുന്ന ഇതുപോലെയുള്ള പരിശ്രമങ്ങൾ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റ്, നവകേരള നിർമ്മാണത്തിന്റെ ദിശയും മുൻഗണനയുമെല്ലാം രൂപപ്പെടുത്തി ഒരു സുസ്ഥിര ജനപക്ഷ വികസന കാഴ്ചപ്പാട് പ്രായോഗികമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനെയും ഈ ഗവൺമെന്റിനെയും പരിശോധിക്കുമ്പോൾ നമുക്കത് മനസ്സിലാക്കാൻ കഴിയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷങ്ങളിൽ, 2014-2015 കാലം പരിശോധിച്ചാൽ 68.21% ആയിരുന്ന പദ്ധതി വിനിയോഗമെങ്കിൽ 2018-2019-ൽ യഥാർത്ഥ ചെലവ് 84.68% ആണ്. ക്യൂ ബിൽ കൂടി ചേർത്താൽ അത് 93% ആകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായി നമുക്കിത് ചൂണ്ടിക്കാണിക്കാം. വിനിയോഗത്തിലെ ഈ സർവ്വകാല റെക്കോർഡ് നേടിയത് ഇച്ഛാശക്തിയുടെ തെളിവാണെന്ന കാര്യം നമുക്ക് കാണാൻ കഴിയും. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ ആസൂത്രണ പ്രക്രിയ പൂർത്തിയാക്കുന്നതിലൂടെ ഏപ്രിൽ ആദ്യംതന്നെ പദ്ധതി ആരംഭിക്കാനും പന്ത്രണ്ട് മാസം പദ്ധതി നിർവ്വഹണത്തിന് ലഭ്യമാക്കാനും കഴിഞ്ഞുവെന്നത് ചരിത്രത്തിലാദ്യമാണ്. മുമ്പൊക്കെ ആഗസ്റ്റ്-സെപ്റ്റംബർ മാസംവരെ നീണ്ടുപോകുന്ന പ്രക്രിയയാണിത്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയാണ്. ഇതെല്ലാം പ്രതിപക്ഷത്തെ പ്രകോപിപ്പിക്കുകയാണ്. ജനങ്ങളെല്ലാം ഈ വികസന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നുണ്ട്. ആകെ സ്റ്റേറ്റ് പ്ലാൻ 27,610 കോടി രൂപയാണെങ്കിൽ അതിന്റെ 25.92%, അതായത്, 7,158 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. 25% അനുവദിച്ചാൽ മതിയെന്നാണ് ധനകമ്മീഷന്റെ നിർദ്ദേശം. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 25.92% അനുവദിച്ചു. മാത്രമല്ല, യു.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷം പദ്ധതി വിഹിതം വെറും 23% ആയിരുന്നു. ഇതൊക്കെ വികസനപ്രവർത്തനങ്ങളായി ജനങ്ങളുടെ മുമ്പിലേയ്ക്ക് കടന്നുവരുന്നതിന്റെ അസഹിഷ്ണുത ഈ സഭയിൽ യു.ഡി.എഫ് -ന്റെ

ഭാഗത്തുനിന്നും പലരും പ്രകടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 24.5% ആയിരുന്നുവെങ്കിൽ ഇപ്പോഴത് 25.92% ആക്കിമാറ്റി. ഈ വർഷം ഇതേവരെയുള്ള പദ്ധതി ചെലവ് 42.65 ശതമാനമാണ്. എന്നാൽ യു.ഡി.എഫ്. ഭരിച്ചിരുന്ന 2014-2015 കാലത്ത് പദ്ധതി ചെലവ് 31.03% മാത്രമായിരുന്നു. വകുപ്പിലെ പ്രവർത്തനങ്ങൾ അത്രമാത്രം ശക്തമായി മുന്നോട്ടുപോകുമ്പോൾ ഇത്തരത്തിലുള്ള ചില സങ്കീർണ്ണതകൾ ഉയർത്തിക്കൊണ്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഇടിച്ചുതാഴ്ത്താനുള്ള പരിശ്രമമാണ് ഈ ബില്ലിനെ എതിർത്തുകൊണ്ടുള്ള ചർച്ചകൾ. അതുമാത്രമല്ല ഗ്രാമ വികസനത്തിനുള്ള കേന്ദ്ര വിഹിതം 5,136 കോടി രൂപ, ലൈഫ് മിഷന് 2,500 കോടി രൂപ, പ്രളയത്തിന്റെ നാശനഷ്ടങ്ങൾക്കുള്ള 1000 കോടി രൂപ തുടങ്ങി വിവിധ പദ്ധതികളിലൂടെ ഏതാണ്ട് 20,000 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നമ്മൾ വിനിയോഗിക്കുകയാണ്. മാത്രമല്ല ജില്ലാതലത്തിൽ പദ്ധതികൾ രൂപീകരിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് രാജ്യത്തിന് മാതൃകയാകുന്നു. ഇത് അഭിമാനകരമായ കാര്യമാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ 937 പഞ്ചായത്തുകളുണ്ട്. ഇതൊക്കെ ദേശീയതലത്തിൽ വളരെ ശ്രദ്ധ നേടുന്ന പ്രവർത്തനങ്ങളാണ്. തൊഴിലുറപ്പിന്റെ പുരോഗതി അസൂയാവഹമാണ്. മുനിസിപ്പൽ മേഖലയിൽ നടപ്പിലാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 2015-2016-ൽ 374613 തൊഴിൽ ദിനങ്ങളാണുണ്ടായിരുന്നത്. വെറും 7.48 കോടി രൂപയാണ് നഗര തൊഴിലുറപ്പ് പദ്ധതിയിൽ അന്ന് ചെലവഴിച്ചത്. എന്നാൽ 2018-2019-ലെ കണക്ക് നോക്കുമ്പോൾ വർദ്ധനവ് 700 ശതമാനമാണ്. 1861000-ത്തിലധികം തൊഴിൽ ദിനങ്ങൾ നൽകുന്നതിന് നേതൃത്വം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2018-2019-ലെ പ്രതീക്ഷിത തൊഴിൽ ദിനങ്ങളിൽ 140% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 14.78 ലക്ഷം കുടുംബങ്ങൾക്കായി 9.75 കോടി തൊഴിൽദിനങ്ങൾ നൽകാനായത് കേരളത്തിന്റെ ചരിത്രനേട്ടമാണ്. ഇവയെല്ലാം വികസനങ്ങളായി, ജനങ്ങൾക്ക് ആശ്വാസമായി. തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കുന്നതിനുവേണ്ടി പണം കൊടുക്കാതെയുള്ള പലവിധ പരിശ്രമങ്ങളും കേന്ദ്ര ഗവൺമെന്റ് നടത്തുമ്പോഴും കേരളത്തിലെ ഗവൺമെന്റ് ഈ പദ്ധതി നടപ്പിലാക്കാൻ വലിയ രീതിയിൽ മുൻകയ്യെടുക്കുകയാണ്. ഇതെല്ലാം സർക്കാരിന്റെ കാര്യക്ഷമതയെയാണ് സൂചിപ്പിക്കുന്നത്. ഭരണ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് 937 പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടി, 509 പഞ്ചായത്തുകളിൽ 100 ശതമാനം നികുതി പിരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ 448, നഗരകാര്യ വകുപ്പിൽ 1494, എഞ്ചിനീയറിംഗ് വിഭാഗത്തിൽ 372, ലൈഫ് മിഷനിൽ 58, ശുചിത്വ മിഷനിൽ 28 എന്നിങ്ങനെ 2400 പുതിയ തസ്തികകൾ ഈ ഗവൺമെന്റ് സൃഷ്ടിച്ചു. പി.എസ്.സി. മുഖേന 7169 നിയമനങ്ങൾ നടത്തി. കാര്യക്ഷമത വർദ്ധിപ്പിക്കാനും ഏറ്റവും അടിത്തട്ടിലുള്ള ആളുകൾക്ക് സേവനം നൽകാനുമാണ് ഇങ്ങനെ ചെയ്തത്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 195 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിച്ചു. ഗ്രാമവികസന പ്രവർത്തനങ്ങൾ ഉപേക്ഷിക്കപ്പെട്ട് കിടക്കുകയായിരുന്നു. ഓരോ പഞ്ചായത്തിലും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ എന്ന, ഉപേക്ഷിക്കപ്പെട്ടുകിടക്കുകയായിരുന്ന ദീർഘകാല ആവശ്യം ഈ ഗവൺമെന്റ് നിറവേറ്റി. അത്തരത്തിൽ വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നതിലുള്ള അസഹിഷ്ണുതയാണ് ഇവിടെ കാണുന്നതെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ ഒരു നിർദ്ദേശം വയ്ക്കാനുണ്ട്, പ്ലാൻ ഫണ്ടിന്റെ സ്പിൽ ഓവർ വർക്കുകൾ ക്യാരിഓവർ ചെയ്യാനുള്ള വ്യവസ്ഥയില്ലാത്തത് പലപ്പോഴും ചർച്ച ചെയ്യപ്പെടുന്നതാണ്, അത് വീണ്ടും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തരിശുരഹിത ഗ്രാമങ്ങൾ എന്നത് നമ്മുടെ നാടിന്റെ ഒരു മുദ്രാവാക്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തരിശ് പ്രദേശങ്ങളെ സംബന്ധിച്ച ഡാറ്റ പബ്ലിഷ് ചെയ്യുന്നതിനുള്ള പ്രവർത്തനം എൽ.എസ്.ജി.ഡി. എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വിഹിതങ്ങൾ കൂട്ടിക്കൊടുക്കുമ്പോഴും നിർബന്ധിതമായ ചില പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന് പറയുന്നുണ്ട്. ഇത്തരത്തിലുള്ള വിവിധ പദ്ധതികൾ ഏറ്റെടുക്കേണ്ടിവരുന്നത് അവരുടെ സ്വതന്ത്രമായ പദ്ധതികൾ രൂപീകരിക്കുന്നതിന് പണമില്ലാത്ത അവസ്ഥ ഉണ്ടാക്കുന്നുവെന്ന കാര്യത്തെക്കുറിച്ച് പഞ്ചായത്ത് പ്രസിഡന്റുമാർ സൂചിപ്പിക്കുന്നുണ്ട്. അതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പഞ്ചായത്ത് വിഭജനം നടത്താൻ കഴിയാതെ വന്നത് പ്രളയംപോലുള്ള കാര്യങ്ങൾ വന്നതുകൊണ്ടാണ്. പഞ്ചായത്ത് വിഭജനമെന്നത് നയപരമായ തീരുമാനമാണ്. വലിയ പഞ്ചായത്തുകൾ വിഭജിക്കേണ്ട ആവശ്യമുണ്ടെന്നുള്ള കാര്യവും സൂചിപ്പിക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് യാതൊരു സങ്കുചിത രാഷ്ട്രീയ താത്പര്യവുമില്ലാതെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നിയമനിർമ്മാണമാണ് ഈ ബില്ലിലൂടെ ഇപ്പോൾ നടത്തിയിട്ടുള്ളത്. 2011-ലെ സെൻസസ് പ്രകാരം നമ്മുടെ സംസ്ഥാനത്ത് വാർഡ്

വിഭജനം നടന്നിട്ടില്ല. വെറും 88 സ്ഥലത്ത് മാത്രമാണ് ചില രാഷ്ട്രീയ താത്പര്യങ്ങളുടെ പേരിൽ വാർഡ് വിഭജനം നടന്നത്. അതെല്ലാം കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പുതിയ സെൻസസിന് ഒരു വർഷം മുമ്പ് അതിർത്തി പുനർനിർണ്ണയം നടത്തി പൂർത്തിയാക്കണമെന്ന നിയമമാണ് പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നത്. വാർഡുകളെക്കുറിച്ച് അതിൽ പറയുന്നില്ല. ജില്ല, തഹസീൽ (താലൂക്ക്), ടൗൺ, വില്ലേജ് മുതലായവയുടെ അതിർത്തിമാറ്റം വരുത്തുന്നതിനെക്കുറിച്ചുമാത്രമാണ് അതിൽ പറയുന്നത്. സെൻസസിന് മുമ്പ് വീടുകളുടെ നമ്പർ മാറ്റുന്നുവെന്ന പ്രചാരണവും അടിസ്ഥാനരഹിതമാണ്. നമ്പർ മാറ്റണമെങ്കിൽ വിജ്ഞാപനം ഇറക്കണം. തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണ സമിതി വന്നതിനുശേഷമേ ഇങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. അപ്പോഴേയ്ക്കും സെൻസസ് പൂർത്തിയാകും. ഒരു സെൻസസ് പ്രകാരം രണ്ടുതവണ വാർഡ് പുനർനിർണ്ണയം പാടില്ലെന്ന വാദവും തെറ്റാണ്. 2001-ലെ സെൻസസ് പ്രകാരം 2005-ലും 2010-ലുമായി രണ്ടുതവണ പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത്, ഈ തടസ്സവാദങ്ങളെല്ലാം അസ്ഥാനത്താണെന്നാണ്. കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ ശാക്തീകരിക്കാനുള്ള നിയമനിർമ്മാണത്തിനാണ് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്, അതിനെ സർവ്വാത്മനാ എല്ലാവരും പിന്തുണയ്ക്കേണ്ടതുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രതിപക്ഷം ചില പുകമറകൾ സൃഷ്ടിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുള്ള അഭിപ്രായങ്ങൾ തികച്ചും അനുചിതമാണ്, തെറ്റിദ്ധാരണകളാണ്. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങളാണ് ഇവിടെ പറയുന്നത്. അവർ പറയുന്നത്, 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയെ ഇവിടെയാരും എതിർത്തിട്ടില്ലെന്നാണ്. എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകാത്തതാണ് വിഷയം. തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറായാൽ ഇവിടെ ആരും എതിർക്കാൻ പോകുന്നില്ല. 2019-ലെ വോട്ടർ പട്ടികവച്ച് പഞ്ചായത്ത് ഇലക്ഷൻ വന്നാൽ പാർലമെന്റ് തെരഞ്ഞെടുപ്പിന് നേടിയതുപോലെ ഐതിഹാസികമായ വിജയം നേടുമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതിനുശേഷമാണല്ലോ പാലായിലും വട്ടിയൂർക്കാവിലും കോന്നിയിലുമൊക്കെ തെരഞ്ഞെടുപ്പ് നടന്നത്. പാലായിൽ

മുപ്പത്തയ്യായിരത്തോളം വരുന്ന ആളുകൾ വോട്ട് ചെയ്തിട്ടാണ് ശ്രീ. തോമസ് ചാഴികാടൻ വിജയിച്ചത്. അവിടെ മൂവായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ശ്രീ. മാണി സി. കാപ്പൻ വിജയിച്ചത്. വട്ടിയൂർക്കാവിൽ ശ്രീ. വി. കെ. പ്രശാന്ത് പതിനയ്യായിരം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. അതൊന്നും സ്ഥായിയായതല്ലെന്ന് ആശങ്കപ്പെടേണ്ട കാര്യമില്ല. ആളുകൾക്ക് കൃത്യമായി രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് വോട്ട് ചെയ്യാനറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് അവർ എന്താണ് ഈ കാലഘട്ടങ്ങളിൽ നടത്തിയിട്ടുള്ളത്; ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ് ' എന്ന ഏറെ അഭിമാനകരമായ ചിന്തയെ ഇല്ലാതാക്കിയ സമീപനമല്ലേ യു.ഡി.എഫ്.-നും കോൺഗ്രസ് നേതൃത്വത്തിനുമുള്ളത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി കീറിമുറിച്ച് മൂന്ന് മന്ത്രിമാരെ ഏല്പിച്ചു.

അവസാനം ഒരു മന്ത്രിയെക്കൂടി എടുക്കാൻവേണ്ടി ലീഗിന് ഒരു അഞ്ചാമൻ മന്ത്രിയെക്കൂടി കൊടുത്തു. അപ്പോൾ കോർപ്പറേഷനെയും മുനിസിപ്പാലിറ്റിയെയും കീറിമുറിച്ചുകൊടുത്തു. അതല്ലാതെ എന്തെങ്കിലും താല്പര്യത്തിനനുസരിച്ചാണോ ഇവിടെ പ്രവർത്തിച്ചിട്ടുള്ളത്; അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയത് കേരളമാണെന്നുള്ളത് മറക്കേണ്ടതില്ല. ഇ. കെ. നായനാർ കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ജനകീയാസൂത്രണം പ്രഖ്യാപിച്ചത്. അധികാര വികേന്ദ്രീകരണത്തിലെ ഫണ്ട് കൃത്യമായി താഴേത്തട്ടിലേയ്ക്ക് എത്തിച്ചുകൊടുക്കുന്ന നിലപാട് ഇന്ത്യയിൽ ആദ്യമായി എടുത്തത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ്. ഇത് കേരളത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ വമ്പിച്ച കുതിച്ചുകയറ്റമാണ് ഉണ്ടാക്കിയത്. പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുകയും അവരെ വിശ്വാസത്തിലെടുക്കുകയും ചെയ്തു. അതിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒന്നുമില്ല, എല്ലാ ഭരണ സമിതികൾക്കും ഫണ്ടിന്റെ വിഭജനം കൃത്യമായി കൊടുക്കുകയാണ് ചെയ്തത്. അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായാണ് നമുക്ക് വിപുലമായ മുന്നേറ്റം നടത്താൻ കഴിഞ്ഞത്. വികസനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടായിരുന്നോ; ഒരു ഉത്തരവാദിത്വവുമില്ല. പരിമിതമായ ഫണ്ടും അലവൻസും ഒക്കെ വച്ച് ഭരണസമിതികൾ മുന്നോട്ട് പോയി. ശവമടക്കുന്നിടത്തും കല്യാണത്തിനും പോകുന്ന ചടങ്ങിനപ്പുറത്തേയ്ക്ക് നാട്ടിലെ വികസന പ്രവർത്തനങ്ങളിൽ ഏതെങ്കിലും രൂപത്തിൽ ഇടപെടുന്നതിന് ജനപ്രതിനിധികൾക്കുപോലും കഴിഞ്ഞിരുന്നില്ല. അവിടെയാണ് അധികാരം, വകുപ്പുകൾ, പണം എന്നിവ കൊടുത്ത് ഇടപെടലിനാവശ്യമായ സംവിധാനങ്ങളൊരുക്കിയത്. അതിന്റെ ഭാഗമായാണ് നമ്മുടെ നാട്ടിൽ

പദ്ധതികളെ സംബന്ധിച്ച്, വികസനത്തെ സംബന്ധിച്ച്, ആവശ്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് നേരിട്ട് സംവദിക്കാൻ കഴിയുന്ന തരത്തിൽ വാർഡ് സഭകൾ, ഗ്രാമസഭകൾ, കോർപ്പറേഷനിൽ വാർഡ് എക്സിക്യൂട്ടീവ് കമ്മിറ്റികൾ, അതിന്റെ ഭാഗമായ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവിടങ്ങളിൽനിന്നും വരുന്ന നിർദ്ദേശങ്ങളെ ഫലപ്രദമായെടുത്തുകൊണ്ട് അവ നടപ്പാക്കി മുന്നോട്ടു പോകുന്നതിന് കഴിഞ്ഞത്. കഴിഞ്ഞ 24 വർഷംകൊണ്ട് കേരളത്തിൽ സാമൂഹ്യ രംഗത്തുണ്ടായിട്ടുള്ള വികസനം; നമുക്കറിയാമല്ലോ, മധ്യപ്രദേശിലെ മുൻമുഖ്യമന്ത്രി, കോൺഗ്രസ്സിന്റെ ശ്രീ. ദ്വിഗ് വിജയ് സിംഗ് കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി വന്നിട്ടുണ്ട്. കേരളത്തിന് പുറത്തുള്ള ഇതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, അവിടത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാർ, അവിടത്തെ എക്സിക്യൂട്ടീവ് ഓഫീസർമാർ തുടങ്ങിയവരെല്ലാം കേരളത്തിന്റെ ഗ്രാമ-നഗര പ്രദേശങ്ങളിൽ വരികയും പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് കൃത്യമായി പഠിക്കുന്നതിനും അവരുടെ നാട്ടുകളിൽ അത് നടപ്പിലാക്കുന്നതിനാവശ്യമായ നിലപാടെടുക്കുന്നതിനുള്ള ഒരു പാഠശാലയായി കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിനെയും അതിന്റെ ഭരണസംവിധാനങ്ങളെയും മാറ്റിയത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാര്യക്ഷമമായിട്ടുള്ള ഇടപെടലിന്റെയും ആശയത്തിന്റെയും ഭാഗമായാണ്. അത് നിങ്ങളുടെ ഭാഗത്തുനിന്നും ഒരിക്കലുമുണ്ടായിട്ടില്ല; അങ്ങനെ എന്തെങ്കിലും ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് കഴിയുമോ; നിങ്ങൾ ഭരണം നടത്തിയിരുന്ന കാലഘട്ടത്തിൽ ഏതെങ്കിലും ദിശ, ആശയം ഈ മണ്ഡലത്തിനകത്ത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയില്ല. ഇവിടെ മറ്റംഗങ്ങൾ സൂചിപ്പിച്ച പദ്ധതി വിഹിതം ഇപ്പോൾ ഒരു ശതമാനം ഈ ഗവൺമെന്റ് കൂട്ടിക്കൊടുത്തു. സാധാരണ ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് പദ്ധതികളുടെ 90 ശതമാനവും ചെലവഴിക്കപ്പെടുന്നത്. അതിന് മാറ്റം വരുത്തി ഏപ്രിൽ മാസം മുതൽ പദ്ധതിച്ചെലവ് നടത്തുന്നതിനാവശ്യമായ ഗൈഡ്‌ലൈൻ കൊടുത്ത് അതിനാവശ്യമായ നിലപാട് സ്വീകരിക്കുന്ന രീതിയുണ്ടായി. കെട്ടിടനിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരുപാട് അപ്രായോഗികമായ പ്രശ്നങ്ങൾ ജനങ്ങൾ അഭിമുഖീകരിച്ചിരുന്നു. അവിടെയൊക്കെ ആവശ്യമായ ഇളവുകൾ ഈ ഗവൺമെന്റ് വരുത്തി. ദീർഘകാലമായി നമ്പർ കിട്ടാതിരുന്ന കെട്ടിടങ്ങൾക്ക് പിഴ ചുമത്തിക്കൊണ്ട് അവർക്ക് അർഹതപ്പെട്ട അവകാശം സ്ഥാപിച്ചു കൊടുക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചു. ഈ പ്രവർത്തനത്തിന്റെ ഭാഗമായി എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഭരിക്കുന്ന 937 പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചത് വെറുതെയല്ല, ആ മികവിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊഫോർമ പൂരിപ്പിച്ചുകൊടുത്ത് അത്

പരിശോധിച്ചുകൊണ്ടാണ് അംഗീകാരത്തിലേയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എത്തിച്ചേർന്നത്. നഗരപ്രദേശത്ത് തൊഴിലുറപ്പ് പദ്ധതി അനുവദിക്കപ്പെട്ടിരുന്നില്ല. ഗ്രാമപ്രദേശങ്ങളിലാണ് തൊഴിലുറപ്പ് പദ്ധതി ഉണ്ടായിരുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ് നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി എന്ന ആശയത്തിന് രൂപംകൊടുത്തുകൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രഖ്യാപിച്ചത്. അതിനാവശ്യമായ പണം കൊടുക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതി വിഹിതത്തിൽനിന്നാണ്. അതിവിടെ ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചു. 2015-16-ൽ യു.ഡി.എഫ്.-ന്റെ അവസാന കാലഘട്ടത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ആകെ കൊടുത്ത തൊഴിൽ ദിനം 374613 ആണ്. അതാണ് വ്യത്യാസം, അങ്ങനെയാണ് ചർച്ച ചെയ്യേണ്ടത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2018-19-ലെ കണക്ക് പരിശോധിക്കുമ്പോൾ പതിനെട്ട് ലക്ഷത്തി അറുപത്തിഒന്നായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിഅഞ്ച് തൊഴിൽ ദിനങ്ങൾ കൊടുത്തു. മൂന്ന് ലക്ഷത്തി എഴുപത്തിനാലായിരവും പതിനെട്ട് ലക്ഷത്തി അറുപത്തിഒന്നായിരവും തമ്മിലുള്ള അന്തരത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. ഇതിൽനിന്നും ഈ ഗവൺമെന്റിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും ഉത്തരവാദിത്തം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. നവകേരള മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ലൈഫ് പാർപ്പിട പദ്ധതി, അതുപോലെതന്നെ ഹരിതകേരളം തുടങ്ങിയ പദ്ധതികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെ കേന്ദ്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇവിടെ 26-ാം തീയതി, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ ലൈഫ് പാർപ്പിട പദ്ധതിയുടെ രണ്ട് ലക്ഷം വീടുകൾ പൂർത്തീകരിക്കപ്പെടുകയാണ്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുവാൻ പോകുകയാണ്. ഇവിടെ നിങ്ങൾ ശ്രദ്ധിക്കുക, രണ്ട് ലക്ഷം വീടുകൾക്ക് നാല് ലക്ഷം രൂപ, അങ്ങനെ 800 കോടി രൂപയാണ് ചെലവഴിക്കുന്നത്. നാല് ലക്ഷം രൂപകൊണ്ട് മാത്രം ഒരു വീട് നിർമ്മിക്കാൻ കഴിയില്ല. ഉപഭോക്താക്കളടക്കം കാശ് കൊടുത്തുകൊണ്ട് ആയിരക്കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ദശലക്ഷക്കണക്കിന് വരുന്ന ആളുകൾക്ക് തൊഴിൽ കൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളി, കരിങ്കൽ ചുമക്കുന്നവർ, കരിങ്കല്ല് ലോഡ് ചെയ്യുന്നവർ, കൊത്തപ്പണിക്കാർ, കയ്യാൾ, വയറിംഗ്പണി നടത്തുന്നവർ, അലുമിനിയം ഫാബ്രിക്കേഷൻ ചെയ്യുന്നവർ, പെയിന്റർ, തട്ടടിക്കുന്നവർ എന്നീ എത്ര വിഭാഗം ആളുകൾക്കാണ് ജോലി ലഭിച്ചത്. അവരുടെ കയ്യിലേയ്ക്ക് ലക്ഷക്കണക്കിന് രൂപ എത്തുന്ന വിധത്തിലേയ്ക്കാണ് പണത്തിന്റെ വിനിയോഗം നടന്നിട്ടുള്ളത്. യു.ഡി.എഫ്. എത്ര വീട് കൊടുത്തു; ശ്രീ. ഉമ്മൻ ചാണ്ടി അവിടെ ഇരിപ്പുണ്ടല്ലോ; കെ. എം. മാണി സാർ അന്തരിച്ചു. ഇ.എം.എസ്. പാർപ്പിട പദ്ധതി

റദ്ദുചെയ്ത് സാഫല്യം പ്രഖ്യാപിച്ചു. ആർക്കെല്ലാം വീട് കൊടുത്തിട്ടുണ്ടെന്ന് ഇതുപോലെ ആധികാരികമായി യു.ഡി.എഫ്.-ന് കണക്ക് പറയാൻ സാധിക്കുമോ; ഇപ്പോൾ രണ്ടുലക്ഷത്തിലധികം വരുന്ന ആളുകൾക്ക് പാർപ്പിടം പൂർത്തീകരിക്കാൻവേണ്ടി പോകുകയാണ്. ബാക്കിയുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനം നടത്തുകയാണ്. 85 ഫ്ലാറ്റ് സമുച്ചയം പൂർത്തീകരണ ഘട്ടത്തിലാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കണ്ടെത്തിയ 314 സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ട് വസ്തുവും വീടുമില്ലാത്തവർക്ക് വീട് കൊടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നത് ഗ്രാമപഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ്. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ചാലകശക്തിയായി പ്രാദേശിക ഗവൺമെന്റുകളായ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. 242 കിലോമീറ്റർ പുഴകൾ ശുദ്ധീകരിക്കപ്പെട്ടു, 20138 കിലോമീറ്റർ നീർച്ചാലുകളും തോടുകളും നന്നാക്കി അവ ഫലപ്രദമാക്കി മാറ്റി. 6936 കിണറുകൾ റീച്ചാർജ്ജ് ചെയ്തു. 18000 പുതിയ കിണറുകൾ നിർമ്മിച്ചു. 1075 കുളങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനത്തിന് രൂപം നൽകി. 1996-ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ് കുടുംബശ്രീ സംവിധാനം കേരളത്തിൽ പ്രഖ്യാപിച്ചത്. ഇരുപത്തിരണ്ട് വർഷക്കാലം പൂർത്തീകരിച്ചു. ബി.പി.എൽ. പട്ടികയിലുള്ളവർക്ക് മാത്രമാണ് അന്ന് കുടുംബശ്രീ അംഗത്വം നൽകിയിരുന്നത്. എന്നാൽ പരാതികളുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ അത് പുനഃപരിശോധിച്ച് 2008-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ./ബി.പി.എൽ. പരിഗണനയില്ലാതെ എല്ലാവർക്കും കുടുംബശ്രീയിൽ അംഗമാകുന്നതിന് ഭേദഗതി കൊണ്ടുവന്നു. കുടുംബശ്രീ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ത്രീശാക്തീകരണം ശക്തിപ്പെടുത്തുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ആവശ്യമായിട്ടുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ രൂപം നൽകി. ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനത്തിന്റെ ഭാഗമായി നമുക്കത് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ കുടുംബശ്രീയിൽ നാലുശതമാനം പലിശയ്ക്ക് 10115 കോടി രൂപ ലിങ്കേജ് വായ്പ കൊടുത്തുകൊണ്ട് ഏകദേശം 10318 സൂക്ഷ്മ സംരംഭങ്ങളും 7500 പുതിയ കൃഷി സംഘങ്ങളും ആരംഭിക്കുന്നതിന് വേണ്ടിയുള്ള നിലപാടാണ് സ്വീകരിച്ചത്. അഗതിരഹിത കേരളം പദ്ധതിയിലൂടെ അർഹരായ 157000 പേരെ കണ്ടെത്തി. 'സ്നേഹിത കോളിംഗ് ബെൽ' പദ്ധതിയിലൂടെ ഒറ്റയ്ക്ക് താമസിക്കുന്ന 52000 പേർക്കും 119 പുതിയ ബഡ്സ് സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരായ 4600 കുട്ടികൾക്കും സമാശ്വാസം നൽകുന്ന പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ദീർഘമായി പോകുന്നില്ല. രണ്ടുദിവസങ്ങൾക്കുമുമ്പ് ലീഗിന്റെ ഒരംഗം രാഷ്ട്രീയമായി ഇവിടെ

സംസാരിക്കുകയുണ്ടായി. മുസ്ലീങ്ങളുടെ സംരക്ഷണത്തിന് ശ്രീ. പിണറായി വിജയനെന്ന മുഖ്യമന്ത്രിയുടെ ഔദാര്യം വേണ്ട, അത് ഞങ്ങൾ നോക്കിക്കൊള്ളാമെന്ന് ഒരംഗം പറഞ്ഞു. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാകുന്നതിന് മുമ്പ് കേരളത്തിലെ മുസ്ലീം ജനവിഭാഗത്തിന്റെ വിഷയങ്ങളിൽ നട്ടെല്ലോടെ നിന്ന ആളായിരുന്നു. ശ്രീ. കെ. എം. ഷാജി അടക്കമുള്ള ലീഗിന്റെ പ്രിയസുഹൃത്തുക്കൾ അത് മനസ്സിലാക്കണം. 2002-ലെ മാറാട് കലാപം നടന്ന ഘട്ടത്തിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ വലതുഭാഗത്ത് ശ്രീ. കുഞ്ഞാലിക്കുട്ടിയും ഇടതുഭാഗത്ത് ലീഗിന്റെ മറ്റൊരു നേതാവുമായി അവിടെ നടത്തിയ സന്ദർശനം അവിടെ കൂടിയ ആർ.എസ്.എസ്.-കാർ ചെറുത്തപ്പോൾ പഞ്ചപുച്ഛമടക്കിയ മുഖ്യമന്ത്രിയാണ്; അവരെ തിരിച്ചുകൊണ്ടുപോയി ശ്രീ. എ. കെ. ആന്റണി. ആ സ്ഥാനത്ത് സി.പി.ഐ.(എം.) -ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയൻ ശ്രീ. വി. കെ. സി. മമ്മത് കോയയെയും ഇന്ന് രാജ്യസഭാംഗമായിരിക്കുന്ന ശ്രീ. എളമരം കരീമിനെയും കൂട്ടിക്കൊണ്ട് കലാപ പ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസമേകാൻ പോയിട്ടുള്ളതാണ്. ഒളിച്ചോടുന്ന ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-ക്കാരുടെയും മുമ്പിൽ മുട്ടുമടക്കുന്ന നമ്മുടെ നാട്ടിലെ.....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ലീഗിലെ ഏത് സുഹൃത്താണ് പ്രസംഗിച്ചതെന്ന് ഞാൻ അപ്പോൾ ശ്രദ്ധിച്ചില്ല. എന്തായാലും അങ്ങ് അത് ശ്രദ്ധിച്ചു. ലീഗിലെ എം.എൽ.എ.-മാർ ആശയപരമായ കാര്യങ്ങളിൽ പലതരത്തിൽ സംസാരിക്കുന്നതായി നേരത്തെ മനസ്സിലായിട്ടുണ്ട്. ഞാനത് ഉന്നയിച്ചിട്ടില്ല. സുഹൃത്തുക്കളോട് രഹസ്യമായി പറഞ്ഞിട്ടുണ്ട്. പൗരത്വ ബില്ലിന്റെയും രജിസ്റ്ററിന്റെയും കാര്യത്തിലായാലും സി.പി.ഐ.(എം.) അടക്കമുള്ള എല്ലാ ഭരണകക്ഷികളുമായി യോജിച്ച് ഒറ്റക്കെട്ടായി പോകണമെന്ന് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പരസ്യമായി പറഞ്ഞു. അന്നത്തെ ചങ്ങല പിടിച്ചതിൽ തെറ്റില്ലെന്ന് ഡോ. എം. കെ. മുനീർ പറഞ്ഞിട്ടുണ്ട്. അവരുടെ ഔദ്യോഗികനയം അതായിരിക്കെ ഇവരിൽ ചിലരെങ്കിലും വ്യത്യസ്തമായി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് മുസ്ലീം ലീഗിൽ പണ്ടില്ലാത്തൊരു പ്രവണതയാണെന്നുള്ള കാര്യം അങ്ങ് വിലയിരുത്തുമോ?

ശ്രീ. കെ. ആൻസലൻ: സർ, തീർച്ചയായും. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി അടക്കമുള്ള മുസ്ലീം ലീഗിലെ വലിയൊരു വിഭാഗം ആളുകൾക്ക് ഇടതുപക്ഷവും സി.പി.ഐ.(എം.)-ന്റെ ഗവൺമെന്റും എടുക്കുന്ന നിലപാടുകളുമായി യോജിച്ച് പ്രക്ഷോഭം നടത്തണമെന്നുള്ള അഭിപ്രായമുണ്ട്. ലീഗിനകത്ത് അതുസംബന്ധിച്ച് വലിയതോതിലുള്ള ആശയക്കുഴപ്പങ്ങൾ കേൾക്കുന്നുണ്ട്.

മി. സ്പീക്കർ: യെസ്.... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. ആൻസലൻ: മുസ്ലീം ലീഗിന്റെ നേതാക്കൾ അന്ധമായ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് വിരോധം വച്ചുകൊണ്ട് ഇങ്ങനെയൊക്കെ പ്രകടിപ്പിച്ചാലും നിങ്ങളെ സംബന്ധിച്ച് നിങ്ങളുടെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുകയാണ്. സാധാരണ ലീഗിന്റെ പ്രവർത്തകരും മുസ്ലീം മതവിശ്വാസികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളോടൊപ്പം നിൽക്കുന്നുവെങ്കിൽ....

ഡോ. എം. കെ. മുനീർ: ലീഗിനെ രണ്ടാക്കി അതിന്റെ ഇടയിലൂടെ എന്തെങ്കിലും കാര്യം നേടാമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ വെള്ളം താഴെ എടുത്തുവയ്ക്കുന്നതാണ് നല്ലത്. കാരണം ഞങ്ങൾക്കൊരഭിപ്രായമാണ്. യു.ഡി.എഫ്.-ഉം ലീഗും ഒറ്റക്കെട്ടാണ്. അതിന്റെ പേരിൽ യാതൊന്നും നേടാൻ കഴിയില്ല. ഈയൊരു വർത്തമാനം പറഞ്ഞുകൊണ്ട് വെറുതെ സമയം കളയുകയാണ്.

ശ്രീ. ജി. സുധാകരൻ: ഞാൻ അതല്ല പറഞ്ഞത്. അങ്ങ് ആദ്യം ശ്രദ്ധിച്ചില്ല. മനുഷ്യച്ചങ്ങലയുടെ ഇഷ്യൂ വന്നപ്പോൾ, ചില ലീഗ് പ്രവർത്തകർ അതിൽ പങ്കെടുത്തപ്പോൾ ഒരു സംവാദമുണ്ടായല്ലോ; അങ്ങ് കറക്ടായി പറഞ്ഞു. അക്കാര്യം മാത്രമെ ഞാൻ പറഞ്ഞുള്ളൂ. വേറൊന്നും പറഞ്ഞില്ല. അത് ശരിയല്ലേ. അതുകൊണ്ട് അക്കാര്യത്തിൽപോലും വ്യത്യാസപ്പെട്ട് സംസാരിക്കുന്നു എന്നാണ് പറഞ്ഞത്. രണ്ടാകുമെന്ന പ്രശ്നമൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. അക്കാര്യം സ്വപ്നത്തിൽപോലും കാണുന്നില്ല.

ശ്രീ. കെ. ആൻസലൻ: സർ, ലീഗിനെ പിളർത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ ആരെയും സ്വാഗതം ചെയ്യുന്നില്ല. പക്ഷേ ലീഗിൽ അന്ധമായി വിശ്വസിച്ചുപോയ പാവപ്പെട്ട പതിനായിരക്കണക്കിന് വരുന്ന സാധാരണ മുസ്ലീംലീഗിന്റെ പ്രവർത്തകർ, അവർ നിൽക്കേണ്ട സ്ഥലം അതല്ലായെന്ന തിരിച്ചറിവിന്റെ ഭാഗമായാണ് മനുഷ്യശൃംഖലയുടെ ഭാഗമായി മാറിയതും അതിന്റെ ഭാഗമായി ശ്രീ. ബഷീറിന് ആ നടപടി സ്വീകരിക്കേണ്ടിവന്നതും. കാലം കാത്തിരിക്കുമ്പോൾ ലീഗ് നേരിടാൻ പോകുന്ന, ഏറ്റവും വലിയ അപകടത്തിലേയ്ക്കെത്തുന്നുവെന്ന തിരിച്ചറിവ് ലീഗിലെ സാധാരണ പ്രവർത്തകർക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നുള്ള ബോധം നിങ്ങൾക്കുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പഞ്ചായത്ത് രാജ് ഭേദഗതി ബില്ലിനെയും മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെയും സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയത് ഈ ബില്ലിന്റെ അവതരണവേളയിൽത്തന്നെ ഉന്നയിക്കപ്പെട്ട കാര്യങ്ങളാണ്. സെൻസസുമായി ബന്ധപ്പെട്ട കാര്യത്തിൽ സഭയ്ക്കകത്തുതന്നെ ഞാൻ മറുപടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗും അക്കാര്യത്തിലുണ്ടായതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകണമെന്നൊന്നും ഉദ്ദേശിക്കുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാത്രം മാറ്റം വരുത്തരുതെന്നാണ് സെൻസസ് ഡയറക്ടറേറ്റിൽനിന്നുള്ള നിർദ്ദേശം. അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറി എന്നതിന് നിർവ്വചനവും അവർ നൽകിയിട്ടുണ്ട്. ജില്ല, താലൂക്ക്, ടൗൺ, വില്ലേജുകൾ, പഞ്ചായത്ത് എന്നീ തലങ്ങളുൾപ്പെടെയുള്ള അതിർത്തികളിലൊന്നും മാറ്റം വരുത്തുന്നില്ല. അങ്ങനെ കേന്ദ്രനിയമത്തിന് വിരുദ്ധമായൊരു നിയമം ഇവിടെ ഉണ്ടാകുന്നില്ല. അത് ഞാൻ നേരത്തേ വ്യക്തമാക്കിയതാണ്. ഇപ്പോഴും അതുതന്നെയാണ് വിശദീകരണമെന്ന നിലയിൽ എനിക്ക് പറയാനുള്ളത്. അതോടൊപ്പം അന്ന് പറഞ്ഞ ഒരു കാര്യം വീണ്ടും ഇവിടെ ഉന്നയിക്കപ്പെട്ടു. സഞ്ചിതനിധിയിൽനിന്ന് കൂടുതൽ പണം ചെലവഴിക്കപ്പെടുമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിലൊരാൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതും കഴിഞ്ഞ തവണ ഇവിടെ വന്നതാണ്. വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും സംസ്ഥാന സർക്കാർ ജനറൽ പർപ്പസ് ഗ്രാന്റ് കൂട്ടിക്കൊടുക്കുന്നില്ല. ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ചാണ് ജനറൽ പർപ്പസ് ഗ്രാന്റ് കൊടുക്കുന്നത്. ആ ഗ്രാന്റിൽനിന്നാണ് ഇവരുടെ മറ്റ് ചെലവുകളൊക്കെ നിർവ്വഹിക്കുന്നത്. ധനകാര്യ കമ്മീഷന്റെ ശിപാർശയെക്കാൾ കൂടുതൽ സംഖ്യ ഈ ആവശ്യത്തിനുവേണ്ടി കൊടുക്കുന്നതിൽ അധികചെലവ് വരുന്നില്ലെന്ന് ഞാൻ വിശദീകരിച്ചതാണ്. അതുകൊണ്ട് അന്നുപറഞ്ഞ കാര്യങ്ങൾതന്നെയാണ് വീണ്ടും ഇവിടെ വിയോജനക്കുറിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ മറ്റൊരു കാര്യമായി പറഞ്ഞത്, ഇവിടെ സ്ഥാനങ്ങളുടെ എണ്ണം ഒന്ന് വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. ആക്ടിലുള്ള ഭേദഗതി പ്രകാരം മിനിമത്തിലും മാക്സിമത്തിലും ഓരോന്ന് വർദ്ധിപ്പിക്കുകയാണ്. എല്ലാ തലങ്ങളിലേയ്ക്കും ഉണ്ടാക്കിയ ഈ ഭേദഗതി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചരിത്രത്തിൽ എക്കാലവും ചെയ്തിട്ടുണ്ട്. ഞാൻ 1995-മുതലുള്ള അനുഭവം ഇവിടെ പറയുകയുണ്ടായി. അന്ന് എട്ടായിരുന്നു. 1998 ആയപ്പോഴേക്കും പത്തായി വർദ്ധിച്ചു. പിന്നീട് അത് പന്ത്രണ്ടായി, അതിനുശേഷം പതിമൂന്നായി. മിനിമം നമ്പറും മാക്സിമം നമ്പറും യു.ഡി.എഫ്.-ന്റെ കാലത്തും എൽ.ഡി.എഫ്.-ന്റെ കാലത്തും വർദ്ധിപ്പിച്ചിട്ടുണ്ട്. അതൊരു പുതിയ കാര്യമല്ല.

5.00 P.M.]

ഇവിടെ ഇപ്പോൾ വന്നിട്ടുള്ള പ്രശ്നമെന്താണ്? കഴിഞ്ഞ തവണ ബില്ലിന്റെ അവതരണ വേളയിൽ നമ്മൾ വിശദീകരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തതാണ്. 2015-ലെ തെരഞ്ഞെടുപ്പിനുമുമ്പ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്ത് വിഭജനത്തിന് ശ്രമിച്ചുവെങ്കിലും നടന്നില്ല. തെരഞ്ഞെടുപ്പുതന്നെ നടക്കുമോയെന്നുള്ള സംശയം അന്നാണുണ്ടായത്, ഇപ്പോഴല്ല. തെരഞ്ഞെടുപ്പ് അട്ടിമറിക്കപ്പെടാൻ പോകുകയാണോ എന്നൊക്കെ ചിലർ ഇവിടെ ഉന്നയിച്ചു. അന്ന് കോടതിയും കേസ്സുമൊക്കെയായി തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ 2015 സെപ്റ്റംബർ വരെ നീണ്ടുപോയി. വില്ലേജ് നോട്ടിഫിക്കേഷൻ നടക്കാത്തതുകൊണ്ടായിരുന്നു അന്ന് പഞ്ചായത്ത് വിഭജനം നിങ്ങൾക്ക് സാധിക്കാതിരുന്നത്. നിയമവിരുദ്ധമായി പഞ്ചായത്ത് വിഭജനം നടത്താൻ ശ്രമിച്ചതിന്റെ ഭാഗമായി അത് കോടതിയിൽ ചോദ്യം ചെയ്തപ്പോഴാണ് അങ്ങനെ സംഭവിച്ചത്. അത്തരമൊരു നിലപാട് സ്വീകരിച്ചതുകൊണ്ട് അന്ന് നിങ്ങൾക്ക് വാർഡ് വിഭജനത്തിലേയ്ക്കും പഞ്ചായത്ത് വിഭജനത്തിലേയ്ക്കും പോകാനായില്ല. പക്ഷേ, പുതിയ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കാനെടുത്ത തീരുമാനം കോടതി അംഗീകരിച്ചതിന്റെ ഭാഗമായുള്ള വാർഡ് വിഭജനം നടന്നു. മുനിസിപ്പാലിറ്റികളിൽ മാത്രമല്ല, കൂട്ടിച്ചേർക്കപ്പെട്ട ആറ് പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഒരെണ്ണം ഒഴികെയുള്ള എല്ലാ ജില്ലാ പഞ്ചായത്തുകളിലും നടന്നു. ഇവിടെ ഉന്നയിച്ച പ്രശ്നമൊക്കെ ഞാൻ കുറിച്ചുവച്ചിട്ടുണ്ട്, എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയാം. 1200 സ്ഥാപനങ്ങളിൽ 82 സ്ഥാപനങ്ങളിൽ മാത്രമാണ് നിങ്ങൾ വാർഡ് വിഭജനം നടത്തിയത്. ബാക്കി എവിടെയാണ് കിടക്കുന്നത്? 2001-ലെ സെൻസസിലെ ജനസംഖ്യ അനുസരിച്ചുള്ള വാർഡുകളാണുള്ളത്. 2011-ലെ സെൻസസ് കഴിഞ്ഞു; 2021-ലെ സെൻസസിന്റെ നടപടികൾ ആരംഭിക്കാൻപോകുന്നു. ഈയൊരു പ്രത്യേകതയുണ്ട് എന്ന് നമ്മൾ കാണണ്ടേ? 2011-ലെ സെൻസസ് അനുസരിച്ച്, 88 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ വിഭജിക്കുകയും 1118 സ്ഥാപനങ്ങളിലെ വാർഡ് വിഭജനം ഒന്നുമല്ലാതിരിക്കുകയും ചെയ്യുകയെന്നുള്ള പ്രശ്നമുണ്ട്. ജനസംഖ്യാനുപാതികമായി വാർഡ് വിഭജിക്കണം. അത് ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുമെന്നുള്ള വാചകവും ഇവിടെ ഉദ്ധരിച്ചതായി കണ്ടു. 2005-ൽ വാർഡുകൾ രണ്ടെണ്ണം വീതം വർദ്ധിച്ചപ്പോൾ 'ജനാധിപത്യത്തെ ശക്തിപ്പെടുത്താൻവേണ്ടി വാർഡ് വിഭജനം' എന്ന് ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറഞ്ഞ ഒരു ന്യായം ഞാൻ കടമെടുത്തു എന്നുമാത്രമേ ഉള്ളൂ. നല്ല കാര്യങ്ങൾ കടമെടുക്കുന്നതുകൊണ്ട് കുഴപ്പമില്ലല്ലോ. അംഗങ്ങളുടെ എണ്ണം ഒന്ന്

വർദ്ധിച്ചതുകൊണ്ട് പ്രശ്നമില്ല. ഇതിൽ എന്ത് പ്രശ്നമാണ് പറയുന്നത്; അതിൽ വീണ്ടും വർദ്ധിക്കുമോ; പഴയ മുനിസിപ്പാലിറ്റികളുടെ വാർഡ് വിഭജനം നടന്നിടത്തും വീണ്ടും വിഭജനം വരുമോ? മിനിമത്തിൽ ഒന്ന് വർദ്ധിച്ചിട്ടുള്ളതിനാൽ സ്വാഭാവികമായും അവിടെയും വിഭജനം വേണ്ടിവരും. ഗ്രാമപഞ്ചായത്തുകളുടെ എണ്ണം പതിമൂന്ന് എന്നുള്ളത് പതിനാല് ആകുമ്പോൾ സ്വാഭാവികമായും വിഭജനം വരില്ലേ? അതാണ് ഉണ്ടാകുന്നത്. ആ വാർഡ് വിഭജനം നടക്കും. മിനിമത്തിൽ ഒന്ന് വർദ്ധിക്കുന്നതിന്റെ ഭാഗമായി വാർഡിന്റെ ഡീലിമിറ്റേഷൻ നടക്കും. അതാണുണ്ടാകാൻ പോകുന്നത്. മാക്സിമത്തിലും ഉണ്ടാകും, അത് നേരത്തേ പറഞ്ഞു. ഇങ്ങനെ വാർഡ് വിഭജിക്കുന്നതിന്റെ ഭാഗമായി ജനസംഖ്യാനുപാതികമായ തുല്യത വരുന്നില്ല. കഴിഞ്ഞ വർഷങ്ങളിലൊക്കെ വാർഡ് വിഭജന ആക്ടിന്റെ ഭാഗമായി വിഭജനം നടത്തിയപ്പോൾ തുല്യതയുണ്ടായിരുന്നോ; കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ജനസംഖ്യാനുപാതികമായിട്ടാണോ വാർഡ് ഉണ്ടായിരുന്നത്? ഒളവണ്ണ പഞ്ചായത്തിൽ 2015-ൽ അറുപതിനായിരത്തിന് മുകളിൽ ജനസംഖ്യയുണ്ട്. ഒരു ഉദാഹരണമായാണ് ഞാൻ ഒളവണ്ണയെ പറഞ്ഞത്. പല പഞ്ചായത്തുകളിലും ഈ പ്രശ്നമുണ്ട്. പഞ്ചായത്തുകളിൽ മാത്രമല്ല ഈ പ്രശ്നമുള്ളത്. ഇന്ത്യയിലെ ലോക്സഭാ സീറ്റുകളുടെ കാര്യമെടുത്തുനോക്കുക. ലക്ഷദ്വീപിൽ നാൽപ്പതിനായിരം ആളുകൾക്കാണ് ഒരു എം.പി. ആ അനോമലി പരിഹരിക്കുന്നതിന് നമ്മൾ മാത്രം വിചാരിച്ചാൽ എന്താണ് ചെയ്യാൻ കഴിയുക? കേരളത്തിലെയും ഉത്തർപ്രദേശിലെയും രാജ്യസഭാംഗങ്ങളുടെ ജനസംഖ്യാനുപാതം ഒരുപോലെയാണോ? ചെറിയ സംസ്ഥാനങ്ങൾക്ക് അതിന്റേതായ പ്രശ്നമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ കാലത്ത് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രശ്നം വരുന്നത്. യൂണിറ്റ് കണക്കാക്കി പരമാവധി തുല്യത വരാവുന്ന രീതിയിൽ വാർഡുകളുടെ വിഭജനം നടക്കണം. വാർഡ് വിഭജനം എങ്ങനെയാണ് നടക്കുന്നതെന്ന് നമുക്ക് നല്ലതുപോലെ അറിയാം. ക്ലോക്ക്വൈസായി ഒരു തലയ്ക്കൽനിന്ന് തുടങ്ങി മറ്റൊരു തലയ്ക്കൽ വന്നുചേരുന്ന രീതിയിൽ, ഏകദേശം തുല്യതയിൽ വാർഡുകളുടെ വിഭജനം നടക്കണം. ജനസംഖ്യ കുറവുള്ള വാർഡുകളിൽ അതിനനുസരിച്ചുള്ള ജനസംഖ്യാനുപാതമാണുണ്ടാകുന്നത്; വലിയ സ്ഥലത്ത് അതനുസരിച്ചും. ഇപ്പോൾ മാത്രമല്ല, മുമ്പും അങ്ങനെയായിരുന്നു. അത് സൂചിപ്പിക്കാനാണ് ഞാനിത് പറഞ്ഞത്. ഈ കാര്യത്തിൽ ഒബ്ജക്ഷനായി, വിയോജനക്കുറിപ്പായി എഴുതിത്തന്ന കാര്യങ്ങളിലെ വിഷയങ്ങളെക്കുറിച്ച് എനിക്ക് പറയാനുള്ള കാര്യമിതാണ്.

ഗൗരവമുള്ള മറ്റൊരു പ്രശ്നമായി ഇവിടെ വന്നത് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിനെക്കുറിച്ച്

സൂചിപ്പിക്കുകയുണ്ടായി. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് എങ്ങനെയെന്നെല്ലാമുള്ള കാര്യങ്ങൾ സംസ്ഥാന സർക്കാരല്ല തീരുമാനിക്കുന്നതെന്ന് സഭയിൽത്തന്നെ വ്യക്തമാക്കപ്പെടുകയുണ്ടായി. ഈ പ്രശ്നം സംസ്ഥാന ഇലക്ഷൻ കമ്മീഷനുമുമ്പിൽ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചതാണ്. അദ്ദേഹം 2015-ലെ പ്രായോഗികമായ ഒരു ഡാറ്റാബേസ് ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്; മുമ്പ് അതുണ്ടായിരുന്നില്ല. തൊള്ളായിരത്തോളം വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കി ഉപതെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. അതിന്റെകൂടെ നടത്തുന്ന കൂട്ടിച്ചേർക്കലാകും ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ സഹായകമാകുക എന്നുള്ള നിലപാട് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഈ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ '2019-ലെ വോട്ടർ പട്ടിക' എന്ന ആശയം ഗവൺമെന്റിനുവേണ്ടി ഞാൻ മുന്നോട്ടുവച്ചതാണ്. എന്നോട് പറഞ്ഞ ഈ അഭിപ്രായം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ സൂചിപ്പിച്ചു. അദ്ദേഹവും സംസാരിച്ചെന്ന് ഇവിടെ പറഞ്ഞല്ലോ. ഇലക്ഷൻ കമ്മീഷൻ ആ നിലപാടിൽ നിൽക്കുകയാണ്. ഒരു തർക്കത്തിലേയ്ക്ക് പോയാൽ തെരഞ്ഞെടുപ്പ് നടക്കാതിരിക്കുന്ന സാഹചര്യമുണ്ടാകും. ഞാൻ വാക്ക് മാറിയതോ ഗവൺമെന്റ് നിലപാട് മാറിയതോ അല്ല. അതിനിടയിൽ ഇലക്ഷൻ കമ്മീഷൻ തീരുമാനം പ്രഖ്യാപിച്ച് മുന്നോട്ടുപോകുകയും ചെയ്തു. ഇലക്ഷൻ കമ്മീഷന്റെ ആ തീരുമാനത്തെ ചോദ്യം ചെയ്യുക എന്നുപറഞ്ഞാൽ, കേസുകളിലേയ്ക്ക് പോയി പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്ത് നടക്കാതിരിക്കുന്നതിന് ഗവൺമെന്റുതന്നെ വഴിവയ്ക്കുകയെന്നാണ് അർത്ഥം. സമയബന്ധിതമായി തെരഞ്ഞെടുപ്പ് നടക്കണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. പ്രായോഗികമായി ചൂണ്ടിക്കാണിച്ച കുറച്ച് പ്രയാസങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നാൽപ്പത് ലക്ഷത്തോളം ആളുകൾ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുണ്ടെന്നാണ് ഇവിടെ പറഞ്ഞ അതിശയോക്തിപരമായ കണക്കുകൾ. ഇത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയിലുള്ളവർ 26151534 ആണ്. 2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലെ വോട്ടർമാരുടെ എണ്ണം 25108536 ആണ്. മരിച്ചുപോയവരും ഉൾപ്പെട്ടിട്ടുണ്ടാകുമെന്നതിനാൽ അതിൽ വ്യത്യാസം വരും. ഞാൻ അന്നത്തെ കണക്കാണ് എടുത്തത്. പഞ്ചായത്തിന്റെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട്, തൊള്ളായിരം വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കിയതിന്റെ കണക്കുകൂടി ഇതിൽ വന്നിട്ടുണ്ടാകും. ഇത് തമ്മിലുള്ള വ്യത്യാസം 1042942 ആണ്. ജനുവരി ഒന്നിന് പതിനെട്ട് വയസ്സ് തികഞ്ഞ കുറച്ചുപേർകൂടി ഉണ്ടാകും. പത്ത് ലക്ഷത്തിന്റെ കൂടെ അങ്ങനെ മുപ്പത് ലക്ഷം ആളുകളുണ്ടാകും എന്നുപറഞ്ഞാൽ വിശ്വസിക്കാനാകുമോ? അതൊരു അവിശ്വസനീയമായ

കണക്കാണ്. അത് സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻവേണ്ടി ഉന്നയിക്കുന്ന തെറ്റായ ഒരു ആരോപണമാണ്. അതല്ല വസ്തുതയെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഹിയറിംഗിന് പോകുന്നതിനൊക്കെ പ്രായോഗികമായി ചില പ്രയാസങ്ങളുണ്ടാകുമെന്നുള്ള കാര്യങ്ങളിലൊന്നും ഞാൻ തർക്കം പറയുന്നില്ല. വീട്ടിൽച്ചെന്ന് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യമില്ലെന്നുള്ള തിനാൽ സ്വാഭാവികമായും അതിന്റെ ബുദ്ധിമുട്ടുകളുണ്ടാകുമെന്നുള്ളത് വസ്തുതയാണ്. ഇന്നുവരെ വോട്ടർ പട്ടികയിൽ പേര് ചേർക്കാനായി ഓൺലൈനിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 925704 ആണ്. പേര് തിരുത്തുന്നതിനുവേണ്ടി അപേക്ഷിച്ചവർ 4511-ഉം ഒരു ബൂത്തിൽനിന്ന് മറ്റൊരു ബൂത്തിലേയ്ക്കോ ഒരു വാർഡിൽനിന്ന് മറ്റൊരു വാർഡിലേയ്ക്കോ മാറ്റാൻ അപേക്ഷ കൊടുത്തവർ 24247-ഉം ആണ്. 14-ാം തീയതി വരെയുള്ള സമയത്തിന് ഇത് ചെയ്യുമെന്നാണ് പ്രതീക്ഷ. ഹിയറിംഗിനുള്ള നോട്ടീസ് അപ്പോൾത്തന്നെ കൊടുക്കുകയാണ്. ഇതൊരു മോഡലാണ്. (ഹിയറിംഗ് നോട്ടീസ് മാതൃക ഉയർത്തിക്കാട്ടി.) 'ഇന്ന ദിവസം ഇത്ര മണിക്ക് നിങ്ങൾ വരണ'മെന്ന് അപ്പോൾത്തന്നെ അറിയിക്കുകയാണ്. അനാവശ്യമായ ഒരു രേഖയും കൊണ്ടുവരണമെന്ന് പറഞ്ഞിട്ടില്ല. ഐഡന്റിറ്റി കാർഡിന്റെ നമ്പർ ചോദിക്കുന്നത് വളരെ കൃത്യമല്ലേ; അത് എന്തിനാണ് തെറ്റിദ്ധരിപ്പിക്കുന്നത്? ഡിവിഷൻ നമ്പർ, തിരിച്ചറിയൽ കാർഡ് നമ്പർ എന്നിവ ചോദിക്കുന്നുണ്ട്. പക്ഷേ, അതിന്റെ ബ്രാക്കറ്റിൽ 'ഉണ്ടെങ്കിൽ' എന്നുകൂടിയുണ്ട്. അല്ലാതെ നിർബന്ധമായി ചോദിച്ചിട്ടില്ല. ഉണ്ടെങ്കിൽ മാത്രമെ അത് എഴുതേണ്ടതുള്ളൂ. ആ ഒരു വാചകം മറച്ചുവച്ച് പറയുമ്പോൾ തെറ്റായ ഒരു ആശയം പ്രചരിപ്പിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇതിൽ പ്രായോഗികമായ ഒരു ബുദ്ധിമുട്ട് എന്താണെന്നാൽ മറ്റേ വോട്ടർ പട്ടികയിലാണെങ്കിൽ BLO-മാരും BLA-മാരും വീടുകളിൽ പോയി വെരിഫിക്കേഷൻ നടത്തുന്നുണ്ട്. ഇത് മുഴുവൻ ആളുകളും അവരുടെ മറ്റ് സാക്ഷ്യപത്രങ്ങളുമായി പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട ഒരു കാര്യമാണ്. അപ്പോൾ അത് ഒഴിവാക്കിക്കൊടുക്കാൻ ഞാനൊരു നിർദ്ദേശം ഇലക്ഷൻ കമ്മീഷൻ മുമ്പാകെ വച്ചു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ആളുകൾക്ക് റെക്കാർഡ് ഉണ്ടെങ്കിൽ നേരിട്ട് ഹാജരാകുന്നത് ഒഴിവാക്കാൻ കഴിയും. ഇതിന് ചെറിയൊരു കാർഡുമുണ്ട്. അങ്ങനെ വോട്ട് ചെയ്ത ആളുകളിൽ, അതിനിടയിൽ മരിച്ചുപോയ ആളുകൾ വളരെ ചുരുക്കമേ കാണുകയുള്ളൂ. അത് ഇലക്ഷൻ കമ്മീഷനോട് നമ്മൾ ഒരു കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് അക്കാര്യം പരിശോധിക്കാൻ ഗവൺമെന്റ് ആവശ്യപ്പെടുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഈ പ്രശ്നം ഞാനും ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പാർലമെന്റ് വോട്ടർ പട്ടികയിൽ വോട്ട് ചെയ്ത ആളുകൾക്ക് തിരിച്ചറിയൽ കാർഡുണ്ട്. ഇത് പരിശോധിച്ച് എന്ത് ചെയ്യണമെന്നുള്ളത് സർക്കാരല്ല തീരുമാനിക്കേണ്ടതെന്ന് നമുക്കെല്ലാവർക്കും അറിയാം. വോട്ടർ പട്ടികയുടെ പൂർണ്ണ ഉത്തരവാദിത്തം ഇലക്ഷൻ കമ്മീഷനാണ്. അത് പരിശോധിക്കാൻ നമുക്ക് അദ്ദേഹത്തോട് ആവശ്യപ്പെടാം. അദ്ദേഹമാണ് അതിൽ അവസാനമായി തീരുമാനമെടുക്കേണ്ടത്. അത് നിയമപരമായി എങ്ങനെ ചെയ്യാൻ കഴിയുമെന്നുള്ള കാര്യം അദ്ദേഹവുമായി സംസാരിക്കാം. ഒരു പ്രായോഗിക നിർദ്ദേശം ഇവിടെ വന്നതാണ്, അത് തള്ളിക്കളയുകയല്ല. ആ കാര്യം നമുക്ക് ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഈ വിഷയം സംസാരിച്ചപ്പോൾ ഞാൻ നേരത്തെയും പറഞ്ഞിരുന്നു. ഇത്തരം വസ്തുതകളൊക്കെ പകൽപോലെ യാഥാർത്ഥ്യമായിരിക്കുകയാണ്. 'എന്താ പേടിയാണോ തെരഞ്ഞെടുപ്പ് നടത്താൻ?' എന്നൊക്കെയുള്ള ബാലിശമായ ചോദ്യങ്ങളുണ്ടായി. ഈ തെരഞ്ഞെടുപ്പിനെ ഏതെങ്കിലും ഘട്ടത്തിൽ ഇടതുപക്ഷം പേടിച്ചിട്ടുണ്ടോ? പഴയ കാലത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടക്കാതിരുന്ന ഘട്ടമേതാണ്? അത് പരിശോധിച്ചിട്ട് വേണം പറയാൻ. 1988-ലെ തെരഞ്ഞെടുപ്പ് 1995 വരെ ഏഴ് വർഷക്കാലം നീണ്ടു. ഞാൻ അധിക അകല കാലത്തേയ്ക്കല്ല, 16 വർഷത്തിലേയ്ക്കല്ല പോകുന്നത്. ആ തെരഞ്ഞെടുപ്പ് നടക്കാതിരുന്നത് ആരെയെങ്കിലും പേടിച്ചിട്ട് മാറ്റിവച്ചതാണോ? അത് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തല്ല. അത്തരം ഒരു നിലപാടുണ്ടായതും തെരഞ്ഞെടുപ്പുകളുടെ കാലാവധി പലവട്ടം മാറ്റിവച്ചതും ആരുടെ കാലത്താണ്? അപ്പോൾ ഒരു തെരഞ്ഞെടുപ്പിനെയും എൽ.ഡി.എഫ്. പകച്ചും പേടിച്ചുംനിന്ന് നേരിട്ടിട്ടില്ല. ഇടതുപക്ഷം ഭരിക്കുന്ന ഏതെങ്കിലും സ്ഥലത്ത്, മുമ്പ് ഭരണമുണ്ടായിരുന്നപ്പോഴും ഇപ്പോൾ കേരളത്തിലും തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടോ? ഈ കേരളത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എവിടെയെങ്കിലും ആക്ഷേപം ഉണ്ടായിട്ടാണോ ഇത് അട്ടിമറിക്കാൻ പോകുന്നുവെന്നുപറയുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിലുള്ള സമയത്തും അതിനുമുമ്പും തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ട്. അന്നില്ലാത്ത ഒരു ആക്ഷേപം ഇപ്പോൾ എങ്ങനെയാണുണ്ടാകുന്നത്? സത്യത്തിൽ ഈ തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാൻ യു.ഡി.എഫ്. ഭയപ്പെടുന്നോ എന്നുള്ള സംശയമാണ് വരുന്നത്. വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചതാണ്. സർക്കാർ അതിന് വിശദീകരണം നൽകുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക്

പോകുന്നില്ല. വാർഡ് വിഭജനം സമയത്ത് നടക്കാതിരിക്കാൻ തടസ്സം ഉണ്ടാക്കുന്നതിന് അതും കാരണമാവില്ലേ? ആരാണ് തെരഞ്ഞെടുപ്പ് സമയത്ത് നടത്തുന്നതിന് തടസ്സമാകുന്നത് എന്ന് ചോദിക്കുമ്പോൾ ഞാൻ അത് തിരിച്ച് പറഞ്ഞാൽ അത് രാഷ്ട്രീയ ആരോപണമായി മാത്രമെ എടുക്കാൻ സാധിക്കുകയുള്ളൂ. അത്തരമൊരു നിലപാട് ഇവിടെ ഉണ്ടായില്ലേ. ഗവൺമെന്റ് തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നില്ല, അത് സമയബന്ധിതമായി നീങ്ങണം എന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു: 2005-ൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് വാർഡ് വിഭജനം വന്നത്. മാർച്ച് മാസത്തിലായിരുന്നു ഈ നിയമസഭ ആക്ടിൽ രണ്ട് സീറ്റുകൾ വർദ്ധിപ്പിച്ച് ഭേദഗതി വരുത്തുന്നത്. അതിനുശേഷവും സുഗമമായി തെരഞ്ഞെടുപ്പ് നടന്നു. ഇവിടെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ടാണ് പിന്നീട് ആക്ഷേപങ്ങളുണ്ടായത്. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-ഓ യു.ഡി.എഫ്. പിന്തുണയ്ക്കുന്നവരോ ഇപ്പോൾ കേസുകൊടുത്തു. ആരാണെന്ന് ഞാൻ പരിശോധിച്ചിട്ടില്ല. കോടതി വിധി അനുകൂലമാകും. കോടതി വിധി വരട്ടെ, അതിന് മുമ്പ് നമ്മൾ എന്തിനാണ് ദിവാസ്വപ്നം കാണുന്നത്? കോടതി വിധി വന്നാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളെന്താണെന്ന് സർക്കാർ പരിശോധിക്കും. കോടതി വിധി നടപ്പാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും തടസ്സം നിന്നിട്ടില്ലല്ലോ. നിയമപരമായി കോടതിവിധി വന്നതിനുശേഷമാണ് ആ കാര്യം പരിശോധിക്കേണ്ടത്. ഇപ്പോൾ ഞങ്ങൾ വോട്ടർ പട്ടിക ഇങ്ങനെ ചെയ്ത് കോടതിയിൽനിന്നും വിധി സമ്പാദിക്കുന്നുവെന്ന് പറയുമ്പോൾ ജനങ്ങളെ എളുപ്പത്തിൽ വോട്ട് ചേർക്കാൻ സഹായിക്കൽ മാത്രമല്ലല്ലോ ഉദ്ദേശം. പഞ്ചായത്ത് തെരഞ്ഞെടുപ്പ്, സമയത്ത് നടത്താതിരിക്കാനുള്ള ഒരു ഇടപെടൽകൂടിയായി ഇതിനെ കാണണ്ടേ. ആരാണ് ഇപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്ത് നടത്താതിരിക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്? ആ കാര്യം കൂടി വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട കാര്യത്തിലുണ്ടെന്ന് സൂചിപ്പിക്കാനാണ് ഞാൻ ഇത് പറഞ്ഞത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനുള്ള ഐഡന്റിറ്റി കാർഡുകൾ ഇലക്ഷൻ കമ്മീഷൻതന്നെ പരസ്യമായി സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡ് മാത്രമല്ല, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ആധാർ കാർഡ്, പാൻ കാർഡ്, മറ്റേതെങ്കിലും രേഖയുണ്ടെങ്കിൽ അതൊക്കെ തെരഞ്ഞെടുപ്പിന് വോട്ട് ചെയ്യാനുള്ള ഐ.ഡി. കാർഡാണ് എന്ന രീതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ വ്യക്തത വരുത്തിയിട്ടുണ്ട്. വാർഡ് നമ്പർ പുതിയത് വേണ്ടി വരില്ലേ? ഇല്ല, നിലവിലുള്ള നമ്പർ വച്ചുതന്നെയാണ് വോട്ട് ചെയ്യുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുതുക്കിയതിനുശേഷം ഇവിടെ നേരത്തെ പറഞ്ഞ രീതിയിൽ വാർഡ്

വിഭജനത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ വാർഡുകൾ വിഭജിക്കുമ്പോൾ ഇപ്പോഴുള്ള വീട് നമ്പറുകളിലൊന്നും മാറ്റമുണ്ടാകുന്നില്ല. നിലവിലുള്ള നമ്പർവച്ച് തന്നെയാകും വോട്ടർ പട്ടിക തയ്യാറാക്കുക. ഇവിടെ നേരത്തെ ശ്രീ. അനിൽ അക്കര പറഞ്ഞ രീതിയിൽ ആ ഘട്ടത്തിലും തെരഞ്ഞെടുപ്പിൽ വോട്ട് ചേർക്കാനുള്ള അവകാശമുണ്ടാകും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ അതിന് മുൻപായി വോട്ട് ചേർക്കാനുള്ള സൗകര്യങ്ങൾ കൂടിയുണ്ട്. അപ്പോൾ വോട്ടർ പട്ടികയുടെ കാര്യത്തിൽ എന്തെങ്കിലും കുഴപ്പമുണ്ടാക്കി അതിന്റെ ഭാഗമായി എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റല്ല ശ്രമിക്കുന്നത്. ഞങ്ങൾ അതിനുവേണ്ടിയുള്ള പരിശ്രമം മുഴുവൻ നടത്തിയതാണ്. ഇവിടെ വന്ന മറ്റ് രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ രണ്ട് പക്ഷത്തുനിന്നും സംസാരിച്ചവർ ആവശ്യമായ സംസാരം നടത്തിയിട്ടുണ്ട്. ആ കാര്യത്തിൽ മറ്റ് വിശദാംശങ്ങൾ ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഐഡന്റിറ്റി കാർഡ് ഞാൻ നേരത്തെ പറഞ്ഞതാണ്. ഇവിടെ ശ്രീ. പി. ഉബൈദുള്ള സംസാരിക്കുമ്പോൾ കുന്നംകുളത്ത് എസ്.ഡി.പി.ഐ.-യുമായി ബന്ധമുള്ള ഭരണമാണ് നടക്കുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ഒരു കാലത്തും അങ്ങനെ ഉണ്ടായിട്ടില്ല. അത് പറയുകയാണെങ്കിൽ കുറേയധികം കാര്യങ്ങൾ പറയാനുണ്ടാകും. എസ്.ഡി.പി.ഐ.-യുമായിട്ടുള്ള ബന്ധം.....(ബഹളം)..... ഇപ്പോൾ മാറുകയാണ്. എസ്.ഡി.പി.ഐ.-യെക്കുറിച്ച് അവിടത്തെ തർക്കത്തിന്റെ ഭാഗമായിട്ടാണ് കുന്നംകുളത്ത് അതുണ്ടായി എന്നു പറഞ്ഞത്. ....(ബഹളം)..... അങ്ങ് തിരുത്തിയതിൽ സന്തോഷം. ലീഗുമായി ബന്ധമുണ്ടായിട്ടില്ല. കുന്നംകുളത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു ഘട്ടത്തിലും ബി.ജെ.പി.-യുമായി സഖ്യമുണ്ടാക്കിയിട്ടില്ല. ഞാൻ ഒരു കാര്യം കൂടി അങ്ങയോട് ചോദിക്കുകയാണ്. മലപ്പുറത്ത് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് പാർലമെന്റിലേയ്ക്ക് ഒരു ഉപതെരഞ്ഞെടുപ്പ് ഉണ്ടായപ്പോൾ എസ്.ഡി.പി.ഐ. അന്ന് ആരുടെ കൂടെയായിരുന്നു. നിങ്ങൾ ഒരു പഞ്ചായത്തിലെ ഒരു വോട്ടിന്റെ കാര്യം പറയുമ്പോൾ പാർലമെന്റിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ-യുടെ വോട്ട് വാങ്ങിയത് ആരാണെന്ന് ഈ രാജ്യത്തെ ജനങ്ങൾക്ക് പരസ്യമായി അറിയാവുന്ന കാര്യമല്ലേ. ആരാണ് ഇത്തരം തീവ്രവാദശക്തികളെ പ്രോത്സാഹിപ്പിക്കുന്നതെന്ന് ഈ കേരളത്തിലെ ജനങ്ങൾക്ക് അറിയാം. ഞാൻ ആ രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്കൊന്നും പോകാൻ ആഗ്രഹിച്ചതല്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന ഒരു മണ്ഡലത്തിന്റെ കാര്യം അങ്ങ് അവാസ്തവമായി പറഞ്ഞതുകൊണ്ടാണ്. അത് രേഖയിലുണ്ടാവാനും പാടില്ല. അങ്ങനെ ഒരു സംഭവം ഉണ്ടാകാത്തതാണ്..... (ബഹളം).....

മി. സ്പീക്കർ: എന്താണിത്? ബഹുമാനപ്പെട്ട മന്ത്രി, തുടരൂ. ....(ബഹളം).....അദ്ദേഹം സംസാരിച്ചിട്ട് അവസരം തരാം.

ശ്രീ. എ. സി. മൊയ്തീൻ: സർ, റിസർവേഷനെ സംബന്ധിച്ച ഒരു വിഷയം ഇവിടെ വന്നു. റിസർവേഷന്റെ കാര്യത്തിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നാലാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന് ഞാൻ മറുപടിയും പറഞ്ഞതാണ്. ഒന്നും രണ്ടും മൂന്നും നാലും ധനകാര്യ കമ്മീഷനുകളിലും നടപ്പാക്കാത്ത കാര്യങ്ങളൊക്കെ മാറ്റി അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ വന്നിട്ടുണ്ട്. അപ്പോൾ ഇത്ര വർഷം കഴിഞ്ഞ് വാർഡ് വിഭജനം എന്നുള്ള നിർദ്ദേശമൊന്നും അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശയിലില്ല. അത്തരമൊരു രീതി നമ്മൾ സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ എല്ലാ കാലങ്ങളിലും ഈ റിസർവേഷനും മറ്റുമൊക്കെ മാറി വന്നിട്ടുണ്ട്. നമുക്ക് പുതിയ കാലത്ത് എങ്ങനെ ചിന്തിക്കണമെന്ന് ഭാവിയിൽ ആലോചിക്കാം. ഇപ്പോൾ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന ഈ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് നിയമവിധേയമായിട്ടുള്ള രീതിയിലാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ വളരെ വ്യക്തമായി തന്നെ പറഞ്ഞു, അത് ഞാനും അംഗീകരിക്കുന്നു. വാർഡ് വിഭജനം, വോട്ടർ പട്ടികയിൽ കൂട്ടിച്ചേർക്കൽ തുടങ്ങിയ നടപടികൾ തീരുമാനിക്കേണ്ടത് ഇലക്ഷൻ കമ്മീഷനാണ്. പക്ഷെ, അങ്ങ് പ്രസംഗത്തിൽ പറഞ്ഞുവന്നപ്പോൾ ഞങ്ങൾ ഈ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞു. ഒരിക്കലുമില്ല. ആര് വിചാരിച്ചാലും ഈ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാനും പറ്റില്ല. ഭരണഘടനാപരമായി അഞ്ച് വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തിയേ പറ്റുകയുള്ളൂ. അങ്ങനെയൊരു ധാരണയിലല്ല ഞങ്ങൾ കോടതിയിൽ പോയത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ നിലപാടിനോട് വിയോജിപ്പുള്ളതുകൊണ്ടാണ് ഞങ്ങൾ കോടതിയിൽ പോയത്. ഞങ്ങളുടെ വിയോജിപ്പ് അങ്ങേയ്ക്ക് അറിയാമല്ലോ. വോട്ടർ പട്ടികയിൽ പേര് ചേർക്കുമ്പോൾ ജനങ്ങളുടെ സൗകര്യാർത്ഥം 2019-ലെ വോട്ടർ പട്ടിക ഉപയോഗിക്കണം; അതാണ് എളുപ്പം. രണ്ടാമത്തേത്, ഡീ ലിമിറ്റേഷൻ എന്ന് പറയുന്നത് ശരിയല്ല. കാരണം, ഞങ്ങൾക്ക് ഞങ്ങളുടേതായ കാരണങ്ങൾ പറയാം. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ, കോടതി വിധി ഇതെല്ലാം ഉദ്ധരിച്ചുകൊണ്ടാണ് ഞങ്ങൾ പോയത്. അതുകൊണ്ട് അങ്ങയുടെ പ്രസംഗത്തിൽ അങ്ങനെയൊരു ധ്വനി വന്നത് ശരിയായില്ല. ഞങ്ങൾ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഞങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായത്തിലും

തീരുമാനത്തിലും വ്യത്യസ്തമായ അഭിപ്രായമുണ്ടെങ്കിൽ രേഖപ്പെടുത്താൻ കഴിയുന്നത് കോടതിയിലാണ്. അത് തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ വേണ്ടിയിട്ടല്ല, നീതി പ്രതീക്ഷിച്ചാണ് എന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കൃത്യമായി തെരഞ്ഞെടുപ്പ് നടക്കട്ടെ.... ഞങ്ങൾക്ക് തെരഞ്ഞെടുപ്പിനെ പേടിക്കേണ്ട കാര്യമില്ല. കേരളത്തിലെ ജനങ്ങൾ ഞങ്ങളോടൊപ്പം നിൽക്കുമെന്ന് ഞങ്ങൾക്ക് പൂർണ്ണവിശ്വാസമുണ്ട്.

ഡോ. എം. കെ. മുനീർ: സർ, ആദ്യം ഞങ്ങൾ പോയപ്പോൾ ഞങ്ങളുടെ നിലപാടിന്റെ കൂടെയാണ് കോടതി നിന്നത് ....(മൈക്ക് ഓഫ്).

ശ്രീ. എ. സി. മൊയ്തീൻ: സർ, തെരഞ്ഞെടുപ്പ് സമയത്ത് നടക്കണമെന്നുള്ള യു.ഡി.എഫ്.-ന്റെ അഭിപ്രായം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ സന്തോഷം. ഞാനല്ല തുടങ്ങിയത്. ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുകയാണെന്ന് ആക്ഷേപം ഉന്നയിച്ചത് അവിടെനിന്നാണ്. രേഖകളിലുണ്ടല്ലോ. ഗവൺമെന്റ് എന്തോ പേടിക്കുകയാണ്, തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുകയാണ്, ഒരു വാക്കുകൂടി ചേർത്ത് കള്ളവോട്ട് ചെയ്യിക്കാനാണോ എന്ന് ചോദിച്ചു. അതിനുള്ള മറുപടി ഞാൻ പറഞ്ഞില്ല. ഞാൻ അത് പറയാനും ഉദ്ദേശിക്കുന്നില്ല. കാരണം അങ്ങനെ ചെയ്യുന്നവർ ഒരു സംസ്കാരത്തിന്റെ ഭാഗമായി ഉന്നയിച്ചതാണെന്ന് വിചാരിക്കുകയാണ് ഞാൻ. അതൊന്നും വച്ചല്ല ഞാൻ പറഞ്ഞത്. അങ്ങനെയൊരു സംസാരമുണ്ടായപ്പോൾ എനിക്കും ഇങ്ങനെ ആലോചിച്ചുകൂടെ. ഈ തെരഞ്ഞെടുപ്പ് നടക്കണമെന്നാണ് പൊതുവികാരമെങ്കിൽ എല്ലാവരും സഹകരിച്ച് വളരെ വേഗത്തിൽ തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ടുപോകാം. ഈ ബിൽ അതുകൊണ്ടുതന്നെ ഐകകണ്ഠ്യേന പാസ്സാക്കിത്തരുന്നതിനുള്ള നടപടികൂടി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. കെ. പ്രശാന്ത്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി.കെ. പ്രശാന്ത് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജി. എസ്. ജയലാൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ആൻസലൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ആൻസലൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ .................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## (i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

177. ഖണ്ഡം 2 (എ) (i) ഒഴിവാക്കുക.

192. ഖണ്ഡം 2(എ)(ii) ഒഴിവാക്കുക.

217. ഖണ്ഡം 2(ബി)(i) ഒഴിവാക്കുക.

232. ഖണ്ഡം 2(ബി)(ii) ഒഴിവാക്കുക.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2(എ) (i) -ൽ " ഉപഖണ്ഡത്തിലെ" എന്ന വാക്കിന് പകരം "ഉപഖണ്ഡത്തിൽ" എന്ന വാക്ക് ചേർക്കുക.

180. ഖണ്ഡം 2(എ) (i) -ൽ " വാക്കിന്" എന്നതിന് പകരം "വാക്കിനു" എന്ന് ചേർക്കുക.

194. ഖണ്ഡം 2(എ)(ii)-ൽ "വാക്കിന്" എന്ന വാക്ക് വരുന്നയിടത്തെല്ലാം "വാക്കിനു" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 2(ബി)(i)-ൽ " ഉപഖണ്ഡത്തിലെ" എന്ന വാക്കിന് പകരം "ഉപഖണ്ഡത്തിൽ" എന്ന വാക്ക് ചേർക്കുക.

219. ഖണ്ഡം 2(ബി)(i)-ൽ " വാക്കിന്" എന്നതിന് പകരം "വാക്കിനു" എന്ന് ചേർക്കുക.

33. ഖണ്ഡം 2(ബി)(ii)-ൽ " ഉപഖണ്ഡത്തിലെ" എന്ന വാക്കിന് പകരം "ഉപഖണ്ഡത്തിൽ" എന്ന വാക്കു ചേർക്കുക.

247. ഖണ്ഡം 2(ബി)(ii)-ൽ "വാക്കിന് "എന്നതിന് പകരം "വാക്കിനു" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

181. ഖണ്ഡം 2(എ) (i) -ൽ " ഇരുപത്തിയാറും" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്ക് ചേർക്കുക.

195. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിരണ്ട്", "ഇരുപത്തിയഞ്ചും" എന്നീ വാക്കുകൾക്കുള്ള ഭേദഗതി ഒഴിവാക്കുക.

221. ഖണ്ഡം 2(ബി)(i)-ൽ " അൻപത്തിയാറും" എന്ന വാക്കിനുപകരം "അൻപത്തിയഞ്ചും" എന്ന വാക്ക് ചേർക്കുക.

235. ഖണ്ഡം 2(ബി)(ii)-ൽ " നൂറ്റിയൊന്ന്" എന്ന വാക്കിന് പകരം

"നൂറ്" എന്ന വാക്കും "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയഞ്ചും" എന്ന വാക്കും ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

182. ഖണ്ഡം 2(എ) (i) -ൽ " ഇരുപത്തിയാറും" എന്നതിന് പകരം "ഇരുപത്തി ഏഴും" എന്ന് ചേർക്കുക.

236. ഖണ്ഡം 2(ബി)(ii)-ൽ " നൂറ്റിയൊന്ന്" എന്നതിനുപകരം "നൂറ്റിരണ്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

186. ഖണ്ഡം 2(എ) (i) -ൽ " ഇരുപത്തിയാറും" എന്ന വാക്കിനു പകരം "ഇരുപത്തിയെട്ടും" എന്ന് ചേർക്കുക.

201. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിമൂന്ന്" എന്ന വാക്കിന് പകരം "അൻപത്തിഅഞ്ച്" എന്ന വാക്ക് ചേർക്കുക.

226. ഖണ്ഡം 2(ബി)(i)-ൽ " അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിയെട്ടും" എന്ന വാക്ക് ചേർക്കുക.

245. ഖണ്ഡം 2(ബി)(ii)-ൽ "നൂറ്റിയൊന്ന് "എന്ന വാക്കിന് പകരം "നൂറ്റിയഞ്ച് " എന്ന വാക്ക് ചേർക്കുക.

250. ഖണ്ഡം 2(ബി)(ii)-ൽ "അൻപത്തിയാറും" എന്നതിന് പകരം "അൻപത്തിയെട്ടും" എന്ന വാക്ക് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

189. ഖണ്ഡം 2(എ) (i) -ൽ " ഇരുപത്തിയാറും" എന്നതിന് പകരം "ഇരുപത്തി ഒൻപതും" എന്ന് ചേർക്കുക.

227. ഖണ്ഡം 2(ബി)(i)-ൽ " അൻപത്തിയാറും" എന്നതിനുപകരം "അൻപത്തിഒൻപതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

193. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിരണ്ട്" എന്ന വാക്കിനുള്ള ഭേദഗതി ഒഴിവാക്കുക.

206. ഖണ്ഡം 2(എ)(ii)-ൽ "ഇരുപത്തിയഞ്ചും" എന്ന വാക്കിനുള്ള ഭേദഗതി ഒഴിവാക്കുക.

234. ഖണ്ഡം 2(ബി)(ii)-ൽ " നൂറ്" എന്ന വാക്കിനുള്ള ഭേദഗതി ഒഴിവാക്കുക.

246. ഖണ്ഡം 2(ബി)(ii)-ൽ "അൻപത്തിയഞ്ചും" എന്ന വാക്കിനുള്ള ഭേദഗതി ഒഴിവാക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

196. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിമൂന്ന്" എന്നതിന് പകരം "അൻപത്തിനാല്" എന്നു ചേർക്കുക.

231. ഖണ്ഡം 2(ബി)(i)-ൽ " അൻപത്തിയാറും" എന്നതിന് പകരം "അറുപതും" എന്ന വാക്ക് ചേർക്കുക.

248. ഖണ്ഡം 2(ബി)(ii)-ൽ "അൻപത്തിയാറും" എന്നതിന് പകരം "അൻപത്തിഏഴും" എന്നു ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

202. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിമൂന്ന്" എന്നതിന് പകരം "അൻപത്തിആറ്" എന്നു ചേർക്കുക.

222. ഖണ്ഡം 2(ബി)(i)-ൽ " അൻപത്തിയാറും" എന്നതിന് പകരം "അൻപത്തിഏഴും" എന്ന വാക്ക് ചേർക്കുക.

256. ഖണ്ഡം 2(ബി)(ii)-ൽ "അൻപത്തിയാറും" എന്ന വാക്കിന് പകരം "അറുപതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

204. ഖണ്ഡം 2(എ)(ii)-ൽ "അൻപത്തിമൂന്ന്" എന്നതിന് പകരം "അൻപത്തിഏഴ്" എന്നു ചേർക്കുക.

210. ഖണ്ഡം 2(എ)(ii)-ൽ "ഇരുപത്തിയാറും" എന്നതിന് പകരം "ഇരുപത്തിഎട്ടും" എന്നു ചേർക്കുക.

215. ഖണ്ഡം 2(എ)(ii)-ൽ "ഇരുപത്തിയാറും" എന്നതിന് പകരം "മുപ്പതും" എന്നു ചേർക്കുക.

240. ഖണ്ഡം 2(ബി)(ii)-ൽ "നൂറ്റിയൊന്ന് " എന്നതിന് പകരം "നൂറ്റിമൂന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

207. ഖണ്ഡം 2(എ)(ii)-ൽ "ഇരുപത്തിയാറും" എന്നതിന് പകരം "ഇരുപത്തി ഏഴും" എന്നു ചേർക്കുക.

212. ഖണ്ഡം 2(എ)(ii)-ൽ "ഇരുപത്തിയാറും" എന്നതിന് പകരം "ഇരുപത്തി ഒൻപതും" എന്നു ചേർക്കുക.

254. ഖണ്ഡം 2(ബി)(ii)-ൽ "അൻപത്തിയാറും" എന്ന വാക്കിന് പകരം "അൻപത്തിഒൻപതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

241. ഖണ്ഡം 2(ബി)(ii)-ൽ "നൂറ്റിയൊന്ന് " എന്നതിന് പകരം "നൂറ്റിനാല് " എന്നു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 177, 192, 217, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 179, 180, 194, 218, 219, 233, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 181, 195, 221, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 182, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 186, 201, 226, 245, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 189, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 193, 206, 234, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 196, 231, 248, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 202, 222, 256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 204, 210, 215, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 207, 212, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

103. ദീർഘശീർഷകത്തിൽ " വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

125. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

146. ഖണ്ഡം 1(2)ൽ " ഉടൻ" എന്ന വാക്കിന് പകരം " ഗവർണ്ണർ ഒപ്പിട്ട ദിവസം മുതൽ" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2)-ൽ " പ്രാബല്യത്തിൽ " എന്ന വാക്കിന് പകരം " നിലവിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ " വീണ്ടും" എന്നതിന് പകരം "ഒരിക്കൽ കൂടി" എന്ന് ചേർക്കുക.

114.പീഠികയിൽ "ഇതിനുശേഷം" എന്നതിനുപകരം "താഴെപ്പറഞ്ഞിരിക്കുന്ന് എന്ന് ചേർക്കുക.

136. തത്വപ്രഖ്യാപന വാക്യത്തിന്റെ ആരംഭത്തിൽ " ജനാധിപത്യ മതേതര സോഷ്യലിസ്റ്റ്" എന്നീ വാക്കുകൾ ചേർക്കുക.

148. ഖണ്ഡം 1(2)ൽ " ഉടൻ" എന്ന വാക്കിന് ശേഷം " തന്നെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ " ചെയ്യുന്നതിനുള്ള" എന്നതിന് പകരം "ചെയ്യുന്നതിനായുള്ള" എന്ന് ചേർക്കുക.

123. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "തുടർന്ന് വരുന്ന" എന്ന് ചേർക്കുക.

140. ഖണ്ഡം 1(1)ൽ, " പേര് പറയാം" എന്നതിന് പകരം " നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

157. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " (2) ഇത് ഗവർണ്ണർ അംഗീകാരം നൽകുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

158. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " (2) ഇത് സംസ്ഥാന ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

110. ദീർഘശീർഷകത്തിൽ " ചെയ്യുന്നതിനുള്ള" എന്നതിന് പകരം "ചെയ്യുന്നതിന് വേണ്ടിയുള്ള" എന്ന് ചേർക്കുക.

120. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

112. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

116. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെക്കാണുന്ന" എന്ന് ചേർക്കുക.

152. ഖണ്ഡം 1(2)-ൽ " ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് " എന്നതിന് പകരം " ഉടൻ പ്രാബല്യം ഉണ്ടാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.:

115. പീഠികയിൽ "ഇതിനുശേഷം" എന്നതിനു പകരം "താഴചേർത്ത" എന്ന് ചേർക്കുക.

142. ഖണ്ഡം 1(1)ൽ , " പറയാം" എന്ന വാക്കിന് പകരം " പറയാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

135. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം " ഉചിതമായിരിക്കുകയാൽ" എന്ന് ചേർക്കുക.

166. ഖണ്ഡം 1(2) താഴെ പറയുന്ന രീതിയിൽ മാറ്റുക "(2)ഇത് 2020 ഡിസംബർ മാസം 2-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

137. തത്വപ്രഖ്യാപന വാക്യത്തിൽ " താഴെപ്പറയുംപ്രകാരം" എന്നതിന് പകരം " ചുവടെ ചേർക്കും വിധം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

139. ഖണ്ഡം 1(1)ൽ, " ആക്റ്റിന്" എന്ന വാക്കിന് പകരം " നിയമത്തിന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

147. ഖണ്ഡം 1(2)ൽ " ഉടൻ" എന്ന വാക്കിന് പകരം " 2020 നവംബർ 1 മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

154. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " (2) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

160. ഖണ്ഡം 1(2) താഴെ പറയുന്ന രീതിയിൽ മാറ്റുക" (2)ഇത് 2020 നവംബർ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

161. ഖണ്ഡം 1(2) താഴെ പറയുന്ന രീതിയിൽ മാറ്റുക" (2)ഇത് 2020 നവംബർ മാസം 2-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

167. ഖണ്ഡം 1(2) താഴെ പറയുന്ന രീതിയിൽ മാറ്റുക" (2)ഇത് 2020 ഡിസംബർ മാസം 7-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

169. ഖണ്ഡം 1(2) താഴെ പറയുന്ന പ്രകാരം മാറ്റുക:" (2)ഇത് 2020 ഡിസംബർ മാസം 16-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 103, 125, 146, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 107, 114, 136, 148 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 108, 123, 140, 157, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 110, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 112, 116, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 115, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 135, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. സി. ദിവാകരൻ

11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. കെ. യു. ജനീഷ് കുമാർ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി

35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ്കുമാർ
39. ശ്രീ. വി. കെ. പ്രശാന്ത്
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി

59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. പി. ഉണ്ണി
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. എം. സി. കമറുദ്ദീൻ
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീമതി ഷാനിമോൾ ഉസ്മാൻ
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. പി. ടി. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്
31. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ- 73

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

153. പ്രധാന ആക്ടിലെ വകുപ്പ് 6(2)-ൽ " മാറ്റം" എന്ന വാക്കിന് പകരം " ഭേദഗതി" എന്നു ചേർക്കുക.

163. ഖണ്ഡം 2 (i) ൽ " പതിനാലിൽ" എന്ന വാക്കിന് പകരം" പതിനാറിൽ" എന്ന വാക്ക് ചേർക്കുക.

176. ഖണ്ഡം 2(i)ൽ " ഇരുപത്തി നാലിൽ" എന്നതിന് പകരം " ഇരുപത്തി എട്ടിൽ" എന്ന് ചേർക്കുക.

188. ഖണ്ഡം 2(ii)-ൽ "പതിനാലിൽ" എന്ന വാക്കിന് പകരം "പതിനേഴിൽ" എന്ന വാക്ക് ചേർക്കുക.

195. ഖണ്ഡം 2(ii)-ൽ " ഇരുപത്തിനാലിൽ" എന്നതിന് പകരം "ഇരുപത്തിആറിൽ" എന്നു ചേർക്കുക.

205. ഖണ്ഡം 2(iii)-ൽ "പതിനേഴിൽ" എന്നതിന് പകരം "പതിനെട്ടിൽ" എന്നത് ചേർക്കുക.

209. ഖണ്ഡം 2(iii)-ൽ "പതിനേഴിൽ" എന്നതിന്പകരം "ഇരുപതിൽ" എന്നു ചേർക്കുക.

224. പ്രധാന ആക്റ്റിലെ വകുപ്പ് 6 (4) -ൽ "അംഗസംഖ്യ" എന്ന വാക്കിന് പകരം "അംഗബലം" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

155. ഖണ്ഡം 2 (i)ഒഴിവാക്കുക.

178. ഖണ്ഡം 2(ii) ഒഴിവാക്കുക.

201. ഖണ്ഡം 2(iii) ഒഴിവാക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

158. ഖണ്ഡം 2 (i) -ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്ന വാക്കും "വാക്കുകൾക്ക്" എന്ന വാക്കിനു പകരം "വാക്കുകൾക്കു" എന്ന വാക്കും ചേർക്കുക.

181. ഖണ്ഡം 2 (ii) -ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്ന വാക്കും "വാക്കുകൾക്ക്" എന്ന വാക്കിനു പക"വാക്കുകൾക്കു" എന്ന വാക്കും ചേർക്കുക.

203. ഖണ്ഡം 2(iii)-ൽ "എന്ന" എന്ന വാക്ക് വരുന്നിടത്തെല്ലാം "എന്നീ" എന്ന വാക്കും "വാക്കുകൾക്ക് " എന്ന വാക്കിനു പകരം "വാക്കുകൾക്കു" എന്ന വാക്കും ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

159. ഖണ്ഡം 2 (i) ൽ " പതിനാലിൽ" എന്ന വാക്കിനു പകരം" പതിനഞ്ചിൽ" എന്ന വാക്ക് ചേർക്കുക.

189. ഖണ്ഡം 2(ii)-ൽ "പതിനാലിൽ" എന്ന വാക്കിനു പകരം "പതിനെട്ടിൽ" എന്ന വാക്ക് ചേർക്കുക.

193. ഖണ്ഡം 2(ii)-ൽ " ഇരുപത്തിനാലിൽ" എന്നതിനുപകരം "ഇരുപത്തിഅഞ്ചിൽ" എന്നു ചേർക്കുക.

218. ഖണ്ഡം 2 (iii)-ൽ "മുപ്പത്തിമൂന്നിൽ" എന്നതിനുപകരം "മുപ്പത്തിആറിൽ" എന്നു ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

164. ഖണ്ഡം 2 (i) ൽ " പതിനാലിൽ" എന്ന വാക്കിന് പകരം " പതിനെട്ടിൽ" എന്ന വാക്ക് ചേർക്കുക.

186.ഖണ്ഡം 2(ii)-ൽ "പതിനാലിൽ" എന്ന വാക്കിന് പകരം "പതിനാറിൽ" എന്ന വാക്ക് ചേർക്കുക.

197. ഖണ്ഡം 2(ii)-ൽ “ ഇരുപത്തിനാലിൽ" എന്നതിന് പകരം "ഇരുപത്തിഏഴിൽ” എന്നു ചേർക്കുക.

213. ഖണ്ഡം 2(iii)-ൽ "മുപ്പത്തിമൂന്നിൽ" എന്നതിന് പകരം "മുപ്പത്തിനാലിൽ" എന്നു ചേർക്കുക.

215. ഖണ്ഡം 2 (iii)-ൽ "മുപ്പത്തിമൂന്നിൽ" എന്നതിന് പകരം "മുപ്പത്തിഅഞ്ചിൽ" എന്നു ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

166. ഖണ്ഡം 2 (i) ൽ “ പതിനാലിൽ” എന്ന വാക്കിന് പകരം “ ഇരുപതിൽ” എന്ന വാക്ക് ചേർക്കുക.

183. ഖണ്ഡം 2(ii)-ൽ "പതിനാലിൽ" എന്ന വാക്കിന് പകരം "പതിനഞ്ചിൽ" എന്ന വാക്ക് ചേർക്കുക.

199. ഖണ്ഡം 2( ii)-ൽ "ഇരുപത്തിനാലിൽ" എന്നതിന് പകരം "ഇരുപത്തിഎട്ടിൽ" എന്നു ചേർക്കുക

220. പ്രധാന ആക്റ്റിലെ വകുപ്പ് 6 (3) (സി) യുടെ ക്ലിപ്തനിബന്ധനയിൽ "മുഖാന്തിരം നികത്തേണ്ടതായ" എന്നീ വാക്കുകൾക്കു പകരം "നടത്തേണ്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

168. ഖണ്ഡം 2(i)ൽ “ പതിനാലിൽ കുറയാനോ ഇരുപത്തി നാലിൽ കവിയാനോ " എന്നീ വാക്കുകൾക്ക് പകരം “ പതിനഞ്ചിൽ കുറയാനോ ഇരുപത്തി ആറിൽ കവിയാനോ" എന്നീ വാക്കുകൾ ചേർക്കുക.

191. ഖണ്ഡം 2(ii)-ൽ “ പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ചിൽ കുറയാനോ ഇരുപത്തിയാറിൽ കവിയാനോ” എന്ന വാക്കുകൾ ചേർക്കുക.

212. ഖണ്ഡം 2(iii)-ൽ "പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ" എന്നീ വാക്കുകൾക്ക് പകരം "പതിനെട്ടിൽ കുറയാനോ മുപ്പത്തഞ്ചിൽ കവിയാനോ" എന്നീ വാക്കുകൾ ചേർക്കുക .

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

171. ഖണ്ഡം 2(i)ൽ " ഇരുപത്തി നാലിൽ" എന്നതിന് പകരം " ഇരുപത്തി ആറിൽ" എന്ന് ചേർക്കുക.

175. ഖണ്ഡം 2(i)ൽ " ഇരുപത്തി നാലിൽ" എന്നതിന് പകരം " ഇരുപത്തി ഏഴിൽ" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 2(i)ൽ " ഇരുപത്തി നാലിൽ" എന്നതിന് പകരം " ഇരുപത്തിയാറിൽ" എന്ന് ചേർക്കുക.

194. ഖണ്ഡം 2(ii)-ൽ " ഇരുപത്തിനാലിൽ" എന്ന വാക്കിന് പകരം"ഇരുപത്തിയാറിൽ" എന്ന വാക്കു ചേർക്കുക.

206. ഖണ്ഡം 2(iii)-ൽ "പതിനേഴിൽ" എന്ന വാക്കിന് പകരം "പത്തൊൻപതിൽ" എന്ന വാക്കു ചേർക്കുക

217. ഖണ്ഡം 2 (iii)-ൽ "മുപ്പത്തിമൂന്നിൽ" എന്ന വാക്കിന് പകരം "മുപ്പത്തിയഞ്ചിൽ" എന്ന വാക്കു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

211. ഖണ്ഡം 2(iii)-ൽ "പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ" എന്നീ വാക്കുകൾക്ക് പകരം "പതിനാറിൽ കുറയാനോ മുപ്പത്തി രണ്ടിൽ കവിയാനോ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 153, 163, 176, 188, 195, 205, 209, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 155, 178, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 158, 181, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 159, 189, 193, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 164, 186, 197, 213, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 166, 183, 199, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 168, 191, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 171, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 173, 194, 206, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

103. ദീർഘശീർഷകത്തിൽ " വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

117. പീഠികയിൽ "വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

125. ഖണ്ഡം 1(2)-ൽ " ഉടൻ" എന്ന വാക്കിന് പകരം " 2020 നവംബർ 1 മുതൽ " എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

107. ദീർഘശീർഷകത്തിൽ " വീണ്ടും എന്ന വാക്കിനു പകരം "ഒരിക്കൽ കൂടി" എന്നീ വാക്കുകൾ ചേർക്കുക.

111. പീഠികയിൽ "ഇതിനുശേഷം" എന്ന വാക്കിനു പകരം "താഴെപ്പറഞ്ഞിരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

121. തത്വപ്രഖ്യാപന വാക്യത്തിന്റെ ആരംഭത്തിൽ "ജനാധിപത്യ മതേതര സോഷ്യലിസ്റ്റ്" എന്നീ വാക്കുകൾ ചേർക്കുക.

126. ഖണ്ഡം 1(2)-ൽ " ഉടൻ" എന്ന വാക്കിന് ശേഷം " തന്നെ" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

108. പീഠികയിൽ "ആക്റ്റ്" എന്ന വാക്കിനു പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

123. ഖണ്ഡം 1(1)-ൽ " ആക്റ്റ്" എന്ന വാക്കിന് പകരം " നിയമം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾക്കു പകരം "താഴെ പറയുന്ന" എന്നീ വാക്കുകൾ ചേർക്കുക.

133. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " ഇത് ഗവർണ്ണർ അംഗീകാരം നൽകുന്ന തീയതിമുതൽ പ്രാബല്യത്തിൽവരുന്നതാണ്"

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കയാൽ" എന്നത് ചേർക്കുക.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ഉചിതമായിരിക്കുകയാൽ" എന്നത് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "താഴെ ചേർത്ത"എന്ന് ചേർക്കുക.

124. ഖണ്ഡം 1(1)-ൽ " പറയാം" എന്ന വാക്കിന് പകരം പറയാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

129. ഖണ്ഡം 1(2)-ൽ " വരുന്നതാണ്" എന്ന വാക്കിന് പകരം " വരുന്നതായിരിക്കും" എന്ന വാക്ക് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 1(2)-ൽ " പ്രാബല്യത്തിൽ" എന്ന വാക്കിന് പകരം " നിലവിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക: " (2) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്"

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് സംസ്ഥാന ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽവരുന്നതാണ്."

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 നവംബർ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 നവംബർ മാസം 15-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 ഡിസംബർ മാസം 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 ഡിസംബർ മാസം 2-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 ഡിസംബർ മാസം 3-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക;" ഇത് 2020 ഡിസംബർ മാസം 4-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക; " ഇത് 2020 ഡിസംബർ മാസം 7-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 103, 117, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 107, 111, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 108, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി മമ്മൂട്ടി അവതരിപ്പിച്ച 113, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 122, 124, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം

12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. കെ. യു. ജനീഷ് കുമാർ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. കെ. ജെ. മാക്സി
30. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി

36. ശ്രീ. എം. നൗഷാദ്

37. ശ്രീ. യു. ആർ. പ്രദീപ്

38. ശ്രീ. എ. പ്രദീപ്കുമാർ

39. ശ്രീ. വി. കെ. പ്രശാന്ത്

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ

45. ശ്രീ. എസ്. രാജേന്ദ്രൻ

46. ശ്രീ. ആർ. രാജേഷ്

47. ശ്രീ. റ്റി. വി. രാജേഷ്

48. ശ്രീ. കെ. രാജു

49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

53. പ്രൊഫ. സി. രവീന്ദ്രനാഥ്

54. ശ്രീ. സജി ചെറിയാൻ

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. എ. കെ. ശശീന്ദ്രൻ

57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. പി. കെ. ശശി

59. ശ്രീ. വി. ശശി

60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. പി. ഉണ്ണി
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. എം. സി. കമറുദ്ദീൻ
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീമതി ഷാനിമോൾ ഉസ്മാൻ
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. പി. ടി. തോമസ്
28. ശ്രീ. പി. ഉബൈദുള്ള
29. ശ്രീ. എം. ഉമ്മർ
30. ശ്രീ. എം. വിൻസെന്റ്
31. ശ്രീ. ടി. ജെ. വിനോദ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ അധികം സംസാരിക്കുന്നില്ല. ഈ ബില്ലിന്റെ സ്പിരിറ്റിനോട് പൂർണ്ണമായി ഭരണപക്ഷവും പ്രതിപക്ഷവും യോജിക്കുന്നുണ്ട്. രണ്ട് കാര്യങ്ങൾ പറയാനുണ്ട്, ഒന്ന്, ഈ ബിൽ വളരെ അശ്രദ്ധയോടുകൂടിയാണ് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. രണ്ട് രീതിയിലും ഡ്രാഫ്റ്റിംഗ് ശരിയായില്ല. സാധാരണഗതിയിൽ ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ അതിൽ കാണിക്കേണ്ട അവധാനത കാണിച്ചിട്ടില്ല. രണ്ട്, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പൊരു ചർച്ച അനിവാര്യമായിരുന്നു. ആ ചർച്ച നടന്നിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. പക്ഷേ, ബില്ലിന്റെ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. മൃതദേഹം അടക്കുകയെന്നത് ഏതൊരു സമൂഹത്തിന്റെയും അനിവാര്യതയാണ്. മാത്രവുമല്ല മൃതദേഹത്തോട് ബഹുമാനം കാണിക്കേണ്ടതുമാണ്. അതുകൊണ്ട് ഇതിൽ ആർക്കും എതിർപ്പില്ല. പക്ഷേ വിയോജനക്കുറിപ്പ് നൽകിയപ്പോൾ ആളുകൾ ധരിച്ചത് നമ്മൾ ഈ ബില്ലിനെ നിരാകരിക്കാൻ ആവശ്യപ്പെട്ടുവെന്നാണ്. അങ്ങനെയുള്ള പ്രചരണങ്ങളാണ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുന്നത്. കള്ളപ്രചരണങ്ങൾ നടക്കുകയാണ്. സഭാനടപടികളെക്കുറിച്ച് അറിവില്ലാത്ത ആളുകളാണ് സോഷ്യൽ മീഡിയയിലൂടെ ഇത് പ്രചരിപ്പിക്കുന്നതെന്നതാണ് വസ്തുത. ഇവിടെ ഒരു ചെറിയ ഉദാഹരണംകൂടി പറയാം. ഈ സഭയിൽ ശ്രീ. ഇ. പി. ജയരാജനോട് ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചത് വൈകുന്നേരം നാലര മണിക്കായിരുന്നു. പക്ഷേ മൂന്ന് മണിക്കുതന്നെ ഞാൻ ഈ ബില്ലിന് എതിരാണെന്നുപറഞ്ഞ് സോഷ്യൽ മീഡിയയിൽ പ്രചരണം നടത്തി.

നമ്മുടെ നാട്ടിലെ സോഷ്യൽ മീഡിയ എങ്ങനെ ദുരുപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിന് ശ്രേഷ്ഠമായ ഉദാഹരണമാണിത്. ഞാൻ ശ്രീ. ഇ. പി. ജയരാജനോട് ചോദ്യം ചോദിച്ചത് നാലരമണിക്ക്; പക്ഷേ സോഷ്യൽ മീഡിയയിൽ അത് വരുന്നത് മൂന്ന് മണിക്ക്. ഈ നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ഈ ബില്ലിനെ ഭരണകക്ഷിയും പ്രതിപക്ഷവും എതിർക്കുന്നില്ല. ശവം അടക്കുക എന്നുപറയുന്നത് മൗലികമായ ഒരാവശ്യമാണ്. മൃതദേഹം അടക്കുക യെന്നുള്ളത് ഒരു അനിവാര്യതയുമാണ്. ഇത്തരം കള്ള പ്രചരണങ്ങളാണ് നമ്മുടെ സമൂഹത്തിൽ നടക്കുന്നത്. ഞാനും ഡോ. എം. കെ. മുനീറും വിയോജനക്കുറിപ്പ് കൊടുക്കുമ്പോൾ പുറത്ത് വേറൊരു രീതിയിൽ, തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിലുള്ള പ്രചരണങ്ങൾ നടക്കുകയാണ്. ഈ ബില്ലിനോട് ആർക്കും എതിർപ്പില്ല. പക്ഷേ ഇതുമായി ബന്ധപ്പെട്ട് ചില ആശങ്കകൾ വന്നപ്പോൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. വലിയൊരു വിഭാഗത്തിനുള്ള ആശങ്ക ശ്രീ. ജെയിംസ് മാത്യു പറഞ്ഞതും ഞങ്ങൾ പറഞ്ഞതുമെല്ലാം ഒന്നുതന്നെയാണ്. ഗവൺമെന്റിപ്പോൾ അത് മനസ്സിലാക്കി സബ്ജക്ട് കമ്മിറ്റിയിൽപോയി മാറ്റി വന്നിട്ടുണ്ട്. ഞാൻ സൂചിപ്പിച്ചത്, സോഷ്യൽ മീഡിയയുടെ ദുരുപയോഗം എത്രമാത്രം ഉണ്ടെന്നുള്ളതിന്റെ ഒരു ശ്രേഷ്ഠമായ ഉദാഹരണമാണ് ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പുറത്ത് പറയുന്നത്. സഭാനടപടി ചട്ടങ്ങളെ സംബന്ധിച്ച് കാര്യമായ അറിവില്ലാത്ത ആളുകൾ രാഷ്ട്രീയ ദുരുദ്ദേശ്യത്തോടുകൂടി നടത്തുന്ന ഇത്തരം പ്രചരണങ്ങൾ അവസാനിപ്പിക്കണം, അത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പ്രതിപക്ഷം ഇറങ്ങിപ്പോയി എന്ന് കേൾക്കുമ്പോൾ അത് പൂർണ്ണമായും പോയി എന്ന് കരുതുന്ന ആളുകളുമുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതെ, നമ്മൾ വാക്കൗട്ട് പ്രസംഗം നടത്തി വാക്കൗട്ട് ചെയ്താൽ, അറിയാൻ പാടില്ലാത്ത നാട്ടുകാർ ധരിക്കുന്നത് ഞങ്ങളെപ്പോഴും ഇറങ്ങിപ്പോകുകയാണെന്നും പിന്നീട് തിരിച്ച് വരുന്നില്ലായെന്നുമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. സോഷ്യൽ മീഡിയ എന്തെല്ലാം വാർത്തകളാണ് പ്രചരിപ്പിക്കുന്നത്? യഥാർത്ഥത്തിൽ അതീവ ഗൗരവത്തിൽ ആലോചിക്കേണ്ട വിഷയം തന്നെയാണ്. നമ്മുടെ നാട്ടിൽ ഒട്ടനവധി പ്രശ്നങ്ങളുണ്ടാക്കാനും ഇന്ന് നാട്ടിൽ നിലനിൽക്കുന്ന സൗഹാർദ്ദങ്ങളെപ്പോലും തകർക്കാനും ഇടയാകത്തക്കനിലയിലുള്ള വാർത്തകൾ പ്രചരിപ്പിക്കുന്ന ഒരു രംഗമായി മാറിയിട്ടുണ്ട്. തീർച്ചയായും ഇത് ഗൗരവത്തിൽ

ആലോചിക്കേണ്ട വിഷയം തന്നെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് ഞങ്ങളെല്ലാവരും യോജിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സഭാ തർക്കവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ രൂപീകരിച്ച ഉപസമിതിയിലെ അംഗമാണ് ഞാൻ. രണ്ട് വിഭാഗത്തോടും വളരെ മാന്യമായി നല്ലരീതിയിലുള്ള ബന്ധം സ്ഥാപിച്ചുപോന്ന ഒരാളുമാണ്. പക്ഷേ ഇപ്പോൾ ഞങ്ങളുടെ വിയോജനകുറിപ്പുവച്ച് ആഘോഷിക്കുകയാണ്. ശരിക്കും പൊങ്കാലയാണ് ഞങ്ങൾക്കെതിരെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മൾ പറയുന്ന ഓരോ വാക്കും ദുർവ്യാഖ്യാനം ചെയ്യാൻ സാധ്യതയുള്ളതുകൊണ്ട് കഴിയുന്നത്ര ഒന്നും പറയാതിരിക്കുക എന്നുള്ളതാണ്.

ഈ ബില്ലിന്റെ സ്പിരിറ്റിനോട് ഞങ്ങൾ യോജിക്കുന്നു. സബ്ജക്ട് കമ്മിറ്റിയിൽ നമ്മളായിട്ടല്ല, അതിന്റെ ചെയർമാൻ എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് ഇക്കാര്യങ്ങളൊക്കെ അംഗീകരിച്ച് ഭേദഗതികളുമായി ഇവിടെ വന്നിട്ടുള്ളത്. അതിനോട് ഞങ്ങൾ യോജിക്കുന്നുവെന്നുള്ളതല്ലാതെ ഇതിന് വേറെ ഒരർത്ഥവുമില്ല. ഇവിടെ പറഞ്ഞതുപോലെ മൃതദേഹത്തെ മാനിക്കുക എന്ന കാര്യത്തിൽ ആർക്കാണ് എതിർപ്പുള്ളത്? നിയമസഭയിൽ നമ്മുടെ അഭിപ്രായം പ്രകടിപ്പിക്കാൻപോലും കഴിയാത്ത ഒരവസ്ഥയിലേയ്ക്ക് സോഷ്യൽ മീഡിയകൾ മാറുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർകൂടി ഒരു അഭിപ്രായ പ്രകടനം നടത്തണം. പ്രത്യേകിച്ച് മതവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ സോഷ്യൽ മീഡിയകൾ രാഷ്ട്രീയമായിട്ടുള്ള ദുരുദ്ദേശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത് എത്രമാത്രം അപകടകരമാണ്. ഓരോ ആളുകളുടെയും വ്യത്യസ്ത മതങ്ങളാകുമ്പോൾ ആ മതത്തിൽക്കയറി ഞങ്ങൾ ഇടപെടുന്നുവെന്നുള്ള രീതിയിൽവരെ വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്. ഞങ്ങൾ എല്ലാ മതങ്ങളെയും ബഹുമാനിക്കുന്ന ആൾക്കാരാണ്. ആ രീതിയിലുള്ള ഒരു സെൻസ് ഇന്നത്തെ മെസ്സേജിലെങ്കിലും പോകട്ടെ എന്നുള്ളതാണ് ഞങ്ങളുടെ ഇന്നത്തെ വിയോജനക്കുറിപ്പിലൂടെ പറയാൻ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: നവമാധ്യമങ്ങളുടെ ഒരു കാലം വല്ലാതെ തുറന്ന, സുതാര്യമായ ഒരു ലോകത്ത് എത്തിയിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഗുണവും ദോഷവുമുണ്ട്. മാധ്യമങ്ങൾക്ക് വാർത്തകളൊന്നും തമസ്കരിക്കാൻ കഴിയാത്ത ഒരു സാഹചര്യവും നവമാധ്യമങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അല്പം പക്വതയോടുകൂടി കൈകാര്യം ചെയ്യേണ്ട മേഖലയാണിതെന്നുള്ളത് ശരിയാണ്. നവമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതിന് ശക്തമായ എതിർവചനങ്ങൾ കൊണ്ടുവരാൻ ഓരോരുത്തരും സ്വയം തയ്യാറാകുകയെന്നുള്ളത് ആവശ്യമായ കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ രാജ്യത്തിനും ഒട്ടാകെ ലോകത്തിനും വഴികാട്ടുന്ന ഒരു നാടാണ് കേരളം. ആ കേരളത്തിൽ ഇങ്ങനെയൊരു നിയമനിർമ്മാണം അനിവാര്യമായി വന്ന സാഹചര്യം സംജാതമാകാൻ പാടില്ലാത്തതായിരുന്നു. നിർഭാഗ്യകരമായ ഒരവസ്ഥയാണ് ഈ നിയമനിർമ്മാണം അനിവാര്യമാക്കിത്തീർത്തിട്ടുള്ളത്. ഇവിടെ ഇതുസംബന്ധിച്ച് മുമ്പ് ചർച്ച നടന്നിട്ടുള്ളതുകൊണ്ടും ഇന്ന് അങ്ങനെ ദീർഘമായ ചർച്ചകളൊന്നും നടക്കാത്തതുകൊണ്ടും ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മലങ്കര സഭയിലെ തർക്കം, സെമിത്തേരികളിൽ മാന്യമായും യഥാസമയത്തും മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നത് സംബന്ധിച്ച് നല്ലതുപോലെ വാർത്തകൾ വന്നിട്ടുണ്ട്. ഇതിനോടകം 111 സംഭവങ്ങൾ ഇത്തരം തർക്കത്തെത്തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉയർന്നുവന്നത് എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. മൃതദേഹങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച് തർക്കങ്ങളുണ്ടാകുന്നത് നിർഭാഗ്യകരമാണ്. നമ്മളെല്ലാവരും ഒരിക്കൽ മരിക്കേണ്ടവരാണ്. വൈദ്യശാസ്ത്ര രംഗത്ത് വിസ്മയകരമായ കണ്ടുപിടിത്തങ്ങളൊന്നും മരണത്തെ മറികടക്കാൻ പര്യാപ്തമായിട്ടില്ല. മനുഷ്യരുടെ ജീവിതംതന്നെ മരണത്തിലേയ്ക്കുള്ള ഒരു യാത്രയാണെന്ന് Nikos Kazantzakis ഒരിക്കൽ നിരീക്ഷിച്ചിട്ടുണ്ട്. നാളെ ഏതോ ഒരു നിമിഷാർദ്ധത്തിൽ മരിച്ചുപോകേണ്ടവരാണ് സകല മനുഷ്യരും. അങ്ങനെ മരിക്കുന്ന സമയത്ത് മാന്യമായ സംസ്കാരം എല്ലാവരുടെയും അവകാശമാണ്. അത് ചോദ്യം ചെയ്യപ്പെടുന്നത് ജീവിച്ചിരിക്കുന്നവരുടെയും അന്തസ്സിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. മലങ്കര സഭയിലെ തർക്കത്തിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഇപ്പോൾ ഞാൻ കടക്കുന്നില്ല. നമുക്കറിയാം, എല്ലാ സാമുദായിക സംഘടനകളിലും മതങ്ങളിലുമൊക്കെ ഉണ്ടായിട്ടുള്ള പിളർപ്പുകൾ അധികാരത്തിന്റെയും പണത്തിന്റെയും പേരിലാണ്. യഥാർത്ഥത്തിൽ പണം, സമ്പത്ത്, അധികാരം തുടങ്ങിയവ സംബന്ധിച്ച ആകുലതകളല്ല ക്രൈസ്തവ ദർശനങ്ങളെ നയിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിലെ പത്താം അദ്ധ്യായത്തിൽ പറയുന്ന ഒരു ഭാഗം, 'നിങ്ങൾ പൊന്നും വെള്ളിയും സമ്പാദിക്കരുത്. നിങ്ങളുടെ മടിശ്ശീലകളിൽ നാണയങ്ങളും വേണ്ട. വഴിയാത്രയ്ക്കായി ഭാണ്ഡമോ രണ്ട് കുപ്പായമോ ചെരുപ്പുകളോ വടിയോ എടുക്കേണ്ടതില്ല. എന്തെന്നാൽ വേലക്കാരൻ അവന്റെ ഭക്ഷണത്തിന് അർഹതയുള്ളവനത്രേ' എന്നാണ്. ഒരിക്കൽ ഇത്തരത്തിലുള്ള ഭൗതികമായ

സമ്പത്തുകളെച്ചൊല്ലിയുള്ള ആകുലതകളിൽനിന്ന് എല്ലാ വിശ്വാസ സമൂഹങ്ങളും വിമോചിതരാകുമെന്ന് നമുക്ക് ന്യായമായും ശക്തമായും ആഗ്രഹിക്കാം. മനുഷ്യസ്നേഹത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണ് ബൈബിൾ വരച്ചുകാട്ടുന്നത്. മത്തായിയുടെ സുവിശേഷത്തിലെ അഞ്ചാം അദ്ധ്യായത്തിൽ പരാമർശിക്കുന്നൊരു ഭാഗം 'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങളും സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് പ്രതിഫലമാണുള്ളത്' എന്നാണ്. അതോടൊപ്പം പറയുന്ന 'ഞാനോ നിങ്ങളോട് പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കണം. നിങ്ങളെ വെറുക്കുന്നവർക്ക് നിങ്ങൾ നന്മ ചെയ്യണം' വളരെ മഹത്തായൊരു കാഴ്ചപ്പാടാണത്. സ്നേഹിക്കുന്നവരെ തിരിച്ചും സ്നേഹിക്കുകയെന്നതല്ല, എതിർക്കുന്നവരെയും ശത്രുതയുള്ളവരെയുംപോലും ചേർത്തുപിടിക്കണമെന്ന ഒരു മഹത്തായ ദർശനത്തെയാണ് മുൻനിർത്തുന്നത്. സ്വാഭാവികമായും ആ ഒരു കാഴ്ചപ്പാടിന് യോജിക്കുന്ന സാഹചര്യമല്ല ഈ തർക്കങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്നത്. അതിലൊരു വേർപിരിയലിന്റെ അകൽച്ച പ്രകടമായി നിൽക്കുകയാണ്. വൈലോപ്പിള്ളി 'യുഗപരിവർത്തനം' എന്ന കവിതയിൽ എഴുതിയിട്ടുണ്ട്,

'മുമ്പു നാം സ്നേഹിച്ചവ-
രകന്നോ, മൃതിപ്പെട്ടോ,
വൻപകയോടെ ചേരി
മാറിയോ പൊയ്പോകുന്നു
ക്ഷുബ്ധമായ്, കലുഷമായ്
പ്രവഹിക്കുന്നു കാലം'

എന്നാണ്. അങ്ങനെ വൻ പകയോടെ ചേരിമാറി നിൽക്കുന്ന ആളുകളുടെ ഒരിക്കലും യോജിക്കാത്ത ഒരു തർക്കമെന്ന നിലയിൽ ഇത് രൂപപ്പെട്ടുവരികയാണ്. അതുകൊണ്ടുണ്ടായിട്ടുള്ള സാഹചര്യം, മരിച്ചുകഴിഞ്ഞ് മാന്യമായ സംസ്കാരം അസാധ്യമാകുന്നു, മൃതദേഹത്തിന്റെ മാന്യത ചോദ്യം ചെയ്യപ്പെടുന്നു. മൃതദേഹത്തെ ആദരവോടെ കാണണമെന്നും ഏറ്റവും മാന്യമായ രീതിയിൽ അത് സംസ്കരിക്കണമെന്നുമുള്ള നമ്മുടെ പൊതുവായ ഒരു ബോധത്തെത്തന്നെ വെല്ലുവിളിക്കുന്ന അവസ്ഥയുണ്ടാകുന്നു. പൂർവ്വികരുടെ മൃതദേഹങ്ങൾ സംസ്കരിച്ച കല്ലറകളിൽത്തന്നെ മറ്റ് കുടുംബാംഗങ്ങളും മരണപ്പെടുമ്പോൾ മൃതദേഹം സംസ്കരിക്കാൻ കഴിയാത്തൊരു സാഹചര്യം അങ്ങേയറ്റം നിർഭാഗ്യകരവും ദുഃഖകരവുമാണ്. ആ സാഹചര്യം മറികടക്കുന്നതിനുവേണ്ടിയാണ് ഈ നിയമം

ഇവിടെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൽ സംസ്കാര ശുശ്രൂഷകൾ ഇടവക പള്ളിയിലോ സെമിത്തേരിയിലോ ആകണമെന്നില്ലെന്നും ഏത് സ്ഥലത്തുവച്ചും ആകാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നത് സംഘർഷ സാധ്യത കുറയ്ക്കും. ആ വ്യവസ്ഥ സങ്കീർണ്ണമെന്ന പ്രതീതി ജനിപ്പിക്കുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ളത് ലളിതവത്കരിക്കുന്നത് ആശയക്കുഴപ്പം ഒഴിവാക്കാൻ സഹായിക്കും. സെക്ഷൻ 3-ന്റെ 2-ാം ഉപവകുപ്പിൽ നൽകിയിരിക്കുന്ന വിശദീകരണം കൃത്യതയില്ലാത്തതാണെന്ന് തോന്നിപ്പിക്കുന്നതിനാൽ അത് കോടതി ഉത്തരവിലേതുപോലെ തന്നെയാക്കുന്നതാണ് ഉചിതമെന്ന് എനിക്ക് തോന്നുന്നു. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതുസംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തുനിന്ന് പുറത്തുവരുന്ന വാർത്തകൾ പൊതുവായിത്തന്നെ അങ്ങേയറ്റം നിർഭാഗ്യകരവും ദുഃഖകരവുമാണ്. ആ സാഹചര്യമില്ലാതാക്കാനും സാഹോദര്യത്തോടെ ഇത്തരം വിഷയങ്ങളെ സമീപിക്കാനും ഈ നിയമം സഹായകരമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ലാസ്റ്റ് ബാറ്റ്സ്മാനാണ്. ലാസ്റ്റ് ബാറ്റ്സ്മാൻ കൂടുതൽ സമയം ക്രീസിൽ നിൽക്കാറില്ല. മാത്രമല്ല ബഹുമാനപ്പെട്ട സ്പീക്കറുടെ മനോഗതിയും ഞാൻ മനസ്സിലാക്കുന്നു. പ്രതിപക്ഷ നേതാവിന്റെയും പ്രതിപക്ഷ ഉപനേതാവിന്റെയും വാക്കുകൾ കേട്ടപ്പോൾ എനിക്കും ആശങ്കയുണ്ടായി. അതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഭാരതീയ വിചാര കേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ ഓർമ്മയായിരിക്കുകയാണ്. അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാൻ പോയ ആളുകളുടെ ഫോട്ടോയാണ് ഈ പത്രത്തിലുള്ളത്. (പത്രം ഉയർത്തിക്കാട്ടി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുൻ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ ഉൾപ്പെടെ എല്ലാവരും അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാൻ പോയി. അഗാധമായ പാണ്ഡിത്യത്തോടെ ഋഷിതുല്യമായ ജീവിതം നയിച്ച പി. പരമേശ്വരന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നുവെന്ന് മുഖ്യമന്ത്രി അനുശോചന കുറിപ്പ് എഴുതുകയും ചെയ്തു. ഇതൊക്കെ ഭാരതീയ വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത്. ഒരാളോടുള്ള

നമ്മുടെ പിണക്കവും ദേഷ്യവുമെല്ലാം അയാളുടെ മരണത്തോടെ അവസാനിക്കുകയാണ് എന്നതാണ് ഭാരതീയ വിശ്വാസം. മൃതദേഹത്തോട് നമുക്ക് ബഹുമാനം കാട്ടാൻ സാധിക്കണം. അതുതന്നെയാണ് എല്ലാ മതങ്ങളും നമ്മളെ പഠിപ്പിക്കുന്നത്. ഇസ്ലാംമത പ്രവാചകനായ മുഹമ്മദ് നബി ജീവിച്ചിരുന്ന കാലത്ത്, അദ്ദേഹവും അനുചരൻമാരും ഒരു സ്ഥലത്തിരിക്കുമ്പോൾ ഒരു മൃതദേഹം കൊണ്ടുവരുന്നത് കണ്ട് അദ്ദേഹം എഴുന്നേറ്റ് നിന്നു. അനുചരൻമാർ ചോദിച്ചു, മുഹമ്മദ് നബി എന്തിനാണ് എഴുന്നേറ്റ് നിൽക്കുന്നത്, അത് നമ്മുടെ കൂട്ടത്തിൽപ്പെട്ട ഒരാളുടെ മൃതദേഹമല്ലല്ലോ എന്ന്. അപ്പോൾ മുഹമ്മദ് നബി പറഞ്ഞത് ആരുടെ മൃതദേഹമായാലും അതൊരു മനുഷ്യന്റേതാണെന്നാണ്. അതുകൊണ്ട് നമ്മൾ ബഹുമാനിക്കണം. മൃതദേഹത്തോട് നമ്മൾ എല്ലാവരും ആദരവ് കാണിക്കണം. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് പറയാനുള്ളതും അതുതന്നെയാണ്. മൃതദേഹം മറവ് ചെയ്യാൻ സാധിക്കാതെ വരുമ്പോൾ മരണപ്പെട്ട ആളുകളുടെ കുടുംബാംഗങ്ങൾക്കും സ്നേഹിതൻമാർക്കും നാട്ടുകാർക്കുമുണ്ടാകുന്ന വിഷമം നമ്മൾ മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്കുകൾ ഞാൻ കടമെടുക്കുകയാണ്. രണ്ട് സഭകൾ തമ്മിലുള്ള പ്രശ്നം പരിഹരിക്കാൻ കേരളത്തിലെ മുഴുവൻ ക്രിസ്ത്യൻ സമൂഹത്തെയും ബാധിക്കുന്ന നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്. ഇതര ക്രൈസ്തവ വിഭാഗങ്ങൾക്ക് ബിൽ ബാധകമല്ലെന്ന് ബില്ലിൽ ഉറപ്പാക്കണമെന്നാണ് പ്രിയപ്പെട്ട അംഗം എസ്. ശർമ്മ പറഞ്ഞത്. അക്കാര്യം ഈ ബില്ലിൽ ഉറപ്പാക്കിയിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. മാത്രമല്ല, ക്രിസ്ത്യൻ സമുദായത്തിലെ രണ്ട് വിഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരു നിയമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഏത് സമുദായമായാലും ആ സമുദായത്തിൽ ചില അവാന്തര വിഭാഗങ്ങളുണ്ടാകും. ഇങ്ങനെ ഓരോ കാര്യങ്ങൾക്കും നിയമം കൊണ്ടുവരികയാണെങ്കിൽ ഇനിയും അനേകം നിയമങ്ങൾ നമുക്ക് കൊണ്ടുവരേണ്ടിവരില്ലേയെന്ന ആശങ്ക ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. ഒരു നിയമമായി കൊണ്ടുവരാതെ നമുക്ക് സമവായത്തിലൂടെ പരിഹരിക്കാൻ സാധിക്കുന്ന പ്രശ്നമാണിതെന്ന അഭിപ്രായമാണ് എനിക്ക് ഇപ്പോഴുമുള്ളത്. ഞാൻ ഇത് പറയാൻ കാരണം, എന്റെ ജില്ലയിലെ നീലേശ്വരത്ത് ലത്തീൻ പള്ളിയുടെ സെമിത്തേരിയുണ്ട്. സുറിയാനി പള്ളിക്കാരും പ്രസ്തുത സെമിത്തേരി പങ്കിടുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ ബദിയടുക്കയിലെ ബേള ചർച്ച് ലത്തീൻ വിഭാഗത്തിന്റേതാണ്. അവിടത്തെ സെമിത്തേരിയിൽ സുറിയാനി പള്ളിക്ക് പത്ത് സെന്റ് ഭൂമി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മണ്ഡലമായ കാഞ്ഞങ്ങാട്, ലത്തീൻ പള്ളിക്കാരുടെ സെമിത്തേരി സുറിയാനി പള്ളിക്കാരും

പങ്കിടുന്നുണ്ട്. സമവായത്തിലൂടെയാണ് ഇത്തരം നിലപാടുകളിൽ നമുക്ക് എത്തിച്ചേരാൻ സാധിച്ചത്. ഈ വിഷയത്തിലും ഒരു സമവായത്തിൽ എത്തിച്ചേരാൻ നമുക്ക് സാധിക്കുമായിരുന്നില്ലേയെന്നുള്ള സംശയം ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ളവർ ഇവിടെ സൂചിപ്പിച്ചതുപോലെ നിരന്തരമായ ചർച്ചകളിലൂടെയും പരിശ്രമങ്ങളിലൂടെയും നമുക്കിത് പരിഹരിക്കാൻ സാധിക്കുമായിരുന്നു. അത്തരമൊരു നിലപാടായിരുന്നു സർക്കാർ സ്വീകരിക്കേണ്ടിയിരുന്നത് എന്നാണ് ഇക്കാര്യത്തിൽ ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാവരും ഈ ബില്ലിനെ സ്വാഗതം ചെയ്ത് സംസാരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. പലരും ഇതിനെ സംബന്ധിച്ച് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. മൃതദേഹം അടക്കം ചെയ്യുകയെന്നുള്ളത് എല്ലാവരുടെയും അവകാശമാണ്. നിലവിലെ സഭാ തർക്കത്തിന്റെ പശ്ചാത്തലത്തിൽ അതിനായി ഒരു നിയമനിർമ്മാണം ആവശ്യമാണ്. അതിനെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. കട്ടച്ചിറ പള്ളിയിലുണ്ടായ വിഷയം നമുക്കെല്ലാവർക്കും അറിയാം. അവിടെ ആഴ്ചകളോളം മൃതശരീരം അടക്കം ചെയ്യാതെ വന്നപ്പോൾ തിരുമേനിമാരടക്കമുള്ളവർ സെക്രട്ടേറിയറ്റ് പടിക്കൽ സമരം ചെയ്യുകയും ഞങ്ങളെല്ലാവരും ആ സമരത്തിൽ പങ്കെടുക്കുകയും ചെയ്തു. ബിൽ ആദ്യം വന്ന ഘട്ടത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ഇൻകോർപ്പറേറ്റ് ചെയ്തുകൊണ്ട് ബില്ലിൽ മാറ്റം വരുത്തിയെന്ന കാര്യത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, അതിനെ സ്വാഗതം ചെയ്യുന്നു. ഇതിനകത്ത് ഉൾപ്പെടാതെപോയ ഒരു കാര്യമുണ്ട്. അക്കാര്യം കഴിഞ്ഞ സഭയിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഇടവക മാറിപ്പോകുന്ന ഒരാൾക്ക് അവരുടെ ഇതേ അവകാശം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രൊവിഷൻ ഈ ബില്ലിൽ ഇല്ലെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഉദാഹരണത്തിന്, തിരുവനന്തപുരത്തെ ഒരു പള്ളിയിൽ അംഗമായിരുന്ന ഒരാളുടെ പൂർവ്വികരെയെല്ലാം അടക്കം ചെയ്തിരിക്കുന്നത് തിരുവനന്തപുരത്തെ പള്ളിയിൽ തന്നെയാണ്. ഇയാൾ പത്ത് വർഷങ്ങൾക്കുമുമ്പ് എറണാകുളത്തേയ്ക്ക് താമസം മാറി, അവിടത്തെ ഒരു ഇടവകയിൽ അംഗവുമായി. എങ്കിൽ ഇപ്പോഴത്തെ ബില്ലിന്റെ അടിസ്ഥാനത്തിൽ ഇയാളുടെ പൂർവ്വികരെ അടക്കം ചെയ്ത പള്ളിയിലെ സെമിത്തേരിയിലാണ് ഇയാളുടെ മൃതശരീരവും അടക്കം ചെയ്യാനുള്ള പരിരക്ഷ കൊടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്ന് കരുതുന്നു. ഇടവക മാറിപ്പോകുന്ന ആളുകൾക്ക് നിലവിലെ ഇടവകകളിൽ അവരുടെ

മൃതശരീരം അടക്കം ചെയ്യുന്നതിനുള്ള അവകാശംകൂടി സംരക്ഷിക്കപ്പെടണമെന്നുള്ളതാണ് എനിക്ക് ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാനുള്ളത്. ആ അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ സൂചിപ്പിക്കാൻ ഉദ്ദേശിച്ചകാര്യമാണിത്. എന്റെ പ്രസംഗം ഉപസംഹരിക്കുന്നതിന് മുമ്പാണ് അങ്ങ് ഇടപെട്ടത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് എനിക്ക് കൂടുതൽ അറിവില്ലെങ്കിലും എന്റെ സംശയം ഒരിടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുമോ എന്നതാണ്. മാത്രമല്ല വികാരി ഇത് എങ്ങനെയാണ് തീരുമാനിക്കുന്നത്, മതംമാറി വന്ന വിശ്വാസികളുടെ കാര്യത്തിൽ എന്താണ് ചെയ്യുക എന്നീ സംശയങ്ങൾകൂടി ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. പിന്നെയുള്ളത്, ക്രിസ്ത്യൻ സമുദായത്തിലെ രണ്ട് വിഭാഗങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമം നിയമപരമായി നിലനിൽക്കുമോ; അങ്ങനെ നിയമം നിർമ്മിക്കാൻ നമുക്ക് അധികാരമുണ്ടോ? ഈ സംശയ നിവാരണംകൂടി ബഹുമാനപ്പെട്ട മന്ത്രി നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാനെന്റെ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിലാണ് ഈ ബില്ലുള്ളത്. ഈ ബിൽ പൈലറ്റ് ചെയ്യുന്നതും ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ തന്നെയാണ്. അദ്ദേഹം അൽപ്പസമയം മുമ്പുവരെ സഭയിലുണ്ടായിരുന്നു. ഈ ബിൽ അവതരിപ്പിച്ചപ്പോഴും ഇപ്പോഴും അദ്ദേഹത്തെ സഭയിൽ കാണുന്നില്ല, ഇത് ഓർഡറിലാണോ, അതോ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡോ. എം. കെ. മുനീറും പറഞ്ഞതുപോലെ അദ്ദേഹത്തിനും ഇതിൽ ചെറിയ ഭയമുണ്ടോ?

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കാനും പൈലറ്റ് ചെയ്യാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മന്ത്രിസഭയിലെ ഒരാളെ ചുമതലപ്പെടുത്താമെന്ന് ചട്ടത്തിൽ കൃത്യമായി പറയുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, Any Minister എന്ന് ചട്ടത്തിൽ പറയുന്നുണ്ട്. ഡോ. കെ. ടി. ജലീൽ നിയോഗിച്ചതിന്റെ ഭാഗമായി ഇവിടെ ഞാൻ തന്നെ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. അത് അങ്ങനെതന്നെയാണ് വരിക, അതിന് പ്രശ്നമില്ല, ചട്ടവിരുദ്ധവുമല്ല. ഈ

ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ലഭിച്ച ധാരാളം അഭിപ്രായങ്ങളും ആശങ്കകളും പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി ഭേദഗതികളോടുകൂടി ഈ ബിൽ അവതരിപ്പിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ചർച്ചയിൽ പ്രതിപക്ഷം ഉന്നയിച്ച ആശങ്കകളെല്ലാം പരിഹരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. ആ സമയത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു വിയോജനക്കുറിപ്പെഴുതി. അതിന്റെ ആവശ്യമുണ്ടോയെന്ന് അപ്പോൾത്തന്നെ ഞാൻ ചോദിച്ചിരുന്നു. തെറ്റായ സന്ദേശമാണ് ലഭിക്കുക എന്നുള്ളതുകൊണ്ടുതന്നെയാണ് ചോദിച്ചത്. എന്നാലും സംസാരിക്കാനുള്ള അവസരം ലഭിക്കുമല്ലോ, അതുകൊണ്ട് വിയോജനക്കുറിപ്പ് ആയിക്കോട്ടെ എന്നുപറഞ്ഞു. വിയോജനക്കുറിപ്പിനകത്ത് തെറ്റായിട്ടുള്ള കാര്യങ്ങളൊന്നും സൂചിപ്പിച്ചിട്ടില്ല, ന്യായമായിട്ടുള്ള ചില ആശങ്കകൾ വീണ്ടും എടുത്തുപറഞ്ഞുവെന്ന് മാത്രം. ഡോ. എം. കെ. മുനീറും ശ്രീ. രമേശ് ചെന്നിത്തലയും നൽകിയ വിയോജനക്കുറിപ്പിന്റെ ഉള്ളടക്കമിതാണ്. ഒരു തെറ്റായ ധാരണ ഉണ്ടാകേണ്ടെന്നുള്ളതുകൊണ്ടാണ് ഞാനിത് വായിക്കുന്നത്. '2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിൽ വിശദമായ ചർച്ച നടത്തേണ്ടതായിരുന്നു. ഈ നിയമം മറ്റ് ക്രൈസ്തവ വിഭാഗങ്ങളിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥ അവർക്കുകൂടി ബാധകമാകുന്നതുമൂലം അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംബന്ധിച്ച തർക്കങ്ങളും പുതിയ പ്രശ്നങ്ങളുമുണ്ടാകാൻ ഇടയായതായും മറ്റ് ക്രൈസ്തവ സഭകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം ആശങ്കകൾ ദൂരീകരിക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ വ്യക്തത നിയമത്തിലുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ ബില്ലിൽ ആവശ്യമായ വ്യക്തത വരുത്തേണ്ടതുണ്ട്.' ഇതാണ് വിയോജനക്കുറിപ്പിന്റെ ചുരുക്കം. അതനുസരിച്ച് ഇവിടെ സംസാരിക്കുന്നതിനൊന്നും യാതൊരു ബുദ്ധിമുട്ടുമില്ല. ഏതെങ്കിലുമൊരു ഭാഗത്തുനിന്ന് എന്തോ ആശങ്ക വന്നു അല്ലെങ്കിൽ തെറ്റായിട്ടുള്ളൊരു പ്രചരണം സോഷ്യൽ മീഡിയയിൽ വന്നുവെന്നുള്ളതുകൊണ്ട് പറയേണ്ട കാര്യങ്ങൾ പറയുന്നതിന് യാതൊരു ബുദ്ധിമുട്ടും ആർക്കുമുണ്ടാകില്ല, നമ്മുടെ സഭ അതിനുവേണ്ടിയുള്ളതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ രണ്ട് പ്രധാനപ്പെട്ട ഭാഗങ്ങളാണ് ഇവിടെ സൂചിപ്പിച്ചതെന്നുള്ളതുകൊണ്ടും ഇതേ ആശങ്കകൾതന്നെ ഇവിടെ ചില ക്രിസ്തീയ സഭകളുടെ ഉത്തരവാദപ്പെട്ട ആൾക്കാർ എഴുതിത്തന്നു എന്നുള്ളതുകൊണ്ടും ചില വ്യക്തതകൾ വരുത്താൻ ഗവൺമെന്റ് നിർബന്ധിക്കപ്പെടുകയാണ്. ഈ ബിൽ സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ്

-പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിൽ വിശദമായ ചർച്ച നടത്തേണ്ടതായിരുന്നു എന്നുള്ളതാണ് ഇതിലെ പ്രധാനപ്പെട്ട വാദം. ഇപ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്, ബില്ലിന്റെതന്നെ ആവശ്യമില്ല, ചർച്ച നടത്തി പരിഹരിക്കാൻ സാധിക്കുമായിരുന്നുവെന്നാണ്. എന്തായിരുന്നു ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കുശേഷം ഇവിടെയുണ്ടായിട്ടുള്ള സംഭവങ്ങൾ എന്നുള്ളത് എല്ലാവർക്കുമറിയാം. മൃതദേഹം അടക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇരുവിഭാഗങ്ങളും തമ്മിലുണ്ടായിട്ടുള്ള തർക്കം പരിഹരിക്കുന്നതിലും ചർച്ചചെയ്യുന്നതിലും കാബിനറ്റിന്റെതന്നെ ഒരു കമ്മിറ്റി വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ നേതൃത്വത്തിൽ ഗവൺമെന്റ് രൂപീകരിച്ചിരുന്നു. അതിന്റെ ഭാഗമായി നിരവധി ചർച്ചകൾ നടത്തി. അതുകൊണ്ട് ഒരു ഗുണവുമുണ്ടായിട്ടില്ല. ഒരു വിഭാഗം ആദ്യത്തെ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുകയാണ് ചെയ്തത്. പിന്നീട് പ്രശ്നങ്ങളുണ്ടാകുന്ന ജില്ലയിലെ ബന്ധപ്പെട്ട കളക്ടർമാരുടെ നേതൃത്വത്തിൽ നിരവധി തവണ അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സമാധാനപരമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. മന്ത്രിസഭ ഉപസമിതി രൂപീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം തേടാൻ ശ്രമം നടത്തുന്ന ഘട്ടത്തിൽ ചില അനിഷ്ട സംഭവങ്ങൾ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നമുക്ക് കാണാൻ കഴിഞ്ഞു. തങ്ങളുടെ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യാൻ ബന്ധപ്പെട്ട സഭകൾ തയ്യാറാകാത്ത സാഹചര്യമുണ്ടായി. അതുകൊണ്ടുതന്നെ ചർച്ചകൾകൊണ്ട് കാര്യമായിട്ടുള്ള പ്രയോജനം ഒരു രൂപത്തിലും കാണാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ പ്രശ്നം തുടർന്നും നിലനിൽക്കുന്നപക്ഷം ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുമെന്നുള്ളത് ചില സംഭവങ്ങൾ തെളിയിച്ചു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ഗവൺമെന്റല്ലായിരുന്നുവെങ്കിൽ യാതൊരു സംശയവും വേണ്ട, അനിഷ്ട സംഭവങ്ങളുണ്ടാകുമായിരുന്നു. അത്തരം അനിഷ്ട സംഭവങ്ങൾ ഇനിയുണ്ടാകാതിരിക്കണമെങ്കിൽ ഒരു നിയമനിർമ്മാണത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ ഒരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് നിർബന്ധിക്കപ്പെട്ടത്. ചർച്ച നടത്താത്തതിന്റെ പ്രശ്നമല്ല, ഫലപ്രദമായിട്ടുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ആൾക്കാരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ചർച്ച നടത്തിയിട്ടുണ്ട്. ശ്രീ. ഇ. പി. ജയരാജനും ബന്ധപ്പെട്ട കളക്ടർമാരും പോലീസ് സൂപ്രണ്ടും ചർച്ച നടത്തിയിട്ടുണ്ട്, ചർച്ച നടത്താത്ത പ്രശ്നമൊന്നുമല്ല. ഒരു ശവശരീരം അനാഥാവസ്ഥയിൽ എത്തിയതിന്റെ ഭാഗമായി നമ്മുടെ കേരളം കണ്ട ഒരു വല്ലാത്ത സ്ഥിതി ഇനിയുണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് ബില്ലിന്റെ ഭാഗമായി ഇക്കാര്യം എടുത്തുപറയാൻ കാരണം. ഈ

ആശയത്തിൽത്തന്നെയാണ് വിയോജനക്കുറിപ്പിന്റെയും ഭാഗങ്ങളെന്നുള്ളതുകൊണ്ടാണ് വിയോജനക്കുറിപ്പിൽ പറഞ്ഞ ഈ കാര്യത്തിന് ഇപ്പോൾ ഒരു പ്രസക്തിയുമില്ലെന്ന് പറയാൻ നിർബന്ധിക്കപ്പെട്ടത്. രണ്ടാമത്തെ കാര്യം, മറ്റ് ക്രൈസ്തവ വിഭാഗങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംബന്ധിച്ച് പുതിയ പ്രശ്നങ്ങളും തർക്കങ്ങളുമുണ്ടാകാനിടയുണ്ടെന്നുള്ളതാണ്. അതുകൊണ്ടുതന്നെയാണ് ആവശ്യമായ മാറ്റം അനിവാര്യമാണെന്ന് പറഞ്ഞത്. ഈ ബിൽ തയ്യാറാക്കുന്ന സമയത്ത് മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങളെയൊന്നും ബാധിക്കില്ലെന്ന് ഉറപ്പുനൽകിയിട്ടുള്ളതാണ്. മലങ്കര ഓർത്തഡോക്സ്- പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്നാണ് ഈ ബിൽ കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ ബന്ധപ്പെട്ട വിഭാഗങ്ങൾ മാത്രമേ യഥാർത്ഥത്തിൽ ഈ ബില്ലിന്റെ പരിധിയിൽ വരികയുള്ളൂ, വേറൊരു വിഭാഗവും വരില്ല. എന്നാൽത്തന്നെയും ആശങ്ക മാറ്റേണ്ടതുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരുവിധ സംശയത്തിനും ഇടനൽകാതിരിക്കാനായി ബില്ലിന്റെ ദീർഘ ശീർഷകം " 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് - യാക്കോബായ സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ" എന്നാക്കി മാറ്റിയത്. ഏത് വിഭാഗത്തെയാണോ ബാധിക്കുന്നത് ആ വിഭാഗത്തെ പ്രത്യേകമായി ഇതിന്റെ ടൈറ്റിലിൽ തന്നെ എടുത്തുപറയുകയാണ്, അപ്പോൾ ആ പ്രശ്നവും പരിഹരിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിന്റെ പരിധിയിൽ മലങ്കര ഓർത്തഡോക്സ്- യാക്കോബായ വിഭാഗങ്ങൾ മാത്രമെ ഉൾപ്പെടുകയുള്ളൂവെന്ന് സംശയലേശമെന്യേ വ്യക്തമാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്.

6.00 P.M.]

വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങളിന്മേലും യാതൊരു വിധത്തിലുള്ള ആശങ്കയ്ക്കും അടിസ്ഥാനമില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട്, കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയുടെ ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും ലഭിച്ചിരുന്നു. അതിലെ ഒരു ഭാഗം ഞാൻ അന്ന് സൂചിപ്പിച്ചതാണ്. അദ്ദേഹം നല്ല വിശ്വാസത്തിലാണ് കത്തെഴുതിയത്. ഗവൺമെന്റ് കൊണ്ടുവന്ന ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളിൽ ഗവൺമെന്റിനെ അനുകൂലിക്കുന്നതോടൊപ്പം, പ്രശ്നങ്ങളില്ലാത്ത സഭകളിലടക്കം പ്രശ്നങ്ങൾ വരുത്തുന്നതിനാണ് ഇത് സഹായിക്കുകയെന്നും അതുകൊണ്ട് ആവശ്യമായിട്ടുള്ള വ്യക്തത വരുത്തണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം പറഞ്ഞൊരു വാചകം, "The ordinance as it now stands apply to all Christian denominations, though it

is intended to apply only to Jacobites and Orthodox fractions of the Christian community; making it applicable to other Christian denominations will create a new problem and result in much confusion and hardship to them. Because they do not have any problem similar to those of Orthodox and Jacobites fractions" ഇതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ഞങ്ങൾ exclusive ആയി ഇന്ന വിഭാഗത്തിന് മാത്രമേ ഇത് ബാധകമാകുവെന്ന് പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് യാതൊരു ആശങ്കയുടേയും ആവശ്യം ഇപ്പോഴില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ദീർഘമായ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കാനാഗ്രഹിക്കുന്നില്ല. ഈ നിയമത്തെ സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിന് ആശങ്കയുണ്ട്. ഈ ഓർഡിനൻസ് മതപരമായ ചടങ്ങുകൾക്ക് എതിരാണെന്നും സുപ്രീംകോടതി വിധിയെ വെല്ലുവിളിക്കുന്നതാണെന്നുമുള്ള രൂപത്തിലൊക്കെ പുറത്തുകൊണ്ടുവന്ന ആശങ്കകളുടെയും ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും അടിസ്ഥാനത്തിൽ എഴുതിയതായിരിക്കും. എന്നാൽ, നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, സുപ്രീംകോടതിയുടെ വിധിന്യായത്തിലും കേരള ഹൈക്കോടതിയുടെ വിധിന്യായത്തിലും വ്യക്തമാക്കിയ കാര്യങ്ങളുടെ തുടർച്ചയാണ് ഈ ബിൽ. K.S Varghese and others vs St. peter's & St. Paul's Syrian Orthodox Church, 3-7-2017-ന് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയാണ്. ആ വിധിക്ക് കുറച്ചുകൂടി ക്ലാരിറ്റി കൊടുത്തുകൊണ്ട് St. Marys Orthodox and others vs State of Kerala എന്ന കേസിൽ, 13-3-2019-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ മൃതശരീരം അടക്കം ചെയ്യുന്നതിന് ഇടവകാംഗങ്ങൾക്കുള്ള അവകാശം വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം, ഇന്ത്യൻ ശിക്ഷാനിയമം 297-ാം വകുപ്പുപ്രകാരം മൃതശരീരത്തോട് അനാദരവ് കാട്ടുന്നത് ശിക്ഷാർഹമാണെന്നും പറയുന്നുണ്ട്. സുപ്രീംകോടതി വിധിയുടേയും ഹൈക്കോടതി വിധിയുടേയും IPC-297-ാം വകുപ്പിന്റെയും പിൻബലത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഇത് നിയമപരമായി നിൽക്കാത്ത ഒരു പ്രശ്നവും ഇവിടെ ഉദിക്കുന്നില്ല. ഇത് തികച്ചും നിയമപരമാണ്. സുപ്രീംകോടതിയുടെ അന്തിമവിധി 3-7-2017-നാണ് വന്നത്. അത് പരിപൂർണ്ണമായും മലങ്കര സുറിയാനി സഭയുടെ 1934-ലെ ഭരണഘടന സാധുവാക്കുന്നതാണ്. ഏതാണ്ട് നൂറ് വർഷത്തെ പഴക്കമുള്ള ഒരു സിവിൽ കേസിൽ അവസാനത്തെ വിധി വന്നത് 2017-ലാണ്. 1995-ൽ മലങ്കര സഭയ്ക്ക് അനുകൂലമായൊരു വിധിയുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ടുകൊണ്ട് വ്യാഖ്യാനങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജ് conciliation നടത്തി

ചുമതലപ്പെടുത്തിയതാണ്. പക്ഷേ, ചർച്ച നടത്തിയിട്ട് ഒരു കാര്യവുമുണ്ടായില്ല. പിന്നീട് ഈ രണ്ട് വിഭാഗങ്ങളും തമ്മിലുള്ള പ്രശ്നം രൂക്ഷമായി. അതിനുശേഷം 3-7-2017-ൽ വ്യക്തമായിട്ടുള്ള വിധിയിൽ മലങ്കര സുറിയാനി സഭയുടെ ആത്മീകവും ലൗകികവുമായ പരമാധികാരി മലങ്കര മെത്രാപ്പോലീത്തയാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിൽ ഒരു കാര്യത്തിലും ഗവൺമെന്റ് ചോദ്യം ചെയ്യുന്നില്ല. പുരോഹിതൻമാരെയും മെത്രാന്മാരെയും വാഴിക്കാനുള്ള അധികാരം മലങ്കര മെത്രാപ്പോലീത്തയ്ക്കാണ്. അതും സ്പെസിഫിക്കായി പറഞ്ഞാൽ, അതിനും ഗവൺമെന്റ് ഇടപെടുന്നില്ല. സഭയുടേയും പള്ളിയുടേയും സ്വത്ത് ഒരു ട്രസ്റ്റിന്റെ കീഴിലാണ്. ഇത് ട്രസ്റ്റായതുകൊണ്ടാണ് മലങ്കര സഭയ്ക്ക് ഇതിന്റെ അധികാരം ലഭിക്കുന്നത്. 1934-ലെ ഭരണഘടനയിൽ അത് വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭരണനിർവ്വഹണം മലങ്കര മെത്രാപ്പോലീത്തയെന്ന് കൃത്യമായി സുപ്രീംകോടതി പറയുന്നുണ്ട്. ഈ ഗവൺമെന്റും അതിനോട് യോജിക്കുകയാണ്. ഇടവകയിൽ സമാന്തരഭരണം അനുവദനീയമല്ലെന്ന് സുപ്രീംകോടതിയും പറയുന്നുണ്ട്, അത് ഒരു രൂപത്തിലും അവിടെ വേണമെന്ന് ഗവൺമെന്റും ആഗ്രഹിക്കുന്നില്ല. എന്നാൽ, ഇടവകാംഗങ്ങൾ മരണപ്പെട്ടാൽ ഇടവക സെമിത്തേരിയിൽ അടക്കം ചെയ്യാനുള്ള അവകാശത്തെക്കുറിച്ച് കൃത്യമായി ഈ വിധിയിൽ പറയുന്നുണ്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ട് സുപ്രീംകോടതി വിധി വന്നതിനുശേഷം ഹൈക്കോടതിയുടെ വിധിയിൽ ക്ലിയറായി പറഞ്ഞിട്ടുള്ള കാര്യം," The right cannot be taken away even if, in particular circumstances, the Parishioner chooses to forego funeral services in the church or its cemetery or opts for a funeral service at any other premises by a priest of his or her choice", എന്നാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇതൊന്നും ആർക്കും തർക്കമുള്ള കാര്യമല്ല.

ശ്രീ. എ. കെ. ബാലൻ: അതെ. തർക്കമുള്ളകാര്യമല്ല. പക്ഷേ, ഗവൺമെന്റിന് നിയമമുണ്ടാക്കാനുള്ള അധികാരമില്ലെന്ന് ഒരു പ്രധാനപ്പെട്ട സഭയുടെതന്നെ ഒരു കത്ത് വന്നാൽ, ആ കത്ത് ഈ സഭ വഴി ക്ലിയർ ചെയ്തിട്ടില്ലെങ്കിൽ നമുക്കിത് പറയാൻ പറ്റില്ലല്ലോ; അല്ലെങ്കിൽ ഞാൻ പത്രസമ്മേളനം നടത്തി പറയേണ്ടിവരും. അതിനെക്കാൾ നല്ലത് സഭയിലെ ബഹുമാനപ്പെട്ട സ്പീക്കർവഴി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സാക്ഷി നിർത്തി പറയുന്നതാണല്ലോ? ഇതെല്ലാം രേഖയിൽ വരണമെന്നുള്ളതുകൊണ്ടാണ് പറഞ്ഞത്. ഇതിൽ സ്പെസിഫിക്കായി പറഞ്ഞിട്ടുള്ളതുകൊണ്ട് ഒരു ബുദ്ധിമുട്ടും ആർക്കും ഉണ്ടാകില്ല. ഇതിൽ ഏതെങ്കിലും രൂപത്തിൽ വികാരിയുടെ അധികാരത്തെയോ അച്ചന്റെ അധികാരത്തെയോ

ഡീക്കന്റെ അധികാരത്തെയോ മേൽപ്പട്ടക്കാരുടെ അധികാരത്തെയോ മറ്റാരുടേയും ഒരധികാരത്തെയും ചോദ്യം ചെയ്യുന്നില്ല. പുറത്ത് എവിടെയെങ്കിലും വച്ച് അവരുടെ ആചാരപ്രകാരം ശവസംസ്കാര ചടങ്ങുകൾ നടത്തി ഈ ചർച്ചിലെ സെമിത്തേരിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ സ്വാഭാവികമായും അവിടെ നിലവിലുള്ള വികാരി അല്ലെങ്കിൽ അതിന് താഴെയുള്ള ആളുകൾ ഇത് കാത്തലിക് സഭയുമായി ബന്ധപ്പെട്ടുള്ള ആചാരത്തിന് നിരക്കാത്തതാണെന്ന് പറഞ്ഞുകൊണ്ട് ശവം തിരിച്ചെടുക്കാൻ പറയും. അതിനെതിരെയുള്ള പ്രൊട്ടക്ഷൻ ഈ വിധിയിൽ കൃത്യമായി പറയുന്നുണ്ട്. അതെല്ലാം അംഗീകരിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ, രണ്ട് വിഭാഗങ്ങളെയും തമ്മിൽ യോജിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഈ നിയമത്തിന്റെ ഭാഗമായി സൂചിപ്പിക്കാനുള്ളത്. സുവർണ്ണാവസരം നഷ്ടമാക്കരുതെന്നാണ് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത പറയുന്നത്. ഒന്നാമതായി ഐക്യത്തിലേയ്ക്കും സമാധാനത്തിലേയ്ക്കും വരാനുള്ള സന്മനസ്സും ദീർഘവീക്ഷണവും സഭാസ്നേഹവുമാണ് യാക്കോബായ സഹോദരങ്ങൾ പ്രകടമാക്കേണ്ടത്. രണ്ടാമതായി, ഈ പുനരൈക്യം അനായാസവും ഹൃദ്യവുമാക്കിത്തീർക്കാനുള്ള പക്വതയും വിവേകവും ഓർത്തഡോക്സ് സഭ കാണിക്കുകയും വേണം. ആ സഭയുടെതന്നെ മെത്രാപ്പോലീത്തയാണ് പറഞ്ഞത്, 'തന്റെ ശിക്ഷ്യ സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ച കർത്താവിന്റെ തിരുഹിതത്തിന് വിരുദ്ധവും സുവിശേഷത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതുമാകരുത്, കലഹിക്കുന്ന കൂട്ടം അതുവഴിതന്നെ രക്ഷാസമൂഹം അല്ലാതായിത്തീരുന്നു. ലോകത്തെ രക്ഷയിലേയ്ക്ക് നയിക്കാൻ അതിന് കഴിയാതെ വരുന്നു, സഭയുടെ ഭാവി അപകടത്തിലാക്കുന്നു. സ്വയം ചിത്രീകരിക്കുന്ന സമൂഹത്തിന് നിലനിൽപ്പില്ലെന്ന തിരുവചനം ഓർക്കുക.' ഇതാണ് ആ സഭയുടെ നാഥൻ കൊടുത്തിട്ടുള്ള മുന്നറിയിപ്പ്. അതുകൊണ്ട് കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന് സുപ്രീംകോടതി അനുകൂലമായ വിധിയെ ടോർപിഡോ ചെയ്യുന്നതിനും ഈ ഗവൺമെന്റ് നടത്തിയ ഗൂഢാലോചനയുടെ ഭാഗവുമാണ് ഈ നിയമമെന്ന് ആരെങ്കിലും വ്യാഖ്യാനിക്കുന്നുണ്ടെങ്കിൽ, പ്രതിപക്ഷത്തുള്ള ഒരാളെയും അതിന് കിട്ടില്ലെന്ന സന്ദേശമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ കൊടുത്തത് എന്നുള്ളതുകൊണ്ടുതന്നെ ഐകകണ്ഠ്യേന ഇത് പാസ്സാക്കിയെടുക്കാൻ നമുക്ക് സാധിക്കും. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

391. (i) ഖണ്ഡം 2 (എ )-ൽ

"മൃതദേഹം ജഡമായോ സംസ്കാര പ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

(ii) ഖണ്ഡം 2 (ബി)-ൽ "എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം " എന്നർത്ഥമാകുന്നു" എന്ന വാക്ക് ചേർക്കുക.

രണ്ടാം വകുപ്പിലെ ഖണ്ഡം 2 (എ)-ൽ "മൃതദേഹം ജഡമായോ സംസ്കാര പ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക. ആ വാക്ക് ഒഴിവാക്കണമെന്ന് ഇവിടെ പറഞ്ഞതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

218. ഖണ്ഡം 2 (എ)-യിൽ "സെമിത്തേരി" എന്ന വാക്കിന് പകരം "ശ്മശാനം" എന്ന വാക്ക് ചേർക്കുക.

221. ഖണ്ഡം 2(എ)-യിൽ "മൃതദേഹം" എന്ന വാക്കിന് പകരം "അത് " എന്ന് ചേർക്കുക.

227. ഖണ്ഡം 2(എ)-യിൽ " സംസ്കാരപ്രക്രിയയിലൂടെ" എന്ന വാക്കിന് ശേഷം "അല്ലാതെയോ"എന്ന് ചേർക്കുക.

230. ഖണ്ഡം 2(എ)-യിൽ " മാറ്റിയിട്ടുള്ളതോ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ മാറിയിട്ടുള്ളതോ"എന്ന് ചേർക്കുക.

237. ഖണ്ഡം 2(എ)-യിൽ " എടുത്തിട്ടുള്ള" എന്ന വാക്കിന് പകരം "സ്ഥാപിച്ചിട്ടുള്ള"എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

219. ഖണ്ഡം 2(എ)-യിൽ "ഇടവകാംഗങ്ങളുടെ" , " മൃതദേഹങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുകയും "കുഴിയിൽ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

275.ഖണ്ഡം 2 (ഇ)ക്കു ശേഷം (എഫ്) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (എഫ്) കുടുംബാംഗം" എന്നാൽ ഒരു ഇടവക അംഗത്തിന്റെ മാതാവോ പിതാവോ മക്കളോ മക്കളുടെ ഭാര്യയോ ഭർത്താവോ എന്നിവരിലൊരാൾ എന്നർത്ഥമാകുന്നു."

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

223. ഖണ്ഡം 2(എ)-യിൽ "മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ" എന്നതിനു പകരം "മൃതദേഹം സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ മറ്റേതെങ്കിലും രൂപത്തിലുള്ളതോ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

228. ഖണ്ഡം 2(എ)-യിൽ " ചാരമായി " എന്ന വാക്ക് ഒഴിവാക്കുക.

238. ഖണ്ഡം 2(എ)-യിൽ " കുഴിയിൽ" എന്നതിനു ശേഷം "അല്ലെങ്കിൽ സെല്ലുകളിൽ" എന്ന് ചേർക്കുക.

261. ഖണ്ഡം 2 (ഡി) - ൽ "ആരാധന അർപ്പിക്കുന്നതിനായി" എന്നതിന് ശേഷം "കാനോനകളും ഭരണഘടനയും നിശ്ചയിച്ചിരിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

229. ഖണ്ഡം 2(എ)-യിൽ " മാറ്റിയിട്ടുള്ളതോ" എന്ന വാക്കിനു പകരം "മാറിയിട്ടുള്ളതോ" എന്ന് ചേർക്കുക.

247. ഖണ്ഡം 2 (ബി) ഒഴിവാക്കുക.

269. ഖണ്ഡം 2 (ഡി) - ൽ "ക്രിസ്ത്യാനി" എന്നതിന് പകരം "മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന ക്രിസ്ത്യാനി" എന്നത് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

235. ഖണ്ഡം 2(എ)-യിൽ " തറയിൽ എടുത്തിട്ടുള്ള" എന്നതിനു പകരം "മണ്ണിൽ പ്രത്യേകം തയ്യാറാക്കിയ" എന്ന് ചേർക്കുക.

271.ഖണ്ഡം 2 (ഡി) താഴെപ്പറയും പ്രകാരം മാറ്റുക: " (ഡി) " ഇടവക" എന്നാൽ ഒരു പള്ളിയിൽ പേര് ചേർത്തിട്ടുള്ള കുടുംബങ്ങളുടെ കൂട്ടായ്മ എന്നർത്ഥമാകുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2(എ)-യിൽ " വേർതിരിച്ചിട്ടുള്ള" എന്ന വാക്കിനു പകരം "നിശ്ചയിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

268. ഖണ്ഡം 2 (ഡി) - ൽ "ക്രിസ്ത്യാനി" എന്നതിന് പകരം "ക്രിസ്ത്യൻ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 2(എ)-യിൽ " ഒരു സ്ഥലം" എന്നതിൽ "ഒരു" ഒഴിവാക്കുക.

258. ഖണ്ഡം 2 (ബി) -ൽ "സഭയിലെ" എന്നതിന് പകരം "സഭകളിലെ" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2 (ബി) താഴെപ്പറയും പ്രകാരം മാറ്റുക :

"(ബി) " മലങ്കര ഓർത്തഡോക്സ് - യാക്കോബായ വിഭാഗം" എന്നാൽ മലങ്കര സഭാ വിശ്വാസ പ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ച് പള്ളി രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള കാതോലിക്ക പക്ഷത്തിലോ യാക്കോബായ പക്ഷത്തിലോ പെട്ടിട്ടുള്ളവർ എന്നർത്ഥമാകുന്നു."

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 2 (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഡി) " ഇടവക" എന്നാൽ ആരാധനാലയവും ആത്മീയ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പുരോഹിതനും പ്രവർത്തനത്തിന് നിയത നിയമാവലിയുമുള്ള ക്രിസ്തുമത വിശ്വാസികളുടെ കൂട്ടായ്മ എന്നർത്ഥമാകുന്നു."

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 2 (ഇ) ക്കുശേഷം (എഫ്) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (എഫ്) " വികാരി" എന്നാൽ ഇടവകയുടെ ഭരണചുമതലയും ആത്മീയ പരിപോഷണവും നിർവ്വഹിക്കുന്നതിന് സഭാ മേലധികാരത്തിൽ നിന്നും നിയമാനുസൃതം നിയമിക്കപ്പെടുന്ന പുരോഹിതൻ എന്നർത്ഥമാകുന്നു."

ആറാം വകുപ്പിൽ വികാരി എന്നൊരു വാക്ക് വരുന്നുണ്ട്. എന്നാൽ വികാരി എന്ന വാക്ക് നിർവ്വചനത്തിലില്ല. ആറാം വകുപ്പിന്റെ വിശദീകരണ കുറിപ്പ് പിൻവലിക്കാൻവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയുള്ളതുകൊണ്ട് ആറാം വകുപ്പിന്റെ നിർവ്വചനമാണ് 276-ാം ഭേദഗതിയിലൂടെ നിർദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 391-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 218, 221, 227, 230, 237 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 219, 275 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 228, 238, 261 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 229, 247, 269 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 235, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 244, 268 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 245, 258 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 3(1) ൽ, " ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും" എന്നതിന് പകരം " ഒരേ ഇടവകയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക്" എന്നാക്കി മാറ്റുക.

294. ഖണ്ഡം 3(1)-ൽ, " പൂർവ്വികരെ" എന്നതിനു പകരം " പൂർവ്വികരായ മാതാപിതാക്കളെ" എന്നു ചേർക്കുക.

300. ഖണ്ഡം 3(1)-ൽ, " അടക്കം ചെയ്യപ്പെടുന്നതിന്" എന്നതിന് പകരം " അടക്കുന്നതിന്" എന്നാക്കുക.

309. ഖണ്ഡം 3(2)-ൽ " മരണപ്പെട്ട അംഗത്തിന്റെ" എന്നതിന് ശേഷം " /അംഗങ്ങളുടെ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 3(1)-ൽ, " ഒരു ഇടവകയിൽ" എന്നതിന് പകരം " ഒരേ ഇടവകയിൽ" എന്നു ചേർക്കുക.

308. ഖണ്ഡം 3(2)-ൽ " മരണപ്പെട്ട" എന്നതിന് പകരം " മരിച്ച" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 3(1)-ൽ, " ഒരു ഇടവകയിൽ" എന്നത് " ഒരു പള്ളിയിലെ ഇടവകയിൽ" എന്നാക്കുക.

289. ഖണ്ഡം 3(1)-ൽ, " എല്ലാ അംഗങ്ങൾക്കും" എന്ന വാക്കുകൾക്ക് ശേഷം " അവർ മരണപ്പെട്ടാൽ" എന്ന വാക്കുകൾ ചേർക്കുക.

299. ഖണ്ഡം 3(1)-ൽ, " സെമിത്തേരിയിൽ" എന്ന വാക്കിന് പകരം " സെമിത്തേരി എവിടെയായാലും അവിടെ" എന്ന വാക്കുകൾ ചേർക്കുക.

323. ഖണ്ഡം 3(2)-ൽ " തെരഞ്ഞെടുത്ത" എന്ന വാക്കിന് ശേഷം " ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

332. ഖണ്ഡം 3 ന്റെ വിശദീകരണത്തിൽ " എല്ലാ ആൾക്കാരുടെയും പിൻഗാമികളും" എന്നത് " ആൾക്കാരുടെ എല്ലാ പിൻഗാമികളും" എന്നാക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 3(1)-ൽ, " ഉൾപ്പെടുന്ന" എന്നതിന് പകരം " ഉൾപ്പെട്ട" എന്നാക്കുക.

304. ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഒരേ ഇടവകയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് അവരുടെ പൂർവ്വികരെ അടക്കിയിട്ടുള്ള സെമിത്തേരിയിൽ മൃതദേഹം മറവു ചെയ്യാവുന്നതാണ്."

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

287. ഖണ്ഡം 3(1)-ൽ, " ഉൾപ്പെടുന്ന" എന്ന വാക്കിന് ശേഷം " എല്ലാ" എന്ന വാക്ക് ചേർക്കുക.

320. ഖണ്ഡം 3(2)-ൽ " ഉപേക്ഷിക്കുകയോ " എന്ന വാക്കിന് പകരം " വേണ്ടന്നുവെക്കുകയോ" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 3(1)-ൽ, " കുടുംബങ്ങളിലെ" എന്നത് " കുടുംബത്തിലെ" എന്നാക്കി മാറ്റുക.

311. ഖണ്ഡം 3(2)-ൽ " അംഗത്തിന്റെ" എന്നതിന് പകരം " അംഗങ്ങളുടെ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3(1)-ൽ, " എല്ലാ അംഗങ്ങൾക്കും" എന്നതിന് പകരം " അംഗങ്ങൾക്ക്" എന്ന് ചേർക്കുക.

295. ഖണ്ഡം 3(1)-ൽ, " പൂർവ്വികരെ" എന്നതിന് പകരം " കുടുംബാംഗങ്ങളെ" എന്നു ചേർക്കുക.

312.ഖണ്ഡം 3(2)-ൽ " ബന്ധുക്കൾക്ക്" എന്നതിന് പകരം " കുടുംബാംഗങ്ങൾക്ക് " എന്ന് ചേർക്കുക.

325.ഖണ്ഡം 3(2)-ൽ " സ്ഥലത്ത് വെച്ചുള്ള" എന്നതിന് ശേഷം " പരേതന്റെ ആഗ്രഹ പ്രകാരം" എന്ന് ചേർക്കുക.

326. ഖണ്ഡം 3(2)-ൽ " ശുശ്രൂഷകൾക്ക് വേണ്ടി തീരുമാനിക്കുകയോ" എന്നതിന് ശേഷം " അതനുസരിച്ച് നടപ്പിൽ വരുത്തുകയോ" എന്ന് ചേർക്കുക.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

291.ഖണ്ഡം 3(1)-ൽ, " പൂർവ്വികരെ" എന്നതിനു പകരം " മുൻഗാമികളെ" എന്ന് ചേർക്കുക.

296. ഖണ്ഡം 3(1)-ൽ, " അടക്കം ചെയ്തിട്ടുള്ള" എന്നതിന് പകരം " അടക്കിയിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക:

" (1) ഒരു ഇടവകയിൽ അംഗമായിരുന്നതും ഇടവക രജിസ്റ്ററിൽ ഉൾപ്പെടുന്നതോ ഉൾപ്പെട്ടിരുന്നതോ ആയ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെയോ കുടുംബാംഗങ്ങളെയോ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്."

ഡോ. എം. കെ. മുനീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305.ഖണ്ഡം 3(2)-ൽ " ഇടവകയിലെ" എന്നതിന് പകരം " ഇടവകയിൽ" എന്ന് ചേർക്കുക.

317. ഖണ്ഡം 3(2)-ൽ " അതിന്റെ " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

314. ഖണ്ഡം 3(2)-ൽ " പള്ളിയിലോ " എന്നതിന് പകരം " പള്ളിയ്ക്കുള്ളിലോ " എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319.ഖണ്ഡം 3(2)-ൽ " ശവസംസ്കാര " എന്ന് വരുന്നിടത്തെല്ലാം " മൃതദേഹസംസ്കാര" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

321. ഖണ്ഡം 3(2)-ൽ " ഉപേക്ഷിക്കുകയോ " എന്ന വാക്കിന് പകരം " ഉപേക്ഷിക്കാവുന്നതും, " എന്ന വാക്കും ചിഹ്നവും ചേർക്കുക.

322. ഖണ്ഡം 3(2)-ൽ " അവർ" എന്ന വാക്കിന് പകരം " അവരുടെ" എന്ന വാക്ക് ചേർക്കുക.

324. ഖണ്ഡം 3(2)-ൽ " സ്ഥലത്ത് വെച്ചുള്ള" എന്നീ വാക്കുകൾക്ക് പകരം " സ്ഥലം " എന്ന വാക്ക് ചേർക്കുക.

327. ഖണ്ഡം 3(2)-ൽ " തീരുമാനിക്കുകയോ" എന്നതിന് പകരം " തെരഞ്ഞെടുക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 3 ന്റെ വിശദീകരണത്തിൽ " പിൻഗാമികളും" എന്ന വാക്കിന് പകരം " പിൻഗാമികൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 3 ന്റെ വിശദീകരണത്തിൽ " പിൻഗാമികളും" എന്നതിന് ശേഷം " അവരുടെ കുടുംബാംഗങ്ങളും" എന്നു ചേർക്കുക.

ശ്രീ. മാത്യു ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം3 ന്റെ വിശദീകരണത്തിൽ " ഉൾപ്പെടുന്നതാകുന്നു" എന്നത് " ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ് - യാക്കോബായ സഭാ വിശ്വാസത്തിൽ നിന്നു മാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു " എന്നാക്കുക.

ഓർത്തഡോക്സ്-യാക്കോബായ സഭാ വിശ്വാസം ഒന്നുതന്നെയാണ്. ഒരേ വിശ്വാസവും ഒരേ ആചാരാനുഷ്ഠാനങ്ങളുമാണ്. എന്നാൽ മാർത്തോമ്മാ സഭയടക്കം മറ്റ് സഭകൾ വേറെ വിശ്വാസമാണ്. മാർത്തോമ്മാ സഭയിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല. ശിശുസ്നാനം സ്വീകരിക്കാതെ ജ്ഞാനസ്നാനം മാത്രം സ്വീകരിക്കുന്ന മറ്റ് വിഭാഗങ്ങളുണ്ട്. അപ്പോൾ വ്യത്യസ്തമായ വിശ്വാസങ്ങളുണ്ട്. ഖണ്ഡം 3 അനുസരിച്ച് മറ്റ് വിശ്വാസത്തിലേയ്ക്കോ അത്യപൂർവ്വമായി മറ്റ് മതങ്ങളിലേയ്ക്കോ പോയിട്ടുള്ള ആളുകളുടെ മുൻഗാമികളെ അവിടെ അടക്കിയിട്ടുണ്ടെങ്കിൽ അവിടെ അടക്കാമെന്നുള്ള അവകാശം സിദ്ധിക്കുന്നുണ്ട്. അങ്ങനെയുള്ള ആളുകളെ ഒഴിവാക്കണമെന്ന ഭേദഗതിയാണ് 335- ാം നമ്പർ ഭേദഗതിയിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. തെറ്റിദ്ധരിപ്പിക്കപ്പെടുകയില്ലെന്ന വിശ്വാസത്തിൽ ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337.ഖണ്ഡം 3 ന്റെ നിലവിലുള്ള വിശദീകരണം, (1) ആയി പുനരക്കം ചെയ്ത് വിശദീകരണം (2) ആയി താഴെ പറയും പ്രകാരം ചേർക്കുക:

" വിശദീകരണം.- (2)- 3-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരമുള്ള സെമിത്തേരിസ്ഥലം സന്ദർശിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും പിന്മുറക്കാരായ കുടുംബാംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, യഥാർത്ഥത്തിൽ ബില്ലിന്റെ തലക്കെട്ടിൽ ഏത് വിഭാഗത്തെയാണെന്ന് കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. എന്നാലും 335-ാം നമ്പർ ഭേദഗതി, ആശങ്ക നീക്കുന്നതിന് സഹായിക്കുമെന്നുള്ളതുകൊണ്ട് ശ്രീ. മാത്യു ടി. തോമസിന്റെ ഭേദഗതി അംഗീകരിക്കാം. ഖണ്ഡം 3-ന്റെ വിശദീകരണത്തിൽ "ഉൾപ്പെടുന്നതാകുന്നു" എന്നതിനുപകരം "ഉൾപ്പെടുന്നതും" എന്നാൽ ഓർത്തഡോക്സ് - യാക്കോബായ

സഭാ വിശ്വാസത്തിൽ നിന്നുമാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ "ഉൾപ്പെടാത്തതുമാകുന്നു" എന്ന് ചേർക്കാം. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 280, 294, 300, 309 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 282, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 284, 289, 299, 323, 332 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 285, 304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 287, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 288, 311 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 290, 295, 312, 325, 326 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 291, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 305, 317 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 321, 322, 324, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 4-ൽ "ലംഘിച്ചുകൊണ്ട്" എന്നതിന് പകരം "ലംഘിച്ചു കൊണ്ട്" എന്ന് ചേർക്കുക.

341.ഖണ്ഡം 4-ൽ "പ്രേരിപ്പിക്കുകയോ" എന്ന വാക്കിന് ശേഷം "ഗൂഢാലോചന നടത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

348. ഖണ്ഡം 4-ൽ "രൂപവരെയാകാവുന്ന" എന്നതിന് പകരം "രൂപ വരെയാകുന്ന" എന്ന് ചേർക്കുക.

349.ഖണ്ഡം 4-ൽ "ശിക്ഷിക്കേണ്ടതാണ്" എന്നതിന് പകരം "ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

339.ഖണ്ഡം 4-ൽ "തടയുകയോ" എന്ന വാക്കിന് പകരം "തടസ്സപ്പെടുത്തുകയോ" എന്ന വാക്ക് ചേർക്കുക.

340. ഖണ്ഡം 4-ൽ "പ്രേരിപ്പിക്കുകയോ" എന്ന വാക്കിന് മുൻപായി "അതിന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

344. ഖണ്ഡം4-ൽ ഒരു വർഷം എന്നതിനു പകരം "രണ്ട് വർഷം" എന്ന് ചേർക്കുക.

346.ഖണ്ഡം 4-ൽ "പതിനായിരം" എന്നതിനുപകരം "ഇരുപത്തി അയ്യായിരം" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 4-ൽ "ഏതൊരാളെയും" എന്നതിന് പകരം "ഏതൊരാളും" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

347. ഖണ്ഡം 4-ൽ "പതിനായിരം" എന്ന വാക്കിനു പകരം "ഇരുപതിനായിരം"എന്ന വാക്കു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 338, 341, 348, 349 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 339, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 344, 346 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

350. ഖണ്ഡം 5-ൽ "ഉള്ള" എന്നതിന് പകരം "ചുമത്തപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 5-ൽ "കുടുംബാംഗങ്ങൾക്ക്" എന്നതിന് ശേഷം "ആവശ്യമെങ്കിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 6-ന്റെ വിശദീകരണം ഒഴിവാക്കുക. ആറാം ഖണ്ഡത്തിലെ വിശദീകരണം എന്നുള്ളത് ഒഴിവാക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

352. ഖണ്ഡം 6-ൽ " ഇടവകയിലെ" എന്ന വാക്കിന് മുൻപായി " ഒരു " എന്ന വാക്ക് ചേർക്കുക.

356. ഖണ്ഡം 6-ൽ, " മൃതദേഹം അടക്കലിനു വേണ്ടി" എന്നതിന് പകരം " ശവസംസ്കാര ശുശ്രൂഷകൾക്ക് വേണ്ടി" എന്ന് ചേർക്കുക.

357.ഖണ്ഡം 6-ൽ, " അടക്കലിനു വേണ്ടി" എന്നതിന് പകരം " അടക്കലിനുവേണ്ടി" എന്ന് ചേർക്കുക.

362.ഖണ്ഡം 6-ൽ, " അയാളുടെ ഓഫീസിൽ" എന്നതിന് പകരം " അയാളുടെ ആഫീസിൽ" എന്ന് ചേർക്കുക.

371.ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ "പുരോഹിതൻ" എന്ന വാക്കിന് ശേഷം "പട്ടക്കാരൻ, കത്തനാർ" എന്നീ വാക്കുകൾ ചേർക്കുക.

372. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ "പാസ്റ്റർ" എന്നത് ഒഴിവാക്കുക.

373. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ "പാസ്റ്റർ" എന്ന വാക്കിന് പകരം "അച്ചൻ" എന്ന വാക്ക് ചേർക്കുക.

374. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ " മൃതദേഹം അടക്കം ചെയ്യൽ ആചാരങ്ങൾ" എന്നീ വാക്കുകൾക്ക് പകരം " ശവസംസ്കാര ശുശ്രൂഷകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

353. ഖണ്ഡം 6-ൽ " ഇടവകയിലെ വികാരി" എന്നതിന് പകരം " വികാരിയോ ചുമതലപ്പെട്ടയാളോ " എന്ന് ചേർക്കുക.

355. ഖണ്ഡം 6-ൽ, " മൃതദേഹം" എന്നതിന് പകരം " മൃതശരീരം" എന്ന് ചേർക്കുക.

359. ഖണ്ഡം 6-ൽ, " അങ്ങനെയുള്ള" എന്നതിനു ശേഷം " പരേതന്റെ വിശദമായ വിവരങ്ങളടങ്ങിയ" എന്ന് ചേർക്കുക.

363. ഖണ്ഡം 6-ൽ "സൂക്ഷിക്കേണ്ടതും" എന്നതിനു ശേഷം "ഈ രജിസ്റ്ററിൽ മരണമടഞ്ഞ ആളിന്റെ മരണകാരണം തിരിച്ചറിയൽ രേഖ എന്നിവ കൃത്യമായും രേഖപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

377. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ " ആചാരങ്ങൾ" എന്നതിന് പകരം " ആചാരങ്ങളും അനുഷ്ഠാനങ്ങളും" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 6-ൽ, " ഇടവകയിലെ വികാരി" എന്ന വാക്കിന് ശേഷം " അല്ലെങ്കിൽ ചുമതലപ്പെടുത്തിയ വ്യക്തി " എന്നീ വാക്കുകൾ ചേർക്കുക.

360. ഖണ്ഡം 6-ൽ, " അയാളുടെ" എന്ന വാക്കിന് പകരം " ഇടവകയുടെ" എന്ന വാക്ക് ചേർക്കുക.

364. ഖണ്ഡം 6-ൽ "അയാൾക്ക്" എന്ന വാക്കിന് പകരം "അദ്ദേഹത്തിന്" എന്ന വാക്ക് ചേർക്കുക.

367. ഖണ്ഡം 6-ൽ "സ്വീകരിച്ചുകൊണ്ട്" എന്ന വാക്കിന് പകരം "സ്വീകരിച്ചോ അല്ലാതെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

358. ഖണ്ഡം 6-ൽ, " അടക്കലിനു വേണ്ടി" എന്നീ വാക്കുകൾക്ക് പകരം " അടക്കലുകളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകളും "സൂക്ഷിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "സൂക്ഷിക്കേണ്ടതും ഇടവകയിലെ സെമിത്തേരിയിൽ നടക്കുന്ന എല്ലാ മൃതദേഹം അടക്കലുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് "എന്നീ വാക്കുകളും ചേർക്കുക.

380. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ “ നിർവ്വഹിക്കുന്ന ഒരാളും” എന്നീ വാക്കുകൾക്കു പകരം “ നിർവ്വഹിക്കുന്നതിനായി സഭ അധികാരപ്പെടുത്തിയിട്ടുള്ള ഒരാളും” എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

361. ഖണ്ഡം 6-ൽ, “ അയാളുടെ” എന്നതിന് ശേഷം “ തന്റെ" എന്നും "അയാൾക്ക് " എന്നതിനു പകരം "അദ്ദേഹത്തിന് " എന്നും ചേർക്കുക.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 6-ൽ "സമർപ്പിക്കുന്ന അപേക്ഷയിൻമേൽ" എന്നതിന് പകരം "സമർപ്പിക്കപ്പെടുന്ന അപേക്ഷയിൻമേൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 6-ൽ "ഫീസ്" എന്നതിനു മുൻപ് "നിശ്ചിത" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

368. ഖണ്ഡം 6-ൽ "ഏതൊരാൾക്കും" എന്ന വാക്കിന് മുൻപായി "നിശ്ചിത സമയപരിധിക്കുള്ളിൽ" എന്ന വാക്ക് ചേർക്കുക.

375. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ “ ആചാരങ്ങൾ” എന്ന വാക്കിനു പകരം “ ശുശ്രൂഷകൾ” എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 6-ൽ "ഇതിലേയ്ക്കായി" എന്ന വാക്കിന് ശേഷം "സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 6-ന്റെ വിശദീകരണത്തിൽ " നിർവ്വഹിക്കുന്ന ഒരാളും" എന്നതിനു പകരം " നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തിയ ആൾ" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 6-ന്റെ വിശദീകരണം താഴെ പറയും പ്രകാരം മാറ്റുക,-

" വിശദീകരണം.- വികാരി എന്നാൽ ഇടവക പള്ളിയുടെ ഉത്തരവാദിത്തം നിർവ്വഹിക്കാനും ഇടവകാംഗങ്ങളുടെ ആത്മീയ ആവശ്യം നിറവേറ്റാനും നിയുക്തനായിട്ടുള്ള പുരോഹിതൻ എന്നർത്ഥമാകുന്നു."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 392-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 352, 356, 357, 362, 371, 372, 373, 374 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 353, 355, 359, 363, 377 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 354, 360, 364, 367 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 358, 380 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 368, 375 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 7(1)-ൽ "വഴി"എന്നതിന് പകരം "മുഖേന" എന്ന് ചേർക്കുക.

386. ഖണ്ഡം 7(2)-ൽ "അതതുസംഗതിപോലെ"എന്നതിന് പകരം "അതതു സംഗതി പോലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 385, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 8(2)-ൽ "കാര്യമോ" എന്നതിന് പകരം "കാര്യങ്ങളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിന്റെ ആരംഭത്തിൽ "കേരളത്തിലെ" എന്ന വാക്ക് ചേർക്കുക.

149. പീഠികയിൽ " മലങ്കര" എന്ന വാക്കിനു മുൻപ് " കേരളത്തിലെ" എന്ന വാക്ക് ചേർക്കുക.

172. തത്വപ്രഖ്യാപന വാക്യത്തിന്റെ ആരംഭത്തിൽ " ജനാധിപത്യ മതേതര സോഷ്യലിസ്റ്റ്" എന്നീ വാക്കുകൾ ചേർക്കുക.

176.ഖണ്ഡം 1 (1)-ൽ "ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് - യാക്കോബായ)" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "മലങ്കര ഓർത്തഡോക്സ് യാക്കോബായ ക്രിസ്ത്യൻ" എന്നീ വാക്കുകൾ ചേർക്കുക.

192. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിനു ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "ഓർത്തഡോക്സ്" എന്ന വാക്കിന് ശേഷം "സുറിയാനി" എന്ന് ചേർക്കുക.

141.ദീർഘശീർഷകത്തിൽ "ശവസംസ്കാര" എന്ന വാക്കിന് പകരം "സംസ്കാര" എന്ന് ചേർക്കുക.

152. പീഠികയിൽ " ഓർത്തഡോക്സ്" എന്ന വാക്കിനു ശേഷം " സുറിയാനി" എന്ന് ചേർക്കുക.

163.പീഠികയിൽ " ശവസംസ്കാര" എന്ന വാക്കിന് പകരം " സംസ്കാര" എന്ന വാക്ക് ചേർക്കുക.

174. ഖണ്ഡം 1 (1)-ൽ "2020-ലെ" എന്നതിനു മുൻപ് "ഈ ആക്റ്റിന്" എന്ന് ചേർക്കുക.

177. ഖണ്ഡം 1 (1)-ൽ "ഓർത്തഡോക്സ്" എന്ന വാക്കിനു ശേഷം "സുറിയാനി" എന്ന വാക്ക് ചേർക്കുക.

178. ഖണ്ഡം 1(1)-ൽ "സെമിത്തേരികളിൽ" എന്ന വാക്കിന് പകരം "ശ്മശാനങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ "ഓർത്തഡോക്സ് - യാക്കോബായ" എന്നീ വാക്കുകൾക്കിടയിലെ ചിഹ്നം "/ " എന്നു മാറ്റുക.

132.ദീർഘശീർഷകത്തിൽ "മൃതദേഹം" എന്നതിന് പകരം "ഭൗതികശരീരം" എന്നു ചേർക്കുക.

146. ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിന് പകരം "അനുസൃതമായതോ" എന്നു ചേർക്കുക.

195. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്നു ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "വിഭാഗങ്ങളിൽപ്പെട്ട" എന്ന് വാക്ക് ഒഴിവാക്കുക.

ഡോ. എം. കെ. മുനീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121.ദീർഘശീർഷകത്തിൽ "ക്രിസ്ത്യാനികളുടെ" എന്നതിന് പകരം "ക്രൈസ്തവരുടെ" എന്ന് ചേർക്കുക.

139.ദീർഘശീർഷകത്തിൽ "അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള" എന്നതിനു പകരം "അടക്കം അനുവദിക്കുന്നതിനുള്ള" എന്നു ചേർക്കുക.

168.പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം " ആവശ്യമാകയാൽ" എന്ന് ചേർക്കുക.

170.പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം " ആവശ്യമായിരിക്കുകയാൽ" എന്നു ചേർക്കുക.

189. ഖണ്ഡം 1(2)-ൽ "ഇത് 2020 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ" എന്നതിന് പകരം " ഇത് സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "ക്രിസ്ത്യാനികളുടെ" എന്ന വാക്കിന് പകരം "ക്രിസ്ത്യൻ മതവിശ്വാസികളുടെ" എന്ന വാക്കുകൾ ചേർക്കാവുന്നതാണ്.

157.പീഠികയിൽ " ക്രിസ്ത്യാനികളുടെ" എന്ന വാക്കിന് പകരം " ക്രിസ്ത്യൻ മതവിശ്വാസികളുടെ" എന്നീ വാക്കുകൾ ചേർക്കുക.

197. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്ന വാക്കിന് പകരം "കരുതപ്പെടുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ദീർഘശീർഷകത്തിൽ "മൃതദേഹം" എന്നതിനു ശേഷം "തർക്കമോ തടസ്സമോ കൂടാതെ" എന്നത് ചേർക്കുക.

162.പീഠികയിൽ " മൃതദേഹം" എന്നതിന് ശേഷം " തർക്കമോ തടസ്സമോ കൂടാതെ" എന്നത് ചേർക്കുക.

180. ഖണ്ഡം 1(1)-ൽ "മൃതദേഹം" എന്നതിന് ശേഷം "തർക്കമോ തടസ്സമോ കൂടാതെ" എന്നത് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140.ദീർഘശീർഷകത്തിൽ "ശവസംസ്കാര" എന്ന വാക്കിന് പകരം "മൃതദേഹസംസ്കാര" എന്നത് ചേർക്കുക.

185. ഖണ്ഡം 1(2)-ൽ " 2020 ജനുവരി 7-ാം തീയതി" എന്നതിന് പകരം "ഉടൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

147. ദീർഘശീർഷകം താഴെ പറയും പ്രകാരം മാറ്റുക

"മലങ്കര ഓർത്തഡോക്സ് / യാക്കോബായ ക്രിസ്ത്യാനികളുടെ മൃതശരീരം മറവ് ചെയ്യുന്നതിനും തുടർ ശുശ്രൂഷകൾക്കും ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ"

156. പീഠികയിൽ " ക്രിസ്ത്യാനികളുടെ" എന്ന വാക്കിന് പകരം " ക്രൈസ്തവരുടെ" എന്ന വാക്ക് ചേർക്കുക.

212. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

" (2) ഇത് ഗവർണ്ണർ അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. പീഠികയിൽ " മലങ്കര ഓർത്തഡോക്സ്" എന്നീ വാക്കുകൾക്ക് മുൻപിലായി " കേരളത്തിലെ" എന്ന വാക്ക് ചേർക്കുക.

161.പീഠികയിൽ " മൃതദേഹം" എന്ന വാക്കിന് പകരം " മൃതശരീരം" എന്ന വാക്ക് ചേർക്കുക.

173. തത്വപ്രഖ്യാപന വാക്യത്തിലെ " താഴെപ്പറയും" എന്ന വാക്കിന് പകരം " ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

182. ഖണ്ഡം 1(1)-ൽ "മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള" എന്നതിന് പകരം "മൃതദേഹം സംസ്കരിക്കുന്നതിനുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. പീഠികയിൽ " ഓർത്തഡോക്സ്-യാക്കോബായ" എന്ന വാക്കുകൾക്കിടയിലെ ചിഹ്നം " /" എന്നു മാറ്റുക.

165. പീഠികയിൽ " ആനുഷംഗികമായതോ" എന്നതിനു പകരം " അനുസൃതമായതോ" എന്നു ചേർക്കുക.

187. ഖണ്ഡം 1(2)-ൽ "ഇത് 2020 ജനുവരി 7-ാം തീയതി" എന്നതിന് പകരം "ഇത് ഗവർണ്ണർ ഒപ്പ് വയ്ക്കുന്ന ദിവസം മുതൽ" എന്ന് ചേർക്കുക.

213. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :

" (2) ഇത് സംസ്ഥാന ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

215. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക :" (2) ഇത് സംസ്ഥാന ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. പീഠികയിൽ " വേണ്ടി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 1(1)-ൽ "മൃതദേഹം" എന്നതിനു പകരം "മൃതശരീരം" എന്നു ചേർക്കുക.

183. ഖണ്ഡം 1(1)-ൽ "അവകാശം" എന്നതിനു ശേഷം "സംരക്ഷണം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 174, 175 എന്നീ നമ്പർ ഭേദഗതികൾ സമാന സ്വഭാവമുള്ളവയാണ്. അതിനാൽ ആദ്യം വരുന്ന ശ്രീ. എം. ഉമ്മറിന്റെ ഭേദഗതിയായ 174-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 115, 149, 172, 176, 192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 116, 141, 152, 163, 177, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 117, 132, 146, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 121, 139, 168, 170, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 123, 157, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 135, 162, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 140, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 147, 156, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 151, 161, 173, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 153, 165, 187, 213, 215 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 179, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ബില്ലിന്റെ പേര് മാറ്റാനുള്ള നിർദ്ദേശം സബ്ജക്ട് കമ്മിറ്റിയിൽ വന്നിട്ടുള്ളതാണ്.

മി. സ്പീക്കർ: ബിൽ പാസ്സാകുന്നതോടുകൂടി അതിന്റെ പേര് മാറും. പേര് മാറ്റാനുള്ള നിർദ്ദേശമാണ് സബ്ജക്ട് കമ്മിറ്റിയിൽ പാസ്സാക്കിയത്. അത് ഗവർണർ ഒപ്പുവയ്ക്കുന്നതോടുകൂടി മാത്രമേ അംഗീകാരം കിട്ടുകയുള്ളൂ.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 06.20-ന് പിരിഞ്ഞു.)

## അനുബന്ധം

<u>ശ്രീ. കെ. രാജൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിനുള്ള മുഖ്യമന്ത്രിയുടെ മറുപടി</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, രാജ്യത്തിന്റെ സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്നതിന് നിർണായകമായ സ്ഥാനമുള്ളവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. കമ്പോളങ്ങളിൽ ഉൾപ്പെടെ ഇടപെടുന്നതിനും സേവനപ്രധാനമായ മേഖലകളിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. രാജ്യത്തിന്റെ ഖജനാവിനും നികുതിയിനത്തിനും ലാഭത്തിന്റെ അടിസ്ഥാനത്തിലും വലിയ തുക ഇത്തരം സ്ഥാപനങ്ങൾ നൽകുന്നുണ്ട്.

നമ്മുടെ അഭിമാനങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സമീപനം ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി ഉയർന്നുവന്നതുമാണ്. മുൻകാലത്ത് നഷ്ടത്തിന്റെ പേര് പറഞ്ഞ് അവയുടെ സേവനം കണക്കിലെടുക്കാതെ ഓഹരികൾ വിറ്റുതുലയ്ക്കുകയായിരുന്നു ചെയ്തത്. ഇപ്പോഴാവട്ടെ ലാഭത്തിൽ പ്രവർത്തിക്കുന്നവയും തന്ത്രപ്രധാനമായ മേഖലയിലുള്ളവയും യാതൊരു തത്വദീക്ഷയും ഇല്ലാതെ വിറ്റഴിക്കുന്ന സ്ഥിതിയും നിലനിൽക്കുകയാണ്.

രാജ്യത്തെ തകർക്കുന്ന ഈ നയത്തിന്റെ മകുടോദാഹരണമാണ് ലൈഫ് ഇൻഷ്വറൻസിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്. ഇൻഷ്വറൻസ് മേഖല സ്വകാര്യ വിദേശ കമ്പനികൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള തീവ്രമായ പരിശ്രമങ്ങൾ നേരത്തേ രാജ്യത്ത് ഉയർന്നുവന്നിരുന്നു. ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങളും ഈ മേഖലയിൽ വളർന്നുവന്നു. എന്നാൽ അതിനെയെല്ലാം തൃണവത്ഗണിച്ചുകൊണ്ടുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

32 ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള എൽ.ഐ.സി.-ക്ക് 29 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണുള്ളത്. 2018-19 ൽ മാത്രം എൽ.ഐ.സി ലാഭവിഹിതമായി കേന്ദ്രസർക്കാരിന് നൽകിയത് 2400 കോടിയിലധികം രൂപയാണ്. ആറ് പതിറ്റാണ്ടോളമായി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഊർജ്ജം പകർന്ന ഈ സ്ഥാപനം രാജ്യത്തിന്റെ വികസനത്തിന് നിസീമമായ പങ്കാണ്

നിർവഹിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും രാഷ്ട്ര പുനർനിർമ്മാണത്തിനും എൽ.ഐ.സി. വഹിക്കുന്ന പങ്ക് നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇതിന്റെ ഓഹരി വിൽപ്പന നമ്മുടെ വികസന പ്രവർത്തനത്തെയും ബാധിക്കുമെന്ന് തിരിച്ചറിയേണ്ടതുണ്ട്.

രാജ്യത്തിലെ തന്ത്രപ്രധാനമായ എയർഇന്ത്യയുടെ മുഴുവൻ ഓഹരിയും വിറ്റുതുലയ്ക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. രാജ്യത്തെ രണ്ടാമത്തെ വലിയ പൊതുമേഖലാ എണ്ണക്കമ്പനിയായ ബി.പി.സി.എൽ. വിറ്റഴിക്കാൻ ശ്രമങ്ങൾ നടക്കുന്നു. ഓഹരി മാത്രമല്ല, ഇവയുടെ കോടിക്കണക്കിന് രൂപ വിലവരുന്ന ആസ്തികൾ ചുളുവിലക്ക് വിൽക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയാണ്.

കേന്ദ്ര സർക്കാർ തുടർന്നുവരുന്ന സ്വകാര്യവത്ക്കരണ നയത്തിനെതിരായ ബദൽ നയങ്ങൾ ഉയർത്തി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് തുടർനടപടികൾ സ്വീകരിക്കുകയാണ്. ബെല്ലിന്റെ ഓഹരികൾ വിറ്റുതുലയ്ക്കാനുള്ള തീരുമാനത്തിനെതിരെ അവ ഏറ്റെടുത്തുകൊണ്ടുള്ള ഇടപെടലും സംസ്ഥാന സർക്കാർ നടത്തിയിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി അവ ഏറ്റെടുക്കുന്നതിനുള്ള ഇടപെടലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന നയം രാജ്യത്തിന്റെ ഭാവിക്കും വികസനത്തിനും ഏറെ തടസ്സമായിത്തീരും. കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ വിവിധ മേഖലകൾ തുറന്നുകൊടുക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ ചുവടുപിടിച്ചുള്ള ഇത്തരം നയങ്ങൾ തിരുത്തിക്കുന്നതിനുള്ള ഇടപെടൽ വിവിധ തരത്തിൽ ഉയർന്നുവരേണ്ടതുണ്ട്.